കുടുംബവേദിയിൽ



കേരള റീജിയണൽ ഫാമിലി ഡവലപ്മെന്റ് സെന്റർ.

malankaralibrary.com

കുടുംബവേദിയിൽ



malankaralibrary.com

കുടുംബവേദിയിൽ

എഡിറ്റേഴ്സ്

മാത്യു ജെ. കൊച്ചുപറമ്പിൽ
ഏബ്രഹാം പോണാട്ടു്
തോമസ് തോപ്പിൽ O.F.M. Cap.
(ചീഫ് എഡിറ്റർ)

കെ. സി. ബി. സി. ഫാമിലിക്കമ്മീഷൻ

വിതരണം:
K. R. F. D. CENTRE
Friendship House
Alwaye - 683 101

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

Kudumbavediyil
(Malayalam)

Editors:
Mathew J. Kochuparampil
Abraham Ponatt
Thomas Thoppil O. F. M. Cap
(Chief Editor)

First Published June 1989

Copies: 12,000

Type setting:
Anchanadan Printers, Changanacherry

Printed at:
I. S. Press, Cochin

Published by:
Thomas Thoppil O. F. M. Cap
Secretary, K. C. B. C. Commission for Family
K. R. F. D. Centre, Alwaye—1

Price: Rs. 54/—

Copyright:
Secretary, K. C. B. C. Commission for Family

Cover: Artist Devassy

(This edition is subsidised by K. C. B. C.)

malankaralibrary.com

ഉള്ളടക്കം

ആമുഖം

അവതാരിക

ഭാഗം ഒന്നു്

കുടുംബം ദൈവികപദ്ധതിയിൽ — പേജ്

1 ഒരു വലിയ രഹസ്യം — 2
— ഡോ. മാത്യു പരിന്തിരിക്കൽ

2 ദാമ്പത്യം ഒരു ക്ലാശ — 15
— ഡോ. തോമസ് പോഠം

3 ദാമ്പത്യസമർപ്പണവും വിശ്വസ്തതയും — 27
— ഡോ. പോഠം മുണ്ടോലിക്കൽ

4 കുടുംബം സഭയുടെ പ്രബോധനങ്ങളിൽ — 33
— ഡോ. തോമസ് കൊച്ചുതറ

5 കുടുംബജീവിതത്തിന്റെ അടിസ്ഥാനധാര — 47
— സാധു ഇട്ടിയവിര

6 വിശ്വാസപ്പൊരുത്തം കുടുംബത്തിൽ — 54
— ഡോ. ജോർജ്ജ് കോയിൽപ്പറമ്പിൽ

ഭാഗം രണ്ടു്

കുടുംബത്തിന്റെ ആദ്ധ്യാത്മികത

1 വചനം കുടുംബത്തിൽ — 66
— ഡോ. മാത്യു വെള്ളാനിക്കൽ

2 പ്രാർത്ഥിക്കുന്ന കുടുംബം — 78
— മോൺ. മാത്യു മങ്കുഴിക്കരി

3 മാതൃകയും മദ്ധ്യസ്ഥയും — 88
— ഫാ. അലക്സ് പയ്യംപിള്ളി

malankaralibrary.com

4 വിശ്വാസത്തിന്റെ സഹപൗരർ 96
— ഫാ. എബ്രഹാം പോണാട്ട്
5 തിരുനാളുകൾ, വിശേഷദിനങ്ങൾ 107
— മാത്യു ജെ. കൊച്ചുപറമ്പിൽ
6 സഹനത്തിന്റെ കളരി 143
— പ്രൊഫ. ജോസഫ് മാടപ്പള്ളി

ഭാഗം മൂന്നു്

വ്യക്തിബന്ധങ്ങൾ കുടുംബത്തിൽ

1 വ്യക്തിത്വവികസനത്തിന്റെ ഘട്ടങ്ങൾ 153
— ഡോ. ഡാൻ തോട്ടക്കര C. M. I.
2 വ്യക്തികളും ആശയവിനിമയവും 169
— ഫാ. ജോസ് കല്ലുകളം
M. A. D. B. [Dublin]
3 ആശയവിനിമയം കുടുംബത്തിൽ 182
— ഡോ. ജോർജ്ജ് പുഞ്ചക്കുന്നേൽ
4 മര്യാദ കുടുംബത്തിൽ 187
— പ്രൊഫ. വൽസ ചാക്കോ M. A.; M. Phil.
5 കുടുംബപ്രശ്നങ്ങൾ 193
— ഫാ. തോമസ് തോപ്പിൽ കപ്പുച്ചിൻ.
6 അന്തരഞ്ജനം കുടുംബത്തിൽ 221
— ഡോ. പി. എം. ചാക്കോ

ഭാഗം നാലു്

കുടുംബവും സമൂഹവും

1 ഇടവക ഒരു കുടുംബം 229
— പി. എം. ജോൺ
2 സാമൂഹ്യവത്ക്കരണം 240
— ഡോ. ജോസ് കുറിയേടത്തു് C. M. I.
3 സ്ത്രീ-സഭയിലും സമൂഹത്തിലും 251
— പ്രൊഫ. റോസലിൻറ് പെറിയാൻ

malankaralibrary.com

4 വൈദികരും സന്യസ്തരും നമ്മുടെ കുടുംബത്തിൽ 261
— പ്രൊഫ. പി. റ്റി. ചാക്കോ (ലൂവയിൻ)
5 വായനയും വളർച്ചയും 275
— പ്രൊഫ. പ്രീമൂസ് പെരിഞ്ചേരി

ഭാഗം അഞ്ചു്

ദാമ്പത്യജീവിതത്തിലെ ചില ഘട്ടങ്ങൾ

1 നവദമ്പതികൾ, യുവദമ്പതികൾ 283
— പി. ജെ. ആൻറണി M. A.; M. Ed
2 റിലേഓട്ടക്കാർ 291
— തോട്ടപ്പിള്ളിയച്ചൻ
3 മദ്ധ്യകാല ദമ്പതികൾ 300
— പ്രൊഫ. എം. എസ്സ്. മുതുകാട്ടിൽ
4 വാർദ്ധക്യത്തിൻെറ പടവുകൾ 319
— ഡോ. ജി. മേനാച്ചേരി

ഭാഗം ആറു്

കുഞ്ഞുങ്ങൾ

1 ശിശുസംരക്ഷണം 333
—ഡോ. ബ്രിജിറ്റ് കോലത്തു്
2 ദൈവത്തിൻേറതു് ദൈവത്തിനു് 344
—ഷെവ. പ്രൊഫ. എൻ. എ. ഔസേപ്പു്
3 പഠിക്കാനും ജയിക്കാനും എളുപ്പവഴികൾ 356
—ഡോ. തോമസ്സ് എം. കോട്ടൂർ
4 കുട്ടികളുടെ അഭിരുചിയും തൊഴിലും 369
—പ്രൊഫ. രാജൻ വർഗീസ്
5 കുറവാസന കുട്ടികളിൽ 374
—ഡോ. ജയിംസ് വടക്കുംചേരി
(ക്രിമിനോളജിസ്റ്റ്)
6 യുവജനപ്രശ്നങ്ങൾ 385
—ഡോ. ചാക്കോച്ചൻ കളപ്പുര

malankaralibrary.com

ഭാഗം ഏഴു്

ആരോഗ്യമുള്ള കുടുംബം

1 മാനസികാരോഗ്യം കുടുംബത്തിൽ 397
—ഡോ. റോയി ഏബ്രഹാം കള്ളിവയലിൽ
M. B. B. S; D. P. M; M. D.

2 ആരോഗ്യശീലങ്ങൾ 402
—പി. ഒ. ജോർജ്ജു് M. A. (Tiss)

3 കുടുംബത്തിനൊരു ഭീഷണി 413
—ഡോ. ജൊവാൻ ചുങ്കപ്പുര

4 രോഗത്തിലും മരണത്തിലും 422
—ഡോ. തോമസു് എം. കോട്ടൂർ

5 നല്ല കുടുംബങ്ങളിലെ ചില നല്ല രീതികൾ 431
—ഫാ. തോമസു് തോപ്പിൽ കപ്പുച്ചിൻ

ഭാഗം എട്ടു്

ധാർമ്മിക പ്രശ്നങ്ങൾ

1 ലൈംഗികധാർമ്മികത 445
—ഡോ. തോമസു് ശ്രാമ്പിക്കൽ

2 ജീവന്റെ സംരക്ഷണം 460
—പ്രൊഫ. നൈനാൻ തോമസു്

3 വിവാഹമോചനം 468
—ഡോ. ജോസഫു് കരിയിൽ

ഭാഗം ഒമ്പതു്

സാമ്പത്തികമണ്ഡലം

1 സാമ്പത്തിക ഭദ്രത 481
—പ്രൊഫ. റോസു് വില്ല്യംസു്

2 തൊഴിലിന്റെ മാഹാത്മ്യം 487
—പി. എ ആൻറണി M·A·(PSY.)

3 ആചാരങ്ങൾ, ആർഭാടങ്ങൾ 495
—പ്രൊഫ. പോൾ തത്തനാട്ടു്

4 വിലപേശൽ 506
—മാത്യു ജെ. കൊച്ചുപറമ്പിൽ

malankaralibrary.com

ആമുഖം

ഇന്ന് കുടുംബജീവിതം നേരിടുന്ന വെല്ലുവിളികളെ ഫലപ്രദമായി അഭിമുഖീകരിച്ച് സന്തോഷപ്രദമായ ഒരു കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവതീയുവാക്കൾക്ക് മാർഗ്ഗദർശനം നൽകുക അടിയന്തിരമായ ഒരാവശ്യമാണല്ലോ. പ്രസ്തുത ലക്ഷ്യം മുൻനിർത്തിയാണ് നാലുവർഷംമുൻപ് 'വിവാഹവേദിയിലേക്ക്' എന്ന പേരിൽ കേരള റീജിയണൽ ഫാമിലി ഡെവലപ്മെൻറ് സെൻറർ ഒരു പുസ്തകം പ്രസിദ്ധീകരിച്ചതു്. വളരെ ആവേശകരമായ ഒരു സ്വീകരണം കേരളത്തിലെ കുടുംബങ്ങൾ ആ ഗ്രന്ഥത്തിനു് നൽകി. ഇതിനകം മൂന്നു പതിപ്പുകളായി 90000 കോപ്പികൾ വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞു. ഈ പുസ്തകം വായിച്ച പലരും ആവശ്യപ്പെട്ടതനുസരിച്ചാണ് വിവാഹിതർക്കുവേണ്ടി കുടുംബജീവിതത്തിൻെറ വിവിധ വശങ്ങളെ പുരസ്കരിച്ചുള്ള നാല്പത്തിയഞ്ചു വിദഗ്ധപഠനങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം 'കുടുംബവേദിയിൽ' എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്.

കുടുംബജീവിതത്തെക്കുറിച്ച് ആധികാരികമായി സംസാരിക്കാൻ കഴിവുള്ള നാല്പത്തിരണ്ടുപണ്ഡിതന്മാർ ഇതിൽ അണിനിരക്കുന്നുണ്ട്. കുടുംബജീവിതം നയിക്കുന്നവർക്ക് തീർച്ചയായും ഇതൊരു വിലപ്പെട്ട നിധിയായിരിക്കുമെന്നതിൽ സംശയമില്ല.

കേരള റീജിയണൽ ഫാമിലി ഡെവലപ്മെൻറ് സെൻററിൻെറ ശക്തികേന്ദ്രമായി എന്നും വർത്തിക്കുന്ന അഭിവന്ദ്യ കുണ്ടുകുളംപിതാവാണ് ഈ ഗ്രന്ഥരചനയ്ക്കു വേണ്ട ഒത്താശകളും പ്രോത്സാഹനവും നൽകിയതു് എന്ന കാര്യം നന്ദിപൂർവ്വം സ്മരിക്കുന്നു. ഈടറ്റ ഒരു അവതാരികവഴി ഈ ഗ്രന്ഥത്തെ പൊതുജനസമക്ഷം സമർപ്പിക്കുന്നതും പിതാവുതന്നെയാണു്.

ഈ പുസ്തകത്തെ അണിയിച്ചൊരുക്കാൻ സഹകരിച്ചിട്ടുള്ള വളരെപ്പേരെ നന്ദിപൂർവ്വം ഇത്തരുണത്തിൽ സ്മരിക്കുന

malankaralibrary.com

ണ്ടതായുണ്ട്. ജോലിത്തിരക്കിനിടയിലും യഥാസമയം ലേഖനങ്ങളം തയ്യാറാക്കിത്തന്നവർ, ഇതിന്റെ ഭാഷാപരിശോധനയിൽ സഹായിച്ച പ്രൊഫ. ജോസഫ് അഞ്ചനാട്ട്, പ്രൊഫ. ജോസഫ് മാടപ്പള്ളി, സിസ്റ്റർ എലൈസ് മേരി F. C. C., കവർചിത്രം വരച്ച ആർട്ടിസ്റ്റ് ദേവസി, നിർദ്ദേശങ്ങളം നൽകി സഹായിച്ച കെ. ആർ. എഫ്. ഡി. സി. എക്സിക്യുട്ടീവ് അംഗങ്ങളം, ത്രുപതാഡയറക്ടർമാർ, ടൈപ്പ്സെറ്റിംഗ് നടത്തിയ അഞ്ചനാടൻ പ്രിന്റേഴ്സ് ആൻഡ് പബ്ലിഷേഴ്സ്, അച്ചടി നിർവ്വഹിച്ചുതന്ന കൊച്ചിൻ ഐ. എസ്. പ്രസ്സ്, എന്നിവരോട് ഞങ്ങളംക്കുള്ള ഹൃദയംഗമമായ കൃതജ്ഞത ഇവിടെ രേഖപ്പെട്ടത്തിക്കൊള്ളുന്നു.

അഞ്ഞൂററിഅൻപതോളം പേജുള്ള ബൃഹത്തായ ഈ ഗ്രന്ഥം കുറഞ്ഞവിലയ്ക്ക് സംലഭ്യമാക്കാൻ സാധിക്കുന്നതു് കെ. സി. ബി. സിയുടേയും 'മിസ്സിയോ'യുടേയും സഹായം കൊണ്ടാണു്. കെ. ആർ. എഫ്. ഡി. സിയുടെ എല്ലാ പ്രവർത്തനങ്ങളംക്കും കേരളത്തിലെ അഭിവന്ദ്യപിതാക്കന്മാരും 'മിസ്സിയോ'യും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങളംക്ക് എത്ര നന്ദിപറഞ്ഞാലും അധികമാവുകയില്ല.

'വിവാഹവേദിയിലേക്ക്' എന്ന ഗ്രന്ഥത്തിനു് ഹൃദ്യമായ സ്വീകരണം നൽകിയ കേരളീയർ കെ. ആർ. എഫ്. ഡി. സിയുടെ ഈ പുതിയ പുസ്തകത്തെയും സഹർഷം സ്വാഗതം ചെയ്യുമെന്നു് ഞങ്ങളംക്കുറപ്പുണ്ട്.

ഈ പുസ്തകം വായിച്ചുപോകുമ്പോഴം ഇതിൽ ഏതെങ്കിലും പോരായ്മകളോ ആവശ്യമായ തിരുത്തലുകളോ കണ്ടെത്തുന്നപക്ഷം ഞങ്ങളെ സദയം അറിയിച്ചാൽ അടുത്ത പതിപ്പ് പ്രസിദ്ധീകരിക്കുമ്പോഴം അതു സഹായകമായിരിക്കും.

എന്നു്
എഡിറേറാറിയൽ ബോർഡിനുവേണ്ടി
ഫാ. തോമസ് തോപ്പിൽ O. F. M. Cap

ആലുവ
20-4-89

malankaralibrary.com

അവതാരിക

കുടുംബജീവിതത്തിന്റെ എല്ലാവശങ്ങളെക്കുറിച്ചും സമഗ്രമായി പ്രതിപാദിക്കുന്ന, കത്തോലിക്കാവിശ്വാസത്തിന്റെ ചൈതന്യത്തിൽ കുടുംബജീവിതത്തെ വിലയിരുത്താനും നയിക്കാനും മാർഗ്ഗദർശകമായ ഒരു ഗ്രന്ഥത്തിന്റെ അഭാവം ഏറെക്കാലമായി ഈ കേരളക്കരയിൽ അനുഭവപ്പെട്ടുവരുന്നതാണ്. 'കുടുംബവേദിയിൽ' എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണംവഴിയായി ഈ വിടവ് നികത്തപ്പെട്ടുകയാണ്. കുടുംബപ്രേഷിതത്വത്തിനു് അഖിലകേരളതലത്തിൽ നേതൃത്വം നൽകിവരുന്ന കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ ഫാമിലി അപ്പൊസ്റ്റലേറ്റ് കമ്മീഷൻ ആണ് ഈ സംരംഭത്തിനു് മുൻകൈ എടുത്തിരിക്കുന്നതു്. 'വിവാഹവേദിയിൽ' എന്ന ശീർഷകത്തിൽ ഈ കമ്മീഷൻ 1985-ൽ പുറത്തിറക്കിയ പുസ്തകത്തിന്റെ സ്വാഭാവികതുടർച്ചയാണ് ഈ ഗ്രന്ഥം.

കുടുംബജീവിതത്തിന്റെ അടിസ്ഥാനവും ആരംഭവുമായ വിവാഹമെന്ന ക്രമീകരണം സ്വീകരിക്കാനും അതുവഴിയായി വിവാഹജീവിതത്തിലേക്കു പ്രവേശിക്കാനും തയ്യാറെടുക്കുന്ന യുവജനങ്ങളെ വിവാഹബന്ധത്തിന്റെ ആദ്ധ്യാത്മികവും മാനുഷികവും മനഃശാസ്ത്രപരവുമായ വശങ്ങളെക്കുറിച്ചു് പ്രബുദ്ധരാക്കുകയെന്നതായിരുന്നു 'വിവാഹവേദിയിൽ' എന്ന ഗ്രന്ഥത്തിന്റെ ലക്ഷ്യം. ആയിരക്കണക്കിനും പതിനായിരക്കണക്കിനും യുവജനങ്ങളെ സമഗ്രമായൊരു ഒരുക്കത്തോടെ വിവാഹജീവിതത്തിലേക്കു കാലൂന്നുവാൻ ആ ഗ്രന്ഥം സഹായിക്കുകയുണ്ടായി. ഇപ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്നു. വിവാഹജീവിതത്തിൽ പങ്കെടുക്കുന്നവരുടെ ഭാര്യാഭർത്തൃബന്ധത്തിനു് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു സമീപനമായിരുന്നു 'വിവാഹവേദിയിൽ' എന്ന ഗ്രന്ഥത്തിൽ അവലംബിച്ചിരുന്നതു്. എന്നാൽ വിവാഹജീവിതക്കാരുടെ, കുടുംബത്തിന്റെ നായകരെന്ന സ്ഥാനത്തിനും, മക്കളുമായുള്ള ബന്ധത്തിൽ മാതാപിതാക്കളെന്ന സ്ഥാനത്തിനും ഊന്നൽകൊടുത്തുകൊണ്ടാണ് 'കുടുംബവേ

malankaralibrary.com

ദിയിൽ' എന്ന ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്. ഈ ഗ്രന്ഥത്തിലൂടെ കുടുംബജീവിതത്തിന്റെ ദൈവശാസ്ത്രപരമായ വശം, അതിന്റെ ആദ്ധ്യാത്മികത, കുടുംബജീവിതത്തിലെ വ്യക്തിബന്ധങ്ങൾ, കുടുംബവും സമൂഹവും തമ്മിലുള്ള ബന്ധം, കുടുംബജീവിതത്തിനു നേതൃത്വം നൽകുന്നവരുടെ ജീവിതത്തിലെ വിവിധഘട്ടങ്ങൾ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിന്റെ വിവിധവശങ്ങൾ, കുടുംബജീവിതത്തിന്റെ സാമ്പത്തികവും ധാർമ്മികവും ആരോഗ്യപരവുമായവശങ്ങൾ—ഇവയെല്ലാമാണ് പ്രതിപാദിക്കപ്പെടുന്നത്.

കുടുംബജീവിതം നയിക്കുന്നവർക്കും അവർക്ക് മാർഗ്ഗദർശനം നൽകുന്നവർക്കും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഇത് സമഗ്രവും വളരെ വിജ്ഞാനപ്രദവുമായ ഒരു റഫറൻസ് ഗ്രന്ഥമാണ് എന്നതിൽ സംശയമില്ല. കേരളത്തലത്തിൽ പ്രഗല്ഭരായ വ്യക്തികളെ ഒന്നിച്ചണിനിരത്തി അവരുടെ പാണ്ഡിത്യവും പരിചയസമ്പത്തും കൂട്ടിയിണക്കി രൂപംകൊടുത്തിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണിത്.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള കണക്കുകൂട്ടലുകളും പ്രതീക്ഷകളും നിറവേറുമെന്നു ഞാൻ പ്രത്യാശിക്കുന്നു. 'വിവാഹവേദിയിൽ' എന്ന ഇതിന്റെ മുന്നോടിക്കു നൽകിയ ഹൃദ്യമായ സ്വീകരണം ഈ ഗ്രന്ഥത്തിനും ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടും അതിനായി അഭ്യർത്ഥിച്ചുകൊണ്ടും ഇന്നാട്ടിലെ എല്ലാ സഹൃദയരുടെയും മുമ്പിൽ ഈ ഗ്രന്ഥം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

മാർ ജോസഫ് കുണ്ടുകുളം

ചെയർമാൻ

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

തൃശ്ശൂർ

10/4/1989

malankaralibrary.com

ഭാഗം ഒന്നു്

കുടുംബം ദൈവികപദ്ധതിയിൽ

malankaralibrary.com

1

ഒരു വലിയ രഹസ്യം

ആധുനികമനുഷ്യന്റെ ആദ്ധ്യാത്മിക ശ്രേഷ്കതയെപ്പറ്റിയും മൂല്യച്യുതിയെപ്പറ്റിയും ഉറക്കെച്ചിന്തിച്ച വിലപിക്കാത്തവർ ഇന്നു ചുരുക്കമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ ചോർന്നൊലിച്ചു പോകാൻ പാടില്ലാത്ത പല മൂല്യങ്ങളും മനുഷ്യജീവിതത്തിലുണ്ടായിരിക്കണമെന്ന സങ്കല്പമാണ് ഇതിനു കാരണം. മനുഷ്യവ്യക്തികളുടെ ധാർമ്മികദാരിദ്ര്യത്തിന്റെ അടിസ്ഥാനകാരണങ്ങളും തേടിയുള്ള പ്രയാണം നമ്മെ ക്കൊണ്ടെത്തിക്കുന്നതു് ആടിയുലഞ്ഞു ദുർബ്ബലമായ കുടുംബങ്ങളിലാണ്. വ്യക്തികളെ വാർത്തെടുക്കുന്ന മൂശയായ കുടുംബങ്ങളുടെ തകർച്ച സമൂഹത്തിന്റെ അടിത്തറ തന്നെ ഇളക്കുന്നു. മികവുറ്റ വ്യക്തികളുടെ അഭാവത്തിൽ നല്ല കുടുംബങ്ങളും ഉടലെടുക്കുകയില്ലെന്നുള്ളതു വ്യക്തം. അങ്ങനെ നാമിന്നു് ഒരു ദൂഷിതവലയ(Vicious Circle)ത്തിൽപ്പെട്ടിരിക്കുകയാണ്. ഈ ദൂഷിതവലയം ഭേദിക്കുന്നതിനു് സത്വരനടപടികളും സ്വീകരിക്കേണ്ടതുണ്ട്. നഷ്ടപ്പെട്ട കുടുംബഭദ്രത വീണ്ടെടുക്കുകയാണു് അതിലേറ്റവും പ്രധാനം. വിവാഹത്തിലൂടെ ആരംഭിക്കുന്ന കുടുംബജീവിതത്തെ ക്രിസ്തുസഭാരഹസ്യത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കാനുള്ള ഒരെളിയ ശ്രമമാണ് ഈ

malankaralibrary.com

പഠനം. കുടുംബങ്ങളുടെ നവീകരണത്തിനും തൽഫലമായുണ്ടാകുന്ന സാമൂഹ്യ രാഷ്ട്രീയ നവോത്ഥാനത്തിനും ഇതാവശ്യമാണെന്നുള്ള ഉറച്ച വിശ്വാസമാണ് ഇതിനു പിന്നിൽ.

വിവാഹവും കുടുംബവും ബൈബിൾവീക്ഷണത്തിൽ

മാനവചരിത്രത്തോളം തന്നെ പഴക്കമുള്ള ഒരു സ്ഥാപനമാണ് കുടുംബം. ഓരോ സംസ്കാരവും അതിനേറെതായ സംഭാവനകളും ഈ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. അതുപോലെ തന്നെ എല്ലാ മതവിഭാഗങ്ങളുംക്കും മനുഷ്യരാശിയുടെ ഈ ചെറിയ ഘടകത്തിന്റെ സവിശേഷതകളെപ്പറ്റിയും, പവിത്രതയെപ്പറ്റിയും ദൈവികതയെപ്പറ്റിയും മറ്റും പലതും പറയാനുമുണ്ട്.

യഹൂദക്രൈസ്തവപാരമ്പര്യത്തിൽ വിവാഹവും കുടുംബവും ഒരു സമുന്നതസ്ഥാനം തന്നെ എന്നും നിലനിർത്തിയിരുന്നു. ക്രിസ്തുരഹസ്യത്തിലൂടെ മാത്രമേ വിവാഹത്തെയും കുടുംബത്തെയും ശരിയായി മനസ്സിലാക്കാൻ സാധിക്കൂ. എങ്കിലും സൃഷ്ടിതലത്തിൽ വേരുന്നിക്കിടക്കുന്ന വിവാഹബന്ധത്തെപ്പറ്റി ഇസ്രായേൽക്കാർക്ക് അവരുടെ ആനുകാലികസംസ്കാരങ്ങളിൽ നിന്നു വ്യത്യസ്തമായ ചില ധാരണകളും ഉണ്ടായിരുന്നു. ഈ ധാരണകളുടെ പരിപൂർണ്ണ രൂപമാണ് വിവാഹത്തെപ്പറ്റിയുള്ള ക്രൈസ്തവവീക്ഷണത്തിൽ നാം കാണുക.

ബൈബിളിന്റെ വീക്ഷണത്തിൽ യാഹ്വേയുടെ പാവനമായ രക്ഷാകരപദ്ധതിയിൽ വിരിയുന്നതാണ് വിവാഹവും കുടുംബവും. ഭൂമിയിലെ ആദ്യത്തെ കുടുംബത്തെപ്പറ്റി ബൈബിൾ പറയുന്നതു് ഉൽപത്തിപ്പുസ്തകത്തിൽ കാണാം: 'അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. അവിടുന്നു സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞു അതിനെ കീഴടക്കുവിൻ'

malankaralibrary.com

(ഉൽപത്തി 1: 27, 28) യഹ്വേയിസ്റ്റ് പാരമ്പര്യമനുസരിച്ച് ദൈവം ആദ്യം ആദത്തെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ലാത്തതുകൊണ്ട് ആദത്തിന്റെ വാരിയെല്ലെടുത്ത് അയാൾക്ക് ഒരു സഖിയെ ഉണ്ടാക്കിക്കൊടുക്കുകയാണ് പിന്നീട് ചെയ്തതു്. സഖിയെ കണ്ടപ്പോൾ ആദം പറഞ്ഞു: 'ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽനിന്നു് എടുക്കപ്പെട്ടതുകൊണ്ടു നാരി എന്നു് ഇവൾ വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ടു ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും' (ഉൽപത്തി 2: 23, 24)

വിവാഹത്തെപ്പറ്റിയും കുടുംബത്തെപ്പറ്റിയും ബൈബിളിലുള്ള ഈ ദർശനം മറ്റു് സംസ്കാരങ്ങളുടേയും സിദ്ധാന്തങ്ങളുടേയും കാഴ്ചപ്പാടുകളിൽനിന്നു് വിഭിന്നമായിരുന്നു. യാഹ്വേയുടെ സൃഷ്ടികർമ്മത്തിലൂടെ ഉടലെടുക്കുന്ന സ്ത്രീപുരുഷബന്ധത്തെ ലൗകികമായ ഒരു യാഥാർത്ഥ്യമായിട്ടാണ് ഇസ്രായേൽക്കാർ കണ്ടതു്. പ്രകൃതിയുടെയും മനുഷ്യന്റെയും ഉൽപാദനശേഷി സമൃദ്ധിയുടെ ദേവന്മാരുടെയും ദേവതകളുടെയും പ്രസാദത്തെയാശ്രയിച്ചാണിരിക്കുന്നതെന്ന വിശ്വാസം നിലനിന്നിരുന്ന സാഹചര്യത്തിൽ വിവാഹവും സന്താനോത്പാദനവും യാഹ്വേയുടെ സൃഷ്ടികർമ്മത്തോടുള്ള മനുഷ്യന്റെ സഹകരണമായി ഇസ്രായേൽക്കാർ കണ്ടു. ഈ ബന്ധത്തിന്റെ നിലനില്പിനും സുസ്ഥിതിക്കും മാന്ത്രികപ്രവർത്തനങ്ങളെ ആശ്രയിക്കേണ്ടതില്ല. അതിനെ പരിശുദ്ധമാക്കുന്നതു് പൂജാവിധികളുമല്ല. യാഹ്വേയുടെ സൃഷ്ടികർമ്മത്തിന്റെ ഫലമായതുകൊണ്ടുതന്നെ അതു് പവിത്രമാണു്.

സ്ത്രീപുരുഷബന്ധം ദൈവത്താൽ സ്ഥാപിതമായി എന്ന വിശ്വാസപ്രഖ്യാപനമാണ് ഉൽപത്തിപ്പുസ്തകത്തിൽ നാം കാണുന്നതു്. ഭ്രമുഖത്തു് ആദ്യത്തെ വിവാഹം നടന്നപ്പോൾ ദൈവമാണ് ആ വധൂവരന്മാരെ യോജിപ്പിച്ചതും ഒരു കുടുംബത്തിനു് തുടക്കം കുറിച്ചതും. അതുകൊണ്ടു് എന്നു് എവിടെ വിവാഹം നടക്കുമ്പോഴും, കുടുംബജീവിതം തുടങ്ങുമ്പോഴും അവിടെയെല്ലാം പരിശുദ്ധമായ ഒരു പ്രക്രിയയാണു് നടക്കുക. അതു് ദൈവകൃപാപൂരിതമാണു്. ഇതായിരുന്നു ഇസ്രായേൽക്കാരുടെ ഉറച്ച വിശ്വാസം.

malankaralibrary.com

അതുപോലെതന്നെ സ്ത്രീപുരുഷബന്ധത്തെ ഇസ്രായേലും യാഹ്‌വേയും തമ്മിലുള്ള ബന്ധത്തോട്ട് ഉപമിക്കുന്നതായും ബൈബിളിൽ കാണാം. പുരുഷൻ ദൈവത്തിന്റെ ദാനമായ സ്ത്രീയുമായി വിവാഹത്തിൽ ബന്ധപ്പെട്ട് ഒരു കുടുംബമാകുമ്പോഴും, തന്നെത്തന്നെ ദാനമായി നൽകിയ യാഹ്‌വേയുമായി ഇസ്രായേൽ ബന്ധപ്പെടുന്നതിന്റെ അടയാളമായി വിശുദ്ധ ഗ്രന്ഥകർത്താവ് അതിനെ കാണുന്നു. ഇസ്രായേല്യർ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ തങ്ങളെത്തന്നെ മുഴുവനായി യാഹ്‌വേയ്ക്ക് സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്നതുപോലെ സ്ത്രീയും പുരുഷനും പരസ്പരദാനത്തിനു് ചുമതലപ്പെട്ടവരാണ്. പുരുഷൻ സ്ത്രീയെ സ്നേഹത്തോടെ സ്വീകരിക്കണം. അതുപോലെതന്നെ സ്ത്രീ പുരുഷനേയും. സ്ത്രീപുരുഷന്മാരുടെ ഈ പരസ്പരസ്നേഹവും സമർപ്പണവുമാണ് പഴയ നിയമവീക്ഷണത്തിൽ വിവാഹത്തിന്റെയും കുടുംബത്തിന്റെയും അന്തഃസത്ത. സ്വയം മറന്നുകൊണ്ടുള്ള ദമ്പതികളുടെ ഈ പരസ്പരദാനം ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരമാണ്. മറ്റു വാക്കുകളിൽപ്പറഞ്ഞാൽ ഈ പരസ്പരസ്നേഹത്തിലും സമർപ്പണത്തിലും കൂടിയല്ലാതെ ദമ്പതികൾക്ക് രക്ഷാകരപദ്ധതിയിൽ പങ്കുചേരാനാവില്ല എന്നു വിശുദ്ധ ഗ്രന്ഥകർത്താവു ശക്തിയുക്തം സമർത്ഥിക്കുകയാണിവിടെ.

പാപത്തിനു് ഈ പരിശുദ്ധമായ ബന്ധത്തെ എത്ര മാത്രം വികലവും വികൃതവുമാക്കാമെന്ന സൂചനയും ബൈബിളിൽ കാണാം. ദൈവത്തിന്റെ പദ്ധതിക്കും കല്പനയ്ക്കും വിരുദ്ധമായി പാപം ചെയ്യുന്നതിനു് സ്ത്രീയും പുരുഷനും സഹകരിച്ച ആ നിമിഷം മുതൽ അവരുടെ ബന്ധങ്ങളും ആടിയുലയാൻ തുടങ്ങി. വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനുശേഷം ഒരാളും മറ്റെയാളെ തള്ളിപ്പറയുന്നതായിക്കാണാം (ഉൽപത്തി 3:12). തനിക്കു് സഖിയായി ലഭിച്ച ഭാര്യയെ സ്നേഹിച്ചു് പരിപാലിക്കുന്നതിനുപകരം ഭർത്താവു് അവളുടെമേൽ അധികാരം വിനിയോഗിക്കുന്നവനായി മാറി (ഉൽപത്തി 3:16). സ്ത്രീയാകട്ടെ, പുരുഷന്റെ ഇണയും തുണയും ആയിരിക്കേണ്ടതിനു പകരം അവനെ പതനത്തിലേക്കു വലിച്ചിഴയ്ക്കുന്നവളായിത്തീർന്നു. സ്ത്രീയുടെ പ്രലോഭനപ്രവണതയെ നിറപ്പകിട്ടുകളോടെ വരച്ചു

malankaralibrary.com

കാട്ടുന്ന സംഭവങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ ബൈബിളിൽ കാണാം. (ഉൽപത്തി 19:30–38; 39:7–23; ന്യായാധി 16:4–22 etc.) ദൈവത്തെ മാറ്റിനിർത്തിക്കൊണ്ട് ജീവിതവിജയം നേടാമെന്നു വ്യാമോഹിച്ച സ്ത്രീയും പുരുഷനും അവരുടെ പരസ്പരബന്ധത്തിൽനിന്നു സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നതിനു പകരം വേദനയും, അന്യോന്യം അകൽച്ചയും രുചിച്ചറിഞ്ഞു. ഒരാൾ മറ്റേയാളിന്റെ പേടിസ്വപ്നമായി മാറി. വിവാഹബന്ധത്തിലൂടെ സ്ത്രീപുരുഷന്മാർ അന്യോന്യം ബന്ധപ്പെട്ട് കുടുംബജീവിതമാരംഭിക്കുമ്പോൾ അതിന്റെ നിലനില്പിനും വളർച്ചയ്ക്കും അന്തിമമായ വിജയത്തിനും ദൈവത്തിന്റെ നിരന്തരസാന്നിദ്ധ്യം ആവശ്യമാണെന്നു വിശുദ്ധ ഗ്രന്ഥം വ്യക്തമാക്കുകയാണിവിടെ.

പുതിയനിയമത്തിൽ

വിവാഹത്തെപ്പറ്റിയും കുടുംബത്തെപ്പറ്റിയും ഇസ്രായേൽക്കാക്കുണ്ടായിരുന്ന വീക്ഷണത്തെ അംഗീകരിച്ചുറപ്പിക്കുകയാണു പുതിയനിയമത്തിൽ. ക്രിസ്തുവിലൂടെ ദൈവം മനുഷ്യനുമായി ഒരു പുതിയ ഉടമ്പടിക്കു ഒപ്പുവച്ചു. ഇനി മനുഷ്യബന്ധങ്ങളെ പ്രത്യേകിച്ചു വിവാഹത്തിലൂടെ സംജാതമാകുന്ന സ്ത്രീപുരുഷബന്ധങ്ങളെ നിയന്ത്രിക്കേണ്ടതു ഈ പുതിയ ഉടമ്പടിയുടെ വ്യവസ്ഥകളാണു. ക്രിസ്തു പുതിയ ദൈവജനത്തിനു–സഭയ്ക്കു–തന്നെത്തന്നെ പരിപൂർണ്ണമായി സമർപ്പിച്ചു. സ്വന്തം രക്തം ചിന്തി, സ്വജീവൻകൊടുത്തു അവളെ സ്നേഹിച്ചു. ക്രിസ്തുവിനു സഭയോടുള്ള ബന്ധത്തിന്റെ ആഴവും വ്യാപ്തിയും അളക്കാൻ ആർക്കും സാധ്യമല്ല. അതു മനുഷ്യബുദ്ധിയ്ക്കു ദുർഗ്രഹമായ ഒരു മഹാരഹസ്യമാണു. എങ്കിലും ഈ മഹാരഹസ്യം കുറെയൊക്കെ മനസ്സിലാക്കാൻ സഹായിക്കുന്ന ഒന്നാണു വിവാഹബന്ധം. ക്രിസ്തുവിനു സഭയോടുള്ള സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും മഹാരഹസ്യം രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹബന്ധത്തിലൂടെ ഭാഗികമായെങ്കിലും പ്രകാശിപ്പിക്കപ്പെടുകയാണു. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും വിശ്വസ്തതയുടെയും പരസ്പരസമർപ്പണത്തിന്റെയും പ്രതീകമാണു കുടുംബം. ഈ പശ്ചാത്തലത്തിൽവേണം എഫേസൂസുകാർക്കുള്ള ലേഖനത്തിലെ

malankaralibrary.com

(എഫേ. 5:21-33) പ്രസക്തഭാഗങ്ങളും മനസ്സിലാക്കാൻ. യേശു സഭയെ സ്നേഹിച്ചതുപോലെ, സഭ യേശുവിനോട് വിശ്വസ്തത പുലർത്തുന്നതുപോലെ, ക്രൈസ്തവദമ്പതികളും പരസ്പരം സ്നേഹിക്കാനും അന്യോന്യം വിശ്വസ്തത പുലർത്താനും സ്വയം സമർപ്പിക്കാനും കടപ്പെട്ടവരാണ്. സഭയുടെ വിശുദ്ധീകരണത്തിനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്നതിന് തയ്യാറായ യേശുവിനെ അനുകരിച്ച് പരസ്പരവിശുദ്ധീകരണത്തിനു വേണ്ടി ഭാര്യാഭർത്താക്കന്മാർ അവരുടെ ജീവനെ അനുദിനജീവിതമാകുന്ന അൾത്താരയിൽ അർപ്പിക്കാൻ തയ്യാറാവണമെന്ന ആശയമാണ് ഈ ലേഖനഭാഗത്തു കാണുന്നത്.

ദാമ്പത്യജീവിതം ഒരു ദൈവവിളി

വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും ശ്രേഷ്ഠതയെപ്പറ്റി വളരെ വ്യക്തമായിത്തന്നെ രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ ആഗസ്തീനോസിന്റെയും മറ്റു ചില സഭാപണ്ഡിതന്മാരുടെയും പാരമ്പര്യത്തിൽ വിവാഹം, പ്രത്യേകിച്ച് വിവാഹധർമ്മാനുഷ്ഠാനം വംശനിലനില്പിനും പരസംഗം ഒഴിവാക്കുന്നതിനും ''അനുപേക്ഷണീയമായ ഒരു തിന്മയായി'' (necessary evil) കണക്കാക്കിയെങ്കിൽ, കൗൺസിൽ പിതാക്കന്മാർ അവയെ സമുന്നതമായ ഒരു ദൈവവിളിയായിട്ടാണ് കാണുന്നത് (സഭ ആധുനികലോകത്തിൽ, നമ്പർ 47). വൈവാഹികജീവിതത്തെ ഒരു പ്രത്യേക ദൈവവിളിയായിക്കണക്കാക്കുകയെന്നാൽ ഈ ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നവരുടെ വിശുദ്ധീകരണവും അവരുടെ ക്രൈസ്തവധർമ്മാനുഷ്ഠാനവും ഇതിലൂടെ നടക്കുന്നു എന്നാണർത്ഥം. ഈ ദൈവവിളിയുടെ പശ്ചാത്തലത്തിൽ ഓരോ ക്രൈസ്തവനും താൻ ദാമ്പത്യജീവിതാവസ്ഥയിലേക്കു വിളിക്കപ്പെട്ടിട്ടുണ്ടോ, ആ ജീവിതം വിജയകരമായി നയിക്കുന്നതിനാവശ്യമായ നൈപുണ്യം തനിക്കുണ്ടോ എന്നും മറ്റും ദൈവതിരുമുമ്പിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു. അത്തരമൊരു ദൈവവിളി തനിക്കുണ്ടെന്നു മനസ്സിലാക്കിയാൽ അതിനായി സ്വയം ഒരുക്കുകയും ജീവിതസഖിയുടെ തെരഞ്ഞെടുപ്പിൽ വളരെ ശ്രദ്ധിക്കുകയും ചെയ്യും. ജീവിതസഖിയുടെ തെരഞ്ഞെടുപ്പിൽ സമ്പത്ത്, പ്രശസ്തി, ബാഹ്യസൗന്ദര്യം തുടങ്ങിയവ വിശ്വസ്തസ്നേഹ

malankaralibrary.com

ത്തിനും സ്വതന്ത്രതീരുമാനത്തിനും, പരസ്പരം മനസ്സാക്ഷിയോടുള്ള ബഹുമാനത്തിനും വഴിമാറേണ്ടിവരും. തങ്ങളിൽനിന്നു് ജനിക്കാനിരിക്കുന്ന കുട്ടികൾക്കു് ജീവിതപങ്കാളി ഒരു നല്ല പിതാവോ മാതാവോ ആയിരിക്കുമോ എന്നതു് വളരെ പ്രധാനപ്പെട്ട ഒരു മാനദണ്ഡമാണു്. വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും ദൈവവിളി വ്യക്തമാകുക ഓരോ വ്യക്തിയും ദൈവസമക്ഷം തന്റെ ജീവിതാവസ്ഥയെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കുമ്പോഴാണു്. ദൈവരാജ്യത്തെപ്രതി തന്റെ സ്വാഭാവികസവിശേഷതകളിലൂടെയും ദൈവികദാനങ്ങളിലൂടെയും തന്നെ ദൈവം ബ്രഹ്മചര്യജീവിതത്തിലേക്കാണോ വൈവാഹികജീവിതത്തിലേക്കാണോ ക്ഷണിക്കുന്നതു് എന്നു് ഓരോ വ്യക്തിയും തന്നോടുതന്നെ ചോദിക്കുകയും അതിനുത്തരം തേടുകയും ചെയ്യുമ്പോഴാണു് ദാമ്പത്യജീവിതത്തിലെ ദൈവവിളി യെപ്പറ്റി വ്യക്തമായ രൂപം ലഭിക്കുന്നു. സന്യാസജീവിതത്തിലേക്കും വൈദികജീവിതത്തിലേക്കും വിളിക്കപ്പെടാത്തവരുടെ ജീവിതാവസ്ഥയായി വൈവാഹികജീവിതത്തെ കണക്കാക്കിയിരുന്ന ഒരു കാലമുണ്ടു്. ഈ ചിന്താഗതിക്കു മാറ്റം വന്നിട്ടുണ്ടെങ്കിലും വിവാഹത്തിലേക്കുള്ള ദൈവവിളിയെ അതർഹിക്കുന്ന ഗൗരവത്തോടെ പലരും വീക്ഷിക്കുന്നുണ്ടോ എന്നു് സംശയിക്കണം.

വിവാഹത്തിന്റെ കൗദാശികതലം

ഏതൊരു ക്രൈസ്തവന്റെയും അടിസ്ഥാനപരമായ വിളി ദൈവത്തിന്റെ സ്നേഹം തന്റെ ജീവിതത്തിലൂടെ നിരന്തരം പ്രതിബിംബിപ്പിക്കുന്നതിനും അതിലൂടെ മറ്റുള്ളവരെയും ആ സ്നേഹധാരയിലേക്കു നയിക്കുന്നതിനുമാണു്. വിവാഹത്തിന്റെ കൗദാശികതലം ഈ വിളിയുടെ വെളിച്ചത്തിലാണു നാം കാണേണ്ടതു്. ദാമ്പത്യജീവിതത്തിൽ രണ്ടു മനുഷ്യവ്യക്തികൾ ഒരു ശരീരമായിത്തീരുന്ന, സ്നേഹത്തിലും ജീവിതത്തിലും ഒരു സമൂഹമാകുന്ന, പരസ്പരപൂരകങ്ങളായി അന്യോന്യം സഹായികളായി മാറുന്ന മഹത്തായ ഒരു പ്രക്രിയയാണു നടക്കുന്നതു്. തങ്ങളുടെ സഹവർത്തിത്വത്തിൽ അവർ ദൈവത്തിന്റെ ''മാതൃപിതൃസ്നേഹ'' (Motherly–Fatherly love)ത്തി

malankaralibrary.com

ന്റെയും, അതേസമയം ക്രിസ്തുവും സഭയും തമ്മിലുള്ള വിശ്വസ്തതയുടെയും ഐക്യത്തിന്റെയും ഉടമ്പടിയുടെ പ്രതിരൂപങ്ങളായിത്തീരുകയും ചെയ്യുന്നു.

ലോകത്തിൽ എവിടെ ദാമ്പത്യതലത്തിൽ സ്വാർത്ഥതയിൽനിന്നു് സ്വതന്ത്രമാക്കപ്പെട്ടതും ജീവിതസഖിയെ വീണ്ടെടുക്കുന്നതുമായ സ്നേഹം (A redeemed and a redeeming Love) വളർന്നു് വിവാഹ ഉടമ്പടിയുടെ വിശ്വസ്തതയ്ക്കു സാക്ഷ്യം നൽകുന്നോ അവിടെ വിവാഹത്തിന്റെ കൗദാശികതപം സമൃദ്ധമാവുന്നു. ഈ അർത്ഥത്തിലാണു് പ്രവാചകന്മാർ യാഹ്വേ യ്ക്കു് ഇസ്രായേൽക്കാരുടെ നേർക്കുള്ള സ്നേഹത്തെ ദാമ്പത്യസ്നേഹത്തോടുപമിക്കുന്നതു്. അങ്ങനെ ദാമ്പത്യജീവിതത്തിലെ സ്നേഹവും വിശ്വസ്തതയും സമർപ്പണവും അനുദിന ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിരുന്ന ഇസ്രായേൽക്കാർക്ക് ദൈവത്തിന്റെ സ്നേഹത്തെപ്പറ്റി വ്യക്തമായ ഒരു രൂപം ലഭിക്കുന്നതിനു സാധിച്ചു. അതുപോലെതന്നെ ഇസ്രായേൽക്കാർ ഉടമ്പടിയോടു കാട്ടിയ അവിശ്വസ്തതയെ വ്യഭിചാരമായി പ്രവാചകന്മാർ ചിത്രീകരിച്ചപ്പോഴും ഇസ്രായേൽക്കാർക്കു് ഉടമ്പടിലംഘനത്തിന്റെ ഗൗരവം മനസ്സിലാക്കാൻ എളുപ്പമായി.

വിവാഹത്തിന്റെ കൗദാശികസ്വഭാവം വ്യക്തമാക്കാൻ സഹായിക്കുന്ന മറെറാരു ഘടകമാണു് അതിന്റെ ലൗകികത. ബ്രഹ്മചര്യജീവിതത്തിനു് അതിൽത്തന്നെ ലോകോന്മുഖതയില്ല. ബ്രഹ്മചര്യജീവിതത്തിൽ അലൗകികതയാണു തെളിഞ്ഞു നിൽക്കുന്നതെന്നു പറയാം. എന്നാൽ കുടുംബജീവിതത്തിന്റെ സ്ഥിതി അതല്ല. ദാമ്പത്യജീവിതാവസ്ഥ അതിൽത്തന്നെ ലൗകികത ഉൾക്കൊള്ളുന്ന ഒന്നാണു്. പുരുഷനു് സ്ത്രീയുടെ നേർക്കു് ആകർഷണവും സ്നേഹവും ഒക്കെ ഉണ്ടാകുന്നതു് സ്വാഭാവികമാണു്. അതുപോലെതന്നെ സ്ത്രീക്കു് പുരുഷന്റെ നേർക്കും. അവരുടെ ലൈംഗികതയുടെ ഒരു പ്രകാശനമാണിതു്. എന്നാൽ സാധാരണമായ ഈ ലൈംഗികാകർഷണവും അതിൽ നിന്നുളവാകുന്ന സ്നേഹവും പരസ്പരസമർപ്പണത്തിനുള്ള സന്നദ്ധതയും അലൗകികമായ പരിശുദ്ധ സ്നേഹത്തെ ദ്യോ

malankaralibrary.com

തിപ്പിക്കുകയും ആ നിർമ്മലസ്നേഹത്തിൽ പങ്കുകാരാകുന്നതിനു ദമ്പതികളെ സഹായിക്കുകയും ചെയ്യുന്നതുമൂലമാണു വിവാഹത്തെ ഒരു കൂദാശയായി സഭ കാണുന്നതു്. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ 'തിരുസ്സഭ' എന്ന കോൺസ്റ്റിറ്റ്യൂഷനിൽ വിവാഹം ക്രിസ്തുവിനു സഭയോടുള്ള ബന്ധത്തിനു ദമ്പതികളുടെ ജീവിതംവഴി അടയാളമായിത്തീരുകയും രക്ഷാകരപ്രവർത്തനത്തിന്റെ ഫലങ്ങൾ ദമ്പതികൾക്കു നൽകുകയും ചെയ്യുന്നതുകൊണ്ടാണു് അതിനെ ഒരു കൂദാശ എന്നു വിളിക്കുന്നതു് (തിരുസ്സഭ 11). വിവാഹവും കുടുംബവും തിരുസ്സഭയുടെ കൗദാശികത്വത്തിന്റെ സാക്ഷാത്കാരമാണു്. അതുകൊണ്ടുതന്നെയാണു് കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്നു വിളിക്കുന്നതും. (തിരുസ്സഭ 11)

വിവാഹവും കുടുംബവും സഭയുടെ അന്തസ്സത്തയെ പ്രകാശിപ്പിക്കുകയും അവളുടെ വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. വ്യക്തികളെ ക്രിസ്തുവിൽ ഒന്നിപ്പിച്ചു് വിശുദ്ധീകരിക്കുകയാണു് സഭയുടെ സ്വഭാവം. ക്രിസ്തുവിൽ ഒന്നായി വിശുദ്ധി പ്രാപിക്കാൻ പരസ്പരം സഹായിക്കുന്നതിനാണു് ദമ്പതികൾ വിളിക്കപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ദമ്പതികൾ അവരുടെ ക്രൈസ്തവജീവിതംവഴി ക്രിസ്തുവിൽ ഒന്നായി പരസ്പരം വിശുദ്ധീകരിക്കാൻ കടപ്പെട്ടവരാണു്. ദമ്പതികളിൽ ഒരാൾ അവിശ്വാസിയാണെങ്കിൽപ്പോലും അയാളുടെ വിശുദ്ധീകരണം വിശ്വാസിയായ പങ്കാളിയിലൂടെ നടക്കണമെന്നു പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു. 'അവിശ്വാസിയായ ഭർത്താവു് ഭാര്യയിലൂടെ പവിത്രീകരിക്കപ്പെടുന്നു; (1 കൊറി 7:14) അങ്ങനെയെങ്കിൽ ദാമ്പത്യബന്ധത്തിലെ പങ്കാളികൾ രണ്ടുപേരും വിശ്വാസികളാകകൊണ്ടു് അവരുടെ ക്രിസ്തീയ പരിപൂർണ്ണതയ്ക്കു് അവർ പരസ്പരം സഹായികളാകണമെന്നു വ്യക്തമാണല്ലോ. ദമ്പതികളുടെ ഈ പരസ്പര വിശുദ്ധീകരണം നടക്കേണ്ടതു് ദാമ്പത്യസ്നേഹത്തിലൂടെയാണു്. ദാമ്പത്യത്തിലെ ജീവിതപങ്കാളികളുടെ പരസ്പര വിശുദ്ധീകരണത്തിനു കാരണമായ സ്നേഹത്തെ, സോളമന്റെ ഉത്തമഗീതം, എല്ലാറ്റിനേയും ദഹിപ്പിച്ചു് ശുദ്ധീകരിക്കുന്ന, ഒരിക്കലും അണയാത്ത ഒരഗ്നിജ്വാലയോടാണു് ഉപമിക്കുന്നതു്. 'പ്രേമം മരണത്തെപ്പോലെ ശക്തവും ജാരശങ്ക കുഴിമാടത്തെ

malankaralibrary.com

പ്പോലെ കഠിനവുമല്ലേ; അതിന്റെ ജ്വാലകൾ അഗ്നിജ്വാലകളാണു്, അത്യുഗ്രമായ തീനാളം. ജലരാശിക്കു് പ്രേമത്തെ കെടുത്താനാവില്ല, പ്രളയത്തിനു് അതിനെ മുക്കിക്കൊല്ലാനുമാവില്ല. ഒരുവൻ പ്രേമത്തിനുവേണ്ടി തന്റെ ഭവനത്തിലെ മുതലെല്ലാം നൽകിയാലും, അതു് തൃണതുല്യം' (ഉത്തമഗീതം 8:6-7) ദൈവത്തിന്റെ ദാനമായ ഈ തീനാളത്തിൽ ജ്വലിക്കുകയെന്നതു് സ്വർഗ്ഗീയാനുഭൂതിയുടെ ഒരു മുന്നാസ്വാദനമാണു്. പരിശുദ്ധവും നിസ്വാർത്ഥവുമായ സ്നേഹം എവിടെയുണ്ടോ അവിടെ സ്വർഗ്ഗീയാനുഭൂതിയുണ്ടു്. ദമ്പതികളുടെ മാനസികവും ശാരീരികവുമായ പരസ്പരസമർപ്പണം ഈ സ്നേഹത്തിന്റെ തീച്ചൂളയിൽ ശുദ്ധീകരിക്കപ്പെട്ടു് ദൈവികസ്നേഹത്തിൽ ലയിക്കുന്നു. അതുകൊണ്ടുതന്നെയാണു്, മറ്റു് ഏതു ക്ഷുദ്രാശകളെയുംപോലെ വിവാഹമെന്ന ക്ഷുദ്രാശയും ക്രൈസ്തവപരിപൂർണ്ണതയ്ക്കു നിദാനമാകുന്നതു്.

ഈ ദാമ്പത്യസ്നേഹത്തെയും അതിന്റെ കൗദാശിക സ്വഭാവത്തെയും കുറിച്ചു് രണ്ടാംവത്തിക്കാൻ കൗൺസിൽ, 'സഭ ആധുനികലോകത്തിൽ' എന്ന കോൺസ്റ്റിറ്റ്യൂഷനിൽ വളരെ മനോഹരമായി പ്രതിപാദിക്കുന്നുണ്ടു്: 'ദൈവസ്നേഹത്തിന്റെ സ്രോതസ്സിൽനിന്നു് ഉദ്ഭവിക്കുന്നതും തിരുസ്സഭയേയുള്ള ക്രിസ്തുനാഥന്റെ ഐക്യത്തിന്റെ മാതൃകയിൽ സംവിധാനം ചെയ്തിരിക്കുന്നതുമായ ഈ ബഹുമുഖസ്നേഹത്തെ അവിടുന്നു് സമൃദ്ധമായി അനുഗ്രഹിച്ചിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഒരിക്കൽ ദൈവം, സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയിലൂടെ തന്റെ ജനങ്ങളെക്കു് സന്നിഹിതനായതുപോലെ ഇപ്പോൾ മനുഷ്യരുടെ രക്ഷകനും തിരുസ്സഭയുടെ മണവാളനുമായ ക്രിസ്തു വിവാഹമെന്ന ക്ഷുദ്രാശവഴി ക്രൈസ്തവദമ്പതികളുടെ ജീവിതത്തിലേക്കും കടന്നുവരുന്നു. അവിടുന്നു് തിരുസ്സഭയെ സ്നേഹിക്കുകയും അവളെക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരസമർപ്പണം വഴി നിത്യമായ വിശ്വസ്തതയോടുകൂടി അന്യോന്യം സ്നേഹിക്കാൻ ഇടയാകാനായി അവിടുന്നു് അവരോടുകൂടി വസിക്കുന്നു. യഥാർത്ഥമായ ദാമ്പത്യസ്നേഹം ദൈവസ്നേഹത്തിലേക്കു് നീങ്ങുന്നു. ക്രിസ്തുവിന്റെ രക്ഷാകരശക്തിയിൽ ആത്മവിശ്വ

malankaralibrary.com

ദ്ധിക്കുതകുന്ന സഭാപ്രവർത്തനങ്ങളുംവഴി അതു് നിയന്ത്രിക്കപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ പ്രസ്തുത സ്നേഹം ഭാര്യാഭർത്താക്കന്മാരെ സുശക്തമായ ഫലങ്ങളോടുകൂടി ദൈവത്തിലേക്കടുപ്പിക്കുകയും ശ്രേഷ്ഠമായ പിതൃധർമ്മവും മാതൃധർമ്മവും നിർവ്വഹിക്കാൻ അവരെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. അതിനാൽ ക്രൈസ്തവദമ്പതികളും തങ്ങളുടെ ജീവിതാവസ്ഥയുടെ കടമകളുംക്കും വൈശിഷ്ട്യത്തിനും യോജിച്ചവിധത്തിൽ ഒരു പ്രത്യേകകൃദാശയാൽ സംരക്ഷിതരാണു്. ഒരു വിധത്തിൽ അവർ പ്രതിഷ്ഠിതരുമാണു്. ഈ കൃദാശയുടെ ശക്തിവിശേഷത്താൽ ഭാര്യാഭർത്താക്കന്മാർ അവരുടെ ദാമ്പത്യപരവും കുടുംബപരവുമായ ചുമതലകളും നിർവ്വഹിച്ചുകൊണ്ടു് ക്രിസ്തുവിന്റെ ചൈതന്യത്താൽ നിറയുകയും അതുവഴിയായി അവരുടെ ജീവിതം മുഴുവനും വിശ്വാസം, പ്രത്യീക്ഷ, സ്നേഹം എന്നിവയാൽ പൂരിതമാവുകയും ചെയ്യുന്നു. തന്മൂലം ഉപര്യുപരി പരിപൂർണ്ണതയും അന്യോന്യവിശുദ്ധീകരണവും പ്രാപിക്കാനും അങ്ങനെ ദൈവമഹത്ത്വം സാധിക്കാനും ഇടയാകുന്നു' (സഭ ആധുനികലോകത്തിൽ 48)

ദാമ്പത്യസ്നേഹം വെറും ഉപരിപ്ലവമോ വൈകാരികതലത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നതോ അല്ല. മനുഷ്യവ്യക്തിത്വത്തിന്റെ ആഴത്തിലുള്ള ഒരു പ്രവണതയാണു് സ്നേഹം. അതു പരിപൂർണ്ണത പ്രാപിക്കുന്നതു് വ്യക്തിപരമായ സ്വയം സമർപ്പണത്തിലൂടെമാത്രമാണു്. മറൊരു വ്യക്തിക്കു് സ്നേഹത്തിൽ സ്വയം സമർപ്പിക്കുമ്പോഴും സ്നേഹിക്കപ്പെടുന്നവനെ സമ്പന്നനാക്കുന്നതിനു മാത്രമേ സ്നേഹിക്കുന്നവൻ ആഗ്രഹിക്കുന്നുള്ളു. താൻ സ്നേഹിക്കുന്ന വ്യക്തിയെ ഒരു ഉപകരണമാക്കി തരംതാഴ്ത്തി സ്വന്തം വ്യക്തിത്വത്തെ സമ്പന്നമാക്കാമെന്നു് ആരെങ്കിലും വ്യാമോഹിച്ചാൽ നിരാശയായിരിക്കും ഫലം. മാറുള്ളവക്കു് പ്രകാശം നൽകി ഉരുകിയുരുകി ഇല്ലാതാകുന്ന മെഴുകുതിരിപോലെ, ഭാര്യയും ഭർത്താവും നിസ്വാർത്ഥസ്നേഹത്തിന്റെ ചൂടും വെളിച്ചവും പരസ്പരം നൽകി ജീവിക്കുമ്പോഴാ അവിടെ ദാമ്പത്യബന്ധം പരിപൂർണ്ണമാക്കപ്പെടുന്നു. സ്വയം സമർപ്പണത്തിന്റെ കളരിയിൽ പയറ്റിത്തെളിച്ചവർക്കുമാത്രമേ ദാമ്പത്യജീവിതത്തിൽ വിജയിക്കാനാവൂ.

malankaralibrary.com

സഭയുടെ കൗദാശികത്വത്തെ സമൂർത്തമാക്കുന്ന വിവാഹ ബന്ധം ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസമർപ്പണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ദമ്പതികളും തമ്മിലുള്ള പരസ്പരസ്നേഹവും അർപ്പണവും അവരെ മറ്റുള്ളവരിലേക്കും, പ്രത്യേകിച്ച് അവരുടെ സ്നേഹസമർപ്പണത്തിന്റെ ഫലമായ സന്താനങ്ങളിലേക്കും അടുപ്പിക്കുന്നു. മാതാപിതാക്കളുടെ നിസ്വാർത്ഥസ്നേഹവും വിശ്വസ്തതയും ത്യാഗമനസ്ഥിതിയും നല്ല മാതൃകകളും മക്കളുടെ സ്വഭാവരൂപവൽക്കരണത്തിനു് അത്യന്താപേക്ഷിതമാണു്. സ്വയം മറന്നു് മറ്റുള്ളവരെ സ്നേഹിക്കുന്നതിന്റെ മാഹാത്മ്യം മക്കളും മാതാപിതാക്കളുടെ ജീവിതത്തിൽനിന്നു് കണ്ടറിഞ്ഞെങ്കിൽമാത്രമേ അവരും പിന്നീടു് സ്വാർത്ഥരഹിതരായി ജീവിക്കുകയുള്ളൂ. കുടുംബത്തിൽ നിറഞ്ഞുതുളുമ്പുന്ന നിസ്വാർത്ഥസ്നേഹവും പരസ്പരവിശ്വാസവും ഐക്യബോധവും മറ്റുമാണു് സമൂഹത്തിന്റെ കെട്ടുറപ്പും വളർച്ചയും ഉറപ്പുവരുത്തുന്നതു്. കുടുംബത്തിലെ ഓരോ അംഗവും പരസ്പരം മാതൃകകളായി മാറുമ്പോഴാണു് അതു് സമൂഹത്തിൽ മാറ്റത്തിന്റെ ഓളങ്ങളും സൃഷ്ടിക്കാതിരിക്കില്ല. ക്രൈസ്തവദാമ്പത്യദർശനത്തിൽ കുടുംബജീവിതം ലോകത്തിന്റെതന്നെ ഉദ്ധാരണവും രക്ഷയും ഉന്നംവച്ചുകൊണ്ടുള്ളതാണു്. ക്രിസ്തു സഭയിലൂടെ നേടാനാഗ്രഹിക്കുന്ന ലോകരക്ഷ ഓരോ കുടുംബത്തിലൂടെയാണു് സഫലമാകേണ്ടതു്.

ക്രിസ്തുരഹസ്യം കുരിശിലാണു് പരിപൂർണ്ണമാവുക. തന്മൂലം ദാമ്പത്യജീവിതത്തിലേക്കു് വിളിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുശിഷ്യർക്കറിയാം, തങ്ങളുടെ വിവാഹബന്ധത്തിന്റെ മനോജ്ഞത എല്ലാ വരദാനങ്ങളുടെയും സ്രോതസ്സായ കുരിശിനാൽ മുദ്രിതമാണെന്നു്. ലോകരക്ഷയ്ക്കുവേണ്ടി കുരിശിന്റെ പാതയിലൂടെ സഞ്ചരിച്ച ഗുരുവിന്റെ കാലടികളെ പിന്തുടർന്നാൽ മാത്രമേ അവിടുത്തെ മഹത്ത്വത്തിൽ പങ്കുകാരാകാൻപറ്റൂ എന്നു് ക്രൈസ്തവദമ്പതികൾക്കു നല്ല ബോദ്ധ്യമുണ്ടു്. അതു് അനുദിനദാമ്പത്യജീവിതത്തിലെ വേദനകളും യാതനകളും പരാജയങ്ങളും മോഹഭംഗങ്ങളും സമനിലതെറ്റാതെ സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കുന്നു. കോളിളക്കങ്ങളുടെ നടുവിലും അടിപതറാതെ, ജീവിതത്തെ ക്രൈസ്തവമായി നേരിടാൻ കഴിയുന്ന

malankaralibrary.com

വ്യക്തികളും മറ്റുള്ളവർക്കും ധൈര്യം പകരും എന്നതിൽ സംശയമില്ല. അങ്ങനെ ദൈവികദാനങ്ങളാൽ സമ്പന്നമായ കുടുംബജീവിതം ദമ്പതികളുടെയും കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും വിശുദ്ധീകരണത്തിനും രക്ഷയ്ക്കും കാരണമായ ഒരു യാഗവേദിയായിത്തീരുന്നു. അതുവഴി വിവാഹവും കുടുംബവും ലോകത്തിന്റെ സമഗ്രവിമോചനവും രക്ഷയും സുസാദ്ധ്യമാക്കുന്ന ക്രിസ്തു-സഭാരഹസ്യത്തിന്റെ തുടർച്ചയായി യുഗാന്ത്യംവരെ നിലനിൽക്കുകയും ചെയ്യും.

○

malankaralibrary.com

2

ദാമ്പത്യം ഒരു കൂദാശ

വിവാഹം: പുതിയനിയമത്തിലെ ഒരു വിശുദ്ധകൂദാശ

ചരിത്രാതീതകാലം മുതൽ മനുഷ്യൻ ഉപയോഗിച്ചു പോന്ന സാർവ്വത്രിക പ്രതീകങ്ങളാണല്ലോ യേശു കൂദാശകർമ്മക്കായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുത്ത പ്രതീകങ്ങളെയാവട്ടെ തന്റെ അവതാര രഹസ്യത്തിന്റെ പ്രധാന ഘട്ടങ്ങളെ പ്രതിനിധാനം ചെയ്യാൻ പോരുന്നവയാക്കി. ആ പ്രതീകങ്ങൾക്ക് അങ്ങനെ ക്രിസ്തുന്മുഖമായ ഒരർത്ഥംകൂടി നല്കപ്പെട്ടു. മാത്രമല്ല, സൂചിതമായ ക്രിസ്തുരഹസ്യത്തെ പുനരാവിഷ്കരിക്കാൻ അവയ്ക്കു ശക്തിയും നല്കി. അങ്ങനെയാണ് ലോകാരംഭം മുതൽ നിലനിന്നു പോന്ന ദാമ്പത്യബന്ധത്തെ ക്രിസ്തുനാഥൻ ഒരു കൂദാശയാക്കി ഉയർത്തിയത്.

വിവാഹത്തിനു വിശുദ്ധി പ്രകൃതിസ്ഥമാണ്. മതപരമായ ആചാരങ്ങളോടെയാണ് എല്ലാക്കാലത്തും എല്ലാ സംസ്കാരങ്ങളിലും വിവാഹം നടത്തിപ്പോരുന്നതു്. ദൈവം തന്റെ തന്നെ ഛായയിൽ മനുഷ്യനു രൂപം നല്കുന്ന ക്രിയാത്മക പ്രവർ

malankaralibrary.com

ത്തനത്തിൽ പങ്കുചേരാനുള്ള മനുഷ്യന്റെ കഴിവു വിശ്വാസമാണ്. സ്ത്രീപുരുഷന്മാർ ആ കഴിവു് പരസ്പരം സമർപ്പിക്കുകയും സമർപ്പിതമായതു് സ്വീകരിക്കുകയുമാണു് വിവാഹഉടമ്പടിയിലെ സമ്മതത്തിന്റെ സാരം. ദൈവത്തിന്റെ രക്ഷാകരസംവിധാനത്തിനു് 'സമ്മതം' പറയുന്നതിന്റെ പ്രതീകവും പ്രാരംഭവുമായി വിവാഹത്തിലെ 'സമ്മത'ത്തെ പരിഗണിക്കാം. പഴയനിയമത്തിൽ ദൈവവും ദൈവജനവും തമ്മിലുള്ള ഉടമ്പടിയെ വിവാഹത്തോടാണല്ലോ ഉപമിച്ചിരുന്നതു്(1). ആദവും ഹവ്വായും തമ്മിലുള്ള ഐക്യത്തിലാണു് ആദ്യം ഈ ഉടമ്പടി നിഴലിച്ചതു്. ദാമ്പത്യൈക്യത്തിലൂടെ തലമുറകൾതോറും അതു തുടർന്നുകൊണ്ടുപോരുന്നു. ദൈവ-മനുഷ്യസമാഗമത്തിന്റെ പരിസമാപ്തിയായ മനുഷ്യാവതാരത്തിൽ അതിനു് അവസാനമുദ്ര ലഭിച്ചു. അങ്ങനെ, ക്രിസ്തുനാഥനു് സഭയോടുള്ള രക്ഷാകരമായ ദാമ്പത്യബന്ധത്തിന്റെ മുൻനിഴലായിരുന്ന വിവാഹം, ഇന്നു് ആ ക്രിസ്തുരഹസ്യത്തിന്റെ അനുകരണവും വ്യാഖ്യാനവും പ്രതീകാത്മകമായ സാക്ഷാത്കാരവും പുനരവതരണവുമാണു്(2). അങ്ങനെയാണു് ഏറ്റവും ധന്യമായ മാനുഷികബന്ധത്തെ ക്രിസ്തുനാഥൻ ഒരു കൂദാശയാക്കിയുയർത്തിയതു്. ക്രിസ്തുവും സഭയും ഐക്യപ്പെട്ടിരിക്കുന്നതുപോലെ ക്രൈസ്തവദമ്പതികളും ഒന്നായിത്തീരുന്നു. ക്രൈസ്തവവിവാഹം ക്രിസ്തുനാഥനു് സഭയോടുള്ള രക്ഷാകരവും അവഗാഢവും സനാതനവുമായ ഐക്യത്തോടു് ആഭിമുഖ്യവും ആ ഐക്യത്തിൽ പങ്കാളിത്തവും പ്രദാനം ചെയ്യും. അതുകൊണ്ടു് അതു പ്രസാദവരദായകവും രക്ഷാകരവുമാണു്. വിവാഹത്തെ ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ പ്രതീകമെന്നു് വിശേഷിപ്പിച്ചാൽപ്പോരാ; വിവാഹത്തിലൂടെ വിശദമാക്കപ്പെടേണ്ട പ്രാഗ്രൂപമാണു് ആ മൗതികശരീരം. മാമ്മോദീസായിലൂടെ ക്രിസ്തു ഒരു വ്യക്തിയുമായി ഐക്യപ്പെടുന്നെങ്കിൽ, വിവാഹത്തിലൂടെ രണ്ടു വ്യക്തികളുടെ ഒരു സമൂഹവുമായിട്ടാണു് അവിടുന്നു സംയോജിക്കുന്നതു്. അപ്പോൾ ക്രി

---

(1) Deut. 4, 24: Is 1, 21 ff; 50,1; 54, 6-7; Jer. 2, 2; 3,1-12: en. 16; Os. 1-2

(2) cf. Kichards, 'Christ on Divorce' in Sacrements in Scripture, Ed: T. Worden (London 1966).

malankaralibrary.com

സ്തു-സഭൈക്യം ഗാർഹികരൂപഭാവങ്ങളോടെ ചരിത്രത്തിൽ തുടർന്നുകൊണ്ടുപോകുന്നു. ക്രിസ്തുവിന്റെ മൗതികശരീരം തലമുറകളിലൂടെ വളർന്നുവലുതാകുന്നു. രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു: 'ക്രിസ്തീയകുടുംബം ക്രിസ്തുവിനെ തിരുസ്സഭയുമായി ബന്ധിക്കുന്ന സ്നേഹത്തിന്റെ ഉടമ്പടിയുടെ പ്രതീകവും പങ്കുചേരലുമായ വിവാഹത്തിൽനിന്നു മുളയെടുക്കുന്നതുകൊണ്ട്, ക്രിസ്തുവിന്റെ ലോകത്തിലുള്ള സജീവസാന്നിദ്ധ്യവും, തിരുസ്സഭയുടെ യഥാർത്ഥമായ സ്വഭാവവും സകലജനങ്ങൾക്കും വെളിപ്പെടുത്തും. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം, സന്താനലബ്ധി, പരസ്പരൈക്യം, വിശ്വസ്തത മറ്റു കുടുംബാംഗങ്ങൾ തമ്മിലുള്ള സഹായം എന്നിവവഴിയും ഇതുതന്നെ നിർവ്വഹിക്കപ്പെടുന്നു'(3). വിവാഹം ഒരു ക്ലദാശയാണെന്നു താരതമ്യേന താമസിച്ചാണ് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചതു, അതായതു 1139 ൽ രണ്ടാം ലാറ്ററൻ കൗൺസിലിൽവച്ചു. പിന്നീടു ഈ സത്യം പലവട്ടം സഭ വ്യക്തമാക്കിയിട്ടുണ്ട്(4).

വിവാഹത്തിന്റെ ഏകത്വവും അവിഭാജ്യതയും

പൗരാണികസമൂഹങ്ങളിൽ ബഹുഭാര്യാത്വം ഇന്നത്തേതിലും കൂടുതൽ ഉണ്ടായിരുന്നുവെന്നു നരവംശശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. റോമാക്കാരും ഗ്രീക്കുകാരും മിക്കവാറും അതു ഒരു ശീലമാക്കിയിരുന്നു. പഴയനിയമത്തിലെ ഗോത്രപിതാക്കന്മാരുടേയും ന്യായാധിപന്മാരുടേയും രാജാക്കന്മാരുടേയും കാലത്തു ബഹുഭാര്യാത്വം അനുവദിക്കപ്പെട്ടിരുന്നതായിക്കാ

---

(3) സഭ ആധുനികലോകത്തിൽ, 48.

(4) വിവാഹം ഒരു ക്ലദാശയാണെന്നു താഴെപ്പറയുന്ന അവസരങ്ങളിൽ തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നു;

(i) Lateran II (A. D. 1139) DS. 718
(ii) Innocent III (1198–1216) D S. 768–769.
(iii) Lyons II (1274) D S. 860
(iv) John XXII (1318) D S. 916
(v) Florence (1439—1445) D S. 1327.
(vi) Trent (1545—1563) D S. 1801.

malankaralibrary.com

ണാം. പ്രവാചകന്മാർ വിവാഹമോചനത്തിനെതിരായിരുന്നെങ്കിലും ഇക്കാര്യത്തിൽ അവർ സഹിഷ്ണത കാണിച്ചിരുന്നു.

ഇതൊക്കെയാണെങ്കിലും, ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ അവിഭാജ്യമായി ഐക്യപ്പെടുന്ന വിവാഹമാണ് ആദർശമായി എല്ലാ സംസ്കാരങ്ങളും കരുതിപ്പോന്നതു്–അപവാദങ്ങൾ അനുവദിച്ചിരുന്നെന്നുമാത്രം. പരിപൂർണ്ണമായ സ്നേഹം ആവശ്യപ്പെടുന്ന സ്ത്രീപുരുഷബന്ധം സ്വഭാവത്താലേ ഒരു ഭർത്താവിനു് ഒരു പത്നി എന്ന ക്രമത്തിലേക്കു് ചാഞ്ഞാണു് നില്ക്കുക. ഹവ്വായെ തന്റെ അസ്ഥിയുടെ അസ്ഥിയെന്നും മാംസത്തിന്റെ മാംസമെന്നും ആദം സംബോധനം ചെയ്യുമ്പോൾ ഏകഭാര്യാത്വമാണു് സൂചിപ്പിക്കുക. യഹോവായ്ക്കു് ഇസ്രായേലിനോടുള്ള ബന്ധത്തെ വിവാഹത്തോടു് ഉപമിക്കുമ്പോഴും ഇതുതന്നെ വ്യഞ്ജിക്കപ്പെടുന്നു.

വിവാഹം ദൈവസ്ഥാപനത്തിൽനിന്നു് ഏകത്വമാണെന്നു് പുതിയനിയമം വ്യക്തമാക്കുന്നു. 'ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർപിരിക്കരുതു്' എന്നത്രേ ക്രിസ്തുനാഥന്റെ നിരുപാധിക കല്പന(5) . വ്യഭിചാരംപോലുള്ള കാരണങ്ങൾ ഉള്ളപ്പോൾ വിവാഹമോചനം അനുവദിച്ച മോശയുടെ നിയമം അവിടുന്നു റദ്ദുചെയ്തു(6). 'അവർ ഇരുവരും ഒരു ശരീരമായിത്തീരുക' എന്നതു സൃഷ്ടിയുടെ ആരംഭം തുടങ്ങിയുള്ള ക്രമമാണെന്നു് യേശു പറയുമ്പോഴും(7) 'ഭാര്യ ഭർത്താവിൽ നിന്നു് വേർപിരിയരുതു്' (8) എന്നു് വി. പൗലോസ് ഉപദേശിക്കുമ്പോഴും ഇക്കാര്യമാണു് വ്യക്തമാക്കുക. ദൈവികസ്നേഹത്തിൽനിന്നു് ഉദ്ഭവിച്ചു്, തിരുസ്സഭയേയുമായുള്ള ക്രിസ്തുവിന്റെ ഐക്യത്തിന്റെ മാതൃകയിൽ സംവിധാനം ചെയ്തി

(vii) Pius IX: Syllabus (1864) D S. 2965

(viii)Leo XIII: Ency. Avcaraum Divinae (1880) DS. 3142 f

(ix) Pius X: Lamentabili (1907) D S. 3451.

(x) Pius XI: Ency. Casti Connubii (1930) D S. 3700

(xi) Vatican II, Church in the Modern World, 48 ff.

(5) മത്താ. 19, 6. (6) മർക്കോ. 10, 2–12.

(7) മത്താ. 19, 5. (8) 1 കൊറി. 7, 10

malankaralibrary.com

രിക്കുന്ന ദാമ്പത്യസ്നേഹം, ആ മാതൃക എന്നപോലെതന്നെ അ വിഭാജ്യമായി നിലകൊള്ളണം. സ്നേഹൈക്യത്തിലും സ മാധാനത്തിലും ജീവിതം അസാധ്യമാകുമ്പോഴാ വിവാഹമോ ചനം അനുവദിക്കുന്ന സമൂഹങ്ങളുംപോലും, അതിനെ ആദർ ശപരമായി സ്വീകരിക്കുന്നില്ലെന്നതും ശ്രദ്ധേയമാണ്.

വിവാഹത്തിന്റെ അവിഭാജ്യത, ആരംഭം മുതൽ ഇന്നോ ളം വിട്ടുവീഴ്ചയില്ലാതെയും അസന്ദിഗ്ദ്ധമായും തിരുസ്സഭ പ ഠിപ്പിക്കുന്നു. (9) ശാരീരികബന്ധത്തിലൂടെ പൂർണ്ണമാക്കപ്പെട്ട വിവാഹം ഒരു കാരണവശാലും വേർപെടുത്തുന്നില്ല. (10)

രണ്ടാംവത്തിക്കാൻ സൂനഹദോസും വിവാഹമോചനത്തി നെതിരായി നാലു കാരണങ്ങളും കാണുന്നു (11)

1. ദമ്പതികളുടെ നന്മ. മനുഷ്യസ്നേഹം മനഃശാസ്ത്രപര രമായി സ്ഥായിയായ ക്ഷുബ്ധതയിലേയ്ക്കു നയിക്കുന്നു. വി വാഹമോചനമാകട്ടെ സ്നേഹൈക്യത്തെ നശിപ്പിക്കുകയും ദ മ്പതികളുടെ സുഗമമായ അഭിവൃദ്ധിക്കു് ആവശ്യമായ പരസ്പ രസഹായം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

2. കുട്ടികളുടെ നന്മ. വിവാഹമോചനം ഏറെമധികം ദുഷ്യംചെയ്യുന്നതു് കുട്ടികൾക്കാണ്; അപരിഹാര്യമായ നഷ്ട മാണു് അവർ സഹിക്കേണ്ടിവരുന്നതു്.

3. സമൂഹത്തിന്റെ നന്മ. ഉറപ്പുള്ള കുടുംബങ്ങളുണ്ടെ ങ്കിലേ, നിലനിലുക്കുന്ന സമൂഹം ഉണ്ടാകൂ. അപ്പോഴേ അടു ത്ത തലമുറയുടെ ശിക്ഷണവും ഉന്നമനവും സുസാദ്ധ്യമാകൂ.

---

9 cf. D. s 1797; 1805: 1807; സഭ ആധുനികലോകത്തിൽ, 48–52

10 സംഭോഗബന്ധത്തിലൂടെ പൂർണ്ണമാക്കപ്പെടാത്ത വിവാഹോടമ്പടി തക്കതായ കാരണങ്ങളും ഉള്ളപ്പോഴും റദ്ദാക്കാവുന്നതാണു്. cf c. 1142. അക്രൈസ്തവദമ്പതികളിലൊരാളും വിശ്വാസം സ്വീകരിക്കുകയും ത ന്റെ വിവാഹം വിശ്വാസത്തിനു് പ്രതിബന്ധമായിത്തീരുകയുമാണെ ങ്കിൽ വിവാഹമോചനം അനുവദിക്കുന്നുണ്ടു്. cf 1 കൊറി. 7. 15; c. 1143

11 സഭ ആധുനികലോകത്തിൽ 48 ff

malankaralibrary.com

4. ക്രിസ്തുനാഥനു് തിരുസ്സഭയോടുള്ള സനാതനവും അവിഭാജ്യവുമായ ബന്ധമാണ് ക്രൈസ്തവ ദാമ്പത്യത്തിന്റെ അടിസ്ഥാനം. ആദ്യത്തേതു് അവിഭാജ്യമായ ഐക്യത്തിൽ നിലകൊള്ളുന്നതുപോലെ രണ്ടാമത്തേതും ആ ഐക്യത്തിൽ സമന്വയിച്ചു് അവിഭാജ്യമായി നിലകൊള്ളണം. ഇതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു് ക്രൈസ്തവവിവാഹത്തെ 'ഒരു വലിയ രഹസ്യം' എന്നാണു് വി. പൗലോസു് വിശേഷിപ്പിക്കുന്നതു് (12)

വിവാഹത്തിന്റെ ലക്ഷ്യങ്ങൾ

മനുഷ്യകുലത്തിനു് ലഭിച്ച ആദിമാനുഗ്രഹം, 'നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി, ഭൂമിയിൽ നിറഞ്ഞു', അതിനെ കീഴടക്കുക' എന്നതാണു് (13). അന്നുതുടങ്ങി ഈ വരം നാംക്കുനാം കൂടുതൽ ഫലമണിഞ്ഞുകൊണ്ടിരിക്കുന്നു. മനുഷ്യകുലത്തിന്റെ നിലനില്പും തലമുറകളിലൂടെയുള്ള വികാസവുമാണു് ലൈംഗികതയുടെ പ്രാഥമിക ലക്ഷ്യമെന്നതിൽ രണ്ടു പക്ഷമില്ല. സന്തതിയെ ഉന്നംവെച്ചുകൊണ്ടുള്ളതാണു് ലൈംഗികതയുടെ സ്വഭാവവും സംവിധാനവുമെല്ലാം.

മൂല്യമുള്ളതൊന്നും നശിച്ചുപോകുന്നതു് നമുക്കിഷ്ടമില്ല. എങ്കിൽ, മനുഷ്യവ്യക്തിയോളം മൂല്യസാന്ദ്രമായ മറെറാന്നും ഈ ലോകത്തിലില്ല. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കാറൊനർ ചൂണ്ടിക്കാണിക്കുന്നു: 'നമ്മുടെ ജീവന്റെ ഏതെങ്കിലും ഒരു ഭാഗം നിത്യം ജീവിക്കുമെന്നു് പ്രതീക്ഷയുള്ളവരാണു് നാമെല്ലാവരും. വിവാഹം ഫലമണിയുമ്പോൾ നിത്യതയും സാക്ഷാൽകൃതവുമാകയാണു്.....ഒരു കുട്ടി ജനിക്കുന്നു എന്നുപറഞ്ഞാൽ, അന്തമില്ലാത്ത, എന്നും തനതാത്മകത പാലിക്കുന്ന ഒരു യാഥാർത്ഥ്യം, ഒരിക്കലും നീക്കിക്കളയാത്ത, എന്നും നിലനില്ക്കുന്ന ഒരു ജീവിതവും ലക്ഷ്യവും ആരംഭിച്ചിരിക്കുന്നു എന്നാണു്.....ഓരോ പുതിയ മനുഷ്യജീവിതവും ദൈവതിരുമുമ്പിൽ പുതിയ നിത്യതയാണു്. നിത്യജീവനു് ജന്മംനല്കാൻ ദൈവത്തിന്റെ അധികാരപത്രവും അനുഗ്രഹവും നമുക്കാവശ്യമാണു്. സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ പിതൃത്വത്തിന്റേയും ഉറവിടമായ

12 എഫേ. 5, 32. 13 ഉൽപത്തി 1, 28

malankaralibrary.com

ദൈവം മാതാപിതാക്കളുടെ പ്രവർത്തനങ്ങളിലൂടെ തന്റെ സ്നേഹത്തിന്റെ സാഹസികത തുടരുകയാണു്. മാതാപിതാക്കളുടെ സ്നേഹമാകട്ടെ ഈ പുതുജീവിതത്തിൽ ഫലമണിയുകയും ചെയ്യുന്നു.' (14) ദൈവത്തിന്റേയും മനുഷ്യന്റേയും സഹശക്തികളും ഒന്നിച്ചുചേരുന്ന ദിവ്യനിമിഷത്തിലാണു് ഓരോ മനുഷ്യജീവനും ആരംഭിക്കുക. സ്ത്രീപുരുഷന്മാരുടെ ലൈംഗിക സ്നേഹത്തിൽ ഈ സഹകരണം ആരംഭിക്കുകയും ഗർഭധാരണത്തിൽ അതു സമൂർത്തമാകുകയും മക്കളെ വളർത്തുന്നതിലൂടെ അതു് പൂർത്തിയാകുകയും ചെയ്യുന്നു. മാതാപിതാക്കളിലൂടെ ദൈവം പുതിയ മനുഷ്യനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ മാതാപിതാക്കളുടെ ചുമതലകളും ആനന്ദദായകവും ഗുരുതരവുമാണു്.

പഴയനിയമത്തിൽ എല്ലായിടത്തുമെന്നപോലെ പ്രജനനമാണു് ലൈംഗികതയുടെ മുഖ്യലക്ഷ്യമായി പറഞ്ഞിരിക്കുന്നതു്. മക്കളാകട്ടെ ഏറ്റവും വലിയ ധനവും സന്തോഷസ്രോതസ്സും ദൈവികാനുഗ്രഹവുമാണു് (15) –വന്ധ്യത ദൈവശിക്ഷയും (16)

രണ്ടാംവത്തിക്കാൻ സൂനഹദോസും് ഇതു് വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ടു്: 'വിവാഹവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്താൽത്തന്നെ മക്കളെ ജനിപ്പിക്കാനും അവരെ വളർത്താനുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. മക്കളാണു് വിവാഹത്തിന്റെ അത്യൽകൃഷ്ടദാനം. മാതാപിതാക്കളുടെ തന്നെ ശ്രേയസ്സിനും് അവർ കാര്യമായ സംഭാവന ചെയ്യും.... മനുഷ്യനു് തന്റെ സൃഷ്ടികർമ്മത്തിൽ പ്രത്യേകമായ ഒരു പങ്കു നല്കുവാൻ ദൈവം ആഗ്രഹിച്ചു. പുരുഷനേയും സ്ത്രീയേയും അനുഗ്രഹിച്ചു് അവരോടു പറഞ്ഞു: 'പെരുകി വർദ്ധിക്കുവിൻ' (ഉൽപത്തി 1, 28). അതുകൊണ്ടു് വിവാഹത്തിന്റെ ഇതരോദ്ദേശ്യങ്ങളെ അവഗണിക്കാതെ തന്നെ പറയാൻ സാധിക്കും യഥാർത്ഥമായ ദാമ്പത്യസ്നേഹത്തിന്റെ അഭ്യാസവും അതിൽ

14 K. Rahner, Meditations on Sacraments (New York 1977)73–74
15 സങ്കീ: 127, 3–5; 128, 3–6
16 ലേവ്യ, 20, 20f: 1 സാമു. 1, 1–20: ഏശ 47,9

malankaralibrary.com

നിന്നു് ഉദ്ഘോഷിക്കുന്ന കുടുംബജീവിതത്തിന്റെ സമ്പൂർണ്ണമായ അർത്ഥവും ലക്ഷ്യംവയ്ക്കുന്നതു് ദമ്പതികളിലൂടെ തന്റെ കുടുംബത്തെ അനുദിനം വിസ്തൃതവും സമ്പന്നവുമാക്കുന്ന സ്രഷ്ടാവിന്റേയും രക്ഷകന്റേയും സ്നേഹത്തോടു ദൃഢമനസ്സോടുകൂടി സഹകരിക്കുവാൻ ഒരുക്കമുള്ളവരാകുക എന്നതാണു്.

'സന്താനോല്പാദനവും മക്കളുടെ വളർത്തലും തങ്ങളുടെ പ്രത്യേക ധർമ്മമായി ദമ്പതികൾ കരുതട്ടെ. ഇതുവഴി അവർ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിൽ സഹകരിക്കുകയും ഒരുതരത്തിൽ ആ സ്നേഹത്തെ വ്യാഖ്യാനിക്കുകയുമാണു് ചെയ്യുന്നതെന്നു് മനസ്സിലാക്കണം.' (17)

ഉൽപത്തിപ്പുസ്തകം രണ്ടാമദ്ധ്യായത്തിൽ ലൈംഗികബന്ധത്തിനു് രണ്ടാമതൊരു ഉദ്ദേശ്യംകൂടി ചേർക്കുന്നുണ്ടു്. 'മനുഷ്യൻ ഏകനായിരിക്കുന്നതു് നന്നല്ല; അവനു പറ്റിയ ഒരു സഹായിയെ ഞാനുണ്ടാക്കും' (18). ഉറച്ചമൈത്രിയിൽ ഉൾപ്പെട്ടത്താൻകൊള്ളാവുന്ന ഒരു ജീവിതപങ്കാളിയെ ആവശ്യമുള്ളവനായിട്ടാണു് മനുഷ്യനെ ദൈവം സൃഷ്ടിച്ചതു്. ശാരീരികമായിട്ടു മാത്രമല്ല, വൈകാരികമായും ബൗദ്ധികമായും ആത്മീയമായും സ്ത്രീയും പുരുഷനും ഒരുമിക്കുമ്പോഴേ ദൈവികസംവിധാനം പൂർണ്ണമാകൂ. ഇതെല്ലാം ദ്യോതിപ്പിക്കുന്നതാണു് ഹവ്വായെല്ലിന്റെ കഥ. ഗ്രീക്കു്മിത്തോളജി അനുസരിച്ചു് ദ്വിലിംഗനായിട്ടാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു്. ലിംഗവ്യത്യാസത്തോടെ പിന്നീടു് അവൻ വിഭജിക്കപ്പെട്ടു. അന്നുതുടങ്ങി ഓരോ പകുതിയും മറേതിനെ അന്വേഷിച്ചുനടക്കുകയാണു്. അതിനാൽ വ്യക്തിക്കപ്പുറത്തു് എത്തിനിലയ്ക്കുന്ന ലക്ഷ്യമാണു് ലൈംഗികതയ്ക്കുള്ളതു്. അപ്പോഴും സ്വാർത്ഥപരമായ ലൈംഗികവ്യാപാരം ധാർമ്മികമല്ല; പങ്കാളിത്തം അതിന്റെ സ്വാഭാവികവിശേഷമാണു്. പരസ്പര സ്നേഹപ്രകാശനത്തിന്റെ പ്രധാനമാധ്യമമായിട്ടാണു് ആധുനിക ധർമ്മശാസ്ത്രജ്ഞന്മാർ ലൈംഗികതയെ പഠിന്നതു്. അതു് സമൂഹത്തിന്റെ അടിത്തറ അരക്കിട്ടുറപ്പിക്കുകയും വ്യക്തികൾ തമ്മിൽ പരസ്പരസ്നേഹത്തിനും സഹകരണ

17 സഭ ആധുനിക ലോകത്തിൽ, 50

18 ഉൽപത്തി 2, 18

malankaralibrary.com

ത്തിനും പ്രചോദനം നല്കുകയും ചെയ്യുന്നു. വിവാഹത്തിന്റെ ഈ രണ്ടാമത്തെ ലക്ഷ്യത്തെക്കുറിച്ച് 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രാമാണിക രേഖ പഠിപ്പിക്കുന്നതിങ്ങനെയാണ്: 'സന്താനോല്പാദനത്തിനുവേണ്ടി മാത്രം സ്ഥാപിക്കപ്പെട്ടതല്ല വിവാഹം. വ്യക്തികളും തമ്മിലുള്ള അലംഘനീയമായ ഉടമ്പടിയുടെ സ്വഭാവവും കുട്ടികളുടെ ക്ഷേമവും ഒരുപോലെ ആവശ്യപ്പെടുന്നുണ്ട്, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം ശരിയായവിധം പ്രകടിപ്പിക്കുകയും വളരുകയും പരിപക്വമാകുകയും ചെയ്യണമെന്നു്. അതിനാൽ പലപ്പോഴും ദമ്പതികളുടെ ഉൽക്കടമായ ആഗ്രഹത്തിനു് വിരുദ്ധമായി സന്താനലാഭം ഉണ്ടാകാത്തപ്പോൾപ്പോലും വിവാഹം ഒരു ജീവിതരീതിയും ജീവിത സംസർഗ്ഗവുമായി നിലനില്ക്കുകയും അതിന്റെ മൂല്യത്തേയും അഭേദ്യതയേയും സംരക്ഷിക്കുകയും ചെയ്യും'(19). പരസ്പര സ്നേഹവും മതിപ്പും പ്രകടിപ്പിക്കാൻ യോജിച്ചതാണു് ലൈംഗികപ്രവർത്തനങ്ങൾ. അതു് ആത്മാവിനേയും ശരീരത്തേയും സമന്വയിപ്പിക്കുന്ന സമൂഹം സൃഷ്ടിക്കുന്നു. സന്തോഷം, സ്നേഹം തുടങ്ങിയ സദ്വികാരങ്ങൾ ഉണർത്തും. ഉറപ്പുള്ള കുടുംബസമൂഹം ബൃഹത്തായ സമൂഹത്തിന്റെ അടിസ്ഥാനമായിത്തീരും. പ്രസിദ്ധ സന്മാർഗ്ഗശാസ്ത്രജ്ഞനായ ഹെൻറി പെഷ്കെ പറയുന്നു: 'വൈവാഹികസ്നേഹത്തിന്റേയും മൈത്രിയുടേയും പ്രദർശനം ലൈംഗിക പ്രവർത്തനത്തെ മതിയായി ന്യായീകരിക്കുന്നുണ്ട്. പ്രായംകൊണ്ടോ ആരോഗ്യപരമായ കാരണങ്ങൾകൊണ്ടോ പ്രജനനക്ഷമരല്ലാത്തവർ തമ്മിലുള്ള വിവാഹം സഭ എന്നും അനുവദിച്ചിരുന്നു. എന്നാൽ മതിയായ സാഹചര്യങ്ങളില്ലപ്പോൾ സ്നേഹസംയോഗത്തിന്റെ അത്യന്തികലക്ഷ്യമായ കുട്ടിയെ തീർത്തും ഒഴിവാക്കരുതു്.' (20)

ജഡമോഹത്തെ നിയന്ത്രിക്കുന്ന ഒരു ഉപാധിയുമാണു് വിവാഹം. ഭോഗേച്ഛയിൽ എരിയുന്നവർ വിവാഹം ചെയ്യാൻ വി. പൗലോസു് ഉപദേശിക്കുന്നു. ചുരുക്കത്തിൽ, ദൈവം മനുഷ്യനു് ലൈംഗികത നല്കുകയും ദാമ്പത്യബന്ധം സ്ഥാപി

19 സഭ ആധുനികലോകത്തിൽ 50

20 Henri Pescke, Christian Ethics II (Alcester and Dublin 1978) 380-81

malankaralibrary.com

ക്കുകയും ചെയ്തപ്പോഴും, അവയെ ബഹുമുഖമായ ഉദ്ദേശ്യങ്ങളോടും ഉപകാരങ്ങളോടുംകൂടി ധന്യമാക്കി. ''മനുഷ്യവംശത്തിന്റെ നിലനില്പു്, ഓരോരുത്തരുടേയും വൈയക്തികവികാസം, നിത്യജീവൻ, കുടുംബത്തിന്റേയും സമൂഹത്തിന്റേയും മാഹാത്മ്യം, കെട്ടുറപ്പു്, ശാന്തി, ക്ഷേമം ഇവയെല്ലാം ലൈംഗികതയോടും ലൈംഗികബന്ധങ്ങളോടും ബന്ധപ്പെട്ടാണു് കിടക്കുന്നതു്.'' (21)

ലൈംഗിക പ്രവർത്തനങ്ങൾ ഒരു വ്യക്തിയേയും അവന്റെ പെരുമാറ്റത്തേയും സമൂഹത്തിലെ മറ്റൊരു വ്യക്തിയോടും അയാളുടെ പെരുമാറ്റത്തോടും ബന്ധപ്പെട്ടുത്തുന്നു. അതിനാൽ, അതു് സാമൂഹ്യജീവിതത്തെ അവശ്യം ബാധിക്കുന്നുണ്ടു്. വരുംതലമുറയുടെ ജീവൻ നല്കുന്നതു് ഈ തലമുറയിലെ ലൈംഗിക പ്രവർത്തനങ്ങളാണല്ലോ. ആധ്യാത്മികവും ശാരീരികവുമായി ആരോഗ്യമുള്ള ഒരു തലമുറയെസൃഷ്ടിക്കുന്നതിലാണു് ഏതൊരു സമൂഹത്തിന്റേയും നിലനില്പും പുരോഗതിയും. മനുഷ്യനിലെ ലൈംഗികപ്രവണത നിയന്ത്രണം വിട്ടുപോകാൻ എളുപ്പമുണ്ടു്. സ്നേഹത്തിൽ നിന്നും, ലക്ഷ്യത്തിൽനിന്നും ഒറ്റപ്പെടുത്തിയ ലൈംഗികത ബീഭത്സമായ തിന്മകളിലേക്കു നീങ്ങുന്നു. അതുകൊണ്ടു് ലൈംഗികപെരുമാറ്റത്തെ ക്രമപ്പെടുത്തുന്ന നിയമങ്ങൾ നടപ്പിലാക്കാൻ സമൂഹത്തിനു് അവകാശവും ചുമതലയുമുണ്ടു്. അതുവഴി സമൂഹം ഭാവിയെ സുസ്ഥിരമാക്കുന്നു.

ഉൽകൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമാണു് കുടുംബം. അതിനാൽ ദമ്പതികൾ ശാരീരികമായി മാത്രമല്ല, വികാരങ്ങളിലും ചിന്തയിലും ആദ്ധ്യാത്മികവ്യാപാരങ്ങളിലും പരസ്പരപൂരകമാകണം. അവധാനപൂർവകമായ സഹകരണത്തോടെ അവർ മക്കൾക്കു് ശിക്ഷണം നല്കണം. പിതാവിന്റെ ക്രിയാത്മകമായ സാന്നിദ്ധ്യവും അമ്മയുടെ സ്നേഹമസൃണമായ പരിചരണവും അപരിത്യാജ്യമാണു്. അങ്ങനെ, വിവിധതലമുറകൾ ഒന്നിച്ചൊഴുകുമ്പോൾ അതു് എല്ലാ തലത്തിലും വൈയക്തികവളർച്ചയ്ക്കു സഹായകമാകും. വ്യക്തിയുടെ അവകാശങ്ങളും സമൂഹത്തിന്റെ ആവശ്യങ്ങളും പൊരുത്തപ്പെടണം,

---

21 സഭ ആധുനിക ലോകത്തിൽ, 48

malankaralibrary.com

അങ്ങനെയുള്ള കുടുംബങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനമാകണം. അതിനാൽ എല്ലാ സമുദായോദ്ധാരകരും മനുഷ്യസ്നേഹികളും ലൈംഗികതയുടെ പരിശുദ്ധിയും വിവാഹത്തിന്റെ അവിഭാജ്യതയും കാത്തുസൂക്ഷിക്കാൻ ചുമതലപ്പെട്ടവരാണ്.

ക്രൈസ്തവവിവാഹം ഒരു കൂദാശയായതുകൊണ്ട് അതിന്റെ വിശുദ്ധിയും ഭദ്രതയും ക്രമവും കാത്തുപരിപാലിക്കാനുള്ള അവകാശവും ചുമതലയും തിരുസ്സഭയുടേതാണ്. കാരണം, ക്രിസ്തുനാഥൻ തിരുസ്സഭയെ ആണല്ലോ കൂദാശകളുടെ സംരക്ഷണം ഏല്പിച്ചിരിക്കുന്നതു്. അതുകൊണ്ടാണ് വിവാഹത്തെ ക്രമീകരിക്കുന്നതിനു നിയമങ്ങൾ നല്കുന്നതും രാജ്യനിയമപ്രകാരംമാത്രം ഒപ്പുവെച്ച വിവാഹമോ അനുവദിച്ച വിവാഹമോചനമോ തിരുസ്സഭ അംഗീകരിക്കാത്തതും.

വിവാഹം ഒരു ബലി

ബലിയർപ്പിക്കുന്ന വൈദികൻ അപ്പവും വീഞ്ഞും ക്രിസ്തുവിലൂടെ നിത്യപിതാവിനു് കാഴ്ചവയ്ക്കുന്നു. ക്രിസ്തുനാഥൻ ആ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളോടു് സമന്വയിപ്പിച്ചു്, തന്റെ ശരീരരക്തങ്ങളാക്കി പരിവർത്തനം ചെയ്യുന്നു. ഏതാണ്ടു് ഇതുപോലെതന്നെ ക്രൈസ്തവദമ്പതികളും തങ്ങളുടെ ദാമ്പത്യബന്ധത്തെ ക്രിസ്തുവിലൂടെ നിത്യപിതാവിനു സമർപ്പിക്കുന്നു. ക്രിസ്തുവാകട്ടെ ഈ മാനുഷികബന്ധത്തെ തനിക്കു് സഭയോടുള്ള രക്ഷാകരവും ജീവസാന്ദ്രവുമായ ബന്ധവുമായി സംയോജിപ്പിക്കുന്നു. അങ്ങനെ, ക്രിസ്തുവിന്റെ രക്ഷാകരജീവിതരഹസ്യത്തിന്റെ ഭാഗമായിത്തീർന്ന ആ മാനുഷിക ബന്ധത്തെ സ്വന്തം ജീവിതത്തിൽ അനുഭവിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ക്രിസ്തുനാഥൻ ആ ദമ്പതികളെത്തന്നെ ഭരമേല്പിക്കുന്നു. അപ്പോൾമുതൽ ക്രിസ്തുവിനു് സഭയോടുള്ള അത്യഗാധവും രക്ഷാകരവും വരപ്രസാദദായകവുമായ ബന്ധമാണു് ക്രൈസ്തവദമ്പതികളും തങ്ങളുടെ ദാമ്പത്യത്തിലൂടെ അനുഭവിക്കുന്നതും ജീവിക്കുന്നതും. അവിടെ തിരുസ്സഭയുടെ ഒരു പുതിയ നാമ്പു് പൊട്ടിവിടരുകയാണു്. അതിനാൽ എവിടെ അവർ ഒരുമിച്ചുവരുന്നുവോ, അവിടെ യേശുവും സന്നിഹിതനാണു്. ക്രൈസ്തവവിവാഹത്തിൽ രണ്ടല്ല, മൂന്നു വ്യക്തികളാണുള്ളതു്—യേശുവും ദമ്പതികളും. ക്രി

malankaralibrary.com

സ്നേഹത്തിന്റെ സർഗ്ഗാത്മകസ്നേഹത്തിലും ആത്മസമർപ്പണത്തിലും ദമ്പതികൾ അവഗാഢം പങ്കുചേർന്നൊരുമിക്കുമ്പോൾ, ഇരുവരും യേശുവിന്റെ മരണംവരെ എത്തിനില്ക്കുന്ന സ്നേഹത്തിൽ പങ്കുചേർന്ന് ദൈവത്തിന്റെ ഛായയിൽ മറ്റൊരു വ്യക്തിക്കു രൂപം നല്കാൻ തങ്ങളെത്തന്നെ സമർപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇതു് വ്യക്തമാക്കുന്നുണ്ടു്. 'ദൈവികസ്നേഹത്തിന്റെ ഭ്രൂണാവസ്ഥയിൽനിന്നു് ഉത്ഭവിക്കുന്നതും തിരുസ്സഭയുമായുള്ള ക്രിസ്തുനാഥന്റെ ഐക്യത്തിന്റെ മാതൃകയിൽ സംവിധാനം ചെയ്തിരിക്കുന്നതുമായ ഈ ബഹുമുഖസ്നേഹത്തെ അവിടുന്നു് സമൃദ്ധമായി അനുഗ്രഹിച്ചിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഒരിക്കൽ ദൈവം സ്നേഹത്തിന്റേയും വിശ്വസ്തതയുടേയും ഉടമ്പടിയിലൂടെ തന്റെ ജനങ്ങൾക്കു് സന്നിഹിതനായതുപോലെ, ഇപ്പോൾ മനുഷ്യരക്ഷകനും തിരുസ്സഭയുടെ മണവാളനുമായ ക്രിസ്തു വിവാഹമെന്ന കൂദാശവഴി ക്രൈസ്തവദമ്പതികളുടെ ജീവിതത്തിലേക്കും കടന്നുവരുന്നു. അവിടുന്നു തിരുസ്സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ, ഭാര്യാഭർത്താക്കന്മാർ പരസ്പരസമർപ്പണം വഴി നിത്യമായ വിശ്വസ്തതയോടുകൂടി അന്യോന്യം സ്നേഹിക്കുവാൻ ഇടയാകാനായി അവിടുന്നു് അവരോടുകൂടെ വസിക്കുന്നു.'' (22) അതിനാൽ, അവരുടെ പരസ്പരസ്നേഹത്തിന്റേയും സമർപ്പണത്തിന്റേയും എല്ലാ വ്യാഖ്യാനവും അനുഭവവും പ്രദർശനവും പിതൃസന്നിധിയിലേക്കുള്ള അവരുടെ തീർത്ഥാടനത്തെ സഹായിക്കുന്നു.

ഒരു കൂദാശമാത്രമല്ല, ക്രൈസ്തവദാമ്പത്യം. കൂദാശകളുടെ കൂട്ടായ്മയാണു് ക്രൈസ്തവജീവിതം. ദാമ്പത്യം ഒരു കൂദാശയാക്കി മാറ്റുന്നതിൽ ഇതരകൂദാശകൾക്കും കാര്യമായ പങ്കുണ്ടു്. അനുരഞ്ജനം, ദിവ്യബലി, വി. കുർബാനസ്വീകരണം എന്നിവയ്ക്കു് ക്രൈസ്തവദാമ്പത്യത്തിൽ അഭേദ്യമായ സ്ഥാനമാണുള്ളതു്. അപ്പോൾ ദാമ്പത്യം സുഗമമായ സ്വർഗ്ഗീയപാതയായിത്തീരുന്നു ദമ്പതികൾക്കു്.

○

(22) സഭ ആധുനികലോകത്തിൽ, 48.

malankaralibrary.com

3

ദാമ്പത്യസമർപ്പണവും വിശ്വസ്തതയും

പാശ്ചാത്യരാജ്യങ്ങളിൽ വിവാഹമോചനങ്ങൾ ആശങ്കാജനകമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹമോചനം നേടുന്നവർ പുനർവ്വിവാഹം ചെയ്യുന്നുണ്ടെങ്കിലും ആ ബന്ധവും അധികനാൾ നീണ്ടുനിലനിൽക്കാറില്ല. ഇങ്ങനെ ഒരു ദൂഷിതവലയത്തിൽപ്പെട്ട് സന്തോഷവും സമാധാനവും പ്രത്യാശയും നശിച്ചവരായിക്കഴിയുന്ന ധാരാളം വിവാഹിതരെ ഇന്ന് അവിടങ്ങളിൽക്കാണാം. വ്യക്തിപരമായി സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സ്ഥായിയായ സ്നേഹബന്ധത്തിൽ നിലനിലനിൽക്കാനുമുള്ള മനുഷ്യന്റെ അദമ്യമായ അഭിലാഷം ഫലമണിയാതെ വരുമ്പോൾ ജീവിതംതന്നെ അർത്ഥശൂന്യമായിത്തീരുന്നു. ഈ അർത്ഥശൂന്യതയിൽ നിന്നു രക്ഷപ്പെടുവാൻ മദ്യത്തെയോ മയക്കുമരുന്നിനെയോ ആത്മഹത്യയെയോ അഭയം പ്രാപിക്കുന്നവർ നിരവധിയാണ്. പരിപാവനമായ ദാമ്പത്യജീവിതം ആവശ്യപ്പെടുന്ന സമർപ്പണത്തിനു സന്നദ്ധതയില്ലാതെ, ധാർമ്മികമൂല്യങ്ങളെ അവഗണിച്ചുകൊണ്ടു സ്വാർത്ഥപരമായ ജീവിതം നയിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സം

malankaralibrary.com

ഭവിക്കുന്നതെന്നു്, കുടുംബത്തകർച്ചയുടെ കാരണങ്ങളിലേക്കു വിരൽചൂണ്ടിക്കൊണ്ടു പരിശുദ്ധ പിതാവു് ജോൺപോൾ രണ്ടാമൻ വ്യക്തമാക്കിയിട്ടുണ്ടു്. (Familiaris Consortio n. 6–8)

തകർച്ചയുടെ വേരുകൾ

വിവാഹബന്ധം തകരുന്നതിനുള്ള പല കാരണങ്ങളുണ്ടു്. ആധുനിക ജീവിതത്തിന്റെ ഗതിവേഗമാണു് അതിൽ പ്രമുഖമായ ഒന്നു്. വിദ്യാഭ്യാസത്തിനും ജോലിക്കും താമസസൗകര്യത്തിനുമായി വ്യക്തികൾക്കു പലപ്പോഴും വാസസ്ഥലം മാറേണ്ടിവരുന്നു. പരസ്പരം അടുത്തറിയുന്ന വ്യക്തികളുടെ ഒരു കൂട്ടായ്മയായ ഗ്രാമീണജീവിതം പരസ്പരം അപരിചിതരായ ആളുകളുടെ കൂട്ടമായ നാഗരികജീവിതത്തിനു വഴിമാറുന്നു. ബാഹ്യമായ ഈ മാറ്റങ്ങളും വ്യക്തിയുടെ മൂല്യസംഹിതയേയും ജീവിതവീക്ഷണത്തേയും ബാധിക്കുന്നുണ്ടു്. ക്രമേണ, ഒരു സ്ഥലത്തും വ്യക്തിയിലും തങ്ങളെത്തന്നെ ബന്ധിച്ചു നിർത്തുന്നതിനു് പലർക്കും താത്പര്യമില്ലാതായിത്തീരുന്നു. ഇത്തരം ചിന്താഗതിയുള്ളവർക്കു് ദാമ്പത്യവിശ്വസ്തത ഒരു ഭാരമായി അനുഭവപ്പെട്ടേക്കാം.

അവിശ്വസ്തത ജീവിതശൈലിയായി മാറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണു് നാമിന്നു ജീവിക്കുന്നതു്. വിശ്വസ്തത പുലർത്തിയാൽ ജീവിതം പരാജയപ്പെട്ടമെന്ന ചിന്താഗതി വളർന്നുവരുന്ന ഒരു സാഹചര്യത്തിൽ ജീവിതം മുഴുവൻ ദൈവത്തോടും ഒരു വ്യക്തിയോടും വിശ്വസ്തത പുലർത്തുക എന്നതു് സാഹസികമായിത്തോന്നാം. എന്നാൽ മനുഷ്യോചിതവും സ്നേഹപൂർണ്ണവുമായ ദാമ്പത്യജീവിതത്തിനു് വിശ്വസ്തത കൂടിയേ തീരൂ. ധാരാളം വിവാഹമോചനങ്ങളും പുനർവ്വിവാഹങ്ങളും നടക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു സന്തോഷവും സമാധാനവും നിറഞ്ഞ കുടുംബജീവിതം നയിക്കുന്നവരെല്ലാംതന്നെ ഒരു വിവാഹം മാത്രം കഴിച്ചു് വിശ്വസ്തമായ കുടുംബജീവിതം നയിക്കുന്നവരാണു്. നിലനില്ക്കുന്ന ദാമ്പത്യസമർപ്പണവും അതു് ആവശ്യപ്പെടുന്ന വിശ്വസ്തതയുമാണു് ഇന്നത്തെ കുടുംബത്തകർച്ചയ്ക്കു ശാശ്വതമായ പരിഹാരമെന്നു് പാശ്ചാത്യ ജനതയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

malankaralibrary.com

'മോചനം' മോചനമല്ല

സമൂഹത്തിലെ മാറ്റങ്ങളും പാശ്ചാത്യജീവിതശൈലിയുടെ സ്വാധീനവും നമ്മുടെ നാട്ടിലും കുടുംബബന്ധങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. വിവാഹമോചനങ്ങൾക്ക് സമൂഹം കല്പിച്ചിരുന്ന വിലക്ക് ഇന്ന് മുമ്പത്തെപ്പോലെ പ്രബലമല്ല. കുടുംബവും സമൂഹവും തമ്മിലുള്ള അടുപ്പവും സമൂഹത്തിനു കുടുംബത്തിന്മേലുണ്ടായിരുന്ന സ്വാധീനവും ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിവാഹമോചനങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിലും അസാധാരണസംഭവങ്ങളല്ല. ശിഥിലമായ കുടുംബങ്ങളുടെയും അസംതൃപ്തമായ ദാമ്പത്യങ്ങളുടെയും എണ്ണം വർദ്ധിച്ചുവരുന്നു. വിവാഹബന്ധത്തിന്റെ പവിത്രതയും അതു് ആവശ്യപ്പെടുന്ന വിശ്വസ്തതയും അംഗീകരിക്കാത്ത ഒരു സമൂഹത്തിൽ സന്തോഷവും സമാധാനവും നിറഞ്ഞ ദാമ്പത്യജീവിതം സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യമാണ് ഇവയിലൂടെ വ്യക്തമാകുന്നതു്.

ദൈവം ബന്ധിച്ചതു്

ആദിമപുരുഷനു് ഇണയും തുണയുമായി സ്ത്രീയെ നൽകിക്കൊണ്ടു ദൈവമാണു വിവാഹബന്ധത്തിനു് അടിത്തറയിട്ടതു്. ഇതു് അനുസ്മരിപ്പിച്ചുകൊണ്ടു യേശു പറഞ്ഞു: ''ദൈവംയോജിപ്പിച്ചതു് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ'' (മത്താ. 19:6). പഴയനിയമത്തിൽ ദൈവത്തിനു് മനുഷ്യനോടുള്ള വിശ്വസ്തമായ സ്നേഹം വെളിപ്പെടുത്തുന്നതിനു് വിവാഹബന്ധത്തിന്റെ പ്രതീകമാണു് ഉപയോഗിച്ചിട്ടുള്ളതു്. ഹോസിയാ പ്രവാചകന്റെ ഗ്രന്ഥത്തിൽ ഇതു് വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വി. പൗലോസു് ഭാര്യാഭർത്തൃബന്ധത്തോടു് ഉപമിച്ചിരിക്കുന്നു. (എഫേ. 5:22_33) ക്രിസ്തു തന്റെ സഭയെ 'കറയോ കുറവോ ഇല്ലാത്ത' ഒരു മണവാട്ടിയാക്കിത്തീർക്കുന്നതിനു സ്വയം ജീവാർപ്പണം ചെയ്തതുപോലെ ഭാര്യാഭർത്താക്കന്മാർ ഒരു ആത്മബലിക്കു തയ്യാറായിവേണം ദാമ്പത്യജീവിതമാരംഭിക്കാൻ എന്നു് അപ്പസ്തോലൻ തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നു.

malankaralibrary.com

മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും, ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹ ഉടമ്പടിയിൽ പങ്കുചേരുന്നു. അതുകൊണ്ടാണ് ക്രൈസ്തവയുവതീയുവാക്കന്മാരുടെ വിവാഹം നിത്യമായ ഒരു ക്ഷണമായി മാറുന്നത്. ക്രൈസ്തവദമ്പതികളുടെ ഐക്യവും യോഗവും ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകവും പ്രകടനവുമാണ്. വിവാഹത്തിനുമുമ്പ് 'ഞാനും' 'നീ'യും ആയിരുന്നവർ വിവാഹത്തോടെ 'നമ്മൾ' ആയിത്തീരുന്നു. അതു ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും ദൈവത്തോടു ചേർന്നും ഉള്ള ഒരു ബന്ധമാണ്. അജ്ഞാതമായ ഭാവിയാണു മുന്നിലുള്ളതെങ്കിലും അവരെ പരസ്പരം ഒരുമിച്ചുചേർത്ത ദൈവത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ടുള്ള ജീവിതമാണതു്. ദാമ്പത്യജീവിതമാകുന്ന ദൈവവിളിയുടെ സവിശേഷതയും മഹനീയതയും ഇവിടെ സ്പഷ്ടമാകുന്നു. ദൈവത്തോടും ജീവിതപങ്കാളിയോടുമുള്ള വാഗ്ദാനത്തിന്റെ ഒരു ജീവിതമാണതു്. താൽകാലികമായ സ്വഭാവ മാറ്റങ്ങൾക്കപ്പുറം എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും 'ഞങ്ങൾ ഒന്നാണു്' എന്ന ചിന്ത ദമ്പതികൾക്കു ശക്തി പകർന്നു് അവരെ മുന്നോട്ടു നയിക്കുന്നു. ഇതു് ദൈവത്തിന്റെ തന്നെ വിശ്വസ്തതയിലുള്ള പങ്കുചേരലാണു്. വിവാഹമെന്ന ക്ഷണം നല്കുന്ന പ്രസാദവരം ദാമ്പത്യവിശ്വസ്തതയിൽ നിലനില്ക്കാൻ ദമ്പതികൾക്കു പ്രചോദനം നല്കുന്നു. ദാമ്പത്യവിശ്വസ്തത ഒരു ബന്ധനമോ അടിമത്തമോ അല്ല; സ്നേഹത്തിലധിഷ്ഠിതമായ ആത്മസമർപ്പണമാണതു്. കുടുംബത്തിന്റെ സമാധാനവും കെട്ടുറപ്പും ദാമ്പത്യവിശ്വസ്തതയിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.

ജീവിതകാലം മുഴുവൻ സന്തോഷവും ദുഃഖവുമെല്ലാം പരസ്പരം പങ്കുവച്ചുകൊണ്ടു് ഏകമനസ്സായി ജീവിച്ചുകൊള്ളാമെന്ന ഒരു പ്രതിജ്ഞയാണതു്. ഇതു് ആന്തരികമോ ബാഹ്യമോ ആയ മാറ്റങ്ങളുടെ പേരിൽ തള്ളിക്കളയാവുന്ന ഒന്നല്ല. അതിനാൽ വിവാഹത്തിലൂടെ പരസ്പരസമർപ്പണം നടത്തുന്ന ദമ്പതികൾ കുടുംബജീവിതം പ്രദാനം ചെയ്യുന്ന സന്തോഷത്തോടൊപ്പം ത്യാഗങ്ങൾകൂടി നിറഞ്ഞ ഒരു ജീവിതപാതയാണു് തെരഞ്ഞെടുക്കുന്നതു്. ക്രിസ്തു പീഡാസഹനത്തിലും സഭയെ

malankaralibrary.com

കൈവെടിയാതെ സ്നേഹിച്ചതുപോലെ, ക്ലേശങ്ങളിലും പ്രതിസന്ധികളിലും ദമ്പതികൾ അവരുടെ വിശ്വസ്തത കാത്തു സൂക്ഷിക്കണമെന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു (Gs. n. 48).

വിവാഹമെന്ന വിളി

ദാമ്പത്യവിശ്വസ്തത എന്നതു് ഒരു ദൈവവിളിയും കല്പനയും കൂടിയാണെന്നു് മാർപ്പാപ്പാ അനുസ്മരിപ്പിക്കുന്നുണ്ടു് (Familiaris Consortio, n. 20). തന്മൂലം വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു് ഉപേക്ഷിക്കാവുന്ന ഒന്നല്ല അതു്. ജീവിതപങ്കാളിയായി തെരഞ്ഞെടുക്കുന്ന വ്യക്തിയെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്താൻ വിവാഹത്തിനു മുമ്പു് അവസരമുണ്ടു്. വിവാഹത്തിനുശേഷം താരതമ്യപഠനം നടത്തുന്നതും കുറങ്ങളെയും കുറവുകളെയും സംബന്ധിച്ചു് ആകുലപ്പെടുന്നതും ശരിയല്ല. ജീവിതസഖിയെ ആ വ്യക്തി ആയിരിക്കുന്ന വിധത്തിൽ പൂർണ്ണമായി സ്വീകരിച്ചുകൊണ്ടു് ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയം അർപ്പിച്ചു ജീവിക്കുകയാണു വേണ്ടതു്. ദാമ്പത്യസംയോഗം സ്നേഹത്താൽ പ്രേരിതമായ ആത്മദാനത്തിന്റെ പ്രകടനമായിരിക്കണം. എങ്കിൽ മാത്രമേ, ദാമ്പത്യബന്ധം കൂടുതൽ ഉറപ്പിക്കപ്പെടുന്നതിനും ദാമ്പത്യസമർപ്പണത്തിൽ വളരുന്നതിനും അതു് സഹായിക്കൂ.

പലപ്പോഴും സ്വാർത്ഥതയാണു് ദാമ്പത്യവിശ്വസ്തതയ്ക്കു തുരങ്കം വയ്ക്കുന്നതു്. ദമ്പതികളുടെ മാനസികവും ശാരീരികവും ആത്മീയവുമായ ഐക്യം സുദൃഢമല്ലെങ്കിൽ പ്രതികൂല സാഹചര്യങ്ങളും അവരെ തളർത്താനും ഭിന്നിപ്പിക്കാനും ഇടയുണ്ടു്. കുടുംബജീവിതത്തിലെ എല്ലാ പ്രശ്നങ്ങളുംകൂടി പരിഹാരം കാണാനായില്ലെങ്കിലും അവയെ സമചിത്തതയോടെ നേരിടുന്നതിനു ദമ്പതികളുടെ ഐക്യം അനിവാര്യമാണു്. കൃത്രിമ ജനനനിയന്ത്രണോപാധികളുടെ ഉപയോഗം ദാമ്പത്യവിശ്വസ്തതയെ പ്രതികൂലമായി ബാധിക്കുന്നു. വന്ധ്യംകരണശസ്ത്രക്രിയ നടത്തിയ ഭർത്താവിനെ ഭാര്യയും, ഭാര്യയെ ഭർത്താവും സംശയിക്കുക നിമിത്തം തകർന്നിട്ടുള്ള ദാമ്പത്യബന്ധങ്ങളും വളരെയാണു്. യഥാർത്ഥ സ്നേഹമുള്ള ദമ്പതികളും പരസ്പരം ബഹുമാനിക്കുകയും സ്വാതന്ത്ര്യം അംഗീകരിക്കുകയും ചെ

malankaralibrary.com

യുന്നു. ദാമ്പത്യവിശ്വസ്തത ദമ്പതികളുടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പ്രകടമാകണം. ഇങ്ങനെ വിശ്വസ്തരായ ദമ്പതികൾക്കു് വിവാഹബാഹ്യമായ ശാരീരിക ബന്ധങ്ങളെപ്പറ്റി ചിന്തിക്കാനാവില്ല. സൗന്ദര്യവും ആരോഗ്യവും ചോർന്നുപോകുമ്പോഴും, വിശ്വസ്തരായ ദമ്പതികളുടെ സ്നേഹം അന്യൂനം വളർന്നുകൊണ്ടിരിക്കും.

വിവാഹം ഒരു 'വരം'

ചുരുക്കത്തിൽ, മനുഷ്യമഹത്ത്വത്തെ അംഗീകരിക്കുന്ന, സ്നേഹത്തിലധിഷ്ഠിതമായ ഒരു ദാമ്പത്യജീവിതത്തിന്റെ മുഖമുദ്രയാണു് വിശ്വസ്തത. വിവാഹബന്ധത്തിലേർപ്പെടുന്ന വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ഭദ്രതയ്ക്കും, കുടുംബത്തിൽ സമാധാനം നിലനില്ക്കുന്നതിനും സമൂഹത്തിൽ ലക്ഷ്യബോധമുള്ള യുവതലമുറയ്ക്കു ജന്മം നല്കുന്നതിനും ഇതു് അനിവാര്യമാണു്. ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ നേരിടുന്ന പക്വമതികളായ ദമ്പതികൾക്കേ ദാമ്പത്യവിശ്വസ്തത പുലർത്താനാവൂ. അതുകൊണ്ടുതന്നെയാണു് ദാമ്പത്യജീവിതം ഒരു ദൈവവിളിയാണെന്നും അതിനുള്ള 'വരം ലഭിക്കുന്നവർക്കേ' അതു് സാധിക്കുകയുള്ളുവെന്നും യേശു വ്യക്തമാക്കിയിട്ടുള്ളതു്. സന്തോഷത്തിലും ദുഃഖത്തിലും ഒന്നുചേർന്നു് മരണംവരെ വിശ്വസ്തരായി ജീവിക്കാനും, ക്രിസ്തുവിനോടൊപ്പം കുരിശു ചുമക്കാനും തയ്യാറുള്ള ദമ്പതികൾ ഇന്നു സമൂഹത്തിനു് ഏറെ ആവശ്യമാണു്. ഇങ്ങനെ സമ്പൂർണ്ണമായ പരസ്പരസമർപ്പണവും അതു് ആവശ്യപ്പെടുന്ന വിശ്വസ്തതയും പുലർത്തിക്കൊണ്ടു് ജീവിതം അർത്ഥപൂർണ്ണമാണെന്നും സ്ഥായിയായ ദാമ്പത്യബന്ധം നിലനിർത്താനാകുമെന്നും ജീവിതത്തിലൂടെ പ്രകടമാക്കുന്ന ധാരാളം ദമ്പതികൾ ഇന്നും ഉണ്ടെന്നുള്ളതു് സന്തോഷകരമാണു്. ○

malankaralibrary.com

4

കുടുംബം: സഭയുടെ പ്രബോധനങ്ങളിൽ

മനുഷ്യനു് നന്മയും ഐശ്വര്യവും പുരോഗതിയും സമൂഹ ഭദ്രതയും ഉറപ്പുവരുത്തുന്നതിനുള്ള അടങ്ങാത്ത ആകാംക്ഷ ആധുനികസഭാപ്രബോധനങ്ങളിൽ നിഴലിക്കുന്നുണ്ടു്. കെട്ടുറപ്പുള്ള സമൂഹത്തിന്റെ രൂപവത്കരണം അടിസ്ഥാനഘടകമായ കുടുംബങ്ങളെ ആശ്രയിച്ചുനില്ക്കുന്നു എന്ന അവബോധം സഭയ്ക്കു് ആദ്യം മുതലേ ഉണ്ടായിരുന്നു. നവോത്ഥാനവും വ്യവസായവിപ്ലവവും ശാസ്ത്രസാങ്കേതികവിദ്യകളും സാദ്ധ്യമാക്കിയ വികസനങ്ങളുടെ തണലിൽ കുടുംബബന്ധങ്ങളുടെ ശിഥിലീകരണപ്രവണത വർദ്ധിച്ചപ്പോഴും സഭ വിവാഹബന്ധത്തിന്റെ പവിത്രതയും ശാശ്വതസ്വഭാവവും വ്യക്തമാക്കുന്നതിനു ശ്രമിച്ചു. കഴിഞ്ഞ കാലത്തു് സഭ നിയമത്തിന്റെ മറവിൽ കാർക്കശ്യത്തോടെ ധാർമ്മികവിലക്കുകളും പ്രഖ്യാപിച്ചിരുന്നുവെങ്കിൽ ഇന്നു് മനുഷ്യാനുഭവങ്ങളും ജീവിതയാഥാർത്ഥ്യങ്ങളും പ്രാധാന്യം കൊടുക്കുകയും അവയുടെ വെളിച്ചത്തിൽ വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദൈവശാസ്ത്രം വളരുന്നതിനു്

malankaralibrary.com

വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു. സഭാപ്രബോധനങ്ങളിൽ തെളിഞ്ഞുവരുന്ന കുടുംബദർശനം ക്രൈസ്തവശുപവത്കരണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

നൂറ്റാണ്ടുകളിലൂടെ രൂപംകൊണ്ട കുടുംബദർശനം

ഇന്നു കുടുംബത്തിനു ഒരു ക്രൈസ്തവനിർവ്വചനം സാധ്യമാണെങ്കിലും യഥാർത്ഥമായ കുടുംബവീക്ഷണം വളർന്നുവന്നതു ദീർഘവും സാവധാനവുമായ ഒരു പ്രക്രിയയുടെ ഫലമായിട്ടാണു. കുടുംബം ഒരു സ്വാഭാവികസ്ഥാപനമാണല്ലോ. അതിന്റെ ഘടനയും സ്വഭാവവും വെളിപ്പെടുത്തുന്ന സിദ്ധാന്തങ്ങളും രൂപവൽകൃതമാകുന്നതിനുമുമ്പുതന്നെ ക്രൈസ്തവർ കുടുംബജീവിതത്തിൽ ഏർപ്പെട്ടിരുന്നു. യഹൂദരും വിജാതീയരും സഭയിൽ പ്രവേശിച്ചപ്പോഴും അവർ പടുത്തുയർത്തിയിരുന്ന കുടുംബസംവിധാനം മാറേണ്ടിയിരുന്നില്ല. എന്നാൽ ലൈംഗികത, വിവാഹത്തിന്റെ അവിഭാജ്യത, മനുഷ്യജീവന്റെ അമൂല്യത തുടങ്ങിയവ സംബന്ധിച്ചു സഭയ്ക്കുണ്ടായിരുന്ന വീക്ഷണങ്ങളും ഈ കുടുംബവ്യവസ്ഥിതികളിൽ മാറ്റം വരുത്തി, ക്രൈസ്തവാദർശത്തിനൊത്ത കുടുംബങ്ങളായി അവ പരിണമിച്ചുകൊണ്ടിരുന്നു.

വിവാഹബന്ധത്തിന്റെ അവിഭാജ്യതയ്ക്കും, ബ്രഹ്മചര്യത്തിനും സഭ നൽകിയ പ്രാധാന്യം വിജാതീയരുടെ ശക്തമായ എതിർപ്പിനു കാരണമായി. എന്നാൽ അത്തരം എതിർപ്പുകളും ക്രൈസ്തവർക്കു ഗുണമായിഭവിച്ചു. വിവാഹത്തിന്റെ സാമൂഹ്യോത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ചിന്തകളും ഉണരുകയും അങ്ങനെ കുടുംബത്തിന്റെ ദൈവശാസ്ത്രം രൂപപ്പെട്ടുവരികയും ചെയ്തു.

നിലവിലിരുന്ന കുടുംബവ്യവസ്ഥകളിൽനിന്നു ഇതിനു കാര്യമായ വ്യത്യാസമുണ്ടായിരുന്നില്ല. വ്യക്തിയെയും സാമൂഹികമായ ആവശ്യങ്ങളെയും മാനിച്ചുകൊണ്ടുള്ളതായിരുന്നു എല്ലാവരുടേയും വീക്ഷണം. ഇതിന്റെ പ്രായോഗികപ്രത്യാഘാതങ്ങളിലേക്കു വെളിച്ചം വീശി എന്നതാണു ക്രിസ്തുമതത്തിന്റെ സംഭാവന.

malankaralibrary.com

യവനലോകത്തു രംഗപ്രവേശം ചെയ്ത ക്രിസ്തുമതം കുടുംബത്തിന്റെ അവ്യവസ്ഥിതികണ്ടു് അത്ഭുതപ്പെട്ടു. ക്രിസ്തീയചിന്തകർ ഇതിനോടു പ്രതികരിച്ചുകൊണ്ടു് ബ്രഹ്മചര്യം, സമർപ്പിതകന്യാത്വം, പവിത്രമായ വിവാഹബന്ധം, മനുഷ്യജീവൻ എന്നിവയുടെ പ്രാധാന്യം എടുത്തുകാട്ടി. ഇതിൽ നിന്നും കുടുംബത്തിനും ആധാരമായ തത്ത്വങ്ങളും നിയമങ്ങളും രൂപംകൊണ്ടു. വിവാഹത്തെ ക്രിസ്തു ക്രമാശയായി ഉയർത്തിയെന്നും അതു് ദമ്പതികളുടെ പൂർണ്ണതാപ്രാപ്തിക്കു സഹായകമാണെന്നും ജീവിതശ്രേഷ്ഠ ലക്ഷ്യംവയ്ക്കുന്നു എന്നുമുള്ള ധാരണകളും ശക്തിപ്പെട്ടു.

ഓരോ സംസ്കാരത്തിനും അനുസൃതമായിട്ടാണു് സഭയുടെ വീക്ഷണം രൂപംകൊണ്ടിട്ടുള്ളതു്. മനുഷ്യസ്വഭാവത്തെക്കുറിച്ചു് വ്യത്യസ്തമായ ധാരണകളും വളരുന്നതനുസരിച്ചു് സഭയുടെ വീക്ഷണത്തിലും വികാസമുണ്ടാകാറുണ്ടു്. ലൈംഗികാസക്തിയെക്കുറിച്ചും വിവാഹത്തെക്കുറിച്ചും സെൻറ് അഗസ്റ്റിനുണ്ടായിരുന്ന വീക്ഷണങ്ങളും പിന്നീടുവന്ന ദൈവശാസ്ത്രജ്ഞന്മാർ തിരുത്തി. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വം-പിതൃത്വം, ഭ്രൂണഹത്യ, ജനനനിയന്ത്രണമാർഗ്ഗങ്ങളും തുടങ്ങിയവയെക്കുറിച്ചുള്ള സഭാപഠനങ്ങളും മാറിവരുന്ന മനുഷ്യവീക്ഷണത്തെ ആശ്രയിച്ചു് വികസിച്ചുകൊണ്ടിരിക്കുന്നു.

തകരുന്ന കുടുംബമൂല്യങ്ങൾ

മദ്ധ്യകാലഘട്ടത്തിലെ കുടുംബം യഹൂദ-ക്രൈസ്തവ സ്വാധീനങ്ങളുടെ സമ്മിളിതരൂപമായിരുന്നു. കത്തോലിക്കാ ദൈവശാസ്ത്രവും കാനൻനിയമങ്ങളും അതിനെ നവീകരിക്കാൻ ശ്രമിച്ചു. നവോത്ഥാനചിന്തകർ സഭയുടെ നിയമങ്ങളെ വിമർശിച്ചിരുന്നുവെങ്കിലും സഭാസിദ്ധാന്തം നിരാകരിക്കപ്പെട്ടതു് മതനവീകരണത്തിലായിരുന്നു. വിവാഹത്തിന്റെ കൗദാശികസ്വഭാവം ചോദ്യംചെയ്യപ്പെടുകയും ദാമ്പത്യമുടമ്പടി രാഷ്ട്രത്തിന്റെ കരങ്ങളിൽ വന്നുപതിക്കുകയും ചെയ്തു. തത്ഫലമായി കുടുംബഭദ്രത നശിക്കുകയും വിവാഹമോചനം നിയമാനുസൃതമാകുകയും ചെയ്തു.

malankaralibrary.com

പതിനാറാംനൂറ്റാണ്ടുമുതൽ ശാസ്ത്രം, വൈദ്യം, വ്യവസായം തുടങ്ങിയവയിലുണ്ടായ പുരോഗതി തത്ത്വശാസ്ത്രത്തെയും ദൈവശാസ്ത്രത്തെയും സ്വാധീനിച്ചു. ഇവ ജീവിതനിലവാരം, അമ്മയുടെയും കുട്ടിയുടെയും ആരോഗ്യസംരക്ഷണം, സ്ത്രീമഹത്ത്വം തുടങ്ങിയവയെ സ്പർശിക്കുകയും തത്ഫലമായി കുടുംബഘടനയിലും ധർമ്മത്തിലും മാറ്റംവരികയും ചെയ്തു. പതിനെട്ട്, പത്തൊൻപതുനൂറ്റാണ്ടുകളിൽ ശിശുവിന്റെ സാമൂഹ്യവത്കരണത്തിനായി പ്രാധാന്യം. അതിനു കുടുംബത്തിന്റെ വലിപ്പം നിയന്ത്രിക്കണമെന്ന അഭിപ്രായത്തിനു മുൻതൂക്കം ലഭിച്ചു. സാമ്പത്തികസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ചെറിയ കുടുംബം എന്ന ആശയം പൊതുവായും പ്രത്യേകിച്ചു പാശ്ചാത്യലോകത്തിനും ഹരമായിത്തീർന്നു.

കുടുംബം ചെറുതാക്കുന്നതിനും അങ്ങനെ അതിന്റെ ഭദ്രത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നിർദ്ദേശിക്കപ്പെട്ട മാർഗ്ഗങ്ങളും മതത്തിനു സ്വീകാര്യമായിരുന്നില്ല. മതവിരുദ്ധർ നടത്തിയ പോരാട്ടങ്ങളിൽ കുടുംബവും ആക്രമണവിധേയമായി. മാർപ്പാപ്പാമാർ ഈ പ്രവണതയെ അപലപിക്കുകയും പല ഘട്ടങ്ങളിലായി കുടുംബത്തിന്റെ പ്രാധാന്യം അനുസ്മരിപ്പിക്കുകയും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിനായി ആഹ്വാനമുയർത്തുകയും ചെയ്തുകൊണ്ടിരുന്നു.

കുടുംബത്തിന്റെ പവിത്രത: പ്രബോധനങ്ങളുടെ വിഷയം

ആധുനികതയുടെ പേരിൽ സമൂഹത്തെയും കുടുംബത്തെയും തകർക്കുന്നതിനുള്ള പ്രവണതകൾ ശക്തിപ്പെട്ടപ്പോൾ മാർപ്പാപ്പാമാർ ജാഗ്രുകതയോടെ പ്രവർത്തിച്ചിരുന്നു. ലിയോ പതിമ്മൂന്നാമന്റെ കാലത്താണ് വിവാഹത്തെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം വിശദമാക്കുന്ന ബൃഹത്തായ ഒരു രേഖ ആദ്യമായി പുറത്തുവരുന്നതു്. ''ദൈവികവിജ്ഞാനത്തിന്റെ രഹസ്യം'' (Arcanum Divinae Sapientiae – 1880) എന്ന ഈ രേഖയിൽ വിവാഹത്തിന്റെ പവിത്രതയും ക്രിസ്തുസ്വഭാവവും സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധവുമൊക്കെ ചർച്ചചെയ്യപ്പെടുന്നു. ''വിശുദ്ധമായ വിവാഹബന്ധം (Casti Connubii– 1930), 'മനുഷ്യജീവൻ' (Humanae Vitae – 1968), 'കുടുംബം ഒരു

malankaralibrary.com

കൂട്ടായ്മ' (Familiaris Consortio – 1981) തുടങ്ങിയവയാണ്. ഈ വിഷയത്തിൽ ആധുനികയുഗത്തിൽ പ്രകാശം കണ്ട പ്രധാന രേഖകം. ഓരോ കാലഘട്ടത്തിലും പൊന്തിവന്നിട്ടുള്ള പ്രശ്നങ്ങളുടെ വെളിച്ചത്തിലാണ് അവ വിരചിതമായിരിക്കുന്നത്. പുതിയ ശൈലിയിൽ മാർപ്പാപ്പാമാർ തങ്ങളുടെ മുൻഗാമികളുടെ സിദ്ധാന്തങ്ങം പുനരവതരിപ്പിക്കുകയും അപ്പസ്തോലന്മാരുടെയും യേശുവിന്റെയും സമീപനങ്ങളോട് താദാത്മ്യപ്പെടുകയും ചെയ്യുന്നതിനാണ് ശ്രമിച്ചത്.

സമൂഹത്തിലെ തിന്മകംക്ക കാരണം പാപ്പാധികാരത്തോടുള്ള അവഗണനയാണെന്ന് ലിയോ പതിമ്മൂന്നാമൻ വിശ്വസിച്ചിരുന്നു(1). പുതിയ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ കുടുംബം അപകടത്തിലായിരിക്കുന്നു. അതിനെ സംരക്ഷിക്കണമെങ്കിൽ ആരംഭത്തിലുള്ള നിയമങ്ങം പുനഃസ്ഥാപിക്കപ്പെടുകയും ക്രമാശാസ്വഭാവം വീണ്ടെടുക്കുകയും ചെയ്യണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വിവാഹത്തിന്റെ മതാത്മകസ്വഭാവം നശിപ്പിച്ച് അതിനെ വെറുമൊരു ലൗകിക ഉടമ്പടിയായി ചിത്രീകരിക്കുന്നതിനു നടന്ന ശ്രമങ്ങളെ ചെറുക്കുന്നതിനു മാപ്പാപ്പാ ആഹ്വാനം ചെയ്തു (2). കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ക്രൈസ്തവകുടുംബത്തിനു ഭീഷണിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സ്ത്രീപുരുഷഐക്യത്തിലും, മാതാപിതാക്കളും മക്കളും തമ്മിലും തൊഴിലാളിയും മുതലാളിയും തമ്മിലുമുള്ള ബന്ധത്തിലുമാണ് സമൂഹഭദ്രത ഉറപ്പാകുന്നത്. കമ്യൂണിസ്റ്റുസിദ്ധാന്തങ്ങം ഈ അടിസ്ഥാനത്തെ ഇളക്കിമറിക്കുന്നു. കുടുംബംതന്നെ ഒരു സമൂഹമാണ്; രാഷ്ട്രത്തെക്കാം പുരാതനമായ സമൂഹം. അതിനാൽ രാഷ്ട്രത്തിൽനിന്നു സ്വതന്ത്രമായ അവകാശങ്ങളും ചുമതലകളും അതിനുണ്ട്. അതിന്റെ സംരക്ഷണത്തിനു അനിവാര്യമായിരിക്കുന്ന സ്വകാര്യസ്വത്തവകാശം ഇല്ലാതാക്കുന്നതിനെ ലിയോ മാർപ്പാപ്പാ ''റേരും നൊവാരും'' എന്ന ചാക്രിക ലേഖനത്തിൽ എതിർത്തു(3).

1. Leo XIII, *Inscrutabili*, Encyclical, 21 April 1878.
2. Leo XIII, *Arcanum Divinae Sapientiae*, 10 Feb. 1880.
3. Leo XIII, *Rerum Novarum*, 15 May 1891.

malankaralibrary.com

കമ്യൂണിസം എന്ന സിദ്ധാന്തത്തിൽ നിന്നെന്നപോലെ ചില രാഷ്ട്രങ്ങളിൽനിന്നും കുടുംബത്തിനു ഭീഷണികളും ഉണ്ടായിക്കൊണ്ടിരുന്നു. ക്ഷുദ്രാശാപരമായ വിവാഹത്തിനു് ഔദ്യോഗികതലത്തിലുണ്ടായിരുന്ന അംഗീകാരം പിൻവലിക്കുകയും സിവിലംക്കോടതിയുടെ മുമ്പിലുള്ള വിവാഹത്തിനുശേഷം മാത്രമേ കൗദാശികവിവാഹം നടത്താവൂ എന്നു നിഷ്കർഷിക്കുന്ന നിയമങ്ങളും പലരാഷ്ട്രങ്ങളും നിർമ്മിക്കുകയും ചെയ്തു. ഇതു് സഭയുടെ അച്ചടക്കത്തെ ദോഷകരമായി ബാധിക്കും എന്ന കാരണത്താൽ ലിയോ പതിമ്മൂന്നാമൻ, പത്താംപീയൂസ്, പതിനൊന്നാം പീയൂസ് തുടങ്ങിയ മാർപ്പാപ്പാമാർ സഭാവകാശത്തെ ധ്വംസിക്കുന്ന രാഷ്ട്രത്തിന്റെ ഇടപെടലുകളെ എതിർത്തു.

മിശ്രവിവാഹത്തെ സംബന്ധിച്ചും സഭ ഉറച്ച നിലപാടാണു സ്വീകരിച്ചതു്. വിവാഹമോചനം അനുവദനീയമാക്കുന്നതിനുള്ള സമ്മർദ്ദം രാഷ്ട്രങ്ങളുടെമേൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തോടെ ഫ്രീമെയ്സൺസ് വിവാഹത്തെ വെറുമൊരു രാഷ്ട്രീയ ഉടമ്പടിയായിക്കാണിക്കുന്നതിനു് തീവ്രശ്രമം നടത്തി. യഹൂദരും ക്രൈസ്തവരുംതമ്മിലുള്ള വിവാഹം അനുവദനീയമാക്കുന്നതിനു് ഹംഗറിയിൽ നിയമമുണ്ടായി. ഫ്രാൻസ്, ഇറ്റലി, ബൊളീവിയ, വെനസ്വേല തുടങ്ങി പല രാഷ്ട്രങ്ങളിലും സിവിലം വിവാഹത്തിനു മുൻഗണന നൽകപ്പെട്ടു. സഭയുടെ നിലപാടിൽ ഉറച്ചുനില്ക്കുന്നതിനു് ഇവിടെയൊക്കെയുള്ള ബിഷപ്സ് കോൺഫറൻസുകളെയും ക്രൈസ്തവരെയും അതതുകാലഘട്ടങ്ങളിലെ മാർപ്പാപ്പാമാർ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു.

മൂല്യസംസ്ഥാപനം: പതിനൊന്നാം പീയൂസിന്റെ കാൽവയ്പു്

ഒന്നാംലോകമഹായുദ്ധത്തെത്തുടർന്നു് പുതിയ പല പ്രശ്നങ്ങളും കുടുംബമേഖലയിൽ പ്രത്യക്ഷപ്പെട്ടു. ലോകത്തെ പൊതുവേ ബാധിച്ച ദാരിദ്ര്യം സമാധാനപരമായ കുടുംബജീവിതത്തിനു ഭീഷണിയായിരുന്നു. മക്കളെ സംരക്ഷിക്കുന്നതിനുള്ള ചുമതല നിറവേറ്റാൻ മാതാപിതാക്കൾ ക്ലേശിച്ചു. യുദ്ധം എല്ലാ ധാർമ്മികനിയമങ്ങളെയും തകർക്കാൻ പര്യാപ്തമായിരുന്നു. നിയന്ത്രണമില്ലാത്ത നരഹത്യ കണ്ട ജനം ജീവനു

malankaralibrary.com

വലിയ വില നൽകേണ്ടതില്ല എന്ന നിഗമനത്തിലേക്കു നീങ്ങി. കുടുംബത്തെ ചെറുതാക്കിയാൽ മാത്രമേ ജീവിതഭദ്രത ഉറപ്പുവരുത്താനാവൂ എന്ന ധാരണയിൽ ജനനനിയന്ത്രണവും ഭ്രൂണഹത്യയുമൊക്കെ പ്രോത്സാഹിപ്പിക്കപ്പെട്ടു. വിവാഹവേദിയിൽ പല പുതിയ പരീക്ഷണങ്ങളും നടന്നു. താത്കാലിക വിവാഹം, പരീക്ഷണവിവാഹം തുടങ്ങിയവ പലരും അവലംബിക്കുകയും അതിനൊക്കെ വിവാഹിതരുടെ ആനുകൂല്യങ്ങളും അവകാശപ്പെടുകയും ചെയ്തു.

ഈ സാഹചര്യത്തിൽ വിവാഹത്തിന്റെയും കുടുംബത്തിന്റെയും പവിത്രത വീണ്ടെടുക്കുന്നതിനുവേണ്ടി പതിനൊന്നാം പീയൂസ് 1930 ഡിസംബർ 31നു ''കാസ്തികൊണ്യുബിയി'' എന്ന ചാക്രികലേഖനം എഴുതി(4). വിവാഹത്തെക്കുറിച്ച് ഇരുപതാംനൂറ്റാണ്ടിൽ സഭ പുറപ്പെടുവിച്ചിട്ടുള്ള അടിസ്ഥാനരേഖകളിൽ ശ്രദ്ധേയമായ ഒന്നാണിതു്. കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തകർച്ചയുടെ വെളിച്ചത്തിൽ ക്രിസ്തീയവിവാഹം ഇതിൽ പഠനവിഷയമായിരിക്കുന്നു. ദൈവമാണു വിവാഹം സ്ഥാപിച്ചതു് എന്ന അവിസ്മരണീയമായ വസ്തുതയിലേക്കു മനുഷ്യശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് പവിത്രമായ ദാമ്പത്യബന്ധം വീണ്ടെടുക്കാനുള്ള ശ്രമമാണിതിൽ. സാഹിത്യം, കലകൾ, സിനിമ, സമ്പർക്കമാദ്ധ്യമങ്ങൾ തുടങ്ങിയവ നടത്തുന്ന ദുഷ്പ്രചാരണങ്ങളെ നേരിട്ടുകൊണ്ടുവേണം ഇതു നേടിയെടുക്കാൻ. കാരണം വിവാഹമോചനം, വ്യഭിചാരം തുടങ്ങിയവയിലേക്കു് അവ മനുഷ്യരെ ആകർഷിക്കുകയും വിവാഹത്തിന്റെ അവിഭാജ്യതയെ മറച്ചുവയ്ക്കുകയും ചെയ്യുന്നു.

ആധുനിക ക്രൈസ്തവകുടുംബം

വന്ധ്യംകരണം, വിവാഹമോചനം, കൃത്രിമബീജസങ്കലനം തുടങ്ങിയവ കുടുംബധാർമ്മികതയ്ക്കെതിരാണെന്ന അഭിപ്രായം പതിനൊന്നാംപീയൂസിനെപ്പോലെ പന്ത്രണ്ടാംപീയൂസും രേഖപ്പെടുത്തി(5). കുടുംബത്തിനു് സാമ്പത്തികഭദ്രത

4. Pius XI, *Casti Connubii*, 31 Dec. 1930.
5. Pius XII, *Summi Pontificatus*, 20 Oct 1939. See also G. D. Smith, *Selected letters and Addresses of Pius* XII (London: CTS, 1949).

malankaralibrary.com

അനിവാര്യമാണെന്ന കാര്യം ജോൺ ഇരുപത്തിമൂന്നാമനും വ്യക്തമാക്കി(6).

രണ്ടാംവത്തിക്കാൻ സൂനഹദോസ് 'സഭ ആധുനിക യുഗത്തിൽ' എന്ന പ്രമാണരേഖയിൽ കുടുംബത്തിന്റെ പവിത്രത വ്യക്തമാക്കാൻ ശ്രമിക്കുന്നു. സന്താനോല്പാദനം മാത്രമല്ല, സ്നേഹസമൂഹം പടുത്തുയർത്തുക എന്നതും വിവാഹത്തിന്റെ പ്രാഥമികലക്ഷ്യമാണെന്നു് ഇതിൽ ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ സ്വാർത്ഥതയും സുഖലോലുപതയും പ്രകൃതിവിരുദ്ധ പ്രവണതകളുമാണു് കുടുംബത്തിനു ഭീഷണി. സാമ്പത്തികപ്രതിസന്ധികളും മനഃശാസ്ത്രപരമായ അസ്വസ്ഥതകളും ജനസംഖ്യാസ്ഫോടനവുമൊക്കെ ആകുലതകൾ വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നാൽ മൂല്യാധിഷ്ഠിതമായി ഇവയ്ക്കു് മാന്യമായ പരിഹാരം കാണുന്നതിനു് മനുഷ്യന്റെ ശാസ്ത്രീയകഴിവുകൾ വിനിയോഗിക്കണമെന്നാണു് കൗൺസിൽ ആവശ്യപ്പെടുക(7).

പോൾ ആറാമൻ എഴുതിയ 'മനുഷ്യജീവൻ' (ഹ്യൂമാനേ വീത്തേ) ആണു് കുടുംബത്തെ ആസ്പദിച്ചുള്ള മറെറാരു സുപ്രധാനരേഖ. 1968 ജൂലൈ 29–നു പ്രസിദ്ധപ്പെടുത്തിയ ഈ ചാക്രികലേഖനം ജനനനിയന്ത്രണത്തെ വിഷയമാക്കിയുള്ളതാണു്(8). ദീർഘമായ വിവാദങ്ങൾക്കു് ഇതു വഴി തെളിച്ചു. നീണ്ട പഠനത്തിനുശേഷം പുറത്തിറക്കിയ ഈ രേഖയിൽ കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങളെ നിരോധിച്ചിരിക്കുന്നു. കാസ്തി കൊണ്യുബിയിയിലെ നയംതന്നെയാണു് ഇവിടെയും സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ കൃത്രിമമാർഗ്ഗങ്ങളെ നിരോധിക്കുന്ന ഈ രേഖ വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദൈവശാസ്ത്രത്തിൽ ഗണനീയമായ വികാസം കണ്ടെത്തിയിരിക്കുന്നു. ഈ ദൈവശാസ്ത്രമാണു് ആധുനികസഭയുടെ കുടുംബവീക്ഷണത്തിന്റെ പ്രത്യേകത. ഈ വികാസം മനസ്സിലാക്കുന്നതിനു് കാസ്തി കൊണ്യുബിയി രചിക്കപ്പെട്ട പശ്ചാത്തലവും തുടർന്നുണ്ടായ പരിണാമങ്ങളും പഠിക്കുക ആവശ്യമാണു്.

---

6. *Papel Teachings* : *Matrimony*, ed. Monks of Soiesmes, tr. M. J. Byrnes (Boston: St. Paul. 1963).
7. *Church in the Modern World: Vat II Documents*, nos 47–52
8. Paul VI, *Humanae Vitae*, 29 July 1968.

malankaralibrary.com

1930-തോടുകൂടി കൃത്രിമജനനനിയന്ത്രണം സംബന്ധിച്ച രണ്ടു വിശദവീക്ഷണങ്ങളും ക്രൈസ്തവരുടെയിടയിൽ സംജാതമായി. അതു ന്യായീകരിക്കാമെന്നും അധാർമ്മികമാണെന്നുമുള്ള വ്യത്യസ്താഭിപ്രായങ്ങളോടും ഔദ്യോഗികമായ അംഗീകാരം വ്യത്യസ്തസന്ദർഭങ്ങളിൽ ലഭിച്ചു. 1930-ൽ കൂടിയ ലാംബത്തു് കോൺഫറൻസിൽവച്ചു് ആംഗ്ലിക്കൻ മെത്രാന്മാർ കൃത്രിമോപാധികളോടും അംഗീകാരം നൽകി. അതേ വർഷം തന്നെ കാസ്തി കൊണ്ന്യൂബിയി എന്ന ചാക്രികലേഖനം കൃത്രിമമാർഗ്ഗങ്ങളെ അപലപിച്ചു. മാർപ്പാപ്പായുടെ ചാക്രികലേഖനമായിരുന്നു ക്രിസ്തീയപാരമ്പര്യത്തിനു് അനുസൃതം(9). ഒരുകാലത്തു് അകത്തോലിക്കരും കൃത്രിമമാർഗ്ഗങ്ങളെ എതിർത്തിരുന്നു. ഉദാഹരണമായി, അമേരിക്കയിൽ ജനനനിയന്ത്രണത്തിനെതിരേ നിയമം പാസ്സായതു് പ്രോട്ടസ്റ്റൻറുകാരുടെ സ്വാധീനത്തിലാണു്. ആൻറണി കോംസ്റ്റോക് എന്ന പ്യൂരിറ്റൻ ആയിരുന്നു ഇക്കാര്യത്തിൽ മുൻകൈയെടുത്തതു്.

ഒരു ദശകത്തിനുശേഷം മാർഗരറ്റ്ഹിഗ്ഗിൻസ് സാംഗർ എന്ന പ്രോട്ടസ്റ്റൻറുവനിത ഇതിനെ എതിർത്തു. ആവശ്യമായ അറിവു പകർന്നുകൊടുത്തു് ജനനനിയന്ത്രണം നടപ്പിലാക്കേണ്ടതു് അനിവാര്യമാണെന്നു് അവർ വാദിച്ചു. 1916-ൽ അവർ സ്ഥാപിച്ചതാണു് ആദ്യത്തെ ജനനനിയന്ത്രണ ക്ലിനിക്കു്. ജനനനിയന്ത്രണം (Birth Control) എന്ന പദംതന്നെ അവരുടെ നിർമ്മിതിയാണു്. പ്രോട്ടസ്റ്റൻറുകാർ പൊതുവേ സാംഗറുടെ നിലപാടിനെ അനുകൂലിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിലാണു് ലാംബത്തു കോൺഫറൻസു് ജനനനിയന്ത്രണത്തിനു് കൃത്രിമമാർഗ്ഗങ്ങളും അവലംബിക്കാം എന്ന തീരുമാനമെടുത്തതു്.

ലാംബത്തു കോൺഫറൻസിൻെറ തീരുമാനത്തിൽ ഇംഗ്ലണ്ടിലെ കത്തോലിക്കാഹയരാർക്കിതികച്ചും അസന്തുഷ്ടമായിരുന്നു. ജനനനിയന്ത്രണം സഭയുടെ ഗൗരവയുക്തമായ പ

9. Leslie Dewart, "Casti Connubii and the Development of Dogma," *Contraception and Holiness*, Thomas D. Robert et. al (New York: Herder, 1964), 169–259.

malankaralibrary.com

ഠനത്തിനു വിഷയമായി. സഭയുടെ പാരമ്പര്യാധിഷ്ഠിത നിലപാടുകളും വ്യക്തമാക്കിക്കൊണ്ട് 1930-ൽ പതിനൊന്നാം പീയൂസ് ചാക്രികലേഖനമിറക്കി. ലാംബത്തു കോൺഫറൻസിനോടുള്ള സഭയുടെ വിയോജിപ്പ് ഇതിലൂടെ പ്രകടിതമായി. പ്രൈസ്ബിറേറിയൻ സഭകളും, ചർച്ച് ഓഫ് സ്വീഡൻ, ബാപ്റ്റിസ്റ്റ് ചർച്ച്, തുടങ്ങിയവ ലാംബത്തുകോൺഫറൻസിനെ അനുകൂലിച്ചു (10).

1930ലെ തീരുമാനം പുനഃപരിശോധിക്കണമെന്ന അഭിപ്രായം കത്തോലിക്കാസഭയിലും പ്രകടമായിത്തുടങ്ങി. 1964 ജനുവരി 23-ന് പോൾ ആറാമൻ തന്റെ സ്വകാര്യലൈബ്രറിയിൽവച്ച് കർദ്ദിനാൾസംഘത്തോട് ജനനനിയന്ത്രണത്തെക്കുറിച്ചു സംസാരിച്ചു. സങ്കീർണ്ണമായ ഈ വലിയ പ്രശ്നത്തിൽ ഭാര്യാഭർത്താക്കന്മാരുടെ സ്വാതന്ത്ര്യവും സ്നേഹവും കടമയും മനസ്സാക്ഷിയുമൊക്കെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ദൈവികസന്ദേശം വ്യാഖ്യാനിക്കുന്ന സഭ ശാസ്ത്രസാമൂഹ്യ മനഃശാസ്ത്രസത്യങ്ങളുടെ വെളിച്ചത്തിൽവേണം അപ്രകാരം ചെയ്യുക എന്നു മാർപ്പാപ്പാ അഭിപ്രായപ്പെട്ടു.

1963-ൽ ജോൺ ഇരുപത്തിമൂന്നാമൻ കുടുംബം, ജനസംഖ്യ, ജനനനിയന്ത്രണം ഇവയുടെ ഒരു പൊന്തിഫിക്കൽ സ്റ്റഡികമ്മീഷൻ സ്ഥാപിച്ചിരുന്നു. ജനനനിയന്ത്രണനയം പുനഃപരിശോധിക്കുന്നതിനു പോൾ ആറാമൻ ഈ കമ്മീഷനെ ചുമതലപ്പെടുത്തി. നാലു വർഷങ്ങൾക്കു ശേഷമാണ് പഠനം പൂർത്തിയായതു്. പഠനങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ 'ഹുമാനേ വീത്തേ' ജനനനിയന്ത്രണനയത്തിൽ വിട്ടുവീഴ്ചയൊന്നും വരുത്തിയില്ല. എങ്കിലും അതിൽ തെളിയുന്ന കുടുംബദൈവശാസ്ത്രം കാസ്തി കൊണ്യൂബിയിയുടേതിൽ നിന്നു വ്യത്യസ്തവും അതിനേക്കാൾ അതീവശ്രേഷ്ഠവുമാണ്. മുപ്പത്തിനാലു വർഷങ്ങൾക്കുശേഷം ഈ പുനഃപരിശോധന ഉണ്ടായതു് വിവാഹത്തിന്റെ ദൈവശാസ്ത്രത്തിൽ വന്ന മാറ്റത്തിന്റെ ഫലമായിട്ടാണു്.

---

10. *Ibid.*

malankaralibrary.com

അല്മായരുടെ സംഭാവന

കുടുംബപ്രേഷിതത്വം ഊർജ്ജിതമാക്കുന്നതിനുവേണ്ടി സ്ഥാപിതമായ ചില അല്മായസംഘടനകളാണ് കുടുംബ ദൈവശാസ്ത്രത്തിന്റെ വളർച്ചയെ സഹായിച്ചത്. കുടുംബനവീകരണസംഘടന, കാനാകോൺഫറൻസുകൾ, കത്തോലിക്കാ കുടുംബപ്രസ്ഥാനം ഇവ ഇക്കൂട്ടത്തിൽപ്പെടുന്നു.

വിവാഹം ഒരു വിളി. ഭാര്യാഭർത്തൃസ്നേഹം, ലൈംഗികതയുടെ അർത്ഥം തുടങ്ങിയവയെ ആസ്പദമാക്കി ഈ സംഘടനകൾ സംഘടിപ്പിച്ച ചർച്ചകൾ വിവാഹത്തിന്റെ നേർക്കു പുതിയ സമീപനങ്ങൾ വളർത്തിയെടുത്തു. വ്യക്തി-മാനുഷികമൂല്യങ്ങൾക്ക് നിയമപരമായവയേക്കാൾ പ്രാധാന്യം കൈവരികയും, അംഗങ്ങൾ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ദാമ്പത്യബന്ധം വിശ്വാസിയിലേക്കുള്ള മാർഗ്ഗമാണെന്നും നിയമപരമായ ഉടമ്പടിയേക്കാൾ അത് സ്നേഹത്തിന്റെ കൂട്ടായ്മയാണെന്നുമുള്ള അവബോധം വളർന്നു.

വിവാഹത്തെക്കുറിച്ചുള്ള പരമ്പരാഗതവീക്ഷണത്തിൽ ഉറച്ചുനിന്നുകൊണ്ട്, പുതിയ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ ഒരു നിലപാട് രൂപീകരിക്കുന്നതിനു' മ്യൂണിച്ച് യൂണിവേഴ്സിറ്റിയിലെ ഹിൽഡബ്രാൻഡ് എന്ന അല്മായൻ ശ്രമിച്ചു. മറ്റു ശാരീരികാഗ്രഹങ്ങളെപ്പോലെ ലൈംഗികാസക്തിയെ കാണുന്ന സെൻറ് അഗസ്റ്റിന്റെ വീക്ഷണം ശരിയല്ലെന്ന നിഗമനത്തിൽ ഹിൽഡബ്രാൻഡ് എത്തി. ലൈംഗികാസക്തി കൂടുതൽ ആഴമേറിയതും ഗൗരവമർഹിക്കുന്നതുമായ ഒന്നാണ്. ശാരീരികതലത്തിൽ നിന്നുയർന്ന് അതു മനഃശാസ്ത്രപരവും ആദ്ധ്യാത്മികവുമായ തലങ്ങളിലേക്ക് എത്തിനിൽക്കുന്നു. സ്നേഹവുമായുള്ള ബന്ധമാണ് അതിനെ ശ്രേഷ്ഠമാക്കുന്നത്. സന്താനോല്പാദനത്തിനു തുല്യമായി, സ്നേഹത്തിലുള്ള നിസ്സ്വലമായ ഐക്യവും വിവാഹത്തിന്റെ ലക്ഷ്യമാണെന്ന് ഹിൽഡബ്രാൻഡ് അഭിപ്രായപ്പെട്ടു.

വിവാഹത്തിന്റെ ലക്ഷ്യങ്ങളായ സന്താനോല്പാദനവും കൂട്ടായ്മയും യഥാക്രമം പ്രാഥമികവും ദ്വിതീയവുമെന്നു വേർതിരിക്കുന്നതു ശരിയല്ലെന്ന അഭിപ്രായം പൊതുവേ അം

malankaralibrary.com

ഗീകരിക്കപ്പെട്ടതുടങ്ങി. വിവാഹത്തിന്റെ വ്യക്തിപരമായ വശത്തിനു പ്രാധാന്യം വന്നതോടുകൂടി അതിന്റെ പവിത്രതയ്ക്കു കോട്ടം വരാതെ തന്നെ കുടുംബം നേരിടുന്ന പ്രശ്നങ്ങളും കൈകാര്യംചെയ്യുവാൻ സാധിക്കുമെന്ന അവബോധമുണ്ടായി. രണ്ടാം മഹായുദ്ധത്തിന്റെ ഫലമായി ഉയർന്നുവന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിൽ, കുടുംബത്തെ സംബന്ധിച്ച സഭ സ്വീകരിച്ചിരുന്ന നിലപാടുകളും പുനഃപരിശോധിക്കുക ആവശ്യമായിവന്നു. നഗരജീവിതം പൊതുവേ ജനങ്ങളെ ആകർഷിച്ചുകൊണ്ടിരുന്നു. വളരുന്ന നഗരങ്ങളിൽ പാർപ്പിടപ്രശ്നം രൂക്ഷമായിരുന്നെങ്കിലും സാങ്കേതികപുരോഗതിയുടെ ഫലങ്ങളും നേടുന്നതിനു് അതായിരുന്നു എളുപ്പമാർഗ്ഗം. ഉന്നതവിദ്യാഭ്യാസമില്ലാതെ നഗരങ്ങളിൽ കഴിയാമായിരുന്നില്ല. ഇതും മാതാപിതാക്കളുടെ സാമ്പത്തിക ഭാരം ഉത്സാഹമാക്കി. ഈ സാഹചര്യത്തിൽ കുടുംബത്തിന്റെ വലിപ്പം നിയന്ത്രിക്കുകയല്ലേ നല്ലതു് എന്ന ചിന്ത പ്രബലപ്പെട്ടു. പണ്ടു് ഈ ചിന്ത അക്രൈസ്തവമായി മുദ്രകുത്തപ്പെട്ടിരുന്നെങ്കിലും അനിയന്ത്രിതമായ സന്താനോല്പാദനം ഭൂരിപക്ഷത്തെ സംബന്ധിച്ചും അയഥാർത്ഥമാണെന്ന ധാരണ പരന്നു. ജനിച്ച കുട്ടികളുടെ നേരേയുള്ള ഉത്തരവാദിത്വമല്ലേ കൂടുതൽ കുട്ടികൾക്കു ജന്മം നൽകുന്നതിനേക്കാളും പ്രധാനം?

'ഹ്യൂമാനേ വീത്തേ' കൃത്രിമമാർഗ്ഗങ്ങളെ അപലപിക്കുന്നുണ്ടെങ്കിലും കുടുംബത്തെ സംബന്ധിച്ചു പുതുതായി രൂപംകൊണ്ട ഈ ദൈവശാസ്ത്രവീക്ഷണം ഉൾക്കൊള്ളുന്നുണ്ടു്. 'കാസ്റ്റി കൊണ്യൂബിയി' വിവാഹത്തിന്റെ പ്രാഥമിക ലക്ഷ്യമായി സന്താനോല്പാദനത്തെ കണ്ടുവെങ്കിൽ 'ഹ്യൂമാനേ വീത്തേ' അതോടൊപ്പം ക്ലൃപ്തായ്മയുടെ കുടുംബത്തിനും പ്രാധാന്യം നൽകുന്നു. അങ്ങനെ ചെറിയ കുടുംബത്തിന്റെ സാധ്യതയെ അംഗീകരിക്കുന്നു.

വികസ്വരമായ കുടുംബദൈവശാസ്ത്രം

ആധുനിക കാലത്തു പ്രസിദ്ധപ്പെടുത്തിയ ഏറ്റവും ശ്രദ്ധേയവും വിശദവുമായ പഠനമാണു് ജോൺ പോൾ രണ്ടാമൻ

malankaralibrary.com

എഴുതിയ 'കുടുംബം ഒരു കൂട്ടായ്മ'(11). 1980-ൽ നടന്ന സിനഡിന്റെ ഫലമായിരുന്ന ഈ രേഖ. മെത്രാന്മാരുടെ അഭിപ്രായപ്രകടനങ്ങൾ സഭയിൽ വന്ന മാറ്റത്തെ പ്രതിഫലിപ്പിച്ചു. കുടുംബപ്രശ്നത്തെക്കുറിച്ച് അവർ ബോധവാന്മാരായിരുന്നു. കൂടുതൽ അജപാലനപരമായ സമീപനം വേണമെന്ന് അവർ അഭിപ്രായപ്പെട്ടു. ലൈംഗികതയുടെ നേരെ മുന്നറിയിപ്പുകൾ നൽകുന്നതിനു പകരം അതിന്റെ ഭാവാത്മകവശം എടുത്തുകാണിക്കുന്നതിനു ശ്രമിച്ചു. ലൈംഗികവിദ്യാഭ്യാസത്തിന്റെയും, വീഴ്ചകൾ വരുന്നവരോട് കൂടുതൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കേണ്ടതിന്റെയും ആവശ്യകത വ്യക്തമാക്കപ്പെട്ടു.

സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ കുടുംബപ്രശ്നങ്ങളുടെ ഒരു പ്രധാനകാരണമാണെന്ന വസ്തുത രേഖ ചൂണ്ടിക്കാണിക്കുന്നു. അമിതസമ്പത്തും ദാരിദ്ര്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തിലുള്ള അമിതമായ താത്പര്യം, മാദ്ധ്യമങ്ങളുടെ സ്വാധീനം, ശാസ്ത്രസാങ്കേതികവികസനം തുടങ്ങിയവ പരിഗണിക്കുകയും, കുടുംബത്തെ ശ്രഷ്ക്കമാക്കുന്ന അനീതിയുടെ ഘടനകൾക്കെതിരേ പോരാടുകയും ചെയ്യുക ഇന്നു് ആവശ്യമാണു്. കുടുംബത്തെ ഒന്നാമതായി ഒരു സ്നേഹസമൂഹമായിട്ടാണു് ഈ രേഖ ചിത്രീകരിക്കുക. ജീവൻ സംരക്ഷിക്കുന്നതിനും സാമൂഹ്യസാമ്പത്തികവിമോചനത്തിനായി പ്രവത്തിക്കുന്നതിനും സഭയുടെ വളർച്ചയ്ക്കു വഴിയൊരുക്കുന്നതിനുമുള്ള കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഇതിൽ വിശദമായി ചർച്ചചെയ്യപ്പെടുന്നു.

വിവിധ ജനവിഭാഗങ്ങളുടെ പാരമ്പര്യങ്ങളും ആചാരങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും വ്യത്യസ്തസംസ്കാരങ്ങൾ സംരക്ഷിക്കപ്പെടണമെന്നതാണു് സഭയുടെ ആഗ്രഹം. വിവാഹലൈംഗികതയുടെ ദൈവശാസ്ത്രം ഈഴപ്പെടുത്തിക്കൊണ്ടുമാത്രമേ കുടുംബപ്രശ്നങ്ങൾക്കു പരിഹാരം കാണാനാവൂ. സ്നേഹത്തിലേക്കുള്ള വിളി സാക്ഷാത്കരിക്കുന്നതിനുള്ള പ്രത്യേകമാർഗ്ഗമാണു് വിവാഹം. ലൈംഗികത വെറും ജീവശാസ്ത്രരമായ പ്രക്രിയമാത്രമല്ല, മനുഷ്യവ്യക്തിയു

11. John Paul II, *Familiaris Consortio*, 22 Nov 1981

malankaralibrary.com

ടെ ആന്തരികസത്തയെ സംബന്ധിക്കുന്നതാണ്. വിശ്വസ്തത, അവിഭാജ്യത, ഉത്തരവാദിത്വപരമായ സന്താനോല്പാദനം തുടങ്ങിയവ കൗദാശികസ്വഭാവത്തിൽനിന്നു വരുന്നവയാണ്.

വിവാദങ്ങൾ സൃഷ്ടിച്ചിട്ടുള്ള കുടുംബാസൂത്രണം ചാക്രികലേഖനത്തിൽ ശ്രദ്ധേയമായ ഒരു വിഷയമാണ്. സ്വാഭാവികമാർഗ്ഗങ്ങളിലൂടെയുള്ള കുടുംബാസൂത്രണത്തെ രേഖ അനുകൂലിക്കുന്നു. സ്ത്രീ ബഹുമാനിക്കപ്പെടുകയും അവളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കപ്പെടുകയും ചെയ്യുന്നതിനു പര്യാപ്തമായവയാണു് ഈ മാർഗ്ഗങ്ങൾ.

സമൂഹത്തിന്റെ നന്മയ്ക്കും ഭദ്രതയ്ക്കും അടിസ്ഥാനമായി നില്ക്കുന്നതു് കെട്ടുറപ്പുള്ള കുടുംബബന്ധമാണു് എന്ന അവബോധം സഭയ്ക്കു് എന്നുമുണ്ടായിരുന്നു. കുടുംബത്തിന്റെയും വിവാഹത്തിന്റെയും പവിത്രതയിലേക്കു സഭ വിരൽചൂണ്ടുകയും അതിനു കോട്ടംവരുത്തുന്ന പ്രവണതകളെ അപലപിക്കുകയും ചെയ്തിട്ടുണ്ടു്. മൂല്യങ്ങളും തത്ത്വങ്ങളും സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണു് സഭ സ്വീകരിച്ചിട്ടുള്ളതു്. ഒരു കാലത്തു് നിയമങ്ങൾ നിർമ്മിക്കുകയും മുടക്കുകൾ കല്പിക്കുകയും ചെയ്തുകൊണ്ടു് ലക്ഷ്യത്തിലെത്തുന്നതിനു ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നു് വിവാഹത്തിന്റെ പവിത്രതയെ സംബന്ധിച്ചു് അവബോധമുളവാക്കുകയാണു് ആവശ്യമെന്നു മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഈ അവബോധത്തോടെ എഴുതപ്പെട്ടന്ന ആധുനികസഭാപ്രബോധനങ്ങളിൽ, വികസിതമായിക്കൊണ്ടിരിക്കുന്ന, വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദൈവശാസ്ത്രമാണു് പ്രതിഫലിക്കുക. ○

Bibliography

1. Leo XIII, *Arcanum Divinae Sapientiae,* 10 Feb 1880.
2. Pius XI, *Casti Connubii*, 31 Dec 1930.
3. Paul VI, *Humanae Vitae,* 29 July 1968.
4. John Paul II *Familiaris Consortio*, 22 Nov 1981.
5. Haering, Bernard, *Marriage in the Modern World* Cork: Newman, 1975.
6. Schreiber, A. *Marriage and Family in a World of Change.* Notre Dame 1975.
7. *Papal Teachings*: *Matrimony*. ed. Monks of Solesmes. tr. M. J. Byrnes. Boston: St. Paul, 1963.

malankaralibrary.com

5

കുടുംബജീവിതത്തിന്റെ അടിസ്ഥാനശില

നമ്മളെല്ലാവരും ജനിച്ചതു കുടുംബത്തിലാണു്. അവിടെയാണു് നമ്മളെല്ലാവരുടെയും ചുവടു്. സ്നേഹത്തിന്റെ ആദ്യത്തെ അനുഭൂതി നമുക്കുണ്ടായതു് കുടുംബത്തിലായിരിക്കെ, എല്ലാ ദൈവികാനുഭൂതിയുടെയും തുടക്കം (''ദൈവം സ്നേഹമാകുന്നു'') കുടുംബത്തിൽത്തന്നെ.

സ്കൂളുകളിലും കോളേജുകളിലും ആഫീസുകളിലും ഫാക്ടറികളിലും ആശ്രമങ്ങളിലും ആരാധനാലയങ്ങളിലും എല്ലാം കുടുംബാന്തരീക്ഷമുണ്ടെങ്കിലേ, അവിടെ ദൈവത്തിന്റെ അരൂപി ഉണ്ടായിരിക്കൂ. ഇന്നു് ചുറ്റും നമ്മൾ കാണുന്ന അസ്വസ്ഥതയുടെ പ്രധാന കാരണം കുടുംബങ്ങളിലുള്ള അസ്വസ്ഥതയാണു്. കുടുംബങ്ങൾ നന്നാകുന്നതോടെ, കുടുംബാംഗങ്ങൾ അവരുടെ ദൈവവിളിയനുസരിച്ചു ജീവിക്കുന്നിടത്തു്, കൃഷിക്കാരനായ കുടുംബനാഥൻ, 'ഞാൻ ആദ്യം അപ്പനാണു്, രണ്ടാമതായിട്ടാണു് കൃഷിക്കാരൻ, കൃഷി ചെയ്യാൻ പറ്റാത്തപ്പോഴും ഞാൻ എന്റെ മക്കളുടെ അപ്പനാണു്' എന്ന ബോധ്യമനുസരിച്ചു് പെരുമാറുമ്പോൾ, കാര്യങ്ങളെല്ലാം നേരേചൊവ്വേ ആയിക്കൊള്ളും.

malankaralibrary.com

അറിയാതെയാണെങ്കിലും

പശു നമുക്കു പാൽ തരുന്നു. അമ്മയുടെ പാലിലും ഏറെ നമ്മളൊക്കെ കുടിച്ചിട്ടുള്ളതു് പശുവിൻപാലാണു്. ഹൈന്ദവ സഹോദരങ്ങൾ പറയുന്നതുപോലെ, പശുക്കൾ (ഗോമാതാ) ഒരു വിധത്തിൽ നമ്മുടെ അമ്മമാരാണു്. പക്ഷേ, പശുക്കൾക്കു് തങ്ങളുടെ ഈ സ്ഥാനത്തെപ്പറ്റിയോ, അവ നമുക്കു ചെയ്യുന്ന ഉപകാരത്തെക്കുറിച്ചോ, യാതൊരു ബോദ്ധ്യവുമില്ല. 'ഞങ്ങൾ നിങ്ങളുടെ അമ്മമാരുടെ വികാരിമാരാണു്. ക്രോവേന്മാരോ ക്രിസാപ്പേന്മാരോ ഒന്നുമല്ല, ഞങ്ങളാണു് നിങ്ങൾക്കു പാൽ തരുന്നതു്. ഞങ്ങളുടെ പാൽ കുടിക്കുന്ന നിങ്ങൾ സ്നേഹമായും മര്യാദയായും വേണം ഞങ്ങളോടു പെരുമാറാൻ' എന്നു നമ്മളോടു പറയാൻ പാവം പശുക്കൾക്കു കഴിവില്ല.

നമ്മുടെ ചെറുപ്പകാലത്തു്, ചേട്ടന്മാരും ചേച്ചിമാരും നമ്മളെ എടുത്തു് പള്ളിയിലും പെരുന്നാളിനും ഒക്കെ കൊണ്ടുപോയിട്ടുണ്ടു്. ഇന്നു്, അവർ അന്നു ചെയ്തതിലും വേഗം ബസ്സും കാറും നമ്മളെ ഓരോ സ്ഥലത്തുകൊണ്ടുചെന്നാക്കുന്നു. വലിയ സേവനമാണു് അവ നമുക്കു ചെയ്യുന്നതു്. പക്ഷേ, അവയുണ്ടോ ഇക്കാര്യം അറിയുന്നു!

കുർബാനയുടെ നേരത്തു് അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും രക്തവും ആയിത്തീരുന്നു. എന്നാൽ കുർബാനയ്ക്കുപയോഗിക്കുന്ന അപ്പത്തിനും വീഞ്ഞിനും, 'കർത്താവിന്റെ ശരീരവും രക്തവും ആയിത്തീരാനുള്ള ദൈവവിളിയുള്ളവരാണു് ഞങ്ങൾ, അതു മോശക്കാരല്ല ഞങ്ങൾ' എന്നു ചിന്തിക്കാനോ പറയാനോ നിവൃത്തിയില്ല.

കുസ്തോദിക്കകത്തു് വിശുദ്ധ കുർബാന ഇരിക്കുന്നിടത്തു് ഒരു വിധത്തിൽ, പരി. കന്യകാംബികയുടെ ഉദരത്തിൽ ഈശോ ഇരുന്നതുപോലെയാണു് അവിടുന്നു സ്ഥിതിചെയ്യുന്നതു് എന്നു പറയാം. എന്നാൽ ഇങ്ങനെ പറയാനോ, പോകട്ടെ, ചിന്തിക്കാൻപോലുമോ കഴിവില്ല കുസ്തോദിക്കു്.

തേനീച്ചകളും വണ്ടും തേൻ ശേഖരിക്കുന്നതിനാണു് പൂക്കൾ സന്ദർശിക്കുക. തേൻ ശേഖരിക്കുന്ന കൂട്ടത്തിൽ പുഷ്പ

malankaralibrary.com

ങ്ങളുടെ പരാഗണവും അവർ നടത്തുന്നുണ്ട്. ഒരുതരം സാമൂഹ്യ പ്രവർത്തകരാണവർ. എന്നാൽ ഇതേപ്പറ്റി വല്ല ഗ്രാഹ്യവും അവർക്കുണ്ടോ?

ഇങ്ങനെ നോക്കുമ്പോൾ, സർവ്വചരാചരങ്ങളും, ഓരോരോ തരത്തിൽ സേവനം അനുഷ്ഠിക്കുന്നു; എന്നിരുന്നാലും അവയ്ക്കൊന്നും ബോധപൂർവ്വം സ്നേഹപൂരസ്സരം സേവനംചെയ്യാൻ നിർവ്വാഹമില്ല എന്നു നമുക്കു കാണാം.

നമുക്കുമാത്രം

മനുഷ്യരായ നമുക്കു മാത്രമാണ് നമ്മുടെ ജീവിതത്തിന്റെ മഹത്ത്വവും അന്തരാർത്ഥവും ഒരളവുവരെ മനസ്സിലാക്കുന്നതിനും, ബോദ്ധ്യത്തോടെ, സസ്നേഹം, സേവനമനുഷ്ഠിക്കുന്നതിനും കഴിവുള്ളതു്. നമുക്കുമാത്രമേ ഒരു കണ്ണാടി ഉണ്ടാക്കി നമ്മുടെ മുഖം കാണുന്നതിനും അതു ബോധപൂർവ്വം മോടിപിടിപ്പിക്കുന്നതിനും കഴിയൂ. മൃഗങ്ങളൊന്നും, ഇനി വെള്ളത്തിൽ നോക്കിത്തന്നെയും, തങ്ങളുടെ മുഖം ഒന്നു ശരിക്കു കാണാമെന്നുവയ്ക്കുന്നില്ല.

വാങ്ങുന്നവരിൽനിന്നു കൊടുക്കുന്നവരിലേക്കു്

ഇനി ജീവജാലങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ബോധപൂർവ്വമല്ലെങ്കിലും അവയെല്ലാം, വാങ്ങുന്ന ശിശുവിൽനിന്നു് കൊടുക്കുന്ന മാതാപിതാക്കന്മാരിലേക്കാണ് വളരുന്നതു്.

നമ്മളുടെയൊക്കെ കാര്യംതന്നെ ആദ്യം എടുക്കാം. വാങ്ങുന്ന മക്കളായിട്ടാണ് നമ്മളുടെയൊക്കെ ജനനം. കാലാന്തരത്തിൽ കൊടുക്കുന്ന മാതാപിതാക്കന്മാരായി വളർന്നു് നമ്മളൊക്കെ മരിക്കുന്നു. മക്കളുടെ സ്നേഹത്തിലും വലുതു് മാതാപിതാക്കന്മാരുടെ സ്നേഹമായിരിക്കെ, പുത്രന്റെ / പുത്രിയുടെ, സ്നേഹത്തിൽനിന്നു്, പിതാവിന്റെ / മാതാവിന്റെ, സ്നേഹത്തിലേക്കുള്ള വളർച്ചയാണ് നമ്മുടെയൊക്കെ ജീവിതം.

വൃക്ഷലതാദികളും പക്ഷിമൃഗാദികളും, അറിഞ്ഞില്ലെങ്കിൽക്കൂടി വളരുന്നതു് ഇങ്ങനെയാണു്.

malankaralibrary.com

തെങ്ങിന്റെ ഉച്ചിയിൽ, തെങ്ങാൽ സംരക്ഷിക്കപ്പെടുന്നതും സംവഹിക്കപ്പെടുന്നതും ആയിട്ടാണ് തേങ്ങായുടെ ജനനം. വളർന്നു പാകമാകുന്ന തേങ്ങാ മണ്ണിൽ വീഴുകയും, അവിടെ വളർന്നു വലുതായി തേങ്ങാ ഉല്പാദിപ്പിക്കയും ചെയ്തശേഷം മൺമറയുന്നു.

കോഴിക്കുഞ്ഞു തള്ളക്കോഴിയുടെ ചിറകിനടിയിലിരിക്കുന്നു; തള്ളക്കോഴി ചികഞ്ഞുകൊടുക്കുന്നതു കൊത്തിത്തിന്നുന്നു. കാലാന്തരത്തിൽ അതു തള്ളക്കോഴിയായി വളരുന്നു; കോഴിക്കുഞ്ഞുങ്ങളെ ചിറകിൻകീഴിൽവച്ചും, തീറ്റ കൊത്തിക്കൊടുത്തും വളർത്തുന്നു. ഒരുപക്ഷേ കോഴിക്കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനു പരുന്തിനോടു പോരാടി അതു മരിച്ചെന്നും വരും.

പശുക്കിടാവു് തള്ളപ്പശുവിന്റെ പാൽ കുടിച്ചു് അതിന്റെ സംരക്ഷണയിൽ വളരുന്നു. കാലാന്തരത്തിൽ, തള്ളപ്പശുവായി വളർന്നു് കിടാക്കളെ പ്രസവിച്ചു വളർത്തിയശേഷം മൺമറയുന്നു.

പുത്രനിൽനിന്നു പിതാവിലേക്കു്

വൃക്ഷലതാദികൾക്കും പക്ഷിമൃഗാദികൾക്കും, തങ്ങൾ ശിശുക്കളിൽനിന്നു മാതാപിതാക്കന്മാരിലേക്കു വളരുന്നു എന്നോ, തങ്ങളുടെ വളർച്ചയിൽ പ്രതിബിംബിക്കപ്പെടുന്നതു് പുത്രന്റെ സ്നേഹത്തിൽനിന്നു് പിതാവിന്റെ സ്നേഹത്തിലേക്കുള്ള വളർച്ചയാണെന്നോ മനസ്സിലാക്കാനുള്ള കഴിവില്ല.

മനുഷ്യരായ നമുക്കാകട്ടെ, ഈ വളർച്ചയെപ്പറ്റി ചിന്തിക്കുന്നതിനും ബോധപൂർവ്വം വളരുന്നതിനും കഴിയും. മൃഗങ്ങളെപ്പോലെ ശാരീരികമായി മാത്രം ശിശുവിൽനിന്നു് മാതാപിതാക്കന്മാരിലേക്കു നമ്മൾ വളർന്നാൽ പോരാ. വാങ്ങുന്നവരിൽനിന്നു കൊടുക്കുന്നവരിലേക്കു, ശാരീരികമായി, പക്ഷിമൃഗാദികളോടൊപ്പം വളരുന്ന നമ്മൾ, മാനസികമായി, പഠിക്കുന്നവരിൽനിന്നു പഠിപ്പിക്കുന്നവരിലേക്കും, ആദ്ധ്യാത്മികമായി, സ്നേഹിക്കപ്പെടുന്നവരിൽനിന്നു് സ്നേഹിക്കുന്നവരിലേക്കും കൂടി വളരണം.

മക്കളായി ജനിച്ചു് ഭാര്യാഭർത്താക്കന്മാരായിത്തീർന്നശേഷം മാതാപിതാക്കന്മാരായി വളരുന്ന നമ്മൾ, പുത്രനായ ദൈവ

malankaralibrary.com

ത്തിന്റെ, പരിശുദ്ധാത്മാവായ ദൈവത്തിലൂടെയുള്ള പിതാവായ ദൈവത്തിങ്കലേക്കുള്ള ആഭിമുഖ്യം പ്രതിബിംബിപ്പിക്കുകയാണു് എന്ന വിചാരം നമുക്കുണ്ടെങ്കിൽ, കുടുംബജീവിതം, അതിനു് എത്ര പ്രയാസങ്ങളും നിറഞ്ഞതായിരുന്നാൽത്തന്നെയും, സംതൃപ്തിയും സന്തുഷ്ടവും ആയിട്ടായിരിക്കും നമുക്കു് അനുഭവപ്പെടുക.

കുടുംബജീവിതത്തിൽ ഒരു വലിയ സത്യത്തിനാണു് നമ്മളും സാക്ഷ്യം വഹിക്കുന്നതു്; ഒരു വലിയ യാഥാർത്ഥ്യം നമ്മളും ആവിഷ്കരിക്കുന്നു. ത്രിത്വൈകദൈവത്തിന്റെ ജീവിതം, കാലത്തിനും സ്ഥലത്തിനും അനുസൃതമായി, കുടുംബജീവിതത്തിൽ പ്രതിഫലിക്കുന്നു. അദൃശ്യമായ ആ ജീവിതം നമ്മിൽ ദൃശ്യമായിത്തീരുന്നു; മാംസം ധരിക്കുന്നു.

മാതാപിതാക്കന്മാക്കു കുട്ടികളോടുള്ള സ്നേഹത്തിൽ പിതാവായ ദൈവത്തിന്റെ സ്നേഹവും, ദമ്പതിമാരുടെ പരസ്പരസ്നേഹത്തിൽ പരിശുദ്ധാത്മാവായ ദൈവത്തിന്റെ സ്നേഹവും, മാതാപിതാക്കന്മാരോടുള്ള കുട്ടികളുടെ സ്നേഹത്തിൽ പുത്രനായ ദൈവത്തിന്റെ സ്നേഹവും നിഴലിച്ചു നിൽക്കുന്നു. വാസ്തവത്തിൽ ത്രിത്വൈകദൈവമാണു് കുടുംബജീവിതത്തിന്റെ അന്തർധാരയും അടിസ്ഥാനധാരയും.

ഒരു വലിയ കഥാപാത്രത്തെയാണു് താൻ സ്റ്റേജിൽ അവതരിപ്പിക്കുന്നതെന്നു ബോദ്ധ്യമുള്ള നടൻ സന്തോഷത്തോടെയായിരിക്കും അഭിനയിക്കുക. വൃക്ഷലതാദികൾക്കു്, 'മനുഷ്യക്കു ശ്വസിക്കാൻ പ്രാണവായുവും ഭക്ഷിക്കാൻ കായ്കനികളും നൽകുന്നവരാണു് ഞങ്ങൾ' എന്നു ചിന്തിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര കൃതാർത്ഥത തോന്നിയേനെ!

'ക്രിസ്തു, തന്നെത്തന്നെ മനുഷ്യർക്കു ആഹാരമായി നൽകിയതുപോലെ അല്പെങ്കിൽക്കൂടി, ഞാനും മനുഷ്യക്കു് ആഹാരമായിത്തീരുന്നു. എന്റെ ഇറച്ചി കാണുമ്പോഴും അവരുടെ വായിൽ വെള്ളം ഊറിക്കൂടുന്നു. എന്നെ ഭക്ഷിച്ചു് അവർ സംതൃപ്തരാകുന്നു, വളരുന്നു. വൃത്തികെട്ടതെന്നു് പലരും എന്നെ ആക്ഷേപിച്ചാലും, അമേരിക്കൻ പ്രസിഡണ്ടിന്റേയും ബഹിരാകാശയാത്രക്കാരുടേയും തീൻമേശയിൽ സ്ഥാനമുള്ളവനാണു്'

malankaralibrary.com

'ഞാൻ' എന്നു് ചിന്തിക്കാൻ പാവം പന്നിക്കു കഴിഞ്ഞിരുന്നെങ്കിൽ അവനു് എത്രമാത്രം സന്തോഷം തോന്നിയേനെ!

ജീവിതം ഒരു വലിയ കല

ജീവിതത്തിന്റെ അന്തരാർത്ഥത്തെപ്പറ്റിയും അടിസ്ഥാനധാരയെപ്പറ്റിയും മനസ്സിലാക്കുന്നതോടെ, ജീവിതം ഒരു പ്രശ്നമായിട്ടല്ല, ഒരു വലിയ കലയായിട്ടായിരിക്കും നമ്മൾ കാണുക.

ഒരു നാടകത്തിൽ അശോകനായി അഭിനയിക്കുന്ന നടൻ അശോകനെപ്പറ്റി കഴിവുള്ളതൊക്കെ വായിച്ചു മനസ്സിലാക്കുന്നതിനും പുറമേ, അശോകന്റെ കാലത്തെയും ചുറ്റുപാടുകളെയും സംബന്ധിച്ചും പാട്ടുള്ള അറിവു നേടാൻ ശ്രമിക്കുന്നു. അയാൾ ഒരു വിധത്തിൽ അശോകനുമായി താദാത്മ്യപ്പെടുന്നു.

ഇതുപോലെ പിതാവിന്റെ പൂർണ്ണതയിലേക്കു വളരേണ്ട നമ്മൾ പിതാവിനെപ്പറ്റി കഴിവതും മനസ്സിലാക്കാനും, പിതാവിന്റെ മനോഭാവമുള്ളവരായിരിക്കാനും, പിതാവിന്റെ രീതിയിൽ കരുണയുള്ളവരായിരിക്കുന്നതിനും ശ്രമിക്കണം.

മാതാപിതാക്കന്മാർ കുട്ടികളോട് ക്രൂരമായി പെരുമാറുന്നിടത്തു്, 'സ്വർഗ്ഗസ്ഥനായ പിതാവു്' ഇതിലും ക്രൂരനാണു്. ഞങ്ങളെ കഷ്ടപ്പെടുത്തുവാൻ കച്ചകെട്ടിയിരിക്കുന്നവനാണു്" എന്ന ധാരണയായിരിക്കും കുട്ടികൾക്കുണ്ടാകുക.

വിണ്ണിലിരുന്നറങ്ങുന്നവനായിട്ടും എല്ലാം അടക്കി ഭരിക്കുന്നവനായിട്ടും, മനുഷ്യർ കഷ്ടപ്പെടുന്നിടത്തു് മാലാഖമാരുടെ സ്തുതിഗീതങ്ങൾ കേട്ടിരിക്കുന്നവനായിട്ടും മറ്റും ചിലർ ദൈവത്തെപ്പറ്റി ചിന്തിക്കുന്നതിനുള്ള ഒരു പ്രധാന കാരണം അവർക്കു് അവരുടെ മാതാപിതാക്കന്മാരിൽനിന്നും, അതുപോലെ ഒരുപക്ഷേ മറ്റു പിതാക്കന്മാരിൽനിന്നും കിട്ടിയ പ്രതികൂല സാക്ഷ്യമായിരിക്കണം.

ഒരു സ്കൂളിൽ, നല്ല പിതാവിനെപ്പറ്റി പ്രസംഗിച്ചുകഴിഞ്ഞ എന്റെ അടുക്കൽ ഒരു വിദ്യാർത്ഥി വന്നു പറഞ്ഞതു് ഞാനിവിടെ അനസ്മരിച്ചുപോകുന്നു. 'എന്റെ സാറേ, ദൈവം നമ്മുടെ അപ്പനാണെന്നു് വിശ്വസിക്കാൻ എനിക്കു വളരെ വി

malankaralibrary.com

ഷമമുണ്ട്. എന്റെ അപ്പനാണെങ്കിൽ എപ്പോഴും വീട്ടിൽ കലഹമുണ്ടാക്കുന്നവനും ഞങ്ങളോടു് അങ്ങേയറ്റം ക്രൂരമായി പെരുമാറുന്നവനും ആണു്. അപ്പനെക്കൊണ്ടു് ഞങ്ങൾക്കു ശല്യമേയുള്ളൂ. അപ്പൻ വേഗം മരിച്ചുപോകണേ എന്നാണു് ഞങ്ങളുടെ ആഗ്രഹം. അപ്പോൾ ഞാനെങ്ങനെ അപ്പനായി ദൈവത്തെ കാണും?'

കുടുംബത്തിൽ ദൈവത്തെ കാണാനും അനുഭവിക്കാനും ഇടവരാതിരുന്ന ആ പാവം വിദ്യാർത്ഥിയെപ്പറ്റി ഞാൻ പലപ്പോഴും ഓർത്തിട്ടുണ്ടു്.

മാതാപിതാക്കന്മാരുടെ സ്നേഹത്തിലും കാരുണ്യത്തിലും കൂടി വേണം മക്കൾ ആദിപിതാവും നിത്യപിതാവും സത്യപിതാവും ആയ ദൈവത്തിന്റെ സ്നേഹം അറിയാൻ, അനുഭവിക്കാൻ.

മാതാപിതാക്കന്മാർ കുട്ടികളെ, 'മോനേ' 'മോളേ' എന്നു സ്നേഹപുരസ്സരം വിളിച്ചു് പിതാവായ ദൈവത്തിന്റെ വിളി പ്രതിധ്വനിപ്പിക്കുന്നിടത്തു്, മക്കൾ താമസിയാതെ, സ്നേഹപുരസ്സരം 'അമ്മേ' 'അപ്പാ' എന്നു വിളിച്ചു് പുത്രനായ ദൈവത്തിന്റെ വിളി പ്രതിധ്വനിപ്പിക്കും.

ഇങ്ങനെ പരസ്പരസ്നേഹത്തിലൂടെ ത്രിത്വൈകദൈവത്തിനു് ഇവിടെ സാക്ഷ്യം വഹിക്കുന്ന കുടുംബാംഗങ്ങൾക്കു്, ദൈവകൃപയാൽ, അവർ പ്രതിഫലിപ്പിച്ച യാഥാർത്ഥ്യത്തിന്റെ പൂർണ്ണിമയിലേയ്ക്കു കാലത്തിന്റെ തികവിൽ വളരാൻ ഇടയാകുന്നു. ○

malankaralibrary.com

6

വിശ്വാസപ്പൊരുത്തം കുടുംബത്തിൽ

പത്രത്തിലെത്തുന്ന വിവാഹപ്പരസ്യങ്ങളിൽ ഭ്രൂരിഭാഗവും ജാതകപ്പൊരുത്തം പരിഗണിക്കുന്നവയാണ്. അതുപോലെതന്നെ, ജാതിയും ഉപജാതിയും എടുത്തുപറയാറുണ്ട്. ശാസ്ത്രം പുരോഗമിച്ചിട്ടും വിദ്യാഭ്യാസനിലവാരമുയർന്നിട്ടും ഈ 'ജാതകശങ്ക' മാറാത്തതു് എന്തേ ? ജാതകമൊത്താൽ എല്ലാം ഒത്തു എന്നതിനു് തെളിവൊന്നുമില്ല. ശാസ്ത്രദൃഷ്ട്യാ ഇനിയും തെളിയിക്കപ്പെടേണ്ട ഒരു കാര്യമാണിതു്. എങ്കിലും അതിന്റെ പിന്നിലെ സങ്കല്പം ജീവിതവിജയത്തിനു് ദമ്പതികൾതമ്മിൽ പൊരുത്തം വേണം എന്ന ആശയമാണു്.

പെടികളും പക്ഷികളും മൃഗങ്ങളും മറ്റും പ്രകൃതിയോടിണങ്ങിച്ചേരുകയാണു്. മനുഷ്യനാകട്ടേ ഇണങ്ങിച്ചേരാനും പ്രകൃതിയെ ഇണക്കിച്ചേർക്കാനും കഴിയും. പ്രകൃതിയെ ഇണക്കിച്ചേർക്കാനുള്ള ശ്രമത്തിൽ ചില വികൃതികൾ കാണിച്ചു് മനുഷ്യൻ പരാജയപ്പെട്ടിട്ടുണ്ടെങ്കിലും, മാറിവരുന്ന സാഹചര്യങ്ങൾ പഠിക്കാനും നിയന്ത്രിക്കാനും അതിനോടിണങ്ങിച്ചേരാനുമുള്ള അവന്റെ കഴിവു് ആരും നിഷേധിക്കുന്നില്ല. എങ്കിൽപ്പിന്നെ, വിവാഹത്തിൽ പൊരുത്തത്തിന്റെ കാര്യംതേടി അലയണമോ

malankaralibrary.com

എന്നൊരു ചോദ്യമുണ്ട്. എന്തിനോടും പൊരുത്തപ്പെടാൻ മനുഷ്യനു കഴിയുമെന്നതു സത്യമാണു്. പക്ഷേ, അതിനുള്ള പ്രായോഗികബുദ്ധിമുട്ടുകളും സത്യമാണു്. 'മരിക്കാൻ ഞാനൊരുക്കമാണിനിക്കുവേണ്ടി' - എന്നുപറഞ്ഞാരംഭിക്കുന്നവർപോലും പ്രായോഗികപ്രശ്നങ്ങളെ നേരിടുന്ന കാര്യത്തിൽ പരാജയപ്പെടാറുണ്ടല്ലോ. ആത്മാവു് സന്നദ്ധമാണെങ്കിലും ശരീരം ബലഹീനമത്രേ. അതുകൊണ്ടു് മനുഷ്യനു് പൊരുത്തപ്പെടാൻ കഴിയുമെങ്കിലും അനായാസേന കിട്ടുന്ന പൊരുത്തം ജീവിതവിജയത്തിനു് അനുകൂലമായ സാഹചര്യമാണെന്നതിൽ തർക്കമില്ല.

ജീവിതം എന്നുമൊരു വെല്ലുവിളിയാണു്. വിവാഹത്തോടെ ഏറെറടുക്കുന്ന ചുമതലകളും ജീവിതഭാരംതന്നെയാണു്. സാമ്പത്തികവശം ഭദ്രമാക്കാൻ വേണ്ടിത്തന്നെ മരണംവരെ വെല്ലുവിളികളെ നേരിടേണ്ടവനാണു് മനുഷ്യൻ. അതുപോലെ മറ്റു് നൂറുനൂറുവെല്ലുവിളികളും. അവയെ നേരിടാൻ ഒരുമയുള്ള ഇണയും തുണയുമാണുവേണ്ടതു്. അവക്കു പൊരുത്തമുണ്ടെങ്കിൽ മുന്നിലുള്ള പ്രതിസന്ധിയെ നേരിടാൻ എളുപ്പമുണ്ടു്. അവർ തമ്മിൽ പൊരുത്തക്കേടാണെങ്കിലോ, അതുതന്നെയായിരിക്കും പ്രധാനപ്രശ്നം. മറ്റുപ്രശ്നങ്ങളെ ഈ പൊരുത്തക്കേടു് സങ്കീർണ്ണമാക്കുകയും ചെയ്യും. ഒരുജോടിക്കാളകളും ഒരുമിച്ചു വലിച്ചാൽ നുകം മുന്നോട്ടുപോകും. ജോടികളും ചേർന്നില്ലെങ്കിലോ, പ്രയത്നം കൂടുകയേ ഉള്ളൂ. ഒത്തുപിടിച്ചാൽ മലയും പോരും.

പൊരുത്തം എന്തിലെല്ലാം?

എല്ലാക്കാര്യങ്ങളിലും പൊരുത്തമുണ്ടാകുന്നതു് ആദർശപരമായി അഭിലഷണീയം. എങ്കിലും അതു പലപ്പോഴും സാധിക്കുകയില്ലല്ലോ. അതുകൊണ്ടു് സാധിക്കുന്നിടത്തോളം കാര്യങ്ങളിൽ പൊരുത്തമുണ്ടോഎന്നു തിരക്കുന്നതു്, വിവാഹാലോചനയിൽ കരണീയമാണു്.

പെണ്ണുകാണാൻ പോയവർ തിരിച്ചെത്തുമ്പോഴും വീട്ടിലിരിക്കുന്നവർ ആദ്യം ചോദിക്കുന്നതു് പെണ്ണും ചെറുക്കനും ചേരുമോ എന്നാണു്. പൊക്കവും വണ്ണവും നിറവും ചേരുമോ എന്നർത്ഥം. 'അവർ ഒന്നിച്ചു നടന്നുപോയാൽ ആങ്ങളയും പെങ്ങളുമാണെന്നേ പറയൂ' എന്നാണു് മറുപടിയെങ്കിൽ എല്ലാവർക്കും തൃപ്തിയായി. ഇതു ശാരീരികപ്പൊരുത്തം. കുടുംബപാര

malankaralibrary.com

സ്വര്യം പ്രധാനമാണെങ്കിലും ഇന്നതേ കാര്യമാക്കാത്തവരുണ്ട്. സാമ്പത്തികനിലവാരവും ജോലിയും പ്രധാനപ്പെട്ടതാണ്. പെണ്ണിനെപ്പോറ്റാൻ ആണിനു കഴിയണം. അല്ലെങ്കിൽ എന്തും പറഞ്ഞു് അവളെ അങ്ങിറക്കിവിടും! വിദ്യാഭ്യാസനിലവാരം നോക്കാറുണ്ട്. അതു് ആണിനോടൊപ്പംവേണ്ട. തൊട്ടതൊട്ടവന്നോട്ടെ. പക്ഷേ, താഴെനിന്നാൽമതിയെന്നാണു് കൂടുതൽപേരുടെയും അഭിമതം. അവൻ പറയുന്നതു് അവം കേട്ടിരുന്നാൽമതിയെന്നത്ഥം. പക്ഷേ, കേട്ടിരുന്നാൽ കുറച്ചെങ്കിലും മനസ്സിലാകണമല്ലോ. അതിനുള്ള വിദ്യാഭ്യാസം പെണ്ണിനുണ്ടാകണം. ഏതാണ്ടിതുയും പൊരുത്തം ഇന്നു് തിട്ടമാക്കാറുണ്ട്.

വിട്ടുകളയുന്നൊരിനമുണ്ടു്: മാനസികപ്പൊരുത്തം. ആശയം, മനോഭാവം, വിശ്വാസം എന്നിവയിലുള്ളപൊരുത്തം. ഇവയിൽ പൊരുത്തമുണ്ടോ എന്നു് കണ്ടുപിടിക്കാനുള്ള സാവകാശമോ സൗകര്യമോ നമുക്കിന്നില്ല. പെട്ടെന്നു് വന്നൊരുകാര്യം. ഒത്തെങ്കിൽ ഭാഗ്യം. പെട്ടെന്നുവന്നതല്ലെങ്കിലും, ഒന്നോരണ്ടോ കണ്ടിട്ടു് ഇഷ്ടമാണെന്നുപറയുന്ന രീതിയുള്ളിടത്തു് മാനസികപ്പൊരുത്തം അറിയാനൊക്കുന്നതെങ്ങനെ?

മറ്റുകാര്യങ്ങളിൽ പൊരുത്തമുണ്ടെങ്കിലും മാനസികപ്പൊരുത്തത്തിന്റെ അഭാവം ഇന്നു് ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാക്കുന്നുണ്ടു്. പണ്ടുള്ളവർ കാണാതെ കെട്ടിയിട്ടും കുഴപ്പമൊന്നുമുണ്ടായില്ലല്ലോ എന്നു പറയുന്നവരുണ്ടാകാം. പക്ഷേ, 'കണവനേ കൺകണ്ട ദൈവം' എന്ന ഭാവത്തോടെ ഭർത്താവു് എങ്ങനെയിരുന്നാലും എന്തായാലും സ്വീകരിക്കുന്ന ഭാര്യമാർ അന്നുണ്ടായിരുന്നു. അന്നത്തെ സംസ്ക്കാരം അതുപോലുള്ള ഭാര്യമാരെ സൃഷ്ടിച്ചുവിട്ടപ്പോഴും ഇന്നത്തെ മാറിയ സംസ്ക്കാരം ഭാര്യയുടെ നിർവ്വചനത്തിലും മാറ്റം വരുത്തിയിട്ടുണ്ടെന്നോർക്കണം. അതുകൊണ്ടു് ഇന്നത്തെ ദമ്പതികൾക്കു് മാനസികപ്പൊരുത്തമുണ്ടോ എന്നു് തിരക്കുക പ്രധാനപ്പെട്ട കാര്യം തന്നെ.

വിവാഹത്തിനുമുമ്പു് ദമ്പതികൾക്കു് ഏറെ സമ്പർക്കത്തിലേർപ്പെടാൻ സാധിക്കുന്ന സാഹചര്യങ്ങളിൽ മാനസികപ്പൊരുത്തവും കുറെയൊക്കെ കണ്ടുപിടിക്കാനാവും. നമ്മുടെ സംസ്ക്കാരത്തിനുചേരുന്ന രീതിയിൽ, ദമ്പതികളാകാനുള്ളവർക്കു്

malankaralibrary.com

ആശയവിനിമയംനടത്തി പരസ്പരം അറിയാനുള്ള അംഗീകൃതരീതികളും നാം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു, ഭാവിയിലെങ്കിലും.

വിശ്വാസജീവിതത്തിലെ പൊരുത്തക്കേടുകൾ വരുത്തുന്ന ബുദ്ധിമുട്ടുകൾ

വിശ്വാസജീവിതത്തിലെ പൊരുത്തക്കേടിന്റെ ഭവിഷ്യത്തുകളും അനുഭവിക്കുന്ന ചില കുടുംബങ്ങളുടെ ചിത്രം കാണണമോ?

(1) ഞായറാഴ്ചയും മറ്റു കടമുള്ള ദിവസങ്ങളിലും കൃത്യമായി ദിവ്യബലിയിൽ സംബന്ധിക്കണമെന്ന നിഷ്ഠയുള്ള ഭാര്യയും അതു് അനിഷ്ടമായിക്കരുതുന്ന ഭർത്താവും. എങ്കിലും അവർ ഒരുതരത്തിൽ ഒത്തുപോകുന്നു; അല്ല, ഒപ്പിക്കുന്നു. കുർബാനസമയത്തു് പള്ളിപ്പടിക്കൽ അവളെ ഇറക്കിവിട്ടിട്ടു് അയാൾ കാറിൽചാരിനിന്നു് കാറ്റുകൊള്ളും. കുർബാനകഴിഞ്ഞു് അവൾ വരുമ്പോൾ അവർ ഒരുമിച്ചു് സിനിമയ്ക്കുപോകും.

(2) മാതാപിതാക്കളും മക്കളുമൊരുമിച്ചു് നിത്യം കുടുംബപ്രാർത്ഥന നടത്തിയിരുന്ന കുടുംബത്തിലെ ഒരു പെൺകുട്ടി. അവൾ മറ്റുള്ളവരോടൊത്തു് പാട്ടുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പക്ഷേ, വിവാഹത്തിനുശേഷം അങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ല. ഭർത്താവിനു് അതിൽ വിശ്വാസമില്ല. അവൾ കുഞ്ഞുങ്ങളുമൊത്തു പ്രാർത്ഥിക്കും. അദ്ദേഹം അടുത്തമുറിയിലിരുന്നു് പത്രം വായിക്കും. അദ്ദേഹവുമൊത്തു് പ്രാർത്ഥിക്കാൻ അവൾക്കിന്നും കൊതിയാണു്. ഫലമണിയാത്ത ആഗ്രഹം!

(3) മൂത്തകുഞ്ഞിനു് വയസ്സു് പതിനഞ്ചായി. പത്താംതരത്തിൽ പഠിക്കുന്നു. ഇതുവരെ ആദ്യകുർബാനസ്വീകരണം നടത്തിയിട്ടില്ല. എല്ലാവർഷവും ഇടവകയിൽ ആഘോഷമായി കുട്ടികളുടെ ആദ്യകുർബാനസ്വീകരണം നടത്താറുണ്ടു്. അപ്പോഴൊക്കെ അവൾ പറയും: 'നമ്മുടെ കുഞ്ഞും പുത്തനുടുപ്പുംഷൂസുമണിഞ്ഞു് ആദ്യകുർബാന സ്വീകരിക്കാൻ പോകണ്ടയോ? നമുക്കു് അതിന്റെ ഒരു ഫോട്ടോയെടുക്കണ്ടേ? 'ഓ, നിന്റെയൊരാഗ്രഹം! അടുത്തവർഷമാകട്ടെ'. അങ്ങനെ വർഷങ്ങളും കടന്നുപോകുന്നു.

malankaralibrary.com

(4) കല്യാണം കഴിഞ്ഞു. ആരവമൊഴിഞ്ഞു. സ്വസ്ഥമായിരുന്നു് സമ്മാനപ്പൊതികളും പരിശോധിക്കുകയാണു് ദമ്പതികളും. ഓരോന്നുംകണ്ടു സന്തോഷിക്കുകയും റിമാർക്കു പറഞ്ഞു് പങ്കുവയ്ക്കുകയും ചെയ്യുന്നു. ഇടയ്ക്കൊരുപൊതി തുറന്നപ്പോൾ പി. ഒ. സി യുടെ സംപൂർണ്ണബൈബിൾ. കുരിശുകണ്ടു ചെകുത്താനെപ്പോലെ ഭർത്താവു വിറപൂണ്ടു. അവൾക്കൊരു ഞെട്ടൽ. തുടർന്നു് പല പൊട്ടലുകളും.

(5) സണ്ടേസ്കൂൾ ആനിവേഴ്സറികഴിഞ്ഞു് കുട്ടി കുതിച്ചെത്തി. ക്ലാസ്സിൽ ഒന്നാംസ്ഥാനത്തെത്തിയതിനു് കിട്ടിയ സമ്മാനം പൊക്കിപ്പിടിച്ചുകൊണ്ടു്. അമ്മച്ചി അവളെ വാരിയെടുത്തു. അപ്പച്ചന്റെ അടുത്തേയ്ക്കോടി. അപ്പച്ചൻ അതു വാങ്ങിച്ചുനോക്കി. പ്രസന്നമായിരുന്ന മുഖം മങ്ങി. അദ്ദേഹം പറഞ്ഞു: 'ഓ, ഇതാർക്കുവേണം? നിനക്കു് S S L C സ്റ്റു് ഫസ്റ്റു നേടാമോ? ഞാനും ഒരു സമ്മാനം തരാം.'

ഏറെ വിശ്വാസമുള്ള ഭാര്യയും തീരെ വിശ്വാസമില്ലാത്ത ഭർത്താവും. മറിച്ചും സംഭവിക്കാറുണ്ടു്. മുകളിൽ എടുത്തുപറഞ്ഞ കുടുംബങ്ങളിൽ പ്രത്യക്ഷത്തിൽ വലിയ പ്രശ്നമൊന്നുമില്ല. സമൂഹത്തിൽ മാന്യത നിലനിർത്തിപ്പോകുന്നവരാണവരെല്ലാം. പക്ഷേ, അകത്തിരുന്നു നീറുന്ന ഹൃദയങ്ങളുണ്ടു്. വിശ്വാസത്തിലെ പൊരുത്തക്കേടു് നിത്യനഷ്ടമായിക്കാണുന്ന നല്ല കുടുംബിനികളും തങ്ങളുടെ മാനസികസംഘർഷം കടിച്ചുറക്കുകയാണു്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം വിശ്വാസത്തിന്റെ തലത്തിലേ സുദൃഢമാവുകയുള്ളൂ.

മിശ്രവിവാഹങ്ങൾ

വിശ്വാസപ്പൊരുത്തം ഒട്ടുമില്ലാത്തവയാണു മിശ്രവിവാഹങ്ങളും. മിശ്രവിവാഹം എന്ന പദം പല അർത്ഥത്തിലുപയോഗിക്കപ്പെടുന്നുണ്ടു്. ദമ്പതികളും തമ്മിൽ വിശ്വാസത്തിൽ അന്തരമുള്ള എല്ലാത്തരം വിവാഹങ്ങളുമാണു് ഇവിടെ മിശ്രവിവാഹം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്.

ഭിന്നജാതിക്കാർ തമ്മിലുള്ള വിവാഹം

(Inter–caste Marrige)

അന്യജാതിക്കാരുമായി നടന്ന വിവാഹങ്ങളെക്കുറിച്ചു് നടന്ന ഗവേഷണപഠനങ്ങളുടെ ചില നിഗമനങ്ങളും ഇവിടെ

malankaralibrary.com

ചേർക്കുന്നു: ജാത്യന്തരം മൂലം കുടുംബത്തിലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഏറെയാണു്. ജപ്പാൻകാരുടെയിടയിൽ നടന്ന ഒരു പഠനത്തിൽ ഭിന്നജാതികൾ തമ്മിലുള്ള വിവാഹങ്ങളിൽ മാതാപിതാക്കളുടേയും ബന്ധുജനങ്ങളുടേയും എതിർപ്പു് ഗൗരവമായ പ്രശ്നം ദമ്പതികൾക്കു് ഉണ്ടാക്കിയതായിപ്പായുന്നു. (C. J. Schnepp and Masatio yui, Cultural and Marital Adjustment of Japanese War Brides, American Journal of Sociology, vol. 6) വെള്ളക്കാരും നീഗ്രോകളും തമ്മിൽ നടന്ന വിവാഹങ്ങളാണു് ജോസഫ് ഗോൾഡൻ പഠിച്ചതു്. ഇത്തരം വിവാഹങ്ങളിലെ ദമ്പതികൾ സഹിക്കേണ്ടിവന്ന ഒറ്റപ്പെടലിന്റെ കഥ കരളലിയിക്കുന്നതാണു്. (Joseph Golden, Patterns of Negro-White Inter-Marriage, American Journal of Sociology, Vol. 19) വിവിധ മതക്കാർ തമ്മിലുള്ള വിവാഹങ്ങളെ അപഗ്രഥിച്ച ജസ്റ്റിൻ ടി ലാൻഡിസ് ദമ്പതികൾക്കു് വിശ്വാസജീവിതത്തിൽ നേരിടേണ്ടിവന്ന ഗുരുതരമായ പ്രശ്നങ്ങൾ വണ്ണിക്കുന്നു, (Juston T. Landis, Marriage of mixed religious faith, American Journal of Sociology, Vol. 14) കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ നടന്നിട്ടുള്ള വിവാഹങ്ങളും പഠനവിധേയമായിട്ടുണ്ടു്. വിവാഹത്തിനു മുമ്പുതന്നെ വിശ്വാസത്തിന്റെ കാര്യങ്ങളെക്കുറിച്ചു് ദമ്പതികൾ ചർച്ച നടത്തുകയും യോജിപ്പിലെത്തുകയും ചെയ്തിരുന്നു. എന്നിട്ടും കാലം കഴിഞ്ഞപ്പോൾ അവയിൽ പലതും വിശ്വാസത്തകർച്ചയിലെത്തി. തന്നെയുമല്ല, ആ കുടുംബങ്ങളിൽ പിറന്ന കുഞ്ഞുങ്ങൾക്കാണു് ഏറ്റവുമധികം മാനസികസംഘർഷം നേരിടേണ്ടിവന്നതു്. 325 മിശ്രവിവാഹങ്ങൾ പഠിച്ചു് റേ ബേബർ ചൂണ്ടിക്കാട്ടുന്ന ഈ കാര്യങ്ങൾ പൊടുന്നനെ തള്ളിക്കളയാൻ പറ്റില്ല. (Ray Baber, A study of 325 Mixed Marriages, American Journal of Sociology, Vol. 2.)

ഇൻഡ്യയിൽ ആദ്യമായി മിശ്രവിവാഹങ്ങളെക്കുറിച്ചു ഗവേഷണം നടത്തിയതു് സി. റ്റി. കണ്ണനാണു്. 200 ദമ്പതികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം, ബോംബേ യൂണിവേഴ്സിറ്റിയിലെ പ്രസിദ്ധ സാമൂഹ്യശാസ്ത്രജ്ഞനായിരുന്ന പ്രൊഫ. കപ്പാഡിയാ (K. M. Kapadia) യുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ Ph. D. പ്രബന്ധമാണു്. അവരിൽ ഭൂരി

malankaralibrary.com

ഭാഗം ദമ്പതികളും സങ്കീർണ്ണസ്വഭാവമുള്ള പ്രശ്നങ്ങളെ നേരിടേണ്ടതായി വന്നു. (C. T. Kannan, Inter-caste and Inter-Community Marriages in India, Allied Publishers, 1963)

മുകളിൽ പരാമർശിച്ച പഠനങ്ങളിൽ തെളിയുന്ന ശ്രദ്ധേയമായൊരു കാര്യമുണ്ട്. അക്രൈസ്തവരുടെയിടയിൽ നടന്ന വിവാഹങ്ങളിൽപ്പോലും വിശ്വാസവിഷയകമായ അന്തരം ഗൗരവമുള്ള പ്രശ്നങ്ങളാണ് ഉളവാക്കിയതു്. എങ്കിൽ, വിശ്വാസസംരക്ഷണത്തിനു് എന്തുവിലയും കൊടുക്കണം–വേണ്ടിവന്നാൽ ജീവനും–എന്നു വിശ്വസിക്കുന്ന കത്തോലിക്കർ മറുമതവിഭാഗക്കാരുമായി വിവാഹബന്ധത്തിലേർപ്പെട്ടാൽ ഉണ്ടാകാവുന്ന ജീവിതത്തകർച്ച എത്ര ഭയാനകമായിരിക്കും! ഈ വസ്തുത വേണ്ടരീതിയിൽ പരിഗണിച്ചുകൊണ്ടാണു സഭാമാതാവു് മറുമത വിഭാഗങ്ങളുമായുള്ള വിവാഹങ്ങളും കർശനമായി വിലക്കിയിരിക്കുന്നതു്.

വിലക്കപ്പെട്ട വിഭാഗങ്ങൾ

തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനതയ്ക്കു വിവാഹം സംബന്ധിച്ചു ദൈവം പ്രത്യേക നിർദ്ദേശങ്ങളും നൽകിയിരുന്നു. അവരുടെ വിശ്വാസത്തിനു് കേടുവരാതിരിക്കാൻ അവിശ്വാസികളും വിഗ്രഹാരാധകരുമായി വിവാഹബന്ധത്തിലേർപ്പെടരുതെന്നു ദൈവം കല്പിച്ചിരുന്നു. 'അവരുമായി വിവാഹബന്ധത്തിലേർപ്പെടരുതു്. നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കുകയോ അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്രന്മാർക്കുവേണ്ടി സ്വീകരിക്കുകയോ ചെയ്യരുതു്. എന്തെന്നാൽ മറു ദേവന്മാരെ സേവിക്കാനായി നിങ്ങളുടെ മക്കളെ എന്നിൽനിന്നു് അവർ അകറ്റിക്കളയും.' (നിയ. 7: 3–4). 'നിങ്ങളും അവിശ്വാസികളുമായി കൂട്ടുകൂടരു'തെന്നു് പൗലോസ് ശ്ലീഹാ കൊറീന്ത്യരെ ഉപദേശിക്കുന്നതും ഈ കാരണം കൊണ്ടുതന്നെയാണല്ലോ (2. കൊറി. 6:14). വിവാഹബന്ധത്തിലേർപ്പെടാൻ കത്തോലിക്കാസഭ അനുവദിക്കാത്ത ഗണങ്ങളും താഴെപ്പറയുന്നവയാണു്.

1. **അക്രൈസ്തവർ:** അക്രൈസ്തവരുമായി വിവാഹബന്ധത്തിലേർപ്പെട്ടാൽ കത്തോലിക്കരുടെ വിശ്വാസം അപകടത്തിലാകാനുള്ള എല്ലാ സാധ്യതയുമുണ്ടു്. അതുകൊണ്ടു് അക്രൈസ്തവരുമായി വിവാഹം നടത്തരുതു് എന്ന സഭയുടെ കല്പന

malankaralibrary.com

ദൈവികനിയമത്തിൽ അടിസ്ഥാനമുറപ്പിച്ചതാണ്. ആദ്യ നൂറ്റാണ്ടുകളിൽ പരമ്പരാഗതമായ നടപടിക്രമം മാത്രമായിരുന്ന ഈ വ്യവസ്ഥ ഇരുപതാംനൂറ്റാണ്ടിലാണ് ലിഖിതനിയമമായിത്തീർന്നത്. 'തിരുസ്സഭയിൽ ഒരു വിവാഹ നിരോധനതടസ്സമായി (Prohibitive Impediment) നിലനിന്നു പോന്ന പരമ്പരാഗതമായ സമ്പ്രദായം ലിഖിതനിയമത്തിലൂടെ വിവാഹത്തെ അസാധുവാക്കുന്ന ഒരു തടസ്സമായി (Diriment Impediment) നിർണ്ണയം ചെയ്യപ്പെടുകയാണുണ്ടായത്. ലത്തീൻ സഭയിൽ 1917-ലും പൗരസ്ത്യസഭകളിൽ 1949-ലും അതതു നിയമസംഹിതകളിലൂടെ, മതവ്യത്യാസം വിവാഹത്തെ അസാധുവാക്കുന്ന ഒരു തടസ്സമായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. വിവാഹമെന്ന ദൈവശയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് ക്രൈസ്തവദമ്പതിമാരിൽ നിന്നും വിശ്വാസത്തകർച്ചയുടെ ഭവിഷ്യത്തുകളും ഒഴിവാക്കുന്നതിനും സന്താനങ്ങളെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനു തടസ്സമായി നിൽക്കാവുന്ന സാഹചര്യങ്ങളെ ഒഴിവാക്കുന്നതിനും വേണ്ടിയാണ് മേല്പറഞ്ഞ നിയമം വിഭാവനം ചെയ്യപ്പെട്ടതു.' (ഡോ. ജോസഫ് വടക്കഞ്ചേരി, വിവാഹം-കാനോൻ നിയമത്തിലും സഭാകോടതികളിലും. 1984, P. 71)

എങ്കിലും വളരെ ഗൗരവമുള്ള കാരണങ്ങളുണ്ടെങ്കിൽ ഈ വിലക്കിൽനിന്നും വിടുതൽകൊടുക്കാറുണ്ട്. കത്തോലിക്കാ പ്പങ്കാളിയുടെ വിശ്വാസത്തിനു കോട്ടം വരുത്തുകില്ലെന്നും ജനിക്കുന്ന കുഞ്ഞുങ്ങളെ കത്തോലിക്കാവിശ്വാസത്തിൽ വളർത്താമെന്നും രേഖാമൂലമുള്ള ഉറപ്പുവാങ്ങിക്കൊണ്ടാണ് ഈ പ്രത്യേകാനുമതി നൽകാറുള്ളതു.(C I C : Can. 1086, 1125, 1126; Revised Draft: Can. 140 bis: Can. 149; Can 149 bis.)

2. അകത്തോലിക്കർ: ക്രിസ്ത്യാനികളെങ്കിലും പാഷണ്ഡതമൂലമോ ശീശ്മമൂലമോ കത്തോലിക്കാസഭയിൽ നിന്നു വേർപെട്ടു നിൽക്കുന്നവരെയാണ് അകത്തോലിക്കർ എന്ന പദംകൊണ്ട് വിവക്ഷിക്കുക. അകത്തോലിക്കരുമായുള്ള വിവാഹം നിയമംമൂലം വിലക്കിയതു A. D 306 ലെ എൽവീരസൂനഹദോസിന്റെ 16-ാമത്തെ കാനോനയാണ്. പാഷണ്ഡതയെ ചെറുക്കുന്നതിനും അതിന്റെ ഭവിഷ്യത്തുകളും കത്തോ

malankaralibrary.com

ലിക്കാദമ്പതികളിൽ നിന്നു് അകറ്റുന്നതിനുംവേണ്ടി പുറപ്പെടുവിച്ചതായിരുന്ന മേല്പറഞ്ഞ നിയമം. പിൽക്കാലങ്ങളിൽ സഭയിൽ നടന്നിട്ടുള്ള മിക്ക കൗൺസിലുകളും പ്രസ്തുത നിരോധനത്തെ ആവർത്തിച്ചു സ്ഥിരീകരിച്ചിട്ടുണ്ടു്. അകത്തോലിക്കരുമായുള്ള വിവാഹം വിലക്കുന്നതിനുള്ള കാരണവും കത്തോലിക്കാപ്പങ്കാളിയുടെ വിശ്വാസസംരക്ഷണം തന്നെയാണു്. ഗൗരവമുള്ള കാരണങ്ങളുള്ളപ്പോഴും സഭ ഈ വിലക്കിൽനിന്നും മോചനം കൊടുക്കാറുണ്ടു്. അതിനുള്ള നിബന്ധനകളും, അന്യമതക്കാരുമായുള്ള വിവാഹത്തിനു നൽകിയിരിക്കുന്നവ തന്നെയാണു്. (Revised Draft. Can 149; cic: Can 1125).

3. മതനിഷേധികൾ: മറ്റു മതങ്ങളിൽ ചേരാതെ തന്നെ, സത്യവിശ്വാസം പരസ്യമായി ത്യജിച്ചിട്ടുള്ളവരാണു് മതനിഷേധികളും. യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരും യുക്തിവാദികളും ഈ അർത്ഥത്തിൽ മതനിഷേധികളാണു്. ഇവരുമായുള്ള വിവാഹം വിലക്കുന്നതിനുള്ള കാരണങ്ങളും പ്രത്യേകസാഹചര്യത്തിൽ നടത്തുന്നതിനുള്ള നിബന്ധനകളും മുകളിൽ പറഞ്ഞവതന്നെ.

4. മഹറോൻശിക്ഷയിൽപ്പെട്ടവർ. സഭയുമായുള്ള അനുരഞ്ജനം മുമ്പ്:പൂർവ്വം നിരാകരിച്ചുകൊണ്ടു ജീവിക്കുന്ന മഹറോൻശിക്ഷയിൽപ്പെട്ടവരുമായി കത്തോലിക്കർ വിവാഹം നടത്താൻ പാടില്ല. ഗൗരവമേറിയ കാരണങ്ങളുണ്ടെങ്കിൽ അത്യാവശ്യസന്ദർഭങ്ങളിൽ മേലദ്ധ്യക്ഷന്റെ അനുമതിയോടുകൂടിമാത്രമേ പ്രസ്തുത വിവാഹം നടത്താവൂ എന്നാണു് സഭാനിയമം. (Can. 56 CA: cic; Can. 1071)

മേല്പറഞ്ഞ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവാദം വാങ്ങി വിലക്കപ്പെട്ട ആളുകളുമായി വിവാഹത്തിലേർപ്പെടുന്ന കത്തോലിക്കാദമ്പതികൾക്കു് തങ്ങൾ സഭാസമക്ഷം കൊടുത്തിട്ടുള്ള ഉറപ്പു പാലിക്കാൻ ഗൗരവാവഹമായ കടമയുണ്ടു്. വാഗ്ദാനം ലംഘിച്ചുകൊണ്ടു് സന്താനങ്ങളെ അകത്തോലിക്കാവിശ്വാസത്തിൽ വളർത്തുന്നതു് ശിക്ഷാർഹമായ കുറ്റമാണു്. (cic: Can. 1366)

ഉപസംഹാരം: വിവാഹജീവിതത്തിന്റെ വിജയത്തിനു വിശ്വാസപ്പൊരുത്തം ആവശ്യമാണെന്ന കാര്യത്തിൽ സാമൂഹ്യശാസ്ത്രവും ദൈവശാസ്ത്രവും യോജിക്കുന്ന പ്രത്യേക പ്രതിഭാസമാണു നാമിവിടെ കാണുക. തികച്ചും ശാസ്ത്രീയമായ സമീപ

malankaralibrary.com

നവും പഠനരീതികളും (Methodology) സ്വീകരിക്കുന്ന സാമൂഹ്യശാസ്ത്രം വസ്തുതകളെ വിശദീകരിക്കുകയും അപ്പാടെ അവതരിപ്പിക്കുകയും ചെയ്യുന്നു. ദൈവശാസ്ത്രമാവട്ടെ, ദൈവത്തിലുള്ള വിശ്വാസത്തെ അടിസ്ഥാനപ്രമാണമാക്കിക്കൊണ്ട് വസ്തുതകളെ വിലയിരുത്തുന്നു. ദമ്പതികളുടെ വിശ്വാസത്തിലുള്ള പൊരുത്തക്കേടുകൾ കുടുംബജീവിതത്തെ തകർക്കുന്നുവെന്നും രണ്ടു ശാസ്ത്രങ്ങളും സന്ന്യായം പ്രഖ്യാപിക്കുന്നു.

ചില സാമൂഹ്യശാസ്ത്രജ്ഞർ സമൂഹത്തിന്റെ കെട്ടുറപ്പിനും ഭദ്രതയ്ക്കും മിശ്രവിവാഹങ്ങളും നല്ലതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ജാതികളും തമ്മിലുള്ള ഛിദ്രം കുറയാനും സമൂഹത്തിൽ ഐക്യം വളരാനും അവ നല്ലതാണെന്നു അവർ കരുതി. ഈ നിർദ്ദേശം ഔദ്യോഗികനയമാക്കുകയും, മിശ്രവിവാഹം നടത്തുന്നവർക്കു പാരിതോഷികങ്ങളും നൽകുകയും ചെയ്യുന്ന ഗവർമ്മെൻറുകളുണ്ട്. പക്ഷേ, ആദർശത്തിന്റെ പിൻബലത്തിൽ നടന്ന മിശ്രവിവാഹങ്ങളിൽ ഭൂരിഭാഗവും പരാജയപ്പെട്ടുവെന്ന വസ്തുനിഷ്ഠമായ സാമൂഹ്യശാസ്ത്രപഠനങ്ങളും തന്നെ ചൂണ്ടിക്കാട്ടുന്നു. ആദർശവും യാഥാർത്ഥ്യവും ഇനിയും അകലെ നിൽക്കുന്നുവെന്നതാണ് അതിനു കാരണം, ആദർശങ്ങളും പ്രായോഗികമാകാൻ കാലതാമസമുണ്ടാകും; കുറെ മിശ്രവിവാഹങ്ങളും നടന്നാലേ അവ ഇന്നു നേരിടുന്ന പ്രതിസന്ധികളെ മാറിക്കിട്ടുകയുള്ളൂ എന്നു വിശ്വസിക്കുന്നവരുണ്ട്. പക്ഷേ, ഗൗരവാവഹമായ ഒരു പ്രശ്നം ഇതിൽ അന്തർഭവിക്കുന്നു. പരീക്ഷണാർത്ഥം വലിച്ചെറിയാനുള്ളതാണോ കുടുംബം? അകലെ നിൽക്കുന്ന നല്ലൊരാദർശം അടുത്തുവരുമെന്നുള്ള ശുഭപ്രതീക്ഷയോടെയാണെങ്കിലും, ഒരു വിവാഹംപോലും തകരാൻ അനുവദിക്കാമോ? ഇക്കാരണത്താലാണ് വിശ്വാസത്തിൽ അന്തരമുള്ള മതവിഭാഗക്കാരുമായുള്ളവിവാഹം സഭ വിലക്കിയിരിക്കുന്നതു്.

ഏകൃുമേനിസത്തിന്റെ പേരിൽ (അതിന്റെ ശരിയായ അർത്ഥം ഗ്രഹിക്കാതെ!) ആരുമായും ഇന്നു വിവാഹമാകാം എന്നു കരുതുകയും അതു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. പക്ഷേ, കുറേ വർഷം കഴിയുമ്പോൾ അത്തരം കുടുംബങ്ങൾ എവിടെച്ചെന്നെത്തുന്നുവെന്നു് ഇവരാരും അന്വേഷിക്കാറില്ല. സാമൂഹ്യശാസ്ത്രം കാണിച്ചുതരുന്ന നഗ്നസത്യം എങ്ങിനെ തള്ളിക്കളയാനൊക്കും?

malankaralibrary.com

ഭാഗം രണ്ടു്

കുടുംബത്തിന്റെ ആദ്ധ്യാത്മികത

malankaralibrary.com

1

വചനം: കുടുംബത്തിൽ

ബൈബിൾ-ദൈവത്തിന്റെ വചനം

മനുഷ്യഭാഷയിൽ അവതരിച്ച ദൈവവചനമാണ് ബൈബിൾ. മനുഷ്യരൂപത്തിൽ അവതരിച്ച ദൈവവചനമാണ് ക്രിസ്തു. ക്രിസ്തുവിലൂടെയും, ക്രിസ്തുവിനുമുമ്പും പിമ്പുമുള്ള ദൈവത്തിന്റെ വക്താക്കളിലൂടെയും ദൈവം മനുഷ്യനോട് സംസാരിച്ചു. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു.' (ഹെബ്രാ, 1:1-2) അങ്ങനെ മനുഷ്യനുമായി സംസാരിച്ച് ദൈവം അവനുമായി ബന്ധപ്പെട്ടു. ദൈവം തന്റെ സ്നേഹത്തിലേയ്ക്കു മനുഷ്യനെ വിളിക്കുന്നതിന്റെ പ്രകാശനമാണ് ദൈവത്തിന്റെ വചനം. ആ വിളിയുടേയും അതിനു മനുഷ്യൻ നൽകിയ പ്രത്യുത്തരത്തിന്റേയും മനോഹര ചരിത്രമാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്.

malankaralibrary.com

ദൈവവചനവും കുടുംബവും

പ്രപഞ്ചത്തിന്റേയും പ്രപഞ്ചത്തിന്റെ മകുടമായ മനുഷ്യന്റേയും ഉദ്ഭവം ദൈവവചനത്തിൽ നിന്നാണ്. വി. യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷം ആരംഭിക്കുന്നതു് ഇപ്രകാരമാണ്: 'ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല.' (യോഹ. 1:1-3) ദൈവത്തിന്റെ വചനം പ്രവർത്തനനിരതമായപ്പോൾ ഈ പ്രപഞ്ചവും അതിലെ സർവ്വചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഉൽപത്തിപ്പുസ്തകം 1-ാം അദ്ധ്യായത്തിൽ പ്രപഞ്ചസൃഷ്ടി വിവരിക്കുന്നുണ്ട്. 'ദൈവം അരുളിച്ചെയ്തു: വെളിച്ചമുണ്ടാകട്ടെ. വെളിച്ചമുണ്ടായി.' (ഉൽപ. 1:3). ദൈവത്തിന്റെ വചനത്തിന്റെ ശക്തിയാൽ പ്രപഞ്ചവസ്തുക്കളോരോന്നും സൃഷ്ടിക്കപ്പെടുന്നതു് തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യനെ ദൈവം കുടുംബമായി സൃഷ്ടിച്ചു. 'അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; അവിടുന്ന് സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. 'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ' (ഉൽപ. 1:27-28) കുടുംബത്തിന്റെ ഉദ്ഭവം ദൈവവചനത്തിലാണ്. കുടുംബപശ്ചാത്തലത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ജീവിത മാനദണ്ഡം ദൈവത്തിന്റെ വചനമാണ്. ആ വചനത്തെ ജീവിതമാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ജീവിക്കുവാൻ ദൈവം മനുഷ്യനു് കല്പനയും നൽകി. 'എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുതു്; തിന്നുന്നദിവസം നീ മരിക്കും' (ഉൽപ. 2:17) എന്നു കല്പിച്ചുകൊണ്ട് ദൈവത്തിന്റെ വചനം മനുഷ്യനു് ജീവിതമാനദണ്ഡമായി നൽകപ്പെട്ടു. എന്നാൽ മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ചു. അതിന്റെ ഫലമായി അവൻ മരിച്ചു-ദൈവത്തിൽ നിന്നു് അകന്നു. വീണ്ടും മനുഷ്യനെ രക്ഷിക്കുവാൻ-അവനെ തന്റെ ജീവനിൽ പങ്കാളിയാക്കുവാൻ ദൈവം തന്റെ വചനത്തിലൂടെ ചരിത്രത്തിലേയ്ക്കു കടന്നുവന്നു. വചനം മാംസമായ

malankaralibrary.com

ക്രിസ്തുവിലൂടെ രക്ഷാകർമ്മം പൂർത്തിയാക്കി (യോഹ. 1:14). അതുകൊണ്ട് വചനം സ്വീകരിച്ച മനുഷ്യനാണ് രക്ഷിക്കപ്പെട്ട മനുഷ്യൻ—ജീവിക്കുന്ന മനുഷ്യൻ.

ബൈബിൾപ്രതിഷ്ഠ ദൈവവചനത്തിൽ നിന്നും ജന്മംകൊണ്ട, ദൈവവചനത്താൽ രക്ഷിക്കപ്പെടേണ്ട മനുഷ്യന്റെ ഉദ്ഭവത്തിന്റേയും വളർച്ചയുടേയും വേദി കുടുംബമാണ്. അതുകൊണ്ട് വചനത്തിനും കുടുംബത്തിൽ വളരെ വലുതായ ഒരു സ്ഥാനമുണ്ട്. കുടുംബത്തോടുള്ള വചനത്തിന്റെ ബന്ധം കാണിക്കുവാൻ-മനുഷ്യജീവിതത്തിൽ വചനത്തിനുള്ള പ്രാധാന്യം കാണിക്കുവാൻ കുടുംബങ്ങളിൽ ബൈബിൾപ്രതിഷ്ഠ ഉചിതമാണ്. കുടുംബത്തിൽ മുഖ്യസ്ഥാനത്തു് ബൈബിൾ പ്രതിഷ്ഠിക്കുന്നതു്, കുടുംബാംഗങ്ങളിൽ ബൈബിളിനോടു് ആദരവും ആഭിമുഖ്യവും വളർത്തുന്നതിനുപകരിക്കും. കുഞ്ഞുങ്ങളുടെ വളർച്ചയുടെ കാലഘട്ടത്തിൽ കുടുംബത്തിൽ ഈശോയുടേയും മാതാവിന്റേയും വിശുദ്ധരുടേയും തിരുസ്വരൂപങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നതുകണ്ടു് ആദരവു വർദ്ധിക്കുന്നതുപോലെ, ബൈബിൾ പ്രതിഷ്ഠിക്കുകവഴി കുഞ്ഞുങ്ങളിൽ ബൈബിളിനോടു് ആഭിമുഖ്യവും ആദരവും വളർത്തിയെടുക്കുവാൻ കഴിയും. ബൈബിൾ ഇങ്ങനെ പ്രതിഷ്ഠിച്ചതുകൊണ്ട മാത്രമായില്ല, അതു പൂജ്യമായി കൈകാര്യംചെയ്യുകകൂടിവേണം.

വചനത്തിന്റെ പരിവർത്തനാത്മക ശക്തി

'ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുണ്; ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും, ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും നിയോഗങ്ങളേയും വിവേചിക്കുന്നതുമാണ്.' (ഹെബ്രാ. 4:12) മനുഷ്യന്റെ ജീവിതത്തിൽ ദൈവികമായ പരിവർത്തനം ഉളവാക്കാൻ പോരുന്നതാണ് ദൈവവചനം. വചനത്തിലൂടെ ദൈവം മനുഷ്യജീവിതത്തിലേക്കു കടന്നുവരികയും മനുഷ്യനിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ജറമിയാസ് പ്രവാചകൻ ഇപ്രകാരം പറയുന്നു: 'എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടംപോലെയുമല്ലേ?— കർത്താവു ചോദിക്കുന്നു' (ജറമി. 23:29). കൊല്ലൻ

malankaralibrary.com

ആലയിൽ ഇരുന്നു പഴഞ്ചിച്ചു് ശുദ്ധിചെയ്തു് മനോധർമ്മമനു സരിച്ചു രൂപപ്പെടുത്തുന്നതുപോലെ ദൈവവചനമാകുന്ന അഗ്നി മനുഷ്യജീവിതത്തെ ശുദ്ധിചെയ്തു് ദൈവഹിതമനുസരിച്ചു് രൂപപ്പെടുത്തുന്നു. പാറയെ തകർക്കുന്ന കൂടമാണു് ദൈവവചനം. ഏതു ശിലാഹൃദയത്തെയും ദൈവത്തിനനുസൃതമായി മാംസളഹൃദയമായി രൂപപ്പെടുത്തിയെടുക്കുവാനുള്ള ശക്തി ദൈവവചനത്തിനുണ്ടു്. സുവിശേഷങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: 'എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണു്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും'. (യോഹ. 8: 31-32). ദൈവത്തിന്റെ വചനമാണു് സത്യം (യോഹ. 17:17). ആ വചനത്തിനു് മനുഷ്യനെ പാപബന്ധനങ്ങളിൽ നിന്നു മോചിപ്പിച്ചു് സ്വതന്ത്രനാക്കി അവനിൽ പരിവർത്തനം വരുത്തുന്നതിനുള്ള ശക്തിയുണ്ടു്. മനുഷ്യനിൽ പരിവർത്തനം വരുത്തി അവനെ വിശുദ്ധീകരിച്ചു് ദൈവത്തിനു പ്രിയപ്പെട്ടവനാക്കിമാറ്റുവാനുള്ള ഈ ശക്തി ദൈവത്തിന്റേതാണു്. 'ഞാൻ നിങ്ങളോടുപറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു' (യോഹ. 15:3) എന്നു് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. 'ശുദ്ധിയുള്ളവരാകുക', 'വിശുദ്ധീകരിക്കുക' എന്നൊക്കെപ്പറഞ്ഞാൽ ദൈവത്തിനായി മാറ്റിവയ്ക്കപ്പെടുക, ദൈവത്തിനു പ്രിയപ്പെട്ടവരായിത്തീരുക എന്നൊക്കെയാണർത്ഥം. ദൈവത്തിന്റെ വചനം മനുഷ്യനിൽ പരിവർത്തനം വരുത്തി അവനെ ദൈവത്തിനു് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു.

പ്രലോഭനങ്ങളെ ജയിക്കുന്നതിനുള്ള ശക്തി

ക്രിസ്തീയജീവിതത്തെ ആത്മീയസമരത്തോടാണു് വി. പൗലോസ് അപ്പസ്തോലൻ ഉപമിച്ചിരിക്കുന്നതു്. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിച്ചു് ഒരു ആത്മീയപടയൊരുക്കം നടത്തുവാൻ വി. ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. സത്യം കൊണ്ടു് അരമുറുക്കി, നീതിയുടെ കവചം ധരിക്കണം. സമാധാനസുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകളും ധരിക്കണം. വിശ്വാസത്തിന്റെ പരിച എടുക്കുകയും, രക്ഷയുടെ പടത്തൊപ്പി അണിയുകയും വേണം. അവസാനമായി ദൈവവച

malankaralibrary.com

നമാകുന്ന ആത്മാവിന്റെ വാൾ എടുക്കണമെന്നു് അപ്പസ്തോലൻ ആവശ്യപ്പെടുന്നു (എഫേ. 6: 10–17). എന്തൊക്കെ പടയൊരുക്കങ്ങളും നടത്തിയാലും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുത്തില്ലെങ്കിൽ ഈ സമരത്തിൽ പരാജയപ്പെടുകയേയുള്ളൂ. ആദ്ധ്യാത്മികജീവിതത്തിൽ ശത്രുവിനെതിരായി പടവെട്ടി മുന്നേറുവാൻ ദൈവവചനം ആവശ്യമാണു്. മനുഷ്യരൂപത്തിൽ അവതരിച്ച ദൈവവചനമായ ക്രിസ്തു പ്രലോഭനങ്ങളെ ജയിച്ചതു് വചനത്തിലൂടെയായിരുന്നു. വി. ഗ്രന്ഥത്തിൽ നിന്നും ദൈവവചനം ഉദ്ധരിച്ചു് പ്രലോഭനങ്ങളെ ജയിക്കുന്ന ക്രിസ്തുവിനെ വി. മത്തായി അവതരിപ്പിക്കുന്നു (മത്താ. 4: 4–10). പ്രലോഭകനോടുള്ള ക്രിസ്തുവിന്റെ പ്രതികരണം നോക്കൂ: 'മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നുപുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു് ജീവിക്കുന്നതു് എന്നെഴുതപ്പെട്ടിരിക്കുന്നു.' (മത്താ. 4:4). എഴുതപ്പെട്ടിരിക്കുന്ന ദൈവവചനത്തിനു്, മനുഷ്യനെ ആത്മീയപോരാട്ടത്തിൽ വിജയിയാക്കുന്നതിനുള്ള ശക്തിയുണ്ടു്.

വചനം -ജീവന്റെ അപ്പം

ദൈവികജീവനിലുള്ള വളർച്ചയുടെ പോഷണമാണു് വചനം. വി. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: 'ഞാൻ വന്നിരിക്കുന്നതു് അവർക്കു ജീവനുണ്ടാകുവാനും അതു് സമൃദ്ധമായി ഉണ്ടാകാനുമാണു്' (യോഹ. 10:10). ആ ജീവനു് പോഷകമായിത്തീരേണ്ടതു് പ്രധാനമായും ദൈവത്തിന്റെ വചനമാണു്. ഇതിനാണു് ക്രിസ്തു വന്നതു്. യോഹന്നാൻ 'ജീവന്റെ അപ്പം' എന്നാണു് വചനമാകുന്ന ക്രിസ്തുവിനെ വിശേഷിപ്പിക്കുക. 'ഞാനാണു് ജീവന്റെ അപ്പം. എന്റെ അടുത്തുവരുന്നവനു് ഒരിക്കലും വിശക്കുകയില്ല' (യോഹ. 6:35). വചനത്തെ 'പാല്' എന്നു വി. പത്രോസ് വിശേഷിപ്പിച്ചിരിക്കുന്നു. 'രക്ഷയിലേയ്ക്കു വളർന്നുവരേണ്ടതിനു് നിങ്ങളും പരിശുദ്ധവും ആധ്യാത്മികവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ' (1 പത്രോ. 2:2). മൂലഭാഷയിൽ 'ആധ്യാത്മികം' എന്നതിനു് 'ലോഗിക്കോസ്' എന്ന വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. 'ലോഗോസ്' അഥവാ 'വചനം' എന്നതിന്റെ വിശേഷണമാണതു്. അതുകൊണ്ടു്

malankaralibrary.com

'ആധ്യാത്മിക പാലു' എന്നാൽ 'വചനമാകുന്ന പാലു' എന്നർത്ഥം. എല്ലാ വിറ്റാമിനുകളും അടങ്ങിയ സമീകൃതാഹാരമാണല്ലോ പാലു. നമ്മുടെ ആധ്യാത്മികാരോഗ്യത്തിനു അനിവാര്യമാണു ദൈവവചനമാകുന്ന പാലു.

സൗഖ്യദായകമായ വചനം

വി. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായം 46 മുതൽ 54 വരെയുള്ള വാക്യങ്ങളിൽ ഈശോ ശതാധിപന്റെ മകനെ സുഖപ്പെടുത്തുന്നതു വിവരിച്ചിരിക്കുന്നു. ഈശോ പറഞ്ഞു: 'നിന്റെ മകൻ ജീവിക്കും'. ആ വചനം വിശ്വസിച്ചു ശതാധിപൻ പോയി. അവന്റെ മകനെ സൗഖ്യമുള്ളവനായി കണ്ടു. എപ്പോഴാണു സുഖപ്പെട്ടതു എന്നു അന്വേഷിച്ചപ്പോൾ 'നിന്റെ മകൻ ജീവിക്കും' എന്നു ഈശോ പറഞ്ഞ മണിക്കൂറിൽത്തന്നെയാണെന്നു ആ പിതാവു മനസ്സിലാക്കി. ദൈവത്തിന്റെ വചനം ആദ്ധ്യാത്മികവും, ശാരീരികവുമായ രോഗത്തിൽനിന്നു മനുഷ്യനെ സുഖപ്പെടുത്തുന്ന നിരവധി സംഭവങ്ങൾ ബൈബിളിലുടനീളം കാണാം.

ഇങ്ങനെ നോക്കിയാൽ മനുഷ്യന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ വളർച്ചയ്ക്കു വചനം അവശ്യാവശ്യമാണെന്നു കാണാൻ സാധിക്കും. ഈ വളർച്ച കുടുംബത്തിലാണു നടക്കുന്നതു. ഓരോ മനുഷ്യനും വളർച്ചയുടെ നിർണ്ണായകഘട്ടം കുടുംബത്തിലാണു ചെലവിടുന്നതു. അതുകൊണ്ടു ദൈവത്തിന്റെ വചനം കുടുംബത്തിൽ അനുപേക്ഷണീയമാണു.

ബൈബിൾ ഉപയോഗിക്കേണ്ടവിധം

ബൈബിൾ പ്രധാനമായും നാലുവിധത്തിലാണു ഉപയോഗപ്പെടുത്തേണ്ടതു.

1) വായിക്കുക 2) മനസ്സിലാക്കുക
3) ശ്രവിക്കുക 4) പ്രാർത്ഥിക്കുക

വായിക്കുക:- ബൈബിൾ പൂജ്യമായിക്കരുതിയാൽ മാത്രംപോരാ, ഓരോ ദിവസവും ബൈബിളുമായി നാം ബന്ധപ്പെടണം. ഓരോ ദിവസവും ബൈബിൾവായനയ്ക്കായി കുറേ സമയം കണ്ടെത്തണം. അങ്ങനെ വായനയിലൂടെ ബൈ

malankaralibrary.com

ബൈബിൾ ജീവിതവുമായി ബന്ധപ്പെടുത്തണം. ദൈവത്തിന്റെ നിയമത്തിൽ ആനന്ദംകൊള്ളുകയും, രാവും പകലും അതിനെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നവനാണ് ഭാഗ്യവാൻ എന്ന് സങ്കീർത്തനപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു (സങ്കീ. 1:1-2;119:23-48). വെളിപാടുപുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഈ പ്രവചനത്തിലെ വാക്കുകൾ വായിക്കുന്നവരും, കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നതു പാലിക്കുന്നവരും 'അനുഗൃഹീതർ'' (വെളി. 1:3). ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതു അനുഗ്രഹദായകമാണ്. ബൈബിൾവായന രണ്ടുതരത്തിലുണ്ട്: പൊതുവായ വായനയും പ്രത്യേകവായനയും.

പൊതുവായ വായന:- ബൈബിളുമായി പരിചയപ്പെടുന്നതിനുവേണ്ടിയുള്ള വായനയാണിതു. ഒരു നിശ്ചിതകാലപരിധി നിശ്ചയിച്ച് ബൈബിൾ മുഴുവൻ വായിച്ചുതീർക്കുന്നതു അഭികാമ്യമാണ്. (ഉദാ: രണ്ടുവർഷം കൊണ്ട് പഴയനിയമവും ഒരു വർഷംകൊണ്ട് പുതിയ നിയമവും). അങ്ങനെ ബൈബിളുമായി ആദ്യന്തം പരിചയപ്പെടുക. ഓരോ ദിവസവും തന്നിച്ചോ, കുടുംബാംഗങ്ങളും ഒന്നിച്ചോ ആകാം ഈ വായന.

പ്രത്യേകവായന:- ബൈബിളിൽനിന്നും സന്ദേശം ഗ്രഹിക്കാൻ പ്രയത്നിച്ചുകൊണ്ടുള്ള വായനയാണിതു. ഓരോ ദിവസവും 15 മിനിറ്റു പ്രത്യേകവായനയ്ക്കായി മാറ്റിവയ്ക്കുക. ഒരു ദിവസം 1440മിനിറ്റു ദൈവം തരുമ്പോൾ അതിൽ 15 മിനിറ്റ് ദൈവത്തിന്റെ വചനം സ്വീകരിക്കാനായി മാറ്റിവയ്ക്കുക ഒട്ടും അധികമല്ല. വായിക്കാൻ തുടങ്ങുന്നതിനുമുമ്പു ദൈവസാന്നിദ്ധ്യാവബോധം ഉറപ്പാക്കൊള്ളുക. എന്നിട്ടു സാവകാശം ധ്യാനാത്മകമായി വായിക്കുക. ദൈവത്തിന്റെ സന്ദേശം ഉറപ്പാക്കൊള്ളുവാനുള്ള ആഗ്രഹത്തോടുകൂടി പ്രാർത്ഥനാമനോഭാവത്തിൽ ഈ വായന നടത്തണം. ഇത്ര പേജുകൾ വായിച്ചുതീർക്കണമെന്നുള്ള നിർബന്ധം ഉണ്ടാകരുതു. 15 മിനിറ്റു ധ്യാനാത്മകമായി വായിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. വായന ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ദൈവസാന്നിദ്ധ്യാനുസ്മരണത്തോടെയായിരിക്കണം. ദൈവാരൂപിയാണ്

malankaralibrary.com

ദൈവവചനം നമ്മിൽ സജീവമാക്കുന്നതു്. ബൈബിളിന്റെ മുഖ്യശ്രദ്ധാകർത്താവും ദൈവാരൂപിതന്നെ. അതുകൊണ്ടു് ആ രൂപിയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും അരൂപിയുടെ പ്രവർത്തനത്തിനു് നമ്മെ തുറന്നുകൊടുത്തുകൊണ്ടുംവേണം ബൈബിളും വായിക്കുവാൻ. ശരിയായ മനോഭാവങ്ങളും ഉൾക്കൊണ്ടുകൊണ്ടു് ബൈബിളും വായിക്കണം. തുറവിയുടേയും എളിമയുടേതുമായ ഒരു മനോഭാവമാണു് ദൈവവചനം വായിക്കുമ്പോഴും ഉണ്ടായിരിക്കേണ്ടതു്. വചനത്തിലൂടെ ദൈവംനൽകുന്ന സന്ദേശം സ്വീകരിക്കുവാനുള്ള സന്നദ്ധതയാണു് തുറവി. വായിക്കുമ്പോഴും മനസ്സിലാകാതെ വന്നാൽ സംശയത്തോടെയോ, വിമർശനബുദ്ധിയോടെയോ പ്രതികരിക്കാതെ നമ്മുടെ പരിമിതിയെ അംഗീകരിക്കുന്ന മനോഭാവമാണു് എളിമ.

ഓരോരുത്തർക്കും വ്യക്തിപരമായി ബൈബിളും ഉണ്ടായിരിക്കുന്നതു് അഭിലഷണീയമാണു്. അങ്ങനെയായാൽ വായിക്കുമ്പോഴും സ്പർശിക്കുന്ന ഭാഗങ്ങളും അടിവരയിട്ടുപോകാൻ സാധിക്കും. ആ ഭാഗം വീണ്ടുംവീണ്ടും ധ്യാനവിഷയമാക്കി ദൈവം നമ്മോടു് എന്തു പറയുന്നുവെന്നും, നാം പ്രത്യുത്തരമായി എന്തു ചെയ്യണമെന്നും മനസ്സിലാക്കുക. ആരാധനക്രമവത്സരത്തിലെ വിവിധ കാലങ്ങളുടെ സ്വഭാവത്തിനും ചൈതന്യത്തിനും അനുസൃതമായ ബൈബിൾവായനകളും പ്രത്യേകവായനയ്ക്കു തെരഞ്ഞെടുക്കുന്നതു് നല്ലതാണു്. അങ്ങനെയായാൽ സഭയോടുകൂടി ഈ പ്രത്യേക വായന നിർവ്വഹിക്കുവാൻ കഴിയും. സഭാത്മകമായ ആദ്ധ്യാത്മികതയിൽ വളരുവാൻ സാധിക്കും.

മനസ്സിലാക്കുക

ബൈബിളും വായിച്ചാൽ മാത്രം പോരാ, പഠിക്കുകയും മനസ്സിലാക്കുകയും കൂടി വേണം. വചനം മനസ്സിലാക്കി വായിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നു. ഇതിനു് ഉപോദ്ബലകമായ ഒരു സംഭവം നടപടിപ്പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ടു്. എത്യോപ്യക്കാരനായ ഒരു ഷണ്ഡൻ ജറുസലേമിൽ ആരാധന നടത്തി തിരിച്ചുവരികയായിരുന്നു. അയാൾ രഥത്തിലിരുന്നു് ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്നു. ..പീലിപ്പോസു് രഥത്തെ സമീപിച്ചു് അവനോടു ചോദിച്ചു; വായിക്കുന്നതു് നിനക്കു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചി

malankaralibrary.com

ച്ചു: ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു് ഞാൻ മനസ്സിലാക്കുക?'' ഏശയ്യാ ദൈവദാസനെക്കുറിച്ചു പറയുന്ന ഭാഗമാണു് അവൻ വായിച്ചുകൊണ്ടിരുന്നതു്. പീലിപ്പോസു് ആ ദൈവവചനഭാഗം അയാൾക്കു വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുത്തു. തൽഫലമായി അയാൾ മാനസാന്തരപ്പെട്ടു് ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (നട. 8:26-40). ദൈവാത്മപ്രേരിതനായാണു് പീലിപ്പോസിനെ എത്യോപ്യക്കാരന്റെ അടുത്തേയ്ക്കു് പറഞ്ഞുവിട്ടതു്. അത്മപ്രേരിതന്റെ ആഗ്രഹമാണു് ബൈബിൾ വായിക്കുന്നവർ മനസ്സിലാക്കി വായിക്കണമെന്നതു്.

കർത്താവിനെക്കുറിച്ചു് മുൻകൂട്ടി പറഞ്ഞിട്ടുള്ള പ്രവചനങ്ങൾ ശിഷ്യർക്കു് മനസ്സിലാക്കാൻ സാധിക്കാതെപോയ അവസരത്തിൽ കർത്താവു് വ്യാഖ്യാനിച്ചുകൊടുക്കുന്ന ഒരു സംഭവം ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ഉത്ഥാനത്തിനു ശേഷം ഈശോ ശിഷ്യർക്കു പ്രത്യക്ഷപ്പെട്ട അവസരത്തിൽ തങ്ങൾ ഒരു ഭൂതത്തെയാണു് കാണുന്നതെന്നു വിചാരിച്ചു് അവർ ഭയപ്പെട്ടു. കാരണം കർത്താവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ അവർക്കു് ഇനിയും മനസ്സിലാക്കാൻ സാധിച്ചിട്ടില്ലായിരുന്നു. അപ്പോൾ കർത്താവു് അവരോടു പറഞ്ഞു; ''മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നു് ഞാൻ നിങ്ങളോടുകൂടി ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ. വി. ഗ്രന്ഥങ്ങൾ ഗ്രഹിക്കാൻതക്കവിധം അവരുടെ മനസ്സു് അവൻ തുറന്നു''. (ലൂക്കാ. 24:44-45). അങ്ങനെ ഗുരു ജീവിച്ചിരുന്ന കാലത്തു് അവർക്കു മനസ്സിലാക്കാൻ കഴിയാതിരുന്നവ (ലൂക്കാ. 8:31-34) ഗുരു അവരുടെ മനസ്സുകൾ തുറന്നപ്പോൾ അവർ മനസ്സിലാക്കി.

വി. ഗ്രന്ഥം മനസ്സിലാക്കി വായിക്കുക അവശ്യം ആവശ്യമാണു്. അതു് ദൈവഹിതമാണു്. ബൈബിളിന്റെ മുഖ്യ ഗ്രന്ഥകാരനായ പരിശുദ്ധാത്മാവിന്റെ ആഗ്രഹമാണതു്. അതുകൊണ്ടു് ബൈബിൾ വായിച്ചാൽ പോരാ, അതു മനസ്സിലാക്കുന്നതിനുള്ള പഠനംകൂടി നടത്തേണ്ടിയിരിക്കുന്നു. അതിനു പകരിക്കുന്ന ഗ്രന്ഥങ്ങളും, ലേഖനങ്ങളും, വ്യാഖ്യാനങ്ങളും

malankaralibrary.com

വായിക്കുകയും, ബൈബിൾക്ലാസ്സുകളിൽ സംബന്ധിക്കുകയും, ബൈബിൾ അറിയാവുന്നവരെ സമീപിച്ച് കൂടുതൽ പഠിക്കുകയും വേണം. ബൈബിൾപഠനത്തിനു ലഭിക്കുന്ന എല്ലാ സാഹചര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തുക. കുടുംബത്തിൽ ബൈബിൾപഠനത്തിനു സഹായിക്കുന്ന മാസികകൾ വരുത്തി വായിക്കുകയും മാതാപിതാക്കന്മാർ കുട്ടികൾക്ക് ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകുകയും ചെയ്യണം.

ശ്രവിക്കുക:- 'അവൻ ഇതു് അരുളിച്ചെയ്തുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടത്തിൽനിന്നു് ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ. അവൻ പറഞ്ഞു: ദൈവവചനം കേട്ടു് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ' (ലൂക്കാ. 11:27-28). ദൈവവചനം ശ്രവിച്ചു് അതിൽ ജീവിച്ചു എന്നതിലാണു് മറിയത്തിന്റെ ഭാഗ്യം അടങ്ങിയിരിക്കുന്നതെന്നു് ഈശോ ഇവിടെ വ്യക്തമാക്കുന്നു. ബൈബിൾ വായിച്ചാലും മനസ്സിലാക്കിയാലും പോരാ, ബൈബിളിലൂടെ ദൈവവചനം ശ്രവിക്കുന്നവരായിത്തീരണം. ദൈവവചനം എന്നു പറയുമ്പോൾ 'ദൈവത്തെപ്പറ്റിയുള്ള വചനം' എന്നതിനേക്കാൾ 'ദൈവം സംസാരിക്കുന്ന വചനം' എന്നാണു് നാം മനസ്സിലാക്കേണ്ടതു്. വി. പൗലോസു് പറയുന്നു: 'ഞങ്ങളിൽനിന്നു് നിങ്ങൾ ശ്രവിച്ച ദൈവവചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിന്റെ വചനമായിട്ടാണു് നിങ്ങൾ സ്വീകരിച്ചതു്' (1തെസ 2:13). ബൈബിളിലൂടെ ദൈവം നമ്മോടു സംസാരിക്കുകയാണെന്ന ബോദ്ധ്യത്തിൽ അവിടുത്തെ കേൾക്കുവാനുള്ള സന്നദ്ധതയോടുകൂടിവേണം ബൈബിൾ വായിക്കുവാൻ. ഇതിനു് പ്രത്യേക വായനയുടെ സമയത്തു് വായനയ്ക്കു വിഷയമാകുന്ന ദൈവവചനം എന്നോടു് എന്തു പറയുന്നു? എന്നെപ്പറ്റി എന്തുപറയുന്നു? എന്ന ചോദ്യത്തോടുകൂടി, അതിനു മറുപടി കിട്ടാനുള്ള ആഗ്രഹത്തോടുകൂടി വായിക്കണം. ബൈബിളിലെ സംഭാഷണപ്രധാനമായ ഭാഗങ്ങൾ വായനയ്ക്കും ധ്യാനത്തിനും വിഷയമാക്കുമ്പോൾ ആരോടു സംസാരിക്കുന്നുവോ അവരുടെ ഭാഗത്തു നിൽക്കുന്നതായി സങ്കല്പിച്ചുകൊണ്ടു് . നമ്മെ സംബോധന

malankaralibrary.com

ചെയ്തു പറയുന്നതായി കേൾക്കുവാൻ ശ്രമിച്ചുകൊണ്ട് – നമ്മുടെ പ്രത്യേക ജീവിതപശ്ചാത്തലത്തിൽ ദൈവം അതിലൂടെ നമ്മോട് എന്തു പറയുന്നു എന്നറിയാൻ ശ്രമിച്ചുകൊണ്ട് വായിക്കുകയും ധ്യാനിക്കുകയും ചെയ്യുക. വാക്കുകളിലൂടെ, സംഭവങ്ങളിലൂടെ, വിവരണങ്ങളിലൂടെ, വ്യക്തികളിലൂടെ, നമ്മോട് സംസാരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ വചനം ബൈബിളിൽ നമ്മെ കണ്ടുമുട്ടുന്നു. ഇങ്ങനെ പലവിധത്തിൽ നമ്മോട് സംസാരിക്കുന്ന ദൈവത്തെ കേൾക്കുന്നതിനും, ജീവിതംകൊണ്ട് പ്രത്യുത്തരം നൽകുന്നതിനുമുള്ള സന്നദ്ധതയോടുകൂടി നാം ബൈബിൾ വായിക്കണം.

പ്രാർത്ഥിക്കുക:- ബൈബിൾ നമ്മുടെ ഒരു പ്രാർത്ഥനാഗ്രന്ഥമാകണം. പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണല്ലോ. ദൈവവചനം ശ്രവിക്കുകയും, ശ്രവിക്കുന്ന വചനത്തിനു ക്രിയാത്മകമായി പ്രത്യുത്തരം നൽകുകയും ചെയ്യുമ്പോഴാണ് നാം പ്രാർത്ഥിക്കുന്നത്. അതായത് ശ്രവിക്കുവാനും പ്രത്യുത്തരം നൽകുവാനുമുള്ള സന്നദ്ധതയോടുകൂടി നാം ബൈബിൾ വായിക്കണം. അങ്ങനെ നമ്മുടെ പ്രാർത്ഥനയുടെ ഒരു ഭാഗമായി മാറണം ബൈബിൾവായന. ബൈബിൾ പ്രാർത്ഥിക്കുന്നതിനു ഒരു പ്രത്യേക സമയം മാറ്റിവയ്ക്കുകയോ, അല്ലെങ്കിൽ പ്രാർത്ഥിക്കുന്ന സമയത്തു ബൈബിൾ ഉപയോഗിക്കുകയോ ചെയ്തുകൊണ്ട് ഇത് നിർവ്വഹിക്കാവുന്നതാണ്. ഇതും വ്യക്തിപരമായോ കുടുംബാംഗങ്ങൾ ഒന്നിച്ചോ പ്രാർത്ഥിക്കാവുന്നതാണ്.

വചനത്തിനു പ്രത്യുത്തരം കൊടുത്തുകൊണ്ട് പ്രാർത്ഥിച്ചവളാണ് മറിയം. ''ഇതാ കർത്താവിന്റെ ദാസി. നിന്റെ വാക്കു് എന്നിൽ നിറവേറട്ടെ'' (ലൂക്കാ. 1:38). മറിയത്തിന്റെ ജീവിതത്തിന്റെ സാരസർവ്വസ്വവും അവളുടെ ഈ പ്രത്യുത്തരത്തിൽ അടങ്ങിയിരിക്കുന്നു. നമുക്കും ദൈവവചനത്തിനു പ്രത്യുത്തരംകൊടുത്തു പ്രാർത്ഥിക്കുവാൻ സാധിക്കണം. ബൈബിൾവായന അങ്ങനെ ദൈവത്തോടുള്ള അഭിമുഖസംഭാഷണത്തിൽ – പ്രാർത്ഥനയിൽ – നമ്മെ എത്തിക്കണം. നമ്മുടെ ബൈബിൾവായനയും, പാനവും ശ്രവണവുമെല്ലാം ആത്യന്തികമായി പ്രാർത്ഥനയിലേയ്ക്കു നമ്മെ നയിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ''പ്രാർത്ഥന വി. ഗ്രന്ഥ

malankaralibrary.com

പാരായണത്തെ അനുഗമിക്കണം.....എന്തെന്നാൽ പ്രാർത്ഥിക്കുമ്പോഴും നമ്മുടെ ദൈവത്തോട് സംസാരിക്കുന്നു. വി. വചനം വായിക്കുമ്പോഴും നമ്മുടെ അവനെ ശ്രവിക്കുന്നു''. (ദൈവാവിഷ്കരണം No. 25)

ബൈബിൾവായനയിലൂടെ ദൈവവചനം കുടുംബജീവിതത്തിന്റെ ഭാഗമായിത്തീരണം. വചനത്തിലൂടെയുള്ള വളർച്ചയ്ക്ക് ഉപകരിക്കത്തക്കവിധത്തിൽ ബൈബിൾവായനയും, പഠനവും, ശ്രവണവും, പ്രാർത്ഥനയും കുടുംബജീവിതരീതിന്റെ കേന്ദ്രബിന്ദുവായിത്തീരണം. അങ്ങനെ യഥാർത്ഥക്രൈസ്തവകുടുംബജീവിതം നയിക്കുന്നതിനു് നമ്മെ സഹായിക്കുന്ന ദിവ്യസ്രോതസ്സായിത്തീരട്ടെ ബൈബിൾ. ○

malankaralibrary.com

2

പ്രാർത്ഥിക്കുന്ന കുടുംബം

ദൈവമനുഷ്യസമാഗമത്തിന്റെ ചരിത്രമാണല്ലോ വേദപുസ്തകം. ഈ സമാഗമം ആരംഭിച്ചതും പുരോഗമിച്ചതും കുടുംബത്തെ കേന്ദ്രമാക്കിക്കൊണ്ടായിരുന്നു. ദൈവം നേരിട്ട് രൂപപ്പെടുത്തിയ ആദ്യകുടുംബത്തിലെ അംഗങ്ങളോട് അവിടുന്ന് അഗാധമായ ആത്മബന്ധം പാലിക്കുന്നതായി കാണുന്നു. ഹവ്വായെ സൃഷ്ടിച്ച് അവിടുന്ന് ആദത്തിനു ഭാര്യയായി നൽകി; അവർ വർദ്ധിച്ചു പെരുകി ലോകം മുഴുവൻ നിറയണമെന്നു നിർദ്ദേശിച്ചു. ഈ കുടുംബത്തിൽ ദൈവത്തിന്റെ നിരന്തരസാന്നിദ്ധ്യം ഉണ്ടായിരുന്നതായും വി. ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു. സ്നേഹനിധിയായ തന്നോട് സ്നേഹശൂന്യമായി പ്രവർത്തിച്ച ആദിമാതാപിതാക്കളുടെ മനസ്താപം കണ്ട് ദൈവം അവരോട് ക്ഷമിച്ചു; രക്ഷകനെ വാഗ്ദാനം ചെയ്തു. അവരുടെ ആദ്യസന്താനങ്ങളോടും ദൈവം നേരിട്ട് ഇടപെട്ടു. ഇങ്ങനെ പോകുന്ന കുടുംബത്തിന്റെ പശ്ചാത്തലത്തിൽ ദൈവമനുഷ്യസമാഗമം.

പിന്നീട് ജലപ്രളയത്തിൽനിന്നു ദൈവം നോഹിന്റെ കുടുംബത്തെ രക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു. അ

malankaralibrary.com

ബ്രാഹത്തിന്റെ കുടുംബത്തെ കാനാൻദേശത്തേയ്ക്കു വിളിച്ചു കൊണ്ടുവന്നു. അദ്ഭുതകരമായി അവർക്കൊരു സന്താനത്തെ നൽകി. യാക്കോബിന്റെ കുടുംബത്തെ ഈജിപ്തിലേക്കു നയിക്കുകയും സംരക്ഷിക്കുകയും മൂശവഴി ദൈവം നേരിട്ട് ഇടപെട്ട് അവരെ ഫറവോന്റെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് കാനാൻദേശത്തേയ്ക്കുതന്നെ ആനയിക്കുകയും ചെയ്തു. ആദം മുതൽ സീനായിലേ ഉടമ്പടിയുടെ കാലംവരെ ദൈവത്തിനു ബലിയർപ്പിച്ചിരുന്നതു കുടുംബത്തിൽവച്ചു കുടുംബനാഥന്മാർ ആയിരുന്നു. ദേവാലയമോ പുരോഹിതന്മാരോ ഒന്നും ഉണ്ടായിരുന്നില്ല.

ഇങ്ങനെ കുടുംബപശ്ചാത്തലത്തിൽ നിലനിന്ന ദൈവമനുഷ്യസമാഗമം അതിന്റെ പൂർണ്ണതപ്രാപിച്ചതു നസ്രത്തിലെ കൊച്ചുകുടുംബത്തിലാണു. മനുഷ്യവംശത്തിന്റെ സമുദ്ധാരണത്തിനായി ദൈവപുത്രൻ അവിടെ അവതാരം ചെയ്തു; ആ കുടുംബത്തിലെ അംഗമായി വളർന്നു. അവിടുന്നു തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചു തന്റെ പ്രഭാവം വ്യക്തമാക്കിയതും കാനായിലെ ഒരു കുടുംബത്തിലാണു. ഏദനിൽ ആരംഭിച്ച വിവാഹബന്ധം അതോടെ ഒരു വിശുദ്ധ കൂദാശയായി ഉയർത്തപ്പെടുകയും ചെയ്തു.

ഇതാണു ദൈവമനുഷ്യസമാഗമത്തിന്റെ ചരിത്രമെങ്കിൽ ആ മഹനീയസമാഗമം ഇന്നും നിലനിൽക്കേണ്ടതും വളരേണ്ടതും വിവാഹമെന്ന കൂദാശവഴി രൂപംകൊള്ളുന്ന 'കുടുംബ'ത്തിൽത്തന്നെയായിരിക്കണം. ഇതുതന്നെയാണു കുടുംബങ്ങളിലെ പ്രാർത്ഥനാജീവിതംകൊണ്ടു അർത്ഥമാക്കുന്നതും. കാരണം, പ്രാർത്ഥന ദൈവമനുഷ്യസമാഗമത്തിന്റെ പ്രാഥമികമാർഗ്ഗമാണു. ദൈവം മനുഷ്യനോടും മനുഷ്യൻ ദൈവത്തോടും സ്നേഹപൂർവ്വം നടത്തുന്ന സംഭാഷണമാണു പ്രാർത്ഥന. പ്രാർത്ഥനവഴി മനുഷ്യൻ സ്വർഗ്ഗത്തിലേക്കു കയറുകയും ദൈവം ലോകത്തിലേക്കു ഇറങ്ങുകയും ചെയ്യുന്നു.

പ്രാർത്ഥനയുടെ ഉദ്ദേശ്യങ്ങൾ

പ്രാർത്ഥനവഴിയാണു മനുഷ്യൻ ദൈവത്തിനു ഒന്നാമതായും എന്നേരവും ബലിയർപ്പിക്കുന്നതും തന്റെ ആത്മാവിനേയും

malankaralibrary.com

ശരീരത്തേയും അവയുടെ എല്ലാ കഴിവുകളേയും, ദൈവത്തിനു് സമർപ്പിക്കുന്നതും. പ്രാർത്ഥനവഴിയാണു് മനുഷ്യൻ ദൈവത്തോടുള്ള തന്റെ നാലു വലിയ കടമകളും- ആരാധന, കൃതജ്ഞത, പരിഹാരം, അർത്ഥന- നിർവഹിക്കുന്നതു്. സൃഷ്ടികളുടെ മകുടമായ മനുഷ്യൻ എല്ലാ സൃഷ്ടികൾക്കുംവേണ്ടി സ്രഷ്ടാവിനെ ആരാധിക്കണമല്ലോ. അതിനു മനുഷ്യനു ലഭിച്ചിട്ടുള്ള പ്രഥമരംഗം കുടുംബമാണു്. ഈശോയും മാതാവും യൗസേപ്പുപിതാവും ഒരുമിച്ചുകൂടി പരമപിതാവിനു് ആരാധന അർപ്പിച്ചതുപോലെ നമ്മുടെ കുടുംബങ്ങളിലും അംഗങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥനവഴി ദൈവാരാധന നടത്തുന്നു. അതുപോലെതന്നെ ദൈവത്തിന്റെ ഉദാരമായ കാരുണ്യാതിരേകംവഴി നമുക്കു് നിരന്തരം ലഭിക്കുന്ന വിവിധ നന്മകൾക്കു് കൃതജ്ഞതാസ്തോത്രങ്ങൾ സമർപ്പിക്കുന്നതും പ്രാർത്ഥനവഴിയാണു്. ഈ കൃതജ്ഞതാസമർപ്പണം ക്രിസ്തുനാഥൻതന്നെ പലപ്പോഴും നിർവ്വഹിക്കുകയും നാം അനുഷ്ഠിക്കുവാൻ നമ്മോടു് ആവശ്യപ്പെടുകയും ചെയ്യുന്നു. പരിഹാരം എന്ന കടമയുടെ കാര്യവും അങ്ങനെതന്നെ. ദിവ്യരക്ഷകൻ പ്രാർത്ഥനയും സ്വജീവിതസമർപ്പണവുംവഴി ഏവർക്കുംവേണ്ടി പരിഹാരമനുഷ്ഠിച്ചു. നാമും നമ്മുടെ പലവിധ കുറവുകൾക്കു് മാപ്പപേക്ഷിക്കണമെന്നു് അവിടുന്നു് പഠിപ്പിക്കുന്നു, കർത്തൃപ്രാർത്ഥനവഴി. 'ഞങ്ങളുടെ കടങ്ങളും കുറവുകളും ക്ഷമിക്കണമേ.'

അർത്ഥന എന്ന കടമയാണു് അടുത്തതു്, അതായതു് ആവശ്യങ്ങളും ബലഹീനതയും ഏറ്റുപറഞ്ഞു്, അവയുടെ പരിഹാരത്തിനു് ദൈവസഹായം അപേക്ഷിക്കുവാനുള്ള കടമ. 'എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ കഴിയുകയില്ല' എന്നു കർത്താവു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ടല്ലോ. മാത്രമല്ല, 'ചോദിക്കുവിൻ നിങ്ങൾക്കു കിട്ടും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും' എന്നിങ്ങനെ അവിടുന്നു ഉദ്ബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ കുടുംബജീവിതത്തിലെ വിവിധ കടമകൾ നിർവ്വഹിക്കുവാനുള്ള ദൈവസഹായത്തിനായി നാം പ്രാർത്ഥിക്കേണ്ടതാണു്. വളരെയേറെ പ്രാർത്ഥിച്ചും ധ്യാനിച്ചുംവേണം വിവാഹത്തിലേർപ്പെടാൻ. വിവാഹത്തിനുശേഷവും എത്രയോ അധികം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു! പാളയത്തിലെ ഭദ്രമായ ജീവിതത്തിനുശേഷം പടക്കളത്തിലേക്കിറങ്ങുന്ന യോദ്ധാക്കളെപ്പോലെയാ

malankaralibrary.com

ണ്ട് വിവാഹിതർ എന്നു പറയാം. ജീവിതസമരമദ്ധ്യേ എത്ര യെത്ര അപകടങ്ങളാണ് അവർ അഭിമുഖീകരിക്കേണ്ടിവരിക!

ദാമ്പത്യബന്ധം സുദൃഢമാക്കാൻ അവശ്യാവശ്യകമായ പരസ്പരസ്നേഹം വറ്റിപ്പോകരുതു്, വഴിതെറ്റിപ്പോകരുതു്. നമ്മുടെ ശത്രുവായ പിശാചു് ദമ്പതികളിൽ സംശയത്തിന്റെ വിത്തുവിതയ്ക്കുന്നു. ഭാര്യയ്ക്കു ഭർത്താവിനെ സംശയം, ഭർത്താവിനു ഭാര്യയെ സംശയം. അകാരണമായ ഇത്തരം സംശയങ്ങൾ എന്തെല്ലാം കഴപ്പങ്ങൾക്കുതന്നെ വഴിതെളിക്കുകയില്ല! പല പ്പോഴും ദമ്പതികളുടെ പിണക്കത്തിലും വേർപിരിയലിലുമാണു് ഇതു ചെന്നെത്തുക. ഇങ്ങനെയുള്ള ഭാര്യാഭർത്താക്കന്മാർ തങ്ങൾക്കും മക്കൾക്കും വരുത്തിവയ്ക്കുന്ന നാശത്തിനു കണക്കില്ല. ഇവിടെയാണു കർത്താവിന്റെ തിരുവചനങ്ങളുടെ പ്രസക്തി. 'നിങ്ങൾ പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'. ജോലിസ്ഥലങ്ങളിലും മറ്റും പലരുമായി അടുത്തു് ഇടപെടേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഉണ്ടാകാവുന്ന പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള ദൈവാനുഗ്രഹം പ്രാർത്ഥനവഴി ഭാര്യാഭർത്താക്കന്മാർ സമ്പാദിക്കണം. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങൾ ഒരുമിച്ചു ജീവിക്കും എന്ന ചൊല്ലു് എത്രയോ അനർത്ഥമാണു്.

കുടുംബത്തെ വിശുദ്ധീകരിക്കുന്നു

ദാമ്പത്യധർമ്മാനുഷ്ഠാനം സൃഷ്ടികർമ്മത്തിൽ ദൈവത്തോടുള്ള സഹകരണമാണല്ലോ. വിവാഹമെന്ന വിശുദ്ധ കൂദാശയുടെ സ്വീകരണത്തിൽ നിന്നുറവെടുക്കുന്ന പാവനമായ ഈ കടമ, ദൈവസന്നിധിയിൽ നിർമ്മലമായ സ്നേഹവികാരങ്ങളോടും ഭക്തിയോടുംകൂടി പ്രാർത്ഥനാപൂർവ്വം നിർവ്വഹിക്കേണ്ടതാണു്. എങ്കിലേ തൽഫലമായി ജനിക്കുന്ന സന്താനങ്ങൾ ജന്മനാ ദിവ്യമായ ആശയാഭിലാഷങ്ങൾ ഉള്ളവരായിരിക്കൂ. ജഡികാഗ്രഹവും ധനദുർമ്മോഹവും പാപകരമായ ജനനനിരോധനത്തിനും ഭ്രൂണഹത്യയ്ക്കുമുള്ള അധമപ്രേരണകളിലേക്കു നയിക്കുന്നു. അവയ്ക്കു് അധീനരാകാതിരിക്കണമെങ്കിൽ തീക്ഷ്ണമായ പ്രാർത്ഥനയും മറ്റു ഭക്താനുഷ്ഠാനങ്ങളുംവഴി ദൈവസ്നേഹത്തിലും പാരത്രികഭാഗ്യത്തെപ്പറ്റിയുള്ള ബോദ്ധ്യത്തിലും

malankaralibrary.com

നിരന്തരം വളരുകതന്നെ വേണം. പഴയനിയമത്തിലെ തോബിയാസും സാറായും നൽകുന്ന മാതൃക വിസ്മരിക്കരുതു്. സാറായെ വിവാഹംകഴിച്ച ഏഴു യുവാക്കന്മാരും വിവാഹരാത്രിയിൽത്തന്നെ മരിച്ചു. കാരണം അവർ 'ദൈവത്തെ തങ്ങളുടെ വിവാഹത്തിൽനിന്നകറ്റി നിർത്തിക്കൊണ്ടു് വിവാഹംചെയ്യുകയും കുതിരയേയും കോവർകഴുതയേയുംപോലെ തങ്ങളുടെ ദുർമ്മോഹങ്ങൾക്കു് സ്വയം അടിമപ്പെടുകയും ചെയ്തു.' എന്നാൽ തോബിയാസു് അവളുമായുള്ള വിവാഹം കഴിഞ്ഞു മൂന്നരാത്രി വിരക്തനായിരുന്നു് ഇങ്ങനെ പ്രാർത്ഥിച്ചു: 'ദൈവമായ കർത്താവേ, ജഡികമോഹംകൊണ്ടല്ല, പ്രത്യുത അങ്ങയുടെ നാമം എന്നേയ്ക്കും പ്രകീർത്തിക്കുന്ന അനന്തരതലമുറയെ പ്രതീക്ഷിച്ചാണു് ഞാൻ ഈ സഹോദരിയെ ഭാര്യയായി സ്വീകരിച്ചിരിക്കുന്നതെന്നു് അങ്ങേയ്ക്കറിയാമല്ലോ.' അങ്ങനെ 'അവരുടെ വിവാഹോത്സവം ദൈവഭയത്തോടെ ആഘോഷിക്കുകയും' അവർ അനുഗ്രഹീതരായിത്തീരുകയും ചെയ്തു. (തോബിയാസു് 7,8 അദ്ധ്യായങ്ങൾ) ഗർഭിണിയായ സ്ത്രീ കൂടുതൽ പ്രാർത്ഥിക്കണം. അവളുടെ ഭക്തിതീക്ഷ്ണതയും ഈശ്വരചിന്തയും ഉദരസ്ഥശിശുവിനു അനുഗ്രഹപ്രദമായിരിക്കും. അവൾ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ സ്രഷ്ടാവും സൃഷ്ടിയും അവളിൽ സമ്മേളിക്കുന്നു—സ്രഷ്ടാവായ ഈശോ ഹൃദയത്തിലും അവിടുത്തെ സൃഷ്ടിയായ ശിശു ഉദരത്തിലും.

കുഞ്ഞുങ്ങൾക്കു മാതൃക

മാതാപിതാക്കളുടെ തീക്ഷ്ണമായ ദൈവസ്നേഹത്തിനും സുദൃഢമായ വിശ്വാസത്തിനും സാക്ഷ്യം വഹിക്കുന്ന ജീവിതമാതൃകയാണു് മക്കൾക്കു് എന്നും ആലംബമായിരിക്കുന്നതു്. വിശുദ്ധ കൊച്ചുത്രേസ്യാ പറയുന്നു: 'എനിക്കു് ഓർമ്മവെച്ച നാൾമുതൽ നല്ലതല്ലാതെ വേറൊന്നും എന്റെ വീട്ടിൽ ഞാൻ കണ്ടിട്ടില്ല. അപ്പച്ചൻ പ്രാർത്ഥിക്കുന്നതു കണ്ടാണു് ഞാൻ പ്രാർത്ഥിക്കുവാൻ പഠിച്ചതു്. പ്രാർത്ഥിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒരു മാലാഖയുടേതുപോലെയായിരിക്കും.' വിവാഹാവസരത്തിൽ സഭാമാതാവു് വധുവിനു് ഒരു ജപമാല നൽകുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാണല്ലോ. അടുത്ത കാലത്തായി വരനുംകൂടി ഒരു കൊന്ത നൽകിത്തുടങ്ങിയിട്ടുണ്ടു്. അങ്ങനെ' ഗാർഹികസഭ'

malankaralibrary.com

'ദൈവത്തിന്റെ ആലയം' എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന കത്തോലിക്കാകുടുംബം പ്രാർത്ഥനയുടെ ഭവനമായിരിക്കണം. അവിടെ പ്രാർത്ഥനയോടെയാണ് പ്രഭാതം പൊട്ടിവിടരേണ്ടതു്. തനിച്ചോ കൂട്ടമായോ കുടുംബാംഗങ്ങളും, രാവിലെ ഉണരുമ്പോഴും പ്രാർത്ഥിക്കണം. ദൈവസഹായം പ്രാർത്ഥിച്ചുകൊണ്ടു വേണം ദിനകൃത്യങ്ങളും ആരംഭിക്കാൻ. ദൈവത്തിനുവേണ്ടി, ദൈവസഹായത്തോടുകൂടി ചെയ്യുന്നു എന്ന ബോധത്തോടെ നിർവ്വഹിച്ചാൽ അവയെല്ലാം പ്രാർത്ഥനയാക്കിത്തീർക്കാവുന്നതാണ്. അപ്പോഴും ആ പ്രവൃത്തികളുംവഴി കിട്ടാവുന്ന അനുഗ്രഹങ്ങൾക്കുപുറമേ അവ ഓരോന്നുംവഴി അപൂർണ്ണദണ്ഡവിമോചനങ്ങളും കൂടി ലഭിക്കുന്നതാണ്. ഭക്ഷണത്തിനു മുൻപും പിൻപും ഒരു കൊച്ചുപ്രാർത്ഥന ചൊല്ലി ദൈവാശീർവ്വാദം അപേക്ഷിക്കണം. കുട്ടികളും പഠനം ആരംഭിക്കുമ്പോഴും അവസാനിപ്പിക്കുമ്പോഴും പ്രാർത്ഥിക്കേണ്ടതാണ്. വീട്ടിൽനിന്നു് എങ്ങോട്ടെങ്കിലും പുറപ്പെടുമ്പോൾ കർത്താവിന്റെ സംരക്ഷണത്തിൽ സ്വയം ഏല്പിച്ചുകൊണ്ടു് ദൈവസഹായം അപേക്ഷിക്കണം. ഉറങ്ങാൻപോകുമ്പോൾ ആത്മശോധന ചെയ്യണം. തെറ്റുകളെപ്പറ്റി മനസ്തപിച്ചു് നല്ലമരണത്തിനായി അപേക്ഷിക്കുക ആവശ്യമാണ്. ഈശോയുടെ കുരിശിലെ ബലിയോടുകൂടി നമ്മുടെ ആത്മശരീരങ്ങളെ ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുക.

ഇതിനുംപുറമേ കാലത്തും ഉച്ചയ്ക്കും വൈകിട്ടും ത്രികാലജപം ചൊല്ലി നമ്മുടെ രക്ഷയുടെ രഹസ്യങ്ങളെപ്പറ്റിയുള്ള സ്മരണ പുതുക്കണം. വൈകുന്നേരം ദിനകൃത്യങ്ങൾക്കുശേഷം കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനമുറിയിൽ ഒരുമിച്ചുകൂടി ജപമാല തുടങ്ങിയ സന്ധ്യാപ്രാർത്ഥനകളും ചൊല്ലുകയും ബൈബിളിൽനിന്നു് ഒരു ഭാഗം വായിക്കുകയും വേണം. വായിച്ച ഭാഗത്തെപ്പറ്റി അല്പം വിശദീകരണം നൽകുന്നതുകൊള്ളാം.

രോഗം, ദാരിദ്ര്യം, മാനഹാനി എന്നിവയൊക്കെമൂലം കുടുംബത്തിലുണ്ടാകാവുന്ന പലവിധ ക്ലേശങ്ങളും ക്രൈസ്തവോചിതമായി വിശ്വാസപൂർവ്വം തരണംചെയ്യാനുള്ള ആത്മശക്തി പ്രാർത്ഥനയിലൂടെയാണ് നേടേണ്ടതു്. സങ്കീർത്തകൻ പറഞ്ഞിട്ടുള്ളതുപോലെ, 'എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാനവനുത്തരമരുളും. അവന്റെ സങ്കടകാലങ്ങളിലെല്ലാം ഞാനവന്റെ

malankaralibrary.com

കൂടെയുണ്ടായിരിക്കും.' (സങ്കീർത്തനം 91) ദൈവം എപ്പോഴും നമ്മുടെ സഹായത്തിനുണ്ടായിരിക്കും. അങ്ങനെയാണല്ലോ പഴയനിയമത്തിലെ പുണ്യാത്മാവായ ജോബ് കഠിനയാതനകളിൽ ആശ്വാസം കണ്ടെത്തിയതു്.

ബൈബിൾപാരായണവും പ്രാർത്ഥനാജീവിതത്തിന്റെ ഭാഗമാണു്. കുടുംബാംഗങ്ങൾ ഒറ്റയ്ക്കും ഒരുമിച്ചും, വിശുദ്ധഗ്രന്ഥം പ്രാർത്ഥനാപൂർവ്വം വായിക്കണം. അപ്പോൾ നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം പരിശുദ്ധാത്മാവു് വ്യക്തമാക്കിത്തരും. വിഷമപ്രശ്നങ്ങൾക്കുള്ള പ്രതിവിധികളും കാണിച്ചുതരും.

ഏറ്റവും വലിയ പ്രാർത്ഥന–ദിവ്യബലി

ഇങ്ങനെ വളർന്നുവരുന്ന പ്രാർത്ഥനാജീവിതം വിശുദ്ധബലിയും കൂദാശകളുംവഴി പരിപോഷിപ്പിക്കേണ്ടതാണു്. കടപ്പെട്ട ദിവസങ്ങളിൽമാത്രം വിശുദ്ധബലിയിൽ സംബന്ധിക്കുന്നതുകൊണ്ടു് തൃപ്തിപ്പെടരുതു്. ജീവിതകടമകൾക്കു തടസ്സമാകാത്തവിധം ഇടദിവസങ്ങളിലും ദിവ്യബലിയിൽ സംബന്ധിക്കണം. കുടുംബത്തിൽനിന്നു് ഒരാളെങ്കിലും കുരിശിന്റെ ചുവട്ടിൽ നിൽക്കുവാൻ ഉണ്ടാകത്തക്കവിധം കുടുംബാംഗങ്ങൾ മാറിമാറി ദിവസേന പള്ളിയിൽ പോകുവാൻ മനസ്സുവയ്ക്കണം.

വിശുദ്ധബലിയിൽ സംബന്ധിച്ചാൽ മാത്രം പോരാ, ദിവ്യകാരുണ്യം സ്വീകരിക്കുക കൂടിവേണം. എങ്കിലേ കുർബ്ബാനയിലെ നമ്മുടെ ഭാഗഭാഗിത്വം പൂർത്തിയാവൂ. കേരളം സന്ദർശിച്ച ഒരു വിദേശി ഈ ലേഖകനു് ഒരിക്കൽ ഇങ്ങനെ എഴുതി: 'കേരളത്തിലെ പള്ളികളിൽ എല്ലാ ദിവസവും ധാരാളം ആളുകൾ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നതായിക്കണ്ടു. എന്നാൽ അവരിൽ വളരെക്കുറച്ചുപേർ മാത്രമേ ദിവ്യകാരുണ്യം സ്വീകരിക്കുന്നുള്ളു. അതിനു കാരണം എന്തായിരിക്കാം?' ദാമ്പത്യജീവിതം പ്രതിദിനകുർബ്ബാനസ്വീകരണത്തിനു് തടസ്സമല്ലതന്നെ. ഇന്നത്തെ ആനുകൂല്യങ്ങൾ വച്ചുനോക്കുമ്പോൾ ഉപവാസവും തടസ്സമല്ലല്ലോ. ബലഹീനതമൂലമുണ്ടാകുന്ന ലഘുപാപങ്ങളെപ്പറ്റി മനസ്തപിച്ചുകൊണ്ടു് കുർബ്ബാന സ്വീകരിക്കാവുന്നതാണു്. പിന്നെയെന്താണു് ഇത്ര വളരെ നല്ല മനുഷ്യർ ദിവ്യഭോജനത്തിൽ നിന്നു് അകന്നുനിൽക്കുന്നതു്! അത്രമാത്രം

malankaralibrary.com

ഭക്തി വേണ്ടെന്നു വിചാരിച്ചോ, അങ്ങനെയൊരു ശീലമില്ലാത്തതുകൊണ്ടോ ആകാം. എന്നാലിതു് കുറെയെല്ലാം മാറിവരുന്നുണ്ടെന്നു തോന്നുന്നു. ഒരു വീട്ടമ്മ ചെയ്തിരുന്നതു് എന്താണെന്നോ? ദിവസവും രാവിലെ അഞ്ചരമണിക്കുള്ള വിശുദ്ധ കുർബ്ബാനയ്ക്കു് പള്ളിയിൽപോകും. അതിനുശേഷം വേഗം വീട്ടിൽവന്നു് മറ്റുള്ളവരെ ആരതിയ്ക്കുള്ള കുർബ്ബാനയ്ക്കു പറഞ്ഞയയ്ക്കും. എല്ലാദിവസവും എല്ലാവരും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യും. ചെറുപ്പത്തിലേ കുട്ടികൾക്കു് ഈ പരിശീലനം നൽകിയാൽ ആജീവനാന്തം നിലനിൽക്കും.

മക്കളുടെ ജീവിതവിജയത്തിനു്

എല്ലാവേനങ്ങളിലും ഒരു പ്രാർത്ഥനമുറി പ്രത്യേകം ഉണ്ടായിരിക്കുന്നതുകൊള്ളാം. അല്ലെങ്കിൽ വീടിന്റെ സൗകര്യമുള്ള ഒരു ഭാഗത്തു് ഭക്തചിത്രങ്ങൾ വച്ചു് അലങ്കരിച്ചു് അവിടെ പ്രാർത്ഥിക്കാം. തിരുഹൃദയപ്രതിഷ്ഠ നടത്തിയിട്ടുള്ള സ്ഥലമായിരിക്കും ഇതിനു കൂടുതൽ പറ്റിയതു്. എല്ലാ ദിവസവും തിരികത്തിക്കുവാനും പുഷ്പങ്ങൾ ചാർത്തുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഭക്തഗാനങ്ങൾ ആലപിക്കുന്നതു് പ്രാർത്ഥനയെ കൂടുതൽ ആകർഷകവും ഭക്തിപ്രദവുമാക്കുമല്ലോ.

എല്ലാ മാതാപിതാക്കളും ഏറ്റവും ആഗ്രഹിക്കുന്നതാണു് സന്താനങ്ങളുടെ ജീവിതവിജയം. ഇവിടേയും, ഐഹികമാത്രമായ വ്യാമോഹങ്ങൾ അകറ്റിനിർത്തിക്കൊണ്ടു്, ദൈവംതന്ന മക്കളെ ദൈവത്തിന്റെ വഴിയിലൂടെ നയിക്കുവാനുതകുംവിധം പരിശുദ്ധാത്മാവിന്റെ വരങ്ങൾ പ്രാപിക്കേണ്ടതു് വിശ്വാസപൂർവ്വകമായ പ്രാർത്ഥനയിലൂടെയാണു്. അവരുടെ ദുശ്ശീലങ്ങൾ പരിഹരിക്കാൻ പ്രഥമതഃ പ്രാർത്ഥനയെ ആശ്രയിക്കണം. വി. മോനിക്കാ തന്റെ ഭർത്താവിനേയും അമ്മായിയമ്മയേയും സർവ്വോപരി പരസ്യപാപിയായിത്തീർന്ന സ്വപുത്രൻ ആഗസ്തീനോസിനേയും മാനസാന്തരപ്പെടുത്തിയതു് ദീർഘകാലത്തേക്കു് കണ്ണീരോടെ നടത്തിയ പ്രാർത്ഥനവഴിയായിരുന്നല്ലോ. തെറ്റുചെയ്യുന്ന കുട്ടികളെ ശാന്തമായി വിളിച്ചു് തിരുഹൃദയരൂപത്തിന്റെ മുൻപിൽമുട്ടുകുത്തിച്ചു് ഈശോയോടു് മാപ്പുപോദിപ്പിക്കുക–ഒരു മാതാവു് സ്വീകരിച്ചുവരുന്ന ശിക്ഷണരീതിയാണിതു്.

malankaralibrary.com

ഇതു് തെറ്റിന്റെ ഗൗരവം മനസ്സിലാക്കി അതു തിരുത്താൻ കുട്ടികൾക്കു് പ്രയോജനകരമാവുകതന്നെ ചെയ്യും.

മക്കളുടെ ദൈവവിളി ഗ്രഹിച്ചു് അതിലേക്കു് അവരെ സജ്ജരാക്കാൻ മാതാപിതാക്കൾ പ്രാർത്ഥനയെ ആലംബമാക്കണം. മക്കളെക്കൊണ്ടു് അതിനുവേണ്ടി പ്രാർത്ഥിപ്പിക്കുകയും ചെയ്യണം. സഭയുടെ വീരസന്താനങ്ങളായിത്തീർന്ന കർദ്ദിനാൾമാരായ മിൻസെന്റിയും, സ്റ്റെഫിനാക്കും മറ്റും ജീവിതാവസ്ഥ സ്വീകരിക്കാനും അതിൽ വിജയിക്കാനും ഇടയായതു് അങ്ങനെയാണു്. 11-ാംപീയൂസു് മാർപാപ്പാ കത്തോലിക്കാപൗരോഹിത്യത്തെപ്പറ്റിയുള്ള ചാക്രികലേഖനത്തിൽ പ്രസ്താവിക്കുന്നു: 'വിശ്രുതരായ മെത്രാൻമാരേയും വൈദികരേയും തൽസ്ഥാനങ്ങളിലേക്കു് ദൈവം ക്ഷണിക്കുകയും അവർ ആ ക്ഷണം സ്വീകരിച്ചു് വിശുദ്ധരായി ജീവിക്കുകയും ചെയ്യുവാനുള്ള പ്രഥമകാരണം, ദൃഢവിശ്വാസത്താലും വേരുറച്ച പുണ്യങ്ങളാലും അലംകൃതനായ ഒരു പിതാവിന്റേയും, നിഷ്കളങ്കയും ത്യാഗസന്നദ്ധയുമായ ഒരു മാതാവിന്റേയും, ദൈവസ്നേഹവും പരസ്നേഹവും അനാഡംബരജീവിതരീതിയും പുലരുന്ന ഒരു കുടുംബത്തിലെ മറ്റംഗങ്ങളുടേയും സന്മാതൃകയും സദുപദേശങ്ങളുമാണു്.'

മാനസികപ്രാർത്ഥന

അവസാനമായി ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ: നമ്മുടെ കുടുംബങ്ങൾക്കു് മിക്കവാറും അപരിചിതമായ ഒരു കാര്യമുണ്ടു്-മാനസികപ്രാർത്ഥന അഥവാ ധ്യാനം. ജപമാലയിൽ ഈ ശൈലിയുടേയും മാതാവിന്റേയും ജീവിതസംഭവങ്ങൾ അടങ്ങുന്ന പതിനഞ്ചു് രഹസ്യങ്ങൾ ഓരോന്നായി ചൊല്ലി 'ധ്യാനിക്കുക' എന്നു പറയാറുണ്ടെങ്കിലും അവയെപ്പറ്റി ധ്യാനിക്കേണ്ടതാണെന്നു് വിചാരിക്കുന്നവർ ഏറെയില്ല; അതിനു് സമയവും കൊടുക്കുന്നില്ല. ആകയാൽ ഈ രഹസ്യങ്ങളെപ്പറ്റി അല്പംകൂടി വിവരിച്ചുപറയുകയോ, പ്രസക്തഭാഗങ്ങൾ ബൈബിളിൽനിന്നു് വായിക്കുകയോ ചെയ്തു് രണ്ടു മിനിറ്റുസമയം ധ്യാനിക്കുക ഒരു പതിവാക്കണം. മാത്രമല്ല വേദപുസ്തകം തനിച്ചു വായിച്ചു് ധ്യാനിക്കുവാനും പരിശീലനം നൽകേണ്ടതാണു്. ഇതിനു് വേണമെങ്കിൽ ഒരു ധ്യാനപ്പുസ്തകം ഉപയോഗിക്കാവുന്നതാ

malankaralibrary.com

ണ്ട്. ജീവിതനവീകരണത്തിനും പുണ്യപുരോഗതിക്കുമുള്ള ഉത്തമമാർഗ്ഗം മാനസികപ്രാർത്ഥനയാണെന്നു് എല്ലാ ആദ്ധ്യാത്മികപിതാക്കന്മാരും പറയുന്നു. വാചികപ്രാർത്ഥനകൾ നന്നായി ചൊല്ലുവാനും വിശുദ്ധ ബലിയിൽ ഭക്തിപൂർവ്വം സംബന്ധിക്കുവാനും ധ്യാനം വളരെ സഹായിക്കും. അങ്ങനെ നമ്മുടെ കുടുംബങ്ങളും പ്രാർത്ഥനയുടെ ഭവനങ്ങളായിരിക്കണം. ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹസമാഗമം അവിടെ വളർന്നുവരുകയും വേണം. ○

malankaralibrary.com

3

മാതൃകയും മദ്ധ്യസ്ഥയും

യേശുവിനെ ഉരുക്കൊണ്ട ദൈവാലയമാണ മറിയം. ആ മറിയം ഒരു വീട്ടമ്മ ആയിരുന്നു. അതായതു് ഭാര്യയും അമ്മയും. കുടുംബത്തെ ദൈവാലയമായി മാറുന്നതിൽ അവളാണ നമുക്കാശ്രയം. ആശ്രയം മാത്രമല്ല, ഉദാത്തമാതൃകയും. കുടുംബജീവിതത്തിൽ അനുഭവപ്പെടുന്ന എല്ലാത്തരത്തിലുമുള്ള പ്രശ്നങ്ങളെയും പ്രതിസന്ധികളെയും മറിയത്തിനു നേരിടേണ്ടിവന്നിട്ടുണ്ടു്. ഭർത്താവിനാൽ സംശയിക്കപ്പെടുക, മകനു പിറക്കാനൊരിടംതേടി അലഞ്ഞുതിരിയേണ്ടിവരിക, വെറുമൊരു കാലിത്തൊഴുത്തിന്റെ കോണിൽ മകനു ജന്മമേകുക, മകന്റെ ജീവൻ രക്ഷിക്കുവാൻവേണ്ടി ഉൽക്കണ്ഠയോടെ പരക്കംപായുക, നഷ്ടപ്പെട്ട പുത്രനെത്തേടി കണ്ണീരോടെ ഉഴറിനടക്കുക, ഭർത്താവിന്റെ മരണത്തിലൂടെയുണ്ടാകുന്ന ഏകാന്തതയും വൈധവ്യദുഃഖവും അനുഭവിക്കുക, തന്റെ ഏകപുത്രൻ അനേകംപേരുടെ ശത്രുതയ്ക്കും വിദ്വേഷത്തിനും പാത്രമാണെന്നറിഞ്ഞു വേദനിക്കുക, മർദ്ദനമേറ്റു് കുരിശുംപേറി കാൽവരികയറുന്ന പുത്രനെ അനുയാത്രചെയ്യുക, തന്റെ ജീവന്റെ ജീവനായ, പ്രതീക്ഷയുടെ കേന്ദ്രമായ മകൻ കുരിശിൽക്കിടന്നു് രക്തംവാർന്നു് പിടഞ്ഞുപിടഞ്ഞു മരിക്കുന്നതു് വീർപ്പടക്കി നോക്കിനിൽക്കേണ്ടിവരിക, മൃതനായ പുത്രനെ മടിയിൽക്കിടത്തി ആ മുറിവുകളിൽ തഴുകേ

malankaralibrary.com

ണ്ടിവരിക, ഭർത്താവും മകനും നഷ്ടപ്പെട്ട് ആരോരുമില്ലാത്ത വളായി മറ്റുള്ളവരുടെ ആശ്രയത്വത്തിൽ കഴിയേണ്ടിവരിക, ഇതിലധികം എന്തു പ്രശ്നമാണു് കുടുംബജീവിതത്തിൽ ഒരു സ്ത്രീക്കു നേരിടേണ്ടിവരിക! സാധാരണക്കാരായ ദമ്പതികളുടെ സമനില തെറ്റിക്കാനും അവരെ നിരാശയിലേയ്ക്കും ഒരുപ ക്ഷേ വിശ്വാസരാഹിത്യത്തിലേയ്ക്കുതന്നെയും തള്ളിനീക്കാ നും മതിയാവുന്ന ഈ പ്രതിസന്ധികളെയെല്ലാം അടിപതറാതെ ദൈവഹിതത്തിനു വിധേയയായി സമചിത്തതയോടെ നേരിട്ട വെന്നതിലാണു് മറിയത്തിന്റെ ഉദാത്തമാതൃക നാം കാണുന്ന തു്. മംഗളവാർത്തയുടെ അവസരത്തിൽ ദൈവത്തിന്റെ വി ളിക്കു് 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നു പ്രത്യുത്തരി ച്ചുകൊണ്ടു നടത്തിയ സമ്പൂർണ്ണമായ ആത്മസമർപ്പണം പ്രാ വർത്തികമാക്കുകയാണു് ഇവിടെയെല്ലാം മറിയം ചെയ്യുക. അച ഞ്ചലമായ വിശ്വാസമാണു് അതിനവളെ പ്രാപ്തയാക്കുന്നതു്.

വിവാഹജീവിതം ആത്യന്തികമായി ഒരാത്മസമർപ്പണ ത്തിന്റെ ജീവിതമാണല്ലോ. മംഗളവാർത്തയുടെ അവസര ത്തിൽ മറിയം ചെയ്തതുപോലെതന്നെയുള്ള സമ്പൂർണ്ണമായ ഒരാത്മസമർപ്പണമാണു് വിവാഹാവസരത്തിൽ ദമ്പതികളും ചെയ്യുന്നതു്. രക്ഷകന്റെ മാതാവാകാൻ വിളിക്കപ്പെട്ട മറിയം ആ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി സ്വയം സമർപ്പിച്ചതുപോലെ മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ദൈവികപ ദ്ധതി തുടരുന്നതിനുവേണ്ടി വിളിക്കപ്പെട്ടവർ നൽകുന്ന പ്രത്യു ത്തരമാണു ദാമ്പത്യജീവിതം. എന്നാൽ ഈ പ്രത്യുത്തരം അ നേകം പ്രതിസന്ധികളും പ്രതിബന്ധങ്ങളും നിറഞ്ഞതാണെ ന്നതിൽ സംശയമില്ല. ഇവിടെ തളരാതെ, തകരാതെ മുമ്പോട്ട പോകുന്നതിനു് ഇത്തരം പ്രതിസന്ധികളിലൂടെ ധീരമായി മു മ്പോട്ടുപോയ മറിയത്തിന്റെ മാതൃക നമുക്കു് കരുത്തേകാതി രിക്കില്ല.

ദൈവമാതാവെന്ന നിലയിലാണു് മറിയത്തെ നാമേറ വും ആദരിക്കുന്നതു്. ദൈവപുത്രനു ഈ ലോകത്തിൽ ജന്മം നല്കു കയും ദൈവപുത്രനു് യോജ്യമായവിധം അവിടുത്തെ വളർത്തി ക്കൊണ്ടുവരികയും ചെയ്തതുവഴിയാണു് മറിയം ദൈവമാതാ വായിത്തീർന്നതു്. പൂർണ്ണമായ അർത്ഥത്തിലല്ലെങ്കിലും മറി

malankaralibrary.com

യത്തെപ്പോലെ ദൈവമക്കൾക്ക ജന്മം നൽകുവാനും ദൈവമക്കൾ ക്കനുയോജ്യമായ വിധം അവരെ വളത്തിക്കൊണ്ടുവരുവാനുമാണ് ദമ്പതികളും വിളിക്കപ്പെടുക. ക്രൈസ്തവമാതാപിതാക്കളെന്ന നിലയിൽ ദൈവദത്തമായ നമ്മുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറിയമാണ് മാതൃക.

നസ്രസിലെ തന്റെ കൊച്ചുകുടുംബത്തിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല മറിയത്തിന്റെ സ്നേഹവും സേവനസന്നദ്ധതയും. ദൈവപുത്രനു മാതാവായി തെരഞ്ഞെടുക്കപ്പെട്ടയുടനെ അവൾ ചെയ്തതു് തന്റെ സഹായം ആവശ്യമായിരുന്ന എലീസബത്തിന്റെ പക്കലേയ്ക്കു പോവുകയായിരുന്നു. കാനായിലെ കല്യാണവീട്ടിൽ കുടുംബനാഥന്റെ വിഷമം ആരും പറയാതെതന്നെ മനസ്സിലാക്കാനും അതറിയിക്കേണ്ടിടത്തു് അറിയിച്ചു് പരിഹാരം കാണാനും താത്പര്യമെടുക്കുന്ന മറിയം മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുന്നതിനു് നമുക്കെന്നും പ്രചോദനമാണ്. കുടുംബത്തിൽനിന്നും കുടുംബങ്ങളിലേയ്ക്കും സമൂഹത്തിലേയ്ക്കും കവിഞ്ഞൊഴുകേണ്ട നിസ്വാർത്ഥസ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃകയാണ് ഇവിടെല്ലാം നാം കാണുന്നതു്.

മാതാവിന്റെ മഹത്ത്വം

ഒരിക്കൽ നൽകിയ സമ്മാനങ്ങളും വിളികളും ദൈവം പിൻവലിക്കയില്ല (റോമ. 11:29). മനുഷ്യർ അവ നിരാകരിക്കുകയോ ദുരുപയോഗിക്കുകയോ ചെയ്തു് ഇല്ലാതാക്കിയേക്കാം. സ്വീകരിച്ചു സഹകരിക്കുന്നവരെ ദൈവം മഹത്ത്വപ്പെടുത്തുന്നു. ദൈവം അവരിൽ മഹത്ത്വപ്പെടുന്നു. ദൈവം ഒരാളെ വിളിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതനുസരിച്ചു് മാലാഖമാരും ദൈവത്തോടു് ഐക്യപ്പെട്ടിരിക്കുന്ന എല്ലാവരും അയാളെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ദൈവബന്ധം കളഞ്ഞവർമാത്രം അംഗീകരിക്കാതിരിക്കുകയും അസൂയപ്പെടുകയും ചെയ്യുന്നു. ദൈവം പരി. മാതാവിനെ എത്രമേൽ ഉന്നത പദവിയിലേക്കു വിളിച്ചു മഹത്ത്വപ്പെടുത്തിയെന്നു് മാലാഖയുടെ അഭിനന്ദനവചനത്തിൽനിന്നും പരിശുദ്ധാത്മപ്രേരിതമായ തിരുവചനത്തിൽനിന്നും മനസ്സിലാക്കാം. നമ്മുടെ അന്തരംഗം

malankaralibrary.com

ദൈവൈക്യത്തിലാണെങ്കിൽ, നമ്മളും അതേ നിലയിൽ മാതാവിനെ മാനിക്കും. തിരുവചനങ്ങളും പരിശോധിക്കാം.

'കൃപാവരസമ്പൂർണ്ണ' (ലൂക്കാ 1:28). മനുഷ്യനു് അർഹതയില്ലാതിരിക്കെ ദൈവം നൽകുന്ന വലിയ സ്നേഹമാണു കൃപ. മാതാവിനു വലിയ കൃപാസ്നേഹം ലഭിച്ചു. ആ സ്നേഹത്തിൽ എല്ലാവരേയും സ്നേഹിക്കുകയും ചെയ്തു. അതിനാൽ മാതാവിൽ അഭയം പ്രാപിക്കുന്ന പാപികളും രോഗികളുമെല്ലാം മാതാവു് സങ്കേതമാണു്. 'കർത്താവു നിന്നോടുകൂടി' (ലൂക്കാ 1:28). കർത്താവു് എന്നപദം ദൈവത്തിനു് ഉപയോഗിക്കുന്നതാണു്. സർവ്വശക്തനായ ദൈവം കൃപാപൂർണ്ണമായ സ്നേഹത്താൽ മാതാവിനോടൊത്തു് എന്നും വസിച്ചിരുന്നു. 'ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവൾ' (ലൂക്കാ 1:30). പ്രാർത്ഥനയാൽ ദൈവത്തിന്റെ കൃപാസ്നേഹത്തിൽനിന്നു് എല്ലാം നേടിക്കൊടുക്കുവാൻ കഴിവുള്ളവളാണു മാതാവു്. പ്രകൃതിനിയമങ്ങൾക്കതീതമായവിധത്തിൽ കൃപാസ്നേഹത്താൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്യുവാൻതക്കവണ്ണം ദൈവം തെരഞ്ഞെടുത്തു സ്നേഹിച്ച ഏകവ്യക്തിയാണവൾ (ലൂക്കാ 1:35). മാതാവിന്റെ ശബ്ദത്തിൽപ്പോലും കൃപാസ്നേഹത്തിന്റെ സന്തോഷം നിറഞ്ഞുനിന്നിരുന്നു. അതുകേട്ട ഏലീശ്വായുടെ ഉദരസ്ഥശിശുവിൽപ്പോലും പരിശുദ്ധാത്മസന്തോഷം നിറഞ്ഞു. സ്ത്രീകളിൽ ഏറ്റം അനുഗൃഹീതയാണവൾ. കർത്താവിന്റെ അമ്മയാണവൾ. വിശ്വസിച്ച ഭാഗ്യവതിയാണവൾ (ലൂക്കാ 1:45) ഉന്നതവാഗ്ദാനങ്ങളും നിറയുന്ന ദൈവവചനം സ്വീകരിച്ചു്, വിശ്വസിച്ചു്, അനുസരിച്ചാൽ അതു സാക്ഷാൽക്കരിക്കപ്പെടുമെന്നു് ജീവിതംകൊണ്ടുകാണിച്ചുതന്ന വിശ്വാസികളുടെ നായികയാണവൾ. സകല തലമുറകളും അവളെ ഭാഗ്യവതിയെന്നു കീർത്തിക്കുന്നു (ലൂക്കാ 1:48) എല്ലാ തലമുറകളിലും ദൈവത്തോടു് ഐക്യപ്പെട്ടു ജീവിക്കുന്നവർ മാതാവിനെ ഭാഗ്യവതി എന്നു കീർത്തിക്കുന്നു. ഭൂമിയിൽ ദൈവമഹത്ത്വം (ദൈവസാന്നിദ്ധ്യം) പൂർണ്ണമായി ഏതൊരു ശിശുവിൽക്കൂടി കടന്നുവന്നുവോ ആ ശിശുവിനെ വഹിച്ചുകൊണ്ടു് ഭൂമിയിലുള്ളവർക്കു സാഷ്ടാംഗപ്രണാമത്തിലായി നിന്നവളാണു മറിയം. പ്രപഞ്ചറാണിയാണവൾ. അവളുടെ ആത്മാവിലൂടെ വാക്കു തുളച്ചുകയറി. ലോകരക്ഷയ്ക്കുള്ള സഹനത്തിൽ

malankaralibrary.com

ആഴത്തിൽ പങ്കുചേരാൻ മാതാവിനു് അവസരം കിട്ടി. 'ഇതാ നിന്റെ അമ്മ' എന്നു് ക്രൂശിൽവെച്ചു് യേശുനാഥൻ പറഞ്ഞതു വഴി ഓരോ വ്യക്തിയുടെയും വീണ്ടജനനത്തിൽ മൗതികമായി (mystical) യോജിക്കുന്നവളാണു മാതാവു്. ക്രൂശിൽവെച്ചു യേശുവിന്റെ തിരുശ്ശരീരത്തോടു് എല്ലാവരെയും യോജിപ്പിച്ചതുവഴി (കൊളേ 1:22) ആ സമയത്തുതന്നെ മാതാവിനെ എല്ലാവരുടേയും അമ്മ എന്ന ബന്ധത്തിലേക്കു് ഉയർത്തി. അവയ്ക്കു് എല്ലാവരോടും മൗതികമായ ഒരു ഐക്യം നൽകി. ദൈവം നൽകിയ വിളികളും ദാനങ്ങളും പരി. മാതാവു വിനയത്തോടുകൂടി സ്വീകരിച്ചു് അവയോടു് 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ' എന്ന മനോഭാവത്തോടെ സഹകരിച്ചു. അതിനാൽ ദൈവം മുൻകൂട്ടി ആഗ്രഹിച്ച വിധത്തിൽ മാതാവിനെ മഹത്ത്വപ്പെടുത്തി.

ക്രിസ്തീയ കുടുംബവും മാതാവും

രക്തബന്ധത്തിലുള്ള കൂട്ടായ്മയും അതിലുപരിയായി, ആത്മാവിന്റെ ജീവനായ യേശുവിലുള്ള കൂട്ടായ്മയും (യോഹ 5: 11 -13) പ്രകാശിക്കുന്ന കുടുംബങ്ങളാണു് ക്രിസ്തീയകുടുംബങ്ങളം. അവിടെ എല്ലാവരും സ്വർഗ്ഗനാഥനായ യേശുവിൽ ഏക ആത്മാവായിരിക്കുന്നു (1കോറ. 6:17). അതിനാൽ സ്വർഗ്ഗീയ ശാന്തിയും സ്നേഹവും സന്തോഷവും അവിടെ നിറയുന്നു. പല വ്യക്തികളിൽ ഏകയേശുവിന്റെ ശരീരാവയവങ്ങളം എന്ന ബന്ധവും പരസ്പരപൂരകത്വവും സാക്ഷാൽക്കരിച്ചിരിക്കുന്നു. ആ ബന്ധവും പരസ്പരപൂരകത്വവും കുടുംബത്തിന്റെ അതിരുകടന്നു് സഭയിലേക്കും സ്വർഗ്ഗത്തിലേക്കും പടർന്നിരിക്കുന്നു. അവർ യേശുവിന്റെ ലക്ഷ്യത്തിലും ജോലിയിലും സദാ വ്യാപൃതരാണു്. യേശുവിന്റെ ജോലിയിൽ അവർക്കു പ്രത്യേകമായി നൽകിയ ജോലികളായ കുടുംബപരിപാലനം, സൃഷ്ടികർമ്മത്തിലെ ഭാഗഭാഗിത്വം, സാമ്പത്തികവളർച്ചയുള്ള അദ്ധ്വാനം, ഇവയിലെല്ലാം യേശുവിനോടുകൂടി വ്യാപൃതരാണു്. യേശുവിനോടു് ഒന്നായവർക്കു് യേശുവിന്റെ ബന്ധങ്ങളും പദവികളും മഹത്ത്വവും ലഭിച്ചിരിക്കുന്നു. അവയിൽ ചിലതാണു്, യേശു നേടിയ പാപമോചനം (റോമ 8:1) ഉയിർപ്പു് (കൊളേ. 3:17) സ്വർഗ്ഗാരോഹണം (എഫേ 2:4-6) ആത്മാഭിഷേകം (അ.

malankaralibrary.com

പ്ര. 2:17, 33, 38) പിതാവിനോടുള്ള പുത്രബന്ധം (ഗലേ 3: 26) അബ്രഹാമിന്റെ സന്തതി എന്ന പദവിയും വാഗ്ദാനങ്ങളും (ഗലേ 3:29) രാജത്വവും പൗരോഹിത്യവും (1 പത്രോ 2:9) സഹനം (ഗലേ 6:17)എന്നിവ. യേശുവിൽ ഒന്നായവർക്ക് യേശുവിന്റെ നന്മകളിലും പദവികളിലും ബന്ധങ്ങളിലും ഭാഗഭാഗിത്വം ലഭിക്കുന്നതോടുകൂടി യേശുവിനു് അമ്മയോടുള്ള ബന്ധത്തിലും ഭാഗഭാഗിത്വംലഭിക്കുന്നു. ക്രിസ്തീയകുടുംബങ്ങളുടെയെല്ലാം അമ്മയാണു് പരി: മാതാവു്. നമ്മോടു് ആ നിലയിലുള്ള സ്നേഹം പരി. മാതാവിനുണ്ടു്.

മാതാവു് അനുദിനകുടുംബജീവിതത്തിൽ

1. പ്രാർത്ഥനയിൽ. ദൈവബന്ധത്തിലുള്ള സന്തോഷവും ദുഃഖവും മഹത്ത്വവും ഏറ്റവുമധികം അനുഭവിച്ചതു മാതാവാണു്. പാപികളും ദൈവത്തെ ദ്രോഹിക്കുന്നതുകണ്ടു് ഏറ്റവുമധികം വേദനിച്ചതു മാതാവാണു്. മാതാവിനോടുചേർന്നു് ദൈവരഹസ്യങ്ങളും ധ്യാനിച്ചു് പ്രാർത്ഥിക്കുക. ജപമാലപ്രാർത്ഥന അങ്ങനെയുള്ളതാണു്. 2) ജോലികളിൽ. മാതാവു് നമ്മോടു മൗതികമായി ബന്ധത്തിലാണെന്നുള്ള ബോദ്ധ്യത്തോടുകൂടി പ്രത്യാശയിലും ധൈര്യത്തിലും ആനന്ദത്തിലും ജോലിചെയ്യുക. 3) പ്രശ്നങ്ങളിൽ. മാതാവിന്റെ മദ്ധ്യസ്ഥശക്തിയിൽ ഉറയ്ക്കുക. 4) ദൈവികജീവിതം വളരാനും വളർത്താനും. അമ്മയുടെ കൃപ പങ്കുവെച്ചുതരാൻ പ്രാർത്ഥിക്കുക. യേശുവിനെ ക്രൂശിച്ചവരെപ്പോലും വെറുക്കാതെ അവർക്കുവേണ്ടി പ്രാർത്ഥിച്ച സ്നേഹസ്വഭാവം പങ്കുവെച്ചുതരാൻ പ്രാർത്ഥിക്കുക. നമ്മിലൂടെ കൃപ ഒഴുകുന്നതു് നമ്മുടെ വ്യക്തിപരമായി ദൈവികജീവിതത്തിൽ വളരാനും മറ്റുള്ളവരെ വളർത്താനും സഹായകമാകും. 5) മാതാവിനെ അഭിനന്ദിച്ചുള്ള പ്രാർത്ഥന നടത്തുക. 6) മാതൃകയായി സ്വീകരിക്കുക. മാതാവിൽ വിളങ്ങിയിരുന്ന വിശ്വാസജീവിതം, ദൈവവചനത്തിൽ ഉറച്ചുള്ള ധൈര്യം, വിനയം, ദൈവകൃപയിലുള്ള സന്തോഷവും പ്രത്യാശയും, പ്രതിബന്ധങ്ങളിൽ ദൈവികപദ്ധതി അനുസരിച്ചു പ്രവർത്തിക്കാനുള്ള ഒരുക്കം, സേവനസന്നദ്ധത, ശുശ്രൂഷാമനോഭാവം, രക്ഷാകര വേദനാസഹനം, സൗമ്യത, നിഗൂഢജീവിതം, ധ്യാനം മുതലായ ഗുണങ്ങളും മാതൃകയായി മനസ്സിൽ വെയ്ക്കുക. ജീവിതത്തിലേക്കു പകർത്താൻ ദൈവകൃപയോടു സഹകരിക്കുക.

malankaralibrary.com

തെറ്റായ മരിയഭക്തികൾ

1) ബിംബാരാധകരാകാൻ മാതാവിന്റെ സഹായം തേടുക തെറ്റ്. 'മാതാവേ, എന്റെ മക്കളെ വലിയ പണക്കാരാക്കണമേ, പണംകൊണ്ട് ഞങ്ങൾക്കിഷ്ടമുള്ളതുപോലെ ജീവിച്ചു കൊള്ളാം.....' എന്ന വിധമുള്ള പ്രാർത്ഥന, പണമോ മറ്റെതെങ്കിലും വസ്തുവോ ബിംബമായി ആരാധിക്കുന്ന പടിയിലേക്കു താഴുവാനായി സഹായിക്കാനുള്ള ഒരാളായി മാതാവിനെ കാണുക, തെറ്റായ ഭക്തിയാണ്. പരിപൂർണ്ണദൈവാശ്രയത്തിലേക്കും ദൈവാരാധനയിലേക്കും നയിക്കുന്നവളാണ മാതാവ്. 'അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ'. ഒന്നും ആകലപ്പെടാനില്ല, വേണ്ട സമയത്തു വേണ്ട അനുഗ്രഹം ദൈവം തരും, എന്നുകാണിച്ചുതരുന്നവളാണ് മാതാവ്. 2) ദൈവസ്ഥാനത്തു മാതാവിനെ പ്രതിഷ്ഠിക്കുന്നവിധമുള്ള ആരാധനകൾ തെറ്റാണ്. ദൈവം നൽകുന്നവ പങ്കുവെച്ചുതരാൻ മാത്രമേ മാതാവിനു സാധിക്കൂ. മാതാവ് ഒരു സൃഷ്ടിയാണ്. 3) തിരുസഭ അംഗീകരിച്ചിട്ടില്ലാത്ത ദർശനങ്ങളുടെ പേരിൽ മാതാവിനെ പ്രദർശിപ്പിക്കുകയും അവിടെ നേർച്ചയിട്ടാൽ ഏതു കാര്യവും സാധിച്ചുകിട്ടും എന്ന മട്ടിൽ ജനങ്ങളിൽ ബോധ്യമുണ്ടാക്കുകയും ചെയ്യുക തെറ്റാണ്. അമലോത്ഭവമാതാവിന്റെ കുരിശടിയിൽ നേർച്ചയിട്ടാൽ ഫലപ്പെടുകയില്ല, വേളാങ്കണ്ണിമാതാവിന്റെ കുരിശടിയിൽ നേർച്ചയിട്ടാലേ കാര്യം നടക്കൂ എന്ന വിധത്തിലുള്ള വിശ്വാസം തെറ്റാണ്. 4) ആദ്ധ്യാത്മികമായ പരമലക്ഷ്യമില്ലാതെ, കേവലം ഭൗതികലക്ഷ്യത്തിനായിമാത്രം മാതാവിനെ വിളിക്കുന്നതും ശരിയല്ല.

ഉപസംഹാരം

യേശുവിനെ വളർത്താൻ ഭാഗ്യംലഭിച്ച മാതാവുതന്നെ നമ്മിൽ യേശുവിനെ വളർത്തുന്ന ജോലി പൂർത്തിയാക്കട്ടെ. ദൈവിക ജീവൻ തളർത്തുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുന്ന എല്ലാ വിപരീതശക്തികളുടെയും നേരെ അമ്മ ഒരു പടനായികയെപ്പോലെ പൊരുതട്ടെ. നമ്മെ അമ്മയുടെ കൈയിൽ ഒരു കുഞ്ഞായി സമർപ്പിക്കാം. ഒരിക്കൽ ദൈവപുത്രൻ

malankaralibrary.com

മാതാവിന്റെ കൈകളിലേക്ക് ഒരു ശിശുവായി സമർപ്പിച്ച ആ സമർപ്പണം, ദൈവപുത്രനെ ധരിക്കുന്ന നമ്മൾക്ക് ഓരോരുത്തർക്കും ആവർത്തിക്കാം. ദൈവപുത്രൻ വിധേയനായി ജീവിച്ച മാതാവിനു, ദൈവപുത്രനെ ധരിക്കുന്ന നമ്മളും വിധേയരായി ജീവിക്കാം. മാതാവിനോടുള്ള ആത്മീയൈക്യവും ബന്ധവും നമ്മൾ യേശുവിൽ വളരുന്നതനുസരിച്ച് അനുഭവമാകട്ടെ.

○

malankaralibrary.com

4

വിശുദ്ധരുടെ സഹപയണർ

മാഹിത്തിരുനാൾ കഴിഞ്ഞു് കുടുംബസഹിതം ടൂറിസ്റ്റു കാറിൽ മടങ്ങുന്ന ഒരു കുടുംബനാഥനെ അടുത്തയിട കണ്ടുമുട്ടി. മിക്കവാറും വർഷങ്ങളിൽ മാഹീലമ്മയെ സന്ദർശിക്കാറുണ്ടെന്നും, തനിക്കും കുടുംബാംഗങ്ങൾക്കും മാതാവിനോടു പ്രത്യേക ഭക്തിയുണ്ടെന്നും, മാതാവിന്റെ മറ്റു തീർത്ഥാടന കേന്ദ്രങ്ങളിലും പോകാറുണ്ടെന്നുമെല്ലാം അയാൾ പറയുന്നതു കേട്ടപ്പോൾ മാഹീലമ്മ പരി.കന്യാമറിയമല്ല, അമ്മത്രേസ്യായാണെന്നു തിരുത്തിപ്പറയാൻ എന്തുകൊണ്ടോ തോന്നിയില്ല.

കേരളസഭയുടെ ആദ്ധ്യാത്മികപാപ്പരത്തം വിളിച്ചറിയിക്കുന്നതാണു് നമ്മുടെ പ്രശസ്തമായ പല തിരുനാളാഘോഷങ്ങളും. വിശുദ്ധന്റെ അദ്ഭുതശക്തിയെക്കുറിച്ചുള്ള പ്രചാരണം കൊണ്ടുമാത്രം ജനം വരാതായപ്പോൾ സിനിമാതാരങ്ങളെ കൊണ്ടുവരാനും തുടങ്ങി ഭക്തജനം! തിരുനാളാഘോഷത്തിനു വന്നിട്ടു് പള്ളിയിൽക്കയറാത്ത ഭക്തജനങ്ങളും, വി. കുർബ്ബാനയെ ആരാധിക്കാതെ വിശുദ്ധനെ കുമ്പിടുന്ന ആരാധകരും, കൊട്ടംകുരവയും, കച്ചവടവും, പിരിവും. വെടിക്കെട്ടും, നാടകവും, തിക്കും, തിരക്കും, മദ്യവും... എല്ലാം എന്തിലേക്കാണു വിരൽ ചൂണ്ടുക? കൈയിലുള്ളതും കടംവാങ്ങിയതും അദ്ധ്വാനിച്ചുണ്ടാക്കിയതും, നേർച്ചയായും കാഴ്ചയായും പിരിവായും വ

malankaralibrary.com

ണ്ടിക്കുലിയായും തിരുനാളിനായി മുടിക്കുന്നതു വിശുദ്ധിയിൽ വളരാൻ വേണ്ടിയൊന്നുമല്ല, മുട്ടശാന്തിക്കുവേണ്ടിയാണ്: അല്പം മനസ്സുമാധാനം, രോഗവിമുക്തി, ജോലിസാദ്ധ്യത....അങ്ങനെ പോകുന്നു ആവശ്യങ്ങളുടെ പട്ടിക. തങ്ങളുടെ പ്രൗഢി കാണിക്കാനുള്ള പ്രകടന മണ്ഡലമായി തിരുനാളുകളെ കാണുന്നവരുമുണ്ട്. വിശുദ്ധരോടുള്ള നമ്മുടെ ഭക്തി വഴിതെറ്റിപ്പോകുന്നു എന്നു പറയുമ്പോഴും, തിരുനാളിനോടനുബന്ധിച്ചുള്ള കുമ്പസാരങ്ങളും, വി. കുർബ്ബാന സ്വീകരിക്കുന്നവരുടെ നീണ്ടനിരയും, രാവിലെ മുതൽ ഇടമുറിയാതെ നടക്കുന്ന വിവിധ റീത്തുകളിലുള്ള കുർബ്ബാനകളും മറക്കുന്നില്ല.

രണ്ടാംവത്തിക്കാൻ കൗൺസിൽ സഭാംഗങ്ങളെ അനുസ്മരിപ്പിക്കുന്നു: വിശുദ്ധരുടെ തിരുനാളുകളും രക്ഷണീയരഹസ്യങ്ങളുടെ ഓർമ്മയാചരിക്കുന്ന തിരുനാളുകളെക്കാളും പ്രാധാന്യം നല്കാതിരിക്കാൻ ശ്രദ്ധിക്കണം. അതിനായി അവയിൽ പലതും ഓരോ പ്രാദേശികസഭയുടേയോ രാഷ്ട്രത്തിന്റേയോ സന്യാസ സമൂഹത്തിന്റേയോ ആഘോഷത്തിനായി വിട്ടുകൊടുക്കണം.....' (ആരാധനക്രമം. No.III). പക്ഷേ ആരറിയുന്നു ഈ പ്രബോധനങ്ങളും!

മുതിർന്ന തലമുറയുടെ പാളിച്ചകളും വിശുദ്ധരോടുള്ള ഭക്തിയെ ചോദ്യം ചെയ്യാനും വിശുദ്ധരിൽനിന്നു അകലാനും യുവതലമുറയെ ശക്തമായി പ്രേരിപ്പിക്കുന്നു—തിരുനാൾജനക്കൂട്ടത്തിലെ ഭ്രരിഭാഗവും അവരാണെങ്കിലും. അകത്തോലിക്കാ സമൂഹങ്ങളും, അക്രൈസ്തവർപോലും ചില അനാചാരങ്ങളുടെ നേരെ ചൂണ്ടുന്ന വിരലുകളും ക്രിസ്തീയസാക്ഷ്യത്തിന്റെ തന്നെ ശക്തി കുറയ്ക്കുന്നു; ചിലതെങ്കിലും ദുർമ്മാതൃകയുമാകുന്നു. വിശുദ്ധരോടുള്ള ഭക്തിയും തിരുനാളാഘോഷങ്ങളുമെല്ലാം അന്ധവിശ്വാസങ്ങളായാണ് യുവതലമുറ കാണുക. ഏതോ നാട്ടിൽ എന്നോ ജീവിച്ചിരുന്ന വിശുദ്ധരുമായി തങ്ങൾക്ക് എന്തെങ്കിലും ബന്ധമുണ്ടെന്നു അവർ കരുതുന്നില്ല. സാമ്പത്തിക ലാഭമുണ്ടാകുന്നതിനുവേണ്ടി സഭാധികാരികളും കണ്ടുപിടിച്ച ഒരു സൂത്രമാണ് തിരുനാളാഘോഷം എന്നു പറയുന്നവരുമുണ്ട്. വിശുദ്ധരുടെ രൂപങ്ങളുടെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന നേർച്ചപ്പെട്ടികളും, തിരുനാളുകളോടനുബന്ധിച്ചുള്ള അമ്പു,

malankaralibrary.com

വടി, മുടി, വാഗ്പ്രയോഗങ്ങളും അടിമവയ്ക്കലും അതിനെല്ലാമുള്ള ഫീസും ഈ ധാരണയ്ക്കു ബലംകൂട്ടുന്നു.

പണ്ടൊക്കെ എല്ലാ വ്യക്തികൾക്കും ഒരു വിശുദ്ധന്റെ അല്ലെങ്കിൽ വിശുദ്ധയുടെ പേരാണു് നല്കിയിരുന്നതു്. ആ വിശുദ്ധനെ സ്വർഗ്ഗീയമധ്യസ്ഥനായി സ്വീകരിക്കാനും അനുദിനം പ്രാർത്ഥിക്കാനും പരിശീലിപ്പിച്ചിരുന്നു. ഇന്നോ? വേണ്ടതു തഴയപ്പെട്ടിരിക്കുന്നു.

ആരാണു് വിശുദ്ധർ?

വിശുദ്ധഗ്രന്ഥത്തിൽ, വിശ്വാസികളെ മുഴുവനുമാണു് 'വിശുദ്ധർ' എന്ന പദംകൊണ്ടു് വിവക്ഷിക്കുന്നതു്. ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകൊള്ളുന്നവർ; പരിശുദ്ധിയുടെ ഉറവിടം ദൈവമാണു്. ഇസ്രായേലിന്റെ പരിശുദ്ധൻ എന്നു് ഏശയ്യാ പറയുക യാഹ്വേയെക്കുറിച്ചാണു് (Is 1:4;5:19). 'പരിശുദ്ധൻ' (The Holy One) എന്നു പറയുന്നതും യാഹ്വേയാണു്. ദൈവവും മനുഷ്യനുമായി സമ്പർക്കത്തിലാകുവാനും ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകൊള്ളുവാനും മനുഷ്യനു് അവകാശം ലഭിച്ചതു് സീനായ്ഉടമ്പടിയിൽ വച്ചാണു്. ഉടമ്പടിയിലെ ഇസ്രായേൽ 'ദൈവജനം', അഥവാ 'വിശുദ്ധജന'മായിത്തീർന്നു (പുറ. 19:6). ദൈവ-മനുഷ്യബന്ധത്തിലെ സുപ്രധാനവ്യവസ്ഥതന്നെ 'നിങ്ങളുടെ ദൈവമായ യാഹ്വേപരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളുംപരിശുദ്ധരായിരിക്കുവിൻ' എന്നതാണു്'. ('Be holy as I am holy' ലേവ്യർ 11:44-45)

പുതിയനിയമത്തിലേക്കു വരുമ്പോഴും ഈ 'വിശുദ്ധ ജന പദം' സഭയായി മാറുന്നു (1 പത്രോ. 2:5-9). വിശ്വാസികളാണു് 'വിശുദ്ധർ'(നടപടി 9:13). പുതിയ നിയമത്തിലെ പരിശുദ്ധൻ യേശുവാണു്(മർക്കോസ്. 1:24) അഭിഷേകംചെയ്ത, അവിടുത്തെ പരിശുദ്ധ പുത്രനായ യേശു (നട. 4:27;3:14) വിനോടുള്ള ഐക്യത്തിലാണു് വിശ്വാസികളും പരിശുദ്ധരായിരിക്കുക (1 പത്രോ 1:15). മാമ്മോദീസായിലൂടെ സ്ഥാപിക്കപ്പെടുന്ന ഈ ഐക്യം മറ്റു കൂദാശകളാൽ ഊട്ടിവളർത്തി പൂർത്തീകരിക്കപ്പെടുന്നു. വി. പൗലോസിന്റെ ഭാഷയിൽ 'ക്രി

malankaralibrary.com

സ്ത്രീ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു.' (എഫേ: 5:26;1 പത്രോ. 2: 5, 9)

ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകൊള്ളുവാൻ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനുള്ള ക്ഷണം വ്യക്തിപരമായ ധാർമ്മിക വിശുദ്ധീകരണത്തിനുള്ളതും പരിമിതികളില്ലാത്തതുമാണ്. യേശുവിനോടുകൂടിയുള്ള പുനരുത്ഥാനത്തിലും ദൈവൈക്യത്തിലുമാണ് അതവസാനിക്കുക. നമ്മൾ ദൈവമക്കളാണ്. 'നാം എന്തായിത്തീരുമെന്നു് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എന്നാൽ, അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും. ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധനാക്കുന്നു' (1 യോഹ. 3:3).

വിശുദ്ധർ സഭയിൽ

രക്ഷ സാർവ്വത്രികമാണ്; വിശുദ്ധിയിലേക്കുള്ള വിളിയും. പക്ഷേ, അതിലെ മനുഷ്യന്റെ പങ്കാളിത്തം അവന്റെ സഹകരണത്തിനും അധ്വാനത്തിനും അനുസൃതമാണ്. ദൈവവുമായുള്ള ഐക്യം എല്ലാവരും ഒരുപോലെയല്ല പ്രാപിക്കുക. ദൈവത്തിന്റെ ദാനവും മനുഷ്യന്റെ സ്വതന്ത്രമായ പ്രതികരണവും, വിശുദ്ധിയിലുള്ള മുന്നേറ്റവും വ്യത്യസ്ത തലങ്ങളിലും അളവിലുമാണ്.

സഭ വിഭാവനംചെയ്യുന്ന രീതിയിൽ ദൈവികപുണ്യങ്ങളിൽ വളരുകയും, ധീരമായ സുകൃതജീവിതത്തിലൂടെയും വിശ്വാസസാക്ഷ്യത്തിലൂടെയും അതു പ്രകടമാക്കുകയും ചെയ്യുവരെ സഭ വിശുദ്ധരായി അംഗീകരിക്കുന്നു. ചുരുക്കത്തിൽ, മരണശേഷം, ക്രിസ്തുവുമായി ഐക്യപ്പെട്ട് ത്രിത്വൈക ദൈവത്തിന്റെ ജീവിതത്തിലേക്കു പ്രവേശിച്ചു എന്നു് സഭയ്ക്കു ബോധ്യം വന്നവരെ സഭ ഔദ്യോഗികമായി വിശുദ്ധരായി പ്രഖ്യാപിക്കുന്നു. പക്ഷേ, വിശുദ്ധർ എന്നു പറയുമ്പോൾ ഇവരെ മാത്രമല്ല നാം അനുസ്മരിക്കേണ്ടതു്. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരും ധീരമായ, മാതൃകാപരമായ സുകൃതജീവിതം നയിക്കുന്നവരും സഭയിലുണ്ട്; അവരും വിശുദ്ധിയുടെ വിവിധപടവുകളിലാണ്.

malankaralibrary.com

വിശുദ്ധരോടുള്ള വണക്കം—ചരിത്രത്തിൽ

മാനവചരിത്രത്തിന്റെ ആരംഭത്തിൽ, വസ്തുക്കളിലും പ്രകൃതിയിലും പ്രകടമായിക്കണ്ട ശക്തികളോട് മനുഷ്യനുണ്ടായ ഭയാദരവുകളും അവയ്ക്കു ദിവ്യത്വം കല്പിക്കുവാൻ മനുഷ്യനെ പ്രേരിപ്പിച്ചു. തുടർന്ന്, ഈ ശക്തിയുടെ ഉറവിടങ്ങളെ സംബന്ധിച്ച വിചിന്തനങ്ങളുടെ ഫലമായി വിവിധ സ്വാഭാവിക മതങ്ങളും ഉടലെടുത്തു.

ആദ്യമൊക്കെ വിശ്വാസി മനുഷ്യന്റെ ഉയർന്ന ധാർമ്മികജീവിതത്തോടെന്നതിനേക്കാളും മാന്ത്രികശക്തിയോടു ബന്ധപ്പെടുത്തിയാണ് വീക്ഷിക്കപ്പെട്ടിരുന്നതു്. ധന്യരായ വ്യക്തികളോട് എന്നതിനേക്കാളും പലർക്കും ആദരവു് ചില സ്ഥലങ്ങളോടും അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളോടുമാണല്ലോ. അത്ഭുതം പ്രവർത്തിക്കാൻ കഴിവുള്ള, അസാധാരണ കാര്യങ്ങൾ സാധിച്ചുതരാൻ കഴിവുള്ള ശക്തന്മാർ എന്ന നിലയിലാണു് സാധാരണമനുഷ്യനു് വിശുദ്ധരോടു് ആദരവു്. ആ അർത്ഥത്തിൽ, വിശുദ്ധർ മരിച്ച ശക്തന്മാരാണ്. അതുകൊണ്ടാണ് വിശുദ്ധരുടെ വ്യക്തിത്വത്തിനും ജീവിതത്തിനും കിട്ടുന്നതിനേക്കാളും ആദരവും പ്രാധാന്യവും അവരുടെ ശവകുടീരത്തിനും തിരുശേഷിപ്പുകൾക്കും നല്കപ്പെട്ടതു്.

മനുഷ്യനു് യഥാർത്ഥ ദിവ്യശക്തിയും വിശുദ്ധിയും ലഭിക്കുക തപസ്സും പ്രായശ്ചിത്തവും സുകൃതജീവിതവുംവഴി ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകൊള്ളുമ്പോഴാണ്. വി. ഗ്രന്ഥത്തിൽ ഇസ്രായേലിന്റെ പരിശുദ്ധൻ യാഹ്വേ മാത്രമാണ്. ഈ പരിശുദ്ധിയിൽ പങ്കുകൊള്ളുന്നിടത്തോളമേ മനുഷ്യനു പരിശുദ്ധിയുള്ളൂ.

ആദിമസഭയിൽ രക്തസാക്ഷികളോടുള്ള ആദരവും ബഹുമാനവുമാണ് സാവധാനം വിശുദ്ധരോടുള്ള വണക്കമായി വളർന്നതു്. മൂന്നാംനൂറ്റാണ്ടോടുകൂടി വിശ്വാസികളുടെ മാദ്ധ്യസ്ഥ്യം സ്വീകരിക്കുന്ന രീതി സഭയിൽ നിലവിൽവന്നു. നാലും അഞ്ചും നൂറ്റാണ്ടുകളായപ്പോൾ, രക്തസാക്ഷികളുടെ എണ്ണം കുറഞ്ഞെങ്കിലും താപസജീവിതം രക്തസാക്ഷിത്വത്തിനു് തുല്യമായി കണക്കാക്കാനും, താപസന്മാരെ വിശ്വാസികളായി കണക്കാ

malankaralibrary.com

ക്കാനും തുടങ്ങി. ആദ്യം പൗരസ്ത്യസഭയിലും പിന്നീട് പാശ്ചാത്യസഭയിലും വിശുദ്ധരുടെ പേരിൽ ദേവാലയങ്ങളും നിർമ്മിക്കാനും അവരുടെ ജീവചരിത്രങ്ങളും പ്രസിദ്ധീകരിക്കാനും തുടങ്ങി. ഈ കാലഘട്ടത്തിൽത്തന്നെ, വിശുദ്ധരായവരുടെ മരണവാർഷികങ്ങളും ജന്മദിനങ്ങളായി ആഘോഷിച്ചുതുടങ്ങി. അഞ്ചും ആറും നൂറ്റാണ്ടുകളായപ്പോഴും ലത്തീൻസഭകളിൽ വിശുദ്ധരോടുള്ള പ്രാർത്ഥനകളും കുർബ്ബാനയിൽ ചേർത്തുതുടങ്ങി. പ്രതിമാവണക്കം ആദ്യം പൗരസ്ത്യസഭകളിലും, തിരുശേഷിപ്പുകളും സൂക്ഷിച്ച് വണങ്ങുന്ന രീതി പാശ്ചാത്യസഭകളിലുമാണ് തുടങ്ങിയതു്. ടെൻറ്കൗൺസിൽ 1565 ൽ വിശുദ്ധരോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന നല്ലതും ഉപകാരപ്രദവുമാണെന്നു് പ്രസ്താവിച്ചു.

വിശുദ്ധരുടെ സഹപൗരർ

വിശുദ്ധരും നമ്മളും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. വി. പൗലോസിന്റെ ഭാഷയിൽ നമ്മളും വിശുദ്ധരുടെ സഹപൗരരും ദൈവവേലത്തിലെ അംഗങ്ങളുമാണ്. നമുക്കു മുമ്പേ വിജയംവരിച്ച നമ്മുടെ സഹോദരന്മാരാണ് വിശുദ്ധർ. വിശുദ്ധരോടു നമുക്കുള്ള ബന്ധത്തെപ്പറ്റി 'തിരുസ്സഭ'യെ സംബന്ധിച്ച പ്രമാണരേഖയിൽ സഭാപിതാക്കന്മാർ പറയുന്നു: 'നാം ദൈവത്തിന്റെ മക്കളും, ക്രിസ്തുവിൽ ഒരു കുടുംബമായിത്തീർന്നിരിക്കുന്നവരുമാണ്. സ്വർഗ്ഗീയ മഹത്വത്തിലുള്ളവരോ മരണാനന്തരം ശുദ്ധീകരിക്കപ്പെടുന്നവരോ ആയ നമ്മുടെ സഹോദരന്മാരോടുള്ള സജീവമായ ഐക്യം ദൈവസ്നേഹത്തിൽ നമ്മെ വളർത്തുന്നു; ദൈവവുമായി നമ്മെ അടുപ്പിക്കുന്നു' (51). സ്വർഗ്ഗത്തിൽ ദൈവത്തെ നിരന്തരം സ്തുതിച്ചുകൊണ്ടിരിക്കുന്നവരും മരിച്ച വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരും ഭൂമിയിൽ പ്രവാസത്തിലായിരിക്കുന്നവരും വ്യത്യസ്തരീതിയിലും അളവിലും ആയിരുന്നാലും ഒരേ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും സംസർഗ്ഗം ചെയ്യുന്നവരും ദൈവത്തിനു് ഒരേ മഹത്വഗീതം പാടുന്നവരുമാണെന്നു് (44) സഭ നമ്മളെ പഠിപ്പിക്കുന്നു. ഇവിടെ അവർ എല്ലാറ്റിലും ദൈവത്തിനു് സേവനം ചെയ്തു് ക്രിസ്തുവിന്റെ സഹനത്തിൽ കുറവുള്ളതു് സഭയോകുന്ന അവിടുത്തെ ശരീരത്തിനുവേണ്ടി അവരുടെ ശരീരത്തിൽ പൂർത്തി

malankaralibrary.com

യാക്കി എന്നും വിശ്വാസികളുടെ മാഹാത്മ്യത്തെപ്പറ്റി സഭ പഠിപ്പിക്കുന്നു.

മാദ്ധ്യസ്ഥ്യപ്രാർത്ഥനയുടെ പ്രസക്തി

യേശുവിന്റെ മൗതികശരീരത്തെപ്പറ്റിയും ദൈവജനത്തിന്റെ കൂട്ടായ്മയെപ്പറ്റിയുമുള്ള പഠനങ്ങളുടെ വെളിച്ചത്തിലേ വി. ഗ്രന്ഥത്തിൽ വിശ്വാസികളോടുള്ള ഭക്തിക്ക് അടിസ്ഥാനം കണ്ടെത്താനാകൂ. പൗലോസ് വിശ്വാസികളുടെ സമൂഹത്തിന്റെ പ്രാർത്ഥനാസഹായത്തിനായി അഭ്യർത്ഥിക്കുന്നതായി ലേഖനങ്ങളിൽ പലയിടത്തും കാണാം (റോമ. 15:30, എഫേ. 6: 18-19) ഭൂമിയിലെ സഭയും സ്വർഗ്ഗത്തിലെ സഭയും തമ്മിലുള്ള ബന്ധം വി. പൗലോസ് ഊന്നിപ്പറയുന്നുണ്ട്. 'യേശുവിലൂടെ ഒരേ ആത്മാവിൽ ഇരുകൂട്ടർക്കും പിതാവിന്റെ സന്നിധിയിൽ പ്രവേശിക്കാൻ സാധിക്കുന്നു.... അപ്പസ്തോലന്മാരും പ്രവാചകന്മാരുമായ അടിസ്ഥാനത്തിന്മേൽ പണിതുയർത്തപ്പെട്ടവരാണ് നമ്മൾ. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവും' (എഫേ. 2:17-20). മാമ്മോദീസായിലൂടെ ദൈവികജീവനിൽ പങ്കുകൊണ്ട് ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായിത്തീർന്നവർ, ഭൂമിയിലാണെങ്കിലും, 'ലോകത്തിൽനിന്ന് എടുക്കപ്പെട്ടവരേപ്പോലെ; ദൈവരാജ്യത്തിലെ ജീവിതം നയിക്കുന്നവരാണ്. 'സിയോൻ മലയിലേക്കും ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയജറൂസലേമിലേക്കും അസംഖ്യം ദൂതന്മാരുടെ സമൂഹത്തിലേക്കും സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതരുടെ സമൂഹത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നതു'' (ഹെബ്രാ 12:21-24). അതായതു് വിശ്വാസികളുടെ നമ്മുടെ ബന്ധം ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധംതന്നെ. അനുകരണത്തെക്കുറിച്ചും വി. പൗലോസ് വ്യക്തമായി പറയുന്നുണ്ട്: 'നിങ്ങളോട് സുവിശേഷം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്തു് അവരുടെ വിശ്വാസം അനുകരിക്കുവിൻ' (ഹെബ്രാ 13:7).

അതുകൊണ്ട് ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ജീവിതത്തിന്റെ ഒരു വശമായിട്ടാണ് വിശ്വാസികളോടുള്ള വണക്കം

malankaralibrary.com

കാണേണ്ടതു്. അനുകരണം മാത്രമല്ല മാദ്ധ്യസ്ഥ്യവും അതിൽപ്പെട്ടതു. ഇതു ക്രിസ്തുവിൽനിന്നു നമ്മെ അകറ്റുകയല്ല, പ്രത്യുത അവിടുന്നു നേടിത്തന്ന വീണ്ടെടുപ്പിനെ മഹത്ത്വപ്പെടുത്തുകയാണു്. അവിടുത്തെ രക്ഷാകരരഹസ്യങ്ങളുടെ ഫലം വിശുദ്ധരുടെ സ്വർഗ്ഗീയപ്രാർത്ഥനയിലൂടെയും ഇടപെടലിലൂടെയും നവജാതരിലേക്കു പ്രവഹിക്കുന്നു. ഇതു് മനുഷ്യരുടേയും ദൈവത്തിന്റേയുമിടയിൽ 'ഏകമദ്ധ്യസ്ഥ'നായ യേശുക്രിസ്തുവിന്റെ മാദ്ധ്യസ്ഥ്യത്തെ തടയുകയോ അതിനുകോട്ടം വരുത്തുകയോ അല്ല, ശക്തിപ്പെടുത്തുകയാണു്. മൗതികശരീരത്തിന്റെ വളർച്ചയിൽ അവയവങ്ങളുടെ പൂർണ്ണസഹകരണം മാത്രമായേ അതു കാണേണ്ടതുള്ളൂ.

വിശുദ്ധരുടെ പേരിടണമോ?

മക്കൾക്കു മാതാപിതാക്കളുടെ പേരിടുക നമ്മുടെയിടയിൽ നിലവിലുള്ള പാരമ്പര്യമാണു്. മാതാപിതാക്കളുടെ പേരു് വിശുദ്ധരുടേതുതന്നെയാണല്ലോ. മാതാപിതാക്കൾ സല്പേരുള്ളവരെങ്കിൽ മക്കൾക്കു് അഭിമാനവുമായിരിക്കും. എന്നാൽ, ആതു് മാഭിമാനത്തോടെ സ്വീകരിക്കാവുന്ന പേരുകളുണ്ടു് നമുക്കു്. സഭാകുടുംബത്തിലെ ആദ്ധ്യാത്മികകാരണവരുടെ പേരുകൾ. സത്യത്തിനും ധർമ്മത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട, വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ വിശുദ്ധർ. ഇതിൽക്കൂടുതൽ മക്കൾക്കുകൊടുക്കുവാൻ നല്ലപേരു് വേറെ എന്താണുള്ളതു്? പക്ഷേ, ഇന്നത്തെ സമൂഹത്തിൽ ചിലർക്കു 'മേരി'യേക്കാൾ ഇഷ്ടം 'ഷീല'യേയാണു്; സെബാസ്റ്റ്യനേക്കാൾ 'ഡിങ്കനേയും'.

പട്ടിക്കും കുട്ടിക്കും ഒരേ പേരിടുന്ന ഇന്നത്തെ പ്രവണതയുടെ അപഹാസ്യത പലരും മനസ്സിലാക്കാറില്ല. സ്വന്തം പേരിന്റെ പേരിൽ ദുഃഖിക്കുന്ന പല കുഞ്ഞുങ്ങളേയും കണ്ടിട്ടുണ്ടു്. ലാലിച്ചനെന്നു പേരിട്ട 'ലാലി' എന്നു വിളിക്കുന്നവനെ ഹെഡ്മാസ്റ്ററും പോസ്റ്റുമാനും പെൺകുട്ടികളുടെയിടയിൽപ്പോയി അന്വേഷിച്ചതിൽ എന്തദ്ഭുമിരിക്കുന്നു? പേരു കേട്ടാലെങ്കിലും ആണും പെണ്ണും തിരിച്ചറിയാനുള്ള സംവിധാനം ആവശ്യമല്ലേ?

malankaralibrary.com

മേൽവിലാസമില്ലാത്തവരാക്കണോ?

പലരും ഇത്തരം ആണും പെണ്ണുമല്ലാത്തതും വ്യക്തിത്വമില്ലാത്തതുമായ പേരിടുക മതം തിരിച്ചറിയാതിരിക്കാനാണുപോലും! ഏതു മതസ്ഥനാണെന്നു പേരു പറഞ്ഞാൽ അറിയരുതു്.... മാറിനിറുത്തരുതു്.... ജോലികിട്ടാതെവരരുതു്.... പക്ഷേ, ഏതു ജോലിയിൽ പ്രവേശിക്കാൻ അപേക്ഷ പൂരിപ്പിക്കുമ്പോഴാണു് ജാതിയും മതവും ചേർക്കേണ്ടാത്തതു് എന്നറിയില്ല. എന്നോ കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യാവുന്ന ഒരു സർക്കാർജോലിക്കുവേണ്ടി മക്കളെ കുലവും കുടുംബവുമില്ലാത്തവരാക്കണോ?

ഒരാൾക്കു് സമൂഹത്തിൽ അഡ്രസുണ്ടാകുന്നതു് ഒരു കുടുംബത്തിലെ ഇന്നയാളുടെ മകൻ/മകൾ എന്നു പറയുമ്പോഴാണു്. വെറുതെ 'പിങ്കു' എന്നു പറഞ്ഞാൽ identity ഇല്ല. ചേമ്പുംതടത്തിൽ മത്തായി മറിയം മകൻ 'പിങ്കു' എന്നു തന്നെ പറയണം. അതുപോലെ മതവും സ്വന്തംവിശ്വാസവും പ്രഘോഷിച്ചു് വ്യക്തിത്വം നിലനിർത്താനുള്ള ആത്മവിശ്വാസവും തന്റേടവും മക്കൾക്കു് മാതാപിതാക്കൾ നൽകുകയാണു് വേണ്ടതു്. ഭാരതത്തിൽത്തന്നെ എല്ലാ മണ്ഡലങ്ങളിലും എല്ലാത്തലങ്ങളിലും ക്രൈസ്തവർ പ്രവർത്തിക്കുന്നുണ്ടു്. മദർ തെരേസാ സാർവ്വലൗകികാംഗീകാരം പിടിച്ചുപറ്റിയതു് കത്തോലിക്കയായിരുന്നു്, സന്യാസവസ്ത്രം ധരിച്ചുകൊണ്ടുതന്നെയാണു്.

ആംഗ്ലേയസാഹിത്യകാരനായ ഹില്ലയർ ബല്ലക്കു് ഒരു കത്തോലിക്കനായിരുന്നു. ഒരിക്കൽ ബ്രിട്ടീഷ്പാർലമെന്റിലേക്കു് അദ്ദേഹം മത്സരിച്ചു. പ്രോട്ടസ്റ്റൻറുരാജ്യമായ ഇംഗ്ളണ്ടിൽ ഒരു കത്തോലിക്കനു ജയിക്കാൻ സാധ്യതയില്ല എന്നു് അദ്ദേഹത്തിന്റെ പല അനുയായികളും കരുതി. അതുകൊണ്ടു കത്തോലിക്കനാണെന്നു വെളിപ്പെടുത്തേണ്ടതില്ല എന്നു് പലരും അദ്ദേഹത്തെ ഉപദേശിച്ചു. ആദ്യത്തെ തെരഞ്ഞെടുപ്പുപ്രസംഗത്തിൽത്തന്നെ അദ്ദേഹം പറഞ്ഞു: 'ഞാൻ ഒരു കത്തോലിക്കനാണു്. അങ്ങനെ എന്നെ അംഗീകരിക്കുന്നവർ എനിക്കുവോട്ടു തന്നാൽമതി'.

malankaralibrary.com

ഉത്കൃഷ്ടമായ വ്യക്തിത്വത്തിന്റെ പരിശീലനക്കളരി

വിശുദ്ധരോടുള്ള ഭക്തി ഉറവിടം കണ്ടെത്തേണ്ടതു കുടുംബങ്ങളിലാണു്. ഉത്കൃഷ്ടമായ വ്യക്തിത്വത്തിന്റെ പരിശീലനക്കളരി എന്നാണു് കുടുംബത്തെ കൗൺസിൽ വിശേഷിപ്പിക്കുക. (സഭ ആധുനിക യുഗത്തിൽ, 52) സഭ വിഭാവനം ചെയ്യുന്ന ഉത്കൃഷ്ടമായ വ്യക്തിത്വത്തിന്റെ മാതൃകകളെ നമുക്കു കാണാൻ കഴിയുക സഭയിൽത്തന്നെയാണു്. 'തന്റെ സേവകരിൽ പ്രകടിതമായ ക്രിസ്തുവിന്റെ വിസ്മനീയപ്രവൃത്തികളെ വിശുദ്ധരുടെ തിരുനാളുകളിൽ വിളംബരം ചെയ്യണം' എന്നു് ആരാധനക്രമം എന്ന പ്രമാണരേഖയിൽ തിരുനാളാഘോഷങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ സഭ വ്യക്തമാക്കുന്നുണ്ടു് (No III). അനുകരിക്കാൻ പറ്റിയ മാതൃകകളാണു് വിശുദ്ധരുടെ ജീവിതം എന്നും കൗൺസിൽ പറയുന്നു. കാരണം 'ഉദാത്തവും ലളിതവുമായ ജീവിതത്തിന്റെ ഉടമകളാണവർ'. മാത്രമല്ല, ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിൽ ധീരമായ മാതൃകനല്കിയവരുമാണവർ.

വിശുദ്ധരോടു നമുക്കുള്ള ഭക്തി വൈകാരികപ്രകടനമോ കാര്യസാധ്യത്തിനുവേണ്ടിയുള്ള സമീപനമോ മാത്രം ആകരുതു്. അതിരുകടക്കുന്ന ഇത്തരം ഭക്തിപ്രകടനങ്ങളും മറുക്രൈസ്തവവിഭാഗങ്ങൾക്കു് കത്തോലിക്കാസഭയിലേക്കു് വരാൻ തടസ്സമായി നില്ക്കുന്നുണ്ടു്.'ഇതു് അനാചാരമാണു്, അന്ധവിശ്വാസമാണു്, ദൈവപ്രമാണങ്ങൾക്കു വിരുദ്ധമാണു്' എന്നെല്ലാം അകത്തോലിക്കർ നമ്മുടെ സാധാരണ വിശ്വാസികളോടു പറഞ്ഞാൽ മറുപടി പറയാൻ അവർക്കു് അറിഞ്ഞുകൂടെന്നതും വാസ്തവമാണു്.

വിശുദ്ധരുടെ പേരു സ്വീകരിക്കുക, അവരുടെ മാതൃകകളും വിശുദ്ധിയിൽ മുന്നേറിയ വഴിയും അനുകരിക്കുക, നമുക്കു മുമ്പേ വിജയംനേടിയ നമ്മുടെ സഹോദരർ എന്ന നിലയിൽ അവരോടു് ആദരവും സ്നേഹവും കാണിക്കുക ഇതെല്ലാം നല്ലതും ചെയ്യേണ്ടതുമാണു്. കുടുംബങ്ങളിൽ കുഞ്ഞുങ്ങളുടെ നാമധാരിയായ വിശുദ്ധന്റെ തിരുനാൾ ലളിതമായെങ്കിലും ആ

malankaralibrary.com

ഘോഷിക്കുന്നതും ആ വിശുദ്ധന്റെ ജീവചരിത്രമോ ജീവിതത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളോ എങ്കിലും കുഞ്ഞിനെ പഠിപ്പിക്കുന്നതും വിശുദ്ധരോടുള്ള യഥാർത്ഥകേ്തിയാണ്; ഒപ്പം കുട്ടിയുടെ വ്യക്തിത്വവളർച്ചയിലെ പ്രധാനപ്പെട്ട ഘട്ടവും.

സാധാരണജീവിതത്തിൽ പ്രശസ്തരായ വ്യക്തികളുമായി ബന്ധപ്പെടാൻ, സംസാരിക്കാൻ, അവരുടെ കൈയൊപ്പു വാങ്ങാൻ കുട്ടികൾ താത്പര്യം പ്രകടിപ്പിക്കാറുണ്ടല്ലോ. അതുപോലെ, ആധ്യാത്മികജീവിതത്തിലും പ്രഗല്ഭരായ വ്യക്തികളോട്, വിശുദ്ധരോട് വ്യക്ത്യന്തരബന്ധം വളർത്തിയെടുക്കാൻ കുട്ടികൾ തയ്യാറാവണം. 'സ്വർഗ്ഗത്തിലിരിക്കുന്നവർ ക്രിസ്തുവുമായി കൂടുതൽ ഐക്യം പ്രാപിച്ചിരിക്കുന്നതിനാൽ, അവർ സഭ മുഴുവനേയും വിശുദ്ധിയിൽ ഉറപ്പിക്കുന്നു' എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.

തീർത്ഥാടനത്തിലായിരിക്കുന്ന നമുക്ക് സ്വർഗ്ഗീയവേനത്തിലായിരിക്കുന്നവരോടുള്ള ബന്ധം ലക്ഷ്യത്തിലെത്തിച്ചേരാൻ അനുപേക്ഷണീയമാണ്. ഇതു സാധിക്കുക കൊട്ടും കുരവയും കൊണ്ടല്ല, വ്യക്ത്യന്തരബന്ധത്തിലൂടെയും, അവർ പൂർത്തിയാക്കിയ തീർത്ഥാടനത്തിന്റെ മാർഗ്ഗം പിൻചെന്നുകൊണ്ടുമാണ്. രക്ഷാകരരഹസ്യങ്ങളിലുള്ള പങ്കാളിത്തം വളർത്താൻ അതു ഉപകരിക്കണം. നമ്മുടെ ആവശ്യങ്ങളെല്ലാം നേടിത്തരുന്നവരോ സാധിച്ചുതരുന്നവരോ ആണ് വിശുദ്ധർ എന്നു തെറ്റിദ്ധരിച്ചു വിശ്വാസമാന്ദ്യമുണ്ടാക്കേണ്ട. നമ്മളെ വിശുദ്ധിയിൽ വളർത്താനും, യേശുവിലേക്ക് നയിക്കാനും സഹായിക്കുന്നവരാണ് അവർ. സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്ന സ്വർഗ്ഗരാജ്യത്തിലെ നമ്മുടെ സഹപൗരൻ. ○

malankaralibrary.com

5

തിരുനാളുകൾ, വിശേഷദിനങ്ങൾ

തിരുനാളുകളും വിശേഷദിനങ്ങളും കുടുംബത്തിന്റെ കെട്ടുറപ്പും ഐക്യവും വളർത്തുന്നതിൽ സുപ്രധാനമായ ഒരു പങ്കുണ്ട്. അതുകൊണ്ടാകണം പരമ്പരാഗതമായി നമ്മുടെ കുടുംബങ്ങളിൽ അവ ആഘോഷപൂർവ്വം ആചരിച്ചിരുന്നത്. എന്നാൽ കാലംമാറിയതോടെ ഈ സമ്പ്രദായം പഴഞ്ചനായി പുറന്തള്ളുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത്തരം ആഘോഷങ്ങളൊക്കെ അനാവശ്യമായാണ് ഇന്നു പലരും കരുതുക. തിരക്കുപിടിച്ച ജീവിതത്തിൽ ഇതിനൊക്കെ സമയം ചെലവഴിക്കുന്നത് അർത്ഥശൂന്യമെന്നു വിചാരിക്കുന്നവരുമുണ്ട്.

എന്നാൽ, സാധാരണഗതിയിൽ വലിയ പ്രത്യേകതകളൊന്നുമില്ലാതെ പതിവു ദിനചര്യകളുമായി മുമ്പോട്ടു പോകുന്ന കുടുംബജീവിതം യാന്ത്രികമായിത്തീരാൻ സാധ്യതകളേറെയുണ്ടെന്നു കാര്യം ഇവർ വിസ്മരിച്ചുകളയുന്നു. എല്ലാ ദിവസവും പതിവുപരിപാടികളുമായി ഓരോരുത്തരും കഴിയുന്നു. പതിവു ദിനചര്യങ്ങളുടെ ഈ യാന്ത്രികത സ്വന്തം ലോകത്തിൽ ഒതുങ്ങിക്കൂടാനും സ്വന്തം വ്യഗ്രതകളിലും ആകുലതകളിലും മാത്രം കുടുങ്ങിക്കിടക്കാനും ഇടയാക്കുന്നു. പരസ്പരബന്ധത്തിന്റെയും സൗഹൃദത്തിന്റെയും വളർച്ചയ്ക്ക് ഇതു പലപ്പോഴും തടസ്സമാണ്.

malankaralibrary.com

പതിവുകളിൽമാത്രം ഒതുങ്ങിനിലയ്ക്കുന്ന ഈ ജീവിതശൈലി വളരെവേഗം വിരസതയും മടുപ്പും ഉളവാക്കും. ഒന്നിലും പുതുമയില്ല. ജീവിതംതന്നെ ഒട്ടും ആസ്വാദ്യമല്ലെന്ന തോന്നൽ.

ശരിയായ വിധത്തിൽ ആചരിക്കപ്പെടുന്ന തിരുനാളുകളും വിശേഷദിനങ്ങളുമാകട്ടെ പതിവുപരിപാടികളുടെ ഈ തനിയാവർത്തനത്തിനു മാറ്റംവരുത്തി ജീവിതത്തിനു് പുതുമയും ആസ്വാദ്യതയും നല്കുന്നു. കുടുംബാംഗങ്ങൾക്കു് ഒത്തു കൂടുന്നതിനും സൗഹൃദവും സന്തോഷവും പങ്കുവയ്ക്കുന്നതിനും അതു വഴി പരസ്പരബന്ധത്തിലും കൂട്ടായ്മയിലും വളരുന്നതിനും സഹായിക്കുന്നു. അന്നുദിനജീവിതത്തിന്റെ ഭാരവും ക്ലേശവും താങ്ങുന്നതിനിടയ്ക്കു് വീണുകിട്ടുന്ന സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും വിലപ്പെട്ട ദിവസങ്ങളാണവ.

സഭയിലെ ആരാധനക്രമവത്സരവും തിരുനാളുകളും

സാങ്കേതിക ശാസ്ത്രരംഗങ്ങളിലെല്ലാം വമ്പിച്ച പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും മനുഷ്യജീവിതത്തെ ദുസ്സഹമാക്കുന്ന ഒട്ടേറെ പ്രശ്നങ്ങളും ഉത്തരം കിട്ടാതെ ഇനിയും അവശേഷിക്കുകയാണല്ലോ. പരസ്പരസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അന്തരീക്ഷം നിലനില്ക്കേണ്ടിടത്തു് പരസ്പരവിദ്വേഷത്തിന്റെയും ഭയത്തിന്റെയും അലയടികളയരുന്നു. അനീതിയും അക്രമവും ദാരിദ്ര്യവും ചൂഷണവും മനുഷ്യരാശിയെത്തന്നെ വിഴുങ്ങുമാറു് രാക്ഷസരൂപം പ്രാപിക്കുന്നു. പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും ശവകുടീരത്തിലാണു് ഇന്നു പലരും ജീവിക്കുന്നതു്. സത്യസന്ധതയും നീതിബോധത്തിനും ഒട്ടുമേ വിലയില്ലാത്ത ഒരു ലോകം. വഞ്ചനയും തട്ടിപ്പും കൂടാതെ ജീവിക്കുവാൻ പറ്റില്ലെന്നു ശഠിക്കുന്ന സമൂഹം. ആത്മാർത്ഥതയും നിസ്വാർത്ഥതയും വിശ്വസ്തതയുമൊക്കെ വിഡ്ഢിത്തമെന്നു കരുതപ്പെടുന്ന അന്തരീക്ഷം. എവിടെയും തിന്മയും ക്ഷുദ്രവാസനകളും കൊടികുത്തി വാഴുന്ന അനുഭവം. ഫലമോ? ശാസ്ത്രസാങ്കേതിക രംഗങ്ങളിലുണ്ടായിട്ടുള്ള പുതിയ പുതിയ കണ്ടുപിടുത്തങ്ങളംതന്നെ മനുഷ്യനിൽ ഭീതിയും ഉൽക്കണ്ഠയും വളർത്തുന്നു.

malankaralibrary.com

ജീവിതംതന്നെ അർത്ഥശൂന്യമെന്ന ചിന്താഗതിയിലേയ്ക്കാണിന്നു പലരേയും തള്ളിവിടുന്നത്. ചിലരിലത് നിരാശാബോധം വളർത്തുന്നു. മറുചിലർ പണത്തിലോ മദ്യത്തിലോ സുഖഭോഗങ്ങളിലോ സംതൃപ്തി കണ്ടെത്താൻ ശ്രമിക്കുന്നു. ഇനിയും ചിലർ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിലേയ്ക്കു തിരിയുന്നു. അവിഹിതമാർഗ്ഗങ്ങളിലൂടെ അധികാരം പിടിച്ചെടുക്കാനും അങ്ങനെ സംതൃപ്തിയുടെ ഒരു ലോകം തങ്ങൾക്കായി സൃഷ്ടിക്കാനും ശ്രമിക്കുന്നവരുമുണ്ട്. പക്ഷേ കണ്മുമ്പിലുള്ള ധനത്തിനോ അനുഭവിച്ചു സുഖഭോഗങ്ങൾക്കോ കാട്ടിക്കൂട്ടിയ അക്രമപ്രവർത്തനങ്ങൾക്കോ നേടിയെടുത്ത സ്ഥാനമാനങ്ങൾക്കോ ഒന്നും തങ്ങൾ തേടിയ സമാധാനവും സംതൃപ്തിയും കൈവരുത്താനാവുകയില്ലെന്നും അവയെല്ലാം മനസ്സിൽ തളംകെട്ടുന്ന ശൂന്യതാബോധത്തെ വർദ്ധിപ്പിക്കുകയേയുള്ളുവെന്നും സാവധാനം അവരും മനസ്സിലാക്കുന്നു.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൈവപരിപാലനയിലുള്ള അചഞ്ചലമായ ആശ്രയബോധവും ദൈവോന്മുഖമായ ജീവിതവും മാത്രമേ ഈ ശൂന്യതാബോധത്തേയും നിരാശയേയും അതിജീവിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കൂ. ദൈവത്തെ പിതാവായിക്കണ്ട് അവിടുന്നിൽ സർവ്വവും സമർപ്പിച്ചു ജീവിക്കാൻ കഴിയുന്നവനത് എത്ര കലുഷിതമായ ഒരു ലോകത്തിലും ശാന്തിയും സന്തോഷവും നിലനിറുത്താൻ പ്രാപ്തനാണ്. എളുപ്പമായിരിക്കും. കൊടുങ്കാറ്റാഞ്ഞടിച്ചാലും മലവെള്ളപ്പാച്ചിലിൽ വന്മരങ്ങൾ കടപുഴകിവീണാലും സർവ്വനാശം വിതയ്ക്കുന്ന തോന്ന്യാസമാണ് ഇടിവെട്ടും പേമാരിയുമുണ്ടായാലും അവൻ ഇളകുകയില്ല. ഈ ബാധകളൊന്നും അവന്റെ ഭവനത്തെ ഉപദ്രവിക്കുകയില്ല. ദൈവപരിപാലനയാകുന്ന കൂടാരത്തിൽ അവന്റെ കുടുംബം സുരക്ഷിതമായിരിക്കും.

പക്ഷേ, വിശ്വാസത്തിനും സനാതന മൂല്യങ്ങൾക്കും വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നതെന്ന വസ്തുത വിസ്മരിക്കാൻ വയ്യാ. മതവിരുദ്ധവും ഈശ്വരനിഷേധകവുമായവീക്ഷണഗതികളാണ് ഇന്നു സമൂഹത്തിൽ ഏറെ സ്വാധീനം ചെലുത്തുന്നത്. നിരീശ്വരത്വം ഒരു ഫാഷനായിരിക്കുകയാണ്. ദൈവത്തെ മാറിനിറുത്തിക്കൊണ്ടൊരു സ്വർഗ്ഗം പണിയാനുള്ള പ്രയത്നത്തിലാണു പലരും.

malankaralibrary.com

ഫലത്തിലുള്ളത് സ്വാർത്ഥതയുടെയും വിദ്വേഷത്തിന്റെയും ഭീതിയുടെയും ഉൽക്കണ്ഠയുടെയും ഒരു നരകം സൃഷ്ടിക്കാനേ ഉപകരിക്കുന്നുള്ളുവെന്നുമാത്രം.

ദൈവത്തിലുള്ള വിശ്വാസം ക്ഷയിക്കുന്നതോടെ പരസ്പരവിശ്വാസവും സ്നേഹവുമൊക്കെ മരീചികയായി മാറുന്നു. പൊട്ടലും ചീറ്റലും നീറിപ്പുകയലും കുടുംബത്തിലും സമൂഹത്തിലും നിറയുന്നു. ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും സ്ഥാനത്തു പകയും വിദ്വേഷവും പ്രതികാരവും അക്രമവും പൊട്ടിപ്പുറപ്പെടുന്നു. കുടുംബബന്ധങ്ങൾ തകരുന്നതും വിവാഹമോചനങ്ങൾ നടക്കുന്നതും കുഞ്ഞുങ്ങൾ അനാഥരാകുന്നതുമെല്ലാം ഇത്തരമൊരന്തരീക്ഷത്തിലാണു്.

ദൈവത്തെയും ധാർമ്മികമൂല്യങ്ങളെയും പുച്ഛിച്ചു തള്ളുന്ന ഇത്തരമൊരു ലോകത്തിലാണു് വിശ്വാസത്തെയും സുവിശേഷാദർശങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ടു് എന്നും എവിടെയും വ്യക്തിപരമായും ഒരു സമൂഹമെന്ന നിലയിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്നുള്ള ദൗത്യം ക്രൈസ്തവർ നിറവേറ്റേണ്ടിയിരിക്കുന്നതു്. ചുറ്റുമുള്ള അനിശ്ചിതത്വത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും അന്തരീക്ഷം ഈ ദൗത്യനിർവ്വഹണത്തിനു പലപ്പോഴും ശക്തമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ജീവിതത്തിന്റെ നൂറായിരം വ്യഗ്രതകൾക്കിടയിൽ ദൈവദത്തമായ ഈ ദൗത്യംവിസ്മരിച്ചുപോകുന്നവരുമുണ്ടു്. ഇവിടെയാണു് രക്ഷാപദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ വീണ്ടും വീണ്ടും കടന്നുപോകുന്നതിനും രക്ഷയുടെ അനുഭവത്തിൽ പങ്കുചേരുന്നതിനും പ്രാപ്തരാക്കുന്ന സഭയുടെ തിരുനാളുകളും ആരാധനക്രമവത്സരവും നമ്മുടെ സഹായത്തിനെത്തുന്നതു്. ഇടയ്ക്കിടെ വരുന്ന തിരുനാളുകളും ആരാധന ക്രമവത്സരത്തിലെ മാറിമാറിവരുന്ന കാലഘട്ടങ്ങളും നമ്മുടെ ക്രൈസ്തവദൗത്യത്തെപ്പറ്റി ഓർമ്മിപ്പിക്കുകയും യേശുവിന്റെ രക്ഷാകരകർമ്മത്തിന്റെ പുനരാവിഷ്ക്കരണവും അതിലുള്ള പങ്കുചേരലും വഴി ഈ ദൗത്യനിർവ്വഹണത്തിനു നമ്മെ ശക്തരാക്കുകയും ചെയ്യുന്നു.

malankaralibrary.com

ആരാധനക്രമവത്സരവും തിരുനാളുകളും കുടുംബത്തിൽ

സഭയുടെ ചെറിയ പതിപ്പായ കുടുംബമാണ് വിശ്വാസോന്മുഖമായ ജീവിതത്തിനുള്ള പരിശീലനക്കളരി. തന്മൂലം രക്ഷാപദ്ധതിയുടെ വിവിധ ഘട്ടങ്ങളും അനുഭവവേദ്യമാക്കുന്ന സഭയിലെ ആരാധനക്രമവത്സരവും തിരുനാളുകളും കുടുംബത്തിലും ആചരിക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ആഴവും അത്ഥവും മനസ്സിലാക്കുവാനും ആ രക്ഷയിൽ പങ്കുചേർന്ന് വിശ്വാസത്തിലും ആരാധനയിലും പരസ്പരസ്നേഹത്തിലും അധിഷ്ഠിതമായ ഒരു കൂട്ടായ്മയായി വർത്തിക്കുവാനും ഇതു കുടുംബാംഗങ്ങളെ സഹായിക്കും. ചുറ്റുപാടും അലയടിച്ചുയരുന്ന ഭൗതികതയുടെ അതിപ്രസരത്തിൽ നിന്നു രക്ഷിച്ച് ആദ്ധ്യാത്മികതയുടെ ഒരന്തരീക്ഷം കുടുംബങ്ങളിൽ സൃഷ്ടിക്കുന്നതോടൊപ്പം കുഞ്ഞുങ്ങളുടെ ക്രൈസ്തവ രൂപീകരണത്തിനും കുടുംബത്തിൽ ആചരിക്കപ്പെടുന്ന തിരുനാളുകളും ആരാധനക്രമവത്സരവും വളരെയധികം ഉപകരിക്കും.

ആരാധനക്രമവത്സരത്തിലെ കാലഘട്ടങ്ങളും പ്രധാന തിരുനാളുകളും

ക്രിസ്തുവിൽ പൂർത്തിയായ രക്ഷാകർമ്മം അതിന്റെ പൂർണ്ണതയിൽ അനുസ്മരിക്കുന്നതിനും അനുഭവിക്കുന്നതിനും സഹായിക്കത്തക്കവിധത്തിൽ രക്ഷാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെ-ക്രിസ്തുവിന്റെ ജനനം, പ്രത്യക്ഷീകരണം (ദനഹാ അഥവാ എപ്പിഫനി,) മരണം, ഉത്ഥാനം, പന്തക്കുസ്ത, രണ്ടാമത്തെ ആഗമനം, യുഗാന്ത്യമഹത്ത്വം തുടങ്ങിയവയെ-കേന്ദ്രമാക്കിയാണ് സഭ ആരാധനക്രമവത്സരം സംവിധാനം ചെയ്തിട്ടുള്ളത്. ഈ രക്ഷാകരസംഭവങ്ങളോട് ബന്ധപ്പെടുത്തി പൗരസ്ത്യസഭ മംഗലവാർത്തക്കാലം, ദനഹാക്കാലം, നോമ്പുകാലം, ഉയിർപ്പുകാലം, ശ്ലീഹാക്കാലം, കൈത്താക്കാലം, ഏലിയാ-സ്ലീവാക്കാലം, മൂശെക്കാലം, പള്ളിക്കൂദാശക്കാലം എന്നിങ്ങനെ ഒൻപതു കാലഘട്ടങ്ങളായും പാശ്ചാത്യസഭ ആഗമനകാലം, ക്രിസ്മസ്കാലം, നോമ്പുകാലം, ഉയിർപ്പുകാലം, രണ്ടു സാധാരണകാലങ്ങളും എന്നിങ്ങനെ ആറു കാലഘട്ടങ്ങളായും ആരാധനക്രമവത്സരത്തെ വിഭജിച്ചിരിക്കുന്നു. കാലവിഭ

malankaralibrary.com

ജനത്തിലുള്ള വ്യത്യാസം ആരാധനക്രമവത്സരത്തിന്റെ അന്തസ്സത്തയെ ഒരുതരത്തിലും ബാധിക്കുന്നില്ലെന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു.

മംഗലവാർത്തക്കാലം / ആഗമനകാലം

സുറിയാനിക്രമത്തിലെ മംഗലവാർത്തക്കാലവും ലത്തീൻ ക്രമത്തിലെ ആഗമനകാലവും ആരംഭിക്കുന്നതു് ഒരേ സമയത്താണു്. ക്രിസ്തുസിനു് നാലാഴ്ച മുമ്പു്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ സ്വീകരിക്കാനുള്ള ഒരുക്കത്തിന്റെയും രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷയുടെയും കാലഘട്ടമാണിതു്. മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ വീഴ്ച, രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം, പഴയനിയമത്തിലെ രക്ഷാകരസംഭവങ്ങൾ, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ, യോഹന്നാന്റെ വഴിയൊരുക്കൽ തുടങ്ങിയ കാര്യങ്ങൾ സഭ ഈ കാലഘട്ടത്തിൽ നമ്മുടെ വിചിന്തനത്തിനു വിഷയമാക്കുന്നു. (മംഗലവാർത്തക്കാലം ദനഹാവരെ നീണ്ടുപോകുന്നതുകൊണ്ടു് രക്ഷകന്റെ ജനനം, ബാല്യകാലം, കന്യകാമാതാവിനു് രക്ഷാചരിത്രത്തിലുള്ള സ്ഥാനം തുടങ്ങിയവകൂടി പൗരസ്ത്യസഭ ഈ കാലഘട്ടത്തിൽ വിചിന്തന വിഷയമാക്കുന്നുണ്ടു്.)

മംഗലവാർത്ത (ആഗമന)ക്കാലത്തിന്റെ ആരംഭത്തിൽത്തന്നെ കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി തിരുപ്പിറവിക്കൊരുക്കമായി ചെയ്യേണ്ടതെന്തെല്ലാമെന്നു ചിന്തിക്കണം. ഉണ്ണിയേശുവിനു് ഹിതകരമല്ലാത്തതായി തന്നിലുള്ള ഒരു ദുസ്വഭാവമെങ്കിലും വർജ്ജിക്കാനും ഓരോ ദിവസവും എന്തെങ്കിലും ഒരു സുകൃതകൃത്യമെങ്കിലും ചെയ്യാനും ഓരോരുത്തരും തീരുമാനമെടുക്കുകയും സാധിക്കുമെങ്കിൽ അതു പരസ്പരം അറിയിക്കുകയും ചെയ്യട്ടെ. ഉണ്ണിയേശുവിനു സമർപ്പിക്കാനായി സുകൃതജപങ്ങൾ കൊണ്ടും നന്മപ്രവൃത്തികൾകൊണ്ടും മാലകൊരുക്കുന്ന ഒരു പഴയ പതിവു് നമ്മുടെ പല കുടുംബങ്ങളിലുമുണ്ടായിരുന്നു. ക്രിസ്മസിനു് നന്നായൊരുങ്ങുന്നതിനു് വളരെയേറെ സഹായിക്കുന്ന ഒന്നാണിതു്. എല്ലാ ദിവസവും പ്രത്നാസമയത്തു് വി: ഗ്രന്ഥഭാഗങ്ങൾ വായിച്ചു ധ്യാനിക്കാനും അതിനെ ആധാരമാക്കി പ്രാർത്ഥിക്കാനും ശ്രദ്ധിക്കേണ്ടതാണു്. കുടുംബാംഗങ്ങളിൽ

malankaralibrary.com

കഴിയുന്നത്രപേർ (കുറഞ്ഞതു് ഓരോ ദിവസവും ഒരാംവീതമെങ്കിലും) ദിവ്യബലിയിൽ പങ്കെടുത്തു വി. കുർബാന സ്വീകരിക്കുന്ന നല്ല പതിവും ഉണ്ടാകണം.

ആഗമനകാലത്തെ നാലാഴ്ചകളും പൂർവ്വപിതാക്കന്മാരുടെ നാലായിരം കൊല്ലത്തെ കാത്തിരിപ്പിനെയാണല്ലോ അന്നു സ്മരിപ്പിക്കുന്നതു്. ഇതു സൂചിപ്പിക്കാൻ ഒന്നാംവാരത്തിൽ ഒന്നും, രണ്ടാംവാരത്തിൽ രണ്ടും, മൂന്നാംവാരത്തിൽ മൂന്നും, നാലാംവാരത്തിൽ നാലും മെഴുകുതിരികൾവീതം അലങ്കരിച്ചു് പ്രാർത്ഥനാമുറിയിലോ വീടിന്റെ പ്രവേശനകവാടത്തിലോ കത്തിച്ചുവയ്ക്കുന്ന പാരമ്പര്യം പല രാജ്യങ്ങളിലുമുണ്ടു്. വളരെയേറെ അർത്ഥവത്തായ ഈ നല്ലരീതി നമുക്കും സ്വീകരിക്കാവുന്നതാണു്. പ്രാർത്ഥനാമുറിയും മറ്റും ആഗമനകാലത്തു് പുഷ്പാലങ്കാരങ്ങൾകൊണ്ടു് മനോഹരമാക്കുന്നതും നല്ലതാണു്. വരാൻപോകുന്ന മഹാസംഭവത്തിന്റെ അർത്ഥവും പ്രാധാന്യവും കുഞ്ഞുങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു് അവരെ അതിനായി ഒരുക്കാനും ശ്രദ്ധിക്കേണ്ടതാണു്.

തിരുപ്പിറവിത്തിരുനാൾ

ശാന്തിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശവുമായി വന്നണയുന്ന തിരുപ്പിറവിത്തിരുനാൾ പുൽക്കൂടുകൾ നിർമ്മിച്ചും നക്ഷത്രവിളക്കുകൾ തൂക്കിയും ക്രിസ്മസ്ട്രീയൊരുക്കിയും കുടുംബാംഗങ്ങൾ പരസ്പരവും അയൽക്കാരും സ്നേഹിതരുമായും ആശംസകൾ നേർന്നും സമ്മാനങ്ങൾ കൈമാറിയും ആഘോഷിക്കുന്ന നല്ല പതിവു് എല്ലാ കുടുംബങ്ങളിലുമുണ്ടായിരിക്കേണ്ടതാണു്. സ്വർഗ്ഗം ഭൂമിയെ സ്പർശിച്ച പുണ്യദിനത്തിന്റെ ഓർമ്മ ആചരിക്കുന്ന അന്നു് കഴിയുന്നതും കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചുതന്നെ ദൈവാലയകർമ്മങ്ങളിൽ പങ്കെടുക്കുകയും ഉണ്ണിയേശോയ്ക്കു തങ്ങളെത്തന്നെയും തങ്ങളുടെ കുടുംബത്തെയും സമർപ്പിക്കുകയും ചെയ്യട്ടെ. ക്രിസ്മസിന്റെ സന്ദേശം മാതാപിതാക്കൾ മക്കൾക്കു മനസ്സിലാക്കിക്കൊടുക്കണം. കുടുംബാംഗങ്ങളെല്ലാം മാനസികമായും ശാരീരികമായും ഒരുമിച്ചായിരിക്കേണ്ട ദിനമാണു് ക്രിസ്മസ്. സ്നേഹവും സൗഹൃദവും കൂട്ടായ്മയും എല്ലാവർക്കും അനുഭവേ

malankaralibrary.com

വേദ്യമാക്കുവാൻ ഓരോരുത്തരും ശ്രദ്ധിക്കണം. ഉണ്ണിയേശുവിനെ സന്ദർശിക്കാൻ ഭാഗ്യം ലഭിച്ച ആട്ടിടയന്മാരുടെ ആവേശവും ആനന്ദവും അന്നു് എപ്പോവർക്കും അനുഭവപ്പെടണം.

ക്രിസ്മസ്ദിനത്തിൽ വിശിഷ്ടവിഭവങ്ങളും ഒരുക്കുന്നതും കുഞ്ഞുങ്ങൾക്കു പുതുവസ്ത്രങ്ങളും നൽകുന്നതും നല്ലതാണു്. എല്ലാവരും ഒരുമിച്ചിരുന്നുഭക്ഷിക്കുന്നതിനു് അന്നു പ്രാധാന്യം നൽകണം. ക്രിസ്മസിന്റെ വിശിഷ്ടവിഭവങ്ങളിൽ മദ്യം ഉൾപ്പെടാതിരിക്കാനും ശ്രദ്ധിക്കണം. മദ്യപന്മാരല്ലാത്തവർ പോലും ക്രിസ്മസ്ദിനത്തിൽ മദ്യപിക്കുന്നതു കാണാറുണ്ടു്. എന്നാൽ മദ്യം ഒരിക്കലും ക്രിസ്മസിന്റെ സന്തോഷവും സമാധാനവും വർദ്ധിപ്പിക്കുകയില്ലെന്നു മാത്രമല്ല, പലപ്പോഴുംഅതു് അസ്വസ്ഥതയ്ക്കും കണ്ണീരിനും കാരണമാകുകയും ചെയ്യും. ക്രിസ്മസ്ദിനത്തിൽ മദ്യപിച്ചു മദോന്മത്തനായി വീട്ടിലെത്തുന്ന കുടുംബനാഥൻ കുടുംബത്തിനുതന്നെ ഒരു ശാപമാണു്. അതുകൊണ്ടു് സ്ഥിരമദ്യപന്മാർപോലും കുടുംബത്തോടു സ്നേഹമുണ്ടെങ്കിൽ ക്രിസ്മസ്ദിനത്തിലെങ്കിലും മദ്യം ഉപേക്ഷിക്കണം.

മാറിത്താമസിക്കുന്ന മക്കളും മാതാപിതാക്കളെ ചെന്നുകണ്ടു് അവരോടൊത്തു് ഒരുനേരത്തെ ആഹാരമെങ്കിലും കഴിക്കുന്നതും സഹോദരരുടെയും അയൽക്കാരുടെയും വീടുകളും സന്ദർശിച്ചു് ക്രിസ്മസ്മംഗളങ്ങളും ആശംസിക്കുന്നതും അഭികാമ്യമാണു്. സാമ്പത്തികബുദ്ധിമുട്ടുകൾമൂലം തിരുപ്പിറവിയുടെ സന്തോഷം അനുഭവിക്കാൻ സാധിക്കാത്ത കുടുംബങ്ങളെ സഹായിക്കാനും ശ്രദ്ധിക്കണം. നമ്മുടെ സഹായംകൊണ്ടു് ഒരു കുടുംബത്തിനെങ്കിലും ക്രിസ്മസിന്റെ സന്തോഷം അനുഭവേദ്യമാവുകയാണെങ്കിൽ അതെത്ര നിർവൃതിദായകമായിരിക്കും!

ക്രിസ്മസ്കാലം

ക്രിസ്മസ് മുതൽ പ്രത്യക്ഷീകരണത്തിരുനാൾവരെയുള്ള കാലഘട്ടം പാശ്ചാത്യസഭയിൽ ക്രിസ്മസ്കാലം എന്ന പേരിലാണറിയപ്പെടുക. വേദപുസ്തകവായനയിലൂടെ ക്രിസ്തുരഹസ്യത്തിന്റെ ഉള്ളറകളിലേയ്ക്കു കടന്നുചെല്ലാനും രക്ഷകനെ അയച്ചുതരുവാൻ തിരുമനസ്സായ ദൈവപിതാവിനു കൃതജ്ഞതാസ്തുതികളർപ്പിക്കാനുമാണു് ഈ കാലഘട്ടത്തിൽ സഭ

malankaralibrary.com

ആഘോഷിക്കുന്നത്. വീട്ടിൽ നിർമ്മിച്ചിട്ടുള്ള പുൽക്കൂടിനു സമീപം കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ക്രിസ്മസ് ഗാനങ്ങൾ ആലപിക്കുകയും ചെയ്യുന്നത് ശ്രദ്ധേയമാണ്. ഉണ്ണിയേശുവിനെ സന്ദർശിച്ച വിജ്ഞാനികളെപ്പോലെ യേശുവിനോടുള്ള വ്യക്തിപരമായ സ്നേഹവും സമർപ്പണമനോഭാവവും വളർത്തിയെടുക്കാൻ ക്രിസ്മസ് കാലത്തു നമുക്കു കഴിയണം.

ശിശുദിനം

ഉണ്ണിയേശുവിന്റെ ജനനാവസരത്തിൽ ഹേറോദേസ് വധിച്ച ശിശുക്കളുടെ ഓർമ്മ ആചരിക്കുന്ന ഡിസംബർ 28 സഭയിൽ ശിശുദിനമാണ്. ഈ ദിവസം തങ്ങളുടെ കുഞ്ഞുമക്കളോടൊത്തു ദൈവാലയകർമ്മങ്ങളിൽ പങ്കെടുത്തു അവരെ ദൈവത്തിനു സമർപ്പിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. കുടുംബത്തിലും അന്നു ചില ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതു ഉചിതമായിരിക്കും. തങ്ങൾ വിലപ്പെട്ടവരാണെന്നും തങ്ങളുടെ മാതാപിതാക്കൾക്കും സമൂഹത്തിനും ദൈവത്തിനും പ്രിയപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണെന്നുമുള്ള അവബോധം കുഞ്ഞുങ്ങളിൽ സൃഷ്ടിക്കുവാൻ ഇതു വളരെയേറെ സഹായിക്കും. എന്തുമാർഗ്ഗമുപയോഗിച്ചും ജനനനിയന്ത്രണം സാധിക്കണമെന്ന ഉദ്ദേശ്യത്തോടെ വിവിധവാർത്താമാധ്യമങ്ങളിലൂടെ സർക്കാർ നിരന്തരം നടത്തുന്ന പ്രചാരണങ്ങളുടെ ഫലമായി തങ്ങൾ ആവശ്യമില്ലാത്തവരും ശല്യങ്ങളുമാണെന്ന ധാരണ കുരുന്നുമനസ്സുകളിൽപ്പോലും മുറിവുകൾ സൃഷ്ടിക്കുന്ന ഇക്കാലത്തു ദൈവമക്കളെന്ന നിലയിൽ കുഞ്ഞുങ്ങളുടെ വിലയും നിലയും ഉയർത്തിക്കാണിക്കുന്ന ഇത്തരം ആഘോഷങ്ങൾക്കു വലിയ പ്രസക്തിയുണ്ട്.

കൃതജ്ഞതാദിനം

വർഷാവസാനദിനം കൃതജ്ഞതാദിനമായി ഓരോ കുടുംബത്തിലും ആചരിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ ഒരു വർഷം സ്നേഹപിതാവായ ദൈവത്തിൽനിന്നു ലഭിച്ച അനന്തമായ അനുഗ്രഹങ്ങളും അത്ഭുതകരമായ പരിപാലനയും സ്മരിച്ചു കൃതജ്ഞതയർപ്പിക്കാനുള്ള ദിവസം. നല്കപ്പെട്ട ദൈവാ

malankaralibrary.com

നുഗ്രഹങ്ങളോട് വേണ്ടവിധം സഹകരിക്കുന്നതിലും ദൈവഹിതാനുസരണം ജീവിക്കുന്നതിലും വന്നുപോയിട്ടുള്ള വീഴ്ചകൾക്കു മാപ്പുചോദിക്കുവാനും ഈ ദിവസം ഉപകരിക്കണം. കഴിയുന്നിടത്തോളംപേർ ദേവാലയകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനു പുറമേ ആ വർഷം ലഭിച്ച പ്രത്യേകാനുഗ്രഹങ്ങളും വന്നുപോയ പ്രധാനവീഴ്ചകളും ഏറ്റുപറഞ്ഞുള്ള പ്രാർത്ഥനകളും വീടുകളിൽ നടത്തുന്നതും ഉചിതമായിരിക്കും. വർഷാന്ത്യദിനത്തിന്റെ അവസാനനിമിഷങ്ങളും വർഷാരംഭദിനത്തിന്റെ ആദ്യനിമിഷങ്ങളും തിരുസ്സന്നിധിയിൽ ആയിരിക്കത്തക്കവിധം കുടുംബാംഗങ്ങൾ എല്ലാവരുംകൂടി പാതിരാത്രിയിൽ ഒരു മണിക്കൂർ ആരാധന നടത്തുന്നതും അഭികാമ്യമാണ്.

വർഷാരംഭവും തിരുനാമത്തിരുനാളും

മനുഷ്യാവതാരംചെയ്ത ദൈവപുത്രൻ ഛേദനാചാരകർമ്മത്തിനു വിധേയനായതിന്റെയും അവിടുത്തേക്കു 'യേശു' എന്ന രക്ഷാകരനാമം നൽകപ്പെട്ടതിന്റെയും ഓർമ്മ കൊണ്ടാടുന്ന ദിവസമാണ് പുതുവത്സരദിനമായ ജനുവരി ഒന്ന്. ക്രൈസ്തവകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു ദിവസമാണിതു്. ദൈവത്തിനു സമ്പൂർണ്ണസമർപ്പണം ചെയ്തവരാണു തങ്ങളെന്നു സൂചിപ്പിക്കുന്നതിനായിരുന്നല്ലോ ഇസ്രായേൽ ഛേദനാചാരം സ്വീകരിച്ചിരുന്നതു്. ഛേദനാചാരത്തിനുപകരം യേശു സ്ഥാപിച്ച ജ്ഞാനസ്നാനം എന്ന കൂദാശവഴി ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവരാണു നാമും. അതുകൊണ്ട് ഛേദനാചാരത്തിരുനാൾ ദൈവത്തിനുള്ള നമ്മുടെ സമർപ്പണം നവീകരിക്കാനുള്ള ദിവസമാണ്. യേശുവിന്റെ രക്ഷാകരമായ തിരുനാമത്തിന്റെ അർത്ഥവും ശക്തിയും നമ്മെ അനുസ്മരിപ്പിക്കുന്ന ദിവസംകൂടിയാണിതു്. തന്മൂലം തിരുനാമത്തോടുള്ള ഭക്തിയിൽ വളരാൻ സഹായിക്കുന്ന തിരുനാമകീർത്തനങ്ങളും തിരുനാമത്തിന്റെ ശക്തി പ്രഘോഷിക്കുന്ന വി. ഗ്രന്ഥഭാഗങ്ങളും അന്നത്തെ പ്രാർത്ഥനകളിൽ അവശ്യം ഉൾപ്പെടുത്തണം. ദൈവത്തിന്റെ അനന്തകാരുണ്യത്താൽ നമുക്കു ലഭിച്ച പുതുവത്സരം അവിടുത്തേയ്ക്കു പ്രതിഷ്ഠിക്കുകയും നമ്മെത്തന്നെയും നമ്മുടെ കുടുംബത്തെയും അവിടുത്തെ സ്നേഹപരിപാലനയ്ക്കു സമർപ്പിക്കുകയും ചെയ്യു

malankaralibrary.com

കൊണ്ട് ദൈവഹിതാനുസൃതം ജീവിക്കുവാൻ വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുവാനും പുതുവത്സരദിനം ഉപകരിക്കപ്പെടണം.

പ്രത്യക്ഷീകരണത്തിരുനാൾ (ദനഹാ അഥവാ എപ്പിഫനി)

പൗരസ്ത്യസഭയിൽ യേശുവിന്റെ ജ്ഞാനസ്നാനത്തെയും പാശ്ചാത്യസഭയിൽ വിജ്ഞാനികൾ ഉണ്ണിയേശുവിനെ സന്ദർശിച്ചതിനെയും മുഖ്യമായി സൂചിപ്പിച്ചുകൊണ്ട് ജനുവരി 6-ാംതീയതി ആഘോഷിക്കപ്പെടുന്ന ദനഹാ അഥവാ എപ്പിഫനി സഭയിലെ പ്രധാനതിരുനാളുകളിലൊന്നാണ്. യേശു ലോകത്തിന്റെ പ്രകാശമാണെന്ന വസ്തുതയാണ് പ്രത്യക്ഷീകരണത്തിരുനാളിലൂടെ സഭ നമ്മെ അനുസ്മരിപ്പിക്കുക. യേശുവിനെ ഗുരുവും നാഥനുമായി വരിക്കുകയും യേശുവിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തവരെന്നനിലയിൽ അവിടുത്തെപ്പോലെ ലോകത്തിന്റെ പ്രകാശമായി വർത്തിക്കുവാൻ നമുക്കുള്ള ഉത്തരവാദിത്വത്തിലേയ്ക്കും ഈ തിരുനാൾ നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ജീവിതമാതൃകയും പ്രാർത്ഥനയുംവഴി യേശുവിന്റെ രക്ഷാകർമ്മത്തിൽ പങ്കുചേരാനുള്ള കടമയെപ്പറ്റി അവബോധം നേടാൻ ശ്രമിച്ചും ദൈവാലയകർമ്മങ്ങളിൽ സംബന്ധിച്ചും ഈ ദിവസം സമുചിതമായി ആഘോഷിക്കേണ്ടതാണ്.

യേശു ലോകത്തിന്റെ പ്രകാശമാണെന്നും നാം ലോകത്തിന്റെ പ്രകാശമായിത്തീരേണ്ടവരാണെന്നും സൂചിപ്പിക്കുവാൻ പ്രത്യക്ഷീകരണത്തിരുനാളിൽ വീടും പരിസരവും ദീപങ്ങളും ചാർത്തി അലങ്കരിക്കുന്നതും അർത്ഥവത്താണ്. ഒരുതരത്തിൽപ്പറഞ്ഞാൽ ക്രൈസ്തവ 'ദീപാവലി'യാണ് ഈ തിരുനാൾ. 'പിണ്ടികുത്തിപ്പെരുന്നാൾ' എന്നുകൂടിപേരുള്ള ഈ തിരുനാളിൽ 'ലോകത്തിന്റെ പ്രകാശ'മായമിശിഹായെ ബഹുമാനിക്കുന്നതിനു പിണ്ടിയിൽ പന്തം കൊളുത്തി അതിനുചുറ്റും പ്രദക്ഷിണംവച്ചു 'ദൈവം പ്രകാശമാകുന്നു' (ഏൽപയ്യാ) എന്ന സുറിയാനിയിൽ ആർത്തുവിളിച്ചിരുന്ന ഒരു പതിവു് കേരളസഭയിൽമുമ്പുണ്ടായിരുന്നു എന്ന കാര്യം ഇവിടെ സ്മരണീയമാണ്. രക്ഷകന്റെ ജ്ഞാനസ്നാനം അനുസ്മരിച്ചു് ഈ തിരു

malankaralibrary.com

നാളിന്റെ തലേരാത്രിയിൽ സങ്കീർത്തനങ്ങളാലപിച്ചുകൊണ്ട് അടുത്തുള്ള കുളങ്ങളിലോ, നദികളിലോപോയി 'ആചാരക്കുളി' (Ritual Bath) നടത്തുന്ന രീതിയും നമ്മുടെ പൂർവ്വികരുടെയിടയിലുണ്ടായിരുന്നു. 'രാക്കുളിപ്പെരുന്നാൾ' എന്നും ഈ തിരുനാളിനും ചില പ്രദേശങ്ങളിൽ പേരുണ്ടായതുതന്നെ ഇങ്ങനെയാണ്. ആചാരക്കുളി നടത്തിയില്ലെങ്കിൽക്കൂടി രക്ഷകനെ സ്തുതിച്ചുകൊണ്ടുള്ള കീർത്തനങ്ങളും അന്നത്തെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുന്നതു നന്നായിരിക്കും.

ദനഹാക്കാലം

പ്രത്യക്ഷീകരണത്തിരുനാൾ മുതൽ നോമ്പുവരെയുള്ള കാലഘട്ടം പൗരസ്ത്യസഭയിൽ ദനഹാക്കാലമെന്നും പാശ്ചാത്യസഭയിൽ സാധാരണകാലമെന്നുമാണ് അറിയപ്പെടുക. അടയാളങ്ങളിലൂടെയും വാക്കുകളിലൂടെയും തന്നെത്തന്നെയും തന്റെ പിതാവിനെയും വെളിപ്പെടുത്തിത്തന്നുകൊണ്ട് ക്രിസ്തുനാഥൻ രക്ഷയുടെ പാതയിലേയ്ക്കു നമ്മെ നയിച്ച സംഭവങ്ങൾ പുനരവതരിപ്പിക്കപ്പെടുകയും അനുഭവവേദ്യമാക്കപ്പെടുകയും ചെയ്യുന്ന കാലഘട്ടമാണിതു്. രക്ഷകന്റെ മാമ്മോദീസാ, പരസ്യജീവിതം, അവിടുത്തെ മാനുഷിക-ദൈവികസ്വഭാവങ്ങൾ, പ. ത്രിത്വം, ക്രൈസ്തവജീവിതത്തിനു പ. ത്രിത്വത്തോടുള്ള ബന്ധം, സ്വയം ശൂന്യവത്ക്കരിക്കുന്ന ദൈവസ്നേഹം തുടങ്ങിയവയാണ് ഈ കാലഘട്ടത്തിൽ സഭ നമ്മുടെ വിചിന്തനത്തിനു വിഷയമാക്കുന്നതു്.

യേശുവിന്റെ അനന്യതയും അവിടുത്തെ പ്രബോധനങ്ങളുടെ വൈശിഷ്ട്യവും മനസ്സിലാക്കി അവിടുത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രവും നിയന്താവും കുടുംബത്തിന്റെ തലവനുമായി പ്രതിഷ്ഠിക്കാനുള്ള അവസരമാണ് ദനഹാക്കാലം. യേശുവിനെ വ്യക്തിപരമായി അടുത്തറിയാനും അവിടുന്നുമായി ആഴമേറിയ ഒരു വ്യക്തിബന്ധം വളർത്തിയെടുക്കാനും കഴിഞ്ഞാലേ ഇതു സാധിക്കുകയുള്ളൂ. സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് യേശുവിന്റെ പരസ്യജീവിതത്തെയും അവിടുത്തെ കണ്ടെത്തിയ വ്യക്തികളുടെ സാക്ഷ്യങ്ങളെയും കുറിച്ചുള്ള വി. ഗ്രന്ഥഭാഗങ്ങളും വായിച്ചു ധ്യാനിക്കുന്നതു് ഇതിനു വളരെയധികം സഹായകമായിരിക്കും.

malankaralibrary.com

നോമ്പുകാലം

ഉയിർപ്പിനൊരുക്കമായുള്ള ഏഴാഴ്ചക്കാലമാണല്ലോ നോമ്പുകാലം. യേശുവിന്റെ മരുഭൂമിയിലെ ഉപവാസം, അവിടുത്തെ പീഡാനുഭവം, മരണം എന്നീക്കാര്യങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് നാം നോമ്പാചരിക്കുന്നത്. പാപപരിഹാരാർത്ഥമുള്ള തീക്ഷ്ണമായ പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും പ്രായശ്ചിത്തപ്രവർത്തനങ്ങളുടേയും ദാനധർമ്മങ്ങളുടേയും അവസരമാണിത്. നോമ്പിനു തൊട്ടുമുമ്പുള്ള ഞായറാഴ്ച(സുറിയാനി റീത്തിൽ നോമ്പിന്റെ ഒന്നാംഞായർ) 'പേത്തുർത്താ' എന്ന പേരിലാണ് അറിയപ്പെടുന്നതുതന്നെ. 'തിരിഞ്ഞുനോക്കൽ', 'അനുരഞ്ജനം' എന്നൊക്കെയാണ് 'പേത്തുർത്താ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം. ഇനിവരാൻ പോകുന്നത് അനുരഞ്ജനത്തിന്റെ ഒരു കാലഘട്ടമാണെന്ന കാര്യം 'പേത്തുർത്താ' നമ്മെ അനുസ്മരിപ്പിക്കുന്നു.

മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും, അനുതാപത്തിന്റെ ആവശ്യം, അനുതപിക്കുന്ന പാപികളോടുള്ള ദൈവത്തിന്റെ കാരുണ്യം, ക്രിസ്തുനാഥന്റെ പീഡാനുഭവം, മരണം, യേശു നേടിത്തന്ന രക്ഷയുടെ അർത്ഥം, ദൈവത്തോടും പരസ്പരവുമുള്ള അനുരഞ്ജനവും പാപമോചനവും തുടങ്ങിയ വയെക്കുറിച്ചുള്ള വിചിന്തനങ്ങളാണ് ഈ കാലത്തു സഭ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

നമ്മുടെ വ്യക്തിജീവിതത്തിലെന്നപോലെ കുടുംബത്തിലും വളരെയേറെ പ്രാധാന്യമുണ്ട് നോമ്പുകാലത്തിനു്. 'പേത്തുർത്താ'ദിവസം തന്നെ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി ഏതെല്ലാം വിധത്തിലാണ് നോമ്പാചരിക്കേണ്ടതെന്നു തീരുമാനിക്കണം. ദൈവവുമായോ പരസ്പരമോ മറ്റുള്ളവരുമായോ ഉള്ള ബന്ധത്തിൽ എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്തുവാനും രമ്യപ്പെടുവാനുമാണ് ആദ്യം ശ്രദ്ധിക്കേണ്ടതു്. ഒരു ശീലമെങ്കിലും പരിവർജ്ജിക്കാനും ഏതാനും പ്രായശ്ചിത്തപ്രവൃത്തികളും നന്മപ്രവൃത്തികളുമെങ്കിലും ചെയ്യാനും ഓരോരുത്തരും തീരുമാനമെടുക്കണം. എന്തൊക്കെയാണ് ഓരോരുത്തരും ചെയ്യാൻ പോകുന്നതെന്നു് കുടുംബാംഗങ്ങൾ പരസ്പരം

malankaralibrary.com

അറിയിക്കുന്നതും നല്ലതാണു്. വിഭ്രതിത്തിരുനാളിലും ദുഃഖവെള്ളിയാഴ്ചയും മാംസവർജ്ജനവും ഒരു നേരവും മറ്റു വെള്ളിയാഴ്ചകളിൽ മാംസവർജ്ജനവും അനുഷ്ഠിക്കാൻ മാത്രമേ സഭ കടപ്പെട്ടുത്തുന്നുള്ളുവെങ്കിലും ഉദാരമനസ്ഥിതിയോടെ നോമ്പാചരിക്കുന്നതു നന്നായിരിക്കും. കൾനമായപ്രതനിഷ്ഠയോടെ നോമ്പാചരിക്കുന്ന നമ്മുടെ ഹൈന്ദവ-മുസ്ളീംസഹോദരങ്ങളും ഇക്കാര്യത്തിൽ നമുക്കു മാതൃകയാകേണ്ടതാണെന്നതോന്നുന്നു.

നോമ്പിന്റെ ആരംഭത്തിൽത്തന്നെ കുടുംബാംഗങ്ങളെല്ലാം കുമ്പസാരിച്ചു് പാപമോചനം പ്രാപിക്കുന്നതു നന്നായിരിക്കും. കഴിയുന്നത്രപേർ പ്രതിദിനം ദിവ്യബലിയിൽ പങ്കെടുക്കുന്നതും ആവശ്യമാണു്. ഒരാളെങ്കിലും ഓരോ ദിവസവും ദൈവാലയകർമ്മങ്ങളിൽ പങ്കെടുക്കുകയെന്നതു് നിർബ്ബന്ധിതമാക്കണം. നോമ്പിന്റെ ചൈതന്യത്തിനു നിരക്കാത്ത ആഘോഷങ്ങളും പരിപാടികളും പരിവർജ്ജിക്കുകയാണുത്തമം. അതുപോലെതന്നെ നോമ്പുകാലചിന്തകളും മനസ്സിലുണർത്താൻ സഹായിക്കുന്ന ബൈബിൾവാക്യങ്ങളോ ചിന്താശകലങ്ങളോ കുടുംബാംഗങ്ങളുടെ ശ്രദ്ധ എളുപ്പം പതിയുന്ന വീടിന്റെ പ്രധാനഭാഗങ്ങളിൽ എഴുതിവയ്ക്കുന്നതും നല്ലതാണു്. പ്രാർത്ഥനയോടനുബന്ധിച്ചു്, യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും അതിനുകാരണമായ നമ്മുടെ പാപത്തിന്റെ ഗൗരവത്തെയും അതർഹിക്കുന്ന നീതിപൂർവ്വകമായ ശിക്ഷയെയും ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെയുംകുറിച്ചു പ്രതിപാദിക്കുന്ന ബൈബിൾഭാഗങ്ങളും വായിച്ചു ധ്യാനിക്കാനും ശ്രദ്ധിക്കണം.

നോമ്പുകാലത്തു് അനുദിനപ്രാർത്ഥനയോടനുബന്ധിച്ചു് 'കുരിശിന്റെ വഴി' നടത്തുന്ന നല്ല പതിവു് പല കുടുംബങ്ങളിലുമുണ്ടു്. എല്ലാദിവസവും സാധിച്ചില്ലെങ്കിൽക്കൂടി വെള്ളിയാഴ്ചകളിലെങ്കിലും കുടുംബാംഗങ്ങളെല്ലാവരും ചേർന്നു് 'കുരിശിന്റെവഴി' നടത്തുന്നതു് വളരെ ശ്ളാഘനീയമാണു്. പരസ്നേഹപ്രവൃത്തികളുടെയും ദാനധർമ്മത്തിന്റെയും കാലഘട്ടംകൂടിയാണു് നോമ്പുകാലം. നോമ്പും ഉപവാസവും മറ്റു ത്യാഗപ്രവൃത്തികളുംവഴി മിച്ചമുണ്ടാക്കുന്ന പണം പാവങ്ങൾക്കു

malankaralibrary.com

നല്കുമ്പോഴാണ് ആ ത്യാഗപ്രവൃത്തികളുടെ അർത്ഥം പൂർണ്ണമാകുന്നത് എന്നതും മറക്കാനാവില്ല. 'റംസാൻ' വ്രതത്തിനുശേഷം 'സക്കാത്ത്' നല്കുന്ന മുസ്ലീംപാരമ്പര്യം സ്മരണീയമാണ്.

വിശുദ്ധവാരം

വിശുദ്ധവാരത്തിലെ ഓരോദിവസവും യേശുവിന്റെ ജീവിതത്തിലെ ഒന്നോ അതിലധികമോ സുപ്രധാനസംഭവങ്ങളും സഭ നമ്മുടെ മുമ്പിൽ പുനരവതരിപ്പിക്കുകയും അതിൽ പങ്കുചേരാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. യേശുവിന്റെ മഹത്ത്വപൂർണ്ണമായ ജറുസലേംപ്രവേശനത്തിന്റെ ഓർമ്മ ആചരിക്കുന്ന ഓശാനഞായറാഴ്ചയാണല്ലോ വിശുദ്ധവാരത്തിലെ ആദ്യദിവസം. കുരുത്തോലകളും കൈകളിലേന്തി ഓശാന ഗീതങ്ങളാലപിച്ച് അന്നു നാം നടത്തുന്ന പ്രദക്ഷിണം യേശുവിനെ രാജാവും രക്ഷകനുമായി സ്വീകരിക്കുന്നുവെന്നതിന്റെ പ്രഖ്യാപനമാണ്. ഏതുപ്രതികൂലസാഹചര്യങ്ങളിലും യേശുവിനെ നേതാവായി അംഗീകരിച്ചുകൊണ്ട് അവിടുത്തെ അനുഗമിക്കുവാനുള്ള ദൃഢനിശ്ചയമായിരിക്കണം ഈ പ്രഖ്യാപനത്തിൽ പ്രകടമാവുക.

വിശുദ്ധകുർബാനയുടെ സ്ഥാപനം അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ച കുടുംബാംഗങ്ങളെല്ലാം വിശുദ്ധബലിയിലും മറ്റ് ആരാധനാകർമ്മങ്ങളിലും സജീവമായി പങ്കെടുക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. കാൽകഴുകൽശുശ്രൂഷയുടെയും മറ്റും അർത്ഥം മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കു വിശദീകരിച്ചുകൊടുക്കണം. ഇന്നു പലരും പുറത്തുള്ളതുപോലെ ഉണ്ടെങ്കിലും, പെസഹാവ്യാഴാഴ്ച കുടുംബനാഥന്റെ നേതൃത്വത്തിൽ നടത്തുന്ന 'അപ്പം മുറിക്കൽ' അർത്ഥവത്താണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേലിനു മോചനംനല്കിയ പഴയനിയമത്തിലെ പെസഹാആചരണത്തെയും പാപത്തിന്റെ ആധിപത്യത്തിൽനിന്നു നമുക്കു മോചനം നല്കിയ പുതിയ നിയമത്തിലെ പെസഹാസംഭവത്തെയും യഥാർത്ഥപെസഹാക്കുഞ്ഞാടായ യേശു നമുക്കുവേണ്ടി അനുദിനം തന്റെ തിരുശ്ശരീരരക്തങ്ങൾ പങ്കിട്ടുതരുന്നു വി. കുർബാനയുടെ സ്ഥാപനത്തെയും അർത്ഥവത്തായി അനുസ്മരിപ്പിക്കുന്ന ഈ കർമ്മം നിലനിറുത്തേ

malankaralibrary.com

ണ്ട ഒരാചാരമാണ്. മക്കളും മാതാപിതാക്കളും സഹോദരങ്ങളുമെല്ലാമടങ്ങുന്ന ഒരു വലിയ കുടുംബം ഒന്നിച്ചാണല്ലോ സാധാരണ 'അപ്പംമുറിക്കൽ' നടത്തുക. മാറിത്താമസിക്കുന്ന മക്കളും കുടുംബസമേതം അപ്പംമുറിക്കലിന് തറവാട്ടിൽ ഒന്നിച്ചുകൂടാറുണ്ട്. അയൽക്കാരും സ്നേഹിതരുംകൂടി ഈ ചടങ്ങിന് ഒത്തുകൂടുന്ന പതിവും പല പ്രദേശങ്ങളിലുണ്ട്. പരസ്പരസൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷത്തിൽ നടത്തപ്പെടുന്ന ഈ അപ്പംമുറിക്കൽ കുടുംബത്തിന്റെ കൂട്ടായ്മയും ക്രൈസ്തവാവബോധവും വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്നതിൽ തർക്കമില്ല. പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പെസഹാആചരണത്തിന്റെ വിവരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രാർത്ഥനാശ്രുശ്രൂഷയുടെ ഭാഗമായി നടത്തപ്പെടുകയാണെങ്കിൽ അപ്പംമുറിക്കൽ കൂടുതൽ അർത്ഥവത്തും ക്ഷേമിസംവർദ്ധകവുമായിത്തീരുകയും ചെയ്യും.

സാധാരണ പള്ളിയിൽപോകാറില്ലാത്തവർപോലും ദൈവാലയകർമ്മങ്ങളിൽ പങ്കെടുക്കുവാൻ താത്പര്യം കാണിക്കുന്ന ദിവസമാണല്ലോ ദുഃഖവെള്ളിയാഴ്ച. സഭ നിർദ്ദേശിച്ചിട്ടുള്ള മാംസവർജ്ജനവും ഉപവാസവും അനുഷ്ഠിക്കുന്നതിലും ഭൂരിപക്ഷംപേരും ഉത്സുകരാണ്. പക്ഷേ പള്ളിക്കർമ്മങ്ങളും കഴിയുന്നതോടെ പലരേയും സംബന്ധിച്ചിടത്തോളം ദുഃഖവെള്ളിയാഴ്ചആചരണം അവസാനിക്കും. പണ്ടൊക്കെ കാരണവന്മാർ ഒരുമിച്ചുകൂടി പാനവായിക്കുന്ന പതിവുണ്ടായിരുന്നു. ഇപ്പോഴും അതുമില്ല.

ദുഃഖവെള്ളിയാഴ്ചയുടെ ചൈതന്യം ദിവസം മുഴുവൻ നീണ്ടുനില്ക്കേണ്ടതാണ്. കാരണം, നമ്മുടെ രക്ഷ സാധിച്ച ദിവസമാണത്. കുടുംബാംഗങ്ങളും എല്ലാം ചേർന്ന് കർത്താവിന്റെ പീഡാനുഭവങ്ങളെയും അതിനു കാരണമായ നമ്മുടെ ദുർവ്വാസനകളെയും തിന്മകളെയുംകുറിച്ചു പ്രതിപാദിക്കുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങളും വായിച്ചുധ്യാനിച്ചുകൊണ്ട് ദുഃഖവെള്ളിയാഴ്ച ഒരു പ്രാർത്ഥനാദിനമായി ഓരോ കുടുംബത്തിലും ആചരിക്കപ്പെടണം.

ദുഃഖശനിയാഴ്ചയും പ്രത്യേകവിധം ആചരിക്കപ്പെടേണ്ട ദിവസമാണ്. ഉയിർപ്പുതിരുനാളിന്റെ തലേദിവസമായ

malankaralibrary.com

ആ ദിവസത്തെ ഒരു നവജീവിതത്തിന്റെ തുടക്കമായാണ് സഭ കാണുന്നത്. പുത്തൻതീയും പുത്തൻവെള്ളവുമൊക്കെ അതാണ് സൂചിപ്പിക്കുക. ഉത്ഥിതനായ യേശുവിന്റെ പുതുജീവനിൽ പങ്കു ലഭിച്ചതിനേക്കുറിച്ചു കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ട ദിവസമാണത്. ആദിമസഭയിൽ മാമ്മോദീസാ നല്കപ്പെട്ടിരുന്നത് ഈ ദിവസമായിരുന്നല്ലോ. മാമ്മോദീസായിലൂടെ യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കാളികളാവുകയാണ്. ദുഃഖശനിയാഴ്ച മാമ്മോദീസാവ്രതനവീകരണം നടത്തുവാൻ സഭ ആഹ്വാനം ചെയ്യുന്നതിനു കാരണമിതാണ്. യേശുവിന്റെ സഭയിലെ അംഗങ്ങളാകുവാൻ മാമ്മോദീസാവഴി നമുക്കു കൈവന്ന മഹാഭാഗ്യത്തെക്കുറിച്ചും പാപത്തിനു മരിച്ചു ദൈവത്തിനായി ജീവിക്കുവാൻ നമുക്കുള്ള കടമയെക്കുറിച്ചും ആഴമേറിയ അവബോധം നേടാനുതകുന്ന പ്രാർത്ഥനകളും വി. ഗ്രന്ഥപാരായണവും അന്ന് ഓരോ കുടുംബത്തിലും നടത്തപ്പെടണം. കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ച് മാമ്മോദീസാവ്രതനവീകരണം നടത്തുന്നതും നന്നായിരിക്കും.

ഉയിർപ്പുതിരുനാൾ

സഭയിലെ ഏറ്റവും വലിയ തിരുനാളാണ് ഉയിർപ്പുതിരുനാൾ. പക്ഷേ നമ്മുടെ കുടുംബങ്ങളിൽ ഇന്ന് ഈ തിരുനാളിന് അർഹിക്കുന്ന പ്രാധാന്യം നല്കപ്പെടുന്നുണ്ടോ എന്നു സംശയിക്കണം. ദൈവാലയകർമ്മങ്ങളിലും വീട്ടിൽ ഒരുക്കുന്ന സാമാന്യം ഭേദപ്പെട്ട ഭക്ഷണത്തിലും ഒതുങ്ങുന്നതാണ് ഇന്നു പലരുടേയും ഈസ്റ്റർആഘോഷം. നോമ്പുകാലത്തു മദ്യപിക്കാതിരുന്ന ചിലർപോലും അതിനു പകരമായെന്നോണം ഇരട്ടി മദ്യപിച്ച് ഈസ്റ്ററിന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെട്ടത്താറുമുണ്ട്. ക്രിസ്മസ്ദിനത്തിലെന്നതുപോലെ കുടുംബത്തിന്റെ കൂട്ടായ്മയും സന്തോഷവും സമാധാനവും പ്രത്യേകമായവിധം പ്രകടമാകേണ്ട ദിവസമാണ് ഉയിർപ്പുതിരുനാൾ. അന്ന് കുടുംബാംഗങ്ങളെല്ലാം ഒരുമിച്ചു ഭക്ഷിക്കുകയും ഒരുമിച്ചു പ്രാർത്ഥിക്കുകയും സൗഹൃദസംഭാഷണങ്ങളിലൂടെ തങ്ങളുടെ പരസ്പരബന്ധവും കൂട്ടായ്മയും വളർത്തുവാൻ ശ്രദ്ധിക്കുകയും വേണം. സ്ഥിരംമദ്യപാനികളും പോലും അന്ന് മദ്യം വർജ്ജിച്ച് കുടുംബത്തിന്റെ സമാധാനവും സന്തോഷവും ഉറപ്പുവരു

malankaralibrary.com

ത്തണം. വി. ഗ്രന്ഥത്തിലെ ഉത്ഥാനവിവരണങ്ങളും വായിച്ചു ധ്യാനിക്കാനും അങ്ങനെ ഉത്ഥാനാനുഭവം ലഭിച്ച ആദിമശിഷ്യരുടെ ആവേശോജ്ജ്വലമായ അനുഭവങ്ങളിൽ പങ്കുചേരാനും അവസരം കണ്ടെത്തണം. ലോകത്തിന്റെ പ്രകാശമായ യേശുവിനെ നമ്മുടെ കുടുംബത്തിന്റെ വെളിച്ചമായി സ്വീകരിക്കുന്നതിന്റെ സൂചനയായി അലങ്കരിച്ച ഈസ്റ്റർതിരി വീടിന്റെ പ്രധാനഭാഗത്തു പ്രതിഷ്ഠിക്കുന്നതും ഒരു നല്ല ആചാരമാണ്. ഈസ്റ്ററിന്റെ സന്ദേശം കുഞ്ഞുങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കുടുംബാംഗങ്ങൾ തങ്ങളുടെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായി കൊച്ചുകൊച്ചു സമ്മാനങ്ങൾ കൈമാറുന്നതും ഉചിതമായിരിക്കും. സാമ്പത്തികക്ലേശങ്ങൾ അനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഈസ്റ്ററിന്റെ സന്തോഷത്തിൽ പങ്കുകൊള്ളാൻ കഴിയുന്നതിനു വേണ്ടി സാധിക്കുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

ഉയിർപ്പുകാലം

പാപത്തിൽനിന്നും പാപഫലങ്ങളായ എല്ലാ തിന്മകളിൽനിന്നും മനുഷ്യവർഗ്ഗത്തിനു ആത്യന്തികവിജയം ലഭിച്ച മഹാസംഭവമാണല്ലോ യേശുവിന്റെ ഉയിർപ്പ്. ഇതുവഴി ലഭിച്ച പുതുജീവനാണ് നമ്മെ ദൈവമക്കളാക്കിത്തീർക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനവും നമ്മുടെ ഉയിർപ്പിനുള്ള അച്ചാരവും ക്രിസ്തുവിന്റെ ഉത്ഥാനം തന്നെ. ഈ വസ്തുതകളാണ് ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴാഴ്ചക്കാലം ദീർഘിക്കുന്ന ഉയിർപ്പുകാലത്തു് സഭ നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കുന്നത്. ഉത്ഥിതനായ യേശുവിന്റെ പുതുജീവനിൽ പൂർണ്ണമായും പങ്കുപറ്റാൻ ഈ കാലഘട്ടം നമ്മെ ആഹ്വാനംചെയ്യുന്നു. അടുക്കലടുക്കലുള്ള ബലിയർപ്പണവും കൂദാശകളുടെ സ്വീകരണവുംവഴി യേശുവിനു് പൂർണ്ണമായും അനുരൂപരാകുവാനും ജീവദാതാവായ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായി ഒരുങ്ങുവാനും ഉയിർപ്പുകാലം സഹായിക്കുന്നു.

malankaralibrary.com

യേശുവിന്റെ മരണത്തോടെ പ്രതീക്ഷകളെല്ലാം നശിച്ചു് നിരാശയുടെ നീർക്കയത്തിൽ മുങ്ങിത്താണുകൊണ്ടിരുന്ന യേശുശിഷ്യർക്കു പ്രത്യാശയും ആവേശവും പകർന്നുകൊടുത്തതു് ഉത്ഥാനാനുഭവങ്ങളായിരുന്നു. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയ ശിഷ്യസമൂഹത്തിനു് അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. അവർ ആവേശത്തോടെ ഉദ്ഘോഷിച്ചു: 'കർത്താവു് സത്യമായും ഉത്ഥാനംചെയ്തു; ഹല്ലേലൂയ്യാ'. അന്നെന്നപോലെ ഇന്നും ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടുന്നതിലൂടെയാണു് നാം പുതിയ മനുഷ്യരായി മാറുന്നതു്. അപ്പോഴും നാം അനുഭവിച്ചറിഞ്ഞ യേശുവിനെ ലോകത്തിനു മുമ്പിൽ വിളംബരം ചെയ്യാതിരിക്കാൻ നമുക്കു കഴിയില്ല. ഉയിർപ്പുകാലാചരണത്തിലൂടെ സഭ ലക്ഷ്യംവയ്ക്കുന്നതും ഇതു തന്നെയാണു്. വി. ഗ്രന്ഥത്തിലെ ഉത്ഥാനവിവരണങ്ങളും ഉത്ഥാനാനുഭവം ലഭിച്ച ആദിമശിഷ്യരുടെ പ്രതികരണങ്ങളും യേശുവിന്റെ ഉത്ഥാനത്തിലൂടെ നമുക്കു കൈവന്ന നവജീവിതത്തിന്റെ മഹത്ത്വത്തെയും അതു നമുക്കു നല്കുന്ന കടമകളെയും കുറിച്ചു് അപ്പസ്തോലന്മാർ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളും പ്രാർത്ഥനാപൂർവ്വം വായിച്ചു ധ്യാനിക്കുന്നതു നമ്മുടെ കുടുംബങ്ങളിലുണ്ടായാൽ സഭയുടെ ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു് അതു വളരെ സഹായകമായിരിക്കും.

സ്വർഗ്ഗാരോഹണത്തിരുനാൾ

ഉത്ഥിതനായ യേശു പിതാവിന്റെ മഹത്ത്വത്തിലേയ്ക്കു കരേറിയതിന്റെ ഓർമ്മ ആചരിക്കുന്ന സ്വർഗ്ഗാരോഹണത്തിരുനാളും ക്രൈസ്തവകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളതാണു്. നമുക്കു വസതിയൊരുക്കുവാൻ വേണ്ടിയാണല്ലോ അവിടുന്നു പിതാവിന്റെ പക്കലേയ്ക്കു പോയിരിക്കുന്നതു്. അവിടുന്നൊരുക്കുന്ന സ്വർഗ്ഗീയവസതിയിൽ പാർക്കാനുള്ള യോഗ്യത നാം സമ്പാദിക്കുന്നതാകട്ടെ അതിന്റെ പ്രതീകമായി അവിടുന്നിവിടെ സ്ഥാപിച്ചിട്ടുള്ള നമ്മുടെ കുടുംബങ്ങളിലൂടെയും. ഭൗതികമായവയിൽ കുടുങ്ങിക്കിടക്കേണ്ടവരല്ല, മറിച്ചു്, നശ്വരമായ ഭൗതികതയ്ക്കുപരി നിലകൊള്ളുന്ന ശാശ്വതഭവനമായ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി മുന്നേറുന്ന തീർത്ഥകരാണു നാമെന്ന കാര്യം സ്വർഗ്ഗാരോഹണത്തിരുനാൾ നമ്മെ

malankaralibrary.com

ഓർമ്മിപ്പിക്കുന്നു. ഏതു പ്രതികൂലസാഹചര്യങ്ങളിലും നമ്മെ സഹായിക്കാൻ കഴിവും സന്നദ്ധതയുമുള്ള ശക്തനായ ഒരു മദ്ധ്യസ്ഥൻ സ്വർഗ്ഗത്തിൽ നമുക്കുണ്ടെന്ന കാര്യവും ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

സ്വർഗ്ഗാരോഹണത്തിരുനാളിൽ കുടുംബാംഗങ്ങളെല്ലാം ഒരുമിച്ച് യേശുവിന്റെ ബലിയിൽ പങ്കുചേരുകയും നമ്മുടെ സ്വർഗ്ഗപ്രവേശനത്തിന്റെ അച്ചാരമായ വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യണം. ഭൗതികതയ്ക്ക് അമിതപ്രാധാന്യം നല്കുകയും അതിനപ്പുറമുള്ളതെല്ലാം പൂഛരിച്ചുതള്ളുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തിൽ സ്വർഗ്ഗോന്മുഖമായി മുന്നോട്ടു പോകണമെങ്കിൽ സ്വർഗ്ഗാരോഹിതനായ നാഥൻ തന്നെ നമ്മെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് അതിനായുള്ള പ്രത്യേക പ്രാർത്ഥനകളും സ്വർഗ്ഗാരോഹണത്തിരുനാളിൽ കുടുംബങ്ങളിൽ നടത്തണം.

പന്തക്കുസ്താത്തിരുനാൾ

ആദ്യകാലങ്ങളിൽ ഒരു വിളവെടുപ്പുതിരുനാളായി ആഘോഷിക്കപ്പെട്ടിരുന്ന പന്തക്കുസ്താ, സീനായ്മലയടിവാരത്തിൽവച്ച് ഇസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനമായി ഉയർത്തപ്പെട്ടതോടെ, അതിന്റെ ഓർമ്മ ആചരിക്കുന്ന തിരുനാളായി മാറി. പഴയനിയമത്തിലെ ദൈവജനത്തിന്റെ ഈ പിറന്നാൾദിനം തന്നെയാണ് പുതിയനിയമത്തിലെ ദൈവജനത്തിന്റെ പിറവിക്കും സാക്ഷ്യംവഹിച്ചത്. പന്തക്കുസ്താത്തിരുനാളിൽ പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ ആഗതനാവുകയും, അത്ഭുതിയാൽ നിറയപ്പെട്ട അപ്പസ്തോലന്മാരുടെ സാക്ഷ്യം സ്വീകരിച്ചുകൊണ്ട് മൂവായിരത്തോളം ആളുകൾ വിശ്വാസികളായിത്തീരുകയും ചെയ്തതോടെയാണല്ലോ സഭ പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്.

സഭയുടെ പിറന്നാളായ പന്തക്കുസ്താ സഭാംഗങ്ങൾക്കെല്ലാം ഒരുത്സവദിനമാകേണ്ടതാണ്. ദൈവത്തിന്റെ സ്വന്തം ജനപദമായ സഭയിലേയ്ക്കു നമ്മെ വിളിച്ചതിനു നന്ദി പറയുകയും സഭാംഗങ്ങളെന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാകുകയും ചെയ്യേണ്ട ദിവസം. 'പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും.

malankaralibrary.com

അപ്പോൾ നിങ്ങൾ ജറൂസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ലോകത്തിന്റെ അതിർത്തികൾവരെയും എനിക്കു സാക്ഷ്യം വഹിക്കും' എന്നുള്ള വാഗ്ദാനം അപ്പസ്തോലന്മാർക്കു വേണ്ടി മാത്രമുള്ളതല്ലെന്ന കാര്യവും പന്തക്കുസ്താ നമ്മെ ഓർമ്മിപ്പിക്കുന്നു. മാമ്മോദീസായും സ്ഥൈര്യലേപനവുംവഴി പരിശുദ്ധാത്മാവിനെ പ്രാപിച്ച നാമും, ഈ വാഗ്ദാനത്തിനവകാശികളാണു്. സഭാംഗങ്ങളെന്ന നിലയിൽ ഏതു പ്രതികൂല സാഹചര്യങ്ങളിലും യേശുവിനു സാക്ഷ്യംവഹിക്കുവാൻ കടപ്പെട്ടവരായ നമുക്കു് അരൂപിയുടെ ദാനമായ വിശ്വാസത്തിൽ വളർച്ച പ്രാപിക്കുന്നതിലൂടെയേ ഈ ദൗത്യം നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. പന്തക്കുസ്താദിനത്തിൽ കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടി പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അവിടുത്തേയ്ക്കു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുകയും അരൂപിയുടെ വരദാനങ്ങളെക്കുറിച്ചും സഭാംഗങ്ങളെന്ന നിലയിൽ നമ്മുടെ ചുമതലകളെക്കുറിച്ചും പ്രതിപാദിക്കുന്ന വി. ഗ്രന്ഥഭാഗങ്ങൾ വായിച്ചു ധ്യാനിക്കുകയും ചെയ്യുന്നതു് ഇതിനു വളരെയധികം സഹായകമായിരിക്കും.

ശ്ലീഹാക്കാലം

പന്തക്കുസ്താ മുതൽ ആഗമനകാലം തുടങ്ങുന്നതുവരെയുള്ള കാലഘട്ടം ലത്തീൻസഭയിൽ സാധാരണ കാലമാണു്. എന്നാൽ സഭയിലൂടെ യുഗാന്ത്യപൂർണ്ണതയിലേക്കു പുരോഗമിച്ചുകൊണ്ടിരിക്കുന്ന രക്ഷാപദ്ധതിയുടെ വിവിധ ഘട്ടങ്ങളെ അനുസ്മരിച്ചുകൊണ്ടു് പൗരസ്ത്യസഭ ഈ കാലഘട്ടത്തെ അഞ്ചായി വിഭജിച്ചിട്ടുണ്ടു്. ശ്ലീഹാക്കാലമാണ് അതിൽ ആദ്യത്തേതു്. പുതിയ ദൈവജനമായ സഭ, സഭയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, സഭയുടെ അപ്പസ്തോലികത്വം, ആദിമ സഭയുടെ ജീവിതം, സഭയുടെ പ്രേഷിതസ്വഭാവം തുടങ്ങിയവ ശ്ലീഹാക്കാലത്തു് സഭ നമ്മുടെ വിചിന്തനത്തിനു സമർപ്പിക്കുന്നു.

സഭയിലൂടെ വളരേണ്ട ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രയോക്താക്കളുമെന്ന നിലയിൽ നമുക്കു ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യത്തെക്കുറിച്ചു് ആഴമേറിയ അവബോധം സമ്പാദിക്കുകയും പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ട അവസരമാണിതു്. ആദിമ

malankaralibrary.com

സഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന 'അപ്പസ്തോല പ്രവർത്തനങ്ങൾ' വായിച്ചു ധ്യാനിക്കുകയും പ്രേഷിതപ്രവർത്തനങ്ങളിൽ ഫലപ്രദമായി സഹകരിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി പ്രായോഗികമാക്കുകയും വേണം.

ശ്ലീഹാക്കാലത്തിലെ തിരുനാളുകൾ

പ. ത്രിത്വത്തിന്റെ തിരുനാൾ, വി. കുർബാനയുടെ തിരുനാൾ, തിരുഹൃദയത്തിരുനാൾ എന്നിവ ആഘോഷിക്കപ്പെടുന്നതു് ശ്ലീഹാക്കാലത്താണു്. ഈ മൂന്നു തിരുനാളുകളും ക്രൈസ്തവകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളവയാണു്. പ. ത്രിത്വത്തിന്റെ കൂട്ടായ്മയാണല്ലോ ക്രൈസ്തവകുടുംബത്തിന്റെ അന്തർധാരയായിരിക്കേണ്ടതു്. അതുകൊണ്ടത്രേ ഈ തിരുനാൾ കുടുംബക്കൂട്ടായ്മദിനമായി ആഘോഷിക്കപ്പെടണം. ഭാര്യാഭർത്താക്കന്മാർതമ്മിലും മാതാപിതാക്കളും മക്കളും തമ്മിലുമുള്ള സ്നേഹൈക്യം വളർത്തിയെടുക്കാനുതകുന്ന പ്രായോഗികപരിപാടികൾ ആസൂത്രണം ചെയ്യുകയും കുടുംബൈക്യത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാനുള്ള ദിവസമാണിതു്. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു തങ്ങളുടെ കൂട്ടായ്മയും സന്തോഷവും പ്രകടമാക്കുകയും പങ്കുവയ്ക്കുകയും ചെയ്യാനുള്ള സന്ദർഭങ്ങളും അന്നു കണ്ടെത്തണം.

നമ്മുടെ അനുദിനഭോജ്യമായിത്തീരുന്നതിനുവേണ്ടി മുറിക്കപ്പെട്ട ശരീരത്തിന്റെയും ചിന്തപ്പെട്ട രക്തത്തിന്റെയും ഓർമ്മ ആചരിക്കുന്ന വി. കുർബാനയുടെ തിരുനാൾ കുടുംബത്തിനുവേണ്ടി സമ്പൂർണ്ണസമർപ്പണം ചെയ്യാനുള്ള നമ്മുടെ ഉത്തരവാദിത്വമാണു് നമ്മെ ഓർമ്മിപ്പിക്കുന്നതു്. മനുഷ്യമക്കളോടുള്ള സ്നേഹത്താൽ പിളർക്കപ്പെട്ട തിരുഹൃദയത്തിന്റെ തിരുനാളാകട്ടെ കുടുംബത്തിൽ കത്തിജ്ജ്വലിക്കേണ്ട ദൈവസ്നേഹാഗ്നിയുടെയും പരസ്നേഹത്തിന്റെയും പ്രാധാന്യത്തിലേയ്ക്കു വിരൽചൂണ്ടുന്നു. വി. കുർബാനയിൽ പങ്കെടുത്തും തിരുഹൃദയപ്രതിഷ്ഠ നവീകരിച്ചും പ്രത്യേക പ്രാർത്ഥനകൾനടത്തിയുംസമുചിതമായ ആഘോഷങ്ങൾ സംഘടിപ്പിച്ചും ഈ തിരുനാളുകളും ആചരിക്കപ്പെടണം.

malankaralibrary.com

കൈത്താക്കാലം (സഭയുടെ വളർച്ച)

അപ്പസ്തോലന്മാരാൽ നട്ടുവളർത്തപ്പെട്ട സഭ വിശ്വാസിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വളർന്നുപടികസിക്കുന്നതിനെയാണ് കൈത്താക്കാലം സൂചിപ്പിക്കുക. സഭയുടെ വളർച്ചയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ കൈത്താക്കാലം ആഹ്വാനം ചെയ്യുന്നു. തങ്ങളുടെ രക്തവും ജീവനും നല്കി സഭയെ വളർത്തിയ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും ജീവചരിത്രങ്ങൾ വായിക്കുകയും അവരെപ്പോലെ വിശ്വാസികളായിരിക്കുന്നതിൽ അഭിമാനം കൊള്ളുകയും ക്രൈസ്തവവിശ്വാസത്തിന്റെ മഹനീയത എന്നും എവിടെയും ഉയർത്തിപ്പിടിക്കാനുള്ള ധീരതയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യേണ്ട കാലമാണിത്.

ഏലിയാ-സ്ളീവാ-മൂശെക്കാലങ്ങൾ

അവസാനവിധിക്കായുള്ള യേശുവിന്റെ മഹത്വപൂർണ്ണമായ പുനരാഗമനത്തെയും അതിനോടുബന്ധപ്പെട്ട രക്ഷാകര സംഭവങ്ങളെയുമാണ് ഏലിയ-സ്ലീവാ-മൂശെക്കാലങ്ങൾ നമ്മെ അനുസ്മരിപ്പിക്കുക. ക്രിസ്തുവിന്റെ വെളിപാടിനു മുമ്പ് ഏലിയാ വരുമെന്നുള്ള വിശ്വാസം ഏലിയാക്കാലവും യേശുവിന്റെ രണ്ടാമത്തെ വരവിൽ പ്രത്യക്ഷമാകാനിരിക്കുന്ന രക്ഷാകരമായ കുരിശിന്റെ വിജയവും ശക്തിയും സ്ളീവാക്കാലവും സൂചിപ്പിക്കുന്നു. (ഇവ രണ്ടുംകൂടി ഒരു കാലമായാണ് സാധാരണ കണക്കാക്കാറുള്ളത്). മൂശെക്കാലമാകട്ടെ പുതിയ നിയമത്തിന്റെ എന്നതുപോലെ പഴയ നിയമത്തിന്റെയും പൂർത്തീകരണമാണ് യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ സംഭവിക്കുന്നത് എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നു.

യേശുവിന്റെ പുനരാഗമനം പ്രതീക്ഷിച്ചാണ് സഭ മുമ്പോട്ടുപോകുന്നത്. അതിനുവേണ്ടി ലോകത്തെ ഒരുക്കുകയാണവളുടെ ദൗത്യം. പ്രവർത്തിക്കുന്ന മണ്ഡലങ്ങളിലെല്ലാം സുവിശേഷചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് സഭയുടെ ഈ ദൗത്യത്തിൽ പങ്കുചേരാൻ സഭാംഗങ്ങളെന്നനിലയിൽ നമുക്കെല്ലാം ചുമതലയുണ്ട്. വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലുമെല്ലാം നമ്മെ ഭരിക്കുന്ന

malankaralibrary.com

തു സുവിശേഷാദർശങ്ങളാകണം. ഒപ്പം നമ്മുടെ അയൽക്കാരിലേയ്ക്കും ഈ ചൈതന്യം സന്നിവേശിപ്പിക്കുവാൻ നമുക്കു കഴിയണം. ഗൗരവമേറിയ ഈ ഉത്തരവാദിത്വത്തെക്കുറിച്ചു ബോധവാന്മാരാകേണ്ട കാലഘട്ടമാണ് ഏലിയാ-സ്ളീവാ-മൂശെക്കാലങ്ങൾ. ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുകയും പ്രചരിപ്പിക്കുകയും മൂല്യച്യുതി വരുത്തുന്ന പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം തടയുവാൻ ആവുന്നത്ര ശ്രമിക്കുകയും ചെയ്യുക ഇക്കാലത്തു നിർവ്വഹിക്കാവുന്ന വലിയൊരു പ്രേഷിതപ്രവൃത്തിയായിരിക്കും.

പള്ളിക്കൂദാശ(സഭാസമർപ്പണ)കാലം

സഭയുടെ യുഗാന്ത്യപരിണാമത്തെ സൂചിപ്പിക്കുന്ന പള്ളിക്കൂദാശക്കാലം ആരാധനക്രമവത്സരത്തിലെ അവസാനകാലഘട്ടമാണ്. യേശുവിന്റെ രണ്ടാമത്തെ ആഗമനത്തോടെ യുഗാന്ത്യപൂർണ്ണതയിലെത്തുന്ന സഭ മഹത്ത്വപൂർണ്ണയായി ദൈവത്തിനു സമർപ്പിക്കപ്പെടുന്നു. പിന്നീടുള്ള അവളുടെ ജീവിതം പൂർണ്ണമായും ദൈവത്തോടുകൂടിയാണ്. ദൈവൈക്യത്തിൽനിന്നു വ്യതിചലിപ്പിക്കുന്ന യാതൊരു ചരിത്രശക്തികൾക്കും ഇനിമേൽ അവൾക്കെതിരായി പടപൊരുതുവാൻ സാധിക്കുകയില്ല. (Rfr. വെളിപാട് 21/2-22/5) കണ്ണുകണ്ടിട്ടില്ലാത്തതും കാതുകേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടില്ലാത്തതുമെന്നു വി. പൗലോസ് വിശേഷിപ്പിക്കുന്ന ഈ യുഗാന്ത്യമഹത്ത്വത്തിന്റെ മുന്നാസ്വാദനവും അനുഭവവുമാണ് പള്ളിക്കൂദാശക്കാലം നമുക്കു പ്രദാനംചെയ്യുക. വി. കുർബാന ഇവിടെ സ്വർഗ്ഗീയവിരുന്നിന്റെ മുന്നവതരണവും മുന്നനുഭവവും അച്ചാരവുമായിത്തീരുന്നു. കൂദാശാസ്വീകരണങ്ങൾ സ്വർഗ്ഗത്തിൽ ദൈവവുമായി നമുക്കുണ്ടാകാനിരിക്കുന്ന സമ്പൂർണ്ണൈക്യത്തിന്റെ പ്രതീകവും മറ്റു ആരാധനാകർമ്മങ്ങളും പ്രാർത്ഥനകളും മാലാഖാമാരോടും വിശുദ്ധരോടുമൊത്ത് നാം ആലപിക്കാനിരിക്കുന്ന യുഗാന്ത്യകീർത്തനത്തിന്റെ ഭാഗവുമായിമാറുന്നു. നമുക്കു കൈവരാനിരിക്കുന്ന യുഗാന്ത്യമഹത്ത്വത്തെ മുന്നിൽക്കണ്ടു വിശ്വാസത്തോടും പ്രത്യാശയോടുംകൂടി ദൈവവുമായി ഐക്യപ്പെട്ടു ജീവിക്കുവാനാണ് ഈ കാലഘട്ടം നമ്മെ ആഹ്വാനംചെയ്യുന്നതു്. അതിനുതകുന്ന പ്രാർത്ഥനകളും വി. ഗ്രന്ഥപാരായണവും നട

malankaralibrary.com

ത്തുവാനും സ്വർഗ്ഗീയമഹത്ത്വത്തിന്റെ അച്ചാരമായ വി. കുർബാനയിൽ പങ്കെടുക്കുവാനും യുഗാന്ത്യത്തിൽ ഉളവാകുന്ന സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പരിശീലനവേദിയായി നമ്മുടെ കുടുംബത്തെ രൂപപ്പെടുത്തുവാനും ഈ കാലഘട്ടത്തിൽ നമുക്കു കഴിയണം.

വിശേഷദിനങ്ങൾ കുടുംബത്തിൽ

ആരാധനക്രമവത്സരത്തിലെ തിരുനാളുകൾപോലെ കുടുംബത്തിൽ ആഘോഷിക്കപ്പെടേണ്ട മറ്റു പല സുദിനങ്ങളുമുണ്ട്. ഓരോ കുടുംബത്തിനും പ്രത്യേകമായും കുടുംബങ്ങൾക്കു പൊതുവായും പ്രാധാന്യമുള്ള അത്തരം ചില വിശേഷദിനങ്ങളാണ് താഴെപ്പറയുന്നവ.

ശിശുജനനം

ദൈവത്തിന്റെ അനർഘദാനമെന്നനിലയ്ക്ക്, ആണായാലും പെണ്ണായാലും, ഓരോ ശിശുവും സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. ശിശുവിന്റെ ജനനത്തിനുമുമ്പുതന്നെ കുടുംബാംഗങ്ങളെല്ലാം കുഞ്ഞിനെ സ്വീകരിക്കുവാൻ മാനസികമായും ആദ്ധ്യാത്മികമായും ഒരുങ്ങണം. മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ കുഞ്ഞിനുവേണ്ടി മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും പ്രാർത്ഥിക്കുന്ന നല്ല പതിവുണ്ടാകേണ്ടിയിരിക്കുന്നു. കുഞ്ഞു ജനിക്കുന്നദിവസം അവനു/അവൾക്കുവേണ്ടി കൃതജ്ഞതാസ്തുതികളും യാചനാപ്രാർത്ഥനകളും ദൈവസന്നിധിയിൽ അർപ്പിച്ചുകൊണ്ട് ഒരു പ്രാർത്ഥനാദിനമായി ആചരിക്കണം. ശിശുജനനത്തോടനുബന്ധിച്ച് ചില്ലറ ആഘോഷപരിപാടികളെങ്കിലും വീട്ടിൽ ഉണ്ടായിരിക്കുന്നതും സമുചിതമാണ്.

കുദാശാസ്വീകരണമഹോത്സവങ്ങൾ

കുട്ടികളുടെ മാമ്മോദീസാ, പ്രഥമദിവ്യകാരുണ്യസ്വീകരണം, സ്ഥൈര്യലേപനം തുടങ്ങിയ പുണ്യദിനങ്ങളും കുടുംബത്തിൽ ആഘോഷിക്കപ്പെടേണ്ടതാണ്. ആദ്യത്തെ കുട്ടിയുടെ ജ്ഞാനസ്നാനവും പ്രഥമദിവ്യകാരുണ്യസ്വീകരണവുമൊക്കെ

malankaralibrary.com

വളരെ ആഘോഷമായി നടത്തുന്നവർപോലും പിന്നീടുള്ള കുട്ടികളുടെ കാര്യംവരുമ്പോഴേ അതൊക്കെ മറക്കാറുണ്ട്. മാത്രമല്ല നടത്തപ്പെടുന്ന ആഘോഷങ്ങളും തന്നെ പലപ്പോഴും ആ വിശുദ്ധകുഞ്ഞാടുകളുടെ ചൈതന്യത്തിനു നിരക്കാത്തതായിത്തീരാറുമുണ്ട്.

ദൈവം നല്കിയ വിശിഷ്ടസമ്മാനമായ ശിശുവിനെ മാതാപിതാക്കളും ദൈവത്തിനു സമർപ്പിക്കുകയും അവിടുന്നു ആ കുഞ്ഞിനെ സ്വന്തം മകനോ മകളോ ആയും ദൈവകുടുംബമായ സഭയിലെ അംഗമായും പുനർജ്ജനിപ്പിക്കുകയും ചെയ്യുന്ന ദിവ്യകർമ്മമാണല്ലോ മാമ്മോദീസാ. അതുകൊണ്ടുതന്നെ ഈ ദൈവികപുനർജ്ജനനത്തിനുവേണ്ടി പ്രാർത്ഥനയും ത്യാഗപ്രവൃത്തികളുംവഴി കുടുംബം മുഴുവൻ ഒരുങ്ങേണ്ടതുണ്ട്. മാമ്മോദീസാദിനത്തിൽ കുടുംബാംഗങ്ങളെല്ലാം–പ്രത്യേകം മാതാപിതാക്കൾ–വിശ്വാസപ്രമാണത്തിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു, ഈ ശിശുവിനെ തങ്ങൾക്കു നല്കിയതിനും അവനെ/അവളെ ദൈവകുടുംബത്തിലെ അംഗമായി സ്വീകരിക്കുന്നതിനും നന്ദിപറയണം. ഒരു ശിശുവിനു മാമ്മോദീസാ നല്കുമ്പോൾ മാതാപിതാക്കളും കുടുംബാംഗങ്ങളും തലതൊട്ടനന്വരും ഇടവകസമൂഹം മുഴുവനും ആ ശിശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി വളർത്തിക്കൊണ്ടു വരുന്നതിനുള്ള ഗൗരവമേറിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുണ്ട്. തന്മൂലം കുടുംബാംഗങ്ങളുടെയും സാധിക്കുന്നിടത്തോളം ഇടവകസമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ ആഘോഷപൂർവ്വകമായും അർത്ഥവത്തായും ഈ കൂദാശ പരികർമ്മം ചെയ്യപ്പെടുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാമ്മോദീസായിൽ ലഭിക്കുന്ന ദൈവികദാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുന്നതിനുള്ള അനുഗ്രഹം കുഞ്ഞിനു ലഭിക്കുവാൻവേണ്ടി പ്രത്യേക പ്രാർത്ഥനകളും പള്ളിയിലെന്നതുപോലെ വീട്ടിലും നടത്തപ്പെടുകയുംവേണം. ബന്ധുമിത്രാദികളും അയൽക്കാരുമായും ഈ വലിയ സന്തോഷം പങ്കുവയ്ക്കുന്നതും സമുചിതമാണ്.

മാമ്മോദീസാ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന രണ്ടു സംഭവങ്ങളാണ് പ്രഥമദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനവും. അർത്ഥവും പ്രാധാന്യവും മനസ്സിലാ

malankaralibrary.com

ക്കി വേണ്ടതു ഒരുക്കത്തോടെ അവ സ്വീകരിക്കുവാൻ കുഞ്ഞുങ്ങൾക്കു പരിശീലനം നല്കപ്പെടേണ്ടതു് പ്രധാനമായും കുട്ടം ബത്തിലാണു്. ഈ ക്ഷാശകർമം സ്വീകരിക്കുന്ന അവസരത്തിൽ കുഞ്ഞിനോടൊപ്പം കുടുംബാംഗങ്ങളെല്ലാം ദൈവാലയത്തിൽ സന്നിഹിതരായിരിക്കുകയും വേണം. ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴെല്ലാം വി. കുർബ്ബാന സ്വീകരിക്കേണ്ടതാണെന്ന ബോധ്യം പ്രഥമദിവ്യകാരുണ്യസ്വീകരണാവസരത്തിൽത്തന്നെ കുഞ്ഞുങ്ങൾക്കു മാതാപിതാക്കളിൽനിന്നു ലഭിക്കേണ്ടതാണു്. കുഞ്ഞിന്റെ ജീവിതത്തിലെ അവിസ്മരണീയസംഭവങ്ങളാണിവയെന്നു് അനുഭവപ്പെടത്തക്ക വിധത്തിലുള്ള സമുചിതമായ ആഘോഷങ്ങളും ഈ അവസരങ്ങളിൽ വീട്ടിൽ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

പ്രഥമദിവ്യകാരുണ്യ സ്വീകരണത്തോടനുബന്ധിച്ചാണല്ലോ കുട്ടികൾ ആദ്യമായി കുമ്പസാരമെന്ന ക്ഷാശ സ്വീകരിക്കുന്നതു്. ഈ ക്ഷാശ വേണ്ടവിധം സ്വീകരിക്കേണ്ടതെങ്ങനെയെന്നു് കുഞ്ഞുങ്ങൾ പഠിക്കേണ്ടതും കുടുംബത്തിൽ നിന്നാണു്. അതിനുള്ള പരിശീലനം നല്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കാത്തതുകൊണ്ടാണു് കുട്ടികളുടെയും പലപ്പോഴും മുതിർന്നവരുടെപോലും കുമ്പസാരം യാന്ത്രികമായിത്തീരുന്നതു്. ക്ഷാടെല്ലുടെ കുമ്പസാരിക്കേണ്ടതിന്റെ ആവശ്യകതയും ഈ അവസരത്തിൽ കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

മക്കളുടെ വിവാഹം കഴിയുന്നതു ആഘോഷപൂർവ്വം നടത്തുവാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കാറുണ്ടു്. എന്നാൽ വിവാഹം ഒരു ക്ഷാശയാണെന്നും ആ ക്ഷാശയുടെ സ്വീകരണത്തിനു് ആദ്ധ്യാത്മികമായും മാനസികമായും ഒരുങ്ങേണ്ടതും ഒരുക്കേണ്ടതുമാണെന്നുമുള്ള കാര്യം പലരും വിസ്മരിച്ചുകളയുന്നു. ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ വഴിത്തിരിവാണതെന്നും അതുവഴി ദൈവത്തിന്റെ സഭയെ പടുത്തുയർത്തുന്നതിൽ വളരെ സുപ്രധാനമായ പങ്കാണു് ഏറ്റെടുക്കുന്നതെന്നും മനസ്സിലാക്കിക്കൊടുത്തിട്ടായിരിക്കണം മാതാപിതാക്കൾ മക്കളെ വിവാഹവേദിയിലേയ്ക്കു നയിക്കുന്നതു്. വീട്ടിലെ ആഘോഷപരിപാടികളിൽ മുഴുകിപ്പോകാതെ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും വധൂവരന്മാരോടൊപ്പം പള്ളിയിലെത്തി ആ

malankaralibrary.com

ധന്യമുഹൂർത്തത്തിനു സാക്ഷ്യംവഹിക്കുകയും നവദമ്പതിമാരെയും അവരുടെ ഭാവിജീവിതത്തെയും ദൈവത്തിനു സമർപ്പിച്ചു് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവാനു, ശ്രദ്ധിക്കണം.

സാധാരണയായി കുടുംബത്തിൽവച്ചുതന്നെ പരികർമ്മം ചെയ്യപ്പെടുന്ന ഒരു കൂദാശയാണല്ലോ രോഗിലേപനം. ഗുരുതരമായ രോഗാവസ്ഥയിലുള്ള തന്റെ മക്കളെല്ലാം ഈ കൂദാശവഴി ആശ്വാസവും പാപമോചനവും പ്രാപിക്കണമെന്നാണു് സഭയാഗ്രഹിക്കുന്നതു്. എന്നാൽ മരിക്കാറായവർക്കേ ഈ കൂദാശ (ഒടുക്കത്തെ ഒപ്പുശ്ശുമാ) നല്കപ്പെടാവൂ എന്ന തെറ്റിദ്ധാരണമൂലം പലർക്കും ഈ കൂദാശ സ്വീകരിക്കുവാൻ ഭാഗ്യം ലഭിക്കാറില്ല. രോഗിക്കു് ആദ്ധ്യാത്മികസൗഖ്യത്തോടൊപ്പം ദൈവം ആഗ്രഹിക്കുന്നെങ്കിൽ ശാരീരികസൗഖ്യംകൂടി പ്രദാനം ചെയ്യുന്ന കൂദാശയാണു് രോഗിലേപനം എന്നകാര്യം മിക്കവരും മറക്കുന്നു.

മറേറതൊരു കൂദാശയും പോലെതന്നെ ഒരുക്കത്തോടും ബോധപൂർവ്വകമായും വേണം രോഗിലേപനവും സാധാരണഗതിയിൽ സ്വീകരിക്കാൻ. പെട്ടെന്നുണ്ടായ ഗുരുതരാവസ്ഥയല്ലെങ്കിൽ വേണ്ടത്ര ഒരുങ്ങാൻ അവസരം കിട്ടുമല്ലോ. രോഗിയെ ഒരുക്കുന്നതോടൊപ്പം പ്രാർത്ഥനയും ത്യാഗപ്രവൃത്തികളും വഴി കുടുംബം മുഴുവനും അതിനായി ഒരുങ്ങേണ്ടതാണെന്നും ഓർമ്മിക്കണം.

പലപ്പോഴും ഒരു രഹസ്യകർമ്മം പോലെയാണു് രോഗിലേപനം പരികർമ്മം ചെയ്യപ്പെടുക. സ്ഥലത്തുള്ള കുടുംബാംഗങ്ങൾപോലും അതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കാറില്ല. സഭാസമൂഹത്തിനു രോഗിയോടുള്ള സ്നേഹവും താത്പര്യവും അനുഭവവേദ്യമാക്കുകയും മരണത്തോടു മല്ലടിക്കുന്ന ഈ നിമിഷങ്ങളിൽ ഒറ്റയ്ക്കല്ലെന്നും സഭയുടെ മുഴുവൻ പ്രാർത്ഥന സഹായത്തിനുണ്ടെന്നും അയാൾക്കു് ഉറപ്പു നല്കുകയും ചെയ്യുന്ന കൂദാശകൂടിയാണു് രോഗിലേപനം എന്ന കാര്യം വിസ്മരിക്കപ്പെടുന്നു. ഈ നിലപാടുമാറി രോഗിലേപനം പരികർമ്മം ചെയ്യപ്പെടുമ്പോൾ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും ഇടവകസമൂഹത്തിലെ

malankaralibrary.com

സാധിക്കുന്ന മറ്റാളുകളും അവിടെ സന്നിഹിതരായി രോഗിക്കു വേണ്ടി പ്രാർത്ഥിക്കുന്ന നല്ല പതിവുണ്ടാകേണ്ടിയിരിക്കുന്നു.

വിവാഹവാർഷികാഘോഷങ്ങൾ

ദമ്പതികളുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകദിനമായ വിവാഹദിവസം മറ്റു പലതുംപോലെ വിസ്മൃതിയിൽ തള്ളാവുന്ന ഒന്നല്ലല്ലോ. ഓരോ വർഷവും ആ സുദിനം പ്രത്യേകമായവിധം അനുസ്മരിക്കപ്പെടണം. മാതാപിതാക്കളുടെ വിവാഹവാർഷികം അവർക്കും അവരുടെ മക്കൾക്കും ഒരുപോലെ സുപ്രധാനമാണ്. മക്കളുടെ വിവാഹവാർഷികം അവർക്കും അവരുടെ മാതാപിതാക്കൾക്കും ഒരുപോലെ പ്രിയങ്കരവും.

സ്വപ്നങ്ങൾ പൂവണിഞ്ഞ ആ ധന്യമുഹൂർത്തത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ അയവിറക്കുവാനും ഒരുമിച്ചിരുന്നു ഇതുവരെയുള്ള ദാമ്പത്യ ജീവിതത്തെ വിലയിരുത്തുവാനും പരസ്പരസമർപ്പണം നവീകരിക്കുവാനുമുള്ള അവസരമാണ് ദമ്പതികൾക്ക് വിവാഹവാർഷികദിനം. ഒരാഴ്ച മുമ്പുമുതലെങ്കിലും അതിനുള്ള ഒരുക്കങ്ങൾ തുടങ്ങണം. പരസ്പരസമർപ്പണവും സ്വീകരണവുംവഴി തങ്ങളൊന്നായിത്തീർന്ന മഹാദിനത്തിന്റെ വാർഷികമാണ് സമാഗതമാകാൻ പോകുന്നതെന്ന ഓർമ്മ ഇരുവരുടെയും മനസ്സിൽ നിറഞ്ഞു നിലയ്ക്കണം. തന്റെ ജീവിതപങ്കാളി തനിക്കുവേണ്ടി ചെയ്തിട്ടുള്ള നന്മകളും തന്നോട് പ്രദർശിപ്പിച്ചിട്ടുള്ള ത്യാഗോജ്ജ്വലമായ സ്നേഹവും കൃതജ്ഞതയോടെ സ്മരിക്കുവാനും ആ ആളിന്റെ തെറ്റുകളും കുറങ്ങളും ഒരുപക്ഷേ അനുഭവപ്പെട്ടിരിക്കാവുന്ന സ്നേഹരാഹിത്യവും ഹൃദയപൂർവ്വം ക്ഷമിച്ചുകൊണ്ട് ഒരു പുനരർപ്പണത്തിനു തയ്യാറാകുവാനുമുള്ള അവസരമാണ് ഈ ഒരുക്കത്തിന്റെ ദിനങ്ങൾ. അനാദിമുതൽ ദൈവം തനിക്കുവേണ്ടി നിശ്ചയിച്ചിരുന്നതാണീ ജീവിതപങ്കാളി; എല്ലാ കുറങ്ങളോടും കുറവുകളോടും കൂടിയാണ് ആ ആളെ ഈ ലോകത്തിലുള്ള മറ്റെല്ലാ സ്ത്രീകളെയും പുരുഷന്മാരെയും ഉപേക്ഷിച്ചുകൊണ്ട് തന്നേതായി ബോധപൂർവ്വകമായും സ്വതന്ത്രമായും സ്വീകരിച്ച് തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചത്; ഇനി ഒരിക്കലും തങ്ങൾ രണ്ടല്ല, ഒന്നാണ്. തന്റെ ചിന്തകളും ആഗ്രഹങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം ഈ ഒ

malankaralibrary.com

രാളിൽ മാത്രമാണു് കേന്ദ്രീകരിക്കപ്പെടേണ്ടതു്; ആ ആളിന്റെ സുഖവും സന്തോഷവും മാത്രമാണിനി തന്റെ ശ്രദ്ധാകേന്ദ്രമാകേണ്ടതു്; താനും തനിക്കുള്ളതെന്തും ആ ആളിന്റെ സ്വന്തവും അയാൾക്കുമാത്രം അവകാശപ്പെട്ടതുമാണു്. ഈ ചിന്താകർമ്മം ദമ്പതികളിരുവരുടെയും മനസ്സിനെയും ഹൃദയത്തെയും ത്രസിപ്പിക്കണം. ദാമ്പത്യജീവിതവിജയത്തിനു തടസ്സമായി എന്തെങ്കിലും വാക്കോ പ്രവൃത്തിയോ ചിന്തയോ ഉപേക്ഷയോ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കാനും ഈ ദിവസങ്ങളിൽ കഴിയണം.

തങ്ങളെ ഒരുമിപ്പിക്കുകയും നിരവധിനന്മകൾ നല്കി സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്ത ദൈവത്തിനു നന്ദി പറയുക, പരസ്പരബന്ധത്തിലോ ദൈവവുമായുള്ള ബന്ധത്തിലോ പോരായ്മകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയ്ക്കു മാപ്പപേക്ഷിക്കുക, തങ്ങളെയും കുടുംബത്തെയും ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് തങ്ങളുടെ ജീവിതബലിവിജയകരമായി തുടരാനുള്ള അനുഗ്രഹം യാചിക്കുക എന്നിവയെല്ലാം വിവാഹവാർഷികദിനത്തിൽ ദമ്പതികൾ അവശ്യം ചെയ്യേണ്ട കാര്യങ്ങളാണു്. കർത്താവിന്റെ അൾത്താരയുടെ മുമ്പിൽവച്ചാണല്ലോ ദമ്പതികൾ പരസ്പരം കൈപിടിച്ചു് തങ്ങളുടെ വിവാഹജീവിതം ആരംഭിച്ചതു്. ആ നിലയ്ക്കു് ആ മഹാസംഭവത്തിന്റെ വാർഷികദിനത്തിൽ അൽത്താരയിലെ ബലിയിൽ ഇരുവരും ഒരുമിച്ചു പങ്കെടുത്തു് തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും അർത്ഥവത്താണു്. അറിഞ്ഞോ അറിയാതെയോ പരസ്പരം മുറിപ്പെടുത്താനിടയായിട്ടുണ്ടെങ്കിൽ അതിനു മാപ്പു ചോദിക്കാനും മാപ്പുകൊടുക്കാനുമുള്ള അവസരംകൂടിയാണു് വിവാഹവാർഷികദിനം. ഒരുമിച്ചിരുന്നു് തങ്ങളുടെ ദാമ്പത്യജീവിതത്തെക്കുറിച്ചു ഗൗരവപൂർവ്വം ചിന്തിക്കുവാനും പരസ്പരബന്ധവും കുടുംബത്തിന്റെ ക്ഷേമവും മെച്ചപ്പെടുത്തുവാനുതകുന്ന പ്രായോഗികപദ്ധതികൾ ആസൂത്രണം ചെയ്യുവാനും അന്നു സമയം കണ്ടെത്തണം. പ്രതിജ്ഞാവാചകങ്ങൾ ആവർത്തിച്ചുചൊല്ലി വിവാഹാവസരത്തിൽ ചെയ്ത ഉടമ്പടി നവീകരിക്കുകയെന്നതും സുപ്രധാനമാണു്. ഉടമ്പടിനവീകരണത്തിനുശേഷം എന്തെങ്കിലും സമ്മാനങ്ങൾ പരസ്പരം കൈമാറുന്നതും കുടുംബാംഗങ്ങളെയെല്ലാം ഉൾപ്പെടു

malankaralibrary.com

ത്തി ചില ആഘോഷപരിപാടികളും സംഘടിപ്പിക്കുന്നതും സമുചിതമായിരിക്കും. മാതാപിതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, അവർക്കു സമ്മാനങ്ങളും (മക്കളുടെ പ്രായവും സാമ്പത്തിക സ്ഥിതിയുമനുസരിച്ച് പുഷ്പങ്ങളും മുതൽ വിലയേറിയ സമ്മാനങ്ങൾവരെ എന്തുമാകാം) നല്കുക, തങ്ങളുടെ കലാവിരുതുകളും പ്രകടിപ്പിച്ച് ആഘോഷങ്ങൾക്കു മാറ്റുകൂട്ടുക തുടങ്ങിയ വയിലൂടെ മക്കളും മാതാപിതാക്കളുടെ വിവാഹവാർഷികത്തിൽ അവരുടെ പങ്കുവഹിക്കണം.

പിറന്നാളുകൾ, തിരുനാളുകൾ

കുടുംബത്തിൽ അവശ്യം അനുസ്മരിക്കപ്പെടേണ്ട മറ്റു ചില പ്രധാനദിവസങ്ങളാണ് കുടുംബാംഗങ്ങളുടെ പിറന്നാളുകളും അവരുടെ നാമഹേതുകരായ വിശുദ്ധരുടെ തിരുനാളുകളും. ആരുടെ പിറന്നാൾ/നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്നുവോ ആ ആളിനായിരിക്കണം അന്നു കുടുംബത്തിൽ പ്രമുഖസ്ഥാനം. തലേദിവസംമുതൽ തിരുനാളിന്റെ/പിറന്നാളിന്റെ ഒരുക്കങ്ങളും ആരംഭിക്കണം. അന്നു സന്ധ്യാപ്രാർത്ഥനയിൽ അയാൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ ഉണ്ടായിരിക്കണം. പിറന്നാൾ(തിരുനാൾ) ദിനം പ്രഭാതത്തിൽത്തന്നെ കുടുംബാംഗങ്ങൾ എല്ലാവരും തങ്ങളുടെ ഈ സ്നേഹഭാജനത്തിനു ആശംസകളുംനേരുകയും തുടർന്നു അയാളുടെ നേതൃത്വത്തിൽ കഴിയുന്നിടത്തോളം കുടുംബാംഗങ്ങൾ ദൈവാലയകർമ്മങ്ങളിൽ പങ്കെടുത്തു അയാളുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും വേണം. കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ചു പിറന്നാളിനു(തിരുനാളിനു) കാരണക്കാരനായ ആൾക്കിഷ്ടമുള്ള എന്തെങ്കിലും വിശിഷ്ടഭോജ്യങ്ങളും തയ്യാറാക്കുന്നതും നല്ലതാണു. ഏതായാലും ആ ദിവസം അയാളുടെ ബഹുമാനാർത്ഥം ഒരു നേരമെങ്കിലും കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുവാൻ ശ്രദ്ധിക്കണം. ആ സമയത്തു കുടുംബത്തിലെ ഓരോ അംഗവും തിരുനാൾ/പിറന്നാൾക്കാരനു(കാരിക്കു) എന്തെങ്കിലും സമ്മാനങ്ങൾ കൊടുക്കുന്നതും സന്തോഷകരമായിരിക്കും. കുടുംബാംഗങ്ങൾ തനിയേ ഉണ്ടാക്കുന്നതും ഉപയോഗപ്രദവുമായ എന്തെങ്കിലും സമ്മാനങ്ങൾ നല്കാൻ കഴിഞ്ഞാൽ ഏ

malankaralibrary.com

ത്രയുംനന്നു്. മറെറാന്നും കൊടുക്കാൻപററാത്തവർ ഒരു പുഷ്പമെങ്കിലും കൊടുക്കട്ടെ. കുടുംബാംഗങ്ങളുടെ കലാപരമായ കഴിവുകളും പ്രകടിപ്പിക്കുവാനുള്ള അവസരംകൂടിയാണു് ഇത്തരംദിനങ്ങളും. തങ്ങളുടേതായ കലാപരിപാടികളിലൂടെ കുടുംബസദസ്സിനെ മോടിപിടിപ്പിച്ചുകൊണ്ടു്, തിരുനാളും(പിറന്നാളും) ആഘോഷിക്കുന്ന ആളിനോടുള്ള സ്നേഹവാത്സല്യങ്ങളും ഓരോരുത്തരും പ്രകടിപ്പിക്കട്ടെ.

കുടുംബാംഗങ്ങളിലോരോരുത്തർക്കും തിരുനാളുള്ളതുപോലെ കുടുംബത്തിനും ഒരു തിരുനാളുണ്ടു്– തിരുക്കുടുംബത്തിന്റെ തിരുനാളും. ആ ദിവസം കുടുംബാംഗങ്ങളെല്ലാം നിർബ്ബന്ധമായും വി. കുർബാനയിൽ പങ്കെടുക്കുകയും തങ്ങളെയും തങ്ങളുടെ കുടുംബത്തെയും തിരുക്കുടുംബത്തിനു സമർപ്പിക്കുകയും വേണം. നൂസസിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ മുമ്പോട്ടുപോകുന്നതിനുള്ള അനുഗ്രഹത്തിനായി അന്നു വീടുകളിലും പ്രത്യേക പ്രാർത്ഥനകളും നടത്തപ്പെടണം. കുടുംബാംഗങ്ങളും പരസ്പരം തിരുനാളും ആശംസിക്കുകയും സമുചിതമായ ആഘോഷങ്ങളും വീട്ടിൽ സംഘടിപ്പിക്കുകയും ചെയ്യുന്നതും നല്ലതാണു്.

ഇടവകമദ്ധ്യസ്ഥന്റെ തിരുനാൾ

ഇടവകയിലെ പ്രധാന തിരുനാളും ബന്ധുമിത്രാദികളും ഒന്നിച്ചുകൂടുന്നതിനും സൗഹൃദം പങ്കുവയ്ക്കുന്നതിനുമുള്ള അവസരമാണല്ലോ. കുട്ടികളുംകൂടി മുതിർന്നവരും ഒരുപോലെ സന്തോഷദായകമായ ദിവസങ്ങളും. കുടുംബത്തിന്റെ സൗഹൃദവും ഐക്യവും കുടുംബാംഗങ്ങളുടെ ഒന്നിപ്പിലുള്ള ആനന്ദവും പ്രകടമാകേണ്ട ഈ ദിവസങ്ങളിലും മദ്യപിച്ചും പേക്കൂത്തുകളിച്ചും കുടുംബത്തിന്റെ സന്തോഷവും അഭിമാനവും നഷ്ടപ്പെടുത്തുന്നവരില്ലെന്നില്ല. അവർ വാസ്തവത്തിൽ കുടുംബത്തിനും സമൂഹത്തിനും ഒരു ശാപമാണെന്നു പറയേണ്ടിയിരിക്കുന്നു. ആഘോഷത്തിരക്കിനിടയിൽ തിരുനാളുകളുടെ അന്തസ്സുത്ത വിസ്മരിച്ചുപോകുന്നവരുമുണ്ടു്. സ്വജീവിതത്തിലൂടെ ക്രിസ്തുവിനു സജീവസാക്ഷ്യം വഹിച്ച വിശുദ്ധരോടുള്ളസ്നേഹാദരവുകളും പ്രകടിപ്പിക്കുന്നതിനും അവരുടെ മാതൃകയും മാധ്യസ്ഥ്യവും പ്രോദനവും സ്വീകരിച്ചു് ആദ്ധ്യാത്മികനവീകരണം സാധിക്കുന്നതിനും

malankaralibrary.com

വേണ്ടിയാണ് സഭ വിശുദ്ധരുടെ തിരുനാളുകളാഘോഷിക്കുന്നത്. ഇടവകത്തിരുനാളിനു് ഇതോടൊപ്പം മറെറാരു സുപ്രധാനലക്ഷ്യംകൂടിയുണ്ടു്: ഇടവകയാകുന്ന കുടുംബത്തിന്റെ കെട്ടുറപ്പും ക്ലുപ്തായ്മയും പ്രകടിപ്പിക്കുകയും വളത്തുകയും ചെയ്യുക. തിരുനാളുകൂടുടെ ഈ ആത്യന്തികലക്ഷ്യങ്ങൾ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ പെരുന്നാളുകൾ എത്ര ആർഭാടപൂർവ്വം ആഘോഷിച്ചാലും നിരർത്ഥകമായിത്തീരും.

മററു തിരുനാളുകൾ

കുടുംബജീവിതക്കാക്കെല്ലാം മധ്യസ്ഥയും കുടുംബനായികമാരുടെ മാതൃകയും ദൈവമക്കൾക്കെല്ലാം മാതാവുമായിരിക്കുന്ന പ. മറിയം, കുടുംബനാഥന്മാരുടെ മാതൃകയും കുടുംബങ്ങളുടെ കാവൽക്കാരനും തൊഴിലാളികളുടെ മധ്യസ്ഥനുമായ വി. യൗസേപ്പു്, ഭാരതസഭയുടെ പിതാവായ മാർ തോമ്മാശ്ലീഹാ, പ്രേഷിതമദ്ധ്യസ്ഥരായ വി. ഫ്രാൻസീസ്സേവ്യർ, വിശുദ്ധ കൊച്ചുത്രേസ്യാ, നമ്മുടെ ഇടയിൽനിന്നു് ആദ്യമായി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയത്തപ്പെട്ട ചാവറ കുര്യാക്കോസ്ഏലിയാസച്ചൻ, അൽഫോൻസാമ്മ, എന്നിവരുടെ തിരുനാളുകളും എല്ലാ കുടുംബങ്ങളിലും സമുചിതമായി ആഘോഷിക്കപ്പെടേണ്ടതാണു്. നല്ല കാലാവസ്ഥയും വിളവുകളും നൽകി നമ്മെ അനുഗ്രഹിക്കുന്ന ദൈവത്തിനു് കൃതജ്ഞതയർപ്പിക്കുന്ന ആദ്യഫലങ്ങളുടെ തിരുനാളും (പുത്തരിത്തിരുനാൾ) പ്രധാനപ്പെട്ടതുതന്നെ. അന്നു് നമ്മുടെ വിളവുകളിൽ (ജോലിക്കാരെങ്കിൽ അവരുടെ വരുമാനത്തിൽ) ഒരോഹരി ദൈവാലയത്തിൽ സമർപ്പിക്കുകയും നാടിന്റെ പുരോഗതിക്കായി പ്രാർത്ഥിക്കുകയും ചെയ്യണം.

രാജത്വത്തിരുനാൾ, മിഷൻഞായർ, സകല വിശുദ്ധരുടെ തിരുനാൾ, പാപ്പാദിനം തുടങ്ങിയവയും വളരെ പ്രത്യേകമായി കുടുംബങ്ങളിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യേണ്ടവയാണു്. മൂന്നു നോമ്പു്, എട്ടുനോമ്പു്, പതിനഞ്ചുനോമ്പു്, ആദ്യവെള്ളി, ആദ്യശനി തുടങ്ങിയവയുടെ ആചരണങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം. കുടുംബജീവിതത്തിന്റെ ദൈവികമാനം നിലനിർത്തുന്നതിനു് ഇവയെല്ലാം വളരെയേറെ സഹായിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

malankaralibrary.com

മരിച്ചവരുടെ ഓർമ്മ

മാതാപിതാക്കളോടും സഹോദരരോടും മറ്റുമുള്ള കടപ്പാടുകളും ബന്ധങ്ങളും അവരുടെ മരണത്തോടെ അവസാനിക്കുകയില്ലല്ലോ. എന്നും അവർ നമ്മുടെ ഓർമ്മയിലും സ്നേഹത്തിലും ജീവിക്കണം. അവരും നാമും അവസാനവിധിക്കായി വീണ്ടും ഒന്നിച്ചുകൂടേണ്ടവരാണു്. ആ ഒന്നിച്ചുകൂടൽ അവർക്കും നമുക്കും ആനന്ദദായകമായിത്തീരുന്നതിനുവേണ്ടി നമ്മുടെ അനുദിനപ്രാർത്ഥനയിൽ നാം മരിച്ചവരെ ഓർമ്മിക്കേണ്ടതാണു്. മരിച്ചുപോയ നമ്മുടെ ബന്ധുമിത്രാദികളെ അവരുടെ ചരമവാർഷികദിനത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതും ആവശ്യമാണു്. അന്നു് ദൈവാലയകർമ്മങ്ങളിൽ പങ്കെടുക്കുകയും ശവകുടീരം സന്ദർശിച്ചു പ്രാർത്ഥിക്കുകയും വീടുകളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. സാധുക്കൾക്കു് അന്നു് പ്രത്യേകമായ ദാനധർമ്മങ്ങൾ നൽകുന്നതും വളരെ നല്ല പാരമ്പര്യമാണു്.

ഉറ്റവരുടെയും ഉടയവരുടെയും ചരമവാർഷികദിനങ്ങളിൽ കുർബാന ചൊല്ലിക്കുന്നേ ധാരാളം പേരുണ്ടു്. വളരെനല്ലതുതന്നെ. പക്ഷേ ഇവരിൽ പലരും അന്നൊരു കുർബാനയിൽ പങ്കുകൊള്ളേണ്ടതാവശ്യമായിക്കരുതാറില്ല. കുർബാനസ്തിപ്പു മറ്റുമായി കുറച്ചു പണം കൊടുക്കുന്നേതോടെ മാതാപിതാക്കളോടും മറ്റുമുള്ള കടപ്പാടു തീർന്നുവെന്നാണിവർ ധരിച്ചുവച്ചിട്ടുള്ളതെന്നു തോന്നുന്നു. കുർബാന ചൊല്ലിക്കുന്നതിനേക്കാൾ പ്രധാനമാണു് അതിൽ പങ്കെടുക്കുന്നതെന്നു് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!

സഭയാകുന്ന കുടുംബത്തിൽനിന്നു മരിച്ചുപോയ എല്ലാ അംഗങ്ങളെയും ഓർമ്മിക്കുന്ന ദിവസവും പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ആ ദിവസവും ദിവ്യബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും പങ്കെടുക്കുകയും സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്യാൻ സഭാംഗങ്ങൾക്കെല്ലാം കടമയുണ്ടു്. വീടുകളിലും അന്നു് പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടേണ്ടതാണു്.

ദേശീയപ്രാധാന്യമുള്ള ദിനങ്ങൾ

സ്വാതന്ത്ര്യദിനം, ഓണം തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള ദിനങ്ങളും വിസ്മരിക്കാവതല്ല. സ്വാതന്ത്ര്യത്തിന്റെ അർ

malankaralibrary.com

തുവും അതു നൽകുന്ന ഉത്തരവാദിത്വവും സ്വാതന്ത്ര്യത്തിനുവേണ്ടി ജീവനും രക്തവും ബലിയർപ്പിച്ച ധീരദേശാഭിമാനികളുടെ ചരിത്രവും സ്വാതന്ത്ര്യദിനത്തിൽ സ്മരിക്കപ്പെടണം. സ്വാതന്ത്ര്യസേനാനികളും സ്വപ്നംകണ്ട നവഭാരതം— സത്യവും നീതിയും സമത്വവും സാഹോദര്യവും അലതല്ലുന്ന ഒരു നവ്യസമൂഹം— കെട്ടിപ്പടുക്കുന്നതിനുള്ള കടമയെപ്പറ്റി ഇളംതലമുറയെ അവബോധമുള്ളവരാക്കുവാനും അന്നു് ശ്രദ്ധിക്കേണ്ടതാണു്. എല്ലാവിധ അടിമത്തങ്ങളിൽനിന്നും സ്വാതന്ത്ര്യം നൽകിക്കൊണ്ടു് യേശു നേടിത്തന്ന ദൈവമക്കളുടെ മഹത്ത്വത്തെക്കുറിച്ചു കൂടി അനുസ്മരിപ്പിക്കുന്ന ദിവസമാണു് സ്വാതന്ത്ര്യദിനം. അന്നു് ആഘോഷിക്കപ്പെടുന്ന പ. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ഇതിലേക്കാണു് വിരൽ ചൂണ്ടുന്നതു്.

സത്യവും സമത്വവും നീതിയും സാഹോദര്യവും സമൃദ്ധിയും സ്വാതന്ത്ര്യവും ഓളംവെട്ടിയിരുന്ന ഒരു ഭൂതകാലത്തിന്റെ ഓർമ്മയാണല്ലോ തിരുവോണം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്. ഇത്തരമൊരു നല്ലകാലം എന്നെങ്കിലുമുണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. പക്ഷേ നാമെല്ലാം സ്വപ്നം കാണുന്നതു് ഇങ്ങനെയുള്ളൊരു ഭാവിയെയാണു്. സകലവിധ അനീതികളും അക്രമവും വിദ്വേഷവും കാപട്യവും തുടച്ചുനീക്കി നാടിന്റെ പുരോഗതിക്കുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന ഒരു ജനതയ്ക്കു മാത്രമേ ഈ സ്വപ്നം പൂവണിയിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യമാണു് തിരുവോണം നമ്മുടെ ചിന്തയ്ക്കു വിഷയീഭവിപ്പിക്കേണ്ടതു്. എല്ലാവിധ തിന്മകളും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു്, ദൈവം എല്ലാറ്റിലും എല്ലാമായിത്തീരുന്ന പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും കുറിച്ചുള്ള സ്വപ്നവും ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. തന്മൂലം സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും സാഹോദര്യത്തിന്റെയും അനുഭവങ്ങളും ഉദ്ദീപിപ്പിക്കുത്തക്കവിധം തിരുവോണവും ആഘോഷിക്കപ്പെടണം.

ഉപസംഹാരം

കുടുംബത്തിൽ ആചരിക്കപ്പെടേണ്ട തിരുനാളുകളെയും വിശേഷദിനങ്ങളെയും ആരാധനക്രമവത്സരത്തെയും ആകെക്കൂടി ഒന്നു കാണാൻ ശ്രമിക്കുകയായിരുന്നു. എല്ലാം ഒരുപോലെ

malankaralibrary.com

ഘോഷിക്കാൻ കഴിഞ്ഞെന്നുവരില്ല. എന്നാൽ എല്ലാം അനുസ്മരിക്കുവാനും വളരെ പ്രസക്തമെന്നു തോന്നുന്ന ചിലതെങ്കിലും ആഘോഷിക്കുവാനും സാധിക്കും. കുടുംബജീവിതം സന്തോഷകരമാക്കാനും കുടുംബത്തിന്റെ കെട്ടുറപ്പും ക്രൈസ്തവമയും വർദ്ധിപ്പിക്കാനും ദൈവോന്മുഖമായ നമ്മുടെ തീർത്ഥയാത്ര ത്വരിതപ്പെടുത്താനും ഈ അനുസ്മരണങ്ങളും ആഘോഷങ്ങളും ഉപകരിക്കുകയും ചെയ്യും. ○

malankaralibrary.com

6

സഹനത്തിന്റെ കളരി

ദാമ്പത്യത്തെ പലതരത്തിലും വിവരിച്ചു കാണാറുണ്ട്. It is a three 'ring' circus– engagement ring, wedding ring and suffe'ring' എന്നു് ആരോ ഹാസ്യാത്മകമായി പറഞ്ഞു. വിവാഹം ഒരു ക്ലേശയാണെന്നു സഭ പഠിപ്പിക്കുന്നു. ദൈവം യോജിപ്പിച്ചതു് മനുഷ്യർ വേർപെടുത്തരുതെന്നു് അനുശാസിച്ച ക്രിസ്തുനാഥൻ ദാമ്പത്യത്തിന്റെ അഭേദ്യത എടുത്തുകാട്ടുകമാത്രമല്ല, അതിന്റെ ആഗമനം ദൈവത്തിൽനിന്നാണെന്നു് സൂചിപ്പിക്കുകയും ചെയ്യുന്നു.

ഒന്നും ഒന്നും മൂന്നു്

ദാമ്പത്യം ദൈവികമാണു്. അതുകൊണ്ടാണു് വിവാഹത്തിൽ മൂന്നാളുകൾ ഉണ്ടെന്നു് ഫുൾട്ടൻ ഷീൻ ആവർത്തിച്ചു പറയുന്നതു്: വരനും വധുവും ക്രിസ്തുവും. ഇവരിൽ ഒരാളെ ഒഴിച്ചുനിർത്തിയുള്ള ദാമ്പത്യം ധാർമ്മികമല്ല, സാധുവുമല്ല. ക്രിസ്തുവാണു് ദമ്പതിമാരെ യോജിപ്പിക്കുന്നതു്. ക്രിസ്തുവിനെ ഒഴിച്ചുനിർത്തിയാൽ അവർ മോരും മുതിരയുംപോലെ അവശേഷിക്കുകയേയുള്ളൂ. 'ഒന്നും ഒന്നും മൂന്നു്' എന്ന അസാധാരണമായ ഒരു കണക്കാണു് ദാമ്പത്യത്തിൽ നാം കാണുക. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ ഇങ്ങനെ പറയുന്നു: 'ക്രി

malankaralibrary.com

സ്തുവിവാഹം എന്ന ക്രമാശവഴി ക്രൈസ്തവദമ്പതിമാരുടെ ജീവിതത്തിലേക്കു കടന്നുവരുന്നു. അവിടുന്നു തിരുസ്സുഭയെ സ്നേഹിക്കുകയും അവനുംക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ, ഭാര്യാഭർത്താക്കന്മാർ പരസ്പരസമർപ്പണംവഴി നിത്യമായ വിശ്വസ്തതയോടുകൂടി അന്യോന്യം സ്നേഹിക്കാൻ ഇടയാകാനായി അവിടുന്നു അവരോടുകൂടി വസിക്കുന്നു....' (സഭ ആധുനിക ലോകത്തിൽ, ആർട്ടിക്കിൾ 48) എന്നു പറഞ്ഞാൽ കർത്താവു് കുടുംബത്തെ ഒരു കാൽവരിയാക്കുന്നു; ഒരു രക്ഷാകരവേദിയാക്കുന്നു; ഒരു ത്യാഗഭൂമിയാക്കുന്നു. മറ്റുള്ളവർക്കുവേണ്ടി സഹിക്കാനുള്ള കർമ്മവേദിയാക്കുന്നു. അവിടെ ക്രൂശിതനായ യേശുവാണു മാതൃക; ഉത്ഥിതനായ യേശുവാണു മാതൃക. കുടുംബജീവിതം മഹിമയുള്ളതാവണമെങ്കിൽ അതു കുരിശിന്റെ ജീവിതം ആയിരിക്കണമെന്നു് അവിടുന്നു് നമ്മെ പഠിപ്പിക്കുന്നു.

ദാമ്പത്യം എന്നപദം

'ദാമ്പത്യം' എന്ന പദംതന്നെ എത്ര മനോഹരമാണു്; എത്ര അർത്ഥവത്താണു്. 'ദം' എന്നുവച്ചാൽ ഭാര്യ, ദാനംചെയ്യുന്നവം എന്നർത്ഥം. ഭർത്താവിനു് അവം തന്നെത്തന്നെ സമർപ്പിക്കുകയാണല്ലോ ചെയ്യുന്നതു്. 'പതി' എന്നുവച്ചാൽ ഭർത്താവു്. 'നാഥൻ' എന്ന അർത്ഥത്തിലുപരി ഭാര്യയിലേക്കു് ഇറങ്ങിച്ചെല്ലുന്നവൻ എന്ന ധ്വനി. എന്നുവച്ചാൽ ഭാര്യയുടെ ഹൃദയത്തിലേക്കും ആത്മാവിലേക്കും ഇറങ്ങിച്ചെല്ലുണമെന്നർത്ഥം. ഒന്നുകൂടിപ്പറഞ്ഞാൽ, അവളുടെ ആശയിലേക്കു്, അഭിലാഷത്തിലേക്കു്, അഭീഷ്ടത്തിലേക്കു്.

ഇതര എളുപ്പമല്ല. വ്യത്യസ്ത കുടുംബങ്ങളിൽ, വ്യത്യസ്ത അന്തരീക്ഷത്തിൽ വളർന്ന രണ്ടു വ്യക്തികളും ഒന്നിക്കണമെങ്കിൽ പരസ്പരം വിട്ടുവീഴ്ച ചെയ്യണം. ദാമ്പത്യം വിട്ടുവീഴ്ചയുടെ ജീവിതമാണു്: പ്രോത്സാഹനത്തിന്റേതാണു്; പരസ്പര ധാരണയുടേതാണു്; സഹനത്തിന്റേതാണു്; ത്യാഗത്തിന്റേതാണു്. ഇതു കണക്കിലെടുത്തുകൊണ്ടാണു് വി. പൗലോസു് ദാമ്പത്യത്തെ യേശുവും സഭയും തമ്മിലുള്ള ബന്ധത്തോടു് ഉപമിക്കുന്നതു്. സഭയ്ക്കുവേണ്ടി മരണത്തോളം

malankaralibrary.com

സഹിച്ചവനാണ ക്രിസ്തു. സ്വന്തം ജീവനെക്കാൾ സഭയെ സ്നേഹിച്ചവനാണ ക്രിസ്തു. അതിലപ്പുറം ഒരു സ്നേഹമില്ല; ഒരു സഹനമില്ല. ദാമ്പത്യത്തെ ഇത്ര സുന്ദരമായി ഉപമിച്ചവർ വേറെ ആരുണ്ട്!

ക്രിസ്തു മാർഗ്ഗം

സുന്ദരസ്വപ്നങ്ങൾ മാത്രം നിറഞ്ഞതാണെന്ന കരുതി ദാമ്പത്യത്തിലേക്ക കടന്നുവരുന്നവർ അമ്പേ നിരാശരാകുന്നതു വെറുതെയല്ല. ദാമ്പത്യമാർഗ്ഗം ക്രിസ്തു കാണിച്ചുതന്ന മാർഗ്ഗമാണ്. അതു സഹനത്തിന്റേയും മുൾമുടിയുടേയും ചാട്ടവാറിന്റേയും കുരിശിന്റേയും ജീവിതമാണ്. ബലിയുടെ ജീവിതമാണ്; പരിത്യാഗത്തിന്റെ ജീവിതമാണ്; വിശുദ്ധിയുടെ ജീവിതമാണ്. ജഡികമോഹത്തിനോ സന്തോഷത്തിനോ മാത്രമുള്ള ജീവിതമല്ല.

വിവാഹവേളയിൽ ഉദ്ഘോഷണം ചെയ്യുന്ന വാക്കുകൾ അതാണ കാണിക്കുന്നതു. 'ആരോഗ്യത്തിലും അനാരോഗ്യത്തിലും സുഖത്തിലും ദുഃഖത്തിലും ദാരിദ്ര്യത്തിലും സമ്പത്തിലും' വേർപിരിയാതെ പരസ്പരപൂരകങ്ങളായി നിലകൊള്ളാമെന്നാണ് വധൂവരന്മാർ വാഗ്ദാനം ചെയ്യുന്നതു. അതും വിശുദ്ധഗ്രന്ഥം സാക്ഷിയായി. അവിടെയും തങ്ങളുടെ വാഗ്ദാനം, വിശുദ്ധ വചനത്തിൽ ഉറപ്പിക്കുകയാണ ചെയ്യുന്നതു. ആ വാഗ്ദാനത്തിന്റെ അടിയിൽ വിശുദ്ധഗ്രന്ഥമുണ്ടാവണം; വചനം ഉണ്ടാവണം; ക്രിസ്തുവിന്റെ സ്നേഹവും ത്യാഗവും ഉണ്ടാവണം.

അപൂർണ്ണത അനിവാര്യം

ദാമ്പത്യം പലപ്പോഴും ഒരാദർശം ആണ്. അതിന്റെ മുഴുവൻ അർത്ഥത്തിലും അതു പ്രാപിക്കാൻ വിഷമം. വിശേഷേണ വഹിക്കേണ്ടതുകൊണ്ടാണ് ആ ബന്ധത്തെ 'വിവാഹം' എന്ന വിളിക്കുന്നതു തന്നെ. വധൂവരന്മാർക്ക സ്വന്തം നിലയിൽ അതു സാധ്യമല്ല. ദൈവികസഹായം അതിനു കൂടിയേ കഴിയൂ. പ്രാർത്ഥനയും പരിത്യാഗവും അതിനുള്ള അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കുന്നു.

malankaralibrary.com

അപൂർണ്ണതകളും അനവധിയുണ്ട് മനുഷ്യനു്. വരൻ വധുവിന്റെ കുറവും കുറവുകളും സ്നേഹബുദ്ധ്യാ മനസ്സിലാക്കണം. മറിച്ചങ്ങോട്ടും. അപ്പോൾ ആരുടേയും അപൂർണ്ണതകളും അലോസരമായിത്തോന്നുകയില്ല. "Success in a marriage is much more than a matter of finding the right person, it is also a matter of being the right person" എന്ന Leland Fosterwood Growing together in a family എന്ന ഗ്രന്ഥത്തിൽ പ്രൂണ്ടിക്കാട്ടുന്നു. ക്രിസ്തു സഭയെ എല്ലാ അപൂർണ്ണതകളോടെയും സ്നേഹിക്കുന്നതുപോലെ ഭർത്താവു് ഭാര്യയെ എല്ലാ കുറവുകളോടെയും സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാണു്. പ്രസിദ്ധ ആംഗലനോവലിസ്റ്റായ ജയിൻ ഓസ്റ്റിന്റെ ഒരു കഥാപാത്രം തന്റെ സ്നേഹഭാജനത്തോട് പറയുകയാണു്: "I love you in spite of your defects, nay for your defects". ഇതു കഥയിലെ കാര്യം. പക്ഷേ, കാര്യത്തിലും ഈ കഥ പ്രാവർത്തികമാക്കാൻ കഴിയണം. ദാമ്പത്യം നമുക്കു ലഭിക്കുന്നതു മാത്രമല്ല; നാം പടുത്തുയർത്തുന്നതു കൂടിയാണെന്നോർക്കണം.

അനുരഞ്ജനം

അനുരഞ്ജനം ആണു് ദാമ്പത്യജീവിതത്തിന്റെ അത്താണി. ഭാര്യാഭർത്താക്കന്മാർ കോപിക്കട്ടെ. പക്ഷേ, അവരുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കാതിരിക്കണം. പരസ്പരം അനുപൂരകങ്ങളാണെന്ന സത്യം മനസ്സിലാക്കുമ്പോൾ പരസ്പരം ദിനവും രാത്രിയുംപോലെയോ കാന്തവും ഇരുമ്പും പോലെയോ ഒട്ടിനിൽക്കാതെ പറ്റില്ലല്ലോ.

ഭർത്താവു് ഭാര്യയ്ക്കു് ഒരാശ്രയം; ഭാര്യ ഭർത്താവിനൊരു ആശ്വാസം. ഭർത്താവിനു് ആകുലതകളിൽ ആശ്വാസവും പ്രോത്സാഹനവും പകർന്നുകൊടുക്കേണ്ടതു് ഭാര്യയാണു്. കുടുംബപ്രശ്നങ്ങളിൽ അവൾ സാന്ത്വനമാകട്ടെ. ആധിയുടെ അഗ്നിയിൽ അവൾ ഒരു വിശറിയും. സമ്മാനങ്ങളും നല്ല വാക്കുകളും പ്രോത്സാഹനങ്ങളുംകൊണ്ടു് ബുദ്ധിമാനായ ഒരു ഭർത്താവു് ഭാര്യയെ സന്തോഷിപ്പിക്കുന്നു. ഭർത്താവു് തനിക്കുവേണ്ടി ഉള്ളവൻ ആണെന്ന ബോധ്യമുണ്ടാകുമ്പോൾ അവൾ കുടുംബത്തിനായി 'കൈമെയ്' മറന്നു അധ്വാനിക്കുന്നു.

malankaralibrary.com

പേരിലെ പോര്

അടുത്തകാലത്തായി വധൂവരന്മാർ പരസ്പരം പേരുവിളിക്കാൻ തുടങ്ങിയിരിക്കുന്നു; പ്രത്യേകിച്ച് കത്തോലിക്കരുടെയിടയിൽ. സമത്വത്തിനുവേണ്ടി ഇതു സമ്മതിക്കാം. പക്ഷേ, സൗഹാർദ്ദത്തിനു് ഇതു മതിയോ എന്നു ചിന്തിക്കണം. ഭർത്താവു് ഭാര്യയേക്കാൾ പ്രായവും പക്വതയും കൂടിയആളായിരിക്കുമല്ലോ. ആ നിലയ്ക്കു് പ്രായത്തിന്റെ ബഹുമാനം അദ്ദേഹത്തിനു കൊടുക്കുന്നതിൽ എന്താണു തെറ്റു്? 'കർത്താവു ശിരസ്സും, സഭ ഉടലും' ആണെങ്കിൽ 'ഭർത്താവു ശിരസ്സും ഭാര്യ ഉടലും' എന്ന പ്രമാണം അംഗീകരിക്കുന്നതിൽ തെറ്റുണ്ടോ? ഭർത്താവിന്റെ 'വല്യേട്ടൻ' മനോഭാവം വകവച്ചുകൊടുക്കണമെന്നല്ല ഇതിനർത്ഥം. 'കണവനെ കൺകണ്ട ദൈവ'മായിക്കരുതുന്ന ഭാരതീയസങ്കല്പത്തിനു് ഒട്ടും പുത്തിരിയല്ലല്ലോ ഈ മനോഭാവം. ചില വിഭാഗക്കാരുടെയിടയിൽ 'ചേട്ടൻ' എന്ന പദം ചേർത്താണു ഭർത്താവിനെ വിളിക്കുക. രക്തബന്ധംവഴി ജ്യേഷ്ഠസ്ഥാനത്തിരുന്ന ആരെ ഭർത്താവായപ്പോഴും ആ സംബോധന തുടർന്നുപോന്നുവെന്നേയുള്ള. പക്ഷേ നമുക്കു് ആ പ്രയോഗം അത്ര ഉചിതമോ എന്നു സംശയിക്കുന്നു. ഭാര്യയെ 'എടീ' 'നീ' എന്നൊക്കെ വിളിക്കുന്നതും ഇക്കാലത്തു് സംസ്കാരത്തിനു ചേർന്നതല്ല. ഭാര്യയെ പേരെങ്കിലും വിളിക്കാനുള്ള വിവേകം ഭർത്താവിനുണ്ടാവണം. പേരുതന്നെ ഓമനപ്പേരാക്കിയാൽ ഏറ്റവും നല്ലതു്. അങ്ങനെ 'ഗ്രേസി' ഗ്രേസമ്മയോ ഗ്രേസിക്കുട്ടിയോ ആകട്ടെ, അവരവർക്കിഷ്ടമാണെങ്കിൽ. എന്റെ സുഹൃത്തു് വിവാഹിതനായപ്പോൾ ഭാര്യ അദ്ദേഹത്തെ വിളിച്ച പേരു് 'കുഞ്ഞപ്പാ' എന്നായിരുന്നു. കൂട്ടുകാരനു് അതൊട്ടും ഇഷ്ടപ്പെട്ട പേരല്ല. എങ്കിലും വാത്സല്യത്തോടെ വിളിച്ച പേരു് അയാളങ്ങു സഹിച്ചു.

വിവാദം വിവാഹത്തിൽ

ഭാര്യാഭർത്താക്കന്മാർ വാദപ്രതിവാദത്തിൽ ഏർപ്പെടുമ്പോഴും വിവേകമുള്ളയാരും തോറ്റുകൊടുക്കും. മഹാനായ നെപ്പോളിയൻ തന്റെ ഭാര്യയോടു വിവാദത്തിൽ മനഃപൂർവ്വം തോല്ക്കുമായിരുന്നത്രേ. 'വിവാദത്തിൽ തോറ്റാൽ വിവാഹത്തിൽ ജയിക്കാം' എന്നു് അദ്ദേഹം കരുതിയിരിക്കാം.

കുടുംബം ഒരു കൂപമാണു് പലപ്പോഴും. എന്നു പറഞ്ഞാൽ കിണറു്. വീട്ടുകാർ മാത്രം കോരുന്ന കിണർ. പബ്ലിക് കിണ

malankaralibrary.com

റല്ല. ഓരോ കുടുംബത്തിനും അതിന്റേതായ രഹസ്യങ്ങളും കാണും. അവ പാലിക്കാൻ കുടുംബാംഗങ്ങളും ബാദ്ധ്യസ്ഥരാണ്. ഭർത്താവിനെ കുറം പറയുന്ന ഭാര്യയോ ഭാര്യയെ പരസ്യമായി വിമർശിക്കുന്ന ഭർത്താവോ പരസ്പരം പൊറുക്കുന്നവരല്ല. 'പൊറുക്കുക' എന്ന വാക്കിനു 'ക്ഷമിക്കുക' എന്നും 'ഒന്നിച്ചു താമസിക്കുക' എന്നും അർത്ഥമുണ്ടല്ലോ. പരസ്പരം പൊറുക്കുന്ന കാര്യത്തിൽ രണ്ടുപേരും ശ്രദ്ധിക്കണം. അഥവാ ആ 'പൊറുക്കൽ', അതൊരു പൊറുപൊറുക്കൽ ആയി മാറും! ഈ രഹസ്യം മനസ്സിലാക്കിയ ഭാരതീയാചാര്യന്മാർ 'പരഗൃഹപ്രവേശിനികളും പരപ്രിയവാദിനികളും' ആയ ഭാര്യമാർക്കു പതിത്വം കല്പിച്ചിരിക്കുന്നു!

ഹൃദയൈക്യം

ദാമ്പത്യജീവിതത്തിലെ പരസ്പരത്യാഗമനസ്ഥിതി സുന്ദരമായി അനാവരണം ചെയ്യുന്ന ഒരു കഥ ഒ. ഹെൻറി എഴുതിയിട്ടുണ്ട്: 'ദ ഗിഫ്റ്റ് ഓഫ് ദ മജൈ'. ക്രിസ്മസ് അടുത്തുവന്നു. ഭർത്താവിന്റെ വാച്ചിനു ഒരു നല്ല ഗോൾഡ്ചെയിൻ വാങ്ങാൻവേണ്ടി സ്നേഹമയിയായ ഭാര്യ തന്റെ അഴകുള്ള മുടി മുറിച്ചു വിറ്റു. അവളുടെ അഴകുള്ള മുടിയിൽ അണിയാനുള്ള അലങ്കാരവസ്തു വാങ്ങാൻ സ്നേഹധനനായ ഭർത്താവു് തന്റെ വാച്ചു വിറ്റു. പരസ്പരത്യാഗത്തിന്റെ ആധിക്യം മനസ്സിലാക്കിയ അവർ തങ്ങളുടെ ഹൃദയങ്ങൾ കലവറയില്ലാതെ സമ്മാനമായി വച്ചുമാറി. അതാണു് പരസ്പരത്യാഗത്തിന്റെ സന്ദേശം. 'നീ ഉണ്ടിലില്ലെങ്കിലും അവളെ ഊട്ടണം; നീ ഉടുത്തില്ലെങ്കിലും അവളെ ഉടുപ്പിക്കണം' എന്നു് സഭാമാതാവു് നമ്മെ ഗ്രണദോഷിക്കുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. കാരണം ക്രിസ്തുനാഥനു് സഭയോടുള്ള സ്നേഹം മകുടമണിയുന്നതു് കുരിശിലെ ബലിയിൽ ആണു്; അതിനു സദൃശമായ ദാമ്പത്യത്തിലും സ്നേഹം മകുടം അണിയേണ്ടതു് ഭോഗത്തിലല്ല, ത്യാഗത്തിലാവണം. ആ നിലയ്ക്കു് ദാമ്പത്യം ഒരു സഹനവും ത്യാഗവും ബലിയും ആണു്. ക്രൈസ്തവനു് അതൊരു വെല്ലുവിളിയും കൂടിയാണു്. "The happiness of marriage life depends

malankaralibrary.com

upon making small sacrifices with readiness and cheerfulness" എന്നു് ജോൺ സെൽഡൻ എഴുതുന്നു. ചെറിയ വിട്ടുവീഴ്ചകളം അല്ല, വലിയ ത്യാഗംതന്നെ അനുഭവിക്കണമെന്നാണു് സഭാമാതാവു് നമ്മെ അനുസ്മരിപ്പിക്കുന്നതു്. മക്കളുടെ ആനന്ദം അഭിലഷിക്കുന്ന ഒരമ്മയ്ക്കു് അങ്ങനെയല്ലേ പറയാനാവൂ!

□

malankaralibrary.com

ഭാഗം മൂന്നു്

വ്യക്തിബന്ധങ്ങൾ കുടുംബത്തിൽ

malankaralibrary.com

1

വ്യക്തിത്വവികസനത്തിന്റെ ഘട്ടങ്ങൾ

പേഴ്സണാലിറ്റി എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ വിരിയുന്ന ചിത്രമെന്താണ്? നാം ജീവിക്കുന്ന സമൂഹം വില കല്പിക്കുന്ന ചില ബാഹ്യമാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് നാം പേഴ്സണാലിറ്റിയെ അളക്കുക. ആകാരം, സൗന്ദര്യം, ജോലി, സമ്പത്ത്, പദവി തുടങ്ങി സമൂഹം വില കല്പിക്കുന്നവയ്ക്ക് പ്രാധാന്യം കൊടുക്കാനാണ് നമ്മുടെ പ്രവണത. അതുകൊണ്ട് സൗന്ദര്യവും തടിമിടുക്കും തലയെടുപ്പും ഉള്ളയാൾക്ക് നല്ല പേഴ്സണാലിറ്റിയുണ്ടെന്നു നാം പറഞ്ഞുപോകും. പക്ഷേ, നമ്മുടെ ഉള്ളിന്റെയുള്ളിൽ നമുക്കറിയാം ഇവയൊന്നുമല്ല നല്ല പേഴ്സണാലിറ്റിയുടെ ഘടകങ്ങൾ എന്ന്. പിന്നെയെന്താണ് പേഴ്സണാലിറ്റി?

സാഹചര്യങ്ങൾ, പ്രതികരണങ്ങൾ

സുഖപ്രദമായ അവസ്ഥ ഓരോ ജീവിയും ആഗ്രഹിക്കുന്നു. ഓരോ ജൈവവസ്തുവും (organism) സന്തുലിതാവസ്ഥ (homeostasis) നിലനിർത്താൻ ശ്രമിക്കുന്നു. സന്തുലിതാവസ്ഥ നഷ്ടപ്പെട്ടുമെന്ന സ്ഥിതിവിശേഷം സംജാതമായാൽ അതു

malankaralibrary.com

വീണ്ടെടുക്കാൻ ശ്രമിക്കുന്നു. നല്ല തടിയുള്ള ഒരു മനുഷ്യൻ ഗോവണി കയറിയാൽ തെരുതെരെ ശ്വാസംവിടും. നഷ്ടപ്പെട്ട സന്തുലിതാവസ്ഥ വീണ്ടെടുക്കാനുള്ള ശ്രമമാണതു്. മനസ്സിന്റെ കാര്യവും ഇങ്ങനെതന്നെ. മനസ്സിന്റെ സമനില നിലനിർത്താൻ നാം ആഗ്രഹിക്കുന്നു. ഒന്നിനു പുറകേ ഒന്നായി സാഹചര്യങ്ങളും നമ്മെ തുറിച്ചു നോക്കുന്നു. ചില സാഹചര്യങ്ങളും നമ്മുടെ മനസ്സിന്റെ സമനില തെറ്റിക്കുമോ എന്നു നാം ഭയപ്പെടുന്നു. സമനില നിലനിർത്താൻ നിങ്ങളും എന്താണു ചെയ്യുക? ഒരാളും സ്വീകരിക്കുന്ന മാർഗ്ഗമല്ല, മറ്റൊരാളുടേതു്. ഉദാഹരണത്തിനു് വിമർശനമെടുക്കാം. അനാവശ്യമായ വിമർശനത്തോടു നിങ്ങളുടെ പ്രതികരണമായിരിക്കയില്ല കുട്ടുകാരന്റേതു്. വിമർശിക്കുന്നവന്റെ സൽപ്പേരിനു കളങ്കം വരുത്തി പകവീട്ടാം, മനസ്സമട്ടത്തു് മനുഷ്യരിൽനിന്നു പിന്മാറാം. വിമർശനത്തെ വകവയ്ക്കാതെ സധൈര്യം മുന്നോട്ടു പോകാം. ഇവയിൽ ഏതായിരിക്കും നിങ്ങളുടെ പ്രതികരണം? സാഹചര്യത്തോടുള്ള നിങ്ങളുടെ പ്രതികരണം നിങ്ങളുടെ വ്യക്തിത്വത്തിലേയ്ക്കു വിരൽചൂണ്ടുന്നു. ഒരേ സാഹചര്യത്തോടു രണ്ടു വ്യക്തികളും ഒരേ രീതിയിലല്ല പ്രതികരിക്കുക. സാഹചര്യങ്ങളോടുള്ള വ്യക്തിയുടെ പ്രതികരണങ്ങളുടെ ആകെത്തുകയാണു് അയാളുടെ വ്യക്തിത്വം (The sum of an individual's reactions is his personality). മനഃശാസ്ത്രപരമായ ഒരു നിർവ്വചനമാണിതു്. എന്തുകൊണ്ടു് ഈ വ്യക്തി ഈ സാഹചര്യത്തിൽ ഇങ്ങനെ പെരുമാറുന്നു? ഈ ചോദ്യം അവന്റെ വ്യക്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. പ്രതികരണങ്ങളുടെ ഉദ്ദേശ്യം മുൻപു സൂചിപ്പിച്ചതുപോലെ, മനസ്സിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയാണു്, ഓരോരുത്തനും സ്വീകരിക്കുന്ന മാർഗ്ഗം വ്യത്യസ്തമായാലും. എന്തുകൊണ്ടു് ഇയാളും ഈ മാർഗ്ഗം സ്വീകരിക്കുന്നു? ഇങ്ങനെ പ്രതികരിക്കുന്നു? കാര്യക്ഷമമായ രീതിയിലാണോ ഇയാളും തന്റെ മാനസികോർജ്ജം വിനിയോഗിക്കുക? ഒരു വ്യക്തിയുടെ സാഹചര്യങ്ങളോടുള്ള പ്രതികരണങ്ങളും മനസ്സിന്റെ സമനില നിലനിർത്താൻ അയാളും ഉപയോഗിക്കുന്ന മാർഗ്ഗങ്ങളുമാണു് അയാളുടെ വ്യക്തിത്വം.

malankaralibrary.com

വ്യക്തിത്വം വളരുന്നു

ആരും പൂർണ്ണവ്യക്തിത്വത്തോടുകൂടി ജനിക്കുന്നില്ല. വ്യക്തിത്വം വളരുന്നു, വികസിക്കുന്നു. ഇരുപതു വയസ്സാകുന്നതോടെ ശാരീരികവളർച്ച അവസാനിക്കുന്നതുപോലെ വ്യക്തിത്വം–സാഹചര്യങ്ങളോട് പ്രതികരിക്കുന്ന വിധം–ഇരുപതു വയസ്സാകുന്നതോടെ ഏകദേശം സ്ഥിരസ്വഭാവം ഉള്ളതായിത്തീരുന്നു. അതായതു് ഇരുപതിനുശേഷം ഒരു വ്യക്തിയുടെ പ്രതികരണങ്ങളിൽ മാറ്റമുണ്ടാവുക അത്ര എളുപ്പമല്ല.

വ്യക്തിത്വം വളരുകയും വികസിക്കുകയും ചെയ്യുന്നു എന്നു പറഞ്ഞല്ലോ. വ്യക്തിത്വവികസനത്തിന്റെ വിവിധ ഘട്ടങ്ങൾ ഏവയെന്നു കാണാം. ഫ്രോയിഡിന്റെ നിരീക്ഷണങ്ങളാണിവിടെ സംഗ്രഹിക്കുക. വ്യക്തിത്വഘടനയെയും വികാസത്തെയുംകുറിച്ചു് ഫ്രോയിഡ് പറഞ്ഞിരിക്കുന്നവയ്ക്കു് മൗലികത ഉള്ളതുകൊണ്ടും പിന്നീടുണ്ടായ മറ്റു സിദ്ധാന്തങ്ങൾക്കു് അവ ആധാരമായതുകൊണ്ടുമാണു് ഫ്രോയിഡിന്റെ വീക്ഷണം ഇവിടെ സംഗ്രഹിക്കുന്നതു്. ഫ്രോയിഡിന്റെ ദൃഷ്ടിയിൽ വ്യക്തിത്വവികസനത്തിനു മൂന്നു വശങ്ങളുണ്ടു്: (1) ശാരീരിക-മാനസിക വികാസം; (2) ഈഡിപ്പസ് കോംപ്ലെക്സ് കൈകാര്യംചെയ്യൽ; (3) വ്യക്തിത്വഘടനയുടെ വികാസം.

ശാരീരിക-മാനസിക വികാസം

ശാരീരിക–മാനസികവികാസത്തിനു് പല ഘട്ടങ്ങളുണ്ടു്. ജനിക്കുന്നതു മുതൽ ഒരു വയസ്സുവരെയുള്ള കാലഘട്ടമാണു ഒന്നാംകാലഘട്ടം. ഇതു് അധരഘട്ടം (Oral Stage) എന്നറിയപ്പെടുന്നു. ഈ ഘട്ടത്തിൽ കുഞ്ഞിന്റെ പ്രവർത്തനങ്ങൾ വായിൽ കേന്ദ്രീകരിച്ചിരിക്കുന്നു: കരയുക, ചവയ്ക്കുക, ഭക്ഷിക്കുക, മുലകുടിക്കുക തുടങ്ങിയ പ്രവൃത്തികൾ. ഭക്ഷിക്കലാണു് മുഖ്യപ്രവൃത്തി. ഈ ഘട്ടത്തിൽ കുട്ടിയുടെ വായുമായി ബന്ധപ്പെട്ട ആവശ്യങ്ങളോടുള്ള അമ്മയുടെ പ്രതികരണം കുട്ടിയുടെ വ്യക്തിത്വത്തെ ബാധിക്കും. ഭക്ഷണത്തിനുവേണ്ടി കരയുന്ന കുട്ടിയെ അമ്മ അവഗണിക്കുന്നെന്നു കരുതുക. ഈ കുട്ടിയിൽ പലതരത്തിലുള്ള പെരുമാറ്റ വൈകൃതങ്ങൾ പിന്നീടു് ഉണ്ടാകാം. മറ്റു

malankaralibrary.com

ള്ളവരുടെ പരിഗണനയ്ക്കുവേണ്ടിയുള്ള ദാഹം പലവിധത്തിൽ പ്രകടമാകും. വായുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിർവഹിക്കപ്പെടാതിരുന്നതുകൊണ്ട് ഒരു പരിഹാരമെന്നോണം വാതോരാതെ സംസാരിക്കുക, നിരന്തരം പുകവലിക്കുക, ക്രമാതീതമായി ഭക്ഷണം കഴിക്കുക, തുടങ്ങിയ പെരുമാറ്റവൈകല്യങ്ങൾ പ്രത്യക്ഷപ്പെടാം. മറിച്ച് കുട്ടിയുടെ വായിൽ നിർബന്ധിച്ച് ഭക്ഷണം തള്ളിക്കയറ്റിയ അനുഭവങ്ങളുണ്ടായാൽ കുട്ടി പിന്നീട് വായുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽനിന്ന് പിന്മാറിയേക്കാം. ഭക്ഷണം കഴിക്കാൻ വൈമുഖ്യം, സംസാരിക്കുന്നതിനോട് വെറുപ്പ് തുടങ്ങിയ വൈകല്യങ്ങൾ പ്രത്യക്ഷപ്പെടാം.

വിസർജ്ജനവുമായി ബന്ധപ്പെട്ടതാണ് രണ്ടാംഘട്ടം. ഒന്നു മുതൽ രണ്ടു വയസ്സുവരെയുള്ള ഈ ഘട്ടം ഗുദഘട്ടം (Anal Stage) എന്നറിയപ്പെടുന്നു. മലദ്വാരത്തെ തലച്ചോറുമായി ബന്ധിപ്പിക്കുന്ന ഞരമ്പുകൾ (anal sphinctre) ഒരു വയസ്സിനു ശേഷമേ പ്രവർത്തിച്ചു തുടങ്ങുകയുള്ളൂ. നിയന്ത്രിത മലവിസർജ്ജനത്തിനു കുട്ടി തയ്യാറാകുന്നതോടെ കക്കൂസ് ഉപയോഗിക്കാനുള്ള പരിശീലനം ലഭിക്കുന്നു. ഇവിടെയും മാതാപിതാക്കളുടെ സമീപനം കുട്ടിയുടെ ഭാവിയെ ബാധിക്കുന്നു. കർശനസ്വഭാവമുള്ള മാതാപിതാക്കൾ കുട്ടികൾ കക്കൂസ് ഉപയോഗിക്കാൻ വേണ്ടത്ര വളർച്ചയുണ്ടാകുന്നതിനു മുമ്പുതന്നെ അവരെ നിർബന്ധിച്ചേക്കാം. ഇതു കുട്ടികളിൽ പരാജയബോധവും അപകർഷതാബോധവും വളർത്തും. മുതിർന്നവരുടെ കർക്കശമായ പെരുമാറ്റം കുട്ടികളിൽ കർക്കശസ്വഭാവം ഉളവാക്കും. മറിച്ച് യാതൊരു പരിശീലനവും വേണ്ട, കുട്ടികൾ തോന്ന്യാസം മലമൂത്രവിസർജ്ജനം ചെയ്തുകൊള്ളട്ടെ എന്ന മനോഭാവമുള്ള മാതാപിതാക്കളുടെ കുട്ടികൾ സമൂഹത്തിന്റെ ഭദ്രതയ്ക്കാവശ്യമായ നിയമങ്ങളെ മാനിക്കാത്തവരായി വളരും. അവർ ക്രൂരകൃത്യങ്ങളിൽ ഏർപ്പെടുന്ന സമൂഹദ്രോഹികൾ (Sociopaths) ആകാൻ സാധ്യതയുണ്ട്.

ലൈംഗികാവയവവുമായി ബന്ധപ്പെട്ടതാണ് മൂന്നാംഘട്ടം. രണ്ടു മുതൽ ആറുവയസ്സുവരെയുള്ള ഈ ഘട്ടം ലിംഗഘട്ടം (Genital Stage) എന്നറിയപ്പെടുന്നു. ജനനേന്ദ്രിയങ്ങളെ തലച്ചോറുമായി ബന്ധിപ്പിക്കുന്ന ഞരമ്പുകൾ രണ്ടുവയസ്സുമുതലാണ് പ്രവർത്തിച്ചുതുടങ്ങുക. രണ്ടുവയസ്സാകുന്നതോടെ ആൺകു

malankaralibrary.com

ട്ടികൾക്ക് ലിംഗഭേദമന്യേ ഉണ്ടാകും. കുട്ടികൾ ലൈംഗികാവയവങ്ങളെ സ്വയം സ്പർശിക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കളുടെ പ്രതികരണം സുപ്രധാനമാണ്. ശരീരത്തിന്റെ മറ്റു് അവയവങ്ങൾ പോലെ-കണ്ണും ചെവിയും പോലെ-ശരീരത്തിനു് ആവശ്യമുള്ളതാണു് ലൈംഗികാവയവങ്ങൾ എന്ന മനോഭാവം കുട്ടികളിൽ വളരുന്നതു് മാതാപിതാക്കളുടെ ഭാവാത്മകമായ സമീപനം കൊണ്ടായിരിക്കും. മറിച്ചു് ജനനേന്ദ്രിയങ്ങളെ തൊടുന്ന കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ കുട്ടികളിൽ ലൈംഗികാവയവങ്ങളെക്കുറിച്ചു് കുറ്റബോധവും ഭയവും ലജ്ജയും വളർത്തും.

ആറുമുതൽ പതിമ്മൂന്നു വയസ്സുവരെയുള്ള നാലാംഘട്ടം സുഷുപ്തഘട്ടം (Latency Stage) എന്നറിയപ്പെടുന്നു. വിശ്രമത്തിന്റെ ഘട്ടമാണിതു്. ശാരീരിക-മാനസിക ഊർജ്ജം സംഭരിക്കുന്ന ഘട്ടം. വരാനിരിക്കുന്ന കൗമാരദശയിലെ വെല്ലുവിളികളെ നേരിടാൻ തയ്യാറെടുക്കുന്ന ഘട്ടം. ഈ ഘട്ടത്തിൽ സ്വസ്ഥതയാണു് കുട്ടിയ്ക്കാവശ്യം. ഈ സ്വസ്ഥതയെ അലട്ടുന്ന അനുഭവങ്ങളുണ്ടായാൽ കുട്ടിയുടെ ഭാവിയെ അതു ബാധിക്കും. ഈ ഘട്ടത്തിൽ കുട്ടികളെ ലൈംഗികമായി ഉത്തേജിപ്പിച്ചാൽ അവർ ഭാവിയിൽ ദാമ്പത്യജീവിതത്തെയും മുതിർന്നവരുമായുള്ള ബന്ധങ്ങളെയും പെരുക്കുന്നവരായി വളർന്നുവരും.

കൗമാരദശയാണു് അഞ്ചാംഘട്ടം. ഏകദേശം പതിമ്മൂന്നു വയസ്സിൽ ആരംഭിക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളുടെ ലൈംഗികഗ്രന്ഥികളുടെ ത്വരിത പ്രവർത്തനം മൂലം അവരിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാകുന്നു. ആൺകുട്ടികൾക്ക് നിദ്രാസ്ഖലനവും പെൺകുട്ടികളിൽ ആർത്തവവും തുടങ്ങുന്നതു് ഈ ഘട്ടത്തിലാണു്. ഈ പ്രതിഭാസങ്ങളോടുള്ള മുതിർന്നവരുടെ പ്രതികരണമാണു് കുട്ടികൾ തങ്ങളുടെ പുരുഷത്വത്തോടു സ്വീകരിക്കുന്ന നിലപാടിനെ സ്വാധീനിക്കുന്നതു്.

ഈഡിപ്പസ് കോംപ്ലെക്സ്

അച്ഛനെ കൊന്നു് അമ്മയെ വിവാഹം കഴിച്ച രാജാവിന്റെ കഥയാണു് ഈഡിപ്പസിന്റേതു്. സൊഫോക്ലിസ് രചിച്ച 'ഈഡിപ്പസ് റെക്സ്' എന്ന നാടകത്തിൽ ആ കഥ പറ

malankaralibrary.com

യുന്നുണ്ട്. തീബ്സിന്റെ രാജാവായ ലായിയസിനും രാജ്ഞി ജകോസ്റ്റായ്ക്കും പുത്രനുണ്ടായാൽ അവൻ രാജാവിനെ കൊല്ലുമെന്ന പ്രവചനമുണ്ടായിട്ടും അവർ ഒരു പുത്രനു ജന്മംനല്കി. രാജാവു് പുത്രന്റെ പാദത്തിൽ ആണിതറച്ചു് ഒരു മലയിൽ ഉപേക്ഷിച്ചു. ആ വഴിവന്ന കൊറീന്ത്യർ കുട്ടിയെ കണ്ടെത്തി. അവന്റെ കാൽ ആണി തുളച്ചുകയറി വീർത്തിരുന്നതുകൊണ്ടു് അവനെ അവർ ഈഡിപ്പസ് (വീർത്ത കാൽ) എന്നു് വിളിച്ചു. ഈഡിപ്പസ് വളർന്നു വലുതായി തീബ്സിലേയ്ക്കു മടങ്ങി. കാലാന്തരത്തിൽ തന്റെ അച്ഛനാണെന്നറിയാതെ തീബ്സിലെ രാജാവിനെ വധിക്കാനും രാജ്ഞിയെ ഭാര്യയായി സ്വീകരിക്കാനും ഈഡിപ്പസിനിടയായി. അമ്മയെ പരിഗ്രഹിച്ച ഈഡിപ്പസിന്റെ ജീവിതം ശോകമൂകമായി അവസാനിച്ചു.

ഈ കഥയിൽനിന്നാണു് കുട്ടികൾക്കുണ്ടാകുന്ന ഒരു സങ്കീർണ്ണതയ്ക്കു് ഈഡിപ്പസ് കോംപ്ലെക്സ് എന്ന പേരു കിട്ടിയതു്. എന്താണു് ഈ സങ്കീർണ്ണത? എങ്ങനെയാണു് കുട്ടികൾ അതിനെ നേരിടുന്നതു്? ആൺകുട്ടികളിലും പെൺകുട്ടികളിലും വ്യത്യസ്തരൂപത്തിലാണിതു പ്രത്യക്ഷപ്പെടുന്നതു്.

ആൺകുട്ടികളുടെ പ്രശ്നം ആദ്യം എടുക്കാം. നാലു വയസ്സാകുന്നതോടെ ഒരാൺകുട്ടി അമ്മയോടു് വളരെ അടുത്തബന്ധം സ്ഥാപിച്ചുകഴിയും. അച്ഛൻ വീട്ടിലില്ലാത്ത അവസരങ്ങളിൽ അവന്റെ ആവശ്യങ്ങളും നിർവ്വഹിക്കുന്നതു് അമ്മയാണു്. അച്ഛന്റെ രംഗപ്രവേശം അമ്മയുമായുള്ള അവന്റെ സ്നേഹബന്ധത്തിനു് തടസ്സമാകും. രാത്രിയിൽ അവനു് തനിച്ചു് കിടക്കേണ്ടിവരും. അമ്മയെ തന്നിൽനിന്നു മാറ്റുന്ന ഒരു എതിരാളിയെയാണു് അവൻ അച്ഛനിൽ കാണുക. അമ്മയോടുള്ള അവന്റെ സ്നേഹത്തിന്റെ ആഴമനുസരിച്ചു് അച്ഛനോടുള്ള അവന്റെ വെറുപ്പു വർദ്ധിക്കുന്നു. അച്ഛൻ വീട്ടിൽവന്നാൽ അമ്മ അവനു നഷ്ടപ്പെടുന്നതുകൊണ്ടു് അച്ഛൻ വരല്ലേ എന്നവൻ ആഗ്രഹിക്കും. തന്നെ അച്ഛൻ ഒരു തടസ്സമായി കണക്കാക്കുന്നെന്നും വെറുക്കുന്നുവെന്നും അവൻ ചിന്തിക്കും. ഇതാണു് ആൺകുട്ടികളിലുള്ള ഈഡിപ്പസ് കോംപ്ലെക്സ്. മാതാപിതാക്കളിൽ ഇതര

malankaralibrary.com

വർഗ്ഗത്തിൽപ്പെട്ടയാളെ സ്നേഹിക്കുകയും സ്വവർഗ്ഗത്തിൽപ്പെട്ടയാളെ വെറുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണതു്.

എങ്ങനെയാണു് ആൺകുട്ടികൾ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുക? ഒന്നാമതായി അവർ അച്ഛനുമായുള്ള ബന്ധം നേരെയാക്കുന്നു. ഒരാൺകുട്ടി ഏകദേശം ഇങ്ങനെ ചിന്തിക്കാൻ തുടങ്ങും: ''അച്ഛനും ഞാനും ഒരുതരം പ്രഖ്യാപിക്കാത്ത യുദ്ധത്തിലാണു്. പക്ഷേ അച്ഛനോടു് ജയിക്കാൻ എനിക്കുകഴിയില്ല. അതുകൊണ്ടു് അദ്ദേഹത്തോടു് ചേരുന്നതാണു് യുക്തം. ഞാനും അച്ഛനും ഒന്നുചേർന്നു് പുരുഷന്മാരുടെ ഒരു യൂണിയൻ ഉണ്ടാക്കും. ഞങ്ങൾ സ്നേഹിതരാകും''. അവൻ അച്ഛനുമായി ഏകീഭവിക്കുന്നു. അച്ഛന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതകൾപോലും അവൻ അനുകരിക്കാൻ തുടങ്ങും. ഇങ്ങനെ അച്ഛനോടുള്ള വെറുപ്പു് കെട്ടടങ്ങും. ഇതാണു് ഒന്നാമത്തെ പടി. രണ്ടാമതായി അമ്മയുമായുള്ള ബന്ധം നേരെയാകണം. അവൻ ചിന്തിക്കും, അവനും അച്ഛനും സ്നേഹിതന്മാരാണെങ്കിൽ അച്ഛന്റെ സ്ത്രീ അച്ഛനേക്കാളായിക്കൊള്ളട്ടെയെന്നു്. അമ്മയുടെമേൽ അച്ഛനു മാത്രമാണു് അവകാശമുള്ളതു്. അങ്ങനെ അവൻ അമ്മയ്ക്കുപകരം അയൽവക്കത്തുള്ള പെൺകുട്ടികളിലേയ്ക്കു് ശ്രദ്ധതിരിക്കും.

ആൺകുട്ടികളുടെ ഈഡിപ്പസ് കോംപ്ലെക്സിന്റെ സാധാരണ ഗതിയിലുള്ള പരിഹാരം (normal resolution) ആണു് മുകളിൽ വിവരിച്ചതു്. ആരോഗ്യകരമല്ലാത്ത രീതിയിലുള്ള പരിഹാരങ്ങളും ഉണ്ടാകാം. ഇതു് മൂന്നുതരത്തിലാകാം. അച്ഛനുമായുള്ള ബന്ധം നേരെയായാലും അമ്മയോടുള്ള അടുപ്പം കുറയാതിരുന്നാൽ പ്രശ്നമുണ്ടാകാം. അമ്മയോടു് അതിയായ സ്നേഹം തോന്നുന്ന ഈ വ്യക്തിക്കു് മറ്റൊരു സ്ത്രീയെ സ്നേഹിക്കാൻ കഴിയില്ല. ഇയാളെ അവിവാഹിതനായി തുടരാനാണു് സാധ്യത. വിവാഹിതനായാൽ ഭാര്യയ്ക്കു് ദുരിതം! ഭാര്യയെക്കാളേറെ അമ്മയെ സ്നേഹിക്കുന്ന ഭർത്താവു്! തന്റെ ഭർത്താവു് തന്നെയല്ല അമ്മയെയാണു് സ്നേഹിക്കുന്നതു് എന്നു് മനസ്സിലാക്കി മനം നൊന്തുനീറുന്ന ഭാര്യ! ആ ദാമ്പത്യം തകരാനാണു് സാധ്യത. അച്ഛനോടുള്ള വിദ്വേഷത്തിനു് ശമനം

malankaralibrary.com

വരാത്ത അവസ്ഥയാണ് ഈഡിപ്പസ് കോംപ്ലെക്സിന്റെ അനാരോഗ്യകരമായ മറ്റൊരു പരിഹാരം. അച്ഛനോട് കടുത്ത വിദ്വേഷം വച്ചുപുലർത്തുന്ന ഇയാൾക്ക് പിന്നീട് തന്റെ അധികാരിയോട് ഒത്തുപോകാൻ സാധിക്കാതെവരും. അധികാരസ്ഥാനത്തുള്ളവരോട് എതിർപ്പും വിദ്വേഷവും തുടരുന്നതുകൊണ്ട് അയാൾക്ക് പ്രായോഗികബുദ്ധിമുട്ടുകൾ ഉണ്ടാകും. അച്ഛനോട് താദാത്മ്യം പ്രാപിക്കുന്നതിനുപകരം അമ്മയുമായി ഏകീഭവിക്കലാണ് അനാരോഗ്യകരമായ മൂന്നാമത്തെ മാർഗ്ഗം. മാതാപിതാക്കളിൽ സ്വവർഗ്ഗത്തിൽപ്പെട്ടയാളുമായി ഏകീഭവിക്കലാണല്ലോ ശരിയായ മാർഗ്ഗം. മറിച്ച് ഇതരവർഗ്ഗത്തിൽപ്പെട്ടയാളുമായി, അമ്മയുമായി, ഏകീഭവിച്ച് അമ്മയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഒരാൺകുട്ടി അനുകരിച്ചാൽ അവൻ സ്ത്രീകളെപ്പോലെയാകും (ഇതു് inverted Oedipus complex എന്നറിയപ്പെടുന്നു). അവനു് സ്ത്രീകളുടെ മനോഭാവങ്ങളും വികാരങ്ങളുമുണ്ടാകും. അവനു് സ്വാഭാവികമായും പെൺകുട്ടികളോടല്ല, ആൺകുട്ടികളോടായിരിക്കും ആകർഷണംതോന്നുക. സ്ത്രീസ്വഭാവമുള്ള അവനു് പുരുഷന്മാരോട് ആകർഷണം തോന്നും. ഈ പ്രവണത പിന്നീട് സ്വവർഗ്ഗരതി (homosexuality) ആയി മാറാം.

പെൺകുട്ടികളിലുണ്ടാകുന്ന ഇത്തരം പ്രത്യേകതയ്ക്ക് ഇലക്ട്രാ കോംപ്ലെക്സ് (electra complex) എന്നാണ് പറയുക. ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും മാതാപിതാക്കളിൽ ഇതരവർഗ്ഗത്തിൽപ്പെട്ടയാളോട് – അച്ഛനോട്–സ്നേഹവും അടുപ്പവും ഉണ്ടാകുന്നു. അവിടെയല്ല പ്രശ്നം. അമ്മയോടുള്ള ബന്ധമാണ് പെൺകുട്ടികളിൽ പ്രശ്നം സൃഷ്ടിക്കുക. എല്ലാം ചെയ്തുതരുന്ന അമ്മയോട് പെൺകുട്ടികൾക്ക് സ്നേഹം തോന്നും. അതോടൊപ്പം അമ്മയോട് വെറുപ്പും ഉണ്ടാകും. നാലോ അഞ്ചോ വയസ്സാകുന്നതോടെ കുട്ടികൾ തങ്ങളുടെ ലൈംഗികാവയവങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നുണ്ട്. തങ്ങൾക്ക് ആൺകുട്ടികളുടേതുപോലുള്ള ലൈംഗികാവയവം ഇല്ലെന്നുള്ള തോന്നൽ പെൺകുട്ടികളിൽ അപര്യാപ്തതാബോധം സൃഷ്ടിക്കും. ആൺകുട്ടികൾക്കു കൊടുത്ത ഇന്ദ്രിയം തങ്ങൾക്ക് എന്തുകൊണ്ട് അമ്മ തന്നില്ല? ഈ ചിന്തയാണ് പെൺകുട്ടികളെ അമ്മയെ വെറു

malankaralibrary.com

ക്കാൻ പ്രേരിപ്പിക്കുന്നത്. അമ്മയോട് ഒരേ സമയത്ത് തോന്നുന്ന സ്നേഹവും വെറുപ്പും പെൺകുട്ടികളുടെ മനസ്സിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുന്നു.

പെൺകുട്ടികളുടെ ഇലക്ട്രാകോംപ്ലക്സിന്റെ ശരിയായ പരിഹാരത്തിന്റെ ആദ്യപടി അമ്മയോടുള്ള വെറുപ്പിൽ നിന്ന് രക്ഷപ്പെടലാണ്. അമ്മയുമായി ഏകീഭവിച്ചാണിതു സാധിക്കുക. അമ്മയും തങ്ങളെപ്പോലെയാണെന്നും അമ്മയോട് ഐക്യപ്പെടുകയാണ് നല്ലതെന്നും പെൺകുട്ടികൾ ചിന്തിക്കും. തൽഫലമായുണ്ടാകുന്ന, അമ്മയും മകളും തമ്മിലുള്ള ബന്ധം മനുഷ്യബന്ധങ്ങളിൽ വച്ചേറ്റം ഹൃദ്യവും അടുപ്പമുള്ളതുമത്രേ. അച്ഛനോടുള്ള ബന്ധം നേരെയാക്കലാണ് അടുത്തപടി. അച്ഛൻ അമ്മയുടെ ആളാണെന്നും അമ്മയുടെ ആളെ ഉപേക്ഷിച്ച് പുറമെയുള്ള ആരെയെങ്കിലും സ്നേഹിക്കണമെന്നും പെൺകുട്ടികൾ തീരുമാനിക്കും.

പെൺകുട്ടികളുടെ കാര്യത്തിലും അനാരോഗ്യകരമായ പരിഹാരങ്ങൾ ഉണ്ടാകാം. അമ്മയോടുള്ള വിദ്വേഷം തുടരുന്നു എന്നു കരുതുക. അധികാരപദവിയിലിരിക്കുന്ന സ്ത്രീകളുമായി യോജിച്ചുപോകാൻ അപ്പോൾ ബുദ്ധിമുട്ടാകാം. അച്ഛനോടുള്ള അമിതമായ അടുപ്പം തുടരുന്നതാണ് രണ്ടാമത്തെ പ്രശ്നം. ഇങ്ങനെ സംഭവിച്ചാൽ വിവാഹിതയാകാൻ പെൺകുട്ടിക്കു കഴിയുകയില്ല. വിവാഹിതയായാൽത്തന്നെ ഭർത്താവിനെ സ്നേഹിക്കുന്നതിനുപകരം അച്ഛനെ സ്നേഹിക്കും. ഇതു ദാമ്പത്യജീവിതം തകർക്കും. മൂന്നാമതായി തലതിരിഞ്ഞ പരിഹാരമുണ്ടാകാം. അമ്മയുമായി ഏകീഭവിക്കുന്നതിനുപകരം ഒരു പെൺകുട്ടി അച്ഛനുമായി ഒന്നാകുന്ന സ്ഥിതിവിശേഷം. ഇതു സംഭവിച്ചാൽ ആ പെൺകുട്ടി അച്ഛന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളും അനുകരിക്കും. പുരുഷന്മാരുടെ മനോഭാവങ്ങളും വികാരങ്ങളും അവർക്കുണ്ടാകും. അവർക്ക് പുരുഷന്മാരോടല്ല, സ്ത്രീകളോടായിരിക്കും ആകർഷണം തോന്നുക. ഇതു സ്വവർഗ്ഗരതി (lesbianism)യിലേയ്ക്ക് അവളെ നയിച്ചെന്നിരിക്കും.

വ്യക്തിത്വഘടനയുടെ വികാസം

നമ്മുടെ വ്യക്തിത്വത്തിനു മൂന്നു വിഭാഗങ്ങളുണ്ട്: ഈദ്, ഈഗോ, സൂപ്പർ ഈഗോ. ഈ മൂന്നു ഭാഗങ്ങളും അഥവാ വശ

malankaralibrary.com

ങ്ങളും ജനിക്കുമ്പോഴത്തന്നെ ഉണ്ടാകുന്നതല്ല. കുട്ടി വളരുന്നതോടെ അവ വളർന്നു വികസിക്കുന്നു. അവയുടെ സമഞ്ജസമായ വികാസം വ്യക്തിത്വത്തിന്റെ പൂർണ്ണതയ്ക്കാവശ്യമാണു്. അപവികാസമാകട്ടെ വ്യക്തിത്വവൈകല്യങ്ങൾക്കു കാരണമാകും.

ഈദ് (Id) ഒരു ലത്തീൻ പദമാണു്. 'അതു്' എന്നാണർത്ഥം. മറ്റുപദങ്ങളും കിട്ടാത്തതുകൊണ്ടാണു് ഫ്രോയിഡ് ആ പദം ഉപയോഗിച്ചതു്. എന്താണീ ഈദ്? നമ്മിൽ ജന്മനാ ഉള്ള ആ സക്തികളും അഭിനിവേശങ്ങളുമാണതു്. ജനിക്കുമ്പോഴത്തന്നെ കുട്ടികൾക്കു ഭക്ഷണത്തിനുവേണ്ടിയുള്ള ആസക്തി, അസുഖകരമായുള്ളതിൽനിന്നു് അകലാനുള്ള പ്രവണത തുടങ്ങിയ അഭിനിവേശങ്ങളും ഉണ്ടു്. ഒരു കൊച്ചുകുഞ്ഞിനെ ഭക്ഷണത്തിനുവേണ്ടിയുള്ള ആഗ്രഹം ആരും പഠിപ്പിച്ചുകൊടുക്കേണ്ടല്ലോ. ഒരു വയസ്സുവരെ കുട്ടികളിൽ ഈദ് മാത്രമേയുള്ളൂ. താൻ മറ്റുള്ളവരിൽ നിന്നു് വിഭിന്നനാണെന്ന ബോധം ഈ പ്രായത്തിൽ കുട്ടികൾക്കില്ല. ഒരു വയസ്സാകുന്നതോടെ ഞാനെന്ന ഭാവം ഉണ്ടാകുന്നു. അതാണു് 'ഈഗോ'. ഈഗോയും ലത്തീനാണു് (Ego). ഞാൻ എന്നർത്ഥം. അഹന്തയെന്നയർത്ഥത്തിലല്ല ഈഗോ ഇവിടെ ഉപയോഗിക്കുന്നതു്. ഒരു വയസ്സാകുന്നതോടെ ഒരു കുട്ടിക്കു് അഹംബോധവും യാഥാർത്ഥ്യബോധവും ഉണ്ടാകുന്നു. നമ്മിൽ അഹംബോധമുളവാക്കുന്നതും യഥാർത്ഥലോകവുമായി ബന്ധപ്പെടാൻ നമ്മെ പ്രാപ്തരാക്കുന്നതുമായ ഘടകമാണു് ഈഗോ. അഹംബോധവും യാഥാർത്ഥ്യബോധവും നഷ്ടപ്പെടുമ്പോഴാണു് ചിത്തഭ്രമം (Schizophrenia) ഉണ്ടാകുന്നതു്. എന്താണു് സൂപ്പർ ഈഗോ (Super ego)? അഞ്ചാറു വയസ്സാകുന്നതോടെ ഒരു കുട്ടിയുടെ മനസ്സിൽ ചില നിയമങ്ങളും നിബന്ധനകളും കയറിപ്പറ്റും. ഇവയിൽ മിക്കവയും വ്യക്തിയുടേയും സമൂഹത്തിന്റേയും ഭദ്രതയ്ക്കാവശ്യമായ സാന്മാർഗ്ഗിക നിയമങ്ങളാണു്. ചിലതു് യുക്തിരഹിതമായ ദുരാചാരങ്ങളായിരിക്കും. ഇവയൊക്കെ ഒരു കുട്ടിയുടെ മനസ്സിലേയ്ക്കു് പുറമേനിന്നു വരുന്നവയാണു്. നിയങ്ങളുടെയും നിബന്ധനകളുടെയും ആദർശങ്ങളുടെയും സമുച്ചയമാണു് സൂപ്പർ ഈഗോ.

സമഗ്രതയുള്ള ഒരു വ്യക്തിയിൽ ഈദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ മൂന്നു ഘടകങ്ങളും സമഞ്ജസമായി പ്രവർത്തിക്കും. ഈദ് ആസക്തികളുടെ സമുച്ചയമാണല്ലോ. ഈദി

malankaralibrary.com

ന്റെ പ്രവർത്തനങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നതു് സൂപ്പർ ഈഗോ ആണു്. സൂപ്പർ ഈഗോ ഒരു വ്യക്തിയിൽ ഒട്ടും വളർന്നിട്ടില്ലെന്നു കരുതുക. അയാൾ തോന്ന്യാസക്കാരനാകും. ഈദ് തന്നിഷ്ടംപോലെ പ്രവർത്തിക്കാൻ തുടങ്ങും. കളവു്, ലൈംഗികകുറ്റങ്ങൾ തുടങ്ങിയ അക്രമങ്ങൾ ചെയ്യുന്ന ഈദിനെ നിയന്ത്രിക്കാൻ സൂപ്പർഈഗോയ്ക്കു കഴിയാത്ത അവസ്ഥയാണിതു്.

സൂപ്പർ ഈഗോ ഒട്ടും വളരാത്തവരാണു് കുറവാളികൾ (sociopaths) ആയിത്തീരുന്നതു്. ഇനി സൂപ്പർ ഈഗോ അതിശക്തമായി പ്രവർത്തിക്കുന്നെന്നു കരുതുക. ഈദിന്റെ ചെറിയൊരു ചലനത്തെ പാപമാണെന്നു് ചിന്തിക്കുന്നവരെ കണ്ടിട്ടില്ലേ? സംശയപ്രകൃതി (Scrupulous) ക്കാരായ ഇവരുടെ സൂപ്പർ ഈഗോ ഹൈപ്പർ വിജിലൻറാണു്. കുറവാളികളിൽ സൂപ്പർഈഗോയുടെ അഭാവമാണെങ്കിൽ, തൊട്ടതൊക്കെ തെറ്റാണെന്നു കരുതുന്നവരിൽ സൂപ്പർ ഈഗോയുടെ അതിപ്രസരമാണുള്ളതു്. ഈഗോയുടെ മുഖ്യധർമ്മം ഈദിന്റേയും സൂപ്പർ ഈഗോയുടെയും ഇടയ്ക്കുനിന്നു് രണ്ടുകൂട്ടർക്കും സ്വീകാര്യമായ യാഥാർത്ഥ്യബോധത്തോടുകൂടിയ പെരുമാറ്റരീതി ഉളവാക്കലാണു്. ഈദിനെ പൂർണ്ണമായി നശിപ്പിച്ചാൽ മനുഷ്യത്വം ഇല്ലാതാകും. ആസക്തികളും അഭിനിവേശങ്ങളുമില്ലാതാകും. സൂപ്പർ ഈഗോ എപ്പോഴും ഈദിനെ അടിച്ചമർത്താനാണു് ശ്രമിക്കുക. ഈദിനെ കയറൂരിവിട്ടാൽ മനുഷ്യൻ കാട്ടാളനാകും. സൂപ്പർ ഈഗോ അമിതമായാൽ അടിച്ചമർത്തപ്പെട്ട അഭിനിവേശങ്ങൾ പ്രശ്നം സൃഷ്ടിക്കും. ഈദിന്റെയും സൂപ്പർ ഈഗോയുടെയും ഇടയ്ക്കു മദ്ധ്യസ്ഥനായിനിന്നു് നമ്മുടെ മനുഷ്യപ്രകൃതിയ്ക്കു സ്വീകാര്യമായ പെരുമാറ്റരീതി കാഴ്ചവയ്ക്കാൻ സഹായിക്കുന്നതു് ഈഗോ ആണു്. ചുരുക്കത്തിൽ ഈദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ മൂന്നുഘടകങ്ങളും ആനുപാതികമായി വികസിച്ചിട്ടുള്ള വ്യക്തി മാനസികാരോഗ്യമുള്ള ആളായിരിക്കും.

വ്യക്തിത്വവികാസത്തിന്റെ മൂന്നു് വശങ്ങളാണു് നാം ചർച്ച ചെയ്തതു്: ശാരീരിക-മാനസിക വികാസം, ഈഡിപ്പസ് കോംപ്ലെക്സ് കൈകാര്യം ചെയ്യൽ, വ്യക്തിത്വഘടനയുടെ വികാസം. വ്യക്തിത്വവികാസത്തിന്റെ എല്ലാ വശങ്ങളും ഇതിൽ ഉൾപ്പെടുന്നില്ല. വ്യക്തിത്വവികാസത്തെ സ്വാ

malankaralibrary.com

ധീനിക്കുന്ന സാമൂഹികവും, മതപരവും സാംസ്കാരികവുമായ ഒട്ടേറെ ഘടകങ്ങളും ഇനിയുമുണ്ട്.

കുട്ടികളുടെ മാനസികവളർച്ചയെ സ്വാധീനിക്കുന്നതു് മുഖ്യമായും മാതാപിതാക്കളാണു്. മാതാപിതാക്കളുടെ അറിവില്ലായ്മയാണു് കുട്ടികളുടെ പെരുമാറ്റവൈകൃതങ്ങൾക്കു കാരണമെന്നു് ഈ ചർച്ചയിൽനിന്നു തെളിയുന്നു. ഇതിന്റെ അർത്ഥമെന്താണു്? മാതാപിതാക്കളെ പഴിചാരി സ്വയം തിരുത്തേണ്ട ചുമതലയില്ലെന്നു് കുട്ടികൾക്കു തീരുമാനമെടുക്കാമെന്നാണോ? തങ്ങളുടെ ഇപ്പോഴത്തെ ദുരവസ്ഥയ്ക്കു കാരണം മാതാപിതാക്കളാണെന്നു ചിന്തിച്ചു് തങ്ങൾക്കൊന്നും ചെയ്യാനില്ലെന്നു് ചിന്തിക്കാനല്ല കുട്ടിക്കാലത്തെ അനുഭവങ്ങളെക്കുറിച്ചു് ബോധവാന്മാരാകുന്നതു്. സ്വയാവബോധം (awareness) രോഗശാന്തിദായകമാണു്. ഇന്നു് ഞാൻ അധികാരികളെ വെറുക്കുന്നതിന്റെ കാരണം എന്റെ അച്ഛനോടുള്ള വെറുപ്പു് എന്നിൽ തുടരുന്നതുകൊണ്ടാണു് എന്ന അവബോധംതന്നെ സ്വാതന്ത്ര്യദായകമല്ലേ? മിക്ക കുട്ടികൾക്കും തങ്ങളുടെ പെരുമാറ്റവൈകല്യത്തിന്റെ കാരണം അറിവില്ല. സ്വയം നോക്കിക്കാണുകയും പെരുമാറ്റവൈകല്യത്തിന്റെ കാരണം കണ്ടെത്തുകയും ചെയ്യുന്നതുതന്നെ പരിവർത്തനമുളവാക്കും. അവബോധമില്ലാത്ത കാര്യങ്ങളാണു് നമ്മെ നയിക്കുന്നതു് (Things of which we are not aware control us) എങ്കിൽ അവയെക്കുറിച്ചു് അവബോധമുണ്ടാവുക തന്നെയാണു് വളരാനുള്ള ഏകമാർഗ്ഗം. മാതാപിതാക്കളെയും വളർന്നുവന്ന സാഹചര്യങ്ങളെയും പഴിചാരുന്നവർ യഥാർത്ഥ സ്വയാവബോധത്തിൽനിന്നു് ഒഴിഞ്ഞുമാറുന്നവരാണു്. ഉത്തരവാദിത്വത്തിൽനിന്നു് ഒഴിഞ്ഞുമാറുന്ന ഒരുതരം മാനസികഅടവു് (defence mechanism) ആണു് പഴിചാരൽ.

എറിക്സൺ

എറിക് എറിക്സൺ (Erik Erikson) വ്യക്തിത്വവികസനത്തെ എട്ടു ഘട്ടങ്ങളായി തിരിക്കുന്നു. ഫ്രോയിഡിന്റെ സിദ്ധാന്തത്തിൽ കൗമാരദശയോടെ വ്യക്തിത്വവികാസം അവസാനിക്കുമ്പോൾ എറിക്സന്റെ ദൃഷ്ടിയിൽ ഒരു വ്യക്തി മരണംവരെ വികസിച്ചുകൊണ്ടിരിക്കുന്നു. എറിക്സൺ വി

malankaralibrary.com

ശദമാക്കുന്ന വ്യക്തിത്വവികാസത്തിന്റെ എട്ട് ഘട്ടങ്ങളുടെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുക ഈ ലേഖനത്തിന്റെ പരിധിയിൽ പെടുന്നില്ല. മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടേണ്ട ഏതാനും കാര്യങ്ങൾ എടുത്തുകാട്ടാം.

എറിക്സൺ പറയുന്നു ഓരോ ശിശുവും ജീവിതത്തിന്റെ ആരംഭഘട്ടത്തിൽത്തന്നെ വിശ്വാസപരീക്ഷണത്തിനു വിധേയനാകുന്നുവെന്ന്. എന്നുവച്ചാൽ, ഒരു ശിശുവിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്ന സാഹചര്യമാണ് അതു ജനിക്കുമ്പോൾത്തന്നെ ഉള്ളതെങ്കിൽ അതു സാഹചര്യങ്ങളെ വിശ്വസിക്കാൻ തുടങ്ങും. മൗലികമായ ഈ വിശ്വാസം (basic trust) വ്യക്തിത്വവികസനത്തിനു് അടിത്തറ പാകുന്നു. ശിശുവിനു് വിശക്കുമ്പോൾ പാലൂട്ടുകയും വൃത്തികേടാകുമ്പോൾ പരിചരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ ആ ശിശുവിൽ ആത്മവിശ്വാസം വളർത്തും. പ്രസ്തുത ശിശു തന്നെത്തന്നെയും മാതാപിതാക്കളെയും ലോകത്തെയും വിശ്വസിക്കാൻ തയ്യാറാകും. പരിചരണം കിട്ടാതെ വളരുന്ന കുട്ടി തന്നെത്തന്നെയും മറ്റുള്ളവരെയും അവിശ്വസിക്കും.

ഒന്നര വയസ്സുവരെയാണ് ശൈശവം. ഒന്നര മുതൽ നാലുവരെ ബാല്യകാലത്തിന്റെ ആദ്യഘട്ടമാണ്. ശൈശവകാലത്തു് മൗലികമായ വിശ്വാസ(basic trust)ത്തിൽ വളർന്നുവന്ന കുട്ടി ബാല്യകാലത്തിൽത്തന്നെ ആത്മധൈര്യം പ്രകടമാക്കും. അവൻ ആത്മാഭിമാനത്തോടെ കൂട്ടുകാരുടെയിടയിൽ ഓരോ കാര്യത്തിനും മുൻകൈ എടുക്കാൻ തുടങ്ങും.

നാലുമുതൽ ആറുവയസ്സുവരെ ബാല്യകാലത്തിന്റെ മദ്ധ്യഘട്ടവും ആറുമുതൽ പതിനൊന്നുവരെ ബാല്യകാലത്തിന്റെ അന്തിമഘട്ടവുമാണ്. ശൈശവകാലത്തു് ആത്മവിശ്വാസം വളർത്താൻ പറ്റിയ സാഹചര്യങ്ങൾ ലഭിച്ച കുട്ടി ബാല്യത്തിന്റെ അവസാനത്തോടെ സ്വാഭിമാനവും ആത്മധൈര്യവും ആർജ്ജിക്കുന്നു. മറിച്ചു് ശൈശവകാലത്തുതന്നെ അവഗണന ലഭിക്കുന്ന കുട്ടി ബാല്യകാലത്തു് അപകർഷതാബോധത്തിനും അപര്യാപ്തതാബോധത്തിനും അടിമയാകുന്നു.

malankaralibrary.com

പന്ത്രണ്ടു വയസ്സുമുതൽ പത്തൊമ്പതു വയസ്സുവരെ കൗമാരദശയാണു്. എറിക്സന്റെ ദൃഷ്ടിയിൽ വ്യക്തിത്വപ്പുഴുക്കുയുടെ നിർണ്ണായകമായ ഘട്ടം ഇതാണു്. ഓരോ കുമാരനും (കുമാരിയും) മൗലികമായ ഒരു ചോദ്യം സ്വയം ചോദിക്കുന്നുണ്ടു്: 'ആരാണീ ഞാൻ?' ശൈശവകാലം മുതൽ സ്നേഹവും അംഗീകാരവും കിട്ടുന്ന കുമാരൻ ഈ ചോദ്യത്തിനു നിഷ്പ്രയാസം ഉത്തരം കണ്ടെത്തുന്നു. അപകർഷതാബോധത്തിനു് അടിമയായ കുമാരനു് 'ഞാനാരു്?' എന്ന ചോദ്യത്തിനുത്തരം കണ്ടെത്താൻ കഴിയുകയില്ല. താനാരെന്നു് കണ്ടെത്താൻ കഴിയാത്ത കുമാരൻ അനുഭവിക്കുന്ന മനോവ്യഥയെ എറിക്സൺ 'ഐഡെൻറിറ്റി ക്രൈസിസ്' (identity crisis) എന്നു വിളിക്കുന്നു. ഈ പ്രതിസന്ധിയാണു് പല കുമാരന്മാരും നേരിടുന്ന വൈതരണി. താനാരെന്നു് കണ്ടെത്താൻ കഴിയാത്തവർ ചിന്താക്ഷയപ്പത്തിനും നിരാശയ്ക്കും അടിമകളാകുന്നു. ഇവരാണു് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുറകേ പോകുന്നതു്.

കൗമാരദശ വ്യക്തിത്വവികസനത്തിന്റെ അഞ്ചാംഘട്ടമാണു്. ഓരോ വ്യക്തിയും തന്റെ വ്യക്തിത്വത്തിന്റെ തനിമ കണ്ടെത്തുന്ന ഘട്ടം. യൗവനം, മദ്ധ്യവയസ്സു്, അവസാനഘട്ടം എന്നിവയാണു് ആറും ഏഴും എട്ടും ഘട്ടങ്ങൾ. ഒരു ജോലി കണ്ടെത്തുക, ഒരു ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുക, ക്രിയാത്മകമായി ജീവിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ ഘട്ടത്തിൽ നടക്കുന്നു. ശൈശവം, ബാല്യകാലം, കൗമാരം എന്നീ ഘട്ടങ്ങളെ ആരോഗ്യകരമായി തരണം ചെയ്യുന്ന വ്യക്തികൾക്കു് പിന്നീടുള്ള ജീവിതഘട്ടങ്ങളിൽ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല.

കുട്ടികളെ വളർത്തുന്നവർക്കു് എറിക്സന്റെ ഉൾക്കാഴ്ചകൾ ഏറെ സഹായകമാണു്. അപകർഷതാബോധം, ആത്മധൈര്യമില്ലായ്മ, തുടങ്ങിയ മാനസികാസ്വാസ്ഥ്യങ്ങൾ നമ്മുടെ കുമാരീകുമാരന്മാരെ അലട്ടുന്നുണ്ടെങ്കിൽ അവരുടെ ചെറുപ്രായത്തിൽ അവർക്കു് വേണ്ടത്ര പരിചരണവും അംഗീകാരവും കിട്ടാത്തതാകാം കാരണം. കുട്ടികളെ വളർത്തുമ്പോൾ ശാസ്ത്രീയമായ നിലപാടു് സ്വീകരിക്കണമെന്നതാണു് എറിക്സന്റെ പഠനങ്ങൾ തെളിയിക്കുന്നതു്.

malankaralibrary.com

ലോറൻസ് കോൾബെർഗ്

മനുഷ്യന്റെ സാന്മാർഗ്ഗികവളർച്ചയെക്കുറിച്ച് ലോറൻസ് കോംബെർഗ് (Kohlberg) നല്കുന്ന ഉൾക്കാഴ്ചകളും ശ്രദ്ധേയമാണ്. സാന്മാർഗ്ഗികതയുടെ വികസനത്തിന് മൂന്നു ഘട്ടങ്ങളുണ്ട്. ഒരു കുട്ടി തിന്മചെയ്യാതിരിക്കുന്നതും നന്മ ചെയ്യുന്നതും ശിക്ഷയെ ഭയന്നാണ്. സന്മാർഗ്ഗം എന്നു വച്ചാൽ എന്താണെന്നു കൊച്ചുകുട്ടികൾക്കറിഞ്ഞുകൂടാ. തെറ്റു ചെയ്താൽ ശിക്ഷകിട്ടും. ഈ ഭയം അവരെ നയിക്കുന്നു. ഈ ഘട്ടത്തെ 'പ്രീ കൺവെൻഷനൽ സ്റ്റേജ്' എന്നു കോംബെർഗ് വിളിക്കുന്നു.

എല്ലാവരും ചെയ്യുന്നതുപോലെ താനും ചെയ്യുന്നു എന്നു ചിന്തിക്കുന്ന വ്യക്തി രണ്ടാംഘട്ടത്തിലാണ്. ഞായറാഴ്ചദിവസങ്ങളിൽ പള്ളിയിൽ പോയില്ലെങ്കിൽ നാട്ടുകാർ എന്തു പറയും? മറ്റുള്ളവരെപ്പോലെ ആയില്ലെങ്കിൽ താൻ ഒറ്റപ്പെട്ടുകയില്ലേ? ഈ മാനസികാവസ്ഥ സാന്മാർഗ്ഗികതയുടെ രണ്ടാം ഘട്ടമാണ്. ഇതു 'കൺവെൻഷനൽ സ്റ്റേജ്' എന്നറിയപ്പെടുന്നു.

സ്വന്തം തീരുമാനമനുസരിച്ച് തെറ്റു ചെയ്യാതിരിക്കുകയും നന്മ ചെയ്യുകയും ചെയ്യുന്ന ഘട്ടമാണ് മൂന്നാംഘട്ടം. ഇവിടെ ഭയമല്ല, തീരുമാനമെടുക്കാനുള്ള കഴിവാണ് വ്യക്തികളെ നയിക്കുന്നതു്. ഞാൻ പള്ളിയിൽ പോകുന്നതു ശിക്ഷയെ ഭയന്നല്ല, മറ്റുള്ളവർ പോകുന്നതുകൊണ്ടുമല്ല, മാനസിക–ആദ്ധ്യാത്മികവളർച്ചയ്ക്കു വേണ്ടിയാണ്. സാന്മാർഗ്ഗികതയുടെ ഉന്നതപടി ഇതാണ്. ഈഘട്ടം 'പോസ്റ്റ് കൺവൻഷനൽ സ്റ്റേജ്' എന്നറിയപ്പെടുന്നു.

കോംബെർഗിന്റെ ഉൾക്കാഴ്ചകളും കുട്ടികളുടെ വളർച്ചയെ സഹായിക്കുന്നവർക്കു വെളിച്ചംനൽകുന്നുണ്ട്. ശിക്ഷയെ ഭയന്നു മാത്രം ജീവിക്കുന്ന വ്യക്തി സാന്മാർഗ്ഗികതയുടെ ആദ്യഘട്ടത്തിൽത്തന്നെ നിലയ്ക്കുന്നു. നരകത്തിൽ പോകുമെന്നു ഭയന്നു് നന്മ ചെയ്യുന്നവർ നിത്യശിശുക്കളാണ്. സ്വയം തീരുമാനമെടുക്കുവാനുള്ള കഴിവാണല്ലോ വ്യക്തിത്വത്തിന്റെ അന്തഃസത്ത. നന്മ ചെയ്യുന്നതും തിന്മ ചെയ്യാതിരിക്കുന്നതും പുറമേ നിന്നുള്ള സമ്മർദ്ദംകൊണ്ടാവരുതു്. സ്വന്തം തീരുമാനത്തിന്റെ ഫലമായിരിക്കണം നമ്മുടെ സാന്മാർഗ്ഗികത.

malankaralibrary.com

വ്യക്തിത്വവികാസത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചുള്ള ഈ ചർച്ച ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. വളർച്ചയ്ക്ക് വിവിധ ഘട്ടങ്ങളുണ്ട്, ഓരോ ഘട്ടത്തിനും അതിന്റേതായ വെല്ലുവിളികളും പ്രശ്നങ്ങളുമുണ്ട്. വളർന്നുവരുന്ന ഒരു കുട്ടിയോടുള്ള മുതിർന്നവരുടെ സമീപനംപോലെയായിരിക്കും അവന്റെ ഭാവി. ഓരോ ഘട്ടത്തിലും ഒരു കുട്ടിക്ക് നേരിടാനുള്ള വെല്ലുവിളികളെ തരണംചെയ്യാൻ സഹായകമായിരിക്കണം മുതിന്നവരുടെ സമീപനം. തെറ്റായ സമീപനം താറുമാറായ വ്യക്തിത്വമുള്ളവരെ സൃഷ്ടിക്കും. ഫലപ്രദമായ സമീപനത്തിനു് ശാസ്ത്രീയത ആവശ്യമാണു്. മാറിവരുന്ന സാഹചര്യങ്ങളിൽ ജീവിക്കേണ്ട മക്കളെ വളർത്തുമ്പോൾ ഈ മനഃശാസ്ത്രനിഗമനങ്ങളും ഓർത്തിരിക്കുന്നതു നല്ലതാണു്. ○

malankaralibrary.com

2

വ്യക്തികളും ആശയവിനിമയവും

സ്നേഹത്തിനോ സംരക്ഷണത്തിനോ സൗകര്യത്തിനോവേണ്ടി ഒന്നിച്ചു ജീവിക്കുന്ന സമൂഹജീവിയാണല്ലോ മനുഷ്യൻ. പരസ്പരം അറിയാതെയും ബന്ധപ്പെടാതെയും ആശയവിനിമയം ചെയ്യാതെയും ജീവിക്കുക സമൂഹജീവിയായ മനുഷ്യനു സാദ്ധ്യമല്ല. സമൂഹത്തിലും കുടുംബത്തിലുമാണ് ഈ ബന്ധപ്പെടലും ആശയങ്ങളുടെ കൊടുക്കൽവാങ്ങലും നടക്കുക. പരസ്പരബന്ധം ഏറെറം ഗാഢമായും അനിവാര്യമായും നിലവിലിരിക്കുന്നതു കുടുംബത്തിലാണ്. ഒരു മേൽക്കൂരയ്ക്കു താഴെ ജീവിക്കുന്നവർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടക്കാതെ വയ്യ. മാനസികൈക്യമോ സംഘർഷമോ ആയിരിക്കും ഈ ആശയവിനിമയത്തിന്റെ പരിണതഫലം.

തനതായ വ്യക്തിത്വമുള്ളവരാണ് മനുഷ്യരെല്ലാവരും. അതുകൊണ്ടുതന്നെ കുടുംബത്തിൽ ഈ വ്യക്തിത്വങ്ങളുടെ ഉരസൽ അനിവാര്യമാണ്. അതു സൃഷ്ടിപരമോ നിഷേധാത്മകമോ ആയ ഫലങ്ങളും ഉളവാക്കും. മനുഷ്യന്റെ സഹവാസം സുഗമമാക്കുന്ന പ്രധാനപ്പെട്ട ഘടകമാണ് വ്യക്തികളുടെ മാനസി

malankaralibrary.com

കൈകൃം. എന്നാൽ ഒന്നിച്ചുവസിക്കുന്ന വ്യക്തികളുടെ പൊരുത്തക്കേടുകളും മാത്സര്യബുദ്ധിയും സംഘർഷത്തിനു വഴിയൊരുക്കുന്നു. ഒരാളുടേതിൽനിന്നു വ്യത്യസ്തമായ താത്പര്യങ്ങളും ബോദ്ധ്യങ്ങളും സ്വഭാവപ്രത്യേകതകളും മറ്റുള്ളവക്കുള്ളതായി കണ്ടേക്കാം. അതുപോലെ, സുരക്ഷിതത്വവും സ്നേഹവും കാംക്ഷിക്കുന്ന ഒരാംക്കു സഹവാസിയിൽനിന്നു കിട്ടുന്നതു ശത്രുതയും അസൂയയുമാകാം. അപ്പോഃ സംഘർഷമുണ്ടാകുന്നു.

വ്യക്തികഃം ഏറ്റവും ഗാഢമായി ബന്ധപ്പെട്ട ജീവിക്കുന്ന കുടുംബത്തിൽ വ്യക്തിബന്ധങ്ങഃം എങ്ങനെ ഹൃദ്യമാക്കാമെന്നും സംഘർഷങ്ങളെ എങ്ങനെ സൃഷ്ടിപരമായി കൈകാര്യം ചെയ്തു വ്യക്തികളുടെ വളർച്ചയ്ക്കും നന്മയ്ക്കുമായി പരിവർത്തനം ചെയ്യിക്കാമെന്നും മനസ്സിലാക്കേണ്ടതാവശ്യമാണ്. ആശയവിനിമയത്തെപ്പറ്റി ചിന്തിക്കുന്നതിനു ആമുഖമായി വ്യക്തികഃം തമ്മിലുള്ള അനുരൂപ്യ(compatibility)ത്തെപ്പറ്റിയും സംഘർഷത്തെ(conflict)പ്പറ്റിയും മനസ്സിലാക്കേണ്ടതുണ്ട്. ആനുരൂപ്യംതന്നെ എല്ലായ്പോഴും നല്ലതായിക്കൊള്ളണമെന്നില്ല. സംഘർഷം ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്ന പക്ഷം മെച്ചപ്പെട്ട തീരുമാനങ്ങഃംക്കും സൃഷ്ടിപരമായ സമീപനങ്ങഃംക്കും അതു വഴി തെളിക്കുമെന്നു ആധുനികഗവേഷകന്മാർ ചൂണ്ടിക്കാട്ടുന്നു.

സംഘർഷങ്ങൾ പരിഹരിക്കാൻ

സമൂഹജീവിയായ മനുഷ്യൻ അനുദിനം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതുകൊണ്ടു അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളുടെ ആവശ്യകതയെപ്പറ്റിയുള്ള ബോദ്ധ്യവും അവനുണ്ട്. പ്രശ്നപരിഹാരത്തിനു ഇന്നത്തെ മനുഷ്യൻ പ്രധാനമായി നാലു മാർഗ്ഗങ്ങളാണു അവലംബിക്കുക. ഒന്നു ശാരീരികമായ ബലപ്രയോഗം. സാഹചര്യങ്ങളെ തനിക്കു ഇഷ്ടപ്പെട്ട രീതിയിൽ പരിവർത്തനം ചെയ്യിക്കാൻ വേണ്ടി ഒരാം മറ്റുള്ളവരെ ഭീഷണിപ്പെടുത്തുന്നു, കവർച്ച നടത്തുന്നു, ചിലപ്പോഃ മറ്റൊരാളെ വധിക്കുന്നു. അങ്ങനെ കുറ്റകൃത്യങ്ങളുടെയും യുദ്ധങ്ങളുടെയും ചരിത്രമുണ്ടാകുന്നു. പ്രശ്നപരിഹാരത്തിനുള്ള രണ്ടാമത്തെ മാർഗ്ഗം

malankaralibrary.com

ആദ്ധ്യാത്മികതയാണു്. തന്റെ കഴിവിലൊതുങ്ങാത്ത കാര്യങ്ങൾക്കായി ഉപരിശക്തിയുടെ–ദൈവത്തിന്റെ–സഹായം തേടുന്നു. അങ്ങനെ പ്രാർത്ഥനയുടെയും മതത്തിന്റെയും പ്രസക്തി സംജാതമാകുന്നു. മൂന്നാമത്തെ വഴി ഉപദേശംതേടലാണു്–കൗൺസലിംഗ്. പ്രശ്നപരിഹാരത്തിനു മറ്റൊരു വ്യക്തിയുടെ സഹായം തേടുന്നു–മനഃശാസ്ത്രജ്ഞന്റെയോ, വൈദികന്റെയോ, മറ്റു വിദഗ്ദ്ധരുടെയോ സഹായം. നാലാമത്തെ മാർഗ്ഗമാകട്ടെ പ്രശ്നവുമായി ബന്ധപ്പെട്ട വ്യക്തികളെ നേരിട്ടു പരസ്പരം ആശയവിനിമയം നടത്തുന്നതാണു്. ഇതിൽ ഒരാൾ മറ്റുള്ളവരിൽ പ്രേരണചെലുത്തുകയോ, അവരുമായി വാഗ്വാദം നടത്തുകയോ, അവരുടെ ആശയഗതി മനസ്സിലാക്കി സ്വന്തം ആശയങ്ങളുമായി പൊരുത്തപ്പെടുത്തി മാനസികൈക്യത്തിലെത്തുകയോ ചെയ്യുന്നു.

ഈ നാലു രീതികളിൽ ഏതാണു് ഏറ്റവും മെച്ചപ്പെട്ട പ്രശ്നപരിഹാരമാർഗ്ഗമെന്നു ചിന്തിക്കുന്നതിലർത്ഥമില്ല. പ്രശ്നപരിഹാരത്തിനു പലപ്പോഴും ഒന്നിലധികം മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും. പ്രശ്നത്തിന്റെ സ്വഭാവമനുസരിച്ചുവേണം പരിഹാരമാർഗ്ഗം തീരുമാനിക്കാൻ.

ആശയവിനിമയം എങ്ങനെ?

ആധുനികപഠനങ്ങളുടെ വെളിച്ചത്തിൽ കുടുംബത്തിലെ ആശയവിനിമയം ഒന്നു വിശകലനം ചെയ്യാം. ഒരാളുടെ ആശയം വാചികമായോ അല്ലാതെയോ മറ്റൊരാൾക്കു ലഭിക്കുന്നു. പ്രസ്തുത വ്യക്തി ആ സന്ദേശത്തിനു പ്രാധാന്യം കല്പിക്കുകയോ അതിനെ അവഗണിക്കുകയോ ചെയ്യുന്നു. അങ്ങനെ ഏതെങ്കിലും തരത്തിലുള്ള പ്രതികരണമുണ്ടാകുന്നു. ഇതാണു് ആശയവിനിമയത്തിന്റെ ഗതി. കുടുംബത്തിൽ ഇതു ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലുമൊക്കെ എപ്പോഴും നടക്കുന്നു.

ആശയവിനിമയത്തിന്റെ അഭാവംമൂലവും ആശയവിനിമയരീതിയിലെ അപാകതകൾമൂലവും കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇതിനു കാരണമായി ഭവിക്കുന്ന ഒരു പശ്ചാ

malankaralibrary.com

ത്തലമുണ്ട്. കുടുംബത്തിലെ ഓരോ വ്യക്തിക്കും തനതായ വ്യക്തിത്വവും ചിന്താരീതിയുമാണല്ലോ ഉള്ളത്. പരസ്പരം ആശയവിനിമയം ചെയ്യുന്ന ഈ വ്യക്തികളുടെ മനസ്സിന്റെയുള്ളിൽ അഭിപ്രായങ്ങളുടെയും, ആശയങ്ങളുടെയും, തീരുമാനങ്ങളുടെയും ഒരു കമ്മ്യൂണിക്കേഷൻ നടക്കുന്നുണ്ട്. ഇങ്ങനെ ഓരോരുത്തരുടെയും ഉള്ളിൽ നടക്കുന്ന കമ്മ്യൂണിക്കേഷന്റെ പ്രതികരണം ചിലപ്പോൾ സംഘർഷങ്ങൾക്ക് കാരണമാകുന്നു.

സംഘർഷപശ്ചാത്തലം

(1) ഒരു വ്യക്തിക്ക് തന്നെപ്പറ്റിയുള്ള ധാരണപോലെ മറ്റു വ്യക്തികളെപ്പറ്റിയും ചില ധാരണകൾ കാണും. ഭാര്യാഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കന്മാരും മക്കളും തമ്മിലുമെല്ലാം ഈ പരസ്പരവീക്ഷണമുണ്ട്. കുടുംബത്തിലെ ഒരംഗത്തിനു് മറ്റൊരംഗത്തെപ്പറ്റിയുള്ള-ഉദാഹരണത്തിനു് ഭാര്യയ്ക്ക് ഭർത്താവിനെപ്പറ്റിയുള്ള-വീക്ഷണവും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തമില്ലാതെ വരുമ്പോൾ സംഘർഷമുണ്ടാകുന്നു. അതു് സാധാരണ മൂന്നുതരത്തിലാണു സംഭവിക്കുക. ഒന്നാമതു്, മറ്റു വ്യക്തിയിൽനിന്നു പ്രതീക്ഷിക്കുന്ന കാര്യങ്ങൾ പ്രായോഗികമാകാതെ വരുമ്പോൾ. ഉദാ: ഭർത്താവു് സ്നേഹമുള്ള, ക്ഷമിക്കുന്ന, പരിഗണനയോടെ പെരുമാറുന്ന ആളായിരിക്കണമെന്ന ഭാര്യയുടെ പ്രതീക്ഷ സഫലമായില്ലെങ്കിൽ അതു സംഘർഷത്തിനു കാരണമാകാം. രണ്ടാമതു്, ഭയപ്പെടുന്നതു സംഭവിക്കുമ്പോൾ. ഉദാ: ഭാര്യ സ്വാർത്ഥമതിയോ ആഡംബരപ്രിയയോ ആയിരിക്കരുതെന്ന ഭർത്താവിന്റെ ചിന്താഗതിക്കു വിരുദ്ധമായി സംഭവിച്ചാൽ അതു സംഘർഷത്തിനു വഴിയൊരുക്കുന്നു. മൂന്നാമതു് മറ്റേയാൾക്കു നമ്മെപ്പറ്റിയുള്ള വീക്ഷണം അഥവാ ധാരണ നമ്മുടെ ധാരണയിൽനിന്നു വ്യത്യസ്തമാകുമ്പോൾ. മക്കൾ അപ്പനെ സ്നേഹമുള്ളയാളും വിശാലഹൃദയനുമായിട്ടല്ലാതെ, കർക്കശനും സ്വാർത്ഥനുമായിട്ടാണു ധരിച്ചുവച്ചിരിക്കുന്നതെന്നു് അപ്പൻ അറിയുമ്പോൾ അതു സംഘർഷത്തിനു കളമൊരുക്കും.

മേല്പറഞ്ഞ ആശയസംഘർഷങ്ങൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ അതു നിരാശയ്ക്കു വഴിയൊരുക്കുന്നു. നിരാശ

malankaralibrary.com

വ്യക്തികളും തമ്മിലുള്ള വെറുപ്പായും, വെറുപ്പ് ശത്രുതയായും ശത്രുത ബന്ധശൈഥില്യമായും വളരുന്നു. ഇതിന്റെയെല്ലാം ഫലമായി കുടുംബത്തിൽ പ്രശ്നങ്ങളും പടിപടിയായി വർദ്ധിച്ചുവരികയും ചെയ്യുന്നു.

(2) സംഘർഷത്തിനുള്ള അടുത്ത പശ്ചാത്തലം കുടുംബത്തിലെ വ്യക്തികളുടെതന്നെ റോളും അഥവാ പദവിയാണ്. ഒരാളുടെ റോളും എപ്പോഴും മറ്റൊരാളുടെ റോളുമായി ബന്ധപ്പെട്ടതാണല്ലോ. ഭാര്യയുടെയും ഭർത്താവിന്റെയും റോളും, മാതാപിതാക്കന്മാരുടെയും മക്കളുടെയും റോളും, അമ്മായിയമ്മയുടെയും മരുമകളുടെയും റോളും എന്നിങ്ങനെ ഓരോരുത്തർക്കുമുള്ള ഈ റോളുമായി ബന്ധപ്പെട്ട ചില ഉത്തരവാദിത്വങ്ങളും പ്രതീക്ഷകളും മറ്റു വ്യക്തികളോടുള്ള പെരുമാറ്റരീതിയുമൊക്കെയുണ്ട്. ഉദാഹരണത്തിന്, ഭാര്യാഭർത്താക്കന്മാർ പരസ്പരം വിശ്വസ്തത പാലിക്കുമെന്ന പ്രതീക്ഷ, മാതാപിതാക്കളുടെ ഉത്തരവാദിത്വം, മക്കളുടെ കടമകൾ തുടങ്ങിയവ. ഇവ അനുവർത്തിക്കപ്പെടുന്നില്ലെങ്കിൽ വ്യക്തിബന്ധങ്ങളിൽ സംഘർഷമുണ്ടാകും. ബന്ധപ്പെട്ട വ്യക്തികളുടെ മനസ്സു വ്രണപ്പെടുന്നു, ചിലപ്പോൾ അവർ അവഹേളിക്കപ്പെടുന്നു; അവർക്ക് അസന്തുഷ്ടിയുണ്ടാകുന്നു, കോപാവേശത്തിനുപോലും ഇടയാകുന്നു. ബന്ധശൈഥില്യമായിരിക്കും ഇതിന്റെയും അനന്തരഫലം.

പ്രതീക്ഷകൾ സഫലമാകാതിരിക്കുമ്പോൾ ചിലപ്പോൾ വ്യക്തികൾ പുതിയ പ്രതീക്ഷകൾ കരുപ്പിടിച്ചെന്നിരിക്കാം. 'മേലിൽ ഒരിക്കലും സംഭവിക്കരുത്' അല്ലെങ്കിൽ 'ഇനി നമുക്ക് ഇങ്ങനെയാകാം' എന്നിങ്ങനെയുള്ള തീരുമാനങ്ങളിലെത്തുകയും പരസ്പരബന്ധം മെച്ചപ്പെടുകയും ചെയ്യുന്നു.

കുടുംബത്തിലെ റോളുകൾക്ക് നിരന്തരം വ്യതിയാനം വന്നുകൊണ്ടിരിക്കും എന്ന വസ്തുതയും മനസ്സിലാക്കിയിരിക്കണം. മകൻതന്നെ സഹോദരനും പിന്നീട് ഭർത്താവും, കാലക്രമേണ പിതാവും ആകുമല്ലോ. തത്ഫലമായി ഉത്തരവാദിത്വവും പ്രതീക്ഷകളുമെല്ലാം പരിണാമവിധേയമാകുന്നു. കൊച്ചുകുട്ടികളായ മക്കൾ മാതാപിതാക്കന്മാർ പറയുന്നതുപോലെ ചെയ്യുന്നു. എന്നാൽ ആ മാതാപിതാക്കൾ വൃദ്ധരാകുമ്പോൾ മക്കൾ പറയുന്നതുപോലെ ചെയ്യേണ്ട സാഹചര്യമുണ്ടാകും. മാറുന്ന റോ

malankaralibrary.com

ളുകളുടെ സ്വഭാവം ഉൾക്കൊണ്ടു് മനോഭാവത്തിലും സമീപനത്തിലും പെരുമാറ്റത്തിലും മാറ്റം വരുത്തിയില്ലെങ്കിൽ അതും സംഘർഷത്തിനു കാരണമാകും. കൊച്ചുകുട്ടികളോടു പെരുമാറുന്നതുപോലെ മുതിർന്ന മക്കളോടു് ഇടപെടുന്നതും, ഭർത്താവും പിതാവുമായ മകൻ വെറും ബാലനെപ്പോലെ മാതാപിതാക്കളുടെ മുമ്പിൽ നില്ക്കുന്നതും പൊരുത്തക്കേടാണു്. മാതാപിതാക്കളും മക്കളും പരസ്പരം തങ്ങളുടെ സ്ഥാനത്തിന്റെ പ്രത്യേകതകളും അറിഞ്ഞു പെരുമാറേണ്ടതാവശ്യമാണു്. അതുപോലെതന്നെ ഭാര്യാഭർത്താക്കന്മാരും സഹോദരങ്ങളുമെല്ലാം.

നമ്മുടെ സമൂഹത്തിൽ ഭർത്താവിന്റെ റോൾ, കുടുംബത്തിന്റെ സാമ്പത്തികഭദ്രതയുടെയായി അധ്വാനിക്കുക, സംരക്ഷണം ഉറപ്പുവരുത്തുക, കാര്യങ്ങളിൽ അന്തിമതീരുമാനമെടുക്കുക തുടങ്ങിയവയാണു്. അതുപോലെ, ഭാര്യയുടെ റോൾ വീടിന്റെ സംരക്ഷണം, മക്കളെ വളർത്തൽ തുടങ്ങിയവയൊക്കെയാണെന്നു ധാരണയുണ്ടെങ്കിൽ ഇവ നിർവ്വഹിക്കപ്പെടാതെ വന്നാൽ പ്രശ്നങ്ങളുണ്ടാകും. ഒരാൾ അഹിതകരമായി മറേറയാളുടെ റോൾ കയ്യടക്കിയാൽ അതും പ്രശ്നകാരണമാകും. എന്നാൽ പരസ്പരധാരണയോടെ ഈ റോളുകളിൽ ക്രമീകരണം വരുത്തിയാൽ കുഴപ്പമുണ്ടാകാറില്ല.

(3) കുടുംബത്തിലെ വ്യക്തികളുടെ ബന്ധത്തിന്റെ സ്വഭാവമാണു് മറെറാരു ഘടകം. മൃഗങ്ങളുടെയിടയിൽ ആധിപത്യത്തിനായുള്ള പരസ്പരാക്രമണം സാധാരണമാണു്. സിംഹം കീഴടക്കുന്ന മൃഗമെന്നും മുയൽ ശാന്തസ്വഭാവിയെന്നുമൊക്കെ കരുതപ്പെടുന്നു. മനുഷ്യബന്ധങ്ങളിലും ഈ പ്രാമാണികതയും വിധേയത്വവുമൊക്കെയുണ്ടു്. കുടുംബത്തിൽ തീരുമാനമെടുക്കുന്നതു് ആരായിരിക്കണം, വിധേയത്വം പ്രകടിപ്പിക്കേണ്ടതു് ആരെല്ലാം, ഇവതന്നെയും ഏതെല്ലാം കാര്യങ്ങളിൽ ആരെല്ലാം എന്നിങ്ങനെ ചില പരമ്പരാഗത ധാരണകളുണ്ടു്. ഓരോരുത്തരും തങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതുപോലെ പെരുമാറുമ്പോൾ കാര്യങ്ങൾ സുഗമമായി മുന്നേറുന്നു. എന്നാൽ അധീശത്വത്തിന്റെയും വിധേയത്വത്തിന്റെയും ധാരണകൾ ലംഘിക്കപ്പെടുമ്പോൾ സംഘർഷമുളവാകുന്നു. പരസ്പരപൂരകമാകുന്ന ബന്ധമാണു് സമാധാനപൂർവ്വകമായ സഹവർത്തിത്വത്തിനു് ആവശ്യം.

malankaralibrary.com

(4) ധാർമ്മികകാര്യങ്ങളിലുള്ള വീക്ഷണവൈരുദ്ധ്യവും കുടുംബത്തിൽ സംഘർഷത്തിനു കാരണമാകാറുണ്ട്. മൃഗങ്ങളിൽനിന്നു വ്യത്യസ്തമായി മനുഷ്യനുള്ള ഒരു പ്രത്യേകതയാണല്ലോ അവന്റെ പ്രവൃത്തികൾക്ക് അവൻ ഉത്തരവാദിയാണ് എന്നതു്. പരസ്പരം കൊലപ്പെടുത്തുന്ന മൃഗങ്ങൾക്കെതിരായി ആരും കോടതിയിൽ കേസു നടത്തി മൃഗങ്ങളെ ശിക്ഷിക്കാറില്ല. എന്നാൽ സ്വന്തം ബുദ്ധിയുപയോഗിച്ചു തീരുമാനങ്ങളെടുക്കാൻ കഴിവുള്ള മനുഷ്യനു് ധാർമ്മികമായി ചില കടമകളുണ്ട്. ഈ ധാർമ്മികബോധത്തിന്റെ പേരിലും കുടുംബത്തിൽ പ്രശ്നങ്ങളുണ്ടാകാം. മതപരമായ കടമകളെപ്പറ്റിയുള്ള ബോധം, കുടുംബ സംവിധാനോപാധികളെപ്പറ്റിയുള്ള ബോദ്ധ്യങ്ങൾ ഇവയെല്ലാം ഇത്തരം സാഹചര്യത്തിനു് ഉദാഹരണങ്ങളാണു്.

പരിഹാരം എവിടെ?

മേലു്പറഞ്ഞ പ്രശ്നങ്ങളുടെയെല്ലാം പരിഹാരത്തിനു് ആശയവിനിമയം ഒറ്റമൂലിയാണെന്നു് അവകാശപ്പെട്ടുകൂടാ. എന്നാൽ പ്രശ്നങ്ങൾ ലഘൂകരിക്കാനും, സംഘർഷങ്ങൾ ഒഴിവാക്കാനും അതു സഹായിക്കുമെന്നതിൽ സംശയമില്ല. ആശയവിനിമയടെക്നിക്കുകൾ ഉപയോഗിച്ചു് ഈ പ്രശ്നങ്ങൾക്കു പരിഹാരം തേടുന്നതിന്റെ ആദ്യപടിയാണു് കുടുംബത്തിലെ സംഘർഷങ്ങളുടെ മുൻപറഞ്ഞ കാരണങ്ങൾ മനസ്സിലാക്കുകയെന്നതു്. രോഗനിർണ്ണയമാണതു്. ഇനി അവയുടെ കാരണങ്ങൾ (രോഗലക്ഷണങ്ങൾ) ഉന്മൂലനം ചെയ്യാൻ ആശയവിനിമയത്തിന്റെ ഉപാധികൾ കണ്ടെത്താം.

ധാരണകളെ അറിയുക

മറ്റു വ്യക്തികളെപ്പറ്റിയുള്ള നമ്മുടെ ധാരണകളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏതാനും കാര്യങ്ങൾ നാം വ്യക്തമായി അറിയണം. ഒന്നാമതു് ആ ധാരണകൾ നാം സൃഷ്ടിച്ചതാണു്, അവ വസ്തുനിഷ്ഠമായിക്കൊള്ളണമെന്നില്ല. നാം കണ്ട അഥവാ നമുക്കു തോന്നിയ കാര്യങ്ങളിൽനിന്നു നാമെടുത്ത ഒരു നിഗമനം മാത്രം. സംഘർഷങ്ങൾ പരിഹരിക്കണമെങ്കിൽ കാര്യങ്ങളെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അറിവാണു വേണ്ടതു

malankaralibrary.com

തു്. മറെറാരു വ്യക്തിയെപ്പററിയുള്ള അറിവും ധാരണയും ആ വ്യക്തിയോടു സംസാരിച്ചാലേ പൂർണ്ണമാവുകയുള്ളൂ. അതിനാൽ സംഘർഷമുണ്ടാകുമ്പോഴും നമ്മുടെ മനസ്സിലെ അതൃപ്തിയും വ്യർത്ഥാഭിമാനവുമൊക്കെ മാററിവച്ചു് മറേറയാളുമായി പ്രശ്നത്തെപ്പററി സംസാരിക്കാൻ തയ്യാറാവുക.

ഈ സംസാരഫലമായി ഒരു കാര്യം വ്യക്തമാകും: ഒന്നുകിൽ നമ്മുടെ ധാരണ ശരിയായിരുന്നു; അല്ലെങ്കിൽ തെററായിരുന്നു. നമ്മുടെ ധാരണയാണു തെറെറങ്കിൽ മാപ്പു പറഞ്ഞു പ്രശ്നംതീർക്കാനുള്ള ഹൃദയവിശാലത കാണിക്കുക. ഇനി നമ്മുടെ ധാരണ ശരിയാണെങ്കിൽത്തന്നെ മറേറ വ്യക്തിക്കു് അതേപ്പററി എന്തെങ്കിലും പറയാൻ കാണും. അതു കേൾക്കുക. നീതീകരണം നമുക്കു സ്വീകാര്യമാകുന്നില്ലെങ്കിൽക്കൂടി ഈ ആശയവിനിമയംവഴി ആ വ്യക്തിയിൽ പരിവർത്തനമുണ്ടാകാതിരിക്കില്ല. നേരിട്ടു സമ്മതിക്കാൻ ആത്മാഭിമാനം സമ്മതിക്കാത്ത തരത്തിലുള്ള വ്യക്തിത്വമാകാം ചിലരുടേതു്. സമ്മതിപ്പിക്കാൻ ശ്രമിക്കുന്നതു് മഠയത്തരമാണു്. നിങ്ങളുടെ ഹൃദയവിശാലതയും ധാരണയും കാണിച്ചാൽ ക്രമേണ മറേറ വ്യക്തിയുടെ മനോഭാവത്തിൽ മാററം വരും.

ഇങ്ങനെ മറേറ വ്യക്തിയോടു ചെന്നു സംസാരിക്കാൻ പ്രതിബന്ധമായി വരുന്നതു് നമ്മുടെ വ്യർത്ഥാഭിമാനമാണു്. ''ഞാൻ അങ്ങോട്ടു ചെന്നു സംസാരിക്കണോ? അവളിങ്ങോട്ടു വരട്ടെ. അവളല്ലേ തെറു ചെയ്തതു്'' എന്നു ഭർത്താവോ അല്ലെങ്കിൽ അതിനു സമാനമായി ഭാര്യയോ ചിന്തിച്ചേക്കാം. നിങ്ങളുടെ ദുരഭിമാനത്തേക്കാൾ വലുതല്ലേ സന്തോഷകരമായ കുടുംബജീവിതം? അതുകൊണ്ടു് അങ്ങോട്ടു ചെല്ലൂ. 'കഴിഞ്ഞ തവണ പിണങ്ങിയപ്പോൾ ഞാനല്ലേ ചെന്നതു്. ഇപ്രാവശ്യം അയാൾ വരട്ടെ' എന്ന രീതിയിൽ കൃത്യമായി തവണവച്ചു പെരുമാറുന്നതും ശരിയല്ല. ആരാണു് ഉത്തരവാദി അല്ലെങ്കിൽ ആരാണു് രമ്യപ്പെടാൻ സാധാരണ മുൻകൈയെടുക്കുന്നതു് എന്നീ വിലയിരുത്തലൊന്നുംകൂടാതെ നിങ്ങൾ ഹൃദയവിശാലത കാട്ടുക. ഇങ്ങനെ പല തവണയാകുമ്പോൾ മറേറ വ്യക്തി മനഃപരിവർത്തനത്തിനു നിർബ്ബന്ധിക്കപ്പെട്ടുമെന്നതാണു് മനുഷ്യസ്വഭാവം. അല്ലാത്ത സാഹചര്യങ്ങൾ വളരെ വിരളമത്രേ.

malankaralibrary.com

'സംസാരിച്ചാൽ തീരാത്ത പ്രശ്നങ്ങളൊന്നുമില്ല' എന്നൊരു ചൊല്ലുണ്ട്. സംസാരിക്കുമ്പോഴും സ്വയം നീതീകരിക്കാൻ ശ്രമിക്കാതെ മറേറയാളുടെ വീക്ഷണഗതി മനസ്സിലാക്കാൻ ശ്രമിക്കുക. അതാണു പ്രധാനം. ശ്രദ്ധാപൂർവ്വം ശ്രവിക്കേണ്ടതെങ്ങനെയെന്നു പിന്നാലേ വിശദമാക്കാം.

ധാരണകളെപ്പററി നാം അറിഞ്ഞിരിക്കേണ്ട വേറൊരു പ്രധാനകാര്യം, അതു നാം നിർദ്ധാരണം ചെയ്തു് നമ്മുടെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുന്നതാണു് എന്ന സത്യമാണു്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും....' എന്ന പഴഞ്ചൊല്ലു സുപരിചിതമാണല്ലോ. ബോധപൂർവ്വകമായിട്ടല്ലെങ്കിൽക്കൂടി നമ്മുടെ വീക്ഷണഗതിയും മനോഭാവവുമനുസരിച്ചാണു് മററു വ്യക്തികളെപ്പററി നാം ധാരണയുണ്ടാക്കുക. മുൻവിധി ഇതിൽ വളരെ സ്വാധീനം ചെലുത്തും. അതുപോലെ, ഒരു വ്യക്തിയുടെ പെരുമാററരീതിയുടെ എല്ലാ വശങ്ങളും നമുക്കു കാണാൻ കഴിഞ്ഞെന്നുവരില്ല. ഒരാൾ ഒരു പ്രത്യേകരീതിയിൽ പെരുമാറിയതു് എന്തുകൊണ്ടാണെന്നു് ആ വ്യക്തിക്കു മാത്രമേ അറിയാവൂ. ഒരു വസ്തുതയ്ക്കു് നാം കൊടുക്കുന്ന വ്യാഖ്യാനവും ശരിയായിക്കൊള്ളണമെന്നില്ല. ഒരേ സംഭവം കാണുന്ന സാക്ഷികളുടെ മൊഴികളിൽ വരുന്ന വ്യത്യാസം കോടതികളിൽ കാണാറുള്ളതാണല്ലോ.

ഏററവും പ്രധാനമായി, ഒരു കാര്യം ചെയ്യുന്നതിനോ പറയുന്നതിനോ ആ വ്യക്തിക്കുണ്ടായിരുന്ന ഉദ്ദേശ്യം നമുക്കു വ്യക്തമായിരിക്കില്ല. അതിനാൽ അപകടമായ നിഗമനങ്ങളിലെത്താതെ ആ വ്യക്തിയുമായി നേരിട്ടു സംസാരിക്കുകയാണാവശ്യം.

സംഘർഷത്തിനു പരിഹാരം തേടുമ്പോൾ

സംഘർഷം പരിഹരിക്കാൻ മറേറ വ്യക്തിയുമായി ആശയവിനിമയത്തിനു ശ്രമിക്കുമ്പോഴും സംഭവിക്കാവുന്ന ചില അപകടങ്ങളുണ്ട്. അവയെ കൈകാര്യം ചെയ്യുവാനും നാം പഠിച്ചിരിക്കണം. 'നിങ്ങളും നിങ്ങളുടെ ജോലിയെയാണു കല്യാണം കഴിച്ചിരിക്കുന്നതു്, എന്നെയാണെന്നുതോന്നുന്നില്ല. ഇങ്ങ

malankaralibrary.com

നെയുണ്ടോ ഒരു ജോലി!' എന്നു ഭാര്യ പരാതിപ്പെട്ടെന്നു വിചാരിക്കുക. ആ പ്രശ്നത്തോടു പ്രതികരിക്കുന്ന ഭർത്താവിന്റെ മറുപടി എങ്ങനെയായിരിക്കണം? 'എന്റെ ജോലിയോ? നീയൊക്കെ പിന്നെങ്ങനാ വല്ലതും കഴിച്ചുകഴിയുന്നതെന്നാ കരുതുന്നതു?'എന്നാണു മറുപടിയെങ്കിലോ? അപ്പോഴതു ഒരു വഴക്കായി മാറുകയാണു്. പ്രശ്നപരിഹാരമല്ല അവിടെയുണ്ടാകുന്നതു്. ആശയവിനിമയത്തിനു ശ്രമിക്കുമ്പോൾ വാക്കുതർക്കത്തിലും വഴക്കിലും എത്തി ബന്ധം കൂടുതൽ വഷളാക്കാതിരിക്കാനുള്ള പ്രായോഗികബുദ്ധിയുണ്ടാവണം.

അതുപോലെതന്നെ, നിഷ്ഠുരമായ പദപ്രയോഗങ്ങളും പഴിചാരലുകളും നിർബ്ബന്ധമായി ആശയവിനിമയത്തിൽ ഒഴിവാക്കേണ്ടതാണു്. ജയിക്കാനായി കടത്തിപ്പറയുന്ന വാക്കുകളെപ്പറ്റി പിന്നീടു ദുഃഖിക്കേണ്ടിവരുമെന്നു് ഓർമ്മിക്കുക. മറ്റേയാളിൽ പഴിചാരി സ്വയം നീതീകരിക്കുവാൻ ശ്രമിക്കുന്നവർ എങ്ങും എത്തുന്നില്ല. വിവാഹബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർ പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ട ഒരു സുവർണ്ണ നിയമമുണ്ടു്– 'ദമ്പതികളിൽ ആരും തനിച്ചു വിജയിക്കുകയോ തനിച്ചു പരാജയപ്പെടുകയോചെയ്യുന്നില്ല. വിജയമോ പരാജയമോ ഏതായാലും അതു രണ്ടുപേരുടേതുമായിരിക്കും.' അതുകൊണ്ടു പരസ്പരം പരാജയപ്പെടുത്താനോ സ്വയംജയിക്കാനോ ശ്രമിക്കരുതു്. വാക്കുതർക്കത്തിലോ വാശിയിലോ സ്വയം തോറുകൊടുക്കുന്നതു കുറവാണെന്നും കരുതാൻ പാടില്ല. വിട്ടുവീഴ്ച ചെയ്യുമ്പോൾ ആരും തോൽക്കുന്നില്ല; രണ്ടുപേരുംകൂടി വിജയിക്കുന്നതേയുള്ളു.

അപ്രകാരംതന്നെ, ഏതെങ്കിലും കാര്യത്തിൽ ഒരാൾക്കു തെറ്റുപറ്റിയാൽ, അതു ചൂണ്ടിക്കാട്ടുകയല്ലാതെ ആ തെറ്റു മറ്റേയാളേക്കൊണ്ടു സമ്മതിപ്പിച്ചേ അടങ്ങൂ എന്നു വാശിപിടിക്കരുതു്. 'ങ, അങ്ങനെ സമ്മതിക്കു്' എന്നു വിജയശ്രീലാളിതനായി അഭിമാനിക്കുന്ന ഭർത്താവോ, ഊറ്റംകൊള്ളുന്ന ഭാര്യയോ വിജയിച്ചു എന്നു കരുതുന്നതു മൗഢ്യമാണു്. വഴക്കുണ്ടാകുമ്പോൾ ഓരോരുത്തരും ജയിക്കാൻ ശ്രമിക്കുക സ്വഭാവികമാണു്. അതിനായി എന്തും പറയുകയും ചെയ്യുകയുമല്ല വേണ്ടതു്. പരസ്പരബന്ധം സുദൃഢമാക്കാനുതകുന്ന പൊതു

malankaralibrary.com

തീരുമാനത്തിലെത്താൻ ശ്രമിക്കുകയാണാവശ്യം. അവരവരുടെ അഭിപ്രായങ്ങളാണോ നിങ്ങളുടെ ബന്ധമാണോ വലുത് എന്നു തീരുമാനിക്കുക. ആശയവിനിമയത്തിന്റെ ലക്ഷ്യം ധാരണപ്പിശകുകൾ തിരുത്തുകയും ബന്ധം മെച്ചപ്പെടുത്തുകയുമാണ്. മറ്റുള്ളവരുടെ തെറ്റു കാണിച്ചുകൊടുക്കാനായി മാത്രം ശ്രമിക്കുന്നവർ വഴക്കുണ്ടാക്കുന്നവർ മാത്രമാണ്. ഒരിക്കലും വഴക്കുണ്ടായിക്കൂടാ എന്നല്ല അർത്ഥം. 'Fight fairly' എന്നു കേട്ടിട്ടില്ലേ?

മാന്യമായി വഴക്കുണ്ടാക്കുന്നതെങ്ങനെ?

1. എന്തിനെപ്പറ്റിയാണ് വഴക്കുണ്ടാക്കുന്നതെന്നു രണ്ടുപേരും മനസ്സിലാക്കിയിരിക്കണം.
2. കാലഹരണപ്പെട്ട വിഷയങ്ങൾ വീണ്ടും എടുത്തിടാതിരിക്കുക.
3. ഒരിക്കൽ പറഞ്ഞുതീർന്ന വിഷയങ്ങൾ വീണ്ടും പൊക്കിക്കൊണ്ടു വരരുത്.
4. 'കുലത്തിൽ കുത്തി' (പരസ്പരം മാതാപിതാക്കളുടെയും കുടുംബത്തിലെയും കുറ്റംകുറവുകൾ പറഞ്ഞു) വേദനിപ്പിക്കാതിരിക്കുക.
5. പരാജയപ്പെടുത്താൻവേണ്ടി താറടിച്ചും, ഉണങ്ങാത്ത മുറിവുകൾ ഉണ്ടാകുന്ന വിധത്തിലുമുള്ള വാക്യപ്രയോഗങ്ങൾ ഒഴിവാക്കുക.
6. വ്യക്തിപരമായ ദുർബലത, ബലഹീനത ഇവയിൽ കുത്തി സംസാരിക്കരുത്.
7. കലഹിക്കുമ്പോൾ ഓർമ്മിക്കുക: ജീവിതത്തിൽ നിങ്ങൾ ഏറ്റവും അധികം സ്നേഹിക്കുന്ന, നിങ്ങളെ സ്നേഹിക്കുന്ന വ്യക്തിയുമായാണ് കലഹിക്കുന്നതെന്ന്.

ശ്രവിക്കുക, ശ്രദ്ധിക്കുക

ആശയവിനിമയം വിജയിക്കാൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അപരൻ പറയുന്നതു ശ്രദ്ധിക്കുക എന്നതാണ്. നമുക്കു പറയാനുള്ളതു പറഞ്ഞാൽ മാത്രംപോരാ. 'നിനക്കെന്താടാപറഞ്ഞാൽ കേൾക്കാൻ വയ്യേ?' എന്നു കോപത്തോടെ മാതാ

malankaralibrary.com

പിതാക്കൾ ഉറക്കെ ചോദിക്കുന്നതു നാം കേൾക്കാറുണ്ട്. മാതാപിതാക്കൾ പറഞ്ഞതു കുട്ടികൾ ശ്രവിച്ചു. പക്ഷേ ശ്രദ്ധിച്ചില്ല. അതുകൊണ്ടു കുറേക്കൂടി ശബ്ദം കൂട്ടിപ്പറഞ്ഞതുകൊണ്ടെന്തു കാര്യം ?

പറയുന്നതു ശ്രവിക്കുക, അതിനർത്ഥം കല്പിക്കുക, തീരുമാനമെടുക്കുക എന്നീ മൂന്നു ഘട്ടങ്ങൾ ഉൾക്കൊള്ളുന്നതാണു് ശ്രദ്ധിക്കുന്ന പ്രക്രിയ. കുട്ടി ഒരു കാര്യം കേൾക്കുന്നു; പക്ഷേ, പ്രാധാന്യം കല്പിക്കുന്നില്ല. അതുകൊണ്ടു് അനുസരിക്കുന്നുമില്ല. അതു പ്രശ്നത്തിനു കാരണമാകുന്നു. ഇതുതന്നെ ഭാര്യാഭർത്തൃബന്ധത്തിലും വരാം. ശ്രദ്ധിക്കാത്തതിനു കാരണങ്ങൾ പലതാണു്. (1) ശാരീരികമായ കേൾവിക്കുറവു് (2) വിശ്രമിക്കുകയോ ഉറക്കം തൂങ്ങിയിരിക്കുകയോ ചെയ്യുന്ന അവസ്ഥ (3) കോപം, നിരാശ തുടങ്ങിയ വികാരങ്ങളിൽ ആമഗ്നരായിരിക്കുക (4) വിഷയത്തിലുള്ള താത്പര്യക്കുറവു് (5) വിഷയം അഗ്രാഹ്യമാണെങ്കിൽ മനസ്സു വ്യത്യ്ചലിച്ചുപോകുന്നതു് (6) 'എനിക്കിതൊക്കെ അറിയാം' എന്ന മൻവിധി എന്നിങ്ങനെ എന്തെങ്കിലുമാവാം ശ്രദ്ധിക്കാത്തതിനു കാരണം.

പ്രത്യേകമായ ലക്ഷ്യബോധത്തോടെ ഇരുന്നാലേ ശ്രദ്ധിക്കാൻ സാധിക്കൂ. ശ്രദ്ധ ഇല്ലാതാകുകയോ വ്യതിചലിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾ പരിഹരിച്ചു്, മറേറ വ്യക്തിയെ ശ്രവിച്ചു് പരസ്പരം ധാരണയിലെത്താനുള്ള മാനസിക ഭാവത്തോടെ പ്രശ്നങ്ങളെ സമീപിച്ചാലേ ആശയവിനിമയം സുഗമമാകുകയുള്ളൂ. പറയാനുള്ള ആശയം വ്യക്തമായും മുൻവിധികൂടാതെയും, പ്രശ്നം പരിഹരിക്കാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടെയും പറയുക. മറേറയാൾക്കു പറയാനുള്ളതു മുൻവിധി കൂടാതെ താത്പര്യപൂർവ്വം ശ്രദ്ധിക്കുക. ഇവ രണ്ടും ഒരുപോലെ പ്രധാനപ്പെട്ടതാണു്. 'മറുള്ളവരെ അളക്കാനായി' മാത്രം ആശയവിനിമയത്തിനു ശ്രമിക്കാതെ മാനസികൈക്യത്തിനായി ആത്മാർത്ഥമായി ശ്രമിക്കുക. കുടുംബത്തിലുള്ള എല്ലാവർക്കും തുറന്ന മനസ്സോടെ സ്വതന്ത്രമായി ആശയവിനിമയം നടത്തുവാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ മാതാപിതാക്കൾ, പ്രത്യേകിച്ചു് പിതാവു് ശ്രദ്ധിക്കണം. മക്കൾക്കു്

malankaralibrary.com

അപ്പനോടും, ഭാര്യയ്ക്ക് ഭർത്താവിനോടും എല്ലാം സ്വതന്ത്രമായി തുറന്നുപറയാൻ സാധിക്കണം, സമാധാനമുള്ള ഒരു കുടുംബത്തിൽ.

കുടുംബത്തിൽ പൊതുപ്രശ്നങ്ങളായ സാമ്പത്തികപ്രതിസന്ധിയോ, രോഗം ദാരിദ്ര്യം മരണം എന്നിവയോ, അഭിപ്രായഭിന്നതയോ ഏതും സംഭവിക്കാം. വ്യക്തികളുടെ സ്വഭാവവൈകല്യങ്ങളായ അസൂയ, അഹങ്കാരം, സ്വാർത്ഥത, അക്ഷമത, അശ്രദ്ധ, വാശി, മദ്യപാനംപോലുള്ള ദുശ്ശീലങ്ങൾ തുടങ്ങി ഏതും പ്രശ്നത്തിനു കാരണമാകാം. മാറേണ്ടതു മാറാനും, മാറാനാവാത്തതുമായി പൊരുത്തപ്പെട്ടുപോകാനും, ഇവരണ്ടും വേർതിരിച്ചറിയാനുള്ള പ്രായോഗികബുദ്ധിയുണ്ടായിരിക്കാനും ശ്രദ്ധിക്കണം.

അതോടൊപ്പം കണക്കിലെടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒന്നുണ്ട്: ദൈവവുമായുള്ള ലംബമാനമായ (Vertical) ആശയവിനിമയം സുഗമമായാലേ സഹജീവികളുമായുള്ള സമാന്തരമായ (Horizontal) ആശയവിനിമയം സുഗമമാകൂ. അങ്ങനെ നമ്മുടെ മനസ്സിനെ, ആത്മാവിനെ ദൈവവുമായി നല്ല ബന്ധത്തിലാക്കിയിട്ട് ആ ഹൃദയനൈർമ്മല്യത്തിൽ, ഹൃദയവിശാലതയിൽ മറ്റുള്ളവരുമായുള്ള ബന്ധത്തെ വീക്ഷിക്കാൻ കഴിഞ്ഞാൽ തീർച്ചയായും നാം വിജയിക്കും. ○

malankaralibrary.com

3

ആശയവിനിമയം കുടുംബത്തിൽ

മനുഷ്യജീവിതങ്ങളും ഉള്ളുതുറന്ന് ഒന്നാകുന്ന ജീവിത ചര്യയാണ് കുടുംബം. മറകളില്ലാത്ത, പൊയ്മുഖമില്ലാത്ത, അഭിനയമില്ലാത്ത തുറന്ന ജീവിതമാണ് കുടുംബഭദ്രതയ്ക്ക് ആണിക്കല്ല്. എല്ലാം പങ്കുവയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്നേഹം പൂർണ്ണമാകയില്ല. പരസ്പരം തുറക്കാൻ ഭയപ്പെടുന്നവർ, സംശയിക്കുന്നവർ, ഉള്ളകൊണ്ട് അകന്നിരിക്കുന്നവരാണ്. സ്നേഹത്തിൽ ഒന്നായവരല്ല. അവർ നാലുഭിത്തികൾക്കുള്ളിൽ തടവുകാരായിജീവിക്കാൻ വിധിക്കപ്പെട്ടവരാണ്.

Communication breeds communion –വിനിമയം കൂട്ടായ്മ ഉളവാക്കുന്നു. ഉള്ളത് ഉള്ളതും ഉള്ളു തുറക്കാൻ സാധിക്കുന്നതും മനുഷ്യനു മാത്രമാണ്. കല്ലും മരവും ഇതരസാധനങ്ങളും അട്ടിയിട്ടുവച്ചിരിക്കുന്നിടത്തു ഉപരിതലത്തിലുള്ള ബാഹ്യ സാമീപ്യമുണ്ട്; പരസ്പരമുള്ള ഉൾപ്രവേശനമോ തൽഫലമായ ഹൃദയസാഫല്യമോ ഇല്ല. മനുഷ്യവ്യക്തിത്വത്തിന്റെ ആന്തരികലോകം അനന്തവിശാലമാണ്. അതിലേയ്ക്കുള്ള കവാടം കൊട്ടിയടച്ചുകഴിയുന്നവർക്ക് വേഗം മടുപ്പും വിരസതയും

malankaralibrary.com

അകൽച്ചയും അർത്ഥശൂന്യതയും അനുഭവപ്പെടും. അവർ മനുഷ്യനെ ഒരു സാധനമോ അർത്ഥശൂന്യമായ വികാരമോ ആയി തരംതാഴ്ത്തുന്നുവെങ്കിൽ ആശ്ചര്യപ്പെടേണ്ടതില്ല. ദൈവച്ഛായയിൽ രൂപംകൊടുക്കപ്പെട്ട മനുഷ്യന്റെ മേന്മയും മഹിമയും അന്തരാത്മാവിലാണ് മുദ്രിതമായിരിക്കുന്നത്. ഈ ആന്തരിക മുഖദർശനം സാധ്യമാക്കുന്നത് ആശയവിനിമയത്തിലൂടെ പരസ്പരം വെളിപ്പെടുത്തുമ്പോഴാണ്.

ഭാര്യാഭർത്താക്കന്മാർ പരസ്പരാത്മദാനത്തിലൂടെ ജീവിതത്തികവിലെത്തേണ്ടവരാണ്. സ്വീകരിക്കാനും നല്കാനുമുള്ള ഹൃദയഭാവത്തിലൂടെയാണ് ഈ ആത്മദാനം സാധ്യമാകുന്നത്. ജീവിതപങ്കാളിയെ വിലപ്പെട്ടവനും വിലപ്പെട്ട വളുമായിക്കാണാനും സ്വന്തം വ്യക്തിത്വത്തിനുതന്നെ വിലനല്കാനും കഴിഞ്ഞാലേ ഈ വിനിമയം പരസ്പര പൂരകത്വത്തിന്റെ തീരാത്ത അനുഭവമാകൂ. എനിക്കും വിലയില്ല, നിനക്കും വിലയില്ല, ഞാനും നീയും ചീത്ത, എന്ന വ്യക്തിഭാവത്തിൽ വേരുന്നിനില്ക്കുന്നവർക്ക് ഒന്നും നല്കാനുമില്ല, നേടാനുമില്ല.

ഭാര്യാഭർത്തൃജീവിതത്തിലെ പല തകരാറുകളുടേയും അടിയിലെ ഘടകം തെറ്റിദ്ധാരണയാണ്. ധാരണപ്പിശകുകൾ മാറാനുള്ള ഏകമാർഗ്ഗം ശരിയായ ധാരണകളിലെത്തുകയാണ്. ഇതു സാധ്യമാകുന്നതു് ഉള്ളുതുറന്നു് സംസാരിക്കുമ്പോഴാണ്. തുറന്ന സംഭാഷണമില്ലാത്തിടത്തു് ഊഹാപോഹങ്ങളും, സംശയങ്ങളും സങ്കല്പങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കും. അതേത്തുടർന്നു് അബദ്ധധാരണകളിൽ നിന്നു് പൊട്ടിമുളച്ചു് അവയിൽത്തന്നെ തഴച്ചുവളരുന്ന വൈകാരികാസ്വസ്ഥതകളും സംഘട്ടനങ്ങളും നിരന്തരം ശക്തിപ്രാപിക്കും. പരമാത്മത്തിലെത്തുന്നതുവരെ ഈ ദൂഷിതവലയം വരിഞ്ഞുമുറുക്കിക്കൊണ്ടേയിരിക്കും. സംഭാഷണാന്തരീക്ഷം നഷ്ടമായാൽ പുനഃസ്ഥാപനം ശ്രമസാധ്യമാണ്. പലപ്പോഴും പരസഹായം, വിദഗ്ദ്ധസഹായംതന്നെ, ആവശ്യമായിവരും. തുറന്ന സംഭാഷണത്തിനുള്ള സ്വാതന്ത്ര്യം കൈഞ്ഞുതുടങ്ങുമ്പോഴേത്തന്നെ ആ പരമാത്മവും അതിന്റെ അടിയിലുള്ള ധാരണകളും പങ്കുവച്ചു് സൗഹൃദാന്തരീക്ഷത്തിന്റെ പുനഃസ്ഥാപനം സാധിക്കേണ്ടതുണ്ട്. താമസിക്കുന്തോറും പരിഹാരം അനേകമിരട്ടി വിഷമകരമാകും.

malankaralibrary.com

ഉള്ള തുറന്നുള്ള സംഭാഷണം അപകടകരമാണെന്നു് പലരും ചിന്തിക്കാറുണ്ടു്. പക്ഷേ ആദ്യം കയ്പുമെങ്കിലും പിന്നീടു മധുരിക്കും. തെറ്റിദ്ധാരണകളും തീരുന്നതുവരെ പരസ്പരം വേദനിപ്പിക്കാനിടയുണ്ടു്. നിജസ്ഥിതി ഗ്രഹിക്കുന്ന അവസ്ഥയിലെത്തുമ്പോൾ സത്യം നൽകുന്ന സ്വാതന്ത്ര്യവും, സത്യത്തിൽ നിന്നു് ജനിക്കുന്ന സ്നേഹവും സംജാതമാകും. പ്രശ്നപരിഹാരത്തിലേയ്ക്കു നയിക്കുന്ന സംഭാഷണം തെറ്റിദ്ധാരണകളിൽ നിന്നു പൊട്ടിയൊഴുകുന്ന ആരോപണങ്ങളുടെ ആവർത്തനമാകരുതു്. പകരം സ്വന്തം ധാരണകളുടേയും ഭയാശങ്കകളുടേയും വെളിപ്പെടുത്തലായിരിക്കണം. അഭ്യൂഹങ്ങളുടെ ആവർത്തനംകൊണ്ടു് ഒന്നും നേടാനില്ല. അഭ്യൂഹങ്ങൾ പലപ്പോഴും സത്യത്തിന്റെ പരിവേഷമണിഞ്ഞ അസത്യങ്ങളാണു്. തെളിവില്ലാത്തിടത്തോളം കാലം സാധ്യതകളുടെ തലത്തിൽനിന്നു് വാസ്തവികതയുടെ തലത്തിലേയ്ക്കു് അവ വരുന്നില്ല.

ജീവിതപങ്കാളിയെ സ്വന്തം വ്യക്തിത്വഗോപുരത്തിൽ നിന്നു് ബഹുദൂരം അകലെ നിറുത്തി നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമാക്കാനാണു് ഭാവമെങ്കിൽ അവിടെ സംഭാഷണത്തിനു യോജിച്ച അന്തരീക്ഷമല്ല. ഉള്ളു് ഉള്ളിനോടുചേർന്നു് ഉരുകിയൊഴുകി ഒന്നാകുന്ന അവസ്ഥ സംജാതമാകണമെങ്കിൽ അകലവും, ആധിപത്യഭാവവും ഏകപക്ഷീയമായ തുറവിക്കുവേണ്ടിയുള്ള സമ്മർദ്ദവും ഇല്ലാതാകണം. സ്വന്തം ഭയാശങ്കകളുടെ ലോകത്തിൽനിന്നും പുറത്തു വരാനിഷ്ടപ്പെടാത്തവരും, അതു് സാധ്യമല്ലാത്തവരും സ്നേഹൈക്യത്തിലേക്കു നയിക്കുന്ന സംഭാഷണത്തിനു് അപ്രാപ്യരാണു്. ആ പരിമിതികളിൽ നിന്നും മാനസികവൈകല്യങ്ങളിൽനിന്നും വിദഗ്ദ്ധസഹായത്തിലൂടെ അവർ മോചിതരാകേണ്ടതുണ്ടു്. ആശയവിനിമയം അനാരോഗ്യകരമായ മാനസികാവസ്ഥയുടെ പരിഹാരത്തിനുള്ള ഒറ്റമൂലിയല്ല, ആരോഗ്യകരമായ അവസ്ഥ നിലനിറുത്താനും, എടുപ്പത്തിൽ വരാവുള്ള പാകപ്പിഴകൾ ഒഴിവാക്കാനും, സാന്ദ്രമായ അടുപ്പത്തിലേയ്ക്കു് നയിക്കാനുമുള്ള ഉപാധിയാണു്.

ആശയവിനിമയം കുടുംബത്തിലെ എല്ലാവരും തമ്മിൽ സ്ഥിരം നിലവിലിരിക്കേണ്ട സ്ഥിതിവിശേഷമാണു്. ഭാര്യാ

malankaralibrary.com

ഭർത്താക്കന്മാരും, മാതാപിതാക്കളും മക്കളും, സഹോദരീസഹോദരന്മാരും ആശയവിനിമയത്തിനു് സന്നദ്ധരാകേണ്ടതുണ്ടു്. ഉള്ളതുറന്നു് സംഭാഷിക്കുന്ന സ്ഥിതിവിശേഷം കുറയുന്തോറും കുടുംബാന്തരീക്ഷം അരോചകവും, വേദനാജനകവും, അസഹ്യവുമായിക്കൊണ്ടിരിക്കും. സ്വച്ഛമായ ശ്വാസോച്ഛ്വാസത്തിന്റെ സ്വതന്ത്രമായ അന്തരീക്ഷത്തിനുപകരം തെറ്റിദ്ധാരണയുടെയും ഭയത്തിന്റെയും വിദ്വേഷത്തിന്റെയും വീർപ്പുമുട്ടുന്ന അന്തരീക്ഷമായിരിക്കും തളംകെട്ടിനിൽക്കുന്നതു്. ആശയവിനിമയമില്ലാത്തിടത്തു് സാഹോദര്യമില്ല, മനുഷ്യബന്ധമില്ല. പക്ഷേ ആശയവിനിമയം വെറും ബുദ്ധിയുടെ തലത്തിലുള്ള സംവാദമല്ല, അതിലുപരി ഹൃദയഭാവങ്ങളുടെ യഥാതഥമായ ആവിഷ്ക്കാരവുമാണു്. ആശയങ്ങളും, അഭിപ്രായങ്ങളും, വൈകാരികഭാവങ്ങളും, സ്ഥായിയായ നിലപാടുകളും, വ്യക്തിത്വരൂപങ്ങളും ഇങ്ങനെ മനുഷ്യന്റെ ഉള്ളിൽ പല തലങ്ങളുണ്ടു്. കുടുംബാന്തരീക്ഷത്തിലെ ആശയവിനിമയവും സംഭാഷണങ്ങളും അതിന്റെ പൂർണ്ണതയ്ക്കു് ഈ തലങ്ങളെയെല്ലാം ഉൾപ്പെടുത്തേണ്ടതുണ്ടു്.

ഭാര്യാഭർത്താക്കന്മാരുടെ വിനിമയവേദിയിൽനിന്നു് മാറിനിറുത്താവുന്നതായിട്ടു് ഒന്നുംതന്നെയില്ല. ഒഴിവാക്കാനുള്ള പ്രേരണ ഉരുകി ഒന്നാകാനുള്ള സന്നദ്ധതയുടെ അഭാവമാണു് കാണിക്കുന്നതു്. എന്റെ ഉള്ളറകളിലേയ്ക്കു് പ്രവേശിപ്പിക്കാൻ മാത്രമുള്ള മേന്മ നിനക്കു്, ഞാൻ നൽകുന്നില്ല എന്നാണു് പറയുന്നതു്. ഹൃദ്യമായ സംഭാഷണമില്ലാത്തിടത്തു് 'ഞാൻ_ നീ' ബന്ധമില്ല, 'ഞാൻ_അതു' ബന്ധമാണുള്ളതു്. നിന്നെ ഞാൻ എന്നെപ്പോലെ തന്നെ കാണുന്നില്ല, നിന്റെ തലത്തിലേയ്ക്കു് താഴാനോ, നിന്നെ എന്റെ തലത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുവരാനോ ഞാൻ സന്നദ്ധനല്ല എന്നു പറയുകയുമാണു്. അവിടെ സമാനതയും, സ്നേഹവും, ഐക്യവുമില്ല. സാഹോദര്യമല്ല, അധികാരവും അടിമത്തവുമാണു് നിലനിലനിൽക്കുന്നതു്. ശാരീരികമായി അടുത്താണെങ്കിലും ആന്തരികമായി അതിദൂരെയായിരിക്കും. ഇരുവരും എത്തിനോക്കാനാവാത്ത അഗാധതകളിലും ഔന്നത്യങ്ങളിലും തുടരുകയും ചെയ്യും.

ആശയവിനിമയം വ്യക്തിബന്ധങ്ങളുടെ ആഴത്തിന്റെയും ആത്മാർത്ഥതയുടേയും അളവുകോലാണു്. ആശയവിനിമയം

malankaralibrary.com

വാക്കുകളിൽമാത്രം ഒതുങ്ങണമെന്നില്ല. പലപ്പോഴും വ്യക്തി മുഴുവനുമായിരിക്കും സംസാരിക്കുക. കൈകളും, കണ്ണും, മുഖവും ശരീരം മുഴുവനും ആശയവിനിമയശേഷിയുള്ളതാണ്. വാക്കിനു വിപരീതമാകാം പലപ്പോഴും വിനിമയം. അവ കേൾക്കാനും കാണാനും ഗ്രഹിക്കാനും അതിലൂടെ മറ്റുള്ളവരെ മനസ്സിലാക്കാനും വ്യക്തിബന്ധങ്ങളിൽ വളരാനും ശ്രദ്ധിക്കണം. സംഭാഷണമില്ലാത്തിടത്തു് സൗഹൃദമില്ല. സംഭാഷണതലം സൗഹൃദതലവുമാണു്. ഈ വസ്തുത മനുഷ്യനു് ദൈവത്തോടും, മനുഷ്യനു് മനുഷ്യനോടുമുള്ള ബന്ധങ്ങൾക്കും ബാധകമാണു്. ഒരു വീട്ടിൽ ഉറങ്ങിയതുകൊണ്ടോ ഒരു മേശയിൽനിന്നു ഭക്ഷിച്ചതുകൊണ്ടോ ആന്തരികതലത്തിൽ അടുപ്പമുണ്ടാകണമെന്നില്ല.

പറയാനും കേൾക്കാനും പ്രതികരിക്കാനും സ്വാതന്ത്ര്യമുള്ള അന്തരീക്ഷമാണു് കുടുംബസൗഹൃദത്തിനു ആവശ്യം. ഇതു് ഓരോ വ്യക്തിയുടേയും അവകാശവും കടമയുമാണു്. ഉള്ളു് ഉള്ളിനോടു് ഒന്നാകുന്ന വ്യക്തൈക്യത്തിന്റെ പ്രധാനോപാധിയും ഇതുതന്നെ. □

malankaralibrary.com

4

മര്യാദ കുടുംബത്തിൽ

കുടുംബത്തെ ഒരു രസികൻ വിശേഷിപ്പിച്ചത് 'ഈ ലോകത്തു് ഒരു വ്യക്തിക്കു് എന്തും വിളിച്ചുപറയാവുന്ന ഏക സ്ഥല'മെന്നാണു്. മര്യാദകളൊക്കെ കുടുംബത്തിനു പുറത്തു മതി എന്നു കരുതുന്ന, ആ രീതിയിൽ പ്രവർത്തിക്കുന്ന മര്യാദ രാമന്മാരാണു് നമ്മളിൽ നല്ലപങ്കും. എന്നാൽ സത്യമെന്താ ണു്? കുടുംബത്തിൽ ശീലിക്കുകയും പാലിക്കുകയും ചെയ്യുന്ന മ ര്യാദകളിൽ കവിഞ്ഞൊന്നും പുറത്തു നമുക്കു കാണിക്കാനാവി ല്ല, നാട്യങ്ങളിൽക്കൂടിയല്ലാതെ.

കുടുംബത്തിലായാലും പുറത്തായാലും പെരുമാറ്റമര്യാ ദകൾക്കു് അടിസ്ഥാനമായി വേണ്ടതു് ആഴത്തിൽ വേരോടിയ ആശയാദർശങ്ങളാണു്. തത്ത്വാധിഷ്ഠിതമായ പെരുമാറ്റ രീതികളും ജീവിതത്തിനു ശക്തിയും സൗന്ദര്യവും പകരുന്നു; നമുക്കും മറ്റുള്ളവർക്കും ജീവിതം ഹൃദ്യമാക്കിത്തീർക്കുന്നു. തൽ സ്ഥാനത്തു് വശ്യതയുടെ പൊയ്മുഖം മാത്രമണിയുന്നവർക്കു് യഥാർത്ഥസംതൃപ്തിയുടെ കല്പകവനിയിൽ കാലുകുത്താനാവി ല്ല. എന്താണു് യഥാർത്ഥ മര്യാദയെന്നറിഞ്ഞിരിക്കേണ്ടേ? മറ്റു ള്ളവരുടെ വ്യക്തിത്വത്തോടുള്ള ആദരവാണു് സാക്ഷാൽ മര്യാദ.

malankaralibrary.com

സമൂഹത്തെയാകമാനം മര്യാദകളുടെ മനംമയക്കുന്ന ഗ്രാക്ഷാരസം കുടിപ്പിക്കാൻ സാധാരണക്കാരായ നമുക്ക് കഴിയില്ലെന്ന വാസ്തവം അംഗീകരിക്കേത്തന്നെ, നമ്മുടെ കുടുംബങ്ങളുടെ ചുറ്റുങ്ങിയ പരിധിക്കുള്ളിൽ നമുക്കെങ്കിലും സാധിക്കാവുന്നതേയുള്ളു. സമൂഹത്തിന്റെ കൊച്ചുപതിപ്പായ ഓരോ കുടുംബവും സ്നേഹനിർഭരമായ പെരുമാറ്റത്തിന്റെ കേളീരംഗവും സന്തോഷത്തിന്റെ വിളഭൂമിയുമാക്കി നമുക്ക് മാറ്റാൻ കഴിയും.

ഒരു വ്യക്തി, സത്യത്തിൽ, ഏറ്റവും മര്യാദ കാണിക്കാൻ കടപ്പെട്ടിട്ടുള്ളതു് താനുമായി ഏറ്റവും ബന്ധപ്പെട്ട കഴിയുന്നതിന്റെ കുടുംബാംഗങ്ങളോടാണ്. കാരണം, സമൂഹം പൊതുവായി നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നതിന്റെ എത്രയോ ഇരട്ടിയാണ് അവർ നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നതു്! സത്യത്തിൽ, അപരിചിതരോടും അല്പപരിചയക്കാരോടും നാം കാണിച്ചേക്കാവുന്ന മര്യാദക്കുറവു് വരുത്തിത്തീർക്കുന്ന വൈകാരികമായ മുറിവുകളേക്കാം ആഴമുള്ളതാണ് നിങ്ങളുടെ നിത്യജീവിതവുമായി നിരന്തരം ബന്ധപ്പെട്ടിരിക്കുന്ന കുടുംബാംഗങ്ങളിൽ നിങ്ങളം അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കുന്ന മാനസികവ്രണങ്ങളം.

ബന്ധങ്ങളം ആരംഭിക്കുമ്പോളം (സുഹൃദ്ബന്ധമായാലും വൈവാഹികബന്ധമായാലും) നാം ആദ്യമൊക്കെ തികഞ്ഞ മര്യാദയും ബഹുമാനവുമൊക്കെ പ്രദർശിപ്പിക്കും. പിന്നീട് നമ്മുടെ സ്നേഹശൂന്യതകൊണ്ടോ അറിവില്ലായ്മകൊണ്ടോ നമ്മളൊരു ചുവട്മാറ്റം നടത്തും. ആ ചുവട്മാറ്റത്തിൽ ആദ്യം മരിക്കുക മര്യാദ തന്നെ. പെരുമാറ്റത്തിലെ മര്യാദയുടെ കുറവു് സ്നേഹത്തിന്റെ കുറവായിട്ടേ മറ്റുള്ളവർ കരുതൂ, വ്യാഖ്യാനിക്കൂ. മറ്റൊന്നു്, മര്യാദ കുറഞ്ഞ പെരുമാറ്റത്തിനു് പ്രതിഫലമായി നമുക്ക് മറ്റുള്ളവരിൽനിന്നും കിട്ടുക കൂടുതൽ മര്യാദ കുറഞ്ഞ പെരുമാറ്റവും. ഈ മൽസരത്തിൽ പരസ്പരം നോവിച്ച് കുടുംബാംഗങ്ങളം ഒരു ദൂഷിതവലയത്തിൽപ്പെടുന്നു. അതിന്റെ ആത്യന്തികഫലമോ? കുടുംബാന്തരീക്ഷം വിഷമയമായി മാറുന്നു.

വീട്ടിലുള്ളവരോട് കാണിക്കേണ്ട ആദ്യമര്യാദ അവരുടെ സാന്നിദ്ധ്യം സന്തോഷകരമാണെന്നുള്ളകാര്യം അവരെ ബോ

malankaralibrary.com

ദ്ധ്യപ്പെടുത്തുകയെന്നതാണു്. അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കാൻ താൻ തയ്യാറാണെന്നതും അവരെ മനസ്സിലാക്കണം. അവർ പറയുന്നതെല്ലാം അപ്പാടെ അംഗീകരിക്കുമെന്നല്ല അതിന്നർത്ഥം. മറിച്ചു് അവരുടെ അനുഭവങ്ങളും മാനസികാവസ്ഥയും അറിഞ്ഞു് അവയിൽ പങ്കുചേരലാണതു്. കുടുംബത്തിന്റെ ഉൽക്കർഷവുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ കഴിയുന്നിടത്തോളം കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കുന്നതും മര്യാദ തന്നെ. അടുത്തിടപഴകുന്നവർ, പ്രത്യേകിച്ചു് ഒരേ കുടുംബത്തിലെ അംഗങ്ങൾ, അറിഞ്ഞും അറിയാതെയും വേദനിപ്പിക്കുവാൻ ധാരാളം സാദ്ധ്യതകൾ നിത്യേനയെന്നോണമുണ്ടു്. അത്തരം നിർഭാഗ്യാവസരങ്ങളിൽ നാട്യങ്ങൾകൊണ്ടും നീതീകരണങ്ങൾ കൊണ്ടും രക്ഷപ്പെടാൻ ശ്രമിക്കാതെ ആത്മാർത്ഥമായി മാപ്പുചോദിക്കാൻ സാധിക്കുക കുടുംബത്തിനുള്ളിലെ മര്യാദകൾക്കു് അക്ഷരാർത്ഥത്തിൽ മകുടംചാർത്തും.

ഇനി, വീട്ടിൽ വരുന്നവരോടുള്ള മര്യാദകളിലേയ്ക്കു കടക്കാം. വീട്ടിൽ വരുന്നവരുമായുള്ള അടുപ്പത്തിന്റെയും ബന്ധത്തിന്റെയും അടിസ്ഥാനങ്ങളിൽ അവരെ സന്ദർശകരെ (visitors)ന്നും അതിഥികളെ (guests)ന്നും മറ്റും തരംതിരിക്കാറുണ്ടെങ്കിലും ആദ്യന്തം നാം അവരോടു കാണിക്കേണ്ട മര്യാദ ഏറെക്കുറെ ഒന്നുതന്നെയാണു്. അവർ എങ്ങനെ മാനിക്കപ്പെടണമെന്നു അവരാഗ്രഹിക്കുന്നോ അതേ തോതിൽ അവരെ പരിഗണിക്കാൻ ശ്രമിക്കുകയെന്നതാണതു്. Make them feel at home എന്നപൊല്ലു് ഇക്കാര്യത്തിൽ നമുക്കു് മാർഗ്ഗദർശിയാണു്. എന്നുവച്ചു് സ്വന്തം ആവശ്യങ്ങളും പരിമിതികളും മറക്കണമെന്നല്ല സൂചന. അതിഥിപൂജയുടെ പാരമ്പര്യമുള്ള നമ്മുടെ സമൂഹത്തിനു് അഭിമാനം ചാർത്തുന്നതായിരിക്കണം വീട്ടിൽ വരുന്നവരോടുള്ള നമ്മുടെ പെരുമാറ്റം. അതിനുതകുന്ന ചില കാര്യങ്ങൾ പറയാം.

ഒന്നാമതായി വേണ്ടതു് തുറന്ന മനോഭാവ(openness)മാണു്. 8 മണിക്കു് ഓഫീസിൽ പോകേണ്ട നിങ്ങൾക്കു് 7.45 നു് ഒരു സന്ദർശകനെക്കിട്ടുമ്പോൾ തീർച്ചയായും പറയാവുന്നതാണു്: 'എനിക്കു് 8 മണിക്കു് പോകേണ്ടതാണു്'. അതനുസരിച്ചു് സന്ദർശനോദ്ദേശ്യം നിർവ്വഹിക്കുവാൻ സന്ദർശകൻ സാധാരണഗതിയിൽ ശ്രമിക്കും.

malankaralibrary.com

രണ്ടാമതായി, നാട്യങ്ങളപേക്ഷിക്കുക. ഇല്ലാത്ത മമതയും താത്പര്യവും ഉണ്ടെന്നഭിനയിച്ചാൽ ദോഷങ്ങൾ പലതാണു്. സന്ദർശകരിൽ അമിതപ്രതീക്ഷകൾക്കു് അതു് വിത്തു പാകും. പിന്നെയൊന്നു്, നിങ്ങൾ നിങ്ങളോടുതന്നെ സത്യസന്ധത പാലിക്കാനാവാതെ കുഴങ്ങും.

മൂന്നാമതായി, സന്ദർശകന്റെ ഉദ്ദേശ്യവും ആവശ്യവും അറിഞ്ഞു പെരുമാറുകയെന്നതാണു്. വൈകാരികമായി പ്രക്ഷുബ്ധമായ മനസ്സുമായി വരുന്നയാൾക്കു് അയാളുടെ മാനസികാവസ്ഥയിൽ പങ്കുചേരാനും അയാളെ മനസ്സിലാക്കാനും പറ്റിയ ഒരു വ്യക്തിയെയാണു് വേണ്ടതു്. നിങ്ങളുടെ സന്മനസ്സും സൗഹൃദവും ആ വ്യക്തിക്കു് ആവശ്യമാണെന്നോർക്കുക. ബുദ്ധിപരമായ ആശയസംവാദത്തിനു് വരുന്ന സുഹൃത്തിനു് വേണ്ടതു് ബൗദ്ധികമായ സഖിത്വ (intellectual companionslhip) മാണു്.

നാലാമതായി ഏതെങ്കിലും തരത്തിലുള്ള വിവരം (information) തിരക്കിവരുന്നയാൾക്കു് അതു് നൽകിയാൽ മതിയാകും. അയാളുടെ കാര്യത്തിലുള്ള കൂടുതലായ ഇടപെടലുകൾ വിവേകപൂർവ്വകമായിരിക്കില്ല.

അഞ്ചാമതായി, വീട്ടിൽ വരുന്ന വ്യക്തിയും സമയത്തിനു വിലയുള്ളയാളാണെന്ന വരാം. അങ്ങിനെയെങ്കിൽ ആ വ്യക്തിയെ പിടിച്ചു നിറുത്തുന്ന(retaining)തും അന്തമില്ലാത്ത സംസാരത്തിന്റെ കുരുക്കിലകപ്പെട്ടിൽ വീഴ്ത്തുന്നതും ആശാസ്യമല്ല.

അവസാനമായി, അതിഥിയുടെ പ്രത്യേകാവശ്യങ്ങളും സൗകര്യങ്ങളും (Creature comforts) നേരത്തെ ചോദിച്ചു മനസ്സിലാക്കി, ആവുംവിധം അവയ്ക്കനുസരണം പെരുമാറുകയെന്നതാണു്. എല്ലാവരും സ്ഥിരമായി കാപ്പികഴിക്കുന്ന കുടുംബത്തിൽ ചായ സ്ഥിരമായിക്കഴിക്കുന്ന അതിഥി വന്നാൽ അക്കാര്യം ചോദിച്ചറിഞ്ഞു് പെരുമാറുകയെന്നതു് കേവലമര്യാദമാത്രമാണു്. കുളിക്കാൻ ചൂടുവെള്ളം വേണ്ട അതിഥിയോടു് അക്കാര്യവും തിരക്കാം. താൻ മാനിക്കപ്പെടുന്നു എന്ന കാര്യം അതിഥിക്കു മനസ്സിലാക്കാൻ സത്യത്തിൽ ഇതൊക്കെയേ മാർഗ്ഗമുള്ളൂ.

malankaralibrary.com

വീട്ടിൽ വരുന്നവരോടുള്ള നമ്മുടെ പെരുമാറ്റത്തിൽ നമ്മെ നയിക്കേണ്ട തത്ത്വം മറ്റൊന്നുമല്ല: ഞാൻ സന്ദർശകനായി എവിടെയെങ്കിലും ചെന്നാൽ എനിക്ക് കിട്ടേണ്ടതു് ഇത്തരം സ്വീകരണവും പെരുമാറ്റവുമാണോ? ഈ ചിന്ത നമ്മെ ഭരിക്കുമെങ്കിൽ കുടുംബത്തിലെ നമ്മുടെ പെരുമാറ്റത്തിനും മര്യാദകൾക്കും ഉയർന്ന നിലവാരം പുലർത്താൻ കഴിയുമെന്നതു് തീർച്ച.

അയൽക്കാരുമായുള്ള ബന്ധങ്ങളിൽ നമ്മുടെ മര്യാദ വളരെ ഉപരിപ്ലവമായിപ്പോകാൻ സാദ്ധ്യതകളേറെയുണ്ടു്. വെറും ചടങ്ങിനുവേണ്ടിയുള്ള ഉപചാരങ്ങളേക്കാളുപരിയായി നാം വളരണമെങ്കിൽ 'അയൽക്കാരന്റെ ക്ഷേമം' നമ്മുടെ ജീവിതപദ്ധതിയുടെ ഭാഗമായിത്തീരണം. ഇക്കാര്യത്തിൽ, പ്രായോഗികതലത്തിൽ നമ്മെ നയിക്കേണ്ട ചിന്ത ഇതായിരിക്കട്ടെ: 'ഞങ്ങൾ ഈ സ്ഥലത്തുനിന്നും താമസം മാറുകയാണെങ്കിൽ ഞങ്ങളുടെ അസാന്നിദ്ധ്യം അയൽക്കാർ എങ്ങനെയായിരിക്കും കണക്കാക്കുക?'

മക്കളുമായുള്ള ബന്ധങ്ങളിൽ മര്യാദ മൂന്നു തലങ്ങളിൽ പ്രവർത്തിക്കുന്നു. ഒന്നു്, സാധാരണമായ ബന്ധങ്ങളിൽ(working relationships) മര്യാദനിറഞ്ഞ പെരുമാറ്റം യന്ത്രത്തിനു എണ്ണയെന്നപോലെ ആവശ്യകമാണു്. സ്നിഗ്ധത പ്രദാനം ചെയ്യുന്ന ഈ എണ്ണയുടെ അഭാവത്തിൽ യന്ത്രങ്ങൾക്കു തകരാറു സംഭവിക്കും. ബന്ധങ്ങൾക്കും അങ്ങനെതന്നെ. രണ്ടു്, തത്ത്വാധിഷ്ഠിതമായ പെരുമാറ്റം മക്കൾക്കു് സമ്മാനിക്കുന്ന മാതാപിതാക്കൾ അവർക്കേറ്റം വിലപ്പെട്ട ഒരു നിധിയാണു് നൽകുന്നതു്. കാരണം മക്കളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ അവർക്കു് എന്തെങ്കിലും ചെയ്യണമെങ്കിൽ, മൂല്യങ്ങളും ആദർശങ്ങളും മക്കളിൽ സന്നിവേശിപ്പിക്കണമെങ്കിൽ, മര്യാദയുടെ ഹൃദ്യമായ രീതിമാത്രമേ ഫലപ്രദമാകൂ. മൂന്നാമതു്, സ്നേഹനിർഭരവും മര്യാദാസമ്പൂർണവുമായ പെരുമാറ്റംകൊണ്ടു് മാതാപിതാക്കൾ മക്കളുടെ സ്മരണകളിൽ സ്ഥാനംപിടിക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ടു് ബലക്ഷയത്തിന്റെ തുരുത്തിലടിയുമ്പോൾ നല്ല മാതാപിതാക്കൾക്കു് മക്കളുടെ ഹൃദയശ്രീകോവിലുകളിൽ ഇരിപ്പിടങ്ങൾ ലഭിക്കാറുണ്ടു്. ഒരു മാർഗ്ഗമേ അതിനുള്ളൂ: മക്കളുമാ

malankaralibrary.com

യുള്ള ബന്ധങ്ങളിൽ ആദ്യന്തം മര്യാദ പാലിക്കുവാൻ സസ്നേഹം ശ്രദ്ധിക്കുക.

ജീവിതത്തിന്റെ ആത്യന്തികസംതൃപ്തി നമ്മുടെ ബന്ധങ്ങളുടെ മനോഹാരിതയിൽനിന്നാണു് ഉയിർക്കൊള്ളുക. ബന്ധങ്ങളുടെ മനോഹാരിത പുഷ്പിക്കുന്നതു് മര്യാദയുടെ ഉദ്യാനത്തിലാണെന്നസത്യം ഒരിക്കലും മറക്കാതിരിക്കുക.

malankaralibrary.com

5

കുടുംബപ്രശ്നങ്ങൾ

ഇന്നു നമ്മുടെ കൊച്ചുകേരളത്തിനു് അഭിമാനിക്കാൻ പലതുമുണ്ടു്. ഇന്നലത്തേക്കാൾ മെച്ചപ്പെട്ട വീടുകൾ, മെച്ചപ്പെട്ട വസ്ത്രം ധരിച്ച സ്ത്രീപുരുഷന്മാർ, മെച്ചപ്പെട്ട കലാലയങ്ങളിൽനിന്നു വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന യുവതീയുവാക്കൾ, മെച്ചപ്പെട്ട ആരോഗ്യമുള്ള കുഞ്ഞുങ്ങൾ, സദാ സംഗീതം ആലപിച്ചുകൊണ്ടിരിക്കുന്ന റേഡിയോകൾ, എവിടെയും ടി. വി. ഉണ്ടെന്നു വിളിച്ചുപറയുന്ന ആൻറിനകൾ.... ഇങ്ങനെ പലതും. എന്നാൽ ഇതോടൊപ്പം കേരളത്തിലെ അരമനക്കച്ചേരികളിൽ വിവാഹപ്രശ്നങ്ങളുമായി എത്തിച്ചേരുന്ന ആളുകളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചിലർ പറഞ്ഞേക്കാം: ഇന്നലത്തെ നമ്മുടെ കുടുംബങ്ങളിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ആമയുടെ പുറംചട്ടപോലെ ബാഹ്യമായി കെട്ടുറപ്പുള്ളവയായിരുന്നു അവ എന്നുമാത്രം.

ലോകം പോകുന്നതു് കുടുംബം പോകുന്ന വഴിക്കാണു്. കുടുംബം എങ്ങനെയോ അങ്ങനെയായിരിക്കും ലോകവും. പ്രശ്നങ്ങൾ നിറഞ്ഞ കുടുംബങ്ങൾ പ്രശ്നം നിറഞ്ഞ ലോകത്തെ സൃഷ്ടിക്കുന്നു. സഭയുടേയും സമുദായത്തിന്റേയും അടിസ്ഥാനഘടകം കുടുംബമാണല്ലോ. 'ക്രൈസ്തവവിവാഹവും ക്രൈസ്തവകുടുംബവുമാണു് സഭയെ പടുത്തുയർത്തുക. കാരണം, കുടുംബ

malankaralibrary.com

ത്തിൽ മനുഷ്യവ്യക്തി അസ്തിത്വത്തിലേക്ക് ആനയിക്കപ്പെടുകയും വിദ്യാഭ്യാസംവഴി മാനവസമൂഹത്തിലേക്ക് പടിപടിയായി പ്രവേശിക്കുകയും മാത്രമല്ല ചെയ്യുന്നത്; പ്രത്യുത, ജ്ഞാനസ്നാനത്താലുള്ള പുനർജ്ജന്മം, വിശ്വാസത്തിലുള്ള അഭ്യസനം എന്നിവ വഴി ഒരു ശിശു സഭയോകുന്ന കുടുംബത്തിലേക്ക് പ്രവേശിക്കയും ചെയ്യുന്നു.' (കുടുംബം ഒരു കൂട്ടായ്മ 12)

'സ്വർഗ്ഗരാജ്യത്തിന്റെ ഒരു ചെറിയ പതിപ്പ് ഈലോകത്തുണ്ടാകാൻവേണ്ടി ഒരു സ്ത്രീയും പുരുഷനും തമ്മിൽ ബന്ധിക്കപ്പെടുന്നതാണ് വിവാഹം.' ഒരു നല്ല നിർവ്വചനമാണിതു്. സ്വർഗ്ഗത്തിൽ എപ്പോഴും സമാധാനവും സന്തോഷവും നിറഞ്ഞു നിൽക്കുകയാണല്ലോ. അങ്ങനെയെങ്കിൽ അതിന്റെ ചെറിയ പതിപ്പായ കുടുംബത്തിലും സമാധാനം ഉണ്ടായിരിക്കണം. അതേ, സമാധാനമുള്ള കുടുംബം സ്വർഗ്ഗതുല്യമാണു്.

തങ്ങളുടെ കുടുംബത്തെ സ്വർഗ്ഗത്തിന്റെ ചെറിയ പതിപ്പായി ഉയർത്തണമെന്നാണു് സാധാരണയായി എല്ലാവരും ആഗ്രഹിക്കുക. എന്നാൽ എല്ലാവർക്കും അതു സാധ്യമാകുന്നില്ലെന്നതാണു് അനുഭവം. ഒരിക്കൽ കൗൺസലിംഗിനു വന്ന ഒരു പുരുഷൻ ചോദിക്കുകയാണു്: 'അച്ചൻ നരകം കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ എന്റെ വീട്ടിൽ വന്നാൽ മതി. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു് 19 വർഷമായി. 16 വർഷത്തോളം ഞങ്ങളുടെ കുടുംബം സ്വർഗ്ഗതുല്യമായിരുന്നു. എന്നാൽ മൂന്നു വർഷമായി അതു തനിനരകമാണു്. ഭാര്യയ്ക്കു് എന്നെ സംശയം. ഞാൻ ഒരു ടാക്സിഡ്രൈവറാണു്. ഭാര്യ പറയും, ആനക്കാരനും അഞ്ചൽക്കാരനും വഞ്ചിക്കാരനും വണ്ടിക്കാരനും അഴുക്കാണെന്നു്. വണ്ടിക്കാരനായ എനിക്കു വേറെയും സ്ത്രീകളുണ്ടെന്നു പറഞ്ഞു ശല്യമാണു്. മരിക്കണമെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ടു്. എന്നാൽ ആ പാപത്തിന്റെ ഗൗരവമോർത്തും എന്റെ അഞ്ചു കുഞ്ഞുങ്ങളെയോർത്തും ഞാൻ ജീവിക്കുന്നുമാത്രം'. പിന്നീടു നടന്ന കൗൺസലിംഗിൽനിന്നു് മനസ്സിലായി ആ സ്ത്രീ അവരുടെ 'മെനോപോസി'ലായിരുന്നെന്നും പ്രശ്നം അതുമായി ബന്ധപ്പെട്ടതായിരുന്നെന്നും.

malankaralibrary.com

കുടുംബശിഥിലീകരണത്തിനുള്ള കാരണങ്ങൾ

ആദ്ധ്യാത്മികം:

ഭൗതികനേട്ടങ്ങൾക്കു കൊടുക്കുന്ന മുൻതൂക്കം.
സജീവവിശ്വാസത്തിന്റെ അഭാവം.
ദൈവത്തിലുള്ള പ്രത്യാശയ്ക്കു പകരം നിരാശ.
കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള പ്രാർത്ഥനയുടെ കുറവ്.
മൂല്യത്തകർച്ച.

മാനസികം:

അപകർഷതാബോധം
വൈകാരിക അപക്വത
യാഥാർത്ഥ്യത്തിനു നിരക്കാത്ത പ്രതീക്ഷകൾ
ബുദ്ധിക്കോ യുക്തിക്കോ ചേരാത്ത ആവശ്യങ്ങൾ
വ്യക്തിത്വങ്ങളുടെ ചേർച്ചക്കുറവ്
വ്യക്തിത്വത്തിലെ വികലതകൾ
വ്യക്തിഗതമായ മാനസികത്തകരാറുകൾ
ചെറുപ്പകാലത്തിലെ പാളിച്ചകൾ
വിഭിന്നങ്ങളായ മാനസികാവശ്യങ്ങൾ

ലൈംഗികം:

ലൈംഗിക അസംതൃപ്തി
തെറ്റായ മുൻവിധിയും ധാരണയും
വന്ധ്യത, ജഡത
അമിതമായ ലൈംഗികാസക്തി
അജ്ഞതയും പെരുമാറ്റദൂഷ്യവും
ലൈംഗികവൈകൃതങ്ങൾ–സ്വവർഗ്ഗഭോഗം, സ്വയംഭോഗം, സാഡിസം
മുൻകാല അനുഭവങ്ങൾ, കുറ്റബോധം
സംശയം–(obsessive compulsive type.)

സാമ്പത്തികം:

സാമ്പത്തികമായ അരക്ഷിതാവസ്ഥ
സ്ഥിരമായ ജോലിയോ വരുമാനമോ ഇല്ലായ്മ
സ്ത്രീധനം
ദാരിദ്ര്യം

malankaralibrary.com

വ്യക്തിപരം:

മദ്യപാനം, ചൂതുകളി
ഏഷണി, പരദൂഷണം
അടുക്കും ചിട്ടയുമില്ലാത്ത ജീവിതശൈലി
അലസത
മുൻകോപം, ധാരാളിത്തം, പിശുക്ക്

കുടുംബാംഗങ്ങളം:

വ്യക്തിബന്ധങ്ങളിൽ അമിതമായ വ്യക്തിസ്വാതന്ത്ര്യം. വൃദ്ധരായ മാതാപിതാക്കളം, മറ്റു കുടുംബാംഗങ്ങളം
അമ്മായിയമ്മ–മരുമക്കത്തംബന്ധം

ആറുലക്ഷം വിവാഹങ്ങൾ

മരണംവരെ ഒരുമിച്ചുജീവിച്ചുകൊള്ളാമെന്ന വാഗ്ദാനത്തിൽ കുടുംബജീവിതമാരംഭിച്ച 12ലക്ഷം സ്ത്രീപുരുഷന്മാർ 1969–ൽ വിവാഹമോചനംവഴി വേർപിരിഞ്ഞു. അവർക്കും അവരുടെ മക്കൾക്കും അതുവഴി സമൂഹത്തിനുപൊതുവിലും ഉണ്ടാകാവുന്ന പ്രശ്നങ്ങളം അതീവഗുരുതരമാണെന്നു മനസ്സിലാക്കിയ കറെ മന:ശാസ്ത്രജ്ഞന്മാരും സാമൂഹ്യപ്രവർത്തകരും ഡോ. പോളം പോപ്പനേസ്ഥാപനത്തിന്റെ നേതൃത്വത്തിൽ പരാജയകാരണങ്ങളെക്കുറിച്ചു അന്വേഷണങ്ങളം നടത്തിയപ്പോൾ ആ വിദഗ്ധർ എത്തിച്ചേർന്നതു് പ്രധാനമായും അഞ്ചുകാരണങ്ങളിലാണു്. ആരോഗ്യകരമായ വ്യക്തിത്വത്തിന്റെ അഭാവം, പാകതയും പക്വതയുമില്ലായ്മ, സെക്സിനെപ്പറ്റി തെറ്റായ ധാരണ, കുടുംബജീവിതത്തെപ്പറ്റി യാഥാർത്ഥ്യബോധമില്ലായ്മ, സജീവമായ ദൈവവിശ്വാസത്തിന്റെ അഭാവം എന്നിവയായിരുന്നു ഈ കാരണങ്ങളം. നമ്മുടെ നാട്ടിലും കുടുംബപ്രശ്നങ്ങളം കൈകാര്യംചെയ്യുമ്പോൾ ബോധ്യമാകുന്നതു് ഇവിടെയും പ്രശ്നങ്ങൾക്കു കാരണം ഇവയൊക്കെത്തന്നെയാണെന്നാണു്.

1. ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ അഭാവം:

വൈദികനോ സംന്യാസിയോ ആകാൻ എല്ലാവർക്കും യോഗ്യതയില്ലെന്നു് ആരും സമ്മതിക്കും. എന്നാൽ വിവാഹിതരാകാൻ എല്ലാവരും യോഗ്യരാണെന്നാണു് പലരുടേയും ധാ

malankaralibrary.com

രണ. ഈ ധാരണ തെറ്റാണ്. പ്രത്യേകമായ ചില യോഗ്യതകളുള്ളവർക്കുമാത്രമേ വിവാഹിതരാകാനും അവകാശമുള്ള. ശാരീരികവും മാനസികവും സാമൂഹികവുമായ പല ഘടകങ്ങളും ചേർന്നതാണ് ഈ യോഗ്യതകളും. ആരോഗ്യമുള്ള വ്യക്തിത്വമാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടതു്.

വ്യത്യസ്തസാഹചര്യങ്ങളിൽ ജനിച്ചുവളർന്ന രണ്ടു വ്യത്യസ്ത വ്യക്തികളും—ഒരു സ്ത്രീയും പുരുഷനും—ഭാര്യയും ഭർത്താവുമായിത്തീരുന്നതോടെ അവർ തമ്മിൽ അടുത്ത ബന്ധം പുലർത്തേണ്ടിവരുന്നു. കുടുംബത്തിലുള്ള മറ്റംഗങ്ങളും കുട്ടികളും ഈ ബന്ധവലയത്തിൽപ്പെടേണ്ടവരാണു്. 'കുടുംബത്തിലെ വിശാലമായ കൂട്ടായ്മയല്ല', മാതാപിതാക്കളും മക്കളും തമ്മിലും സഹോദരീസഹോദരന്മാർ തമ്മിലും, വീട്ടിലെ ബന്ധുക്കളും മറ്റംഗങ്ങളും തമ്മിലുമുള്ള കൂട്ടായ്മയല്ല' അസ്തിവാരം നിർമ്മിക്കുന്നതു് ദാമ്പത്യകൂട്ടായ്മയാണു്' (കുടുംബം ഒരു കൂട്ടായ്മ. 21), മറ്റുള്ളവരുമായി തൃപ്തികരമായ ബന്ധം പുലർത്താനും കൂട്ടായ്മയിൽ വർത്തിക്കാനും നല്ല വ്യക്തിത്വം കൂടിയേതീരൂ.

ആരോഗ്യകരമായ വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളായി കരുതപ്പെടുന്നതു്, ഒരുവന്റെ ജോലി തൃപ്തികരമായി നിർവ്വഹിക്കാൻ സാധിക്കുക, അതിൽനിന്നു സംതൃപ്തി അനുഭവപ്പെടുക, ഏതും എന്തും ചെയ്യാതെ മറ്റുള്ളവർക്കുകൂടി സ്വീകാര്യമായതു ചെയ്യാൻ കഴിയുക, യാഥാർത്ഥ്യബോധത്തോടെ സ്വയം മനസ്സിലാക്കാൻ സാധിക്കുക, സ്വന്തംനേട്ടങ്ങളെപ്പറ്റി വസ്തുനിഷ്ഠമായി വിലയിരുത്താൻ കഴിയുക, നിർബ്ബന്ധശീലം ഇല്ലാതിരിക്കുക തുടങ്ങിയവയാണു്. കൂടാതെ ഉത്തരവാദിത്വബോധം, തീരുമാനമെടുക്കാനുള്ള പ്രാപ്തി, വികാരങ്ങളെ നിയന്ത്രിക്കാനുള്ളകഴിവു്, മറ്റുള്ളവരുടെ നേർക്കു പരിഗണന, യാഥാർത്ഥ്യങ്ങളെ അംഗീകരിക്കൽ, ഔചിത്യബോധം എന്നിവയും ആരോഗ്യകരമായ വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളാണു്. ഇതിൽനിന്നെല്ലാം ഉരുത്തിരിയുന്ന സന്തോഷം നിർബ്ബന്ധമായും ആ വ്യക്തിക്കനുഭവപ്പെടുകയും വേണം.

malankaralibrary.com

കുടുംബം നരകമാക്കുന്ന അനാരോഗ്യവ്യക്തിത്വത്തിന്റെ ഉടമകളിൽക്കാണുന്ന ചില സ്വഭാവവൈകല്യങ്ങളാണ് താഴെപ്പറയുക.

1. മറ്റുള്ളവരുടെ കാര്യത്തിൽ യാതൊരു പരിഗണനയും സഹതാപവും ഇല്ലാതിരിക്കുക:

ഉദാ: മറ്റുള്ളവരെ പ്രണപ്പെട്ടുത്തുന്ന രീതിയിൽ സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുക; അതേസമയം അതു മനസ്സിലാക്കാതിരിക്കുക. മറ്റുള്ളവർ സംസാരിക്കുമ്പോൾ അതിൽ താത്പര്യം കാണിക്കാതിരിക്കുക, വിഷയം മാറ്റാൻ ശ്രമിക്കുക, മറ്റുള്ളവർ സങ്കടമോ സന്തോഷമോ പ്രകടിപ്പിക്കുമ്പോൾ അതിൽ അമഷ്മോ അവഗണനയോ കാണിക്കുക. ശ്രദ്ധമുഴുവൻ സ്വന്തം ആഗ്രഹങ്ങളിലും താല്പര്യങ്ങളിലും മാത്രം ഒതുക്കുക. മറ്റുള്ളവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കാതിരിക്കുക. തന്നെ വേദനിപ്പിക്കാൻ മറ്റുള്ളവർശ്രമിക്കയാണെന്നു പരാതിപ്പെടുക.

2. വിഷാദപ്രകൃതി

ഉദാ: ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങളെക്കുറിച്ചു കുറ്റബോധം വച്ചുപുലർത്തുക. 'എന്നെ ആരും സ്നേഹിക്കുന്നില്ല, എനിക്കു യാതൊരു കഴിവുമില്ല, നന്മചെയ്യാൻ സാധിക്കുന്നില്ല' എന്നീ തോന്നലുകൾ ഉണ്ടായിരിക്കുക. 'ഒന്നും ചെയ്യാൻ ശാരീരികമായി ശക്തിയില്ല. സ്നേഹിച്ചിരുന്നയാൾ നഷ്ടപ്പെട്ടു. ഇനി ഒരു നല്ല ഭാവി എനിക്കുണ്ടാവില്ല' എന്നിങ്ങനെയുള്ള മനോഭാവം പുലർത്തുക. സന്തോഷം, ദുഃഖം, കോപം എന്നീ ഭാവങ്ങൾ മാറിമാറി വന്നുകൊണ്ടിരിക്കുക.

3. അമിതമായ ആധിപത്യ മനോഭാവം

ഏതു സാഹചര്യത്തിലും വാദിക്കുകയും എതിർക്കുകയും കലഹിക്കുകയും ചെയ്യുക, കുറ്റം ചെയ്തിട്ടും അതു സമ്മതിക്കാതിരിക്കുക, താൻ ചെയ്യുന്നതെന്തും മറ്റുള്ളവർ ശരിയായിട്ട് അംഗീകരിച്ചുകൊള്ളണമെന്നു ശഠിക്കുക, മറ്റുള്ളവരുടെ അഭിപ്രായം എന്തുതന്നെയായാലും സ്വാഭിപ്രായംതന്നെ നടപ്പിലാക്കുക, എല്ലാം തനിക്കു നേരിട്ടു നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അസ്വസ്ഥനാകുക, കാര്യങ്ങൾ നടന്നുകിട്ടാൻ മറ്റുള്ളവരോടു ആജ്ഞാപിക്കുക, പദവിയും അവകാശവും സംരക്ഷിക്കാൻ അമിതവ്യഗ്രത കാണിക്കുക.

malankaralibrary.com

4. പ്രവർത്തനരഹിതപ്രകൃതി

മറ്റുള്ളവർ എല്ലാം ചെയ്യാൻ കാത്തിരിക്കുക, കാര്യങ്ങൾ ചെയ്തുതീർക്കാതെ വെറുതെ നീട്ടിക്കൊണ്ടുപോകുക, ബുദ്ധിമുട്ടാൻ ഇഷ്ടമില്ലാത്തതുകൊണ്ടും ജോലിചെയ്യാൻ പ്രയത്നം ആവശ്യമായതുകൊണ്ടും വീട്ടിൽത്തന്നെ ഇരുന്ന സമയം കളയുക, സദാ ക്ഷീണിതനും ഉന്മേഷരഹിതനുമായിരിക്കുക, ചുറ്റുപാടും നടക്കുന്ന കാര്യങ്ങളിൽ താത്പര്യമോ ശ്രദ്ധയോ ഇല്ലാതിരിക്കുക.

5. കർക്കശപ്രകൃതി

താൻ ചെയ്യുന്ന രീതിയല്ലാതെ മറ്റൊന്നും ശരിയല്ലെന്നും എല്ലാവരും അതേരീതി സ്വീകരിക്കണമെന്നും ശഠിക്കുക, അനാവശ്യവും അർത്ഥമില്ലാത്തതുമായ രീതികൾ ആവർത്തിക്കുക, വർഷങ്ങൾ കഴിഞ്ഞാലും സാഹചര്യം മാറിയാലും താൻ ശീലിച്ചതിൽനിന്ന് മാറാതിരിക്കുക, താൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് മറ്റുള്ളവരും ജീവിക്കണമെന്ന് നിർബ്ബന്ധം പിടിക്കുക, അപ്രതീക്ഷിതമായോ അല്ലാതെയോ എന്തു സംഭവിച്ചാലും താൻ മുൻകൂട്ടി തീരുമാനിച്ചിരിക്കുന്നതിൽനിന്ന് കടുകിടമാറാം വരുത്താൻ സമ്മതിക്കാതിരിക്കുക. ഒരു വിവാഹാഘോഷത്തിൽ പങ്കെടുക്കാനെത്തിയ ജ്യേഷ്ഠസഹോദരന്റെ ഡ്രസ്സിൽ കപിതനായ അനുജൻ ജ്യേഷ്ഠന്റെ ഭാര്യയോട് ചോദിച്ചു: 'ചേട്ടത്തി എന്തെടുക്കുകയായിരുന്നു? കണ്ടില്ലേ ചേട്ടൻ കീറിയ ഷർട്ടും ഇട്ടുകൊണ്ടാണല്ലോ കല്യാണത്തിനു വന്നിരിക്കുന്നത്. നാണമില്ലേ?' ജ്യേഷ്ഠത്തിയുടെ മറുപടി: 'നിനക്കറിഞ്ഞുകൂടേ ചേട്ടന്റെ കാര്യം? ഇന്നു ഞായറാഴ്ചയാണ്. എട്ടാം നമ്പർ ഷർട്ടിടേണ്ടദിവസം! ഞാൻ എത്ര പറഞ്ഞിട്ടും കീറിയ ഷർട്ട് മാറിയില്ല.' ഈ വ്യക്തിയുടെ മക്കളും മറ്റു കുടുംബാംഗങ്ങളും അനുഭവിക്കുന്ന മാനസിക പീഡനങ്ങൾ എത്രമാത്രമാണെന്ന് കൗൺസലിംഗിൽനിന്നു മനസ്സിലാക്കാൻ സാധിച്ചു.

ഇവിടെ പൂണ്ടിക്കാട്ടിയ ചുരുക്കം ചില ലക്ഷണങ്ങളോടുകൂടിയ വ്യക്തിത്വംകൂടാതെ വേറെയും അനാരോഗ്യവ്യക്തിത്വങ്ങളുണ്ട്. ഹിസ്റ്റീരിക്കൽവ്യക്തിത്വം, നിർബന്ധിതവ്യക്തിത്വം, ലൈംഗികവൈകൃതവ്യക്തിത്വം, എന്നിങ്ങനെ.

malankaralibrary.com

സംശയപ്രകൃതിക്കാർ, യാതൊരു പ്രതികരണവുമില്ലാത്തവർ തുടങ്ങിയവരും വികലമായ വ്യക്തിത്വത്തിന്റെ ഉടമകളാണ്. കുടുംബപ്രശ്നപരിഹാരം കാംക്ഷിക്കുന്നവർ സ്വയംമനസ്സിലാക്കി വ്യക്തിത്വവൈകൃതങ്ങളും തിരുത്താൻ സന്നദ്ധരാകണം.

2. അപകർഷതാബോധം

കുടുംബപ്രശ്നങ്ങളുടെ മറ്റൊരു പ്രമുഖകാരണം അപകർഷതാബോധമാണ്. 'സ്വയം വെറുക്കുന്ന വ്യക്തിയെ നമ്മൾ ഭയപ്പെടണം. കാരണം, തന്നോടുതന്നെയുള്ള വെറുപ്പ് അയാൾ എന്നാണ് നമ്മോട് കാട്ടുക എന്നറിഞ്ഞുകൂടാ' എന്നത് ഒരു സാമാന്യതത്ത്വമാണ്. കുടുംബജീവിതത്തിലെ ഒട്ടു വളരെ പരാജയങ്ങൾക്കുകാരണം അപകർഷതാബോധമാണെന്നു കാണാൻ കഴിയും. 'എനിക്ക് ഒരു കഴിവുമില്ല, മറ്റുള്ളവരെപ്പോലെ പഠിപ്പില്ല, എനിക്ക് ഉയരം കുറവാണ് അല്ലെങ്കിൽ കൂടിപ്പോയി, നിറമില്ല, സൗന്ദര്യമില്ല, ആരോഗ്യമില്ല. ഞാൻ സാധുകുടുംബത്തിലേതാണ്, ഞാൻ എത്ര ചെയ്താലും ശരിയാവില്ല' ഇത്തരം ചിന്തകളാണ് അപകർഷതാബോധം ഉള്ളവരെ അലട്ടുക. ഭാര്യയ്ക്കു ഭർത്താവിനേക്കാൾ വിദ്യാഭ്യാസമോ ശമ്പളമോ ഉണ്ടായാൽ, ഭാര്യ സമ്പന്നകുടുംബത്തിൽനിന്നും ഭർത്താവ് സാധുകുടുംബത്തിൽനിന്നുമായാൽ, ഭർത്താവിന് അപകർഷതാബോധം ഉണ്ടാവാൻ സാധ്യത ഏറെയാണ്; ഭാര്യയ്ക്ക് സൗന്ദര്യമില്ലെന്ന തോന്നലുണ്ടെങ്കിൽ, നാത്തൂന്മാരൊക്കെ ഡിഗ്രിയും ഉദ്യോഗവും ഉള്ളവരാണെങ്കിൽ അവർക്കും അപകർഷതാബോധം ഉണ്ടാകും.

ന്യായമായ പ്രതീക്ഷകൾ പുലർത്താനോ ആരോഗ്യകരമായ ദാമ്പത്യബന്ധം കെട്ടിപ്പടുക്കാനോ ആത്മനിന്ദയിൽ മുഴകിയവർക്കു കഴിയുകയില്ല. ജീവിതപങ്കാളി എത്രമാത്രം സ്നേഹവും വാത്സല്യവും കോരിച്ചൊരിഞ്ഞിട്ടും അതുൾക്കൊള്ളാനുള്ള മനോഭാവം ഇല്ലാത്തർക്ക് ഉണ്ടായിരിക്കയില്ല. പരാതിയായിരിക്കും ബാക്കി, ഒപ്പം നിരാശയും. 'ഇതിനൊന്നിനും എനിക്കു അവകാശമില്ല, ഇതൊക്കെ വെറും അടിമയജമാണ്' എന്ന മനോഭാവമായിരിക്കും മറുപക്ഷത്തിന്.

malankaralibrary.com

ഭർത്താവിനെ സദാ സംശയിച്ചുകൊണ്ടിരുന്ന ഒരു ഭാര്യയുടെ കാര്യം ഓർക്കുന്നു. കൗൺസലിംഗിൽനിന്നു ബോധ്യമായതു് ഭർത്താവു് നിരപരാധനാണെന്നും ഭാര്യയ്ക്കു് അവളുടെ സൗന്ദര്യത്തെപ്പറ്റി ഉണ്ടായിരുന്ന അപകർഷതാബോധമാണു് ഈ സംശയത്തിനു കാരണമെന്നുമാണു്. കുട്ടിക്കാലത്തു മറ്റുള്ളവർ ഈ സ്ത്രീയെ വിളിച്ചിരുന്നതു് 'കുരങ്ങേ' എന്നായിരുന്നു. യോഗ്യനും സൽസ്വഭാവിയുമായ ഭർത്താവിനെ നഷ്ടപ്പെടുമെന്ന ഭയമാണവൾക്കു്. അദ്ദേഹത്തിനു തന്നോടു സ്നേഹമുണ്ടാവാൻ തനിക്കു് സൗന്ദര്യമില്ലല്ലോ എന്ന ഉപബോധമനസ്സിന്റെ മന്ത്രണം! 'ഈ 'കുരങ്ങായ' എന്നെ യോഗ്യനായ അദ്ദേഹത്തിനു് ഇഷ്ടമുണ്ടാവില്ല. ഭർത്താവു് സുന്ദരിമാരെത്തേടിപ്പോകുന്നുണ്ടാവും, പോകുന്നുണ്ടു്.' ആ ഭാര്യയെ സംബന്ധിച്ചിടത്തോളം അതു വെറും സംശയമല്ല, ഉറച്ച ബോധ്യമായിരുന്നു. അവരുടെ അപകർഷതാബോധത്തിൽനിന്നുമുണ്ടായ ആത്മപ്രതിബിംബനമാണു് ഈ സംശയത്തിനെല്ലാം കാരണം. സ്വയംമതിപ്പിലൂടെ തന്നോടുതന്നെ സമാധാനത്തിൽ കഴിയാൻ സാധിക്കാത്ത വ്യക്തിക്കു മറ്റുള്ളവരുമായി സമാധാനത്തിൽ കഴിയാൻ ഒരിക്കലും സാധിക്കുകയില്ലെന്നതു് ഒരു വലിയ സത്യമാണു്.

3. വൈകാരികമായ അപക്വത

'പെണ്ണിനെ കെട്ടിക്കാറായാൽപ്പോരാ, പെണ്ണു് കെട്ടാറാകണം'. മകനും കെട്ടാറാകണമെങ്കിൽ അവനും ശാരീരികമായ വളർച്ചയുണ്ടായാൽ മാത്രംപോരാ, കുടുംബജീവിതത്തിലെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാനുള്ള പ്രാപ്തിയുമുണ്ടാകണം. ദമ്പതികളുടെ വൈകാരികവും മാനസികവുമായ വളർച്ചയുടെ അഭാവത്തിൽ എത്രയോ കുടുംബങ്ങളാണു് ഇന്നു നരകിക്കുന്നതു്! ആ ദമ്പതികളും ഒരുപക്ഷേ നല്ല വ്യക്തികളായിരിക്കാം. എന്നാൽ വികാരങ്ങളെ നിയന്ത്രിക്കാൻ അറിഞ്ഞുകൂടാത്ത, വിവേചനശക്തിയില്ലാത്ത 'പാവം കൊച്ചുകുട്ടികളാ'!

എല്ലാവരും മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്ന പതിവുള്ള ഒരു കുടുംബത്തിലെത്തിയ പുത്തുമണവാട്ടി കസേരയിലിരുന്നു പ്രാർത്ഥിക്കുന്നതു കണ്ടിട്ടു് ഭർത്താവു് 'എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിക്കുന്നതു കണ്ടില്ലേ, മുട്ടുകുത്തിപ്രാർത്ഥിക്കു്' എന്നു പറഞ്ഞി

malankaralibrary.com

ട്ടും വഴങ്ങാതിരുന്ന ഭാര്യ പറഞ്ഞു: 'എന്റെ വീട്ടിൽ ഇങ്ങനെയാണു'. വേറൊരുദിവസം, കന്നുകാലിത്തൊഴുത്തിന്റെ വരാന്തയിൽ വച്ചിരുന്ന ചേന എടുത്തുകൊണ്ടുവരാൻ അമ്മായിയമ്മ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പുതുപ്പെണ്ണു് അനുസരിച്ചില്ല. ഇതു ശ്രദ്ധിച്ചുകൊണ്ടു് അടുത്ത മുറിയിൽ ഇരുന്ന ഭർത്താവു് ഇറങ്ങിവന്നു് ചോദിച്ചപ്പോഴും ഭാര്യ പറയുകയാണു്: 'എന്റെ വീട്ടിൽ ചേന പറിച്ചുകൊണ്ടുവരുന്ന ആംഗതന്നെയാണു് അടുക്കളയിൽ എത്തിക്കുന്നതും.' ഇതുപോലുള്ള പല സംഭവങ്ങളുടെയും ഫലമായി ഈ യുവഭാര്യയ്ക്കു് ഒരു വർഷത്തോളം അവളുടെ വീട്ടിൽത്തന്നെ നിൽക്കാനുള്ള 'ഭാഗ്യ'മാണു കിട്ടിയതു്.

ശാരീരികം, ബൗദ്ധികം, സാമൂഹികം, വൈകാരികം, ധാർമ്മികം, ലൈംഗികം എന്നീ തലങ്ങളിലെല്ലാം ദമ്പതികൾ വളർച്ച പ്രാപിക്കേണ്ടതു് കുടുംബപ്രശ്നങ്ങൾ ഒഴിവാക്കാൻ ആവശ്യമാണു്. ഒരാളുടെ പെരുമാറ്റത്തിൽനിന്നാണു് മറ്റുള്ളവർ മനസ്സിലാക്കുക ആ വ്യക്തിക്കു് പക്വതയുണ്ടോ ഇല്ലയോ എന്നു്. പക്വതയാർന്ന വ്യക്തിത്വത്തിന്റെ ചില ലക്ഷണങ്ങൾ ഇങ്ങനെ നിർദ്ദേശിക്കാം: കുടുംബാംഗങ്ങളുമായി അടുത്തബന്ധം പുലർത്താൻ സാധിക്കുക, സൗഹൃദബന്ധങ്ങളിൽ താത്പര്യമുണ്ടായിരിക്കുക, സ്വന്തം ജോലികാര്യങ്ങൾ വേണ്ടവിധം നിർവ്വഹിക്കുക, ജോലിയിൽനിന്നു് സംതൃപ്തി അനുഭവപ്പെടുക, അകാരണമായ ഭയമോ ആശങ്കയോ ഇല്ലാതിരിക്കുക, മുൻവിധികളും സംശയങ്ങളും കൂടാതെ മറ്റുള്ളവരുമായി ബന്ധപ്പെടാൻ കഴിയുക, സ്നേഹിക്കാനും സ്നേഹം സ്വീകരിക്കാനും സാധിക്കുക, കൊടുക്കുന്നതിനും സ്വീകരിക്കുന്നതിനും കഴിയുക, അമിതാശ്രയംകൂടാതെ തീരുമാനമെടുക്കാനും അതനുസരിച്ചു് മുമ്പോട്ടു പോകാനും സാധിക്കുക, കാര്യങ്ങൾ ചെയ്യുന്നതും ആസൂത്രണം ചെയ്യുന്നതും താൽക്കാലികസംതൃപ്തിമാത്രം ലക്ഷ്യമാക്കിയല്ലാതിരിക്കുക, പൊതുനന്മയിൽ താത്പര്യം ഉണ്ടായിരിക്കുകയും സഹകരിക്കുകയും ചെയ്യുക, സ്വന്തം പ്രവൃത്തികളിൽ വന്നുപോയ തെറ്റുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സന്നദ്ധരാകുക, കുടുംബത്തിൽ ചെയ്യേണ്ട കാര്യങ്ങൾ മറ്റംഗങ്ങളുമായി ആലോചിച്ചു് വേണ്ടതു നിറവേറ്റാനുള്ള കഴിവുണ്ടായിരിക്കുക, മാതാപിതാക്കന്മാരിൽനിന്നു് വൈകാരികസ്വാതന്ത്ര്യം (Psycho–

malankaralibrary.com

logical Independence) നേടിയിരിക്കുക, മാതാപിതാക്കന്മാരുമായി ആലോചിക്കാനും അവരുമായി സഹകരിച്ചുപോകാനും കഴിയുക, തെറ്റുകൾ ചൂണ്ടിക്കാണിച്ചുതരുന്നവരോട് ആത്മാർത്ഥമായ നന്ദി ഉണ്ടായിരിക്കുക, എന്നിത്യാദി. പക്വത പ്രാപിക്കാൻ ആഗ്രഹിക്കുന്നവരോടും മക്കളെ ആ രീതിയിൽ വളർത്താൻ ആഗ്രഹിക്കുന്ന മാതാപിതാക്കന്മാരോടും അമേരിക്കൻ മനഃശാസ്ത്രജ്ഞനായ 'കാം റോജേഴ്സ്' പറയുന്നു: നമ്മൾ പക്വത പ്രാപിക്കുന്നതു് നമുക്കിഷ്ടപ്പെട്ടതെല്ലാം ചെയ്യുമ്പോഴല്ല, പിന്നെയോ നമ്മൾ ചെയ്യേണ്ടതു് ചെയ്യുമ്പോഴാണു്.

4. യാഥാർത്ഥ്യത്തിനു നിരക്കാത്ത പ്രതീക്ഷകൾ

കൗൺസലിംഗിനു വന്ന ഭർത്താവു് സംസാരം തുടങ്ങിയതു്, 'ആറുവർഷമായിട്ടു് ഞാൻ അച്ഛനമ്മാരെപ്പോലെയാണു്' എന്നു പറഞ്ഞുകൊണ്ടാണു്. 'ഓഹോ കുർബ്ബാന ചൊല്ലാൻ തുടങ്ങി, അല്ലേ?' കൗൺസിലർ ചോദിച്ചു. 'അല്ല, ഞങ്ങൾ തമ്മിൽ ആറുവർഷമായി ലൈംഗികബന്ധമേയില്ല, ഭാര്യ അതിനൊന്നും സമ്മതിക്കാറില്ല. 'എനിക്കു് അതിലൊന്നിലും താത്പര്യമില്ല' എന്നായിരുന്നു ഭാര്യയുടെ പ്രതികരണം. പുണ്യവതി ചമയാൻ തുടങ്ങിയ ആ സ്ത്രീയെ അല്പം ശാസിച്ചപ്പോൾ പറഞ്ഞു, 'എനിക്കു് തന്നിച്ചു് കുറച്ചു സംസാരിക്കണമെന്നു്. ഒരേ വീട്ടിൽ താമസിക്കുന്ന അവർ തമ്മിൽ സ്നേഹമോ സ്നേഹപ്രകടനമോ ഇല്ല; അവർ വെറും 'നരകവാസികളാ'യിരുന്നു. ആ സ്ത്രീക്കു ഭർത്താവിനോടു് അകൽച്ചയാണെന്നു്, ശാരീരികമായി അടുക്കാൻ സാധിക്കുന്നില്ലെന്നു വെളിപ്പെട്ടു. ഭർത്താവിന്റെ പ്രാപ്തിയെപ്പറ്റി മതിപ്പുണ്ടെങ്കിലും അവർക്കു് അയാളുടെ നടപ്പും എടുപ്പും സഹിക്കുന്നില്ല. 'ചെരിപ്പും വലിച്ചുകൊണ്ടുള്ള ആ നടപ്പു്, മുണ്ടുകുത്തുന്ന രീതി, ഒക്കെ എനിക്കു വെറുപ്പാണു്.' ധാരാളം സിനിമയും കണ്ടു് നോവലും വായിച്ചു് വൻപ്രതീക്ഷകളുമായി നഗരത്തിൽ ജീവിച്ച ആ യുവതിക്കു് വെറും 'കൺട്രി'യായ ഭർത്താവിന്റെ രീതികളും സഹിച്ചില്ല; വിവാഹമോചനത്തിനു പോയില്ലെങ്കിലും അവരുടെ ജീവിതം മാനസികമായി വിവാഹമോചനം നേടിയ മട്ടിലായിരുന്നു. ഇന്നത്തെ യുവജനങ്ങളിൽ പലരും സിനിമകളിലും നോവലുക

malankaralibrary.com

ളിലും കാണുന്ന സാങ്കല്പികജീവിതം സ്വപ്നം കണ്ടുകൊണ്ട് ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുന്നു. മോഹനസ്വപ്നങ്ങളും ഓരോന്നായി കൊഴിഞ്ഞുവീഴുന്നതോടെ വിവാഹവും തകരുന്നു. കുടുംബജീവിതം റോസാപ്പുഷ്പങ്ങളും നിരത്തിയ പട്ടുമെത്തയല്ലെന്നും, പുഷ്പങ്ങളും മുള്ളുകളും ഇടകലർന്നതാണെന്നും അവർ മനസ്സിലാക്കിവരുമ്പോഴേക്കും സമയം അതിക്രമിച്ചുപോകുന്നു. യാഥാർത്ഥ്യബോധത്തോടെ കുടുംബജീവിതത്തെക്കുറിച്ചു പഠിച്ചറിഞ്ഞുകൊണ്ടു വിവാഹജീവിതത്തിലേക്കു പ്രവേശിച്ചാലേ ഈ പരാജയങ്ങളും ഒഴിവാക്കാനാവൂ.

5. പ്രതീക്ഷകൾ തമ്മിലുള്ള അന്തരം

സ്ത്രീയുടെയും പുരുഷന്റെയും മനഃശാസ്ത്രം വ്യത്യസ്തമായിരിക്കുന്നതുപോലെ തന്നെ അവരുടെ ആവശ്യങ്ങളും പ്രതീക്ഷകളും വിഭിന്നമായിരിക്കും. ഇന്നു് ഒരു യുവാവു വിവാഹം കഴിക്കുന്നതു് ഭക്ഷണം പാകപ്പെടുത്തിക്കിട്ടാൻവേണ്ടിയോ, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ വേണ്ടിയോ, ലൈംഗികാവശ്യങ്ങൾക്കായോ പ്രാർത്ഥനയ്ക്കു് ഒരു കൂട്ടിനായോ മാത്രമല്ല, പ്രത്യുത അവന്റെ മാനസികവൈകാരികസംതൃപ്തിക്കും വേണ്ടിയാണു്, 'ഈഗൊ സപ്പോർട്ടിനു' വേണ്ടിയാണു്. ഇതു മനസ്സിലാക്കി സാധിച്ചുകൊടുക്കാത്ത സ്ത്രീ ഭാര്യയെന്നനിലയിൽ പരാജയപ്പെടും. ഒരു സ്ത്രീക്കു് അവളുടേതായ ഒരു പുരുഷനെവേണം; സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും, സുരക്ഷിതത്വംലഭിക്കാനും. ഇതു മനസ്സിലാക്കാത്ത പുരുഷനും കുടുംബപ്രശ്നങ്ങൾക്കു വഴിമരുന്നിടുകയാണു്.

വിവാഹത്തിൽനിന്നു് ഒരു പുരുഷൻ പ്രതീക്ഷിക്കുന്നതല്ല ഒരു സ്ത്രീ പ്രതീക്ഷിക്കുക. വിവാഹോപദേശകനായ ഡോ. ക്ളിഫർഡ് ആഡംസ് നടത്തിയ ഒരു പഠനത്തിന്റെ നിഗമനം താഴെച്ചേർക്കുന്നു.

പുരുഷന്റെ പ്രതീക്ഷകൾ	സ്ത്രീയുടെ പ്രതീക്ഷകൾ
1. സഖിത്വം (Companionship)	സ്നേഹം
2. ലൈംഗികസംതൃപ്തി	സുരക്ഷിതത്വം
3. സ്നേഹം	സഖിത്വം
4. കുഞ്ഞുങ്ങൾ	കുഞ്ഞുങ്ങൾ
5. കുടുംബം	ലൈംഗികസംതൃപ്തി

malankaralibrary.com

സ്ത്രീയും പുരുഷനും ഒരേ കാര്യംതന്നെ പ്രതീക്ഷിക്കുന്നതു് ഒരേ അളവിലും പ്രാധാന്യത്തിലുമല്ലെന്നു വ്യക്തമാണു്. രണ്ടാംസ്ഥാനത്തു് സ്ത്രീ പ്രതിഷ്ഠിക്കുന്നു സുരക്ഷിതത്വം പുരുഷനു പ്രശ്നമേയല്ല. സ്നേഹം, വാത്സല്യം, വിശ്വാസം എന്നീ കാര്യങ്ങൾക്കു സ്ത്രീ പ്രാധാന്യംകൊടുക്കുമ്പോൾ പുരുഷൻ ദാഹിക്കുന്നതു് തന്റെ ഉൽക്കർഷേച്ഛയ്ക്കു് പ്രോദനം ലഭിക്കാനും തന്റെ കഴിവും പ്രാപ്തിയും അംഗീകരിക്കപ്പെടാനുമാണു്. ഒരു കൃഷിക്കാരന്റെ കാര്യമെടുക്കാം. തന്റെ കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി, ഭാര്യയും മക്കളും സുഖമായി ജീവിക്കാൻവേണ്ടി അയാൾ അദ്ധ്വാനിക്കുന്നു; പലതരം കൃഷികൾ മാറിമാറിച്ചെയ്യുന്നു; സമയത്തു വളവും വെള്ളവും എത്തിക്കുന്നു. അയാളുടെ പ്രയത്നഫലമായി വിളവും പണവും വർദ്ധിച്ചു. പക്ഷേ ഇതൊക്കെ ആരറിയാനാണു്? നാട്ടുകാർ അറിയുന്നേയില്ല. അതിലവനു് വിഷമവുമില്ല. എന്നാൽ അവൻ ആഗ്രഹിക്കുന്നുണ്ടു്, ഭാര്യ അതു മനസ്സിലാക്കണമെന്നും തന്നെ പ്രശംസിക്കണമെന്നും. ഏതു പുരുഷന്റെയും ദാഹമാണിതു്. അംഗീകാരവും പ്രശംസയും ഭാര്യയ്ക്കു വേണ്ടെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. ശരീരം, മനസ്സു്, ആത്മാവു് ഈ മൂന്നംശമുള്ള ഒരു സങ്കീർണ്ണജീവിയാണല്ലോ മനുഷ്യൻ. ഈ മൂന്നിന്റെയും ആവശ്യങ്ങൾ നടന്നാലേ മനുഷ്യൻ സംതൃപ്തനാവുകയുള്ളു; കുടുംബപ്രശ്നങ്ങൾ ഒഴിവാകയുള്ളു.

6. മദ്യപാനാസക്തി

പല കുടുംബപ്രശ്നങ്ങൾക്കും കാരണമാകുന്നതു് മദ്യപാനാസക്തിയാണു്. മദ്യവും മയക്കുമരുന്നും കുടുംബത്തെ സാമ്പത്തികത്തകർച്ചയിലേക്കു നയിക്കുന്നു. ജോലികാര്യങ്ങളിൽ ശ്രദ്ധയില്ലാതാകുന്നു, വ്യഭിചാരത്തിനും മറ്റു അസാന്മാർഗ്ഗികതയ്ക്കും അടിപ്പെടാൻ കാരണമാകുന്നു; കുടുംബകലഹത്തിനും കൊലപാതകങ്ങൾക്കും പലപ്പോഴും ഉത്തരവാദി മദ്യംതന്നെയാണു്. മദ്യപാനാസക്തി ഒരു രോഗമാണു്, പല രോഗങ്ങളുടെയും ലക്ഷണമാണു്. (കുടുംബത്തിനൊരു ഭീഷണി എന്ന ലേഖനം കാണുക)

malankaralibrary.com

7. മാനസികരോഗം

വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാനസികപ്രശ്നങ്ങളാണ് ഇന്നു് പലരേയും മാനസികരോഗികളാക്കുന്നുണ്ടു്. രോഗം കണ്ടുപിടിക്കപ്പെടാതെ, അല്ലെങ്കിൽ രഹസ്യമായി വച്ചുകൊണ്ടു് വിവാഹം കഴിക്കുമ്പോഴാണ് കൂടുതലും പ്രശ്നം. വിവാഹത്തോടെ മാനസികരോഗം വർദ്ധിക്കുന്നതല്ലാതെ, സുഖപ്പെടുന്നില്ലെന്ന വസ്തുത പലരും മനസ്സിലാക്കിയിട്ടില്ല. മാനസികരോഗമുള്ള വ്യക്തി വിവാഹത്തിൽ പ്രവേശിക്കയാണെങ്കിൽ അതു രോഗവിവരം ഇതരകക്ഷിയെ അറിയിച്ചിട്ടുവേണം.

8. ബന്ധുക്കൾ

വിവാഹത്തോടെ രണ്ടു വ്യക്തികളും മാത്രമല്ല അവരുടെ രണ്ടു കുടുംബങ്ങളും പരസ്പരം ബന്ധപ്പെടുകയാണു്. ബന്ധുക്കളുമായി ഒത്തുചേർന്നുപോകാൻ കഴിയാത്തതുകൊണ്ടുമാത്രം തകരുന്ന ദാമ്പത്യബന്ധങ്ങളും നമ്മുടെ നാട്ടിൽ വിരളമല്ല. പ്രത്യേകിച്ചു്, ഭർത്താവിന്റെ ബന്ധുക്കളെ സ്വന്തം ബന്ധുക്കളായിക്കണ്ടു് അവരുമായി യോജിച്ചുപോകാനാവാത്ത ഭാര്യയുടെ നില പലപ്പോഴും വളരെയേറെ പരിതാപകരമായിരിക്കുമെന്നതിൽ സംശയമില്ല.

ഇന്നു് അമ്മായിയമ്മപ്പോരു് വളരെ വിരളമാണു്. എങ്കിലും ഉള്ളിടത്തു് അതു വളരെ രൂക്ഷമാകാറുണ്ടു്. ഇക്കാരണത്തിന്റെ പേരിൽആത്മഹത്യകൾ പോലും നടക്കുന്നുണ്ടല്ലോ. വലതുകാൽ കുത്തി ഭർത്തൃഗൃഹത്തിലേക്കു കയറിവരുന്ന പെൺകുട്ടിയെ അവിടെ ചിലർ കാണുന്നതു് തങ്ങളുടെ മകനെ അല്ലെങ്കിൽ സഹോദരനെ അപഹരിക്കാൻ വരുന്ന സ്ത്രീയായിട്ടാണു്. എത്രയോ വികലമായ വീക്ഷണം! ആ നവവധു മറ്റുള്ളവരുമായി പൊരുത്തപ്പെട്ടുപോകാൻ സാധിക്കുന്ന, വിട്ടുവീഴ്ചയ്ക്കു തയാറുള്ള, ഭർത്താവിന്റെ അമ്മയേയും ഇതരബന്ധുക്കളേയും സ്നേഹിക്കാൻ സാധിക്കുന്ന, വിശാലഹൃദയവും നയവും ഉള്ള വ്യക്തിയാണെങ്കിൽ അവരെ നേടിയെടുക്കാൻ സാധിച്ചേക്കും. രണ്ടുകൂട്ടരും പരിശ്രമിക്കുകയും വേണം.

അമ്മായിയമ്മപ്പോരിനേക്കാൾ മരുമകളുടെ പോരിനെക്കുറിച്ചാണു് ഇന്നു കൂടുതൽ കേൾക്കുക. വൃദ്ധദമ്പതികളും സർവ്വ

malankaralibrary.com

ശക്തയായ മരുമകളുടെ ശകാരം കേട്ടും ശിക്ഷ അനുഭവിച്ചുംകഴിയേണ്ട ഗതികേട് ചില കുടുംബങ്ങളിലെങ്കിലും നിലനിൽക്കുന്നു! നരവംശശാസ്ത്രജ്ഞയായ മാർഗരറ്റ് മീഡിന്റെ വാക്കുകളും ശ്രദ്ധേയമാണ്: 'ഒരേ മേൽക്കൂരയുടെ കീഴിൽ രണ്ടേരണ്ടു സ്ത്രീകളുപോലും കലഹിക്കാതെ ജീവിക്കുക എളുപ്പമല്ല'. അതിനു നിസ്വാർത്ഥസ്നേഹവും സേവനസന്നദ്ധതയും ത്യാഗമനോഭാവവുംകൂടിയേ തീരൂ. 'പ്രായം ചെന്നവരുടെ നേർക്ക് അതുല്യമായ ആദരവും അത്യധികമായ സ്നേഹവും പ്രകടിപ്പിക്കുന്ന സംസ്കാരങ്ങളുമുണ്ട്. കുടുംബത്തിൽനിന്നു പുറംതള്ളപ്പെടേണ്ടവരെന്നോ, ഉപയോഗശൂന്യമായ ഒരു ഭാരമെന്നനിലയിൽ കഷ്ടിച്ചു പൊറുക്കപ്പെടേണ്ടവരെന്നോ ഉള്ള നിലയിലല്ല പ്രായം ചെന്നവരെ കാണേണ്ടത്. അവർ കുടുംബത്തിൽ സാന്നിദ്ധ്യം പുലർത്തി കുടുംബജീവിതത്തിൽ ക്രിയാത്മകവും ഉത്തരവാദിത്വമുള്ളതുമായ പങ്കുവഹിക്കുന്നു. എല്ലാറ്റിനുമുപരിയായി ഭൂതകാലത്തിനു സാക്ഷ്യം വഹിക്കുകയും ചെറുപ്പക്കാർക്കും ഭാവിക്കും വിവേകത്തിന്റെ ഉറവിടമായി വർത്തിക്കുകയും ചെയ്യുന്നു'.(രണ്ടാം യോഹന്നാൻ പൗലോസ് മാർപ്പാപ്പാ, F. C. 27)

9. അമിതസ്വാതന്ത്ര്യം കൊതിക്കുന്ന സ്ത്രീകൾ

പുരുഷന്റെ അടിമത്തത്തിൽനിന്ന് സ്ത്രീ മോചിതയാകേണ്ടതാവശ്യമാണ്. ലോകജനസംഖ്യയിൽ പകുതിയിലധികം (51%) വരുന്ന സ്ത്രീകളും അനീതിയിലും ചൂഷണത്തിലും നീറുകയാണെങ്കിൽ എങ്ങനെ ലോകം പുരോഗമിക്കും! അതു മനസ്സിലാക്കിയാണ് 1975-ൽ വനിതാവർഷം പ്രഖ്യാപിക്കപ്പെട്ടതു്. എന്നാൽ വിമോചനത്തിനായി സമരം ചെയ്യുന്ന സ്ത്രീകളും ചാടിച്ചാടി വളയത്തിനു വെളിയിൽച്ചാടാൻ തുടങ്ങിയാലോ? സ്ത്രീകളുടെ ഒരു സംഘടന വാദിക്കുന്നതു് വീട്ടമ്മയുടെ ജോലി ഒരു തൊഴിലായി പ്രഖ്യാപിക്കണമെന്നും അതിനു കൃത്യമായ ശമ്പളം അവർക്കു നൽകണമെന്നുമാണ്. തുകയും അവർ കാണിച്ചിട്ടുണ്ട്. ശരാശരി പ്രതിവർഷം 13,364 ഡോളർ. സ്ത്രീ പുരുഷന്റെ അടിമയല്ല, എല്ലാക്കാര്യത്തിലും തുല്യാവകാശിനിയാണു്. 'ഇനിമേൽ നിങ്ങൾ രണ്ടല്ല, ഒന്നാണു്' എന്നതിന്റെ അർത്ഥം ശാരീരികൈക്യം മാത്രമല്ല, എല്ലാക്കാര്യത്തിലുമുള്ള തുല്യതയാ

malankaralibrary.com

ണ് എന്നൊക്കെ വാദിച്ചുപോകുന്ന സ്ത്രീയും പ്രായോഗികജീവിതത്തിൽ അതു സ്വീകരിക്കാത്ത പുരുഷനും കുടുംബത്തിൽ പ്രശ്നം സൃഷ്ടിക്കും. സ്ത്രീ സ്ത്രീയായും പുരുഷൻ പുരുഷനായും വളരുകയും വികസിക്കുകയും ചെയ്യുമ്പോൾ പ്രശ്നമില്ല. എന്നാൽ സ്ത്രീ പുരുഷനോ പുരുഷൻ സ്ത്രീയോ ആകണമെന്നു ശഠിക്കുമ്പോഴാണ പ്രശ്നം. സജാതീയധ്രുവങ്ങൾ വികർഷിക്കുകയും വിജാതീയധ്രുവങ്ങൾ ആകർഷിക്കുകയും ചെയ്യുമെന്ന ശാസ്ത്രമതം സ്ത്രീപുരുഷബന്ധത്തിലും അനവർത്തമാണ്.

10. മെനോപോസ്, ആൻഡ്രോപോസ്

ആത്തവവിരാമം (മെനോപോസ്) സ്ത്രീകളിലും ആൻഡ്രോപോസ് പുരുഷന്മാരിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. തലേദിവസംവരെ സമാധാനത്തിൽ വർത്തിച്ചിരുന്ന കുടുംബം പൊട്ടിത്തെറിക്കാറുണ്ട് ഈ സന്ദർഭങ്ങളിൽ.

സ്ത്രീകളിൽ നല്ലൊരു ശതമാനംപേർക്കും ആത്തവവിരാമത്തോടെ ശാരീരികവും മാനസികവുമായ അസ്വസ്ഥതകൾ അനുഭവപ്പെടുന്നു. ശരീരത്തിന്റെ സന്തുലിതാവസ്ഥ ആകെ മാറിമറിക്കപ്പെടുന്നതോടൊപ്പംതന്നെ കുടുംബത്തിലെ സ്ഥിതിക്കും പലപ്പോഴും താളപ്പിഴകൾ സംഭവിക്കാറുണ്ട്. ശരീരത്തിൽ അമിതമായ ഉഷ്ണം, ശക്തിയായ വിയർപ്പ്, തലവേദന, തലപുകച്ചിൽ, ക്ഷീണം, കിതപ്പ്, ഉറക്കമില്ലായ്മ, ഉൽക്കണ്ഠ, ഭയം, മ്ളാനത, ചൂരുക്കം ചിലർക്ക് ലൈംഗികാവേശം, ഭർത്താവിനെക്കുറിച്ചു സംശയം എന്നീ ലക്ഷണങ്ങളോടുകൂടിയ ഈ ഘട്ടം രണ്ടുമൂന്നുവർഷത്തേക്കു നീണ്ടുനിന്നേക്കും. ചിലർക്ക് മരുന്നും കൗൺസലിംഗും ആവശ്യമായേക്കാം. ഏറ്റവും നല്ല മരുന്ന് ഭർത്താവിന്റെ സ്നേഹം, താത്പര്യം, കൂടെക്കൂടെയുള്ള അംഗീകാരം എന്നിവയാണ്. ഭൂരിപക്ഷം സ്ത്രീകൾക്കും ഈ ഘട്ടം 45-നും 50-നും ഇടയ്ക്കായിരിക്കാം. എന്നാൽ ചിലർക്ക് 40-നും 45-നും ഇടയ്ക്കും, മറ്റുചിലർക്ക് 50-നും 55-നും ഇടയ്ക്കുമായിരിക്കും. പാരമ്പര്യം, ആരോഗ്യം, മാനസികാവസ്ഥ ഇങ്ങനെ പലതിനെയും ആശ്രയിച്ചിരിക്കും ഈ വ്യത്യാസങ്ങൾ.

സ്ത്രീകളിൽ ഇന്നു കൂടുതലായി നടക്കാറുള്ള 'ഹിസ്ട്രക്ടമി', 'മസ്റ്റക്ടമി'-ശസ്ത്രക്രിയകൾ (ഗർഭപാത്രം,

malankaralibrary.com

സ്നേഹം) പ്രശ്നംസൃഷ്ടിക്കാറുണ്ട്. 'ഭർത്താവിനു് എന്നെ ഇനി ആവശ്യമുണ്ടാവില്ല, ഞാൻ ഒരു മാംസപിണ്ഡം മാത്രമാണു്' എന്ന ചിന്തയും ചിലരിൽ ഉടലെടുക്കുന്നു. ഇക്കാര്യങ്ങളെപ്പറ്റിയുള്ള അറിവു മുൻകൂട്ടി സ്ത്രീകൾക്കും പുരുഷന്മാർക്കും ലഭിച്ചാൽ പ്രശ്നങ്ങൾ തരണം ചെയ്യാൻ എളുപ്പമായിരിക്കും.

മെനോപോസിനുശേഷം പല സ്ത്രീകളിലും ലൈംഗികബന്ധത്തിനു് താത്പര്യം കുറഞ്ഞിരിക്കും. അതിനൊക്കെയുള്ളകാലം കഴിഞ്ഞു എന്നാണവരുടെ ധാരണ. ഭർത്താക്കന്മാർ നിർബന്ധിച്ചാൽപ്പോലും വഴങ്ങാത്ത സ്ത്രീകളുണ്ടു്. ഭർത്താവിന്റെ ന്യായമായ ലൈംഗികാവകാശങ്ങളെയാണു് ഇതുവഴി അവർ നിഷേധിക്കുക. ഇതു പലപ്പോഴും കുടുംബകലഹങ്ങൾക്കും ഭർത്താവിനെ അപഥസഞ്ചാരത്തിലേക്കു തള്ളിവിടുന്നതിനും ഇടയാക്കിയെന്നിരിക്കും. ഭാര്യയ്ക്കു താത്പര്യം തോന്നാത്തതുകൊണ്ടു മാത്രം ഭർത്താവിനു് ലൈംഗികാവശ്യങ്ങളില്ലെന്നു വരില്ലെന്ന കാര്യം ഇത്തരക്കാർ ഓർമ്മിക്കേണ്ടതാണു്. പുരുഷന്റെ ലൈംഗികാവശ്യങ്ങൾക്കു പ്രായപരിധിയില്ലെന്ന ബോധ്യത്തോടെ ഭാര്യ അതിനു സഹകരിക്കേണ്ടതാണു്. താൻ സ്നേഹിക്കുന്ന ഭർത്താവിന്റെ ലൈംഗികാവശ്യങ്ങൾ മനസ്സിലാക്കി സഹകരിക്കേണ്ടതാവശ്യമാണല്ലോ. തന്റെ ഭാര്യയിൽ വന്നിരിക്കുന്ന ശാരീരികവും വൈകാരികവുമായ വ്യതിയാനങ്ങളെ മാനിച്ചു് ഭർത്താവു പെരുമാറുകയും വേണം.

ആർത്തവസമാപ്തിയോടെ സ്ത്രീകളിൽ ചില പ്രശ്നങ്ങൾ ഉണ്ടാകാമെങ്കിലും പുരുഷന്മാരിൽ അങ്ങനെയൊന്നുള്ളതായി പലർക്കും അറിവില്ല; ചിലപ്പോൾ പുരുഷന്മാർ അതു സമ്മതിക്കുകയുമില്ല. അവർക്കങ്ങനെ ഒരു 'pause' ഇല്ലല്ലോ എന്നാണവരുടെ വാദം. എന്നാൽ വാസ്തവം അതല്ല. 'Climateric' ഘട്ടത്തിൽ എത്തുന്ന പുരുഷന്മാർക്കും ചെറിയ തോതിലെങ്കിലും മാനസികവും ശാരീരികവുമായ പരിവർത്തനങ്ങൾ കാണാറുണ്ടു്. പലതിലും വിരസത, ശക്തിയില്ലായ്മ, വിഷാദം, ഉൽക്കണ്ഠ, ലൈംഗികശേഷിയില്ലായ്മ ഇങ്ങനെ പലതും അതിൽപ്പെടുന്നതാണു്. കടന്നുപോകുന്ന ഈ ഘട്ടത്തെപ്പറ്റി ഭയപ്പെടാനൊന്നുമില്ല.

malankaralibrary.com

11. ലൈംഗികതയെപ്പറ്റിയുള്ള തെറ്റായ ധാരണയും പൊരുത്തക്കേടും

എല്ലാ കുടുംബപ്രശ്നങ്ങളുടേയും അടിസ്ഥാനകാരണം 'സെക്സ്' ആണെന്നു് ഒരു പൊതുധാരണയുണ്ടു്. എന്നാൽ പ്രശസ്ത മനഃശാസ്ത്രജ്ഞനും വിവാഹോപദേശകനുമായ ജരാംഡ് കപ്ലനും മറ്റു 100 വിവാഹോപദേശവിദഗ്ധരുംകൂടി നടത്തിയ ഗവേഷണങ്ങളിലെ നിഗമനം സെക്സല്ല കുടുംബപ്രശ്നങ്ങളുടെ മുഖ്യകാരണം, പ്രത്യുത സെക്സ് മറ്റു പ്രശ്നങ്ങളുടെ സൂചനയാണു്, ലക്ഷണമാണു് എന്നാണു്. കൗൺസലിംഗിനു് ഭാര്യയുമായി വന്ന ഭർത്താവു പറയുകയാണു്: 'ഇവൾ രണ്ടുമാസമായി വേറെ മുറിയിലാണു കിടക്കുന്നതു്.' 'ശരിയാണു്, ഇനി രണ്ടിലൊന്നു് അറിഞ്ഞിട്ടേ ഞാൻ ആ മുറിയിലേക്കുള്ളൂ' എന്നു് ഭാര്യ കോപത്തോടെ മറുപടികൊടുത്തു. ഇതു കേൾക്കുമ്പോൾ ചിലർക്കു തോന്നിയേക്കാം, ആ ദമ്പതികളുടെ പ്രശ്നം സെക്സാണെന്നു്. പക്ഷേ അവരുടെ പ്രശ്നം പരസ്പരധാരണയില്ലായ്മയും സ്നേഹമില്ലായ്മയുമായിരുന്നു. ബാംഗ്ലൂരിൽവച്ചുനടന്ന ഒരു ദേശീയവിദഗ്ധസെമിനാറിൽ സെക്സാണു് കുടുംബപ്രശ്നങ്ങൾക്കെല്ലാം കാരണമെന്നു് വീറോടെ വാദിച്ച ചിലരെ കാണാനിടയായി. ഈ വാദഗതി ചോദ്യംചെയ്യപ്പെട്ടപ്പോൾ വിവാഹിതയും പണ്ഡിതയുമായ ഒരു സ്ത്രീ പറഞ്ഞു, തൃപ്തികരമായ ലൈംഗികബന്ധം ഉണ്ടെങ്കിൽ പ്രശ്നങ്ങൾ എല്ലാം തീരുമെന്നു്. ആ പ്രസ്താവന ചോദ്യം ചെയ്യപ്പെട്ട. 'ഒരു സ്ത്രീയും വിവാഹിതയുമായ നിങ്ങൾ നിഷേധിക്കുമോ തൃപ്തികരമായ ലൈംഗികബന്ധത്തിനു് ശരിയായ സ്നേഹബന്ധം ആവശ്യമാണെന്നു്' എന്നു ചോദിച്ചപ്പോൾ യാതൊരു സങ്കോചവും കൂടാതെ അവർ ഉടനെ പറഞ്ഞു 'ഇല്ല' എന്നു്. തൃപ്തികരമായ ലൈംഗികബന്ധത്തിനും ലൈംഗികസംതൃപ്തിക്കും ശരിയായ സ്നേഹബന്ധം കൂടിയേതീരൂ, സ്ത്രീകൾക്കു് പ്രത്യേകിച്ചു്. എന്നാൽ മൃഗങ്ങൾക്കതാവശ്യമില്ല.

സെക്സിനു് കുടുംബപ്രശ്നങ്ങളിൽ ഒരു സ്ഥാനവുമില്ലെന്നല്ല വിവക്ഷിക്കുന്നതു്. കുടുംബജീവിതത്തിൽ സെക്സിനു് പ്രധാനപ്പെട്ട ഒരു സ്ഥാനമുണ്ടു്. എങ്കിലും അനാരോഗ്യകരവും വികല

malankaralibrary.com

വുമായ ധാരണകൾ സെക്സിനെപ്പറ്റി വച്ചുപുലർത്തിയാൽ അതു് അപകടമാണു്. ഡോ. റോളൊ മെയ് പറയുന്നതു ശ്രദ്ധേയമാണു്: 'കഴിഞ്ഞ നൂറ്റാണ്ടുകളിലെ ജനങ്ങൾ അത്തിവൃക്ഷത്തിന്റെ ഇലകൾ പറിച്ചു് തങ്ങളുടെ ലൈംഗികാവയവങ്ങൾ മറച്ചുവച്ചുകൊണ്ടു പറഞ്ഞു, 'ഞങ്ങൾക്കു് ലൈംഗികാവയവങ്ങൾ ഇല്ല, ഉള്ളതു് ഈ കാണുന്ന കണ്ണും മൂക്കും മുഖവും ബുദ്ധിയുമൊക്കെയാ'ണെന്നു്. എന്നാൽ ഈ നൂറ്റാണ്ടിലെ ജനങ്ങൾ അതേ അത്തിവൃക്ഷത്തിന്റെ ഇലകൾ പറിച്ചു് മുഖം മറച്ചുവച്ചുകൊണ്ടു പറയുന്നു, 'ഞങ്ങൾക്കു് മുഖവും ബുദ്ധിയും ഇല്ല, ഉള്ളതു് ഈ കാണുന്ന ലൈംഗികാവയവങ്ങൾ ഒക്കെയാ'ണെന്നു്. അദ്ദേഹം തുടർന്നു: 'ഈ നൂറ്റാണ്ടിലെ ജനങ്ങൾ സെക്സിനു് അമിത പ്രാധാന്യം കൊടുക്കുന്നു, സെക്സിന്റെ അതിപ്രസരം മനുഷ്യന്റെ അധ:പതനത്തിനു് കാരണമാകുന്നു. കുടുംബപ്രശ്നങ്ങൾക്കും ഇതു കാരണമാകുന്നു'.

ദൈവം സൃഷ്ടിച്ചതെല്ലാം മനോഹരമാണു്. ദൈവദാനങ്ങളെല്ലാം പരിശുദ്ധവുമത്രേ. അതുകൊണ്ടു് സെക്സും മനോഹരവും പരിശുദ്ധവുമാണു്. വിവാഹത്തിലെ സ്നേഹദായകവും ജീവദായകവുമായ ലൈംഗികബന്ധം ഒരു സൽക്കർമ്മമാണു്, ക്രൂദാശയ്ക്കടുത്ത കടമയാണു്. എന്നാൽ ഈ ലക്ഷ്യത്തിൽനിന്നു് വ്യതിചലിക്കയും വ്യഭിചരിക്കയും ചെയ്യുമ്പോൾ അതു പാപമായി മാറുന്നു. തെറ്റിൽ വീഴാനുള്ള പ്രേരണകൾ ഇന്നു വളരെയാണു്. ഉറച്ചു നിൽക്കാത്തവർ വീണെന്നുവരും. ലൈംഗികവികാരത്തെ നിയന്ത്രിക്കുന്നതു് തെറ്റും അനാരോഗ്യകരവുമായി കാണുന്നവരുണ്ടു്. ചിലർ സിഗ്മണ്ടു് ഫ്രോയിഡിനെ തെറ്റായി ഉദ്ധരിച്ചെന്നുവരും. അദ്ദേഹം 1883-ൽ തന്റെ ഭാവിവധുവിനു് (Martha) അയച്ച കത്തിൽ, ലൈംഗികാഗ്രഹങ്ങളെ നിയന്ത്രിക്കേണ്ടതു് സംസ്കാരത്തിന്റേയും സ്വഭാവത്തിന്റേയും വളർച്ചയ്ക്കാവശ്യമാണെന്നാണു് എഴുതിയിരിക്കുന്നതു്. കാര്യകാരണസഹിതം സമർത്ഥിച്ചുകൊണ്ടു സെക്സിന്റെ ഉദാത്തീകരണം സാധ്യവുംആവശ്യവുമാണെന്നു് അദ്ദേഹം വാദിക്കുന്നുണ്ടു്.

കുടുംബപ്രശ്നങ്ങൾക്കു കാരണമാകുന്ന ലൈംഗികപ്രശ്നങ്ങൾ മുഖ്യമായും അവിശ്വസ്തത, സംശയം, ലൈംഗികശേ

malankaralibrary.com

ഷിയില്ലായ്മ, ശ്വാസംമുട്ടൽ, താത്പര്യമില്ലായ്മ, മരവിപ്പ്, വേദന മുതലായവയാണ്.

അവിശ്വസ്തത

ഭർത്താവിനെയോ, ഭാര്യയെയോ വഞ്ചിക്കുകയെന്നത് ഗൗരവമേറിയ തെറ്റാണ്. 'വ്യഭിചാരം ചെയ്യരുതെന്നും കല്പിച്ചിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ ഒരു സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു.'(മത്തായി 5:27)എന്നാണല്ലോ ക്രിസ്തു പഠിപ്പിക്കുന്നത്. 'കുടുംബം ഒരു കൂട്ടായ്മ' എന്ന അപ്പസ്തോലികപ്രബോധനത്തിൽ മാർപ്പാപ്പാ പറയുന്നു: 'ദാമ്പത്യഉടമ്പടിക്കു ക്ഷതമേല്പിക്കാവുന്ന പാപം ദൈവത്തോടു തന്നെ ജനത കാണിക്കുന്ന അവിശ്വസ്തതയുടെ പ്രതിരൂപവുമാണ്.' (F. C 12). നിർജ്ജീവമായ ദൈവവിശ്വാസവും വിശ്വാസരാഹിത്യവും വിവാഹവഞ്ചനയ്ക്കു കാരണമാകുന്നുണ്ടെന്ന് കിൻസിയുടെ പഠനത്തിൽനിന്നു കാണാം. ശരിയായ സ്നേഹവും അംഗീകാരവും ലഭിക്കായ്കയും, തന്നെ വഞ്ചിക്കുന്ന ഭർത്താവിനോടു പ്രതികാരം ചെയ്യാനുള്ള മനോഭാവം, ലൈംഗികസംതൃപ്തി ലഭിക്കുന്നില്ലെന്നുള്ള വിചാരം മൂലമുണ്ടാകുന്ന അസ്വസ്ഥത, ലൈംഗികകാര്യത്തിൽ ഭർത്താവിനുള്ള അജ്ഞത, വിവാഹത്തിനു മുൻപു ലൈംഗികതെറ്റുകളിൽ വീണിട്ടുള്ള തഴക്കവും അതിലേക്കു വീണ്ടും ചായ്വുള്ള മനസ്ഥിതിയും, ഇതൊക്കെയാണ് ഭർത്താവിനെ വഞ്ചിക്കുവാൻ സാധാരണയായി ഒരു സ്ത്രീയെ പ്രേരിപ്പിക്കുന്ന ഘടകങ്ങളും. ഭർത്താവിന്റെ സ്നേഹം വാക്കിലും പ്രവൃത്തിയിലുംകൂടി ഉദാരമായി ലഭിക്കുമ്പോഴും സംതൃപ്തരാകാത്ത സ്ത്രീകളും ചുരുക്കമാണ്. എന്നാൽ അതു ലഭിച്ചില്ലെങ്കിൽ അവർ അസ്വസ്ഥരാകും. ഭർത്താവുമായുള്ള ലൈംഗികബന്ധത്തിനുപോലും തയ്യാറായില്ലെന്നു വരും. അഭ്യസ്തവിദ്യയായ ഒരു ഹിന്ദുസ്ത്രീ ഭർത്താവുമായി കൗൺസലിംഗിനു വന്നപ്പോഴും വേദനയോടെ ചോദിച്ചു, 'പെറും ലൈംഗികബന്ധത്തിനു' എന്തർത്ഥമാണുള്ളത്? സ്നേഹത്തോടുകൂടിയ ഒരു ചുംബനത്തിനും ആലിംഗനത്തിനും ഞാൻ കൊതിക്കുകയാണു'. അവകാശപ്പെട്ട സ്നേഹവും പരിഗണനയും ഭർത്താവിൽനിന്നു ലഭിക്കാതെ വരുമ്പോഴും അതു കിട്ടുന്നിടംതേടി ചിലരൊക്കെ പോയെന്നുമിരിക്കും.

malankaralibrary.com

ഭാര്യയെ വഞ്ചിക്കാൻ ഭർത്താവിനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലതാണു്. ഭാര്യയാൽ ബഹുമാനിക്കപ്പെടാത്തപ്പോഴും, ഭാര്യയോടു് പ്രതികാരം ചെയ്യാൻ വേണ്ടിയും, ലൈംഗികകഴിവു് കുറവാണെന്നു് സ്വയം വിചാരിക്കയോ ഭാര്യ അങ്ങനെ പറയുകയോ ചെയ്യുമ്പോഴും സ്വയം ഉറപ്പുവരുത്താൻവേണ്ടിയും, ലൈംഗികബന്ധത്തിനു്, കാരണമില്ലാതെ ഭാര്യ സമ്മതിക്കാതിരിക്കുമ്പോഴും പരസ്ത്രീഗമനം നടത്തുന്ന ഭർത്താക്കന്മാരുണ്ടു്. ബിസിനസിലും മറ്റും പരാജയപ്പെടുമ്പോഴും താൻ പൂർണ്ണമായും പരാജയപ്പെട്ടില്ല എന്നു് സ്വയംവിശ്വസിപ്പിക്കാൻ മറ്റു സ്ത്രീകളെ കീഴടക്കാൻ ശ്രമിക്കുന്നവരുമുണ്ടു്. ആൻട്രോപോസിൽ എത്തുന്ന ചിലർ ലൈംഗികോത്തേജനം ലഭിക്കുമെന്ന ധാരണയിൽ ചെറുപ്പക്കാരികളെ സമീപിക്കാറുണ്ടു്. മദ്യവും മയക്കുമരുന്നും തെറ്റായ കൂട്ടുകെട്ടും മൂലം ദാമ്പത്യേതര ലൈംഗികബന്ധങ്ങളിൽ നിപതിക്കുന്നവരും ചുരുക്കമല്ല. 1977-ൽ ഫ്രെഡറിക് ഹംഫ്രി നടത്തിയ ഗവേഷണം തെളിയിച്ചതു് ജീവിതപങ്കാളിയാൽ പിടിക്കപ്പെട്ടതിനുശേഷം 92% ഭർത്താക്കന്മാരും തെറ്റു തിരുത്തി, എന്നാൽ 78% ഭാര്യമാർ മാത്രമേ തിരുത്തിയുള്ള എന്നതാണു്. വേറൊരു ഗവേഷണത്തിൽ കണ്ടതു്, 92% ഭർത്താക്കന്മാരും തെറ്റുതിരുത്തിയപ്പോഴും 38% ഭാര്യമാർക്കേ തിരുത്താൻ സാധിച്ചുള്ള എന്നാണു്.

വിശ്വാസവഞ്ചന പ്രവൃത്തിയിൽ മാത്രമല്ല ആഗ്രഹത്തിലുമാകാം (Psychic Infidelity). പ്രവൃത്തിക്കു മുമ്പേ ആഗ്രഹമാണല്ലോ ഉണ്ടാവുക. ലോകത്തു കാണുന്നതെല്ലാം സ്വന്തമാക്കാനോ അനുഭവിക്കാനോ സാധ്യമല്ല. പലതും വെറും 'അക്കരെപ്പച്ച'യായിരിക്കാം. ബോധപൂർവ്വമല്ലാത്ത ചില ആഗ്രഹങ്ങൾ നിയന്ത്രിക്കാൻ സാധിച്ചെന്നു വരില്ല. എന്നാൽ ജീവിതപങ്കാളിക്കു് അസൂയ ഉണ്ടാക്കാൻ വേണ്ടിയോ, കളിയാക്കാൻ വേണ്ടിയോ മറ്റൊരാളുടെ നേർക്കുണ്ടായ ആകർഷണമോ വികാരമോ പറയരുതു്. വെറും തമാശയ്ക്കുപോലും പറയാൻ പാടില്ല. പ്രത്യേകിച്ചും ജീവിതപങ്കാളിയെ അലട്ടുന്ന നിറം, ഉയരം, വണ്ണം വിദ്യാഭ്യാസം, സൗന്ദര്യം, മുടി, കുടുംബം ഇങ്ങനെ എന്തെങ്കിലും ബന്ധപ്പെടുത്തിയോ താരതമ്യപ്പെടുത്തിയോ സംസാരിക്കുമ്പോഴും വ്രണത്തെ കുത്തി വേദനിപ്പിക്കയായിരിക്കും. അപ

malankaralibrary.com

രലിംഗത്തിൽപ്പെട്ട ഒരു വ്യക്തിയുടെ നേർക്ക നിരന്തരം അനുചിതപ്പെടുന്ന ആകർഷണം ചില സൂചനകളായിരിക്കാം, തന്റെ വിവാഹത്തിൽനിന്നു പ്രതീക്ഷിച്ചതു കിട്ടുന്നില്ലെന്നു. തെറ്റിൽ വീഴാനുള്ള ഉദ്ദേശ്യത്തോടെ തുടങ്ങുന്ന അടുപ്പമല്ലെങ്കിലും സാഹചര്യം ലഭിച്ചാൽ കടപിഴുതുമറിഞ്ഞേക്കാം. സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രത്യേക സ്നേഹബന്ധങ്ങൾ വളരെയേറെ ശ്രദ്ധിക്കുന്നില്ലെങ്കിൽ അതിരുവിടാതെ സൂക്ഷിക്കുക എളുപ്പമായിരിക്കില്ല.

ജീവിതപങ്കാളി വഞ്ചിക്കുന്നെങ്കിൽ എന്തു ചെയ്യണം?

— നിങ്ങളുടെ ബന്ധം കൂടുതൽ വഷളാകാതിരിക്കാൻ ശ്രദ്ധിക്കുക.

— എത്രയും വേഗം ഈ മോശമായ ബന്ധം തടയുക, തുടരാൻ അനുവദിക്കാതിരിക്കുക.
പ്രത്യേക സാഹചര്യത്തിൽനിന്നു ആളിനെ മാറ്റുക.

— ഭീഷണിയോ അസഭ്യവാക്കുകളോ ഉപയോഗിക്കാതിരിക്കുക.

— വീട്ടുകാരുടെയും കൂട്ടുകാരുടെയുമിടയിൽ പരസ്യപ്പെടുത്തരുതു.

— കുട്ടികളെ അറിയിക്കാതിരിക്കുക.

— പ്രതികാരനടപടിയായി നിങ്ങളും വഞ്ചിക്കരുതു

— പങ്കാളിയെ ഉപേക്ഷിക്കുന്നതു പ്രശ്നപരിഹാരമല്ലെന്നു ഓർമ്മിക്കുക.

— വിദഗ്ദ്ധ സഹായം (കൗൺസലിംഗിൽ) തേടുക.

— മുഴുഹൃദയത്തോടെ ക്ഷമിച്ചെന്നു, തിരുത്താൻ സന്നദ്ധതയുള്ള പങ്കാളിയോടു പറയുക. ക്ഷമിക്കുക. മേലിൽ ഒരിക്കലും ഒരു സൂചനപോലും ഉണ്ടാകാതിരിക്കുക. വ്യഭിചാരക്കുറ്റത്തിനു പിടിക്കപ്പെട്ട സ്ത്രീയോടു ക്രിസ്തു പറഞ്ഞ വാക്കുകൾ പ്രചോദകമാവട്ടെ. 'ഞാനും നിന്നെ വിധിക്കുന്നില്ല....പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുതു'. (യോഹ. 8:1–11)

ശീഘ്രസ്ഖലനം, ലൈംഗികശേഷിയില്ലായ്മ, മരവിപ്പു പൊരുത്തക്കേടു എന്നീ പ്രശ്നങ്ങൾ കൗൺസലിംഗ് വഴി പരിഹരിക്കാനാവുന്നതേയുള്ളു. ഭയപ്പെടാനില്ല.

malankaralibrary.com

സംശയം

ഇന്നു കൂടുതലായി കണ്ടുവരുന്ന ഒരു പ്രശ്നമാണു് ഭാര്യാഭർത്താക്കന്മാരുടെയിടയിലുള്ള പരസ്പരസംശയം. ഇതു് ഇത്ര വർദ്ധിക്കാൻ കാരണം ഇന്നത്തെ കുത്തഴിഞ്ഞ ധാർമ്മികബോധവും ഭാര്യാഭർത്താക്കന്മാർക്കിടയിലെ പാളിച്ചകളുമാണു്. സംശയിക്കുന്നയാളും സംശയിക്കപ്പെടുന്നയാളും ഒരുപോലെ വേദനിക്കുന്നു, മക്കൾ നീറിനീറിക്കഴിയുന്നു. സംശയം ഉണ്ടാകാൻ അവസരം കൊടുക്കരുതു്, ഉണ്ടായാൽത്തന്നെ ഉടനെ പരിഹരിക്കണം. ജീവിതപങ്കാളിക്കു് സംശയം ഉണ്ടാകുന്ന വ്യക്തിയെയും സാഹചര്യങ്ങളെയും ഉപേക്ഷിക്കണം. വിശാലമനസ്കതയോടെ എല്ലാം കാണണമെന്നുള്ള ഉപദേശമല്ല ഇവിടെ ആവശ്യം.

അകാരണവും അർത്ഥമില്ലാത്തതുമായ സംശയമുണ്ടു്. അതു് ഒരു രോഗമാണു്. അപകർഷതാബോധം, മെനോപോസു്, പൂർവ്വകാലലൈംഗികപാളിച്ചകൾ, അപകടവ്യക്തിത്വം, കുറ്റബോധം, ജീവിതപങ്കാളിയിൽനിന്നുണ്ടായിട്ടുള്ള തെറ്റായ ആരോപണം(ലൈംഗികാവയവത്തെപ്പറ്റി)ഇങ്ങനെ പലതുമായിരിക്കാം ആ രോഗത്തിനു് കാരണം. കൗൺസലിംഗും വിദഗ്ധചികിത്സയും ചിലപ്പോൾ ആവശ്യമായിവരും.

12. സജീവമായ ദൈവവിശ്വാസത്തിന്റെ അഭാവം

കുടുംബപ്രശ്നങ്ങളും ദൈവവിശ്വാസവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്നാണു് പ്രഗല്ഭരായ പണ്ഡിതന്മാരുടെ ഗവേഷണങ്ങൾ തെളിയിക്കുന്നതു്.

1978-ൽ 'മതവും വിവാഹവും' എന്ന വിഷയത്തെപ്പറ്റി 'കിംഗു് ആൻഡ് ഹണ്ടു്' ഒരു ഗവേഷണം നടത്തി. അവരുടെ പഠനത്തിനു് വിധേയരായതു് 19 നും 30 നും ഇടയ്ക്കു പ്രായമുള്ള ദമ്പതികളായിരുന്നു. അവരിൽ 30 ശതമാനം പേർ ഒരു മതത്തിലും പെടാത്തവരും വിശ്വാസമില്ലാത്തവരുമായിരുന്നു. മറ്റുള്ളവരിൽ കൂടുതൽപ്പേർ സജീവവിശ്വാസികളും പള്ളിയുള്ളവർ അത്രതന്നെ വിശ്വാസമില്ലാത്തവരുമായിരുന്നു. ഇടവകപ്പള്ളിയിലെ സംഘടനകളിലെ അംഗത്വം, സജീവപ്രവർത്തനം,

malankaralibrary.com

വിശ്വാസപരമായ ജീവിതം ഇവയും ദാമ്പത്യജീവിതത്തിലെ പൊരുത്തപ്പെടലും തമ്മിൽ വലിയ ബന്ധമുണ്ടായിരുന്നതായി ക്കണ്ടു.

ദമ്പതികളും രണ്ടുപേരും ഒരേ മതത്തിലെ അംഗങ്ങളായിരുന്ന സാഹചര്യത്തിൽ ഭിന്നമതസ്ഥരുടേതിനെക്കാളും കൂടുതൽ സൗഭാഗ്യവും വിജയവും കാണാൻ സാധിച്ചു. സജീവദൈവവിശ്വാസം, പള്ളിയിലുള്ള പങ്കാളിത്തം, പരിശ്രമം ഇവ മൂന്നും വിവാഹജീവിതത്തിലെ മെച്ചപ്പെട്ട പൊരുത്തപ്പെടലിനും സംതൃപ്തിക്കും കാരണമായിട്ടുണ്ടെന്നു ഗവേഷണം തെളിയിച്ചു.

1967-ൽ 581 ദമ്പതികളെപ്പറ്റി ഒരു ഗവേഷണം ജഡ്സൺ-ലാൻഡിസ് നടത്തി. വിവാഹിതരായിട്ടു് ശരാശരി 7 വർഷമായ ഇവരിൽ 84% പേർ മാതൃമായിരുന്ന പള്ളിയിൽ വച്ചു വിവാഹംകഴിച്ചവർ. ദൈവവിശ്വാസമില്ലാതിരുന്ന, ഒരു പള്ളിയുമായും ബന്ധമില്ലാതിരുന്ന, ദമ്പതികളുടെയിടയിൽ കൂടുതൽ പ്രശ്നം ഉണ്ടായിരുന്നെന്നും പലതും വിവാഹമോചനത്തിൽ അവസാനിച്ചെന്നും കണ്ടു. കഴിഞ്ഞ 30 വർഷത്തെ (1950-80) ഗവേഷണങ്ങളും തെളിയിക്കുന്നതു് ദാമ്പത്യവിജയവും മതവിശ്വാസവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണു്.

മേരിലാൻഡിലെ 13,528 കുടുംബങ്ങളെപ്പറ്റിയും വാഷിംഗ്ടണിലെ 6500 കുടുംബങ്ങളെപ്പറ്റിയും നടത്തിയ ഗവേഷണം തെളിയിക്കുന്നതു് ദമ്പതികളിൽ രണ്ടുപേർക്കും സജീവദൈവവിശ്വാസമുണ്ടായിരുന്ന കുടുംബങ്ങളിൽ പ്രശ്നങ്ങളും കറവായിരുന്നെന്നും ഉണ്ടായിരുന്ന പ്രശ്നങ്ങളും തരണം ചെയ്യാൻ അവർക്കു എളുപ്പത്തിൽ സാധിച്ചെന്നുമാണു്.

ഈ ഗവേഷണങ്ങളെല്ലാം തെളിയിക്കുന്നതു് കുടുംബപ്രശ്നങ്ങളും ഒഴിവാക്കി കുടുംബജീവിതം മെച്ചപ്പെടുത്തുന്നതിൽ മതത്തിനു് ഒരു വലിയ പങ്കുണ്ടെന്നാണു്. അതിനു് മറെറാരു തെളിവാണു് 'കരോംസ്റേറാൺ' കുട്ടികളുടെയിടയിൽ നടത്തിയ ഗവേഷണം. പള്ളിയിലെ കാര്യങ്ങളിൽ സജീവപങ്കാളിത്തമുള്ള കുടുംബങ്ങളിലെ കുട്ടികളും അതില്ലാത്ത കുടുംബങ്ങളിലെ കുട്ടികളും തമ്മിലുള്ള വ്യത്യാസംകാണാൻ 3810 ഹൈസ്കൂൾ വിദ്യാർത്ഥികളെയും 469 കോളേജ് വിദ്യാർത്ഥികളെയും അവർ

malankaralibrary.com

പഠനവിധേയരാക്കി. ഫലം താഴെച്ചേർക്കുന്നു.

1. പള്ളിയിലെ പ്രവർത്തനങ്ങളിൽ സജീവഭാഗഭാഗിത്വമുള്ളവരുടെ കുടുംബങ്ങളിൽ കൂടുതൽ ഐക്യവും യോജിപ്പും ഉണ്ടായിരുന്നു.
2. ആ കുടുംബങ്ങളിലെ കുട്ടികൾ സ്ക്കൂളിലെ പ്രവർത്തനങ്ങളിലും സജീവം പങ്കെടുത്തു.
3. ഇക്കൂട്ടർക്ക് ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു.
4. ഇവർ വീട്ടിലെ കാര്യങ്ങളെ വിമർശിക്കാത്തവരും കൂടുതൽ സംതൃപ്തരുമായിരുന്നു.
5. ഇവർക്ക് ഭാവിയെപ്പറ്റി കൂടുതൽ ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു.
6. ഇവർ സേവനനിരതരും മറ്റുള്ളവരെ സഹായിക്കാൻ തത്പരരുമായിരുന്നു.

കുടുംബജീവിതത്തിന്റെ വിജയത്തിനും കുടുംബത്തിൽ സമാധാനപൂർണ്ണമായ അന്തരീക്ഷം സ്ഥാപിക്കുന്നതിനും ദൈവവിശ്വാസവും മതകർമ്മങ്ങളിലുള്ള സജീവഭാഗഭാഗിത്വവും ഇടവകപ്പള്ളിയുമായുള്ള അടുത്തബന്ധവും സഹായിക്കുന്നുവെന്നാണല്ലോ ഈ ഗവേഷകർക്കൊക്കെ കാണാൻ സാധിച്ചതു്. കാരണം മതബോധ്യങ്ങളും ആശയങ്ങളും മതത്തിന്റെ മേഖലയിൽ മാത്രം ഒതുങ്ങിനിൽക്കാതെ വിശ്വാസിയുടെ എല്ലാ ജീവിതതലങ്ങളെയും സ്വാധീനിക്കും. നമ്മുടെ ചുറ്റുപാടും നോക്കിയാൽ ഇതു ശരിയാണെന്നു തെളിയിക്കുന്ന കുടുംബങ്ങളും ധാരാളം കാണാനുണ്ടു്. കുടുംബജീവിതത്തിനാവശ്യമായ പരസ്പരസ്നേഹം, ബഹുമാനം, അംഗീകാരം, പരിഗണന, വിട്ടുവീഴ്ച, ത്യാഗം, നിസ്വാർത്ഥസേവനം ഇവയെല്ലാം ഒരു നല്ല ദൈവവിശ്വാസിയിൽ ഉണ്ടായിരിക്കും.

കുടുംബപ്രശ്നങ്ങൾ രണ്ടു വ്യക്തികളെയോ അവരുടെ കുഞ്ഞുങ്ങളെയോ മാത്രമല്ല ബാധിക്കുക, തലമുറകളെത്തന്നെ ബാധിക്കുന്നതാണു്. ഇന്നു് അമേരിക്കൻജയിലറകളിൽ കഴിയുന്ന കുറ്റവാളികളിൽ 90 ശതമാനം പേരും ബാല്യകാലത്തിൽ വേദനിപ്പിക്കപ്പെട്ടവരാണെന്നു ഗവേഷകർ പറയുന്നു. ഈ കുറ്റവാളികൾക്കു് ഇന്നു് സമൂഹത്തെ വിശ്വസിക്കാൻ സാധി

malankaralibrary.com

ക്കുന്നില്ല. കുടുംബങ്ങളിൽനിന്നു് അവർക്കു് കിട്ടിയ അനുഭവം അതാണു്. 'നിങ്ങളെന്നെ ഉപദ്രവിച്ചു, ഞാനും നിങ്ങളെ ഉപദ്രവിക്കും'. പ്രശസ്തമനഃശാസ്ത്രജ്ഞനായ 'കാംറോജേഴ്സ്' പറയുന്നതു്, നമ്മുടെ വ്യക്തിത്വത്തിനു രൂപംനൽകിയതു് നമ്മളെ സ്നേഹിച്ചവരും നമ്മളെ സ്നേഹിക്കാൻ വിസമ്മതിച്ചവരുമാണെന്നാണു്. സ്നേഹിക്കുന്ന മാതാപിതാക്കളും സ്നേഹിക്കാൻ മറന്നുപോകുന്ന മാതാപിതാക്കളും അവരുടെ കുഞ്ഞുങ്ങളെ അനുകൂലമായും പ്രതികൂലമായും സ്വാധീനിക്കുന്നുണ്ടു്. പ്രശ്നം സൃഷ്ടിക്കുന്ന ദമ്പതികളും മറക്കാൻ പാടില്ലാത്ത വസ്തുത!

മറ്റു പ്രതിവിധികൾ

കുടുംബപ്രശ്നങ്ങൾക്കു് പരിഹാരം കാണാനാഗ്രഹിക്കുന്നവർക്കു് വേറെയും മാർഗ്ഗങ്ങളുണ്ടു്.

1. സ്നേഹിക്കാൻ പഠിക്കുക, സ്നേഹത്തിന്റെ കൂട്ടായ്മയിൽ വളരുക. സ്നേഹിക്കപ്പെടുന്നയാളും കരയുമ്പോൾ സ്നേഹിക്കുന്നയാളിനു് കണ്ണീരിന്റെ ഉപ്പുരസം അനുഭവപ്പെടുന്നെങ്കിൽ അതു ശരിയായ സ്നേഹത്തിന്റെ ലക്ഷണമാണു്. സ്നേഹത്തിന്റെ മാറ്റു് ഉരച്ചുനോക്കാൻ പൗലോസ് ശ്ലീഹായുടെ ലേഖനം സഹായിക്കും(1 കൊറി. .13:4–8). കരയുന്ന ഹന്നായുടെ ഭർത്താവു് എല്ക്കാനയുടെവാക്കുകളും: 'ഹന്നാ നീ എന്തിനാണു് കരയുകയും ഭക്ഷിക്കാതിരിക്കയും ചെയ്യുന്നതു്?എന്തിനു് നീ ദുഃഖിക്കുന്നു? ഞാൻ നിനക്കു് പത്തു പുത്രന്മാരിലും ഉപരിയല്ലേ?' (1സാമു.1:8) പരസ്പരം ആശ്വാസം പകർന്നു് സംഘർഷം കുറയ്ക്കുക.

2. ആശയവിനിമയംവഴി അന്നന്നുള്ള പ്രശ്നങ്ങളും അന്നന്നു പറഞ്ഞുതീർത്തിട്ടേ ഭാര്യാഭർത്താക്കന്മാർ, കുടുംബാംഗങ്ങളും കിടന്നുറങ്ങാവൂ. ആരോഗ്യത്തിനും കുടുംബസമാധാനത്തിനും അതു് സഹായിക്കും. പ്രതികാരചിന്ത, കണ്ണിനു കണ്ണു്, പല്ലിനു പല്ലു" എന്ന ചിന്ത, അപകടകരമാണു്. എന്നെ ദ്രോഹിച്ച ആളിനോടു ഞാൻ ചോദിച്ചിട്ടേയുള്ളു എന്ന മനോഭാവക്കാരെ stamp collectors– എന്നാണു വിളിക്കുക. ഈ സ്വാർത്ഥതാമ്പു ശേഖരണമാണു് കൊലപാതകങ്ങൾക്കും, ആത്മഹത്യയ്ക്കും, ഭാര്യാഭർത്തൃവഞ്ചനയ്ക്കും പലപ്പോഴും കാരണം. കോപിക്കേണ്ടിവരും, ശാസിക്കേണ്ടിയുംവരും. പക്ഷേ അതു പ്രതികാരത്തിനു്

malankaralibrary.com

ഇടയാവരുതു്. പൗലോസ് ശ്ലീഹായുടെ ഉപദേശം, 'സഹോദരരേ, നിങ്ങളും കോപിക്കുക, പക്ഷേ നിങ്ങളുടെ കോപത്തിൽ സൂര്യൻ അസ്തമിക്കരുതേ' എന്നാണെങ്കിൽ, ദമ്പതികളോടു് അദ്ദേഹം പറയുക, ദമ്പതികളേ നിങ്ങളും കോപിക്കുക, പക്ഷേ നിങ്ങളുടെ കോപത്തിൽ സൂര്യൻ ഉദിക്കരുതേ എന്നായിരിക്കും. ഉദിച്ചുവരുന്ന സൂര്യൻ കാണേണ്ടതു്, പരസ്പരം ക്ഷമിച്ചു്, സ്നേഹത്തിൽക്കഴിയുന്ന കുടുംബാംഗങ്ങളെയായിരിക്കണം.

ദാമ്പത്യപോഷക സെമിനാർ

വിവാഹജീവിതം സന്തോഷകരമായി മുമ്പോട്ടു കൊണ്ടുപോകാൻ കഴിയണമെങ്കിൽ ദമ്പതികളും ദാമ്പത്യജീവിതത്തിന്റെ നാനാവശങ്ങളെക്കുറിച്ചും ചിന്തിക്കുകയും കൂടുതൽ കൂടുതൽ അറിവു സമ്പാദിക്കുകയും കൂട്ടായിരുന്നു ചർച്ച ചെയ്യുകയും അനുഭവങ്ങളും പങ്കുവയ്ക്കുകയും ചെയ്യേണ്ടതാവശ്യമാണു്. ഇതിനു വളരെയേറെ സഹായിക്കുന്ന ഒന്നാണു് കുടുംബവിജ്ഞാന സെമിനാറുകളും. ഇടയ്ക്കിടെ ഇത്തരം സെമിനാറുകളിൽ പങ്കെടുക്കുന്നതു് തെറ്റിദ്ധാരണകളും നീക്കുന്നതിനും അറിവു വർദ്ധിപ്പിക്കുന്നതിനും പരസ്പരധാരണയും സ്നേഹവും സന്തോഷവും സമാധാനവും നിലനില്ക്കുന്ന കുടുംബബന്ധങ്ങളും വളർത്തിയെടുക്കുന്നതിനും സഹായകമായിരിക്കും.

മാരേജ് എൻകൗണ്ടർ (Marriage Encounter)

ദമ്പതികളുടെ ആശയവിനിമയത്തിനു് സഹായിക്കുന്ന ഒരു പരിപാടിയാണിതു്. ഇതിൽ പങ്കെടുക്കാനും ദമ്പതികളും ശ്രദ്ധിക്കേണ്ടതാണു്. 'നമ്മുടെ വാച്ചു നടക്കുന്നില്ല, പക്ഷേ ആരോടും പറയരുതു്, താനേ ശരിയായിക്കൊള്ളും, മൂന്നാമതൊരാളും അറിയണ്ട', എന്നാണോ നിങ്ങളും പറയുക? അല്ല, വാച്ചു് നന്നാക്കാൻ കൊടുക്കും. റേഡിയോയുടെ കാര്യത്തിലും ഇതുതന്നെ. അതുപോലെ കുടുംബപ്രശ്നങ്ങളും ഉണ്ടാകുമ്പോളും പറയരുതു്, നമ്മുടെ പ്രശ്നം ആരോടും പറയണ്ട, മൂന്നാമതൊരാളും അറിയരുതു് എന്നു്. പ്രശ്നം ഉണ്ടാകുമ്പോളും നിങ്ങൾക്കു് പരിഹരിക്കാൻ സാധിക്കാത്തതാണെങ്കിൽ വിദഗ്ധരെ സമീപിക്കണം. ദുരഭിമാനം ഒന്നിനും പരിഹാരമാവുകയില്ല.

malankaralibrary.com

കുടുംബയോഗങ്ങൾ

കുടുംബങ്ങളും തമ്മിൽത്തമ്മിൽ പരിചയപ്പെടുന്നതിനും അടുക്കുന്നതിനും സ്ഥലത്തെ പ്രശ്നങ്ങളും പഠിക്കുന്നതിനും പ്രതിവിധികളും കണ്ടുപിടിക്കുന്നതിനും, ചർച്ചകൾവഴി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഒരു നല്ല വേദിയാണിതു്. എല്ലാ സഹകരണവും കൊടുക്കണം. വിവാഹമോചനം ഒരിക്കലും ഒരു പ്രതിവിധിയല്ല.

പ്രത്യാശയും പ്രതീക്ഷയും

'വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും ഭാവിയെപ്പറ്റി ആരും സംശയിക്കേണ്ട. സ്ത്രീയും പുരുഷനും ഉള്ളിടത്തോളം കാലം വിവാഹവും ഉണ്ടായിരിക്കും. അതു യഥാർത്ഥ അർപ്പണബോധത്തോടുകൂടിയതും കൗദാശികവുമായിരിക്കും'.

Jessiss Bernard, Future of Marriage

1980 ജനുവരിയിൽ നടത്തിയ ഒരു ഗവേഷണത്തിൽ (Harris Survey) പങ്കെടുത്ത അമേരിക്കക്കാരോടു ഗവേഷകർ ചോദിച്ചു 'നിങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ലക്ഷ്യമെന്താണെന്നു്'. 96% പേരും മറുപടി നൽകി, 'നല്ല ഒരു കുടുംബജീവിതം' എന്നു്. നല്ല കുടുംബജീവിതത്തിനായി മനുഷ്യൻ എവിടെയും ദാഹിക്കുന്നുണ്ടു്. ഭാവി പ്രതീക്ഷ നിറഞ്ഞതാണു്. 'മനുഷ്യവംശത്തിന്റെ ഭാവി കുടുംബത്തിലൂടെയാണു് കടന്നു പോവുന്നതു്. സന്മനസ്സുള്ള എല്ലാ മനുഷ്യരും കുടുംബത്തിന്റെ മൂല്യങ്ങളെയും ആവശ്യങ്ങളെയും സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും പരിശ്രമിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്'.

ജോൺ പോൾ രണ്ടാമൻ (F. C. 86)

O

malankaralibrary.com

6

അനുരഞ്ജനം കുടുംബത്തിൽ

അടുപ്പവും ആത്മാർത്ഥതയുമുള്ള എല്ലാ മനുഷ്യബന്ധങ്ങളിലും പരസ്പരം മുറിപ്പെടുത്താനും വേദനിപ്പിക്കാനുമുള്ള സാദ്ധ്യതകളും ഏറെയാണ്. ഏറെ അത്മവും ആഴവുമുള്ളതും, ഏറെ അടുപ്പമേറിയതുമായ ബന്ധങ്ങളിൽ അഥവാ കുടുംബബന്ധങ്ങളിൽ ഇതിനുള്ള സാദ്ധ്യതകളും, അവസരങ്ങളും വളരെയധികമത്രേ. നമ്മെ സ്നേഹിക്കുന്നവരെയും നാം സ്നേഹിക്കുന്നവരെയും അറിഞ്ഞും അറിയാതെയും നിത്യേനയെന്നോണം വേദനിപ്പിച്ചുകൊണ്ടാണ് നാം ജീവിതപാതയിൽ 'മുന്നോട്ട്' നീങ്ങുന്നത്. അടുത്തുപെരുമാറുന്നവരോട് സ്നേഹശൂന്യമായും ചിലപ്പോഴൊക്കെ നിർദ്ദയമായും പെരുമാറുന്ന നമ്മളം 'ഓ, ഇതെന്റെ ഭാര്യയല്ലേ, ഭർത്താവല്ലേ, അഥവാ മകനല്ലേ, മകളല്ലേ, സാരമില്ല' എന്ന രീതിയാണ് അവലംബിക്കുന്നതു്. മനുഷ്യന്റെ മറെറല്ലാ തെറുകളുമെന്നപോലെ ഇതും അറിവില്ലായ്മയുടെ ഫലമാണ്.

ഒരു വ്യക്തിക്ക് ഈ ലോകത്തിൽ ചെയ്യാവുന്ന ഏറ്റവും എളുപ്പമുള്ള കാര്യങ്ങളിലൊന്ന് മറെറാരു വ്യക്തിയെ വേദനി

malankaralibrary.com

പ്പിക്കുകയെന്നതാണ്. നമ്മോട് സമ്പർക്കംപുലർത്തുന്നവരെ നമ്മുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അഥവാ പ്രവൃത്തിരാഹിത്യംകൊണ്ടും വിവിധതോതുകളിൽ വേദനിപ്പിക്കുക വഴി നാം ഒരു ശീലം വളർത്തിയെടുക്കുകയാണ്. കുറേക്കാലം ഈ ശീലത്തിൽ കഴിയുമ്പോൾ നാം നമ്മുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന വൈകാരികമായ മുറിവുകളെപ്പറ്റിയുള്ള അവബോധം തന്നെ നമുക്ക് സാവകാശത്തിൽ നഷ്ടപ്പെടുന്നു. ഉദാഹരണത്തിന് നാം കുടുംബവേദിയിൽ നിത്യേന ഉപയോഗിക്കുന്ന വാക്കുകളുടെ കാര്യമെടുക്കുക: നമ്മുടെ വാക്കുകൾ ഒന്നുകിൽ ജീവദായക(life-giving)മായിരിക്കും, അല്ലെങ്കിൽ മാരക(death dealing)മായിരിക്കും. നാം ഏറെയും ഉപയോഗിക്കുന്നത് വിമർശനത്തിന്റെയും ശകാരത്തിന്റെയും പരിഹാസത്തിന്റെയും വിധിയെഴുത്തിന്റെയുമായ മാരകമായ വാക്കുകളല്ലേ? പലപ്പോഴും നമ്മുടെ അറിവില്ലായ്മകൊണ്ടും സ്നേഹരാഹിത്യംകൊണ്ടും നാം സൗമനസ്യത്തിന്റെയും സഹാനുഭൂതിയുടെയും അഭിനന്ദനത്തിന്റെയും പ്രോൽസാഹനത്തിന്റെയും നന്ദിയുടെയും വാക്കുകൾ ഉപയോഗിക്കാൻ മറക്കുന്നുവെന്നതല്ലേ സത്യം?

ജീവിതപങ്കാളിയെയോ മക്കളെയോ വേദനിപ്പിച്ചശേഷം നാം എന്താണു ചെയ്യുക? ഒരപരിചിതനെ ബസിലോ മറ്റോവച്ച് ഒന്നു ചവിട്ടിപ്പോയാൽ ഉടനടി ക്ഷമയാചിക്കുന്ന നമ്മൾ കുടുംബാംഗങ്ങളോട് അതിന്റെ പകുതിയെങ്കിലും മര്യാദ കാണിക്കാറുണ്ടോ? വേദനയുടെ കയ്പുനീർ അവരെക്കൊണ്ട് എത്ര കുടിപ്പിച്ചശേഷവും അതിൽ മനംനൊന്ത് മാപ്പുചോദിക്കാൻ നാം മിനക്കെടാറില്ല. അതിനു പകരം, 'ഓ അതു് സാരമില്ല. അവൻ/അവൾ കുറച്ചുകഴിയുമ്പോൾ അതു് മറന്നുപൊയ്ക്കൊള്ളും' എന്ന രീതിയിൽ ചിന്തിച്ച്, a game of waiting കളിച്ച് രക്ഷപ്പെടാനാണ് നാമൊക്കെ ശ്രമിക്കുക. അതിന്റെ ഫലമായി നാം സൃഷ്ടിക്കുന്ന അപകടം വളരെ വലുതാണ്. മറ്റുള്ളവരിൽ, പ്രത്യേകിച്ച് നമുക്ക പ്രിയപ്പെട്ടവരിലും നമ്മെ സ്നേഹിക്കുന്നവരിലും നാം സൃഷ്ടിക്കുന്ന വൈകാരികമായ മുറിവുകൾ എളുപ്പത്തിലൊന്നും സ്വയം കരിഞ്ഞുപോകില്ല. മറിച്ച് ക്ഷമായാചനംകൊണ്ട് സുഖപ്പെടുത്താത്ത ആ മുറിവുകൾ കാലാന്തരത്തിൽ പഴുത്ത് വ്രണമായിമാറുമെന്നതു് തീർച്ചയാണ്. നാം

malankaralibrary.com

നൽകുന്ന തിക്താനുഭവങ്ങളും അവരുടെ ബോധമനസ്സിൽനിന്നു മാഞ്ഞാലും ഉപബോധമനസ്സിലും പിന്നീട് അവബോധമനസ്സിലുമായി കേന്ദ്രീകരിക്കും. അതുമൂലമുണ്ടാകുന്ന മാനസികാസ്വാസ്ഥ്യങ്ങളും അവ്യക്തമായ രീതിയിൽ പിൽക്കാലത്തു് അനുഭവവേദ്യമാകും. അതുകൊണ്ടു് മറ്റുള്ളവരെ നാം ഏല്പിക്കുന്ന വൈകാരികമായ മുറിവുകളും ഉണക്കാൻ നാം ബാദ്ധ്യസ്ഥരാണു്. ആ ബാദ്ധ്യത സ്നേഹത്തിൽനിന്നുമുയിർക്കൊള്ളുന്നതും കേവലമനുഷ്യമര്യാദയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമാണു്. നാമുണ്ടാക്കുന്ന മുറിവുകളും നമുക്കേ ഉണക്കാനാവൂ. ആ ജോലി മറ്റാരെയെങ്കിലും ഏല്പിക്കാനാവില്ല.

സ്നേഹത്തിനു പകരമായി സ്നേഹശൂന്യത സമ്മാനിക്കുന്ന നമ്മളും, സന്തോഷത്തിന്റെ മുന്തിരിച്ചാറിനുപകരം വേദനയുടെ കയ്പുനീർ പകരുന്ന നമ്മളും, നമ്മുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അന്യർക്കു് വ്യാകുലങ്ങളും തീർക്കുന്ന നമ്മളും ഭാഗ്യവശാൽ മറ്റൊരു അസാധാരണ കഴിവിന്റെ ഉടമകളാണു്: അതായതു് അനുരഞ്ജനത്തിനുള്ള കഴിവു്. ആത്മാർത്ഥമായി ക്ഷമയാചിച്ചുകൊണ്ടും ക്ഷമനൽകിക്കൊണ്ടും വളരുമ്പോൾ ഉടഞ്ഞ വ്യക്തിത്വങ്ങളും നാം പുനർന്നിർമ്മിക്കുകയാണു്, തകർന്ന ഹൃദയങ്ങൾക്കു് നാം പുതുജീവൻ പകരുകയാണു്. To forgive is divine, ക്ഷമിക്കുകയെന്നതു് ദൈവികമാണു് എന്ന സത്യം അനുഭവത്തിലേക്കു് പകർത്തുമ്പോൾ അക്ഷരാർത്ഥത്തിൽ നാം ദൈവികമനുഷ്യരാകുന്നു.

അതുകൊണ്ടു് ദുർബ്ബലരായ നമുക്കു് എന്നും എപ്പോഴും കരണീയമായിട്ടുള്ളതു് നാം ഉണ്ടാക്കുന്ന മുറിവുകളിൽ, എത്രയും വേഗം, ക്ഷമായാചനത്തിലൂടെ സ്നേഹത്തിന്റെ പരിമളതൈലം പൂശുകയെന്നതാണു്. അതിനു താമസം വരുത്തുവാൻ ശ്രമിക്കുന്നതു് സ്വാഭാവികമെങ്കിലും സ്വാർത്ഥപരമാണു്, ദോഷകരവും. താമസിക്കുന്തോറും നാം സ്വയം നീതീകരിക്കാൻ മാർഗ്ഗങ്ങൾ തേടും, കണ്ടെത്തും. അതിന്റെ ഫലമായി പലപ്പോഴും ക്ഷമായാചനം നടത്താനുള്ള അവസരം നഷ്ടപ്പെട്ടുത്തും. ഫലമോ? നമ്മുടെ ബന്ധങ്ങൾക്കു് ശൈഥില്യം സംഭവിക്കുകയും സ്നേഹാനുഭവങ്ങൾക്കു് സൗന്ദര്യവും ശക്തിയും കുറയുകയും ചെയ്യും. നാം അതിനാൽത്തന്നെ അസ്വസ്ഥതകളുടെ കേന്ദ്രബിന്ദുക്കളായി മാറും.

malankaralibrary.com

കുടുംബവേദിയിൽ മാതാപിതാക്കൾ പലപ്പോഴും വഴക്കിടുക മക്കളുടെ മുൻപിൽവച്ചാണു്. തങ്ങളുടെ അപ്പനമ്മമാരുടെ വഴക്കും വാശിയും മാത്രം കാണുന്ന മക്കൾ സ്വയം നിർഭാഗ്യവാന്മാരായി കണക്കാക്കുകയും സത്യത്തിൽ അങ്ങനെയായിത്തീരുകയും ചെയ്യുന്നു. അതേ മാതാപിതാക്കൾ പരസ്പരം ക്ഷമയാചിച്ചും ക്ഷമനൽകിയും മുമ്പോട്ടു പോകുമ്പോൾ ശരിക്കും അതിൽനിന്നുള്ള നേട്ടം മക്കൾക്കാണു്. എന്തെന്നാൽ അനുരഞ്ജനത്തിന്റെ ആപാതമധുരമായ ആദ്യപാഠങ്ങൾ അവരവിടെ പഠിക്കുന്നു. ഇനി, അനുരഞ്ജനത്തിനു് ആരു മുൻകൈയെടുക്കണം? സ്നേഹം കൂടുതലുള്ള വ്യക്തിതന്നെ. സ്നേഹധനനെന്നു് സ്വയം ബോദ്ധ്യമുണ്ടെങ്കിൽപ്പിന്നെ നിങ്ങൾഎന്തിനു സംശയിച്ചുനിൽക്കണം? 'എന്റെ പങ്കാളി ആദ്യം രമ്യപ്പെടാൻ ശ്രമിക്കട്ടെ' എന്ന പല്ലവി സ്നേഹശൂന്യതയിൽ നിന്നാണു് പിറവിയെടുക്കുന്നതു്. നിങ്ങളുടെ സ്നേഹത്തിന്റെ മാറ്റുരച്ചെടുക്കുന്ന അനുരഞ്ജനത്തിന്റെ വേദിയിൽ തോൽവി, ജയം എന്നിവ അപ്രസക്തമാണു്. അവിടെ, സത്യത്തിൽരണ്ടുപേരും ജയിക്കുന്നു. പരസ്പരസൗഖ്യം നൽകുന്നു, സന്തോഷം പങ്കിടുന്നു.

അനുരഞ്ജനം അനുദിനജീവിതത്തിന്റെ അവിഭാജ്യഘടകമാക്കി മാറ്റുകയെന്നതു് കുടുംബത്തെ അത്ഭുതവേദിയാക്കിമാറ്റുന്ന അതിവിശിഷ്ടപ്രതിഭാസമാണു്. സന്ധ്യാപ്രാർത്ഥന കഴിഞ്ഞുള്ള സംഭാഷണസമയമാണു് അതിനു ഏറ്റവും ഉചിതം. മാതാപിതാക്കൾ പരസ്പരം മാപ്പുചോദിച്ചു് അന്നന്നുണ്ടായിട്ടുള്ള തെറ്റുകുറ്റങ്ങൾക്കു പരിഹാരം ചെയ്താൽ അതുകണ്ടു വളരുന്ന കുട്ടികൾ ആദ്യം അനുരഞ്ജനത്തിന്റെ ജീവൽസാക്ഷികളും പിന്നീടു് അതിന്റെ പരികർമ്മികളുമാകുന്ന മനോഹരകാഴ്ച നമുക്കു് കാണാൻ കഴിയും.

നാഗരികതയുടെയും വ്യർത്ഥാഭിമാനത്തിന്റെയും തിരത്തള്ളലിൽ ക്ഷമായാചനത്തിനും ക്ഷമാദാനത്തിനുമുള്ള മനുഷ്യന്റെ കഴിവും സന്നദ്ധതയും കുറയാനാണു് സാദ്ധ്യത. അറിവിന്റെ പുത്തൻമേഖലകൾ പിടിച്ചടക്കുന്ന ആധുനികമനുഷ്യനു് കൈമോശംവന്നുപോകുന്ന സിദ്ധികളിലൊന്നിതാണു്; പൊറുക്കലി

malankaralibrary.com

ന്റെയും മറക്കലിന്റെയും രാജപാതയിൽ സഞ്ചരിച്ച് ജീവിതത്തിന്റെ അനർഘത അനുഭവിക്കുക.

നമ്മുടെ കുടുംബങ്ങം ക്ഷമയിൽത്തീർത്ത ത്യാഗവേദികളാണെന്ന ബോധം ആഴത്തിൽ ഉരുത്തിരിയുമ്പോം നമ്മുടെ പ്രവൃത്തികംക്കും വാക്കുകംക്കും അത്ഭുതകരമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കും. സ്വന്തം ജീവിതപങ്കാളിയോടും മക്കളോടും വീട്ടിലെ വേലക്കാരോടുപോലും കലവറയില്ലാതെ മാപ്പുചോദിക്കാൻ മടിയില്ലാത്ത കുടുംബനാഥനും നാഥയും അമർത്ത്യതയുടെ ശിഖരങ്ങളിലേക്ക് സ്വന്തം കുടുംബത്തെ ഉയർത്താൻ കഴിവുള്ളവരാണെന്ന സത്യം നമ്മുടെ സ്മരണയിൽ എന്നുമുണ്ടായിരിക്കട്ടെ. ക്ഷമിച്ചും ക്ഷമ ചോദിച്ചും വളരുന്ന കുടുംബാംഗങ്ങം അനുരഞ്ജനത്തിന്റെ അത്ഭുതവിദ്യകൊണ്ട് സ്വന്തം കുടുംബത്തെ സ്വർഗ്ഗതുല്യമാക്കുന്ന കാഴ്ച മാലാഖാമാക്കുപോലും അസൂയ ഉളവാക്കില്ലേ ?

malankaralibrary.com

ഭാഗം നാലു്

കുടുംബവും സമൂഹവും

malankaralibrary.com

1

ഇടവക ഒരു കുടുംബം

മനുഷ്യസമൂഹത്തിലെ ഏറ്റവും ചെറുതും പഴക്കം ചെന്നതും എന്നാൽ ഏറ്റവും ബലമുള്ളതുമായ ഉന്നതഘടകമാണ് കുടുംബം. കാലത്തിന്റെ കുത്തൊഴുക്കിൽ, മാറ്റങ്ങളുടെ വേലിയേറ്റത്തിൽ ചെത്തി ഒരുക്കി രൂപഭാവങ്ങളും ഉൾക്കൊണ്ട കുടുംബം ഇങ്ങനെയൊരു സാമൂഹ്യസ്ഥാപനമായി എന്നാണ് രൂപം കൊണ്ടതെന്ന് കൃത്യമായിപ്പറയുക വയ്യ. എങ്കിലും ബുദ്ധിയും വൈകാരികഭാവങ്ങളുമുള്ള മനുഷ്യൻ അവന്റെ വ്യക്തിപരവും സമൂഹപരവുമായ സംതൃപ്തിക്കും പുരോഗതിക്കും വേണ്ടി കുടുംബം ആദ്യകാലങ്ങളിൽത്തന്നെ ഏർപ്പെടുത്തിയിരിക്കും. കാരണം ദൈവത്തിന്റെ പാവനമായ പദ്ധതിയിൽ വിരിഞ്ഞ, ദൈവം തന്നെ രൂപകല്പനചെയ്ത ദൈവികസ്ഥാപനമാണ് കുടുംബം. (ഉൽപ: 1:27–28) ആ ദൈവികപദ്ധതിയോടു യുഗാന്ത്യത്തോളം സശ്രദ്ധമകമായി സഹകരിച്ചും പ്രതികരിച്ചും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഉയർത്തിപ്പിടിച്ചും മുന്നേറിയാലേ, ഇടിമിന്നലുകളേയും കൊടുങ്കാറ്റുകളേയും നടുവിലും സ്വച്ഛന്ദതയും സമാധാനവും സന്തോഷവും കൈവരിക്കാൻ കഴിയൂ.

പ്രപഞ്ചത്തിന്റെയും മനുഷ്യസമൂഹത്തിന്റെയും നാരായവേരു് ആഴ്ന്നിറങ്ങിയിട്ടുള്ളതും അവയ്ക്കു് വളവും വെള്ളവും

malankaralibrary.com

നൽകുന്നതുമായ കുടുംബം ഏറ്റവും നിർണ്ണായകഘടകമായതിനാലാണ് അതിനെ തകർക്കാനും വളർത്താനും വിഭിന്ന ശക്തികളും ശ്രമിക്കുന്നതു്. കുടുംബം തകർന്നിടത്തൊക്കെ ധാർമ്മികാധഃപതനവും ആന്തരികജീർണ്ണതയും അനുഭവപ്പെട്ടിട്ടുണ്ടു്.

യേശുവിന്റെ തുടർച്ചയായ സഭ ദൈവം സംവിധാനം ചെയ്തു പരിപാലിച്ച കുടുംബങ്ങളെ എന്നും ശ്രദ്ധയോടും ഭാവനയോടുംകൂടി സംരക്ഷിക്കുന്നു. 'ക്രിസ്തീയ ഭവനം ഒരു ചെറിയ ദേവാലയമാകുന്നു' എന്നു് ജോൺ ക്രിസോസ്റ്റോം പറയുന്നു. സഭയിൽ ഉന്നതസ്ഥാനം വഹിക്കാൻ തെരഞ്ഞെടുക്കപ്പെടുന്നവർ നല്ല കുടുംബജീവിതം നയിക്കുന്നവരായിരിക്കണമെന്നു് വി. പൗലോസ് തിമോത്തിയോസിനു് എഴുതിയ ലേഖനം വ്യക്തമാക്കുന്നുണ്ടു്. (1 തിമോ.3: 4-5, 15). ക്രിസ്തുവിന്റെ ദൗത്യം ദൈവരാജ്യപ്രഘോഷണമായിരുന്നു. ആ ദൈവരാജ്യത്തിന്റെ ഒരു മുന്നാസ്വാദനവേദിയാണു് കുടുംബം. ഐഹികമല്ലാത്ത, ലൗകികതയെ അതിലംഘിക്കുന്ന ഉദാത്തഭാവമായ ആ ദൈവരാജ്യം ലോകത്തിനു് അനുഭവവേദ്യമാക്കുകയെന്ന സഭയുടെ ദൗത്യം തന്നെയാണു് കുടുംബത്തിന്റെയും ദൗത്യം; അതു കൊണ്ടാണു് കുടുംബത്തെ 'ഗാർഹികസഭ' എന്നു് വിളിക്കുന്നതു്. തീർത്ഥാടകസഭയിൽ ക്രിസ്തുവാകുന്ന വാതിലിലൂടെ മനുഷ്യസമൂഹം പിതാവിന്റെ പക്കലേയ്ക്കു നടന്നടുക്കുന്നതുപോലെ കുടുംബത്തിലെ അംഗങ്ങളും പരസ്പരസ്നേഹം ത്യാഗം സമർപ്പണം എന്നിവയിലൂടെ പരസ്പരം വിശുദ്ധീകരിച്ചു് ക്രിസ്തുവിലൂടെ പിതാവിലേയ്ക്കെത്തണം. ഇതു ക്ഷിപ്രസാധ്യമായ ഒന്നല്ല. ദൈവികഗുണങ്ങളും നിറഞ്ഞു നിന്നാലേ ഈ ദൗത്യനിർവ്വഹണം സുസാദ്ധ്യമാകൂ. അതു വ്യക്തമാക്കാനാണു് 'കുടുംബം ഒരു കൂട്ടായ്മ' എന്ന ശ്ലൈഹികോപദേശം ജോൺ പോൾ രണ്ടാമൻ മാപ്പ്പ്പാ താഴെപ്പറയുന്ന വാചകത്തിലൂടെ ആരംഭിച്ചിരിക്കുന്നതു്. 'ആധുനികലോകത്തിൽ കുടുംബം സമൂഹത്തേയും സംസ്കാരത്തേയും ബാധിച്ചിട്ടുള്ള അഗാധവും ദ്രുതതരവുമായ നിരവധി പരിവർത്തനങ്ങളാൽ മറേറതൊരു സ്ഥാപനവുംപോലെ, ഒരുപക്ഷേ അവയെക്കാളധികമായി വലയം ചെയ്യപ്പെട്ടിരിക്കുന്നു'. ഈ പരിവർത്തനങ്ങളുടേയും വലയങ്ങളുടേയും സമ്മർദ്ദത്തിലും കുടും

malankaralibrary.com

ബത്തിന്റെ യഥാർത്ഥ്യത്വം നിർവഹിക്കപ്പെടണമെങ്കിൽ കുടുംബം ഗാർഹികസഭയായി ആന്തരികചൈതന്യത്തോടെ നിലനിൽക്കണം.

രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭയായി അവതരിപ്പിക്കുമ്പോൾ സഭയുടെ ലക്ഷണങ്ങളും ലക്ഷ്യങ്ങളും മനോഹരമായി വരച്ചുകാട്ടുന്നുണ്ട്. 'ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഐക്യത്തിന്റേയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റേയും കൂദാശയാണ്'..... 'സഭയെന്നു പറയുന്നതു് ഒരു കൂട്ടായ്മയാണു്. അതു് പ്രഥമത: ഒരു നൈയമികസംഘമോ സംഘടനയോ അല്ല, പ്രത്യുത ഒരു പരിശുദ്ധജനമായി സമ്മേളിക്കുന്ന നിരവധി ആളുകൾ പങ്കുപറ്റുന്ന ദൈവത്തിന്റെ ദാനമാണു്. വിശ്വാസം, ശരണം, ഉപവി, കൂദാശകൾ, ശ്രേഷ്ഠകൃപ എന്നിങ്ങനെയുള്ള ദാനങ്ങൾ മനുഷ്യവ്യക്തികളെ ഈ ഐക്യത്തിൽ എത്തിക്കുകയും സഹോദരന്മാരാക്കിത്തീർക്കുകയും ചെയ്യുന്നു' (തിരുസ്സഭ ആമുഖം). ഇങ്ങനെയുള്ള സഭയുടെ പതിപ്പായി കുടുംബത്തെ വിവക്ഷിക്കുമ്പോൾ ഇന്നത്തെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ നവീകരിക്കുകയെന്നതു് സഭയുടെ ചുമതലയാണു്. ഇതുകൊണ്ടാണു് 'സമുദായത്തിലും സാമൂഹ്യസംഘടനകളിലും സ്വാധീനമുള്ളവരെല്ലാം വിവാഹത്തിന്റേയും കുടുംബത്തിന്റേയും ക്ഷേമത്തിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കുവാൻ' രണ്ടാംവത്തിക്കാൻ സൂനഹദോസ് എല്ലാവരെയും ആഹ്വാനംചെയ്യുന്നതു്. (സഭ ആധുനിക ലോകത്തിൽ 52) സഭയുടെയും കുടുംബത്തിന്റെയും വിശാലമായ കൂട്ടായ്മ വ്യക്തമാക്കിക്കൊണ്ടു് മാർപ്പാപ്പാ പറയുന്നു. 'ക്രൈസ്തവകുടുംബം സഭാത്മകസമൂഹത്തിന്റെ സവിശേഷമായ ഒരു വെളിപ്പെടലിനേയും സാക്ഷാൽക്കാരത്തേയും നിയമനം ചെയ്യുന്നു. ഇക്കാരണത്താൽക്കൂടെയും അതിനെ 'ഗാർഹിക സഭ' യെന്നു വിളിക്കാം. അങ്ങിനെ വിളിക്കപ്പെടുകയും വേണം'

(കുടുംബം ഒരു കൂട്ടായ്മ ഭാഗം 3-21)

തിരുസഭയുടെ സുപ്രധാന അടയാളങ്ങളായ ഐക്യം, വിശുദ്ധി, കാതോലികത്വം, അപ്പസ്തോലികത്വം, എന്നിവ ഗാർഹിക സഭയായ കുടുംബത്തിലും പ്രകടമാകണം. ഇരുവ്യ

malankaralibrary.com

ക്രിസ്തീയ കുടുംബം ക്രിസ്തുവിനെ തിരുസഭയുമായി ബന്ധിക്കുന്ന ഉടമ്പടിയുടെ പ്രതീകവും പങ്കുചേരലുമായ വിവാഹത്തിൽനിന്നുളവായെടുക്കുന്നതുകൊണ്ട് ക്രിസ്തുവിന്റെ, ലോകത്തിലുള്ള സജീവസാന്നിദ്ധ്യവും തിരുസഭയുടെ യഥാർത്ഥസ്വഭാവവും സകല ജനങ്ങൾക്കും വെളിപ്പെടുത്തും' (സഭ ആധുനിക ലോകത്തിൽ 48).

സമൂഹത്തെ രൂപവൽക്കരിക്കുക, മനുഷ്യജീവനെ ആദരിച്ച് അതിനു സേവനം ചെയ്യുക, സമൂഹത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുക, സഭയിൽ സജീവമായി പങ്കാളിത്തം വഹിക്കുക എന്നിവ കുടുംബത്തിന്റെ ദൗത്യങ്ങളിൽപ്പെടുന്നു. കാരണം സഭയുടെ വെളിപാടും സാക്ഷാൽക്കാരവുമാണ് കുടുംബം. ക്രൈസ്തവകുടുംബം മാതാപിതാക്കളും മക്കളും മാത്രം ഉൾപ്പെടുന്നതല്ല, പ്രത്യുത ത്രിത്വൈകദൈവവുംകൂടി ചേരുന്നതാണ്. സഭയെപ്പോലെതന്നെ കുടുംബവും വചനത്താലും കൂദാശകളാലും വിളിച്ചുകൂട്ടപ്പെട്ടിരിക്കുന്നു. അവർ ഇവിടെ ദൈവരാജ്യം പ്രസംഗിക്കുകയും കെട്ടിപ്പടുക്കുകയും വേണം. സാഹോദര്യത്തിലും സ്നേഹത്തിലും സമത്വത്തിലും ഈശ്വരാനുഭവത്തിലും കഴിയുന്ന അവസ്ഥയാണല്ലോ ദൈവരാജ്യം.

malankaralibrary.com

ആദിമസഭയുടെ ചരിത്രം തിളക്കമാർന്ന ഈ ദൈവരാജ്യം അനാവരണം ചെയ്യുന്നുണ്ട്. 'അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു' (നട: 2:42) ഈ തിരുവചനത്തിലൂടെ സഭയുടെ സമൂർത്തങ്ങളായ നാലു മുഖമുദ്രകളും–കുടുംബങ്ങളിൽ തുടിച്ചു നിൽക്കേണ്ട സവിശേഷതകളും–വ്യക്തമാക്കപ്പെടുകയാണ്. അപ്പസ്തോലന്മാരുടെ പ്രബോധനം താത്പര്യപൂർവ്വം ശ്രവിക്കുകയും അവ ശ്രദ്ധാപൂർവ്വം ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതു് ക്രിസ്തുവിന്റെ പ്രബോധനാനന്തര ജീവിതംതന്നെയാണ്. ആദിമ സഭയിൽ വചനത്തിനു് നൽകിയിരുന്ന പ്രാധാന്യം നമ്മുടെ കുടുംബങ്ങളിലും ഉണ്ടാകണം. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കുണ്ടായതുപോലെ വചനം കേൾക്കുമ്പോൾ നമ്മുടെ ഹൃദയം ജ്വലിക്കണം. അപ്പോൾ കുടുംബം സുവിശേഷപ്രഘോഷണ വേദിയായി മാറും.

ആദിമസഭയെ ആദർശാത്മകവും അനുകരണീയവുമാക്കിയ മുഖ്യഘടകം സ്നേഹം പൂത്തുലഞ്ഞുനിന്ന കൂട്ടായ്മയായിരുന്നു. പങ്കുവയ്ക്കുകയും ശ്രുശ്രൂഷിക്കുകയും ചെയ്ത സമൂഹം. ചിരിക്കുന്നവരോടൊത്തു ചിരിക്കുകയും കരയുന്നവരോടൊത്തു കരയുകയും ചെയ്ത സഹകരണത്തിന്റെ സമൂർത്തസമൂഹം. അവരെപ്പറ്റിയുള്ള വിവരണം എത്ര മനോഹരമാണ്! 'വിശ്വാസികളുടെ സമൂഹം ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടി വ്യാപരിച്ചു. ആരും തങ്ങളുടെ സ്വത്തുക്കളും സ്വന്തമാണെന്നു പറഞ്ഞിരുന്നില്ല. എല്ലാം അവർ പൊതുവായി അനുഭവിച്ചു. ദാരിദ്ര്യം അനുഭവിച്ചിരുന്നവരാരും അവരുടെയിടയിലില്ലായിരുന്നു'. (നട. 4:32_35). ഈ സ്നേഹചൈതന്യവും പങ്കുവയ്ക്കലും പരസ്പരാംഗീകാരവും കുടുംബങ്ങളിൽ ഉണ്ടാകണം. ഈ സത്യത്തിലേക്കു് വിരൽ ചൂണ്ടിക്കാട്ടിക്കൊണ്ടു് 'കുടുംബം ഒരു കൂട്ടായ്മ'യിൽ പരിശുദ്ധ പിതാവു് ഇങ്ങനെ ആഹ്വാനം ചെയ്യുന്നു. 'വ്യക്തികളുടെ യഥാർത്ഥമായ ഒരു സമൂഹത്തെ വികസിപ്പിച്ചെടുക്കാനുള്ള നിരന്തരശ്രമത്തിലൂടെ കൂട്ടായ്മ എന്ന യാഥാർത്ഥ്യത്തെ വിശ്വസ്തതാപൂർവ്വം ജീവിതത്തിൽ പകർത്തുകയെന്നതാണ് കുടുംബത്തിന്റെ ആദ്യത്തെ ചുമതല'. (മൂന്നാംഭാഗം 18)

malankaralibrary.com

സൗഹൃദം മുറിനിൽക്കുന്ന അന്തരീക്ഷത്തിൽ തങ്ങളുടെ അധ്വാനത്തിന്റെയും ത്യാഗത്തിന്റെയും ഫലമായ അപ്പം മുറിക്കൽ ആദിമസഭയിലെ അവാച്യസുന്ദരമായ ഒരനുഭൂതിയായിരുന്നു. 'അവർ എല്ലാ ദിവസവും ഏകമനസ്സോടെ ദേവാലയത്തിൽ ഒരുമിച്ചുകൂടുകയും വീടുകൾതോറും അപ്പം മുറിക്കുകയും ചെയ്യുന്നതിൽ ഉത്സുകരായിരുന്നു. സന്തോഷത്തോടും ഹൃദയലാളിത്യത്തോടുംകൂടെ എല്ലാവരും ഭക്ഷണത്തിൽ പങ്കുപാറുകയും ചെയ്തിരുന്നു' (നട. 2:46) യഹൂദപാരമ്പര്യത്തിൽ കുടുംബനാഥന്മാർ ദൈവത്തെ സ്തുതിച്ചശേഷം അപ്പം മുറിച്ചുനൽകുന്ന ആചാരമായി ചിലർ ഇതു വിവക്ഷിക്കുമ്പോൾ, ദൈവശാസ്ത്രജ്ഞന്മാർ ഈ ശ്രുശ്രൂഷയെ വി. കുർബാനയായി വിശദീകരിക്കുന്നു. ഏതു അർത്ഥത്തിലായാലും ഈ ചടങ്ങു ഹൃദ്യവും അർത്ഥപൂർണ്ണവും മനുഷ്യബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതുമാണു. വി. കുർബാനയെന്ന കാൽവരിയിലെ സ്നേഹബലിയോടൊപ്പം കുടുംബാംഗങ്ങളും അവരുടെ ത്യാഗങ്ങളും ദൈവസന്നിധിയിൽ കാഴ്ചയായി, ബലിയായി, അർച്ചനയായി സമർപ്പിക്കുമ്പോൾ യേശുവിലും തമ്മിലുമുള്ള കൂട്ടായ്മ വളരുകയും ആ ബലി ദൈവത്തിനു കൂടുതൽ ഹിതകരമായിത്തീരുകയും ചെയ്യുകയാണു. 'അല്മായരുടെ സകല ജോലികളും പ്രാർത്ഥനയും പ്രേഷിതപ്രവർത്തനങ്ങളും വിവാഹജീവിതവും കുടുംബകാര്യങ്ങളും അനുദിനവേലയും ശാരീരികവും മാനസികവുമായ വിശ്രമവും, ക്ഷമയോടെ സഹിക്കുന്ന ജീവിത ക്ലേശങ്ങളും എല്ലാം പരിശുദ്ധാത്മാവിൽ നിർവ്വഹിക്കപ്പെടുമ്പോൾ അവ ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മികമായ ബലിയായിത്തീരുന്നു' (തിരുസഭ 34)

പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന ക്രിസ്തുവിന്റെ അനുയായികളുടെ സംഗമവേദികളും പ്രാർത്ഥനാവേദികളായി മാറണം. കുടുംബമാണു അതിലെ അടിസ്ഥാനഘടകം. ഭീഷണികളുടേയും മനുഷ്യക്രൂരതികളുടേയും പ്രലോഭനങ്ങളുടേയും നടുവിൽ അപ്പസ്തോലന്മാരും ആദിമസമൂഹവും ചഞ്ചലിക്കാതെ ഉറച്ചുനിന്നതു ഈ പ്രാർത്ഥനാനുഭവം കൊണ്ടാണു. ആധുനികകുടുംബം നേരിടുന്ന സംഘട്ടനങ്ങളുടെയും സംഘർഷങ്ങളുടെയും പെല്ലുവിളികളുടെയും സാഹചര്യങ്ങളെ വിജയപൂർവ്വം തരണംചെയ്യാൻ ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസവും ദൈവവുമാ

malankaralibrary.com

യുള്ള ആത്മബന്ധവും നമുക്കാവശ്യമാണു്. 'സന്താനങ്ങളുമായി ഒത്തുചേർന്നു പ്രാർത്ഥിച്ചുകൊണ്ടു മാത്രമേ ഒരു പിതാവിനും മാതാവിനും തങ്ങളുടെ രാജകീയപൗരോഹിത്യം പ്രയോഗത്തിലാക്കി, സന്താനങ്ങളുടെ ഹൃദയത്തിന്റെ ആഭ്യന്തരമായ ആഴങ്ങളിലേക്കു കടന്നുചെല്ലാനും അവരുടെ ജീവിതത്തിലെ ഭാവിസംഭവങ്ങൾക്കു മായ്ച്ചുകളയാനാവാത്ത ഒരു മുഖമുദ്ര അവിടെ അവശേഷിപ്പിക്കാനും കഴിയൂ.' (കുടുംബം ഒരു കൂട്ടായ്മ, മൂന്നാംഭാഗം–60).

ആദിമസഭയുടെ നിത്യഹരിതവും നിത്യസുന്ദരവുമായ ഈ സവിശേഷതകളും ഉൾക്കൊണ്ടു ജീവിക്കുന്ന കുടുംബങ്ങളും ഇവിടെ സമർപ്പണിയുകയും അവയുടെ പരിമളം ലോകത്തിന്റെ അതിർത്തികൾവരെ പരക്കുകയും ചെയ്യും. മന്ദമധുരമായ ഈ സന്ദേശങ്ങളുടെ അനുരണനങ്ങളും കുടുംബങ്ങളിൽനിന്നു് ഇടവകകളിലേയ്ക്കും സമൂഹത്തിലേയ്ക്കും പ്രതിദ്ധ്വനിക്കുകയും അവയെ സ്വാധീനിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ വിമോചനദൗത്യം (ലൂക്കാ 4:18) കൂടുതൽ ലളിതവും സുസാദ്ധ്യവുമാകും.

സഭയേയും കുടുംബത്തേയും ബന്ധിപ്പിക്കുന്ന ഏറ്റവും ശക്തമായ കണ്ണിയും സംഗമവേദിയുമായ ഇടവകയിൽവേണം ഈ ആദിമസമൂഹചൈതന്യം–ക്രിസ്മസനുഭവം–അലയടിക്കേണ്ടതു്. സഭയുടെ ഘടനയിലെ അടിസ്ഥാനഘടകമായ ഇടവക ക്രിസ്തുവിനു് സാക്ഷ്യംവഹിക്കാൻ ഏറ്റവും പറ്റിയ പ്രായോഗികവേദിയാണു്. ഒരു ദേവാലയത്തെ കേന്ദ്രീകരിച്ചുള്ള വിശ്വാസികളുടെ സമൂഹത്തെയാണു് ഇടവകയെന്നു് വിവക്ഷിക്കുക. അവരെ ഒന്നിപ്പിക്കുന്നതു് ദേവാലയമാണു്. കൃപാവരം അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന ആ ശക്തികേന്ദ്രത്തിൽനിന്നും ശക്തി സംഭരിക്കുന്നവരുടെ കൂട്ടായ്മയാണു് ഇടവക. ഇടവകയുടെ പ്രസക്തി ചൂണ്ടിക്കാട്ടിക്കൊണ്ടു് രണ്ടാംവത്തിക്കാൻ കൗൺസിൽ പറയുന്നതിപ്രകാരമാണു്. 'സംഘടിതമായ പ്രേഷിതപ്രവർത്തനത്തിന്റെ ഉത്തമോദാഹരണമാണു് ഇടവക. ഒട്ടേറെ മാനുഷികവൈവിധ്യങ്ങളെ ഒരിടവക സ്വപരിധിക്കുള്ളിൽ കൂട്ടിയിണക്കുകയും സഭയുടെ സാർവ്വത്രികതയിലേയ്ക്കു് കൊണ്ടു

malankaralibrary.com

വരികയും ചെയ്യുന്നു. ഇടവകയിലെ വൈദികരോടു യോജിച്ചു പ്രവർത്തിക്കുവാൻ അല്മായർ ശീലിക്കണം. വ്യക്തിപരവും ലോകം മുഴുവനേയും ബാധിക്കുന്നതുമായ പ്രശ്നങ്ങൾ അവർ സഭാസമൂഹത്തിൽകൊണ്ടുവന്നു ചർച്ച ചെയ്യുകയും പരിഹാരം കണ്ടെത്താൻ ഒത്തൊരുമിച്ചു ശ്രമിക്കുകയും വേണം. ഇടവകയുടെ പ്രേഷിതപ്രവർത്തനസംരംഭങ്ങളെയെല്ലാം തങ്ങളാലാവുംവിധം സഹായിക്കണം' (അല്മായപ്രേഷിതത്വം No: 10)

ഇടവകയുടെ ഇംഗ്ലീഷ്പദമായ 'പാരീഷ്'-ന്റെ മൂലം ഗ്രീക്കുഭാഷയിലെ 'പരോയ്ക്കിയ' ആണു്. അയൽവക്കം എന്നാണതിന്റെ അർത്ഥം. പരസ്പരം അറിയുകയും മനസ്സിലാക്കുകയും അംഗീകരിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നവരാണു് അയൽക്കാർ. ആരാണു് അയൽക്കാരൻ എന്നതു് വിശദീകരിക്കാൻ ക്രിസ്തുനാഥൻ ചൂണ്ടിക്കാട്ടുന്ന നല്ല സമറിയാക്കാരന്റെ ഉപമ വിശ്വസാഹിത്യത്തിലേയ്ക്കും തിളക്കമാർന്ന വർണ്ണനയാണു് (ലൂക്കാ. 10). ആ ഉപമയിൽ പുരോഹിതനും ലേവായനും, പരിക്കുപറ്റിക്കിടക്കുന്നവനെ സഹായിക്കാതിരിക്കാൻ കാരണങ്ങളും കണ്ടെത്തുന്നുണ്ടു്. അവനെ സഹായിക്കാൻ തുനിഞ്ഞാൽ തങ്ങൾക്കു് എന്തു സംഭവിക്കും എന്ന ചിന്തയാണു് അവരെ നയിച്ചതു്. എന്നാൽ അയാളെ സഹായിച്ചില്ലെങ്കിൽ ആസഹോദരനു് എന്തു സംഭവിക്കും എന്ന ഉൽക്കണ്ഠയും പരിഗണനയുമാണു് സമറിയാക്കാരനെ നയിച്ചതു്. ഇടവകജനങ്ങൾക്കുണ്ടായിരിക്കേണ്ട ക്രിസ്തീയ ഉപവിയാണു് ഇവിടെ വ്യക്തമാക്കുന്നതു്. സുറിയാനിഭാഷയിൽ അജഗണം എന്നർത്ഥംവരുന്ന 'മർയീസാ' എന്ന പദമാണു് ഇടവകയ്ക്കു് ഉപയോഗിക്കുന്നതു്. അർത്ഥപൂർണ്ണമായ ഒരു പദമാണതു്. വി. യോഹന്നാന്റെ സുവിശേഷം പത്താമദ്ധ്യായത്തിൽ നല്ല ഇടയനേയും ആട്ടിൻകൂട്ടത്തേയും മനോഹരമായ ചായക്കൂട്ടിൽ വരച്ചുകാട്ടുന്നുണ്ടു്. ഇടയന്റെ സ്വരം അറിയുന്ന ആടുകൾ. ആടുകളെ പേരുചൊല്ലി വിളിക്കുന്ന ഇടയൻ. കാണാതെപോയ ആട്ടിൻകുട്ടിക്കുവേണ്ടി മുൾപ്പടർപ്പുകളിലും ഗുഹാന്തരങ്ങളിലും അന്വേഷിച്ചുനടക്കുന്ന ഇടയൻ. പ്രശാന്തമായ പുൽമേടുകളിലേയ്ക്കു് ആട്ടിൻകൂട്ടത്തെ നയിച്ചു് കള്ളൻമാരിൽനിന്നും ക്രൂരമൃഗങ്ങളിൽനിന്നും അവയെ സംരക്ഷിക്കുന്ന ഇടയൻ. ഒരു

malankaralibrary.com

ഇടവകയിലെ വികാരിയും വിശ്വാസികളും തമ്മിലുണ്ടായിരിക്കേണ്ട ആഴമേറിയ ആത്മബന്ധം ഇതിനേക്കാൾ വാചാലമായി വിവരിക്കുക വയ്യ.

സഭയുടെ ശക്തമായ ഘടകമായ ഇടവക ഒരു സംഘടനയല്ല, പ്രത്യുത കൂട്ടായ്മയാണ്. അവിടെ നൈയമികതയ്ക്കോ സംവിധാനങ്ങൾക്കോ അല്ല പ്രാധാന്യം; സ്നേഹത്തിനും പങ്കുവയ്ക്കലിനും, ഇഴകിച്ചേരലിനുമാണ്. മാമ്മോദീസായിൽ നവജീവൻ പ്രാപിച്ച് പരിശുദ്ധാത്മാവിൽ കൃപ സ്വീകരിക്കുന്ന സമൂഹം. ഈ ഇടവക എങ്ങനെയുള്ളതായിരിക്കണമെന്നതാണ് നടപടിപ്പുസ്തകത്തിലെ ആദിമസമൂഹത്തിന്റെ മുഖമുദ്രകളിലൂടെ നാം മുകളിൽ അപഗ്രഥിച്ചത്. ഇടവകയുടെ ദൗത്യം സഭയുടെ ദൗത്യംതന്നെയാണ്. ആ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ ഇടവക സ്നേഹസമൂഹമാകണം. സ്നേഹത്തിന്റെ, ഉന്നതവും ഉദാത്തവുമായ 'അഗാപ്പേ'യുടെ തലത്തിലേയ്ക്ക് ഇടവക വളരണം. ഈ സ്നേഹചൈതന്യം ഒരു വികാരമായി, അനുഭൂതിയായി ജനങ്ങളിൽ പടരണം. ഈ ലോകത്തിലെ ഏറ്റം വലിയ ദാരിദ്ര്യം സ്നേഹദാരിദ്ര്യമാണ്. വി. യോഹന്നാൻ അഞ്ചാംഅദ്ധ്യായത്തിൽ വിവരിക്കുന്ന തളർവാതരോഗിയെപ്പോലെ എനിക്കാരുമില്ലേ എന്ന് വർഷങ്ങളായി വിലപിക്കുന്നവർ നമുക്കുചുറ്റുമുണ്ട്–ശാരീരികവും മാനസികവും ആദ്ധ്യാത്മികവും വൈകാരികവുമായ ദാരിദ്ര്യം അനുഭവിക്കുന്നവർ. അവർക്ക് താങ്ങും തണലും ആശ്വാസവും പ്രത്യാശയും നൽകാൻ ഇടവകയ്ക്കു കഴിയണം.

സ്നേഹസമൂഹം പങ്കുവയ്ക്കുന്ന സമൂഹമായേ പറ്റൂ. 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ' എന്ന കായേന്റെ ചോദ്യം ഇടവകസമൂഹത്തിൽ ഉയരരുത്. സമൂഹത്തോട് യാതൊരു പ്രതിബദ്ധതയുമില്ലാതെ, പ്രതികരിക്കാത്തവരായി കഴിയാനും പാടില്ല. ലാസറിന്റേയും ധനവാന്റേയും ഉപമ അനാവരണം ചെയ്യുന്ന സത്യം ഇതാണ്. അതോടൊപ്പം ഒരേ പിതാവിന്റെ മക്കളായ ഇടവകജനം അന്തരഞ്ജനസമൂഹമായിരിക്കണം. ക്രിസ്തുമതത്തെ മറ്റു മതങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്ന സുപ്രധാനവസ്തുത മാപ്പു നൽകുന്ന ദൈവമാണ്. വി

malankaralibrary.com

ണ്ണിലെ ദൈവം മണ്ണിലെ മനുഷ്യനുമായി അനുരഞ്ജനപ്പെടാൻ അവനെ അനുവദിച്ച വരുകയാണല്ലോ (യോഹ. 3: 16). ധൂർത്ത പുത്രനും സക്കേവൂസും ഏശേവും സമറിയാക്കാരിസ്ത്രീയും നൽകുന്ന സന്ദേശം അനുരഞ്ജനത്തിനേറതാണ്.

സുവിശേഷപ്രഘോഷണം അടിസ്ഥാനലക്ഷ്യമാക്കിയുള്ള സമൂഹത്തിനു പ്രേഷിതസമൂഹമാകാതിരിക്കാൻ വയ്യ. വ്യക്തിപരമായും സംഘാതമായും ക്രിസ്തുവിനു സാക്ഷ്യം നൽകുമ്പോഴാ ഈ ദൗത്യം നിർവ്വഹിക്കപ്പെട്ടുകൊള്ളും. ഇടവകയോടും രൂപതയോടും വിശ്വാസികൾക്കുണ്ടായിരിക്കേണ്ട ബന്ധവും കൂറും രണ്ടാംവത്തിക്കാൻ കൗൺസിൽ വ്യക്തമാക്കുന്നുണ്ട്. 'സ്വന്തം രൂപതയോടു് അല്മായർ സ്നേഹഭാവം പുലർത്തണം. രൂപതയുടെ ചെറിയ ഭാഗം മാത്രമാണു് ഇടവക. മെത്രാൻ ആവശ്യപ്പെടുമ്പോഴെല്ലാം രൂപതാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ അവർ സർവ്വദാ സന്നദ്ധരാകണം.' (അല്മായപ്രേഷിതത്വം No. 10) ഈവിധ ദൗത്യങ്ങളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ദൈവപരിപാലനയിൽ ഉറച്ചുവിശ്വസിക്കുന്ന ഒരു പ്രാർത്ഥനാസമൂഹത്തിനേ കഴിയൂ. വി. ബലിയിലും മറ്റു കൂദാശകളിലും സമൂഹപ്രാർത്ഥനകളിലും ഇടവകജനങ്ങളും 'താത്പര്യപൂർവ്വം പങ്കുചേരണം'.

ചുരുക്കത്തിൽ ഇടവക സ്നേഹത്തിന്റെ പൂക്കളം രചിക്കുന്ന, ത്യാഗത്തിന്റെ നെയ്ത്തിരി കത്തിക്കുന്ന, കൂട്ടായ്മയുടെ കൂട്ടുകുടുംബമാകണം. ഇടവക ശക്തമായ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് ആയി വർത്തിക്കണം. വികാരിയാണ് ഈ കൂട്ടുകുടുംബത്തിന്റെ നാഥനും ഇടയനും ഗുരുവും. വികാരി കുടുംബനാഥനാകുമ്പോഴാ വിശ്വാസികളും ആത്മീയമക്കളാകുന്നു. ഇടവക മാതാവും. മാതാപിതാക്കളും മക്കളും ക്രിസ്തീയസ്നേഹത്തിന്റെ ചന്ദനച്ചോലയിൽ കുളിച്ചു കുടിച്ചു വളരണം. അവിടെ തെറ്റിദ്ധാരണകൾക്കും വിമർശനങ്ങൾക്കും സ്ഥാനം ഉണ്ടാകരുതു്. ഇടവകയേയും സഭയേയും അന്യയായിക്കാണാതെ അമ്മയായിക്കാണണം. വികാരി വഴികാട്ടിയും വഴിവിളക്കുമാണു്. ഇവിടെ സംഘട്ടനമല്ല സഹകരണമാണു് കരണീയം. ഇടവകശരീരത്തിലെ സജീവമായ അവയവമായി ഓരോരുത്തരും മാറുമ്പോഴാ 'ഞാൻ' 'എന്റെ' എന്നിങ്ങനെയുള്ള സങ്കുചിതചിന്തകൾക്കു് സ്ഥാനമില്ലാതെ വരികയും അവയ്ക്കു പകരം

malankaralibrary.com

'നമ്മുടെ' 'നമ്മുടെ' എന്ന വിശാലദർശനം ഉൾക്കൊള്ളാൻ കഴിയുകയും വേണം. ഒരേ ദേവാലയത്തിലെ ഒരേ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ഒരേ സ്നേഹബലിയിൽ പങ്കുചേർന്നു് ഒരേ കാസായിലും ഒരേ പീലാസായിലും നിന്നു് ഒരേ ശരീരരക്തങ്ങൾ സ്വീകരിക്കുന്ന നമ്മൾ ഒരേ ശരീരവും മനസ്സും ഉള്ള സഹോദരീസഹോദരങ്ങളായി, ദൈവമക്കളായി മാറണം.

ഈ ആശയങ്ങൾ കൂട്ടുതൽ വ്യാപകവും ഫലപ്രദവുമാക്കിത്തീർക്കുവാനായിട്ടാണു് 'ഇടവക കുടുംബയോഗങ്ങൾ' പല സ്ഥലങ്ങളിലും ആരംഭിച്ചിരിക്കുന്നതു്. ഇടവകകളെ പല വാർഡുകളായി തിരിച്ചു് ഓരോ മാസവും വീട്ടുകാരോടും സമ്മേളിച്ചു് വചനത്തിലും അപ്പംമുറിക്കലിലും പ്രാർത്ഥനയിലും താതു്പര്യപൂർവ്വം പങ്കുകൊള്ളുന്ന ഒരു സമൂഹത്തെ വളർത്താൻ ഇങ്ങനെയുള്ള കുടുംബയോഗങ്ങൾ സഹായിക്കുന്നു. അതോടൊപ്പം മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താനും ഇടവകയുടെ പൊതുആവശ്യങ്ങൾ ചർച്ചചെയ്യാനും, ദുഃഖം അനുഭവിക്കുന്ന സഹോദരർക്കു് ആശ്വാസം എത്തിക്കാനും ഇവയുടെ പ്രവർത്തനങ്ങൾ സഹായകമാകുന്നുണ്ടു്. സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും ഇടവകകുടുംബയോഗങ്ങൾ മുൻകയ്യെടുക്കണം. ഇടവക സജീവമാകണമെങ്കിൽ വിവിധ തുറകളിൽപ്പെട്ടവർക്കുള്ള സംഘടനകൾ സജീവമാകണം. സജീവമായ സംഘടനകളിലിടത്തു് ആരാധനക്രമവും സജീവമായിരിക്കും. ഇടവകയുടെ പ്രവർത്തനങ്ങളിൽ താതു്പര്യം കാട്ടുന്നതും സംഘടനകളുമായി സഹകരിക്കുന്നതും തരംതാണതാണെന്ന മിഥ്യാധാരണ ചിലരെങ്കിലും വച്ചുപുലർത്തുന്നുണ്ടു്. സംഘാതാത്മകതപോലെയുള്ള തന്നെ സ്വഭാവവൈശിഷ്ടൃമാണെന്നും കൂട്ടായ പ്രവർത്തനമാണു് കൂട്ടായ്മ വളർത്തുന്നതെന്നുമുള്ള അവബോധം കുട്ടികൾക്കു് ചെറുപ്പം മുതലേ നൽകുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഇടവകയെന്ന കൂട്ടുകുടുംബത്തിൻറെയും സഭയെന്ന മഹാകുടുംബത്തിൻറെയും അടിസ്ഥാനസ്രോതസ്സു് കുടുംബമാണു്. ക്രിസ്തുവിൻറെ തുടർച്ചയായ സഭയുടെ തീർത്ഥാടനത്തിൽ പങ്കുചേർന്നുകൊണ്ടു് ദൈവരാജ്യം കെട്ടിപ്പടുക്കുവാനും മറ്റുള്ളവരെ ഈ സ്നേഹരാജ്യത്തിലേയ്ക്കു നയിക്കുവാനും ക്രിസ്തുവിൻറെ ദൗത്യം ഫലപ്രദമായി നടപ്പിലാക്കുവാനും ഗാർഹികസഭയായ കുടുംബത്തിനു് കഴിയണം.

malankaralibrary.com

2

സാമൂഹ്യവത്ക്കരണം

മനുഷ്യൻ ഒരു സാമൂഹ്യജീവി ആണെങ്കിലും സമൂഹത്തിൽ ജീവിക്കാനുതകുന്ന കഴിവുകളും വികസിച്ചു സ്ഥിതിയിലല്ല അവൻ ജനിക്കുന്നത്. സാമൂഹ്യജീവിതത്തിനു് ആവശ്യമായ കഴിവുകളും മനുഷ്യശിശു സമ്പാദിക്കുന്നതു് വളരെ സാവധാനമാണു്. ജനിച്ചു് ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഒരു പശുക്കുട്ടി എഴുന്നേറ്റുനടക്കാൻ തുടങ്ങും; പക്ഷിക്കുഞ്ഞുങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ തള്ളയെപ്പോലെതന്നെ പറക്കും. പക്ഷേ, ഒരു മനുഷ്യശിശു നടക്കാൻ തുടങ്ങണമെങ്കിൽ എത്ര മാസങ്ങൾ കാത്തിരിക്കണം? കൂടുതൽ സങ്കീർണ്ണങ്ങളായ കഴിവുകൾ വളർത്തിയെടുക്കാൻ വർഷങ്ങൾതന്നെ വേണ്ടിവരുന്നു. സമൂഹത്തിൽ ജീവിക്കാൻ സഹായിക്കുന്ന വിവിധകഴിവുകൾ വളർത്തിയെടുത്തു് ആ ശിശുവിനെ പക്വതയെത്തിയ സാമൂഹ്യജീവിയാക്കിമാറ്റുന്ന സുദീർഘമായ ഈ പ്രക്രിയയെയാണു് സാമൂഹ്യവത്ക്കരണം എന്നുപറയുന്നതു്. നവജാതശിശുവിനെ, സമൂഹത്തിൽ ജീവിക്കാൻവേണ്ടി അനുരൂപപ്പെടുത്തിയെടുക്കുന്നു മാത്രം.

മനുഷ്യവ്യക്തിത്വത്തിലെ രണ്ടു പ്രധാന ഘടകങ്ങൾ, പാരമ്പര്യവും പരിലാളനയും അഥവാ പ്രകൃതിയും പരിസരസ്വാധീനവും (Nature and Nurture)ആണു്. ഈ രണ്ടു ഘടകങ്ങ

malankaralibrary.com

ളുടെ പരസ്പരപ്രവർത്തനത്തിലൂടെയാണ് വ്യക്തിത്വം രൂപംകൊള്ളുന്നത്. ഇവയിൽ ഏതെങ്കിലുമൊന്നു വികലമായാൽ വ്യക്തിത്വവും വികലതയുള്ളതാകും. ചില മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ, മനുഷ്യവ്യക്തികളിൽ കാണുന്ന വൈകല്യങ്ങളിൽ ഭൂരിഭാഗവും പരിലാളനയുടെ അഥവാ വളർത്തലിന്റെ കുഴപ്പംകൊണ്ടാണ് സംഭവിക്കുന്നത്. മറ്റു മൃഗങ്ങളെ അപേക്ഷിച്ച്, മനുഷ്യശിശുവിന്റെ വളർച്ചയ്ക്കു സുദീർഘമായ സാമൂഹ്യവത്ക്കരണം ആവശ്യമായിരിക്കുകയും, അതേസമയം അതിലുണ്ടാകുന്ന പാകപ്പിഴകൾ വ്യക്തിത്വവളർച്ചയെ കാര്യമായിത്തന്നെ ബാധിക്കുകയും ചെയ്യുന്നുവെന്നും പറയുമ്പോൾ, സാമൂഹ്യവത്ക്കരണം എത്ര പ്രധാനപ്പെട്ട പ്രക്രിയയാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

രീതികൾ

സാമൂഹ്യവത്ക്കരണപ്രക്രിയയിൽ വിവിധശൈലികളും അഥവാ രീതികളും ഉണ്ട്. സാഹചര്യങ്ങളുടെ വ്യത്യാസമനുസരിച്ച് ബന്ധപ്പെട്ടവർ ഓരോ രീതി മാറി മാറി ഉപയോഗിക്കുന്നു. പ്രധാനമായി മൂന്നു രീതികളാണ് സാധാരണജീവിതത്തിൽ കാണുന്നത്: പ്രേരണ, അനുകരണം, താദാത്മ്യം (suggestion, imitation, identification). കുട്ടികളുടെമേൽ മാതാപിതാക്കൾ, അധ്യാപകർ മുതലായവർക്കുള്ള സ്വാധീനമാണ് പ്രേരണകൾക്കും നിർദ്ദേശങ്ങൾക്കും അടിത്തറയായിവർത്തിക്കുന്നത്. മേല്പറഞ്ഞവരുടെ അധികാരംമൂലം അവർ നിർദ്ദേശിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കാൻ കുട്ടികളും നിർബന്ധിതരാകുന്നു. പലപ്പോഴും അധികാരത്തിനു ബലം നൽകാൻ സമ്മാനവും ശിക്ഷയും ഉപയോഗിക്കപ്പെടുന്നു. പ്രതിഫലം ആഗ്രഹിച്ചും ശിക്ഷയെ ഭയന്നും അനുസരിക്കാൻ കുട്ടികളും തയ്യാറാകുന്നു. 'ഇന്നതു ചെയ്യുക, പറയുക', 'ഇന്നതു ചെയ്യരുത്', പറയരുത്' എന്ന രീതിയിൽ നൂറുനൂറുകണക്കിനു നിർദ്ദേശങ്ങളാണ്, പിറക്കുന്ന നിമിഷം മുതൽ കുഞ്ഞിനു ലഭിക്കുക. ഇത്തരം നിർദ്ദേശങ്ങളിൽക്കൂടിയാണ് ജീവിതത്തിലെ പല മൂല്യങ്ങളും ആദ്യമായി ശിശു സ്വായത്തമാക്കുന്നത്. പലപ്പോഴും നിർദ്ദേശങ്ങൾ വ്യംഗ്യമായ പ്രേരണയായിട്ടാണ് നൽകപ്പെടുക. അതു മനസ്സിലാക്കി, അനു

malankaralibrary.com

സരിച്ച് മുതിർന്നവരുടെ പ്രീതിസമ്പാദിക്കാനോ, അപ്രീതി ഒഴിവാക്കാനോ കുട്ടികൾ ശ്രമിക്കുമ്പോൾ, അവർ അറിയാതെ തന്നെ സാമൂഹ്യവത്ക്കരിക്കപ്പെടുന്നു.

മുതിർന്നവർ ചെയ്യുന്നതും പറയുന്നതും നിരീക്ഷിച്ച്, അതിനെ അനുകരിക്കുക എന്നതാണ് സാമൂഹ്യവത്ക്കരണപ്രക്രിയയിലെ മറെറാരു രീതി. കുട്ടികൾ മാതൃഭാഷ പഠിക്കുന്നത് അനുകരണത്തിലൂടെയാണ്. കേൾക്കുന്ന സ്വരവും കാണുന്ന അധരചലനവും അനുകരിച്ച് കുട്ടികൾ വാക്കുകൾ ഉച്ചരിക്കാൻ പഠിക്കുന്നു. മാതാപിതാക്കളും മറ്റും അറിയാതെതന്നെ, കുട്ടികൾ അവരെ നിരീക്ഷിച്ച് അനുകരിക്കാൻ ശ്രമിക്കുന്നു. നമ്മുടെ വികാരപ്രകടനശൈലി, വേഷ്ടകം, സംസാരരീതി, മുതലായവ മാതാപിതാക്കളേതുപോലെ പലപ്പോഴും ആയിത്തീരുന്നതിനു കാരണം ഈ അനുകരണമാണ്. നല്ല രീതികളും തെറെറായ രീതികളും ധാർമ്മികചിന്തകളുടാതെതന്നെ കുട്ടികൾ അനുകരിക്കാൻ ശ്രമിക്കും എന്നതുകൊണ്ട് മാതാപിതാക്കൾ കുട്ടികളുടെ മുമ്പിൽ വളരെ ഉത്തരവാദിത്വത്തോടെ പെരുമാറേണ്ടിയിരിക്കുന്നു.

താദാത്മ്യം മിക്കവാറും ആന്തരികമായ ഒരു പ്രക്രിയയാണ്. കൂട്ടുതലും മനോഭാവത്തിന്റെയും വികാരത്തിന്റെയും തലത്തിലാണ് താദാത്മ്യം നടക്കുക. ആൺകുട്ടികൾ പൗരുഷഭാവം, വേഷ്ട മുതലായവയും പെൺകുട്ടികൾ സ്ത്രൈണരീതികളും സ്വായത്തമാക്കുന്നത് താന്താങ്ങളുടെ വർഗ്ഗത്തിലുള്ള മുതിർന്നവരോടു വൈകാരികമായി താദാത്മ്യപ്പെട്ടുകൊണ്ടാണ്. ആൺകുട്ടികൾ അപ്പനെപ്പോലെയും പെൺകുട്ടികൾ അമ്മയെപ്പോലെയും ആകാൻ ശ്രമിക്കുന്നു. ഒരു വിധത്തിൽപ്പറഞ്ഞാൽ, താദാത്മ്യം അനുകരണത്തിന്റെതന്നെ ആന്തരികമായ വശവും അതിന്റെ അന്ത്യലക്ഷ്യവുമാണ്.

സാമൂഹ്യവത്ക്കരണപ്രക്രിയയുടെ ഏതു ഉദാഹരണമെടുത്തു പരിശോധിച്ചാലും മേല്പറഞ്ഞ മൂന്നു രീതികളിൽ ഏതെങ്കിലുമൊന്നോ പലതും ഒരുമിച്ചോ പ്രവർത്തിക്കുന്നതു കാണാം.

തലങ്ങൾ

വ്യക്തിത്വവളർച്ചയുടെ ഏതേതു തലങ്ങളാണ് പ്രധാനമായും സാമൂഹ്യവത്ക്കരണത്തിനു വിധേയമാകുന്നതു്? ഒററ

malankaralibrary.com

വാചകത്തിൽ പറയാം, എല്ലാ തലങ്ങളും; മനോഭാവങ്ങളും, വികാരങ്ങളും, പെരുമാറ്റരീതികളും എല്ലാം. ഏറ്റവും പ്രധാനപ്പെട്ട ഏതാനും വശങ്ങളും ചുരുക്കമായി വിശകലനം ചെയ്യാം.

'റാഷനൽ ഇമോട്ടീവ് തെറപ്പി' (Rational Emotive Therapy) എന്ന മനഃശാസ്ത്രശാഖയുടെ വീക്ഷണത്തിൽ വ്യക്തിബന്ധത്തിലെ പ്രധാനപ്പെട്ട മൂന്നു ഘടകങ്ങളാണ് വീക്ഷണം (vision), വികാരം (emotion), വർത്തനം (behaviour) എന്നിവയാണ്. ഈ മൂന്നു ഘടകങ്ങളെയും സാമൂഹ്യജീവിതത്തിനു സഹായിക്കുന്ന വിധത്തിൽ അനുരൂപപ്പെടുത്താൻ പഠിപ്പിക്കുന്നതു് സാമൂഹ്യവത്ക്കരണമാണ്. ഒരു വ്യക്തി സമൂഹത്തിൽ വർത്തിക്കുന്നതു്, അയാളെ പഠിച്ചശീലിച്ചിരിക്കുന്ന വികാരങ്ങളുടെ സ്വാധീനഫലമായാണ്. വികാരങ്ങളാകട്ടെ ഓരോരുത്തരും തനതായ ശൈലിയിൽ പ്രകടിപ്പിക്കുന്നതു് അയാളിൽ ശ്രദ്ധമായിത്തീരുന്ന വീക്ഷണങ്ങൾക്കനുസരിച്ചുമാണ്. ഒരു ഉദാഹരണം പറയാം. പരീക്ഷയിൽ തോറ്റ ഒരു കുട്ടി ആത്മഹത്യയ്ക്കു ശ്രമിക്കുന്നുവെന്നു കരുതുക. ആത്മഹത്യാശ്രമം ഒരു പെരുമാറ്റരീതിയാണ്. അതിനു ആ കുട്ടിയെ പ്രേരിപ്പിച്ചതു് നിരാശ എന്ന വികാരവും. നിരാശയുണ്ടാകാൻ കാരണം, പരീക്ഷയിൽ തോൽക്കുക എന്ന അനുഭവത്തെപ്പറ്റി ആ കുട്ടി മനസ്സിൽ വച്ചുപുലർത്തിയിരുന്ന വീക്ഷണമാണ്. തോൽവി അപമാനകരമാണെന്നും മരണത്തേക്കാൾ വേദനാജനകമാണെന്നും മറ്റുമുള്ള വികലമായ വീക്ഷണം. പരീക്ഷയിൽ തോൽക്കുക എന്നതു് സംഭവിക്കാവുന്നതാണെന്നും അതിനെ കൂടുതൽ ബുദ്ധിമുട്ടിയുള്ള പരിശ്രമത്തിന്റെ ചവിട്ടുപടിയായിക്കാണണമെന്നും വിചാരിക്കുന്ന കുട്ടികൾ ഉത്സാഹിച്ചു പഠിച്ചു് അടുത്ത പരീക്ഷയിൽ ജയിക്കാൻ ശ്രമിക്കുന്നു. മറ്റൊരു ഉദാഹരണം നോക്കൂ. ചില ചെറുപ്പക്കാർ പഠനംപോലും മാറ്റിവച്ചു് രാഷ്ട്രീയത്തിനുവേണ്ടി ധാരാളം സമയം ചെലവഴിക്കുന്നു. രാഷ്ട്രീയപ്രവർത്തനമെന്ന പെരുമാറ്റരീതിക്കു നിദാനം, രാഷ്ട്രീയത്തിൽ അയാൾക്കുള്ള അഭിനിവേശമാണ്. ഈ അഭിനിവേശത്തിനു കാരണമാകട്ടെ, പഠനത്തേക്കാൾ ജീവിതവിജയത്തിനു നല്ലതു് രാഷ്ട്രീയമാണെന്ന തെറ്റോ ശരിയോ ആയ വീക്ഷണമാണ്. ചുരുക്കത്തിൽ, മേല്പറഞ്ഞ മൂന്നു ഘടകങ്ങളും ഒന്നുചേർന്നാണ് വ്യക്തിത്വം രൂപപ്പെടുന്നതു്. നാം ജനിക്കുമ്പോൾ

malankaralibrary.com

നമുക്കു് സ്വന്തമായ വീക്ഷണങ്ങളോ, വികാരപ്രജനനരീതികളോ, പെരുമാറ്റശൈലിയോ ഇല്ല. എല്ലാം നാം സമ്പാദിക്കുന്നവതന്നെ.

1. വീക്ഷണങ്ങൾ

ജീവിതത്തിൽ നാം ബന്ധപ്പെടുന്ന എല്ലാറ്റിനെയും പറ്റി നാം വീക്ഷണങ്ങളും അഥവാ കാഴ്ചപ്പാടുകളും വളർത്തിയെടുക്കുന്നു. ദൈവം, മതം, ഈ ലോകം, ജീവിതം, മറ്റു മനുഷ്യർ, മനുഷ്യബന്ധങ്ങളും, സമൂഹത്തിലെ സ്ഥാനങ്ങളും, ജോലികളും, നമ്മുടെ തന്നെ കഴിവുകളും എന്നിങ്ങനെ നിരവധി കാര്യങ്ങളെപ്പറ്റി നാം വീക്ഷണങ്ങളും ഉണ്ടാക്കുന്നുണ്ടു്. നാം നമ്മുടേതായി കാത്തുസൂക്ഷിക്കുന്ന ഇത്തരം വീക്ഷണങ്ങളും, പ്രധാനപ്പെട്ടതും നമുക്കു് ഇഷ്ടപ്പെട്ടതും ആയി നാം സംരക്ഷിക്കാൻ തുടങ്ങുമ്പോൾ അവ നമ്മുടെ മൂല്യങ്ങളായി മാറുന്നു. ഉദാഹരണത്തിനു പണമെന്ന യാഥാർത്ഥ്യത്തെപ്പറ്റി നാം ഉണ്ടാക്കുന്ന വീക്ഷണം പിന്നീടു് നമ്മുടെ സാമ്പത്തികമൂല്യങ്ങളായി മാറുന്നു. ഈ മൂല്യത്തിന്റെ വ്യത്യാസമനുസരിച്ചു് ഒരാൾ ധനമോഹിയോ, ലളിതജീവിതതല്പരനോ ആയി മാറാം.

ഇത്തരം വീക്ഷണങ്ങളും നാം സമ്പാദിക്കുന്നതു് നമ്മുടെ ചുറ്റുപാടുകളിൽനിന്നാണു്. ചുറ്റുപാടുകളും നാം ജീവിക്കുന്ന സമൂഹംതന്നെയാണു്. ഈ സമൂഹം, പ്രത്യേകിച്ചു് നമ്മോടു കൂടുതൽ ബന്ധപ്പെട്ടുന്ന സമൂഹത്തിലെ വിവിധഘടകങ്ങളും, വീക്ഷണങ്ങളും അഥവാ മൂല്യങ്ങളും നമ്മിലേയ്ക്കു സംവേദനം ചെയ്യുന്നു. കൂട്ടികൾക്കു് കാര്യകാരണവിവേചനയും വിശകലനാത്മകമായ യുക്തിചിന്തയും താരതമ്യേന കുറവായതുകൊണ്ടു്, ചെറുപ്പത്തിൽ ലഭിക്കുന്ന വീക്ഷണങ്ങളും അതിവേഗത്തിൽ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ഒരിക്കൽ വ്യക്തിത്വത്തിന്റെ ഭാഗമായിത്തീരുന്ന കാഴ്ചപ്പാടുകളും പിന്നീടു് ആരോഗ്യകരമല്ലെന്നു മനസ്സിലാക്കിയാലും മാറ്റുക അത്ര എളുപ്പമല്ല. അവ ജീവിതത്തിന്റെ അടിത്തറയായിത്തീർന്നുകഴിഞ്ഞിരിക്കും. ബോധപൂർവ്വകമായ നിരന്തരശ്രമംകൊണ്ടുമാത്രമേ, വീക്ഷണങ്ങൾക്കു് കാര്യമായ വ്യത്യാസം പിന്നീടു് വരുത്താനാവൂ. മിക്കവരും അതിനുവേണ്ടി ബുദ്ധിമുട്ടാത്തതുകൊണ്ടു്, ചെറുപ്പത്തിൽ പഠിച്ചതു് നിലനിൽക്കുകയും ചെയ്യുന്നു. അതുകൊണ്ടാണു് കുട്ടികളുടെ

malankaralibrary.com

മൂല്യശിക്ഷണം വളരെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്വമാണ് എന്ന് മനഃശാസ്ത്രജ്ഞരും വിദ്യാഭ്യാസവിചക്ഷണരും ഉറപ്പിച്ച് പ്രഖ്യാപിക്കുന്നത്.

മൂല്യങ്ങളുടെ കാര്യത്തിൽ, വാക്കുകൊണ്ടുള്ള നിർദ്ദേശങ്ങളെക്കാൾ നിർണ്ണായകഘടകം പെരുമാറ്റംകൊണ്ടും ജീവിതംകൊണ്ടുമുള്ള പരോക്ഷമായ പ്രേരണയാണ്. മൂല്യങ്ങൾ പഠിപ്പിക്കുകയല്ല, പഠിക്കുകയാണ് ചെയ്യുന്നത് എന്നു പറയാറുണ്ടല്ലോ. അതുകൊണ്ട് മൂല്യശിക്ഷണത്തിൽ മാതൃകയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്.

വിവിധതരം മൂല്യങ്ങൾ-രചനാത്മകവും നിഷേധാത്മകവും-പ്രചരിപ്പിക്കാൻ സഹായിക്കുന്ന സാമൂഹ്യമാധ്യമങ്ങൾ ഇന്ന് സുലഭമാണ്. അതുകൊണ്ട് വളർന്നുവരുന്ന കുട്ടി പലതരം മൂല്യങ്ങളാൽ സ്വാധീനിക്കപ്പെടാൻ ഇടയാകുന്നു. സ്വന്തം കുട്ടികളെ, സ്വന്തം നാട്, മതം, കുടുംബം മുതലായവ കാര്യമായിക്കരുതുന്ന മൂല്യങ്ങളിൽ വളർത്തിക്കൊണ്ടുവരണമെങ്കിൽ, മാതാപിതാക്കൾ ഇന്ന് വളരെയേറെ ശ്രദ്ധിക്കുകയും ബുദ്ധിമുട്ടുകയും വേണം. മേല്പറഞ്ഞതരം പ്രേരകശക്തികൾ കുറവായിരുന്ന പണ്ടത്തെക്കാലത്തു് സ്വന്തം പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽത്തന്നെ കുട്ടികളെ വളർത്താൻ അത്ര ബുദ്ധിമുട്ടില്ലായിരുന്നു. ഇന്ന് സ്ഥിതി അതല്ലല്ലോ. പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ അടുത്ത തലമുറ സ്വായത്തമാക്കുന്ന മൂല്യങ്ങൾ നമ്മുടെ പാരമ്പര്യത്തിനു ചേർന്നതല്ലാതായിപ്പോയെന്നു വരാം.

2. വികാരങ്ങൾ

വിവിധതരം വികാരങ്ങൾ ജനിപ്പിക്കാനുള്ള കഴിവ് ജന്മസിദ്ധമാണ്. ഓരോ വ്യക്തിയുടെയും വികാരങ്ങളുടെ ശക്തി, അളവ് മുതലായവ കുറെയൊക്കെ പാരമ്പര്യഗുണത്തിൽ (heredity) അധിഷ്ഠിതമാണ്. എങ്കിലും വികാരങ്ങൾ എങ്ങനെ, ഏതു സാഹചര്യങ്ങളിൽ, ഏതെല്ലാം വിധത്തിൽ പ്രകടിപ്പിക്കണം എന്നൊക്കെ നാം പഠിക്കുന്നത് സമൂഹത്തിൽ നിന്നാണ്. സാമൂഹ്യവത്കരണസഹായികളായ കുടുംബാംഗ

malankaralibrary.com

ങ്ങളാണ് ഇക്കാര്യത്തിൽ പ്രധാനപങ്കു വഹിക്കുന്നത്. മാതാപിതാക്കളും മറ്റുള്ളവരും വികാരങ്ങളും പ്രകടിപ്പിക്കുന്ന രീതി, കുട്ടി പ്രകടിപ്പിക്കുന്ന വികാരരീതിയോടുള്ള അവരുടെ പ്രതികരണം മുതലായവ ഈ പ്രക്രിയയെ സ്വാധീനിക്കുന്നു. ഉദാഹരണമായി, ചോദിച്ച ഒരു കളിപ്പാട്ടം തക്കസമയത്തു് കിട്ടാഞ്ഞതുകൊണ്ടു് ക്ഷുഭിതനായി ഒരു കുട്ടി അരിശപ്പെടാനും 'ശിദ്ധാന്തം' കാണിക്കാനും ശ്രമിക്കുന്നുവെന്നുവയ്ക്കുക. ആ അരിശപ്രകടനത്തിനു മാതാപിതാക്കൾ വഴങ്ങി, കുട്ടിയുടെ ഇഷ്ടം സാധിച്ചുകൊടുക്കുമ്പോൾ, അവൻ മനസ്സിലാക്കുന്നു, തന്റെ ഇഷ്ടം സാധിച്ചുകിട്ടാൻ പറ്റിയ ഒരു മാർഗ്ഗം അരിശപ്രകടനമാണെന്നു്. ഇതുപോലെ മറ്റു വികാരങ്ങളുടെ പ്രകടനരീതികളും.

നാം ചെറുപ്പത്തിൽത്തന്നെ സ്വന്തമാക്കുന്ന ഈ വികാരപ്രകടനശൈലി ആജീവനാന്തം നിലനിൽക്കുന്നതായതുകൊണ്ടു് വികാരപ്രകടനശൈലിയുടെ ആരോഗ്യകരമായ സാമൂഹ്യവൽക്കരണം വളരെ പ്രധാനപ്പെട്ടതാണു്. സമൂഹം അംഗീകരിക്കുന്ന വിധത്തിലും, സാമൂഹ്യബന്ധങ്ങൾക്കു് ഹാനി സംഭവിക്കാത്ത രീതിയിലും വികാരങ്ങൾ പ്രകടിപ്പിക്കാൻ കുട്ടികളെ പരിശീലിപ്പിക്കണം. വികാരങ്ങൾ തോന്നുന്നപോലെ പ്രകടിപ്പിച്ചു മറ്റുള്ളവരെ ഉപദ്രവിക്കാനോ, ഉള്ളിലൊതുക്കി തനിക്കുതന്നെ ഉപദ്രവം ഉണ്ടാക്കാനോ ഇടവരാതെ ആരോഗ്യകരമായ വിധത്തിൽ പ്രകടിപ്പിക്കാൻ കുട്ടികൾ ശീലിക്കണം.

3. പെരുമാറ്റം

സാമൂഹ്യവത്ക്കരണത്തിന്റെ വിഷയമായിത്തീരേണ്ട മൂന്നാമത്തെ തലം വർത്തനരീതിയാണു്. ഓരോ സമൂഹത്തിലെയും പ്രത്യേക ആചാരരീതികൾ, സാംസ്കാരികശൈലികൾ, പ്രായം, ലിംഗം, ജോലി മുതലായവയ്ക്കനുസരിച്ചുള്ള പെരുമാറ്റ വ്യത്യാസങ്ങൾ, ഓരോ പ്രത്യേക ഗ്രൂപ്പിലെയും നിയമങ്ങൾ, ചട്ടങ്ങൾ, അനുസരിച്ചുള്ള വർത്തനരീതി മുതലായവ കുട്ടികൾ ശീലിക്കുന്നതു് സാമൂഹ്യവത്കരണത്തിലൂടെയാണു്. സമൂഹം അംഗീകരിക്കുന്നതും, തങ്ങൾക്കും മറ്റുള്ളവർക്കും ഉപദ്രവമുണ്ടാക്കാത്തതുമായ പെരുമാറ്റരീതി കുട്ടികളെ പഠിപ്പി

malankaralibrary.com

ക്കാൻ മാതാപിതാക്കൾ, അധ്യാപകർ മുതലായവർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിൽ പൊതുവേ അംഗീകൃതമല്ലാത്ത വർത്തനരീതി മറ്റുള്ളവരിൽനിന്നു് അവജ്ഞയോ വെറുപ്പോ വിളിച്ചുവരുത്തും. ഉദാഹരണമായി, സ്ത്രീപുരുഷന്മാർ തമ്മിലുള്ള മൈത്രീബന്ധത്തിന്റെ പരസ്യമായ പ്രകടനം നമ്മുടെ നാട്ടിലും പാശ്ചാത്യനാട്ടിലും തുലോം വ്യത്യസ്തമാണല്ലോ. താളം തെറ്റിയ വർത്തനരീതിയെ സമൂഹം പുച്ഛിക്കുകയേ ഉള്ളൂ.

ഇങ്ങനെ വ്യക്തിത്വത്തിന്റെ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന സാമൂഹ്യവത്ക്കരണത്തിലൂടെ വേണം കുട്ടികൾ സമൂഹജീവിതത്തിനിണങ്ങുന്നവരായി വളർന്നുവരേണ്ടതു്. ഇതിനു സഹായിക്കുന്ന പ്രധാന ഏജൻസികൾ കുടുംബം, വിദ്യാലയം, പൊതുസമൂഹം, മതസ്ഥാപനങ്ങൾ മുതലായവയാണു്. കുടുംബജീവിതത്തെപ്പറ്റിയുള്ള ഒരു ഗ്രന്ഥമായതുകൊണ്ടു്, കുടുംബത്തിന്റെ പങ്കിനെയും, ആ പങ്കു് നിർവ്വഹിക്കുന്നതിൽ ഇന്നു കുടുംബത്തിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെയും പറ്റി ചെറുതായി സൂചിപ്പിക്കട്ടെ.

കുടുംബം

കുടുംബമാണു് ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യവത്ക്കരണകർത്താവു്. കുട്ടികളുടെ ശ്രുപവത്ക്കരണത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ട ശൈശവഘട്ടം ചിലവഴിക്കപ്പെടുന്നതും, കുട്ടികളെ സ്വാധീനിക്കാൻ കഴിയുന്ന മാതാപിതാക്കളുമായുള്ള ഉറ്റബന്ധം ലഭിക്കുന്നതും കുടുംബത്തിലാണു്. അതുകൊണ്ടാണല്ലോ കുടുംബമാണു് പ്രഥമവിദ്യാലയം എന്നു പറയുന്നതു്. ശൈശവത്തിൽ കുട്ടികൾ മാതാപിതാക്കളുടെ പരിപൂർണ്ണനിയന്ത്രണത്തിലായതിനാൽ സാമൂഹ്യവത്ക്കരണം ഏറ്റവും കാര്യക്ഷമമായി നടക്കുന്നു. ചില മനഃശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, വ്യക്തിത്വശ്രുപവത്ക്കരണത്തിന്റെ അടിസ്ഥാനം ശൈശവത്തിൽ ഉറപ്പിക്കപ്പെടുന്നു. അതുകൊണ്ടു്, കുടുംബത്തിൽ വരുന്ന ഏതു മാറ്റവും ഭാവിതലമുറയുടെ ശ്രുപവത്ക്കരണത്തെ ബാധിക്കുന്നുണ്ടു്.

കേരളത്തിലെ കുടുംബങ്ങളുടെ ഘടനയും ജീവിതശൈലിയും ഗൗരവമേറിയ പല മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളിൽ പലതും കുട്ടികളുടെ ആരോഗ്യക

malankaralibrary.com

രമായ സാമൂഹ്യവത്ക്കരണത്തിനു (healthy Socialization) സഹായകമാണെന്നു തോന്നുന്നില്ല. പ്രസക്തമായ ചില മാറ്റങ്ങളും അവയുടെ പരിണതഫലങ്ങളും താഴെ സൂചിപ്പിക്കാം.

1. ചെറിയ കുടുംബങ്ങളുടെ ആവിർഭാവം

അംഗസംഖ്യയിൽ ചെറുതു് എന്നതിനേക്കാൾ, തലമുറകളുടെ എണ്ണത്തിൽ കുറവുള്ള കുടുംബങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുകയാണു്. ജോലിസാധ്യതകളിലും നഗരവത്ക്കരണത്തിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഫലമായി, പണ്ടൊക്കെ മൂന്നു തലമുറകൾ ഒരുമിച്ചു താമസിച്ചിരുന്ന കുടുംബങ്ങളുടെ സ്ഥാനത്തു് ഇന്നു് അപ്പനും അമ്മയും മക്കളും മാത്രമുള്ള ന്യൂക്ലിയർ ഫാമിലികൾ വർദ്ധിച്ചുവരുന്നു. കൊച്ചുകുട്ടികളുടെ സാമൂഹ്യവത്ക്കരണത്തിൽ, പ്രത്യേകിച്ചു് മൂല്യശിക്ഷണത്തിൽ പ്രധാനപങ്കുവഹിച്ചിരുന്ന മുത്തച്ഛന്റെയും മുത്തശ്ശിയുടെയും അഭാവം കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തെ കാര്യമായി ബാധിക്കുന്നുണ്ടു്. ഇന്നത്തെ ചെറുപ്പക്കാരായ മാതാപിതാക്കൾക്കു് ബഹുകാര്യവ്യഗ്രതയ്ക്കിടയിൽ കുട്ടികളെ ശ്രദ്ധിക്കാൻ വേണ്ടത്ര സമയം കിട്ടുന്നില്ലെന്നു മാത്രമല്ല, അവർ പഴയ തലമുറയെ അപേക്ഷിച്ചു് മൂല്യബോധത്തിന്റെയും മറ്റും കാര്യത്തിൽ പിന്നോക്കവുമാണു്.

2. ഉദ്യോഗസ്ഥകളായ സ്ത്രീകൾ

കുടുംബഘടനയിൽ വരുന്ന മറ്റൊരു മാറ്റം സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന ജോലിസാധ്യതകളാണു്. കുടുംബത്തിനു പുറത്തു് ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മിക്ക കുടുംബങ്ങൾക്കും സാമ്പത്തികമായി പിടിച്ചുനിൽക്കാൻ രണ്ടുപേർ അദ്ധ്വാനിക്കേണ്ട ആവശ്യവുമുണ്ടു്. മാത്രമല്ല, സ്ത്രീവിദ്യാഭ്യാസം വർദ്ധിച്ചതോടെ വീട്ടിൽ മാത്രമായി ഒതുങ്ങിക്കൂടാൻ പല സ്ത്രീകളും ഇഷ്ടപ്പെടുന്നില്ല. പക്ഷേ, ഈ മാറ്റത്തിന്റെ ബുദ്ധിമുട്ടു് ഏറ്റവും കൂടുതൽ അനുഭവിക്കുന്നതു് കുട്ടികളാണു്. അവരുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നതിനുള്ള സമയമോ മാനസികമായ സ്വസ്ഥതയോ മാതാപിതാക്കൾക്കു് ലഭിക്കുന്നില്ല. ജോലിചെയ്യുന്ന അമ്മമാർ കുഞ്ഞിനെ നോ

malankaralibrary.com

ക്കാൻ ഏല്പിക്കുന്നു ആയമാരും വേലക്കാരും മൂല്യശിക്ഷണത്തിന്റെയും ആരോഗ്യകരമായ സാമൂഹ്യവത്ക്കരണത്തിന്റെയും കാര്യത്തിൽ അനുകൂലമായ സ്വാധീനമല്ല, പ്രതികൂലമായ പ്രശ്നങ്ങളാണു് സാധാരണയായി സൃഷ്ടിക്കുക.

3. കുട്ടികളുടെ സ്വാതന്ത്ര്യം

നമ്മുടെ കുടുംബങ്ങളിൽ ഇളംതലമുറയ്ക്കു്, മുൻകാലങ്ങളെ അപേക്ഷിച്ചു് വളരെക്കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു. വിദ്യാഭ്യാസം, സാമൂഹികസമ്പർക്കമാധ്യമങ്ങൾ എന്നിവയുടെ വളർച്ചയും പ്രചാരവും ആണു് ഇതിന്റെ പ്രധാനകാരണം. കുട്ടികളുടെ അറിവും സ്വാതന്ത്ര്യബോധവും വർദ്ധിച്ചതോടൊപ്പം, എന്തു വായിക്കണം, കാണണം, ആരുമായി കൂട്ടുചേരണം, എന്തു പ്രവർത്തനങ്ങളിൽ ഏർപ്പെടണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കുട്ടികൾ പണ്ടത്തേക്കാൾ വളരെയേറെ സ്വാതന്ത്ര്യം ഉപയോഗിക്കുന്നു. മാതാപിതാക്കളുടെ സ്വാധീനവും അധികാരവും ആനുപാതികമായി കുറഞ്ഞുവരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ശ്രദ്ധേയമായ മാറ്റം കൂടുതൽ ഉണ്ടായിരിക്കുന്നതു് ആൺകുട്ടികളുടെ ശിക്ഷണത്തിലാണു്. ഹൈസ്കൂളിൽ പ്രവേശിക്കുന്നതോടെ ആൺകുട്ടികളുടെമേൽ മാതാപിതാക്കൾക്കുള്ള സ്വാധീനം ദുർബ്ബലമായിത്തീരുന്നു. അവരുടെ സുഹൃദ്മണ്ഡലം പഴയകാലങ്ങളെ അപേക്ഷിച്ചു്, വളരെ വിശാലമായിത്തീരുന്നു. മൂല്യശിക്ഷണം, ആചാരമര്യാദാരീതികളുടെ പരിശീലനം, സ്വഭാവരൂപവത്ക്കരണം മുതലായ കാര്യങ്ങളിൽ മാതാപിതാക്കളുടെ പിടിയിൽനിന്നു് വഴുതിമാറാൻ വളരെ എളുപ്പത്തിൽ അവർക്കു സാധിക്കുന്നു.

4. സമയത്തിന്റെ വിനിയോഗം

കുടുംബജീവിതത്തിൽ ഓരോ ദിവസത്തിലെയും ഇരുപത്തിനാലുമണിക്കൂർ എങ്ങനെ വിനിയോഗിക്കപ്പെടുന്നുവെന്നതു് സാമൂഹ്യവത്ക്കരണത്തെ ബാധിക്കുന്ന മറെറാരു പ്രധാനഘടകമാണു്. കൃഷി പ്രധാനതൊഴിലായിരുന്ന മുൻകാലത്തെ കുടുംബങ്ങളിൽ ദിവസം മുഴുവനും കുടുംബങ്ങം ഒരുമിച്ചുകഴിയുന്നു. ജോലിക്കു തിരക്കു കുറവാണു്; വിശ്രമവേളകളും ഒഴിവുസ

malankaralibrary.com

മയങ്ങളും ധാരാളം. രാവിലെയും രാത്രിയിലും എല്ലാവരും ഒരുമിച്ചു വരാനും സംസാരിക്കാനും പ്രാർത്ഥിക്കാനും മറും എളുപ്പം. ഇന്നു് ആ സ്ഥിതിയൊക്കെ മാറിയിരിക്കുന്നു. ജോലിയുടെ സ്വഭാവം മാറിയതോടെ ഒരുമിച്ചു കഴിയാൻ, വർത്തമാനം പറയാൻ, പ്രാർത്ഥിക്കാൻ ഒക്കെ സമയം കുറവായി. ആകെ കിട്ടുന്നതു് ഒരു ഞായറാഴ്ചയാണു്. അന്നാകട്ടെ നൂറുകൂട്ടം പണിയും കാണും. ഇങ്ങനെയുള്ള തിരക്കുപിടിച്ച ജീവിതശൈലി കുട്ടികളുടെ സാമൂഹ്യവത്ക്കരണത്തെ ബാധിക്കുന്നു. കുട്ടികളോടൊത്തു സമയം ചെലവഴിക്കാനും, കഥകൾ പറയാനും, പ്രാർത്ഥിക്കാനും, ഒന്നും മാതാപിതാക്കൾക്കു് സമയം കിട്ടാറില്ല. അല്പം സമയം കിട്ടിയാൽത്തന്നെ ഇംഗ്ലീഷും മാത്തമാറ്റിക്സും പറഞ്ഞു കൊടുക്കുകയാണു് കൂടുതൽ പ്രധാനമെന്നു കരുതുന്ന മാതാപിതാക്കളാണു് അധികവും.

കുടുംബത്തിലെ ചില മാറ്റങ്ങൾ എങ്ങനെ സാമൂഹ്യവത്ക്കരണത്തെ സ്വാധീനിക്കുന്നുവെന്നു് സൂചിപ്പിക്കുകമാത്രമാണുചെയ്തതു്. കൂടുതൽ വിശദമായി പരിശോധിച്ചാൽ പ്രധാനപ്പെട്ട മറ്റു വ്യതിയാനങ്ങളും കണ്ടെത്തുവരാം.

ചുരുക്കത്തിൽ, സാമൂഹ്യവത്ക്കരണം വളരെ പ്രധാനപ്പെട്ട പ്രക്രിയയാണു്. മക്കളുടെ സാമൂഹ്യവത്ക്കരണത്തെ മാതാപിതാക്കൾ വളരെ ഉത്തരവാദിത്വബോധത്തോടെ കൈകാര്യം ചെയ്യേണ്ടതാണു്. ○

malankaralibrary.com

3

സ്ത്രീ
സഭയിലും സമൂഹത്തിലും

വിമോചനത്തിനുവേണ്ടി സ്ത്രീ ദാഹിക്കുമ്പോൾ അവളെ അടിമയാക്കിവച്ചിരിക്കുന്ന സമൂഹത്തെയും അതിന്റെ ശുപഭാവങ്ങൾ നിർണ്ണയിക്കുന്ന പുരുഷമേധാവിത്വത്തെയും സ്വാഭാവികമായും അവളെതിർക്കുന്നു. ഈ വിരുദ്ധമനോഭാവം പുരുഷത്വത്തിനെതിരെ ആഞ്ഞടിക്കാനും നിഷേധാത്മകവികാരങ്ങൾക്കു വശംവദയായി സ്വയം നശിപ്പിക്കാനും അവളെ പ്രേരിപ്പിച്ചെന്നുവരാം. തങ്ങൾ ആക്രമണവിധേയരാകുന്നുവെന്നു കരുതുമ്പോൾ പുരുഷലോകം പ്രതിരോധത്തിനൊരുങ്ങുന്നു. പിന്നെ ആരോപണപ്രത്യാരോപണങ്ങളുടെ കോലാഹലമാണ്. ഈ കോലാഹലങ്ങളിൽ യഥാർത്ഥവസ്തുതകളെല്ലാം വിസ്മൃതമാകുന്നു. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ. ദൈവസൃഷ്ടിയിലെ സ്ത്രീ ആരുടെയും അടിമയല്ല. അതു മനസ്സിലാക്കി ഈ ലോകത്തിന്റെ പ്രവർത്തനരംഗങ്ങളിൽ തന്റെ പ്രസക്തിയും അസ്തിത്വവും മനസ്സിലാക്കാനും ആ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനു സ്വയം ഒരുങ്ങാനും സ്ത്രീ തയ്യാറാകണം. തന്റെ കഴിവുകളെല്ലാം ഈ ലക്ഷ്യത്തിനുവേണ്ടി വളർത്തുന്നതിനും പോഷ

malankaralibrary.com

പ്പിക്കുന്നതിനും തനിക്കു കടമയുണ്ടെന്നും. തന്നിൽനിന്നു ദൈവം അതാണാഗ്രഹിക്കുന്നതെന്നും സ്ത്രീ മനസ്സിലാക്കട്ടെ.

പ്രപഞ്ചസൃഷ്ടിക്കുശേഷം വളരെ കരുതലോടും ശ്രദ്ധയോടുംകൂടി ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ആദ്യസൃഷ്ടിയായ ആദം ഏകനാണെന്നതുകൊണ്ടു ദുഃഖിതനാണെന്നു കണ്ട ദൈവം അവനു ചേർന്ന സഹകാരിണിയായി സ്ത്രീയെ സൃഷ്ടിച്ചു. നാം വായിക്കുന്നതുപോലെ, ദൈവം ആദിയിൽ സ്ത്രീയും പുരുഷനുമായി 'മനുഷ്യനെ' സൃഷ്ടിച്ചു. 'മനുഷ്യൻ' പൂർണ്ണമാകണമെങ്കിൽ പരസ്പരപൂരകങ്ങളായ ഈ രണ്ടുപ്രകൃതികളും സഹകരിക്കണം. ഭൂമിയെ കീഴടക്കുന്ന പ്രക്രിയ അങ്ങനെയാണു സാധ്യമാകുക. രണ്ടു വ്യത്യസ്തദൗത്യങ്ങൾക്കുവേണ്ടി വ്യത്യസ്തരൂപഭാവങ്ങളോടെ സൃഷ്ടിക്കപ്പെട്ടവരാണു സ്ത്രീപുരുഷന്മാർ പരസ്പരം മേധാവിത്വത്തിനുവേണ്ടി മല്ലടിക്കുന്നതുതന്നെ അർത്ഥശൂന്യമാണു്.

ഈ അടുത്തകാലംവരെ പ്രത്യേകമായ പരിതഃസ്ഥിതികളിൽ ഭവനത്തിന്റെ പരിധികൾക്കുള്ളിൽ ഒതുങ്ങാൻ സ്ത്രീ നിർബന്ധിതയായിരുന്നു. സ്ത്രീക്കു വിദ്യ നൽകേണ്ടതുണ്ടെന്ന ധാരണ അന്നുണ്ടായിരുന്നില്ല. ബാല്യത്തിൽത്തന്നെ വിവാഹിതയായി ഒരു ഡസൻ കുട്ടികളെ വളർത്തുന്ന ബഹളത്തിൽ, എല്ലാ ജോലികളും സ്വന്തം കൈകളാൽത്തന്നെ ചെയ്തുതീർക്കേണ്ട സാഹചര്യത്തിൽ, സ്ത്രീയുടെ പ്രവർത്തനമണ്ഡലം കുടുംബം മാത്രമായതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഇന്നു സാഹചര്യങ്ങളാകെ മാറിയിരിക്കുന്നു. ഇന്നു സ്ത്രീ അഭ്യസ്തവിദ്യയാണു്. ആധുനികസാങ്കേതികനേട്ടങ്ങൾ അവൾക്കു് ഏറെ വിശ്രമസമയം നൽകിയിരിക്കുന്നു. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും കടന്നുവരാൻ അവൾക്കു കഴിയുന്നു. പുരുഷൻ പ്രവർത്തിക്കുന്ന എല്ലാ മേഖലകളിലേക്കും കടന്നുവരാനുള്ള ആത്മവിശ്വാസം അവൾ നേടിയിരിക്കുന്നു.

സ്ത്രീ കുടുംബത്തിൽ

ഏതൊക്കെ മേഖലകളിലേക്കു സ്ത്രീ കടന്നുവന്നാലും അവളുടെ പ്രവർത്തനമണ്ഡലം കുടുംബംതന്നെ ആയിരിക്കും. മാ

malankaralibrary.com

തുല്യം അതിന്റെ പൂർത്തീകരണവും. അവളുടെ എല്ലാ സർഗ്ഗ ശക്തികളും ഈ ധർമ്മത്തിൽ ലക്ഷ്യംവച്ചിട്ടുള്ളവയാണല്ലോ. കുടുംബത്തിലെ സ്ത്രീയുടെ ധർമ്മം യഥാർത്ഥത്തിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ഭാര്യ, അമ്മ, വീട്ടമ്മ എന്നിങ്ങനെയുള്ള സ്ത്രീയുടെ വിവിധമുഖങ്ങൾ ഇന്നും അവ്യക്തവും വികലവുമാണ്. ഭാര്യയെ ഭർത്താവിന്റെ നിഴലായി രാമായണത്തിലെ സീത ചിത്രീകരിക്കുന്നു. അതു വളരെ അപ്രധാനമായ ഒരനുകരണത്തിലേക്ക അവളെ തരം താഴ്ത്തുകയാണ്. പുരുഷന്റെ സഹകാരിണിയാണവൾ. മാതാപിതാക്കളിൽനിന്നകന്ന ഭർത്താവ് ഭാര്യയോട് ഒന്നായിത്തീർന്ന് അവർ ഏകജഡമായിത്തീരുന്ന വിവാഹസങ്കല്പം ഉദാത്തമാണ്. കുടുംബമെന്ന സ്ഥാപനത്തിന്റെ ദ്വൈതയ്ക്ക ഒരു തലവൻ എന്ന ആശയം സ്വീകാര്യമാണ്. പക്ഷേ, അതൊരു സോച്ചാധിപത്യമല്ല. എല്ലാവരേയും അംഗീകരിക്കുന്ന സ്നേഹാധിപത്യമാണ്. പുരുഷന്റെ കുടുംബം–അതിൽ കടന്നുവരാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു അപ്രധാനകഥാപാത്രം സ്ത്രീ–എന്ന സങ്കല്പം ക്രൈസ്തവമല്ല. രണ്ടു വ്യക്തിത്വങ്ങൾ ഒന്നായി ലയിച്ചുചേരുന്ന ആ സത്യത്തിൽ രണ്ടുപേരും പ്രധാനവ്യക്തികൾതന്നെയാണ്, അവരുടെ പൊതുലക്ഷ്യം കുടുംബഭദ്രതയും. പക്ഷേ, കുടുംബത്തിൽ എല്ലാവർക്കും തങ്ങളുടെ വ്യക്തിത്വങ്ങളുടെ പൂർണ്ണതയിലേക്ക വളരാനുള്ള അവകാശമുണ്ട്. ആ അവസരം നിഷേധിക്കുന്നവർ ദൈവഹിതലംഘനമാണ നടത്തുന്നതു്. ഭാര്യയുടെ വ്യക്തിത്വവികാസത്തിനു തടസ്സം സൃഷ്ടിക്കുന്ന അനേകം ഭർത്താക്കന്മാരുണ്ട്. ഒരു പരിധിവരെ ഒരുതരം അപകർഷതാബോധമാണ് ഇതിന്റെ പുറകിൽ. തന്റെ ഭാര്യ വളർന്നാൽ, പ്രശസ്തയായാൽ, കൂടുതൽ ശ്രദ്ധയാകർഷിച്ചാൽ അതു തന്നെ ചെറുതാക്കുമെന്നു പലരും ഭയപ്പെടുന്നു. ആത്മവിശ്വാസക്കുറവാണ ഇതു കാണിക്കുക.

ആധുനികസ്ത്രീകളിൽ എല്ലാവരും ഭർത്താവിനോടൊത്തു ചിന്തിക്കാനും ഉത്തരവാദിത്വങ്ങൾ പങ്കിടുവാനും ഉള്ള പക്വതയും പരിശീലനവും ഉള്ളവരല്ലെന്നു സമ്മതിക്കാം. പക്ഷേ, ആ സ്ഥിതിവിശേഷം നിലനിർത്താനല്ല പരിഹരിക്കാനാണ നാം ശ്രമിക്കേണ്ടതു്. കുടുംബത്തിലെ എല്ലാ അംഗങ്ങളും തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ സഹകരിച്ചാൽ എല്ലാവരുടേയും വ

malankaralibrary.com

രുമാനങ്ങളും സമന്വയിപ്പിച്ചുകൊണ്ട് എല്ലാവർക്കും നേടാവുന്ന ഏറ്റവും നല്ല പുരോഗതി ലക്ഷ്യംവയ്ക്കാൻ അവർക്കു കഴിയും. പല കുടുംബങ്ങളിലും വരുമാനം കൊണ്ടുവരുന്നവർ അതിലധികവും അവരവരുടെ സ്വാർത്ഥപരമായ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നു. മദ്യശാലകളിലും ആഡംബരവസ്തുക്കളിലും ചൂതുകളിയിലും എല്ലാം നശിപ്പിച്ചിട്ട് വെറുംകയ്യോടെ കുടുംബങ്ങളിലെത്തുന്ന എത്ര കുടുംബനാഥന്മാരുണ്ടു്? കുടുംബത്തിന്റെ വരുമാനം എല്ലാവർക്കും അവകാശപ്പെട്ടതാണു്. അതിന്റെ വ്യയത്തെക്കുറിച്ചുള്ള തീരുമാനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തമുണ്ടായിരിക്കേണ്ടതാണു്.

ക്രൈസ്തവമൂല്യങ്ങൾ ഉദയംചെയ്യേണ്ടതും വളരേണ്ടതും കുടുംബങ്ങളിലാണു്. ഈ മൂല്യങ്ങൾക്കു രൂപംകൊടുക്കുന്നതിൽ സ്ത്രീക്കു നിർണ്ണായകമായ പങ്കുവഹിക്കാനാവും. കുടുംബം ദേവാലയമാകണമെങ്കിൽ ആരാധനാപാത്രം ദൈവംതന്നെയായിരിക്കണം. ആ സ്ഥാനം ഇന്നു സമ്പത്തും സ്ഥാനമാനങ്ങളും കവർന്നെടുത്തിരിക്കുകയാണു്. അവയ്ക്കുവേണ്ടി ഏതു മൂല്യവും ബലികഴിക്കാൻ നാമിന്നു തയ്യാറാകുകയാണു്. രക്തബന്ധങ്ങളും സൗഹൃദങ്ങളും എല്ലാം ഈ വിഗ്രഹങ്ങൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെടുന്നു. ഈ അന്തരീക്ഷത്തിൽ വളരുന്ന കുഞ്ഞുങ്ങളും അതേ വിഷവായു ഉൾക്കൊള്ളുന്നു. ദൈവവചനത്തിൽ അധിഷ്ഠിതമായ മൂല്യങ്ങൾ അവർക്കു നൽകാനാകുന്നതാണു് ഒരു ക്രൈസ്തവകുടുംബത്തിന്റെ ഏറ്റവും വലിയ ദൗത്യം.

ക്രിസ്തീയതയുടെ അന്തഃസത്ത സ്നേഹമാണു്. കുടുംബത്തിലെ എല്ലാ അംഗങ്ങളും പരസ്പരം സ്നേഹത്താൽ ബന്ധിതരാകുന്നതിൽ സ്ത്രീക്കു വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാനാവും. സ്ത്രീക്കു ജീവിതത്തിൽ സർവ്വപ്രധാനം സ്നേഹമാണു്. അതു കൂടാതെ അവൾക്കു ജീവിക്കാനാവില്ല. പക്ഷേ, അവൾ പൊസ്സസീവ് ആയതുകൊണ്ട് സ്വന്തമായതിനെ മാത്രം സ്നേഹിക്കാനാഗ്രഹിക്കുന്നു. താൻ വന്നു കയറുന്നതു് ഒരു വ്യക്തിയുടെ ജീവിതത്തിലേക്കു മാത്രമല്ല, ഒരു കുടുംബത്തിലേക്കു്, ഒരു സമൂഹത്തിലേക്കാണെന്നു് അവൾ മനസ്സിലാക്കണം. താനും ഭർത്താവും കുട്ടികളും മാത്രമടങ്ങുന്നതാണു് തന്റെ കുടുംബമെന്നു

malankaralibrary.com

ചില സ്ത്രീകളെങ്കിലും തെറ്റിദ്ധരിക്കുന്നു. സഹോദരങ്ങളെ തമ്മിലകറ്റിക്കൊണ്ട്, മാതാപിതാക്കളെ പുറന്തള്ളിക്കൊണ്ട്, തങ്ങളുടെ സ്നേഹവലയം ചെറുതാക്കി, തങ്ങൾക്കു സുഖമനുഭവിക്കാമെന്നാണു അവരുടെ ധാരണ. താൻ അംഗമായി വന്നിരിക്കുന്ന കുടുംബത്തിന്റെ ഭാഗധേയങ്ങൾക്കു് അന്നുവരെ രൂപം കൊടുത്തവരോടുള്ള കടപ്പാടുകൾ അത്രയെളുപ്പം മറക്കാവുന്നവയല്ല. പ്രായമായ തലമുറയും ഇളംതലമുറയും തമ്മിൽ പെട്ടെന്നടുക്കും. ആ സ്നേഹബന്ധം നിലനിർത്താനായാൽ വാർദ്ധക്യത്തിനു പുതിയ അർത്ഥവ്യാപ്തിയും ലക്ഷ്യവുമുണ്ടാകും. തിന്മയുടെ കൊടുങ്കാറ്റിൽ പതറുന്ന യുവതലമുറയ്ക്കു അടിത്തറയേകുന്ന സ്നേഹത്തിന്റെ ശക്തമായ പരിരക്ഷയുമാകും.

വേദനിക്കുന്ന സഹോദരങ്ങളിലേക്കും സമൂഹത്തിലേക്കും കവിഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ സാമ്രാജ്യങ്ങളാകണം കുടുംബങ്ങൾ. യഥേഷ്ടം സമ്പാദിക്കാനും ശേഖരിക്കാനും ചെലവാക്കാനും ക്രൈസ്തവനവകാശമില്ല. സഹജീവിയുടെ വേദന ഉൾക്കൊള്ളാനാവുന്നതു് ആദ്ധ്യാത്മികജീവന്റെ ലക്ഷണമാണു്. സ്വാർത്ഥത മാനവഗാത്രത്തിന്റെ കൃഷ്ണരോഗബാധയാണു്. അതു താൽക്കാലികമായ സാമ്പത്തികനേട്ടങ്ങളുണ്ടാക്കാം. പക്ഷേ, ആ നേട്ടങ്ങൾക്കുവേണ്ടി നാം നൽകേണ്ടിവരുന്ന വില വളരെ വലുതായിരിക്കും.

ക്രിസ്തീയതയുടെ അന്തസ്സത്ത നീതിയാണു്. പരിമിതമായ മനുഷ്യനീതിയല്ല, കുറേക്കൂടി വിശാലമായ ദൈവനീതി. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും നീതി ലഭ്യമാകണം. ദുർബ്ബലരും നിസ്സഹായരും പുറന്തള്ളപ്പെടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. നിർഭാഗ്യവശാൽ ക്ഷമയും സഹനവും ഊന്നിപ്പറയുന്ന ബഹളത്തിൽ നാം പലപ്പോഴും നീതി മറന്നുകളയുന്നു. ശക്തിയും പ്രാബല്യവുമുള്ളവൻ അനീതി കാണിക്കുമ്പോൾ ദുർബ്ബലനോടു് സഹിക്കാൻ ഉപദേശിച്ചു് നാം ക്രൈസ്തവരാകുന്നു. യഥാർത്ഥനീതിബോധം നമ്മുടെ ധാർമ്മികതയുടെ ഭാഗമാകണം. തൊഴിലിനുവേണ്ടി നമ്മെ സമീപിക്കുന്നവർക്കും മറ്റാശ്രിതർക്കും ന്യായമായ വേതനം ഉറപ്പു വരുത്തുന്നതുകൊണ്ടു മാത്രമായില്ല, അവരോടു് മനുഷ്യസഹജമായ പെരുമാറ്റവുമുണ്ടാവണം. ജാതിയുടേയോ വർണ്ണത്തിന്റേയോപേരിലുള്ള വിവേചനം

malankaralibrary.com

മനുഷ്യത്വനിഷേധമാണു്, അക്രമമാണു്. സ്വർഗ്ഗസ്ഥനെ പിതാവെന്നു വിളിക്കാൻള്ള അവകാശമുണ്ടാകുന്നതു് സഹജീവികളെ എല്ലാവരേയും സഹോദരരാക്കുന്നവനുമാത്രമാണു്.

സ്ത്രീത്വത്തിന്റെ പൂർണ്ണതയാണു മാതൃത്വം. തന്റെ രക്തമാംസങ്ങൾ നൽകി തന്റെ ഉദരത്തിൽ ചുമന്നു പാലൂട്ടി വളർത്തി ഒരു മനുഷ്യവ്യക്തിക്കു ജന്മംകൊടുക്കുന്ന സ്ത്രീ അഭിമാനംകൊള്ളുന്നതിൽ അദ്ഭുതത്തിനവകാശമില്ല. ഈ മാതൃത്വത്തിൽ അവകാശക്കേറെ പങ്കുവഹിക്കാനുണ്ടെന്നു കരുതപ്പെട്ടിരുന്നില്ല. സ്ത്രീയുടെ അണ്ഡം കണ്ടുപിടിക്കുന്നതിനുമുമ്പു് മനുഷ്യശിശു അതിന്റെ ഏറ്റവും ചെറിയരൂപത്തിൽ പുരുഷനിൽ നിന്നു വരുന്നുവെന്നും സ്ത്രീ വിത്തു സ്വീകരിക്കുന്ന മണ്ണു മാത്രമാണെന്നും കരുതപ്പെട്ടിരുന്നു. പക്ഷേ, ഇന്നു മാതൃത്വത്തിന്റെ മഹനീയത ശാസ്ത്രം വിളിച്ചോതുന്നു. ശിശുവിന്റെ ശരീരവും തലച്ചോറും മനസ്സും ഒക്കെ രൂപപ്പെടുന്നതു ജീവിതത്തിന്റെ ആദ്യ കാലഘട്ടത്തിലാണു്. അമ്മയ്ക്കുണ്ടാകുന്ന അസുഖങ്ങൾക്കോ അമ്മ കഴിക്കുന്ന മരുന്നുകൾക്കോ അമ്മയുടെ മാനസികാവസ്ഥയ്ക്കു പോലുമോ ഗർഭസ്ഥശിശുവിനെ സ്വാധീനിക്കാനാവുമെന്നതു ശ്രദ്ധേയമായ കാര്യമാണു്. എത്ര ശ്രദ്ധയോടെ, എത്ര സ്നേഹത്തോടെ ഈ ദൗത്യനിർവ്വഹണത്തിനു സ്ത്രീ തയ്യാറാകണമെന്നതു ഇന്നും ശരിക്കു് അംഗീകരിക്കപ്പെട്ടിട്ടില്ല. മൃഗതുല്യതയിൽനിന്നു മനുഷ്യൻ ദൈവസദൃശനാകുന്നതു് ഈ പരിശീലനത്തിന്റെ ഫലമായിട്ടാണു്. ഇവിടെയുണ്ടാകുന്ന ചെറിയ പാളിച്ചകൾ മനുഷ്യനെ എന്നന്നേക്കുമായി ശാരീരികവും മാനസികവുമായ വൈകല്യങ്ങൾക്കു വിധേയനാക്കാം. മാതാപിതാക്കളുടെ വീഴ്ചകൾക്കു നിരപരാധരായ കുഞ്ഞുങ്ങളാണു കനത്ത വില നൽകേണ്ടിവരുക. കുഞ്ഞുങ്ങൾ ദൈവദാനങ്ങൾ മാത്രമല്ല; ദൈവം നമ്മെ സൂക്ഷ്മത്തിനേല്പിക്കുന്ന മാലാഖമാരാണു്. ആ ഹൃദയങ്ങളിലെ ദൈവച്ഛായയ്ക്കു മങ്ങലേല്പിക്കാതെ ദൈവമക്കളായി തിരികെ ഏല്പിക്കുന്ന ഉദാത്തമായ ഉത്തരവാദിത്വമാണു് മാതാവിനേറ്റതു്. സ്ത്രീയായി ജനിച്ചതിൽ അവാച്യമായ അഭിമാനം എന്നിലുദിക്കുന്നതു് അതുകൊണ്ടാണു്. അതോടൊപ്പം ആ ഭാരിച്ച ഉത്തരവാദിത്വം പൂർത്തിയാക്കുന്നതിനു ദൈവാനുഗ്രഹം അത്യാവശ്യമാണെന്ന ബോധവും. ദൈവാ

malankaralibrary.com

ശ്രയബോധവും ധർമ്മചിന്തയും മനുഷ്യത്വഭാവവും കുഞ്ഞുങ്ങൾക്ക് നൽകി അവരെ യഥാർത്ഥമനുഷ്യരാക്കുന്നവരാണ് നല്ല മാതാക്കൾ. നിരീക്ഷണത്തിലൂടെ, അനുകരണത്തിലൂടെ കുഞ്ഞുങ്ങൾ പഠിക്കുന്നു. അവർക്ക് വായിക്കാവുന്ന വിധത്തിൽ ദൈവവചനം മാംസം ധരിക്കേണ്ടത് മാതാക്കളിലാണ്. യേശുവിനെ കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തുന്ന മിഷനറിമാരാണവർ. പ്രപഞ്ചസത്യങ്ങളുടെ മനോഹാരിതയിലേക്കും നിഗൂഢതയിലേക്കും അവരുടെ അദ്ഭുതാദരവുകളും ജിജ്ഞാസയും ഉണർത്തിവിടുന്ന അദ്ധ്യാപികമാരും.

സ്ത്രീ സഭയിൽ

വിശ്വാസികളുടെ കൂട്ടായ്മയാണ് സഭ. അതുകൊണ്ടുതന്നെ എല്ലാ സഭാപ്രവർത്തനങ്ങളിലും സ്ത്രീക്കും പങ്കാളിത്തമുണ്ടാവണം. ആദിമസഭ ആരംഭിച്ചതു മാതാവായ മറിയത്തിന്റെ സാന്നിദ്ധ്യത്തിലും സംരക്ഷണത്തിലുമാണ്. സുവിശേഷപ്രഘോഷണരംഗത്തു മറിയവും മറ്റനേകം വനിതകളും ശിഷ്യന്മാരുടെ വലംകയ്യായി പ്രവർത്തിച്ചിരുന്നതായി അപ്പസ്തോലനടപടിയിൽ കാണാം. പക്ഷേ, ഇടക്കാലത്തു സ്ത്രീക്ക് ആത്മാവുണ്ടോ എന്നുപോലും തർക്കമുണ്ടായെന്നു എനിക്കു തോന്നുന്നു. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യഅവകാശിനിയാണെന്നു വി. പത്രോസ് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ഇന്നും ഇടവകകളിൽ സ്ത്രീ മാറ്റിനിർത്തപ്പെടുന്നു, പ്രതിപുരുഷയോഗങ്ങൾ പ്രാബല്യത്തിലുള്ള സീറോമലബാർ റീത്തിൽപ്പോലും. വത്തിക്കാൻ കൗൺസിൽ വിഭാവനംചെയ്ത പാരീഷ് കൗൺസിലുകൾ നിലവിൽ വരാത്തതുകൊണ്ടാണിത്. ഇന്നു നിലവിലുള്ള ഇടവകയോഗങ്ങൾ പലതും ഇടവകയുടെ സാമ്പത്തികകാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നു. ആദ്ധ്യാത്മികത വൈദികനെമാത്രം ആശ്രയിച്ചു നിൽക്കുകയാണ്. വൈദികന്റെ ശുശ്രൂഷാപാടവമനുസരിച്ച്. അതിനു നേട്ടവും കോട്ടവും സംഭവിക്കുന്നു. സ്ത്രീകൾക്കുകൂടി പങ്കാളിത്തമുള്ള ഇടവകയോഗങ്ങൾ ഇടവകജനങ്ങളുടെ ആദ്ധ്യാത്മികതയിൽ പുരോഗതിക്കു കാരണമാകും എന്നാണെന്റെ വിശ്വാസം.

malankaralibrary.com

സന്യാസിനികളും സഭയ്ക്കു് എന്നും ഏറ്റവും അഭിമാനിക്കാവുന്ന മുതൽക്കൂട്ടാണു്. പല ഇടവകകളുടേയും ജീവനാഡിയായി വർത്തിക്കുന്നതും അവരാണു്. നിസ്വാർത്ഥമായ, നിശ്ശബ്ദമായ സേവനത്തിലൂടെ അവർ ദൈവരാജ്യപ്രഘോഷണത്തിനുവേണ്ടി നടത്തുന്ന അദ്ധ്വാനം അർഹിക്കുന്ന അംഗീകാരം നേടുന്നില്ലെന്നുള്ളതാണു സത്യം. നമ്മുടെ ഭക്തസംഘടനകളും, മതബോധനക്ലാസുകളും, മറ്റു വിദ്യാഭ്യാസബോധവല്ക്കരണരംഗങ്ങളും, ആതുരാലയങ്ങളും, ആശുപത്രികളും, സാമൂഹ്യപ്രവർത്തനരംഗങ്ങളും കാര്യക്ഷമതയോടെ മുമ്പോട്ടുപോകുന്നതു അവരുടെ ത്യാഗസന്നദ്ധതയിൽ അടിയുറച്ചാണു്. സഹകരണംകൊണ്ടു വളർത്തുന്നതിനു പകരം വിമർശനംകൊണ്ടു് തളർത്താനാണു നമ്മുടെ ശ്രമം. കന്യകാലയഭിത്തികൾക്കകത്തു നിന്നു് അവരുടെ പ്രവർത്തനമണ്ഡലം ചക്രവാളസീമകൾവരെ ഇന്നു വ്യാപിച്ചിരിക്കുന്നു. എല്ലാരംഗത്തും അവരുടെ സേവനം ഉപയോഗപ്പെടുത്തിയതിനുശേഷം അവരെ വിമർശിക്കുകയാണു നമ്മുടെ പതിവു്. ചിലർക്കു സംഭവിക്കുന്ന ന്യൂനതകൾക്കു നാം സമൂഹങ്ങളെ മുഴുവൻ തെറ്റുകാരാക്കുന്നു. സമൂഹമദ്ധ്യത്തിലെ തുരുത്തുകളാകാതെ, സമൂഹത്തിന്റെ സ്നേഹസ്രോതസ്സുകളായി പ്രാർത്ഥനാചൈതന്യത്തിന്റെ ഉറവിടങ്ങളായി കന്യകാലയങ്ങൾ പ്രവർത്തിക്കട്ടെ. പക്ഷേ, അല്മായ വനിതകൾ സഭാസേവനരംഗം ഇവർക്കു മാത്രമായി നൽകി മാറിനിൽക്കാൻ പാടില്ല. എല്ലാവരും തങ്ങളുടെ ജീവിതവിളികൾക്കനുസൃതമായി ഈ ദൗത്യത്തിൽ പങ്കാളികളാകണം. ആരാധനാശുശ്രൂഷകളിൽ, സുവിശേഷപ്രഘോഷണങ്ങളിൽ, സേവനരംഗങ്ങളിൽ എല്ലാം പങ്കുകാരാകുകയെന്നതു നമ്മുടെ ക്രിസ്ത്വീയതയുടെ ഭാഗമാണു്. ഭവനത്തിന്റെ നാലതിരുകൾക്കകത്തു മുരടിപ്പിക്കുന്നതിനു പകരം നമ്മുടെ സമയവും കഴിവുകളും സമൂഹത്തിലെതന്നെ സഹായമർഹിക്കുന്ന മറ്റു സഹോദരിമാർക്കായി മാറ്റിവയ്ക്കാൻ നമുക്കു കഴിയണം. ലോകത്തിന്റെ പ്രകാശമായ യേശു നമ്മോടാഹ്വാനം ചെയ്തതു നമ്മിലെ ദീപം മറ്റുള്ളവർക്കു പ്രകാശമാകണമെന്നാണല്ലോ.

malankaralibrary.com

സ്ത്രീ സമൂഹത്തിൽ

വിദ്യാഭ്യാസം സർവ്വസാധാരണമായതോടെ, ഉദ്യോഗവും അതു നേടിത്തരുന്ന മാന്യതയും സാമ്പത്തികമായ സ്വയംപര്യാപ്തതയും സമൂഹമദ്ധ്യത്തിൽ സ്വീകാര്യമായതോടെ, ഒരു പ്രവർത്തനരംഗവും ഇന്നു സ്ത്രീക്കു നിഷിദ്ധമല്ലാതായിരിക്കുന്നു. ധീരവനിതകളും പലരും എല്ലാരംഗത്തേക്കും മടികൂടാതെ കടന്നുവന്നിരിക്കുന്നു. അദ്ധ്യാപനം, ആതുരശുശ്രൂഷ എന്നിങ്ങനെ ചില മേഖലകളും അവരുടേതുമാത്രമായി മാറിക്കൊണ്ടിരിക്കുകയാണു്. സ്ത്രീയുടെ വിധേയത്വവും സേവനസന്നദ്ധതയും അദ്ധ്യാപനശീലവും അവർക്കു പല ഉദ്യോഗരംഗങ്ങളിലും സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തിരിക്കുകയാണു്. കേരളത്തിലെ സ്ത്രീകളും ഭാരതസ്ത്രീകളേക്കാളും സ്വതന്ത്രരായിരിക്കുന്നതു ഇതുകൊണ്ടാണു്. സ്വാതന്ത്ര്യം തങ്ങളുടെ ജന്മാവകാശമാണെന്നും സ്ത്രീത്വം ബഹുമാനിതമാണെന്നും മനസ്സിലാക്കി കഴിവുകളെ വികസിപ്പിക്കാനും പക്വതനേടാനും എല്ലാ സ്ത്രീകളേയും ഉൽബോധിപ്പിക്കാനും സ്ത്രീകൾതന്നെ മുമ്പോട്ടുവരണം. എന്നാൽ സ്ത്രീകൾതന്നെയാണു് പലപ്പോഴും സ്ത്രീകളുടെ വളർച്ചയ്ക്കു് തടസ്സമായി നിലക്കുന്നതു്. പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാൻ തയ്യാറാകുന്ന സ്ത്രീകളെ വിലയിടിച്ചുകാണിക്കുകയും അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുക അധികവും സ്ത്രീകളാണു്. പരസ്യങ്ങളിലും സിനിമകളിലും മറ്റും മാന്യതയ്ക്കു ചേരാത്തവിധം സ്വയംപ്രദർശിപ്പിച്ചുകൊണ്ടും വില്പനച്ചരക്കായിത്തീർന്നുകൊണ്ടും സ്ത്രീസമൂഹത്തെ വിലയിടിച്ചുകാണിക്കുന്നതും അവർതന്നെ.

ദൈവാശ്രയബോധത്തോടെ, ആത്മവിശ്വാസത്തോടെ പക്വതയുള്ള പരിശീലനം സിദ്ധിച്ച സ്ത്രീ സ്വയം അവളർഹിക്കുന്ന പീഠത്തിൽ ഉപവിഷ്ടയാകേണ്ടിവരും. തലമുറകളായി പോഷണം ചെയ്യപ്പെട്ടു്, പ്രതികരണശേഷി നഷ്ടപ്പെട്ടു്, മർദ്ദകരുടെ മേശയിലെ അപ്പക്കഷണം സ്വർഗ്ഗമാണെന്നു കരുതുന്ന അടിമത്തഭാവത്തിൽനിന്നു് അത്തരം സ്ത്രീകളെ മോചിപ്പിക്കാൻ അവരുടെ കൂടുതൽ ഭാഗ്യവതികളായ സഹോദരിമാർക്കു കഴിയണം.

malankaralibrary.com

അനീതിക്കെതിരെ പോരാടാനും, ശബ്ദമുയർത്താനും, മനുഷ്യമനസ്സാക്ഷിയായി സത്യത്തിനു സാക്ഷ്യംവഹിക്കാനുമാണു ക്രൈസ്തവർ വിളിക്കപ്പെട്ടന്നതെങ്കിൽ ആ പ്രവാചകധീരത സ്ത്രീയിലും സംജാതമാകണം. താൻ പ്രവർത്തിക്കുന്ന മേഖലകളിൽ അനീതിക്കും അധർമ്മത്തിനുമെതിരേ ഒരു കൊടുങ്കാറ്റായി ആഞ്ഞടിക്കാൻ അവൾക്കാണു കഴിയുക. കാരണം, വേദനിക്കുന്നവരോടൊത്തു സഹതപിക്കാൻ, ശരണാർത്ഥികൾക്കു മാതൃസ്നേഹം പകരാൻ, താൻ സ്നേഹിക്കുന്നവർക്കുവേണ്ടി എല്ലാം ബലികഴിക്കാൻ സ്ത്രീഹൃദയത്തിനു കഴിയും. ശാരീരികമായ കരുത്തു് അവൾക്കു കുറവായിരിക്കാം. പക്ഷേ, കനിയാത്ത ശിരസ്സു്, പതറാത്ത നോട്ടം, തളരാത്ത മനസ്സു് ഇവയ്ക്കു മുമ്പിൽ തിന്മയുടെ ഏതു ശക്തിയും പരാജയപ്പെട്ടുകതന്നെ ചെയ്യും.

സ്ത്രീ എന്നും കടങ്കഥയായിരുന്നു. അവളെ മനസ്സിലാക്കാതിരുന്നവർ അവളിൽ പതിതത്വം കണ്ടെത്തി. അവളുടെ ക്ഷമാശീലത്തേയും സഹനശക്തിയേയും ചൂഷണംചെയ്തു് വിജയാട്ടഹാസം മുഴക്കി. പക്ഷേ, എക്കാലവും ലോകത്തിനു അടിത്തറയായി അവൾ നിലകൊള്ളുന്നു. അവളെ ആദരിക്കാത്ത സംസ്കാരങ്ങൾ ദയനീയമായി പരാജയപ്പെട്ടു. തന്നിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തികൾ അവൾ തിരിച്ചറിയാൻ തുടങ്ങുമ്പോൾ, അവയെ വളർത്താനാരംഭിക്കുമ്പോൾ അവൾ മാതാവാകുന്നു, എല്ലാ സൃഷ്ടികൾക്കും ജീവദാതാവാകുന്നു. സ്ത്രീ എന്ന ദൈവസങ്കല്പം എത്ര മഹനീയം! ○

malankaralibrary.com

4

വൈദികരും സന്യസ്തരും നമ്മുടെ കുടുംബത്തിൽ

സുഹൃത്തുക്കളും പരിചയക്കാരും പരസ്പരം കണ്ടുമുട്ടുമ്പോഴാണ് ആദ്യം സംസാരിക്കുന്നത്, പൊതുവേ പറഞ്ഞാൽ, രണ്ടുതരം വിഷയങ്ങളെപ്പറ്റിയായിരിക്കും: കാലാവസ്ഥ, രാഷ്ട്രീയം. എന്നാൽ ഇങ്ങനെ കണ്ടുമുട്ടി സംഭാഷണം നടത്തുന്നതു് രണ്ടോ അതിലധികമോ കത്തോലിക്കാഅല്മായരാണെങ്കിൽ, ചൂടേറിയ ചർച്ചയ്ക്കു മറ്റൊരു വിഷയംകൂടി അവക്കു ലഭ്യമാണു് – സഭയിലെ അച്ചന്മാരുടേയും മെത്രാന്മാരുടേയും കന്യാസ്ത്രീകളുടേയുമെല്ലാം കാര്യം. കുടുംബങ്ങളിലോ പൊതുസ്ഥലങ്ങളിലോ ആയാലും, ബസ്സിലോ കാറിലോ തീവണ്ടികളിലോ ആയാലും, തിരുന്നാൾവേളകളിലോ ശവസംസ്ക്കാരവേളകളിലോ കല്യാണസ്ഥലങ്ങളിലോ ആയാലും, സംഭാഷണത്തിലേർപ്പെടുന്ന കത്തോലിക്കർ വൈദികരുടെയും കന്യാസ്ത്രീകളുടേയും കാര്യം പ്രായേണ വിമർശനവിഷയമാക്കുന്നു. ഇതിന്റെയർത്ഥം വൈദികരോടും സന്യാസിനികളോടും മെത്രാന്മാരോടുമെല്ലാം അളവറ്റ ബഹുമാനവും ആദരവുമാണു് ഇവർക്കുള്ളതു് എന്നല്ല താനും. പള്ളിപ്രസംഗത്തിന്റെ ദൈർഘ്യം, പാടാൻ കഴിവില്ലാത്ത പുതിയ അസ്സിസ്റ്റന്റിയച്ചന്റെ പാട്ടുകുർബാന, പണം ധൂർ

malankaralibrary.com

ത്തടിക്കുകയും കള്ളക്കണക്കുകളെഴുതുകയും ചെയ്യുന്ന വികാരിയച്ചന്റെ കൊള്ളരുതായ്മകൾ, മതിൽ ചാടിയ കന്യാസ്ത്രീ, ഉടുപ്പുരിയ കത്തനാർ, അമേരിക്കയിലേക്കു കുടുന്നുകളഞ്ഞ കൊച്ചച്ചൻ ഇതൊക്കെയാണു് ഈ സംഭാഷണങ്ങളിൽ കടന്നുകൂടുന്നതു്.

നമ്മുടെ വൈദികരെയും സന്യാസിനീസന്യാസികളെയുംപറ്റി ഇതൊക്കെയാണോ നമുക്കു സാധാരണയായി പറയാനുള്ളതു്, ഇത്തരം വിമർശനങ്ങളും പരാമർശങ്ങളും മാത്രമാണോ അവർ അർഹിക്കുന്നതു്, ഇങ്ങിനെയൊക്കെയാണോ അവരേപ്പറ്റി എപ്പോഴും നാം സംസാരിക്കേണ്ടതു്— എന്നിങ്ങനെയുള്ള കാര്യങ്ങളും ക്ലേശകരമായി ചിന്തിക്കേണ്ടതാണു്. ഇതൊക്കെമാത്രമേ അവരെപ്പറ്റി നമുക്കു പറയാനുള്ള എങ്കിൽ പൗരോഹിത്യവും സന്യാസവും തികച്ചും അർത്ഥശൂന്യങ്ങളായ ജീവിതാന്ത സ്സകംതന്നെയായിരിക്കും.

ആരാണു് പുരോഹിതൻ?

ക്രിസ്തീയപുരോഹിതന്മാരെപ്പറ്റിയാണു്— പ്രത്യേകിച്ചും കത്തോലിക്കാ പുരോഹിതന്മാരെപ്പറ്റി— നാമിവിടെ സംസാരിക്കുന്നതു്. ആരാണു് പുരോഹിതൻ എന്ന ചോദ്യത്തിനു് ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖദൈവശാസ്ത്രജ്ഞന്മാരിലൊരാളും ജസ്വീറ്റ്പുരോഹിതനുമായ കാൾ റാനർ നൽകുന്ന മറുപടി ശ്രദ്ധിക്കുക: ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നവനും മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നവനുമാണു് പുരോഹിതൻ. ജനതതികളുടെ കോലാഹലങ്ങളിൽനിന്നും ലൗകികവ്യാപാരങ്ങളുടെ ബഹളങ്ങളിൽനിന്നും അകന്നുമാറി, ദൈവസന്നിധിയിലേക്കു ദൃഷ്ടികളയത്തി, വിശുദ്ധസ്ഥലത്തു് അയാൾ നിലകൊള്ളുന്നു. പുരോഹിതൻ ഒരു നേതാവാണു്. ഐഹികതയുടെ മരുഭൂമികളിലൂടെ, ദൈവികവാഗ്ദാനങ്ങളുടെ വിശുദ്ധഭൂമിയിലേക്കു നടന്നുനീങ്ങുന്ന പഥികസമൂഹത്തിന്റെ നേതാവു്. ദൈവത്താൽ ലോകത്തിലേക്കു് അയക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ പ്രതിനിധിയാണു് അദ്ദേഹം. എവിടെയും അദ്ദേഹത്തിലൂടെ നാം ശ്രവിക്കുന്നതു് ദൈവത്തിന്റെ സ്വരമാണു്. ദൈവത്തിന്റെ നാമത്തിൽ അദ്ദേഹം ചിലരെ വിധിക്കുകയും ചില കാര്യങ്ങളും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യു

malankaralibrary.com

ന്നു. ചിലതിനെ അദ്ദേഹം വലിച്ചു താഴെയിട്ടപ്പോൾ മറ്റുചിലതിനെ പടുത്തുയർത്തുന്നു. കാലത്തും അകാലത്തും മനുഷ്യരുടെ മനസ്സാക്ഷിയെ അഭിമുഖീകരിക്കയും അസ്വസ്ഥമാക്കുകയും ചെയ്തുകൊണ്ട് തികഞ്ഞ ദൗത്യബോധത്തോടെ, വിപണികളിലും വാണിജ്യസ്ഥലങ്ങളിലും തെരുവുകളിലും മൈതാനങ്ങളിലും നിന്നുകൊണ്ട്, ദൈവത്തിന്റെ സാക്ഷിയും സന്ദേശവാഹകനുമായി അദ്ദേഹം പ്രവർത്തിക്കുന്നു. അദ്ദേഹം ഒരജപാലകനാണ്. ബലിയർപ്പകനാണ്. ആരാധനകളും തിരുക്കർമ്മങ്ങളും നടത്തുന്നവനാണ്. ഒരു ദൗത്യം ഏറെറടുത്തിട്ടുള്ളവനും മിസ്റ്റിക്കും പ്രവാചകനും നേതാവുമാണ്. ആലങ്കാരികതയും വാചാലതയും മാറിവച്ചാൽത്തന്നെയും ഈ വിവരണത്തിൽ പുരോഹിതനേപ്പറ്റി പറയേണ്ട സുപ്രധാനങ്ങളായ കാര്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നുണ്ട്.

ഒരു ദൈവശാസ്ത്രജ്ഞൻ പുരോഹിതന്മാരേപ്പറ്റി പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഇപ്പോൾ നാം വിവരിച്ചത്. കത്തോലിക്കാസഭ അതിന്റെ പുരോഹിതന്മാരേപ്പറ്റി ഔദ്യോഗികമായി പഠിപ്പിക്കുന്ന കാര്യങ്ങളെന്തെന്നുകൂടി അറിയുന്നത് ഇത്തരുണത്തിൽ ഉപകാരപ്രദമായിരിക്കും. രണ്ടാംവത്തിക്കാൻ കൗൺസിൽ വൈദികരെപ്പറ്റി രണ്ടു രേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്: ഒന്ന് വൈദികരേപ്പറ്റി പൊതുവിലും, രണ്ടാമത്തേത് വൈദികശിക്ഷണത്തേപ്പറ്റി പ്രത്യേകിച്ചും. രണ്ടാംവത്തിക്കാൻ കൗൺസിൽ വൈദികരെപ്പറ്റി പറഞ്ഞിട്ടുള്ള പ്രധാനകാര്യങ്ങൾ താഴെ വിവരിക്കുന്നു. സവിശേഷമായ രീതിയിൽ ക്രിസ്തുവിനു പ്രതിനിധീഭവിക്കുന്നവരാണ് പുരോഹിതന്മാർ. ബലിയർപ്പിക്കുക, ദൈവവചനം പ്രസംഗിക്കുക എന്നിവ അവരുടെ ഏറ്റം പ്രധാനപ്പെട്ട കർത്തവ്യങ്ങളാണ്. ദൈവജനത്തെ സാഹോദര്യബന്ധത്തിൽ ഒരുമിപ്പിച്ചുനിർത്തുന്ന, അവരുടെ ഇടയനും നേതാവുമാണ് പുരോഹിതൻ. ദൈവജനത്തിനു സഭയുടെ ശുശ്രൂഷയും സേവനങ്ങളും ലഭിക്കുന്നതു പുരോഹിതരിലൂടെയാണ്. ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന അവർ വിശ്വാസികളിൽ ദൈവികജീവൻ വളർത്തിയെടുക്കാനും അങ്ങിനെ ദൈവികമഹത്ത്വം വർദ്ധിപ്പിക്കാനും പരിശ്രമിക്കുന്നു. ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യാനും ദൈവജനത്തെ സേ

malankaralibrary.com

വിക്കാനും അവർക്കു ശക്തി നൽകുന്നതു് യേശുവാണു്, യേശുവിന്റെ ബലിയാണു്. ലോകത്തിലാണു് അവർ ജീവിക്കുന്നതെങ്കിലും, 'ലോകത്തിനു് അനുരൂപരാകാതെ' (റോമാ 12:2) യേശുവിന്റെ പ്രതിനിധികളും ഉപകരണങ്ങളും പ്രവാചകരുമായി അവർ പ്രവർത്തിക്കുന്നു.

ഇതാണു് വൈദികരേപ്പറ്റി സഭയ്ക്കു പറയാനുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ. ഇതിന്റെ അർത്ഥം എല്ലാ വൈദികരും എപ്പോഴും ഉന്നതങ്ങളായ ഈ ലക്ഷ്യങ്ങളെമാത്രം മുൻനിറുത്തി പ്രവർത്തിക്കുന്നുവെന്നല്ല. ആദർശങ്ങളൊന്നും പൂർണ്ണമായ രീതിയിൽ ഒരിടത്തും സാക്ഷാൽക്കരിക്കപ്പെട്ടതായി നാം കാണാറില്ല. അവ സാക്ഷാൽക്കരിക്കാൻ എന്നും നാം പരിശ്രമിച്ചുകൊണ്ടേയിരിക്കണം. മനുഷ്യജീവിതത്തിലെ ക്രിയാത്മകവും സജീവവുമായ സംഘർഷം ഇത്തരം പ്രവർത്തനങ്ങളിലാണു് അടങ്ങിയിരിക്കുന്നതു്. പകലന്തിയോളം പണിചെയ്തശേഷം 'ഞങ്ങൾ പ്രയോജനരഹിതരായ ദാസന്മാരാണു്' എന്നുമാത്രം പറയാനാണു് ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. വൈദികൻ വിശുദ്ധിയിലും വിജ്ഞാനത്തിലും സേവനതത്പരതയിലും എന്നും വളർന്നുകൊണ്ടിരിക്കണം. പക്ഷേ പലരുടേയും വളർച്ച മുരടിച്ചുപോകുന്നതും ചിലർ കലപ്പയിൽ കൈവച്ചശേഷം പിൻതിരിഞ്ഞു നോക്കുന്നതും നമുക്കറിവുള്ളതാണു്. മൂന്നുകൊല്ലത്തോളം യേശുവിന്റെ രക്ഷാകരമായ സാമീപ്യം അനുഭവിച്ചതിനുശേഷവും അവിടുത്തെ ഒറ്റിക്കൊടുത്തവന്റെ പരമ്പര ഒരിക്കലും അവസാനിക്കുന്നില്ലായിരിക്കാം. യേശുവിനെ ഏറ്റവും കൂടുതൽ സ്നേഹിച്ച യോഹന്നാനെയല്ല അവിടുന്നു് തന്റെ സഭയുടെ തലവനായി നിയമിച്ചതെന്ന കാര്യം അത്ഥപൂർണ്ണമായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? യേശുവിനെ അഗാധമായി സ്നേഹിക്കുവാൻ എല്ലാവരും കടപ്പെട്ടവരാണു്— പത്രോസുംപ്പടെയുള്ളവർ. പക്ഷേ അങ്ങിനെയുള്ളവർ വിരളമായിരിക്കുമ്പോഴും സഭയുടെ ഭരണവും ശ്രുശ്രൂഷകളും മുമ്പോട്ടു പോകേണ്ടതുണ്ടു്. എല്ലാ മാർപ്പാപ്പാമാരും നാമകരണം ചെയ്യപ്പെട്ട വിശുദ്ധരല്ല. എല്ലാ മെത്രാന്മാരും വേദപാരംഗതരല്ല — വിശുദ്ധ അഗസ്റ്റിനേപ്പോലെ. എല്ലാ വൈദികരും വിയാനിമാരുമല്ല.

malankaralibrary.com

ഇതിന്റെയർത്ഥം വൈദികരുടേയും സഭാധികാരികളുടേയും തെറ്റുകളും വീഴ്ചകളും അവശ്യം നാം വകവെച്ചുകൊടുക്കണമെന്നല്ല. സിയന്നായിലെ വി. കത്രീനായേപ്പോലുള്ള വിശ്വാസധീരർപോലും സഭാധികാരത്തിന്റെ പാളിച്ചകളേയും വ്യതിചലനങ്ങളേയും അതിനിശിതമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. പക്ഷേ കത്രീനാ ചെയ്തതു് നമ്മിൽ പലരും അനുകരിക്കുമ്പോഴും, ആ പുണ്യവതിയുടെ വിശ്വാസധീരത നമ്മിൽ എത്രപേർക്കുണ്ടു് എന്ന കാര്യംകൂടി നാം ശ്രദ്ധിച്ചേ തീരൂ. നിരുത്തരവാദപരവും ദുഷ്ടോദ്ദേശ്യത്തോടുകൂടിയതുമായ വിമർശനം എന്നും എല്ലാവരും ഒഴിവാക്കേണ്ടതാണു്. അത്തരം വിമർശത്തേപ്പറ്റിയാണു് ഈ പ്രബന്ധത്തിന്റെ ആദ്യഭാഗത്തു ചൂണ്ടിക്കാണിച്ചതു്.

സേവനരംഗം

അതിരിക്കട്ടെ, തങ്ങളുടെ പരിധികളിലും പരിമിതികളിലും ഒതുങ്ങിനിന്നുകൊണ്ടു് നമ്മുടെ നാട്ടിലെ വൈദികരും സന്യാസിനീസന്യാസികളും നടത്തുന്ന സേവനങ്ങളെപ്പറ്റി വല്ലപ്പോഴുമെങ്കിലും ഒരു നല്ലവാക്കു പറയാൻ നമുക്കു സാധിക്കേണ്ടതല്ലേ? ഒരു സാധാരണ ഇടവകയിലെ വികാരിയുടെ കാര്യം നമുക്കു പരിശോധിക്കാം. ആ ഇടവകയിൽ വിദ്യാസമ്പന്നരും സാമ്പത്തികശേഷിയുള്ളവരും രാഷ്ട്രീയ–സാമൂഹിക രംഗങ്ങളിൽ സ്വാധീനമുള്ളവരും ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരുമായ പത്തുനൂറോയിരംപേരെങ്കിലും ഉണ്ടായിരിക്കും. എങ്കിലും അവരിലാരെയുംകാൾ കൂടുതലായി മനുഷ്യർക്കു നന്മ ചെയ്യാൻ ആ വികാരിയച്ചനു് സന്ദർഭവും അവസരവും ലഭിക്കാറുണ്ടു്. നമ്മുടെ ഒരു ഭവനത്തിൽ ഒരു ശിശു ഉണ്ടായാൽ, ഏതാനും ദിവസങ്ങൾക്കകം നാം ആ ശിശുവിനെ വൈദികന്റെ അടുക്കൽ കൊണ്ടുപോകുന്നു. അദ്ദേഹം നമ്മുടെ ശിശുവിനു മാമ്മോദീസ എന്ന കൂദാശവഴി ദൈവത്തിന്റെ പുത്രനായി പുനർജ്ജന്മം നൽകുന്നു. തുടർന്നുവരുന്ന കാലഘട്ടത്തിൽ കുർബ്ബാനയിലൂടെ യേശുവിന്റെ തിരുശരീരരക്തങ്ങളും നൽകിക്കൊണ്ടു് ദൈവികജീവനിലുള്ള അവന്റെ വളർച്ചയെ പരിപോഷിപ്പിക്കുന്നു. പാപമാകുന്ന രോഗം അവനെ അലട്ടുമ്പോഴും കുമ്പസാരമെന്ന കൂദാശയുടെ പരികർമ്മത്തിലൂടെ അവന്റെ രക്ഷയ്ക്കോടിയെത്തുന്നു. ക്രിസ്തീ

malankaralibrary.com

യപകൃതയുടെ ക്ലേദാശയായ സ്ഥൈര്യലേപനത്തിലൂടെ ക്രിസ്തുവിന്റെ ധീരയോദ്ധാവാക്കുന്നു. വിവാഹമെന്ന ക്ലേദാശവഴി വിവാഹജീവിതത്തിലേയ്ക്കു പ്രവേശിപ്പിക്കുന്നു. ഒരു ശിശു ജ്ഞാതനാകുമ്പോഴും മുതൽ അവന്റെ മരണംവരെ വൈദികന്റെ ശ്രദ്ധയും പരിചരണവും അവന്റെമേൽ ഉണ്ടാകുന്നു. എല്ലാ ദിവസവും ജനത്തിനുവേണ്ടി അദ്ദേഹം ദൈവതിരുമുമ്പിൽ ബലിയർപ്പിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. രോഗികൾക്കും ആസന്നമരണർക്കും അദ്ദേഹത്തിന്റെ സേവനം വിലപ്പെട്ടതാണു്. നിങ്ങളുടെ സ്വന്തക്കാരും സ്നേഹിതരും മരിച്ചതിനുശേഷം അവർക്കുവേണ്ടി സഭയുടെ നാമത്തിൽ പ്രാർത്ഥിക്കാനും ബലിയർപ്പിക്കാനും ആ വൈദികനെ നിങ്ങൾക്കാവശ്യമുണ്ടു്. ഇടവകയിലെ നിരവധിപ്രശ്നങ്ങൾ മാന്യമായും സമാധാനപരമായും പരിഹരിക്കാൻ ഇന്നും ഇടവകവികാരിമാരുടെ സേവനം ധാരാളംപേർ തേടാറുണ്ടു്. ഇങ്ങിനെ ഒരിടവകയിലെ കത്തോലിക്കരുടെ ആധ്യാത്മികങ്ങളും വെറും മാനുഷികങ്ങളുമായ നിരവധി ആവശ്യങ്ങൾ നിറവേറാൻ ഒരു വൈദികന്റെ സാന്നിദ്ധ്യം എത്രമാത്രം ഉപകരിക്കുന്നുവെന്നു ചിന്തിച്ചുനോക്കുക. ബലിയർപ്പിക്കുകയോ പ്രാർത്ഥിക്കുകയോ ക്ലേദാശകർമ്മം ചെയ്യുകയോ മാത്രമല്ല അദ്ദേഹം ചെയ്യുന്നതു്. യേശുവിന്റെ സദ്വാർത്ത തന്റെ ജനങ്ങൾക്കു പകർന്നുകൊടുക്കാനും അദ്ദേഹം ബാദ്ധ്യസ്ഥനാണു്. ആഴ്ചയിലൊരിക്കലെങ്കിലും സുവിശേഷപ്രസംഗത്തിലൂടെ ഈ കടമ അദ്ദേഹം നിറവേറ്റുന്നു. പ്രസംഗിക്കാനുള്ള കഴിവും വാഗ്ധാടിയും അദ്ദേഹത്തിനില്ല എന്നതു് ദൈവവചനപ്രഘോഷണത്തിന്റെ കാര്യക്ഷമതയെ ബാധിക്കണമെന്നില്ല. നല്ല നിലത്തുവീണ വിത്തുപോലെ ആ സന്ദേശം ശ്രവിക്കാനും സ്വീകരിക്കാനും ശ്രമിക്കുന്നവരെ സംബന്ധിച്ചിടത്തോളം അത്തരം സുവിശേഷപ്രഘോഷണങ്ങളും ഫലവത്താവുകതന്നെ ചെയ്യും. വളർന്നുവരുന്ന തലമുറയ്ക്കു് ആവശ്യമായ ആദ്ധ്യാത്മികശിക്ഷണവും മതപരമായ കാര്യങ്ങളിലുള്ള അറിവും പകർന്നുകൊടുക്കുന്നതിൽ, ഇന്നത്തെ പല കുടുംബനാഥന്മാരെയുംകാൾ ക്ലേദതലായി ശ്രദ്ധിക്കുന്നതും പരിശ്രമിക്കുന്നതും ഇടവകവികാരിമാരാണു് എന്ന കാര്യവും കൃതജ്ഞതാപൂർവ്വം നമുക്കിവിടെ അനുസ്മരിക്കാം.

malankaralibrary.com

ഇതെല്ലാം ഇടവകയിലുള്ളവരുടെ ആധ്യാത്മികവും മതപരവുമായ കാര്യങ്ങളാണു്. എന്നാൽ നമ്മുടെ വൈദികരുടെ മുഴുവൻ സമയവും ഇത്തരം കാര്യങ്ങളിൽ മാത്രമല്ല ചെലവഴിക്കപ്പെടുന്നതു്. വിദ്യാഭ്യാസപരവും സേവനപരവും സാംസ്കാരികവുമായ രംഗങ്ങളിൽ കേരളത്തിലെ കത്തോലിക്കർ ഇന്നു മുൻപന്തിയിൽ നിൽക്കുന്നുണ്ടെങ്കിൽ, ഇത്തരം കാര്യങ്ങൾക്കുവേണ്ടി ഏറ്റവും കൂടുതൽ പണിയെടുത്തിട്ടുള്ളതും മുൻകൈയെടുത്തിട്ടുള്ളതും നമ്മുടെ വൈദികരും സന്യാസിനീസന്യാസികളുമാണു് എന്നകാര്യം നന്ദിപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. ഇത്രയേറെ കോളജുകളും സ്കൂളുകളും ആശുപത്രികളും അനാഥശാലകളും പ്രസിദ്ധീകരണങ്ങളും കത്തോലിക്കരുടെ വകയായി കേരളത്തിലും ഭാരതത്തിലും ഇന്നു കാണുന്നുണ്ടെങ്കിൽ, അവയെല്ലാം പിന്നിൽ നിസ്വാർത്ഥമായും നിസ്വാർത്ഥമായും പരിശ്രമിച്ചിട്ടുള്ളതു് ഇവരാണെന്ന കാര്യം നാമെന്തിനു മനഃപൂർവ്വം അവഗണിക്കുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നു? ചിലപ്പോഴെല്ലാം കെട്ടിടംപണികളുടെ വേളകളിൽ വെട്ടിപ്പുകൾ നടന്നിട്ടുണ്ടാവാം. നിയമനത്തിനു് കോഴവാങ്ങിയിട്ടുണ്ടാവാം. ആശുപത്രികളിൽ മനുഷ്യത്വരഹിതമായ പെരുമാറ്റം നിലനിൽക്കുന്നുണ്ടാവാം. മുകളിൽപ്പറഞ്ഞ സ്ഥാപനങ്ങളും സേവനരംഗങ്ങളുമെല്ലാം ആരംഭിച്ചതും നിലനിൽക്കുന്നതും തുടർന്നുപോരുന്നതും ഇത്തരം അഴിമതികൾക്കും സ്വാർത്ഥതാത്പര്യങ്ങൾക്കുംവേണ്ടി മാത്രമാണു് എന്നാരെങ്കിലും പറഞ്ഞാൽ അതു തികച്ചും സത്യവിരുദ്ധമാണെന്നു് ആരും അംഗീകരിക്കും.

ഇൻഡ്യയിലെ കത്തോലിക്കാസ്ഥാപനങ്ങൾ (1986-ൽ)

കോളജുകൾ	—	—	140
ഹൈസ്കൂളുകൾ	—	—	3022
യു. പി. സ്കൂളുകൾ	—	—	3000
പ്രൈമറിസ്കൂളുകൾ	—	—	3208
നഴ്സറിസ്കൂളുകൾ	—	—	3012
ഡിസ്പെൻസറികൾ	—	—	1556
ഹോസ്പിറ്റലുകൾ	—	—	628
അനാഥശാലകൾ	—	—	1252

(അവലംബം: Catholic Directory of India 1986)

malankaralibrary.com

ഈ സ്ഥാപനങ്ങളിൽ ഒന്നുപോലും കത്തോലിക്കർക്കു വേണ്ടി മാത്രമായി നടത്തപ്പെടുന്നവയല്ല. നമ്മുടെ സ്ഥലങ്ങളിലും കോളജുകളിലും എത്രയോ അക്രൈസ്തവർ വിദ്യ അഭ്യസിക്കുകയും ജോലിനോക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രികളുടെ സേവനങ്ങളും ലഭിക്കുന്നതു് ക്രൈസ്തവർക്കുമാത്രമാണോ? കത്തോലിക്കരുടെ വകയായ ഭവനപദ്ധതികളും, അനാഥമന്ദിരങ്ങളും തുടങ്ങിയവയുടെ ഗുണഭോക്താക്കളും കത്തോലിക്കർ മാത്രമാണോ? ആക്ഷേപമുണ്ടെങ്കിൽ തൃശൂർ, എറണാകുളം തുടങ്ങിയ രൂപതകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിൽ നേരിട്ടുള്ള ഒരന്വേഷണം നടത്തിനോക്കുക. (ഒന്നുരണ്ടു വലിയ രൂപതകളുടെ പേരെടുത്തു പറഞ്ഞു എന്നേയുള്ളൂ. കേരളത്തിലെ എല്ലാ കത്തോലിക്കാരൂപതകളേപ്പറ്റിയും ഇങ്ങിനെ പറയാൻ കഴിയും). മലയോരപ്രദേശങ്ങളിൽ തിങ്ങിപ്പാർക്കുന്ന കർഷകരും പാവപ്പെട്ടവരുമായ അനേകായിരങ്ങളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനുമായി തലശ്ശേരി കോതമംഗലംപോലുള്ള രൂപതകളിലെ വൈദികർ കഴിഞ്ഞ പത്തുനാല്പതുകൊല്ലക്കാലമായി നടത്തിപ്പോരുന്ന സേവനങ്ങളുടെ ചരിത്രം ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. തീരപ്രദേശങ്ങളിലെ മുക്കുവരുടെയും പാവപ്പെട്ട ഹരിജനങ്ങളുടെയും ഉദ്ധാരണത്തിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് തുടങ്ങിയ രൂപതകളിലെ വൈദികർ ചെയ്യുന്ന സേവനവും വിസ്മരിക്കാവതല്ല. മനുഷ്യനന്മയ്ക്കുവേണ്ടി നമ്മുടെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നറിയണമെങ്കിൽ ഇതൊക്കെയാണു് നാം അന്വേഷിച്ചറിയേണ്ടതു്.

കേരളത്തിലെ കാര്യം മാത്രമേ ഇവിടെ എടുത്തുപറഞ്ഞുള്ളൂ., ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ നമ്മുടെ മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും നടത്തിപ്പോരുന്ന സേവനങ്ങളെപ്പറ്റി ഇവിടെയുള്ളവർക്കു് അധികമൊന്നും അറിഞ്ഞുകൂടതന്നെ. ആന്ധ്രായിലും ബീഹാറിലുമെല്ലാം ഭയങ്കരമായ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭമുണ്ടായപ്പോഴും ബംഗ്ലാദേശിലെ യുദ്ധകാലത്തുമെല്ലാം കേരളത്തിൽനിന്നുള്ള വൈദികരും കന്യാസ്ത്രീകളും ആ പ്രദേശങ്ങളിൽ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെപ്പറ്റി

malankaralibrary.com

എന്തുമാത്രം വർണ്ണിച്ചാലും മതിയാകുന്നതല്ല. അസാധാരണങ്ങളായ ഇത്തരം സന്ദർഭങ്ങൾ എന്നും ആവർത്തിക്കപ്പെടുന്നില്ല. എന്നാൽ ഇന്നും ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ സുവിശേഷപ്രവർത്തനങ്ങളും ആതുരശുശ്രൂഷയും നടത്തിക്കൊണ്ടിരിക്കുന്ന എത്രയേറെ വൈദികരേയും കന്യാസ്ത്രീകളേയുംപറ്റി ഇവിടെ വിവരിക്കാൻ കഴിയും. ഇത്തരം പല സ്ഥലങ്ങളും ഇതെഴുതുന്നയാൾ നേരിട്ട സന്ദർശിച്ചിട്ടുണ്ട്. പലരേയും പരിചയവുമുണ്ട്. ജീവിതകാലം മുഴുവൻ യേശുവിനോടുള്ള സ്നേഹത്തെപ്രതി ഇത്രയേറെ ത്യാഗോജ്ജ്വലമായ സേവനം അനുഷ്ഠിക്കുന്ന നമ്മുടെ വൈദികരേയും സിസ്റ്റേഴ്സിനേയുംപറ്റി ഒരു നല്ലവാക്കെങ്കിലും നമുക്കു പറഞ്ഞുകൂടേ? അവരെ അനുകരിക്കാൻ നമ്മുടെ യുവതീയുവാക്കൾ ധാരാളമായി മുന്നോട്ടു വരേണ്ടതല്ലേ? മിഷൻരംഗങ്ങളിലെ നമ്മുടെ പ്രവർത്തനങ്ങളെല്ലാം കുറ്റമറ്റതാണ് എന്നു് ഇവിടെ സൂചിപ്പിക്കുന്നില്ല. താളപ്പിഴകളും പാകപ്പിഴകളും മനുഷ്യത്വത്തിന്റെ ദൗർബല്യങ്ങളുമെല്ലാം ആ രംഗങ്ങളിലും ദൃശ്യമാണ്. പക്ഷേ, 'കണ്ടാലും! ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' എന്നരുപറഞ്ഞുകൊണ്ടു് നമ്മെ ആശ്വസിപ്പിക്കുന്ന ക്രിസ്തുവിന്റെ അരൂപി ശക്തമായിത്തന്നെ ഇത്തരം മേഖലകളിൽ ഈ വൈദികരിലൂടെയും സന്യാസിനികളിലൂടെയും ഇന്നും പ്രവർത്തനം നടത്തിക്കൊണ്ടാണിരിക്കുന്നതു്.

സന്യസ്തരെപ്പറ്റി

ഇടവകവൈദികരെപ്പറ്റിയാണു് ഇത്രയുമെ പ്രധാനമായും നാം ചർച്ചചെയ്തതു്. വിവിധ രൂപതകളിൽ മെത്രാന്മാരുടെ കീഴിൽ ജോലിചെയ്യുന്ന ഇവരെ രൂപതാവൈദികർ എന്നും വിളിക്കുന്നു. ഇവരിൽനിന്നു ചില കാര്യങ്ങളിൽ വ്യത്യസ്തരാണു് സന്യാസിനീസന്യാസികൾ. കർമ്മലീത്തക്കാർ, കപ്പൂച്ചിൻകാർ തുടങ്ങിയവർ നമുക്കു് ഏറ്റവും പരിചിതരായ സന്യാസവൈദികരാണു്. ഒവൈദികരല്ലാത്ത സഹോദരന്മാർക്കുവേണ്ടിയുള്ള സന്യാസസഭകളും നമ്മുടെ നാട്ടിലുണ്ടു്. കന്യാസ്ത്രീകൾ എന്നു സാധാരണയായി നാം വിളിക്കുന്നവരാണു് സന്യാസിനികൾ. ക്ലാരിസ്റ്റുകൾ, കർമ്മലീത്താക്കാർ തുടങ്ങി സന്യാസിനികളിലും പല വിഭാഗക്കാരുണ്ടു്. സഭയിലെ പ്രസിദ്ധരായ പല വിശുദ്ധരും സ്ഥാപിച്ചിട്ടുള്ളവയാണു് ഈ വിവിധ സന്യാ

malankaralibrary.com

സന്യാസികൾ. ഉദാഹരണമായി കപ്പൂച്ചിൻസഭയുടെ സ്ഥാപകൻ വി. ഫ്രാൻസിസ് അസ്സീസിയാണ്. ഈശോസഭയുടെ സ്ഥാപകൻ വി. ഇഗ്നേഷ്യസ് ലയോളയും.

കത്തോലിക്കാസഭയിലെ വൈദികരിൽ ബഹുഭൂരിപക്ഷവും ബ്രഹ്മചാരികളാണ്, അവിവാഹിതരാണ്. എന്നാൽ ചില പൗരസ്ത്യസഭാവിഭാഗങ്ങളിൽ വൈദികർ വിവാഹിതരാകാറുണ്ട്. സന്യാസിനീസന്യാസികളെല്ലാം നിർബന്ധമായും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരാണ്. കന്യാവ്രതം അഥവാ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ എടുത്തിട്ടുള്ളവരാണ് സന്യാസിനീസന്യാസികൾ. എല്ലാ കത്തോലിക്കരും ഇത്തരം വ്രതങ്ങൾ എടുക്കണമെന്നു സഭ നിർദ്ദേശിക്കുന്നില്ല. ഇവ കല്പനകളല്ല, നിർദ്ദേശങ്ങളാണ് (Counsels and not commandments). യേശുനാഥന്റെ ജീവിതരീതിയെ അനുകരിച്ചു, അവിവാഹിതരും ദരിദ്രരുമായി ജീവിക്കുന്ന ഇവർ തങ്ങളുടെ ജീവിതകാലം മുഴുവൻ കൂടുതലായ രീതിയിൽ വിശ്വാസ്യതിയും പരിപൂർണ്ണതയും ആർജ്ജിക്കാൻ പരിശ്രമിക്കുന്നവരാണ്. അതിനുപകരിക്കുന്നവയാണ് ബ്രഹ്മചര്യവും ദാരിദ്ര്യവുമെല്ലാം. തപസ്സിനും പ്രായശ്ചിത്തത്തിനും പ്രാർത്ഥനയ്ക്കും അപ്പസ്തോലികപ്രവർത്തനങ്ങൾക്കും ഇവർ കുടുംബജീവിതം നയിക്കുന്നവരെ അപേക്ഷിച്ച് കൂടുതൽ സമയം കണ്ടെത്തുന്നു. തനിക്കുവേണ്ടി അപ്പനെയും അമ്മയെയും ബന്ധുക്കളെയും വസ്തുവകകളെയും സുഖസൗകര്യങ്ങളെയും ഉപേക്ഷിക്കുന്നവർക്ക് ക്രിസ്തു വലുതായ പ്രതിഫലമാണ് വാഗ്ദാനംചെയ്തിരിക്കുന്നത്. കുടുംബജീവിതത്തിന്റെ പരിമിതികൾക്കും പരിധികൾക്കും അതീതമായി പ്രവർത്തിക്കാൻ ഇവർക്കു പ്രചോദനം ലഭിക്കുന്നതു യേശുവിന്റെ സ്നേഹപൂർണ്ണമായ ഈ വാഗ്ദാനത്തിൽനിന്നത്രേ.

സന്യാസജീവിതം എളുപ്പമുള്ളതോ ആയാസരഹിതമോ അല്ലതന്നെ. പുത്രകളത്രാദികളുടെ സ്നേഹമോ പരിചരണങ്ങളോ ശുശ്രൂഷകളോ ലഭിക്കാതെ സ്വന്തമായി സ്വത്തും പണവും സമ്പാദിക്കാൻ സ്വാതന്ത്ര്യമില്ലാതെ ആശ്രമാധിപന്റെ അഥവാ അധിപയുടെ നിർദ്ദേശങ്ങളും ആജ്ഞകളും ശിരസാ വഹിച്ചു, ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടേണ്ടിവരുന്ന ഒരാളുടെ സ്ഥിതി

malankaralibrary.com

എല്ലാവരും സ്വീകരിക്കുകയോ തെരഞ്ഞെടുക്കുകയോ ചെയ്യുക എന്നതു് തികച്ചും അചിന്ത്യമായ ഒരു കാര്യമത്രേ. സുവിശേഷപരമായ ജീവിതചര്യയിലൂടെ തനിക്കു സാക്ഷ്യംവഹിക്കാൻ കഴിവുള്ളവരെ യേശു വിശേഷവിധിയായി തെരഞ്ഞെടുക്കുകയും വിളിക്കുകയും ചെയ്യുന്നുണ്ടു്. സഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും വിവാഹജീവിതം നയിക്കുന്നവരാണു്. ജീവിതവിശുദ്ധിയും പുണ്യപൂർണ്ണതയും പ്രാപിക്കാൻ വിവാഹിതർക്കും ധാരാളമായ അവസരങ്ങളും കഴിവുകളും ദൈവം നൽകുന്നുണ്ടു്. ആധ്യാത്മികവും മതപരവുമായ ജീവിതചര്യയ്ക്കു് സന്യാസജീവിതത്തിൽ കൂടുതൽസൗകര്യങ്ങളും അവസരങ്ങളും ലഭിക്കുന്നുണ്ടു് എന്ന കാര്യം അംഗീകരിക്കുന്നതുകൊണ്ടു് കുടുംബജീവിതത്തിന്റെ വിശുദ്ധിക്കോ പ്രാധാന്യത്തിനോ കോട്ടംതട്ടുന്നുമില്ല. കുടുംബത്തെ ഒരു ദേവാലയമാക്കി രൂപാന്തരപ്പെടുത്താൻ എത്രയോ ദമ്പതികൾക്കു് ഇന്നും സാധിക്കുന്നുമുണ്ടു്.

നമ്മുടെ സന്യാസിനീസന്യാസികളും സഭയേയും ദൈവജനത്തേയും കൂടുതലായി സേവിക്കാനും ശ്രുശ്രൂഷിക്കാനുംവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണു്. അപ്പസ്തോലിക പ്രവർത്തനങ്ങൾ, ആതുര ശ്രുശ്രൂഷ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കത്തോലിക്കാസഭയിലെ സന്യാസിനീസന്യാസികളും നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അതിവിപുലമായ സേവനത്തെപ്പറ്റി നാമോരോരുത്തരും കുറെച്ചെങ്കിലും മനസ്സിലാക്കിയിരിക്കേണ്ടതാണു്. നമ്മുടെ സഭയേയും അതിലൂടെ നാം ലോകത്തിനു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളേയുംപറ്റി അഭിമാനപൂർവ്വം നമുക്കു സംസാരിക്കാൻ കഴിയണമെങ്കിൽ ഇതാവശ്യമത്രേ. നമ്മുടെ സന്യാസിനീസന്യാസിമാരേപ്പറ്റി എന്തു മാത്രം ആരോപണങ്ങളാണു് സാധാരണക്കാരായ കത്തോലിക്കരിൽനിന്നും അനുദിനമെന്നോണം നാം കേൾക്കാറുള്ളതു്! അച്ചനേയും കന്യാസ്ത്രീയേയുംപറ്റി അവജ്ഞയോടുകൂടിയല്ലാതെ സംസാരിക്കാൻ നമ്മിൽച്ചിലർക്കു സാധാരണഗതിയിൽ സാദ്ധ്യമല്ലാതെപോകുന്നതു് നിർഭാഗ്യകരംതന്നെ. ഇവർ നടത്തുന്ന സ്ഥാപനങ്ങളിലെ കുറ്റങ്ങളേയും കുറവുകളേയും പേരിലാണു് ഈ ആരോപണങ്ങളിൽ ഭൂരിപക്ഷവും ഉന്നയിക്കപ്പെടാറുള്ളതു്. ദരിദ്രമെന്നു് സ്വയം വിശേഷിപ്പിക്കുന്ന

malankaralibrary.com

ചില സന്യാസസഭകളും വലിയ കെട്ടിടങ്ങളും പണിയിക്കുന്നതും സ്വത്തുക്കളും സമ്പാദിക്കുന്നതും അവയിലെ അംഗങ്ങളിൽ പലരും പണം ധൂർത്തടിച്ചു് ആഡംബരപൂർവ്വം ജീവിക്കുന്നതുമൊക്കെ ആളുകളുടെയിടയിൽ ഉതപ്പിനു കാരണമാകാറുണ്ടു്. സഭയിലെ എല്ലാ സന്യാസസഭകളും ഒരുപോലെ ആദർശപരവും വിശുദ്ധവും മാതൃകാപരവും ക്രിസ്തീയവുമായ ജീവിതം നയിക്കുന്നവയല്ല എന്നകാര്യം ഇവിടെ മറച്ചുവയ്ക്കുന്നില്ല. എന്നാൽ അവിടവിടെ കാണുന്ന ചില വ്യതിചലനങ്ങളുടേയും ക്രമക്കേടുകളുടേയും പേരിൽ നമ്മുടെ സന്യാസിനീസന്യാസികളുടെ ജീവിതചര്യകളേയും സേവനങ്ങളേയും അടച്ചാക്ഷേപിക്കുന്നതു് തികച്ചും ഗർഹണീയമായ ഒരു പ്രവൃത്തിയത്രേ. കേരളത്തിലെ ഭ്രൂരിപക്ഷം സന്യാസസഭകളേയും അവയുടെ അംഗങ്ങളെയുംപറ്റി നിങ്ങളൊരന്വേഷണം നടത്തിനോക്കുക. പ്രാർത്ഥനയും പരിത്യാഗങ്ങളുംകൂടെ നോമ്പു്, ഉപവാസം, ആരാധന, ധ്യാനങ്ങൾ, സുവിശേഷപ്രവർത്തനം എന്നിവയ്ക്കുംവേണ്ടി സാധാരണ അല്പമേയരായ നമ്മെ അപേക്ഷിച്ചു് വളരെയേറെ സമയം അവർ ചെലവഴിക്കുന്നുണ്ടു്. വിശുദ്ധിയുടെ ഉന്നതശ്രേണികളിലെത്തിയ ധാരാളം സന്യാസിനീസന്യാസികളും ഇന്നും നമ്മുടെ നാട്ടിലെ ആശ്രമങ്ങളിൽ അജ്ഞാതരായി ജീവിക്കുന്നുണ്ടു്. ഇന്നാട്ടിലെ പല സന്യാസാശ്രമങ്ങളും മഠങ്ങളും ധാരാളം സ്വത്തുക്കളുള്ളവയായിട്ടാണു് അറിയപ്പെടുന്നതെങ്കിലും ആ സ്വത്തുക്കളും പണവും അവർ പലതരത്തിലുള്ള സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾക്കുംവേണ്ടി വിനിയോഗിക്കുകയാണുചെയ്യുന്നതു്. സന്യാസസഭകളും മറ്റും നടത്തുന്ന വിദ്യാലയങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ തുടങ്ങിയവ അവരുടെ സ്വന്തം ആവശ്യത്തിനുവേണ്ടി മാത്രമാണെന്നു് ആരും പറയുകയില്ലല്ലോ. നമ്മുടെ കന്യാസ്ത്രീമഠങ്ങളിലെ അംഗങ്ങളിൽ ഭ്രൂരിപക്ഷവും വളരെ വിഷമിച്ചു പുദ്ധിമുട്ടിയും ജീവിക്കുന്നവരാണു് എന്ന സത്യം പലരേയും ബോദ്ധ്യപ്പെടുത്തുക വിഷമകരംതന്നെയാണു്. നന്നായും വൃത്തിയായും വസ്ത്രം ധരിച്ചുതുകൊണ്ടോ, മാന്യമായി പെരുമാറുന്നതുകൊണ്ടോ അവർ ആഡംബരജീവിതക്കാരാണെന്നു് നാം ധരിച്ചുപോകരുതു്. മിക്ക സന്യാസാശ്രമങ്ങളിലേയും ഭക്ഷണവും ആഹാരരീതികളും എത്രയോ നിലവാരം കുറഞ്ഞവയാണെന്നു് അവ നേരിട്ടുകണ്ടി-

malankaralibrary.com

ട്ടുള്ളവർക്കു മാത്രമേ മനസ്സിലാവുകയുള്ളൂ. അതിഥികളെ സൽക്കരിക്കുമ്പോഴും അവർ മേശപ്പുറത്തു വയ്ക്കാറുള്ള വിഭവങ്ങളെല്ലാം അവരുടെ സാധാരണഭക്ഷണത്തിന്റെ ഭാഗമാണെന്നു നാം ധരിച്ചുപോകരുതു്. പല ആശ്രമങ്ങളിലും അന്തേവാസികളും അവരവരുടെ വസ്ത്രങ്ങളും മറ്റും സ്വയം അലക്കുന്നവരും ആഹാരസാധനങ്ങളും സ്വയം പാകംചെയ്യുന്നവരുമാണു്. നമ്മുടെ ഇടവകവൈദികരിൽപ്പലരും ഭക്ഷണാദികാര്യങ്ങളിൽ അനുഭവിക്കുന്ന അസൗകര്യങ്ങളും നമ്മിൽ ചിലർക്കെങ്കിലും അറിവുള്ളതാണല്ലോ. തങ്ങളുടെ ജീവിതാവസ്ഥ ആവശ്യപ്പെടുന്ന ത്യാഗങ്ങളുടെ ഒരു ഭാഗമായി അവർ അതും സ്വീകരിക്കുന്നു.

ഇതെല്ലാം എന്തിനുവേണ്ടി എന്നചോദ്യം പിന്നെയും അവശേഷിക്കുന്നു. വെറും മാനുഷികമായ പരിഗണനകളുടേയും കണക്കുകൂട്ടലുകളുടേയും പേരിൽമാത്രം ഇത്രയേറെ ത്യാഗങ്ങളും ബുദ്ധിമുട്ടുകളും ഒരു ജീവിതകാലം മുഴുവൻ സഹിക്കാൻ ആരെങ്കിലും തയ്യാറാകുമെന്നു തോന്നുന്നില്ല. തങ്ങൾക്കുവേണ്ടി എല്ലാം ത്യജിക്കുകയും സഹിക്കുകയും ചെയ്ത യേശുവിന്റെ ജീവിതമാതൃകയാണു്, അതുമാത്രമാണു് നമ്മുടെ വൈദികരുടേയും സന്യാസിനീസന്യാസികളുടേയും ജീവിതത്തിനും പ്രവർത്തനങ്ങൾക്കും എന്നും പ്രചോദനവും മാർഗ്ഗദർശനവും നൽകിപ്പോന്നിട്ടുള്ളതു്. സ്വാർത്ഥമോഹങ്ങളും അധികാരതൃഷ്ണയും ലൗകികതയുമെല്ലാം കുറെയൊക്കെ എക്കാലത്തും കുറെ വൈദികരേയും സന്യാസിനീസന്യാസികളേയും വഴിതെറ്റിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ടു്. പക്ഷേ ബഹുഭൂരിപക്ഷംവരുന്ന കത്തോലിക്കാവൈദികരുടേയും സന്യാസിനീസന്യാസികളുടേയും ഉജ്ജ്വലമായ ജീവിതസാക്ഷ്യത്തിനു കളങ്കംചേർക്കാൻ അവ ഒരിക്കലും പര്യാപ്തമായിട്ടില്ലതന്നെ. അതുകൊണ്ടുതന്നെയാണു് ഇവരെല്ലാം ഇന്നും നമ്മുടെ സഭയുടെ അഭിമാനസ്തംഭങ്ങളായി വിരാജിക്കുന്നതും.

മേൽച്ചൊന്ന വസ്തുതകളുടെ വെളിച്ചത്തിൽ നമ്മുടെ ശരാശരി അല്മായർ തങ്ങളുടെ വൈദികസഹോദരങ്ങളുടെ നേർക്കുള്ള സമീപനത്തിൽ കൂടുതൽ ഔദാര്യവും ധാരണയും പ്രകടിപ്പിക്കേണ്ടതല്ലേ? താഴെച്ചേർക്കുന്ന സൂചനകളും ആ വിഷയത്തിൽ സഹായകമായിരിക്കുമെന്നു കരുതുന്നു.

malankaralibrary.com

നമ്മുടെ കുടുംബസദസ്സുകളിലെ സംഭാഷണപരിധിയിൽ വൈദികവിമർശനം നാം ഒരിക്കലും ഉൾപ്പെടുത്തിക്കൂടാ; ചെറുപ്പക്കാരുടെയും കുട്ടികളുടെയും സാന്നിധ്യത്തിൽവച്ചു പ്രത്യേകിച്ചും. മറ്റുള്ളവർക്കു വൈദികവിമർശനത്തിനുള്ള ഒരു വേദിയായിത്തീരാൻ നമ്മുടെ കുടുംബങ്ങളെ അനുവദിക്കപ്പെടരുത്. പുറംവേദികളിലും വൈദികവിമർശനത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ നാം സഹകരിച്ചുകൂടാ. വൈദികരിലും സന്യാസിനികളിലും തിരുത്തപ്പെടേണ്ടവയെന്നു നമുക്കു ഉത്തമബോധ്യമുള്ള കാര്യങ്ങളെ, ബന്ധപ്പെട്ടവരെ നേരിട്ടോ അധികാരികളെ മുഖേനയോ അറിയിക്കുകയെന്നതു ഒരു കടമയായിക്കരുതണം. വീട്ടിലെ വിശേഷാവസരങ്ങളിലും മറ്റും വൈദികരെക്കൂടി അനുസ്മരിച്ചുകൊണ്ടു, അവരും നമ്മുടെ കുടുംബത്തിലെ ശ്രേഷ്ഠാംഗങ്ങളെ എന്ന മട്ടിലുള്ള ഒരു ബന്ധം നിലനിർത്താൻ ശ്രമിക്കുന്നതു ഉചിതമായിരിക്കും. മാറിത്താമസിക്കുന്ന മക്കളെ വിശേഷാൽസന്ദർഭങ്ങളിലും മറ്റും മാതാപിതാക്കളെ സന്ദർശിച്ചു സ്നേഹാദരങ്ങളെ അറിയിക്കാറുണ്ടല്ലോ. നമ്മുടെ ആധ്യാത്മികപിതാക്കന്മാരുടെനേർക്കു നമുക്കും എന്തുകൊണ്ടു അത്തരമൊരു സമീപനം സ്വീകരിച്ചുകൂടാ? മറ്റു ചില മതങ്ങളിലെന്നപോലെ, ജന്മനാ പൗരോഹിത്യം ലഭിക്കുന്ന ഒരു പുരോഹിതവർഗ്ഗമല്ല സഭയിലേതു എന്നു നാം ഓർമ്മിക്കണം. സഭയിലെ പുരോഹിതന്മാർ പ്രായേണ നമ്മുടെ ശരാശരി ഭവനങ്ങളിൽനിന്നു വരുന്നവരാണ്. അവരുടെ ജീവിതശൈലിയിലും പെരുമാറ്റത്തിലും, അത്തരം കുടുംബപശ്ചാത്തലത്തിൽനിന്നു ലഭിച്ച അതുതന്നെ അഭിലഷണീയമല്ലാത്ത ചില മുദ്രകൾ കാണപ്പെടുന്നപക്ഷം അവയെ സ്വാഭാവികമെന്നെണ്ണി സഹിഷ്ണുതയോടും സഹതാപബുദ്ധിയോടുംകൂടി നാം വീക്ഷിക്കേണ്ടതല്ലേ? ○

malankaralibrary.com

5

വായനയും വളർച്ചയും

നേരം പുലരുന്നതേയുള്ളൂ. ദൂരെ വഴിയോരക്കെട്ടിടങ്ങൾക്കപ്പുറം പത്രക്കാരൻപയ്യൻ സൈക്കിളിൽ ഒരു പൊട്ടു പോലെ പ്രത്യക്ഷപ്പെട്ടു. വീട്ടിൽ അപ്പനും അമ്മയും മക്കളും കാത്തിരിപ്പാണ്. പത്രം വരാൻ, പത്രം വായിക്കാൻ.

അപ്പന് കമ്പോളനിലവാരമറിയണം, അമ്മയ്ക്ക് വെട്ടിംകുത്തും സ്ത്രീധനപീഡനവും ഒളിച്ചോട്ടവും മതിയാവും. മകന് ക്രിക്കറ്. മകൾക്ക് സിനിമാപ്പരസ്യങ്ങൾ. ഇളയവൻ തുടരൻ കോമിക്സിന് ഇടിച്ചുകേറുന്നു.

ആ കുടുംബത്തിൽ വായനാശീലമില്ലെന്നു പറയാമോ?

പുറത്തു് ഉച്ചവെയിൽ ചാഞ്ഞുതുടങ്ങുന്നു. ഊണുകഴിഞ്ഞു് ഉറക്കത്തിനു മുമ്പാണ് അപ്പൻ പത്രം വിശദമായി വായിക്കുന്നു. കമ്പോളനിലവാരത്തിൽനിന്ന് അദ്ദേഹം ആനുകാലിക രാഷ്ട്രീയത്തിലേക്കുതിരിയുന്നു.

വീട്ടിൽ വാരികകൾ സുലഭമാണ്. അതിൽ മുട്ടിനുമുട്ടിനു നോവൽത്തുണ്ടുകൾ. എത്ര രസകരം! എത്രയെണ്ണം! കാപ്പിക്കടനേരമാവുംമുമ്പ് ഇതൊക്കെ വായിച്ചുതീർക്കാനാവുമോ! അമ്മ വേവലാതിപ്പെട്ടു.

malankaralibrary.com

കോളജിൽ ഷിഫ്റ്റുസമ്പ്രദായം ഏർപ്പെടുത്തിയതെത്ര നന്നായി! മകനും മകളും നേരത്തേ വീടണയുന്നു. അവരും ധാരാളം വായിക്കുന്നു. മകൻ ഡിറക്ടീവ്. മകളുടെ കൈയിൽ 'ഇക്കിളിപ്പൂക്കൾ വിടരുമ്പോൾ'. തീരാതെ താഴെവയ്ക്കാൻ തോന്നാത്ത നോവൽ. അദ്ധ്യാപകൻ ക്ലാസ്സു തകർത്തെടുക്കുമ്പോഴും പാഠപുസ്തകത്തിനകത്തു് ചിത്രകഥ ഒളിച്ചുവച്ചു വായിക്കുന്ന ഇളയ മകൻ.

ആ കുടുംബത്തിൽ വായനാശീലമില്ലെന്നു പറയാമോ!

പറയില്ലായിരിക്കാം. പക്ഷേ, ഒന്നുകൂടി സമ്മതിക്കണം. ഇതാണു നമ്മുടെ വായനയുടെ നിലവാരം. ഒരു ശരാശരി കത്തോലിക്കാകുടുംബത്തിലെ വായനയുടെ പോക്കു്.

ഇവിടെ പള്ളിയോടനുബന്ധിച്ചു പള്ളിക്കുടങ്ങളുണ്ടായിരുന്നു. ദൈവാധീനം. അതുകൊണ്ടു് കത്തോലിക്കർ ഒന്നടങ്കം അക്ഷരവൈരികളായില്ല! അത്യാവശ്യം കണക്കറിയാം. ഭാഷ കൂട്ടിവായിക്കാം. റബ്ബറിനും മീനിനും കണക്കറിയണമല്ലോ. വേദോപദേശത്തിനും അമ്പത്തിമൂന്നുമണിജപത്തിനും അക്ഷരമറിയണമല്ലോ. പടിഞ്ഞാറുനിന്നു കപ്പൽ കയറിവന്ന പാതിരിമാർക്കു നന്ദി!

മൂന്നാലയപ്രേഷിതത്വത്തിനു് കത്തോലിക്കാസഭ മുഖ്യഗണന നല്കിയിട്ടുണ്ടു്. മിക്കവാറും സന്ന്യാസസഭകൾക്കും രൂപതകൾക്കും മതസാംസ്കാരികപ്രസിദ്ധീകരണങ്ങളുണ്ടു്. ദിനപ്പത്രങ്ങൾതന്നെയുണ്ടു്. ഒക്കെ ശരി. പക്ഷേ, നാമതു് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ? നിഷ്കൃഷ്ടാർത്ഥത്തിൽ, നാം നിലവാരപ്പെട്ട വായനയുള്ളവരാണോ? നല്ല വായന അത്യാവശ്യമെന്നു കരുതുന്നവരാണോ നാം? അപ്രിയകരമാണെങ്കിലും സത്യമതല്ലേ?— വായന നമ്മെ സംബന്ധിച്ചിടത്തോളം, ഒഴിവാക്കാവുന്ന ഒരു ആഡംബരമല്ലേ?

വായനയുടെ അഗ്രിമോദ്ദേശ്യം കേവലമായ മാനസികോല്ലാസമല്ല. നല്ല വായന മനഃസംസ്കരണം സാധിക്കണം. ഉദാത്തചിന്തകൾ ഉല്പന്നമാകുന്നില്ലെങ്കിൽ വായനയുടെ ധർമ്മം വന്ധ്യമാകുന്നു. ചപലഭാവങ്ങളിൽനിന്നു പക്വവിചാരങ്ങളിലേക്കു വായ

malankaralibrary.com

ന നമ്മെ നയിക്കണം. ചുരുക്കത്തിൽ, വായനകഴിയുമ്പോൾ നാം പുതിയൊരു മനുഷ്യനാവണം; അതും നല്ലമനുഷ്യൻ. നന്മ ആഗിരണംചെയ്യ്, നന്മ വികിരണം ചെയ്യാൻ സന്നദ്ധനായ മനുഷ്യൻ. അപരനിൽ മഹത്ത്വം ദർശിക്കുന്ന മനുഷ്യൻ. ലോകത്തിന്റെഅഭ്യുത്ഥാനമിച്ഛിക്കുന്ന മനുഷ്യൻ. അകലങ്ങളിൽ പോറലേറ്റാലും, ഇവിടിരുന്നു വേദനിക്കാൻ കഴിയുന്ന മനുഷ്യൻ. ധ്രുവാന്തരങ്ങളിലെ സഹജീവിയുടെ ഹൃദ്സ്പന്ദം ഇവിടിരുന്നു് സംവേദിച്ചറിയാൻ കെല്പുള്ള മനുഷ്യൻ. വായന നല്കേണ്ടതു് ക്ഷണികോന്മാദമല്ല. ചിരസ്ഥായിയായ പ്രതികരണമുണർത്തുന്ന വായനയേ, നല്ല വായന എന്ന വിശേഷണമർഹിക്കുന്നുള്ളൂ.

പത്രമായാലും പൈങ്കിളിയായാലും, വായിക്കുന്ന കുടുംബമുണ്ടല്ലോ, സഹിക്കാം. പ്രൗഢിക്കുവേണ്ടി പത്രം വരുത്തുന്ന വീട്ടുകളുണ്ടു്. ഒരിംഗ്ലീഷ്പത്രവും വരുത്തിക്കളയും! മാസികകളും വരുത്തും. പോസ്റ്റിൽ വരുത്തുന്നവയുടെ റാപ്പർ പൊട്ടിക്കുന്നതാരെന്നോ?— പഴയപത്രം തൂക്കിയെടുക്കാൻ കള്ളത്തൂലാസുമായി വരുന്ന കച്ചവടക്കാരൻ!

കൊട്ടും കുരവയുമായി ഒരു 'സാമൂഹികസമ്പർക്കമാദ്ധ്യമദിന' (ദിനാചരണങ്ങളിൽ നമുക്കുണ്ടോ പഞ്ഞം?)ത്തിൽ ഇടവകലൈബ്രറി തുടങ്ങി. ഒത്തിരിപ്പുസ്തകങ്ങളം അച്ചൻ ഓടിനടന്നു സംഘടിപ്പിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ചു് ഒരു ബോധവത്ക്കരണസെമിനാറും പുസ്തകപ്രദർശനവും നടത്തി. വൈകിട്ടു് അഞ്ചുമണിമുതൽ ഏഴുമണിവരെ ഒരു കേന്ദ്രസംഘടനക്കാരനെ പ്രധാനമന്ത്രിയേല്പിച്ചു. ശുദ്ധീകരണസ്ഥലത്തെ 'ആത്മക്കാരു'ക്കൂടി അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ലെന്നാണു് പാവം വികാരിയച്ചന്റെ സങ്കടം! ചില കുട്ടികളം ചെന്നു—പടങ്ങളം അധികമുള്ള പുസ്തകങ്ങളുണ്ടോ? ഒരു കോളേജുകുമാരൻ ഇംഗ്ലീഷ്നോവൽ തേടിച്ചെന്നപ്പോൾ പാവം ലൈബ്രേറിയൻ വിയർത്തുപോയി. പക്ഷേ, സംഗതിയുടെ ഗുട്ടൻസ് പിടികിട്ടിയതു പിന്നീടാണു്. പഠിക്കാനുള്ള പുസ്തകങ്ങൾ ക്ലാസ്സിൽ കൊണ്ടുപോകുന്ന പ്രകൃതക്കാരനല്ല ആ കോളേജുകുമാരൻ. ഇംഗ്ലീഷ് നോവലുകളുടെ പുറംചട്ടയായാൽ, ചട്ടയില്ലാത്തവരുടെ പടം കാണും! അങ്ങനൊരെണ്ണം കിട്ടിയാൽ അതും കൈയിൽ പിടിച്ചു് ബസ്സിലും കോളേജിലും ഒന്നു വിലസാം!!

malankaralibrary.com

ഇപ്പോഴും ആ ലൈബ്രറിക്കെട്ടിടം, ഇടയ്ക്കിടെ പള്ളി വളപ്പിൽ അടർന്നുവീഴുന്ന ഉണക്കത്തേങ്ങകളും സൂക്ഷിക്കാൻ ഉപയോഗിക്കുന്നു. ലൈബ്രേറിയനായി സേവനമനുഷ്ഠിച്ച ഭക്തസംഘടനക്കാരനു് കുളാർക്കുപണികിട്ടി. അങ്ങനെ ഒരാത്മാവു കൂടി രക്ഷപ്പെട്ട!

പണ്ടു് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഏതെങ്കിലുമൊരു സുവിശേഷഭാഗം വായിക്കുന്ന പതിവു് കത്തോലിക്കാഭവനങ്ങളിലുണ്ടായിരുന്നു. രണ്ടുമൂന്നു വണക്കമാസങ്ങളും നമുക്കുണ്ടായിരുന്നു. 'കൂളിപ്പിച്ചു കൂളിപ്പിച്ചുകൊച്ചില്ലാണ്ടായി' എന്നു പറഞ്ഞതുപോലെ, പരിഷ്ക്കരിച്ച പ്രാർത്ഥനകളും വന്നപ്പോൾ, അതൊക്കെ ഔട്ടായി! ജപമാലയിലെ അഞ്ചുരഹസ്യങ്ങളും ഒരു രഹസ്യമായി സംഗ്രഹിക്കുന്നതുവരെ ദൈവശാസ്ത്രം വളർന്നു. അല്ലെങ്കിൽ ടി. വി. യിൽ ചിത്രഹാറിന്റെ നേരത്തല്ലേ, ഒരു സന്ധ്യാപ്രാർത്ഥന! പിന്നല്ലേ വായന!!

കമ്പോളനിലവാരത്തിനപ്പുറമുള്ള പൊതുവിജ്ഞാനമൊന്നും ആവശ്യമില്ലെന്നു കരുതുന്ന അപ്പൻ; കല്യാണം കഴിഞ്ഞതിൽപ്പിന്നെ അക്ഷരമൊന്നും കണ്ടിട്ടില്ലാത്ത അമ്മ; പാഠപുസ്തകത്തിനു പുറമേ എന്തെങ്കിലും വായിച്ചാൽ പഠനം മോശമായിപ്പോകുമെന്നു് ഇത്തരം വായനാവിരോധികളും ശഠിച്ചാൽ അത്തപ്പെടണോ! ഫലമോ? സമൂഹത്തിന്റെ സ്പന്ദനമോ ശാസ്ത്രത്തിന്റെ വളർച്ചയോ അറിവില്ല. ഭക്ഷിക്കുക, ഉറങ്ങുക, സമ്പാദിക്കുക, ഇതൊക്കെമാത്രമായിരിക്കും അവരുടെ ലോകം! ഖേദകരമായ ഒരവസ്ഥ!

വായന ഇല്ലെന്നതല്ല, നല്ല വായന ഇല്ലെന്നതാണു് നമ്മുടെ പ്രധാന പ്രശ്നം. കനപ്പെട്ട വായന ആർക്കും വേണ്ട. നോവലും കഥയും നാടകവും സഹിക്കാം; ലേഖനമായാൽ രക്ഷയില്ല. നമുക്കു വേണ്ടതു് ഇന്നു ലോകത്തിൽ സുലഭം. അതുകൊണ്ടാവാം, കത്തോലിക്കാപ്രസാധകന്മാർവരെ മറ്റു പ്രസിദ്ധീകരണങ്ങളും ഏറ്റുവാങ്ങുന്നതു്. പള്ളിക്കെട്ടിടത്തിലെ ബുക്കു് സ്റ്റാളിൽച്ചെന്നു നോക്കൂ; പച്ചത്തെറി ഒഴികെ എന്തും അവിടെ കിട്ടിയേക്കും. അല്പം കളിയും പുളിയുമൊക്കെയുള്ള ഒരു വാരികയുടെ മൂന്നു കോപ്പികളും ഒരേ പത്രക്കാരൻപയ്യൻ ഒരേ

malankaralibrary.com

വീട്ടിൽത്തന്നെ കൊടുക്കണം. ഒന്ന് അപ്പനു് ഓഫീസിൽവച്ചു വായിക്കാൻ. രണ്ടാമത്തേതു്, വീട്ടുപണികഴിയുമ്പോൾ അമ്മയ്ക്കു വേണ്ടി. മകനും ഒരെണ്ണം രഹസ്യമായി വാങ്ങുന്നതു് കോളേജിലെ ബോറു് ഒഴിവാക്കാനാണു്. ആ വാരികയുടെ പ്രചാരം ലക്ഷങ്ങളും കവിയുന്നതു് ഇങ്ങനെ വായനക്കാർ പെരുകുന്നതുകൊണ്ടാണു്. വള്ളിയും പുള്ളിയും മാറി ഇമ്മാതിരി വാരികകളും പിന്നെയും തുടങ്ങുന്നതിനുകാരണം നമ്മുടെ 'വായനാശീലം'തന്നെ.

അതേ; നമ്മുടെ കുടുംബങ്ങളിൽ വായനാശീലമുണ്ടാക്കുകയല്ല, അതൊന്നു സംസ്കരിച്ചെടുക്കുകയാണു വേണ്ടതു്. വ്യക്തിയുടെ രൂപീകരണത്തിൽ വായനയ്ക്കു് വളരെയേറെ സ്വാധീനമുണ്ടു്. നിങ്ങളും വായിക്കുന്നതെന്താണെന്നു പറയുക-നിങ്ങളാരാണെന്നു പറയാം: പതിരില്ലാത്തൊരു പഴഞ്ചൊല്ലു്. ഇന്നു് വഴിവക്കുകളിൽ സുലഭമായ പൈങ്കിളിവാരികകളും 'ശവംതീറ്റി'മാസികകളും വായിക്കുന്ന നമ്മുടെ യുവജനം അതിലെ നായികാനായകന്മാരേയും വില്ലന്മാരേയും അനുകരിക്കാൻ ശ്രമിക്കുന്നതിന്റെ ഉദാഹരണങ്ങളും ദിനപ്പത്രങ്ങളിൽ ധാരാളമല്ലേ! ബാങ്കുകൊള്ളകളും വർദ്ധിക്കുന്നു; കൊലയും, പിടിച്ചുപറിയും, മോഷണവും ബലാൽസംഗവും ധാരാളം. പുതിയ മാർഗ്ഗങ്ങൾ പരീക്ഷിക്കപ്പെടുന്നു. നല്ല ഗ്രന്ഥങ്ങൾ ജീവിതത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായി മഹത്ത്വത്തിന്റെ പടികൾ ചവിട്ടിക്കയറിയവരുടെ ഉദാഹരണങ്ങളും ധാരാളമുണ്ടു്. പക്ഷേ അതറിയണമെങ്കിൽത്തന്നെ നല്ല ജീവചരിത്രങ്ങൾ വായിക്കണമല്ലോ.

ശരിയായ വായന എന്തെന്നു മനസ്സിലാക്കിക്കൊടുക്കുക: ഇതിനുള്ള മരുന്നു് ഒറ്റ ഡോസായി കൊടുക്കരുതു്. മാസത്തിൽ പത്തു നോവലുകൾ വായിക്കുന്ന ഒരാൾ, അതിൽ രണ്ടെണ്ണം കനപ്പെട്ട പ്രമേയങ്ങളുള്ള പുസ്തകമാക്കട്ടെ. ഓ, ഉറക്കം വരുന്നു; അല്ലേ? കിടന്നുകൊണ്ടുവായിക്കരുതു്. നടുവേദനിക്കുന്നു, അല്ലേ? ഇരുന്നുകൊണ്ടും വായിക്കരുതു്. അമ്മാതിരിപ്പുസ്തകങ്ങളും നടന്നുകൊണ്ടു വായിക്കുക. ബോറടിക്കുന്നു, അല്ലേ? ശരി, പുസ്തകം അടച്ചോളൂ. ഒരു തുണ്ടുകടലാസെടുക്കുക. ഇപ്പോൾ വായിച്ചതിന്റെ ആശയം ഒരു കൊച്ചുഖണ്ഡികയിൽ എഴുതി

malankaralibrary.com

നോക്കുക. നിങ്ങളറിയാതെ വീണ്ടും ആ പുസ്തകം തുറന്നുനോക്കും.

മക്കൾക്കു നല്ലതും പോഷകസമൃദ്ധവുമായ ഭക്ഷണം നല്കാൻ വ്യഗ്രത കാണിക്കുന്ന മാതാപിതാക്കളോട് ഒരു വാക്ക്: അവക്ക് കപ്പപ്പുഴുക്കുമാത്രം മതിയോ? മനസ്സിന്റെ ഭോജനമാണു വായന. അവക്കു സദാ വാരികകൾമാത്രം മതിയോ? കനപ്പെട്ട ഗ്രന്ഥങ്ങളും അവക്കുവേണ്ടേ? പറയുന്നതല്ല, കാണിക്കുന്നതാണു മാതൃക. മക്കൾക്കു തത്ത്വശാസ്ത്രവും നിങ്ങൾക്കു പൈങ്കിളിനോവലും! അതുവേണ്ട.

പത്രമാസികകളുടെ മുമതലക്കാരായ സംഘാധികാരികളും കാലത്തിന്റെ മാറ്റങ്ങളും ഉൾക്കൊള്ളണം., ഒരേതാളം പോരാ. നിങ്ങൾ ദൈവശാസ്ത്രം പറഞ്ഞോളൂ; തത്ത്വശാസ്ത്രം എഴുതിക്കൊള്ളൂ. പക്ഷേ, പറയുന്ന രീതി കാലികമാക്കുക. നിത്യജീവിതത്തിൽ കാണുന്നതു വിഗണിച്ച്, വെറുതെ വരട്ടസിദ്ധാന്തങ്ങൾ അവതരിപ്പിക്കരുത്. ദൈവശാസ്ത്രം വിരക്തവാദവും തത്ത്വശാസ്ത്രം തട്ടാമുട്ടിയും ആണെന്നുവരുത്തിത്തീർക്കരുത്. കത്തോലിക്കാപ്രസിദ്ധീകരണങ്ങളിലെ നോവൽ, വെറും പള്ളിക്കഥയാവരുതു്. സാഹിത്യം, കല, സംസ്കാരം, സ്പോർട്ട്സ്— ഒന്നും നമുക്ക് അന്യമാവരുത്. സിനിമയും നമ്മുടെ വേലിക്കപ്പുറമുള്ള ഒന്നല്ല. ഇതിനെയെല്ലാം സമന്വയിക്കാൻ നമുക്കാവണം. പൂക്കളുടെയും പുണ്യാത്മാക്കളുടെയും പടംമാത്രമേ മുഖചിത്രമാക്കാവൂ എന്നില്ല. മൂല്യബോധമുള്ള എഴുത്തുകാർ—അവർ അക്രൈസ്തവരായിരിക്കാം— കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ എഴുതട്ടെ.

മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് ഒരു പുസ്തകം വായിച്ചാസ്വദിക്കുന്ന ഒരു കുടുംബത്തെ കണ്ടാൽ, അതു് ഒരു സന്തുഷ്ടകുടുംബമെന്ന നിഗമനത്തിലായിരിക്കും ഞാൻ എത്തുക.

○

malankaralibrary.com

ഭാഗം അഞ്ചു്

ദാമ്പത്യജീവിതത്തിലെ ചില ഘട്ടങ്ങൾ

malankaralibrary.com

1

നവദമ്പതികൾ യുവദമ്പതികൾ

നിറപ്പകിട്ടാർന്ന നിരവധി ആഗ്രഹങ്ങളും പ്രതീക്ഷകളുമായിട്ടാണ് ഓരോരുത്തരും വിവാഹമണ്ഡപത്തിലേക്ക് കടന്നുവരുന്നത്. അവരവർ ജീവിക്കുന്ന ചുറ്റുപാട്, വിദ്യാഭ്യാസം, ജോലി, വളർന്ന സാമൂഹ്യപശ്ചാത്തലം ഇവയനുസരിച്ച് ഓരോരുത്തരുടേയും ആശയാഭിലാഷങ്ങളും വ്യത്യാസപ്പെട്ടിരിക്കും. ഗ്രാമാന്തരീക്ഷത്തിൽ വളർന്ന ഒരു വധുവിന്റെ സങ്കല്പങ്ങളല്ല നഗരജീവിതം നയിക്കുന്ന ഒരു വധുവിനുണ്ടാവുക. ഇതുപോലെതന്നെ പുരുഷന്മാർക്കും വിഭിന്നസങ്കല്പങ്ങളും പ്രതീക്ഷകളും വിവാഹജീവിതത്തെക്കുറിച്ചുണ്ടാവും. പ്രതീക്ഷ ഏതുമാത്രം നിറപ്പകിട്ടാർന്നതാണോ അതനുസരിച്ചിരിക്കും പ്രശ്നങ്ങളുടെ ഗൗരവവും. മൂന്നാമതൊരാൾ കേട്ടാൽ വെറും നിസ്സാരമെന്നു തോന്നുന്ന പ്രശ്നങ്ങളായിരിക്കും പല നവദമ്പതികളേയും തമ്മിലകറ്റുന്നതും തമ്മിലടിപ്പിക്കുന്നതും. ആദ്യരാത്രിയിൽ ഭർത്താവിനെ ലൈംഗികബന്ധത്തിനു പ്രേരിപ്പിച്ചു എന്നു കാര്യംപറഞ്ഞു ഭാര്യയെ 'അഴിഞ്ഞാട്ടക്കാരി'യായി ചിത്രീകരിച്ചു പിണങ്ങിപ്പോയ ഒരു മണവാളനെ അറിയാം. വിവാഹത്തിനുശേഷം മൂന്നുമാസം കഴിഞ്ഞപ്പോൾ 'ഇനി ഞാൻ ഭാര്യ

malankaralibrary.com

വീട്ടിലേക്കില്ല' എന്നു ശപഥംചെയ്ത ഒരു മണവാളന്റെ വാക്കുകൾ ഇതാ: 'ഭാര്യവീട്ടിൽച്ചെന്നാൽ ഞാനൊരന്യനാണു്. എനിക്കും ഭാര്യയ്ക്കും ഉറങ്ങാനുള്ള മുറിയൊഴികെ മറ്റൊരിടത്തും എനിക്കു പ്രവേശനമില്ല. എല്ലാമുറിയും പൂട്ടിയിട്ടിരിക്കും'. ആ വീട്ടിലെ ഒരുകാര്യവും താൻ അറിയരുതെന്നു കരുതിയാണു് അവർ പെരുമാറുന്നതു് എന്നാണു മണവാളന്റെ പരാതി. ഇവിടെ പങ്കാളിത്തം കിട്ടാത്തതിന്റെ അതൃപ്തിയാണു കാണുക. താൻ ഒരന്യൻ എന്ന ചിന്തയാണു് ഭാര്യവീട്ടിൽ ചെല്ലുമ്പോഴും ഈ മണവാളനനുഭവപ്പെടുക.

'എത്രയൊക്കെപ്പറഞ്ഞാലും എങ്ങനെയൊക്കെ സ്നേഹം കാണിച്ചാലും അപ്പൻ പറയുന്നതിൽനിന്നു വരവണ്ണംപോലും എന്റെ ഭർത്താവു മാറുകയില്ല'. ഇതൊരു മണവാട്ടിയുടെ വാക്കുകളാണു്. 'ഞാൻ ഇതേവരെ അപ്പനെ അനുസരിച്ചേ ശീലിച്ചിട്ടുള്ളു. കല്യാണം കഴിച്ചാൽ എന്റെ ഈ ശീലം ഒരു പ്രശ്നമാകുമോ എന്നാണു പേടി'; ഇതു് വിവാഹിതർക്കുള്ള സെമിനാർ കൂടാൻവന്ന ഒരു യുവാവിന്റെ പേടിയാണു്. ഇതാ ഒരു പുതുമണവാട്ടി സംസാരിക്കുന്നു: 'ഞാൻ ആ വീട്ടിൽ ചെന്നുകേറിയതുമുതൽ ജോലിയെല്ലാം എന്റെ തലയിലായി. അമ്മായി അമ്മയും നാത്തൂന്മാരും മാറിനിന്നു് എന്നെക്കൊണ്ടു ജോലി ചെയ്യിക്കുന്നു. ശ്വാസം മുട്ടുന്ന ഒരന്തരീക്ഷം.'

'ഇതു തങ്ങളുടെ വീടാണു്' എന്ന തോന്നൽ ഉണ്ടാവാത്തതാണു് പല മണവാട്ടിമാരേയും ബാധിക്കുന്ന വലിയ പ്രശ്നം. പുതുമണവാട്ടി വന്നുകേറിയാലുടനേ അവളുടെ കഴിവും കഴിവുകേടും പരീക്ഷിച്ചറിയാൻ ശ്രമിക്കുന്നതു് അഭികാമ്യമല്ല. ഉത്തരവാദിത്വങ്ങൾ ക്രമേണ കൈമാറുന്നതായിരിക്കും നല്ലതു്. അവളുടെ ജോലി, സൗന്ദര്യം, കുടുംബമഹിമ എന്നിവയെ മറ്റുള്ള വരുടേതുമായി താരതമ്യപ്പെടുത്തി വിധികല്പിക്കുന്നതും ശരിയല്ല. 'എത്രയൊക്കെ ആലോചന വന്നതാ, ഒടുവിൽ ഇതാ വിധിച്ചതു്'; വിധിയിൽ എന്തോ കുഴപ്പംകണ്ട ഒരമ്മായിഅമ്മ പറഞ്ഞതാണു്. കല്യാണം കഴിഞ്ഞു് പുതുമോടി മാറുന്നതിനു മുമ്പുതന്നെ പലരും വിരസതയിലേക്കോ നിരാശയിലേക്കോ നിപതിക്കുന്നതായി കണ്ടിട്ടുണ്ടു്. അതായതു് തങ്ങൾ വർഷങ്ങളായി മനസ്സിന്റെ മതിലകത്തു ലാളിച്ചു പൂജിച്ചു പുലർത്തി

malankaralibrary.com

യിരുന്ന മോഹന സങ്കല്പങ്ങളും തകർന്നടിയുന്നതായിത്തോന്നുന്നു. ഭർത്താവു് എങ്ങനെയുള്ളവനായിരിക്കണം, ഭാര്യ എങ്ങനെയുള്ളവളായിരിക്കണം എന്നൊക്കെ സ്വന്തം കുടുംബത്തിൽനിന്നോ വായിച്ച കഥകളിൽനിന്നോ, കണ്ടിട്ടുള്ള സിനിമയിൽനിന്നോ മനസ്സിലെടുത്ത സങ്കല്പങ്ങളുമായിട്ടാണു് ഇക്കൂട്ടർ വിവാഹിതരായതു്. ഇവിടെ ഒരു മനഃശാസ്ത്രതത്ത്വം ഓർമ്മയിൽ വയ്ക്കുക. ഒരു മധുരനാരങ്ങ, നിറം, മണം, രുചി ഇവയൊക്കെയുള്ള മനോഹരമായ ഒരു മധുരനാരങ്ങ മനസ്സിൽ ഒന്നു കാണുക. അത്തരം–മനസ്സിൽ കണ്ടതരം–ഒരു മധുരനാരങ്ങ വാങ്ങാൻ മാക്കറ്റിൽ പോയാൽ നിരാശയായിരിക്കും ഫലം. ഭാവനയുടെ മഷിത്തുകിവരച്ച ആ മധുരനാരങ്ങയുടെ അടുത്തുപോലും വരില്ല മാർക്കറ്റിൽ കിട്ടാനുള്ള മധുരനാരങ്ങ. ഇതുപോലെ ജീവിതസാഹചര്യങ്ങളിൽനിന്നോ, നോവലിൽനിന്നോ, സിനിമയിൽനിന്നോ നിറം സ്വീകരിച്ച ഭാവനയുടെ ചെപ്പിൽ സൂക്ഷിക്കുന്ന ചിത്രത്തിനു് അനുസൃതമായ ഒരു ഭർത്താവിനേയോ ഭാര്യയേയോ യഥാർത്ഥജീവിതത്തിൽ കണ്ടെത്താൻ അത്ര എളുപ്പമല്ല. എന്നല്ല, ഒരിക്കലും സാദ്ധ്യമല്ലെന്നുംവരാം. ഇക്കാര്യം മനസ്സിലാക്കി പ്രവർത്തിച്ചാൽ പൊരുത്തപ്പെടലുകളും ആവശ്യമായ ആദ്യകാലഘട്ടങ്ങളിൽ പ്രശ്നങ്ങളും കുറഞ്ഞിരിക്കും.

വിവാഹജീവിതത്തിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു വിഷയമാണു് ലൈംഗികത. ഇക്കാര്യത്തിൽ വേണ്ടത്ര അറിവു് ദമ്പതികൾക്കില്ലെങ്കിൽ ദൂരവ്യാപകമായ ദുഷ്ഫലങ്ങളും ഉണ്ടാകും. തെറ്റായ കുടുംബാസൂത്രണമാർഗ്ഗങ്ങളും സ്വീകരിച്ചതിന്റെ ഫലമായി ഒരു വർഷത്തിനകംതന്നെ കുടുംബത്തിൽ ഭിന്നിപ്പും വിശ്വാസക്കുറവും ഉണ്ടായതായി ചില അനുഭവസ്ഥരിൽ നിന്നറിഞ്ഞിട്ടുണ്ടു്. ദമ്പതികളും പരസ്പരം ആലോചിച്ചു തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിലേ ജനനക്രമീകരണമാർഗ്ഗങ്ങളും സ്വീകരിക്കാവൂ. സ്വീകരിക്കുന്ന മാർഗ്ഗങ്ങളും ധാർമ്മികമായി തെറ്റില്ലാത്തവയായിരിക്കാനും ശ്രദ്ധിക്കണം. ഏകപക്ഷീയമായ തീരുമാനങ്ങളുംക്കു് ഇവിടെ പ്രസക്തിയില്ല.

ബന്ധുക്കളിൽനിന്നുള്ള പ്രതികരണവും അവരുടെ മനോഭാവവും പ്രതീക്ഷിച്ചതിൽനിന്നു ഭിന്നമാകുമ്പോളും പുത്തൻദമ്പ

malankaralibrary.com

തികൾക്ക് പ്രയാസം തോന്നാം. 'അവിടെ കാശ്രു കുറവാണെങ്കിലും എന്റെ ഭർത്താവിനും വീട്ടുകാർക്കും എന്നെ ജീവനാ'; അഭിമാനത്തോടെ ഒരു മണവാട്ടി പറഞ്ഞതാണ്. പക്ഷേ പലരും ഇത്തരം അഭിപ്രായം പറഞ്ഞുകേൾക്കാറില്ല. പങ്കാളിയിൽ നിന്നും പ്രതീക്ഷിച്ചവിധത്തിലുള്ള സ്നേഹപ്രകടനങ്ങളും കാണാതെവരുമ്പോഴും ജീവിതത്തിൽ വിരസതതോന്നും. സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്ന പഴഞ്ചൻ സമ്പ്രദായത്തെ പുത്തൻ തലമുറ അംഗീകരിക്കുന്നില്ല. സ്നേഹം സംസാരത്തിൽ പ്രകടമാകണം. മുഖഭാവത്തിൽ ദൃശ്യമാകണം. എങ്കിലേ പങ്കാളിക്കു തൃപ്തിയാകൂ. ഹൃദ്യമായൊന്നു ചിരിക്കാനെങ്കിലും കഴിയില്ലെങ്കിൽ അതുരക്കാരുടെ പങ്കാളികളും വിരസതയനുഭവിക്കും.

പുതുമമാറാത്ത ദമ്പതികളെ തങ്ങളുടെ കാഴ്ചപ്പാടിലൂടെ രൂപപ്പെടുത്താനും നയിക്കാനും മാതാപിതാക്കൾ ശ്രമിക്കുമ്പോഴും പ്രശ്നങ്ങൾ ഉണ്ടാകാം. തങ്ങൾ നടന്നുനീങ്ങിയ പാതയിലൂടെത്തന്നെ പിൻഗാമികളും നടക്കണം എന്നു ശഠിക്കുന്നതു ശരിയല്ല. തങ്ങൾക്ക് ഇതേ പ്രായത്തിൽ കിട്ടാത്ത സ്വാതന്ത്ര്യമോ സഹവാസമോ പിൻഗാമികൾക്കും അനുവദിക്കില്ല എന്ന മനോഭാവവും ഗുണത്തേക്കാളധികം ദോഷമേ ചെയ്യൂ.

'കുറ്റം പറയുന്നതരത്തിലുള്ള' വിമർശനമാണ് 'പുത്തരിയിൽ കല്ലുകടിക്കാൻ' ഇടയാക്കുന്ന മറ്റൊരുകാര്യം. 'ഞങ്ങൾക്കൊരബദ്ധം പറ്റിയതാ, അല്ലെങ്കി നീ ഈ കുടുംബത്തിൽ വന്നുകേറേണ്ടവേളല്ല. ഇത്രേം കുറ്റവരാരും ഈ കുടുംബത്തിലില്ല'. അമ്മായിഅമ്മ മരുമകളുടെ പുതുമ മാറുന്നതിനു മുമ്പുനടത്തിയ ഒരഭിപ്രായപ്രകടനമാണ്. വേറൊരമ്മായിഅമ്മ അല്പം കൂടി ലഘുവായ ഭാഷയിലാണു പറഞ്ഞതു: 'പല ആലോചനകളും വന്നതാ. ജഡ്ജിയുടെ മകളെ ആലോചിച്ചതാ; അവനു നിന്നെയാ പോതിച്ചതു'. ഇങ്ങനെ എവിടെയെങ്കിലും ഒരു താഴ്ത്തിക്കെട്ടൽ അടങ്ങുന്ന അഭിപ്രായപ്രകടനങ്ങൾ ഏതുഭാഗത്തുനിന്നുണ്ടായാലും അതു് ആഴത്തിലുള്ള മുറിവുണ്ടാക്കാൻ ഇടവരുത്തും. മരുമകളെ വേദനിപ്പിച്ചു രസിക്കുന്ന അമ്മായിഅമ്മമാർ പുത്തൻമണവാട്ടിമാർക്ക് പേടിസ്വപ്നമായിരിക്കും. വിവാഹം കഴിഞ്ഞിട്ടും തന്റെ മകനേയോ മകളേയോ 'കുഞ്ഞായി'

malankaralibrary.com

ക്കാണുന്ന മാതാപിതാക്കളും ദമ്പതികൾക്ക പ്രയാസമുണ്ടാക്കുന്നവരാണു്. വിവാഹിതരായവരെ മാതാപിതാക്കൾ സുഹൃത്തുക്കളായിക്കാണാൻ ശ്രമിക്കണം. അപ്പനേയോ അമ്മയേയോ വിലക്കുകളിൽ അവരെ തടവിലിടാതെ, പുതുദമ്പതികൾ അവരുടേതായ ശൈലിയിൽ കുടുംബകാര്യങ്ങളിൽ സഹകരിക്കാനും ഒരുമിച്ചു ജീവിക്കാനും അനുവദിക്കുകയാണു് ഉത്തമമായ രീതി.

''എന്റെ കല്യാണം കഴിഞ്ഞിട്ടു് രണ്ടു വർഷമായിസാറേ! ഇതേവരെ എന്റെ കെട്ടിയോൻറ്റെകൂടെ ഉറങ്ങാൻ അമ്മ എന്നെ അനുവദിച്ചിട്ടില്ല. ഞാൻ തലയണമന്ത്രംകൊണ്ടു് മകനെ മയക്കുമെന്നാണമ്മ പറയുന്നതു്'' വിലക്കിനുള്ളിൽ കഴിയുന്ന ഒരു ഭാര്യയുടെ വാക്കുകളാണിതു്. പിശുക്കനായ ഒരപ്പൻ മകനു കല്യാണം കഴിഞ്ഞയുടനേ നൽകിയ ഉപദേശം ഇങ്ങനെയായിരുന്നു. 'കല്യാണം അങ്ങനെ ഒത്തുവന്നു; നടത്തി എന്നുമാത്രം. കടയിലെ കാര്യങ്ങൾക്കു മുടക്കംവരുന്ന വിരുന്നുംമറ്റും വേണോ? അതുപോലെ പ്രസവം, മരുന്നു്, ആശുപത്രി ഇതൊക്കെ ചെലവാണെന്നോർമ്മവേണം'. മകൻ അതനുസരിച്ചു. അപ്പന്റെ മകനല്ലേ, അനുസരിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇവിടെ മകന്റെ പങ്കാളിയുടെ കാര്യമാണു പരുങ്ങലിലാകുന്നതു്.

വിവാഹം കഴിഞ്ഞാലുടനേ അനുഭവപ്പെടുന്ന മറ്റു ചില പ്രശ്നങ്ങളാണു് 'ഏക മകൻ', 'ഏക മകൾ' എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന യുവതീയുവാക്കൾ മൂലമുള്ള പ്രശ്നങ്ങൾ. ഇവരൊക്കെ വളരെയധികം ലാളനയേറ്റു വളർന്നവരാണെങ്കിൽ അതനുസരിച്ചുള്ള സാഹചര്യം വിവാഹാനന്തരം ലഭിക്കാത്തപക്ഷം പ്രശ്നക്കാരായി മാറും. മുടന്തൻന്യായങ്ങളോ, ഭാവനയിൽ മെനഞ്ഞെടുത്ത കഥകളോ കാരണമായിപ്പറഞ്ഞു് ഭാര്യ ഭർത്താവിൽനിന്നു പിണങ്ങി സ്വന്തം വീട്ടിൽ താമസിക്കാൻ ശ്രമിക്കും. ഭർത്താവാണു പ്രശ്നക്കാരനെങ്കിൽ അയാൾ ഭാര്യയെ അടക്കിഭരിക്കാനും അടിമയായിക്കരുതാനും ശ്രമിക്കും. അത്തരം ഭർത്താക്കന്മാരുടെ ഭാര്യമാർ വിലക്കുകളുടെയും അനുകൂലങ്ങളുടെയും വേലിക്കെട്ടിനുള്ളിൽ ശ്വാസംമുട്ടി കഴിയേണ്ടിവരും.

malankaralibrary.com

'ഏകമകൻ' എന്ന പദവിയിൽക്കഴിയുന്ന യുവതികളാണ് കൂടുതൽ പ്രശ്നക്കാർ. സ്വാർത്ഥതയുടെ പരിവേഷമണിഞ്ഞ ആഗ്രഹങ്ങളും സുഖസൗകര്യങ്ങളും ഇക്കൂട്ടർക്കു കൂടുതലായിരിക്കും. ഭരിക്കാനോ കല്പിക്കാനോ ഉള്ള വാസന ഇവരിൽ മികച്ചുനില്ക്കും. സ്വന്തം മാതാപിതാക്കളിൽനിന്നു ലഭിച്ചുപോന്ന ലാളനയും പരിഗണനയുമാണ് ഇക്കൂട്ടരെ ഇത്തരക്കാരാക്കിമാറ്റിയതു്. ഇത്തരം മണവാട്ടിമാർ 'തൊട്ടാവാടി'സ്വഭാവക്കാരും 'കെറുവിച്ചിരുന്നു' കാര്യം കാണുന്നവരുമായിരിക്കും. പിണങ്ങി വീട്ടിൽപോയിനില്ക്കൽ ഇവരുടെ ഒരു ക്രൂരവിനോദവും.

ഉള്ളിലൊതുക്കപ്പെട്ട കുറ്റബോധംമൂലവും വിവാഹത്തിന്റെ ആരംഭഘട്ടത്തിൽ പ്രശ്നങ്ങളുണ്ടാകാം. വിവാഹശേഷമുള്ള ആദ്യദിനങ്ങളിൽ ചില ഭർത്താക്കന്മാർ തുറന്ന മനസ്സുള്ളവരായി ഭാവിക്കും. 'നമ്മളിപ്പോൾ ഒന്നായി; ഇനിയിപ്പോൾ ഒന്നും ഒളിച്ചുവച്ചിട്ടു കാര്യമില്ല. ഞാൻ പഠിച്ചിരുന്ന കാലത്തൊക്കെ ഒരു റോഡ്സൈഡ് റോമിയോ ആയിരുന്നു. പലരേയും പ്രേമിച്ചു. പല പെൺകുട്ടികളുമായി വളരെയധികം അടുത്തു. ഇപ്പോൾ നീയാണ് എന്റെ ഭാര്യയായിത്തീർന്നതു്. ഇതൊക്കെ എന്റെ കാര്യം ഞാനങ്ങു് തുറന്നുപറഞ്ഞെന്നുമാത്രം. നിനക്കിങ്ങനെയുള്ള വല്ല അനുഭവങ്ങളും ഉണ്ടോ? പറയാൻ പാടില്ലാത്തതാണെങ്കിൽ പറയണമെന്നില്ല'. ഇതു കേൾക്കുമ്പോൾ പാവം ശുദ്ധഗതിക്കാരിയായ ഭാര്യ ഭൂതകാലങ്ങളിലേയ്ക്കു് ഊളിയിടും. 'ഞാൻ പണ്ടു് കൊരട്ടിമുത്തിയുടെ പെരുന്നാളിനു പോയപ്പം അയൽപക്കത്തെ ഒരു ചെറുക്കൻ എനിക്കു പൂവൻപഴം വാങ്ങിത്തന്നു. ഒരിക്കൽ മലയാറ്റൂരുമല കേറാൻ പോയപ്പോ ഞാൻ വീഴാൻ ഭാവിച്ചപ്പോ എന്നെറക്കൂടെ പഠിച്ച ഒരു ചെറുക്കനാണു് വീഴാതെ പിടിച്ചതു്'. ഇതുയും കേൾക്കുമ്പോൾ നമ്മുടെ 'തുറന്ന മനസ്ഥിതിക്കാര'ന്റെ ഭാവം മാറും. അയാൾ ഒന്നിരുത്തി മൂളിയിട്ടു പറയും: 'ഞാൻ പറഞ്ഞതൊക്കെ വെറും തമാശായിരുന്നു, കേട്ടോ, നീ ഇത്തരക്കാരിയാണു്, അല്ലേ?' അയാൾ പറഞ്ഞതു തമാശയായി. അവൾ പറഞ്ഞതു കാര്യവും. ഇത്തരത്തിലുള്ള കുറ്റബോധം പങ്കുവയ്ക്കേണ്ടതു പങ്കാളികൾ തമ്മിലല്ല. വിവാഹത്തിനുമുമ്പു് നടന്ന കാര്യങ്ങളെപ്പറ്റി എന്തെങ്കിലും കുറ്റബോധം ഉള്ളവർ അതു് ഒരു കുമ്പസാരത്തിലൂ

malankaralibrary.com

ടെ പരിഹരിക്കണം. അല്ലെങ്കിൽ ഒരു മനഃശാസ്ത്രജ്ഞന്റെ സഹായം തേടണം. വിവാഹം മുതൽ തുറന്ന മനോഭാവം പാലിക്കാനേ ദമ്പതികൾക്കു കടമയുള്ളൂ.

പറഞ്ഞൊത്ത സ്വർണ്ണത്തിന്റെ പേരിൽ, വ്യാജസ്വർണ്ണ ഉരുപ്പടികളുടെ പേരിൽ, സ്ത്രീധനത്തിന്റെ പേരിൽ, വഴക്കും വിശ്വാസക്കുറവും പ്രകടിതമാകുമ്പോഴും ദമ്പതികളും ആദ്യഘട്ടത്തിൽത്തന്നെ മനസ്സുകൊണ്ട് അകന്നുപോയെന്നുവരാം. ഭാര്യയുടെ പാചകവിരുത്, ഭർത്താവിന്റെ സ്നേഹപ്രകടനം, മാതാപിതാക്കളുടെ സ്നേഹം, ബന്ധുക്കളുടെ പരിഗണന എന്നിങ്ങനെ ആദ്യകാലത്തുതന്നെ അനുഭവപ്പെട്ട പലതും തങ്ങളുടെ ഭാവി ജീവിതത്തിൽ ഒരിക്കലും പിരിയാത്തബന്ധം സൃഷ്ടിച്ചതായി അനുഭവമുള്ളവർ ധാരാളം. ആദ്യകാലത്തുണ്ടാകുന്ന നല്ലതോ ചീത്തയോ ആയ അനുഭവങ്ങൾ ജീവിതകാലം മുഴുവൻ പ്രതിഫലിക്കും എന്നു വ്യക്തം. സത്യസന്ധത, തുറന്ന മനോഭാവം, യഥാർത്ഥസ്നേഹം, ദൈവവിശ്വാസം മുതലായഗുണങ്ങൾ ആദ്യം മുതലേ അനുഭവപ്പെടുമ്പോൾ അതു് ഒരു നല്ല തുടക്കമായിക്കരുതാം. സുഖം മാത്രം കരുതി വിവാഹിതരാകുന്നവർ ദുഃഖിക്കുന്നതായും, വലിയ ദുരിതവും ദുഃഖവും പ്രതീക്ഷിച്ചുവന്നവർ ഏറെക്കുറെ സംതൃപ്തരായിക്കഴിയുന്നതായും അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വിവാഹജീവിതത്തിൽ ആദ്യത്തെ അഞ്ചോ ആറോ വർഷം വളരെ പ്രധാനപ്പെട്ടതാണു്. ഈ ഘട്ടത്തിൽ വലിയ പ്രശ്നങ്ങൾ അനുഭവപ്പെടാത്തവർ തുടർന്നും പ്രശ്നരഹിതരായിട്ടാണുകാണപ്പെടുക. ആദ്യത്തെ നാലുവർഷമാണു് വളരെ പ്രധാനപ്പെട്ടതെന്നു് അഭിപ്രായപ്പെടുന്ന മനശ്ശാസ്ത്രജ്ഞരുണ്ടു്. ഈ കാലഘട്ടത്തിൽ പൂർണ്ണമായി പൊരുത്തപ്പെടാൻ പങ്കാളികൾക്കു കഴിഞ്ഞാൽ അതൊരു വൻവിജയമായി കണക്കാക്കാം. പിന്നീടു പ്രശ്നങ്ങൾ ഉണ്ടായാൽപ്പോലും ആദ്യകാലത്തെ നല്ല അനുഭവങ്ങളോർത്തു് പ്രശ്നവിമുക്തരായവർ ധാരാളം. അനേകം ദമ്പതിമാരേക്കുറിച്ചു പഠനം നടത്തിയിട്ടുള്ള ഫിഷർ പറയുന്നു, ഏറ്റവും കൂടുതൽ വിവാഹമോചനം നടക്കുന്നതു് വിവാഹത്തിന്റെ നാലാംവർഷമാണെന്നു്. പങ്കാളികളുടെ മസ്തിഷ്കത്തിൽ വരുന്ന ധാരണാപരമായ വ്യതിയാനമാണിതിനു കാരണമെന്നാണു മനശ്ശാസ്ത്ര

malankaralibrary.com

ഞ്ജന്മാരുടെ അഭിപ്രായം. ഏതായാലും നല്ല ഒരു തുടക്കം (well begun is half done)വിവാഹജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ക്രൈസ്തവവിവാഹം എന്നുള്ളതിനെയ്ക്കുമുള്ള ഒരു ഉടമ്പടിയാണെന്നു മനസ്സിലാക്കാതെ കടന്നുവരുന്നവർ, രാഷ്ട്രീയത്തിലെ കാലുമാറ്റമോ കൂറുമാറ്റമോ പോലുള്ള നടപടികളും വിവാഹജീവിതത്തിലും സ്വീകരിക്കുമ്പോഴാണ് വലിയ പ്രശ്നങ്ങളും ഉടലെടുക്കുന്നതു്. സ്വരംമോശമായാലും വിവാഹിതർ പാടിയേ പറ്റൂ. 'സ്വരം നല്ലപ്പോഴേ പാട്ടു നിർത്തിയേക്കാം' എന്നു കരുതുന്നവർ വിവാഹജീവിതത്തിൽ പിണങ്ങിപ്പിരിയാൻവേണ്ടി വന്നവരാണു്. ആദ്യഘട്ടത്തിൽത്തന്നെ ശരിയായ ലക്ഷ്യങ്ങളും ഉറപ്പിക്കേണ്ടതാവശ്യം. വിവാഹത്തെക്കുറിച്ചു് പഠിക്കാനും അറിയാൻ ഇന്നു പലർക്കും സമയമില്ല; സന്മനസ്സില്ല. ഇത്രയേറെ പ്രതീക്ഷകളുമായി കടന്നുചെല്ലുന്ന ഒരു ജീവിതാന്തസ്സു് വേറെയില്ല എന്നുതന്നെ പറയാം. പക്ഷേ അതിനു വരുന്നവരോ? തങ്ങളും കടന്നുചെല്ലാൻ പോകുന്ന ജീവിതാന്തസ്സിനെക്കുറിച്ചു് അല്പംപോലും അറിയാത്തവർ– അറിയാൻ ശ്രമിക്കാത്തവർ. ഇതാണു് പല വിവാഹത്തകർച്ചകൾക്കുമുള്ള ഒരു പ്രമുഖകാരണം. തങ്ങൾക്കുമുമ്പേ നടന്നുനീങ്ങിയവർക്കു പറ്റിയ പരാജയം തങ്ങൾക്കു സംഭവിക്കരുതു് എന്നു കരുതി വിവാഹജീവിതത്തെ ഒരു വെല്ലുവിളിയായി സ്വീകരിക്കാനും വിജയത്തിനായി നിതാന്തജാഗ്രതപുലർത്താനും കഠിനാദ്ധ്വാനം ചെയ്യാനും തയ്യാറുള്ളവരേ കുടുംബജീവിതത്തിൽ വിജയിക്കുകയുള്ളൂ. ○

malankaralibrary.com

2

റിലേ ഓട്ടക്കാർ

വലിയ സ്വപ്നങ്ങളോടെയാണു വിവാഹം കഴിച്ചതു്. പലതും പൂവണിഞ്ഞില്ല. 'വിവാഹം കഴിഞ്ഞിട്ടു് ഏറെയായില്ല. ഇങ്ങനെയായല്ലോ. ഇനിയെന്തുചെയ്യാൻ' എന്ന സ്ഥിതിയിൽ എത്തുന്നവർ ധാരാളമുണ്ടു്. മക്കളുടെ വിവാഹം കഴിഞ്ഞു് തങ്ങൾക്കു സംഭവിച്ച നഷ്ടമോർത്തു ദുഃഖിക്കുന്ന മാതാപിതാക്കളെയും അവരുടെ ചിന്തയുള്ള മറ്റു കുടുംബാംഗങ്ങളെയും കാണാറുണ്ടു്.

പങ്കാളിയോടു സ്നേഹമുണ്ടു്; മാതാപിതാക്കളോടും താത്പര്യമാണു്. പക്ഷേ, ഇരുകൂട്ടരുമായി തൃപ്തികരമായി ബന്ധം നിലനിർത്താൻ കഴിയാതെ വരുന്നു. പങ്കാളിയുടെ പിണക്കമേല്ക്കാതെ മാതാപിതാക്കളോടോ, മാതാപിതാക്കളുടെ അതൃപ്തിക്കിടയാതെ പങ്കാളിയോടോ ചേർന്നുപോകാൻ കഴിയാത്ത അവസ്ഥ.

വിവാഹം ഒരു റിലേ ഏറെറടുക്കലാണല്ലോ. ദൈവപിതാവിങ്കലെത്തിക്കുവാൻ മാതാപിതാക്കൾ ഏറെറടുത്ത മകനെ അല്ലെങ്കിൽ മകളെ അതേ ലക്ഷ്യത്തിലെത്തിക്കുവാൻ മാറിയേല്ക്കുന്ന ആളാണു് പങ്കാളി. റിലേഓട്ടക്കാരാകാൻ പലരും

malankaralibrary.com

തയ്യാറല്ല. ബാറൺ ഏറെറടുത്തു് എത്രയും നന്നായി ഓടണം. ഫിനിഷിംഗ്പോയൻറിൽ എത്തി കഴിയുന്നത്ര താത്പര്യത്തോടെ അടുത്തയാംഗം ബാറൺ കൈമാറണം. രണ്ടാമത്തെയാളും ശ്രദ്ധാപൂർവ്വം അതേറുവാങ്ങി സമയം പാഴാക്കാതെ ഉത്സാഹത്തോടെ ഓടണം.

കൈമാറാൻവേണ്ടിയാണു ബാറൺ ഏറെറടുത്തതു്. മാറി ഏറ്റുകൊണ്ടാണു് അടുത്തയാൾ ഓടുക. ഒരേ ഓട്ടത്തിൽ പങ്കുകാരാണവർ. സ്വന്തംപങ്കു നന്നായി നിർവ്വഹിക്കുക. മറേറ ആളെ ഈ ബന്ധത്തിൽ കാണുക. ഈ ചിന്ത പുലർത്താൻ കഴിഞ്ഞാൽ കുടുംബജീവിതം വിജയിക്കാൻ ആവശ്യമായ കാര്യങ്ങളിൽ ഒന്നായി.

മാതാപിതാക്കളും അടങ്ങുന്നകുടുംബം ഏറെറടുത്തകുഞ്ഞാണു ജോണി. തങ്ങളുടെ അറിവും കഴിവുമനുസരിച്ചു് അവർ അവനെ വളർത്തി. വളർച്ചയെത്തിയ ജോണിയെ രണ്ടാംറൗണ്ടുകാരിക്കു കൈമാറണം. വിട്ടുകൊടുക്കാൻവേണ്ടിയാണു് ഏറെറടുത്തതു്; വളർത്തിയതും അതിനുതന്നെ. പക്ഷേ, ഈ ലക്ഷ്യമല്ല പലർക്കുമുള്ളതു്. 'ക്ഷീണകാലത്തു ഞങ്ങളെ നോക്കാൻ' എന്നാണു ചിന്ത. നമ്മുടെ സമൂഹത്തിൽ ആൺമക്കളെ സംബന്ധിച്ചു് മാതാപിതാക്കളും സഹോദരരും ഈ പ്രതീക്ഷ കൂടുതൽ പ്രകടമായി പുലർത്തുന്നു. 'വളർത്തിക്കൊണ്ടുവരുന്ന തെങ്ങിൻതൈ കായ്ക്കുമ്പോൾ ഫലം വളർത്തുന്നവർക്കു കിട്ടേണ്ടതല്ലേ'. ഇതാണവരുടെ ന്യായം. ഓട്ടത്തിൽ ഏറെറടുത്ത ബാറൺ കൈമാറാൻ ഇവർ മടിക്കുന്നു. ജോണിയും ജീസയുമായി വിവാഹംനടത്തിച്ചു. എന്നാൽ, അവനെ അവരുടെ വിട്ടുകൊടുക്കില്ല; പിടിച്ചുവയ്ക്കും. പെൺമക്കളുടെ കാര്യത്തിലും ഈ പിടിച്ചുവയ്ക്കലുണ്ടു്. ജോണിമാരുടേയും ജീസമാരുടെയും മാതാപിതാക്കളും വിട്ടുകൊടുക്കുന്നവരാകാൻ വളരണം. ഒന്നാംക്ലാസ്സിലെ ടീച്ചർക്കു തൻെറ ക്ലാസ്സിലെ കുട്ടിയോടു വലിയ ഇഷ്ടം. അതിൻെറ പേരിൽ കുട്ടിയെ അടുത്തവർഷം രണ്ടാംക്ലാസ്സിലേക്കു വിട്ടുകൊടുക്കാതിരുന്നാലോ? രണ്ടാംക്ലാസ്സിൽ പേരെഴുതിക്കോളൂ; കുട്ടി ഇവിടെയിരുന്നോട്ടെ എന്നു ചിന്തിക്കുന്ന ടീച്ചർ കുട്ടിക്കു ബന്ധനമാണു സൃഷ്ടിക്കുക.

malankaralibrary.com

ആശാസ്യമല്ലാത്ത മറുവശവുമുണ്ട്. ഒന്നാംക്ലസ്സിൽ പഠിപ്പിച്ച ടീച്ചറെ കൃട്ടിക്ക് നന്നേ ഇഷ്ടപ്പെട്ടു. രണ്ടാംക്ലാസ്സിലേക്കു പോകാനവസരമായി. പക്ഷേ, 'എനിക്ക് ഈ ടീച്ചറെയാ ഇഷ്ടം, ഞാൻ ഈ ടീച്ചറെ വിട്ടു പോവൂല്ല്യ' എന്നു കണ്ണു ശഠിച്ചാൽ? മാതാപിതാക്കളേയും ജനിച്ചു വളർന്ന സാഹചര്യത്തെയും വിട്ടുപോരാതെ വിവാഹം വിജയിക്കില്ല. 'പ്രിയ പുത്രീ ശ്രദ്ധിച്ചുകേൾക്കുക: നിന്റെ ജനത്തെയും പിതൃഭവനത്തെയും മറക്കുക. അപ്പോൾ നിന്റെ സൗന്ദര്യത്തിൽ രാജാവ് സംപ്രീതനാകും' (സങ്കീ: 45:10,11)എന്നും'.....ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും, അവർ ഇരുവരും ഏകശരീരമായിത്തീരും' (മത്താ: 19,5) എന്നുമൊക്കെ വി. ഗ്രന്ഥം ഉപദേശിക്കുന്നതു ഈ അർത്ഥത്തിലാണല്ലോ. മറ്റാരേക്കാളും മറ്റെന്തിനേക്കാളും മുൻഗണന പങ്കാളിക്കുനൽകാൻ പങ്കാളിക്കു സാധിക്കണം. ബുദ്ധിമുട്ടുണ്ടിതിൽ. എന്നാൽ ഇതു അനിവാര്യമാണു. ആദ്യറൗണ്ടുകാരനിൽനിന്നു അടുത്തയാളിലേക്കു മാറിയാലേ റിലേ ഓട്ടത്തിൽ ബാറൺ ലക്ഷ്യസ്ഥാനത്തെത്തൂ.

സ്വന്തമായ വളർച്ചയ്ക്കുതന്നെയും ഈ വിട്ടുപോരൽ അനിവാര്യമാണു. ജോണി അമ്മയുടെ ഗർഭപാത്രം വിട്ടുപോന്നതു വളച്ചുതേടിയാണു. പഠനത്തിനും ഉദ്യോഗത്തിനുമൊക്കെയായി മാതാപിതാക്കളിൽനിന്നു ജീസ് അകന്നതിന്റെയും ലക്ഷ്യം വളർച്ചതന്നെ. ഒരു വ്യക്തിയുടെ വളർച്ചയിൽ വിട്ടുപോരൽ ആവശ്യമാക്കുന്ന എത്രയോ ഘട്ടങ്ങൾ, ഏതെല്ലാം തലങ്ങൾ! ഈ വിട്ടുപേക്ഷിക്കലിന്റെ വളരെ പ്രകടമായ അനുഭവം വിവാഹത്തിൽ കാണണം. പൗരോഹിത്യത്തിലും സംന്യാസത്തിലും ഇതേ അനുഭവം കാണാം. തികഞ്ഞ അർത്ഥത്തിൽ പരസ്പരം ഏറെടുക്കാനും എല്ലാത്തലങ്ങളിലും വളർത്തുവാനും ദമ്പതികൾക്കു കഴിയണമെങ്കിൽ വിട്ടുകൊടുക്കലും വിട്ടുപിരിയലും കൂടിയേ തീരൂ. ഏറെടുക്കലും വളർത്തലും പ്രകൃതത്തിൽ പ്രതിപാദ്യങ്ങളല്ല.

ഈ വിട്ടുകൊടുക്കലും വിട്ടുപോരലും ആശയതലത്തിൽ അംഗീകരിക്കുമ്പോഴൊപ്പോലും അനുഭവതലത്തിൽ ഇക്കാര്യങ്ങ

malankaralibrary.com

ളിൽ വിമുഖതയാണ്. ഇന്നും പൊതുവേ കാണുക. ചില പ്രത്യേകാരണങ്ങളാൽ വൈമുഖ്യം വർദ്ധിക്കും. ഏകസന്താനം, ഏകമകൻ (ഏകമകൾ), മൂത്തമകൻ (മകൾ) ഇളയ മകൻ (മകൾ) എന്നിവരുടെ കാര്യത്തിൽ ഉപേക്ഷിക്കൽ ഇരുവശത്തും എളുപ്പമായെന്നുവരില്ല. സ്വഭാവം, പെരുമാറ്റം എന്നിവയുടെ പേരിൽ കൂടുതൽ പ്രിയപ്പെട്ട മകൻ വിട്ടുപോകുന്നതും വളരെ വേദനാജനകമാകും.

മാതാപിതാക്കൾ തമ്മിൽ നല്ല ബന്ധമില്ലാതെയും പരസ്പരം സംരക്ഷണം നല്കാതെയും ജീവിക്കുന്നെങ്കിൽ ഉപേക്ഷ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കും. ഭർത്താവിൽ സുരക്ഷിതത്വം കാണാത്ത ഭാര്യ മകനിൽ പ്രതീക്ഷവയ്ക്കും. മകൻ അങ്ങോട്ടും ഈ താത്പര്യം പുലർത്തുന്നുണ്ടാകും. വിവാഹാനന്തരം മകന്റെ ശ്രദ്ധ മരുമകളിലേക്ക് മാറുന്നതു സഹിഷ്ണുതയോടെ കാണാൻ അമ്മയ്ക്കു കഴിയാതെവരാം.

മകളോട് അതിവാത്സല്യംമൂലം മരുമകനോട് ക്രൂരതകാണിക്കുന്നവരെയും കണ്ടുമുട്ടാറുണ്ട്. അറിയപ്പെടുന്ന ഒരധ്യാപകൻ വികാരിയച്ചനോട് പരിഭവിച്ചതു് ഓർക്കുന്നു: 'നിങ്ങൾ അച്ചന്മാർ മക്കളെ വളർത്തുന്നതിന്റെ വേദന അറിഞ്ഞിട്ടില്ല!' മൂന്നു മക്കളുള്ള തന്റെ മകളെ ഭർത്താവിൽനിന്നുമാറ്റി സംരക്ഷണം കൊടുത്തുവരുന്നതു സംബന്ധിച്ച് വികാരിയച്ചൻ അഭിപ്രായവ്യത്യാസം പറഞ്ഞതാണ പശ്ചാത്തലം. 'നിന്റെ അമ്മയ്ക്കു വെള്ളംകോരാനല്ലാ എന്റെ മകളെ നിന്നെ ഏല്പിച്ചതു്' എന്നു മരുമകനോടു പറഞ്ഞ അമ്മായപ്പൻ ഓർക്കുന്നില്ല, തന്റെ മകളെ പിടിച്ചുവയ്ക്കുകയാണെന്ന്. ഒരു അധ്യാപകനായ ഈ പിതാവിന്റെ മൂത്തമകളാണിതു്. ഇളയമകൾ മുത്തുവരുമ്പോൾ.....

'ചെറുപ്പത്തിലേ വൈധവ്യം ഏല്ക്കേണ്ടിവരുന്ന സ്ത്രീ തന്റെ മരുമകളോട് വേണ്ട, മരുമകനോടുപോലും ക്രൂരമായി പെരുമാറാൻ സാധ്യത കൂടുതലുണ്ട്.

മകനെ/സഹോദരനെ വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത കുടുംബാംഗങ്ങൾ ഒരുവശത്തു്. പങ്കാളിയിൽ സമ്പൂർണ്ണമായ (exclusive) അവകാശം സ്ഥാപിക്കുന്ന ഭാര്യ മറുവശത്തും.

malankaralibrary.com

ഇരുകാലിലും പിടിച്ച് ഇരുവശങ്ങളിലേക്കുള്ള വലിയിൽ പിളർന്നുപോകുന്ന ചെറുപ്പക്കാരുണ്ട്. ഒരുകാൽ വലിച്ചുകുടഞ്ഞ് കുടുംബാംഗങ്ങളെ അല്പെങ്കിൽ പങ്കാളിയെ ദൂരെ എറിയുന്നവരുമുണ്ട്. രണ്ടായാലും കുടുംബം തളരും.

സാമ്പത്തികലാഭത്തിന്റെ പേരിൽ ചിലപ്പോൾ ഭാര്യ ഭർത്താവിനെ കുടുംബാംഗങ്ങളിൽനിന്നും അകറ്റാൻ ശ്രമിക്കും. അവനു ചുറ്റും അവൾ 'വേലി'കെട്ടും. 'ഇയ്യാൾ ഇത്രയുംനാൾ പണിയെടുത്തുണ്ടാക്കിയതു നിങ്ങളല്ലേ തിന്നതു': ഇനിയതു സാധ്യമല്ല. എനിക്കും എന്റെ പിള്ളേർക്കുമുള്ളതാണതു'' എന്നാണവളുടെ ചിന്ത. തങ്ങളുടെ അവകാശവാദമുന്നയിച്ച് കുടുംബാംഗങ്ങൾ അവളുടെ വേലിപൊളിക്കും. അവളും വീണ്ടും കെട്ടും; അവർ വീണ്ടും പൊളിക്കും. വികലമായ ചിന്തയാണിതിനു കാരണം.

പിടിപോരണം, വിടുവിച്ചെടുക്കുകയും വേണം. ഒറ്റവെട്ടിനല്ല, സാവധാനം. സ്നേഹിക്കാൻ ഞങ്ങൾക്ക് ഒരാൾക്കുടെ എന്ന അനുഭവം കുടുംബാംഗങ്ങൾക്കു വരുത്തിയിട്ടുവേണം അതു്. അപ്പോൾ കാര്യം എളുപ്പമാകും. ചെറിയ ഒരു 'സോപ്പിടീൽ' വളരെ നല്ലതു്: 'അമ്മയ്ക്കു സഹായിയായി പങ്കാളിയെ പ്രതീക്ഷിക്കുന്നവനെ എനിക്കുവേണ്ട' എന്നെഴുതിയ എം.എക്കാരിയുടെ മനോഭാവം ഈ അനുഭവം വരുത്തുകയില്ല.

വിടുപോരുമ്പോഴും വിടുവിച്ചെടുക്കുമ്പോഴും വലിയൊരു ബാധ്യതമറക്കരുതു്: മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമുള്ള കടമ. ഇതു ഔദാര്യമല്ല, കടമതന്നെയാണു്. പങ്കാളിയെ 'പിതാവിലേ'ക്കു വളർത്തുന്നതിന്റെ ഭാഗവും, ജീവിതം പ്രായോഗികമായി വിജയിക്കുന്നതിനു് ആവശ്യമായ ഘടകവും. നമ്മുടെയിടയിൽ ഭാര്യ ഭർത്താവിന്റെ വീട്ടിൽ താമസിക്കുന്നതാണല്ലോ രീതി. ജോണിയെ വിട്ടുകൊടുക്കാൻ കുടുംബാംഗങ്ങളും അവരെ വിട്ടുപോരാൻ ജോണിയും തയ്യാറാകട്ടെ. എന്നാൽ, ജോണിയെ കുടുംബാംഗങ്ങളിലേക്കു് അടുപ്പിക്കുവാൻ ജിസ ശ്രമിക്കണം. അവരോടു പുലർത്തേണ്ട കടമകളും അവനെ ഓർമ്മപ്പെടുത്താൻ സന്മനസ്സു ജിസയ്ക്കുണ്ടാകണം. ഒരുപക്ഷേ, കുടുംബാംഗങ്ങളിൽനിന്നു കയ്പുള്ള അനുഭവമുണ്ടായിട്ടുള്ള ജോണി

malankaralibrary.com

മാർ ആദ്യമൊക്കെ ജിസമാരുടെ പ്രേരണ സ്വീകരിച്ചില്ലെന്നു വരാം. പക്ഷേ, പിന്നീടെങ്കിലും ആ പ്രേരണ നല്ലിയതിൽ അവളോട് അവനു് ആദരവുണ്ടാകും. മറ്റു കുടുംബാംഗങ്ങളും അവളെ കൂടുതൽ മാനിക്കുകയും ചെയ്യും. 'അപ്പനെയും അമ്മയെയും നമ്മുടെകൂടെ നിറുത്താം' 'അനുജന്മാർക്കും പെങ്ങന്മാർക്കും നമ്മളല്ലാതെ ആരാ ഇതൊക്കെ ചെയ്തുകൊടുക്കുക' എന്നീവിധം ഭർത്താക്കന്മാരെ പ്രേരിപ്പിക്കുന്ന എത്രയോ ഭാര്യമാർ നമ്മുടെയിടയിലുണ്ട്. അത്തരക്കാരുടെ എണ്ണം വർദ്ധിച്ചിരുന്നെങ്കിൽ! അപ്പാപ്പനമ്മാമ്മമാരുടെ കാര്യത്തിൽ അമ്മച്ചി കാണിക്കുന്ന താത്പര്യം മാതൃകയാക്കാൻ കൂടുതൽ കൂടുതൽ കുഞ്ഞുങ്ങൾക്കു് സമീപകാലത്തു് ഇടയാകുമോ? ഭാര്യയുടെ കുടുംബാംഗങ്ങളോടും സമാനമായ കടമകളും നിറവേറ്റണം. അവരിൽ നിന്നും അവളെ പിടിച്ചുപറിച്ചെടുക്കുന്നതും ശരിയല്ല. ഭാര്യയുടെ അനുജത്തിയുടെ വിവാഹനിശ്ചയത്തിന്റെ അവസരം പോലും 'മറ്റു തിരക്കുക'ളുടെ പേരിൽ ഒഴിവാക്കുന്ന ഭർത്താവു് ക്രൂരതയാണു പ്രകടിപ്പിക്കുക. വേദനിപ്പിക്കുന്ന അത്തരം അനുഭവങ്ങളും ഭാര്യയെ തളർത്തുക സ്വാഭാവികമാണു്.

മുൻപേ വന്നവരും പിൻപേ വരുന്നവരും കുടുംബത്തിലെ അവകാശികളും തന്നെ. ആദ്യഗണത്തിൽപ്പെട്ടവരിൽനിന്നു പരിശീലനം (guidance) സ്വീകരിച്ചാകണം പുറകേ വരുന്നവർ വളരുക. ഒരനുഭവം: യാത്രാമധ്യേ ഒരിക്കൽ കോയമ്പത്തൂരിൽവച്ചു് ഒരു പള്ളിയിൽ മലയാളത്തിൽ ദിവ്യബലി അർപ്പിക്കാൻ അവസരമുണ്ടായി. വൈകിട്ടു് ആറുമണിയോടുകൂടി സായാഹ്നസവാരിക്കിടയ്ക്കു പള്ളി സന്ദർശിക്കാനിടയായവരിൽ ചിലരും ദിവ്യബലിയിൽ പങ്കെടുത്തു. ദിവ്യബലി കഴിഞ്ഞു് ഒരാൾ ആവശ്യപ്പെട്ടതനുസരിച്ചു് കുമ്പസാരക്കൂട്ടിൽ ചെന്നു. ആവശ്യപ്പെട്ടതു പുരുഷൻ; വന്നതു സ്ത്രീയും. കുമ്പസാരമെന്നുമായിരുന്നില്ല. 'ഞാൻ മലയാളിയാണു്', പറയാനുള്ളതു തീർന്നു. ആശ്ചര്യം തോന്നി. ഭർത്താവു നിർദ്ദേശിച്ചിട്ടാണു് വന്നതെന്നു പറഞ്ഞുകൊണ്ടു് അനുജത്തി തുടർന്നു. 'ഞാൻ മലയാളിയാണെന്നു് അച്ചനോടുപറയാൻ ഭർത്താവു പറഞ്ഞു'. തുടർന്നു നടന്ന സംഭാഷണത്തിൽനിന്നു് അവരുടെ സാഹചര്യങ്ങളും മനസ്സിലായി. അതു് ഏതാണ്ടിങ്ങനെയാണു്: ആ കുട്ടി കേരള

malankaralibrary.com

ത്തിൽനിന്നായിരുന്നു. ഭർത്താവു് തമിഴൻ. വിവാഹംകഴിഞ്ഞു് രണ്ടാംദിവസം കോയമ്പത്തൂർക്കുപോയി, ഒൻപതുമാസം മൻപു്. ഭർത്താവിന്റെ വീട്ടിൽനിന്നു വളരെ അകലെയാണു് ഇവർ താമസിക്കുക. അല്ലെങ്കിൽത്തന്നെ അവരുടെ കൊട്ടംതമിഴംഎന്റെ പച്ചമലയാളവും തമ്മിൽ ആശയവിനിമയം എളുപ്പമായിരുന്നില്ല. ആ മണവാട്ടിക്കു് പിന്നീട്ട കാലത്തെ അനുഭവങ്ങൾ തുറന്നുപറയാൻ ഒരാളെക്കിട്ടാതിരുന്നതിന്റെ ബുദ്ധിമുട്ടു് പ്രകടമായിരുന്നു. ഭർത്താവു സ്നേഹമുള്ള ആളുതന്നെ. എങ്കിലും ആവശ്യമായ പലതും— ഗർഭകോലസംബന്ധമായവ ഉൾപ്പെടെ—പറഞ്ഞുകൊടുക്കാൻ ആളില്ലാത്തതിന്റെ വിമ്മിഷ്ടം ആ യുവതിയെ അലട്ടിയിരുന്നു. വിഷമങ്ങൾ തുറന്നുപറയാനെങ്കിലും ഒരാളെ ലഭിക്കട്ടെ എന്നായിരിക്കാം ആ നല്ല ഭർത്താവു കരുതിയതു്. താത്പര്യപൂർവ്വം ശ്രവിക്കുകയല്ലാതെ മറ്റൊന്നുംഅവർ പ്രതീക്ഷിച്ചിരിക്കില്ല. ഇതുപോലെ ആവശ്യമായ അറിവു ലഭിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്ന 'സ്ക്കൂട്ടർ ഫാമിലി'കളെക്കുറിച്ചു് ആരോർക്കുന്നു?

ഈ താത്പര്യവും സഹകരണത്തിന്റെ ആവശ്യവും സൂചിപ്പിക്കുന്ന ചില പതിവുകൾ—ചടങ്ങുകൾ—വിവാഹത്തോടു ബന്ധപ്പെട്ട കാണാറുണ്ടല്ലോ. മണവാട്ടി വളർന്നുവന്ന കുടുംബത്തോടുബന്ധപ്പെട്ടവർ അവളെ വിവാഹവേദിയിലേക്കു കൊണ്ടുവരുന്നു. മണവാളൻ അണിയിക്കുന്ന പൂടവ മടക്കിക്കൊടുക്കാൻ അവകാശം മണവാളന്റെ സഹോദരിക്കു്. മരുമകളെ കുരിശുവരപ്പിച്ചു സ്വാഗതം ചെയ്യുന്നതു് അമ്മായിയമ്മ. ചെറുക്കനും പെണ്ണിനും മധുരം കൊടുക്കുന്നതിനു് അവകാശികൾ വേറെ. ഈ പതിവുകൾ അവകാശത്തോടൊപ്പം കടമകളും വരുത്തുന്നു— മണവാളനെയും മണവാട്ടിയെയും തുടർന്നു സഹായിക്കാൻ. പതിവിൽപടി അവകാശം ലഭിക്കാതിരുന്നാൽ അടിയന്തിരം മുടക്കിപ്പോകുന്നവരുണ്ടു്. പക്ഷേ, പതിവുകൾക്കപ്പുറം അവരെ തുടർന്നു സഹായിക്കാൻ ശ്രദ്ധയുണ്ടോ? സഹായം നവവധൂവരന്മാർ പ്രതീക്ഷിക്കുന്നുണ്ടോ?

കൈമാറിക്കൊടുത്ത ബാറ്റൺ ഏറ്റെടുത്തു തുടർന്നു ഓട്ടന്നയാളെ പ്രോത്സാഹിപ്പിക്കുവാൻ ആദ്യറൗണ്ടു് ഓടിയ ആൾക്കു താത്പര്യം വേണ്ടതാണു്. മാറിനിന്നു് അപ്പ്....അപ്പ്....അടി

malankaralibrary.com

ക്കേണ്ടതിനുപകരം ട്രാക്കിൽ തടസ്സംസൃഷ്ടിച്ച് രണ്ടാംറൗണ്ട് ഓട്ടം തടയുന്ന അനുഭവങ്ങളും ഏറെയില്ലേ?

ആദ്യറൗണ്ടുകാരെ കുറേ പറഞ്ഞും 'കൊഞ്ഞനം കാട്ടി'യും അവസരം നഷ്ടമാക്കാതെ, ആ റൗണ്ടുകാരുടെ 'ഓട്ട'ത്തിലെ (വളർത്തലിലെ)പോരായ്മകൂടി പരിഹരിക്കത്തക്കവിധം വർദ്ധിച്ചശ്രദ്ധ രണ്ടാംറൗണ്ടുകാർ പുലർത്തുകയല്ലേ കരണീയം.

വിട്ടുകൊടുക്കേണ്ടവരെ തടഞ്ഞുവയ്ക്കുന്നവരും തടഞ്ഞുവയ്ക്കുന്നവരെ തട്ടിത്തെറിപ്പിക്കുന്നവരും കുടുംബജീവിതഭംഗി നശിപ്പിക്കുന്നു. യഥാകാലം മക്കൾ മാറിത്താമസിക്കാൻ പ്രേരിപ്പിക്കണം. മരുമകൾ മകനെ 'പറഞ്ഞു തലതിരിപ്പിച്ചു' മാറിത്താമസിപ്പിക്കുന്നു എന്ന പരിഭവം മാതാപിതാക്കൾക്ക ഭൂഷണമല്ല. അവർ തന്നെ അതു് അറിഞ്ഞുചെയ്യേണ്ടതാണു്. വിട്ടുപോകാൻ സന്തോഷത്തോടെ അനുവദിക്കുന്ന മാതാപിതാക്കളെ വന്നനേഷിക്കാൻ മക്കളും മരുമക്കളും ശ്രദ്ധിച്ചെന്നുവരും. ആ സന്തോഷം വലുതുതന്നെ.

ആനുഷംഗികമായി, മറ്റു തലങ്ങളിലെ ഉപേക്ഷിക്കലും സൂചിപ്പിക്കട്ടെ: വിവാഹിതരാകുന്നവർ മാതാപിതാക്കളെമാത്രം വിട്ടുപേക്ഷിച്ചാൽ പോരാ. കൂട്ടുകാർ, ജോലിസാഹചര്യം, പതിവുകൾ,താത്പര്യങ്ങൾ, പരിചയങ്ങൾ.....പോരാ, മക്കളെത്തന്നെയും പങ്കാളിയുടെ പേരിൽ വിട്ടുപോരേണ്ടിവരാം. അതിനു തയ്യാറുണ്ടാകണം. ഇപ്പറഞ്ഞ ബന്ധങ്ങളും കാര്യങ്ങളും പങ്കാളിയേക്കാൾ പ്രിയപ്പെട്ടതാകരുതെന്നത്രം. മക്കളുടെ ശുശ്രൂഷയുടെ പേരുപറഞ്ഞു് പങ്കാളിയെ അകറ്റാനോ പങ്കാളിയിൽ നിന്നകലാനോ ഇടയാക്കുന്നവർ വലിയ വിപത്തുകൾ ക്ഷണിച്ചുവരുത്തുകയാണു്. മറ്റുബന്ധങ്ങളും കാര്യങ്ങളും പങ്കാളിക്കുവേണ്ടി പ്പോലും ഉപേക്ഷിക്കാതിരുന്നതിനാൽ തകർന്ന കുടുംബങ്ങൾ എത്രയേറെ! പൂണ്ണസമയസാമൂഹ്യപ്രവർത്തകർ, രോഗികൾക്കു 'ദൈവ'മായി മാറുന്ന ഡോക്ടർമാർ,മുഴുവൻസമയരാഷ്ട്രീയക്കാർ.. ഇവരൊക്കെ പങ്കാളിയെ വിട്ടുപോകുന്നില്ലേയെന്നു പരിശോധിക്കേണ്ടതുണ്ടു്.

malankaralibrary.com

തന്റെ പങ്കുനിറവേറ്റി മറ്റുള്ളവർക്കായി രംഗത്തുനിന്നു മാറിനില്ക്കാൻ വലിയ മനസ്സുള്ളവർക്കേ കഴിയൂ. ഈ വലിയ മനസ്സില്ലാതെ കുടുംബവേദിയിൽ വിജയമില്ല. രക്ഷാകരമായ വളർത്തലിൽ റിലേ ഏറെറടുക്കലാണു വിവാഹം–രണ്ടു റൗണ്ടുള്ള റിലേ. ഒന്നാംറൗണ്ടു് രണ്ടാംറൗണ്ടിന്റെ ഒരുക്കത്തിനും രണ്ടാംറൗണ്ടു് ആദ്യറൗണ്ടിന്റെ പൂർണ്ണിമയ്ക്കും പരസ്പരം ആവശ്യമായവ. പങ്കാളിക്കുവേണ്ടി അടിത്തറപണിയുന്ന മാതാപിതാക്കളും, മാതാപിതാക്കൾ പണിത അടിത്തറയിൽ തുടർന്നു പണിയേണ്ട പങ്കാളികളുമായി നാളത്തെ കുടുംബാംഗങ്ങൾ മാറാനിടവരട്ടെ.

malankaralibrary.com

3

മദ്ധ്യകാലദമ്പതികൾ

യുവദമ്പതികളും, വൃദ്ധദമ്പതികളും മുതലായ പ്രയോഗങ്ങളും സർവ്വസാധാരണമാണു്. അവരെപ്പറ്റി ധാരാളം കേൾക്കുകയും പറയുകയും എഴുതുകയും പതിവാണു്. എന്നാൽ മദ്ധ്യകാലദമ്പതികളെപ്പറ്റി അധികമാരും ചിന്തിക്കാറില്ല.

ആരാണു മദ്ധ്യകാലദമ്പതികൾ?

ഏകദേശം 35 വയസ്സുവരെയാണു യൗവനം. എന്നാൽഅന്നുമുതൽ വാർദ്ധക്യമാരംഭിക്കുന്നുവെന്നു പറയാൻ സാദ്ധ്യമല്ല. ഏകദേശം 60 വയസ്സുമുതൽ വാർദ്ധക്യമെന്നു കരുതുന്നതാണു് ഉചിതം. അങ്ങനെയെങ്കിൽ 35മുതൽ 60വരെയുള്ള കാലഘട്ടത്തിനു മദ്ധ്യമം എന്നു പറയാം. മദ്ധ്യവയസ്ക്കർ എന്നാണു പ്രസ്തുതപ്രായത്തിലുള്ളവരെ സംബോധന ചെയ്യാറുള്ളതു്. മദ്ധ്യവയസ്ക്കരായ ദമ്പതികളെത്തന്നെയാണു ഇവിടെ മദ്ധ്യമദമ്പതികൾ എന്നു വിളിക്കുക. ദാമ്പത്യജീവിതത്തെ സംബന്ധിച്ചിടത്തോളം മദ്ധ്യമകാലഘട്ടത്തിനു വളരെ പ്രാധാന്യമുള്ളതുകൊണ്ടാണു മദ്ധ്യമദമ്പതികളെപ്പറ്റി ഇവിടെ പ്രത്യേകം പ്രതിപാദിക്കുന്നതു്.

malankaralibrary.com

ജീവിതത്തിന്റെ മദ്ധ്യാഹ്നം കഴിഞ്ഞവരാണു മദ്ധ്യമ ദമ്പതികൾ; എന്നാൽ സയാഹ്നമായിട്ടുമില്ല. അവർക്കു സ്വ ന്തമായി ഒട്ടേറെ പ്രത്യേകതകളും പ്രശ്നങ്ങളും ഉത്തരവാദിത്വ ങ്ങളുമുണ്ടെന്നു കാണുവാൻ സാധിക്കും. ജരയും നരയും കഷണ്ടി യുമൊക്കെ ചെറിയ തോതിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും യുവത്വ ത്തിന്റെ പ്രസരിപ്പുവിട്ടുമാറാത്ത വ്യക്തികൾ. എടുപ്പിലും നടപ്പിലും നോട്ടത്തിലും സംസാരത്തിലുമെല്ലാം ഇരുത്തംവന്ന വ്യക്തികൾ. ഉത്തരവാദിത്വങ്ങളുടെ ഗൗരവം നിഴലിക്കുന്ന മു ഖഭാവം. ഓരോ കാര്യത്തിലും ശ്രദ്ധയും വിവേകവും ക്ഷമ യും അവരുടെ പ്രത്യേകതയാണ്. മദ്ധ്യമകാലത്തിന്റെ അവ സാനഘട്ടത്തോടടുക്കുന്തോറും വാർദ്ധക്യസഹജമായ രോ ഗങ്ങളുടെ ആരംഭമായി. വിവിധ പ്രവർത്തനമേഖലകളിൽനി ന്നു വിരമിക്കാനും വിശ്രമിക്കാനുമുള്ള ഒരുക്കം അവരിൽ സാധാ രണ ദൃശ്യമാണ്. എങ്കിലും കുടുംബത്തോടുള്ള ഭാരിച്ച ഉത്തരവാ ദിത്വങ്ങൾ സ്വന്തം ചുമലുകളിലേറെടുത്തുകൊണ്ട് ഓരോ പാദ വും നിലത്തുറപ്പിച്ചു ശ്രദ്ധയോടും ധൈര്യത്തോടും ആത്മവിശ്വാ സത്തോടുംകൂടി മുന്നോട്ടു കുതിക്കുന്നവരാണവർ. വേദനകളിലും ദുഃഖങ്ങളിലും കഷ്ടപ്പാടുകളിലും പ്രശ്നങ്ങളിലും അടിപതറാ തെ മുന്നോട്ടുപോകുന്നവർ. ചുരുക്കിപ്പറഞ്ഞാൽ ത്യാഗോ ജ്ജ്വലമായ ജീവിതമാണു മദ്ധ്യമദമ്പതികളുടേതു്. ദാമ്പത്യം അ തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളോടും പ്രശ്നങ്ങളോടുംകൂടി അനുഭവവേദ്യമാകുന്നതു മദ്ധ്യമകാലഘട്ടത്തിലാണെന്നു പറ യാം.

വിളവെടുപ്പുകാലം

മദ്ധ്യമഘട്ടത്തെ ദാമ്പത്യജീവിതത്തിന്റെ വിള വെടുപ്പുകാലമെന്നു വിശേഷിപ്പിക്കാവുന്നതാണു്. വിതച്ചതു കൊയ്യുന്ന കാലമാണതു്. യൗവനകാലത്തു താലോലിച്ചുകൊണ്ടു നടന്ന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്ന കാലമാണു മദ്ധ്യ മം. എന്നാൽ ചിലർക്കു ചത്തടിഞ്ഞ സ്വപ്നങ്ങളുടെ ശവപ്പറ മ്പായിരിക്കും അതു്. ചെറുപ്പംമുതലുള്ള പഠനത്തിന്റെയും പരി ശീലനത്തിന്റെയും ചിന്തയുടെയും പ്രയത്നത്തിന്റെയും ഫലം അനുഭവവേദ്യമാകുന്നതു ഇക്കാലത്താണു്. ചിലരെ സംബന്ധി ച്ചിടത്തോളം മദ്ധ്യമം സുഖത്തിന്റെയും സന്തോഷത്തിന്റെയും

malankaralibrary.com

സമൃദ്ധിയുടെയും സമാധാനത്തിന്റെയും സംതൃപ്തിയുടെയും കാലമാണെങ്കിൽ മറുചിലർക്ക് അതു ദുഃഖത്തിന്റെയും അരിഷ്ടതകളുടെയും അസംതൃപ്തിയുടെയും കാലമാണ്.

മാറ്റങ്ങളുടെ കാലം

മദ്ധ്യമം ദാമ്പത്യജീവിതസംബന്ധമായ ഒട്ടേറെ മാറ്റങ്ങളുടെയും കാലഘട്ടമാണ്. ശാരീരികവും മാനസികവും ബൗദ്ധികവും സാമൂഹികവും ആദ്ധ്യാത്മികവുമായ നിരവധി മാറ്റങ്ങളും മദ്ധ്യമദമ്പതികളിൽ ഉണ്ടാകുക സ്വാഭാവികമത്രേ. ചിലരിലുണ്ടാകുന്ന മാറ്റങ്ങളും നന്മയിലേക്കും മറ്റു ചിലരിലുണ്ടാകുന്ന മാറ്റങ്ങളും തിന്മയിലേക്കും നയിക്കുന്നു. പ്രസ്തുത മാറ്റങ്ങളെ നന്മയിലേക്കു നയിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്നും ആർക്കും ഒഴിഞ്ഞുമാറുക സാധ്യമല്ല.

പലപ്പോഴും മദ്ധ്യമദമ്പതികളിലുണ്ടാകുന്ന സ്വാഭാവികമായ മാറ്റങ്ങളും അവരുടെ സ്വഭാവത്തെയും പ്രവർത്തനത്തെയും ആയുസ്സിനെയും ആരോഗ്യത്തെയും മാത്രമല്ല, കുടുംബത്തിന്റെതന്നെ ശ്രേയസ്സിനെയും അഭിവൃദ്ധിയെയും മറ്റു കുടുംബാംഗങ്ങളുടെ വ്യക്തിത്വവളർച്ചയെയുമെല്ലാം ഗുണകരമായോ ദോഷകരമായോ ബാധിക്കാറുണ്ട്. പൊതുവേ നല്ല മനുഷ്യരെന്നറിയപ്പെട്ടിരുന്ന ചിലർ മദ്ധ്യകാലത്തു മദ്യത്തിന്റെയും മറ്റു പല ദുശ്ശീലങ്ങളുടെയും അടിമകളായിത്തീരുകയും അനാശാസ്യപ്രവർത്തനങ്ങളിലേർപ്പെടുകയും മറ്റും ചെയ്യുന്നതായിക്കാണാറുണ്ടു്. എന്നാൽ വേറെ ചിലരാകട്ടെ കഴിഞ്ഞകാലങ്ങളിൽ ചെയ്തുപോയ സകല തെറ്റുകുറ്റങ്ങളും കുറ്റങ്ങളും ആവുന്നത്ര പരിഹാരം ചെയ്യാൻ ഈ കാലഘട്ടത്തിൽ തയ്യാറാകുന്നു.

പ്രശ്നങ്ങളുടെ കാലം

എല്ലാ ദമ്പതികളും അവരുടെ മദ്ധ്യമകാലത്തു് അനേകം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിവരുന്നു. മറ്റു കാലഘട്ടങ്ങളിൽ പ്രശ്നങ്ങളൊന്നുമില്ലെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ദാമ്പത്യജീവിതത്തിന്റേതായ, രൂക്ഷമായ ഒട്ടേറെ പ്രശ്നങ്ങളും ഉത്തരവാദിത്വപൂർവ്വം ദമ്പതികളും മദ്ധ്യമകാലത്തു അഭി

malankaralibrary.com

മുഖീകരിക്കുന്നു. പ്രസ്തുതപ്രശ്നങ്ങളും ദമ്പതികളിലുണ്ടാക്കുന്ന പ്രതികരണങ്ങളും പ്രത്യാഘാതങ്ങളുമാണ് അക്കാലത്തു അവരുടെ ചിന്തയിലും സ്വഭാവത്തിലും പ്രവർത്തനങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങളുടെയെല്ലാം മുഖ്യകാരണമായിത്തീരുന്നതെന്നുള്ളതും അംഗീകരിക്കാതെ തരമില്ല.

ഏതൊരു വ്യക്തിക്കും ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകുക സ്വാഭാവികമാണ്. പ്രശ്നങ്ങളെ യഥോചിതം അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്യുമ്പോഴാണു ജീവിതം അർത്ഥവത്തായിത്തീരുന്നതു്. പ്രശ്നങ്ങളെപ്പറ്റി സദാ പരാതി പറഞ്ഞതുകൊണ്ടോ അവയുടെ മുമ്പിൽ തലകുനിച്ചതുകൊണ്ടോ അവയിൽനിന്നു് ഓടിയകലുവാൻ തുനിഞ്ഞതുകൊണ്ടോ പ്രയോജനമില്ല. ജീവിതത്തിന്റെ ലക്ഷ്യപ്രാപ്തിക്കുതകുന്ന വിധത്തിൽ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുകിൽ മാത്രമേ ജീവിതം ധന്യമാവൂ. രൂക്ഷമായ ചില പ്രശ്നങ്ങളെ ബോധപൂർവ്വം ഒഴിവാക്കാൻ കഴിഞ്ഞെന്നുവരാമെങ്കിലും മറ്റുള്ളവയ്ക്കു് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കുമ്പോഴാണു ജീവിതവിജയം നേടാൻ കഴിയുക. ചുരുക്കിപ്പറഞ്ഞാൽ പ്രശ്നം ഇല്ലാതിരിക്കുമ്പോഴല്ല, അവയെ വിജയകരമായി അഭിമുഖീകരിക്കുവാൻ കഴിയുമ്പോഴാണു ജീവിതം അർത്ഥവത്തായിത്തീരുന്നതു്. ഇതിനു് വളരെയേറെ പഠനവും പരിശീലനവും ആവശ്യമാണു്. ആത്മവിശ്വാസത്തോടും സമചിത്തതയോടുംകൂടിയ കഠിനപ്രയത്നവും പ്രശ്നങ്ങളുടെ നേർക്കു ബോധപൂർവ്വകമായ സമീപനവും ആവശ്യമാണു്. മദ്ധ്യമദമ്പതികൾ സാധാരണയായി അഭിമുഖീകരിക്കേണ്ടതായിവരുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള ഒരു പൊതുചർച്ചയാണു ഇവിടത്തെ പ്രതിപാദ്യം.

വൃദ്ധരായ മാതാപിതാക്കൾ

മദ്ധ്യവയസ്ക്കരായ ദമ്പതികളുടെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുവെങ്കിൽ അവർ വളരെയേറെ വാർദ്ധക്യത്തിലെത്തിയവരായിരിക്കുമെന്നതു തീർച്ചയാണു്. ഭാര്യയുടെ മാതാപിതാക്കന്മാരായാലും ഭർത്താവിന്റെ മാതാപിതാക്കന്മാരായാലും അവരെ വേണ്ടവിധം സംരക്ഷിക്കുകയെന്നതു് മക്കളെന്ന

malankaralibrary.com

നിലയിൽ ദമ്പതികളുടെ ധാർമ്മികമായ ഉത്തരവാദിത്വമാണ്. അതു വളരെ ക്ലേശപൂർണ്ണവും അതേസമയം വളരെ മഹത്തരവുമാണ്. വാർദ്ധക്യസഹജമായ രോഗങ്ങളും, സുബോധമില്ലാതെയുള്ള സംസാരങ്ങളും, പ്രവൃത്തികളും ഇവയൊക്കെ മാതാപിതാക്കളിൽനിന്നുണ്ടായേക്കാം. വളരെയേറെ ക്ഷമയും സഹനവും ഉള്ളവർക്കുമാത്രമേ അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവരെ ശുശ്രൂഷിക്കാനും ആദരപൂർവ്വം സംരക്ഷിക്കാനും ആനന്ദിപ്പിക്കാനും സാധിക്കൂ. വാർദ്ധക്യകാലത്തു മക്കളുടെ സാമീപ്യമാണ് എല്ലാ മാതാപിതാക്കന്മാരും ആഗ്രഹിക്കുന്നത്. സ്നേഹം, അംഗീകാരം, സുരക്ഷിതത്വം മുതലായവ മക്കളുടെ സാമീപ്യം വഴിയാണു മാതാപിതാക്കന്മാർക്കു ലഭിക്കുക. എന്നാൽ അതിനുപകരം മാതാപിതാക്കന്മാരെ സംരക്ഷിക്കുവാനുള്ള ചുമതല ഏതെങ്കിലും ജോലിക്കാരെ ഭരമേല്പിച്ചിട്ടു മക്കൾ മറ്റു കാര്യങ്ങൾക്കു പോയാൽ അതിരൂക്ഷവും ഒരുപക്ഷേ അപരിഹാര്യവുമായ അനേകം പ്രശ്നങ്ങൾക്കു അതു കാരണമായെന്നു വരാം. ഉത്തരവാദപ്പെട്ട മറ്റനേകം രംഗങ്ങളിൽ ശ്രദ്ധിക്കേണ്ട മദ്ധ്യമദമ്പതികളെ പലപ്പോഴും ധർമ്മസങ്കടത്തിലാഴ്ത്തുന്ന സന്ദർഭങ്ങൾ ഉണ്ടാവാം. എന്നാലും വൃദ്ധമാതാപിതാക്കളുടെ ആരോഗ്യം, ക്ഷേമം, ശുചിത്വം, ആദ്ധ്യാത്മികാവശ്യങ്ങൾ എന്നുവേണ്ട എല്ലാക്കാര്യങ്ങളും സന്തോഷത്തോടെ നിറവേറ്റാൻ അവർ തയ്യാറായേമതിയാകൂ. ചിലർ ബഹുകാര്യവ്യഗ്രതകളുടെ പേരിൽ തങ്ങളുടെ വൃദ്ധമാതാപിതാക്കളെ ഏതെങ്കിലും ആശുപത്രിയിലാക്കി ജോലിക്കു ആളിനെയും ഏർപ്പെടുത്തി സ്വന്തം ഉത്തരവാദിത്വം നിർവ്വഹിച്ചുവെന്ന ആത്മസംതൃപ്തിയോടെ കഴിഞ്ഞുകൂടാറുണ്ട്. ഏതു ആവശ്യത്തിനുമുള്ള പണം അവർ കൊടുത്തെന്നു വരാം. പക്ഷേ, ആശുപത്രിയിലുള്ള നഴ്സുമാരുടേയും ഡോക്ടറുടേയും ജോലിക്കാരുടേയും പരിചരണങ്ങളൊന്നും മക്കളുടെ സാമീപ്യത്തിനും സംസാരത്തിനും ശുശ്രൂഷയ്ക്കും പകരംനിൽക്കുകയില്ലെന്ന സത്യം അവർ അറിയുന്നില്ല. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കന്മാരോടു മദ്ധ്യമദമ്പതികളും എങ്ങനെ പെരുമാറുന്നുവെന്നു അവരുടെ മക്കളും ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യവും പലരും അറിയുന്നില്ല.

malankaralibrary.com

പ്രായപൂർത്തിയിലെത്തിയ മക്കൾ

പ്രായത്തിന്റെ പ്രത്യേകത വച്ചുനോക്കുമ്പോൾ മദ്ധ്യമ ദമ്പതികളുടെ മക്കൾ യുവത്വത്തിലെത്തിയവരോ എത്തിക്കൊ ണ്ടിരിക്കുന്നവരോ ആയിരിക്കാനാണു സാദ്ധ്യത. തന്മൂലം മക്ക ളെ സംബന്ധിച്ച ഭാരിച്ച ഉത്തരവാദിത്വങ്ങൾ വന്നുചേരുന്ന ഘട്ടമാണിതു്. പ്രായപൂർത്തിയിലെത്തിയ മക്കളുടെ വ്യക്തിത്വസം ബന്ധമായ കാര്യങ്ങളിൽ മാത്രമല്ല അവരുടെ ഉന്നതവിദ്യാ ഭ്യാസം, തൊഴിൽ, ജീവിതാന്തസ്സു്, സ്വയംപര്യാപ്തത മുതലാ യ ഒട്ടേറെ കാര്യങ്ങളിലും മാതാപിതാക്കന്മാരുടെ ഉത്തരവാദി ത്വപൂർണ്ണമായ നേതൃത്വവും സഹകരണവും ആവശ്യമുണ്ടു്. കൗമാരത്തിലെത്തിയ മക്കളുടെ പ്രശ്നങ്ങളും; വിവാഹിതരായ മക്കളുടെ പ്രശ്നങ്ങളുമെല്ലാം ഒരേ കുടുംബത്തിൽത്തന്നെ ഉണ്ടാ കാം. ചുരുക്കത്തിൽ കുടുംബഭരണത്തിന്റെ കാലമാണിതു്. 'കുടുംബഭാരം' ഏറെ അനുഭവപ്പെടുന്നതും ഇതേ കാലഘട്ടത്തിൽ ത്തന്നെയാണു്.

മദ്ധ്യമദമ്പതികൾക്കു തങ്ങളുടെ പ്രായപൂർത്തിയിലെത്തി യ മക്കളോടുള്ള കടമകൾ പ്രധാനമായും അഞ്ചു തരത്തിലാണു്.

1. വ്യക്തിത്വം സംബന്ധിച്ചവ

കൗമാരത്തിലും യുവത്വത്തിലുമെത്തിനില്ക്കുന്ന മക്കളുടെ വ്യ ക്തിത്വം സംബന്ധിച്ച കാര്യങ്ങളിൽ മാതാപിതാക്കൾ ഒത്ത ശ്രദ്ധരായിരിക്കേണ്ടതാണു്. മക്കൾക്കു പരിപക്വമായ ഒരു വ്യ ക്തിത്വം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കന്മാരുടെ പങ്കു് അതീവ പ്രാധാന്യമുള്ളതത്രേ. മക്കളിൽ യാഥാർത്ഥ്യബോധം, അർപ്പണബോധം, മാന്യമായ വ്യക്ത്യന്തരബന്ധം, വൈകാ രിക നിയന്ത്രണം, ഇവയെല്ലാം വളർത്തിയെടുക്കുകയെന്നതു മാ താപിതാക്കന്മാരുടെ കർത്തവ്യങ്ങളിൽപ്പെട്ടം. അതു മനുഷ്യനി ലുള്ള സ്വാഭാവികസംവിധാനത്തിന്റെ ഭാഗം തന്നെയാണു്. അടിസ്ഥാനപരമായ പാഠവും പരിശീലനവും മാതൃകയും മ ക്കൾക്കു ലഭിക്കേണ്ടതു മാതാപിതാക്കന്മാരിൽ നിന്നുതന്നെയാ ണു്. ഈവക കാര്യങ്ങളിൽ മാതാപിതാക്കന്മാരുടെ പക്ഷത്തു നിന്നുണ്ടാകുന്ന തെറ്റും അലസതയും മക്കളിൽ ഗൗരവാവഹമാ യ പ്രത്യാഘാതങ്ങളുണ്ടാക്കുകതന്നെ ചെയ്യും. പല മദ്ധ്യമദമ്പ

malankaralibrary.com

തികളും മക്കൾക്കുവേണ്ടി സമ്പത്തുണ്ടാക്കാനുള്ള വ്യഗ്രതയിൽ മക്കളുടെ വ്യക്തിത്വസംപെന്ധമായ കാര്യങ്ങളിൽ അറിഞ്ഞും അറിയാതെയും ഉപേക്ഷ കാണിക്കുന്നു. എസ്റ്റേറ്റ്, കൃഷി, വ്യവസായം, കച്ചവടം, ഉദ്യോഗം മുതലായവയുടെ പേരിൽ ദീർകാലം വിദൂരത്തും വിദേശത്തും മറ്റും താമസിക്കുന്നവർക്കു പ്രായപൂർത്തിയിലെത്തിയ മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല. മക്കളെ സ്വന്തം വീട്ടിലോ ഹോസ്റ്റലിലോ ലോഡ്ജിലോ താമസിപ്പിച്ച വിദ്യാഭ്യാസത്തിനുവേണ്ടി മാസംതോറും വൻതുക അയച്ചുകൊടുത്തു് അവസാനം അവിഹിതമാർഗ്ഗങ്ങളിൽനിന്നു അവരെ പിന്തിരിപ്പിക്കാൻ മാനസിക രോഗചികിത്സാകേന്ദ്രങ്ങളിൽ കയറിയിറങ്ങുന്ന മാതാപിതാക്കന്മാരുടെ എണ്ണം സമൂഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. സ്വന്തംവീട്ടിൽ തങ്ങളോടൊത്തു ജീവിക്കുന്ന മക്കളുടെ വ്യക്തിത്വസംബന്ധമായ കാര്യങ്ങളിൽ താത്പര്യമില്ലാത്ത മാതാപിതാക്കന്മാരുമുണ്ടു്. മക്കൾക്കു ദുർമ്മാതൃക നല്കുന്നവരും കുറവല്ല. സാമ്പത്തികബുദ്ധിമുട്ടുകളുടെ പേരിൽ മക്കളുടെ കാര്യത്തിൽ ശ്രദ്ധിക്കാത്തവരും, മക്കൾക്കു ആവശ്യത്തിനും അനാവശ്യത്തിനും പണം കൊടുത്തിട്ടു തങ്ങളുടെ ഉത്തരവാദിത്വം തീർന്നുവെന്നു സ്വയംതൃപ്തിപ്പെട്ടുകഴിഞ്ഞുകൂടുന്നവരുമെല്ലാം സ്വന്തം മക്കളെ അപകടത്തിലേക്കു തള്ളിവിടുകയാണു ചെയ്യുന്നതു്. ഒരുപക്ഷേ, വാർദ്ധക്യത്തിലെത്തുമ്പോൾ അവർ സ്വയംകൃതാനർത്ഥത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടതായും വരും.

അപ്പനെന്നും അമ്മയെന്നുമുള്ള വാക്കുകളുടെ അർത്ഥം ബാങ്കുബാലൻസിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടാനുള്ളതല്ല. അപ്പനും അമ്മയ്ക്കും ശാസ്ത്രീയഭാഷ്യമോ സാമൂഹ്യഭാഷ്യമോ മാത്രം നല്കിയാൽ പോരാ. ജനിപ്പിച്ചുവെന്നതോ ഭക്ഷണവും വസ്ത്രവും കിടപ്പാടവും നല്കിയെന്നതോ, ജാമ്യവും പലിശയുമില്ലാതെ പണം നല്കിയെന്നതോ അല്ല അപ്പന്റെയും അമ്മയുടെയും പദവിക്കടിസ്ഥാനം. സാമൂഹികവും സാമ്പത്തികവും ശാസ്ത്രീയവുമായ വീക്ഷണങ്ങളിൽ മാത്രം മാതാപിതാക്കന്മാർക്കു് അർത്ഥം കല്പിക്കുന്ന മക്കളാണു വാർദ്ധക്യത്തിലെത്തിയ സ്വന്തം മാതാപിതാക്കന്മാരെ നിരുപയോഗവസ്തു

malankaralibrary.com

ക്കളായി കണക്കാക്കി പുരയുടെ ഒഴിഞ്ഞ കോണിലോ സമൂഹത്തിന്റെ ഏതെങ്കിലും ചവറു കൂട്ടയിലോ ഉപേക്ഷിച്ചുതള്ളുന്നതു്. ആധുനികസംസ്കാരത്തിന്റെ ബലിയാടുകളായിത്തീരുന്ന വൃദ്ധമാതാപിതാക്കന്മാരുടെ നരകയാതനകൾ ഉദ്ബോധിപ്പിക്കുന്നതു മക്കൾക്കു വേണ്ടതു സ്വാഥ്യവും ചെക്കുമല്ല, അപ്പനും അമ്മയുമാണു് എന്ന വസ്തുതയാണു്. മക്കളോടുള്ള ധാർമ്മികോത്തരവാദിത്വങ്ങളിൽ നിന്നൊഴിഞ്ഞുമാറി, അപ്പനെന്നും അമ്മയെന്നുമുള്ള വാക്കുകളുടെ ധ്വനനശക്തിയും മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും സൗന്ദര്യവും മാധുര്യവും മഹത്ത്വവും ശക്തിയും മാതാപിതാക്കളും മക്കളുംതമ്മിലുള്ള ബന്ധത്തിന്റെ ധാർമ്മിക മൂല്യങ്ങളും നഷ്ടപ്പെട്ടുത്തിയവർ തങ്ങളുടെ വാർദ്ധക്യ കാലത്തു ദുഃഖവും വേദനയും മാത്രമായി ജീവിതം തള്ളിനീക്കേണ്ടിവരുന്നതിൽ അത്ഭുത്തിനവകാശമില്ലല്ലോ. മക്കളോടുള്ള ധാർമ്മികോത്തരവാദിത്വങ്ങളിൽ വീഴ്ചവരുത്തിയ പല മദ്ധ്യമദമ്പതികളും വാർദ്ധക്യത്തിൽ മക്കളിൽനിന്നുതന്നെ അതിന്റെ ശിക്ഷ ഏറ്റുവാങ്ങുന്നതു കാണാം.

സ്നേഹിക്കുകയും വിശ്വസിക്കുകയും അംഗീകരിക്കുകയും സംരക്ഷിക്കുകയും വളർത്തുകയും സജീവമായ വ്യക്ത്യന്തരബന്ധത്തിലേർപ്പെടുകയുംചെയ്യുമ്പോഴാണു മാതാപിതാക്കന്മാർ മക്കളെ സംബന്ധിച്ചിടത്തോളം അനുഭവവേദ്യമായ യാഥാർത്ഥ്യമാകുന്നതു്. മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം യാന്ത്രികതയായി അഥവാ സാങ്കേതികതയായി മാറിയാൽ അതു കുടുംബമെന്ന സമൂഹഘടന തകർത്തുകളയുകയേയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ മക്കളുടെ വ്യക്തിത്വം ശരിയായി വികാസം പ്രാപിക്കണമെങ്കിൽ അവർക്കു മാതാപിതാക്കന്മാരിൽനിന്നു മുഖ്യമായും ലഭിക്കേണ്ടതു സ്നേഹം, വിശ്വാസം, അംഗീകാരം, സുരക്ഷിതത്വം, സമാധാനം, സ്വാതന്ത്ര്യം, വളരാനുള്ള അവസരങ്ങൾ മുതലായവയാണു്. ജീവിതവിജയത്തിനാവശ്യമായ പഠനവും പരിശീലനവും മൂല്യാധിഷ്ഠിതജീവിതത്തിനുള്ള മഹത്തായ മാതൃകയും മാതാപിതാക്കന്മാരിൽനിന്നുതന്നെ ലഭിക്കുകയും വേണം.

ചില മാതാപിതാക്കന്മാർ ഉഗ്രശാസകരായി മക്കളോടു വർത്തിക്കാറുണ്ടു്. ഭീഷണിയും കോപവും കഠിനശിക്ഷക

malankaralibrary.com

ളംവഴി മക്കളെ അടിച്ചമർത്തുകയും ഭയത്തിന്റെ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് മക്കളെ നന്നാക്കാമെന്നു വ്യാമോഹിക്കുകയും ചെയ്യുന്നവരാണ് അവർ. അതേസമയം ചില മാതാപിതാക്കന്മാർ മക്കളെ അമിതമായി താലോലിക്കയും അവരുടെ ഏകാഗ്രതയും സാധിച്ചുകൊടുക്കാൻ വ്യഗ്രത കാണിക്കയും മക്കളുടെ തെറ്റുകുറ്റങ്ങൾതിരുത്താനോ കുറവുകൾ ശിക്ഷിക്കാനോപോലും മടികാണിക്കയും ചെയ്യുന്നു. വേറെ ചിലർ സ്വന്തം കുറവുകൾ മറച്ചുപിടിക്കാനുള്ള തത്രപ്പാടിൽ മക്കളോടുപോലുമാരാതെ ഉപദേശിക്കുന്നവരാണ്. ഇവയൊന്നും മക്കളെ നന്നാക്കാനോ പക്വമായ വ്യക്തിത്വത്തിന്റെ ഉടമകളാക്കാനോ സഹായിക്കില്ല. മക്കളെ കേവലം അടിമകളോ വളർത്തുമൃഗങ്ങളോ വീട്ടുപകരണങ്ങളോ യന്ത്രങ്ങളോ അഥവാ സ്വാർത്ഥതയുടെ മൂർത്തികളോ ആയി വളർത്തിക്കൊണ്ടുവരുന്ന മാതാപിതാക്കന്മാർ സമൂഹത്തിനും മക്കൾക്കും തങ്ങൾക്കുതന്നെയും ദുരന്തങ്ങൾ വരുത്തിവയ്ക്കുകയാണു ചെയ്യുക. എന്നാൽ മക്കളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അറിയാനും അവരെ നിയന്ത്രിക്കാനും തിരുത്താനും അവരുടെ പരിതോവസ്ഥകളെ ബോധപൂർവ്വം ക്രമപ്പെടുത്തി നന്മയിലേക്കു അവരെ നയിക്കാനും അവർക്കു അനുകരണീയമായ മാതൃകയും മാർഗ്ഗദീപവുമായിരിക്കാനും കഴിയുന്ന മാതാപിതാക്കന്മാരാണു മക്കളുടെ വ്യക്തിത്വ സംബന്ധമായ കാര്യങ്ങളിൽ തങ്ങളുടെഉത്തരവാദിത്വം ശരിയായി നിറവേറുന്നതു്.

2. മക്കളുടെ ഉന്നത വിദ്യാഭ്യാസം.

മദ്ധ്യമദമ്പതികളുടെ മക്കൾ സാധാരണയായി പ്രാഥമികവിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ പിന്നിട്ടവരായിരിക്കാനാണു സാദ്ധ്യത. അപവാദങ്ങൾ ധാരാളമുണ്ടാകാം. സാധാരണയായി മദ്ധ്യമദമ്പതികൾക്കഭിമുഖീകരിക്കേണ്ടിവരുന്നതു ഹൈസ്ക്കൂളിലും കോളേജിലും സാങ്കേതികവിദ്യാലയങ്ങളിലുമൊക്കെ പഠിക്കുന്ന മക്കളുടെ വിദ്യാഭ്യാസസംബന്ധമായ പ്രശ്നങ്ങളായിരിക്കും. നിലവാരമുള്ള വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുക, അഡ്മിഷൻ വാങ്ങിക്കുക, പഠനപുരോഗതിയെയും പെരുമാറ്റരീതിയെയുംപറ്റി അന്വേഷിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക, പാഠ്യേതരവിഷയത്തിലുള്ള താത്പര്യം ബോധപൂർവ്വം നിരീക്ഷിക്കുക, പഠനത്തിനാവശ്യമായ

malankaralibrary.com

സൗകര്യങ്ങളും സാമ്പത്തികസഹായങ്ങളും നല്കുക, മോശമായ സാഹചര്യങ്ങളിൽനിന്നു വിവേകപൂർവ്വം സംരക്ഷിക്കുക മുതലായ ചുമതലകളെല്ലാം മക്കളുടെ ഉന്നതവിദ്യാഭ്യാസസംബന്ധമായി മാതാപിതാക്കന്മാർ നിർവ്വഹിക്കേണ്ടവയാണു്, സംശയമില്ല. മദ്ധ്യമദമ്പതികൾ മക്കളുടെ ഉന്നതവിദ്യാഭ്യാസം സംബന്ധിച്ചു അഭിമുഖീകരിക്കുന്ന സാമ്പത്തികബുദ്ധിമുട്ടുകൾ പ്രത്യേകം എടുത്തുപറയേണ്ടവതന്നെയാണു്. പലപ്പോഴും സ്വന്തംജീവിത സൗകര്യങ്ങൾ ബലികഴിച്ചെങ്കിൽമാത്രമേ വിദ്യാഭ്യാസച്ചെലവുകൾ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ള. മക്കൾക്കുവേണ്ടി സ്വയം ത്യജിക്കേണ്ട, സ്വയം ബലിയർപ്പിക്കേണ്ട രംഗമാണതു്.

3. മക്കൾക്കു തൊഴിൽ കണ്ടെത്തുക.

മക്കൾക്കു ജീവിക്കാൻ സമ്പത്തുണ്ടാക്കിക്കൊടുക്കുകയെന്ന പഴയ ചിന്താഗതിക്കു് ഇന്നു വലിയ പ്രസക്തിയില്ല. പലർക്കും അതു് അസാദ്ധ്യമായിരിക്കയുമാണു്. ജീവിക്കാനൊരു തൊഴിൽ സമ്പാദിച്ചുകൊടുക്കുകയാണു് ഇന്നു കരണീയം. എന്നാൽ മാതാപിതാക്കന്മാരുടെ അഭീഷ്ടമനുസരിച്ചുള്ള ജോലി മാത്രം ചെയ്യാൻ മക്കളെ നിർബ്ബന്ധിച്ചതുകൊണ്ടു വലിയ പ്രയോജനമില്ല. മക്കളുടെ താത്പര്യവും കഴിവും വാസനയുമനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുമാണു വേണ്ടതു്. ജീവിതത്തിൽ സാമ്പത്തികഭദ്രത കൈവരുത്താനുതകുന്ന ഏതൊരു ജോലിയും അഭിമാനപൂർവ്വം പ്രോത്സാഹിപ്പിക്കേണ്ടതു് ഇന്നത്തെ ഒരു വലിയ ആവശ്യമാണു്. കയ്യിൽ പേനാപിടിച്ചുള്ള തൊഴിൽ മാത്രമേ പാടുള്ളുവെന്നുകരുതുന്നതു മൗഢ്യമാണു്. കലപ്പയോ ചുമടായോ സ്പാനറോ മറെറന്തുതരം പണിയായുധങ്ങളോ കയ്യിലേന്താൻ മക്കൾക്കു ധൈര്യവും സന്തോഷവും പ്രോത്സാഹനവും നല്കുകയാണാവശ്യം.

എല്ലാത്തൊഴിലും അഭിമാനകരമാണെന്നുള്ള ബോദ്ധ്യം മക്കൾക്കു നല്കുന്നതോടൊപ്പം കഠിനാദ്ധ്വാനത്തിന്റെയും സ്വയംതൊഴിൽകണ്ടെത്തലിന്റേയും ആവശ്യകതയും മക്കളെ ബോദ്ധ്യപ്പെടുത്തുവാൻ മാതാപിതാക്കന്മാർക്കു കടമയുണ്ടു്.

malankaralibrary.com

യുവജനങ്ങളുടെ തൊഴിലില്ലായ്മ വലിയ പ്രശ്നംതന്നെയെങ്കിലും അതിലും വലിയ മറെറാരു പ്രശ്നം തൊഴിൽ ചെയ്യാനുള്ള മടിയാണു്. അദ്ധ്വാനിക്കാൻ മടിയുള്ള മനുഷ്യർ സ്വയം തകരുമെന്നു മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെത്തന്നെയും തകർച്ചയിലെത്തിക്കുമെന്നതും തീർച്ചയാണു്. അതുപോലെതന്നെ ചെയ്യാൻ എന്തെങ്കിലും ജോലിയില്ലാതെ വന്നാൽ, മക്കൾ അസ്വസ്ഥരും അസംതൃപ്തരും നിരാശരുമാകുകയും മോശമായ മാർഗ്ഗങ്ങളിലേക്കു വഴതിവീഴുകയും ചെയ്യുമെന്നുള്ളതും മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

4. മക്കളുടെ ജീവിതാന്തസ്സു്

മദ്ധ്യമദമ്പതികളുടെ മറെറാരു വലിയ ഉത്തരവാദിത്വമാണു പ്രായപൂർത്തിയിലെത്തിയ മക്കളെ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സഹായിക്കുകയെന്നതു്. വിവാഹമോ സംന്യാസമോ പൗരോഹിത്യമോ എന്തുതന്നെയായിരുന്നാലും ജീവിതാന്തസ്സു തെരഞ്ഞെടുക്കുക ഓരോ വ്യക്തിയുടെയും അവകാശമാണെന്നതിൽ സംശയമില്ല. മക്കളുടെ വിവേകപൂർവ്വകമായ തെരഞ്ഞെടുപ്പിനെ മാതാപിതാക്കന്മാർ അനുഭാവത്തോടെ പരിഗണിച്ചേമതിയാകൂ. മക്കളുടെ ദൈവദത്തമായ ഒരവകാശത്തെ നിഷേധിക്കുംവിധം മാതാപിതാക്കന്മാർ ഇടപെടുന്നതു യാതൊരു തരത്തിലും ന്യായീകരിക്കാൻ സാദ്ധ്യമല്ല. മക്കൾ തെരഞ്ഞെടുക്കുന്നതു ഏതു ജീവിതാന്തസ്സുമായിക്കൊള്ളട്ടെ, അവർ അതിൽ പ്രവേശിക്കുമ്പോഴും അതിനോടു ബന്ധപ്പെട്ട മതപരവും സാമൂഹികവും പരമ്പരാഗതവുമായ ചടങ്ങുകളും നടത്തുക മാതാപിതാക്കന്മാർ തങ്ങളുടെ ചുമതലയായിക്കാണണം.

നമ്മുടെ നാടിൻെറ സാംസ്കാരികപാരമ്പര്യമനുസരിച്ചു് മക്കളുടെ വിവാഹകാര്യത്തിൽ മാതാപിതാക്കന്മാർ വളരെ ഉത്തരവാദിത്വപൂർവ്വം പ്രവർത്തിക്കുക പതിവാണു്. ഇണയെ തെരഞ്ഞെടുത്തു മക്കളുടെമേൽ അടിച്ചേല്പിക്കുന്ന രീതിയെന്നു പറഞ്ഞു ചിലർ ഇതിനെ കുറെപ്പെടുത്താറുള്ളതു ശരിയല്ല. അങ്ങനെയും സംഭവിക്കുന്നുണ്ടായിരിക്കാം. പക്ഷേ യഥാർത്ഥത്തിൽ

malankaralibrary.com

മാതാപിതാക്കന്മാർ വിവാഹകാര്യത്തിൽ മക്കളെ ഉത്തരവാദിത്വപൂർവ്വം സഹായിക്കയാണു ചെയ്യുന്നതു്. അതു മക്കളുടെ അവകാശത്തിന്മേലുള്ള കൈകടത്തലായി ചിത്രീകരിക്കുക അനുചിതമാണു്.

ഒരു പുരുഷനും ഒരു സ്ത്രീയും വ്യക്തികളെന്നനിലയിൽ ഒന്നായിത്തീരുന്നതാണു വിവാഹം. പക്ഷേ വിവാഹംവഴി രണ്ടു കുടുംബങ്ങളും സാമൂഹികമായി ബന്ധപ്പെടുന്നുവെന്നതാണു നമ്മുടെ സാംസ്ക്കാരികപാരമ്പര്യം. വിവാഹബന്ധത്തിനു യോജിച്ച കുടുംബങ്ങളെയും വ്യക്തികളെയും തെരഞ്ഞെടുക്കാൻ മാതാപിതാക്കന്മാർ മക്കളെ സഹായിക്കുന്നു. എന്നാൽ വിവാഹത്തിന്റെ കാതലായ 'സ്വതന്ത്രമായ സമ്മതം' മക്കൾക്കു മാത്രമുള്ള അവകാശമായിത്തന്നെ അംഗീകരിക്കപ്പെടുന്നു. സംന്യാസമോ പൗരോഹിത്യമോ സ്വീകരിക്കാൻ മക്കളെ നിർബ്ബന്ധിക്കാനോ അതിൽനിന്നു് അവരെ തടയാനോ മാതാപിതാക്കന്മാർക്കവകാശമില്ലാത്തതുപോലെതന്നെയാണു വിവാഹകാര്യത്തിലും. മാത്രമല്ല ഇന്ന വ്യക്തിയെ വിവാഹം കഴിക്കണമെന്നു നിർബ്ബന്ധിക്കുന്നതു ക്രൂരകരവുമാണു്.

5. ഭരണകൈമാറ്റം

മദ്ധ്യമകാലത്തു ദമ്പതികൾ നിർവ്വഹിക്കേണ്ട മറെറാരു കർത്തവ്യമാണു കുടുംബത്തിന്റെ ചുമതലകൾ മക്കൾക്കു കൈമാറുകയെന്നതു്. കുടുംബസ്വത്തു നീതിപൂർവ്വകമായി മക്കൾക്കു വീതിച്ചു നല്കിക്കൊണ്ടും ഭരണച്ചുമതലകൾ അവർക്കു ഏല്പിച്ചുകൊടുത്തുകൊണ്ടുമാണു അതു് നിർവ്വഹിക്കുന്നതു്. മാതാപിതാക്കന്മാരുടെ ഭാരം ഒഴിവാക്കുകയെന്നതോ അവർ ഉത്തരവാദിത്വങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുകയെന്നതോ അല്ല ഇതിന്റെ ലക്ഷ്യം. പ്രത്യുത പ്രായപൂർത്തിയായ മക്കൾക്കു കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുള്ള പഠനവും പരിശീലനവും നല്കുന്നതിനാണു മദ്ധ്യമകാലത്തുതന്നെ ഈ ചുമതല നിർവ്വഹിക്കുന്നതു്. മാത്രമല്ല കുടുംബസ്വത്തു വേണ്ടവിധം ഉപയോഗിച്ചു സാമ്പത്തികമായി വളരുവാനും ഇതുനിമിത്തം മക്കൾക്കു സാധിക്കും.

malankaralibrary.com

മദ്ധ്യമകാലത്തു കുടുംബസ്വത്തു ഭാഗംചെയ്തു കൊടുക്കുന്നതാണു വാർദ്ധക്യത്തിൽ വിശ്രമജീവിതം നയിക്കാനും സഹായകം. എന്നിരുന്നാലും മദ്ധ്യമദമ്പതികൾ തങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഒട്ടൊക്കെ ഒതുക്കിയശേഷം കുടുംബത്തിന്റെ മൂലധനം മക്കൾക്കു വീതിക്കുന്നതാണുത്തമം. മദ്ധ്യമകാലത്തിന്റെ അവസാനഘട്ടമായിരിക്കും അതിനു യോജിച്ച സമയം. ഓരോ കുടുംബത്തിന്റെയും പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തു നടപ്പാക്കേണ്ട കാര്യമാണിതു്.

സ്വന്തക്കാരും ബന്ധക്കാരും

സ്വന്തക്കാരോടും ബന്ധക്കാരോടുമുള്ള ഉത്തരവാദിത്വങ്ങൾ ഏറെറവുമധികം നിർവ്വഹിക്കപ്പെടേണ്ടിവരുന്നതു് ഈ മധ്യമഘട്ടത്തിലാണു്. യഥാർത്ഥത്തിൽ കുടുംബജീവിതത്തെ സജീവമാക്കുന്നതു പ്രസ്തുത ബന്ധങ്ങൾ തന്നെയാണു്. പക്ഷേ അവമൂലമുള്ള ഉത്തരവാദിത്വങ്ങൾ സന്മനസ്സോടും സന്തോഷത്തോടുംകൂടി നിർവ്വഹിക്കുന്നവർക്കേ ജീവിതം ആസ്വാദ്യമാകൂ. സ്വന്തക്കാർക്കും ബന്ധുക്കൾക്കും വേണ്ടി ധാരാളം സമയവും ധനവും ചെലവഴിക്കേണ്ടിവന്നേക്കാം. ധാരാളം ക്ലേശങ്ങൾ സഹിക്കേണ്ടതായും വരാം. പക്ഷേ അത്തരം കാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുന്നതും അവയിൽ അതൃപ്തി കാണിക്കുന്നതും ബന്ധങ്ങളെ നിർജ്ജീവമാക്കുകയേയുള്ളൂ.

സമൂഹത്തോടുള്ള ഉത്തരവാദിത്വം

വിവാഹംവഴി പുരുഷനും സ്ത്രീയും സമൂഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയാണു്. ഏതൊരു സാമൂഹികവ്യവസ്ഥിതിയുടെയും അടിസ്ഥാനഘടകമാണല്ലോ കുടുംബം. തന്മൂലം നല്ല കുടുംബങ്ങളുണ്ടെങ്കിലേ നല്ല സമൂഹം രൂപമെടുക്കൂ. മൂല്യബോധമുള്ള മനുഷ്യരെ സമൂഹത്തിനു സംഭാവന ചെയ്യുന്നതിനുപകരം, ചില വന്യമൃഗങ്ങളേയോ പിശാചുക്കളേയോ ജനിപ്പിച്ചുവളർത്തി സമൂഹത്തിലേക്കിറക്കിവിടുന്ന ദമ്പതികൾ സമൂഹത്തോടു കടുത്ത ദ്രോഹംതന്നെയാണു ചെയ്യുന്നതു്. തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ കാടത്തീർക്കുന്ന വ്യക്തികളെ 'ജന്തുക്കൾ'എന്നുവേണമല്ലോ വിളിക്കാൻ. തങ്ങൾ ജീവി

malankaralibrary.com

ക്കുന്ന സമൂഹത്തിൽ നരകം പണിയുന്നവരാണു പിശാചുക്കൾ. ജന്തുക്കളേപ്പോലെ ജീവിക്കുന്ന ദമ്പതികളും ജന്തുസ്വഭാവമുള്ള വ്യക്തികളെയും, പിശാചുക്കളേപ്പോലെജീവിക്കുന്ന ദമ്പതികളും പൈശാചികവ്യക്തിത്വങ്ങളെയും സമൂഹത്തിനു സംഭാവനചെയ്യുന്നു. എന്നാൽ, സമൂഹത്തിനു മനുഷ്യരെ അഥവാ മാലാഖമാരെ സംഭാവന ചെയ്യുകയാണു കുടുംബത്തിന്റെ ദൗത്യം. തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ സ്വർഗ്ഗം പണിയുന്ന വ്യക്തികളെയാണു മാലാഖമാർ എന്നു ഇവിടെ വിവക്ഷിക്കുക. സമൂഹത്തിൽ സർവ്വവിധനന്മകളും വിളയുന്നതു് അവരിൽനിന്നാണു്.

ജോലിയിൽനിന്നു വിരമിക്കുന്നു

ഉദ്യോഗസ്ഥരായ മദ്ധ്യമദമ്പതികളെ സംബന്ധിച്ചിടത്തോളം കുടുംബത്തിന്റെ സാമ്പത്തികരംഗത്തെ സാരമായി ബാധിക്കുന്നതും വ്യക്തിപരമായ ഒട്ടേറെ മാറ്റങ്ങൾക്കു കാരണമാകുന്നതുമാണു് ഔദ്യോഗികജീവിതത്തിൽനിന്നുള്ള വിരമിക്കൽ. സർവ്വീസിൽനിന്നു പെൻഷൻപറ്റിപ്പിരിഞ്ഞാൽപ്പിന്നെ ജീവിതം തീർന്നെന്നോ തങ്ങൾക്കിനി ഒന്നും ചെയ്യാനില്ലെന്നോ, ഇനി തങ്ങൾ ആരുമല്ലെന്നോ വിചാരിച്ചു മാനസികവ്യഥയനുഭവിക്കുന്നവരുണ്ടു്. ജീവിതപ്രാരബ്ധങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ കുടുംബത്തിന്റെ വരുമാനം പെട്ടെന്നു നിന്നുപോകുന്നതിന്റെ ആഘാതം ചിലരെ വളരെക്കൂടുതലായി ബാധിച്ചെന്നുവരാം. എന്നാൽ കൃഷി, കച്ചവടം, വ്യവസായം, ചില പ്രത്യേക ഉദ്യോഗങ്ങൾ ഇവയിലൊക്കെ ഏർപ്പെട്ടിരിക്കുന്നവർക്കു് ഒരു നിശ്ചിതദിവസം നിർബ്ബന്ധമായി ജോലിയിൽനിന്നു വിരമിക്കുന്നതിന്റെ പ്രശ്നം ഉണ്ടാകുന്നില്ല. ഔദ്യോഗികജീവിതം ഒരു സുപ്രഭാതത്തിൽ അവസാനിക്കുന്നവർ ഒട്ടേറെ കാര്യങ്ങളിൽ ക്രമീകരണങ്ങൾ വരുത്തേണ്ടതായിട്ടുണ്ടു്. ഔദ്യോഗികജീവിതത്തിൽനിന്നു വിരമിക്കുമ്പോഴത്തെ സാമ്പത്തികപ്രതിസന്ധി തരണംചെയ്യാനും ഏതെങ്കിലും അനുയോജ്യമായ തൊഴിലിൽ ഏർപ്പെടാനും മുൻകൂട്ടി ബോധപൂർവ്വം ആസൂത്രണം ചെയ്യുന്നവർക്കു ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും. ജോലിയിൽനിന്നു വിരമിക്കൽ സാധാരണയായി മദ്ധ്യമഘട്ടത്തിന്റെ അന്ത്യമായിട്ടും വാർദ്ധക്യത്തിന്റെ

malankaralibrary.com

ആരംഭമായിട്ടുമാണ പലർക്കും അനുഭവപ്പെടുക. ഇനിയും ചെയ്തു തീർക്കാനുള്ള ചുമതലകളെപ്പറ്റി ഓർക്കുമ്പോൾ ചിലപ്പോൾ ഭയവും ഉത്കണ്ഠയും തോന്നിയെന്നുവരാം. ഒരു പുതിയജീവിതത്തിന്റെ ആരംഭമായി അതിനെ പരിഗണിച്ചു മുന്നോട്ടുപോയാൽ പ്രശ്നങ്ങളെ ക്രമേണ പരിഹരിക്കാൻ സാധിക്കും. ഏതായാലും വാർദ്ധക്യത്തിലേക്കു പ്രവേശിക്കാനുള്ള മൻകരുതൽ എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാവശ്യമാണ്.

ശാരീരികമാറ്റങ്ങൾ

മനുഷ്യജീവിതത്തിൽ മദ്ധ്യമകാലം മാറ്റങ്ങളുടെ കാലമാണെന്നു നേരത്തേ സൂചിപ്പിച്ചുല്ലോ. വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളിലും സ്വാഭാവികമായ് അനേകം മാറ്റങ്ങൾ അനുഭവപ്പെടുന്ന കാലമാണിത്. എല്ലാ മാറ്റങ്ങൾക്കും അടിസ്ഥാനം ശരീരത്തിനുണ്ടാകുന്ന സ്വാഭാവികമാറ്റങ്ങൾതന്നെയാണെന്നു പറയാം.

പ്രായമാകുന്തോറും ശരീരത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും മാറ്റമുണ്ടാകുക സ്വാഭാവികമാണ്. അതിനെ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കാൻ ആരും മടിക്കേണ്ടതില്ല. മദ്ധ്യമകാലത്തു ആരോഗ്യപ്രശ്നങ്ങൾ എല്ലാവരെയും ബാധിക്കും. യൗവനവുമായി താരതമ്യപ്പെടുത്തുമ്പോൾ ശരീരത്തിന്റെ ശക്തിയും കഴിവുകളും സൗന്ദര്യവുമൊക്കെ കുറഞ്ഞുവരുകയും പലതരം രോഗങ്ങൾ ബാധിക്കുകയും ചെയ്യുന്ന ഘട്ടമാണ മദ്ധ്യമം. ചിലരെ അനാരോഗ്യം വളരെ കൂടുതലായി ബാധിച്ചെന്നുവരാം. മറ്റു ചിലരാകട്ടെ അറിഞ്ഞും അറിയാതെയും പുകവലി, മദ്യം, മയക്കുമരുന്നുകൾ, മറ്റു ദുശ്ശീലങ്ങൾ, അമിതമായ ആഹാരം, അതിരുകവിഞ്ഞ അദ്ധ്വാനം എന്നിവയെല്ലാംവഴി ശാരീരികമായ അനാരോഗ്യം വരുത്തിവയ്ക്കുന്നവരുമാകാം. ആവശ്യമായ വ്യായാമം, വിശ്രമം, വിനോദം, ചികിത്സ ഇവയുടെ അഭാവംമൂലം രോഗികളാകുന്നവരുമുണ്ട്. സ്വന്തം ആയുസ്സും ആരോഗ്യവും കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം തനിക്കുതന്നെയാണെന്ന കാര്യം ആരും മറക്കരുതാത്തതാണ്. മദ്ധ്യമകാലത്തിന്റെ സ്വാഭാവികമായ മറെറാരു പ്രത്യേകത ലൈംഗികത സംബന്ധിച്ചു പുരുഷനിലും സ്ത്രീയിലുമുണ്ടാകുന്ന മാറ്റങ്ങളാണ്. ആർത്തവവിരാമം (Menopause)

malankaralibrary.com

സ്ത്രീയെ ഒരു പ്രത്യേക സ്ഥിതിവിശേഷത്തിലെത്തിക്കുന്നു. അ തുത്തോളം നിർദ്ദിഷ്ടമല്ലെങ്കിലും പുരുഷനിലും ലൈംഗികമാ റ്റം (Andropause or climacteric) സംഭവിക്കുന്നു. മദ്ധ്യമദമ്പ തികളിൽ ഈവക ലൈംഗികവ്യതിയാനങ്ങളും മാനസികവും ശാരീരികവുമായ അനേകം മാറ്റങ്ങൾക്കു കാരണമാകുന്നുണ്ട്. അതുകൊണ്ട് 'ജീവിത വ്യതിയാനം' (change of life) എന്നതു ന്നെയാണു പ്രസ്തുതഘട്ടം വിശേഷിപ്പിക്കപ്പെടുന്നതു്. നാല്പ ത്തഞ്ചു വയസ്സുമുതലുള്ള ഏതാനും വർഷങ്ങൾക്കുള്ളിൽ സ്ത്രീയുടെ ആർത്തവം സാവധാനം നിലയ്ക്കുകയും ശാരീരികവും മാനസി കവുമായ ഒട്ടേറെ പുനഃക്രമീകരണങ്ങൾക്കു അവൾ വിധേയയാ വുകയും ചെയ്യുന്നു. എന്നാൽ പുരുഷനിൽ പൂർണ്ണമായ ഒരു ലൈം ഗികവിരാമം ഉണ്ടാകുന്നില്ല. അൻപതു വയസ്സുമുതൽ 60 വയ സ്സുവരെയുള്ള കാലഘട്ടത്തിലാണു സാധാരണയായി 'ആൻഡ്രോ പോസ്' അനുഭവപ്പെടുക. ചിലപ്പോൾ അതിനു ശേഷവും ആ കാം. ലൈംഗികപ്രവർത്തനശേഷിയിലും ലൈംഗികാസക്തി യിലും അതിന്റെ പ്രതിഫലനങ്ങൾ കാണാം. ചിലർക്കു പ ലതരം ലൈംഗികഭ്രംശങ്ങളും ഉണ്ടായെന്നുവരാം. ലൈംഗിക മാറ്റങ്ങൾ ശാരീരികമാറ്റങ്ങൾക്കു പുറമേ വൈകാരികമാറ്റ ങ്ങളും മദ്ധ്യമദമ്പതികളിൽ ഉളവാക്കുന്നുണ്ട്.

വൈകാരികമാറ്റങ്ങൾ

ശാരീരികമായ മാറ്റങ്ങളോടൊപ്പം മാനസികവും ബൗ ദ്ധികവുമായ വളരെയേറെ വ്യത്യാസങ്ങളും മദ്ധ്യമദമ്പതികൾ ക്കുണ്ടാകുന്നുണ്ട്. പൊതുവേ പറഞ്ഞാൽ പക്വമായ വ്യക്തിത്വ ത്തിനുടമകളായിരിക്കേണ്ടവരാണവർ. എന്നാൽ ചിലരിലെ ങ്കിലും വൈകാരികത്തകർച്ചയുണ്ടാകുന്നുവെന്നതു വിസ്മരിച്ചു കൂടാ. സ്നേഹവും വിശ്വാസവും അംഗീകാരവും സുരക്ഷിത ത്വവും സമാധാനവും സന്തോഷവും സഹായവും പരസ്പരം പങ്കുവയ്ക്കാൻ കഴിയാത്ത ദമ്പതികൾ മദ്ധ്യമകാലത്തനുഭവി ക്കുന്ന മാനസികസംഘർഷം വളരെയാണു്. പരസ്പരം കു റ്റമാരോപിക്കാൻ ഇരുവരും മത്സരിക്കുന്നു. ഏകാന്തതയും കു റ്റബോധവും, അപകർഷതയും ഭയവുമെല്ലാംകൂടി ഒന്നുചേരു മ്പോൾ മാനസിക സമനില തെറ്റുന്നവരുമുണ്ട്. തന്മൂലം കു ടുംബകലഹങ്ങൾ വർദ്ധിക്കുകയും കുടുംബബന്ധങ്ങൾ തകരുക

malankaralibrary.com

യും ചെയ്തെന്നു വരാം. ചില കുടുംബനാഥന്മാർ ഭാര്യയോടും മക്കളോടും പ്രതികാരം ചെയ്യുന്നതു മദ്യഷാപ്പുകളിലും വേശ്യാലയങ്ങളിലും ചൂതാട്ടകേന്ദ്രങ്ങളിലും പോയി സ്വയം നശിച്ചുകൊണ്ടായിരിക്കാം. അഥവാ സാമൂഹ്യദ്രോഹപ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടാവാം. അതുമല്ലെങ്കിൽ ഭാര്യയെയും മക്കളെയും ഉപദ്രവിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തെന്നുവരാം. ചില കുടുംബങ്ങളിൽ ഭാര്യമാർ കലഹക്കാരും ദുർവാശിക്കാരുമൊക്കെയായിത്തീരുന്നതായും കാണാൻ കഴിയും. അടിസ്ഥാനമില്ലാത്ത സംശയങ്ങൾ (ഭർത്താവിനെ, മകളെ, മകനെ) ഉൽക്കണ്ഠ, മനസ്സംഘർഷം മുതലായവ സ്ത്രീകളിലും കണ്ടുവരുന്നുണ്ട്. ചിലർക്ക് അരക്ഷിതബോധവും നിരാശയും ഇനിതന്നെ ആർക്കും ആവശ്യമില്ല എന്നിപ്രകാരമുള്ള തോന്നലുകളും ഉണ്ടാകുന്നു. ഇതെല്ലാം കുടുംബത്തിന്റെ സ്വസ്ഥതയെ നഷ്ടപ്പെടുത്തുമെന്നു പറയേണ്ടതില്ലല്ലോ. മദ്ധ്യമകാലത്തു ദമ്പതികളിലുണ്ടാകുന്ന വൈകാരിക മാറ്റങ്ങളുമായി പൊരുത്തപ്പെടാനാകാതെ മക്കളും അനാശാസ്യമാർഗ്ഗങ്ങളിലേക്കു വഴുതി വീഴാറുണ്ട്. ചില കുടുംബങ്ങളിൽ വൃദ്ധരായ മാതാപിതാക്കന്മാർ പോലും പ്രശ്നവ്യക്തികളായിത്തീരുന്നതു മദ്ധ്യമക്കാരായ മക്കളുടെ വൈകാരികവികലതകളുടെ ഫലമായിട്ടായിരിക്കും. കുടുംബമെന്ന സ്നേഹസമൂഹത്തിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഹൃദ്യവും വിശ്രബ്ധവും ധാർമ്മികവുമായ ബന്ധങ്ങൾ കാത്തുസൂക്ഷിക്കാൻ മദ്ധ്യമദമ്പതികളുടെ വൈകാരിക സമനിലയും പക്വതയും അത്യാവശ്യമാണ്.

വാർദ്ധക്യത്തിനൊരുക്കം

മനുഷ്യജീവിതത്തിൽ വാർദ്ധക്യവും മരണവും യാഥാർത്ഥ്യങ്ങളായി അംഗീകരിച്ചേ മതിയാകൂ. അതിനു മടിക്കുന്നതു ഭീതികൊച്ചും അവിവേകമാണ്. വാർദ്ധക്യം രോഗങ്ങളുടെയും ശക്തിക്ഷയത്തിന്റെയും കാലമാണെന്നതും വിസ്മരിക്കാനാവില്ല. വാർദ്ധക്യത്തെ സംബന്ധിച്ച യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ട് അവയെ ധീരമായി അഭിമുഖീകരിക്കാൻ ദമ്പതികളും ബോധപൂർവ്വം തയ്യാറെടുക്കേണ്ട ഘട്ടമാണു മദ്ധ്യമകാലം. ജീവിതത്തിൽ സ്വന്തം ഉത്തരവാദിത്വങ്ങൾ ശരിയായി നിർവ്വഹിച്ച വ്യക്തികൾക്കു വാർദ്ധക്യത്തിൽ ദുഃഖിക്കേണ്ടിവരി

malankaralibrary.com

ല്ല. വാർദ്ധക്യത്തിന്റെ മുന്നോടിയായതിനാൽ അന്ന എല്ലാക്കാര്യങ്ങളിലും ദമ്പതികൾ വേണ്ട ക്രമീകരണങ്ങൾ ബോധപൂർവ്വം ചെയ്യണം.

ദു:ഖിതരായ ദമ്പതികൾ

ദാമ്പത്യജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറഞ്ഞ മദ്ധ്യകാലത്തു വലിയ ദു:ഖമനുഭവിക്കുന്നവരുമുണ്ടെന്നുള്ളതു ഒരു വസ്തുതയാണു്. അജ്ഞത അഹംഭാവം അലംഭാവം എന്നിവയുടെയൊക്കെപ്പേരിൽ മദ്ധ്യമകാലത്തിനുവേണ്ടി നേരത്തേതന്നെ ഒരുങ്ങാത്തവരാണതിൽ വളരെപ്പേരും. യൗവനകാലത്തു പ്രവർത്തിച്ച അവിവേകങ്ങളുടെയും തെറ്റുകളുടെയും തിക്തഫലമനുഭവിക്കുന്നവരാണ ചിലർ. പരസ്പരം കലഹിച്ചു കഴിഞ്ഞതിന്റെ പേരിലും വേണ്ടവിധം മക്കളെ വളർത്താഞ്ഞതിന്റെ പേരിലും, മദ്യപാനവും വ്യഭിചാരം കേസുമെല്ലാമായി ധനവും ആരോഗ്യവും അന്തസ്സുമെല്ലാം നശിച്ചതിന്റെ പേരിലും ദു:ഖിക്കുന്നവർ ധാരാളമുണ്ടു്. ഗർഭച്ഛിദ്രം, വന്ധ്യംകരണം മുതലായവയുടെ പേരിൽ കുറ്റബോധത്താൽ മർദ്ദിതരും ദു:ഖിതരുമായവരും ഇല്ലാതില്ല. മദ്ധ്യമകാലത്തെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ മക്കളുടെ സാന്നിദ്ധ്യം നല്ലതാണു്. ഒരു മകനോ അല്ലെങ്കിൽ ഒരു മകനും മകളുമോ ഉണ്ടായപ്പോൾ തങ്ങളുടെ സ്ത്രീത്വവും പുരുഷത്വവുമൊക്കെ പിഴതെറ്റിഞ്ഞ ചില ദമ്പതികൾ അവരുടെ ഏകസന്താനത്തിന്റെ അസാന്നിദ്ധ്യമോ അകാലനിര്യാണമോ അപകടമോ മൂലം വറ്റാത്ത കണ്ണീരുമായി സ്വയം ശപിച്ചുകഴിയുന്ന രംഗങ്ങളുണ്ടു്. മറ്റുചിലരാകട്ടെ തങ്ങളുടെ സ്വാർത്ഥതയുടെ മൂർത്തികളായി മക്കളെ വളർത്തിയിട്ടു മക്കളാൽ വെറുക്കപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും വേദനിക്കുന്നവരാണു്. മനുഷ്യനു് ഒരു ജീവിതം മാത്രമാണുള്ളതു്. അതു തനിക്കും മറ്റുള്ളവർക്കും നന്മചെയ്യാൻവേണ്ടിയാണെന്ന ബോദ്ധ്യത്തോടെ തെറ്റുകൾക്കു പരിഹാരം ചെയ്യുന്നവർക്കു ജീവിതത്തിൽ സംതൃപ്തിയും ആശ്വാസവും ലഭിക്കുകതന്നെ ചെയ്യും.

ദൈവത്തിൽ ആശ്രയിക്കുക

ദമ്പതികൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരും യോജിപ്പിക്കപ്പെട്ടവരും ദൈവഹിതാനുസാരമുള്ള ദൗത്യനിർവ്വഹണത്തിനു നിയുക്തരും അനുഗ്രഹീതരുമാണു്. ദൈവഹിതാനുസാരമുള്ള ദൗത്യനിർവ്വഹണത്തിനാവശ്യമായ ദൈവികജീവൻ അവർക്കു എപ്പോഴും ലഭിക്കുന്നുണ്ടു്. കാരണം വിവാഹം ഒരു ക്ലേദാ

malankaralibrary.com

ശയാണ്. ദമ്പതികൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ സഹപ്രവർത്തകരാണ്. അതുകൊണ്ടുതന്നെ തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ അവർ ദൈവത്തിൽ ആശ്രയിക്കേണ്ടവരും ദൈവത്തിൽ നിന്നു ശക്തി സംഭരിക്കേണ്ടവരുമാണെന്നു സിദ്ധിക്കുന്നു. കുടുംബജീവിതത്തിന്റെ ഏറ്റവും വലിയ ചുമതലകൾ നിർവ്വഹിക്കേണ്ട മദ്ധ്യമകാലത്തു അവർ ഏറ്റവുംകൂടുതലായി ദൈവത്തിൽ ആശ്രയിച്ചേ മതിയാകൂ. അവർ ദൈവത്തിൽ ജീവിക്കുകയും ദൈവം അവരിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തെങ്കിലേ അവരുടെ ദൗത്യം ദൈവഹിതാനുസാരം നിർവ്വഹിക്കാനും വിജയംനേടാനും സാധിക്കൂ. കുടുംബം ഒരു ദേവാലയമാണെന്നു പറയുന്നതിന്റെ അർത്ഥമതാണ്. കുടുംബാംഗങ്ങളുടെ ഹൃദയത്തിലാണു ദൈവം വസിക്കുന്നതു്. കുടുംബാംഗങ്ങളിലൂടെ ദൈവസ്നേഹം പരസ്പരം പങ്കുവയ്ക്കുമ്പോഴാണു കുടുംബം ഒരു സ്നേഹസമൂഹമായിത്തീരുക. സ്നേഹത്തിൽ മാത്രമാണു വിവാഹവും കുടുംബവും ഭാര്യാത്വവും ഭർത്തൃത്വവും മാതൃത്വവും പിതൃത്വവുമെല്ലാം അർത്ഥവത്താകുന്നതു്. ദൈവം സ്നേഹമാണ്. തന്മൂലം ദൈവം വസിക്കുന്ന കുടുംബം മാതൃകേ സ്നേഹസമൂഹമാകുകയുള്ളൂ.

പ്രാർത്ഥനവഴി എപ്പോഴും ദൈവത്തോടുകൂടിയായിരിക്കുന്നവർ കുടുംബജീവിതത്തിൽ വിജയിക്കുകതന്നെ ചെയ്യും. പ്രാർത്ഥിക്കുന്നവർക്കു മാത്രമേ സ്നേഹിക്കാൻ സാധിക്കൂ. സ്നേഹിക്കുന്നവർക്കുമാത്രമേ പ്രാർത്ഥിക്കാനും കഴിയൂ. അങ്ങനെ നോക്കുമ്പോൾ കുടുംബം ദൈവസ്ഥാപിതമാണെന്നും, യഥാർത്ഥ കുടുംബനാഥൻ ദൈവമാണെന്നും ദമ്പതികൾ ദൈവത്തിന്റെ സഹപ്രവർത്തകരാണെന്നും ബോദ്ധ്യപ്പെടാൻ പ്രയാസമില്ല. ചുരുക്കിപ്പറഞ്ഞാൽ കുടുംബമെന്നതു ദൈവികമായ ഒരു ദൗത്യനിർവഹണത്തിൽ ദൈവവും മനുഷ്യനും പങ്കുചേരുന്ന വേദിയാണു്. സകലത്തിന്റെയും സ്രഷ്ടാവും നാഥനും ദാതാവുമായ ദൈവത്തിൽ സകലതും സമർപ്പിച്ചു ദൈവത്തിൽ ആശ്രയിച്ചു ദൈവഹിതാനുസാരം തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്ന ദമ്പതികൾ ഒരിക്കലും പരാജയപ്പെടുകയില്ല. ഇതുമെല്ലാം പറഞ്ഞതു ദാമ്പത്യജീവിതത്തിന്റെ ഉത്തരവാദിത്വപൂർണ്ണമായ മദ്ധ്യമഘട്ടത്തിൽ ദമ്പതികൾ എത്രമാത്രം ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കേണ്ടവരാണെന്നു സൂചിപ്പിക്കുവാനാണു്. ○

malankaralibrary.com

4

വാർദ്ധക്യത്തിന്റെ പടവുകൾ

വാർദ്ധക്യം എല്ലാംകൊണ്ടും ശ്രദ്ധേയമായ ഒരു പ്രായമാണ്. പണ്ടൊക്കെ പഠനപരമായി ഈ പ്രായം അത്രയ്ക്ക് ഗൗരവമുള്ളതായി കണക്കാക്കപ്പെട്ടിരുന്നില്ല. 60 വയസ്സിനുമേൽ ജീവിച്ചിരുന്നവരുടെ എണ്ണം പരിമിതമായിരുന്നതുകൊണ്ടും പ്രായം അതിൽത്തന്നെ ബഹുമാനിക്കപ്പെട്ടിരുന്നതുകൊണ്ടും, അതു് ഒരു പഠനവിഷയമെന്നതിനേക്കാൾ ആദരിക്കപ്പെടേണ്ട ഒരു ഘട്ടമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നതു്. എന്നാൽ സാമൂഹ്യവും മനഃശാസ്ത്രപരവുമായ നിരവധി മാറ്റങ്ങളുടെ ഫലമായി ഇന്നു് വാർദ്ധക്യം പല മനഃശാസ്ത്രജ്ഞന്മാരുടേയും ഗൗരവപൂർവ്വമായ ശ്രദ്ധയ്ക്ക് വിഷയീഭവിക്കാൻ തുടങ്ങിയിട്ടുണ്ട്.

സമൂഹത്തിലെ മാറ്റങ്ങളെക്കുറിച്ചുള്ള ഒരുപംക്തി വാർദ്ധക്യത്തിന്റെ പ്രശ്നങ്ങളും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കും. മനുഷ്യജീവിതത്തിന്റെ ഒരു ഘട്ടത്തിൽനിന്നു മറ്റൊന്നിലേക്കുള്ള പ്രയാണം പണ്ടൊരുക്കാതാരതമ്യേന ക്രമാനുക്രമമായി സംഭവിക്കുന്ന ഒന്നായിരുന്നു. എന്നാൽ, ഇന്നു് വിദ്യാഭ്യാസവും ജോലിയും സമൂഹത്തിൽ കണിശമായി ക്രമീകരിക്കപ്പെട്ടതിന്റെ ഫലമായി ഒരു പ്രായത്തിൽനിന്നു മറ്റൊന്നിലേക്കുള്ള നീക്കം പൊടുന്നനവെയാണു്

malankaralibrary.com

സംഭവിക്കുക. വാർദ്ധക്യം ഇതിനു് ഒരപവാദമല്ല. ചിലരെയെങ്കിലും സംബന്ധിച്ചു് റിട്ടയർമെൻറ്ദിവസംതന്നെ അവരിൽ വാർദ്ധക്യം ആരംഭിച്ചുകഴിയും. പ്രായത്തിനു് സമൂഹത്തിൽനിന്നു ലഭിച്ചുപോന്ന ആദരവിനുണ്ടായ വിലയിടിവും മൊത്തത്തിൽ മനുഷ്യജീവിതത്തിനു് കൈവന്ന ദൈർഘ്യവും, 'അപ്പൂപ്പൻ–അമ്മൂമ്മ' റോളിനു സംഭവിച്ച മങ്ങലും വാർദ്ധക്യത്തെ ഒരു സാമൂഹ്യപ്രശ്നമാക്കിത്തീർത്തുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണു് വാർദ്ധക്യത്തെ ഗൗരവപൂർവ്വം വിലയിരുത്താനും പഠിക്കാനും ശാസ്ത്രജ്ഞന്മാർ തുനിഞ്ഞതു്.

വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾ

വാർദ്ധക്യത്തിനു ചുറ്റുമായി സാമൂഹികവും മാനസികവും ശാരീരികവുമായ നിരവധി പ്രശ്നങ്ങളും നിലകൊള്ളുന്നു. ശാരീരികമായ ഒരിടിവു് എല്ലാത്തലങ്ങളിലും അനുഭവപ്പെടാൻ തുടങ്ങുന്ന സമയമാണിതു്. ശാരീരികമായ ഉണർവു് പടിപടിയായി താഴുന്നു. ശരീരത്തിന്റെ കാന്തി നഷ്ടപ്പെടുന്നു. മസ്തിഷ്കബലക്ഷയം മൂലം ചിന്തയിലും അതുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിലും തകരാറുകളും സംഭവിക്കുന്നു. ശാരീരികാവയവങ്ങളും പഴയമട്ടിൽ പ്രവർത്തിക്കാൻ വിസമ്മതിക്കുന്നതുകൊണ്ടു് പലതരത്തിലുള്ള രോഗങ്ങളും ഒരുവനെ പിടികൂടുന്നു. നിരന്തരമായ പുകവലി, മദ്യപാനം, വിശ്രമരഹിതമായ ദിനചര്യ എന്നിവയും വിവിധരോഗങ്ങളെ ക്ഷണിച്ചുവരുത്തും.

സമൂഹത്തിൽ സംഭവിച്ച മൂല്യവ്യതിയാനങ്ങളും വാർദ്ധക്യത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടു്. ഉദാഹരണമായി വ്യക്തിയിൽ അവന്റെ ഉല്പാദനപരമായ കഴിവു് സൗന്ദര്യം, ഉദ്യോഗം, സാമൂഹ്യപദവി, ധനം, ഡിഗ്രി, സ്വാധീനം, യുവത്വം, എന്നിവയൊക്കെയാണു് ഇന്നത്തെ സമൂഹം വിലപ്പെട്ടവയായി കണക്കാക്കുന്നതു്. അതുപോലെതന്നെ വേഗം, വഴക്കം, ചലനശക്തി, ക്രിയാത്മകത, ആരോഗ്യം, സ്വാതന്ത്ര്യം എന്നിവയ്ക്കും വളരെയധികം കമ്പോളമൂല്യമുണ്ടു്. എന്നാൽ വാർദ്ധക്യത്തോടെ നഷ്ടമാവുന്നതു് ഇവയൊക്കെയാണെന്നതാണു്. വാർദ്ധക്യം അനാകർഷകമായിത്തീരുന്നതിന്റെ കാരണവും ഇതുതന്നെ.

malankaralibrary.com

ജീവിതത്തിന്റെ എല്ലാത്തുറകളിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അവയുടെ വേഗതയും വാർദ്ധക്യത്തിനു നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. സമൂഹത്തിന്റെ ചിന്തകളിലും, അഭിരുചികളിലും, ജീവിതരീതികളിലും, ജോലിയുടെ സ്വഭാവത്തിലും ജോലിസ്ഥലങ്ങളിലും സംസ്ക്കാരികരാഷ്ട്രീയമണ്ഡലങ്ങളിലും, എന്നുവേണ്ട ആദ്ധ്യാത്മികമണ്ഡലത്തിൽപ്പോലും ഈ മാറ്റങ്ങൾ ദൃശ്യമാണ്. അനേകവർഷങ്ങൾ ഒരു പ്രത്യേകജീവിതചര്യയിലും, ചിന്തയിലും വളർന്നുവന്നവരെ സംബന്ധിച്ച് ഈ മാറ്റങ്ങൾ ഹൃദയഭേദകമായിരിക്കും. അവയെ ഉൾക്കൊള്ളാനും അവയോടു മാനസികമായും ശാരീരികമായും ഇണങ്ങിപ്പോകാനും അവർക്ക് നന്നേ ബുദ്ധിമുട്ടനുഭവപ്പെട്ടേക്കും. ഈ ബുദ്ധിമുട്ട് അവരുടെ വികാരങ്ങളേയും പ്രതികരണങ്ങളേയും രൂക്ഷത വർദ്ധിപ്പിക്കും. തൽഫലമായി അവരിലെ ആത്മവിശ്വാസത്തിന്റെ തോതു് സാരമായി ഇടിയുന്നു; അപര്യാപ്തതാചിന്തകളും നിഷ്ഫലതാബോധവും അവരുടെ മനസ്സിനെ ക്രമേണ ആക്രമിക്കുകയും ചെയ്യുന്നു.

ബാഹ്യസമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങളാണ് വാർദ്ധക്യകാലത്തെ ഒരു വലിയ പ്രശ്നമാക്കിത്തീർക്കുന്നതു്; ഈ ബാഹ്യകാരണങ്ങളുടെയും, ശാരീരിക ബലക്ഷയത്തിന്റെയും ഫലമായി പല മാനസികപ്രശ്നങ്ങളും അതോടൊപ്പം ഉടലെടുക്കാറുണ്ട്. ഉദാഹരണമായി, മാറിവരുന്ന സാഹചര്യങ്ങളുമായി ഇണങ്ങിപ്പോകേണ്ട ആവശ്യകത, ആകർഷണീയത കുറഞ്ഞ റോളുകൾ കൈക്കൊള്ളേണ്ടിവരുന്ന സാഹചര്യം, കുടുംബപരവും സാമ്പത്തികവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തകൾ, ജോലിയില്ലായ്മ, കുടുംബത്തിലേയും സമൂഹത്തിലേയും നേതൃത്വനഷ്ടം, ദമ്പതിമാരിൽ ഒരാളുടെ മരണംമൂലം ഉണ്ടാകുന്ന വിടവു്, അതിനെത്തുടർന്നുള്ള ഏകാന്തത, കുടുംബത്തിലെ സ്ഥാനചലനം, മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്ന ഗതികേടു്, പ്രായംചെന്നവരെ മാത്രം ഉൾക്കൊള്ളുന്ന സംഘടനകളിലെ അംഗത്വം, ഇവയൊക്കെ ചിലരെ സംബന്ധിച്ചെങ്കിലും ഗൗരവമർഹിക്കുന്ന സംഗതികളാണ്.

ദമ്പതിമാരിൽ ഒരാളുടെ മരണമോ, വിവാഹമോചനമോ മൂലം ഉണ്ടാകുന്ന വിടവു് ശാരീരികവും മാനസികവുമായ

malankaralibrary.com

മറ്റു പ്രശ്നങ്ങൾക്കു ജന്മം നൽകാം. പാർക്സ്, ബഞ്ചമിൻ, ഫിറ്റ്സ് ജറാൾഡ് എന്നിവർ ഈ വിഷയത്തെക്കുറിച്ചു പഠിച്ചിട്ടുണ്ട്. വിരഹദുഃഖത്തിന്റെ ദുഷ്യഫലങ്ങൾ ചുരുങ്ങിക്കാണിക്കാൻ അവരുടെ പഠനങ്ങൾ ഏറെ സഹായിക്കുകയുണ്ടായി. 55 വയസ്സിനു മേലെയുള്ള 4400 വിധവകളെക്കുറിച്ചാണ് അവർ പഠനം നടത്തിയതു്. ഈ വിധവകളിൽ 213 പേർ വിരഹകാലത്തിന്റെ ആദ്യത്തെ ആറുമാസത്തിനുള്ളിൽത്തന്നെ മൃതിയടഞ്ഞു. ജോലിയിൽനിന്നു വിരമിച്ചതോടൊപ്പം ഭർത്താവിന്റെ വിയോഗംകൂടിയായപ്പോൾ അതു് മാനസികമായി താങ്ങാനാവാത്ത ഒരു ഭാരമായി അവർക്കു് അനുഭവപ്പെട്ടു.

റിട്ടയർമെന്റോടുകൂടി ഉണ്ടാകുന്ന താമസമാറ്റവും പലർക്കും മാനസികമായ മറ്റൊരു ആഘാതമാണു്. പുതിയ താമസസ്ഥലത്തു് മെച്ചമായ സുഖസൗകര്യങ്ങൾ ഉണ്ടായിട്ടുപോലും പലരിലും മാനസികമായ മന്ദതയും, ഉയർന്ന മരണനിരക്കും കണ്ടുവരാറുണ്ടു്. ചിരപരിചിതമായ അന്തരീക്ഷത്തിൽനിന്നു വിട്ടുനിൽക്കേണ്ടിവരുന്നതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതു്.

വാർദ്ധക്യവും ജീവിതവികസനകടമകളും

വെറും ജൈവശാസ്ത്രപരമായിട്ടെടുത്താൽപ്പോലും ജീവിതത്തിന്റെ ഓരോ ഘട്ടത്തിനും അതിനേറ്റതായ വികസനകടമകളുണ്ടെന്നു കാണാവുന്നതാണു്. വാർദ്ധക്യത്തിനും അതു് ബാധകമാണു്. വാർദ്ധക്യകാലത്തിൽ ഒരുവൻ നേടിയെടുക്കേണ്ട കടമകളും ഇവയത്രേ.

1) അധ:പതിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യനിലയുമായി ഇണങ്ങിപ്പോകുക. തന്മൂലം കൂടുതൽ ആയാസമേറിയ ജോലികളിൽനിന്നുവിട്ട് കഴിവിനനുസൃതമായ ജോലികളിൽ ഏർപ്പെടണം.

2) റിട്ടയർമെന്റോടുകൂടി വേതനത്തിൽ വലിയ കുറവുണ്ടാകും. തന്മൂലം ചുരുങ്ങിയ വേതനത്തിൽ ഒതുങ്ങിനിൽക്കുന്ന ഒരു ജീവിതക്രമം സൃഷ്ടിക്കണം.

malankaralibrary.com

3) ആരോഗ്യസംബന്ധമായി നോക്കുമ്പോൾ, പഴയ പ്രവർത്തനങ്ങളിൽ മുഴുകി ജീവിക്കാൻ അസാധ്യമായിത്തീരുന്നതുകൊണ്ട് അത്തരം പ്രവർത്തനമണ്ഡലങ്ങളിൽനിന്നും ക്രമാനുസൃതമായി പിൻവാങ്ങണം.

4) മരണമെന്ന സത്യവുമായി പൊരുത്തപ്പെട്ടുപോകേണ്ടതും ഈ പ്രായത്തിലെ വികസനകടമകളിലൊന്നാണ്. ഇതുവരെ മരണമെന്ന സത്യം വളരെ വിദൂരത്തിൽ നിലകൊള്ളുന്ന ഒന്നായിരുന്നു. എന്നാൽ വാർദ്ധക്യത്തോടുകൂടി ഈ നഗ്നസത്യം വളരെ അടുത്തു നിലകൊള്ളുന്നതായി അനുഭവപ്പെടാൻതുടങ്ങും. അതിനെ സമചിത്തതയോടെ സ്വീകരിക്കാനുള്ള മനക്കരുത്തു് ഈ സമയംകൊണ്ടു് ആർജ്ജിക്കണം.

5) മക്കൾ പ്രായമാകുന്നതോടെ പുതിയ താവളങ്ങൾ തേടിപ്പറപ്പെടുന്ന സമയമാണിതു്. തന്മൂലം ഒരുവനു് സമപ്രായക്കാരുമായി സൗഹാർദ്ദബന്ധങ്ങൾ സ്ഥാപിക്കേണ്ടിവരുന്നു.

6) നിസ്സഹായത, സാമ്പത്തികസുരക്ഷിതത്വത്തിന്റെ അഭാവം, ദമ്പതിമാരിൽ ഒരാളുടെ വിയോഗം, ജോലിയിൽനിന്നുള്ള വിരാമം തുടങ്ങി വാർദ്ധക്യവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രശ്നങ്ങളുമായി രമ്യപ്പെട്ടുപോകാനും ഒരുവൻ സ്വയം തയ്യാറാകണം.

വാർദ്ധക്യവും ജീവിതവിജയവും

വാർദ്ധക്യകാലം വിജയപ്രദമാക്കാൻ ഓരോരുത്തരും പ്രത്യേകമായി ശ്രമിക്കേണ്ടതുണ്ടു്. അതിനു് താഴെപ്പറയുന്ന കാര്യങ്ങൾ സഹായകമാകും.

1) ജോലി

വാർദ്ധക്യത്തിന്റെ പല പ്രശ്നങ്ങളും ഉടലെടുക്കുന്നതു് കാര്യമായി ഒന്നും ചെയ്യാനില്ലാത്ത ഒരു ജീവിതാവസ്ഥയിൽനിന്നാണു്. നിഷ്ക്രിയരായി ജീവിക്കുമ്പോൾ മനസ്സു് പലതരം ചിന്തകളാൽ നിറയുന്നു. ഇല്ലാത്ത അസുഖങ്ങൾ ഉള്ളതായി അനുഭവപ്പെടുന്നു. കോപം, ഈർഷ്യ, മുഷിപ്പു് ഇവയെല്ലാം സംജാ

malankaralibrary.com

തമാകുന്നു. ഒരു പ്രത്യേകവയസ്സിനെ മാത്രം ആസ്പദമാക്കി റിട്ടയർമെൻറു നിശ്ചയിക്കാതെ കഴിവിനെക്കൂടി പരിഗണിക്കുന്നപക്ഷം റിട്ടയർചെയ്യാനുള്ളവരിൽ ശുഭാപ്തിവിശ്വാസം കുറെക്കാലംകൂടി നിലനിൽക്കുന്നതാണു്. ഔദ്യോഗികമായ റിട്ടയർമെൻറിനുശേഷവും സംതൃപ്തികരമായ ജോലികൾ ചെയ്യാൻ ഉണ്ടായിരിക്കണം.

2) സാമ്പത്തികസുരക്ഷിതത്വം

ദരിദ്രരാഷ്ട്രങ്ങളിലെ വയോജനങ്ങളുടെ പ്രശ്നങ്ങൾ പ്രധാനമായും സാമ്പത്തികമാണു്. മൊത്തം വരുമാനത്തിൽ സാരമായ ഇടിവു് ഒരുവശത്തു്, രോഗസംബന്ധമായും മറ്റും ഏറിവരുന്ന സാമ്പത്തികച്ചെലവു് മറുവശത്തു്; ഇതിനിടയിലാണു് ഇന്നു് ഇന്ത്യയിലെ വയോജനങ്ങളിൽ പലരും ജീവിക്കുന്നതു്. തന്മൂലം വാർദ്ധക്യത്തിൻെറ പരാധീനതകൾ വിചാരിക്കുന്നതിലും നേരത്തേ ചിലരെ ആക്രമിക്കുന്നു. ഇവയെല്ലാം ഭാവിയിൽ ഉണ്ടാകുമെന്നതു് മുൻകൂട്ടിത്തന്നെ ഒരുവനു് ഊഹിക്കാവുന്നതാണു്. ഒരു പരിധിവരെ സാമ്പത്തികമായ സുരക്ഷിതത്വം വാർദ്ധക്യത്തിൽ അത്യന്താപേക്ഷിതമാണു്. ഇതിനുവേണ്ടി സ്വന്തം മക്കളേയും ഗവണ്മെൻറിനേയും മാത്രം ആശ്രയിക്കാൻ നോക്കാതെ ജോലി ചെയ്യുന്നകാലത്തുതന്നെ ചില മുൻകരുതലുകൾ കൈക്കൊള്ളണം.

3) ഉല്ലാസം

വാർദ്ധക്യത്തിൽ ആ പ്രായത്തിനനുയോജ്യമായ ഉല്ലാസമാർഗ്ഗങ്ങൾ ആവശ്യമാണു്. ചെറുപ്പക്കാർ ഒരൊഴിവുദിനത്തിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുമ്പോൾ റിട്ടയർമെൻറിനുശേഷമുള്ള സുദീർഘമായ ഒഴിവുദിനങ്ങളിൽ എന്തു ചെയ്യണമെന്നറിയാതെ വയോജനങ്ങൾ വിഷമിക്കുകയാണു്. ഉപകാരപ്രദമായ ഹോബികളും, മറ്റുല്ലാസമാർഗ്ഗങ്ങളും, നീണ്ട ഒഴിവുവേളപ്രയോജനകരമായി വിനിയോഗിക്കാൻ സഹായിക്കും. സംഗീതം, നാടകം, മറ്റു കലാപരമായ പരിപാടികൾ, ടി. വി. എന്നിവയിൽ ക്രമേണ താത്പര്യം ജനിക്കുകയാണെങ്കിൽ വാർദ്ധക്യത്തിൻെറ വിരസത ഒരു പരിധിവരെ ഒഴിവാക്കാം. സ്റ്റാമ്പുശേഖരണം, പൂന്തോട്ടനിർമ്മാണം, എഴുത്തു്, വായന, പെ

malankaralibrary.com

യിൻറിംഗ് തുടങ്ങിയ ഹോബികളിലും അനായാസമായി ഏർപ്പെടാവുന്നതാണ്. മതപരമായ സംഗതികളും ഈ പ്രായത്തിൽ പലർക്കും ആകർഷകമായിത്തോന്നാറുണ്ട്. എന്നാൽ ഇവയൊന്നുംതന്നെ പെട്ടെന്ന് തുടങ്ങാൻ സാധിക്കുമെന്ന തോന്നുന്നില്ല. സംതൃപ്തികരമായ ഹോബികളും വിനോദമാർഗ്ഗങ്ങളും ചെറുപ്പകാലത്തുതന്നെ ഒരുവൻ തുടങ്ങിവയ്ക്കണം.

4) സ്വകാര്യതയും സ്വാതന്ത്ര്യവും.

ഇവ രണ്ടും വാർദ്ധക്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്. സ്വകാര്യതകൊണ്ട് ഉദ്ദേശിക്കുന്നത് പ്രായത്തിനൊത്ത എല്ലാ സൗകര്യങ്ങളുമുള്ള ഒരു മുറിയാണ്. മേശ, കസേര, ചാരുകസേര, മുറിയോടുചേർന്ന ബാത്ത്റൂം, ഇവയെല്ലാം ഉണ്ടായിരിക്കണം. മറ്റുള്ളവരെ കഴിയുന്നതും ബുദ്ധിമുട്ടിക്കാതെ ദിനകൃത്യങ്ങൾ നിർവ്വഹിക്കാൻ വൃദ്ധർക്ക് അതിയായ താത്പര്യം ഉണ്ടായിരിക്കും. അതോടൊപ്പം വ്യക്തിപരമായ സ്വന്തം ജീവിതം കഴിയുന്നിടത്തോളം സ്വയം ക്രമീകരിക്കാനും തങ്ങളെ സംബന്ധിക്കുന്ന തീരുമാനങ്ങൾ സ്വയം സ്വീകരിക്കാനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണം. എന്നാൽ അവിവേകതനിമിത്തം മക്കൾ പലപ്പോഴും ഇതിനു കടകവിരുദ്ധമായി പെരുമാറിയെന്നുവരാം.

5) മന:ശാസ്ത്രപരമായ സുരക്ഷിതത്വം

എല്ലാ വിധത്തിലും വാർദ്ധക്യകാലത്തെ സുഭദ്രമാക്കുന്നതു മാനസികമായ സുരക്ഷിതത്വബോധമാണ്. ഈ സുരക്ഷിതത്വബോധം പല ഘടകങ്ങളിൽനിന്നാണ് ഉയിർക്കൊള്ളുന്നത്. പ്രധാനമായും തങ്ങളോടൊത്തു ജീവിക്കുന്നവരിൽ അർപ്പിക്കുന്ന ഒരു വിശ്വാസമാണതു്. വാർദ്ധക്യകാലത്തു് മനസ്സിനെ കലുഷിതമാക്കുന്ന നിരവധി ഘടകങ്ങൾ ഉളവാകാമെന്നു സൂചിപ്പിച്ചല്ലോ. സാമ്പത്തികക്ലേശം, രോഗഭയം, മരണഭീതി, തങ്ങൾ മറ്റുള്ളവർക്ക് ഒരു ഭാരമായിത്തീരുമോ എന്ന ചിന്ത, ഇങ്ങനെ നിരവധി സംഗതികൾ മനസ്സിനെ അലട്ടുമ്പോൾ കൂടെയുള്ളവരുടെ സാന്നിദ്ധ്യം അവർക്ക് മാനസികമായി ധൈര്യവും ഉറപ്പും പ്രദാനംചെയ്യണം. ഈ ഉറപ്പിന്റെ പിൻബലത്തിൽ പല ബുദ്ധിമുട്ടുകളേയും അവർക്ക് അനായാസം തരണംചെയ്യാൻ സാധിക്കും.

malankaralibrary.com

6) മക്കളോടും മറ്റു കുടുംബാംഗങ്ങളോടുമുള്ള പൊരുത്തപ്പെടൽ.

പഴയ വിശ്വാസാചാരങ്ങളോടും വീക്ഷണഗതികളോടും അമിതമായ കൂറു പുലർത്തുന്നവരാണ പ്രായേണ വൃദ്ധദമ്പതികൾ. പാരമ്പര്യങ്ങളിൽനിന്നു് അണുവിട വ്യതിചലിക്കുന്നതു് ഹൃദയഭേദകമായി അവർക്കനുഭവപ്പെടാം. മക്കളും മറ്റു കുടുംബാംഗങ്ങളുമടങ്ങുന്ന പുതിയ തലമുറയുടെ ഇവയെക്കുറിച്ചെല്ലാം പരമപുച്ഛവുമായിരിക്കും. കാലഹരണപ്പെട്ടതെന്നു് അവർ വിശ്വസിക്കുന്ന ഈ പാരമ്പര്യങ്ങളും വീക്ഷണഗതികളും തിരുത്തിക്കുറിക്കുവാനായിരിക്കും അവരുടെ ശ്രമം. ഇതു് കുടുംബത്തിൽ അസമാധാനവും കോളിളക്കവും സൃഷ്ടിക്കാനിടയാക്കുന്നു. പുതിയ തലമുറയെ മനസ്സിലാക്കാനുള്ള ശ്രമം, ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനുമുള്ള മനഃസ്ഥിതി, എന്നിവ നേടിയെടുത്താലേ ഇത്തരം സാഹചര്യങ്ങളിൽ വൃദ്ധർക്കു ശാന്തിയും സമാധാനവും കണ്ടെത്താനാവൂ. തങ്ങളുടെ ചെറുപ്പകാലത്തു് അന്നത്തെ വൃദ്ധജനങ്ങളിൽനിന്നു് വളരെ വ്യത്യസ്തമായി ചിന്തിച്ചിരുന്ന വിപ്ലവകാരികളായിരുന്ന തങ്ങളെന്ന കാര്യം സ്മരിക്കുന്നതും പുതിയ തലമുറയുടെ വീക്ഷണഗതികളോടു പൊരുത്തപ്പെട്ടുപോകാൻ വൃദ്ധദമ്പതികൾക്കു് ഏറെ സഹായകമായിരിക്കും.

7) കുടുംബഭരണം മക്കൾക്കു് ഏല്പിച്ചുകൊടുക്കൽ

എത്ര പ്രായമായാലും കുടുംബത്തിന്റെ ഭരണാധികാരവും നേതൃത്വവും തങ്ങൾക്കുതന്നെയായിരിക്കണമെന്നും തങ്ങൾ നിർദ്ദേശിക്കുന്ന രീതിയിലല്ലാതെ കുടുംബത്തിൽ ഒരീച്ചപോലും അനങ്ങരുതെന്നും കരുതുന്ന ചിലരുണ്ടു്. ദീർഘകാലം കുടുംബഭരണം നടത്തിയശേഷം അതെല്ലാം മറ്റുള്ളവരെ ഏല്പിച്ചിട്ടു് അവരുടെ നിർദ്ദേശമനുസരിച്ചു ജീവിക്കേണ്ടിവരിക വളരെ പ്രയാസകരമായിത്തോന്നുക സ്വാഭാവികമാണു്. പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണു് ഈ വൈഷമ്യം അധികം അനുഭവപ്പെടുക. അടുക്കളഭരണം മരുമകളെ ഏല്പിച്ചാൽ അവൾ തന്നെ അടിച്ചുകെട്ടി ഭരിച്ചേക്കുമോ എന്നു ഭയപ്പെടുന്ന അമ്മായിഅമ്മമാർ ധാരാളം. മക്കളെ ഏല്പിച്ചാൽ അവർ എല്ലാം നശിപ്പിക്കുമെന്നു കരുതുന്നവരുമുണ്ടു്. മക്കളെ ചെറിയ കുട്ടികളായി ഇന്നും കാണുന്നുവെന്നതാണു് ഇവരുടെ വൈകല്യം. മക്കളുടെ കാര്യ

malankaralibrary.com

പ്രാപ്തിയിൽ വിശ്വാസമുണ്ടാകണം. ഏതായാലും അവർ നമ്മുടെ മക്കളല്ലേ? നമ്മുടെ കാര്യപ്രാപ്തിയിൽ കുറയെങ്കിലും അവർക്കുമില്ലാതെ വരുമോ? ഇനി ആദ്യം ചില പോരായ്മകൾ ഉണ്ടാകുന്നെങ്കിൽത്തന്നെ പിന്നീടതു തിരുത്തി അവർ മുമ്പോട്ടു പൊയ്ക്കൊള്ളും. അതിനവരെ സഹായിക്കാൻ മാതാപിതാക്കൾക്കു സാധിക്കുകയും ചെയ്യും. മാതാപിതാക്കളുടെ മരണശേഷമേ മക്കൾക്കു കുടുംബച്ചുമതല ഏറ്റെടുക്കേണ്ടിവരുന്നുള്ളുവെങ്കിൽ അന്നു് അവരെ തിരുത്താനും സഹായിക്കാനും ആരുമുണ്ടായിരിക്കുകയില്ലെന്നതും സ്മരിക്കേണ്ടതാണു്.

മധ്യമപ്രായത്തിൽത്തന്നെ സ്വത്തു മക്കൾക്കു വീതിച്ചുകൊടുത്തിട്ടില്ലെങ്കിൽ, വാർദ്ധക്യകാലത്തു് മാതാപിതാക്കൾ അടിയന്തിരമായും ചെയ്യേണ്ട ഒരു കാര്യമാണു് ഭാഗഉടമ്പടിയോ വിൽപ്പത്രമോവഴി അതു് പങ്കിട്ടുകൊടുക്കുക എന്നതു്. സ്വത്തുവിഭജനം മക്കൾക്കിടയിൽ അസമാധാനമോ വിദ്വേഷമോ സൃഷ്ടിക്കാനിടയാകാത്തവിധം നീതിപൂർവ്വം നടത്തണമെങ്കിൽ സൂക്ഷ്മബോധവും കാര്യഗ്രഹണശേഷിയും ഉള്ള അവസരത്തിൽത്തന്നെ അതു നടത്തേണ്ടതാണെന്ന കാര്യം മറക്കാൻ പാടില്ല. മക്കൾക്കെല്ലാവർക്കും (ആൺ പെൺ വ്യത്യാസംകൂടാതെ) അർഹിക്കുന്ന വിഹിതം ലഭിക്കത്തക്കവിധമായിരിക്കണം പിതൃസ്വത്തു് വിഭജിക്കപ്പെടുക. മാതാപിതാക്കൾക്കു് സാമ്പത്തികസ്വാതന്ത്ര്യം ഒട്ടുമില്ലാത്ത രീതിയിൽ മുഴുവൻ സ്വത്തും വിഭജിച്ചുകൊടുക്കണമെന്നല്ല വിവക്ഷ.

8) നല്ല മുത്തശ്ശനും മുത്തശ്ശിയുമാവുക

കൊച്ചുമക്കൾക്കു് സാധാരണയായി ഏറ്റവും ഇഷ്ടം മുത്തശ്ശനേറെയും മുത്തശ്ശിയുടേയുംകൂടെ കഴിയുന്നതാണു്. കാരണം, ബഹുകാര്യവ്യഗ്രരായ മാതാപിതാക്കളെക്കാൾ അവരോടു സ്നേഹവും വാത്സല്യവും പ്രദർശിപ്പിക്കാൻ കഴിവും സമയവുമുള്ളതു് മുത്തശ്ശനും മുത്തശ്ശിക്കുമാണു്. ഈ അനുകൂലസാഹചര്യം ഉപയോഗിച്ചുകൊണ്ടു് ഒരു നല്ല മുത്തശ്ശനും മുത്തശ്ശിയുമാകാനും കുഞ്ഞുങ്ങൾക്കു് നല്ല ശീലങ്ങളും സ്വഭാവഗുണങ്ങളും തങ്ങളുടെ മാതൃകയും ഉപദേശങ്ങളുംവഴി പകർന്നുകൊടുക്കാനും ശ്രമിച്ചാൽ അതു് അവരുടെയും കുടുംബം മുഴുവന്റെയും സന്തോഷവും സമാധാനവും വർദ്ധിപ്പിക്കുമെന്നതിൽ സംശയമില്ല.

malankaralibrary.com

9) ഇടവകയിലെ സാമൂഹ്യപ്രവർത്തനങ്ങൾ

പ്രായമായി കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളൊക്കെ മക്കളെ ഏല്പിച്ചുകഴിയുന്ന ദമ്പതികൾക്ക് ഇടവകജീവിതത്തിലും സാമൂഹ്യജീവിതത്തിലും വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കാൻ സാധിക്കും. ഭക്തസംഘടനയിൽ പ്രവർത്തിക്കുക, രോഗിസന്ദർശനവും ഭവനസന്ദർശനവും നടത്തുക, ആവശ്യത്തിൽപ്പെട്ടിരിക്കുന്നവർക്ക് കഴിവനുസരിച്ചുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നിവയെല്ലാം വാർദ്ധക്യകാലം ഫലപ്രദവും സന്തുഷ്ടവുമാക്കാൻ ഉപകരിക്കും. ആദ്ധ്യാത്മികകാര്യങ്ങളിൽ താത്പര്യം കാണിക്കാത്തവരെയും, കുടുംബകാര്യങ്ങളിൽ അശ്രദ്ധ കാണിക്കുന്നവരെയും മദ്യപന്മാരെയുമൊക്കെ കണ്ട് സംസാരിച്ച് അവരെ നന്മയിലേക്ക് നയിക്കാനും ഈ കാലഘട്ടം വിനിയോഗിക്കാം.

10) ആദ്ധ്യാത്മികജീവിതം

ജീവിതവ്യഗ്രതകൾക്കിടയിൽ കഴിഞ്ഞകാലത്തു് ആദ്ധ്യാത്മികകാര്യങ്ങളിൽ വന്നുപോയ പോരായ്മകൾ പരിഹരിച്ച് നിത്യജീവിതത്തിനു് ഒരുങ്ങുവാൻ ദൈവം തന്നിട്ടുള്ള അവസരമായി വാർദ്ധ്യകാലത്തെ കാണുന്നതിൽ തെറ്റില്ല. സാധിക്കുമ്പോഴെല്ലാം വൃദ്ധദമ്പതികൾ ഇരുവരുംകൂടി പള്ളിയിൽ പോകുന്നതും വിശ്രമബലിയിൽ സംബന്ധിക്കുന്നതും ദിവ്യകാരുണ്യം സ്വീകരിക്കുന്നതും കുടുംബപ്രാർത്ഥനകൾക്കു നേതൃത്വം നൽകുന്നതും വേദപുസ്തകം വായിക്കുന്നതിനും ശ്രവിക്കുന്നതിനും സമയം കണ്ടെത്തുന്നതുമൊക്കെ അവരുടെ ആദ്ധ്യാത്മിക ജീവിതം മെച്ചപ്പെടുത്തുമെന്നുമാത്രമല്ല, മക്കൾക്കും കൊച്ചുമക്കൾക്കും, മറ്റുള്ളവർക്കും പ്രചോദനവും മാതൃകയുമായിരിക്കുകയും ചെയ്യും.

റിട്ടയർമെൻറ് ഭവനങ്ങൾ

റിട്ടയർമെൻറിനുശേഷം സുഖപ്രദമായി ജീവിക്കാൻ പലരും ആഗ്രഹിക്കാറുണ്ട്. എന്നാൽ പല കാരണങ്ങൾകൊണ്ടും ചിലപ്പോൾ അതിനു തരപ്പെടാറില്ല. വാർദ്ധക്യകാലത്തു് പരിചരിക്കാൻ ആരുമില്ലെന്നുള്ളതാണു് ഒരു പ്രധാനകാരണം. പല കുടുംബങ്ങളിലും മക്കളുടെ എണ്ണം കുറഞ്ഞുവരികയാണു്. മക്ക

malankaralibrary.com

ളിൽപ്പലരും വിദ്യാഭ്യാസത്തിനും ജോലിക്കുംവേണ്ടി വീടുകളിൽനിന്നു് അകന്നുജീവിക്കുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ റിട്ടയർമെൻറ്ഭവനങ്ങൾ സാമൂഹികമായ ഒരാവശ്യമായിത്തീരുന്നു. ഇത്തരം ഭവനങ്ങൾക്കു് വാർദ്ധക്യത്തെ എല്ലാവിധത്തിലും സുഖപ്രദമാക്കാൻ സാധിക്കണം. വിനോദത്തിനുള്ള മാർഗ്ഗങ്ങൾ, വൈദ്യശുശ്രൂഷ, ലൈബ്രറി, പാർക്കു്, ഷോപ്പിംഗ്സൗകര്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്നതായിരിക്കണം ഈ ഭവനങ്ങൾ. ഇത്തരമൊരു നീക്കം ഇന്ത്യയിൽ പലയിടത്തും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

മനഃശാസ്ത്രപരമായി നോക്കിയാൽ, ഇളംപ്രായക്കാരിൽനിന്നു വേർപെട്ടുള്ള ജീവിതം ഒട്ടും ആരോഗ്യകരമല്ലെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ അതു് ഒഴിവാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. മറിച്ചു് അത്തരം ജീവിതത്തിലെ അപര്യാപ്തതകൾ കുറയ്ക്കാനുള്ള മാർഗ്ഗങ്ങളാണു് നാം ആരായേണ്ടതു്. പര്യാപ്തമായ സൗകര്യങ്ങളോടുകൂടിയ റിട്ടയർമെൻറ്ഭവനങ്ങൾ മാനസികമായും ശാരീരികമായും വൃദ്ധജനങ്ങൾക്കു പ്രയോജനപ്രദമാക്കിത്തീർക്കാം.

വാർദ്ധക്യകാലം ആദ്ധ്യാത്മികവും വ്യക്തിതാപരവുമായ വളർച്ചയുടെ കാലഘട്ടമാണു്. നിരവധി അനുഭവങ്ങൾകൊണ്ടും പഠനംകൊണ്ടും മനനംകൊണ്ടും കൈവന്നിരിക്കുന്ന ബോദ്ധ്യങ്ങളും വിശ്വാസങ്ങളുമാണു് ഈ പ്രായത്തെ പരിപുഷ്ടമാക്കുന്നതു്. അതിനാൽ വാർദ്ധക്യത്തെ വിലയിടിഞ്ഞ, തരംതാണ, അനാകർഷകമായ ഒരു ദശയായി കണക്കാക്കാതെ ജീവിതപ്രകാശനത്തിനുള്ള ഏറ്റവും ഉദാത്തമായ ഒരു ഘട്ടമായി വീക്ഷിക്കുകയും സ്വീകരിക്കുകയും വേണം. ഭാരതീയസംസ്ക്കാരത്തിൽ ആദ്ധ്യാത്മികമായ പരിപുഷ്ടിയാണല്ലോ ഒരുവന്റെ ഏറ്റവും വലിയ സമ്പത്തു്. ഈ സമ്പത്തു് പൂർണ്ണമായും കൈവശപ്പെടുത്താൻ വാർദ്ധക്യത്തെ വിനിയോഗിക്കുന്നപക്ഷം അതു് വലിയൊരു നേട്ടംതന്നെയായിരിക്കും. ○

malankaralibrary.com

ഭാഗം ആറു്

കുഞ്ഞുങ്ങൾ

malankaralibrary.com

1

ശിശുസംരക്ഷണം

ഒരു ശിശു മാതാപിതാക്കളുടെ തനിപ്പകർപ്പല്ല, പ്രത്യുത അവരുടെ രൂപഭാവങ്ങളും, ഗുണവിശേഷങ്ങളും സമന്വയിച്ചു് ഉരുവാക്കപ്പെട്ട ഒരു പുതിയ വ്യക്തിയാണു്. സ്ത്രീയിൽ ഉല്പാദിപ്പിക്കപ്പെടുന്ന അണ്ഡവും, പുരുഷനിൽനിന്നുള്ള ബീജവും സംയോജിച്ചുണ്ടാകുന്ന ഭ്രൂണം, ഒരു സ്വതന്ത്രവ്യക്തിയുടെ വളർച്ചയ്ക്കു വേണ്ട നിർദ്ദേശങ്ങളും, പാരമ്പര്യഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു ജീവമാതൃകയാണു്. മാതാപിതാക്കളുടെ ഹൃദയങ്ങളിൽ നിറഞ്ഞുനിലകൊള്ളുന്ന സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീക്ഷയുടെയും മാത്രമല്ല, അവരിലുള്ള വിദ്വേഷത്തിന്റെയും, കോപത്തിന്റെയും, നിരാശയുടെയും വിത്തുകളും ശിശുവിൽ അന്തർല്ലീനമായിട്ടുണ്ടു്. വളർന്നുവരുന്ന ജീവിതസാഹചര്യങ്ങളുമായി ഇവ അവനിൽ പുഷ്പിപ്പെടുകയോ, നിയന്ത്രിക്കപ്പെടുകയോ, പ്രകടമാക്കപ്പെടുകയോ ചെയ്യും. ആദ്യകാലവസതിയായ ഗർഭപാത്രത്തിൽവച്ചു് അമ്മയിൽനിന്നു് പോഷണവും, സ്നേഹവും, സുരക്ഷിതത്വവും അനുഭവിച്ചുകൊണ്ടു് ജീവിതയാത്ര ആരംഭിക്കുന്ന ശിശു വിനു് നാലാഴ്ചപ്രായമാകുമ്പോഴേയ്ക്കും ഹൃദയമിടിപ്പുകളും ആരംഭിക്കുകയും, എട്ടാമത്തെ ആഴ്ചയിൽ മനുഷ്യരൂപവും, അവയവരൂപീകരണവും കൈവരുകയും ചെയ്യുന്നു. പിന്നീടു് വളർച്ച

malankaralibrary.com

പുരോഗമിച്ചു്, സ്വതന്ത്രജീവിതത്തിനുള്ള തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചു് ലോകത്തിലേക്കു പിറക്കുന്ന ശിശു കൂടുതൽ കൂടുതൽ പരാശ്രിതനായി ജീവിക്കുന്നു.

ഒരു സ്ത്രീ അമ്മയാകുമ്പോൾ അവളിലുള്ള മാതൃവാസനകൾ (Maternal instincts) വളർന്നു പുഷ്ടിപ്പെടുന്നു. കുഞ്ഞിനെ സ്നേഹിക്കുക, പാലൂട്ടുക, കാത്തുസൂക്ഷിക്കുക തുടങ്ങിയ മാതൃവാസനകൾ ശിശുവെന്ന വ്യക്തിയുടെ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമായ പ്രകൃതിദാനങ്ങളാണു്. അമ്മയുടെ സാമീപ്യവും, ചൂടും, സ്പർശനവും, പാലൂട്ടലും എല്ലാം തന്റെ സ്നേഹവും, വിചാരവികാരങ്ങളും കുഞ്ഞിലേയ്ക്കു പകർന്നുകൊടുക്കുന്ന ഉപാധികളാണു്. ഗർഭിണികളും, മുലയൂട്ടുന്നവരും പോഷകാഹാരങ്ങൾ കഴിക്കുക, വിശ്രമിക്കുക, സന്തോഷവും സമാധാനവും ഉള്ളവരായിരിക്കുക തുടങ്ങിയവ ശിശുവിന്റെ ശാരീരികവും, മാനസികവുമായ വളർച്ചയ്ക്കു് ആവശ്യമാണു്. പ്രസവസമയമാകുമ്പോഴേയ്ക്കും, ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും സന്തോഷത്തോടെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ ഓരോ സ്ത്രീയും സ്വായത്തമാക്കേണ്ടതുണ്ടു്. ആൺകുട്ടിയെ പ്രതീക്ഷിച്ചിരിക്കുമ്പോൾ ജനിക്കുന്ന പെൺകുട്ടിക്കും, വേണ്ടാ എന്നു നിനച്ചിരിക്കുമ്പോൾ ജന്മംകൊള്ളുന്ന ശിശുവിനും, അമ്മമാരിൽ നിന്നും, സങ്കടവും വെറുപ്പും നിരാശയും കലർന്ന സ്വീകരണം ലഭിക്കാറുണ്ടു്. ഇപ്രകാരമുള്ള മാനസികാവസ്ഥ ശിശുക്കളെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഒരുപക്ഷേ ശിശുക്കളുടെ ആദ്യആഴ്ചയിലെ നിരന്തരമായ കരച്ചിലിനും ഉറക്കമില്ലായ്മയ്ക്കും ഒരു പരിധിവരെ കാരണമായിരിക്കുന്നതു് അമ്മയുടെ ഇത്തരം മാനസികാവസ്ഥയായിരിക്കാം.

നവജാതശിശു

ജനനസമയത്തു് ശിശുവിന്റെ ദേഹത്തു് വെളുത്ത കൊഴുപ്പുപോലെയുള്ള ദ്രാവകം പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. Vernix എന്ന ഈ ദ്രാവകം കുഞ്ഞിന്റെ ശരീരത്തിനു് വഴുവഴുപ്പുണ്ടാക്കി പ്രസവം എളുപ്പമാക്കുന്നതുകൂടാതെ രോഗാണുക്കളിൽനിന്നു സംരക്ഷണം നൽകുന്ന പ്രതിരോധവലയമായി വർത്തിക്കുകയും ചെയ്യുന്നു. കുഞ്ഞിനെ കുളിപ്പിക്കുമ്പോൾ

malankaralibrary.com

തന്നെ ഇതു മാറിക്കൊള്ളും. ജനിച്ചുവീണ കുഞ്ഞിന്റെ തലയ്ക്ക് സാധാരണയിൽ കൂടുതൽ നീളമുണ്ട്. പ്രസവവേളയിൽ തല യോട്ടിയിലെ അസ്ഥികൾ ഒന്നിനുമീതേ ഒന്നായി തെന്നിമാ റി ജനനപാതയ്ക്കനുസരണമായ ആകൃതി സ്വീകരിക്കുന്നതാണ് ഇതിനു കാരണം. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ ആകൃതി യിൽ വ്യത്യാസം താനേ ഉണ്ടായിക്കൊള്ളും. തിരുമ്മുകയോ 'തിരിക'വച്ച് ഉയർത്തി തല നേരേവയ്ക്കുകയോ ചെയ്യേണ്ട കാര്യമില്ല. സാധാരണയായി കുഞ്ഞ് തല ഒരുവശത്തേയ്ക്ക് ചരി ച്ചുവച്ചേ കിടക്കുകയുള്ളൂ. ഉമിനീരും കഫവും മറ്റും തൊണ്ട യിൽ തങ്ങി വിക്കിപ്പോകാതെ പുറത്തേയ്ക്ക് ഒഴുകിവരാൻ ഈ കിടപ്പു സഹായിക്കും. ശ്വാസോച്ഛ്വാസതടസ്സത്തിൽനിന്നു ര ക്ഷനേടുന്നതിനുവേണ്ടി ശിശുവിനു ലഭിച്ചിരിക്കുന്ന ഒരു പ്രകൃ തിവാസനയാണിത്. ഇടയ്ക്കിടെ കുഞ്ഞ് തല മേല്പോട്ടയത്തി മുകളിലേയ്ക്കുനോക്കി കഴുത്തു നേരെയാക്കാറുണ്ട്. ശ്വാസനാള ത്തിൽ എന്തെങ്കിലും തടസ്സമുണ്ടായാൽ മാറിക്കിട്ടുവാൻ ഈ പ്ര ക്രിയ സഹായിക്കും. എന്നാൽ ചിലർ കുഞ്ഞു മുകളിലേയ്ക്കു നോക്കുന്നതു് അശ്രദ്ധലക്ഷണമായി കണക്കാക്കി തല മടക്കി വയ്ക്കാൻ ശ്രമിക്കുന്നതു കാണാം. ഇങ്ങനെ ചെയ്താൽ വിക്കി പ്പോകാൻ ഇടയുണ്ട്. ആദ്യ ആഴ്ചകളിൽ കുട്ടിയുടെ കിടപ്പ്. തലയും കൈകാലുകളും വച്ചിരിക്കുന്ന രീതി, ഇവയെല്ലാം ഗർ ഭാശയത്തിൽ കിടന്നിരുന്ന വിധത്തിലായിരിക്കും. ക്രമേണ ഈ രീതി മാറിക്കൊള്ളും. കിടപ്പിന്റെ രീതി കുഞ്ഞിനെ ദോ ഷകരമായി ബാധിക്കാറില്ല. ചില ശിശുക്കൾ ആദ്യആഴ്ച കളിൽ 22 മണിക്കൂർവരെ ഉറങ്ങാറുണ്ട്. എന്നാൽ ചിലർ രാ ത്രിയും പകലും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാതെ പകൽ ഉറങ്ങുന്നവരായും, രാത്രിയിൽ ഉറക്കമില്ലാത്തവരായും കാണപ്പെ ടുന്നു. കാലക്രമേണ ഉറക്കരീതിയിൽ ക്രമീകരണം വന്നുകൊള്ളും.

പ്രസവിച്ചുവീണയുടനെ ശിശു ഉച്ചത്തിൽ കരയുക എന്ന തു് ശ്വാസകോശങ്ങൾ വികസിക്കുന്നതിനു് അത്യന്താപേക്ഷിത മായ ഒന്നാണു്. കുഞ്ഞിന്റെ വായിലും മൂക്കിലും കടന്നുകൂടിയിട്ടു ള്ള ദ്രാവകവും കഫവും മറ്റും വലിച്ചെടുത്തുകളഞ്ഞു് വൃത്തിയാ ക്കേണ്ടതു് ആവശ്യമാണു്. ഇങ്ങനെ ചെയ്തില്ലെങ്കിൽ ശ്വാസം എടുക്കുന്ന അവസരത്തിൽ ഇവ ഉള്ളിലേക്കു കടക്കുകയും, ശ്വാസ

malankaralibrary.com

തടസ്സം, നൃമോണിയ തുടങ്ങിയ രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യും. കരയാൻ താമസിക്കുന്ന ശിശുക്കൾക്ക് നൽകേണ്ട പ്രഥമശുശ്രൂഷ വായും, മൂക്കും വൃത്തിയാക്കുക എന്നതാണ്. കുഞ്ഞ് ചുമയ്ക്കുകയും തുമ്മുകയും ചെയ്യുന്നതും, ശ്വാസനാളവും നാസാരന്ധ്രങ്ങളും വൃത്തിയാക്കുന്നതിനു സഹായിക്കും. കുഞ്ഞിന്റെ കണ്ണുകളും, മുഖവും മയമുള്ള ശുചിയായ തുണികൊണ്ട് തുടയ്ക്കണം. ആദ്യദിവസങ്ങളിൽ കൺപോളകൾക്ക് വീക്കം കാണുകയും, കണ്ണുതുറക്കാതിരിക്കുകയും ചെയ്തെന്നു വരും. ഇതു് താനേ ശരിയായിക്കൊള്ളും.

ശിശു ജനിച്ച് മൂന്നുനാലു ദിവസം കഴിയുമ്പോൾ കണ്ണിനും ശരീരത്തിനും മഞ്ഞനിറം കാണുന്നതു് സാധാരണമാണ്. ഒരാഴ്ചയ്ക്കുള്ളിൽ ഇതു പൂർണ്ണമായി മാറിക്കിട്ടും. ശരീരത്തിൽ സൂര്യപ്രകാശം ഏല്പിക്കുന്നതു് മഞ്ഞനിറം കൂടാതിരിക്കുന്നതിനും, വേഗം മാറിക്കിട്ടുന്നതിനും സഹായകമാണ്. ജനിച്ച് 48 മണിക്കൂറുകൾക്കുള്ളിൽ ആരംഭിക്കുന്ന മഞ്ഞനിറവും, ക്രമേണ കൂടിക്കൊണ്ടിരിക്കുന്ന മഞ്ഞനിറവും പ്രത്യേകം ശ്രദ്ധിക്കപ്പെടണം. ഇവയ്ക്ക് പ്രത്യേകമായ പരിശോധനകളും, ചികിത്സയും നടത്തേണ്ടതു് ആവശ്യമാണ്.

ശിശുവിനു് ശരീരത്തിന്റെ ഊഷ്മാവു നിയന്ത്രിക്കാനുള്ള കഴിവു കുറവായതുകൊണ്ട്, കടുത്ത തണുപ്പിൽനിന്നും ചൂടിൽനിന്നും സംരക്ഷണം കൊടുക്കേണ്ടതുണ്ട്. പിറക്കുന്ന ശിശുവിന്റെ ശരീരം മുന്നീർദ്രാവകത്തിൽ കുളിച്ചിരിക്കുന്നതുകൊണ്ട് കാറ്റടിക്കുമ്പോൾ ചൂട് പെട്ടെന്നു താണുപോകുകയും തൽഫലമായി കുഞ്ഞു തളർന്നുപോകുകയും ചെയ്യാനിടയുണ്ട്. ശരീരത്തിന്റെ ചൂട് അമിതമായി കുറഞ്ഞുപോകുന്നതു് അപകടകരമാണ്. അതുകൊണ്ട് ശരീരം ഉണക്കി, കാറ്റേറൽക്കാതെ പുതപ്പിച്ച് കിടത്താൻ ശ്രമിക്കണം. തണുപ്പു കൂടുതലുള്ള അവസരങ്ങളിൽ ഇലക്ട്രിക് ബാംബോ, ചൂടുവെള്ളം നിറച്ച കുപ്പികളോ ഉപയോഗിച്ച് തൊട്ടിൽ ചൂടാക്കാവുന്നതാണ്. മാസം തികയാതെ പിറക്കുന്ന കുഞ്ഞുങ്ങൾക്ക് ചൂട് നിലനിർത്താൻ കൂടുതൽ ബുദ്ധിമുട്ടുണ്ട്. ഇവർക്ക് Incubator സൗകര്യം ലഭ്യമല്ലാത്തപ്പോൾ പ്രത്യേകം ചൂടാക്കിയ സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്. കഴിവതും നേരത്തേതന്നെ കുഞ്ഞിനെ

malankaralibrary.com

അമ്മയുടെ അടുത്തു് കിടത്തുന്നതു നല്ലതാണു്. അമ്മയുടെ ശരീരത്തോടു ചേർത്തുപിടിക്കുന്നതു് ചൂടുകൂട്ടാൻ സഹായകമാണു്. എന്നുമാത്രമല്ല, ഗർഭസ്ഥജീവിതത്തിന്റെ പ്രതീതി ലഭിക്കുന്നതുകൊണ്ടു് കുഞ്ഞു് സ്വസ്ഥമായി ഉറങ്ങുകയും ചെയ്യും. വേണ്ടത്ര വായുവും, സൂര്യപ്രകാശവും ലഭിക്കത്തക്കതും ശുചിത്വമുള്ളതുമായ സാഹചര്യങ്ങളിലായിരിക്കണം കുഞ്ഞിനെ കിടത്തുന്നതു്. ദിവസവും കുളിപ്പിക്കുകയും, ശരീരത്തിൽ ഇളംവെയിൽ കൊള്ളാൻ അനുവദിക്കയും ചെയ്യുന്നതു നല്ലതാണു്. വൃത്തിയുള്ളതും, മയമുള്ളതുമായ കോട്ടൻവസ്ത്രങ്ങളാണു് കുഞ്ഞിനുവേണ്ടി ഉപയോഗിക്കേണ്ടതു്. അതിശൈത്യമുള്ളപ്പോഴും ഇവയുടെ പുറത്തു് കമ്പിളിവസ്ത്രങ്ങളും ഉപയോഗിക്കാം.

ആദ്യദിവസങ്ങളിൽ ചില ശിശുക്കളുടെ സ്തനങ്ങളും വീർത്തിരിക്കുകയും, പാൽ ഒഴുകിവരികയും ചെയ്യുന്നതു കാണാം. ഇവ തിരുമ്മി ഉടയ്ക്കുകയോ, ഇവയിൽനിന്നു പാൽ പിഴിഞ്ഞുകളയുകയോ ചെയ്യേണ്ട ആവശ്യമില്ല. പ്രത്യേക ചികിത്സ കൂടാതെതന്നെ ഇതു ചുരുങ്ങി, ശരിയായിക്കൊള്ളും. പെൺകുട്ടികളുടെ യോനിയിൽനിന്നു് വെളുത്ത ദ്രാവകവും, ചിലപ്പോഴും രക്തവും പനച്ചുവരാറുണ്ടു്. മാതാവിന്റെ ശരീരത്തിലുള്ള ചില ഹോർമോണുകളും കുഞ്ഞിലേയ്ക്കു പ്രവേശിക്കുന്നതുകൊണ്ടാണു് മേല്പറഞ്ഞവയെല്ലാം സംഭവിക്കുന്നതു്. ഇവയൊന്നും ഭാവിയിൽ യാതൊരു ദുഷ്ഫലങ്ങൾക്കും കാരണമാവുകയില്ല.

ശരീരത്തിന്റെ മറ്റുഭാഗങ്ങളെ അപേക്ഷിച്ചു് കുഞ്ഞുങ്ങളുടെ തലയിൽ വിയർപ്പു് കൂടുതലായി കാണാറുണ്ടു്. ഇതു രോഗലക്ഷണമല്ല. മൂത്രം തറയിൽവീണു് ഉണങ്ങിക്കഴിയുമ്പോൾ വെളുത്ത പൊടി ഊറുന്നതും സാധാരണ കണ്ടുവരാറുള്ളതാണു്. നവജാതശിശുക്കളുടെ മൂക്കിന്റെ അറ്റത്തും, മുഖത്തും ചിലപ്പോൾ ശരീരത്തിൽ അവിടെയുമിവിടെയുമായും വെളുത്ത നിറത്തിൽ ചെറിയ തരുതരുപ്പു് കണ്ടേക്കാം. വായിൽ അണ്ണാക്കിൽ നടഭാഗത്തായി ചെറിയ വെളുത്ത മുത്തുപോലെ ഒന്നോ രണ്ടോ കുരുക്കളും സാധാരണമാണു്. പാലു നുണഞ്ഞുകുടിക്കുന്നതിനോ, വിഴുങ്ങുന്നതിനോ ഇതു തടസ്സമാകുകയില്ല. ശിശുക്കളുടെ മൂക്കിന്റെ മുകൾഭാഗം പതിഞ്ഞാണിരിക്കുന്നതു്.

malankaralibrary.com

ഇക്കാരണത്താൽ മൂക്കടപ്പ്, കണ്ണിൽ വെള്ളം കെട്ടിനിൽക്കുക, ശ്വാസംവിടുമ്പോൾ കുറുകുറുപ്പുശബ്ദം കേൾക്കുക തുടങ്ങിയ ചെറിയ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കണ്ണും മൂക്കും തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുനാളത്തിനു് തടസ്സം ഉണ്ടാകുമ്പോഴാണു് കണ്ണിൽ വെള്ളം കെട്ടുന്നതു്. കൈവിരലുകൊണ്ടു് മൂക്കിന്റെയും കണ്ണിന്റെയും ഇടയ്ക്കുള്ളഭാഗം ലഘുവായി തിരുമ്മുന്നതു് നല്ലതാണു്. ശ്വാസോച്ഛ്വാസസമയത്തു് തൊണ്ടയിൽനിന്നു് ഉണ്ടാകുന്ന ശബ്ദത്തെ ശ്വാസംമുട്ടലായി തെറ്റിദ്ധരിക്കാറുണ്ടു്. ശ്വാസംമുട്ടലുള്ളവർക്കു് പാലുകുടിക്കാനോ സ്വസ്ഥമായി ഉറങ്ങാനോ ബുദ്ധിമുട്ടനുഭവപ്പെടും. കുഞ്ഞിന്റെ വളർച്ചയ്ക്കു് ആനുപാതികമായി മൂക്കടപ്പു്, കുറുകുറുപ്പു് ഇവയെല്ലാം മാറിക്കൊള്ളും.

ചുരുക്കം ചില ശിശുക്കൾക്കു് ജനിക്കുമ്പോഴേ പല്ലുകൾ മുളച്ചിരിക്കും. സാധാരണയായി താഴത്തെമോണയിൽ മുൻവശത്തു് നടുവിലായിട്ടാണു് ഇവ കാണപ്പെടുക. ഇവമൂലം നാക്കിന്റെ അടിഭാഗത്തു് പോറലുകൾ ഉണ്ടാവുകയോ, നുണയുന്നതിനു് തടസ്സം നേരിടുകയോ ചെയ്യാം. മാത്രമല്ല ഇളകുന്നവയാണെങ്കിൽ പറിഞ്ഞു് ശ്വാസകോശത്തിൽ കയറിപ്പറ്റുകയും, ശ്വാസതടസ്സം സൃഷ്ടിക്കയും ചെയ്തെന്നുവരാം. അതുകൊണ്ടു് ഈ പല്ലുകൾ എടുത്തുകളയുകയാണു് നല്ലതു്.

മൃഗങ്ങളുടെ കുഞ്ഞുങ്ങളെ അപേക്ഷിച്ചു് മനുഷ്യശിശുക്കൾ സ്വയംപര്യാപ്തത നേടുന്നതിനു് കാലതാമസം എടുക്കും. പശുക്കിടാവു് ജനിച്ചയുടനെ എഴുന്നേറ്റുനിൽക്കുകയും, പാലുകുടിക്കയും ചെയ്യുന്നതുകാണാമല്ലോ. മനുഷ്യശിശുക്കൾ വളരെക്കാലം മറ്റുള്ളവരെ ആശ്രയിച്ചുകഴിയേണ്ടവരാണു്. ബന്ധുക്കളുടേയോ, വേലക്കാരുടേയോ പരിചരണത്തേക്കാളുപരി കുഞ്ഞിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു് അത്യാവശ്യമായിട്ടുള്ളതു് മാതാപിതാക്കളുടെ സ്നേഹവും, ലാളനയും ആണെന്നതിൽ സംശയമില്ല. കുഞ്ഞു ജനിക്കുന്നതിനുമുമ്പുതന്നെ അമ്മയുടെ സ്തനങ്ങളിൽ അവനുവേണ്ട സമീകൃതാഹാരമായ മുലപ്പാലിന്റെ ഉൽപാദനം ആരംഭിച്ചുകഴിഞ്ഞിരിക്കും. മുലയൂട്ടൽ അമ്മയും കുഞ്ഞുമായുള്ള ആത്മബന്ധം ഉറപ്പിക്കാനും സഹായിക്കുന്നു.

malankaralibrary.com

മുലയൂട്ടൽ

ശിശുവിന്റെ വളർച്ചയ്ക്കുവേണ്ട എല്ലാ പോഷകമൂല്യങ്ങളും അടങ്ങിയിട്ടുള്ള മുലപ്പാലിനോട് കിടപിടിക്കാൻ വേറെ ഒന്നുമില്ല. ആദ്യദിവസങ്ങളിലെ മുലപ്പാലിനു് വളരെയേറെ പ്രത്യേകതകളുണ്ടു്. Colostrum എന്നറിയപ്പെടുന്ന ഇതിൽ രോഗാണുക്കളെ ചെറുത്തുനില്ക്കാൻ സഹായിക്കുന്ന ഘടകങ്ങളും (Immune bodies) വിറ്റാമിനുകളും ക്ഷാരാംശവും കൂടിയതോതിൽ അടങ്ങിയിട്ടുണ്ടു്. ശിശുവിന്റെ വളർച്ചയ്ക്കനുസരിച്ചു്, ദഹനേന്ദ്രിയങ്ങൾക്കു് അനുയോജ്യമായ വിധത്തിൽ മുലപ്പാലിലും വ്യത്യിയാനങ്ങൾ വരുന്നു. കുഞ്ഞുജനിച്ചയുടനെതന്നെ മുലയൂട്ടുന്നതു് നല്ല തഴക്കമാണു്. സാധാരണയായി പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും കുറച്ചു വിശ്രമം ലഭിച്ചശേഷമാണു് മുലയൂട്ടൽ ആരംഭിക്കുന്നതു്. ശിശു നുണയുന്നതുവഴി മുലകളിൽ പാലുല്പാദനവും, ചുരത്തലും ത്വരിതപ്പെടും. മുലപ്പാൽ കൂടിയ അളവിൽ ഉല്പാദിപ്പിക്കപ്പെടാൻ രണ്ടുമൂന്നുദിവസം എടുക്കും. ആദ്യദിവസങ്ങളിലും മാസങ്ങളിലും മുലപ്പാൽമാത്രം കൊടുക്കുന്നതാണുത്തമം. ഏതെങ്കിലും കാരണവശാൽ മുലപ്പാൽ ഇല്ലാതിരിക്കുകയോ, കുടിപ്പിക്കാൻ നിർവ്വാഹമില്ലാതിരിക്കുകയോ ചെയ്യാൽ മാത്രമേ മറുപാലുകളെ ആശ്രയിക്കാവൂ. ചില ശിശുക്കൾ ജനിച്ചയുടനെതന്നെ ദാഹമുള്ളവരായും, കുടിക്കാൻ ആർത്തിയുള്ളവരായും കാണപ്പെടാറുണ്ടു്. അവർക്കു് ആവശ്യത്തിനുവേണ്ട പാൽ മുലയിൽനിന്നു ലഭിച്ചില്ലെന്നുവരും. ഇങ്ങനെയുള്ള അവസരങ്ങളിൽ തിളപ്പിച്ചാറിച്ചവെള്ളം ഗ്ലൂക്കോസു് ചേർത്തുകൊടുക്കാമെങ്കിലും മുലനുണയിപ്പിച്ചശേഷം മാത്രമേ ഇവ ഉപയോഗിക്കാവൂ. ഇതിനുപയോഗിക്കുന്ന പാത്രങ്ങൾ, കുപ്പികൾ, സ്തൂണികൾ മുതലായവ രോഗാണുവാഹിനികളാകാനിടയുള്ളതിനാൽ തിളപ്പിച്ചുശേഷമേ ഉപയോഗിക്കാവൂ.

ഇത്രമണിക്കൂർ ഇടവിട്ടേ കുഞ്ഞിനെ മുലയൂട്ടാവൂ എന്നനിബന്ധനവയ്ക്കുന്നതു ശരിയല്ല. എല്ലാ ശിശുക്കളുടെയും വിശപ്പു ഒരുപോലെയല്ല. എല്ലാ പ്രാവശ്യവും ചുരത്തപ്പെടുന്ന പാലിന്റെ അളവും വ്യത്യസ്തമായിരിക്കും. ആവശ്യത്തിനു പാലു കിട്ടുന്ന ശിശു 3-4 മണിക്കൂർനേരം സ്വസ്ഥമായി കിട

malankaralibrary.com

ക്കും. അതുകൊണ്ട് കുഞ്ഞിന്റെ ആവശ്യമനുസരിച്ച് മുലയൂട്ടൽ ക്രമീകരിക്കുന്നതാണ് നല്ലത്. ആദ്യദിവസങ്ങളിൽ രാത്രിയിൽ രണ്ടുമൂന്നുപ്രാവശ്യം കുടിക്കാൻ താത്പര്യം കാട്ടുന്ന ശിശുക്കൾ ക്രമേണ ഉറങ്ങുകയും, മുലകുടിയുടെ എണ്ണം താനേ കുറയുകയും ചെയ്യുന്നതുകാണാം. ഓരോ പ്രാവശ്യവും രണ്ടുമുലയിൽ നിന്നും മാറിമാറി കുടിപ്പിക്കുന്നതായിരിക്കും നല്ലത്. മുലയൂട്ടലിനുള്ളസ്ഥലവും, സാഹചര്യങ്ങളും കുഞ്ഞിനും, അമ്മയ്ക്കും ആശ്വാസപ്രദമായരീതിയിലായിരിക്കണം. കുഞ്ഞിനെ മടിയിൽ ഇരുത്തിക്കൊണ്ട് മുലയൂട്ടുവാൻ ആദ്യദിവസങ്ങളിൽ ചിലർക്കു പറ്റിയെന്നുവരികയില്ല. എങ്കിലും ക്രമേണ കുഞ്ഞിന്റെ തല കൈമുട്ടുകളിൽ താങ്ങിച്ചാരിഇരുത്തി കുടിപ്പിക്കുന്ന രീതിയാണ് മിക്കവാറും അമ്മമാർ അവലംബിക്കുക. പാലു കുടിക്കുമ്പോൾ വിക്കിപ്പോകാതിരിക്കാനും, ഛർദ്ദി കുറയാനും ഈ രീതി സഹായിക്കും. മുലകുടിക്കുന്ന കുഞ്ഞുങ്ങൾ കൂപ്പിപ്പാൽ നുണയുന്നവരെപ്പോലെ വായു വിഴുങ്ങാനിടയില്ല. എങ്കിലും, കുടിപ്പിച്ചശേഷം തോളത്തുകിടത്തി ഗ്യാസുകളയുന്നതു നല്ലതാണ്. ഈ അവസരത്തിൽ സ്വല്പം പാലും പുറത്തേയ്ക്കു തുളുമ്പിപ്പോന്നേക്കാം. ചില കുഞ്ഞുങ്ങൾ ഇടയ്ക്കിടയ്ക്ക് ഛർദ്ദിക്കാറുണ്ട്. ശ്വാസകുറവോ മറ്റു രോഗലക്ഷണങ്ങളോ ഇല്ലെങ്കിൽ ഇതിനു ചികിത്സ ആവശ്യമില്ല. ഖരപദാർത്ഥങ്ങൾ കൊടുത്തുതുടങ്ങുന്ന സമയമാകുമ്പോഴേയ്ക്കും(3മാസം)ഇതു താനേ കുറഞ്ഞുകൊള്ളും.

മുലപ്പാൽ കുടിക്കുന്ന കുഞ്ഞുങ്ങൾക്ക് ആദ്യദിവസങ്ങളിൽ വയറിൽനിന്നും സ്വല്പം ഇളകിപ്പോവുക സാധാരണയാണ്. 8–10 പ്രാവശ്യം മഞ്ഞനിറത്തിൽ അയഞ്ഞുപോയേക്കും. കൂടാതെ ഇടയ്ക്കിടയ്ക്ക് രണ്ടുമൂന്നുതുള്ളി മലവും ഗ്യാസുംകൂടി പൊയ്ക്കൊണ്ടിരിക്കും. ഇതും കാര്യമാക്കാനില്ല. എന്നാൽ ചില കുഞ്ഞുങ്ങൾക്ക് രണ്ടാഴ്ചമുതൽ മലബന്ധം അനുഭവപ്പെടുന്നതായി കാണാം. 2–3 ദിവസത്തിലൊരിക്കലേ ശോധനയുണ്ടാകുകയുള്ളൂ. ഈ അവസരത്തിൽ തിളപ്പിച്ചാറിച്ച വെള്ളം, പഴച്ചാറുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതു സഹായകമാണ്. പക്ഷേ, വയറിളക്കാൻ ആവണക്കെണ്ണ കുടിപ്പിക്കുന്ന പതിവു് നല്ലതല്ല, എന്നുമാത്രമല്ല ദോഷകരവുമാണ്. എണ്ണ കൊടുക്കുന്നതുമൂലം ശരീരം ക്ഷീണിക്കുകയും, ന്യുമോണിയ,

malankaralibrary.com

ശ്വാസതടസ്സം തുടങ്ങിയ അസുഖങ്ങൾ ഉണ്ടാകാനിടയാവുകയും ചെയ്യും.

പാലുകുടിക്കുന്ന അവസരത്തിൽ കുഞ്ഞുങ്ങളുടെ വയറ്റിൽ നിന്നും 'മുളൽ' 'പൊട്ടൽ' തുടങ്ങിയ ശബ്ദം കേൾക്കുന്നതു് 'വായുടെ ഇരമ്പൽ' അല്ല, പിന്നെയോ കുടലിൽനിന്നും വരുന്ന ശബ്ദമാണു്. ഇതോടൊപ്പം കുഞ്ഞു് ഞെളിഞ്ഞുപിരിയുകയും, കരയുകയും ചെയ്തെന്നുവരും. വൈകുന്നേരമാണു് ഈ അസ്വസ്ഥത കൂടുതലായി അനുഭവപ്പെടുന്നതു്. കുടലിൽ അവിടെയും ഇവിടെയും ഗ്യാസു് കെട്ടിക്കിടക്കുന്നതുമൂലം ഉള്ള വയറുനോവാണു് ഇതിനു കാരണമായി പറയപ്പെടുന്നതു്. മൂന്നുമാസങ്ങൾക്കുള്ളിൽത്തന്നെ ഇവയെല്ലാം മാറിക്കിട്ടുകയുംചെയ്യും. കമഴ്ത്തിക്കിടത്തുക, മാറോടണച്ചുപിടിക്കുക, വയറ്റുനോവിനുള്ള തുള്ളിമരുന്നുകളോ, ജാതിക്കാ അരച്ചതോ കൊടുക്കുക മുതലായവയാണു് സന്ധ്യാരോദനം കുറയ്ക്കാൻ അവലംബിക്കാറുള്ള സാധാരണ പ്രതിവിധികൾ.

മറ്റു ഭക്ഷണങ്ങൾ

കുഞ്ഞുങ്ങൾക്കു് 3 മാസം പ്രായമാകുമ്പോൾമുതൽ ഖരപദാർത്ഥങ്ങൾ, മയമുള്ള കുറുക്കുരൂപത്തിൽ കൊടുത്തുതുടങ്ങാം. നമ്മുടെ നാട്ടിൽ സാധാരണ ഉപയോഗിക്കാറുള്ളതു് കൂവപ്പുല്ലുപൊടി, ഏത്തയ്ക്കാപ്പൊടി, കൂവപ്പൊടി, ചാലിച്ച പഴം, ബിസ്കറ്റു്, ചോറു് അരച്ചതു് തുടങ്ങിയവയാണു്. മുട്ടയുടെ ചുവന്ന ഉണ്ണി, ഏത്തയ്ക്കാ വേവിച്ചുടച്ചതു് തുടങ്ങിയവയും നല്ലതാണു്. കുട്ടികൾക്കു് ഇന്നയിന്ന ഭക്ഷണങ്ങൾ മാത്രമേ കൊടുക്കാവൂ എന്ന നിബന്ധനവയ്ക്കുന്നതു് നല്ലതല്ല. വീടുകളിൽ അതതു സമയങ്ങളിൽ ലഭ്യമാകുന്ന ഭക്ഷണസാധനങ്ങളിൽനിന്നും തെരഞ്ഞെടുത്തു കൊടുക്കുന്ന പതിവു് നല്ലതാണു്. ആദ്യമായി ഖരപദാർത്ഥങ്ങൾ തുടങ്ങുന്ന അവസരത്തിൽ ഓരോന്നു് കുറേശ്ശെ കൊടുത്തുതുടങ്ങിയാൽ കുഞ്ഞിനു് ഇഷ്ടമുള്ളവയെന്തു്, പിടിക്കാത്തവ ഏതു് എന്നു് കണ്ടുപിടിക്കാൻ സാധിക്കും. ആരംഭത്തിൽ ഒന്നോ രണ്ടോ ടീസ്പൂൺ വീതം കൊടുത്തു് പരിചയിപ്പിക്കുന്നതാണു് നല്ലതു്. കുഞ്ഞു വളരുന്നതനുസരിച്ചു് ഭക്ഷണത്തിന്റെ അളവും, തരവും ക്രമപ്പെടുത്താം. കുഞ്ഞിന്റെ ഭക്ഷ

malankaralibrary.com

ണം പ്രത്യേകം പാത്രത്തിൽഎടുത്തു കൊടുത്താൽ അവൻ കഴിക്കു ന്നതിന്റെ അളവ് അറിയാൻ സഹായിക്കും. എന്നുമാത്രമല്ല, ത ന്നെത്താൻകഴിക്കാൻ പരിചയിപ്പിക്കാനും സാധിക്കും. മറ്റുള്ളവ രെ ശ്രദ്ധിക്കാനും, അനുകരിക്കാനും ആരംഭിക്കുന്ന സമയംമുതൽ, അവരുടെ ഭക്ഷണക്രമം അവലംബിക്കാനാണ് കുഞ്ഞിനു താത്പര്യം. ഭക്ഷണക്രമത്തിൽ പരിശീലനം നൽകാനുള്ള നല്ല അവസരമാണിത്. ഒരുവയസ്സാകുമ്പോഴേയ്ക്കും അവ ന്റെ വിശപ്പു കുറയുകയും പാലുകുടിക്കാൻ താത്പര്യം കാണി ക്കാതിരിക്കുകയും ചെയ്യുക സാധാരണയാണ്. ഈ അവസര ത്തിൽ അവനെ പേടിപ്പിക്കുകയും, നിർബ്ബന്ധിച്ച് ഭക്ഷണം വായിൽ കോരിക്കൊടുക്കുകയും ചെയ്യുന്നത് നല്ലതല്ല.

മുലപ്പാൽ ലഭിക്കാത്ത കുഞ്ഞുങ്ങൾക്ക് പശുവിൻപാ ലോ, ടിൻപാലോ മറ്റെന്തെങ്കിലും പാലോ ഉപയോഗിക്കാം. ടിൻപാലുപയോഗിക്കുമ്പോൾ അതിൽ പറഞ്ഞിരിക്കുന്ന അള വിലേ വെള്ളം ചേർക്കാവൂ. പശുവിൻപാലിൽ വെള്ളം ചേർക്കാ തെ കൊടുക്കയാണുത്തമം. പാലു കൊടുക്കാൻ ഉപയോഗിക്കുന്ന കപ്പികളും, പാത്രങ്ങളും തിളപ്പിച്ചുശേഷമേ ഉപയോഗിക്കാവൂ.

ഒരു നവജാതശിശുവിന്റെ തൂക്കം 2.5 മുതൽ 3.5വരെ കിലോഗ്രാം ആയിരിക്കും. ആദ്യദിവസങ്ങളിൽ തൂക്കം കുറയു മെങ്കിലും പത്തു ദിവസത്തിനുള്ളിൽ പഴയതൂക്കം വീണ്ടെടുക്കും. അതിനുശേഷം പ്രതിദിനം ശരാശരി 25ഗ്രാം വീതം കൂടിക്കൊ ണ്ടിരിക്കും. 5മാസമാകുമ്പോൾ രണ്ടിരട്ടിയാകുകയും ചെയ്യും. ഒരു വയസ്സുപ്രായമുള്ള കുട്ടിയുടെ തൂക്കം 8മുതൽ 10 കിലോഗ്രാം വരെയായിരിക്കും. ഒരു വയസ്സായ കുട്ടി പിടിച്ചു നടക്കുകയും, വാക്കുകൾ ഉച്ചരിക്കാൻ തുടങ്ങുകയും ചെയ്യും. പല്ലുകൾ മുളച്ചു കഴിഞ്ഞിരിക്കും. ഭക്ഷണം കൈകൊണ്ടുകൊണ്ട് കഴിക്കാനും, ഗ്ലാ സ്സിൽനിന്ന് കുടിക്കാനും താത്പര്യം കാണിക്കും. മലമൂത്രവി സർജ്ജനക്രമവും നിയന്ത്രണാധീനമായിത്തുടങ്ങുന്നു.

രോഗപ്രതിരോധ കുത്തിവയ്പുകൾ

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനു വളരെ പ്രാധാ ന്യമർഹിക്കുന്നവയാണ് പ്രതിരോധകുത്തിവയ്പുകൾ. അനേ കായിരം ശിശുക്കൾ പകർച്ചവ്യാധികൾകൊണ്ടിമപ്പെട്ട് മരണമട യുകയും, മറ്റനേകംപേർ അംഗവൈകല്യമുള്ളവരും, തീരാരോ ഗികളുമായിത്തീരുകയും ചെയ്യുന്നുണ്ട്. താഴെപ്പറയുന്ന സാംക്ര മികരോഗങ്ങൾക്കെതിരായിട്ടുള്ള കുത്തിവയ്പുകൾ ഇപ്പോൾ ലഭ്യമാണ്.

malankaralibrary.com

രോഗം	പ്രതിരോധം	എടുക്കേണ്ട സമയം
ക്ഷയം (Tuberculosis)	B. C. G. (കുത്തിവയ്പ്പ്)	ആദ്യ ആഴ്ചയിൽത്തന്നെ.
തളർവാതം (Polio)	പോളിയോ വാക്സിൻ (തുള്ളിമരുന്ന്)	ആദ്യ ആഴ്ചയിൽ ആരംഭിക്കണം. പിന്നീട് ഓരോ മാസം ഇടവിട്ട് 3—5 പ്രാവശ്യം.
തൊണ്ടമുള്ള് (Diphtheria) വില്ലൻചുമ (Pertussis) ക്ഷതസന്നി (Tetanus)	D. P. T. അഥവാ ടിപ്പിഡം ആൻറിജൻ (കുത്തിവയ്പ്പ്)	6 ആഴ്ച പ്രായമാകുമ്പോഴും ആരംഭിക്കാം. പിന്നീട് ഓരോ മാസം ഇടവിട്ട് 3 പ്രാവശ്യം.
അഞ്ചാംപനി (Measles)	Measles Vaccine (കുത്തിവയ്പ്പ്)	പത്താംമാസത്തിനും ഒരു വയസ്സിനുമിടയ്ക്ക്
അഞ്ചാംപനി (Measles) മുണ്ടിനീര് (Mumps) ജർമ്മൻമീസൽസ് (Rubella)	M. M. R. (കുത്തിവയ്പ്പ്)	പത്താം മാസത്തിനും ഒരു വയസ്സിനുമിടയ്ക്ക് (M. M. R. എടുക്കുന്നവർക്ക് Measles Vaccine കൊടുക്കേണ്ട)

ടിപ്പിഡം ആൻറിജൻ പോളിയോ എന്നിവ ഒന്നരവയസ്സിലും, 5 വയസ്സിലും ആവർത്തിക്കേണ്ടതാണ്.

ഇളക്കം (Fits) ഉണ്ടായിട്ടുള്ള കുട്ടികൾക്കും 5 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും D. P. T. യ്ക്കു പകരം D. T. (Diphtheria–Tetanus) ആണ് കൊടുക്കേണ്ടത്.

ഗർഭിണികൾക്ക് ഏഴാം മാസം തുടങ്ങി രണ്ടു പ്രാവശ്യമെങ്കിലും (എട്ടാഴ്ച ഇടവിട്ട്) Tetanus Toxoid കുത്തിവച്ചാൽ നവജാതശിശുക്കളെ ടെറ്റനസ് രോഗത്തിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കും.

malankaralibrary.com

2

ദൈവത്തിനേറതു് ദൈവത്തിനു്

സൃഷ്ടികർമ്മത്തിലും രക്ഷാകർമ്മത്തിലും പങ്കുചേർന്നുകൊണ്ടു് പരസ്പരസ്നേഹത്തിലും ദൈവികൈക്യത്തിലും ജീവിക്കാൻ പ്രത്യേകം വിളിക്കപ്പെട്ട സമൂഹമാണു് കുടുംബം. 'സ്നേഹമാകുന്ന ദൈവം തന്റെ സ്നേഹം മനുഷ്യരുമായി പങ്കുവയ്ക്കാൻ ബുദ്ധിപൂർവ്വം സ്ഥാപിച്ച ഒന്നാണു് വിവാഹവും കുടുംബജീവിതവും' (പോപ്പു് പോൾ VI, Humanae Vitae, 'മനുഷ്യജീവൻ'). ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ, മക്കൾ, സ്വന്തക്കാർ, ബന്ധുക്കൾ, അയൽപക്കക്കാർ തുടങ്ങിയ വിവിധഘടകങ്ങൾവഴി പരസ്പരം ഐക്യപ്പെട്ടുകൊണ്ടു് ദൈവവുമായി അനുരഞ്ജനം നേടുകയെന്ന രക്ഷാദൗത്യം നിരന്തരം തുടരുകയെന്നതാണു് കുടുംബജീവിതത്തിന്റെ ദൗത്യം.

വിവാഹം ഒരു ദൈവവിളി

വിവാഹജീവിതം ദൈവത്തിന്റെ പ്രത്യേകവിളിയാണു്. മനുഷ്യദൃഷ്ടിയിൽ തികച്ചും യാദൃച്ഛികമായിത്തോന്നാമെങ്കിലും ദൈവത്തിന്റെ മുമ്പിൽ വിവാഹം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണു്. ദൈവത്തിന്റെ വിളിയാണു് വിവാഹം

malankaralibrary.com

എന്ന ഉറച്ച വിശ്വാസവും നിരന്തരമായ അവബോധവും, ദാമ്പത്യവിശ്വസ്തതയിലും പരസ്പരസമർപ്പണത്തിലും കുടുംബജീവിതം നയിക്കാൻ ദമ്പതികളെ സഹായിക്കും. ദൈവികസാന്നിദ്ധ്യത്തിൽനിന്നുളവാകുന്ന ആദ്ധ്യാത്മികചൈതന്യവും ദൈവഹിതമനുസരിച്ചു് കുടുംബജീവിതം നയിക്കാനുള്ള പ്രേരണയും അതുവഴി അവർക്കു് ലഭിക്കുന്നതാണു്. സർവ്വോപരി തങ്ങളുടെ മക്കളുടെ കാര്യത്തിലും, ദൈവം നിശ്ചയിക്കുന്ന ജീവിതാന്തസ്സിലേക്കു് അവരെ വിളിക്കാനും അതിൽ നിരന്തരമായ വിശ്വസ്തതയോടെ നിലനിൽക്കാനും ഇടയാകട്ടെ എന്ന ആഗ്രഹവും പ്രാർത്ഥനയും അതിനുള്ള പരിശീലനവും മാതാപിതാക്കളുടെ ഭാഗത്തുനിന്നുണ്ടാകും.

മക്കൾ ദൈവത്തിന്റെ ദാനം

'മക്കളും യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏറ്റവും വലിയദാനമാണു്' (സഭ ആധുനികലോകത്തിൽ, No-50). ഈ സത്യത്തെപ്പറ്റിയുള്ള അവബോധം മക്കളോടുള്ള നമ്മുടെ മനോഭാവത്തിൽത്തന്നെ കാര്യമായ മാറ്റം വരുത്തും. ജനസംഖ്യാവർദ്ധനവും ജനനനിയന്ത്രണമാർഗ്ഗങ്ങളും പ്രചാരണങ്ങളുംവഴി മക്കളുടെ നേർക്കുള്ള ആദ്ധ്യാത്മികവീക്ഷണത്തിനു് ഒരു പരിധിവരെ കോട്ടംതട്ടുന്നുണ്ടു്. കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളിൽ തങ്ങൾ അധികപ്പറ്റാണെന്നു് (unwanted children) കുട്ടികൾ ധരിക്കാനിടവന്നാൽ അവരിലുണ്ടാകുവുന്ന അരക്ഷിതബോധം ഊഹിക്കാവുന്നതേയുള്ളു. ഈ മനോഭാവംമാറി മക്കൾ ദൈവത്തിന്റെ ദാനമാണെന്ന ഉറച്ച ബോദ്ധ്യം മാതാപിതാക്കളിൽ രൂഢമൂലമാകേണ്ടതാണു്.

ദൈവമാണു് മക്കളുടെ പിതാവു്

ജീവന്റെ ദാതാവു് പിതാവായ ദൈവമാണു്. മാതാപിതാക്കൾ സൃഷ്ടികർമ്മത്തിൽ പിതാവായ ദൈവത്തോടു സഹകരിക്കുന്നു സഹസൃഷ്ടികളാണു്. വി. പൗലോസു് എഫേസൂസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും പിതാവായ ദൈവത്തിൽ നിന്നുദ്ഭവിക്കുന്നു.' അതുകൊണ്ടു് നമ്മുടെ മക്കളുടെ യ

malankaralibrary.com

ഥാർത്ഥപിതാവു് സ്വർഗ്ഗസ്ഥനായ പിതാവാണു്; മാതാപിതാക്കളാകട്ടേ, രക്ഷാകർത്തൃക്കളും മാത്രം. മക്കളെ അവരുടെ യഥാർത്ഥപിതാവിന്റെ പക്കലേക്കു് സുരക്ഷിതമായി ആനയിക്കേണ്ടതാണു് മാതാപിതാക്കളുടെ ഏറ്റവും വലിയ കർത്തവ്യം. അതുകൊണ്ടാണു് പരിശുദ്ധപിതാവു് 11-ാം പീയൂസു് പാപ്പാ 'ക്രൈസ്തവവിവാഹം' എന്ന തന്റെ ചാക്രികലേഖനത്തിൽ ഇപ്രകാരം പറയുന്നതു്: 'മാതാപിതാക്കളെ ദൈവം ഏല്പിച്ചിരിക്കുന്ന താലന്തുകളാണു് അവരുടെ മക്കൾ. വിധിദിവസത്തിൽ പലിശസഹിതം അവരെ ദൈവത്തിനു് തിരിച്ചേല്പിക്കുകയെന്നതാണു് അവരുടെ കടമ. അതുകൊണ്ടു് തങ്ങളുടെ മക്കളെ ദൈവത്തിനായി പരിപൂർണ്ണമായി സമർപ്പിക്കാനുള്ള വിശ്വാസദാർഢ്യവും ആദ്ധ്യാത്മികചൈതന്യവും മാതാപിതാക്കൾക്കുണ്ടാകണം. തന്റെ ഏകജാതനായ ഈസഹാക്കിനെ ബലിയർപ്പിക്കുവാൻ സന്നദ്ധനായ അബ്രാഹംപിഴി അതാണു് ദൈവം നമ്മെ പഠിപ്പിക്കുന്നതു്.'

ദൈവമക്കളുടെ രൂപവൽക്കരണം

ദൈവം തങ്ങളെ ഭരമേല്പിച്ച മക്കളെ ദൈവമക്കളാക്കുന്നതിനു യോജ്യമാംവിധം വളർത്തിക്കൊണ്ടുവരികയാണു് മാതാപിതാക്കളുടെ പ്രഥമവും പ്രധാനവുമായ ചുമതല. മുലപ്പാലോടൊപ്പംതന്നെ വിശ്വാസമൈതന്യവും മക്കൾക്കു പകർന്നുകൊടുക്കുവാൻ അവർക്കു കഴിയണം. മാതാപിതാക്കളുടെ ജീവിതമാതൃകയാണു് ഇതിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം. അവനുമമ്മയും ഒന്നിച്ചു പ്രാർത്ഥിക്കുന്നതും ദൈവാലയത്തിൽ പോകുന്നതും പരസ്പരസ്നേഹത്തിലും ഐക്യത്തിലും കഴിയുന്നതുമെല്ലാം ഇളംപ്രായത്തിൽത്തന്നെ കുഞ്ഞിന്റെ മനസ്സിൽ ക്രൈസ്തവമനോഭാവം പകർന്നുകൊടുക്കുന്നതിനു സഹായിക്കുന്നവയാണു്.

വളരുന്നതനുസരിച്ചു് വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളും മക്കൾക്കു പറഞ്ഞുകൊടുക്കേണ്ടതും, പ്രാർത്ഥിക്കാനും പള്ളിയിൽ പോകാനും ദൈവികകാര്യങ്ങളും ആദരവോടെ കാണാനും അവരെ പഠിപ്പിക്കേണ്ടതും മാതാപിതാക്കൾതന്നെയാണു്. 'മതബോധനം ഇന്നു്' എന്ന അപ്പസ്തോലികപ്രബോധനത്തിൽ പ. പിതാവു് ജോൺ പോൾ രണ്ടാമൻ പറയുന്നു:

malankaralibrary.com

'ഒരു ശിശു മാതാപിതാക്കന്മാരിലും കുടുംബസാഹചര്യങ്ങളിലുംനിന്നു് മതബോധനത്തിന്റെ ആദ്യാംശങ്ങളും നുണഞ്ഞിറക്കുന്ന കാലം പലപ്പോഴും നിർണ്ണായകമാണു്. ഈ അംശങ്ങളിൽ ഒരുപക്ഷേ, നല്ലവനും പരിപാലകനുമായ സ്വർഗ്ഗീയപിതാവിനെക്കുറിച്ചുള്ള നേരിയൊരു വെളിപാടു മാത്രമായിരിക്കും കുഞ്ഞിനു ലഭിക്കുക. ആ പിതാവിന്റെ നേർക്കു് അവൻ ഹൃദയം തിരിക്കാൻ പഠിക്കുന്നു. അവൻ കൊഞ്ചിക്കൊണ്ടു ചൊല്ലുന്ന കൊച്ചുപ്രാർത്ഥനകളും മറഞ്ഞിരിക്കുന്ന ആ ദൈവത്തോടുള്ള ഒരു സ്നേഹസംഭാഷണത്തിന്റെ തുടക്കം കുറിക്കും. അതു മുതൽ അവൻ അവിടുത്തേ വചനം കേൾക്കാൻ തുടങ്ങും. കുട്ടികളുടെ ഇളംകഴിവുകളെ ദൈവവുമായി സജീവബന്ധത്തിൽ സഞ്ചയിക്കാൻ ഉതകുന്നവിധം ക്രിസ്തീയമാതാപിതാക്കന്മാരാൽ നല്കപ്പെടുന്ന ഈ പ്രാരംഭപരിശീലനത്തിന്റെ ആവശ്യകത എത്ര തന്നെപ്പറഞ്ഞാലും അധികമാവില്ല. പ്രഥമപ്രാധാന്യം അർഹിക്കുന്ന ജോലിയാണിതു്. ക്രിസ്തീയവിശ്വാസത്തിന്റെ കേവലവും സത്യവുമായ ഒരവതരണം ലഭിക്കാൻ അവകാശമുള്ള കുഞ്ഞിനോടു വലിയ സ്നേഹാദരവുകളും ഈ ജോലി ആവശ്യപ്പെടുന്നു. '(നമ്പർ_36) മാർപ്പാപ്പ വീണ്ടും പറയുന്നു:' ഒരു കുടുംബത്തിലെ അംഗങ്ങളും തങ്ങളുടെ ക്രിസ്തീയ ജീവിതസാക്ഷ്യംവഴി വിശ്വാസത്തിൽ വളരുന്നതിനു് പരസ്പരം സഹായിക്കുമ്പോഴും ഈ അഭ്യസനം കുഞ്ഞുങ്ങൾക്കു ലഭിച്ചുതുടങ്ങുന്നു. പലപ്പോഴും വാക്കുകളിലല്ല, പിന്നെയോ സുവിശേഷാനുസൃതമായി നയിക്കുന്ന ദൈനംദിനജീവിതത്തിലൂടെ നിർമ്മലമാണു് ഇത്തരം സാക്ഷ്യം തുടർന്നുകൊണ്ടിരിക്കുന്നതു്. കുടുംബത്തിൽ പ്രധാനസംഭവങ്ങളും (ക്ലേശങ്ങളുടെ സ്വീകരണം, വലിയ തിരുനാളാഘോഷങ്ങളും, ജനനം, മരണം എന്നിവ) നടക്കുമ്പോഴും അവയുടെ ക്രിസ്തീയമോ മതപരമോ ആയ അർത്ഥം വീട്ടിൽവച്ചു വിശദീകരിക്കാൻ ശ്രദ്ധിക്കുകയാണെങ്കിൽ ഈ മതബോധനം കൂടുതൽ മൂർച്ചയുള്ളതായിരിക്കും, പക്ഷേ ഇതുകൊണ്ടു മതിയാകുന്നില്ല. ക്രിസ്തീയമാതാപിതാക്കന്മാർ തങ്ങൾക്കു മറ്റിടങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള ക്രമാനുഗതമായ പഠനം കുടുംബവേദിയിൽ അനുവർത്തിക്കാനും ആവർത്തിക്കാനും ഉത്തരവാദരായിരിക്കണം. വിശ്വാസത്തേയും ക്രിസ്തീയമായ ജീവിതരീതിയേയും കുറിച്ചുള്ള ഈ വക സത്യങ്ങളും പരസ്പരസ്നേഹവും

malankaralibrary.com

ബഹുമാനവും മുറിനിലനിന്നു കുടുംബത്തിനുള്ളിൽ ഇങ്ങനെ ആവശ്യക്കപ്പെടുന്നു എന്നതുതന്നെ കുട്ടികളുടെ ജീവിതത്തിൽ നിർണ്ണായകമാംവിധം സ്വാധീനംചെലുത്താൻ ഇടയാക്കുന്നതാണു്.' (നമ്പർ. 68)

കുടുംബത്തിൽ മാതാപിതാക്കളുടെ മാതൃകയും പ്രോദനവും പ്രബോധനങ്ങളും സ്വീകരിച്ചു് ദൈവമക്കളായി ജീവിക്കുന്നതിനുള്ള ബാലപാഠങ്ങൾ പഠിക്കുന്ന മക്കൾ അല്പംകൂടി പ്രായമാകുമ്പോൾ ദൈവാലയകർമ്മങ്ങളിൽ സജീവമായി പങ്കെടുത്തും മതബോധനക്ലാസ്സുകൾ ശ്രദ്ധിച്ചും ഭക്തസംഘടനകളിൽ പ്രവർത്തിച്ചും, ദൈവവചനവും സദ്ഗ്രന്ഥങ്ങളും വായിച്ചും മറ്റും ഈ പരിശീലനം തുടരണം. അതിനെല്ലാമുള്ള പ്രോത്സാഹനവും പ്രചോദനവും നല്കേണ്ടതു മാതാപിതാക്കൾതന്നെയാണു്. ദൈവമക്കളായി ജീവിക്കുന്നതിനു് നമുക്കുള്ള ഏറ്റം ഉദാത്തമായ മാതൃക ദൈവപുത്രനായ യേശുതന്നെയാണു്. അതുകൊണ്ടു് യേശുവിനെ അടുത്തറിയാനും അവിടുത്തെ മൂല്യങ്ങൾ സ്വന്തമാക്കാനും സ്വന്തം ജീവിതത്തിലൂടെ അവിടുത്തേയ്ക്കു സാക്ഷ്യംവഹിക്കാനുമുള്ള പരിശീലനം കുഞ്ഞുങ്ങൾക്കു നല്കുക മാതാപിതാക്കളുടെ ഏറ്റം ഗൗരവമേറിയ ചുമതലയായി പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു.

കുഞ്ഞുങ്ങളുടെ ഭൗതികവളർച്ചയ്ക്കും ഉന്നതവിദ്യാഭ്യാസത്തിനും ഭാവിഭദ്രതയ്ക്കുംവേണ്ടി ശ്രദ്ധാലുക്കളായ മാതാപിതാക്കളിൽപ്പോലും നല്ലൊരു ശതമാനംപേർ അവരുടെ ക്രൈസ്തവരൂപവൽക്കരണത്തിൽ അലംഭാവം കാട്ടുന്നുവെന്നതു് ശോചനീയമാണു്. തങ്ങളെ ദൈവം വിശ്വസിച്ചേല്പിച്ച അവിടുത്തെ മക്കളെ, ദൈവമാണവരുടെ പിതാവെന്ന അവബോധംപോലുമില്ലാതെ വളർത്തിക്കൊണ്ടുവരിക എത്ര ഗർഹണീയമാണു്.

മക്കളുടെ ദൈവവിളി

വിശ്വാസചൈതന്യത്തിൽ മക്കളെ വളർത്തിക്കൊണ്ടുവരുന്നതോടൊപ്പം 'പ്രായപൂർത്തിയാകുമ്പോൾ പരിപക്വമായ ഉത്തരവാദിത്വബോധത്തോടുകൂടി തങ്ങളുടെ ദൈവവിളിയെ

malankaralibrary.com

പിന്തുടരുവാനും ജീവിതാന്തസ്സു് തെരഞ്ഞെടുക്കുവാനും പ്രാപ്തരാക്കുവാൻ പര്യാപ്തമായ പരിശീലനം മാതാപിതാക്കൾ മക്കൾക്കു കൊടുക്കണം.' (സഭ ആധുനികലോകത്തിൽ-കുടുംബം No-52) യാതൊരുവിധ സമ്മർദ്ദവും ഇക്കാര്യത്തിൽ ചെലുത്താൻ പാടില്ലെന്നും കൗൺസിൽ ആഗ്രഹിക്കുന്നു. സ്വതന്ത്രവും ഉത്തരവാദിത്വപൂർണ്ണവുമായ തീരുമാനം എടുക്കാൻ അവരെ സഹായിക്കുക മാത്രമാണു് മാതാപിതാക്കളുടെ കർത്തവ്യം. ദൈവവിളിക്കു് തങ്ങളുടെ മക്കളെ ഒരുക്കാനുള്ള മാതാപിതാക്കളുടെ പരിശ്രമംതന്നെ ദൈവഹിതം തേടുവാനും ജീവിതാന്തസ്സു് തെരഞ്ഞെടുക്കുവാനുമുള്ള അന്വേഷണബുദ്ധിയും ഉത്തരവാദിത്വബോധവും അവരിൽ ഉളവാക്കുന്നു.

എന്താണു് ദൈവവിളി? അതു് ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രത്യുത്തരവുമാണു്. അതിനു് രണ്ടുവശമുണ്ടു്. ദൈവത്തിന്റെ മുമ്പിലുള്ള വിളിക്കപ്പെട്ട മനുഷ്യന്റെ സാന്നിദ്ധ്യവും, അവൻ അയയ്ക്കപ്പെടുന്ന ലോകത്തിലെ പ്രത്യേക സ്ഥലകാലസാഹചര്യവും. ഒരു പ്രത്യേകദൗത്യനിർവ്വഹണത്തിനാണു് ദൈവം വിളിക്കുക. അതായതു് ദൈവവിളിയിൽ ഒരു പ്രത്യേക ദൗത്യം അന്തർല്ലീനമാണു്.

വിശാലമായ അർത്ഥത്തിൽ ദൈവവിളിയെ മൂന്നായി തരംതിരിക്കാം. മാനുഷികവിളി(Human vocation), അടിസ്ഥാനപരമായ ക്രൈസ്തവവിളി(Basic Christian vocation), പ്രത്യേക ക്രൈസ്തവവിളി(Specific Christian vocation). ഇവ മൂന്നിനെപ്പറ്റിയും വ്യക്തമായ അറിവുണ്ടായാലേ ദൈവവിളിയെ സംബന്ധിച്ചു പൂർണ്ണമായ കാഴ്ചപ്പാടു ലഭിക്കുകയുള്ളൂ. എന്നാൽ ഈ ലേഖനത്തിന്റെ ഉദ്ദേശ്യം കുടുംബജീവിതംവഴി സമർപ്പിതജീവിതത്തിലേയ്ക്കു് ഏതെല്ലാം വിധത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കാമെന്നതാണു്. വിവാഹവും സമർപ്പിതജീവിതവും പ്രത്യേക ക്രൈസ്തവവിളിയിൽപ്പെടുന്നു.

സമർപ്പിതരെ നൽകുക

വൈദികരും സന്യസ്തരും കുടുംബങ്ങളിൽനിന്നുതന്നെ ഉണ്ടാകണം. അതുകൊണ്ടു് തങ്ങളുടെ കുടുംബത്തിൽനിന്നും ഉത്ത

malankaralibrary.com

മരായ വൈദികരും സന്യസ്തരും ഉണ്ടാകുവാൻ മാതാപിതാക്കൾ ആഗ്രഹിക്കണം. പ്രോത്സാഹനം നൽകുകയും ചെയ്യണം. അത് അവരുടെ കടമയാണ്. കുടുംബാസൂത്രണത്തേക്കാൾ, ആസൂത്രിതമായ ഒരു കുടുംബമാണ് നമുക്കു വേണ്ടത്. അച്ചനാകാനും, സന്യസ്തരാകാനും, വിവാഹം കഴിക്കാനും മക്കളുണ്ടാകാൻ നമ്മൾ ആസൂത്രണം ചെയ്യണം. എന്നാൽ ഇന്ന് പല കുടുംബങ്ങളും കുടുംബാസൂത്രണം നടത്തിയവയാണ്. ആണായാലും പെണ്ണായാലും ഒന്ന്, അല്ലെങ്കിൽ രണ്ട്. ഒരാണ്. ഒരു പെണ്ണ്. ഒന്ന് കെട്ടാൻ. ഒന്നിനെ കെട്ടിക്കാൻ. കുടുംബംനിലനിർത്താൻ. പങ്കുവയ്ക്കാതിരിക്കാൻ. സുഖിക്കാൻ. അപ്പോഴാണ് ക്രിസ്തുവിന്റെ മൗതികശരീരം കെട്ടിപ്പടുക്കാൻ, സഭയാകുന്ന കുടുംബം നിലനിലക്കാൻ, ക്രിസ്തുവിന്റെ നാമം ലോകത്തിൽ പ്രസംഗിക്കാൻ നിങ്ങളുടെ കുടുംബത്തിന്റെ സംഭാവനയെന്ത്? ഇത് ആരുടെ കടമയാണ്? നാളത്തെ സമർപ്പിതർ എവിടെ നിന്നുണ്ടാകും? നല്ല വൈദികർ കുടുംബത്തിന്റെ സംഭാവന തന്നെ.

ആരെന്തൊക്കെപ്പറഞ്ഞാലും സമർപ്പിതജീവിതത്തിലേക്ക് ആത്മാർത്ഥികമായി വിളിക്കുന്നത് ദൈവമാണ്. ദൈവം അനേകരെ നേരിട്ടുവിളിക്കുന്നതു പഴയനിയമത്തിലും പുതിയനിയമത്തിലും നാം കാണുന്നു. 'ദൈവം മനുഷ്യനെ വിളിച്ചിട്ടുണ്ട്, ഇപ്പോഴും വിളിക്കുന്നു.' (സഭ ആധുനികലോകത്തിൽ, 18) അബ്രാഹം, മോസസ്സ്, ജറമിയാ, സാമുവൽ, പത്രോസ്, ആൻഡ്രൂസ്, യാക്കോബ്, സാവോൾ, അങ്ങനെ പോകുന്നു ആ നീണ്ട പട്ടിക. ദൈവമാണ് വിളിക്കുന്നതെങ്കിൽ മാതാപിതാക്കൾക്ക് പിന്നെന്തുകാര്യം? പിന്നെന്തിനു പ്രോത്സാഹനം? ദൈവവിളിയ്ക്ക പ്രത്യുത്തരംനൽകാൻ പര്യാപ്തമായ പരിശീലനം നൽകുക, അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക. പ്രോത്സാഹനം നൽകുക, പ്രത്യുത്തരം നൽകേണ്ട പ്രതിസന്ധിയിൽ മാർഗ്ഗനിർദ്ദേശം നൽകുക, വിവേചനാശക്തി നൽകുക, പ്രത്യുത്തരം സുകരമാക്കുക തുടങ്ങിയ പലതും അവർക്ക് ചെയ്യാം. ഉദാഹരണം പറഞ്ഞാൽ, പഴയ നിയമത്തിൽ സാമുവേലിന്റെ വിളിയിൽ ഏലി ചെയ്യുന്നതു് അതാണ്. ഏലിയുടെ സാന്നിദ്ധ്യത്തിൽ ബാലനായ സാമുവേൽ കർത്താവിനു് ശ്രദ്ധ

malankaralibrary.com

ഷ ചെയ്യുപോന്നു. ഒരു ദിവസം സാമുവേൽ ദേവാലയത്തിൽ കിടന്നുറങ്ങുമ്പോൾ 'സാമുവേൽ, സാമുവേൽ' എന്ന വിളി കേട്ടു. ഏലിയാണു് വിളിച്ചതെന്നു കരുതി അവൻ ഏലിയുടെ അടുത്തു ചെന്നുചോദിച്ചു. താൻ വിളിച്ചില്ലെന്നു് ഏലി പറഞ്ഞു. അവൻ പോയിക്കിടന്നുറങ്ങി. വീണ്ടും രണ്ടുപ്രാവശ്യംകൂടി അപ്രകാരംതന്നെ വിളി കേട്ടു. കർത്താവാണു് അവനെ വിളിച്ചതെന്നു് അപ്പോൾ ഏലിക്കു മനസ്സിലായി. അവൻ സാമുവേലിനോടു പറഞ്ഞു. ഇനി ഇങ്ങനെ വിളിച്ചാൽ 'കർത്താവേ അരുളിച്ചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു' എന്നു പറയണമെന്നു് ഏലി നിർദ്ദേശിച്ചു. വീണ്ടും ദൈവം അവനെ വിളിച്ചു. 'സാമുവേൽ! സാമുവേൽ!' അവൻ പ്രതിവചിച്ചു: 'കർത്താവേ, അരുളിച്ചെയ്താലും; അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു.' ദൈവം അവനെ വിളിച്ചു. അവൻ ഏലിയുടെ സഹായത്തോടെ പ്രത്യുത്തരം പറയുകയും ചെയ്തു.

വിദ്യാഭ്യാസവും ദൈവവിളിയും

ക്രൈസ്തവാന്തരീക്ഷം തളംകെട്ടിനില്ക്കുന്ന നല്ല വിദ്യാലയങ്ങളിൽ മക്കളെ പഠിപ്പിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ഇന്നു് ചുരുക്കം ചിലതൊഴിച്ചാൽ അത്തരം വിദ്യാലയങ്ങൾ വളരെ വിരളമാണു്. വിദ്യാലയവുമായി മാതാപിതാക്കൾ ഇടയ്ക്കിടെ സമ്പർക്കം പുലർത്തുകയും തങ്ങളുടെ മക്കളുടെ വളർച്ചയിൽ ശരിയായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണു്. നല്ല വിദ്യാലയങ്ങൾ ദൈവവിളിക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

സമൂഹത്തിൽ അലയടിക്കുന്ന വിവിധ സ്വാധീനസങ്കേതങ്ങൾ ശരിയായി ഗ്രഹിക്കാനും അവയുടെ ദൂഷിതവലയത്തിൽനിന്നു് തങ്ങളുടെ മക്കളെ രക്ഷിക്കാനും മാതാപിതാക്കൾക്കു സാധിക്കണം. മക്കളുടെ കൂട്ടുകാരും, അവർ വായിക്കുന്ന പുസ്തകങ്ങളും, കാണുന്ന സിനിമാനാടകാദികളും മറ്റും അവരുടെ നന്മയ്ക്കുതകുന്നതാണോ എന്നു് മാതാപിതാക്കൾ മനസ്സിലാക്കേണ്ടതാണു്. തക്കസമയത്തു് വേണ്ട നിർദ്ദേശങ്ങൾ നൽകി നേർവഴിയെ അവരെ നയിക്കാൻ മാതാപിതാക്കൾക്കു സാധിക്കണം.

malankaralibrary.com

ഇടവക

അന്നദിനദിവ്യബലിയിലൂടെ ദൈവികജീവനിൽ മക്കളെ വളർത്തുക, മതപഠനം കാര്യക്ഷമമായരീതിയിൽ നൽകുക, അൾത്താരബാലസംഘം തുടങ്ങിയ ഭക്തസംഘടനകളിൽ ചേർന്നു പ്രവർത്തിക്കുക തുടങ്ങിയ പല കാര്യങ്ങളും ഇടവകയുമായി ബന്ധപ്പെട്ട ശുശ്രൂഷയിൽപ്പെടും. മാതാപിതാക്കളും ഇടവകവൈദികരുമായുള്ള സൗഹാർദ്ദബന്ധവും ഇടവകജീവിതത്തിലുള്ള മാതാപിതാക്കളുടെ സജീവപങ്കാളിത്തവും ഇക്കാര്യത്തിൽ വളരെയധികം ഫലം ചെയ്യും.

കുടുംബപ്രാർത്ഥന

ദൈവവിളിയെ വളരെയധികം സഹായിക്കുന്ന ഒന്നാണ് കുടുംബപ്രാർത്ഥന. ഇന്ന് പ്രാർത്ഥന 'എത്തിക്കുന്ന' കുടുംബങ്ങളും അനേകമുണ്ട്. പക്ഷേ, പ്രാത്ഥിക്കുന്ന കുടുംബങ്ങൾ ചുരുക്കമാണ്. 'ഈ തലമുറ അവരുടെ അധരങ്ങൾകൊണ്ട് എന്നെ വിളിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നും വളരെ വിദൂരമാണ്'' എന്ന കർത്താവിന്റെ വചനം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അതിരാവിലെയും സന്ധ്യയ്ക്കും മാതാപിതാക്കളും മക്കളും കുടുംബമാകുന്ന ദേവാലയത്തിൽ കർത്താവിന്റെ മുമ്പിൽ ഒന്നിച്ചണയുകയും ദൈവത്തെ ദർശിച്ചുകൊണ്ട് ദൈവവുമായി സംസാരിക്കുകയും ചെയ്യണം.

ദൈവവിളിപ്രാർത്ഥനകൾ

ദൈവവിളിയെന്ന പ്രത്യേകലക്ഷ്യംവച്ചുകൊണ്ട് മാതാപിതാക്കൾ തങ്ങളുടെ മക്കളിൽനിന്നും ദൈവവിളി ഉണ്ടാകുവാൻ കൂട്ടി ജനിക്കുന്നതിനുമുമ്പും ജനിച്ചതിനുശേഷവും രഹസ്യത്തിൽ പ്രാത്ഥിക്കണം. നിത്യമായ വിശ്വസ്തതയോടെ കർത്താവിനെ ശുശ്രൂഷിക്കാൻ ഉത്തമരായ വൈദികരും സന്യസ്തരും സഭയിലുണ്ടാകുവാൻ നിരന്തരം പ്രാർത്ഥിക്കണം. ദൈവവിളിദിനം, വാരം, എന്നിവ തക്കപ്രാധാന്യത്തോടെ ഭവനങ്ങളിൽ ആചരിക്കേണ്ടതാണ്. സഭയിൽ ഇന്നുള്ള വൈദികർക്കും സന്യസ്തർക്കും മെത്രാന്മാർക്കും മാർപ്പാപ്പായ്ക്കും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം.

malankaralibrary.com

'വിളവു് വളരെ, വേലക്കാർ ചുരുക്കം'. ബഹുഭൂരിപക്ഷം ജനങ്ങളും ക്രിസ്തുവിനെ അറിയാത്ത ലോകം, അനേകായിരം ജനങ്ങൾക്കു് ഒരു വൈദികനോ കന്യാസ്ത്രീയോ സഹോദരനോ ഇല്ലാത്ത പരിതഃസ്ഥിതി തുടങ്ങിയ തദ്ദേശവിദേശപ്രേഷിതരംഗങ്ങളിലെ വെല്ലുവിളികളെപ്പറ്റി മക്കളെ ബോധവാന്മാരാക്കണം. പ്രേഷിതരംഗങ്ങളിൽ നിന്നു വരുന്ന മിഷണറിമാരുടെ പ്രസംഗങ്ങളും, എഴുത്തുകളും, ലഘുലേഖകളും, പുസ്തകങ്ങളും എന്നിവവഴി പ്രേഷിതവെല്ലുവിളികളെപ്പറ്റിയും സമർപ്പിത ജീവിതത്തിൻറെ ആവശ്യകതയെപ്പറ്റിയും അറിയാനുള്ള അവസരങ്ങളും ഉണ്ടാക്കേണ്ടതാണു്.

സമർപ്പിതജീവിതത്തിൻറെ മഹത്ത്വം

സമർപ്പിതജീവിതത്തിൻറെ മാഹാത്മ്യം, അതിലടങ്ങിയിരിക്കുന്ന ധീരത, ത്യാഗബുദ്ധി, ആത്മീയവിശ്രുതി, സ്വർഗ്ഗീയ സമ്മാനം, ദൈവികസഹായം എന്നിവശങ്ങളെ സംബന്ധിച്ചു മക്കളെ ധരിപ്പിക്കണം. ദൈവവിളി ലഭിച്ചു യുവവൈദികരുടേയും സന്യസ്തരുടേയും ജീവിതാനുഭവങ്ങളും പങ്കുവയ്ക്കുക, പട്ടം, ഉടുപ്പുമാറൽ, വ്രതവാഗ്ദാനങ്ങളും തുടങ്ങിയ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുക, സൃഷ്ടിപരമായ രീതിയിൽ മാത്രം സമർപ്പിതരെപ്പറ്റി ഭവനങ്ങളിൽ സംസാരിക്കുക തുടങ്ങിയ കാര്യങ്ങളും ദൈവവിളിയെ വളരെയധികം സഹായിക്കും.

ദൈവവചനം

ദൈവവചനവും ദൈവവിളിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ദൈവവചനം തന്നെ ദൈവത്തിൻറെ വിളിയുടേയും മനുഷ്യൻറെ പ്രത്യുത്തരത്തിൻറേയും രക്ഷാകരചരിത്രമാണല്ലോ. അനുദിനപ്രാർത്ഥനയിൽ രാവിലേയും രാത്രിയിലും ദൈവവചനം ശ്രവിക്കുകയും വ്യക്തിപരമായി രഹസ്യത്തിൽ അനുദിനം ദൈവവചനം ശ്രവിക്കുവാൻ മക്കളെ പരിശീലിപ്പിക്കുകയുംചെയ്യുന്നപക്ഷം പുതിയ മനുഷ്യരും പുതിയ ജീവനുമായി മക്കളും രൂപാന്തരപ്പെടും. ദൈവത്തെ കാണാനും കേൾക്കാനും അനുഭവിക്കുന്നതിനും ജീവിക്കാനും, അവിടുത്തെ വചനം ലോകത്തിൻറെ മുമ്പിൽ പ്രഘോഷിക്കാനും, മക്കളെയു്

malankaralibrary.com

പ്രചോദനം നൽകുന്ന ഏറ്റവും വലിയ വശ്യശക്തിയാണ് ദൈവവചനം.

വിശുദ്ധന്മാരുടെ ജീവചരിത്രം

ദൈവവിളിയെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ് വിശുദ്ധന്മാരുടെ ജീവചരിത്രപാരായണം. പ്രാർത്ഥനയോടനുബന്ധിച്ച് അനുദിനം വിശുദ്ധന്മാരുടെ ജീവചരിത്രവും മറ്റു ഉത്തമഗ്രന്ഥങ്ങളും വായിക്കേണ്ടതാണ്. നല്ല പുസ്തകങ്ങൾ മക്കളുടെ വളർച്ചയ്ക്കനുസരിച്ച് വായിക്കാൻ കൊടുക്കുന്നുപക്ഷം ചീത്തപ്പുസ്തകങ്ങൾ വായിച്ച് കൂട്ടികാര്യം വഷളാകുംതിരിക്കാനും ഇടവരുന്നതാണ്.

മാതാപിതാക്കളുടെ മാതൃകാജീവിതം

മാതാപിതാക്കളുടെ പരസ്പരസ്നേഹവും ഐക്യവും ജീവിതവിശുദ്ധിയും ത്യാഗശീലവും കാരുണ്യജീവിതവും കൂട്ടായ പ്രാർത്ഥനയും മക്കളോടും മറ്റുള്ളവരോടുമുള്ള സൗഹൃദവും മക്കളെ വളരെയധികം സ്വാധീനിക്കും. മക്കളോടൊത്തു് കുറെയുന്നതു സമയം ചെലവഴിക്കുകയും അവരെ സ്നേഹിക്കുകയും അവർക്കുവേണ്ടി ത്യാഗംചെയ്യുകയും ചെയ്താൽ മക്കളിൽത്തന്നെ വലിയ മാറ്റംവരും. മാതാപിതാക്കൾ മക്കൾക്കുവേണ്ടി പ്രത്യേക ഉപവാസവും പ്രാർത്ഥനയും നടത്തുന്നതും പരിത്യാഗം ചെയ്യുന്നതും വളരെ നല്ലതാണ്.

സമർപ്പിതരുടെ മാതൃക

ദൈവവിളിയെ ഏറ്റവും അധികം സ്വാധീനിക്കുന്ന ഘടകമാണ് ജീവിക്കുന്ന ദൈവവിളികൾ അഥവാ സമർപ്പിതരുടെ മാതൃകാജീവിതം. 'ആരെന്നെ തൊട്ട്? എന്നിൽനിന്നും ഫലം പുറപ്പെട്ടിരിക്കുന്നു' എന്നുപറയാൻമാത്രം ജീവിതവിശുദ്ധിയും ത്യാഗജീവിതവും സ്നേഹസൗഹൃദവും സേവനസന്നദ്ധതയും പുണ്യപൂർണ്ണതയും ആ സമർപ്പിതരുമായുള്ള സമ്പർക്കത്തിൽ ബോദ്ധ്യപ്പെടണം. ദൈവവിളിയുടെ ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണിതു്. രക്ഷകർത്താക്കളേക്കാളേറെ യുവാക്കളെ ആകർഷിക്കുക ജീവിക്കുന്ന മാതൃകകളാണ്. സമർപ്പിതരെകാണുമ്പോൾ 'എനിക്കും ആ അച്ചനെപ്പോലെ

malankaralibrary.com

ആകണം, ആ കന്യാസ്ത്രീയേപ്പോലെ ആകണം, ആ സഹോദരനെപ്പോലെ ആകണം' എന്നു് പറയാൻ,വിചാരിക്കാൻ, നമ്മുടെ മക്കൾക്കു് പ്രേരണലഭിക്കണം.

ദൈവവിളിയും വ്യക്തിസ്വാതന്ത്ര്യവും

ദൈവവിളി ആത്യന്തികമായി ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രത്യുത്തരവുമാണല്ലോ. ദൈവംതന്നെ ആരുടേയും സ്വാതന്ത്ര്യത്തിൽ കൈകടത്താതെ സ്വതന്ത്രവും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു പ്രത്യുത്തരം മാത്രമാണു് പ്രതീക്ഷിക്കുക. അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടു് അങ്ങനെയുള്ള ദൈവത്തിന്റെ വിളിക്കു് പ്രത്യുത്തരമേകാൻ പ്രോത്സാഹനം നൽകുന്ന ചില മാർഗ്ഗരേഖകൾ മാത്രമാണു് ഈ ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്. അതേസമയം, കേവലം വൈകാരികമായി തങ്ങളുടെ മക്കൾ സമർപ്പിതജീവിതത്തിലേക്കു് എങ്ങനെയെങ്കിലും വഴതിവീഴട്ടെയെന്നു് സാധാരണനിലയിൽ മാതാപിതാക്കൾ ആഗ്രഹിക്കുകയില്ല. ഉത്തമരായ വൈദികനോ കന്യാസ്ത്രീയോ സഹോദരനോ ആയി വിശ്വസ്തതയോടെ നിരന്തരം ദൈവത്തെ ശുശ്രൂഷിക്കുവാനുള്ള ദൈവത്തിന്റെ യഥാർത്ഥവിളിയാണെങ്കിൽ അതിനു് പരിപൂർണ്ണസ്വാതന്ത്ര്യത്തോടും ഉത്തരവാദിത്വത്തോടുംകൂടി പ്രത്യുത്തരം നൽകാൻ മക്കൾ യോഗ്യരാകട്ടെയെന്നുമാത്രമാണു് യഥാർത്ഥ മാതാപിതാക്കളുടെ ആത്മാഭിലാഷം. □

malankaralibrary.com

3

പഠിക്കാനും ജയിക്കാനും എളുപ്പവഴികൾ

മാതാപിതാക്കളുടെ ശ്രദ്ധയുടേയും പ്രതീക്ഷയുടേയും കേന്ദ്രം മക്കളാണെന്നതിൽ തർക്കമില്ല. തങ്ങളുടെ മക്കൾ പരീക്ഷകളിൽ ഉന്നതവിജയം നേടണമെന്നും അതുവഴി അവരുടെ ഭാവി ശോഭനമാകണമെന്നും മാതാപിതാക്കൾ ആഗ്രഹിക്കുന്നു. എന്നാൽ എസ്. എസ്. എൽ. സി, പ്രീ-ഡിഗ്രിപരീക്ഷാഫലങ്ങൾ പുറത്തുവരുമ്പോൾ ഭൂരിപക്ഷം കുട്ടികളും പരാജയപ്പെട്ടിരിക്കുന്നതായിക്കാണുന്നു. പഠനരീതികൾ മെച്ചപ്പെടുത്തിയാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ കാര്യങ്ങൾ പഠിക്കാനും ഓർമ്മയിൽവയ്ക്കാനും സാധിക്കും. പഠനത്തേയും ഓർമ്മയേയും സംബന്ധിച്ച മനഃശാസ്ത്രഗവേഷണങ്ങളുടെ വെളിച്ചത്തിൽ പഠിക്കാനും ജയിക്കാനുമുള്ള ചില എളുപ്പവഴികൾ നിർദ്ദേശിക്കുകയാണു്.

പഠിക്കേണ്ടതെങ്ങനെയെന്നു പഠിക്കുക ഒരു വിരോധാഭാസമായിത്തോന്നാം. കൗമാരപ്രായത്തിലുള്ളവരെ സംബന്ധിച്ചു് പഠിക്കുക എന്നതു് ക്ലേശകരമാണു്. അതിലും രസകരമായ എന്തെല്ലാം കാര്യങ്ങൾ കിടക്കുന്നു! സിനിമ, ടെലിവി

malankaralibrary.com

ഷൻ, കഥപ്പുസ്തകങ്ങൾ, കളിവിനോദങ്ങൾ, സല്ലപിക്കൽ ഇവയൊക്കെ ചെറുപ്രായക്കാർക്ക് ആകർഷകമാണ്. പഠനത്തിൽ രസവും താത്പര്യവും ഉണ്ടായാലേ പഠിക്കാൻ പറ്റൂ. ഒരു കാര്യം ചെയ്യാനുള്ള ആവേശത്തിനാണ് താത്പര്യം എന്നുപറയുന്നത്. ഈ താത്പര്യം ഉള്ളിൽനിന്നു വരണം. ഉൾപ്രേരണയില്ലായ്മയാണ് പല വിദ്യാർത്ഥികളുടേയും പഠനത്തിനു വിഘാതമായിരിക്കുന്നത്.

ബുദ്ധിയുണ്ടെങ്കിലും, പഠിക്കണമെന്നും ധാരാളം മാർക്കു വാങ്ങണമെന്നും ആഗ്രഹിക്കത്തക്ക ഒരുവനു് അതു് നേടാൻ കഴിയില്ല. അച്ഛനമ്മമാരുടേയും അധ്യാപകരുടേയും ശിക്ഷയും ശകാരവും ഈ ആഗ്രഹം ഉണ്ടാക്കുന്നതിനുവേണ്ടിയാണു്. എന്നാൽ ഇതു പലപ്പോഴും പ്രയോജനപ്പെടാറില്ല. പഠനത്തിൽ താത്പര്യമുണ്ടാകാൻ അവശ്യം വേണ്ടതു് ലക്ഷ്യബോധമാണു്. 'ഞാനെന്തിനു പഠിക്കുന്നു?', 'ഞാൻ ജീവിതത്തിൽ എന്തു നേടുവാൻ ആഗ്രഹിക്കുന്നു?' തുടങ്ങിയ ചോദ്യങ്ങൾ ഓരോ വിദ്യാർത്ഥിയും സ്വയംചോദിക്കുക. ഓരോരുത്തരും തെരഞ്ഞെടുക്കുന്ന ലക്ഷ്യങ്ങൾ വ്യക്തവും കൃത്യവും പ്രാപിക്കാവുന്നതുമായിരിക്കണം. 'പാസാകുക, തീരുമാനിക്കാം' എന്നു പറയുന്ന ആൾക്കു വ്യക്തവും കൃത്യവുമായ ലക്ഷ്യബോധമില്ല. ശരാശരിബുദ്ധിശക്തിയുള്ള ഒരാൾ ഡോക്ടറാകണമെന്നു ശഠിച്ചാൽ നിരാശനാകേണ്ടിവരും. അതുപോലെതന്നെ ലക്ഷ്യം ഒത്തിരി അകലത്തിലുള്ളതായിരിക്കയുമരുതു്. അകലത്തിലുള്ള ലക്ഷ്യമാണു് ഉന്നംവയ്ക്കുന്നതെങ്കിൽ നിശ്ചിതസമയത്തു് നേടാവുന്നതും, നേടിയേ എന്നു് തീട്ടപ്പെടുത്താവുന്നതുമായ മറ്റു ലക്ഷ്യങ്ങൾകൂടി ഉണ്ടായിരിക്കണം; ബി. എസ്. സിക്കു് ഫസ്റ്റ് ക്ലാസ് വാങ്ങിക്കണമെന്നു് ലക്ഷ്യംവയ്ക്കുന്ന പ്രീഡിഗ്രിവിദ്യാർത്ഥിനി അതിനുള്ള ആദ്യപടികൾ താല്ക്കാലികലക്ഷ്യങ്ങളായി എടുക്കുകയും അതു് പൂർത്തീകരിക്കുകയും ചെയ്യണം.

നമ്മുടെ രാജ്യത്തു് ജീവിതവിജയവും പഠനത്തിൽ നേടുന്ന ഉന്നതവിജയവുമായി ഏറെ ബന്ധമുണ്ടു്. കൂടാതെ ഓരോ വിജയം വരിക്കുമ്പോഴും അനുഭവപ്പെടുന്ന മാനസികസംതൃപ്തിയും സുഖവും അനുസ്മരിക്കുന്നതും നല്ലതാണു്. കുട്ടികൾ

malankaralibrary.com

വിജയം നേടുമ്പോൾ മാതാപിതാക്കളും അധ്യാപകരും സന്തോഷിക്കുന്നു. വീണ്ടും വിജയം നേടാനുള്ള പ്രേരകശക്തിയായി അത് തീരുകയും ചെയ്യും.

അറിവ് എപ്പോഴും മനസ്സിനു് ആഹ്ലാദംനൽകുന്നതാണു്. അജ്ഞതയുടെ കോട്ടകൾ തട്ടിത്തകർക്കുന്ന ധീരയോദ്ധാവാണു വിദ്യാർത്ഥി. ബുദ്ധിമുട്ടുകളെയും ക്ലേശങ്ങളെയും അതിജീവിക്കുന്നുള്ള സാഹസികത ചെറുപ്രായക്കാരിൽ ഒളിഞ്ഞുകിടപ്പുണ്ടു്. അതിനെ ഉദ്ദീപിപ്പിച്ചു് പഠനത്തിൽ കേന്ദ്രീകരിക്കണം. അങ്ങനെ വരുമ്പോൾ പഠിക്കുക എന്നതു് മുഷിപ്പും ബോറും ആയിത്തീരുകില്ല. പഠനത്തിൽ താത്പര്യം കുറയ്ക്കുന്ന പല ഘടകങ്ങളും വിദ്യാർത്ഥികളെ സ്വാധീനിച്ചേക്കാം. 'പഠിച്ചിട്ടെന്തുകാര്യം' എന്നചിന്ത, ദിവാസ്വപ്നങ്ങൾ, ഉത്കണ്ഠ, വൈകാരികപ്രശ്നങ്ങൾ, അമിതമായ ആവേശം തുടങ്ങിയവ. അവയെക്കുറിച്ചുവിടെ പ്രതിപാദിക്കുന്നില്ല.

പഠനം ഫലപ്രദമായി നടത്തുന്നതിനു് ചില ക്രമങ്ങളൊക്കെ ആവശ്യമാണു്. സമയം ശരിയായി വിനിയോഗിക്കണമെങ്കിൽ, ചെയ്യേണ്ടവ കൃത്യമായി ചെയ്യാൻ ഒരു ദിനചര്യ അഥവാ ടൈംടേബിൾ ഓരോരുത്തരും ഉണ്ടാക്കണം. അതിൽ പഠനത്തിനും, വിശ്രമത്തിനും, വിനോദത്തിനും, വീട്ടുകാര്യങ്ങൾക്കും, ഉറക്കത്തിനും സമയം മാറ്റിവച്ചിരിക്കണം. ഓരോരുത്തരുടേയും സാഹചര്യവും സ്വഭാവപ്രത്യേകതകളും കണക്കിലെടുത്തുവേണം ടൈംടേബിൾ ഉണ്ടാക്കാൻ. ഈ ദിനചര്യയിൽ മുന്നാലു മണിക്കൂർ എങ്കിലും പഠനത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കണം. ടൈംടേബിൾ ഉണ്ടാക്കിയാൽപ്പോരാ, അതു് പരമാവധി പാലിക്കപ്പെടുകയും വേണം.

പഠനപ്രക്രിയ ആരംഭിക്കുന്നതിനു മുമ്പു് അതിനായി 'യോജ്യമായ സ്ഥലവും സമയവും തെരഞ്ഞെടുക്കേണ്ടതുണ്ടു്. പഠനസ്ഥലം ശല്യങ്ങളിൽനിന്നു് ഒഴിഞ്ഞിരിക്കണം. നമ്മുടെ ശ്രദ്ധപതറിക്കുന്ന യാതൊന്നും പഠിക്കുന്ന മേശയിൽ വയ്ക്കരുതു്. പഠിക്കുക എന്നതു് മാനസികോജ്ജം വളരെ ആവശ്യമുള്ള ഒരു പ്രവൃത്തിയാണു്. റേഡിയോ, ടെലിവിഷൻ എന്നിവയിൽനിന്നുള്ളതും മറ്റു വിധത്തിലുമുള്ള ശബ്ദങ്ങൾ തുടങ്ങിയവ പഠനത്തെ ദോഷകരമായി ബാധിക്കും. എന്നാൽ പ്രകൃതിയിലെ

malankaralibrary.com

സാധാരണശബ്ദങ്ങൾ പഠനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുകയില്ല. നമ്മുടെ ഏകാഗ്രതയെ ഭഞ്ജിക്കുന്നതും ഒഴിവാക്കാൻ പറ്റുന്നതുമായ അലോസരങ്ങൾ അകറ്റിനിറുത്തേണ്ടതു് ആവശ്യമാണു്.

പഠിക്കാനിരിക്കുമ്പോൾ മനസ്സു് ശാന്തമായിരിക്കണം. പഠനത്തിനുള്ള മൂഡ് വ്യത്തിയുള്ളതും വെടിപ്പുള്ളതും വേണ്ട സജ്ജീകരണങ്ങൾ ഉള്ളതുമായിരിക്കണം. പഠനവുമായി ബന്ധപ്പെട്ട കടലാസ്സുകൾ, പേന, പെൻസിൽ, ഡിക്ഷ്ണറി തുടങ്ങിയവ സമീപത്തുതന്നെ ഉണ്ടായിരിക്കണം. വെളിച്ചം ആവശ്യത്തിനു ലഭ്യമാകാനും അതു പുസ്തകത്തിൽത്തന്നെ പതിയാനുമുള്ള സംവിധാനം വേണം. ശ്രദ്ധ വ്യതിചലിപ്പിക്കാത്ത സ്ഥലവും സൗകര്യവും സാഹചര്യങ്ങളും പഠനത്തിനു് തെരഞ്ഞെടുക്കണമെന്നർത്ഥം.

ഓർമ്മയിൽവയ്ക്കുന്നതിനും പരീക്ഷയെഴുതുന്നതിനും വേണ്ടി പാഠപുസ്കങ്ങൾ വായിക്കുന്ന രീതി, നോവലോ, പത്രമാസികകളോ വായിക്കുന്ന രീതിയിൽനിന്നും വ്യത്യസ്തമാണല്ലോ. ടെക്സ്റ്റ്ബുക്കുകൾ പഠനത്തിനുവേണ്ടി ഫലപ്രദമായി വായിക്കുന്നതിനു് രണ്ടു പ്രധാനരീതികൾ നിലവിലുണ്ടു്. ആദ്യത്തേതു് S Q 3R എന്നറിയപ്പെടുന്നു. Survey, Question, Read, Recite, Review എന്നിങ്ങനെ അഞ്ചു പടികളുള്ള ഈ പ്രോഗ്രാം ഓഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ആവിഷ്ക്കരിച്ചതാണു്. P Q R S T എന്നറിയപ്പെടുന്ന രണ്ടാമത്തെ രീതിയിൽ Preview Question, Read, Self-Recitation, Test എന്നിങ്ങനെ അഞ്ചു ഘട്ടങ്ങളുണ്ടു്. രണ്ടു രീതികളും സമന്വയിപ്പിച്ചു് ഉപയുക്തമായ ചില പഠനതന്ത്രങ്ങൾ നിർദ്ദേശിക്കുകയാണു്.

നിരീക്ഷണം

പാഠപുസ്തകങ്ങളിൽ സാധാരണ അദ്ധ്യായങ്ങളായിട്ടായിരിക്കും വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നതു്. പഠിക്കാനുദ്ദേശിക്കുന്ന അദ്ധ്യായത്തിലൂടെ ഒരോട്ടപ്രദക്ഷിണം നടത്തുക. അദ്ധ്യായത്തിലെ തലക്കെട്ടുകൾ, ആദ്യവാചകം, ഖണ്ഡികകളുടെ തുടക്കം ഇവ ശ്രദ്ധിക്കുക. ഓടിച്ചുള്ള ഈ വായനയിലൂടെ പ്ര

malankaralibrary.com

തിപാദ്യവിഷയത്തെക്കുറിച്ച് ഒരറിവുകിട്ടും. അദ്ധ്യായത്തിന്റെ അവസാനം സംഗ്രഹം നൽകിയിട്ടുണ്ടെങ്കിൽ അതിലെ ഓരോ വാചകവും ശ്രദ്ധാപൂർവ്വം വായിക്കണം. അപ്പോഴും പിടികിട്ടാത്ത പല ചോദ്യങ്ങളും മനസ്സിൽ പൊന്തിവന്നേക്കും. അതിന്റെ ഉത്തരങ്ങളെല്ലാം ടെക്സ്റ്റിൽ ഉണ്ട്. ചിത്രങ്ങളോ പട്ടികകളോ ഉണ്ടെങ്കിൽ അതും നോക്കി മനസ്സിലാക്കുക. പൊതുവായൊരു വിവരശേഖരണമാണ് ഈ സർവേകൊണ്ടുദ്ദേശിക്കുന്നത്.

ചോദ്യങ്ങളുണ്ടാക്കൽ

ചില പാഠപുസ്തകങ്ങളിൽ ഓരോ അദ്ധ്യായത്തിന്റേയും അവസാനം ഒരു ചോദ്യാവലി കൊടുക്കാറുണ്ട്. വിദ്യാർത്ഥികൾ പലപ്പോഴും അവഗണിക്കാറുള്ളതാണിത്. പഠനത്തെ സഹായിക്കുന്നവയാണീചോദ്യങ്ങൾ. ഇനി ചോദ്യങ്ങളില്ലാത്ത പാഠഭാഗമാണെങ്കിൽ ഓരോ ശീർഷകത്തിനും നമുക്കുതന്നെ ചോദ്യഘടന നൽകാൻ കഴിയും. ഓരോ സെക്ഷനും വായിക്കുമ്പോൾ അതിന്റെ തലക്കെട്ടുകളിൽനിന്ന് ചോദ്യങ്ങൾ സ്വയം ഉണ്ടാക്കി ചോദിച്ചിട്ട്, ആ ഭാഗം വായിക്കുക.

വായിക്കുന്നതിൽ ശ്രദ്ധ പിടിച്ചുനിറുത്തുവാൻ ചോദ്യങ്ങൾക്കു കഴിയും. അതുപോലെ പഠനത്തിൽ സജീവമായി ഭാഗഭാക്കാകുവാൻ അവ പ്രേരിപ്പിക്കുന്നു. വിഷയത്തിൽ ഔത്സുക്യവും ആകാംക്ഷയും ചോദ്യം ചോദിക്കുന്നതിലൂടെ ഉണ്ടാകുന്നു. പഠനം പരിശോധിക്കാനും അളക്കാനുമുള്ള മാർഗ്ഗങ്ങളാണ് ചോദ്യങ്ങൾ. പിന്നീട് പരീക്ഷ നന്നായി എഴുതുന്നതിനും ഇതു സഹായിക്കും.

വായന

ശ്രദ്ധയോടുകൂടി ഓരോ ഖണ്ഡികയും വായിക്കുക എന്നതാണ് അടുത്തപടി. നേരത്തെ കണ്ടുപിടിച്ച ചോദ്യങ്ങൾക്ക് ഉത്തരംകിട്ടാൻവേണ്ടി വായിക്കുക. വേണ്ടത്ര ഏകാഗ്രത ഉണ്ടെങ്കിൽ മനസ്സ് ആശയസ്വീകരണത്തിനു തയ്യാറായിരിക്കും. പഠിക്കാൻ എടുക്കുന്ന വിഷയത്തിൽ പൂർണ്ണശ്രദ്ധ അർപ്പിക്കുക. നിർബ്ബന്ധബുദ്ധി പഠനത്തിനു നല്ലൊരു പിൻബലമാണ്. മനസ്സിലാകാത്ത കാര്യം മനസ്സിലാക്കിയേ അടങ്ങൂ എന്ന വാ

malankaralibrary.com

ശിയും അതിനുള്ള തളരാത്ത മനസ്സും പരിശ്രമവും ഉണ്ടായിരിക്കണം.

വായിക്കുന്നവയുടെ അർത്ഥം മനസ്സിലാക്കണം എന്ന നിശ്ചയത്തോടെ വായിക്കുക. നോവൽ വായിക്കുന്നതുപോലെ നിഷ്ക്രിയരായി വായിക്കരുത്. വിഷയം മനസ്സിലാക്കിയാൽ പെട്ടെന്ന് പഠിച്ചെടുക്കാൻ കഴിയും. കാണാതെ പഠിക്കാൻ ആശയം ഗ്രഹിക്കേണ്ടത് ആവശ്യമാണ്. ഓർമ്മിക്കാൻ വേണ്ടിയാണ് വായിക്കുന്നത് എന്ന ബോധ്യം ഉണ്ടാകണം. ഊന്നൽകൊടുത്തിട്ടുള്ള വാക്കുകളും പ്രയോഗങ്ങളും ശ്രദ്ധിക്കുക. പ്രധാനപ്പെട്ടവയ്ക്കു് അടിവരയിടുകയോ അവ പ്രത്യേകം അടയാളപ്പെടുത്തുകയോ ആവാം.

ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ അതത അധ്യായത്തിന്റെ പ്രധാന ഭാഗങ്ങളെ വ്യക്തമാക്കുന്നവയായിരിക്കും. പൂർണ്ണതയുള്ള ഓരോ ഭാഗവും ഒരുമിച്ചുതന്നെ വായിക്കുന്നതാണെളുപ്പം. നേരത്തേ അറിയാവുന്ന കാര്യങ്ങളുമായി പുതുതായി ലഭിച്ച ആശയങ്ങളെ ബന്ധപ്പെടുത്താൻ ശ്രമിക്കണം. അപ്പോൾ പഠനഭാഗത്തിനു് പരസ്പരാടനയും ബന്ധവും ഉണ്ടാകും.

വായ്പാഠം (Recitation)

ഓരോ സെക്ഷനും വായിച്ചുകഴിയുമ്പോൾ പുസ്തകം അടച്ചു് പ്രധാന ആശയങ്ങൾ ഓർക്കാൻ ശ്രമിക്കുകയും അവ വായ്കൊണ്ടു് ഉരുവിടുകയും ചെയ്യുന്നതാണു് വായ്പാഠം അഥവാ കഥനം. ഓർമ്മയിൽ പിടിച്ചുനിർത്താൻ പറ്റിയ മാർഗ്ഗമാണിതു്. നേരത്തെ ചോദിച്ച ചോദ്യങ്ങൾക്കു് ഉത്തരം കിട്ടിയോ എന്നു വീണ്ടും ഓർക്കുക. വായിച്ചതു സംഗ്രഹിച്ചു് സ്വന്തം വാക്കുകളിലോ പാഠ്യഭാഗത്തെ വാക്കുകളുപയോഗിച്ചോ സ്വയം പറഞ്ഞുനോക്കുക. വിട്ടുപോയവയും തെറ്റിച്ചുവയും വീണ്ടും പെറുക്കി മനസ്സിലിടുക. അതിനുശേഷം അല്പം കഴിഞ്ഞു് ഉരുവിടുക.

പ്രധാനപ്പെട്ട ആശയങ്ങൾ കുറിപ്പുകളായി എഴുതി സൂക്ഷിക്കുന്നതു നല്ലതാണു്. ആശയങ്ങൾ പരസ്പരം ബന്ധപ്പെടുത്തി അടുക്കിട്ടതിരിക്കുകയോ സ്കെച്ചുകളായി വരച്ചു

malankaralibrary.com

സൂക്ഷിക്കുകയോ ചെയ്യാം. പരീക്ഷാകാലങ്ങളിൽ ഈ കുറിപ്പുകൾ വളരെ സഹായിക്കും. കുറിപ്പുകൾ അതിനോടു കൂട്ടിച്ചേർക്കാവുന്ന ആശയങ്ങളെ മനസ്സിലേക്കു് കൊണ്ടുവരാൻ സഹായിക്കും.

പഠിക്കുന്ന വിഷയത്തിന്റെ സ്വഭാവമനുസരിച്ചു് കഥനത്തിനു് ചെലവഴിക്കുന്ന സമയം ക്രമീകരിക്കണം. ശാസ്ത്രവിഷയങ്ങളും ഫോർമുലാകളും പഠിക്കേണ്ടിവരുമ്പോൾ കൂടുതൽ സമയം വേണ്ടിവരും. ചിലപ്പോൾ അവ എഴുതിപ്പഠിക്കുന്നതും സഹായകമാണു്. വായു്പാഠത്തിനാണു് പഠനസമയത്തിന്റെ മുക്കാൽഭാഗവും ചെലവഴിക്കേണ്ടതു്. വ്യക്തമാകാത്ത ഭാഗങ്ങൾ കഥനസമയത്തു് നിരീക്ഷിച്ചിട്ടു് ആ ഭാഗം വീണ്ടും വായിക്കുക.

പുനരവലോകനം

ഒരദ്ധ്യായം സെക്ഷനുകളായി പഠിച്ചതിനുശേഷം കുറിപ്പുകൾ മാത്രം നോക്കി പ്രധാന ആശയങ്ങൾ ഓർമ്മയിൽ കൊണ്ടുവരാമോ എന്നു് പരിശോധിക്കുക. കിട്ടിയ ആശയങ്ങൾതമ്മിലുള്ള പരസ്പരബന്ധവും മനസ്സിലാക്കാൻ ശ്രമിക്കുക. വേണമെങ്കിൽ മുഴുവൻ അദ്ധ്യായത്തിലൂടെ കണ്ണോടിക്കാം. സംഗ്രഹം ഒന്നുകൂടി വായിച്ചുനോക്കി, അതിലെ ഓരോ വാചകവും വിശദീകരിക്കുവാൻ കഴിയുമോ എന്നും നോക്കുക. ഒരു കാര്യം എത്ര നന്നായി പഠിച്ചാലും പുനരവലോകനത്തിന്റെ അഭാവത്തിൽ നല്ലൊരു ഭാഗം വിസ്മൃതിയിൽ ആണ്ടുപോകും. പരീക്ഷയ്ക്കുമുമ്പും ഇത്തരത്തിലുള്ള ഒരു പുനരവലോകനം നടത്തുന്നതു് വളരെ സഹായകരമാണു്.

പഠിച്ചവ ഓർമ്മയിൽ പൂട്ടിയിടുന്നതെങ്ങനെ?

'വായിച്ചു വായിച്ചു മടുത്തു, ഒന്നും ഓർമ്മയിൽ നില്ക്കുന്നില്ല' പല വിദ്യാർത്ഥികളുടേയും ദീനരോദനമാണിതു്. പലരുടേയും മറവിക്കു കാരണം ഓർമ്മിക്കാൻവേണ്ടി എങ്ങനെ പഠിക്കണം എന്നറിയാത്തതാണു്. മുകളിൽ നിർദ്ദേശിച്ച രീതിയിലുള്ള പഠനം പഠിച്ചവയെ ഓർമ്മയിൽ നിലനിത്താൻ സഹായിക്കും.

malankaralibrary.com

ആശയങ്ങളെ സ്മരണയിൽ പൂട്ടിയിടാൻ ചില പ്രായോഗികകാര്യങ്ങൾ അറിഞ്ഞിരിക്കണം.

മനസ്സമ്മതം

ചിലർ വായിക്കുമ്പോൾ പുസ്തകത്തിൽക്കൂടി കണ്ണുകൾ നുരച്ചുനടക്കും. പക്ഷേ വിഷയത്തിലേക്കെത്തുകയില്ല. അതിനു് മനസ്സിന്റെ സമ്മതംവേണം. മനസ്സു് അറിയാത്ത കാര്യം ഓർമ്മയിൽ നിൽക്കുകയില്ല. മനസ്സു സമ്മതിക്കുന്ന കാര്യങ്ങൾതന്നെ കുറേക്കഴിഞ്ഞു് മറന്നുപോകുന്നു. വേണ്ടത്ര ഏകാഗ്രതയും വിഷയത്തിൽ താത്പര്യവും ശാരീരികസുഖവുമുണ്ടെങ്കിൽ മനസ്സു് ആശയസ്വീകരണത്തിനു് തയ്യാറായിരിക്കും. ഓർമ്മിക്കാൻവേണ്ടി പഠിക്കുക.

അർത്ഥം മനസ്സിലാക്കി പഠിക്കുക

യാന്ത്രികമായി ഉരുവിട്ടുപഠിക്കുന്നവ പെട്ടെന്നു് മറന്നുപോകും. അർത്ഥമുള്ളവയും നാം അർത്ഥം നൽകുന്നവയുമാണു് കൂടുതൽ മനസ്സിൽ പതിയുക. അർത്ഥമുള്ള വാക്കുകളും ആശയങ്ങളും വേഗം ഓർമ്മയിൽനിന്നു വിട്ടുപോകയില്ലെന്നു് എബ്ബിംഗ്ഹൗസ് എന്ന മനഃശാസ്ത്രജ്ഞൻ തെളിയിച്ചിട്ടുണ്ടു്. ഓർമ്മ രണ്ടുവിധമുണ്ടു്—ഹ്രസ്വകാലസ്മരണയും, ദീർഘകാലസ്മരണയും. തൽക്കാലത്തേക്കു മാത്രം മനസ്സിൽ തങ്ങിനിൽക്കുന്നതാണു് ആദ്യത്തേതു്. ഏറെക്കാലം ഓർമ്മനിലനിൽക്കുന്നതാണു് രണ്ടാമത്തേതു്. പഠനവിഷയങ്ങൾ ദീർഘകാലസ്മരണയിലേക്കെത്തിക്കണമെങ്കിൽ പഠനഭാഗത്തെ അർത്ഥസംപുഷ്ടമാക്കണം.

അനുബന്ധിത പഠനം

പഠിക്കുമ്പോൾ ലഭിക്കുന്ന ആശയങ്ങൾ നേരത്തേ അറിയാവുന്നവയുമായി ബന്ധപ്പെടുത്തുക. ആശയങ്ങളുമായി ഒരു പരിചയം സ്ഥാപിക്കലാണിതു്. ഒരു പുതിയ ആശയത്തിനു് മറ്റാശയങ്ങളോടു് സാദൃശ്യമോ, വൈരുദ്ധ്യമോ, സാമീപ്യമോ, കാര്യകാരണബന്ധമോ കാണും. അതു് കണ്ടുപിടിക്കാൻ ശ്രമിക്കുക. പുതിയ ആശയങ്ങളെ ദീർഘകാലസ്മരണയിലുള്ള ചിലവയുമായി ഘടിപ്പിക്കുകയാണിതുവഴി ചെയ്യുക.

malankaralibrary.com

ഭാവന

പഠിക്കുമ്പോഴും ലഭിക്കുന്ന നൂതനാശയങ്ങളെ ദൃശ്യമോ ശ്രാവ്യമോ ആയ ഭാവനാചിത്രങ്ങളിലാക്കാൻ പറ്റുമോ എന്നു് പരീക്ഷിക്കുക. മനസ്സിലെ ഈ ചിത്രം നാടകീയവും ഹാസ്യാത്മകവുമാണെങ്കിൽ വളരെ ഫലവത്തായിരിക്കും. കുട്ടികളുടെ 'ഭാവന' ഉപയോഗിക്കുകയാണിതു്.

സ്മരണസൂത്രങ്ങൾ

ഓർമ്മിക്കേണ്ട കാര്യങ്ങളും ഗാനശകലത്തിലോ സൂത്രവാക്യങ്ങളിലോ ആക്കി കോർത്തിട്ടാൽ അവ മറക്കുകയില്ല. വിഭക്തിപ്രത്യയങ്ങളോർമ്മിക്കാൻ 'നിപ്രസംഉപ്രസം ആ' എന്ന സൂത്രവാക്യം പ്രസിദ്ധമാണല്ലോ. നമ്മുടേതായ സൂത്രവാക്യങ്ങളും ഉണ്ടാക്കാം.

തെരഞ്ഞെടുക്കലും അടുക്കിവയ്ക്കലും

ഓർമ്മിക്കേണ്ട ആശയങ്ങളെ ചിട്ടയോടെ ക്രമീകരിച്ചാൽ പെട്ടെന്നു് അവ ഓർമ്മയിൽ തെളിയും. ഒരു നിശ്ചിതപഠനഭാഗത്തു് അനേകം ആശയങ്ങളും ഉണ്ടായിരിക്കും. അവയിൽ ഓർമ്മിക്കേണ്ടവമാത്രം പെറുക്കിയെടുത്തു് മനസ്സിന്റെ തട്ടുകളിൽ അടുക്കായി വയ്ക്കുക. ഒന്നു്, രണ്ടു്, മൂന്നു് എന്ന ക്രമമോ, പ്രധാന ആശയം, അതിനു താങ്ങായിനിലയ്ക്കുന്നവ തുടങ്ങിയ ഏതെങ്കിലും ക്രമീകരണരീതിയോ ആകാം. അങ്ങാടിപ്പെട്ടിയിലെ കള്ളികൾപോലെ മനസ്സിലും അറകൾ ഉണ്ടെന്നു് സങ്കല്പിച്ചു് ഇങ്ങനെ ചെയ്യുക.

വിശ്രമവേളകൾ

കൂടുതൽ സമയം പഠിക്കുമ്പോഴും ഇടയ്ക്കു് വിശ്രമം ആവശ്യമാണു്. ഈ ഇടവേളകളിൽ അതുവരെ പഠിച്ചഭാഗം മനസ്സിൽ ചൂഴ്ന്നിറങ്ങി ഗാഢമായി പതിയും. ഉറക്കത്തിനു് തൊട്ടുമുമ്പു പഠിച്ചഭാഗം, ഉറക്കത്തിനുശേഷം വളരെ വ്യക്തമായി ത്തോന്നുന്നതു് ഇതു കൊണ്ടാണു്. അൻപതുമിനിറ്റു പഠിച്ചിട്ടു് പത്തുമിനിറ്റു വിശ്രമിക്കുക.

malankaralibrary.com

പുനഃപഠനം

ഒരുഭാഗം പഠിച്ചുകഴിഞ്ഞു എന്നു ബോധ്യംവന്നതിനുശേഷവും ആ പാഠഭാഗം ഒരാവൃത്തികൂടി വായിക്കുക. പഠിച്ചതു കൂടുതൽ പ്രാവശ്യം ആവർത്തിക്കുമ്പോൾ അതു് മനസ്സിൽ ഗാഢമായി പതിയും. പഠിച്ചകാര്യങ്ങൾ സ്വയംപറയുന്നതും മറ്റുള്ളവർക്കു് വിവരിച്ചുകൊടുക്കുന്നതും ഓർമ്മയെ സഹായിക്കുവാൻ പര്യാപ്തമാണു്.

കുട്ടികളുടെ പഠനം ഒച്ചപ്പെടുത്തുന്നതിനു് രക്ഷിതാക്കൾ എന്തു ചെയ്യണം?

സ്വന്തംകുട്ടികളെ പഠനത്തിൽ പിന്നോക്കംപോകുന്നതു് ഒരു രക്ഷിതാവും സഹിക്കില്ല. എന്നാൽ എന്തുകൊണ്ടാണു് കുട്ടികൾ പഠനകാര്യത്തിൽ വിമുഖതകാട്ടുന്നതെന്നു് ആഴത്തിൽ അന്വേഷിക്കാനും ആരും മെനക്കെടാറില്ല. പകരം വിധിയെ പഴിച്ചും കുട്ടികളെ ശകാരിച്ചും മനംമടുത്തും അവർ മുമ്പോട്ടു പോകുന്നു.

പഠിക്കാനും ജയിക്കാനും സാമാന്യബുദ്ധി ആവശ്യമാണു്. എന്നാൽ പരീക്ഷകളിലെ വിജയത്തിനടിസ്ഥാനം ബുദ്ധിപരമായ ഘടകം മാത്രമല്ല എന്നു് മാതാപിതാക്കൾ അറിഞ്ഞിരിക്കണം. വ്യക്തിത്വത്തിലെ പല ഘടകങ്ങളും ബുദ്ധിയുടെ വളർച്ചയ്ക്കും വികാസത്തിനും പരീക്ഷാവിജയത്തിനും അത്യന്താപേക്ഷിതമാണു്. ഇവയിൽ പ്രധാനപ്പെട്ടവ, പൊരുത്തപ്പെടാനുള്ള കഴിവു്, സ്വയംബോധം, നേട്ടങ്ങൾ കൈവരിക്കാനുള്ള ആഗ്രഹം, അക്കാദമികപ്രവൃത്തികളോടുള്ള അനുകൂലമനോഭാവം എന്നിവയാണു്. ബുദ്ധിശക്തിയുടെ പരിമിതികളും ആരോഗ്യസംബന്ധമായ വൈകല്യങ്ങളും ഇല്ലാത്ത കുട്ടികൾപഠനത്തിൽ പിന്തള്ളപ്പോവുകയോ പെരുമാറ്റവൈകൃതങ്ങൾ പ്രദർശിപ്പിക്കുകയോ ചെയ്താൽ മാതാപിതാക്കൾ അതിനെ ഗൗരവപൂർവ്വം കാണുകയും തങ്ങളുടെ നിലപാടുകൾ പരിശോധിക്കയും വേണം.

മേൽവിവരിച്ച അഞ്ചുവ്യക്തിത്വഘടകങ്ങളുടെ വികാസത്തിനനുയോജ്യമായ ചുറ്റുപാടുകൾ ചെറുപ്പംമുതലേ കുട്ടികൾ

malankaralibrary.com

ക്കു് കൊടുക്കാൻ ശ്രമിക്കണം. കുട്ടിയെ ഏകനായി വളർത്താതെ, സാമൂഹികമായ ചുറ്റുപാടുകളിൽ വളർന്നുവരാൻ അനുവദിക്കുകയും മറ്റുള്ളവരോടു പരിഗണനകാട്ടാൻ അവനെ പരിശീലിപ്പിക്കുകയുംവേണം. മിക്ക മാതാപിതാക്കളും പ്രശസ്തമായ സ്കൂളുകളിൽ തങ്ങളുടെ കുഞ്ഞുങ്ങളെ ചേർക്കാൻ വെമ്പൽകൊള്ളാറുണ്ടു്. പക്ഷേ, അവിടത്തെ സാഹചര്യങ്ങളും പഠനരീതികളുമായി പൊരുത്തപ്പെടാനുള്ള കഴിവു് കുട്ടിക്കുണ്ടോ എന്നകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

പൊരുത്തപ്പെടലും ആത്മവിശ്വാസവും ഒത്തുചേർന്നു പോകുന്നു. മതിപ്പാർന്ന സ്വയംബോധം കുട്ടിയിലുണ്ടാക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. കുട്ടി വളരുന്നതനുസരിച്ചു് ചില ചെറിയ പ്രവൃത്തികളെങ്കിലും സ്വയം ചെയ്യാൻ അവനെ അനുവദിക്കുക, പ്രവൃത്തി ശരിയായിച്ചെയ്തതാൽ അതിനു് അഭിനന്ദിക്കുക, അറിയാതെ വരുന്ന തെറ്റുകൾക്കു് കുറ്റപ്പെടുത്തലോ ശിക്ഷയോ നൽകാതിരിക്കുക, തുടങ്ങിയവ ആത്മവിശ്വാസം വളർത്താൻ പര്യാപ്തമാണു്.

നേട്ടങ്ങളും കൈവരിക്കണമെന്ന ആഗ്രഹവും അക്കാദമിക വിജയത്തിന്റെ കാര്യത്തിൽ ഏറെ സ്വാധീനിക്കുന്ന ഘടകമാണു്. പഠിക്കണമെന്നും ജയിക്കണമെന്നും പറഞ്ഞു് കുട്ടിയെ എപ്പോഴും ശല്യപ്പെടുത്തിയാൽ എതിർഫലമാണുണ്ടാവുക. വിജയിക്കേണ്ടതു് ആവശ്യമാണെന്നു് അവനു് സ്വയംതോന്നിക്കുന്ന പദ്ധതികളാണു് മാതാപിതാക്കൾ സ്വീകരിക്കേണ്ടതു്. സ്വയം പ്രചോദനമുള്ള കുട്ടി താനേ പഠിച്ചുകൊള്ളും. അതിനാൽ പഠനം അടിച്ചേല്പിക്കുന്നതിനുപകരം അതിന്റെ ആവശ്യം കുട്ടിക്കു് സ്വയം ബോദ്ധ്യപ്പെടാനുള്ള സാഹചര്യങ്ങളുണ്ടാക്കിക്കൊടുക്കുകയാണു് വേണ്ടതു്. പഠിക്കാനുള്ള സ്വയംപ്രചോദനത്തിന്റെ അളവുതന്നെയാണു് സ്കൂൾവിഷയങ്ങളോടുള്ള മനോഭാവത്തിന്റെ മാറ്റനിശ്ചയിക്കുന്നതും. അക്കാദമികപ്രവൃത്തികളിൽ കുട്ടികൾക്കു് ജിജ്ഞാസയും രസവും വളർത്തിയെടുക്കാനുള്ള പോംവഴികളും മാതാപിതാക്കൾ കണ്ടെത്തിക്കേണ്ടിയിരിക്കുന്നു.

വൈകാരികപ്രശ്നങ്ങൾ കുട്ടികളിൽപൊതുവായ ആശങ്ക വളർത്തുകയും അതു് പഠനത്തെ ദോഷമായി ബാധിക്കുകയും

malankaralibrary.com

ചെയ്യും. മാർക്കുകളെക്കുറിച്ചും മത്സരപ്പരീക്ഷകളെക്കുറിച്ചും മനസ്സിലുണരുന്ന ഉത്കണ്ഠ മേന്മയേറിയ വിജയം കരസ്ഥമാക്കാനുള്ള അവരുടെ പ്രകടനപരമായ കഴിവിനെ പലപ്പോഴും പ്രതികൂലമായി ബാധിക്കും. പഠിത്തത്തെക്കുറിച്ചുള്ള ഉത്കണ്ഠയും മാർക്കുകുറഞ്ഞാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളും അയവിറക്കുന്ന വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് ആത്മവിശ്വാസമുണ്ടാവുക? പരീക്ഷാഭീതി പലപ്പോഴും പരാജയഭീതിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. കുട്ടിയുടെ കഴിവിനതീതമായ പ്രതീക്ഷകൾ വച്ചുപുലർത്തുന്ന മാതാപിതാക്കൾ ആ പ്രതീക്ഷയ്ക്കൊത്തുയരാൻ അവനെ നിർബ്ബന്ധിച്ചെന്നുവരും. പക്ഷേ, അവന്റെ കഴിവുകളുടെ പരിമിതി അതിനു തടസ്സംനിലയ്ക്കുന്നു. അങ്ങനെ ആശങ്കാരോഗിതനാകുന്ന കുട്ടി പുസ്തകങ്ങളുടെ മുമ്പിൽ തപസ്സിരുന്നിട്ട് വിശേഷവുമില്ല. ഈ അമിതമായ ആശങ്കയിൽനിന്ന് രക്ഷനേടുന്നതിലേക്ക് പരീക്ഷയിൽ നിന്നൊഴിഞ്ഞുമാറാൻ പല ദേഹാസ്വാസ്ഥ്യങ്ങളും അവനുണ്ടായെന്നുവരും.

കുട്ടിയുടെ കഴിവുകളും കഴിവുകേടുകളും ശരിയായ വിധത്തിൽ അവനു മനസ്സിലാക്കിക്കൊടുത്ത് കഴിവുകൾക്കിണങ്ങിയ നിലവാരം പുലർത്താൻ പ്രോത്സാഹിപ്പിക്കുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. അനാവശ്യമായ ആശങ്കകൾ കുട്ടിയുടെ മനസ്സിൽ വളരാതിരിക്കാനും വൈകാരികമായ സുരക്ഷിതത്വം അവനു് അനുഭവപ്പെടാനും ഇടയാക്കുകയുംവേണം.

വീട്ടിൽ നടക്കുന്ന വഴക്കുകൾ, മാതാപിതാക്കളുടെ മദ്യപാനം, കുടുംബത്തിലുണ്ടാകുന്ന അസുഖങ്ങൾ അഥവാ മരണങ്ങൾ, താൻ സ്കൂളിലിരിക്കുമ്പോൾ മാതാപിതാക്കളുടെ ലാളന മറ്റു സഹോദരങ്ങൾ കവർന്നെടുക്കുമോ എന്ന അസൂയ, ടീച്ചറുടെ ശകാരവർഷങ്ങൾ, തുടങ്ങിയവ കുട്ടിയുടെ പഠനത്തിൽ ഇടിവുണ്ടാക്കാൻ വഴിയൊരുക്കും എന്നു് മാതാപിതാക്കൾ അറിഞ്ഞിരിക്കണം.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ ഇരുവരും ശ്രദ്ധിക്കണം. പഠിക്കാനനുകൂലമായ സാഹചര്യവും സൗകര്യവും അവർക്കു നൽകേണ്ടതു് അച്ഛനമ്മമാരുടെ ചുമതലയാ

malankaralibrary.com

ണു്. കുട്ടികളുടെ ഉന്നതവിജയം സ്വന്തം അഭിമാനത്തിന്റെയും മഹത്ത്വത്തിന്റെയും പ്രശ്നമാക്കിമാറുമ്പോൾ കുട്ടിയുടെ സ്വൈരതയും പ്രസന്നതയും വാർന്നുപോകാനിടയുണ്ടു്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വെറും അറിവുനേടലും ജോലിലഭ്യമാക്കലും മാത്രമല്ലെന്നും വ്യക്തിത്വത്തിന്റെ പരിപൂർണ്ണമായ വികാസമാണെന്നും മാതാപിതാക്കൾ മനസ്സിലാക്കണം. ആ മനോഭാവത്തോടെ കുട്ടികളെ സമീപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിച്ചാൽ കുട്ടികളിൽ അതു നിർണ്ണായകസ്വാധീനം ചെലുത്തുമെന്നു ന്യായമായും പ്രതീക്ഷിക്കാം. ○

malankaralibrary.com

4

കുട്ടികളുടെ അഭിരുചിയും തൊഴിലും

വ്യക്തിയുടെ കഴിവുകളും അഭിരുചിയും ശൈശവത്തിലേ പ്രകടമാകാറുണ്ട്. ഈ കാര്യത്തെക്കുറിച്ച് മാതാപിതാക്കൾക്ക് ശരിയായ ഒരു ധാരണ ഉണ്ടാകുന്നതു് കുട്ടികളെ ഭാവി ജീവിതത്തിനുള്ള തയ്യാറെടുപ്പിൽ സഹായിക്കുന്നതിനു് ഉപകരിക്കും. കുട്ടികളുടെ കഴിവുകൾ നിർണ്ണയിക്കാൻ വിദ്യാലയങ്ങളിലെ പരീക്ഷകൾ ഉപകരിച്ചേക്കാം. ഇത്തരം പരീക്ഷകൾ വിവിധതരത്തിലുള്ള കുട്ടികൾക്കുവേണ്ടി പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നവയായതുകൊണ്ട് പല്ലുകഴിവുകളും നിർണ്ണയിക്കുന്നതിനു് സഹായകമാവില്ല. വിദ്യാഭ്യാസസമ്പ്രദായം ആവിഷ്കരിക്കുന്ന, 'സമർത്ഥരെ' കണ്ടെത്താനുള്ള പരീക്ഷകളിൽ പല പ്രതിഭകളേയും കണ്ടെത്താൻ കഴിയാതെ പോകുന്നു. ഇത്തരം കുട്ടികൾ സാധാരണക്കാരിൽനിന്നു ഭിന്നരായതുകൊണ്ട് അവരെ അദ്ധ്യാപകരോ സഹപാഠികളോ പ്രശ്നക്കാരായി കരുതിയേക്കാം. പ്രത്യേകവൈവേമുള്ള കുട്ടികളെ കണ്ടുപിടിക്കുന്നതിനും അവർക്ക് സാധാരണവിദ്യാഭ്യാസത്തോടൊപ്പം, വിശേഷാൽപരിശീലനം കൊടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായാൽ കുട്ടികളുടെ പ്രതിഭ കണ്ടെത്തി വികസിപ്പിക്കാൻ കഴിയും.

malankaralibrary.com

സിപ്പിക്കാൻ കഴിയും. ഇത്തരത്തിലുള്ള വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച കുട്ടികൾക്ക് തങ്ങളുടെ അഭിരുചിക്കനുസരണമായ തൊഴിൽ കണ്ടെത്തുന്നതിനും ജീവിതം സഫലമാക്കുന്നതിനും സാധിക്കും. മനഃശാസ്ത്രജ്ഞന്മാർ വ്യക്തികളുടെ പ്രായത്തിനു് അനുസൃതമായി കഴിവുകളും, ബുദ്ധിശക്തിയും, ഓർമ്മശക്തിയും, അഭിരുചിയും നിർണ്ണയിക്കുന്നതിനുവേണ്ട പ്രത്യേക പരീക്ഷാപദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്.

അഭിരുചി മനസ്സിലാക്കുക

2 മുതൽ 20 വയസ്സുവരെയുള്ളവരുടെ അഭിരുചികളും മനസ്സിലാക്കുന്നതിനും, അതനുസരിച്ചുള്ള വിദ്യാഭ്യാസപദ്ധതി തെരഞ്ഞെടുക്കുന്നതിനും, ഈ പരീക്ഷാപദ്ധതിയുടെ സഹായത്തോടെ മാതാപിതാക്കൾക്കു സാധിക്കും. അഭിരുചി മനസ്സിലാക്കിയതുകൊണ്ടുമാത്രം ഒരു പ്രത്യേക തൊഴിലിൽ വ്യക്തി വിജയിക്കണമെന്നില്ല, മാത്രമല്ല, ഒരു പ്രായത്തിൽ ചില കാര്യങ്ങളിലുള്ള അഭിരുചി ചില വർഷങ്ങൾക്കുശേഷം മാറിയെന്നും വരാം. അഭിരുചിമനസ്സിലാക്കൽപരീക്ഷകളും നടത്തുന്നതോടൊപ്പം മനഃശാസ്ത്രവിദഗ്ധർ വേറെ സംഗതങ്ങളായ പല വിവരങ്ങൾകൂടി കണക്കിലെടുത്തു് ഉചിതമായ തൊഴിൽ ഏതായിരിക്കും എന്നു് അഭിപ്രായപ്പെടും. ഇവിടെ ഒന്നിലധികം തൊഴിലുകളിൽനിന്നു് കൂടുതൽ താത്പര്യമുള്ളതു് തെരഞ്ഞെടുക്കുവാനുള്ള സൗകര്യവും ലഭിക്കും.

മാറിവരുന്ന അഭിരുചി

കുട്ടികളുടെ അഭിരുചിയിലും കഴിവിലും പ്രായഭേദമനുസരിച്ചു മാറ്റം ഉണ്ടാകാവുന്നതാണു്. വളരെ ചെറുപ്രായത്തിൽ കാണിക്കുന്ന വൈഭവം ചിലർ പ്രായംകൂടുന്നതനുസരിച്ചു് കാണിച്ചെന്നുവരില്ല. വേറെചിലർ ചെറുപ്രായത്തിൽ താരതമ്യേന സാധാരണക്കാരാണെങ്കിലും പ്രായം കൂടുമ്പോൾ അസാധാരണകഴിവുകളുള്ള പ്രതിഭകളായി വളർന്നു എന്നും വരാം. അതുകൊണ്ടു് കുട്ടികളുടെ പ്രായത്തിന്റെ വിവിധഘട്ടങ്ങളിൽ ഇമ്മാതിരി പരീക്ഷകളിലൂടെ അഭിരുചി മനസ്സിലാക്കേണ്ടതും അതനുസരിച്ചു് പഠനപദ്ധതികളും തിരഞ്ഞെടുക്കേയും ക്രമീക

malankaralibrary.com

രിക്കുകയും ചെയ്യേണ്ടതുമാണ്. ആതുരശുശ്രൂഷയിൽ അഭിരുചിയില്ലാത്തവർ ഡോക്ടർമാരും നേഴ്സുമാരും ആകുന്നതും, വാക്ചാതുര്യവും ബുദ്ധിശക്തിയും കുറവുള്ള ആളുകൾ അദ്ധ്യാപകരാകുന്നതും, വാസ്തുശില്പകലയിൽ താത്പര്യമില്ലാത്തവർ നഗരാസൂത്രകരാകുന്നതും, മറ്റും ഉദാഹരണങ്ങൾ. ഇവർ പുറമേ സന്തുഷ്ടരായി കാണപ്പെടുന്നുണ്ടെങ്കിൽപ്പോലും അവർക്ക് ജോലിയിൽ നിന്നുള്ള സംതൃപ്തി കിട്ടുന്നുണ്ടാവില്ല. അവർക്ക് സമൂഹത്തോടും സ്വന്തം തൊഴിലിനോടും നീതിപുലർത്താൻ പറ്റില്ല. എന്നാൽ അഭിരുചിക്കനുസൃതമായ തൊഴിൽ കണ്ടെത്താൻ കഴിഞ്ഞാൽ തങ്ങളോടും സമൂഹത്തോടും ഉള്ള ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിക്കുന്നതിനും ജീവിതം സംതൃപ്തവും സന്തോഷപൂർണ്ണവുമാക്കുന്നതിനും സാധിക്കും.

കഴിവുകൾ എങ്ങനെ ലഭിക്കുന്നു?

ജന്മനാ ലഭിക്കുന്ന കഴിവുകൾ ഉണ്ട്. വളർന്നുവരുന്ന സാമൂഹ്യസാമ്പത്തികപശ്ചാത്തലത്തിൽനിന്നും ലഭിക്കുന്നവയുമുണ്ട്. ചിലതു വിദ്യാലയപരിശീലനംകൊണ്ടോ മാതാപിതാക്കളുടെ സാമീപ്യംകൊണ്ടോ ലഭിക്കും. കുട്ടികൾക്ക് ജന്മനാ ലഭിക്കുന്ന ചില സ്വഭാവസവിശേഷതകൾ മാതാപിതാക്കൾമാക്ക് ശ്രദ്ധിക്കാവുന്നതാണ്. ചില കാര്യങ്ങളിൽ ആൺകുട്ടികളിലും പെൺകുട്ടികളിലും പ്രകടമായ അന്തരം ഉണ്ടാകാം. എന്നാൽ പൊതുവേ കഴിവുകളുടെ കാര്യത്തിൽ പെരുപ്രായത്തിൽ ലിംഗഭേദം കാര്യമായ വ്യത്യാസം കാണിക്കാറില്ല. സംഘാടകസാമർത്ഥ്യം, കഠിനാധ്വാനസന്നദ്ധത, മാതാപിതാക്കളേയും അന്യരേയും സഹായിക്കുന്നതിനുള്ള മനോഭാവം, വാക്കുകൾ സമർത്ഥമായി ഉപയോഗിക്കാനുള്ള കഴിവ്, കൃത്യനിഷ്ഠ, നേതൃത്വം ഏറെറടുക്കാനുള്ള താത്പര്യം, കൂശാഗ്രബുദ്ധി, സൂക്ഷ്മഗ്രഹണസാമർത്ഥ്യം, ഓർമ്മശക്തി, ഗണിതശാസ്ത്രവിഷയങ്ങളിലുള്ള അഭിരുചി, നീതിബോധം, ക്ഷമാശീലം, ആലോചനാശീലം, ഏകാഗ്രത, വൈകാരികസന്തുലിതത്വം, വായനാശീലം, ശാരീരികശക്തി തുടങ്ങിയവ ശ്രദ്ധിക്കപ്പെടേണ്ട സ്വഭാവവിശേഷങ്ങളാണ്.

കുട്ടികളുടെ കലാപരമായ കഴിവുകളും ശൈശവത്തിലേതന്നെ അറിയുന്നതുവഴി, ശരിയായ പരിശീലനത്തിലൂടെ അ

malankaralibrary.com

വയെ പരിപോഷിപ്പിക്കാൻ കഴിയും. ഉദാഹരണം: സംഗീതം, ചിത്രരചന, അഭിനയം തുടങ്ങിയവ.

അഭിരുചികളിൽ അന്തരം

ആൺകുട്ടികളും വീടിനുപുറത്തുള്ള ജോലികളിൽ കൂടുതൽ താത്പര്യം പ്രകടിപ്പിക്കുമ്പോൾ പെൺകുട്ടികൾക്ക് പാചകം, ഗൃഹസജ്ജീകരണം തുടങ്ങിയ കാര്യങ്ങളിലായിരിക്കും പൊതുവേ താത്പര്യം. ഇത് നമ്മുടെ സാമൂഹ്യപശ്ചാത്തലത്തിന്റെ ഒരു തുടർച്ചയെന്നു വേണമെങ്കിൽ പറയാം. കുട്ടികളുടെ പല ശീലങ്ങളും, മാതാപിതാക്കന്മാരിൽനിന്നും പഠിച്ചിട്ടുള്ളതാകാം. അതു് പ്രത്യേക അഭിരുചിയായി തെറ്റിദ്ധരിക്കരുതു്. ഉദാഹരണം: റേ. വി. കാണുക, റേഡിയോ കേൾക്കുക, കഠിനപ്രയത്നത്തിനുള്ള മനസ്സു്, ഏകാഗ്രത, സൗഹൃദബന്ധങ്ങൾ തുടങ്ങിയവ. എന്നാൽ ഇവയിൽ ചിലതിനോടു കൂടി വിശേഷാൽ പ്രതിപത്തി പ്രകടിപ്പിക്കുന്നുവെങ്കിൽ അതൊരു വിശേഷാഭിരുചിയായി കണക്കാക്കാം. ഉദാഹരണമായി വൈദ്യുതസാമഗ്രികൾ കൈകാര്യംചെയ്യുന്നതിനുള്ള താത്പര്യം, അതിൽ നൈസർഗ്ഗികമായി പ്രദർശിപ്പിക്കുന്ന കഴിവു്, പുതിയ കാര്യങ്ങൾ മനസ്സിലാക്കാനും വിശദീകരിക്കാനുമുള്ള ആവേശം, വാണിജ്യവ്യവസായസംരംഭങ്ങളിലുള്ള താത്പര്യം, കായികാഭ്യാസത്തിലുള്ള താത്പര്യം തുടങ്ങിയവ – ഇങ്ങിനെ സാധാരണ 'ശരാശരി'ക്കാരിൽനിന്നും വിഭിന്നതാത്പര്യമുള്ള പ്രതിഭകളെ മനസ്സിലാക്കി അവക്കു് പ്രത്യേകമായ പരിശീലനം നൽകുന്നതു് അവരുടേയും സമൂഹത്തിന്റേയും നന്മയ്ക്കുപകരിക്കും.

പ്രത്യേകതകൾ കണ്ടെത്തുക

'ശരാശരി'കുട്ടികളിലും ചില പ്രത്യേക സ്വഭാവഗുണങ്ങളും മുന്നിട്ടുനിൽക്കുന്നുണ്ടാവും. അതു മനസ്സിലാക്കിയാൽ അഭിരുചിക്കിണങ്ങുന്ന തൊഴിലിലേക്കു് അവരെ നയിക്കാൻ കഴിയും. ഇന്ന സ്വഭാവക്കാർക്കു് ഇന്ന തൊഴിലെന്നു് കൃത്യമായി പറയാൻ സാധിക്കുകയില്ലെങ്കിലും, ചില പ്രത്യേക തൊഴിലുകൾക്കു് അവശ്യംവേണ്ട ചില സ്വഭാവവിശേഷങ്ങൾ ഉണ്ടല്ലോ. ഉദാഹരണത്തിനു് എക്സിക്യൂട്ടീവ്, പോലീസ്, പ്രതിരോധ ഓഫിസർ എന്നിവക്കുള്ള നേതൃത്വസ്വഭാവം; അദ്ധ്യാപകർ, നിയമജ്ഞർ, രാഷ്ട്രീയനേതാവു് തുടങ്ങിയവക്കു വേണ്ട വാക്ചാതുര്യം; എൻജിനിയർ, ടെക്നീഷ്യൻ തുടങ്ങിയവർ

malankaralibrary.com

ക്കുവേണ്ട യന്ത്രങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള കഴിവും; വ്യാപാരിക്ക് ലാഭം ഉണ്ടാക്കുന്നതിനുള്ള താത്പര്യം.

പ്രതിഭകളെ കണ്ടെത്തുന്നതുപോലെ തന്നെ പ്രധാനമാണ് ശരാശരിയിലും താഴെയുള്ള വിഭാഗത്തെ കണ്ടുപിടിക്കുന്നതും പരിശീലിപ്പിക്കുന്നതും. കുറഞ്ഞ ശേഷിമാത്രമുള്ളവർ, സാമൂഹ്യബോധമില്ലാത്തവർ, അലസന്മാർ, ആശയവിനിമയത്തിനു ബുദ്ധിമുട്ടുള്ളവർ എന്നിങ്ങനെ കഴിവുകളിൽ പിന്നോക്കം നിൽക്കുന്നവരെ മുൻകൂട്ടി കണ്ടെത്താൻ കഴിഞ്ഞാൽ പ്രത്യേക പരിശീലനപദ്ധതികളുടെ സഹായത്തോടെ ആ കുട്ടികളെയും ഉത്തരവാദിത്വമുള്ള പൗരന്മാരായി വളർത്തിയെടുക്കുന്നതിനും അനുയോജ്യമായ കർമ്മരംഗങ്ങളിലേക്ക് നയിക്കുന്നതിനും സാധിക്കും. ○

malankaralibrary.com

5

കുറ്റവാസന-കുട്ടികളിൽ

മനുഷ്യർ ജന്മനാതന്നെ കുറ്റവാളികളാവുന്നു എന്നൊരു ചിന്താഗതി ഈയടുത്ത കാലംവരെ നിലനിന്നിരുന്നു. പാരമ്പര്യശാസ്ത്രത്തിന്റെ സഹായത്തോടെ, കുപ്രസിദ്ധരായ ചില കുറ്റവാളികളുടെ കുടുംബചരിത്രം പഠിച്ച് കുറ്റവാസന കുട്ടികളിൽ ജന്മനാ ഉദയംകൊള്ളുന്നുവെന്ന് തെളിയിക്കാൻ ചില ശാസ്ത്രജ്ഞന്മാർ കഴിഞ്ഞ നൂറ്റാണ്ടിൽ ശ്രമിക്കുകയുണ്ടായി. ചില പാരമ്പര്യസവിശേഷതകളും തലമുറകളിൽ ആവർത്തിക്കപ്പെടുന്നതുപോലെ, കുറ്റവാളികളുടെ കുറ്റവാസനയുള്ളവർക്കും ജനിക്കുന്ന കുഞ്ഞുങ്ങളും കുറ്റവാളികളായിമാറുന്നുവെന്നും ഇതിനെക്കുറിച്ച് പഠനംനടത്തിയ ചില പാരമ്പര്യശാസ്ത്രകാരന്മാർ വാദിച്ചു. ഇതേത്തുടർന്ന് വിവിധതരം ഇരട്ടക്കുട്ടികളിൽ നടത്തിയ പഠനങ്ങളും മേൽപ്പറഞ്ഞ ചിന്താഗതിക്ക് ആക്കംകൂട്ടി. പാശ്ചാത്യരാജ്യങ്ങളിൽ നടത്തിയ ഇത്തരം പഠനങ്ങളിൽനിന്ന് ഇരട്ടക്കുട്ടികളിൽ ഒരെണ്ണം കുറ്റം ചെയ്തപ്പോൾ രണ്ടാമനും കുറ്റം ചെയ്യുന്നുവെന്ന് തെളിയിക്കാൻ സാധിച്ചു. എന്നാൽ സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, മനോപഗ്രഥനശാസ്ത്രം, കുറ്റശാസ്ത്രം, നരവംശശാസ്ത്രം ഇത്യാദി വിജ്ഞാനശാഖകളുടെ സഹായത്തോടെ നടന്ന ഗവേഷണങ്ങളിലൂടെ കുറ്റവാസന ജന്മനാ സിദ്ധിക്കുന്നതല്ലെന്ന് സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

malankaralibrary.com

കുറവാസന എന്നാൽ എന്തു്?

നിലവിലുള്ള ഏതെങ്കിലും നിയമത്തിനു് എതിരായി ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ ആണു് കുറ്റം എന്നുപറയുന്നതു്. സാമൂഹ്യനിയമങ്ങളുടെ ലംഘനത്തെ സാമൂഹ്യവിരുദ്ധപ്രവൃത്തിയായി നാം കാണുന്നു. ധാർമ്മികനിയമത്തിനു് എതിരായി വർത്തിക്കുമ്പോഴും അധാർമ്മികത മുളയെടുക്കുന്നു. മതത്തിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കാതിരിക്കുമ്പോഴും നാം പാപംചെയ്യുന്നു. രാജ്യത്തിന്റെ നിയമങ്ങളും പാലിക്കാതിരിക്കുന്നവർ ശിക്ഷാർഹമായ പ്രവൃത്തി ചെയ്യുന്നു. അങ്ങനെ കുറ്റകരമായ ഒരു പ്രവൃത്തിക്കു് വിവിധ വശങ്ങളും വ്യാപ്തിയുമുണ്ടു്. അക്കാരണത്താൽത്തന്നെ സാമൂഹ്യവിരുദ്ധപ്രവൃത്തിചെയ്യാനും പാപംചെയ്യാനും അധാർമ്മികപ്രക്രിയകളിൽ ഇടപെടാനും ശിക്ഷാർഹമായ കുറ്റങ്ങളും ചെയ്യാനുമുള്ള പ്രവണതയെയാണു കുറവാസന എന്നതുകൊണ്ടു് നാം അർത്ഥമാക്കുന്നതു്. ഈ കുറവാസന അഥവാ കുറ്റം ചെയ്യാനുള്ള പ്രവണത എങ്ങനെ കുഞ്ഞുങ്ങളിൽ വളരുന്നു എന്നു് ചിന്തിക്കുന്നതു് സംഗതംതന്നെ.

കുറവാസന വളരുന്നതെങ്ങനെ?

തെറ്റേതു്, ശരിയേതു്–ഇവയെക്കുറിച്ചുള്ള ചില ധാരണകളും തെറ്റിദ്ധാരണകളും പ്രായപൂർത്തിയിലെത്തിയ ഓരോ മനുഷ്യനിലും ഉണ്ടു്. കള്ളം പറയുക, മോഷ്ടിക്കുക, കൊലപാതകം ചെയ്യുക– ഇത്യാദിപ്രവൃത്തികളും തിന്മയാണെന്നു് മനുഷ്യാരംഭം മുതൽ എല്ലാ സമൂഹവും അംഗീകരിച്ചിരുന്നു. ധർമ്മം ചെയ്യുക, സത്യം പറയുക, പ്രായമായവരെ ബഹുമാനിക്കുക തുടങ്ങിയ നല്ല പ്രവൃത്തികളും എക്കാലവും നല്ലതായിത്തന്നെ സമൂഹം അംഗീകരിച്ചിട്ടുമുണ്ടു്. ഒരു കുഞ്ഞു ജനിക്കുമ്പോഴും ഇത്തരത്തിലുള്ള ചീത്തയും നല്ലതുമായ പ്രവൃത്തികളെക്കുറിച്ചു് യാതൊരു വിവരവും ഇല്ല. ഒന്നും ലിഖിതമല്ലാത്ത ഒരു ശുദ്ധ മനസ്സുമായാണു് ഓരോ കുഞ്ഞും ജന്മമെടുക്കുന്നതു്. ഈ മനസ്സു് എന്തും സ്വീകരിക്കാൻ തയ്യാറുമാണു്. ജനിച്ചുവീഴുന്ന കുഞ്ഞിനു് കുടുംബമാണു് ആദ്യത്തെ വിദ്യാലയം; അമ്മ ആദ്യത്തെ അദ്ധ്യാപികയും.


malankaralibrary.com

ഓരോ കുഞ്ഞിനേയും സമൂഹവൽക്കരിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം ഓരോ കുടുംബത്തിനുമുണ്ട്. സാമൂഹികജീവിയായി വളരേണ്ട ഓരോ കുഞ്ഞിനും സമൂഹത്തിലെ നല്ലതും ചീത്തയുമായ കാര്യങ്ങളും പറഞ്ഞുമനസ്സിലാക്കിക്കൊടുത്തു് അവയെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സഹായിക്കുന്ന പ്രക്രിയയാണല്ലോ സാമൂഹ്യവൽക്കരണം എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. തന്മൂലം കുഞ്ഞുങ്ങളിൽ കുറവാസന നാമ്പെടുക്കാതിരിക്കാനായി തെറ്റും ശരിയും എന്തെന്നു് ശരിക്കു് പറഞ്ഞുകൊടുത്തു് അവരെ സന്മാർഗ്ഗചിന്തയും മൂല്യബോധവുമുള്ളവരാക്കിവളർത്തേണ്ട ചുമതല മാതാപിതാക്കളിൽ നിക്ഷിപ്തമാണു്. സാഹചര്യങ്ങളും നല്ലൊരളവുവരെ വ്യക്തിത്വവികസനത്തിനും ശോഷണത്തിനും സഹായിക്കുന്നുവെന്നാണു് പല പഠനങ്ങളും തെളിയിക്കുന്നതു്. ഒരു കുഞ്ഞിന്റെ ശാരീരികാവയവങ്ങളും വളരണമെങ്കിൽ അതിനനുകൂലമായ സാഹചര്യങ്ങളും സൃഷ്ടിക്കണം എന്നതു് തർക്കമറ്റ സംഗതിയാണു്. കാഴ്ചശക്തിയുള്ള നേത്രങ്ങളോടെ ജനിക്കുന്ന ഒരു കുഞ്ഞിനെ കുറേക്കാലം ഇരുട്ടറയിൽ അടച്ചിട്ടാൽ, വെളിച്ചം കാണാനും തിരിച്ചറിയാനുമുള്ള അവന്റെ കഴിവു് ക്രമേണ കുറഞ്ഞുവരും. ഇൻഡ്യൻവനാന്തരങ്ങളിൽ കുനരികളുടെ ഇടയിൽനിന്നു കണ്ടെടുത്ത കമല, അമല എന്നീ രണ്ടു് പെൺകുട്ടികൾക്കു് സംസാരശേഷിയേ ഇല്ലായിരുന്നു. അവർക്കു് രണ്ടു കാലുകളിൽ നടക്കാൻ കഴിവില്ലായിരുന്നു. പാകംപെയ്ത ഭക്ഷണവസ്തുക്കളും അവർ വെറുത്തു. സർവ്വോപരി തെറ്റും ശരിയും തിരിച്ചറിയുന്നതിനുള്ള വിവേചനശക്തി അവർക്കു് ഉണ്ടായിരുന്നില്ല. ജന്മസിദ്ധമായി ഇവക്കുണ്ടായിരുന്ന കഴിവുകളും വേണ്ടത്ര അനുകൂലസാഹചര്യം ലഭ്യമല്ലാതിരുന്നതിനാൽ നഷ്ടപ്പെട്ടിരുന്നുവെന്നാണു് ഇവരിൽ നടത്തിയ നിരീക്ഷണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞതു്. സമൂഹവൽക്കരണത്തിനു് അനുകൂലമായ സാഹചര്യമല്ല കുനരികളുടെയിടയിൽ ഇവർക്കു് കിട്ടിയിരുന്നതു്. അക്കാരണത്താൽത്തന്നെ അവർ മനുഷ്യക്കുട്ടികളായിരുന്നുവെങ്കിലും മനുഷ്യക്കുട്ടികൾക്കുണ്ടാവേണ്ട ഗുണങ്ങളും ഇവരിൽ വികാസം പ്രാപിച്ചിരുന്നില്ല.

malankaralibrary.com

പാരമ്പര്യവും സാഹചര്യങ്ങളും

ജന്മനാ ഉള്ള ശാരീരികാവയവങ്ങളും അനുകൂലസാഹചര്യങ്ങളിൽ ശരിയായി വളരുന്നതുപോലെതന്നെ, ജന്മനാ സിദ്ധിക്കുന്ന മാനസികകഴിവുകളും അനുകൂലസാഹചര്യങ്ങളിൽ ശരിക്കു വളരുന്നുവെന്നാണു് മനസ്സിലാക്കാൻ കഴിയുന്നതു്. അനുസരണം, വിധേയത്വം, സ്നേഹം, ദൈവവിചാരം, ആത്മാർത്ഥത, സത്യസന്ധത ഇത്യാദി നല്ല ഗുണങ്ങളും വളർത്താൻ ഉതകുന്ന വിധത്തിലാണു് ഓരോ കുഞ്ഞും ജന്മമെടുക്കുന്നതു്. എന്നാൽ അവ ശരിയായി വളരണമെങ്കിൽ അതിനുള്ള സാഹചര്യങ്ങളും ഉണ്ടാകണം–ഉണ്ടാക്കണം. ദൈവവിശ്വാസിനിയായൊരു മാതാവിനുമാത്രമേ ദൈവവിശ്വാസമുള്ള കുഞ്ഞിനെ വാർത്തെടുക്കാനാവൂ. കുഞ്ഞാണെങ്കിലും പലതും കാണുകയും കേൾക്കുകയും ചെയ്യുന്നു. കണ്ടതും കേട്ടതുമായ കാര്യങ്ങളും അവൻ അറിഞ്ഞും അറിയാതെയും സ്വന്തം വ്യക്തിത്വത്തിലേക്കു പകർത്തുന്നു. തുടർന്നു് ജീവിതത്തിൽ അവ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.



[പാരമ്പര്യവും സാഹചര്യങ്ങളും വ്യക്തിത്വവികസനത്തിൽ ഒരുപോലെ സ്വാധീനം ചെലുത്തുന്നു]

മുകളിൽ കാണിച്ചിരിക്കുന്ന ഗ്രാഫു് ഒരു കുഞ്ഞിന്റെ വ്യക്തിത്വവികസനത്തെക്കുറിക്കുന്നു. മാനസികവികസനത്തിനു കൈതിക്കുന്ന കഴിവുകളും അനുകൂലസാഹചര്യങ്ങളിൽ ശരിയാംവിധം വളരുന്നുവെന്നാണു് ഇതു കാണിക്കുന്നതു്. പ്രായമായവരെ ബഹുമാനിക്കണമെന്നതു് കുഞ്ഞുങ്ങളിൽ വളർത്തണ

malankaralibrary.com

ഒരു ഗുണമാണ്. ഇതിനായി പ്രായമായവരെ ബഹുമാനിക്കുന്നതുകണ്ട അനുകൂലസാഹചര്യങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കണം. നേരേമറിച്ച്, ക്രൂരത, കുറവാസന, കൊള്ളരുതായ്മ ഇത്യാദി തിന്മകളും കുഞ്ഞുങ്ങളിൽ വളർത്തുണമെങ്കിൽ അവ വളരാനുള്ള അനുകൂലസാഹചര്യങ്ങളും ഇണക്കിക്കൊടുത്താൽ മതി.

വളർച്ചയുടെ ഘട്ടങ്ങൾ

ഒരു കുഞ്ഞിന്റെ മാനസികവളർച്ചയെ- വ്യക്തിത്വവികസനത്തെ- വിവിധഘട്ടങ്ങളായിത്തിരിക്കാം. ഇതിൽ മൂന്നരവയസ്സുവരെയുള്ള കാലയളവിനെ ആദ്യഘട്ടമായി കണക്കാക്കാം. സാധാരണ മൂന്നരവയസ്സോടെയാണ് കുഞ്ഞുങ്ങൾ നേഴ്സറിക്ലാസുകളിൽ ചേരുന്നത്. അതുകൊണ്ട് വ്യക്തിത്വവികസനത്തിന്റെ ആദ്യഘട്ടം മുഴുവൻ കുഞ്ഞ് കുടുംബാംഗങ്ങളോടൊത്തു കഴിയുന്നു. അച്ഛനും അമ്മയും മറ്റു കുടുംബാംഗങ്ങളും ഉൾക്കൊള്ളുന്ന ഒരു കൊച്ചുലോകമാണ് ഈ കാലഘട്ടത്തിൽ കുഞ്ഞിന്റെ വ്യക്തിത്വവികസനത്തിൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത്. മൂന്നരവയസ്സുവരെയുള്ള ഈ കാലഘട്ടത്തെ വീണ്ടും രണ്ടായിത്തിരിക്കാം. ആദ്യത്തെ 18 മാസം കുഞ്ഞ് ശാരീരികമായും വൈകാരികമായും കൂടുതൽ ബന്ധപ്പെടുന്നത് അതിന്റെ അമ്മയോടാണ്. കുഞ്ഞിനെ എപ്പോഴും എടുക്കുകയും, മാറോടണയ്ക്കുകയും മുലയൂട്ടുകയും ചെയ്യുന്ന അമ്മ ഈ കാലഘട്ടത്തിൽ കുഞ്ഞിനു് ഏറ്റവും വേണ്ടപ്പെട്ടയാളാണ്. മുലയൂട്ടുമ്പോഴും അമ്മയ്ക്ക് കുഞ്ഞിനോടുള്ള സമീപനം, കുഞ്ഞിനെ താലോലിക്കുമ്പോഴുള്ള സ്നേഹപ്രകടനങ്ങളും, കുഞ്ഞിനെ ഉമ്മ വയ്ക്കുമ്പോഴും കളിപ്പിക്കുമ്പോഴുമുള്ള അമ്മയുടെ അതിരുകവിഞ്ഞ താത്പര്യം....ഇവയെല്ലാം ഓരോ കുഞ്ഞിലും പ്രത്യേകമായ മനോവികാരങ്ങളും ഉണ്ടാക്കുന്നതായാണു പഠനങ്ങളും തെളിയിക്കുന്നത്. അമ്മയുടെ മാറോട് ഒട്ടിച്ചേർന്നു മുലപ്പാൽ കുടിക്കുമ്പോഴും കുഞ്ഞുങ്ങൾക്ക് പ്രത്യേകമായ സ്പർശനസുഖം ലഭിക്കുന്നുണ്ട്. മുലപ്പാൽ കുടിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുമ്പോഴും കുഞ്ഞുങ്ങളും അമ്മയുടെ മുലക്കണ്ണിൽ കടിക്കുന്നതായി കണ്ടുവരുന്നു. ആ സമയം കോപംവരുന്ന അമ്മ കുഞ്ഞിനെ പെട്ടെന്ന് എടുത്തുമാറ്റുന്നു. അതുവരെ ആസ്വദിച്ചിരുന്ന സ്പർശനസുഖം അങ്ങനെ കുഞ്ഞിനു് നഷ്ടപ്പെടുന്നു. ചെ

malankaralibrary.com

യ്യാൻ പാടില്ലാത്തതു് ചെയ്തതിനു കുഞ്ഞിനു കൊടുക്കുന്ന അമ്മയുടെ ആദ്യത്തെ ശിക്ഷയാണു ഇത്തരം 'എടുത്തു മാറ്റൽ' പ്രക്രിയ. നല്ലതിനെ പ്രോത്സാഹിപ്പിക്കാനും ദുഷിച്ച പ്രവണതയെ ശിക്ഷിക്കാനുമുള്ള ശ്രമം അങ്ങനെ ഓരോ കുഞ്ഞിന്റെയും ശൈശവദശയിൽത്തന്നെ തുടങ്ങുന്നുണ്ടു്. ക്രൂരത ഉടലെടുക്കുന്നതുതന്നെ കുഞ്ഞുങ്ങൾക്കു് 6—7 മാസം പ്രായമാകുമ്പോഴാണെന്നു് ചില മനഃപശ്ചാത്തനശാസ്ത്രജ്ഞന്മാർ കരുതുന്നു. 6–7 മാസം പ്രായമായ കുഞ്ഞുങ്ങൾക്കുണ്ടാവുന്ന തിക്താനുഭവങ്ങൾ അവരുടെ അബോധമനസ്സിലേക്കു് തള്ളപ്പെടുന്നതിനാൽ പ്രായമാകുമ്പോഴുള്ള പ്രവൃത്തിദുഷ്യങ്ങൾക്കു് ഈ കാലഘട്ടത്തിന്റെ സ്വാധീനം എത്രമാത്രമുണ്ടെന്നു് നിർണ്ണയിക്കുക ദുഷ്കരമാണു്. അതിനാൽ കുഞ്ഞുങ്ങൾ സൽസ്വഭാവികളായിത്തീരണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ ആദ്യത്തെ 18 മാസംവരെയുള്ള കാലയളവിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണു്. മുലപ്പാൽകൊടുത്തു് സ്പർശനത്തിലൂടെ കുഞ്ഞുങ്ങളിൽ 'എനിക്കുവേണ്ടപ്പെനാണു നീ' എന്ന ചിന്താഗതി വളർത്താൻ ശ്രമിക്കുന്നതിനു പകരം കൃത്രിമപ്പാലും പശുവിൻപാലും നൽകിവരുന്ന പ്രവണത കുഞ്ഞുങ്ങളിൽ ദൂരവ്യാപകമായ വൈഷ്യത്തുകളും പെരുമാറ്റദുഷ്യവും ഉണ്ടാക്കാനേ ഉപകരിക്കൂ. മുലയൂട്ടുന്നതിന്റെ ഫലമായി തങ്ങളുടെ സൗന്ദര്യം കുറഞ്ഞുപോകുന്നുവെന്നു് ധരിച്ചു് കുഞ്ഞുങ്ങൾക്കു മുലപ്പാൽ കൊടുക്കാൻ വിസമ്മതിക്കുന്ന അമ്മമാർ വിരളമായെങ്കിലും ഉണ്ടു്. അത്തരം അമ്മമാർ അപകടം വിളിച്ചുവരുത്തുകയാണു ചെയ്യുന്നതു്.

18മാസംമുതൽ മൂന്നരവയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിനു് അമ്മയ്ക്കുപുറമേ കുടുംബത്തിലുള്ള മറ്റുള്ളവരുമായി കൂടുതൽ ബന്ധപ്പെടേണ്ടിവരുന്നു. 'ഞാൻ മാത്രമല്ല, മറ്റു പലരുമുണ്ടീ ലോകത്തിൽ' എന്ന ചിന്ത ഈ കാലഘട്ടത്തിന്റെ ആരംഭം മുതലേ(അതിനു മുമ്പും) കുഞ്ഞുങ്ങളിൽ രൂപംകൊള്ളുന്നു. വീട്ടിലുള്ള മറ്റുള്ളവരുടെ വിവിധചെയ്തികളെ സസൂക്ഷ്മം വീക്ഷിക്കാനും അവരുടെ പ്രവർത്തനശൈലികളിൽനിന്നും പലതും പഠിക്കാനും ഈ കാലഘട്ടം കുഞ്ഞുങ്ങൾ ഉപയോഗിക്കുന്നു. മുത്തവരെ ബഹുമാനിക്കുക, മാതാപിതാക്കളെ അനുസരിക്കുക,

malankaralibrary.com

എല്ലാവരോടും സ്നേഹമായി വർത്തിക്കുക, സഭ്യമായി സംസാരിക്കുക, ദേഹശുദ്ധിവരുത്തുക, കുളിസുകം ശരിയായി ഉപയോഗിക്കുക തുടങ്ങി പലതും ഈ കാലഘട്ടത്തിൽ കുഞ്ഞുങ്ങൾ പഠിക്കുന്നു. മലവിസർജ്ജനം നടത്തുന്നതിലുള്ള നിബന്ധനകൾ, അവയ്ക്കുള്ള പ്രത്യേകസ്ഥലം, നിയന്ത്രണം, ഇവ കുഞ്ഞുങ്ങളിൽ ഈ കാലഘട്ടത്തിൽ ചെറിയതരം മാനസികസംഘട്ടനങ്ങൾ ഉണ്ടാക്കാവുന്നതാണ്. എപ്പോഴും ശണ്ഠകൂട്ടുന്ന മാതാപിതാക്കൾ കുഞ്ഞുങ്ങളിൽ ദുഷിച്ച പ്രവണതകൾ കുത്തിവയ്ക്കുന്നു. മദ്യപനായ പിതാവും വഴക്കാളിയായ മാതാവും കുഞ്ഞുങ്ങളിൽ ദുഷിച്ച സ്വാധീനംചെലുത്തുന്നു. പിതാവിന്റെ അസാന്നിദ്ധ്യം, ഉത്തരവാദിത്വമില്ലായ്മ, ദുർച്ചെലവ് ഇവയെല്ലാം തന്നെ കുഞ്ഞുങ്ങളെ ദുഷിച്ച പ്രവണതകളിലേക്ക് നയിച്ചേക്കാം. നേരേമറിച്ച് മാതാപിതാക്കൾ മക്കൾതമ്മിലുള്ള സ്നേഹനിർഭരമായ അന്തരീക്ഷം, വീട്ടിലുള്ളവരും അയൽപക്കക്കാരുമായുള്ള സൗഹൃദബന്ധം, കുടുംബാംഗങ്ങൾ ബന്ധുക്കളുമായുള്ള ആരോഗ്യകരമായ ഇടപെടൽ തുടങ്ങി വീടിനോടുബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിൽനിന്നും കുഞ്ഞുങ്ങൾ നല്ലതും ചീത്തയുമായവ ഗ്രഹിക്കുന്നു. കുടുംബപ്രാർത്ഥനയുടെ പ്രാധാന്യവും, കൂട്ടായ്മയുടെ ആവശ്യകതയും, ധാർമ്മികമൂല്യങ്ങളുടെ അനിവാര്യതയും മതതത്ത്വങ്ങളുടേയും സനാതനസത്യങ്ങളുടേയും പ്രസക്തിയും കുഞ്ഞുങ്ങളിൽ നട്ടുവളർത്താൻ ഏറ്റവും നല്ല സമയമാണിതു്. മറ്റുള്ളവരെ ബഹുമാനിക്കാനും ആവശ്യങ്ങളിൽ അവരെ സഹായിക്കാനുമുള്ള താത്പര്യം സൃഷ്ടിക്കാൻ കുടുംബാന്തരീക്ഷം ശരിക്കും ഉപയോഗിക്കാവുന്നതാണു്. മറിച്ചുള്ള രീതിയിലാണു് കുടുംബാന്തരീക്ഷമെങ്കിൽ കുഞ്ഞുങ്ങളിൽ തെറ്റായ ചിന്താഗതികൾ ഉടലെടുക്കാനും കുറ്റവാസന വളരാനും അതു വഴിതെളിക്കും.

രണ്ടാംഘട്ടം

മൂന്നര വയസ്സുമുതൽ 13–14 വയസ്സുവരെയുള്ളകാലം കുഞ്ഞുങ്ങളുടെ വ്യക്തിത്വവളർച്ചയിലെ രണ്ടാംഘട്ടമാണു്. സാധാരണഗതിയിൽ സ്ത്രീയും പുരുഷനും(ഇൻഡ്യയിൽ) 13–14 വയസ്സോടെ മാനസികവും ലൈംഗികവുമായി സാമാന്യവളർച്ച നേടുന്നതായാണു് കണ്ടുവരുന്നതു്. സ്കൂളിൽ പോകാൻ തുട

malankaralibrary.com

ങ്ങുന്നകാലംമുതൽ ലൈംഗികവളർച്ച എത്തുന്നതുവരെയുള്ള കാലത്തെയാണ് രണ്ടാംഘട്ടമായി കണക്കാക്കുക.

സാധാരണ,കുഞ്ഞുങ്ങൾ മൂന്നരവയസ്സോടെ സ്കൂളിൽ പോകാൻ തുടങ്ങുന്നു. സ്കൂളിൽ പോകുന്നതോടെ, കുഞ്ഞുങ്ങളെ സാമൂഹ്യവൽക്കരിക്കേണ്ട ചുമതല കുടുംബത്തെപ്പോലെതന്നെ സ്കൂളിനും അദ്ധ്യാപകർക്കും ചങ്ങാതികൂട്ടങ്ങൾക്കുമുണ്ടെന്നകാര്യം വിസ്മരിക്കരുത്. ഈ ഘട്ടത്തിൽ ദിവസേന ഏകദേശം 8–10 മണിക്കൂർ കുഞ്ഞുങ്ങൾ സ്കൂളിൽ ചെലവഴിക്കുന്നതിനാൽ അവരുടെ വ്യക്തിത്വവികസനത്തിനു് അനുകൂലമായ അന്തരീക്ഷമുള്ള സ്കൂളുകൾ തെരഞ്ഞെടുക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. മൂന്നരവയസ്സുവരെ കുടുംബത്തിലൂടെ കുഞ്ഞുങ്ങളിൽ രൂപംകൊണ്ട അടിസ്ഥാനതത്ത്വങ്ങളും പെരുമാറ്റരീതികളും കൂടുതൽ അരക്കിട്ടുറപ്പിക്കുന്നതു സ്കൂളുകളിലാണ്. സന്താഗ്രബോധമുള്ള അദ്ധ്യാപകരും മൂല്യപോഷണസഹായകമായ സ്കൂൾഅന്തരീക്ഷവും കുഞ്ഞുങ്ങളിൽ കുറവാസന തലപൊക്കാതിരിക്കാൻ സഹായിക്കുന്നു.

ലൈംഗികബോധം

മൂന്നര വയസ്സുമുതൽ 7 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് കുഞ്ഞുങ്ങളിൽ ലിംഗബോധം ജനിക്കുന്നതു്. തങ്ങൾ ലൈംഗികമായി ആൺകുട്ടികളിൽനിന്നു വ്യത്യസ്തരാണെന്ന ബോധം ഈ കാലഘട്ടത്തിൽത്തന്നെ പെൺകുട്ടികളിൽ രൂപം കൊള്ളുന്നു. ആൺകുട്ടികളിലും ഇതുപോലെതന്നെ. എങ്കിലും പെൺകുട്ടികളും ആൺകുട്ടികളും ലിംഗഭേദമില്ലാതെ ഒത്തൊരുമിച്ച് അടുത്തു് ഇടപഴകിക്കഴിയുന്നതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. മത്സരബുദ്ധിയോടെ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികളിൽ അസൂയയും വിദ്വേഷവും പകപോക്കാനുള്ള പ്രവണതയും ഈ കാലഘട്ടത്തിൽ ഉദ്ഭവിക്കുകയും വളരുകയും ചെയ്തേക്കാം. ദുഷിച്ച ഇത്തരം പ്രവണതകളെ പരിപോഷിപ്പിക്കുന്ന കുടുംബാന്തരീക്ഷം ആപത്തു വിളിച്ചുവരുത്തും. ആരോഗ്യകരമായ മത്സരബുദ്ധിയേ കുഞ്ഞുങ്ങളിൽ വളരാൻ അനുവദിക്കാവൂ. 7 വയസ്സോടെ ലൈംഗിക വ്യത്യാസം ശരിക്കും മനസ്സിലാക്കാൻ കുട്ടികൾക്കു സാധിക്കുന്ന

malankaralibrary.com

തിനാൽ അല്പസ്വല്പം ലൈംഗികവിജ്ഞാനം മാതാപിതാക്കൾതന്നെ കുഞ്ഞുങ്ങൾക്കു് നല്കേണ്ടതാണു്. ലൈംഗികകാര്യങ്ങളിൽ ഉണ്ടായേക്കാവുന്ന ആകാംക്ഷ ഈ അവസരത്തിൽ കുട്ടികളിൽ പ്രത്യക്ഷപ്പെടാം. ആനുകാലികപ്രസിദ്ധീകരണങ്ങളും പത്രമാസികകളും വായിച്ചു് തെറ്റായ വിധത്തിലുള്ള ലൈംഗികവിജ്ഞാനം സമ്പാദിച്ചേക്കാമെന്ന വിപത്തു് ഈ ഘട്ടത്തിൽ കുട്ടികളെ വലയംചെയ്യുന്നുണ്ടു്. ഉഷ്ണിച്ച ലൈംഗികപ്രവണതകളും വളർത്താൻ സഹായിക്കുന്ന പ്രസിദ്ധീകരണങ്ങളും, ചുവർചിത്രങ്ങൾ, സിനിമകളും, നാടകങ്ങളും, സംസാരങ്ങളും തുടങ്ങി പലതും കാണാനും കേൾക്കാനുമുള്ള അവസരങ്ങളും ധാരാളമുണ്ടിന്നു്. വിശ്രുതഗ്രന്ഥം, പുണ്യാത്മാക്കളുടെ ജീവചരിത്രങ്ങളും, നല്ല കഥകളും ആനുകാലികപ്രസിദ്ധീകരണങ്ങളും എന്നിവ വായിക്കാനുള്ള സാഹചര്യങ്ങളും വീട്ടിലും സ്കൂളുകളിലും നിർല്ലോപം സൃഷ്ടിക്കേണ്ടതാണു്. ഗ്രന്ഥശാലകളിൽ കുട്ടികളെക്കൊണ്ടുപോയി വായനശീലം വളർത്താൻ ശ്രദ്ധിക്കണം. ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത ആൺകുട്ടികളിൽനിന്നകലാൻ പെൺകുട്ടികളും (മറിച്ചും) നടത്തുന്ന ശ്രമമാണു്. ആൺകുട്ടികളും പെൺകുട്ടികളും പരസ്പരം എങ്ങനെ പെരുമാറണം, പെൺകുട്ടികളോടു് ആൺകുട്ടികളും എങ്ങനെ ഇടപെടണം തുടങ്ങിയുള്ള കാര്യങ്ങളെക്കുറിച്ചുള്ള ബോധം കുട്ടികൾക്കു് പകർന്നുകൊടുക്കണം. പലകുട്ടികൾക്കും പഠിക്കാനുള്ള ബുദ്ധിമുട്ടു് അനുഭവപ്പെടുന്ന കാലഘട്ടമാണിതു്. ചിലർക്കു് പഠനത്തോടുതന്നെ വെറുപ്പു് തോന്നിയെന്നുവരാം. പഠനത്തിന്റെ മേന്മ, അതുകൊണ്ടുള്ള മെച്ചം, അതിന്റെ ആവശ്യകത-ഇത്യാദികാര്യങ്ങളും ഇടയ്ക്കിടെ കുട്ടികളെ ധരിപ്പിക്കണം. പണമുണ്ടാക്കാനുള്ള വളഞ്ഞവഴികളും ചിന്തിക്കുന്ന കുട്ടികളെ നാം കാണുന്നുണ്ടു്. ദൈനംദിനജീവിതത്തിലുണ്ടാവുന്ന മോഹഭംഗങ്ങളെയും മാനസികസംഘട്ടനങ്ങളെയും നേരിടാൻ ചില കുട്ടികളും കുറകൃത്യങ്ങളും ചെയ്യാനും മുതിരാറുണ്ടു്. പഠിക്കാനുള്ള ബുദ്ധിമുട്ടു് ഒഴിവാക്കാൻ സ്കൂളിൽ പോകാതിരിക്കുക, സ്കൂളിൽ പോകുന്നുവെന്ന വ്യാജേന വീട്ടിൽനിന്നിറങ്ങി അവിടവിടെ ചുറ്റിത്തിരിഞ്ഞു് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുക, പണത്തിനുള്ള ആവശ്യം നിറവേറ്റാനായി കൊച്ചുകൊച്ചുമോഷണങ്ങളും നടത്തുക, ഇല്ലാത്ത ആവശ്യങ്ങളും പറഞ്ഞു് മാതാപിതാ

malankaralibrary.com

ക്കളിൽനിന്നു പണം വാങ്ങുക, ഉള്ള കാര്യങ്ങൾക്കു തന്നെയും കൂടുതൽ പണം ആവശ്യപ്പെടുക, തുടങ്ങി കറവാസനയുള്ള തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കാൻ കുട്ടികളിൽ ചിലർ മടിക്കാറില്ല. സ്കൂളുകളിൽ ഇന്നു കാണുന്ന രാഷ്ട്രീയാതിപ്രസരത്തിൽ കുടുങ്ങാനുള്ള പ്രവണതയും, മറ്റുള്ളവരുടെ മുൻപിൽ ഹീറോ ചമയാനുള്ള ആഗ്രഹവും ഈ പ്രായത്തിൽ തലപൊക്കാറുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കാനുള്ള താത്പര്യം ചിലരിലെങ്കിലും ഈ പ്രായത്തിൽ കണ്ടുവരുന്നു. പല അദ്ധ്യാപകരും ഇക്കാര്യങ്ങൾ നേരിൽ കാണുന്നുണ്ടെങ്കിലും കുട്ടികളുടെ മാതാപിതാക്കളുമായി ബന്ധപ്പെടാൻ അവർ കൂട്ടാക്കാറില്ല. തന്മൂലം ചുമതലാബോധമുള്ള മാതാപിതാക്കൾ ഇടയ്ക്കിടെ അദ്ധ്യാപകരുമായി ബന്ധപ്പെടേണ്ടതും സ്വന്തം കുട്ടികളിൽ കാണുന്ന അനാരോഗ്യകരങ്ങളായ പ്രവണതകളെ മുളയിലേതന്നെ നുള്ളിക്കളയാനുള്ള അന്തരീക്ഷം കുടുംബത്തിലും പുറത്തും സൃഷ്ടിക്കേണ്ടതുമാണ്. അതിനായി നാം വഹിക്കുന്ന ബുദ്ധിമുട്ടും ക്ലേശങ്ങളും ഒരിക്കലും അധികപ്പറ്റല്ല; മറിച്ച് നല്ല മക്കളെ വാർത്തെടുക്കാൻ നാം നിക്ഷേപിക്കുന്ന മുതൽമുടക്കാണത്.

മൂന്നാംഘട്ടം

13–14 വയസ്സുമുതൽ പ്രായപൂർത്തിയിലെത്തുന്നതുവരെ (18 വയസ്സുവരെ)യുള്ള കാലത്തെ വ്യക്തിത്വവികസനത്തിന്റെ മൂന്നാംഘട്ടമെന്നു വിളിക്കാം. ഈ കാലയളവിൽ ഓരോരുത്തരും സ്വയം കൂടുതൽ വളരുന്നു. കുടുംബത്തിൽനിന്ന് അടിസ്ഥാനപരമായി നേടിയതും സ്കൂളിൽനിന്നു കൂടുതലായി സ്വായത്തമാക്കിയതും, കൂട്ടുകെട്ടിൽനിന്നു ഗ്രഹിച്ചതും, വായനയിൽനിന്നും ആനുകാലികപ്രസിദ്ധീകരണങ്ങളിൽനിന്നും മനസ്സിലാക്കിയതും, മറ്റു പലതുറകളിൽനിന്നു പഠിച്ചതുമായ കാര്യങ്ങൾ തെറ്റും ശരിയുമെന്തെന്ന് വിവേചിച്ചറിയാൻ ഒരുവനെ പ്രാപ്തനാക്കുന്നു. ഉയർന്ന ക്ലാസ്സിൽ പഠിക്കുന്നതും പഠിപ്പിക്കുന്നതുമായ കാര്യങ്ങൾ ശരിക്കും ഗ്രഹിച്ച്, അടിസ്ഥാനപരമായി രൂപംകൊണ്ടിട്ടുള്ള സനാതനസത്യങ്ങളെ ഒന്നുകൂടെ ഉറപ്പിക്കാനും നല്ലൊരു പൗരനായി ജീവിക്കാനും ഓരോരുത്തർക്കും കഴിവു ലഭിക്കുന്നു.

malankaralibrary.com

കുറ്റകൃത്യങ്ങൾ-നിയമത്തിൽ

ഏഴുവയസ്സിനു താഴെയുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകരമായ പ്രവൃത്തികളൊന്നും ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് കുറ്റകൃത്യങ്ങളായി കണക്കാക്കുന്നില്ല. എന്നാൽ ഏഴുവയസ്സിനും പന്ത്രണ്ടുവയസ്സിനുംമദ്ധ്യേ പ്രായമുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകരമായ പ്രവൃത്തികളെ ചില പരിഗണനകൾക്ക് വിധേയമായി കുറ്റകൃത്യങ്ങളായി കണക്കാക്കുന്നു. കുറ്റകരമായ പ്രവൃത്തിചെയ്യുന്ന അവസരത്തിൽ താൻ ചെയ്യുന്നത് കുറ്റകൃത്യമാണെന്ന അറിവ് ഒരു കുട്ടിക്ക് ഉണ്ടായിരിക്കണമെന്നത് കുറ്റകൃത്യമായി കണക്കാക്കാൻ നിയമദൃഷ്ട്യാ ആവശ്യമാണ്. 12 വയസ്സിനു മുകളിലുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകരമായ പ്രവൃത്തികളെ കുറ്റകൃത്യങ്ങളായി ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ചു കണക്കാക്കാമെങ്കിലും കുട്ടികൾക്ക് മാത്രമായുള്ള പ്രത്യേക നിയമങ്ങളുടെ വെളിച്ചത്തിൽ അനുകമ്പാപൂർവ്വകമായ പരിഗണന ഇക്കൂട്ടർക്ക് ലഭിക്കുന്നു. ആൺകുട്ടികൾക്ക് 16 വയസ്സുവരെയും പെൺകുട്ടികൾക്ക് 18 വയസ്സുവരെയും ഈ പരിഗണന ലഭിക്കുന്നതാണ്. കുട്ടികളായിരിക്കുമ്പോൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് അവരിലുള്ള കുറ്റവാസനയുടെ നാമ്പ് നുള്ളിക്കളയാനും അവരെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കാനും മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വം സമൂഹത്തിലെ മറ്റാർക്കും ഏറ്റെടുക്കാനാവില്ല. നിയമദൃഷ്ട്യാ തെറ്റോ ശരിയോ എന്നു നോക്കാതെ തങ്ങളുടെ കുട്ടികൾ ചെയ്യുന്ന പ്രവൃത്തികൾ തെറ്റായവിധത്തിലാവാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ○

malankaralibrary.com

6

യുവജന പ്രശ്നങ്ങൾ

യൗവനം ആസ്വാദ്യമാണ്, ഒപ്പം അരോചകവും. യൗവനം വസന്തകാലമാണ്, കൂടെ പ്രശ്നസങ്കീർണ്ണവും. ഒട്ടേറെ പ്രതീക്ഷകളോടും സ്വപ്നങ്ങളോടും ശുഭാപ്തിവിശ്വാസത്തോടുംകൂടി കൗമാരത്തിലൂടെ യൗവനത്തിലേക്ക് കാലുകുത്തുന്ന കൗമാരീകുമാരന്മാർക്ക് പ്രശ്നങ്ങളുടെ നടുക്കടലിലാണ് തങ്ങളുടെ ജീവിതനൗക തുഴയേണ്ടിവരിക. പ്രശ്നങ്ങളുടെതന്നെ കാലഘട്ടമായിത്തോന്നാം. പ്രശ്നങ്ങൾ പലതരത്തിലുമുണ്ടാകും. ശാരീരികവും മാനസികവും സാമൂഹികവും ധാർമ്മികവുമായ എല്ലാ രംഗങ്ങളിലും പ്രശ്നങ്ങൾ. അപ്പോൾ വസന്തകാലത്തിന്റെ ഓമനകൾ പമ്പകടക്കും. ജീവിതം ഇരുളടഞ്ഞതായി മാത്രം തോന്നാം. നേരത്തേ അറിഞ്ഞു വേണ്ടവിധം നേരിട്ടാൽ പ്രശ്നങ്ങളുടെ സങ്കീർണ്ണത കുറയ്ക്കാം. ചിലതൊക്കെ അകറ്റി നിറുത്താം.

ഭയം, ആകുലത, അസ്വസ്ഥത, ഇച്ഛാഭംഗങ്ങൾ, വെറുപ്പ്, വിദ്വേഷം, അമർഷം, എതിർപ്പ് തുടങ്ങിയവ മനസ്സിലുണ്ടാകാം. സൗന്ദര്യം, ആരോഗ്യം, സൗഹൃദബന്ധങ്ങൾ, പഠനം, ജോലി, നേട്ടങ്ങൾ എന്നിവയെപ്പറ്റി ആശങ്കയും ആകുലതയും യുവജനങ്ങളിൽ പൊതുവേയുണ്ടാകും. ഇവ കൂന്പുകൂട്ടുന്പോൾ ഒന്നിനും ആത്മധൈര്യമില്ലാതെ പിന്മാറലോ പരാജയമോ ആകും ഫലം.

malankaralibrary.com

വളർച്ചയുടെ പ്രശ്നങ്ങൾ

വളർച്ചയിൽത്തന്നെ പ്രശ്നങ്ങളും അനുഭവപ്പെടാം. തൽഫലമായി വളർച്ച മുരടിക്കുകയോ അറുപോവുകയോ ചെയ്യാം. അംഗവൈകല്യങ്ങളും, വൈകാരികസംഘട്ടനം, മാനസികത്തകർച്ച, ഒറപ്പെടൽ, അന്യപ്പെടൽ, സാമൂഹികവിരുദ്ധപ്രകൃതി എന്നിവ വളർച്ചയുടെ പ്രശ്നങ്ങളിൽ ചിലതാണ്. അവശ്യപോഷകങ്ങളുടെ അഭാവം, രോഗങ്ങളുടെ ആക്രമണം, ഉപയോഗിക്കുന്ന ഔഷധങ്ങളുടെ പാർശ്വദോഷഫലങ്ങളും എന്നിവ ശാരീരികതലത്തിൽ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളത്രേ.

മാനസികസാമൂഹികതലങ്ങളിൽ

ശാരീരികവൈകല്യങ്ങളും പ്രശ്നങ്ങളും കുട്ടിയുടെ മാനസിക സാമൂഹികതലങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കും. അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ ഉള്ളവർക്ക് അവനവനെത്തന്നെ അംഗീകരിച്ചു സ്വീകരിക്കാൻ കഴിയാതെപോയേക്കാം. സ്വയംഅവമതിപ്പും അപകർഷതയും വ്യർത്ഥതാബോധവും അന്യപ്പെടലും വിഷാദവും അനുഭവപ്പെട്ടേക്കാം. മറ്റുള്ളവരുടെ പരിഗണനയും കിട്ടിയെന്നു വരില്ല. അപ്പോൾ ആകെ അസ്വസ്ഥതയും പരിത്യക്തതാബോധവും മാനസികത്തകർച്ചയുമുണ്ടാകാം.

മാതാപിതാക്കളുടെ മനോഭാവവും കുടുംബാന്തരീക്ഷവും മാനസികപ്രശ്നങ്ങളുണർത്താം. അതിസംരക്ഷണം, അമിതമായ ആകാംക്ഷ, മക്കളുടെ കാര്യത്തിൽ തീരെ ശ്രദ്ധയില്ലായ്മ, നിർവ്വികാരമായ പെരുമാറ്റം, തിരസ്കരണം, മാതാപിതാക്കളുടെ അഭാവം, വേർപിരിയൽ, വിവാഹമോചനം, അകാലചരമം എന്നിവയും കുട്ടികളിൽ മാനസികവൈകല്യങ്ങളോ തകർച്ചയോ ഉളവാക്കാം. പക്ഷപാതപരമായ പെരുമാറ്റരീതികളും മക്കളിൽ അകൽച്ചയും വെറുപ്പും എതിർപ്പും ഉളവാക്കാം. ആത്മവിശ്വാസവും ആരംഭകതയും വളർത്തില്ല. ശാരീരികരോഗങ്ങളും, ബുദ്ധിമാന്ദ്യം, അംഗവൈകല്യങ്ങളും, മാനസികത്തകരാറുകളും, മാതാപിതാക്കളുടെ അനാരോഗ്യപരമായ മനോഭാവ

malankaralibrary.com

ങ്ങൾ, കുട്ടികളുടെ എണ്ണം, ജനനക്രമം എന്നിവ കുടുംബാന്തരീക്ഷത്തെ ബാധിക്കും. സ്വതന്ത്രവും സ്നേഹപൂർണ്ണവും ആരോഗ്യകരവുമായ കുടുംബാന്തരീക്ഷം വേണം. അല്ലെങ്കിൽ കുട്ടികളിൽ ഭയം, ആകുലത, അപകർഷത, വിഷാദം, അതിയായ ആശ്രയസ്വഭാവം, എതിർപ്പുമനഃസ്ഥിതി എന്നിവയാകും ഫലം. തങ്ങൾക്കുതന്നെ വേരുറപ്പില്ലാതെ ആടിയുലയും. വേരുറപ്പും (rootedness) ഉടമതയും(belongingness), മനുഷ്യന്റെ വളർച്ചയ്ക്കും മാനസികാരോഗ്യത്തിനും അത്യാവശ്യമത്രേ.

സാമൂഹികതലത്തിലും പ്രശ്നങ്ങളുണ്ടാകാം. അംഗവൈകല്യമോ മന്ദബുദ്ധിയോ ഉള്ള കുട്ടി മറ്റാളുകളോടിടപെട്ടെന്നു വരില്ല. ഒഴിഞ്ഞുമാറി അകന്നുനിന്നെന്നുവരാം. അപ്പോൾ അന്യപ്പെട്ടും ഒറ്റപ്പെട്ടുംപോകും. സമൂഹത്തിന്റെ താങ്ങും തണലും കിട്ടില്ല. വേരുറപ്പും ഉടമതാഭാവവും(sense of belonging) നഷ്ടപ്പെടും. സമൂഹത്തിൽ പെരുമാറാനറിയില്ല. സ്വീകരിക്കാനും നൽകാനും കഴിയില്ല. കനത്ത ഏകാന്തതയും കടുത്ത ഏകാകിതാവും അനുഭവപ്പെടും. ആരുമില്ലാത്ത അവസ്ഥ. പിന്നെന്തിനു ജീവിക്കണം എന്ന തോന്നലുണ്ടായി ആത്മഹത്യയിലേക്കും നീങ്ങാം.

മാതാപിതാക്കളുടെ മനോഭാവങ്ങളും കുടുംബാന്തരീക്ഷവും മെച്ചപ്പെടുത്തി ആരോഗ്യകരമായ വളർച്ചയ്ക്കുവേണ്ട വളക്കൂറുണ്ടാക്കണം. അവനവനു് ഉള്ളതു നല്ലതു് എന്ന ബോധ്യത്തിൽ സ്വയം അംഗീകരിച്ചു്, ഉള്ളതു മെച്ചപ്പെടുത്താൻ കുട്ടികളെ ശീലിപ്പിക്കണം. സമൂഹത്തിലേ വളരാനാവൂ എന്ന ബോധ്യമുണ്ടാക്കണം. അതനുസരിച്ചു കൊടുത്തും വാങ്ങിയും ഒരുമിച്ചു പോയാലേ പറ്റൂ.

തലമുറകളുടെ വിടവു്

തലമുറകൾതമ്മിൽ അന്തരമുണ്ടു്. ശീലിച്ചതുതന്നെ പാടുന്ന പഴയ തലമുറയും പുതുമമാത്രം ആഗ്രഹിക്കുന്ന യുവതലമുറയും സ്വയാവബോധം നേടണം. സ്വന്തം പ്രത്യേകതകളും മനസ്സിലാക്കണം. പരസ്പരം അറിഞ്ഞു് അംഗീകരിച്ചു പൊരുത്തപ്പെട്ടാലേ പറ്റൂ. പരസ്പരം പഴിച്ചതുകൊണ്ടായില്ല. തിരുത്തലും പൊരുത്തപ്പെടലും ഇരുകൂട്ടർക്കും ആവശ്യമത്രേ. അതോടൊപ്പം ഇരുകൂട്ടരുടെയും പ്രത്യേകതകളും മനസ്സിലാക്കി നല്ലേണ്ടതു തള്ള

malankaralibrary.com

കയും കൊള്ളേണ്ടതുകൊള്ളുകയുംവേണം. മുൻതലമുറയുടെ അനുഭവസമ്പത്തും പിൻതലമുറയുടെ ചലനാത്മകതയും ഒത്തുചേരണം. എങ്കിലേ പ്രശ്നങ്ങളും പരിഹൃതമാകൂ; വളർച്ച സുഗമവും ആരോഗ്യകരവുമാകൂ. ഇരുകൂട്ടരും ഇക്കാര്യത്തിൽ ശ്രദ്ധവയ്ക്കണം.

അനിശ്ചിതാവസ്ഥ

കുമാരീകുമാരന്മാർ യൗവനത്തിലേക്കു കടക്കുമ്പോഴും ആകെ അനിശ്ചിതാവസ്ഥയാകും അനുഭവപ്പെടുക. മാറ്റങ്ങളും പെട്ടെന്നായിരിക്കും. നിനച്ചിരിക്കാത്തപ്പോഴും അപ്രതീക്ഷിതമായ മാറ്റങ്ങളും. എന്നാൽ അതംഗീകരിക്കാത്ത ചുറ്റുപാടും. ശിശുവല്ല, കുട്ടിയല്ല, ബാലനുമല്ല; എന്നാൽ യുവാവായിട്ടുമില്ല. രണ്ടിനേറെയും മാനദണ്ഡങ്ങളും വച്ചുകൊണ്ട് തങ്ങളെ മറ്റുള്ളവർ വിലയിരുത്തുകയും വിധിക്കുകയും ചെയ്യും. എന്നാൽ രണ്ടിനേറെയും ആനുകൂല്യങ്ങളും അനുവദിക്കുന്നുമില്ല. തങ്ങളുതന്നെ എന്താണെന്നു വ്യക്തമായ അവബോധം അവരവർക്കുമില്ല.

അസ്ഥിരത അനുദിനാനുഭവമാകാറുണ്ട്. സദാ മാറ്റങ്ങളും. പുതുമവേണം. പുതുമയ്ക്കുവേണ്ടി ചെയ്യുന്നതെല്ലാം ഐശ്വര്യത്തിനുതകുന്നുമില്ല. ശീലിച്ചതു മടുപ്പായി. മാറ്റങ്ങളും വേണം. കരച്ചിലും, ചിരിയും, ആത്മധൈര്യവും, ചാഞ്ചല്യവും, ആത്മാഭിമാനവും ആത്മനിന്ദയും, ഉത്സാഹവും ഔദാസീന്യവും, ആദർശവും സൗകര്യമാത്രപ്പെരുമാറ്റവും, സൗഹൃദവും വെറുപ്പും, അടുപ്പവും അകൽച്ചയും എല്ലാംകൂടെ വേലിയേറ്റവും ഇറക്കവും. ബന്ധങ്ങളും സ്ഥിരമല്ല. സൗഹൃദം എളുപ്പം സ്ഥാപിക്കും, ഉലയ്ക്കും, തകർക്കും, ഉടച്ചുവാർക്കും. പുനഃസ്ഥാപിക്കും. ആദർശശുദ്ധിയും വിപ്ലവാത്മകതയുംകൂടിയാകുമ്പോഴും എന്തും ചെയ്തു് എത്രയുംവേഗം പുതിയൊരു വ്യവസ്ഥിതി ഉണ്ടാക്കാനുള്ള വ്യഗ്രതയായി. പക്ഷേ സ്ഥിരോത്സാഹവും തീവ്രയജ്ഞവുമില്ല. പ്രശ്നങ്ങളിൽച്ചെന്നുചാടിയെന്നുവരാം. നേതൃത്വവും വഴിനടത്തലും ആവശ്യമത്രേ.

മൂല്യത്തകർച്ച

ലോകത്താകമാനം ഭൗതികമാത്രവാദപരമായ മൂല്യവ്യവസ്ഥിതി വ്യാപിച്ചു. അതോടെ പണം മാത്രം പരമമൂല്യമാ

malankaralibrary.com

യി. ഏതുവിധത്തിലും പണമുണ്ടാക്കിയാൽ മതി എന്നായി. പക്ഷേ സാമ്പത്തികപുരോഗതി ഒരുവശം മാത്രമേ ആകുന്നുള്ളൂ. സമ്പൽസമൃദ്ധമായ പാശ്ചാത്യവികസിതരാജ്യങ്ങളിൽ യുവതലമുറ കൂടുതൽ അസ്വസ്ഥമാണു്. അവർ ശാന്തിതേടി പൗരസ്ത്യനാട്ടിലേക്കു വരുന്നു. പണംകൊണ്ടുമാത്രം നേടാവുന്നതല്ല മാനസികാരോഗ്യവും സമാധാനവും എന്നാണിതു സൂചിപ്പിക്കുക. മനുഷ്യന്റെ ആത്യന്തികസ്വസ്ഥത ഈശ്വരനിലും ആദ്ധ്യാത്മികതയിലുമത്രേ. അതിനുള്ള മുന്നോടി മൂല്യാധിഷ്ഠിതജീവിതമാണു്. സത്യസന്ധത, നീതി, അനുകമ്പ, ലക്ഷ്യബോധം, സ്നേഹം, ഉത്തരവാദിത്വം എന്നിങ്ങനെ ചില മാനുഷികമൂല്യങ്ങൾ പുലർത്തേണ്ടിയിരിക്കുന്നു. അവയാണു് അടിസ്ഥാനപരമായി നിലകൊള്ളേണ്ടതു്. ഏങ്കിലേ പരിഷ്കാരം സംസ്കാരമാകൂ; മനസ്സമാധാനമുണ്ടാകൂ. അടുത്തപടി ഈശ്വരോന്മുഖമായിക്കൊള്ളും.

അനാവശ്യമായപണം

അനാവശ്യമായി, വേലയെടുക്കാതെ സ്വതന്ത്രവിനിയോഗത്തിനു പണം ധാരാളമായി കൈയിൽ കിട്ടിയാൽ യുവാക്കൾ ആകെ അസ്വസ്ഥരാകും. എന്തുചെയ്യണമെന്ന വ്യക്തമായ ധാരണയില്ല. ഏതു പരീക്ഷണത്തിനും തയ്യാറാകും. എന്തിനും ചെലവാക്കും. അവസാനം ഒന്നുകൊണ്ടും സംതൃപ്തി കിട്ടാതെ മദ്യത്തിലും മയക്കുവസ്തുക്കളിലും ആണ്ടുപോകും. മാതാപിതാക്കൾ സ്ഥലത്തില്ലാതെ പണം ധാരാളമായി കിട്ടുന്ന കുട്ടികളാണു് ഇങ്ങനെ അധ:പതിക്കുന്നവരിലധികവും. 'ഗ്രൂപ്പ്' മാതാപിതാക്കളുടെ മക്കളാകാം. അച്ഛനമ്മമാരോടു വൈകാരികബന്ധമില്ല, പൈസയുടെ ബന്ധമേയുള്ളൂ. പണം ധാരാളം കൈയിൽ കിട്ടുമ്പോൾ അതുമാത്രം മതി. മാനുഷികബന്ധങ്ങൾ അറുപോകും. എന്തു പരീക്ഷണങ്ങളുമാകും. പരീക്ഷണം കഴിഞ്ഞു് ആള ബാക്കിയുണ്ടാവില്ല. പൈസ ഉള്ളവരാണെങ്കിൽത്തന്നെ, കുട്ടിക്കു് ആവശ്യങ്ങളറിഞ്ഞേ മാതാപിതാക്കൾ പൈസ കൊടുക്കാവൂ. വിലയറിയാത്ത പണത്തിന്റെ വില നഷ്ടപ്പെടും. പിന്നെ പൊന്നുംവില കൊടുക്കേണ്ടിവരും.

malankaralibrary.com

താദാത്മ്യപ്രതിസന്ധി (Identity crisis)

മാറ്റങ്ങളുമായി പൊരുത്തപ്പെടാതെ വരുമ്പോൾ തങ്ങൾ തന്നെ ആരാണു്, എന്താണു് എന്ന ധാരണയില്ല. സ്വന്തം പ്രത്യേകതകളറിയില്ല, തുറന്ന സംസാരിക്കില്ല, സ്വയം വെളിപ്പെടുത്തില്ല. മൂല്യങ്ങൾ നഷ്ടപ്പെട്ടപ്പോൾ പിടിച്ചുതൂങ്ങാനോ ചാരിനില്ക്കാനോ അത്താണിയില്ല. ഊന്നുവടിയായി മദ്യത്തെയോ മയക്കുവസ്തുക്കളെയോ ആശ്രയിച്ചെന്നു വരും. അവയ്ക്കും ആളെ താങ്ങാനുള്ള കഴിവില്ല. അവ മദിപ്പിച്ചുശേഷം അടിമയാക്കി ഉപേക്ഷിക്കും. അതും അത്ര സുഖകരമല്ലല്ലോ.

ഉത്തരവാദിത്വം അപ്പാടെ പൊയ്പോകുന്നു. ചെയ്യേണ്ടതു് എന്നൊന്നില്ല. മൂല്യങ്ങൾ പോയി, തനിമ നഷ്ടപ്പെട്ടു്, താദാത്മ്യംഇല്ലാതായാൽപ്പിന്നെ എന്തിനും മൗനാനുവാദമാണു്. ഒന്നും സ്വന്തം ഉത്തരവാദിത്വമല്ല. പിന്നെ മറ്റുള്ളവരായിരിക്കും കേറിഭരിക്കുക. അപ്പോൾ ജീവിതംതന്നെയും മറ്റുള്ളവരാണു നിയന്ത്രിക്കുക. സമപ്രായക്കാരുടെ സ്വാധീനമാണു പിന്നെ. ഗൂഢസംഘങ്ങളും (gangs), 'പൂസാകലും,' നൃത്തവും, അലഞ്ഞുതിരിയലും, പൊതുനിരത്തിൽ കുത്തിയിരുപ്പും മറ്റും. സ്വയാവബോധത്തിലേക്കു തിരിച്ചുവന്നു് മൂല്യങ്ങൾ വീണ്ടെടുത്തു ചിട്ടയും ക്രമവുമുള്ള ജീവിതം വീണ്ടെടുക്കുകയാണു കരണീയം.

മയക്കത്തിൽ

മയക്കത്തിലാണ്ടുപോയാൽ രോഗഗ്രസ്തമായി. മനസ്സിൽത്തുടങ്ങി ശരീരത്തിൽ ചെന്നെത്തും. മദ്യമായാലും മയക്കുവസ്തുക്കളായാലും ലഹരി എന്തും ആശ്രയമുളവാക്കും. അതു ശാരീരികവും മാനസികവുമായ രോഗംതന്നെ. ആരോഗ്യവും ആയുസ്സും കവർന്നെടുക്കും. വിദ്യാഭ്യാസവും ജോലിയും താറുമാറാക്കും. ബന്ധങ്ങളെല്ലാം അറ്റുപോകും. ആളകളിക്കാനും, പുതിയ അനുഭവങ്ങൾക്കും പരീക്ഷണങ്ങൾക്കും, സമപ്രായക്കാരുടെ സ്വാധീനത്തിനും അംഗീകാരത്തിനും വേണ്ടിയൊക്കെയാണു് തുടങ്ങിയതു്. അവസാനം ഇതൊക്കെ വെള്ളത്തിലാകും. മയക്കും നിത്യനിദ്രയിലവസാനിക്കും. അതു് അകാലത്തിലാ

malankaralibrary.com

യിരിക്കുകയുംചെയ്യും. അതിനിടവരാതിരിക്കണമെങ്കിൽ സൂ ബോധമുള്ളപ്പോഴേ ജീവിതചര്യകൾ ക്രമപ്പെടുത്തേണ്ടതുണ്ട്.

കുടുംബത്തിൽ

കുമാരീകുമാരന്മാരുടെ പ്രശ്നങ്ങളുടെ തുടക്കവും തായ് വേരും കുടുംബത്തിലത്രേ. അപ്പുറത്തു കൂട്ടുകാരുടെ സ്വാധീന വും അനുകരണവും. കുടുംബത്തിൽ ആരോഗ്യകരമായ ബന്ധ ങ്ങളും അന്തരീക്ഷവുമുണ്ടാകണം. ബാഹ്യലോകത്തേക്കിറങ്ങു മ്പോഴും അവിടെയുള്ള ബന്ധങ്ങളുടെയും സ്വാധീനങ്ങളുടെയും മനസ്സാക്ഷിയും നിയന്ത്രണശക്തിയും കുടുംബത്തിലെ ബന്ധ ങ്ങളും സ്വാധീനശക്തിയുമായിരിക്കണം. കുടുംബത്തിൽ ശീ ലിച്ച മൂല്യങ്ങളനുസരിച്ചു മറുള്ളവയെ വിലയിരുത്തണം. എ ന്നിട്ടേ അവയ്ക്കുപിന്നാലേ പോകാവൂ. മറ്റൊരു പ്രശ്നം കു ടുംബത്തിലെ മൂല്യങ്ങളംതന്നെ ആരോഗ്യകരമല്ലാഞ്ഞാലാണ്. അതും വിലയിരുത്തി വേണ്ട തിരുത്തലുകൾവരുത്തേണ്ടതാണ്.

ചിലരെ സംബന്ധിച്ചിടത്തോളം കുടുംബത്തിൽ എത്ര നല്ല മൂല്യബോധമുണ്ടായാലും പുറംലോകത്തേക്കിറങ്ങുമ്പോൾ അവർ ബാഹ്യസ്വാധീനങ്ങൾക്കടിപ്പെട്ടുപോകുന്നു. ബാഹ്യ സ്വാധീനങ്ങൾ അത്ര ശക്തമാകത്തക്കവിധം സ്വീകരിക്കരു ത് എന്നത് തത്ത്വമാണ്. എത്രത്തോളം പ്രായോഗികമാക്കാം എന്നത് വ്യക്തിയെ ആശ്രയിച്ചിരിക്കും. പ്രായപൂർത്തിയിലെ ത്തിയശേഷം കുടുംബത്തിൽനിന്നു കിട്ടിയ മൂല്യങ്ങളും പുറമേ നിന്നു കിട്ടുന്നവയും വിലയിരുത്തി വിവേചനാപൂർവ്വം വേ ണ്ടത് തെരഞ്ഞെടുക്കണം. അത് സ്വന്തം തീരുമാനമായിരിക്ക ണം. അതിന്റെ ഉത്തരവാദിത്വം അവനവനുതന്നെയായിരി ക്കും. പരിണതഫലങ്ങളും സ്വയം അനുഭവിക്കണം. എങ്കിലും അത് തന്നോടൊപ്പമുള്ള മറുള്ളവരെക്കൂടി ബാധിക്കാതിരിക്കി ല്ല. ഭാര്യയും മക്കളുംകൂടി അനുഭവിക്കേണ്ടിവരുമല്ലോ.

കുമാരീകുമാരന്മാരുടെ മിക്ക പ്രശ്നങ്ങളുടെയും ആരംഭ മോ അടിവേരുകളോ കുടുംബത്തിൽനിന്നായിരിക്കും. അത് കൊണ്ട് കുടുംബത്തിൽ വേണ്ട മുൻകരുതലുകളെടുക്കണം. അ തിനുവേണ്ട പരിശീലനം നൽകാൻ കുടുംബവേദിക്കു കഴിയ ട്ടെ. കുടുംബജീവിതത്തിൽ വേണ്ട അറിവും ശിക്ഷണവും പക

malankaralibrary.com

രാൻ ഈ ഗ്രന്ഥത്തിനും കുടുംബപ്രേഷിതപ്രവർത്തനങ്ങൾക്കും സാധിക്കട്ടെ.

പക്വതാപ്രാപ്തി

വളർച്ചയുടെ ലക്ഷ്യം പക്വതാപ്രാപ്തിയത്രേ. അതിലേക്ക കൗമാരപ്രായക്കാരെ നയിക്കാൻ കുടുംബങ്ങൾക്ക കഴിയണം. അതിനു സഹായിക്കാൻ കുടുംബപ്രേഷിതപ്രവർത്തനങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്. ക്രൈസ്തവസമൂഹങ്ങളിൽ ഇതു നടക്കണം—എല്ലാ ശുപതകളിലും ഇടവകകളിലും.

പക്വതയുടെ ലക്ഷണങ്ങൾ അറിഞ്ഞിരിക്കുന്നതുകൊള്ളാം. വളർച്ചയുടെ ഫലമായി നമ്മിൽ ഉരുത്തിരിയുന്ന സ്വയാവബോധം, സ്വയംവിലമതിക്കൽ, കാര്യങ്ങൾ ഗ്രഹിച്ചു വിലയിരുത്താനുള്ള സാമാന്യബുദ്ധി, നന്മതിന്മകൾ തിരിച്ചറിഞ്ഞു തെരഞ്ഞെടുക്കാനുള്ള പ്രാവർത്തികസ്വാതന്ത്ര്യം, വ്യക്തിഗതമൂല്യങ്ങൾ, ജീവിതത്തെപ്പറ്റിയുള്ള സ്വന്തം കാഴ്ചപ്പാട്, മറ്റുള്ളവരിൽ താൽപര്യവും അവരിലേക്കുള്ള വ്യാപൃിയും, ഉത്തരവാദിത്വം, ഉറ്റ ബന്ധങ്ങൾ, മാനുഷികത, വസ്തുതകളെ തന്നിലേക്ക സമന്വയിപ്പിച്ചു സ്വന്തം ജീവിതത്തിലേക്കുള്ള രൂപാന്തരപ്പെടുത്തൽ, ഉൽപാദനക്ഷമത, സരസഭാവം എന്നിങ്ങനെ പലതും പക്വതയുടെ ലക്ഷണങ്ങളായി എടുത്തുകാട്ടാം. ഇവയൊക്കെ ആകുന്നപോലെ സമ്പാദിക്കുക വളർച്ചയിലെ ധർമ്മമത്രേ.

പക്വതയിലേക്കുള്ള പ്രയാണത്തിൽ സ്വയം കണ്ടെത്തണം. സ്വന്തം കഴിവുകൾ കണ്ടെത്തി സ്വയം അംഗീകരിക്കുകയും സ്വീകരിക്കുകയും വേണം. അങ്ങനെ സ്വയം എന്തായിത്തീരാൻ ഉദ്ദേശിക്കുന്നുവോ അതു് ആയിത്തീരുക—അവനവൻതന്നെ ആയിത്തീരുക. അതുതന്നെ ആയിരിക്കുക. മറ്റുള്ളവരുടെ അഭിപ്രായമോ തീരുമാനങ്ങളോ പ്രതീക്ഷയോ അല്ലകാര്യം. അവസാനമായി 'സ്വയം' ആയിരിക്കണം. ഞാൻ ഞാൻതന്നെ; മറെറാരാളല്ല. മറെറാരുടെയും അവതാരമോ ഭാവനാസൃഷ്ടിയോ അല്ല— ഞാൻതന്നെ എന്ന ബോദ്ധ്യം; ഒപ്പം ദൈവത്തിലുള്ള ആശ്രയവും. സ്വന്തം ബലഹീനതയിൽ ശക്തി ലഭിക്കാൻ ഉറ

malankaralibrary.com

ച്ച പാറയും ബലവത്തായ കോട്ടയുമായ ദൈവത്തിൽ ആശ്രയിച്ചാലേ പറ്റൂ.

കടന്നുപോക്കു്

പ്രശ്നസങ്കീർണ്ണമായ കൗമാരത്തിലും യൗവനത്തിലും ഒന്നിലും ഉറഞ്ഞുപോകരുതു്. കടന്നുപോക്കിന്റെ അനുഭവമായിരിക്കണം. ബാല്യത്തിലെ ആശ്രയത്തിൽനിന്നു് അനാശ്രയത്വത്തിലേക്കും, ഉത്തരവാദിത്വങ്ങളിലേക്കും, ആസ്വാദ്യതകം മാത്രം എന്നതിൽനിന്നു് യാഥാർത്ഥ്യത്തിലേക്കും, അജ്ഞതയിൽനിന്നു വിജ്ഞാനത്തിലേക്കും, അപര്യാപ്തതയിൽനിന്നു പര്യാപ്തതയിലേക്കും, വൈകാരികവ്യാപ്തിയിൽനിന്നു കേന്ദ്രീകരണത്തിലേക്കും, ധാർമ്മികതാരാഹിത്യത്തിൽനിന്നു ധാർമ്മികതയിലേക്കും ഒക്കെയുള്ള കടന്നുപോക്കാവണം പക്വതയിലേക്കുള്ള പ്രയാണം.

വെല്ലുവിളി

യൗവനവും വളർച്ചയുടെ വെല്ലുവിളിയായി സ്വീകരിക്കണം. അതിനെ നേരിട്ടതന്നെ മുന്നേറണം. അതിൽ ഉത്തരവാദിത്വം, മൂല്യബോധം, വൈകാരികപക്വത, ജീവിതത്തോടുള്ള ഭാവാത്മകസമീപനം, യാഥാർത്ഥ്യബോധം, ആരോഗ്യകരമായ മനോഭാവങ്ങൾ എന്നിവപുലർത്തണം. സ്വന്തം വ്യക്തിത്വം കണ്ടെത്തി മെച്ചപ്പെടുത്തി കാത്തുസൂക്ഷിക്കണം. അതു ധീരമായ കാൽവയ്പാണു്. അതിനുള്ള ആത്മധൈര്യവും ഉത്തേജനവും യുവജനങ്ങൾക്കു പ്രദാനംചെയ്യാൻ കുടുംബവേദിക്കു കഴിയട്ടെ.

□

malankaralibrary.com

ഭാഗം ഏഴു്

ആരോഗ്യമുള്ള കുടുംബം

malankaralibrary.com

1

മാനസികാരോഗ്യം കുടുംബത്തിൽ

ജെയിംസ് ഒരു ഡപ്യൂട്ടികളക്ടരുടെ ഏകപുത്രനായിരുന്നു. 18 വയസ്സ് പ്രായം. വീട്ടിൽ സാമാന്യം സമ്പത്തും, മിക്ക സുഖസൗകര്യങ്ങളും. മാതാപിതാക്കളും രണ്ട് പെങ്ങന്മാരുമായിരുന്ന കുടുംബത്തിലെ മറ്റംഗങ്ങൾ. 'പഠനത്തിൽ അശ്രദ്ധ, വീട്ടുകാരോട് എതിർപ്പും ശത്രുതാമനോഭാവവും, ചീത്ത കൂട്ടുകെട്ടുകൾ' എന്നീ കാരണങ്ങൾ പറഞ്ഞാണ് ജെയിംസിനെ എന്റെറയടുക്കൽകൊണ്ടുവന്നത്. 'ഒരു ഡോക്ടറെ കാണാം. ശരീരക്ഷീണത്തിനു ചികിത്സിക്കാൻ' എന്നേ അവനോട് പറഞ്ഞിരുന്നുള്ളൂ. എന്റെ ബോർഡു കണ്ടപ്പോൾ ജെയിംസിനു കാര്യം മനസ്സിലായി. തന്നെ ഒരു സൈക്യാട്രിസ്റ്റിനെയാണു കാണിക്കുന്നതു് എന്നതു് അവനു് ഒട്ടും സഹിക്കാനായില്ല. കൺസൾട്ടേഷൻ റൂമിൽവച്ചു് ജെയിംസ് എന്നോടു പറഞ്ഞു, 'ഡോക്ടർ, എനിക്കു് യാതൊരു മാനസികപ്രശ്നവുമില്ല. എനിക്കു് ചികിത്സയും വേണ്ടാ. എന്നെ തെറ്റിദ്ധരിപ്പിച്ചാണു് ഇവിടെ കൊണ്ടുവന്നതു്'. ജെയിംസിന്റെ കോപവും, വൈരാഗ്യവും ക്രമേണ തണുത്തു. പിന്നീടു് പല പ്രാവശ്യം ജെയിംസ് മാതാപിതാക്കന്മാരോടൊത്തു് എന്നെ കാണാൻ വന്നു.

malankaralibrary.com

പഠനത്തിലും കളികളിലും അവൻ അതിസമർത്ഥനായിരുന്നു. എസ്. എസ്. എൽ. സി.ക്ക് 550ന മുകളിൽ മാർക്കും സ്കൂളിൽ ഒന്നാംസ്ഥാനവും. കോളേജിൽ പ്രവേശിച്ചതോടെ പഠനത്തിൽ പിന്നോക്കംപോയി. മിടുക്കനായ ജെയിംസ് പ്രീഡിഗ്രി പാസ്സായതു് വെറും രണ്ടാം ക്ലാസ്സിൽ. ബി. എസ്. സി. 1–ാംവർഷം പഠിക്കുമ്പോഴാണു് എന്നെ കാണാൻ വരുന്നതു്. ഒരു ദിവസം അയാൾ എന്നോടു പറഞ്ഞു, 'ഡോക്ടർ, എനിക്കു ജീവിതത്തിൽ യാതൊരു ലക്ഷ്യവുമില്ല. ഇനി ശരിയായി പഠിക്കാനും കഴിയുമെന്നു് തോന്നുന്നില്ല. എനിക്കു് എല്ലാവരോടും പകയാണു്. വീട്ടുകാരെ എനിക്കു് വെറുപ്പാണു്'. കുടുംബാന്തരീക്ഷത്തിൽ എവിടൊക്കെയോ, ആഴത്തിൽ മുറിവുകളുണ്ടെന്നു് തുടക്കത്തിൽത്തന്നെ എനിക്കു സംശയംതോന്നിയിരുന്നു. പക്ഷേ, കുട്ടിയുടെ അച്ഛൻ തോമസ് പറഞ്ഞു, 'അവനെ ഞാൻ അത്യധികം സ്നേഹത്തോടെമാത്രമേ കണ്ടിട്ടുള്ള. അവന്റെ പ്രശ്നത്തിന്റെ കാരണം എനിക്കറിയില്ല'

കുട്ടിയുടെ അമ്മയിൽനിന്നാണു് ക്രമേണ എനിക്കു് പ്രശ്നങ്ങൾ മനസ്സിലായതു്. ഒരു ദിവസം അവർ പറഞ്ഞു, 'എന്റെ ഭർത്താവു് നിത്യവും മദ്യപിക്കും. പലപ്പോഴും മറ്റുള്ളവർ അദ്ദേഹത്തെ കാര്യമായി സൽക്കരിക്കും. വീട്ടിൽ എത്തുന്നതു് കടിച്ചു മദോന്മത്തനായാണു് മിക്കവാറും. എനിക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി ചിലവഴിക്കാൻ അദ്ദേഹത്തിനു് സമയമില്ല. ചെറിയ കാര്യത്തിനുപോലും മകനെ ചിലപ്പോൾ ക്രൂരമായി ശിക്ഷിക്കും. മറുചിലപ്പോൾ, ഗൗരവമായ കുറ്റത്തിനും യാതൊരു ശിക്ഷയുമില്ല. അകത്തുള്ള മദ്യത്തിന്റെ അളവനുസരിച്ചിരിക്കും ശിക്ഷയും. കുടി കൂടുതലാണെങ്കിൽ അദ്ദേഹം എന്നെയും വളരെ മോശമായി ആക്ഷേപിക്കും. അതും മക്കളുടെ മുമ്പിൽവച്ചു്. ഒരേ ഒരു മകൻ വഴിപിഴച്ചുപോകുന്നതു കാണുമ്പോൾ എനിക്കു് ആകെ നിരാശയാണു്'

മേൽവിവരിച്ച സംഭവകഥയിൽ ചികിത്സയ്ക്കു കൊണ്ടുവന്ന ജെയിംസ് മാത്രമല്ല രോഗി എന്നു വ്യക്തമാണല്ലോ. ആ കുടുംബം മുഴുവൻ രോഗഗ്രസ്തമാണു്—മദ്യപാനിയായ അച്ഛൻ, സ്വഭാവവൈകല്യത്തിലേക്കു നീങ്ങുന്ന മകൻ, നിരാശ

malankaralibrary.com

യായ അമ്മ, നോക്കിനിന്നു് വേദനിക്കുന്ന രണ്ടു പെൺക്കുമം. ഫാമിലി തെറാപ്പി (Family Therapy) എന്ന നൂതനചികിത്സാ ക്രമംകൊണ്ടു് ഞാൻ അവരെ ചികിത്സിച്ചു. അച്ഛൻ മദ്യപാനം പൂർണ്ണമായും ഉപേക്ഷിച്ചു. മകൻ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. അമ്മയ്ക്കും മറ്റുള്ളവർക്കും പ്രതീക്ഷ കൈവന്നു.

നമ്മുടെ പല കുടുംബങ്ങളിലേയും സ്ഥിതി മേൽവിവരിച്ചതിൽനിന്നു് വ്യത്യസ്തമല്ല. പല കുടുംബങ്ങളും മാനസികസംഘർഷങ്ങളും ഏറ്റുമുട്ടലുകളുമായിട്ടാണു മുമ്പോട്ടുപോകുന്നതു്. ഇങ്ങനെയുള്ള കുടുംബങ്ങളിലാണു് സാമൂഹ്യവിരുദ്ധരുടെ (Psychopaths) ജനനം. രോഗംവന്നു ചികിത്സിക്കുന്നതിനേക്കാൾ എന്തുകൊണ്ടും അഭികാമ്യം രോഗംവരാതെ സൂക്ഷിക്കുകയാണല്ലോ. അതു് എങ്ങനെ സാധിക്കാമെന്നു് അല്പമൊന്നു പരിശോധിക്കാം.

കുടുംബത്തിൽ മാനസികാരോഗ്യം

ഒരു വ്യക്തിയെ സംബന്ധിച്ചു മാനസികതലത്തിൽ, ശൈശവാവസ്ഥയും, ബാല്യകാലവുമാണു് സർവപ്രധാനം – പ്രത്യേകിച്ചും ആദ്യത്തെ 5 വർഷങ്ങൾ. കുഞ്ഞുങ്ങളെ സ്നേഹത്തിലും, പരിപാലനത്തിലും വളർത്തേണ്ട അതിപ്രധാന കാലഘട്ടമാണിതു്. കുഞ്ഞുങ്ങളെ സ്നേഹിച്ചു പരിപോഷിപ്പിച്ചു ലോകത്തെ, അവർ വലുതാകുമ്പോൾ സ്നേഹിക്കുകയും, വിശ്വസിക്കുകയും ചെയ്യും. തങ്ങൾക്കു ലഭിച്ച സ്നേഹം, വലുതാകുമ്പോൾ അവർ ലോകത്തിനു നല്കും.

നേരേമറിച്ചു് ക്രൂരതയും വേദനയും ശൈശവാവസ്ഥയിൽ അനുഭവിക്കുന്നവർ വലുതാകുമ്പോൾ ക്രൂരന്മാരും, സാമൂഹികവിരുദ്ധന്മാരുമായിത്തീരുന്നു. ഇതു് നിരവധി മനഃശാസ്ത്രപഠനങ്ങൾ ഇന്നു് നിസ്സംശയം തെളിയിച്ചിട്ടുണ്ടു്. മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവർ, ശിഥിലമായ കുടുംബങ്ങളിൽ വളരുന്നവർ, കലഹത്തിന്റെ അന്തരീക്ഷത്തിൽ കഴിഞ്ഞവർ–ഇവരിൽ പലവിധ മാനസികപ്രശ്നങ്ങൾ വളരെക്കൂടുതലായി കാണപ്പെടുന്നു. കൊച്ചുകുട്ടികളെ സ്നേഹത്തിലും പരിലാളനയിലും വളർത്തേണ്ടതിന്റെ ആവശ്യകത എല്ലാ മാതാപിതാക്കന്മാരും മനസ്സിലാക്കിയിരിക്കണം.

malankaralibrary.com

മാതാപിതാക്കൻമാർ—കുട്ടികൾക്കു മാതൃക

കുട്ടികൾ വളരുന്നതു് അവരുടെ മാതാപിതാക്കന്മാരുടെ മാതൃക മുൻനിർത്തിയാണു്. കുട്ടികളിൽ സത്യസന്ധത, വിശ്വസ്തത, ഉത്തരവാദിത്വബോധം ഇവ വേണമെങ്കിൽ, മാതാപിതാക്കന്മാർ ഈവക കാര്യങ്ങളിൽ അവർക്കു് ഉത്തമമാതൃകയായിരിക്കണം. നമുക്കില്ലാത്ത ഗുണം, നമ്മുടെ കുട്ടികളിൽ നാം പ്രതീക്ഷിച്ചുകൂടല്ലോ.

മാനസികപ്രശ്നങ്ങൾ—ആരംഭലക്ഷണങ്ങൾ എന്തെല്ലാം?

മാനസികപ്രശ്നങ്ങളും ആരംഭദശയിൽത്തന്നെ കണ്ടുപിടിച്ചു് ചികിത്സാവിധികളും ആരംഭിച്ചാൽ, നൂറുശതമാനവും രോഗവിമുക്തി പ്രതീക്ഷിക്കാം. അതുകൊണ്ടു് താഴെപ്പറയുന്ന ആരംഭലക്ഷണങ്ങളും എല്ലാവരും ശ്രദ്ധിക്കണം.

— ഉറക്കക്കുറവു്, ഉറക്കമില്ലായ്മ, ഏകാഗ്രതയില്ലായ്മ
— അകാരണമായ ഭയം, ഉത്കണ്ഠ, വിശപ്പില്ലായ്മ
— അകാരണമായ ദ്വേഷ്യം
— ഒറ്റയാൻസ്വഭാവം (മറ്റുള്ളവരിൽ നിന്നു് അകൽച്ച)
— ചിന്ത, ആലോചന, ദിവാസ്വപ്നത്തിൽ മുഴുകിയിരിക്കൽ
— ഒന്നിലും താത്പര്യമില്ലായ്മ
— ജീവിതത്തിനു് അർത്ഥമില്ലെന്ന തോന്നൽ
— ആത്മഹത്യാചിന്തകളും
— അശരീരിശബ്ദങ്ങളും (Hallucinations)
— സംശയങ്ങളും, ഭാര്യയേയോ ഭർത്താവിനേയോ വിശ്വാസമില്ലായ്മ

മേല്പറഞ്ഞ രോഗലക്ഷണങ്ങളും രണ്ടോമൂന്നോ എണ്ണത്തിൽ കൂടുതൽ കാണപ്പെട്ടാൽ ഒരു സൈക്യാട്രിസ്റ്റിന്റെ സഹായം തേടണം.

മാനസികരോഗങ്ങൾ ഒരിക്കൽവന്നാൽ ഭേദമാകുമോ?

മിക്കവാറും എല്ലാ മാനസികരോഗങ്ങളും ചികിത്സിച്ചു് പൂർണ്ണമായി മാറാൻ ആധുനികവൈദ്യശാസ്ത്രത്തിനു കഴിയും.

malankaralibrary.com

ചികിത്സാദൈർഘ്യം ഓരോ രോഗത്തിനും വ്യത്യാസമുണ്ട്. ചിലയിനം രോഗങ്ങൾക്ക് 2–3 ആഴ്ച ചികിത്സ മതിയാകും. മറുചില രോഗങ്ങളിൽ 1–2 വർഷം ചികിത്സ ആവശ്യമായിവന്നേക്കാം.

മാനസികരോഗങ്ങൾ പാരമ്പര്യരോഗങ്ങളാണോ?

മിക്കവാറും രോഗങ്ങളും അല്ല. പക്ഷേ ചിലയിനം മാനസികരോഗങ്ങളും ചില കുടുംബങ്ങളിൽ കൂടുതലായി കാണപ്പെടാറുണ്ട്.

കുടുംബപ്രശ്നങ്ങളും സൈക്യാട്രിസ്റ്റും

പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ സർവ്വസാധാരണമായി കുടുംബപ്രശ്നങ്ങളുമായി നമ്മുടെ ആളുകളും സൈക്യാട്രിസ്റ്റിനെ സമീപിക്കാറില്ല. എങ്കിലും, ഈ സ്ഥിതിക്കും ഇപ്പോൾ ക്രമേണ മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്.

കുടുംബാന്തരീക്ഷം മെച്ചപ്പെടുത്തുകയും, സ്നേഹവും വിശ്വാസവും ഐക്യവും വളർത്തുകയും ചെയ്താൽ കുടുംബത്തിൽ മാനസികാരോഗ്യം നിലനിറുത്താൻ കഴിയും. സാമൂഹികസംഘടനകളും, വൈദികർ, സന്യാസിനി സന്യാസികളും സാമൂഹികപ്രവർത്തകർ എന്നിങ്ങനെ എല്ലാവരും ഈ പ്രശ്നം ഒരു വെല്ലുവിളിയായി ഏറ്റെടുക്കട്ടെ. ○

malankaralibrary.com

2

ആരോഗ്യശീലങ്ങൾ

നമ്മുടെ കുട്ടികളിൽ അച്ചടക്കബോധവും, ഈശ്വരഭക്തിയും സാന്മാർഗ്ഗികചിന്തയും സംസ്ക്കാരവും വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കന്മാർ ആദ്യംമുതലേ ശ്രദ്ധിക്കാറുണ്ട്. ഇക്കാര്യങ്ങളിൽ വീഴ്ചവരുമ്പോൾ വേദനിക്കുകയും ചിലപ്പോഴെങ്കിലും കുട്ടികളെ ശിക്ഷിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ കുറവല്ല. എന്നാൽ കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്താൻ സഹായിക്കുന്ന ശീലങ്ങൾ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നുണ്ടോ എന്നു സംശയമാണ്. മാത്രമല്ല ഈ രംഗത്തു പല തെറ്റായ രീതികളും മാതാപിതാക്കൾ പ്രോത്സാഹിപ്പിക്കുകയുംചെയ്യുന്നുണ്ട് എന്നതു് ഒരു വസ്തുതയാണു്.

ഒരുപക്ഷേ ആരോഗ്യസംരക്ഷണത്തേക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുതന്നെ ഈ സ്ഥിതിവിശേഷം ഉളവാക്കുന്നതാവാം. രോഗം ഒരു അനിവാര്യതയായി കാണുന്നവരാണു് നമ്മിൽ അധികംപേരും. അതു് ഈശ്വരനിശ്ചയമായിക്കരുതി ദേവാലയങ്ങളിൽ നേർച്ചകാഴ്ചകൾ നടത്തുന്നവരും ഇല്ലാതില്ല. എന്നാൽ ഭൂരിഭാഗം ആളുകളും രോഗംവന്നതിനുശേഷം അതിനെ ആക്രമിച്ചുകീഴടക്കാൻ ശ്രമിക്കുന്നവരാണു്. കഴിയുന്നത്രയും വേഗം ഏറ്റവും വിദഗ്ധനായ ഡോക്ടറുടെ സഹായം തേടുക;

malankaralibrary.com

ഏറ്റവും സുസജ്ജമായ ആശുപത്രിയിൽ പോവുക: ഏറ്റവും എളുപ്പം ഫലംകാണിക്കുന്ന ഔഷധങ്ങളും ലഭ്യമാക്കുക എന്നിവയെല്ലാമാണ് സാധാരണ സ്വീകരിക്കുന്ന നടപടികൾ. ഇവയൊക്കെയല്ലാതെ ആരോഗ്യസംരക്ഷണത്തിൽ വ്യക്തിക്കോ, കുടുംബത്തിനോ, സമൂഹത്തിനോ ക്രിയാത്മകമായി ഒന്നുംതന്നെ ചെയ്യാനില്ല എന്നതാണ് ചിന്താഗതി.

മേല്പറഞ്ഞ ധാരണകൾക്ക് വിപരീതമാണ് ശാസ്ത്രീയമായ തെളിവുകൾ. സാധാരണയായി നമ്മുടെയിടയിൽ കാണപ്പെടുന്നതിൽ 80 ശതമാനം രോഗങ്ങളും ഫലപ്രദമായ പ്രതിരോധനടപടികൾമൂലം ഒഴിവാക്കാനാവുന്നതാണ്. രോഗം പരത്തുന്ന സൂക്ഷ്മജീവികൾ—വൈറസ്സുകൾ, ബാക്ടീരിയകൾ ഫംഗസുകൾ, വിരകൾ—ഒരാളിൽനിന്നു മറ്റൊരാളിലേക്ക് പകരുന്നതു തടയുകയും, വ്യക്തിയുടെ പ്രതിരോധശക്തി വർദ്ധിപ്പിക്കുകയുംചെയ്താൽ നമ്മുടെയിടയിൽ രോഗാതുരത ഒരു വലിയ അളവുവരെ ഇല്ലാതാക്കാനാവും. തക്കസമയത്തുള്ള പ്രതിരോധകുത്തിവയ്പുകളും സമീകൃതമായ പോഷകാഹാരവും ഇക്കാര്യത്തിൽ വളരെ പ്രധാനമാണ്.

കുട്ടികളിൽനിന്നു തുടങ്ങുക

രോഗം ഒഴിവാക്കാവുന്ന ഒരു വിധിയാണ് എന്ന വസ്തുത അംഗീകരിച്ചാൽ, അതിനെ ഇല്ലായ്മചെയ്യുന്നതിനുള്ള നടപടികൾക്ക് രൂപംനല്കാനാവും. അത്തരം പ്രവർത്തനങ്ങൾ ജീവിതശൈലിയായി സ്വീകരിക്കപ്പെടണം. ജീവിതശൈലിയാകണമെങ്കിൽ അത്തരത്തിലുള്ള പ്രവർത്തനം കുട്ടികളായിരിക്കുമ്പോഴേ ആരംഭിക്കണം. 'ചെറുപ്പകാലങ്ങളിലുള്ളശീലം മാക്കുമോ മാനുഷന്നുള്ളകാലം' എന്നാണല്ലോ ചൊല്ല്. കൂടാതെ അങ്ങനെ ചെയ്യുന്നതു കുട്ടികളിൽ രോഗാതുരത കുറയ്ക്കുന്നതിനും സഹായിക്കും. കുട്ടികളാണല്ലോ എളുപ്പത്തിൽ അസുഖങ്ങൾക്ക് ഇരയാകുന്നതു്. കുട്ടിക്കാലത്തുണ്ടാകുന്ന അസുഖങ്ങൾ ഒഴിവാക്കുകവഴി വളർച്ച ത്വരിതപ്പെടുത്തുന്നതിനും, രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനും ജീവിതത്തോടുള്ള ക്രിയാത്മകമായ സമീപനം വളർത്തിയെടുക്കുന്നതിനും സാധിക്കും. കൂടാതെ രോഗംമൂലം ഉണ്ടാകാവുന്ന ഭീമമായ ചെലവും കഷ്ടപ്പാടുകളും ഒഴിവാക്കുന്നതിനും സാധിക്കും.

malankaralibrary.com

കുട്ടികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനു് ആദ്യമായി വേണ്ടതു് അത്തരത്തിലുള്ള പ്രവർത്തനശൈലികൊണ്ടുള്ള ഗുണങ്ങളെക്കുറിച്ചും, അല്ലെങ്കിലുള്ള അപകടങ്ങളെക്കുറിച്ചും അവരെ മനസ്സിലാക്കുക എന്നതാണു്. രണ്ടാമതായി, അത്തരത്തിലുള്ള പ്രവർത്തനശൈലി പ്രയോഗത്തിൽ കാണിച്ചുകൊടുക്കണം. മാതാപിതാക്കളും അദ്ധ്യാപകരും ഇക്കാര്യത്തിൽ വളരെ പ്രധാനമായ പങ്കുവഹിക്കേണ്ടതുണ്ടു്. ഇതു് നിരന്തരമായ ഒരു പ്രക്രിയയാണു്. വാക്കുകളേക്കാൾ പ്രവൃത്തി കൂടുതൽ ഫലപ്രദമായിരിക്കുമെന്നതിൽ സംശയമില്ലല്ലോ. അഭിലഷണീയമായ പ്രവർത്തനങ്ങൾക്കു് അംഗീകാരവും പ്രോത്സാഹനവും നലു്കുകയും ആവശ്യമാണു്. സമ്മാനങ്ങളും ഇവിടെ പ്രസക്തമായ ഒരു ഘടകമാണു്. അനഭിലഷണീയമായ പ്രവർത്തനരീതികൾക്കു് ആനുപാതികമായ ശിക്ഷ നലു്കുകയുംവേണം. ശിക്ഷ നലു്കുമ്പോൾ അതു് തെറ്റുതിരുത്തുന്നതിനു പ്രേരകമായിട്ടാണു് എന്ന വസ്തുത കുട്ടികളും മനസ്സിലാക്കാനിടയാവണം. ഇത്തരത്തിൽ ആരോഗ്യസംബന്ധമായ സാമൂഹ്യവലു്ക്കരണപ്രക്രിയ എത്ര നേരത്തേ ആരംഭിക്കുന്നോ അത്രയും നല്ലതു്.

ആരോഗ്യകരമായ ശീലങ്ങൾ

ആരോഗ്യപൂർണ്ണവും, സന്തോഷപ്രദവുമായ ജീവിതം നയിക്കുന്നതിനു സഹായിക്കുന്ന ജീവിതശൈലികളും താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ടതാണു് 1. വ്യക്തിശുചിത്വം. 2. പരിസരശുചീകരണം. 3. ഭക്ഷണക്രമം. ഇക്കാര്യങ്ങളിൽ നമ്മുടെയിടയിൽ സാധാരണയായി കാണപ്പെടുന്ന പ്രവർത്തനരീതികളും ഏതെല്ലാമെന്നു വിശദീകരിക്കുന്നതിനും, അതിൽ നിന്നും വ്യത്യസ്തമായി ഏതുരീതിയാണു അവലംബിക്കേണ്ടതെന്നു ചൂണ്ടിക്കാണിക്കുന്നതിനുമാണു് ഇവിടെ ശ്രമിക്കുന്നതു്. ഇക്കാര്യത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ടു് ഉണ്ടാകാവുന്ന രോഗസ്ഥിതിയെക്കുറിച്ചു ചില സൂചനകളും നൽകാം.

1. വ്യക്തിശുചിത്വം

സ്വന്തംശരീരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ലളിതമായ നടപടികളും സ്വീകരിച്ചാൽ രോഗബാധയെ ഒരു വലിയ

malankaralibrary.com

പരിധിവരെ തടയാനാകും. കേരളീയരുടെ പ്രസിദ്ധമായ ശുചിതബോധം ഇക്കാര്യത്തിൽ സഹായകമായ പ്രേരണയാകേണ്ടതാണ്.

ദിവസവും ഒരു നേരമെങ്കിലും കുളിച്ച് ശരീരം വൃത്തിയാക്കേണ്ടതു് അത്യാവശ്യമാണ്. ശരീരത്തിൽ ഉണ്ടാകുന്ന വിയർപ്പും അഴുക്കുകളും കഴുകിക്കളയുന്നതു് രോഗാണുക്കളും ശരീരത്തിൽ പ്രവേശിക്കുന്നതിനെ തടയും. പല അമ്മമാരും തങ്ങളുടെ പിഞ്ചോമനകളെ എല്ലാ ദിവസവും കുളിപ്പിക്കുന്നതിനു് ധൈര്യപ്പെടാത്തവരാണു്. 'തലനനച്ചാൽ കൊച്ചിനു പനിവരും' എന്ന ഭയത്തോടെ ദേഹംമാത്രം, പറ്റുമെങ്കിൽ ചൂടുവെള്ളത്തിൽ, കഴുകി വൃത്തിയാക്കുന്ന അമ്മമാർ ധാരാളമുണ്ടു്. വാസ്തവത്തിൽ, ദിവസവും ദേഹശുദ്ധിവരുത്തുന്നതു് ചൊറി, ചിരങ്ങുകൾ, പുഴുക്കടി, ചൊറിച്ചിൽ, താരൻ തുടങ്ങിയ രോഗങ്ങൾ ഒഴിവാക്കുന്നതിനും, സുഖനിദ്രയ്ക്കും, ശരീരസൗന്ദര്യം വർദ്ധിക്കുന്നതിനും കാരണമാകും. കുളിക്കാൻ ചൂടുവെള്ളമേ ഉപയോഗിക്കൂ എന്നു വാശിപിടിക്കേണ്ട ആവശ്യമില്ല. ഒരു മൂന്നുനാലു വയസ്സാകുമ്പോഴേക്കും ദിവസേന ഒരു പ്രാവശ്യമെങ്കിലും സ്വയം ദേഹശുദ്ധിവരുത്തുന്നതിനു് മക്കളെ പരിശീലിപ്പിക്കണം. അല്പസമയം വെള്ളത്തിൽ കളിച്ചതുകൊണ്ടു് അപകടങ്ങൾ ഉണ്ടാകാനിടയില്ല എന്നതാണു് വസ്തുത.

വസ്ത്രംധരിക്കുമ്പോൾ

കുളിച്ചുകഴിഞ്ഞാൽ വൃത്തിയുള്ള വസ്ത്രം ധരിക്കുന്നതിനും അതു് അഴുക്കാകാതെ സൂക്ഷിക്കുന്നതിനും കുട്ടികളെ പരിശീലിപ്പിക്കണം. നമ്മുടെ കാലാവസ്ഥയ്ക്കു യോജിച്ച ആകർഷകമായ ഉടുപ്പുകൾ ധരിപ്പിക്കണം. പൊതുവേ ചൂടുകൂടിയ നമ്മുടെ കാലാവസ്ഥയിൽ ഇറുക്കമുള്ള വസ്ത്രങ്ങളും, തൊപ്പിയും, കാലുറയും ധരിപ്പിച്ചുകുഞ്ഞുങ്ങളെ കാണുമ്പോൾ വല്ലായ്മ തോന്നാറുണ്ടു്. ഇക്കൂട്ടത്തിൽ അടിവസ്ത്രങ്ങളുടെ കാര്യം പ്രത്യേകപരാമർശം അർഹിക്കുന്നു. വൃത്തിയുള്ളതും പാകത്തിനുള്ളതുമായ അണ്ടർവെയറുകൾ ഉപയോഗിക്കുക. പരുത്തിത്തുണികൊണ്ടുള്ളവയാണു് ഉത്തമം. ചെറിയ കുട്ടികളെ അടിവസ്ത്രങ്ങൾ ധരിപ്പിക്കുന്നതിൽ അമ്മമാർ വേണ്ടത്ര ശ്രദ്ധിക്കാറില്ല എന്നു തോ

malankaralibrary.com

ന്നതു, പ്രത്യേകിച്ചു് ആൺകുട്ടികളുടെ കാര്യത്തിൽ. അതുപോലെതന്നെ പ്രധാനമാണു് മറ്റുള്ളവരുടെ ഉടുപ്പുകളും മാറി ഉപയോഗിക്കാതിരിക്കുക എന്നതും. തോർത്തുമുണ്ടുകളും വീട്ടുകളിൽ പൊതുവായി ഉപയോഗിക്കപ്പെടാറുണ്ടു്. ഒരാൾ ഉപയോഗിച്ചതു് വേറൊരാൾ ഉപയോഗിക്കുന്നതു് അഭിലഷണീയമല്ലെങ്കിലും, കുടുംബാന്തരീക്ഷത്തിൽ മറ്റൊരു നടപടി സാദ്ധ്യമായി എന്നിരിക്കില്ല. അതുകൊണ്ടു് ഉപയോഗിച്ചശേഷം തുണി വെള്ളത്തിലിട്ട നല്ലതുപോലെ ഊരിപ്പിഴിയുന്നതിനും ഇടയ്ക്കിടയ്ക്ക അലക്കി വൃത്തിയാക്കുന്നതിനും ശ്രദ്ധിക്കണം. ഈ പരിശീലനം കുട്ടികൾക്കു് വീടുകളിൽനിന്നു കിട്ടിയേ തീരൂ.

പല്ലും നഖങ്ങളും വൃത്തിയാക്കുക

രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പു് പല്ലുവൃത്തിയാക്കുന്ന ശീലം കേരളീയരുടെയിടയിൽ പൊതുവേ നിലവിലില്ല. നമ്മുടെ പതിവു് രാവിലെ ദന്തശുദ്ധിവരുത്തുകയാണു്. നേരെമറിച്ചാണു് വേണ്ടതു്. നിദ്രാവേളയിൽ വായിൽ ഉമിനീർപ്രവാഹം കുറവായതിനാൽ, പല്ലുകളിൽപറ്റിയിരിക്കുന്ന ആഹാരപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങളിൽ ബാക്ടീരിയകളും വളരുന്നതിനും തന്മൂലം ദന്തക്ഷയം ഉണ്ടാകുന്നതിനും എളുപ്പമുണ്ടു്. പല്ലിൽ പറ്റിപ്പിടിക്കുന്ന ബേക്കറിസാധനങ്ങളും, മിഠായികളും, മധുരപലഹാരങ്ങളും, തണുപ്പിച്ച ഭക്ഷണസാധനങ്ങളും 'ഫാസ്റ്റ്' ഫുഡു'കളും എല്ലാം മേലു്പറഞ്ഞ രീതിയിൽ ദന്തക്ഷയം ത്വരിതപ്പെടുത്തുന്നവയാണു്. ഇത്തരത്തിലുള്ള ആഹാരസാധനങ്ങളും ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കുകയും, ഭക്ഷണശേഷം നിർബന്ധമായും വായ്കഴുകി വൃത്തിയാക്കുകയും ചെയ്യാൻ നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കണം. ഏതെങ്കിലും ഒരു പല്ലിനു് കേടുസംഭവിച്ചാൽ ഫലപ്രദമായ പ്രതിവിധി നേടുന്നതിനു് അല്പംപോലും വൈകാനും പാടില്ല.

പല്ലുകളുംപോലെതന്നെ നഖങ്ങളും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണു്. നഖങ്ങളുടെയടിയിൽ ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി വൃത്തിഹീനമായിക്കാണുന്നതു് കുട്ടികളുടെയും മുതിർന്നവരുടെയുമിടയിൽ സാധാരണമാണു്. ജോലിചെയ്യുമ്പോഴും, കുട്ടികളും മണ്ണുവാരിക്കളിക്കുമ്പോ

malankaralibrary.com

ഴം, യാത്ര ചെയ്യുമ്പോഴും മറ്റുള്ളവരുമായുള്ള സമ്പർക്കത്തിലു മെല്ലാം നഖങ്ങൾക്കിടയിൽ മാലിന്യങ്ങൾ കയറിപ്പറ്റാൻ ഇട യുണ്ട്. അതോടൊപ്പം പല രോഗങ്ങളുടേയും അണുക്കളും. ഭക്ഷ ണത്തിനു മുമ്പായി കൈകഴുകിയാലും മേല്പറഞ്ഞ സൂക്ഷ്മജീവി കൾ പൂർണ്ണമായും പോകണമെന്നില്ല. മാത്രമല്ല, ഭക്ഷണസമയത്ത് അവ വായിലൂടെ ശരീരത്തിൽ പ്രവേശിക്കുന്നതിനു ധാരാളം സാദ്ധ്യതയുണ്ട്. വിരകളുടെ മുട്ടകളും, വയറിളക്കം, കോളറ, മഞ്ഞപ്പിത്തം, പോളിയോ തുടങ്ങിയവ ഉണ്ടാക്കുന്ന രോഗാണു ക്കളും ഇത്തരത്തിൽ ശരീരത്തിൽ പ്രവേശിക്കാം. അഞ്ചുവയ സ്സെങ്കിലും പ്രായമാകുന്നതുവരെ ആഴ്ചയിൽ ഒരു പ്രാവശ്യമെ ങ്കിലും കുട്ടികളുടെ നഖങ്ങൾ വെട്ടിവൃത്തിയാക്കാൻ അമ്മമാർ പ്രത്യേകം ശ്രദ്ധിക്കണം. അതിനുശേഷം അവർ സ്വയം അങ്ങ നെ ചെയ്യുന്നുവെന്നു ഉറപ്പുവരുത്തുകയുംവേണം. നഖം കടിക്കു ന്ന സ്വഭാവമുള്ള കുട്ടികളെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതു് ആരോഗ്യസംരക്ഷണത്തിനു് അനിവാര്യമാണു്.

പ്രകൃതിയുടെ വിളി

പതിവായി കൃത്യസമയത്തു് 'കക്കൂസിൽ പോകാൻ' കു ട്ടികളെ പരിശീലിപ്പിക്കണം. 'നിവൃത്തിയില്ലാത്തഘട്ടം' വ രെ ഈ പ്രക്രിയ നീട്ടിക്കൊണ്ടുപോകാൻ പല കുട്ടികളും താത് പര്യം കാണിക്കാറുണ്ട്. കക്കൂസിൽ പോകുമ്പോൾ ചെരുപ്പുകൾ ധരിക്കാൻ നിഷ്കർഷിക്കണം. അതിനുശേഷം ധാരാളം വെ ള്ളം ഉപയോഗിച്ചു് ശരീരം വൃത്തിയാക്കണം. കൈകൾ സോ പ്പുപയോഗിച്ചു കഴുകണം. ക്ലോസെറ്റ് നന്നായി വൃത്തി യാക്കണം. പല രോഗങ്ങളും മലത്തിൽനിന്നാണു വ്യാപിക്കുന്ന തു് എന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടു്. വയറിളക്കം, കോളറ, വയറുകടി, മഞ്ഞപ്പിത്തം, പോളിയോ, വിരശല്യം, എന്നിവ മലത്തിലൂടെ മറ്റുള്ളവരിലേക്കു വ്യാ പിക്കുന്ന രോഗങ്ങളാണു്. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനംചെയ്യുന്നതിലുള്ള അപാകത കുട്ടികളെ ബോധ്യ പ്പെടുത്തുകയും, വീട്ടിൽ വൃത്തിയുള്ള കക്കൂസുകൾ ഉണ്ടു് എന്നു് ഉറപ്പുവരുത്തുകയും ചെയ്യാൻ മാതാപിതാക്കൾമാർക്കു് ഉത്തര വാദിത്വമുണ്ടു്.

malankaralibrary.com

കേരളീയർ പൊതുവേ ശുചിത്വബോധമുള്ളവരാണെന്നാണ ധാരണ. എന്നാൽ പൊതുസ്ഥലങ്ങളിലും, വീട്ടുമുറ്റത്തുമെല്ലാം തുപ്പി വൃത്തികേടാക്കുന്നതിൽ നമുക്ക് ഒരു മടിയുമില്ല. ക്ഷയരോഗം പകരുന്നതു് പ്രധാനമായും രോഗിയുടെ കഫത്തിലൂടെയാണ്. തോന്നുന്നിടത്തൊക്കെ തുപ്പുന്നരീതി ഒഴിവാക്കിയേപറ്റൂ. ഹിറ്റ്ലറുടെ ജർമ്മനിയിൽ പൊതുനിരത്തിൽ തുപ്പുന്നതിനു് വധശിക്ഷവരെ നൽകപ്പെട്ടിരുന്നുവെന്നു കേട്ടിട്ടുണ്ടു്. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴുമെല്ലാം വായു് കൈകൊണ്ടോ തൂവാലകൊണ്ടോ മറച്ചുപിടിക്കാനും കുട്ടികളെ അഭ്യസിപ്പിക്കണം.

ചുരുക്കത്തിൽ, രോഗം ഉണ്ടാക്കുന്ന ജീവികളും നമ്മുടെ ശരീരത്തിൽ പ്രവേശിക്കാതിരിക്കാനുള്ള നടപടികളും, നമ്മിൽ രോഗം ഉണ്ടായാൽ അതിന്റെ അണുക്കളും മറ്റുള്ളവരിലേക്കു വ്യാപിക്കാതിരിക്കാനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കുന്നതിനു് അഭ്യസിക്കുക അത്യന്താപേക്ഷിതമാണു്.

പരിസരശുചീകരണം

വ്യക്തിശുചിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നതോടൊപ്പംതന്നെ, നമ്മുടെ പരിസരം വൃത്തിയുള്ളതാണെന്നു് ഉറപ്പുവരുത്താനും ശ്രമിക്കണം. കുടിക്കുന്ന വെള്ളം, ശ്വസിക്കുന്ന വായു, കഴിക്കുന്ന ഭക്ഷണം എന്നിവ മലിനമാകുന്നതുകൊണ്ടു് രോഗമുണ്ടാകാനുള്ള സാധ്യത വളരെയേറെ വർദ്ധിക്കുന്നുവെന്ന അറിവു് കുട്ടികൾക്കു പകർന്നുകൊടുക്കാൻ ശ്രമിക്കണം. അതിനുള്ള നടപടികളും കുറച്ചെല്ലാം ശ്രമകരവും നിരന്തരശ്രദ്ധ ആവശ്യമുള്ളതുമാണെന്ന കാര്യം വിസ്മരിക്കുന്നില്ല. ഇതു തങ്ങളോടുതന്നെയും സമൂഹത്തോടും ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനുള്ള പരിശീലനംകൂടിയാണു് കുട്ടികൾക്കു്. ഏതെല്ലാം കാര്യത്തിലാണു് പ്രത്യേകശ്രദ്ധ വേണ്ടതെന്നു നോക്കാം.

വീടിന്റെ പരിസരങ്ങളിൽ മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കരുതു്. കൊതുകുകൾ വളരുന്നതിനു് അതു് ഇടയാക്കും. മലേറിയ, മന്ത് എന്നീ രോഗങ്ങൾ പരത്തുന്നതു് കൊതുകുകളാണു്. ചപ്പുചവറുകൾ അവിടവിടെ വലിച്ചെറിയരുതു്. മുറ്റത്തും പരിസരങ്ങളിലും കടലാസുകൾ, ഭക്ഷണസാധ

malankaralibrary.com

നങ്ങളുടെയും പച്ചക്കറികളുടെയും അവശിഷ്ടങ്ങൾ എന്നിവയൊന്നും അലക്ഷ്യമായി ഇടാൻ ഇടവരരുത്. പാത്രങ്ങൾ കഴുകിയതോ, കുളിമുറികളിൽനിന്നുള്ളതോ ആയ മലിനജലം പരിസരം മലിനമാക്കാതെ സൂക്ഷിക്കണം. അല്ലെങ്കിൽ അത് രോഗാണുക്കളെ വളർത്തുകയും, അവ വ്യാപിപ്പിക്കുന്നതിന് ഈച്ച, പക്ഷിമൃഗാദികൾ എന്നിവയെ സഹായിക്കുകയും ചെയ്യും. കുടാതെ ഈ മലിനജലം നമ്മുടെ വായു, കുടിവെള്ളം, ആഹാര സാധനങ്ങൾ എന്നിവയെത്തന്നെ ചീത്തയാക്കുന്നതിനും ഇടയാകും. നമ്മുടെ വീട്ടിനു മുറ്റവുമൊന്നുംവൃത്തിഹീനമാക്കാതിരിക്കാൻ കുട്ടികളെ പഠിപ്പിക്കണം. ചവറുകൂട്ട ഉപയോഗിക്കേണ്ടതിന്റെ ആവശ്യം അവരെ മനസ്സിലാക്കണം. ചീഞ്ഞഴിഞ്ഞ സാധനങ്ങൾ കുഴിച്ചുമൂടുകയോ, സുരക്ഷിതമായ സ്ഥാനങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യാൻ അവരെ പഠിപ്പിക്കണം. ചെളിവെള്ളത്തിൽ കളിക്കാൻ അവരെ അനുവദിക്കരുത്. മഴക്കാലത്ത് റോഡരികിലൂടെയും പറമ്പുകളിലൂടെയും ഒഴുകുന്ന വെള്ളം ആ പരിസരത്തു കാണപ്പെടുന്ന എല്ലാ മാലിന്യങ്ങളേയും ഉൾക്കൊള്ളുന്നതാണെന്ന കാര്യം കുട്ടികളെ മനസ്സിലാക്കണം. വീടിനു വെളിയിൽ നടക്കുമ്പോൾ കഴിയുന്നതും ചെരുപ്പുകൾ ധരിക്കുന്നത് അഭിലഷണീയമാണ്. അതുപോലെതന്നെ വീട്ടിനുള്ളിൽ കയറുന്നതിനു മുമ്പായി കാലുകൾ കഴുകുന്നതും.

ആഹാരകാര്യത്തിൽ

ആഹാരം കഴിക്കുന്ന കാര്യത്തിലും, ആരോഗ്യത്തിനു ഹാനികരമായ പല ശീലങ്ങളും നമ്മുടെയിടയിലുണ്ട്. അവയിൽ പലതും മാതാപിതാക്കളുടെ അറിവോടും സഹകരണത്തോടുംകൂടി കുട്ടികൾ വളർത്തിയെടുത്തിട്ടുള്ളവയാണെന്നതാണ് ഏറെ രസകരം. ചില പ്രത്യേകതരം ഭക്ഷണംമാത്രം കഴിക്കാൻ കുട്ടികൾ വാശിപിടിക്കാറുണ്ട്. കുട്ടിയെ പ്രീതിപ്പെടുത്താനായി അമ്മമാർ അത്തരത്തിലുള്ള ആഹാരപദാർത്ഥങ്ങൾ ഉണ്ടാക്കിക്കൊടുക്കാറുമുണ്ട്. എന്നാൽ അത്തരം കുട്ടികൾ രോഗപ്രതിരോധശക്തി കുറഞ്ഞവരും, വളർച്ച മുരടിച്ചവരുമായിത്തീരാനാണു സാധ്യത. ആഹാരക്രമത്തിൽ ഒരു സമതുലിതാവസ്ഥ നിലനിർത്താൻ കുട്ടികളെ പഠിപ്പിക്കണം. ധാന്യങ്ങളും, പച്ചക്കറികളും, പഴവർഗ്ഗങ്ങളും, മത്സ്യമാംസാദികളും സമീകൃതമായ ഒരളവിൽ കഴിക്കേ

malankaralibrary.com

ണ്ടതിന്റെ ആവശ്യം അവരെ ബോധ്യപ്പെടുത്താൻ മാതാപിതാക്കൾ ശ്രമിക്കണം.

ബേക്കറികളിൽനിന്നു ലഭിക്കുന്ന ബിസ്ക്കറ്റുകൾ, ബ്രഡ്ഡുകൾ, 'ഫാസ്റ്റ്ഫുഡു'കൾ, ശീതളപാനീയങ്ങൾ എന്നിവയുടെ പോഷകമൂല്യം നന്നേ കുറവാണ്. വിലമെച്ചം, ഗുണം തുച്ഛം എന്നതാണ് യാഥാർത്ഥ്യമെങ്കിലും, നേരെ വിപരീതമായ ഒരു ധാരണയാണ് പരസ്യങ്ങൾമൂലം ജനങ്ങളിൽ ഉണ്ടായിട്ടുള്ളത്. ഇവയിലെല്ലാം അന്നജവും കാർബൺഡയോക്സൈഡുമല്ലാതെ വേറെ കാര്യമായി ഒന്നും ഇല്ല എന്ന കാര്യം മനസ്സിലാക്കണം. വളരെ ആകർഷണീയമായ നിറങ്ങളും ആകൃതിയുമുള്ള ബിസ്കറ്റുകൾ, കേക്കുകൾ, ഹൽവ, സോസുകൾ തുടങ്ങിയവ പോഷകമൂല്യത്തിൽ താഴ്ന്നനിൽക്കുന്നു എന്നതിനു പുറമേ, മാരകമായേക്കാവുന്ന വിഷപദാർത്ഥങ്ങൾകൂടി ഉൾപ്പെടുന്നതായിരിക്കാൻ സാധ്യതയുണ്ട്. നിറംകൊടുക്കുന്നതിനും, കൃത്രിമരുചിയുണ്ടാക്കുന്നതിനും, കേടുകൂടാതെ സൂക്ഷിക്കുന്നതിനുമായി ഉപയോഗിക്കുന്ന പദാർത്ഥങ്ങളിൽപ്പലതും സുരക്ഷിതമല്ല. ഹോർലിക്സ്, ബോൺവിറ തുടങ്ങിയ 'ശക്തിദായക'ങ്ങളുടെ കഥയും ഇതിൽനിന്നും വ്യത്യസ്തമല്ല. ഇവയെല്ലാം നമ്മുടെ ആരോഗ്യപോഷണത്തേക്കാൾ സാമ്പത്തികശോഷണമാണ് ഉറപ്പുവരുത്തുന്നതു്.

മേല്പറഞ്ഞ ആഹാരപദാർത്ഥങ്ങളെല്ലാം പതിവായി ഉപയോഗിക്കുന്നപക്ഷം അതു കുട്ടിയുടെ പോഷകനിലവാരം മോശമാക്കും എന്നതിൽ സംശയമില്ല. ഇവയ്ക്കൊക്കെവേണ്ടി ധാരാളം പണം ചെലവഴിക്കുന്ന മാതാപിതാക്കന്മാർ അവയിൽ പതിയിരിക്കുന്ന അപകടങ്ങളെപ്പറ്റി അറിയുന്നില്ല. പ്രകൃതിയിൽനിന്നു ലഭിക്കുന്ന പച്ചക്കറികളും പഴങ്ങളുമെല്ലാം ധാരാളമായി ഉപയോഗിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സമീകൃതവും പോഷകമൂല്യം കൂടിയവയുമായ ആഹാരപദാർത്ഥങ്ങൾ വീട്ടിൽ ഉണ്ടാക്കിക്കൊടുത്താൽ അതു് സുരക്ഷിതവും താരതമ്യേന ചെലവുകുറഞ്ഞതുമായിരിക്കും.

malankaralibrary.com

തുറന്നുവച്ചിരിക്കുന്നതു കഴിക്കരുതു്

വഴിയരുകിൽ തുറന്നുവച്ചിരിക്കുന്ന ഭക്ഷണസാധനങ്ങൾ, പ്രത്യേകിച്ചു്, ഐസ്ക്രീമുകൾ, മിഠായികൾ, ഐസ്ക്രീമുകൾ, മുറിച്ചുവച്ചിരിക്കുന്ന പഴങ്ങൾ എന്നിവയൊക്കെ സ്ക്കൂളിൽപോകുമ്പോഴും, ഉത്സവാവസരങ്ങളിലും, പിക്നിക്കുകളിലും മറ്റും കുട്ടികൾ രുചിയോടെ വാങ്ങിഭക്ഷിക്കാറുണ്ടു്. ഇവയെല്ലാം അപകടകരമാണെന്നു മനസ്സിലാക്കി കുട്ടികളെ അതിൽനിന്നു പിന്തിരിപ്പിക്കേണ്ടതാണു്. നേരത്തേ സൂചിപ്പിച്ച രോഗങ്ങൾക്കു പുറമേ ടൈഫോയ്ഡ് ഉണ്ടാകുന്നതിനും ഇവ ഇടയാക്കാം. ഈ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനു് ഉപയോഗിക്കുന്ന അസംസ്കൃതപദാർത്ഥങ്ങളുടെ ഗുണനിലവാരം, സൂക്ഷിച്ചിരിക്കുന്ന പാത്രങ്ങളുടെ വൃത്തിഹീനത., കൈകാര്യം ചെയ്യുന്ന ആളിന്റെ വൃത്തിബോധം, തുറന്നിരിക്കുമ്പോൾ ഈച്ച പററാനുള്ള സാദ്ധ്യത, പൊടിയും മാലിന്യങ്ങളും കലരാനുള്ള എളുപ്പം എന്നിവ കണക്കിലെടുക്കുമ്പോൾ ഇവയിൽ ധാരാളം അപകടസാദ്ധ്യത കാണാവുന്നതാണു്. സ്വന്തം മക്കളെ അവ കഴിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതോടൊപ്പം മറ്റുള്ളവരെ നിരുത്സാഹപ്പെടുത്താനും മാതാപിതാക്കൾ ശ്രദ്ധിക്കണം.

പാകം ചെയ്യാത്ത പച്ചക്കറികൾ നന്നായി കഴുകി വൃത്തിയാക്കിയതിനുശേഷം മാത്രമേ ഭക്ഷിക്കാവൂ എന്നതാണു് പ്രധാനപ്പെട്ട മറ്റൊരു കാര്യം. പച്ചയിൽനിന്നു് വാങ്ങുന്നതോ വീട്ടിൽ ഉല്പാദിപ്പിക്കുന്നതോ ആയ പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ എന്നിവയെല്ലാം ഒരുപോലെയാണു് ഇക്കാര്യത്തിൽ. മണ്ണിൽക്കാണുന്ന രോഗാണുക്കളും. കീടനാശിനികളുടെ അംശങ്ങളും ഇവയിൽ ഉണ്ടാകാൻ സാധ്യതയുണ്ടു്. അതിനാൽ അവയെല്ലാം വൃത്തിയായി കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുക. മേല്പറഞ്ഞ സാധനങ്ങൾ കഴിയുന്നതും പച്ചയായിത്തന്നെ കഴിക്കുന്നതാണു് പോഷകമൂല്യങ്ങൾ പരമാവധി ലഭിക്കാൻ സഹായകം എന്ന കാര്യംകൂടി ഓർക്കുക.

ഉപസംഹാരം

'രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം' എന്നതാണു നമ്മുടെ പ്രഖ്യാപിതലക്ഷ്യം. തങ്ങളുടെ മക്കൾ വ

malankaralibrary.com

ളർന്നുവരുമ്പോൾ അവർക്ക് ആരോഗ്യമുണ്ടായിരിക്കും എന്നു് ഉറപ്പുവരുത്താനുള്ള നടപടികളാണു മാതാപിതാക്കൾ സ്വീകരിക്കേണ്ടതു്. അക്കാര്യത്തിൽ രോഗപ്രതിരോധമാണു് രോഗചികിത്സയേക്കാൾ പ്രധാനം. രോഗം പരത്തുന്ന സൂക്ഷ്മാണുക്കൾ നമ്മിൽ പ്രവേശിക്കാതിരിക്കാനും, നമ്മിൽനിന്നു മറ്റുള്ളവരിലേക്കു് വ്യാപിക്കാതിരിക്കാനുമുള്ള നടപടികളാണു് പ്രധാനം. അതു് വ്യക്തിശുചിത്വം ഉറപ്പാക്കൽ, പരിസരമലിനീകരണം തടയൽ, സമീകൃതാഹാരംകഴിക്കൽ എന്നീ പ്രക്രിയകൾവഴി ഒരു പരിധിവരെ സാധിക്കാം. അത്തരത്തിലുള്ള ഒരു ജീവിതക്രമം കുട്ടിക്കാലത്തുതന്നെ കുട്ടികളായിരിക്കുമ്പോഴേ ആരംഭിക്കണം. അവ ആരോഗ്യകരമായ ശീലങ്ങളായി കുട്ടികളിൽ അലിഞ്ഞുചേരണം. ലോകാരോഗ്യസംഘടന അനുശാസിക്കുന്നു: 'ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കുക; വിജയം നിശ്ചയം.'

□

malankaralibrary.com

3

കുടുംബത്തിനൊരു ഭീഷണി

ഇന്നു സമൂഹത്തെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്നാണു മദ്യപാനം. ആധുനികസംസ്ക്കാരത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന കാൻസർ ആണത്. കുടുംബനാഥന്റെ മദ്യപാനാസക്തിമൂലം തകർന്നടിഞ്ഞ എത്രയോ കുടുംബങ്ങളെയാണു നമുക്കു ചുറ്റും കാണാൻ കഴിയുക. മനുഷ്യനെ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുന്ന ഏറ്റവും വലിയ തിന്മയും മദ്യംതന്നെയാണു്. അതുകൊണ്ടായിരിക്കണം മദ്യപാനം വ്യഭിചാരത്തേയും മോഷണത്തേയും കാൾ ഹീനമായ തിന്മയാണെന്നു മഹാത്മജി അഭിപ്രായപ്പെട്ടതു്.

നാഗരികതയ്ക്കും പരിഷ്കാരത്തിനും മദ്യലഹരി കൂടിയേതീരൂ എന്നു വിചാരിക്കുന്നവരാണു് ഇന്നുള്ളവരിൽ വലിയൊരു പങ്കും. മദ്യത്തിന്റെ ഉന്മാദലഹരി ജീവിതക്ലേശമനുഭവിക്കുന്നവർക്കു ധൈര്യംപകരുന്ന ഹരമായും ജീവിതഭാരമിറക്കാനുള്ള അത്താണിയായും കരുതുന്നവരുണ്ടു്. പ്രചോദനവും ഉത്തേജനവും അനുഭൂതിയും തേടി മദ്യത്തിന്റെ പിന്നാലെ പോകുന്ന കവികളും കലാകാരന്മാരും കുറവല്ല. സമൂഹത്തിലെ സമ്പന്നവിഭാഗവും കുലീനവർഗ്ഗവും മദ്യത്തിനു മാന്യത കല്പി

malankaralibrary.com

ക്കുന്നു. വമ്പന്മാരുടെ ക്ലബ്ബുകളിൽ വീര്യം പകരുന്നതു് പ്രധാനമായും ലഹരിതന്നെയാണു്. വളരെ ആവേശത്തോടെ ഉള്ളിലേയ്ക്കു കടത്തിവിടുന്നമദ്യം ഉപയോക്താവിനെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു എന്നു മനസ്സിലാക്കുമ്പോഴാണു് മദ്യപാനത്തിന്റെ ഭീകരത വ്യക്തമാകുന്നതു്.

മദ്യം മദിപ്പിക്കുന്നതാണു്. ഉന്മാദം, മദം ഇതൊക്കെ ഭ്രാന്തിന്റെ പര്യായങ്ങളാണല്ലോ. ലഹരി എന്നു പറയുമ്പോഴും നാം മനസ്സിലാക്കുക സാധാരണ ലഭിക്കാത്ത ഏതോ ഉത്തേജിതാവസ്ഥ എന്നാണു്. ലക്കില്ലാതെ എന്തും സംസാരിക്കാനും ഓടിനടന്നു ബഹളംകൂട്ടാനും പ്രേരിപ്പിക്കുന്ന ലഹരി ഉത്തേജനവും ഉന്മേഷവും പ്രവർത്തനക്ഷമതയും നൽകുന്നുവെന്നാണു് സാധാരണ സങ്കല്പം. വാസ്തവത്തിൽ ലഹരി വ്യക്തിയിൽ ഉളവാക്കുന്നതു് വിഷാദവും മന്ദതയും ക്ഷീണവുമാണു്. ലഹരിയിൽ ബുദ്ധി മയങ്ങിപ്പോകുന്നതിനാലാണു് വിവേകം നഷ്ടപ്പെടുകയും വിലക്കുകളും പരിധികളും ലംഘിച്ചു് എന്തും വിളിച്ചുകൂവുകയുമൊക്കെച്ചെയ്യുന്നതു്. ഡോസുകൂടിയാൽ ബാലൻസ് തെറ്റി നടുറോഡിലോ കുപ്പുക്കുഴിയിലോ വീണെന്നുവരാം. ചർദ്ദിയിൽ ഉരുണ്ടെന്നുമിരിക്കും. ചിലപ്പോൾ മദമിളകിയ ആനയെപ്പോലെ ഭ്രാന്തു കാണിക്കാനും മടിക്കില്ല.

മദ്യത്തിലെ ഘടകങ്ങൾ

മദ്യത്തിലെ രാസഘടകങ്ങളും അവയുടെ പ്രവർത്തനവും നാം മനസ്സിലാക്കണം. കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നിവയാണു് മദ്യത്തിലെ രാസഘടകങ്ങൾ. ഇതിൽ ആൽക്കഹോൾ (C_2H_5OH) ആണു് മദ്യത്തിലെ പ്രധാനവസ്തു. അലിഫാറ്റിക് ഹൈഡ്രോ കാർബണുകളുടെ ഹൈഡ്രോക്സി ഘടകങ്ങളാണിതു്. അതിൽ വിഷാംശം ഉണ്ടെങ്കിലും സാധാരണ അളവിൽ അതു മാരകമല്ല. അളവുകൂട്ടുകയോ കൂടെക്കൂടെ ഉടനുകയോ ചെയ്താൽ അപകടകരമാണുതാനും. വൃക്ഷങ്ങൾ (തെങ്ങു്, പന) ചെത്തിയും ധാന്യങ്ങൾ വാറ്റിയും പഴങ്ങളുടെ ചാറെടുത്തു പുളിപ്പിച്ചുമറ്റുമാണു് പലതരം മദ്യങ്ങളുണ്ടാക്കുക. അവയിൽ ആൽക്കഹോളിന്റെ അളവിനു വ്യത്യാസമുണ്ടു്. ആൽക്കഹോൾ സർവ്വരോഗസംഹാരിയായി കരുതപ്പെട്ടിരുന്ന

malankaralibrary.com

ഒരു കാലമുണ്ടായിരുന്നു. 'വിസ്കി' എന്ന പദത്തിന്റെ അർത്ഥം തന്നെ 'ജീവന്റെ ജലം' എന്നാണ്. ജീവൻ സമൃദ്ധമാക്കാൻ വേണ്ടി ധാരാളം വിസ്കികഴിച്ചാൽ ഫലം മരണമാണെന്നതാണ് അനുഭവം.

വിവിധതരം മദ്യങ്ങളിൽ ആൽക്കഹോളിന്റെ അളവ്

മദ്യം	ഉറവിടം	ആൽക്കഹോൾ
ചാരായം	മൊളാസസ്	50—60%
റം	(കരിമ്പ്) മൊളാസസ്	40—55%
വിസ്കി	സെറിയൽസ്	40—55%
ബ്രാണ്ടി	വാറ്റിയ വൈൻ	40—55%
വൈൻ	മുന്തിരിപ്പഴം	10—22%
ബിയർ	സെറിയൽസ്	6—8%
കള്ള്	തെങ്ങ്, പന	5—10%

റെക്റ്റിഫൈഡ് സ്പിരിറ്റ് എന്ന വാറ്റുവസ്തുവിൽ 95% ആൽക്കഹോളുണ്ട്.

രക്തത്തിൽ ആൽക്കഹോളിന്റെ നില

രക്തത്തിലെ ആക്കൽഹോളിന്റെ അളവിനു് B AC (Basic Alchohol Content) എന്നുപറയും. നൂറു മില്ലിലിറ്റർ രക്തത്തിൽ എത്ര ഗ്രാം ആൽക്കഹോൾ എന്നാണു കണക്കാക്കുക. അതു കൂടുന്നതനുസരിച്ചു് ശാരീരികവും മാനസികവുമായ അവസ്ഥാന്തരങ്ങളുണ്ടാകും.

B A C 30. (0.03%) (30 മില്ലി ഗ്രാം)

ഉന്മാദാവസ്ഥയുടെ താഴത്തെ പടി. സംസാരംകൂടും. നേരിയബുദ്ധിക്കുർമ്മത. ഓർമ്മശക്തി കൂടുതൽ. അവതാൽക്കാലികം മാത്രം. വൻകാര്യങ്ങളും ചെയ്തായിത്തോന്നാം.

B A C 60. (.06%)

സുബോധം നഷ്ടപ്പെട്ടുതുടങ്ങും. ചിന്താശക്തി ക്ഷയിക്കും. സർവ്വതന്ത്രസ്വതന്ത്രനായി താൻ ലോകത്തിന്റെ മേൽക്കുരയിൽ എത്തി, ഇനി എന്തു

malankaralibrary.com

മാകാം എന്ന തോന്നൽ. എങ്കിലും നേരിയ വിഷാദം. ഒറ്റപ്പെട്ട എന്ന തോന്നൽ. നെഞ്ചിടിപ്പുകൂടുന്നു.

B A C 100 (.09–.12%)

മത്തുപിടിച്ചു 'പൂസ്സായി'. ചലനം സ്വതന്ത്രമല്ല. റോഡിനു വീതി പോരാ. വേച്ചുവീഴും. നാക്കു കുഴഞ്ഞു് അവ്യക്തമായ സംസാരം.

B A C 150 (.15%)

ഉന്മാദാവസ്ഥ. ബുദ്ധിരഹിതമായ പ്രവർത്തനങ്ങൾ. മുണ്ടു പറിഞ്ഞുപോകും. അട്ടഹാസം–നിലവിളി–പരിസരബോധമോ ഓർമ്മയോ ഇല്ല.

B A C 300 (.3%)

ശ്വാസഗതി കൂടും. നിസ്സഹായത ഏറും. ഛർദ്ദിയും വിമ്മിട്ടവും. മറ്റുള്ളവരെ ഉപദ്രവിച്ചേക്കാം.

B A C 500 (.5%)

മാരകമാണു്. മരണമാണു് ഫലം. ഈ നില ശരീരത്തിനു താങ്ങാനാവില്ല.

മദ്യത്തിന്റെ പ്രവർത്തനം

കുടിച്ചിറക്കുന്ന മദ്യത്തിനു് എന്തു സംഭവിക്കുന്നു എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ടു്. മദ്യം ദഹനംകൂടാതെതന്നെ നേരിട്ടു് രക്തത്തിലേക്കു കലരുന്നു. അതുകൊണ്ടാണു് കുടിച്ചാലുടനെ മത്തുപിടിക്കുക. കഴിക്കുന്ന മദ്യത്തിൽ 20 ശതമാനത്തോളം ആമാശയത്തിൽനിന്നുതന്നെ നേരിട്ടു് രക്തത്തിൽ കലരുന്നു. ബാക്കി 80 ശതമാനം കുടലിൽനിന്നു് രക്തത്തിൽ കലർന്നു് തലച്ചോറിലും ഹൃദയത്തിലും കരളിലുമെത്തും. മദ്യത്തിന്റെ ചെറിയ ഒരംശം മൂത്രം, വിയർപ്പു്, ശ്വാസോച്ഛ്വാസം എന്നിവ വഴി പുറംതള്ളപ്പെടും.

മദ്യത്തിന്റെ ജാരണം (oxidation) പ്രധാനമായും കരളിലാണു നടക്കുക. കരളിൽവച്ചു് മദ്യം വിഷമായിത്തീരുന്നു. ഈ

malankaralibrary.com

വിഷം കരളിൽ കെട്ടിക്കിടന്നാൽ ഉടൻ ആളുമരിക്കും. എന്നാൽ കരളിൽത്തന്നെ രൂപപ്പെടുന്ന മറെറാരു എൻസൈം, അസിറെറാൽ ഡി ഹൈഡ് എന്ന ഈ വിഷത്തെ അസിറെറിക് ആസിഡാക്കി പകർത്തും. അതു പിന്നെ കാർബൺ ഡയോക്സൈഡും ജലവുമായിത്തീരും. ഇതാണ് ജാരണരീതി. എന്നാൽ അസിറെറിക് ആസിഡ് ആകുന്നതിനു മുൻപുതന്നെ അസിറെറാൽ ഡി ഹൈഡിന്റെ ഒരുഭാഗം നേരിട്ട് തലച്ചോറിലെത്തി THIQ (Tetra Hydro Iso Quinoldne) എന്ന വിഷവസ്തുവായി മാറും. അതു തലച്ചോറിന്റെ പ്രവർത്തനശേഷി മന്ദീഭവിപ്പിക്കും. മദ്യം നേരിട്ട് സെറിബല്ലത്തിലെത്തി ബാലൻസ് തെറെറിക്കും. നേരെ നിൽക്കാനാകാതെ വേച്ചുവീഴും. നാം ഉത്തേജകശക്തിയായിക്കരുതിയ മദ്യം ഇപ്രകാരം പതനകാരണമായിവേഷിക്കുന്നു. മദ്യം പതിവായി ഉപയോഗിക്കുന്ന മദ്യപന്മാർക്കു മാരകമായ രോഗങ്ങളും ബാധിക്കുകയും ചെയ്യുന്നു.

തകരുന്ന കുടുംബം

വ്യക്തിയുടെ ആരോഗ്യത്തെയും സല്പേരിനെയും മാത്രമല്ല, കുടുംബത്തിന്റെ സാമ്പത്തികസുരക്ഷിതത്വത്തെയും മദ്യപാനം തുത്തെറിയും. മദ്യത്തോടുള്ള മമത ആരംഭിച്ചുകഴിഞ്ഞാൽ മറെറന്തും മാറിവിച്ചു അതിനുള്ള മാർഗ്ഗങ്ങൾ തേടുകയായി മദ്യപൻ. തനിക്കു കുടിക്കണം, മതിവരുവോളം കുടിക്കണം എന്ന ചിന്തതന്നെ അയാളെ മത്തുപിടിപ്പിക്കുകയായി. എത്രമാത്രം കുടിച്ചാലും ഒരിക്കലും മതിവരുകയുമില്ല. അധികം മദ്യപിച്ചല്ലോ എന്ന കുറബോധമുണ്ടാകുമ്പോൾ, അതകറുവാനായി വീണ്ടും കുടിച്ചുകൊള്ളും. മദ്യപാനത്തിനു പണമുണ്ടാക്കാൻ എന്തും ചെയ്യും. കൈവശമുള്ള പണം തീരുമ്പോൾ ഭാര്യയുടെ കെട്ടുതാലിവരെ വിൽക്കും. അതും തീരുമ്പോൾ വസ്തുക്കൾ, പിന്നെ വീട്ടുപകരണങ്ങൾ. അവസാനം വീടുംകൂടി പൊളിച്ചുവിറ്റ് കുടിച്ച് 'പൂസ്സാകും.'

സാമ്പത്തികത്തകർച്ചയോടെ കുടുംബബന്ധങ്ങൾ ഉലഞ്ഞുതുടങ്ങും. ഭർത്താവും ഭാര്യയും തമ്മിലുള്ള സ്നേഹം കുറഞ്ഞു തണുത്തു മരവിച്ച് ക്രമേണ വിദ്വേഷവും പകയും പ്രതികാരബുദ്ധിയുമായി പരിണമിക്കുന്നു. ഭർത്താവിന്റെ സാന്നി

malankaralibrary.com

ദ്ധ്യംതന്നെ ഭാര്യയ്ക്ക് അരോചകമാകുന്നു. മിക്കവാറും രാത്രികളിൽ വാക്കുതർക്കങ്ങളും മർദ്ദനങ്ങളും വിലാപങ്ങളും മദ്യപന്മാരുടെ വീട്ടിൽ സാധാരണമാണ്. കുട്ടികൾക്ക് അപ്പൻ ഒരു പേടിസ്വപ്നമായിമാറും. ഭാര്യമാർക്കു ദാമ്പത്യസ്നേഹം നൽകുന്നതിനു് മദ്യപനു കഴിവില്ല. തന്റെ സഹധർമ്മിണിയെ സ്വന്തം കാമവികാരങ്ങൾക്കു ശമനംവരുത്താനുള്ള ഭോഗവസ്തുവായിക്കരുതി ഉപയോഗിക്കാനേ അവനു കഴിയൂ.

ഇത്തരം കുടുംബങ്ങളിൽ ഉത്തരവാദിത്വമില്ലാതെ പിറന്നുവീഴുന്ന കുഞ്ഞുങ്ങൾ ആരോഗ്യത്തിനാവശ്യമായ ഭക്ഷണം ലഭിക്കാതെ, അത്യാവശ്യമായ സ്നേഹാനുഭവങ്ങളില്ലാതെ വാടിത്തളർന്നു്, അവരുടെ വ്യക്തിത്വം മുരടിക്കുന്നു. തിക്താനുഭവങ്ങളാണു് ആ പിഞ്ചുഹൃദയങ്ങളിൽ പതിയുക. തൽഫലമായി എല്ലാവരോടും പകയും പ്രതികാരബുദ്ധിയുമായി അവർ വളരും. സന്തോഷമില്ലാത്ത, ലക്ഷ്യബോധമില്ലാത്ത ഒരു തരം വികലവ്യക്തിത്വത്തിന്റെ ഉടമകളായിരിക്കും ആ കുട്ടികൾ. ആ കുഞ്ഞുങ്ങൾക്കു്, ഉത്തരവാദിത്വമില്ലാതെ കുടുംബം നശിപ്പിക്കുന്ന അച്ഛനെ സ്നേഹിക്കാനാവില്ല. അങ്ങനെ സ്നേഹബന്ധങ്ങൾ മുറിഞ്ഞു് ആരോഗ്യം നശിച്ചു്, സാമ്പത്തികഭദ്രത ക്ഷയിച്ചു്, സുബോധം നഷ്ടപ്പെട്ടു്, സ്വയംവെറുത്തു് മൃഗതുല്യനായിക്കഴിയുന്ന മദ്യപനു് സമൂഹം ഭ്രഷ്ടുകല്പിക്കുന്നു. എന്നു വച്ചു് പരിഹാരമില്ലാത്ത പതനമല്ലിതു്. ആ ദുരന്തത്തിൽനിന്നു കരകയറാൻ മനസ്സുണ്ടെങ്കിൽ അതിനുള്ള ചികിത്സ ഇന്നു ഫലപ്രദമായി നടത്തുന്നുണ്ടു്.

മദ്യപാനചികിത്സ

മദ്യപാനാസക്തിയിൽ നിന്നു വിമോചിതനാകാനുള്ള ആഗ്രഹം മദ്യപനിൽ ജനിപ്പിക്കുകയാണു് ചികിത്സയിലൂടെ. അതിനു് ആൽക്കഹോളിക് കൗൺസലിംഗ് ഫലപ്രദമാണു്. മദ്യപാനം എന്ന രോഗത്തെക്കുറിച്ചും അതു വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും മദ്യപനേറെതന്നെ സാമ്പത്തികഭദ്രതയ്ക്കും വരുത്തിവച്ചിരിക്കുന്ന വൻവിപത്തുകളെക്കുറിച്ചുമുള്ള അവബോധം മദ്യപനിൽ സൃഷ്ടിക്കുകയാണ് കൗൺസലിംഗിന്റെ

malankaralibrary.com

ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. താൻ ദുർഭഗാവസ്ഥയിലാണെന്ന ചിന്തയും അതേക്കുറിച്ചുള്ള കുറ്റബോധവും ഉണ്ടാക്കുകയെന്നതിനേക്കാൾ, പരിശ്രമിക്കുകയാണെങ്കിൽ ആ അവസ്ഥയിൽനിന്നു വിമോചിതനാകാം എന്ന ശുഭാപ്തിവിശ്വാസം മദ്യപനിൽ വളർത്തിയെടുക്കുകയാണ് മറ്റൊരു ലക്ഷ്യം. ആഴമുള്ള ആത്മബന്ധംവഴി, തന്നെ താനായി അംഗീകരിക്കുന്ന കൗൺസിലറുടെ മുമ്പിൽ മദ്യപൻ മാന്യതയുടെ മുഖംമൂടി വലിച്ചെറിഞ്ഞു തന്റെ നിജസ്ഥിതി വെളിപ്പെടുത്തുവാൻ തയ്യാറാകും. അതോടെ അയാൾ സ്വയംവളരാനും രോഗവിമുക്തനാകാനുമുള്ള ആഗ്രഹം നേടിയെടുക്കും. പലരും മദ്യപിക്കുന്നതു്, ജീവിതത്തിലെ പല തിക്താനുഭവങ്ങളും പരിഹരിക്കാനാവാത്ത വിഷമങ്ങളും മറക്കാനാവാത്ത ദു:ഖങ്ങളും വേദനകളും കുറേനേരത്തേയ്ക്കെങ്കിലും ഒഴിവാക്കാൻ വേണ്ടിയാണു്. ദു:ഖങ്ങളും വേദനകളും ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ചു് അവയിൽ അർത്ഥം കണ്ടെത്താൻ ലോഗോതെറപ്പിപോലുള്ള രീതികൾവഴി മദ്യപാനചികിത്സകർ മദ്യപരെ സഹായിക്കുന്നു. മദ്യപനു നൽകുന്ന ഉൾക്കാഴ്ചയാണു് അയാളെ രോഗത്തിൽനിന്നു വിമോചിതനാകാനും മദ്യം എന്നന്നേയ്ക്കുമായി ഉപേക്ഷിക്കാനും സഹായിക്കുന്നതു്.

മദ്യപനോടൊപ്പംതന്നെ അവന്റെ കുടുംബാംഗങ്ങളേയും കൗൺസലിംഗിനു വിധേയമാക്കണം. മദ്യപരെ അവരുടെ എല്ലാ കുറവുകളോടുംകൂടി സ്വീകരിക്കാൻ ഭാര്യമാർ തയ്യാറാകണം. ഭാര്യയുടെ സ്നേഹപൂർവകമായ പെരുമാറ്റം അവനു് കൂടുതൽ പ്രോത്സാഹനവും ആത്മവിശ്വാസവും നൽകും.

വ്യക്തിപരമായ കൗൺസലിംഗിനേക്കാൾ ഗ്രൂപ്പ്തെറപ്പിയാണു് ആൽക്കഹോളിക് കൗൺസലിംഗിൽ കൂടുതൽ ഫലപ്രദമായിക്കാണുന്നതു്. തന്നെപ്പോലെ വേദനയനുഭവിച്ചിരുന്നവർ തങ്ങളുടെ ദുരവസ്ഥയിൽനിന്നു് എങ്ങനെ വിമോചിതരായി എന്നു മനസ്സിലാക്കുന്നതു് സ്വന്തം ജീവിതത്തെ പരിശോധിക്കാനും തിരുത്താനും മദ്യപനു പ്രചോദനമാകും. മന:ശാസ്ത്രസമീപനത്തിൽ മദ്യപന്റെ യഥാർത്ഥവ്യക്തിത്വവും അതിന്റെ വികലതകളും മനസ്സിലാക്കി, ആരോഗ്യകരമായ

malankaralibrary.com

വ്യക്തിത്വം വികസിപ്പിച്ചെടുക്കുന്നതിനുള്ള പോംവഴികളാണ് കൗൺസലിംഗിലൂടെ കണ്ടെത്തുക. മദ്യമെന്ന ഊന്നുവടിയില്ലാതെ, സ്വന്തം കാലിൽ ഉറച്ചുനിൽക്കാൻ തീരുമാനിക്കുന്നതോടെ മദ്യപന്റെ ജീവിതശൈലിയിലും വ്യത്യിയാനങ്ങൾ കണ്ടുതുടങ്ങും.

ദൈവാശ്രയം

മദ്യപരെ മദ്യപാനത്തിൽനിന്നും വിമോചിതരാക്കാനുള്ള പരിശ്രമത്തിൽ ആദ്ധ്യാത്മികസഹായങ്ങളും ഏറെ ഫലപ്രദമാകും. പ്രാർത്ഥനയിലൂടെ ഈശ്വരസഹായം നേടാനും കുടുംബാംഗങ്ങളോടൊരുമിച്ചു പ്രാർത്ഥിക്കാനും പഴയതെറ്റുകൾക്കു പുതിയ ജീവിതംവഴി പരിഹാരം ചെയ്യാനുമുള്ള പ്രേരണ, മദ്യത്തിൽനിന്നു വിമോചിതരായിത്തുടങ്ങുന്നവർക്കു നൽകേണ്ടതുണ്ട്. തങ്ങൾ ഒരു പുതിയ ജീവിതരീതിയാണ് ആരംഭിച്ചിരിക്കുന്നതെന്നും അതിൽ മറ്റുള്ളവർ സംതൃപ്തരാണെന്നുമുള്ള ചിന്ത ആത്മവിശ്വാസം വളർത്തുന്നു. പ്രാർത്ഥനാസമ്മേളനങ്ങളിൽ സംബന്ധിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നു കിട്ടുന്ന ഉത്തേജനവും പ്രോത്സാഹനവും കൂടുതൽ പ്രാർത്ഥിക്കാനും പരിശ്രമിക്കാനും മദ്യപരെ പ്രേരിപ്പിക്കുന്നു. കുടുംബത്തിൽത്തന്നെ സമാധാനത്തിന്റെയും സംതൃപ്തിയുടെയും അന്തരീക്ഷം പുനഃസ്ഥാപിക്കപ്പെടുന്നു. ഈശ്വരാനുഗ്രഹത്താൽ ഉള്ളിന്റെയുള്ളിൽ അനുഭവിച്ചുതുടങ്ങുന്ന ശാന്തിയും സമാധാനവും തുടർന്നും അനുഭവിക്കാനുള്ള തൃഷ്ണയും അവരിൽ സംജാതമാകുന്നു. മതവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും പുനരാരംഭിക്കുന്നതോടെ സമൂഹം ഇവരെ പുതിയ വ്യക്തികളായി അംഗീകരിച്ചുകൊള്ളും. നഷ്ടപ്പെട്ട വ്യക്തിത്വവും അംഗീകാരവും തിരിച്ചുകിട്ടിയ അവസ്ഥയിൽ ഇനിയും അവ നഷ്ടപ്പെടുന്ന അവസരങ്ങൾ ഉണ്ടാകാതിരിക്കാൻ അവർ കൂടുതൽ ശ്രദ്ധിക്കുകയുംചെയ്യും. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും മറ്റും സഹകരിക്കാനും ക്രിയാത്മകജീവിതം നയിക്കാനുമുള്ള അവസരങ്ങൾകൂടി സൃഷ്ടിച്ചുകൊടുത്താൽ മദ്യപാനത്തിൽനിന്നുള്ള സമ്പൂർണ്ണവിമോചനം ദ്രുതഗതിയിലാകും.

malankaralibrary.com

വീണ്ടും പ്രലോഭനം

മദ്യപാനമെന്ന ശാപത്തിൽനിന്നു വിമോചിതരായി മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോഴും ചില സാഹചര്യങ്ങളിൽ മദ്യപാനാസക്തി അനുഭവപ്പെട്ടെന്നുവരാം. അതു വിട്ടുമാറാത്ത ഒരു പ്രേരണയായിത്തീരുമ്പോൾ മദ്യപാനം തന്റെ ജീവിതത്തിൽ വരുത്തിവച്ച വിനകളെപ്പറ്റി ചിന്തിക്കണം. തനിക്കു മദ്യത്തിന്റെമേൽ നിയന്ത്രണമില്ലെന്നും, അതു മനശ്ശക്തിയുടെ കുറവുകൊണ്ടല്ലെന്നും, പ്രത്യുത തന്റെ തലച്ചോറിലെ മദ്യാസക്തിയാണെന്നും, മദ്യപാനം മൂലം തന്റെ ജീവിതം വഴിമുട്ടിപ്പോയെന്നും സത്യസന്ധമായി ദൈവത്തിന്റെ മുൻപിൽ ഏറ്റുപറയുവാൻ മദ്യപൻ മറക്കരുതു്. ഈശ്വരാശ്രയംകൊണ്ടു് തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കുമെന്നു് സ്വയം പറയണം. അതുപോലെതന്നെ കുടിക്കുന്ന സ്ഥലങ്ങളും സന്ദർശിക്കാതിരിക്കയും കുടിയന്മാരുമായുള്ള സമ്പർക്കം ഒഴിവാക്കുകയുംവേണം. ലഹരിപാനീയങ്ങളും വീട്ടിൽ സൂക്ഷിക്കാതിരിക്കാനും അവ വിളമ്പുന്ന പാർട്ടികളിൽ സംബന്ധിക്കാതിരിക്കാനും ശ്രദ്ധയുണ്ടായിരിക്കണം.

മദ്യരോഗത്തിൽനിന്നു വിമോചിതരാകുന്നവർ ജീവിതത്തെ ഒന്നാകെ തിരുത്താൻ തയ്യാറാകണം. ചികിത്സകന്റെ നിർദ്ദേശമനുസരിച്ചു്, പിതാവെന്നും ഭർത്താവെന്നുമുള്ള നിലകളിൽ ജീവിതകർത്തവ്യങ്ങളും ഏറെറടുത്തുനടത്തണം. അങ്ങനെ മദ്യപാനമെന്ന മഹാവ്യാധിവഴി താൻ എന്തെല്ലാം കളഞ്ഞുകുളിച്ചുവോ അവയെല്ലാം വീണ്ടും ആർജ്ജിച്ചു് തിളക്കമുള്ള പുതിയ വ്യക്തിത്വത്തിന്റെ ഉടമയാകുമ്പോൾ മദ്യപന്റെ തിരസ്കൃതാവസ്ഥ പരിഹൃതമാകും. അയാൾ സ്വന്തംകുടുംബത്തിനും നാടിനും രാജ്യത്തിനും അഭിമാനഭാജനമായിത്തീരുകയും ചെയ്യും.

○

malankaralibrary.com

4

രോഗത്തിലും മരണത്തിലും

രോഗവും മരണവും മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ ബന്ധുക്കളും സ്നേഹിതരും രോഗബാധിതരാകുമ്പോഴും മരിക്കുമ്പോഴും ഈ യാഥാർത്ഥ്യങ്ങളും നമ്മെ ആഴത്തിൽ സ്പർശിക്കുന്നു. ഈ രണ്ടു ദുഃഖസത്യങ്ങളുമായി ഏറ്റുമുട്ടുമ്പോഴും വൈദ്യശാസ്ത്രത്തിലേക്കും മതങ്ങളിലേക്കുമാണ് മനുഷ്യൻ തിരിയുക.

രോഗം ക്രിസ്തീയവീക്ഷണത്തിൽ

ക്രൈസ്തവനു തന്റെ സഹനത്തിൽ രക്ഷാകരമൂല്യം കണ്ടെത്താൻ കഴിയണം. കാൽവരിയിലെ യാഗത്തിലൂടെ യേശു മനുഷ്യാസ്തിത്വത്തിന്റെ വേദനകളെ അതിന്റെ പൂർണ്ണാർത്ഥത്തിൽ തന്റേതാക്കി; മനുഷ്യന്റെ വേദനകളും അവിടുന്നു പങ്കിട്ടു. മനുഷ്യന്റെ വേദനകളോടുള്ള താദാത്മ്യപ്പെടൽ യേശുവിന്റെ ജീവിതത്തിൽ ഉടനീളം നമുക്കു ദർശിക്കാം. രോഗി സഹനത്തിലൂടെ ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുകൊള്ളുകയാണു, ആ സഹനം പൂർത്തിയാക്കുകയാണു. ക്രിസ്തുവിനോടുകൂടി ഉയിർക്കാനുള്ള മാധ്യമമാണു സഹനം. യേശുവിന്റെ സാന്നിധ്യം രോഗികളിൽ ഉണ്ടെന്നു വ്യക്തമായി അവിടുന്നതന്നെ പറഞ്ഞിട്ടുണ്ടു. 'ഞാൻ രോഗിയായിരുന്നു, നിങ്ങളും എന്നെ സന്ദർശിച്ചു' (മത്താ. 25:36) പാദ്രേപിയോയുടെ പ്രസിദ്ധമായ വചനങ്ങളും

malankaralibrary.com

അനസ്മരിപ്പിക്കുന്നതും ഇതുതന്നെ: 'ഓരോ രോഗിയിലും ക്രിസ്തുവാണു് സഹിക്കുന്നതു്.'

സഹനത്തിന്റെ അർത്ഥം രോഗിക്കു് മനസ്സിലായിക്കഴിഞ്ഞാൽ രോഗത്തെ സമചിത്തതയോടെ കൈകാര്യംചെയ്യാൻ കഴിയും. രോഗാവസരങ്ങളും ഒരുവന്റെ അത്യുത്തമജീവിതമൂല്യം പ്രതിഫലിപ്പിക്കാനുള്ള അതിശ്രേഷ്ഠമായ സന്ദർഭങ്ങളാണു്. രോഗംമൂലം സഹനവിധേയനാകുന്ന മനുഷ്യനു് അതിലെ ക്രിയാത്മകമൂല്യങ്ങളും കണ്ടുപിടിച്ചു് സഹനത്തെ പരിവർത്തനംചെയ്യാം. അനിവാര്യമായതിനെ പ്രത്യാശയോടെ സ്വീകരിക്കുമ്പോഴും ആ സഹനത്തിനു് അർത്ഥമുണ്ടാകുന്നു. അതിന്റെ ദുഃഖം കുറയുന്നു.

രോഗം കുടുംബത്തിൽ

മരണം മനുഷ്യനു് ജന്മസിദ്ധമാണു്. രോഗവും ഒരു പരിധിവരെ മനുഷ്യജീവിതത്തിന്റെ ഭാഗംതന്നെ. ആ രീതിയിൽ രോഗത്തെ കാണുന്നതിനും സമീപിക്കുന്നതിനും രോഗിയും കുടുംബാംഗങ്ങളും ശ്രദ്ധിക്കണം. രോഗത്തിനോടുള്ള അമിതമായ ഉൽക്കണ്ഠയോടും ഭയത്തോടുംകൂടിയ സമീപനവും നന്നല്ല. ഒപ്പം രോഗത്തേയോ രോഗിയേയോ അവഗണിക്കുന്നതും ശരിയല്ല.

രോഗിക്കു വൈദ്യസഹായം നൽകാൻ ശ്രദ്ധിക്കുന്നതോടൊപ്പം ആധ്യാത്മികസഹായവും നൽകണം. ഇടവകവികാരിയേയോ മറ്റു വൈദികരേയോ രോഗവിവരം അറിയിക്കുന്നതു നല്ലതാണു്. അവരുടെ സന്ദർശനം, കൗൺസലിംഗ്, പ്രാർത്ഥന ഇവ രോഗിക്കു സഹായകമാകും. ദീർഘമോ ഗുരുതരമോ ആയ രോഗാവസ്ഥയിലായിരിക്കുന്നവർക്കു് കുമ്പസാരം, കുർബ്ബാന മുതലായ കൂദാശകളും സ്വീകരിക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കണം. ഇതു് മനസ്സമാധാനവും ശാന്തിയും കൈവരുത്തും. രോഗശാന്തി ത്വരിതപ്പെടുത്തുന്നതിനും ഇതു സഹായിക്കാം. രോഗിലേപനവും രോഗശാന്തിക്കുള്ള ശുശ്രൂഷതന്നെയാണു്. ഈ കൂദാശ നല്കാൻ ആസന്നമരണരാകുന്നതുവരെ കാത്തിരിക്കേണ്ടതില്ല. (യാക്കോബ് 5 : 14 - 18)

malankaralibrary.com

ആരോഗ്യകരമായ സമീപനം

രോഗിയെ നാം സന്ദർശിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം അയാളെ സമാശ്വസിപ്പിക്കുക, ധൈര്യം നൽകുക, രോഗിക്കുവേണ്ടി പ്രാർത്ഥിക്കുക, നമ്മുടെ സ്നേഹം അറിയിക്കുക എന്നിവയൊക്കെയാണ്. അതിനുതകുന്ന പെരുമാറ്റവും സംഭാഷണവുമായിരിക്കണം സന്ദർശകരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതു്. ഗൗരവമുള്ള രോഗാവസ്ഥയിലും, പരിപൂർണ്ണവിശ്രമം ആവശ്യമായിരിക്കുമ്പോഴും, സന്ദർശകർ തങ്ങളുടെ സാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്താൻവേണ്ടി രോഗിയെ വിളിച്ചുണർത്തുന്നതും ശല്യപ്പെടുത്തുന്നതും ഒഴിവാക്കേണ്ടതാണ്.

രോഗിസന്ദർശനത്തിനെത്തുന്നവർ രോഗിയുടെ സാന്നിദ്ധ്യത്തിൽ ഒരു നിമിഷം മൗനമായോ അല്പാതേയോ അയാംക്കുവേണ്ടി പ്രാർത്ഥിക്കുന്നരീതി നല്ലതാണു്. ഇതു് രോഗിക്കു മനശ്ശക്തി വീണ്ടെടുക്കുന്നതിനും ദൈവസഹായം ലഭിക്കുന്നതിനും ഉപകരിക്കും.

രോഗത്തോടും വേദനയോടും വ്യക്തികം പ്രതികരിക്കുന്ന വിധത്തിൽ വ്യത്യാസങ്ങളുണ്ടു്. ചിലർ രോഗങ്ങം മറച്ചുവയ്ക്കാനാഗ്രഹിക്കുമ്പോം മറ്റു ചിലർ നാടകീയമായി അവതരിപ്പിക്കാനാണു് ശ്രമിക്കുക. പരാതിപ്പെട്ടു് ശ്രദ്ധ പിടിച്ചുപറ്റാനാണു് ചിലരുടെ ശ്രമം. ഇത്തരത്തിലുള്ള രോഗികളെ കാരുണ്യത്തോടെയും എന്നാൽ സത്യസന്ധമായും സമീപിക്കണം. അവരെ പുച്ഛിച്ചുതള്ളുകയോ, വിധിയാളന്റെ മനോഭാവമെടുക്കുകയോ ചെയ്യാതെ, 'ഞാൻ നിന്നെ മനസ്സിലാക്കാൻ ശ്രമിക്കാം' എന്ന മനോഭാവമാണു് സന്ദർശകരും കുടുംബാംഗങ്ങളും സ്വീകരിക്കേണ്ടതു്. ഇതിന്റെയർത്ഥം രോഗി പറയുന്നതെല്ലാം നാം അംഗീകരിക്കണമെന്നല്ല. ചില സമയങ്ങളിൽ അല്പം കാരുണ്യത്തോടെയുള്ള കാക്കശ്യവും ഏറുമുട്ടലുകളും വേണ്ടിവരും. രോഗിയിൽ പൊന്തിവരുന്ന ഈർഷ്യ, നീരസം, ശത്രുത ഇവയൊക്കെ ചില ലക്ഷണങ്ങളായിക്കാണണം. അതിന്റെ പിന്നിൽ അംഗീകാരം, സ്നേഹം, മതിപ്പു് തുടങ്ങിയ മാനസികാവശ്യങ്ങംക്കുവേണ്ടിയുള്ള ദാഹം ഉണ്ടായിരിക്കാനാണു് സാധ്യത.

malankaralibrary.com

രോഗത്തെ അംഗീകരിക്കുക

രോഗത്തെ അംഗീകരിക്കാൻ രോഗിയെ പ്രാപ്തനാക്കുകയാണു് സുഖപ്രാപ്തിക്കുള്ള ആദ്യപടി. ഈ രോഗം മാരകമാകുമോ, ഈ ഓപ്പറേഷനെ താൻ അതിജീവിക്കുമോ, മറ്റുള്ളവർ രോഗിയായ തന്നെ എങ്ങനെയായിരിക്കും സ്വീകരിക്കുക തുടങ്ങിയ ആകുലചിന്തകളെല്ലാം രോഗിയെ അലട്ടുന്നുണ്ടു്. രോഗസ്ഥിതി അംഗീകരിക്കാൻ രോഗിയെ സഹായിക്കുകയാണു് ആദ്യം ചെയ്യേണ്ടതു്. ക്രിയാത്മകജീവിതത്തിനുള്ള ലക്ഷ്യങ്ങൾ രോഗിയെക്കൊണ്ടു് അംഗീകരിപ്പിക്കുക വിഷമമേറിയ കാര്യമാണു്. സഹനം മൂല്യരഹിതമല്ലെന്ന മനോഭാവം രോഗിക്കുണ്ടാക്കിക്കൊടുത്താൽ അതു് വളരെ ഗുണംചെയ്യും,

രോഗിയെ സഹായിക്കുന്നതിൽ മിതത്വംപാലിച്ചാൽ അതു രോഗിക്കു് തന്റെ വ്യക്തിത്വമഹിമയെക്കുറിച്ചു് ബോധവാനാകാൻ സഹായകമാകും. അമിതശ്രുശ്രൂഷകളും താത്പര്യവും രോഗിയുടെ അരക്ഷിതത്വവും അപകർഷതാബോധവും വർദ്ധിപ്പിക്കാനിടയുണ്ടു്. മനസ്സിലാക്കുന്നതിലേറെ നിസ്സഹായനാണു് താനെന്നു രോഗിക്കു് അപ്പോൾ തോന്നാം. അതയാളെ കൂടുതൽ നിരാശനാക്കും. തന്റെ ആത്മവിശ്വാസത്തിനു് വെല്ലുവിളിയായിക്കണ്ടാൽ ഏതു സഹായവും രോഗി നിരസിക്കും.

സഹതാപം പ്രകടിപ്പിക്കുന്നതു് താത്പര്യത്തിന്റെ ലക്ഷണമായി രോഗിക്കു തോന്നണമെന്നില്ല. പലപ്പോഴും അന്ത്യം കുറിക്കുമ്പോൾ താൻ വിലകുറഞ്ഞവനാണെന്നു് തോന്നാം. 'കഷ്ടം, നിങ്ങൾക്കിതു സംഭവിച്ചല്ലോ', 'നിങ്ങളുടെ കാര്യമോർക്കുമ്പോൾ എനിക്കു് സങ്കടമാണു്' എന്നൊക്കെ പറയുമ്പോൾ 'എനിക്കിതു സംഭവിച്ചില്ലല്ലോ' എന്ന ധ്വനിയുണ്ടു്. അസ്വാസ്ഥ്യമുള്ളയാളുടെ വികാരങ്ങൾ കണക്കിലെടുക്കാതെയുള്ള സഹതാപപ്രകടനങ്ങളാണിവ.

രോഗിയെ മനസ്സിലാക്കുന്നില്ലെന്ന ധാരണയുണ്ടാക്കുന്ന സഹതാപപ്രകടനങ്ങൾ അയാൾ തിരസ്കരിക്കും. 'തലവേദനയല്ലേ; എനിക്കിതു് മിക്കപ്പോഴും വരുന്നതാണു്, സാരമില്ല' എന്നസഹതാപപ്രകടനത്തിൽ സ്വാംശീകൃതവികാരം(Empathy) കാണുന്നില്ല. രോഗിയെപ്പറ്റിയോ രോഗിക്കുവേണ്ടിയോ എന്ന

malankaralibrary.com

തിനെക്കാളേറെ രോഗിയോടൊത്തു്, അയാളുടെ കാഴ്ചപ്പാടിലൂടെ വീക്ഷിക്കുന്നതിനാണു് സ്വാംശീകൃതമനോഭാവമുള്ള ശുശ്രൂഷകൻ ശ്രദ്ധിക്കുക. രോഗി ആവശ്യപ്പെടുന്നതും പറയുന്നതുമെല്ലാം സാധിച്ചുകൊടുക്കലോ, നീതീകരിക്കലോ അല്ല സ്വാംശീകൃതവിചാരം. രോഗിയെ ഒരു മഹനീയവ്യക്തിയായി അംഗീകരിക്കുന്നതാണതു്. 'നിന്റെ അഭിപ്രായങ്ങളും പ്രവൃത്തികളും ഞാൻ വിലമതിക്കുന്നു. അംഗീകരിക്കുന്നു, എനിക്കവയോടു് ചേർച്ചയില്ലെങ്കിൽത്തന്നെയും. നീയാണെനിക്കു പ്രധാനം, നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു' എന്ന മനോഭാവമാണതു്.

രോഗിയെ സന്ദർശിക്കുന്ന വേളയിലുള്ള ഓരോ വാക്കും ആത്മാർത്ഥതനിറഞ്ഞതായിരിക്കണം. രോഗത്തിന്റെ ഗുരുതരസ്വഭാവത്തെപ്പറ്റിയോ ശുശ്രൂഷയുടെ കുറവിനെപ്പറ്റിയോ, രോഗത്തിന്റെ വരുംവരായ്കകളെക്കുറിച്ചോ, ഡോക്ടറുടെ കഴിവുകേടുകളെക്കുറിച്ചോ ഉള്ള ചർച്ചകളും രോഗിയുടെ സാന്നിദ്ധ്യത്തിൽ ഒഴിവാക്കേണ്ടതാണു്. രോഗിയുടെ ധൈര്യത്തേയും ആത്മവിശ്വാസത്തേയും കെടുത്തുന്ന സംഭാഷണങ്ങളും ഒഴിവാക്കണം എന്നർത്ഥം.

ആസന്നമരണനായ രോഗിയെ സന്ദർശിക്കുന്നതും ആശ്വസിപ്പിക്കുന്നതും വളരെ വേദനാജനകമാണു്. രോഗം മാരകമാണെന്നു് രോഗിയെ അറിയിക്കേണ്ടചുമതല സന്ദർശകന്റേതല്ല. അതു് വേണ്ടപ്പെട്ടവർ ചെയ്തുകൊള്ളും. രോഗത്തിന്റെ അന്ത്യം മരണമാണെന്ന വസ്തുത നമുക്കറിവുള്ളപ്പോഴും അയാളുടെ സഹനത്തിൽ നാം പ്രകടിപ്പിക്കുന്ന സഹാനുഭൂതി വളരെ ഹൃദ്യമായിരിക്കണം. നാം അയാളോടുകൂടി അന്ത്യംവരെ ഉണ്ടായിരിക്കുമെന്നും സാധിക്കുന്നതെല്ലാം ചെയ്യുമെന്നും ഉള്ള ഉറപ്പു് ആസന്നമരണനായ രോഗിക്കു കിട്ടത്തക്കവിധത്തിൽ നാം പെരുമാറേണ്ടതാണു്.

മരണം ക്രിസ്തീയവീക്ഷണത്തിൽ

മരണത്തിനു യുക്തിപരമായ യാതൊരു വിശദീകരണവും ദൈവശാസ്ത്രം നൽകുന്നില്ല. എന്നാൽ ക്രൈസ്തവന്റെ മര

malankaralibrary.com

ണം ഒരു രക്ഷാകരസംഭവമായി വിശദീകരിക്കപ്പെടുന്നു. നിത്യ ജീവനിലേക്കുള്ള കവാടം, കടന്നുപോകൽ തുടങ്ങിയ സംജ്ഞകളും മരണത്തിന്റെ രക്ഷാകരസന്ദേശത്തെ സൂചിപ്പിക്കുന്നുണ്ട്. മരണമെന്ന യാഥാർത്ഥ്യത്തിന്റെമുമ്പിൽ നിദ്രാന്തജാഗ്രത പുലർത്തണമെന്ന സന്ദേശം വി. ഗ്രന്ഥങ്ങളിലുണ്ട്.

ക്രിസ്തുവിന്റെ മരണവുമായി ബന്ധപ്പെടുത്തുമ്പോഴാണ് ക്രൈസ്തവന്റെ മരണത്തിനു് അർത്ഥമുണ്ടാവുക. യേശുവിന്റെ സഹനവും മരണവും മനുഷ്യരോടുള്ള സ്നേഹപ്രകടനവും പിതാവിനോടുള്ള വിധേയത്വവുമായിരുന്നു. മനുഷ്യകുലത്തിന്റെ ദു:ഖവും സങ്കടങ്ങളും ക്രിസ്തു ഏറ്റുവാങ്ങി. പൂർണ്ണമായ ആത്മദാനത്തിലൂടെയും പിതാവിനുള്ള് പൂർണ്ണസമർപ്പണത്തിലൂടെയും യേശു മരണത്തെ ഒരു രക്ഷാകരകൃത്യമാക്കിത്തീർത്തു. യേശുവിന്റെ മരണത്തിലൂടെ വിശ്വാസിയുടെ മരണത്തിനു് ഒരു നൂതനാഭിമുഖ്യം കൈവന്നു. ക്രിസ്തു തന്റെ ഉത്ഥാനത്തിലൂടെ മരണത്തെ പരാജയപ്പെടുത്തി. യേശുവിന്റെ പൂർണ്ണസമർപ്പണത്തിന്റെ അംഗീകാരമായി പിതാവായ ദൈവം അവിടുത്തെ മരിച്ചവരിൽനിന്നുയിർപ്പിച്ചു. അതുപോലെ തന്നെ ക്രിസ്ത്യാനിക്കും സംഭവിക്കും.

പുതിയനിയമത്തിലെ തിരുവചനങ്ങളും ഈ വിശ്വാസം അരക്കിട്ടുറപ്പിക്കുന്നു.

'ഞാനാണു് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'

(യോഹ. 11 : 25)

'എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടു്'

(യോഹ. 6 : 48)

'എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണു്'

(ഫിലി. 1 : 21)

'ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും'

(1 കൊറി.15 : 22)

'ദൈവം കർത്താവിനെ ഉയിർപ്പിച്ചു; അവിടുത്തെ ശക്തിയാൽ നമ്മെയും അവിടുന്നു് ഉയിർപ്പിക്കും'

(1 കൊറി. 6 : 15)

malankaralibrary.com

'യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടി ഉയിർപ്പിക്കും' (1 തെസ്സ. 4:14)

'യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ പ്രദാനംചെയ്യും'

(റോമ. 8:11)

മരണത്തോടുള്ള പ്രതികരണങ്ങൾ

മരണം അസ്വീകാര്യവും ഭീകരവുമായ ഒരു സംഭവമായിട്ടാണ് സാധാരണമനുഷ്യൻ കണക്കാക്കുക. യാഥാർത്ഥികമായോ മനസ്സിലില്ലാമനസ്സോടെയോ മാത്രമേ മരണത്തെപ്പറ്റി അവൻ ചിന്തിക്കാറുള്ളൂ. മരണത്തെ മനുഷ്യൻ ഭയപ്പെടുന്നതിനു വിവിധകാരണങ്ങളുണ്ട്. ഇതോടെ എല്ലാം അവസാനിക്കാം, ബോധമില്ലാത്ത ഒരവസ്ഥയിലെത്തിച്ചേരുമല്ലോ, അഥവാ സ്വന്തക്കാരേയും സ്നേഹിതരേയും വേർപിരിയണമല്ലോ എന്നിത്യാദി ചിന്തകളും, ഭാവിയെക്കുറിച്ചുള്ള അവ്യക്തത, ശിക്ഷയെക്കുറിച്ചുള്ള ഭയം, ആഗ്രഹിച്ചതെല്ലാം ചെയ്തുതീർക്കാനൊത്തില്ലല്ലോ, കുറേക്കൂടി പ്ലാൻചെയ്യാമായിരുന്നല്ലോ എന്നിവിചാരങ്ങളും-ഇവയെല്ലാം രോഗിയെ മഥിക്കാം.

രോഗിക്ക് മരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഉത്കണ്ഠകുറയ്ക്കാൻ കുടുംബാംഗങ്ങൾക്കു ചിലതൊക്കെ ചെയ്യാനാവും. ആസന്നമരണനായ രോഗിക്കു സ്വസ്ഥമായി മരിക്കാനുള്ള അന്തരീക്ഷമൊരുക്കുകയാണു വേണ്ടതു്. ചിലരെ സംബന്ധിച്ചെങ്കിലും തങ്ങൾ ജീവിച്ച ഭവനമായിരിക്കും ആശുപത്രിമുറിയെക്കാൾ സ്വീകാര്യം. പരിചിതവും ഊഷ്മളവുമായ ചുറ്റുപാടുകൾ, ഓക്സിജൻസിലിണ്ടറുകളുടേയും, മെഷീനുകളുടേയും, റ്റ്യൂബുകളുടേയും, സിറിഞ്ചുകളുടേയും ലോകത്തേക്കാൾ രോഗിക്കു സ്വസ്ഥത നൽകിയേക്കാം. അതോടൊപ്പം താൻ ഏറെ സ്നേഹിക്കുന്ന ബന്ധുക്കളും മിത്രങ്ങളും തന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന ഉറപ്പും രോഗിക്കു ലഭ്യമാക്കണം.

മരണം ആസന്നമാണെന്ന വിവരം രോഗിയെ അറിയിക്കുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കണം. രോഗം മാരകമാണെങ്കിലും, മരണവുമായി ബന്ധപ്പെടുത്താതെ അതു രോഗിയെ

malankaralibrary.com

ഗ്രഹിപ്പിക്കാമോ എന്നാണു നോക്കേണ്ടതു്. പ്രതീക്ഷയുടെ കവാടങ്ങൾ കൊട്ടിയടയ്ക്കുന്നവിധത്തിൽ രോഗവിവരം അറിയിക്കരുതു്. ഇനിയും പല കാര്യങ്ങളും ചെയ്യാനുണ്ടെന്നും, അതു് ചെയ്യുമെന്നും രോഗിയെ ധരിപ്പിക്കുക. 'എന്തൊക്കെ സംഭവിച്ചാലും ഞങ്ങളൊക്കെ നിങ്ങളോടൊത്തുണ്ടു്. ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തുകൊള്ളാം' എന്ന മനോഭാവമാണതു്. രോഗിക്കു തന്റെ താത്പര്യങ്ങളും ഇഷ്ടങ്ങളും പ്രകടിപ്പിക്കാനുള്ള അവകാശം ഒരിക്കലും നിഷേധിക്കരുതു്. സാധിക്കുമെങ്കിൽ അതു ചെയ്തുകൊടുക്കണം. അതു രോഗിയിൽ ശുഭാപ്തിവിശ്വാസവും സുരക്ഷിതത്വബോധവും വളർത്തും.

ഡോ. എലിസബത്തു് ക്യൂബ്ലർറോസ് എന്ന മനഃശാസ്ത്രവിദഗ്ദ്ധ, ആസന്നമരണരായ രോഗികളിൽ നടത്തിയ ഗവേഷണങ്ങളിൽനിന്നു്, മരണത്തെ രോഗികൾ അഭിമുഖീകരിക്കുന്ന രീതികളെക്കുറിച്ചു ചില അറിവുകൾ ലഭിച്ചിട്ടുണ്ടു്. തന്റെ മരണത്തെക്കുറിച്ചു ആദ്യംകേൾക്കുന്ന രോഗിയിൽ ഒരു ഞെട്ടലും, അതോടൊപ്പം ഒരു നിഷേധവുമാണുണ്ടാവുക. 'ഇല്ല, ഇതു സംഭവിക്കുകയില്ല' 'എനിക്കു പ്രായമായില്ലല്ലോ' തുടങ്ങിയ പ്രതികരണങ്ങൾ ഇതു സൂചിപ്പിക്കുന്നുണ്ടു്. വാർത്ത അറിയിക്കുന്ന ആളും രോഗിയും തമ്മിൽ ഹൃദ്യമായ ബന്ധമുണ്ടെങ്കിൽ ഈ നിഷേധപ്രകടനത്തിന്റെ ശക്തത അല്പം കുറഞ്ഞേക്കും. ഇതു മനസ്സിന്റെ ഒരു പ്രതിരോധതന്ത്രമാണെന്നു് മനസ്സിലാക്കി, വൈകാരികതലത്തിൽ അടുപ്പമുള്ളവർ രോഗിയുമായി ഇടപെടുകയാണു നല്ലതു്. തന്റെ വികാരങ്ങൾ സ്വതന്ത്രമായി അപ്പോൾ രോഗിക്കു പ്രകടിപ്പിക്കാനാവും. കൂടാതെ, തന്നെ സ്നേഹിക്കുന്നവർ അടുത്തുണ്ടല്ലോ എന്ന സുരക്ഷിതത്വബോധവും രോഗിക്കുണ്ടാകും.

കോപവും ഈർഷ്യയും പ്രകടിപ്പിക്കുന്ന ഘട്ടമാണു് അടുത്തതു്. ശുശ്രൂഷിക്കുന്നവർക്കു് കൂടുതൽ വിഷമത അനുഭവപ്പെടുന്ന ഘട്ടമാണിതു്. രോഗി ഈ അവസരത്തിൽ സന്ദർശകരോടു പരിവേംപറയുകയോ ദ്വേഷ്യപ്പെടുകയോ ഒക്കെ ചെയ്തേക്കാം. ആവശ്യങ്ങളും പരാതികളും ഈ ഘട്ടത്തിൽ കൂടുതലാണു്. മറ്റുള്ളവർ രോഗിയെ സ്നേഹിക്കുന്നു, അംഗീകരിക്കുന്നു, ശ്രദ്ധിക്കുന്നു, എന്ന ബോധം രോഗിക്കു് ഉണ്ടാക്കിക്കൊടു

malankaralibrary.com

ത്താൽ ഈ ഘട്ടം എളുപ്പത്തിൽ രോഗിക്കു തരണംചെയ്യാനാവും. ആന്തരികസംഘർഷങ്ങളും, കുറ്റബോധചിന്തകളും തുടങ്ങിയവ ഈ ഘട്ടത്തിന്റെ പ്രത്യേകതകളാണു്. നേർച്ചകാഴ്ചകളും, ദൈവത്തോടും വിശ്വാസിയോടുമുള്ള വാശാനങ്ങളും, എന്നിവയൊക്കെ നടത്തുന്നതു് കുറ്റബോധത്തെയോ നിരാശയെയോ ആണു് സൂചിപ്പിക്കുക. വൈദികനും കൗൺസലറും ഈ സമയത്തു രോഗിക്കു് ആശ്വാസം നൽകാൻ കഴിയുന്നവരാണു്.

രോഗി മരണവുമായി പൊരുത്തപ്പെടുകയാണു് അടുത്ത ഘട്ടം. വികാരവിചാരങ്ങളും കുറവായ ഒരുനിലയിലേക്കു രോഗി എത്തിച്ചേരുന്നു. സമാധാനവും അംഗീകരണമനഃസ്ഥിതിയും രോഗിക്കു് ഉണ്ടാകും. മറ്റുള്ളവരുടെ സാന്നിധ്യം അന്ത്യംവരെ തന്നോടൊത്തുണ്ടാകുമെന്ന ഉറപ്പു് രോഗിക്കു് ഈ സമയത്തു ധൈര്യംനൽകും. അത്ഥവത്തായ ആശയവിനിമയത്തിന്റെ നിമിഷങ്ങളാണിവ. രക്താർബുദം ബാധിച്ച ലൗലി എന്ന പതിനേഴുകാരി മരണത്തിനു തൊട്ടുമുമ്പു് തന്റെ പിതാവിനോടു് ആവശ്യപ്പെട്ടതു് തന്നെ അല്പസമയം കെട്ടിപ്പിടിച്ചുകിടക്കുവാനാണു്. നീണ്ടയാത്രയ്ക്കു പിടപറയുമ്പോഴുള്ള തഴുകലായി ഇതിനെ വിശേഷിപ്പിക്കാം. മറ്റുള്ളവർക്കു നിസ്സാരമെന്നു തോന്നുന്ന ഈവിധപ്രതികരണങ്ങളെ തള്ളിക്കളയാതെ, മരണത്തോടു് ബന്ധപ്പെട്ട സ്വാഭാവികവും സുപ്രധാനവുമായ സംഭവങ്ങളായി ഇവയെ കാണാൻ രോഗശുശ്രൂഷകർ ശ്രദ്ധിക്കണം.

വൈദികന്റെ സാന്നിധ്യവും മതപരമായ പ്രാത്ഥനകളും രോഗിക്കു് ആശ്വാസം പകരും. എന്നാൽ രോഗിയുടെ പ്രശാന്തത നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഒച്ചയും ബഹളവും വിലാപങ്ങളും ഒഴിവാക്കണം. മരണസമയത്തു്, ഏറ്റം അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും കിടക്കയ്ക്കുസമീപം ഉണ്ടായിരുന്നാൽമതി. 'സമാധാനത്തോടെ പോവുക. ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ട, താങ്കളെ ഞങ്ങളും എന്നും ഓർത്തുകൊള്ളാം' എന്നു വിളിച്ചുപറയുന്ന തരത്തിലുള്ള ഭാവം ആസന്നമരണന്റെ സമീപത്തുള്ളവരിൽ പ്രതിഫലിക്കണം.

വേർപാടിന്റെ വേദന രോഗിയിൽ കുറയ്ക്കാനും മരണത്തെ പ്രത്യാശാപൂർവ്വം സമീപിക്കാനും മേല്പറഞ്ഞ നിർദ്ദേശങ്ങളും സഹായകമാകാതിരിക്കില്ല. ○

malankaralibrary.com

5

നല്ല കുടുംബങ്ങളിലെ ചില നല്ല രീതികൾ

'സന്തോഷം അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും സാമാന്യസ്വഭാവമാണുള്ളത്. എന്നാൽ അസന്തുഷ്ടമായ ഓരോ കുടുംബവും അതിനു സ്വന്തമായ രീതിയിൽ അസന്തുഷ്ടി അനുഭവിക്കുന്നു'. ടോംസ്റോയിയുടെ ഒരു വാക്യമാണിത്. ഒരു ക്രൈസ്തവകുടുംബം സൗഭാഗ്യാവസ്ഥയിലാകണമെങ്കിൽ തത്ത്വാധിഷ്ഠിതവും അടിസ്ഥാനപരവുമായ ചില മനോഭാവങ്ങളും വളർത്തിയെടുക്കേണ്ടതുണ്ട്. അത്തരം മനോഭാവങ്ങളിൽ നിന്നുരുത്തിരിയുന്ന ചില നല്ല പാരമ്പര്യങ്ങളും ആചാരങ്ങളും കുടുംബജീവിതത്തെ സന്തുഷ്ടിയുടേതും സമാധാനത്തിന്റേതുമായ ഒരു പരിവേഷമണിയിക്കുന്നു. ക്രിസ്തീയകുടുംബത്തിൽ ആധ്യാത്മികതയും കൂട്ടായ്മയും സന്തുഷ്ടിയും അനുഭവതലത്തിലാക്കാൻ സഹായകമായ ചില നല്ല വഴക്കങ്ങളെക്കുറിച്ചാണ് ഇതിനുപരി പരിചിന്തനംനടത്തുന്നത്.

1. കൂട്ടായപ്രാർത്ഥന

ഒരുനല്ല കുടുംബം ഈശോയെ കുടുംബത്തിന്റെ നാഥനായി സ്വീകരിക്കുന്നു; തിരുഹൃദയപ്രതിഷ്ഠയിലൂടെ അതു പര

malankaralibrary.com

സ്യമായി പ്രഖ്യാപിക്കുന്നു. ഈ സമർപ്പണം ഓരോ വർഷവും നവീകരിക്കുന്നു. കുടുംബാംഗങ്ങളുടെ സാന്നിധ്യത്തിന്റെ പ്രതീകമായി നാഥന്റെ തിരുമുമ്പിൽ 'കെടാവിളക്ക്' സദാ ജ്വലിക്കുന്നു. ഭവനത്തിന്റെ ഈ നാഥനോട് ജീവിതത്തിലെ എല്ലാ പ്രധാനകാര്യങ്ങളിലും കുടുംബാംഗങ്ങൾ പ്രാർത്ഥനാപൂർവ്വം ആലോചിക്കുന്നു. ഓരോ പ്രഭാതത്തിലും തങ്ങളെയും തങ്ങളുടെ എല്ലാക്കാര്യങ്ങളെയും ഈശോയുടെ മുൻപിൽ സമർപ്പിച്ചുകൊണ്ട് അന്നദിനകൃത്യങ്ങളിൽ വ്യാപൃതരാകുന്നു. ദിവസത്തിന്റെ അന്ത്യത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും നിർബ്ബന്ധപൂർവ്വം കുടുംബപ്രാർത്ഥനയ്ക്കായി ദിവ്യനാഥന്റെ മുമ്പിൽ അണയുന്നു. ഗാനാലാപത്തോടെ പ്രാർത്ഥന ആരംഭിക്കയും സമാപിക്കയും ചെയ്യുന്നു. പ്രാർത്ഥനയുടെ അവസാനം ഏതാനും നിമിഷങ്ങൾ എല്ലാവരും മൗനമായി തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾ കർത്താവിനു സമർപ്പിക്കുന്നു. ഈ മൗനപ്രാർത്ഥനയ്ക്കുശേഷം കുടുംബാംഗങ്ങൾ പരസ്പരം 'സ്തുതി' ചൊല്ലുന്നു. ഈ രണ്ടാമപ്രാർത്ഥനകൾക്കും കുടുംബാംഗങ്ങൾ എല്ലാവരും നിർബ്ബന്ധപൂർവ്വം പങ്കെടുക്കുന്നു. അതിനായി എല്ലാവർക്കും സ്വീകാര്യമായ സമയം അവർതന്നെ നിശ്ചയിക്കും. പ്രാർത്ഥിക്കുന്നതിനായി ഓരോ കുടുംബത്തിലും പ്രത്യേക പ്രാർത്ഥനാസ്ഥലം(മുറി) വേർതിരിച്ചിട്ടിരിക്കും. അവിടെ വിശുദ്ധരൂപങ്ങളോടൊപ്പം, നമ്മുടെ ജീവിതത്തിന്റെ നിയമഗ്രന്ഥമായ വേദപുസ്തകവും സംപൂജ്യമായി പ്രതിഷ്ഠിച്ചിരിക്കും. സന്ധ്യാപ്രാർത്ഥനയിൽ നിശ്ചിതപ്രാർത്ഥനകളോടൊപ്പം ജപമാലയും ബൈബിൾവായനയും ഉണ്ടായിരിക്കും.. കുടുംബാംഗങ്ങൾ ആഴ്ചയിലൊരിക്കൽ നോയ്മ്പും ഉപവാസവും അനുഷ്ഠിക്കുന്നു. യാത്രയ്ക്കും ഭക്ഷണത്തിനും മുൻപുംപിൻപും പ്രാർത്ഥിക്കുന്നു. കുടുംബത്തിന്റെ പ്രതിനിധിയായി ഒരാളെങ്കിലും പ്രതിദിനം ദിവ്യബലിയിൽ പങ്കെടുക്കുന്നു. ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴൊക്കെ വി. കുർബാന സ്വീകരിക്കുന്നതിലും തത്പരരാണ്. ഭക്തിയും പ്രാർത്ഥനയും മതാനുഷ്ഠാനങ്ങളുമൊക്കെ വെറും ആചാരമാത്രമല്ലാതെ, ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുന്നു.

malankaralibrary.com

2. കൂട്ടായ ഭക്ഷണം

സാധിക്കുന്നിടത്തോളം എല്ലാഭക്ഷണവും, ചുരുങ്ങിയ പക്ഷം അത്താഴമെങ്കിലും, കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചു ചേർന്നു കഴിക്കുന്നു. കുടുംബത്തിന്റെ ഐക്യം നിലനിർത്തുന്നതിനു് ഏറ്റവും സഹായകരമായ ഒരു കാര്യമായിട്ടാണു് ഇതു് അവർ കാണുന്നതു്. ഭക്ഷണസമയത്തു് സന്തോഷപൂർവ്വം സംസാരിക്കാനും അങ്ങനെ ഭക്ഷണം ഹൃദ്യതരമാക്കാനും എല്ലാവരും ശ്രദ്ധിക്കുന്നു. കുത്തുവാക്കു്, കൊള്ളിവാക്കു്, കോപപ്രകടനം, തിരുത്തലുകൾ എന്നിവയൊക്കെ ഭക്ഷണസമയത്തു് ബോധപൂർവ്വം അകറ്റിനിർത്തുന്നു. ഉല്ലാസം നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷത്തിലുള്ള ഭക്ഷണം ദഹനത്തിനും ആരോഗ്യത്തിനും മാനസികൈക്യത്തിനും സഹായകമാണല്ലോ. സ്ഥലത്തു സന്നിഹിതരല്ലാത്ത ആരും അപ്പോൾ വിമർശിക്കപ്പെടുന്നില്ല. കുടുംബഭക്ഷത്തിൽ അംഗങ്ങൾക്കു് താത്പര്യവും സന്തോഷവും ഉണ്ടാകാൻ വേണ്ടി ഭക്ഷണം നന്നായി പാകപ്പെടുത്താൻ ശ്രദ്ധിക്കുന്നു. ഇടയ്ക്കൊക്കെ പുതുമയുള്ള വിഭവങ്ങൾ വിളമ്പുന്നു. വിലകൂടിയ വിഭവങ്ങൾക്കല്ല, രുചിസ്സും പോഷകമൂല്യങ്ങൾക്കുമാണു ഭക്ഷണത്തിൽ പ്രാധാന്യംകല്പിക്കുന്നതു്. ഭക്ഷണസമയത്തു ദീക്ഷിക്കേണ്ട സാമാന്യമര്യാദയും ചിട്ടയും കുടുംബാംഗങ്ങൾ പാലിക്കുന്നു. ഇക്കാര്യത്തിൽ വേണ്ടിവരുന്ന തിരുത്തലുകൾ മറ്റു സമയങ്ങളിൽ രഹസ്യമായി നടത്തുന്നു.

3. കൂട്ടായ സംഭാഷണം

സന്തുഷ്ടകുടുംബങ്ങൾ ഒരുമിച്ചുചേർന്നു ചെയ്യുന്ന മൂന്നു കാര്യങ്ങൾ: (1) ഒരുമിച്ചു പ്രാർത്ഥന (2) ഒരുമിച്ചു ഭക്ഷണം (3) ഒരുമിച്ചുള്ള സംഭാഷണം.

കുടുംബാംഗങ്ങൾ എല്ലാവരും കൂടുതൽ സൗകര്യപ്രദമായ സമയത്തു്—അതു പല കുടുംബങ്ങളിലും അത്താഴംകഴിഞ്ഞാണു്—ഒരുമിച്ചിരുന്നു സംഭാഷണംനടത്തുന്നു. കുടുംബകാര്യങ്ങൾ, അന്നന്നു് ഓരോരുത്തർക്കുമുണ്ടായ അനുഭവങ്ങൾ, പിറേറദിവസമോ അടുത്ത ദിവസങ്ങളിലോ നിർവ്വഹിക്കേണ്ട കുടുംബകാര്യങ്ങൾ, കുടുംബങ്ങളിൽ തിരുത്തേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ,

malankaralibrary.com

നാട്ടിലെ പൊതുക്കാര്യങ്ങളും എന്നിവയൊക്കെ ഈ സംഭാഷണ വിഷയങ്ങളായിരിക്കും. സ്വീകരിക്കേണ്ടതു് സ്വീകരിക്കാനും തിരുത്തേണ്ടതു തിരുത്താനുമുള്ള സന്നദ്ധതയോടെ, വ്യക്തിപരവും വ്യത്യസ്തവുമായ അഭിപ്രായങ്ങളും തുറന്ന പ്രകടിപ്പിക്കാനും പ്രതികരിക്കാനും ഇവിടെ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കും. ശരിയും തെറ്റും കാണാനും കാണിച്ചുകൊടുക്കാനുമുള്ള ഒരവസരമായും എല്ലാവരും ഇതിനെ പരിഗണിക്കുന്നു. ഭിന്നതകളും കലഹങ്ങളും പരിഹരിക്കാനും കുടുംബാംഗങ്ങളും പരസ്പരം അനുരഞ്ജനത്തിലെത്താനും പ്രത്യേകം രീതികളും ഉണ്ടായിരിക്കും. വേദനിപ്പിക്കുന്ന വാക്കുകളും പരാമർശങ്ങളും ഒഴിവാക്കാൻ അംഗങ്ങളും ശ്രദ്ധിക്കും. മാതാപിതാക്കളും തമ്മിൽ ധാരാളം ആശയവിനിമയം നടത്തുന്ന കുടുംബങ്ങളിൽ, മക്കൾക്കു സുരക്ഷിതത്വബോധം കൂടുതൽ അനുഭവപ്പെടുന്നുവെന്ന സത്യം അവർ കണക്കിലെടുക്കുന്നു.

കുടുംബാംഗങ്ങളും പരസ്പരം വിലമതിക്കുന്നവരും അഭിനന്ദനങ്ങളും അനുമോദനങ്ങളുംവഴി അതു് അറിയിക്കുന്നവരുമാണു്. അവർ പരസ്പരം ഇഷ്ടപ്പെടുന്നുവെന്നു മാത്രമല്ല, ഇഷ്ടമാണെന്നു് പറയുകയും ചെയ്യുന്നു.

കുടുംബാംഗങ്ങളും ശുഭാപ്തിവിശ്വാസം പുലർത്തുന്നവരും, നശീകരണരീതിയിലുള്ള വിമർശനം ഒഴിവാക്കുന്നവരും, തങ്ങളുടേതായ സ്ഥാപനങ്ങളെ (ദേവാലയം, വിദ്യാലയം, ആശുപത്രി)പിൻതാങ്ങുന്നവരുമായിരിക്കും. ക്രിയാത്മകമായ വിമർശനംവഴി നന്മചെയ്യാൻ തത്പരരും ന്യൂനതകളും പോരായ്മകളും സ്നേഹപൂർവ്വം രഹസ്യമായിപ്പറഞ്ഞു് തിരുത്താൻ ശ്രദ്ധാലുക്കളുമായിരിക്കും.

4. ഒഴിവുസമയം ഒരുമിച്ചു്

തങ്ങൾക്കു ലഭിക്കുന്ന ഒഴിവുസമയം കുടുംബാംഗങ്ങളും ഒരുമിച്ചു ചെലവഴിക്കുന്നു. എല്ലാവരുമൊത്തുകഴിയാൻവേണ്ടി കുറേ സമയമെങ്കിലും കുടുംബാംഗങ്ങളും ഒന്നുചേർന്നു് എന്തെങ്കിലും ചെയ്യുന്നു; ഭക്ഷണപാനീയങ്ങളും പാകപ്പെടുത്തുക, തോട്ടത്തിൽ പണിയുക, വീടും പരിസരവും വൃത്തിയാക്കുക; അങ്ങ

malankaralibrary.com

നെ എന്തെങ്കിലും കൂട്ടായ യത്നത്തിനു സമയം കണ്ടുപിടിക്കുകയും, അതിനായി മറ്റെല്ലാം മാറ്റിവയ്ക്കുകയും ചെയ്യുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയുമായും (ഭാര്യ, ഭർത്താവ്, മകൻ, അമ്മ)തനിച്ച് സംഭാഷണം നടത്താനും, അഭിപ്രായങ്ങൾ കൈമാറാനും കൂടുതൽ സമയം മാറ്റിവയ്ക്കുന്നു. ദിനപത്രങ്ങൾക്കും ടി.വിക്കും കൊടുക്കുന്ന സമയം കുറച്ചുകൊണ്ടുതന്നെ കുടുംബത്തിനു കൂടുതൽ സമയം കൊടുക്കുന്നു. കുടുംബാംഗങ്ങൾക്കായി മാറ്റിവച്ചിരിക്കുന്ന സമയം ഉദ്യോഗസംബന്ധമായ കാര്യങ്ങളോ സാമൂഹ്യരാഷ്ട്രീയപ്രവർത്തനങ്ങളോ പതിവായി അപഹരിക്കാൻ അനുവദിക്കയുമില്ല.

ശാരീരികമാനസികാരോഗ്യത്തിനും കുടുംബൈക്യത്തിനും വിനോദവും ഒരവശ്യഘടകമാണല്ലോ. കുടുംബാംഗങ്ങൾ ഒരുമിച്ച് ഏതെങ്കിലും കലാപരിപാടികളിലോ കായികവിനോദങ്ങളിലോ വിനോദയാത്രകളിലോ ചിലപ്പോഴൊക്കെ പങ്കെടുക്കുന്നു. ഒരുമിച്ചു കളിക്കാനും തമാശകൾ പറഞ്ഞു രസിക്കാനും കുടുംബവിനോദങ്ങളിൽ പങ്കെടുക്കാനും അവർ സമയം കണ്ടെത്തുന്നു.

ഒഴിവുദിവസങ്ങളിലും ഞായറാഴ്ചകളിലും ചിലപ്പോഴൊക്കെ അയൽക്കാരുടെയും വീട്ടുകാരെ സന്ദർശിക്കുന്നതിനും, അകലെ താമസിക്കുന്ന കുടുംബാംഗങ്ങൾക്ക് കത്തുകളും ചിലപ്പോഴെങ്കിലും സമ്മാനങ്ങളും അയയ്ക്കുന്നതിനും താത്പര്യം കാട്ടുന്നു.

കുടുംബാംഗങ്ങൾക്കിടയിൽ ഗ്രൂപ്പിസമോ ചേരിതിരിവോപോലുള്ള പ്രവണതകൾ ഉണ്ടാകാതിരിക്കാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കുന്നു.

5. കുടുംബാംഗങ്ങൾതമ്മിലുള്ള വിശ്വാസം

'നിനക്കു നിന്റെ അമ്മയെപ്പോലും വിശ്വാസമില്ലെങ്കിൽപ്പിന്നെ ആരെ വിശ്വസിക്കാം?' ഒരു പിതാവ് മകനോട് ചോദിച്ച ചോദ്യമാണിത്. കുടുംബാംഗങ്ങളിൽ സുരക്ഷിതത്വബോധവും സൗഭാഗ്യവും പകരുന്നത് പരസ്പരവിശ്വാസമാണ്. തങ്ങൾ വിശ്വസ്തരാണെന്നു മക്കൾ തങ്ങളുടെ പ്രവൃത്തികൾ മൂലം തെളിയിക്കുന്നു. വിശ്വാസം നഷ്ടപ്പെട്ടുത്താവുന്ന പ്രവൃ

malankaralibrary.com

ത്തികളൊന്നിലും കുടുംബാംഗങ്ങൾ, തമാശയ്ക്കായിപ്പോലും ഉൾപ്പെടാറില്ല. ഏതെങ്കിലും കാരണത്താൽ വിശ്വാസം നഷ്ടപ്പെട്ടാൽ അതു വീണ്ടെടുക്കാൻ പരിശ്രമിക്കുന്നു.

6. ബഹുമാനവും ആദരവും

കുടുംബാംഗങ്ങൾ പരസ്പരം ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറുന്നു. ദമ്പതികൾതമ്മിലും മക്കളും മാതാപിതാക്കളുംതമ്മിലും സഹോദരങ്ങൾ തമ്മിൽത്തമ്മിലും ഇടപെടുന്നതു് ബഹുമാനത്തോടെയായിരിക്കും. ഭയത്തിൽനിന്നോ ആശ്രിതമനോഭാവത്തിൽനിന്നോ ഉണ്ടാകുന്ന ബഹുമാനമല്ലിതു്, പ്രത്യുത, സ്നേഹത്തിൽനിന്നും അംഗീകാരത്തിൽനിന്നും ഉളവാകുന്നതാണു്.

പരസ്പരം ബഹുമാനിക്കുന്നെങ്കിലും തെറ്റായ പ്രവൃത്തികളെ അംഗീകരിക്കുന്നില്ല. പരസ്പരം സംബോധനചെയ്യുന്നതും ബഹുമാനപൂർവ്വകമായിരിക്കും. ഭർത്താവിനു് ഭാര്യയെ എങ്ങനെയും വിളിക്കാമെന്നില്ല. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബഹുമാനപ്രകടനം മക്കളിലും പ്രതിഫലിക്കുന്നു. കുടുംബനാഥനു പ്രഥമസ്ഥാനം നൽകാൻ എല്ലാവരും ശ്രദ്ധിക്കുന്നു. വീട്ടിൽ വരുന്നവരോടും പുറത്തുള്ളവരോടും ബഹുമാനപുരസ്സരം പെരുമാറാനുള്ള പരിശീലനം നൽകുന്നു. വീട്ടുജോലികളിൽ സഹായിക്കുന്നവരെയും മറ്റു് ആശ്രിതരെയും അവരുടെ പ്രായത്തിനും മറ്റും ചേർന്നപടി ബഹുമാനത്തോടെ സംബോധനചെയ്യാൻ നിഷ്കർഷിക്കുന്നു.

മറ്റുള്ളവരുടെ അഭിപ്രായത്തെ മാനിക്കുകയും അവരുടെ വസ്തുവകകളുടെ കാര്യത്തിൽ പരിഗണന പ്രകടിപ്പിക്കുകയും ചെയ്യുന്നു.

7. രഹസ്യംസൂക്ഷിപ്പുകാർ

കുടുംബാംഗങ്ങളിൽ ഓരോരുത്തർക്കും അവരവരുടേതായ ചില രഹസ്യങ്ങൾ ഉണ്ടായിരിക്കാം. അവയെ മറ്റുള്ളവർ മാനിക്കുന്നു. അറിയാനിടയാകുന്ന രഹസ്യങ്ങൾ പരസ്യപ്പെടുത്താറില്ല, സ്വകാര്യരഹസ്യങ്ങൾ വെളിപ്പെടുത്തണമെന്നു നിർബന്ധിക്കാറുമില്ല. കുടുംബാംഗങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ

malankaralibrary.com

ചിലതെല്ലാം രഹസ്യമായിരിക്കേണ്ടതിനാൽ, എല്ലാം തുറന്ന പുസ്തകമായിരിക്കണമെന്നു് ശാഠ്യംപിടിക്കാറില്ല.

വളർന്നുവരുന്ന മക്കൾക്കു് പ്രായത്തിനനുസരിച്ച സ്വാതന്ത്ര്യവും സ്വകാര്യതയും (മുറി, പെട്ടി, കത്തുകൾ, ചെലവഴിക്കുന്ന പണം തുടങ്ങിയ കാര്യങ്ങളിൽ) അർഹിക്കുന്ന രീതിയിൽ അനുവദിച്ചുകൊടുക്കുന്നു.

8. സേവനതത്പരർ

സ്നേഹമെന്നുപറയുന്നതു് മുഖാഭിമുഖം നോക്കിയിരിക്കുന്നതല്ല, പ്രത്യുത ഇരുവരും ഒരേലക്ഷ്യത്തിലേക്കു് നോക്കുന്നതാണു്. തങ്ങൾ സ്നേഹിക്കുന്ന ആളിന്റെ ആവശ്യങ്ങൾ കാണാനും അയാളെ സഹായിക്കാനും കുടുംബാംഗങ്ങൾ പരിശ്രമിക്കുന്നു. മറ്റുള്ളവരെപ്പറ്റി ചിന്തയുള്ളവരും, അർഹിക്കുന്നവരുടെ സഹായത്തിനെത്തുന്നവരുമാണു് അവർ.

അവർ വാക്കുകൊണ്ടുമാത്രം കടമ തീർക്കുകയില്ല; ദുരഭിമാനത്തിന്റെയും സ്വാർത്ഥതയുടെയുംപേരിൽ സേവനരംഗങ്ങളിൽനിന്നു മാറിനിൽക്കുകയുമില്ല. ആവശ്യവും സാഹചര്യവും മനസ്സിലാക്കി ഓരോന്നും ചെയ്യുന്നു. സേവനസംഘടനകളിൽ അംഗത്വം സ്വീകരിക്കുന്നു. ആർഭാടവും അലങ്കാരവും ഉപേക്ഷിച്ചു് ലളിതവും ചെലവുകുറഞ്ഞതുമായ ജീവിതശൈലികൾ സ്വീകരിക്കുന്നു.

അർഹിക്കുന്നവർക്കു് ആതിഥ്യം നൽകാനും, സ്വന്തം കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും എല്ലാക്കാര്യങ്ങളിലും ന്യായമായ നിയന്ത്രണം പാലിക്കാനും ഉത്തമകുടുംബത്തിലെ അംഗങ്ങൾ ശ്രദ്ധിക്കുന്നു. മക്കളിൽ സാമൂഹ്യാവ്ബോധം വളർത്തുന്നു. ഒറ്റപ്പെട്ടുനിൽക്കുന്ന കുടുംബമാകാതെ ഇടവകപ്പള്ളിയുടെയും നാട്ടിലെ പൊതുസ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ മനസ്സിലാക്കി സഹകരിച്ചുപ്രവർത്തിക്കുന്നു.

9. കുടുംബമഹത്ത്വം

ഓരോ കുടുംബത്തിനും അതിന്റേതായ പാരമ്പര്യങ്ങളും മഹത്ത്വവും രീതിയും ചിട്ടയും ചട്ടങ്ങളുമൊക്കെയുണ്ടു്. ആരും

malankaralibrary.com

സ്വന്തം കുടുംബത്തെയും ബന്ധുക്കളെയും സ്വയം തെരഞ്ഞെടുക്കുന്നില്ല: അവ ജന്മസിദ്ധമായി ലഭിക്കുന്നതാണ്. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന സ്നേഹവും പിന്തുണയും തണലും ലഭിക്കുന്ന ഒരു മധുരസ്ഥലമാണു കുടുംബം.

ഓരോ കുടുംബവും അതിന്റെ പാരമ്പര്യവും മാഹാത്മ്യവും കാത്തുസൂക്ഷിക്കുന്നു. കുടുംബക്കാർ ചിലപ്പോഴൊക്കെ ഒരുമിച്ചുകൂടുകയും ഒരുമിച്ചുകൂടാൻ ബോധപൂർവ്വം ചില പ്രത്യേക സന്ദർഭങ്ങളും ഒരുക്കുകയും ചെയ്യുന്നു. വിവാഹം, പ്രഥമദിവ്യകാരുണ്യസ്വീകരണം, വിവാഹജൂബിലികൾ തുടങ്ങിയവയൊക്കെ അത്തരം ചില സന്ദർഭങ്ങളാണ്. പഴയ തലമുറയും പുതിയ തലമുറയും ഒരുമിച്ചുകൂടാനുള്ള അവസരങ്ങളും ഉത്തമകുടുംബങ്ങളിലുണ്ട്. മരിച്ചുപോയ കുടുംബാംഗങ്ങളെ പുതിയ തലമുറയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കും. കാരണവന്മാർ ശിശുക്കളെ താത്പര്യപൂർവ്വം പരിചയപ്പെടും. കാരണവന്മാർക്കു സേവനം ചെയ്യുന്നതിൽ പുതിയ തലമുറ സംതൃപ്തി കണ്ടെത്തുന്നു. ഓരോ കുടുംബത്തിനും അവരവരുടേതായ ആഘോഷങ്ങളുണ്ട്. സ്കൂളിൽ നിന്നു് അവധിയെടുത്താണെങ്കിൽപ്പോലും കുട്ടികളും അതിൽ പങ്കെടുക്കുന്നു.

കാത്തുസൂക്ഷിക്കേണ്ട ചില നല്ല രീതികളും ഓരോ നല്ല കുടുംബത്തിനുമുണ്ടാകും. വീട്ടിൽ വരുന്നവരെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുക, സാധുക്കളെ സഹായിക്കുക, പള്ളിക്കു സംഭാവനയും സമ്മാനവും കായ്കനികളും നൽകുക, ഇടവകവികാരിയെ കുടുംബാംഗങ്ങളിലൊരാളായിക്കണ്ടു് വിശേഷദിവസങ്ങളിലും മറ്റും പ്രത്യേകം പരിഗണിക്കുക, സ്വന്തം കുടുംബം എന്ന ചിന്തയും കുടുംബത്തിന്റെ സല്പേരും ഉയർത്തിപ്പിടിക്കുക, കുടുംബത്തിന്റെ തനിമകളിൽ അഭിമാനംകൊള്ളുക, പിൻതലമുറയ്ക്കു അവ കൈമാറാൻ പരിശ്രമിക്കുക, കുടുംബത്തിലെ നവാഗതരെ അവയെല്ലാം പരിശീലിപ്പിക്കുക എന്നിവയൊക്കെ ആ നല്ലരീതികളിൽപ്പെടും.

10. കൂട്ടുത്തരവാദിത്വം

'കാട്ടിലെ തടി, തേവരുടെ ആന' എന്ന മനോഭാവം കുടുംബാംഗങ്ങൾക്കില്ല. ഭരണകക്ഷി-പ്രതിപക്ഷചിന്താഗതി

malankaralibrary.com

യൊന്നും കുടുംബാന്തരീക്ഷത്തിനിണങ്ങുന്നതല്ലല്ലോ. ഇണയും തുണയും ആയിരിക്കേണ്ട ഭാര്യയും ഭർത്താവും പരസ്പരം ആലോചിച്ചും സഹായിച്ചും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നു. നിർദ്ദേശങ്ങളും പരിശീലനവുംവഴി മക്കളുടെ തെറ്റുകൾ തിരുത്തുകയും നല്ല കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്തുകൊണ്ട് മക്കളെ ഉത്തരവാദിത്വത്തിൽ പരിശീലിപ്പിക്കുന്നു. പ്രായത്തിനും അറിവിനും അനുസൃതമായി തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാൻ കുട്ടികൾ പരിശ്രമിക്കുന്നു. തങ്ങളുടെ അശ്രദ്ധകൊണ്ട് ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ അതു് സ്വയം നികത്താൻ അവർതന്നെ ശ്രദ്ധിക്കുന്നു. പരസ്പരമുള്ള കുറ്റാരോപണവും നിസ്സഹകരണവും ഒഴിവാക്കി പ്രോത്സാഹനവും അംഗീകാരവും സൃഷ്ടിപരമായ തിരുത്തലുകളും നൽകുന്നു.

11. തെറ്റും ശരിയും എന്താണെന്നു പഠിപ്പിക്കുന്നു.

മാതാപിതാക്കൾക്ക പ്രധാനകാര്യങ്ങളിൽ അഭിപ്രായൈക്യം ഉണ്ടായിരിക്കും. തെറ്റും ശരിയും ഏതാണെന്നറിയാതെ തപ്പിത്തടയാൻ മക്കളെ അവർ അനുവദിക്കാറില്ല. മൂല്യബോധത്തിലും, ശരിയുംതെറ്റും നിർണ്ണയിക്കുന്നതിലും സമൂഹത്തിൽ അഭിപ്രായവ്യത്യാസങ്ങൾ കാണാമെങ്കിലും, സ്വന്തം കുടുംബാംഗങ്ങൾക്കിടയിൽ അങ്ങനെ സംഭവിക്കാതിരിക്കാൻ അവർ ശ്രദ്ധിക്കുന്നു. ധാർമ്മികബോധത്തോടെ ജീവിക്കാൻ മക്കൾക്കു പരിശീലനം ലഭിക്കുന്നു. മാതാപിതാക്കളുടെ മാർഗ്ഗനിർദ്ദേശം ഇല്ലാതെ മക്കൾക്ക് ഇന്നു ധാർമ്മികബോധം ലഭിക്കുകയും നിലനിർത്തുകയും എളുപ്പമല്ല. കുട്ടികൾ തെറ്റു ചെയ്യുമ്പോൾ മൗനംപാലിക്കുന്നപക്ഷം തങ്ങൾ ചെയ്തതു ശരിയാണെന്നു അവർ തെറ്റിദ്ധരിക്കാനിടയുണ്ട്. വ്യക്തമായ ബോധ്യത്തോടെ ശരിയും തെറ്റും എന്താണെന്ന് മാതാപിതാക്കൾ മക്കൾക്കു പറഞ്ഞുകൊടുക്കുന്നു.

12. പ്രശ്നങ്ങൾ അംഗീകരിക്കുന്നു

പ്രശ്നങ്ങളില്ലാത്ത കുടുംബമില്ലെന്നും പ്രശ്നങ്ങൾ കുടുംബജീവിതത്തിന്റെ ഭാഗമാണെന്നും ഉത്തമകുടുംബത്തിലെ അംഗങ്ങൾക്കറിയാം. കുടുംബത്തിലെ പ്രശ്നങ്ങൾ (ഉദാഹര

malankaralibrary.com

ണത്തിനു തൊഴിലില്ലായ്മ, ഏതെങ്കിലുമൊരംഗത്തിന്റെ അംഗവൈകല്യം, കുടുംബനാഥന്റെ രോഗം) ഒറ്റക്കെട്ടായിനിന്നു കൈകാര്യംചെയ്യാൻ എല്ലാവരും ശ്രമിക്കുന്നു. കൂടുതൽ സ്നേഹവും സഹതാപവും അർഹിക്കുന്നവരെ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കും. കുടുംബപ്രശ്നങ്ങളെ അംഗീകരിക്കയും അഭിമുഖീകരിക്കാൻ പഠിക്കയും ചെയ്യുന്നതാണല്ലോ വിവേകത്തിന്റെ വഴി. ഉള്ള പ്രശ്നങ്ങളും അംഗീകരിക്കാതിരിക്കുന്നതു് കണ്ണടച്ചു് ഇരുട്ടാക്കുന്നതിനു തുല്യമാണു്. പ്രശ്നങ്ങളും മുൻകൂട്ടിക്കാണാനും ചൂണ്ടിക്കാണിച്ചുതരുമ്പോഴും, അംഗീകരിക്കാനും സാധിക്കണം.

പ്രശ്നങ്ങളും അംഗീകരിക്കുമ്പോഴും പരിഹരിക്കാൻ പരിശ്രമിക്കുമ്പോഴും, അതുമായി ബന്ധപ്പെട്ട വ്യക്തികളുടെ സല്പേരിനു് കളങ്കംവരുത്തിക്കാതിരിക്കാനും വിവേകപൂർവ്വം രഹസ്യംകാക്കാനും ശ്രദ്ധിക്കേണ്ടതുണ്ടു്. അത്തരം ചില പ്രശ്നങ്ങളും ബന്ധപ്പെട്ട വ്യക്തികളൊഴികെ, കുടുംബത്തിലെ ഇതരാംഗങ്ങളംപോലും അറിയാതിരിക്കുകയാണുചിതം.

പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്ന വ്യക്തിക്കു് കുടുംബാംഗങ്ങളോടു് അതു തുറന്നുപറയാനും സഹായംതേടാനും സാധിക്കത്തക്കവിധം സുദൃഢമായിരിക്കണം അംഗങ്ങളുടെ പരസ്പരസ്നേഹവും ഐക്യവും.

13. പണവും ചെലവും

ന്യായമായ വഴിയിൽക്കൂടിയേ ധനംസമ്പാദിക്കാവൂ എന്ന നിർബ്ബന്ധം എല്ലാ നല്ല കുടുംബങ്ങളുംക്കുമുണ്ടായിരിക്കും. കുടുംബത്തിന്റെ ആവശ്യങ്ങളും നിറവേറ്റാൻ സമ്പത്തു കരുതുമെങ്കിലും, അമിതമായ ലുബ്ധും ധാരാളിത്തവും ഒഴിവാക്കും. പണം മനുഷ്യനുവേണ്ടിയാണു്, മനുഷ്യൻ പണത്തിനുവേണ്ടിയല്ല എന്ന ബോധം കുടുംബാംഗങ്ങളെ നയിക്കുന്നു. കുടുംബസ്വത്തു് എല്ലാവരുടേതുമാണെന്ന ചിന്ത വളർത്തണം. ആവശ്യവും സാഹചര്യവുമനുസരിച്ചു് പണം ചെലവുചെയ്യാൻ ഭർത്താവിനും ഭാര്യയ്ക്കും മക്കൾക്കും അവകാശമുണ്ടായിരിക്കും; പക്ഷേ പരസ്പരധാരണയോടും വേണ്ട ക്രമീകരണത്തോടുംകൂടിയായിരിക്കു

malankaralibrary.com

മെന്ന മാത്രം. വരവും ചെലവും കുടുംബാംഗങ്ങൾ ധരിച്ചിരിക്കേണ്ടതുണ്ട്.

നാട്ടിലെ നല്ല കാര്യങ്ങൾക്കു കഴിവനുസരിച്ചു ധനസഹായംചെയ്യാൻ ഉത്തമകുടുംബം തയ്യാറാണ്. വിജ്ഞാനസമ്പാദനത്തിനാവശ്യമായ നല്ല ഗ്രന്ഥങ്ങൾ, മതപരമായ പ്രസിദ്ധീകരണങ്ങൾ മുതലായവയ്ക്കു ചെലവാക്കുന്ന പണം ഒരു നഷ്ടമല്ലെന്നു് അവർ മനസ്സിലാക്കുന്നു.

14. അതിഥിസൽക്കാരം

ബന്ധുക്കളെയും സ്നേഹിതരെയും വീട്ടിലേക്കു സ്വാഗതം ചെയ്യുകയും, അവരുടെ ആഗമനം സന്തോഷത്തിന്റെ ഒരവസരമായിക്കാണുകയും ചെയ്യുന്നു. കുടുംബാംഗങ്ങൾ എല്ലാവരും പ്രസന്നതയോടെ, ഒരു ഭാരമാണെന്ന ചിന്തകൂടാതെ അതിഥികളുടെയടുത്തു് കുറച്ചുസമയമെങ്കിലും ചെലവഴിക്കുന്നു.

സുഹൃത്തുക്കൾ മനുഷ്യന്റെ ഒരാവശ്യമാണല്ലോ. നല്ല കുടുംബങ്ങൾക്കു് സുഹൃത്തുക്കൾ താനെയുണ്ടായിക്കൊള്ളും. ജാതിമതഭേദമെന്യേ അയൽവക്കക്കാരോടു് സൗഹൃദംപുലർത്തുകയെന്നതു് ഒരു മുതൽക്കൂട്ടാണെന്നു് ഉത്തമകുടുംബങ്ങൾക്കറിയാം. അയൽക്കാരെ വെറുക്കുന്നതും വെറുപ്പിക്കുന്നതും അവർ ദോഷമായിക്കരുതുന്നു. പരസ്പരം സഹായവും വായ്പയും വിട്ടുവീഴ്ചാമനോഭാവവും ആവശ്യമാണെന്നു് അവർ വിശ്വസിക്കുന്നു. സുഹൃത്തുക്കളുടെയും അയൽക്കാരുടെയും ബന്ധുക്കളുടെയും വീടുകൾ സന്ദർശിക്കാനും അവർ സമയംകണ്ടെത്തുന്നു.

മദ്യം വിഷമാണെന്നും അതു കഴിക്കുന്നതും അതിഥികൾക്കു കൊടുക്കുന്നതും മാന്യതയ്ക്കു ചേർന്നതല്ലെന്നും അവർ വിശ്വസിക്കുന്നു. അവർ കുടുംബത്തിൽ മറ്റുള്ളവരുടെ കുറവുകൾ ചർച്ചചെയ്യുകയോ അതിഥികളെ അതിനനുവദിക്കയോ ചെയ്യാറില്ല. മാന്യവും ഉചിതവുമായ കാര്യങ്ങൾ മാത്രമായിരിക്കും അവരുടെ സംസാരവിഷയം.

ഒരു ഉത്തമകുടുംബത്തിൽ നിലവിലിരിക്കുന്ന രീതികളുടെയും പാരമ്പര്യങ്ങളുടെയും രൂപരേഖമാത്രമാണു മുകളിൽക്കൊടു

malankaralibrary.com

ത്തത്. ഇക്കാര്യങ്ങളിൽ ഏകതാനതയും ഐകരൂപ്യവും കർശ മായി പാലിക്കപ്പെടണമെന്നല്ല വിവക്ഷ. ഓരോ കുടുംബത്തി നും അതിന്റേതായ പ്രവർത്തനശൈലിയുണ്ടാവാം. അതു് ആ കുടുംബത്തിന്റെ സവിശേഷവ്യക്തിത്വത്തോടു് ഏറെക്കുറെ ബന്ധപ്പെട്ടുമിരിക്കാം. എന്നാൽ അടിസ്ഥാനപരമായ ബോ ധ്യങ്ങളിലും മനോഭാവങ്ങളിലും ഉത്തമകുടുംബങ്ങൾക്കു് ഏറെ ക്കുറെ ഒരൈകരൂപ്യമുണ്ടായിരിക്കുമെന്നതു് നിഷേധിച്ചുകൂടാ. എല്ലാ സന്തുഷ്ടകുടുംബങ്ങളും ഒരുപോലെയാണു് എന്നു് ടോം സ്റ്റോറായി പറഞ്ഞപ്പോഴും മൂല്യവിഷയകമായ ഈ ഐകരൂ പ്യവുംകൂടി അദ്ദേഹം വിവക്ഷിച്ചുകാണുമോ എന്തോ! ○

malankaralibrary.com

ഭാഗം എട്ടു്

ധാർമ്മികപ്രശ്നങ്ങൾ

malankaralibrary.com

1

ലൈംഗികധാർമ്മികത

ലൈംഗികതയ്ക്ക് തനതായ വശീകരണശക്തിയുണ്ട്. ലൈംഗികതപോലെ മനുഷ്യവ്യക്തിത്വത്തിന്റെ മറ്റൊരുമാനവും അത്ര സമൃക്കായും വ്യാപകമായും മനുഷ്യന്റെ പെരുമാറ്റങ്ങളെ സ്വാധീനിക്കുകയും ജീവിതത്തിനു നിറംചാർത്തുകയും ചെയ്യുന്നില്ല. മനുഷ്യാസ്തിത്വത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന അടിസ്ഥാനഘടകമായ ലൈംഗികതയെക്കുറിച്ച് മനുഷ്യർ പല വീക്ഷണങ്ങളും മനോഭാവങ്ങളുമാണു വച്ചുപുലർത്തുന്നതു്. അമൂല്യമായ ഒരു ദൈവദാനമെന്നനിലയിൽ ചിലർ അതിനെ മാനിക്കുകയും ആദരിക്കയും ചെയ്യുന്നു. ചിലർ സന്തോഷം നേടാനുള്ള ഒരു മാർഗ്ഗമായി അതിനെ കണക്കാക്കുന്നു. മറ്റു ചിലരാകട്ടെ ധനവും പ്രശസ്തിയും നേടാൻ ഒരു ഉപാധിയെന്ന നിലയിൽ അതിനെ വീക്ഷിക്കുന്നു. വേറെ ചിലരോ, തിന്മയായും പാപകരമായും ലൈംഗികതയെ തരംതാഴ്ത്തുന്നു. ഈ വീക്ഷണങ്ങളെല്ലാം ഒരുപോലെ ശരിയും സ്വീകാര്യവുമല്ല.

നല്ലതും തീയതുമായ ലൈംഗികവ്യാപാരങ്ങളെ വേർതിരിച്ച് മാർഗ്ഗനിർദ്ദേശം നല്കാൻ കഴിയുന്ന വിവിധവിജ്ഞാനശാഖകളെയും പ്രസ്ഥാനങ്ങളെയും ആളുകളും പ്രത്യേകതാത്പര്യത്തോടെ വീക്ഷിക്കുന്നു. വൈദ്യശാസ്ത്രവും മനഃശാസ്ത്രവും ഏതേതു ലൈംഗികവ്യാപാരങ്ങളും ബന്ധങ്ങളുമാണു് ശാരീരി

malankaralibrary.com

കവും മാനസികവുമായ ആരോഗ്യത്തിനു് ഹാനികരമാവുക എന്നു ചൂണ്ടിക്കാണിക്കുന്നുണ്ടു്. സമൂഹത്തിന്റെ ഭദ്രതയ്ക്കും മാന്യതയ്ക്കും ഹാനികരമാകയാൽ നിഷേധ്യവും ശിക്ഷാർഹവുമായ ലൈംഗികപ്രവൃത്തികളും ഏവയാണെന്നു് സമൂഹവും നിയമവും ചൂണ്ടിക്കാട്ടുന്നു. ലൈംഗികവ്യാപാരങ്ങളിലെ തെറ്റും ശരിയും നിർണ്ണയം ചെയ്യുന്നതു മതവും സന്മാർഗ്ഗശാസ്ത്രവുമാണു്. മറുവാക്കുകളിൽ, ഒരു ലൈംഗികപ്രവൃത്തി ആരോഗ്യകരമോ അനാരോഗ്യകരമോ, നിയമാനുസൃതമോ നിയമവിരുദ്ധമോ, ധാർമ്മികമോ അധാർമ്മികമോ എന്നിവയൊക്കെയാണു് ഈ ശാസ്ത്രങ്ങളിൽ വിചിന്തനവിഷയമാകുക. ലൈംഗികപ്രവൃത്തികളെ ഒന്നല്ലെങ്കിൽ മറെറാരുമാനത്തിലൂടെ കാണുവാൻ ഇവ സഹായിക്കുന്നു. ഈ ലേഖനം ലൈംഗികപെരുമാറ്റങ്ങളുടെ ധാർമ്മികമാനത്തെ വിഷയമാക്കുന്നു. ലൈംഗികധാർമ്മികതയുടെ പൊതുമാനദണ്ഡങ്ങളും ഹ്രസ്വമായി ചർച്ച ചെയ്യുകയാണിവിടെ.

വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രമായ നന്മയുംഭദ്രതയുമാണു് ധാർമ്മികതയുടെ ലക്ഷ്യം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനെന്ന നിലയിൽ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ഭദ്രതയും വളർച്ചയും പൂർണ്ണതയുമാണു് അതു ലക്ഷ്യമാക്കുക. ഒരു മാനുഷികയാഥാർത്ഥ്യത്തെക്കുറിച്ചോ ഒരു പ്രവൃത്തിയെക്കുറിച്ചോ ധാർമ്മികമായ വിലയിരുത്തൽനടത്തുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടു്. വ്യക്തിയുടെ സമഗ്രമായ ഭദ്രത, വ്യക്തിയെന്ന നിലയിലും സമൂഹത്തിലെ അംഗമെന്ന നിലയിലും അവന്റെ സാക്ഷാത്ക്കാരം എന്നിവ മാനദണ്ഡമാക്കിവേണം ഒരു പ്രവൃത്തിയുടെ സ്വഭാവവും ലക്ഷ്യവും പ്രാധാന്യവും പരിഗണിക്കാൻ. ആരോഗ്യം, സമ്പത്തു്, സന്തുഷ്ടി, പ്രയോജനക്ഷമത എന്നിങ്ങനെ മാനുഷികഭദ്രതയെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ ഏതെങ്കിലും ഒന്നോരണ്ടോ മാത്രം പരിഗണിച്ചാകരുതു് ധാർമ്മികത വിലയിരുത്തുക. മാനുഷികസന്തോഷത്തിന്റെ ഏതു് ആംശികദർശനത്തെയും വിമർശനാത്മകമായേ അപ്പോൾ വീക്ഷിക്കാനാകൂ. മനുഷ്യവ്യക്തിത്വത്തിന്റെ സുരക്ഷയ്ക്കും വളർച്ചയ്ക്കും വി

malankaralibrary.com

ഘാതമാകാവുന്ന ഒരു സിദ്ധാന്തവുമായും ചേർന്നുനില്ക്കുവാൻ ധാർമ്മികതയ്ക്കു സാദ്ധ്യമല്ല.

എന്താണു ലൈംഗികത?

മനുഷ്യശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തോ മനുഷ്യ വ്യക്തിത്വത്തിന്റെ ചില പ്രത്യേകഅംശങ്ങളിലോ ഒതുക്കി നിർത്താവതല്ല ലൈംഗികത. വ്യക്തി സമ്പൂർണ്ണമായും സ്ത്രീ യോ പുരുഷനോ ആണ്. ഒരു വ്യക്തിയുടെ എല്ലാ ചെയ്തി കൾക്കും അയാളുടെ ലൈംഗികത വർണ്ണംപകരുന്നു. ഏതിർലിം ഗത്തിലുള്ള വ്യക്തികളുമായി ബന്ധപ്പെടുവാൻ ഇതു് അവനെ (അവളെ) പ്രേരിപ്പിക്കുന്നു. ജീവൻ എന്ന അമൂല്യദാനം പകരാ നുള്ള കഴിവും ഇതു് ഉൾക്കൊള്ളുന്നു. മാനുഷികലൈംഗികത ഒരു സങ്കീർണ്ണയാഥാർത്ഥ്യമാണു്. തനതായ രീതിയിൽ പെരുമാറു ന്നതിനും, ഇടപെടുന്നതിനും, പരസ്പരം പൂരകമാകുന്നതിനും, വിശിഷ്യ ജീവൻ പകർകൊടുക്കുന്നതിനുമുള്ള കഴിവു് ഉൾക്കൊ ണ്ടുകൊണ്ടു്, സ്ത്രീയോ പുരുഷനോ ആയി നിലകൊള്ളുന്ന മനു ഷ്യാസ്തിത്വത്തിന്റെ 'രൂപ'മായി ലൈംഗികതയെ കാണാം. അപ്പോൾ ലൈംഗികത പ്രജനകതമാത്രമല്ല. എന്നാൽ ജീവൻ പകരുക ലൈംഗികതയുടെ അതിമുഖ്യധർമ്മങ്ങളിലൊന്നാണു്. അസ്തിത്വവും പ്രവർത്തനരീതിയും ബന്ധപ്പെടുന്ന ശൈലി യും എല്ലാം ലൈംഗികതയാൽ നിയന്ത്രിക്കപ്പെടുന്നു. ചിലയിട ങ്ങളിൽ 'sex' പ്രജനകസ്വഭാവത്തെയും 'sexuality' ലൈംഗികത യുടെ ഇതരമാനങ്ങളെയും സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. സാമാന്യലൈംഗികത (generic sexuality), പ്രജനകത (genital sexuality) എന്നീ പ്രയോഗങ്ങളും ഈ വ്യത്യാസം സൂചിപ്പിക്കു വാൻ ഇന്നു് ഉപയോഗിക്കുന്നു.

സാമാന്യലൈംഗികത (Generic Sexuality)

സ്ത്രീയോ പുരുഷനോ എന്ന നിലയിൽ ആയിരിക്കു ന്ന അവസ്ഥയാണിതു്. ഇതു് പെരുമാറ്റത്തിലും ഇടപെടല കളിലും ഉള്ള സ്ത്രൈണമോ പൗരുഷമോ ആയ ഭാവങ്ങളും ഉൾ ക്കൊള്ളുന്നു. എല്ലാ മനുഷ്യരും സാമാന്യലൈംഗികത ഉൾക്കൊ ള്ളുകയും വിനിയോഗിക്കുകയും ചെയ്യുന്നു. പുരുഷനെന്നോ സ്ത്രീ

malankaralibrary.com

യെന്നോ ഉള്ള തനതായ രീതിയിലാണല്ലോ ഓരോരുത്തരും പ്രവർത്തിക്കുക. ഒരാളുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ എല്ലാ തലങ്ങളും സാമാന്യലൈംഗികത ഉൾക്കൊള്ളുന്നു. വ്യക്തിയുടെ ചിന്ത, വികാരം, പ്രവൃത്തി ഇവയിലൂടെയെല്ലാം ഇതു പ്രകടമാകുന്നു. സ്ത്രീസഹജമായ രീതിയിലാണ് ഒരുവൾ ചിന്തിക്കയും ചിരിക്കുകയും സംസാരിക്കുകയും ചരിക്കുകയും പ്രാർത്ഥിക്കുകയും വികാരമനുഭവിക്കുകയും ബന്ധപ്പെടുകയും ചെയ്യുക. പുരുഷൻ ഇവയെല്ലാം അനുവർത്തിക്കുന്നതു് അവനേറ്തായ രീതിയിലും. ഈ രണ്ടു രീതിയും സമാനമല്ല. രണ്ടുപുരുഷന്മാർ സംസാരിച്ചുകൊണ്ടിരിക്കെ ഒരു സ്ത്രീ അവരോടു ചേരുന്നുവെന്നു കരുതുക. സംസാരശൈലിയിലും ഇതരപ്രതികരണങ്ങളിലും എത്ര വേഗമാണ് വ്യതിയാനങ്ങൾ വരുന്നതു്. പുരുഷനും പുരുഷനും തമ്മിൽ ഇടപെടുക, സ്ത്രീയുംസ്ത്രീയുമായി ഇടപെടുന്നതിൽനിന്നു വ്യത്യസ്തമായാണ്. സ്ത്രീയും പുരുഷനും തമ്മിൽ ഇടപെടുന്നതാകട്ടെ മറൊരു രീതിയിലും. പുരുഷൻ സ്ത്രൈണമായും സ്ത്രീ പുരുഷോചിതമായും പ്രവർത്തിക്കുക സാമാന്യസ്വഭാവമല്ല. തനതായരീതിയിൽ ബന്ധപ്പെടാനും പെരുമാറാനുമാണു് പുരുഷനും സ്ത്രീയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. എങ്കിലേ പരസ്പരപൂരകമായി നിലനിന്നുകൊണ്ടു് മനുഷ്യവംശത്തെ സമ്പൂർണ്ണവും സമഗ്രവുമാക്കാൻ അവക്കു സാധിക്കൂ. സാമാന്യലൈംഗികത മാനുഷികപൂരകത്വം എന്ന ദാനവും ദൗത്യവും ഉൾക്കൊള്ളുന്നു.

പ്രജനകത (Genitality)

ലൈംഗികതയിൽ ഉൾച്ചേർന്നിരിക്കുന്ന ജീവദായകശേഷിയാണു പ്രജനകത. പ്രത്യുല്പാദനവും ശിശുക്കളുടെ പരിചരണവും ലക്ഷ്യമാക്കിയുള്ള ലൈംഗികതയുടെ പ്രകാശനമാണു് ഇതു്. ഒരുവനിൽ നിക്ഷിപ്തമായിരിക്കുന്ന പ്രജനകശേഷി, ശാരീരികാവയവങ്ങൾ, ശാരീരികവും മാനസികവുമായ ക്രമീകരണങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇവിടെയും സ്ത്രീക്കും പുരുഷനും പരസ്പരപൂരക കടമകളാണു് നിർവഹിക്കാനുള്ളതു്. സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതു്, സ്ത്രൈണമോ പൗരുഷമോ ആയ രീതിയിൽ പ്രവർത്തിക്കുന്നതു്, പ്രത്യുല്പാദ

malankaralibrary.com

നോന്മുഖതയാൽ പ്രത്യേകം നിയന്ത്രിക്കപ്പെടുന്നു. പരസ്പര പൂരകമായി നിലകൊള്ളാനുള്ള അഭിവാഞ്ഛയും പരസ്പരം ഇടപഴകാനുള്ള ദാഹവും സ്നേഹബന്ധവും പരമകാഷ്ഠയിലെത്തുക പ്രജനകതയിലാണ്, പങ്കാളികളുടെ സാദൃശ്യത്തിൽ മൂന്നാമതൊരാളെ 'സൃഷ്ടിച്ചു' കൊണ്ട് ഈ കൂട്ടായ്മ നിത്യതയിലേക്ക് എത്തുവാൻ സ്വാഭാവികമായും ശ്രമിക്കുന്നു. അങ്ങനെ പ്രജനകത ജീവദായകസ്നേഹത്തിന്റെ ബാദ്ധ്യതയും ദാനവും ഉൾക്കൊള്ളുന്നു. എല്ലാവർക്കും ജീവൻ നൽകാനുള്ള കഴിവുണ്ട്. പക്ഷേ എല്ലാവരും ഈ ശേഷി നിർബന്ധമായും വിനിയോഗിക്കണമെന്നില്ല.

സാമാന്യലൈംഗികതയും പ്രജനകർയും രണ്ട് ലൈംഗികതകളല്ല എന്ന് ഓർമ്മിക്കേണ്ടതാണ്. മറിച്ച് അവ ലൈംഗികതയുടെ രണ്ട് തലങ്ങളാണ്. ഒരു വ്യക്തിയിൽ ഇവരണ്ടും അടുത്ത പ്രവർത്തിക്കുന്നു. ചില പ്രവൃത്തികളിൽ ലൈംഗികതയുടെ രണ്ട് മാനങ്ങളും ഇണചേർന്നു നില്ക്കുന്നതായിക്കാണാം. ഒരുമാനം മറേറതിൽ ഉൾച്ചേർന്നുമിരിക്കാം. ഒരു ആൺകുട്ടിയും പെൺകുട്ടിയും തമ്മിലുള്ള സംഭാഷണം ഉദാഹരണമാക്കാം. എതിർലിംഗസവിശേഷതകളും മനസ്സിലാക്കി സ്വയം വളരുന്നതിനും പക്വമായ വ്യക്തിത്വം ഉൾക്കൊള്ളുന്നതിനും പരസ്പരം സഹായിക്കുന്ന സാമാന്യലൈംഗികതയുടെ പ്രകടനമായി ഈ സ്നേഹബന്ധത്തെ വീക്ഷിക്കാം. അതേ സമയം ഇരുവരുടെയും വികാരങ്ങളെ സന്തർപ്പണം ചെയ്യുന്ന പ്രേമലിപ്തമായ ഒരു സമാഗമമായും അതു മാറിയേക്കാം. അങ്ങനെയെങ്കിൽ അതു പ്രജനകതയുടെ പ്രകടനമായിരിക്കും. അല്ലെങ്കിൽ സാമാന്യതലത്തിൽ ആരംഭിക്കുന്ന ഒരു ബന്ധം പ്രജനകതയിലേക്കു വളർന്നു എന്നും വരാം. അതുകൊണ്ട് ഈ രണ്ടുമാനങ്ങളെയും തരംതിരിച്ചുകാണിക്കുവാൻ ശ്രമിക്കുമ്പോഴും അവയുടെ പരസ്പരബന്ധവും സ്വരുമയും അവഗണിക്കരുതു്.

ധാർമ്മികത

ലൈംഗികതയും അതിന്റെ വിനിയോഗവും ധാർമ്മിക വിചിന്തനവിഷയമാണ് എന്നു പറയേണ്ടതില്ലല്ലോ. ലൈംഗികതയുടെ തെറ്റായ വിനിയോഗവും ശരിയായ വിനിയോഗ

malankaralibrary.com

വും എന്നപോലെതന്നെ ലൈംഗികതയെക്കുറിച്ച് തെറ്റായ വീക്ഷണവും ശരിയായ ദർശനവും ഉണ്ട്. ലൈംഗികതയെക്കുറിച്ച് പക്വമായ വീക്ഷണം പുലർത്താൻ ചില അടിസ്ഥാനനിർദ്ദേശങ്ങളാണ് ഇനി ചർച്ച ചെയ്യുക. ലൈംഗികത—സാമാന്യലൈംഗികതയും പ്രജനകതയും—തീർച്ചയായും നല്ലതുതന്നെ. ''താൻ സൃഷ്ടിച്ചതെല്ലാം നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു.'' (ഉൽപത്തി 1:31). ദൃശ്യസൃഷ്ടിയുടെ മകുടമാണു മനുഷ്യൻ. സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ പരസ്പരപൂരകങ്ങളായ രണ്ടു രൂപങ്ങളാണു സ്ത്രീയും പുരുഷനും. അങ്ങനെയെങ്കിൽ മനുഷ്യലൈംഗികത നല്ലതാവാതെ – വളരെ നല്ലതാവാതെ–തരമില്ല. ഓരോരുത്തനും തന്റെയും മറ്റുള്ളവരുടെയും ലൈംഗികതയെ ആദരിക്കുകയും സന്തോഷത്തോടെ അംഗീകരിക്കുകയും വേണം. തന്റെ ലൈംഗികതയെ അംഗീകരിക്കാതെയും ആദരിക്കാതെയും ഒരുവനും തന്നെത്തന്നെ സ്നേഹിക്കാനോ അംഗീകരിക്കാനോ കഴിയില്ല. ലൈംഗികത മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനസ്വരൂപമാണല്ലോ.

മൃഗീയവാസനകളുടെ ഒരു കൂമ്പാരമാണു ലൈംഗികത എന്നും പ്രലോഭനങ്ങൾക്കും പാപങ്ങൾക്കും അതു വഴിതെളിക്കുന്നു എന്നും ചിലർ പറയുന്നു. എന്നാൽ ഈ ചിന്ത സ്വീകാര്യമല്ല. മനുഷ്യൻ മൃഗമല്ല, മാലാഖയുമല്ല. അവൻ ശരീരവും മനസ്സും അവയുടെ സ്വഭാവങ്ങളും ഉൾച്ചേർന്നിട്ടുള്ള തനതായ സൃഷ്ടിയാണു. അവന്റെ ഭൗതികതയിലേക്കു ആത്മീയസത്തയെ വ്യാപരിക്കുകയും അതിനെ ഉദാത്തീകരിക്കുകയും ചെയ്യുന്നു. അവന്റെ അസ്തിത്വത്തിന്റെ മറ്റു മാനങ്ങളോടൊപ്പം ലൈംഗികതയും അങ്ങനെ ഒന്നുചേർക്കപ്പെടുന്നു. അവന്റെ ദാഹങ്ങൾ കേവലം മൃഗവാസനകൾ അല്ല. മറിച്ച് മാനുഷികവും വൈയക്തികവുമായ വികാരങ്ങളും അഭിനിവേശങ്ങളുമാണു. മനുഷ്യന്റെ ലൈംഗികവ്യാപാരങ്ങൾ കേവലം ഹോർമോണുകളുടെ പ്രതിവർത്തനമോ വാസനയുടെ പൂർത്തീകരണമോ അല്ല. സാംസ്കാരിക അനുരൂപണങ്ങളും സദാചാരങ്ങളും വ്യക്തിപരമായ ആഭിമുഖ്യങ്ങളും പരിശീലനങ്ങളും അതിനെ ഒട്ടേറെ സ്വാധീനിക്കുന്നു. മനുഷ്യവ്യക്തിത്വത്തിൽ ലൈംഗികത എത്ര പ്രകടമാണോ അത്ര പ്രകടവും അഗാധവുമാണു ലൈംഗികതയി

malankaralibrary.com

ലെ മാനുഷികാംശവും. ശക്തമായ പ്രലോഭനങ്ങളിലേക്ക് ന യിക്കാവുന്ന വാങ്ചാതുരകളും ആകർഷണീയതയും ലൈംഗികത ഉപഭോക്താക്കളുടെ മൂല്യവത്തും ലോലവുമായ സാധനങ്ങൾ കൈകാര്യം ചെയ്യുമ്പോഴും എന്നപോലെ ലൈംഗികതയുടെ കാര്യത്തിലും ഉത്തരവാദിത്വവും ഗൗരവബുദ്ധിയും പാലിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് വിശദമായി തുടർന്നും പ്രതിപാദിക്കാം. സന്തോഷത്തിനുള്ള ഒരു മാർഗ്ഗമായാണ് ഇന്നു പലരും ലൈംഗികതയെ കാണുന്നതു്. സന്തോഷത്തിനുവേണ്ടി ദാഹിക്കുന്ന ഒരു സമൂഹത്തിൽ പണവും പ്രശസ്തിയും സ്വാധീനവും നേടാൻ ഉതകുംവിധം ലൈംഗികതയെ ചൂഷണം ചെയ്യുക എളുപ്പമാണ്. ലൈംഗികത വില്പനച്ചരക്കാക്കുകയാണിവിടെ എന്നു പറയേണ്ടതില്ലല്ലോ. അതോടൊപ്പം അതിന്റെ മാനുഷികത ഇല്ലാതാക്കുകയും മനുഷ്യനിൽനിന്നു് അവന്റെ വ്യക്തിത്വം അപഹരിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ലൈംഗികത മനുഷ്യനു ദൈവം നൽകിയിരിക്കുന്ന മഹാദാനമാണ്. അതു നല്ലതും ശ്രേഷ്ഠവുമാണ്. തന്റെയും അപരന്റെയും ലൈംഗികതയെ ഓരോരുത്തനും വിലമതിക്കുകയും ആദരിക്കയുംചെയ്തേ തീരൂ. അധികാരം, ധനം, കേവലസന്തോഷം ഇവയ്ക്കുവേണ്ടി അതിനെ ദുർവ്വിനിയോഗംചെയ്യുന്നതു് ലൈംഗികതയെ തരംതാഴ്ത്തുകയും മനുഷ്യോചിതമല്ലാതാക്കുകയുമാണ്. ലൈംഗികതയോടുള്ള മനോഭാവത്തെക്കുറിച്ച് ഇത്രയും പറഞ്ഞസ്ഥിതിക്ക് അതിന്റെ വിനിയോഗത്തിൽ ഓർമ്മിക്കേണ്ട അടിസ്ഥാനമാനദണ്ഡങ്ങളെക്കുറിച്ച് പര്യാലോചിക്കണമല്ലോ.

പ്രജനകത ജീവദായകസ്നേഹത്തിലേക്കാണ് ലക്ഷ്യംവച്ചിരിക്കുന്നതെന്നു നാം കണ്ടു. സമ്പൂർണ്ണസമർപ്പണത്തിലൂടെ മറെറാരു മനുഷ്യജീവിക്കു ജന്മംനൽകി ഫലദായകത പ്രകടിപ്പിക്കാൻ സ്ത്രീയെയും പുരുഷനെയും അതു പ്രേരിപ്പിക്കുന്നു. മറെറാരു ജീവൻ ഉത്പാദിപ്പിക്കുവാനുള്ള മഹനീയമായ കഴിവു് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരിയാകാനുള്ള അസുലഭാവസരമാണല്ലോ. അപ്പോഴും അതു് ഒരു മഹാദാനവും ഉത്തരവാദിത്വവുമാണ്. പ്രജനകതയുടെ അർത്ഥപൂർണ്ണവും നൈയമികവുമായ വിനിമയം അതിന്റെ 'ജീവദായകസ്നേഹം'

malankaralibrary.com

എന്ന സ്വഭാവം പരിപോഷിപ്പിക്കുന്നതിലൂടെയാണ് സാധിക്കുക. ഇതിൽ താഴെപ്പറയുന്ന മനോഭാവങ്ങളും ഉപാധികളും പ്രാധാന്യമർഹിക്കുന്നു.

1) മറ്റൊരാളുമായുള്ള സ്നേഹപൂർണ്ണമായ ബന്ധത്തിലേ ഈ വിനിമയം പാടുള്ളൂ. അല്ലാത്തപക്ഷം പങ്കുവയ്ക്കലും കൂട്ടായ്മയും സാധ്യമല്ല. സ്വാർത്ഥസുഖത്തിനും സന്തോഷത്തിനുമുള്ള തല്ല ലൈംഗികത.

2) സ്ത്രീയും പുരുഷനും തമ്മിലുള്ള ഭിന്നലൈംഗികമായ ബന്ധമായിരിക്കണം അത്. അല്ലാത്തപക്ഷം ജീവദായകസ്വഭാവം നിഷേധിക്കയാണ്. മനുഷ്യവംശത്തിന്റെ നിരന്തരമായ നിർമ്മിതിക്ക് പ്രത്യുല്പാദനം ഒഴിവാക്കാനാവില്ലല്ലോ. അല്ലാത്തപക്ഷം പ്രജനകതയിലുൾക്കൊള്ളുന്ന പരസ്പരപൂരകസ്വഭാവം താറുമാറാക്കപ്പെടുന്നു.

3) പരസ്പരം സമർപ്പിച്ചുകൊണ്ടുള്ള സ്ഥിരമായ ഒരു ബന്ധമായിരിക്കണം അത്. പങ്കാളികളുടെ കൂട്ടായ്മ വളർത്തുവാനും കുഞ്ഞുങ്ങളെ ശരിയായി സംരക്ഷിക്കുവാനും അവർക്ക നല്ല ശിക്ഷണംനല്കുവാനും ഇതു കൂടിയേ തീരൂ. ബഹുഭാര്യാത്വത്തിലെന്നപോലെ ഒന്നിലേറെ പങ്കാളികൾ ഉണ്ടാവുക വ്യക്തികളുടെ മഹത്ത്വവും സമത്വവും അവഗണിക്കലാണ്.

4) ഇപ്പറഞ്ഞ ഉപാധികൾ പരിപോഷിപ്പിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ചുറ്റുപാടിലേ പ്രജനകത വിനിയോഗിക്കാവൂ. ഈ സാദ്ധ്യതകൾ വിവാഹത്തിൽ സമൂഹം അംഗീകരിക്കുന്നു. ലൈംഗികതയ്ക്കു പൊതുവേയും പ്രജനകതയ്ക്കു പ്രത്യേകിച്ചും സമൂഹോന്മുഖമാനം ഉണ്ടെന്നതു സ്പഷ്ടമാണ്. പ്രത്യുല്പാദനം, കൂട്ടായ്മ എന്നീ രണ്ടു വൈവാഹികലക്ഷ്യങ്ങളും സമൂഹത്തിന്റെ ഭദ്രതയുമായി ബന്ധപ്പെട്ടിരിക്കുകയാണല്ലോ. യോജ്യമായ സാമൂഹികചുറ്റുപാടിലേ ലൈംഗികത ഉപയോഗിക്കാനാകൂ. പ്രജനകതയുടെ ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുവാനും പരിപോഷിപ്പിക്കുവാനും എല്ലാ മതങ്ങളും സംസ്കാരങ്ങളും സമൂഹവും നിർദ്ദേശിക്കുന്ന സാമൂഹികഅംഗീകാരമാണ് വിവാഹം. അങ്ങനെയിരിക്കെ വൈവാഹികബന്ധത്തിലേ ലൈംഗികത നിയമാനുസൃതം വിനിയോഗിക്കാനാവൂ എന്നു വരുന്നു.

malankaralibrary.com

ദമ്പതികളുടെ സ്നേഹപൂർണ്ണമായ കൂട്ടായ്മയുടെയും ത ജ്ജന്യമായ ജീവനെ സംരക്ഷിക്കാനുള്ള സന്നദ്ധതയുടെയും പിൻ ബലത്തോടെ ലൈംഗികത ഉപയോഗിക്കുമ്പോഴേ അതു സാർ ത്ഥകവും നിയമാനുസൃതവുമാകൂ. ഈ ഉപാധികൾ ഏതിനെ ങ്കിലും എതിരേ ലൈംഗികത ഉപയോഗിക്കുന്നതു തീർച്ചയായും തെറ്റാണു്. സ്വയംഭോഗം, സ്വവർഗ്ഗസംഭോഗം ഇവ അത്തരം പ്രവൃത്തികൾക്കുദാഹരണമാണു്.

സ്വയംഭോഗം

ലൈംഗികസംയോഗം കൂടാതെ സ്വയമോ മറ്റൊരാളുമാ യോ ലൈംഗിക അവയവങ്ങളുടെ ഉത്തേജനം നേടി പരിപൂർ ണ്ണ ലൈംഗികസംതൃപ്തി അടയുന്നതാണു സ്വയംഭോഗം. ഇവി ടെ കൂട്ടായ്മയില്ല; ജീവദായകസാദ്ധ്യതയുമില്ല. സ്വാർത്ഥസ ന്തോഷത്തിലേക്കു പ്രജനകത തരംതാഴ്ത്തപ്പെടുകയും ചെയ്യുന്നു. പ്രജനകതയുടെ സ്വയംകേന്ദ്രീകൃതമായ വിനിമയമാണിതു്. പ്രജനകതയുടെ ഈ ദുരുപയോഗം ഗൗരവാവഹമായ ക്രമരാഹി ത്യമാണു്. പൂർണ്ണമായ അറിവോടെയും സമ്മതത്തോടെയും സ്വയംഭോഗം നടത്തുക ഗൗരവമേറിയ തിന്മയാണു്.

കൗമാരപ്രായക്കാരുടെയും യുവാക്കളുടെയും വിശിഷ്യ, ആൺകുട്ടികളുടെ ഇടയിലാണു് സ്വയംഭോഗത്തിൽ ഏർപ്പെടുന്ന വരെ കൂടുതലായിക്കാണുക. വളർച്ചയുടെ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയായി ഇതു് അനുഭവപ്പെട്ടേക്കാം. ലൈംഗികപ്രചോ ദനങ്ങളോടും വശീകരണങ്ങളോടും ഈ കാലഘട്ടത്തിൽ കൂടുതൽ ലോലമായ പ്രതികരണമാണു് അവർ പുലർത്തുക. വികാര ങ്ങളും അതിവേഗം ഉണർത്തപ്പെടുകയാൽ സ്വയോത്തേജനത്തി ലൂടെ പ്രകാശനംനേടുവാനുള്ള പ്രലോഭനം കൂടുതൽ ശക്തമാണു്. വികാരോത്തേജനം ബോധപൂർവ്വമല്ല നടക്കുന്നതെങ്കിൽ വൈകാരികസമ്മർദ്ദം ശക്തമാകുന്നോറും പ്രവൃത്തി ചെയ്യുന്ന ആളിനു് പ്രവൃത്തിയോടുള്ള ഉത്തരവാദിത്വംകുറയും. സ്വയംഭോ ഗം അതിൽത്തന്നെ ഗൗരവാവഹമായ വൈകല്യമാണെങ്കിലും ഇങ്ങനെയുള്ള സാഹചര്യത്തിൽ ഗൗരവമുള്ള പാപമാകണമെ ന്നില്ല. വികാരങ്ങളും മനഃക്ഷോഭങ്ങളും ചിന്തയെ മൂടുകയും സ്വ തന്ത്രസമ്മതത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യമാ വാം അവ. ഒരുവൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും അനി

malankaralibrary.com

യന്ത്രിതമായ വികാരത്തിന്റെ പിടിവലിയിൽ സ്വയംഭോഗം ചെയ്യാൻ ഇടയായാൽ അതു പാപമല്ല. യുവാക്കളുടെയും കൗമാരപ്രായക്കാരുടെയുമിടയിലുള്ള സ്വയംഭോഗപ്രവർത്തനങ്ങളും തിന്മയല്ലെന്നു പറഞ്ഞുവയ്ക്കുകയല്ല ഇവിടെ. ഈ കാര്യത്തെക്കുറിച്ച് ഒരുവൻ ജാഗ്രത പുലർത്തേണ്ടതില്ല എന്നും പറയുന്നില്ല.

പ്രായപൂർത്തിയിലെത്തിയവരുടെയിടയിലുള്ള സ്വയംഭോഗം ജഡികസുഖേച്ഛയാലുള്ളതാകാം. ശരീരത്തിൽനിന്നു പരമാവധി സന്തോഷം നേടാനുള്ള വ്യഗ്രതയാണു് ഈ പ്രവൃത്തികളിൽ മുന്നിട്ടുനിൽക്കുന്നതു്. ഇതു നിശ്ചയമായും ഗൗരവാവഹമായ വൈകല്യവും ഗുരുതരമായ തിന്മയുമാണു്. തീവ്രമായ ഏകാന്തത, ഗൗരവമുള്ള മോഹഭംഗങ്ങൾ, താൽക്കാലിക വൈകാരികാവസ്ഥകൾ ഇവയിൽനിന്നു രക്ഷനേടാനുള്ള ഉപശാന്തിയായി ചില അവസരങ്ങളിലുള്ള സ്വയംഭോഗത്തെ കാണാം. ഇത്തരം വൈകാരികാവസ്ഥകളുടെ സമ്മർദ്ദം എത്രമാത്രമെന്നു മനസ്സിലാക്കാതെ ഇത്തരം സ്വയംഭോഗപ്രവൃത്തികളുടെ ഗുരുത്വവും തിന്മയും വിധിക്കാനാവില്ല. ഉപബോധമനസ്സിൽ കുഴിച്ചുമൂടിയിരിക്കുന്ന വൈകാരികപ്രശ്നങ്ങളുടെയും സംഘർഷങ്ങളുടെയും ബഹിർസ്ഫുരണമായും സ്വയംഭോഗത്തെ കാണാം. പണ്ടെങ്ങോ ചെയ്തു 'മറന്നുപോയ' തെറ്റിനെപ്രതി സ്വയം ശിക്ഷിക്കാൻ നിരന്തരം സ്വയംഭോഗം നടത്തിയ ചെറുപ്പക്കാരന്റെ കഥ ഇതിനുദാഹരണമാണു്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വ്യക്തിക്കു് തന്നെറതന്നെ പ്രവൃത്തിയുടെമേൽ തീരെ നിയന്ത്രണമില്ല. ഇതിനെ 'നിർബന്ധിത സ്വയംഭോഗ'മെന്നു പറയാം. ഇങ്ങനെയുള്ള പ്രവൃത്തികളിൽ അയാളെ ധാർമ്മികമായി കുറക്കാരനാണെന്നു പറയാൻ ബുദ്ധിമുട്ടുണ്ടു്. മനഃശാസ്ത്രപരവും ആധ്യാത്മികവുമായ സഹായമാണു് ഇവയ്ക്കുവേണ്ടതു്.

കൗമാരപ്രായക്കാരുടെയും യുവാക്കളുടെയും ഇടയിലുള്ളതു് ഉത്സപ്പെടെ ചില സ്വയംഭോഗപ്രവർത്തനങ്ങളുടെ ലഘുത്വവും കുറവമില്ലായ്കയും സന്തോഷം തേടി ഇത്തരം പ്രവൃത്തികളിൽ തുടരുന്നതിനുള്ള പച്ചക്കൊടിയായി കാണേണ്ട. മുൻപേ സൂചിപ്പിച്ചതുപോലെ, പ്രജനകതയെന്ന ദൈവദാനത്തിന്റെ വികലമായ വിനിമയമാണിതു്. ആരോഗ്യകരമായ ലൈംഗികതയുടെ സ്വഭാവമായ പരോന്മുഖതവിട്ടു് അന്തർമ്മുഖതയും

malankaralibrary.com

സ്വാത്മപൂരണവും ഇവർ ലക്ഷ്യമാക്കുന്നു. അങ്ങനെ പകുവ്യക്തിത്വത്തിലേക്കുള്ള വളർച്ചയ്ക്ക് ഇതു വിഘാതമാകുന്നു. മാനസികവും വൈകാരികവുമായ ഇത്തരം പ്രതിബന്ധങ്ങളും ആധ്യാത്മികവളർച്ചയ്ക്കും പുഷ്പിക്കലിനും വിഘാതമാകാം. ദൈവകൃപ പ്രകൃതിയിലേലാണല്ലോ പണിയുക. ഒരുവൻ വൈകാരികമായും മാനസികമായും എത്ര പക്വത നേടിയിട്ടുണ്ടോ അത്ര സുകരമാണ് അവന്റെ ആധ്യാത്മികവളർച്ച.

സ്വയംഭോഗം വ്യക്തികളിൽ അപകർഷത, ആശങ്ക, പാപബോധം ഇവ ജനിപ്പിക്കുന്നു. കൂടാതെ ഇത്തരം പ്രവൃത്തികളും തഴക്കമായി മാറുക സാധാരണമാണ്. ഫലമോ, മുകളിൽ പറഞ്ഞ പ്രശ്നങ്ങളും ശ്രക്ഷതരമാകുന്നു. അതുകൊണ്ട് സ്വയം ഒരുപയോഗിക്കുന്ന ഈ ശീലം ഒരുവനിൽ പാപകരമല്ല എന്നു വന്നാൽത്തന്നെ, തീവ്രമായും ആത്മാർത്ഥമായും പരിശ്രമിച്ച് ഒഴിവാക്കിയേതീരൂ. 'ഫ്ളൂ' പാപകരമല്ല. എന്നാൽ ആരോഗ്യകരമല്ല. അതുകൊണ്ട് അതു് ഒഴിവാക്കാൻ നാം താത്പര്യമെടുക്കുന്നു.

സ്വയംഭോഗപ്രവൃത്തികളും ശാരീരികാസുഖം വരുത്തിവയ്ക്കുന്നില്ലെന്ന് ചില ഭിഷഗ്വരന്മാർ പറയുന്നു. അതു ശരിയായിരിക്കാം. പക്ഷേ മനുഷ്യവ്യക്തിത്വത്തിനു് ശാരീരികാരോഗ്യത്തിനും അപ്പുറത്തു് ചില മാനങ്ങളും ഉണ്ടല്ലോ. ചെയ്തുപോയ സ്വയംഭോഗപ്രവൃത്തിയെക്കുറിച്ച് ഒരുവനു് കുറ്റബോധമില്ലെങ്കിൽ അതു് മാനസികവിഭ്രാന്തി ഒന്നും സൃഷ്ടിക്കുന്നില്ലെന്ന് ചില മനഃശാസ്ത്രജ്ഞരും പറയുന്നു. അപ്പോഴും പ്രശ്നം വീക്ഷണത്തിന്റേതാകും. എങ്ങനെ ഈ വൈകല്യത്തെ നോക്കുന്നു അഥവാ കാഴ്ചപ്പാട് എന്തു് എന്നതാണു പ്രശ്നം. അവരുടെ വീക്ഷണത്തിൽ ഒരുവൻ സ്വയംഭോഗത്തെ തെറ്റു് എന്ന നിലയിലാണു കാണുന്നതെങ്കിൽ കുറ്റബോധവും സമാനപ്രശ്നങ്ങളും ഉണ്ടാകും. അല്ലെങ്കിൽ പ്രശ്നം ഒന്നുമില്ലതന്നെ. പലപ്പോഴും ദർശനവും വികാരവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കാനും തീവ്രമായ കുറ്റബോധം ലഘൂകരിക്കാനുമാണ് ഈ ഉപദേശം നൽകുക. സ്വയംഭോഗപ്രശ്നങ്ങളുമായി ഇടപെടുമ്പോഴും മിക്ക മനഃശാസ്ത്രജ്ഞരും മനോരോഗചികിത്സകരും ശ്രമിക്കുക തങ്ങളുടെ കക്ഷിയുടെ സുഖകരമല്ലാത്ത വികാരവും കുറ്റ

malankaralibrary.com

ബോധവും കറച്ച് അവരെ സഹായിക്കാനാണ്. മാനസിക ഭദ്രതയും സാമൂഹികമാനവും ഉൾക്കൊള്ളുന്ന സമഗ്രവ്യക്തി യുടെ നന്മയെ ലാക്കാക്കിയേ സ്വയംഭോഗത്തെ ധാർമ്മികമായി വിലയിരുത്താനാവൂ. അങ്ങനെ വരുമ്പോൾ ഏർപ്പെടുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുതാത്ത ഗൗരവതരമായ വൈ കല്യമായി അതിനെ കാണണം. കൗമാരപ്രായക്കാരുടേയും യു വാക്കളുടെയും വളർച്ചയ്ക്കിടയിലെ പ്രതിഭാസമെന്ന നില യിലുള്ള സ്വയംഭോഗവും വൈകാരികപ്രശ്നങ്ങളാൽ ഉഴറുന്ന വരുടെ നിർബന്ധിതസ്വയംഭോഗവും സഹാനുഭൂതിയോടെ മ നസ്സിലാക്കാൻ നമുക്കു സാധിക്കണം. അതോടൊപ്പംതന്നെ വൈദ്യസഹായവും ചിലപ്പോൾ തേടേണ്ടിവരും. ഇത്തരം ദുശ്ശീ ലങ്ങൾ ശരീരത്തിന്റെ സന്തുലിതാവസ്ഥയെ താറുമാറാക്കുമെ ന്നും മാനസികാരോഗ്യത്തെ തളർത്തുമെന്നും ചില വൈദ്യശാസ്ത്ര ജ്ഞർ ചൂണ്ടിക്കാട്ടുന്നു. ഇവയ്ക്ക് ഫലപ്രദമായ ചികിത്സ ഹോമിയോപ്പതി നിർദ്ദേശിക്കുന്നുമുണ്ട്.

സ്വവർഗ്ഗഭോഗവും ഇതര അധാർമ്മികബന്ധങ്ങളും

ഒരേ വർഗ്ഗത്തിൽപ്പെട്ട വ്യക്തികൾ തമ്മിലുള്ള ലൈം ഗികപ്രവൃത്തികളാണ് സ്വവർഗ്ഗബന്ധങ്ങൾ. എതിർലിംഗ ത്തിൽപ്പെട്ടവരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുവാൻ കഴിവുള്ള സ്ത്രീപുരുഷന്മാരുടെ ഇടയിൽ ഇത്തരം പ്രവൃത്തികൾ കാണാം. അവരുടെ സ്വവർഗ്ഗഭോഗപ്രവൃത്തികൾ മിക്കപ്പോ ഴും താത്ക്കാലികവും എതിർവർഗ്ഗത്തിൽപ്പെട്ട പങ്കാളിയുടെ ദുർല്ലഭ്യതപോലുള്ള സാഹചര്യങ്ങളാൽ സൃഷ്ടിക്കപ്പെടുന്നതു മാണ്. മുമ്പു പറഞ്ഞ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ സ്വവർ ഗ്ഗബന്ധങ്ങൾ പ്രജനകതയുടെ ജീവദായകസ്വഭാവത്തെ നിഷേ ധിക്കുന്നു. ഇവയിൽ ജീവൻ പങ്കുവയ്ക്കുവാനുള്ള സാധ്യതയി ല്ലെന്നു പ്രത്യേകം പറയേണ്ടല്ലോ. കൂടാതെ, എതിർലിംഗങ്ങ ളിൽപ്പെട്ട പങ്കാളികളുടെ പരസ്പരസമർപ്പണത്തിൽ നിന്നു സിദ്ധിക്കാവുന്ന അഗാധതയും പരിപോഷണവും ഈ ബന്ധങ്ങ ളിൽനിന്നു കിട്ടുന്നില്ല. ഇത്തരം ബന്ധങ്ങൾ ചിലപ്പോൾ വൈ കാരികവും മാനസികവുമായ വിഹ്വലതകൾ സൃഷ്ടിച്ചെന്നു

malankaralibrary.com

വരാം. ഇത്തരം അസ്വാഭാവികലൈംഗികബന്ധങ്ങളെ തീവ്രമായി കുറ്റപ്പെടുത്തുവാനും റോമാക്കാർ അതിനു് എങ്ങനെയാണു ശിക്ഷിക്കപ്പെട്ടതെന്നു പറയാനും പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ മുതിരുന്നു. (റോമ. 1:26ff)

എതിർലിംഗത്തിൽപ്പെട്ടവരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുവാനുള്ള മനോഭാവം മാനസികമായും വൈകാരികമായും ഇല്ലാത്തവരും അതിനു കഴിവില്ലാത്തവരും അതേസമയം സ്വവർഗ്ഗത്തിൽപ്പെട്ടവരുമായി ബന്ധപ്പെടുവാൻ ഇച്ഛിക്കുന്നവരുമെന്ന നിലയിലാണു 'സ്വവർഗ്ഗഭോഗി' എന്ന പദം ഇന്നുപയോഗിക്കുക. ഈവിധ മനോഭാവങ്ങൾക്കു കാരണങ്ങൾ എല്ലാം ഇനിയും സ്പഷ്ടമല്ല. മാതാപിതാക്കളും മക്കളും തമ്മിലുള്ള ചില പ്രത്യേകതരം ബന്ധങ്ങളുടെ ഫലമായി ഉത്ഭൂതമാകുന്ന ചില മനോഭാവങ്ങൾ ഇതിനു വഴിതെളിച്ചേക്കാം. പാരമ്പര്യസിദ്ധിയുമായി ഇതിനു് ബന്ധമുണ്ടോയെന്ന ചോദ്യവും ഉന്നയിക്കപ്പെടുന്നു. സ്വവർഗ്ഗഭോഗത്തെ അംഗീകരിക്കുംവിധമുള്ള സാംസ്ക്കാരികമനോഭാവങ്ങളും പരോക്ഷമായെങ്കിലും അതിനെ വളർത്തുന്നു. മുൻപേ കണ്ട കാര്യങ്ങളാൽ ഇത്തരം സ്വവർഗ്ഗസംഭോഗങ്ങൾ ഗുരുതരമായ വൈകല്യങ്ങളായി കാണണം. എന്നിരുന്നാലും ഈ സ്ഥിതിവിശേഷത്തിനു് തങ്ങൾതന്നെ കാരണക്കാരല്ലാതിരിക്കുകയും വൈകാരിക-മാനസിക സമ്മർദ്ദങ്ങളുടെ തീവ്രമായ പ്രേരണയാൽ സ്വവർഗ്ഗഭോഗത്തിൽ ഏർപ്പെടുകയും ചെയ്യുന്നവരുടെ ബന്ധങ്ങൾ ഗുരുതരമായ തെറ്റു് ആകണമെന്നില്ല; ഒരുവേള തെറ്റുതന്നെയാവണമെന്നില്ല. ഈ ലൈംഗികവൈകല്യത്തെ പരോക്ഷമായിപ്പോലും പ്രോത്സാഹിപ്പിക്കുവാൻ നമുക്കു് ആവുകയില്ല. സ്വവർഗ്ഗഭോഗത്തെ കുറ്റപ്പെടുത്തുമ്പോൾ അതിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നവരെ സഹാനുഭൂതിയോടെ മനസ്സിലാക്കാൻ നാം ശ്രദ്ധിക്കണം.

സ്വയംഭോഗവും സ്വവർഗ്ഗഭോഗവും മാത്രമല്ല മറ്റു ചില ലൈംഗികബന്ധങ്ങളും ആശാസ്യമല്ലെന്നു് ഇതിരിനേരം ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാം. അവ പലതും പ്രജനകതയുടെ ഒന്നോ അതിലധികമോ അടിസ്ഥാനമാനദണ്ഡങ്ങളെ ലംഘിക്കുന്നു. പ്രജനനശേഷി നശിപ്പിക്കുന്ന പ്രവൃത്തി എന്ന നിലയിൽ വന്ധ്യീകരണശസ്ത്രക്രിയകളും (vasactomy, Tubectomy),

malankaralibrary.com

വിവാഹത്തിനുമുമ്പുള്ള ലൈംഗികബന്ധങ്ങളും, വ്യഭിചാരം, വേശ്യാവൃത്തി തുടങ്ങിയവ അവയിൽപ്പെടും.

ലൈംഗികസംഭോഗത്തിലേർപ്പെടുന്ന പങ്കാളികൾക്കും സമൂഹത്തിന്റെ ഭദ്രതയ്ക്കും മുൻതൂക്കം കൊടുത്തുകൊണ്ടുള്ളവയാകണം ലൈംഗികബന്ധങ്ങളും. അതു വിനോദത്തിനോ പരീക്ഷണത്തിനോ സന്തുഷ്ടിക്കോ സംഘർഷം ലഘൂകരിക്കുന്നതിനോ മാത്രം ഉള്ള ഉപാധിയായി അധഃപതിപ്പിക്കരുതു്. സമൂഹത്തിന്റെ ഭദ്രതയെ സംബന്ധിച്ചു് ലൈംഗികബന്ധങ്ങൾക്കുള്ള പ്രസക്തി വളരെ അഗാധവും സജീവവുമാണു്. ശരിയായ ലൈംഗികവിനിയോഗം പങ്കാളികളുടെ ഇച്ഛാനിച്ഛകൾക്കുമാത്രം വിധേയമല്ല. സംഭോഗത്തിന്റെ അന്തഃസ്ഥവും ചലനാത്മകതയും ഉത്തരവാദിത്വത്തോടെ പരിരക്ഷിക്കപ്പെടുമ്പോഴേ അതു നിയമാനുസൃതമാകൂ. സമൂഹം അംഗീകരിക്കുന്ന വിവാഹബന്ധത്തിലൂടെ പരസ്പരം സമർപ്പിച്ചു് അതിൽനിന്നു ജനിക്കുന്ന കുഞ്ഞുങ്ങളെ ഉത്തരവാദിത്വത്തോടെ വളർത്തുവാൻ പങ്കാളികൾ തയ്യാറാകുമ്പോഴേ ലൈംഗികസംയോഗം നിയമാനുസൃതമാകൂ. അതുകൊണ്ടു് വിവാഹത്തിനുമുമ്പുള്ള ലൈംഗികബന്ധങ്ങൾ തെറ്റാണു്. വ്യഭിചാരത്തിൽ, ജീവിതപങ്കാളിയോടു പുലർത്തേണ്ട ഗാഢമായ വ്യക്തിബന്ധവും കൂട്ടായ്മയും സമർപ്പണവും നിഷേധിക്കുന്നതിനാൽ അതും തെറ്റാണു്. ലൈംഗികസംഭോഗങ്ങളുടെ അവശ്യസ്വഭാവമാണല്ലോ ഈ കൂട്ടായ്മ. അങ്ങനെ വരുമ്പോൾ വ്യഭിചാരം ഒരു വ്യക്തി തന്റെ ജീവിതപങ്കാളിയോടു കാട്ടുന്ന അനീതിയും അവിശ്വസ്തതയുമാണു്. വിശിഷ്യ ഈ സംഭോഗത്തിലേർപ്പെടുന്ന സ്ത്രീ അവിവാഹിതയാണെങ്കിൽ അതിലൂടെ ജനിക്കുന്ന ശിശുവിന്റെ ഉത്തരവാദപൂർണ്ണമായ പരിചരണം അതിദുഷ്കരമാണു്. വ്യഭിചാരത്തിൽ ഏർപ്പെടുന്ന സ്ത്രീ വിവാഹിതയായിരിക്കുകയും കുട്ടികൾ ഉള്ളവളായിരിക്കുകയും ചെയ്യുമ്പോൾ ആ കുട്ടികളോടുള്ള അനീതികൂടി ഉരുവാകുന്നു. വേശ്യാവൃത്തിയിൽ വൈയക്തികബന്ധമോ പങ്കാളികളുടെ സമർപ്പണമോ ജീവദായകതയുള്ളതുമായ മനോഭാവമോ ഇല്ല. പ്രജനകത ഇവിടെ വില്പനച്ചരക്കാകുന്നു. മനുഷ്യവ്യക്തിയാകട്ടെ ജഡികസന്തോഷത്തിനുള്ള ഉപാധിയായി തരംതാഴ്ത്തപ്പെടുന്നു. ബലാത്സംഗവും ഇതര നിർ

malankaralibrary.com

ബന്ധിത ലൈംഗികബന്ധങ്ങളും ഇതിനും പുറമേ ഉത്തരവാദിത്വമുള്ള സ്വതന്ത്രവ്യക്തിയെന്ന നിലയിൽ പ്രവർത്തിക്കുന്നതിൽനിന്നു മനുഷ്യനെ തടയുന്നു. മനുഷ്യമഹത്ത്വത്തിന്മേൽ ഏല്പിക്കുന്ന വലിയ ആഘാതമാണിത്.

പ്രജനകതയുടെ നിയമാനുസൃത പ്രകാശനം

മനുഷ്യർ ഏർപ്പെടുന്ന ഉപകാരപ്രദവും ആവശ്യകവുമായ പല പ്രവൃത്തികളും ലൈംഗികേതരമാണെങ്കിലും ലൈംഗികതയിലേക്കു നയിക്കപ്പെടാവുന്നവയാണ്. തന്റെ വിഷയം പഠിച്ചുകൊണ്ടിരിക്കുന്ന വൈദ്യശാസ്ത്രവിദ്യാർത്ഥി, കലാകാരൻ, ചലച്ചിത്രസെൻസർ എന്നിങ്ങനെ പലർക്കും ഇത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. പ്രജനകതയുടെ പ്രകാശനം ഉണ്ടായേക്കാമെങ്കിൽക്കൂടെയും, തക്കതായ കാരണം ഉണ്ടായിരിക്കയും ലൈംഗികസന്തോഷം അനുഭവിക്കണമെന്ന ഉദ്ദേശ്യമില്ലാതിരിക്കുകയുംചെയ്താൽ ഇത്തരം പ്രവൃത്തികളിൽ നിയമാനുസൃതം ഇടപെടാം. ഇത്തരം പ്രവൃത്തികളിൽ ഇടപെടുന്നതിനു് എന്തെങ്കിലും കാരണം ഉണ്ടായാൽ പോരാ, ന്യായീകരിക്കാവുന്നതും ഗൗരവയുക്തവുമായകാരണം കൂടിയേതീരൂ. ഉണർത്തപ്പെടുന്ന ലൈംഗികപ്രചോദനത്തിനും ഉളവാകുന്ന ലൈംഗികപ്രലോഭനത്തിനും ആനുപാതികമായിരിക്കണം ഈ കാരണം. പ്രലോഭനം എത്രശക്തമായിരിക്കുമോ അത്ര ഗൗരവമുള്ളതായിരിക്കണം കൊടുക്കുന്ന കാരണം. കൂടാതെ തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ വ്യക്തികൾ ഇച്ഛാനുസൃതമല്ലാതെ ലൈംഗികപ്രലോഭനകാരണമാകുന്ന ഉദ്ദീപകങ്ങളെ അഭിമുഖീകരിക്കേണ്ടതായിവരും. ബോധപൂർവ്വം ഏർപ്പെടാത്തിടത്തോളം കാലം ഇവ പാപകരമല്ല. പ്രജനകതയുടെ, മുകളിൽ വിവരിച്ച മാനദണ്ഡങ്ങൾ ആരോഗ്യകരവും ഉത്തരവാദിത്വപൂർണ്ണവുമായ സ്ത്രീപുരുഷബന്ധത്തെ നിഷേധിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ചു് അങ്ങനെയുള്ള ബന്ധങ്ങളെ സാമാന്യലൈംഗികത സ്വഭാവേന സ്വാഗതംചെയ്യുന്നു. വേണ്ടവിധം ലൈംഗികവിദ്യാഭ്യാസവും നിർദ്ദേശങ്ങളും നേടിയിട്ടുള്ള യുവാക്കളുടെ താദൃശമായ ബന്ധങ്ങൾ പരസ്പരം അറിയാനും പോഷിപ്പിക്കാനും ആദരിക്കാനും അംഗീകരിക്കാനും ലൈംഗികതയെ കൂടുതൽ പക്വതയോടെ വീക്ഷിക്കാനും അവരെ സഹായിക്കുമെന്നതിൽ സംശയമില്ല. ○

malankaralibrary.com

2

ജീവന്റെ സംരക്ഷണം

മനുഷ്യലൈംഗികതയിൽ അടങ്ങിയിരിക്കുന്ന പ്രത്യേകതകം തന്നെയാണ് മനുഷ്യന്റെ പ്രജനനപ്രവർത്തനങ്ങളെ അനന്യവും മഹത്തരവുമാക്കുന്നത്. ലൈംഗികവികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ്, ധാർമ്മികമൂല്യങ്ങളെ ആധാരമാക്കി ലൈംഗികതയുടെ ഗുണദോഷങ്ങളം വിവേചിക്കുന്ന സ്വഭാവം, ലൈംഗികപ്രവത്തനങ്ങളും മനുഷ്യവ്യക്തിത്വവുമായിട്ടുള്ള ബന്ധം, ലൈംഗികബന്ധങ്ങളംക്കുനൽകുന്ന അർത്ഥം പൊരുളം ഉദ്ദേശ്യം എന്നിവയൊക്കെ മനുഷ്യലൈംഗികതയെ മറ്റു ജീവജാലങ്ങളുടെ ലൈംഗികപ്രവത്തനങ്ങളിൽനിന്നും വേർതിരിക്കുന്നു. ലൈംഗികസമീപനങ്ങളിൽ അന്തർല്ലീനമായിരിക്കുന്ന ധാർമ്മികതയുടെ ഉറവിടവും ഈ പ്രത്യേകതകം തന്നെയാണ്.

വിവിധസമൂഹങ്ങളുടെ ലൈംഗികസമീപനം അതതു സംസ്ക്കാരത്തിന്റെ ഭാഗമായി, സമൂഹത്തിന്റെ ചരിത്രത്തോടൊപ്പം പരിണാമം പ്രാപിച്ചതും, സമൂഹത്തിന്റെ ധാർമ്മിക സങ്കല്പങ്ങളെ പ്രദ്യോതിപ്പിക്കുന്നതുമാണ്. എന്നിരിക്കിലും, എല്ലാ സമൂഹത്തിലും പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന ചില പൊതുധാർമ്മികമാനദണ്ഡങ്ങളുണ്ടെന്നുള്ളതു വ്യക്തമാണ്. ക്രി

malankaralibrary.com

സ്ത്രീയ ധാർമ്മികമൂല്യങ്ങൾക്കുള്ള സാർവത്രികമായ അംഗീകാരം ഇക്കാര്യം വ്യക്തമാക്കുന്നു.

ലൈംഗികതയുടെ വ്യാപ്തി

ലൈംഗികപ്രവർത്തനങ്ങൾക്കും ലിംഗവ്യത്യാസങ്ങൾക്കുമുപരി മനുഷ്യജീവിതത്തിന്റെ വിവിധതലങ്ങളെ സ്പർശിക്കുന്നതാണ് ലൈംഗികത എന്ന പദം. സ്ത്രീപുരുഷവ്യത്യാസങ്ങൾ—ശാരീരികം, മാനസികം, വൈകാരികം—ലൈംഗികപ്രവർത്തനങ്ങൾ, മനുഷ്യപ്രജനനം, സന്താനോത്പാദനം, സന്താനപരിശീലനം, സന്താനസംരക്ഷണം എന്നിവയെല്ലാം ഈ പദത്തിന്റെ അർത്ഥപരിധിക്കുള്ളിൽ വരും. ഈ വസ്തുതകളുടെ വിവിധവശങ്ങളെ വിവേചനംചെയ്തു്, ദൈവമനുഷ്യബന്ധങ്ങൾക്കനുസൃതമാംവിധം അവയെ കൈകാര്യംചെയ്തു്, ഈശ്വരന്റെ സൃഷ്ടികർമ്മത്തിൽ ഉത്തരവാദിത്വത്തോടെ മനുഷ്യൻ പങ്കുചേർന്നു് സ്വവ്യക്തിത്വത്തെ പരിപോഷിപ്പിക്കുന്നതിനും ആധ്യാത്മിക ജീവിതത്തെ ഉത്കൃഷ്ടമാക്കുന്നതിനും ഉതകത്തക്കവിധം ക്രിസ്തീയ ധാർമ്മികമൂല്യങ്ങളുടെ വെളിച്ചത്തിൽ ലൈംഗികതയെ വിലയിരുത്തുന്ന ഒരു സമീപനമാണു് നാം അവലംബിക്കേണ്ടതു്.

സഭയും ധാർമ്മികമൂല്യങ്ങളും

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതി മനുഷ്യജീവിതത്തെ സുഗമവും സൗകര്യപൂർണ്ണവുമാക്കുന്നു. ഇവയുടെ സ്വാധീനം ഒരു ശാസ്ത്ര-സാങ്കേതിക-വസ്തു-അധിഷ്ഠിതകാഴ്ചപ്പാടും മനസ്സാക്ഷിയും സൃഷ്ടിക്കുന്നു. ഇതു ധാർമ്മികബോധത്തിന്റെ അധ:പതനത്തിനു വഴിയൊരുക്കുന്നു. ഉദാഹരണത്തിനു്, കഴിഞ്ഞ തലമുറ പാപമെന്നും, നിഷിദ്ധമെന്നും അക്ഷന്തവ്യമെന്നും കരുതിയ പ്രവൃത്തികളെ ഈ തലമുറ അപഗ്രഥിച്ചു വിലയിരുത്തി സ്വീകാര്യമായിക്കണക്കാക്കുന്ന പ്രവണത, ഒരളവുവരെ, ധാർമ്മികമൂല്യങ്ങളുടെ ശോഷണത്തെയാണു പ്രദ്യോതിപ്പിക്കുന്നതു്. ജീവിതത്തിന്റെ മറ്റു തുറകളിലെ പ്രവർത്തനങ്ങളെയെന്നപോലെ ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയങ്ങളേയും ധാർമ്മികമൂല്യങ്ങളെ ആധാരമാക്കിത്ത

malankaralibrary.com

ന്നെ വിലയിരുത്തണം. ക്രിസ്തീയധാർമ്മികതയുടെ വെളിച്ചത്തിൽ അവയ്ക്ക മൂല്യനിർണ്ണയം ചെയ്യുന്നതിനും, അവ വിശദീകരിക്കുന്നതിനും പഠിപ്പിക്കുന്നതിനും സഭയ്ക്ക് അവകാശവും കടമയുമുണ്ട്. മാനുഷികലൈംഗികതയുമായി ബന്ധപ്പെട്ട വസ്തുതകളായ കുടുംബാസൂത്രണം, സന്താനനിയന്ത്രണോപാധികം, ഭ്രൂണഹത്യ, മനുഷ്യപ്രജനനത്തിനുപയോഗിക്കുന്ന ശാസ്ത്രസാങ്കേതികമാർഗ്ഗങ്ങം എന്നിവയൊക്കെ അപഗ്രഥിച്ചു പഠിച്ചുവിലയിരുത്തുന്ന പ്രമാണരേഖകം സഭ പുറപ്പെടുവിച്ചിട്ടുണ്ട്. അവയിലെ നിർദ്ദേശങ്ങം തന്നെയായിരിക്കണം ലൈംഗികസമീപനങ്ങളെ ഭരിക്കുന്ന ക്രിസ്തീയധാർമ്മികചിന്താഗതി.

'കുടുംബം ഒരു കൂട്ടായ്മ' എന്ന അപ്പസ്തോലിക പ്രബോധനവും, 1987 ഫെബ്രുവരി 22-ാംതീയതി വത്തിക്കാനിൽനിന്നു പ്രസിദ്ധീകരിച്ച 'മനുഷ്യജീവനു' അതിന്റെ ഉദ്ഭവത്തിൽ നൽകേണ്ട ആദരം, മനുഷ്യപ്രജനനത്തിന്റെ മഹിമ എന്നിവയെ സംബന്ധിക്കുന്ന പ്രബോധന'വും ഇവിടെ പരാമർശമർഹിക്കുന്നു. ഇതിൽ ആദ്യത്തേതു് കുടുംബാസൂത്രണത്തേയും സന്താനനിയന്ത്രണോപാധികളേയും അപഗ്രഥിച്ചു് കൃത്രിമമാർഗ്ഗങ്ങളെ അപലപിക്കുമ്പോം, രണ്ടാമത്തെ പ്രബോധനം മനുഷ്യപ്രജനനപ്രവർത്തനങ്ങളിൽ ശാസ്ത്രസാങ്കേതികവിദ്യകം പ്രയോഗിക്കുന്നതിനു് ആധാരമാകേണ്ട ധാർമ്മികമൂല്യങ്ങം വിശദീകരിക്കുന്നു. ശാസ്ത്രം സൃഷ്ടിച്ചിരിക്കുന്ന ചില സമകാലീനപ്രശ്നങ്ങക്കുള്ള മറുപടി കൂടിയായ ഈ പ്രമാണരേഖയാണു് ഈ ലേഖനത്തിനു് ആധാരമാക്കുന്നതു്. മനുഷ്യജീവനു് അർഹമായ ആദരം, മനുഷ്യനു ജീവിക്കുന്നതിനുള്ള പ്രാഥമികവും മൗലികവുമായ അവകാശം, മനുഷ്യൻ തേജസ്സുനിറഞ്ഞ ആത്മാവും, ധാർമ്മികചുമതലകളും പേറുന്ന ഒരു വ്യക്തിയും ദൈവവുമായി സ്ത്രീയുക്കുട്ടായ്മയിലേക്കു് വിളിക്കപ്പെട്ടവനുമാണെന്ന യാഥാർത്ഥ്യം, ജീവന്റെ അധിപൻ ദൈവം മാത്രമാണെന്ന സത്യം മുതലായവയൊക്കെയാണു് മനുഷ്യപ്രജനനപ്രവർത്തനങ്ങളിൽ ശാസ്ത്രസാങ്കേതികവിദ്യകം പ്രയോഗിക്കപ്പെടുമ്പോം അവയുടെ ധാർമ്മികതയെ നിർണ്ണയിക്കുന്നതിനുതകേണ്ട മാനദണ്ഡങ്ങം. കോശങ്ങം, കലകം, അവയവങ്ങം എന്നിവയുപരി, തേജസ്സുറ്റ ഒരാത്മാവുമായി യോജിച്ചു് ആത്മശരീരങ്ങളുടെ ഏകീ

malankaralibrary.com

കൃതയാഥാർത്ഥ്യമായ മനുഷ്യൻ മൃഗത്തിൽനിന്നു ഭിന്നനാണ്. ഒരു മനുഷ്യവ്യക്തി തന്റെ വ്യക്തിത്വത്തിന്റെ യാഥാർത്ഥ്യത്തിൽ സ്പർശിക്കപ്പെടുന്നതു് ശരീരത്തിലൂടെയാണു്. തന്മൂലം മനുഷ്യശരീരത്തിൽ നടത്തുന്ന ഇടപെടലുകളൊക്കെ വ്യക്തിത്വത്തെ ബാധിക്കുന്നു.

ശാസ്ത്രവും ധാർമ്മികബോധവും

ശാസ്ത്രജ്ഞന്റെ ധാർമ്മികബോധമാണു് ശാസ്ത്രസാങ്കേതികവിദ്യകളുടെ മണ്ഡലങ്ങളും പ്രവർത്തനപരിമിതികളും നിശ്ചയിക്കുന്നതു്. തന്റെ കണ്ടുപിടുത്തം മനുഷ്യനന്മയ്ക്കാണോ നാശത്തിനാണോ ഉതകേണ്ടതെന്നു തീരുമാനിക്കേണ്ടതിൽ ശാസ്ത്രജ്ഞനും പങ്കുണ്ടു്. തന്മൂലം ധാർമ്മികമൂല്യങ്ങളെ സംബന്ധിക്കുന്ന ശരിയായ ബോധവൽക്കരണം ശാസ്ത്രജ്ഞനു ലഭിച്ചിരിക്കണം.

സ്നേഹത്തിന്റേയും ജീവന്റേയും അടിസ്ഥാനമൂല്യങ്ങളും സാക്ഷാത്കരിക്കപ്പെടുന്ന ലൈംഗികതയുടെയും മനുഷ്യപ്രജനനത്തിന്റെയും മണ്ഡലങ്ങളിലൂടെ, പിതാവും സൃഷ്ടികർത്താവുമായ ഈശ്വരന്റെ കൂട്ടായ്മയിലും പ്രവർത്തനത്തിലും മനുഷ്യൻ പങ്കുചേരുന്നു. ഈ മണ്ഡലത്തിലിടപെട്ടു് മനുഷ്യജീവന്റെ ആരംഭത്തെയും അന്ത്യത്തെയും കുറിച്ചു് ശാസ്ത്രജ്ഞനും ഭിഷഗ്വരനും തീർപ്പുകല്പിക്കാൻ പാടില്ല. മനുഷ്യവ്യക്തിയുടെ ലംഘിക്കാനാവാത്ത പവിത്രത, ആദരണീയത, അന്തസ്സു് ജീവനിലുള്ള അവകാശം എന്നിവയായിരിക്കണം ശാസ്ത്രസാങ്കേതിക ഇടപെടലുകളെ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ആസ്പദമാകേണ്ട വസ്തുതകൾ.

മനുഷ്യഭ്രൂണം ആദരം അർഹിക്കുന്നു

ബീജസങ്കലനത്തോടെ അച്ഛനിൽനിന്നും അമ്മയിൽനിന്നും വ്യത്യസ്തമായ ഒരു പുതുജീവൻ ഉൽപാദിപ്പിക്കപ്പെടുകയാണു്. ആ സമയത്തുതന്നെ അതിൽ മനുഷ്യത്വത്തിന്റെ പൂർണ്ണത നിക്ഷിപ്തമാകുന്നില്ലെങ്കിൽ പിന്നീടു് ഒരിക്കലും അതു് ആർജ്ജിക്കാനാവില്ല. ബീജസങ്കലനത്തോടെ വളർച്ചയ്ക്കു് ആ

malankaralibrary.com

വശ്യമായ സിദ്ധികളും സംവഹിച്ചുകൊണ്ട് ഒരു മനുഷ്യജീവ നെറ സാഹസികത ആരംഭിക്കുകയായി. ഒരു വ്യക്തിയുടെ പ്ര ത്യേക സ്വഭാവങ്ങളുടേയും കഴിവുകളുടേയും വികാസത്തിനു് ആ വശ്യമായ ഭൗതികകണികകളുടെയുംബീജസങ്കലനാവസരത്തിൽ അച്ഛനിൽനിന്നും അമ്മയിൽനിന്നും ഭ്രൂണം സ്വീകരിക്കുന്നതാ യി പാരമ്പര്യശാസ്ത്രം–ഒരു ജീവശാസ്ത്രവിഭാഗം–സമർത്ഥിക്കുന്നു. ഗർഭാശയത്തിലും ജനനശേഷവും വളച്ച് പുരോഗമിക്കുന്നതോടെ മുൻകൂട്ടി നിശ്ചയിച്ച പദ്ധതിക്കനുസൃതമായി കണികകളിലെ ടങ്ങിയിരിക്കുന്ന സ്വഭാവസവിശേഷതകളും ക്രമാനുഗതമായി അനാവരണംചെയ്യപ്പെടുന്നു. തന്മൂലം ബീജസങ്കലനനിമി ഷംമുതൽ പൂർണ്ണത ലഭിച്ച മനുഷ്യജീവനെ സംവഹിക്കുന്ന ഒ രുവ്യക്തി എന്ന നിലയിൽ ഭ്രൂണത്തിന്റെ അവകാശങ്ങളും അംഗീകരിക്കപ്പെടണം. പ്രത്യേകിച്ചും നിഷ്കളങ്കനായ, നി സ്സഹായനായ ഒരു മനുഷ്യവ്യക്തിക്ക് ജീവനിലുള്ള അവകാശം. മനുഷ്യവ്യക്തിയെപ്പോലെ ഭ്രൂണവും പരിചരിക്കപ്പെടുകയും ശ്രുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം; തുടർന്നു ജീവിക്കുന്നതിനു സാദ്ധ്യതയുണ്ടെങ്കിലും ഇല്ലെങ്കിലും. ഇക്കാരണ ത്താൽ M T P എന്ന ഓമനപ്പേരിൽ, നിയമസാധുകരണം നൽ കി, ഒരു കുടുംബാസൂത്രണമാർഗ്ഗമെന്ന നിലയിലും മറ്റും നടത്തു ന്ന ഭ്രൂണഹത്യ അഥവാ ഗർഭച്ഛിദ്രം നരഹത്യതന്നെയാണു്.

ഭ്രൂണവും വൈദ്യശാസ്ത്രവും

ഭ്രൂണത്തിനു സൗഖ്യം നൽകുന്നതിനും അതിന്റെ നന്മ മാത്രം ലക്ഷ്യമാക്കിക്കൊണ്ടും നടത്തുന്ന ചികിത്സാവിധികളും ധാർമ്മികമാണു്. മറിച്ചു്, ഭ്രൂണത്തെ ഹനിക്കുന്നതോ അതി ന്റെ ജീവിതസാഹചര്യങ്ങൾക്കു പ്രതിബന്ധമാകുന്നതോ ആ യവ നിഷിദ്ധവും. എന്നാൽ മറ്റു ചികിത്സാവിധികളുടെ അ ഭാവത്തിൽ ഭ്രൂണത്തിന്റെ ജീവരക്ഷയ്ക്കുള്ള അന്ത്യപരിശ്രമമെ ന്നനിലയിൽ നൽകുന്ന ഔഷധങ്ങളും ചികിത്സയും അംഗീകരി ക്കപ്പെടുന്നു. മറിച്ചുള്ള പരീക്ഷണങ്ങളും പരിശോധനകളും വൈ കല്യമോ വൈരൂപ്യമോ യേന്നു് നടത്തുന്ന ഗർഭച്ഛിദ്രവും അം ഗീകരിക്കാവുന്നവയല്ല.

malankaralibrary.com

വൈദ്യശാസ്ത്രം മനുഷ്യപ്രജനനത്തിൽ

മനുഷ്യപ്രജനനത്തിനും വൈവാഹികലൈംഗികതയ്ക്കും മനുഷ്യവ്യക്തിത്വത്തിൽനിന്നുദ്ഭവിക്കുന്ന അന്തസ്സുണ്ട്. വിവാഹബന്ധത്തിൽ ജനിക്കുന്നതിനും, മാതൃശരീരസംരക്ഷണം ലഭിച്ച് മാതാവിന്റെതന്നെ ഗർഭപാത്രത്തിൽ വളരുന്നതിനും, ഭ്രൂണത്തിനും ഗർഭസ്ഥശിശുവിനും അവകാശമുണ്ട്. ഇതിനെ ലംഘിക്കുന്ന പ്രവർത്തനങ്ങളും ക്രിയകളും അപലപനീയമാണ്. ഉദാഹരണത്തിന് ടെസ്റ്റ്യൂബുശിശുക്കൾ എന്നറിയപ്പെടുന്ന ഭ്രൂണങ്ങളുടെ ഉൽപാദനം, മാതൃശരീരത്തിനുവെളിയിൽ നടത്തുന്ന ബീജസങ്കലനം, വായ്പാമാതൃത്വം, മൃഗങ്ങളുടെ ഗർഭാശയത്തിൽ മനുഷ്യഭ്രൂണത്തെ വളർത്തുന്നതിനു നടത്തുന്ന പരിശ്രമങ്ങൾ, കൃത്രിമഗർഭാശയം നിർമ്മിക്കുന്നതിനുള്ള യത്നങ്ങൾ, പരീക്ഷണനിരീക്ഷണങ്ങൾ ക്രയവിക്രയങ്ങൾ എന്നിവയായി ഭ്രൂണത്തെ ശീതീകരിച്ചുസൂക്ഷിക്കുന്ന സമ്പ്രദായം, ഒരു ഭ്രൂണത്തിൽനിന്ന് ഒന്നിലധികം ശിശുക്കളെ ഉൽപാദിപ്പിക്കുന്നതിനുള്ള വിച്ഛേദനം എന്നിവയൊക്കെ അധാർമ്മികമാണ്. ഇവയിൽ ചിലതെങ്കിലും ഭ്രൂണത്തിന്റെ ജീവൻ അപായപ്പെടുത്തുന്നു. വില്പനയ്ക്കായി ഉത്പാദിപ്പിക്കപ്പെടുന്ന ടെസ്റ്റ്യൂബുശിശുക്കൾ ആവശ്യക്കാരില്ലാതെ അനാഥടെസ്റ്റ്യൂബുശിശുക്കളായിത്തീരുമ്പോൾ അവരെ നശിപ്പിച്ച് ഓടയിലൊഴുക്കുകയല്ലാതെ എന്തു മാർഗ്ഗം?

കൃത്രിമ ബീജസങ്കലനം

ഭാര്യയ്ക്കോ ഭർത്താവിനോ പുഷ്ടിയുള്ള യുഗ്മകത്തെ (gamata) ഉൽപാദിപ്പിക്കുന്നതിനുള്ള കഴിവു നഷ്ടപ്പെടുകയാൽ സന്താനസൗഭാഗ്യം ലഭിക്കാതെവരാം. അത്തരം സന്ദർഭങ്ങളിൽ ദമ്പതികൾ ഉഭയസമ്മതത്തോടെ ഒരു ദാതാവിൽനിന്നുംയുഗ്മകത്തെ സ്വീകരിച്ച് ശരീരത്തിനുപുറത്ത് കൃത്രിമബീജസങ്കലനം നടത്തി ലഭിക്കുന്ന ഭ്രൂണത്തെ ഭാര്യയുടെ ഗർഭാശയത്തിൽ നിക്ഷേപിക്കുന്നതിനെ അന്യയുഗ്മകകൃത്രിമബീജസങ്കലനമെന്നു വിളിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ വന്ധ്യത്വത്തിനു പ്രതിവിധിയായി ഭാര്യാഭർത്താക്കന്മാരുടെതന്നെ അണ്ഡബീജങ്ങളെ ശരീരത്തിനു പുറത്തെടുത്ത് കൃത്രിമമാർഗ്ഗങ്ങ

malankaralibrary.com

ളിലൂടെ സംയോജിപ്പിച്ച് ഭാര്യയുടെതന്നെ ഗർഭാശയത്തിൽ നിക്ഷേപിക്കുന്നതിനെ സമയുഗ്മകബീജസങ്കലനമെന്നു വിശേഷിപ്പിക്കുന്നു. ഇവ രണ്ടും കൃത്രിമബീജസങ്കലനമാണ്. ആധുനികവൈദ്യശാസ്ത്രത്തിന്റെ വിജയമായും വന്ധ്യരായ ദമ്പതികളുടെ ശാപമോക്ഷമായും ഈ കൃത്രിമബീജസങ്കലനങ്ങളെ താലോലിക്കുന്നുണ്ടെങ്കിലും അവ ധാർമ്മികപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

വിവാഹത്തിൽ ഭാര്യാഭർത്താക്കന്മാർ നടത്തിയ പരസ്പരാർപ്പണത്തിന്റെയും, വിവാഹലൈംഗികബന്ധത്തിലടങ്ങിയിരിക്കുന്ന ധാർമ്മികതയുടെയും, പൈതൃകവുമായി ബന്ധംപുലർത്തുന്നതിനു ശിശുവിനുള്ള അവകാശത്തിന്റെയും ലംഘനമാണ് അന്യയുഗ്മകകൃത്രിമബീജസങ്കലനം. സമയുഗ്മകകൃത്രിമബീജസങ്കലനത്തെ ന്യായീകരിക്കുന്നതിനു് ഉന്നയിക്കുന്ന വാദമുഖങ്ങളൊന്നും ധാർമ്മികമായി അംഗീകാര്യമല്ല. കാരണം, ലൈംഗികബന്ധത്തിൽ അന്തർല്ലീനമായിരിക്കുന്ന ഏകീകരണ(unitive) പ്രജനന (Procreative)അർത്ഥങ്ങളും വേർപെടുത്താനാവില്ലെന്നാണ് സഭയുടെ നിലപാട്. മാതൃശരീരത്തിനുവെളിയിൽ നടത്തുന്ന ബീജസങ്കലനം ലൈംഗികബന്ധത്തിൽനിന്നും ഏകീകരണാർത്ഥത്തെ നിഷ്കാസനം ചെയ്യുന്നു. ദമ്പതികളും പരസ്പരസ്നേഹവും പരസ്പരാർപ്പണവും പ്രദർശിപ്പിക്കുന്ന ശരീരത്തിന്റെ ഭാഷയാണ് ലൈംഗികബന്ധം. മനുഷ്യൻ സ്രഷ്ടാവിന്റെ സൃഷ്ടികർമ്മത്തിൽ ഭാഗഭാക്കാവുന്നതും ലൈംഗികബന്ധത്തിലൂടെയാണ്. മനുഷ്യനു ലഭിക്കുന്ന ഈ അവസരങ്ങളും അവയെ ഭരിക്കുന്ന മൂല്യങ്ങളും കൃത്രിമബീജസങ്കലനം നഷ്ടപ്പെടുത്തുന്നു. മാതാപിതാക്കളുടെ സ്നേഹാർപ്പണത്തിന്റെ ഫലമാകേണ്ട കുഞ്ഞുങ്ങളെ ശാസ്ത്രസാങ്കേതികവിദ്യയുടെ ഉൽപന്നമാക്കിമാറ്റുന്നു.

ശാസ്ത്രസാങ്കേതികവിദ്യകളും മനുഷ്യജീവനിലും മനുഷ്യപ്രജനനത്തിലും ഇടപെടുന്നതിന്റെ സാധുത തിട്ടപ്പെടുത്തുന്ന ധാർമ്മികമാനദണ്ഡം മനുഷ്യവ്യക്തിത്വം, മാനുഷികലൈംഗികത, മനുഷ്യന്റെ ഉദ്ഭവം എന്നിവയുടെ മഹിമയായിരിക്കണം. ചുരുക്കത്തിൽ, സന്താനനിയന്ത്രണം സന്താനോല്പാദനം എന്നിവയ്ക്കു് ഉപയോഗിക്കുന്ന കൃത്രിമമാർഗ്ഗങ്ങളെ സഭ അംഗീ

malankaralibrary.com

കരിക്കുന്നില്ല. ധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സഭയുടെ ഈ നിലപാടുമൂലം അംഗീകരിക്കപ്പെടുന്നതു് മാനുഷിക ലൈംഗികതയുടെ മഹത്ത്വവും മേന്മയുമാണു്. ഈ മണ്ഡലങ്ങളിൽ ധാർമ്മികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു് ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനു് ക്രിസ്തീയസ്ഥാപനങ്ങളേയും, വൈദ്യസേവനമനുഷ്ഠിക്കുന്നവരേയും വിശ്വാസികളെ പൊതുവേയും സഭ ഉൽബോധിപ്പിക്കുന്നു.

□

malankaralibrary.com

3

വിവാഹമോചനം

മാതാപിതാക്കൾ മക്കൾക്ക് ഇണയെ കണ്ടെത്തുക എന്നതായിരുന്ന അടുത്തയിടവരെ നമ്മുടെ നാട്ടിൽ പൊതുവേ അംഗീകരിക്കപ്പെട്ട സമ്പ്രദായം. മക്കൾ സ്വയം ജീവിതപങ്കാളിയെ കണ്ടെത്തുന്ന രീതിയിലേക്ക് ഇന്ന് അതു വളരെ വേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ട ജീവിതാനുഭവമോ പക്വതയോ മക്കൾക്കുണ്ടോ എന്ന ചോദിക്കുന്നതിനു പകരം ഏറ്റവും നിർണ്ണായകമായ ഈ തെരഞ്ഞെടുപ്പിനു മക്കളെ സുസജ്ജരാക്കാൻ തങ്ങൾ എന്തു ചെയ്തുവെന്നാണ് മാതാപിതാക്കൾ ചോദിക്കേണ്ടതു്. വിവാഹബന്ധത്തിൽനിന്ന സ്നേഹം എന്ന പഴയ സ്ഥിതിയിൽനിന്ന്, അനുഭവിച്ചറിഞ്ഞ സ്നേഹത്തിൽനിന്ന് വിവാഹം എന്നതിലേക്ക് ആധുനികസമൂഹം വളർന്നുതുടങ്ങിയിരിക്കുന്നു. ഇത്തരം സാമൂഹികമാറ്റങ്ങൾക്കു തുടക്കമിട്ട നാടുകളിൽ സ്നേഹബന്ധത്തിന്റെ ഫലമായി നടന്ന വിവാഹങ്ങൾ പലതും പ്രതിസന്ധികളിലേയ്ക്കു പെട്ടെന്ന കടക്കുകയും വിവാഹമോചനങ്ങളുടെ നിരക്ക വർദ്ധിക്കുകയും ചെയ്യുന്നതു കാണുമ്പോൾ, ആദ്യരീതിയിലേക്ക മടങ്ങാൻ പ്രലോഭനം കൂടാം. പടിഞ്ഞാറൻനാടുകളിൽ ഇന്നു നടക്കുന്ന വിവാഹങ്ങളിൽ നല്ല പങ്കും വരന്റേയോ വധുവിന്റേയോ, ചിലപ്പോൾ രണ്ടുപേരുടേയുമോ പുനർവ്വിവാഹവുമാണ്.

malankaralibrary.com

കലവറയില്ലാത്ത ഒരു സ്നേഹവാഗ്ദാനമാണ് വിവാഹത്തിൽ നടക്കുക. ഭവനം പണിയുന്നതിനുമുമ്പ് അടങ്കൽ തയ്യാറാക്കണമെന്നും, യുദ്ധത്തിനിറങ്ങുന്നതിനുമുമ്പ് സൈന്യബലം ഉറപ്പുവരുത്തണമെന്നുമുള്ള യേശുവിന്റെ ഉദ്ബോധനം വിവാഹം കഴിക്കുന്നവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധേയമാണ്. കല്യാണം ഒരുടമ്പടിയാണല്ലോ. പക്ഷേ, മറ്റുടമ്പടികളിൽനിന്ന് ഇതിനു വലിയൊരു വ്യത്യാസമുണ്ട്. സന്തോഷത്തിലും സന്താപത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ഒന്നിച്ചുജീവിച്ചുകൊള്ളാമെന്ന ഉറച്ചധാരണയിലാണ് ഏതു വിവാഹവും നടക്കുക. മറേറതുടമ്പടിയിലും എല്ലാ സാധ്യതകളെയും മുന്നിൽക്കാണുകയും അതിനുള്ള മുൻകരുതൽവ്യവസ്ഥകളും എഴുതിച്ചേർത്തിരിക്കുകയും ചെയ്തിട്ടുണ്ടാവും. ഏതെങ്കിലുമൊരു പങ്കാളി ഉടമ്പടിക്കു വിരുദ്ധമായി എന്തെങ്കിലും പ്രവർത്തിച്ചാൽ ഉടമ്പടി റദ്ദാക്കുമെന്നും വ്യവസ്ഥവയ്ക്കാം. ഏറെറം നിർണ്ണായകവും ഗൗരവാവഹവും തലമുറകളിലേക്കു നീണ്ടുനിൽക്കുന്നതുമായ വിവാഹ ഉടമ്പടിയിലാവട്ടെ, ഉടമ്പടി റദ്ദാക്കണമെന്ന ചിന്തതന്നെ പാടില്ല. അങ്ങനെയൊരു സാധ്യത മുന്നിലില്ല. അതിനാൽത്തന്നെ വിവാഹം റദ്ദാക്കുന്നതിനെക്കുറിച്ച് ഒരു പരാമർശവും ഈ ഉടമ്പടിയിൽ ഉൾപ്പെടുന്നില്ല. വ്യവസ്ഥകളുടെ പൂർത്തീകരണമാണ് മറ്റുടമ്പടികളുടെ ഉന്നം വയ്ക്കുക. വിവാഹമാകട്ടെ, നിരുപാധികമായൊരു സ്വയംസമർപ്പണത്തിന്റെ ഉടമ്പടിയാണ്. ഇവിടെ നിയമങ്ങളുടെ പൂർത്തീകരണമല്ല, മാനുഷികാവശ്യങ്ങളും ദൈവികമായ ഉദാരതയുമാണ് അളവുകോൽ. നിയമം ഒരുവനിൽനിന്നു് ഏറെറം കുറഞ്ഞതു് ആവശ്യപ്പെടുമ്പോഴാം വിവാഹം ഏറെറം വലുതാണാവശ്യപ്പെടുക. അവകാശങ്ങളെക്കുറിച്ചു ചിന്തയില്ലാത്ത കടമനിർവ്വഹണമാണു വിവാഹം എന്നുവരെപ്പറയാം. പക്ഷേ ഇവിടെ ഒരുറപ്പുണ്ട്: സ്നേഹത്തിൽനിന്നു സ്നേഹമുദിക്കുന്നുവെന്ന ഉറപ്പു്; കൊടുക്കുന്തോറുമേറിടുന്നതാണു് സ്നേഹമെന്ന ഉറപ്പു്; കൊടുക്കുന്ന സ്നേഹം നൂറുമടങ്ങായി തിരിച്ചുകിട്ടുമെന്ന ഉറപ്പു്. ഇഷ്ടപ്പെട്ടതുമാത്രം ചെയ്യലല്ല വിവാഹം. ചെയ്യേണ്ടതിനെ ഇഷ്ടപ്പെടുകയാണതു്.

malankaralibrary.com

സ്വാതന്ത്ര്യത്തിനുവേണ്ടിയല്ല ഒരാൾ വിവാഹിതനാകുക. വിവാഹംവഴി ഒരാൾ അടിമയാകുന്നുമില്ല. പരസ്പരാശ്രിതത്വത്തിലൂടെ കൈവരുന്ന ആത്മസാക്ഷാത്ക്കാരമാണ് വിവാഹത്തിന്റെ ലക്ഷ്യം. എന്നാൽ, വിവാഹം കഴിയുന്നതോടെ, ജീവിതസ്വാതന്ത്ര്യം നഷ്ടപ്പെട്ടുന്നതായും സ്വയം അടിമയായതായുമൊക്കെയുള്ള തോന്നലുകൾ പലർക്കും ഉണ്ടാകാറുണ്ട്. ആത്മസാക്ഷാത്ക്കാരം ഈ പങ്കാളിയോടൊത്തു ജീവിച്ചാൽ സാധ്യമല്ല എന്ന ചിന്തതന്നെ ശക്തിപ്പെട്ടവരാം. സമൂഹദ്രഷ്ട് അതു ശക്തമല്ലാത്ത ഇക്കാലത്തു്, ഇത്തരം ബന്ധങ്ങളിൽനിന്നു് എത്രയുംവേഗം പുറത്തുകടക്കണമെന്ന വിചാരം ഏറിവരുകയാണു്. സിവിൽക്കോടതികളിലെത്തുന്ന വിവാഹമോചനക്കേസ്സുകളുടെയെണ്ണം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ക്രൈസ്തവർക്കു് വിവാഹമോചനം അനുവദിച്ചിട്ടുണ്ടോ എന്ന ചോദ്യം പ്രസക്തമാകുന്നതു് ഇവിടെയാണു്. ഇതിനുത്തരം കിട്ടണമെങ്കിൽ ക്രൈസ്തവവിവാഹം എന്താണെന്നു് ഒരു ധാരണവേണം. പാരമ്പര്യങ്ങളുടെയും വിശുദ്ധ ഗ്രന്ഥത്തിന്റെയുമൊക്കെ അടിസ്ഥാനത്തിലേ ഈ ധാരണ വ്യക്തമാകൂ. പഴയനിയമത്തിലൂടെ വളർന്നുവന്നു് യേശുവിലെത്തി പൂർണ്ണതനേടുന്ന ഒരു ദീർഘകാലപരിത്രം ക്രൈസ്തവവിവാഹത്തിനുണ്ടു്.

ഉൽപത്തിപ്പുസ്തകമനുസരിച്ചു വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള ജീവിതപങ്കാളിത്തമാണു് (ഉത 2:18). പുരുഷൻ സ്ത്രീക്കു വേണ്ടിയും സ്ത്രീ പുരുഷനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (ഉത 2:21-22). ഒരാൾ തന്നെത്തന്നെ അപരവ്യക്തിയിൽ കണ്ടെത്തുന്ന (2:23). അതേപോലെതന്നെ, തന്റെ പരിപൂരകമാണു് മറേറയാൾ എന്നും. വാരിയെല്ലിന്റെ പ്രതീകത്തിലൂടെ സ്ത്രീപുരുഷൈക്യമാണു് ബൈബിൾ വ്യക്തമാക്കുക. അടിസ്ഥാനപരമായി ഇത്തരമൊരു ധാരണയുണ്ടായിട്ടുപോലും ചുറ്റുപാടുമുള്ള അറബിവർഗ്ഗങ്ങളുടെ സമ്പ്രദായമാണു് യഹൂദരുടെയിടയിൽ വേരുറച്ചതു്. ഈ അയൽസംസ്ക്കാരങ്ങളാകട്ടെ, സ്ത്രീപുരുഷപങ്കാളിത്തത്തിനു പകരം പുരുഷമേൽക്കോയ്മയാണു് ജീവിതപ്രമാണമാക്കിയിരിക്കുന്നതു്. യഹൂദരുടെയിടയിൽ, പുരുഷനു് ഒന്നിലധികം ഭാര്യമാരാവാം എന്നുണ്ടായിരുന്നു. അവനു് വേണമെങ്കിൽ ഭാര്യയെ ഉപേക്ഷിക്കാമായി

malankaralibrary.com

രുന്നു(മറിച്ച് ഭാര്യയുടെതാവില്ല). ഭർത്താവും ഭാര്യാപിതാവും തമ്മിൽ നടക്കുന്ന ഒരിടപാടിലെ വസ്തുമാത്രമായി വധു. 'വധുവിലപ്പണം' കൊടുത്തുവാങ്ങപ്പെട്ട അവകാശം (ഉത്. 34: 11, നിയമാ. 22:29) ഭർത്താവിന്റെ അധീനതയിലാവുന്നു. ഗോത്രത്തിനു പുത്രന്മാരെ പ്രദാനംചെയ്യുന്നവകാശം എന്ന സ്ഥാനമുണ്ടായിട്ടുകൂടി, വസ്തുക്കളുടെ കൂട്ടത്തിലാണ് ഭാര്യ എണ്ണപ്പെട്ടിരുന്നതും. രണ്ടു വ്യക്തികൾതമ്മിലെന്നതിനേക്കാൾ രണ്ടു കുടുംബങ്ങൾ തമ്മിലായിരുന്ന വിവാഹമെന്നതിനാൽ വ്യക്തിപരമായ ബന്ധങ്ങൾക്കു വലിയ മൂൻതൂക്കം നൽകപ്പെട്ടിരുന്നില്ല. അതിനാലായിരിക്കണം വേർപെടുത്തപ്പെട്ട സ്നേഹത്തിന്റെ ദുരന്തത്തെക്കുറിച്ചോ, പാളിപ്പോയ വിവാഹബന്ധത്തെക്കുറിച്ചോ, ചേരാനാവാത്തവിധം മുറിഞ്ഞുപോകുന്ന ബന്ധങ്ങളെക്കുറിച്ചോ ഒന്നും കാര്യമായ പരാമർശങ്ങൾ പഴയനിയമത്തിൽ കാണാത്തതും. സമൂഹത്തിന്റെ മേൽനോട്ടവും സംരക്ഷണവും കൂടുതൽ ഉള്ളിടത്തു മേലാപറഞ്ഞവയ്ക്കു അധികം പ്രസക്തിയില്ലല്ലോ. സമീപസംസ്ക്കാരങ്ങളുടെ സ്വാധീനവലയത്തിൽപ്പെട്ടു സ്ത്രീപുരുഷബന്ധത്തെക്കുറിച്ചുള്ള ആദിമധാരണ വികലമായിട്ടപോലും; പ്രവാചകന്മാർ, ദൈവത്തിനു തന്റെ ജനത്തോടുള്ള പ്രത്യേകബന്ധത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഉപമ വിവാഹബന്ധമാണെന്നറിയുമ്പോൾ എത്ര ഉദാത്തമാണു ബൈബിൾസങ്കല്പം എന്നോർക്കുക (ഇസ. 50:1; ജറ. 2:16 ff 3:1ff; ഏസ. 16:8ff, ഹൊസ. 1–3).

പുതിയ നിയമത്തിലേക്കു വരുമ്പോൾ യേശുവിന്റെ കല്പനകൾ നാം കണ്ടുമുട്ടുന്നു. വിവാഹത്തെ സംബന്ധിച്ച യേശുവിന്റെ കല്പനയുടെ സാരാംശമിതാണ്: ആദിയിൽ ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. അവരെ മനുഷ്യൻ വേർപെടുത്തരുതു. പിതാവിനോടും മാതാവിനോടുമുള്ള ബന്ധത്തെക്കാൾ ശക്തമാണ് ജീവിതപങ്കാളിയോടുള്ള ബന്ധം. ഉപേക്ഷണപത്രം കൊടുത്തു ഭാര്യയെ വേർപെടുത്താമെന്ന മോശയുടെ നിയമം ദൈവത്തിന്റെ ആദിമപദ്ധതിയിൽ ഇല്ലാത്തതാണെന്നും മനുഷ്യന്റെ ഹൃദയകാഠിന്യം നിമിത്തം മോശ അനുവദിച്ചൊരു 'ഇളവു' മാത്രമാണതെന്നും യേശു വ്യക്തമാക്കി. ആദികൃപാവരപദവിയിലേക്കു വിവാഹത്തെ തിരിച്ചുകൊണ്ടു

malankaralibrary.com

വരണമെന്നാണു് യേശുവിന്റെ ഉദ്ദേശ്യം. (മത്താ. 19:3ff; മാർ. 10:2 ff; മത്താ. 5:31 ff; ലൂ. 16: 18).

ഭാര്യയെ ഉപേക്ഷിച്ചു മറെറാരുവളെ വിവാഹംചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ പരിത്യജിച്ചു് മറെറാരുത്തനെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുന്നുവെന്നു് യേശു പറഞ്ഞു. പരസംഗം നിമിത്തമാണെങ്കിൽ ഭർത്താവിനു് ഭാര്യയെ ഉപേക്ഷിക്കാം എന്നൊരു അപവാദം മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നുണ്ടു്. മർക്കോസിലോ ലൂക്കായിലോ കാണാത്ത ഈ അപവാദം വാസ്തവത്തിൽ യേശുവിന്റെ കല്പനയാണോ? കൊറിന്തോസുകാർക്കെഴുതിയ ഒന്നാംലേഖനത്തിൽ (1 കൊറി. 7:1-16) മറെറാരു അപവാദത്തെക്കുറിച്ചു പറയുന്നുണ്ടു്, സ്വന്തം അഭിപ്രായമെന്നനിലയിൽ. അവിശ്വാസിയായ ജീവിതപങ്കാളി പിരിഞ്ഞുപോകാനാഗ്രഹിക്കുന്നുവെങ്കിൽ അതിനനുവദിക്കാം. അത്തരം സാഹചര്യങ്ങളിൽ ആ സഹോദരന്റെയോ സഹോദരിയുടെയോ വിവാഹബന്ധം നിലനില്ക്കുന്നില്ല. പൗലോസു് ഇതു പറയുമ്പോഴും മത്തായിയുടെ സുവിശേഷത്തിലെ ഇളവിനെക്കുറിച്ചു് -അപവാദത്തെക്കുറിച്ചു്- ഒന്നും പറയുന്നില്ല. ബൈബിൾവ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ മത്തായിയിൽക്കാണുന്ന ഈ അപവാദം യേശുവിന്റെ കല്പനയല്ല. വ്യഭിചാരംവഴി വിവാഹബന്ധത്തിനു് ഗുരുതരമായ ക്ഷതമേൽക്കുന്നുവെങ്കിലും പശ്ചാത്താപത്തിനും ക്ഷമയ്ക്കും സ്ഥാനമില്ലേ? പാപിനിയായ സ്ത്രീയോടും പാപത്തിൽ പിടിക്കപ്പെട്ടവളോടും ക്ഷമിച്ച യേശു അത്തരമൊരു സമീപനം ഭർത്താവിൽനിന്നും പ്രതീക്ഷിക്കുന്നുവെന്നു (ലൂക്കാ. 7: 36ff; യോഹ 8:2ff)വേണം കരുതാനെന്നു് ഇവർ ചൂണ്ടിക്കാട്ടുന്നുണ്ടു്. 'മോശയുടെ നിയമത്തിൽ ഇങ്ങനെ പറയുന്നു... എന്നാൽ ഞാൻ നിങ്ങളോടുപറയുന്നു....' എന്നു് അധികാരപൂർവ്വം പറയുകവഴി യേശുശിഷ്യർക്കുള്ള മാർഗ്ഗം വളരെ വ്യക്തമാണു്. പക്ഷേ, അടുത്ത ശിഷ്യന്മാർക്കുപോലും യേശുവിന്റെ കല്പന കഠിനമായാണു് തോന്നിയതു്. 'ഇങ്ങനെയാണെങ്കിൽ ആരുമുതിരും വിവാഹത്തിനു്?' ഇതാണു് അവരുടെ ചോദ്യം. അവിവാഹിതാവസ്ഥയിലേക്കു പ്രത്യേകകൃപാവരം ലഭിച്ചിട്ടില്ലാത്തവരെല്ലാം-അവരെന്നും ഭ്രഷ്ടരാക്കപ്പെട്ടവരായിരിക്കും- വിവാഹജീ

malankaralibrary.com

വിഷയത്തിൽ തങ്ങളുടെ ശിഷ്യത്വം കണ്ടെത്തണമെന്നാണ് യേശു അതിനു കൊടുത്ത ഉത്തരം.

ഓരോ വിവാഹത്തിനും തനതായ, ആക്കം മായിച്ചുകളയാനാവാത്ത ഒരു സ്വഭാവവിശേഷമുണ്ട്. ഒരിക്കൽ വിവാഹം നടന്നുകഴിഞ്ഞാൽ, മരണത്തിനല്ലാതെ മറ്റൊന്നിനും അതിനെ ഇല്ലാതാക്കാനാവില്ല. വിവാഹമോചനംവഴി ഭാര്യാഭർത്താക്കന്മാർ എല്ലാ ബന്ധവും നിയമപരമായി ഉപേക്ഷിച്ചാലും സത്താപരമായി അവർ എന്നും വിവാഹിതർതന്നെ. ആദ്യവിവാഹം ഒരു യഥാർത്ഥവിവാഹമായിരുന്നെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ അവരെന്നും വിവാഹിതരായിത്തന്നെ നിലകൊള്ളുന്നു. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നുവെന്നു പുറയുന്നതു ശരിയാണ്, രണ്ടു മനുഷ്യവ്യക്തികളിലാണതു സംഭവിക്കുന്നതെങ്കിലും. അതിനാൽ ഈ രണ്ടു കക്ഷികളും ഉഭയസമ്മതപ്രകാരം വേർപെട്ടാലും സ്വർഗ്ഗത്തിന്റെ സമ്മതി അതിനുണ്ടാവില്ല. അതിനാൽ തകർന്ന ഒരു കുടുംബം വെറുമൊരു സാമൂഹികപ്രശ്നമല്ല. സ്വർഗ്ഗത്തിനെതിരായ തിന്മയാണതു. ദൈവമില്ലായെന്നു നിരീശ്വരൻ പറയുന്നതുകൊണ്ടു ദൈവമില്ലാതാകുമോ? മനുഷ്യന്റെ അംഗീകാരത്തിനും നിഷേധത്തിനും മീതെയാണു ദൈവത്തിന്റെ നിലനില്പു്. അതുപോലെ, ഞങ്ങളിനി മേൽ അന്യരാണു എന്നുപറഞ്ഞു ഭാര്യയും ഭർത്താവും കൈകഴുകിപ്പിരിയുമ്പോഴും ദൈവത്തിന്റെ പദ്ധതിയിൽ അവർ ഭാര്യാഭർത്താക്കന്മാർതന്നെ. അതിനാൽ, സഭയുടെ നോട്ടത്തിലും അവർ വേർപെടുത്തപ്പെട്ടവരാകുന്നില്ല. മാനുഷികപ്രശ്നങ്ങളുടെ മുന്നിലെ നിർവ്വികാരതയായി ഇതിനെ വ്യാഖ്യാനിക്കരുതാത്തതാണു.

വ്യഭിചാരക്കുറ്റത്തിനു ഭർത്താവുപേക്ഷിച്ചുവളെ വിവാഹം ചെയ്യുന്നവൻ അവളുടെ വ്യഭിചാരത്തെ അംഗീകരിക്കുകയാണു. അകാരണമായി വേർപെടുത്തപ്പെട്ടവളെ സ്വീകരിക്കുന്നവനാകട്ടെ, ഭർത്താവിന്റെ കുറ്റത്തെ ന്യായീകരിക്കുകയുമാവും. തന്റെ ഉപേക്ഷണപത്രംവഴി ഒരു യഥാർത്ഥവിവാഹം ഇല്ലാതായി എന്ന അവന്റെ നിലപാടിനെ അംഗീകരിക്കലാണു പുനർവ്വിവാഹം. ഇങ്ങനെ പുനർവ്വിവാഹം 'ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്തരുതു്,'' എന്ന ആദികല്പന

malankaralibrary.com

യുടെ ലംഘനമാകുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ചേർച്ചയില്ലായ്മ (incompatibility) യാണു് വിവാഹമോചനത്തിനു കാരണമായി ഇന്നു പരക്കെ ഉപയോഗിക്കപ്പെടുന്ന കാരണം. തമ്മിൽ എന്തെങ്കിലും ഇഷ്ടക്കുറവുതോന്നിയാലുടനെ താമസം മാറി, നിയമത്തിൽ പറഞ്ഞിരിക്കുന്ന കാലയളവു് എത്തിയാലുടനെ വിവാഹമോചനത്തിനു കോടതിയിലെത്തുകയായി. മോചനപത്രം വാങ്ങി, ഒന്നും സംഭവിക്കാത്തമട്ടിൽ, വേറൊരു ജീവിതപങ്കാളിയുമായി ജീവിതം പങ്കിടാനാരംഭിക്കുന്നു. ഇത്തരക്കാർ ഇന്നു് ഏറെയുണ്ടു്. ഒരു ജഡ്ജി ഭാര്യയെയും ഭർത്താവിനെയും അന്യരായി പ്രഖ്യാപിക്കുമ്പോഴും അതിനൊരു പ്രഖ്യാപനത്തിന്റെ വില (declaratory value) മാത്രമേയുള്ള. അവരെ തീർത്തും അന്യരാക്കുന്ന ഒരു സജീവകാരണമാകാൻ (efficient cause) അദ്ദേഹത്തിനാവില്ല. മാത്രമല്ല, താത്ക്കാലികമായ ഇഷ്ടാനിഷ്ടങ്ങളുടെ നിമ്നോന്നതങ്ങളെ സദാ നേരിടുന്ന വൈകാരികാനുഭൂതിക്കുമതീതമായി ഉറപ്പുള്ള പീഠഭൂമിയിൽ വിവാഹത്തെ പ്രതിഷ്ഠിക്കേണ്ടതുണ്ടു്. കാറ്റുവീശിയാലും മഴപെയ്തു വെള്ളപ്പൊക്കമുണ്ടായാലും വീണുപോകാത്ത വിധം ഉറപ്പുള്ളതാവണം വിവാഹത്തിന്റെ അടിത്തറ.

മറ്റുള്ളവർക്കു് ഉപദേശിക്കാനോ സഹായിക്കാനോ അല്ലാതെ, ഉള്ളിൽക്കയറി പ്രശ്നംതീർക്കാവുന്നൊരു മേഖലയല്ല ദാമ്പത്യബന്ധം. നിയമനിർമ്മാണംവഴി സ്നേഹവും അതിനെ നിയന്ത്രിക്കാനൊരുമ്പെടുന്നതു തെറ്റാണു്. കാരണം സ്നേഹത്തിന്റെ ആവിർഭാവത്തിനുമുമ്പേ കുടുംബമുണ്ടു്, വിവാഹമുണ്ടു്. ആദ്യസമൂഹത്തെ രണ്ടാംസമൂഹം നിയന്ത്രിക്കുകയെന്നതു് ഒരുതരം തലതിരിവത്രേ. തകരുന്ന ഒരു വിവാഹത്തിന്റെ കാര്യത്തിൽ ഒരു ധാർമ്മികപ്രശ്നവും ഉൾച്ചേർന്നിട്ടില്ല എന്നതരത്തിൽ ആരും പെരുമാറുന്നു. ഒരു വിവാഹമോചനത്തിന്റെ ചരിത്രം പരിശോധിക്കുക. ആരാണു് അതിനു കൂറവാളിയെന്നു നിശ്ചയിക്കാനാവുമോ? തകരുന്ന വിവാഹബന്ധത്തിൽ നിർദ്ദോഷി എന്നൊരു കക്ഷിയില്ല. തെറ്റിലും ശരിയിലും ഇരുവരും പങ്കാളികളാണു്. ഏറ്റക്കുറച്ചിലുകളുടെ കാര്യമേ ഇവിടെ പരിഗണിക്കേണ്ടതുള്ള. വിവാഹമോചനത്തിനു സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഒട്ടുമിക്കവയിലും മോചനത്തി

malankaralibrary.com

നാധാരമായ കാരണങ്ങളും അവ്യക്തമോ ഉണ്ടാക്കിയെടുത്തതോ ഒക്കെയാണ്. ശല്യകാരണമായ ഈ ബന്ധം എളുപ്പം ഒഴിച്ചു കിട്ടാൻവേണ്ടി രണ്ടുപേരും ഒരുമിച്ച് ഒരാളെ കറവാളിയായി ചിത്രീകരിക്കുന്ന പതിവുമുണ്ട്. ഈ നേരത്തുകാണിക്കുന്ന ഉഭയസമ്മതവും വിട്ടുവീഴ്ചാമനഃസ്ഥിതിയും വിവാഹജീവിതത്തിൽ കാണിച്ചിരുന്നെങ്കിൽ ഇന്ന് ഈ സ്ഥിതി വരുമായിരുന്നില്ല.

ജീവിതപങ്കാളിയുടെ പോരായ്മകളും വിവാഹംവഴി പരിഹൃതമാവും എന്നു നാം കരുതരുത്. എങ്കിലും പോരായ്മകളിലൂന്നാതെ, നല്ല അംശങ്ങളെക്ക് ഊന്നൽ കൊടുത്തുനീങ്ങുന്ന ഒരു വിവാഹബന്ധം ഭംഗിയായി മുന്നേറുമെന്നു നമുക്കറിയാം. ഗൗരവബുദ്ധിയോടെ വിവാഹവേദിയിലേക്കു കടന്നുവരാൻ സ്ത്രീപുരുഷന്മാർക്കു കഴിയണം. കാരണം, കളിയല്ല കല്യാണം. കല്യാണം പ്രായപൂർത്തിവന്നവർക്കുള്ളതാണ്. പുറത്തേക്കു വഴിയില്ലാത്ത ഈ ബന്ധത്തിൽ എന്തിനു പോയിക്കെട്ടണം എന്നല്ല, എങ്ങനെ ബന്ധപ്പെട്ടാലാണു ഭംഗിയാവുക എന്നാണാലോചിക്കേണ്ടതു്. ഒരാൾ ആരെയാണ് 'കെട്ടുന്നത്', എന്തുകൊണ്ടാണു 'കെട്ടുന്നതു്' എന്നു നോക്കിയാൽ മതി ആ വിവാഹം നിലനില്ക്കുമോ എന്നറിയാൻ. വിവാഹമോചിതർ വീണ്ടും വിവാഹിതരാകുന്നുവെന്നതുതന്നെ വിവാഹം നല്ലൊരു കായ്മാണെന്നതിനു സൂചിപ്പിക്കുക. ഒന്നിൽ പിശകുപറ്റി, അടുത്തതു ശരിയാകും എന്ന പ്രതീക്ഷയാണ് പുനർവ്വിവാഹത്തിനു് ഒരാളെ പ്രേരിപ്പിക്കുക. മറെറാരു വഴിയിലും കിട്ടാത്ത സൗഹൃദവും വൈയക്തികാനുഭവവും സ്നേഹത്തിലുള്ള വളർച്ചയും വിവാഹം വഴി കിട്ടുന്നതുകൊണ്ട്, അറിഞ്ഞുകൊണ്ടുതന്നെവേണം ഒരാൾ സുഖകരമായ ഈ 'ബന്ധന'ത്തിലേക്കു കടന്നുവരാൻ.

പ്രതിബദ്ധത നിയമത്തിനുനൽകാൻ കഴിയുന്ന ഒരു വികാരമല്ല. ദിനചര്യയിൽ, ഓരോരുത്തനും ഇന്നതു ചെയ്തോളാമെന്നു് ഒപ്പിട്ടുകൊടുത്തു തുടങ്ങുന്ന വിവാഹത്തേക്കാൾ വിജയിക്കുക, വ്യവസ്ഥകൾതേടാത്ത സ്നേഹം ജീവിതപങ്കാളിക്കു വാഗ്ദാനംചെയ്യുന്ന ക്രൈസ്തവവിവാഹംതന്നെയാണ്. വൈയക്തികസംതൃപ്തിയും ആത്മസാക്ഷാത്ക്കാരവുമൊക്കെ പരസ്പരാപേക്ഷികമാണ്. തൻെറമേൽ മറെറാരു വ്യക്തിക്കു യാതൊരവകാശവുമില്ലാതെവരുന്നതു് വിമോചനമല്ല. വർദ്ധിച്ചുവരുന്ന

malankaralibrary.com

വിവാഹമോചനങ്ങളും വനിതാവിമോചനത്തിന്റെയും പുരോഗതിയുടെതന്നെയും ഒരു സൂചനയായി ചിലർ ചിത്രീകരിച്ചുകണ്ടിട്ടുണ്ട്. പക്ഷേ, വിവാഹമോചനത്തിന്റെ എണ്ണം കുറഞ്ഞുവരുന്നതുതന്നെയാണ് പുരോഗതിയുടെ ലക്ഷണം. തകരുന്ന കുടുംബത്തെനോക്കി നാം മൂക്കത്തു വിരൽവയ്ക്കുന്നതിന്റെ കാരണം നിലനില്ക്കുന്ന കുടുംബം ഒരു സാധാരണകാഴ്ചയായിരുന്നു എന്നതല്ലേ? ഉത്തരവാദിത്വത്തിലേക്കുള്ള വളർച്ചയാണ് വിവാഹം. ഉത്തരവാദിത്വത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ് വിവാഹമോചനം. നിലനില്ക്കുന്ന വിവാഹത്തിലെ ദമ്പതികൾക്കുനേരിടുന്ന, നേരിട്ട അതേപ്രശ്നംതന്നെയാണ് വേർപെടുന്ന ദമ്പതികളും നേരിടുന്നത്. അവരാകട്ടെ നേരിടാൻ മടിക്കുകയോ അതിൽ പരാജയപ്പെടുകയോ ചെയ്തെന്നുമാത്രം. ഈ അലംഭാവം, പരാജയം കരുത്താണെന്നു ഭാവിക്കാമോ?

ഭവിഷ്യത്തുകൾ

കുട്ടികളാണ് വാസ്തവത്തിൽ വിവാഹമോചനത്തിന്റെ രക്തസാക്ഷികൾ. മാതാവും പിതാവും കുട്ടികളെ വിഭജിച്ചെടുക്കുന്നതുകൊണ്ടോ, ആരെങ്കിലുമൊരാൾ കുട്ടികളുടെ പൂർണ്ണമായ ഉത്തരവാദിത്വം ഏറെറടുക്കുന്നതുകൊണ്ടോ പ്രശ്നം തീരുന്നില്ല. കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക മാതാപിതാക്കന്മാരുടെ ഒന്നിച്ചുനില്പ് അത്യന്താപേക്ഷിതമാണ്. വിവാഹമോചനം കുട്ടിയുടെ ലോകത്തെ വെട്ടിമുറിക്കുന്നു; സ്വപ്നങ്ങൾക്കു തീകൊളുത്തുന്നു. കുട്ടികളുടെ നാളെകളെ സാരമായി ബാധിക്കുന്ന ഈ തീരുമാനം മാതാപിതാക്കന്മാർ എടുക്കുമ്പോൾ കുട്ടികളുടെ സമ്മതം അവർ നേടേണ്ടതല്ലേ? 'തന്നെ ജീവിതപങ്കാളിയായി കാണുന്നില്ല; വെറുമൊരു വസ്തുവായി പരിഗണിക്കുന്നു; തന്റെമേൽ തീരുമാനങ്ങൾ അടിച്ചേല്പിക്കുന്നു' എന്നെല്ലാം പറഞ്ഞാണല്ലോ ഓരോരുത്തർ വിവാഹമോചനം തേടുന്നത്. ജീവിതപങ്കാളിയിൽ ആരോപിക്കുന്ന ഈ 'ക്രൂരത' മാതാവും പിതാവും വിവാഹമോചനം എന്ന പ്രവൃത്തിവഴി കുട്ടിയോടു കാട്ടുന്നുവെന്ന് ഓർക്കാറുണ്ടോ? വിവാഹമോചനം കുട്ടികളെ അനാഥരാക്കുന്നു. മാതാവിനോ പിതാവിനോ ഒറ്റയ്ക്ക് ഒരു കുടുംബം സൃഷ്ടിക്കാനാവില്ല. ഈയർത്ഥത്തിൽ വിവാഹമോചനത്തെ കുട്ടികളോടു കാട്ടുന്ന ഒരു വഞ്ചന എന്നുതന്നെ വിശേഷിപ്പിക്കേണ്ടിവരും.

malankaralibrary.com

ഒരു വിവാഹബന്ധത്തിൽനിന്നു് ഒരാളും ഒന്നും സംഭാവന ചെയ്യാതിരിക്കുന്നതു് വിരളമായിരിക്കും. വിവാഹമോചനം അതു നേടുന്ന വ്യക്തിയെ ഒരു വ്യത്യസ്തമനുഷ്യനാക്കുന്നു. ഉണങ്ങാത്ത മുറിവുകളും ക്ഷതങ്ങളും പേറിയാണു് അയാൾ നടക്കുക. സ്നേഹം കിനിഞ്ഞഹൃദയം ഉണങ്ങിവരണ്ടുപോയിരിക്കുന്നു. പരസ്പരവിശ്വാസത്തിനും സമർപ്പണത്തിനും വിശ്വസ്തതയ്ക്കുമൊക്കെയുള്ള കഴിവു് നഷ്ടപ്പെട്ടുപോയിരിക്കുന്നു. പുതിയൊരു ജീവിതപങ്കാളിയുമായി ചേരുമ്പോൾ പുതിയ ഉറവകൾ രൂപംകൊള്ളുമെന്നു കരുതാൻ ന്യായമുണ്ടോ? തന്റെ ഭാഗം കൃത്യമായും ചെയ്യും എന്ന ഉറപ്പല്ലാതെ, മറുഭാഗത്തെക്കുറിച്ചു മുമ്പില്ലാതിരുന്ന ഒരുറപ്പും ഇപ്പോഴില്ല. മറുഭാഗത്തുനിന്നു് എന്തുണ്ടായാലും താൻ സ്വീകരിക്കും എന്നരീതി വിവാഹമോചനം നേടിയവനു് അന്യവുമാണു്. ഈ സാഹചര്യത്തിൽ ഇപ്പോഴുള്ള ബന്ധത്തിലെ താളപ്പിഴകൾ മാറിയെടുക്കുന്നതാവില്ലേ, ഉറപ്പില്ലാത്ത മറ്റൊന്നിലേക്കു് എടുത്തുചാടുന്നതിലും ബുദ്ധിപൂർവ്വകം? മറ്റൊരു ശീതളച്ഛായയെ സ്വപ്നം കണ്ടുകൊണ്ടു് ഇപ്പോഴത്തെ വിവാഹമെന്ന 'പൊരിവെയി'ലിൽനിന്നു് രക്ഷപ്പെടാനൊരുങ്ങുന്നവർ ഗൗരവപൂർവ്വം ചിന്തിക്കേണ്ട കാര്യമാണിതു്.

സഭ വിവാഹമോചനം അനുവദിക്കാറില്ല. ചില വിവാഹങ്ങൾ അസാധുവാണെന്നു് പ്രഖ്യാപിക്കുകമാത്രമേ ചെയ്യാറുള്ളൂ. ഫലത്തിൽ ഒന്നുതന്നെയെങ്കിലും വിവാഹമോചനവും വിവാഹം അസാധുവായി പ്രഖ്യാപിക്കലും രണ്ടാണു്. നടക്കരുതാത്ത ചില വിവാഹങ്ങൾ നടന്നിട്ടുണ്ടാകും. പ്രത്യക്ഷത്തിൽ സാധുവായ വിവാഹത്തിന്റെ ലക്ഷണങ്ങൾ കാണിക്കുമെങ്കിലും അവ അസാധുവായിരിക്കും. അവ അസാധുവാണെന്നു പ്രഖ്യാപിക്കാൻ സഭയ്ക്കധികാരമുണ്ടു്. മാനുഷികമായി വന്നുഭവിച്ച ഒരു തെറ്റിനെ തിരുത്തുകയാണു് ഇതുവഴി. ഇത്തരം വിവാഹം അസാധുവായി പ്രഖ്യാപിക്കണമെന്നു് അപേക്ഷ സമർപ്പിക്കുന്നയാൾ തന്റെ പരാതി അരമനക്കോടതിയിൽ തെളിയിച്ചുകൊടുക്കണം. അവിടെനിന്നുള്ള അനുകൂലമായൊരു വിധിയെ അപ്പീൽക്കോടതി ശരിവച്ചെങ്കിൽമാത്രമേ പരാതിക്കാരനു് പഴയ വിവാഹം അസാധുവാക്കിക്കിട്ടുകയും പുനർവ്വിവാഹത്തിനു് അനുമതി ലഭിക്കുകയും ചെയ്യൂ. വിവാഹത്തിനു മുമ്പുള്ള

malankaralibrary.com

മാനസികരോഗം, ലൈംഗിക കഴിവില്ലായ്മ, ഭയത്തിനടിപ്പെട്ടുള്ള വിവാഹം തുടങ്ങിയവ വിവാഹം അസാധുവാക്കുന്ന കാരണങ്ങളാകാം. അമേരിക്കോടതികളിൽ ഇത്തരം പരാതികളും ധാരാളമായി ഇന്നുകിട്ടുന്നുണ്ട്. ക്രൈസ്തവവിവാഹവും ഭീഷണിയെ നേരിടുന്നുവെന്നാണ് അപേക്ഷകളുടെ ഈ വർദ്ധനവു സൂചിപ്പിക്കുക. അപേക്ഷകളോട് അനുകൂലമായി പ്രതികരിക്കാതിരിക്കുകവഴി മാത്രം ഈ ഭീഷണിയെ നേരിടാനാവില്ല. കാരണം സിവിൽക്കോടതിയിൽ ഇന്നു വിവാഹമോചനം എളുപ്പമത്രേ. വിവാഹത്തിലേക്കു കടന്നുവരാനാഗ്രഹിക്കുന്നവരെ ശരിക്കും ഒരുക്കുക, വിവാഹിതരെ ഓരോരോ ഘട്ടങ്ങളിൽ ശരിക്കും സഹായിക്കുക ഇവയാണ് മേല്പറഞ്ഞ ഭീഷണിയെ ഭാവാത്മകമായി നേരിടാനുള്ള ഉപാധികൾ. സ്റ്റേറ്റിന്റെ സഹകരണവും ഇതിനാവശ്യമാണ്. കുടുംബത്തിന്റെ നാശം സംസ്ക്കാരത്തിന്റെതന്നെ നാശത്തിനു കാരണമാകുമെന്നബോധം ഭരണകൂടത്തിനുമുണ്ടാവണം. സ്വാതന്ത്ര്യം ഉത്തരവാദിത്വമുൾക്കൊള്ളുന്നുവെന്നും, സ്നേഹം ത്യാഗമാവശ്യപ്പെടുന്നുവെന്നുമുള്ള ബോധം ഇന്നത്തെ ഉപഭോക്തൃസംസ്ക്കാരത്തിനെതിരെ വളർത്തിയെടുക്കേണ്ടതുണ്ട് സ്റ്റേറ്റിന്റെകൂടി കടമയത്രേ. വിവാഹമോചനം എളുപ്പമാകുന്നതോടെ ഇവിടെ സ്വാതന്ത്ര്യപ്പുലരി ഉണ്ടാവില്ല. വിവാഹമാണു നിയമമെന്നും വിവാഹമോചനം അതിനൊരപവാദമാണെന്നുമുള്ള ബോധത്തിലൂന്നിയേ സ്റ്റേറ്റും നിയമനിർമ്മാണത്തിനു മുതിരാവൂ. വിവാഹത്തിന്റെ ഭദ്രതയ്ക്കെതിരെയുള്ള ഭീഷണിയെ നേരിടാൻ മതവും രാഷ്ട്രവും ഒന്നിച്ചുപ്രവർത്തിച്ചേ മതിയാവൂ. □

malankaralibrary.com

ഭാഗം ഒൻപതു്

സാമ്പത്തികമണ്ഡലം

malankaralibrary.com

1

സാമ്പത്തികഭദ്രത

വിശുദ്ധമത്തായിയുടെ സുവിശേഷം 6_ാംഅദ്ധ്യായം 25 മുതൽ 32വരെയുള്ള വാക്യങ്ങളിൽ യേശു ശിഷ്യരോട് പറയുന്നു: 'എന്തു തിന്നും, എന്തു കുടിക്കും എന്നു ജീവൻ നിലനിറുത്തുന്നതിനേക്കുറിച്ചും ..... നിങ്ങൾക്കു് ഇവയെല്ലാം ആവശ്യമുണ്ടെന്നു് നിങ്ങളുടെ സ്വർഗ്ഗീയപിതാവിനറിയാം'. പ്രസിദ്ധമായ ഈ സുവിശേഷഭാഗം നമ്മെ ഉപദേശിക്കുന്നതു് ദൈവസംരക്ഷണയിൽ വിശ്വസിക്കാനും അനാവശ്യമായി ഭാവിയെപ്പറ്റി ആകുലരാകാതിരിക്കുവാനുമാണു്. അപ്രകാരംതന്നെ ധനവാനു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനുള്ള പ്രയാസത്തെക്കുറിച്ചും യേശു എടുത്തുപറയുന്നുണ്ടു്. അന്യായമായി ധനം സമ്പാദിക്കരുതു് എന്നും, ധനം അധാർമ്മികമായി ഉപയോഗിക്കാതെ നന്മചെയ്യാൻവേണ്ടി ഉപയോഗപ്പെടുത്തണം എന്നുമാണു് യേശു ഉദ്ദേശിക്കുന്നതു്.

ദാരിദ്ര്യം എന്നതിനർത്ഥം

ഇന്നത്തെ നമ്മുടെ സാമ്പത്തികസാമൂഹ്യപരിതഃസ്ഥിതിയിൽ ഓരോ കുടുംബത്തിന്റേയും സാമ്പത്തികസുസ്ഥിതി ആ കുടുംബത്തിലെ മാതാപിതാക്കളുടെ സമ്പത്തിനെ ആശ്രയി

malankaralibrary.com

ച്ചിരിക്കുന്നു. ഇന്നു് ആയിരക്കണക്കിനു് പിഞ്ചുകുഞ്ഞുങ്ങൾ ശരിയായ ആഹാരം ലഭിക്കാത്തതുകൊണ്ടു് മരണമടയുന്നുണ്ടു്. തക്ക വൈദ്യസഹായം ലഭിക്കാതെ അനേകായിരങ്ങൾ നരകിക്കുന്നതും അകാലചരമമടയുന്നതും നാം കാണുന്നു. വിദ്യാലയങ്ങളിൽ പ്രവേശിച്ചു പഠനം നടത്താൻ വേണ്ട പുസ്തകവും, ഭക്ഷണവും, വസ്ത്രവും സമയവും കണ്ടെത്താൻ പറ്റാത്തതുകൊണ്ടാണു് ഇന്ത്യയിൽ ഇന്നും വലിയൊരു ഭാഗം ജനങ്ങൾ നിരക്ഷരരായിക്കഴിയുന്നതു്. പ്രായമായ പെൺമക്കളെ വിവാഹം കഴിച്ചുകൊടുക്കാൻവേണ്ട സാമ്പത്തികശേഷിയില്ലാത്തതുകൊണ്ടു് പൂരനിറഞ്ഞുനില്ക്കുന്ന പെൺമക്കളെനോക്കി നെടുവീർപ്പിടുന്ന മാതാപിതാക്കൾ ഒട്ടനവധിയാണു്. മക്കൾക്കു് ഒരു ബിസിനസ്സോ തൊഴിലോ സമ്പാദിച്ചുകൊടുക്കാൻ, ധനശേഷി ഇല്ലാത്തതിന്റെ പേരിൽമാത്രം എത്രയോ മാതാപിതാക്കൾക്കു് ഇന്നും തരപ്പെടാതെപോകുന്നു. നമ്മുടെ ചുറ്റും കാണുന്ന എത്രയോ പേർ അന്തിയുറങ്ങാൻ ഒരു കിടപ്പാടംപോലുമില്ലാതെ കഴിഞ്ഞുകൂടുന്നു! സ്വകാര്യസമ്പദ്വ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ സാമ്പത്തികസുരക്ഷിതത്വം കുടുംബക്ഷേമത്തിനു് ഒഴിച്ചുകൂടാത്തതാണു് എന്നു് വ്യക്തമാണല്ലോ.

വീടു് എന്ന സങ്കല്പം

വിവാഹത്തിനുമുൻപുതന്നെ വധൂവരന്മാർക്കു് ഇക്കാര്യത്തെപ്പറ്റി ബോധ്യമുണ്ടായിരിക്കണം. തങ്ങൾ രൂപംകൊടുക്കാൻ പോകുന്ന കുടുംബത്തിനു് അത്യാവശ്യമായ സാമ്പത്തികസ്ഥിരതയുണ്ടു് എന്നു് അവർ ഉറപ്പുവരുത്തണം. പക്ഷികൾപോലും മുട്ടയിടുന്നതിനുമുൻപു കൂടുകൂട്ടാറുണ്ടല്ലോ. കുടുംബമായി ജീവിക്കാൻവേണ്ട ഒരു കൊച്ചുവീടെങ്കിലും ഉറപ്പുവരുത്തിയിട്ടുവേണം വിവാഹത്തിലേർപ്പെടാൻ. കുടുംബത്തിന്റെ സാമ്പത്തികഭദ്രത ഭാര്യാഭർത്താക്കന്മാരുടെ കൂട്ടുത്തരവാദിത്വമാണു്. സാധാരണനിലയിൽ കുടുംബനാഥനാണു കുടുംബത്തിലേക്കാവശ്യമായ പണം സമ്പാദിക്കുക. എന്നാൽ ജീവിതച്ചെലവുകൾ ഉർവ്വീഹമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ ഭാര്യയും സ്വന്തമായ ഒരു ജോലിയിലൂടെ പണം സമ്പാദിക്കേണ്ടതു് ആവശ്യമായിത്തീരുന്നു. എന്നാൽ ഭർത്താവിന്റേയും മക്കളുടേയും പരിചരണത്തിനും കുടുംബത്തിന്റെ ക്ഷേമത്തിനും

malankaralibrary.com

തടസ്സമാകുന്നപക്ഷം, കുടുംബിനി വീടിനു പുറത്തുപോയി ദിവസംമുഴുവൻ ചെലവഴിക്കേണ്ട ജോലികളിൽ ഏർപ്പെടാതിരിക്കുന്നതായിരിക്കും കുടുംബക്ഷേമത്തിനു് സഹായകം.

വരവറിഞ്ഞു ചെലവു്

കുടുംബത്തിന്റെ സാമ്പത്തികഭദ്രത മുഖ്യമായും ആശ്രയിച്ചിരിക്കുന്നതു് വരവിനനുസൃതമായി ചെലവുകൾ ക്രമപ്പെടുത്താനുള്ള കഴിവിനെയാണു്. കുടുംബത്തിന്റെ ആകെയുള്ള വരവു് എത്രയാണെന്നു് എല്ലാ കുടുംബാംഗങ്ങളും അറിഞ്ഞിരിക്കണം. പലപ്പോഴും ഭാര്യമാർ വരവിൽക്കൂടുതൽ ചെലവുചെയ്തു കുടുംബത്തെ പാപ്പരത്തത്തിലേക്കു നയിക്കുന്നതു് ഭർത്താവിന്റെ സാമ്പത്തികശേഷിയെപ്പറ്റി ശരിയായ ബോധമില്ലാത്തതുകൊണ്ടാണു്. ഉള്ളതിൽക്കൂടുതൽ വരവുണ്ടെന്നു നടിക്കുന്ന ഭർത്താക്കന്മാരും കുറവല്ല. തിരിച്ചറിവിന്റെ പ്രായമെത്തിയ മക്കളിൽ നിന്നു് സത്യം മറച്ചുവയ്ക്കാതിരിക്കുകയാകും നല്ലതു്. മാതാപിതാക്കളുടെ മൊത്തം വരവിനനുസരിച്ചു സ്വന്തം ചെലവുകൾ ക്രമീകരിക്കാനും ഇതു് കുഞ്ഞുങ്ങളെ സഹായിക്കും.

കുടുംബബജറ്റ്

എല്ലാ കുടുംബത്തിനും ഒരു കുടുംബബജറ്റ് ഉണ്ടായിരിക്കണം. ഏതു ബജറ്റിനും രണ്ടുവശങ്ങളും ഉണ്ടായിരിക്കുമല്ലോ: ഒന്നു് വരവു്, രണ്ടു് ചെലവു്. ഒരു പ്രത്യേകകാലയളവിൽ, അതായതു് ഒരു മാസത്തിൽ അല്ലെങ്കിൽ ഒരു ആണ്ടിൽ, കുടുംബത്തിനു് ലഭിക്കാവുന്ന മൊത്തം വരുമാനമാണു് ഒരു ഭാഗത്തു കണക്കാക്കേണ്ടതു്. മറേറഭാഗത്തു് അതേകാലയളവിൽ വേണ്ടിവരുന്ന ചെലവുകൾ കണക്കാക്കണം. ഇവ തമ്മിൽ സമതുലനം വേണം. ഒരു നിശ്ചിതകാലത്തെ വരവും ചെലവും ഒപ്പമായിരിക്കണമെന്നില്ല. എന്നാൽ ദീർഘകാലാടിസ്ഥാനത്തിലെങ്കിലും ഇവരണ്ടും പൊരുത്തപ്പെട്ടിരിക്കേണ്ടതാവശ്യമാണു്. വരവു് കണക്കാക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും, നികുതി കഴിച്ചുള്ള വരവാണു് കണക്കാക്കേണ്ടതു്. സർക്കാരിനെ അപേക്ഷിച്ചുനോക്കുമ്പോൾ വരവിനങ്ങൾ കൂട്ടാൻ സ്വകാര്യവ്യക്തികളുടെ കഴിവു് തുലോം പരിമിതമാണല്ലോ. ഒരളവുവരെ,

malankaralibrary.com

കൂടുതൽ സമയം അദ്ധ്വാനിച്ചു് കൂടുതൽ പണം സമ്പാദിക്കാനുള്ള സൗകര്യമുണ്ടാകാം എന്നകാര്യം വിസ്മരിക്കുന്നില്ല. എങ്കിലും സമൂഹത്തിലെ മറ്റു വ്യക്തികളുടെ സഹകരണവും സർക്കാരിന്റെ സമ്മതവും മറ്റും ഇക്കാര്യത്തിൽ ആവശ്യമായിവരുന്നു. തന്മൂലം ഒരു നിശ്ചിതകാലയളവിൽ കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതു് അത്ര എളുപ്പമല്ല. അതുകൊണ്ടതന്നെ വരവിനനുസരിച്ചു് ചെലവുകൾ ക്രിയപ്പെടുത്തുക കൂടുതൽ പ്രാധാന്യമർഹിക്കുന്നു. വരവിലധികം ചെലവഴിക്കുന്നതു് ഒരു കുടുംബം സാമ്പത്തികഅച്ചടക്കമില്ലായ്മകൊണ്ടു് ക്രമേണ തകർന്നുപോകാനിടയുണ്ടു്. ചെലവുകൾക്കു പണം നീക്കിവയ്ക്കുമ്പോൾ ആഘോഷങ്ങൾക്കും ആഡംബരങ്ങൾക്കുംവേണ്ടി അനാവശ്യമായി പണം ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കണം. കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും താത്പര്യങ്ങൾ പരിഗണിക്കുകയും വേണം. വൃദ്ധരും, രോഗികളുമായ കുടുംബാംഗങ്ങളുണ്ടെങ്കിൽ അവർക്കു് പ്രത്യേകപരിഗണന നൽകേണ്ടിയിരിക്കുന്നു. ഇതുപോലെ സാമൂഹ്യാവശ്യങ്ങൾക്കും ഉചിതമായ ഒരു സംഖ്യ നീക്കിവയ്ക്കണം.

കടവും കടമയും

ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്കായി കടംകൊള്ളാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. മക്കളുടെ വിദ്യാഭ്യാസാവശ്യത്തിനോ അവർക്കൊരു തൊഴിൽ നേടാനോ, അല്ലെങ്കിൽ ഒരു വീടുവയ്ക്കാനോ മറ്റോ വേണ്ടി ഒരു കുടുംബത്തിനു് താത്ക്കാലികമായി കടമെടുക്കേണ്ടിവരുന്നതിൽ ഭയപ്പെടാനില്ല. എന്നാൽ കടമെടുക്കുന്ന പണം നിശ്ചിതകാലയളവിനുള്ളിൽ തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനവും, വിവേകവും, സത്യസന്ധതയും ഉണ്ടായിരിക്കണം.

കുടുംബബജറു് ഫലപ്രദമാകണമെങ്കിൽ വരവുചെലവുകളുടെ എല്ലാ ഇനങ്ങളും എഴുതി തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. ബജറ്റിൽ ഉദ്ദേശിച്ചമാതിരിതന്നെയാണോ വരവുചെലവുകൾ നടന്നിട്ടുള്ളതെന്നു് കണ്ടുപിടിക്കുന്നതിനും, ആവശ്യമെങ്കിൽ ഭാവിയിൽവേണ്ട ഭേദഗതികൾ വരുത്തുന്നതിനും ഇതു് സഹായിക്കും. വരവുചെലവുകളുടെ കണക്കു് കുടുംബത്തിലെ എല്ലാ

malankaralibrary.com

അംഗങ്ങൾക്കും കാണത്തക്കവിധം സൂക്ഷിച്ചാൽ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സാമ്പത്തികമായ അച്ചടക്കം പാലിക്കാൻ അതു കൂടുതൽ പ്രേരകമാകും.

മിച്ചത്തിന്റെ മെച്ചം

വരവിനനുസരിച്ചേ ചെലവു ചെയ്യാവൂ എന്നു മാത്രമല്ല, മൊത്തം വരവിൽനിന്നു് ഒരു ചെറിയ സംഖ്യയെങ്കിലും മിച്ചം വയ്ക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മക്കളുടെ ഭാവി സുരക്ഷിതമാക്കാനും അവർക്കു് ഉന്നതവിദ്യാഭ്യാസം നൽകാനും ആവശ്യമായ പണംകണ്ടെത്താൻ ഈ സമ്പാദ്യശീലം, താഴ്ന്ന വരുമാനക്കാരെപ്പോലും ഒരു പരിധിവരെയെങ്കിലും സഹായിക്കാതിരിക്കില്ല. മറിച്ചു് കിട്ടുന്നതും അതിലപ്പുറവും ധൂർത്തടിച്ചുകഴിയുന്നവരാണു മാതാപിതാക്കളെങ്കിൽ, അവരുടെ സന്താനങ്ങളുടെ ഭാവി ഇരുളടഞ്ഞതായിത്തീരാൻ ഏറെ സാധ്യതയുണ്ടു്. ദമ്പതികളുടെ സമ്പാദ്യശീലത്തെ സഹായിക്കുന്ന നിരവധി പദ്ധതികളും ഇന്നു നിലവിലുണ്ടു്. അവരുടെ സമ്പാദ്യം 'Recurring deposit' കളായോ കുറിച്ചിട്ടിസ്ഥാപനങ്ങളിൽ വരിസംഖ്യയായോ, ലൈഫ് ഇൻഷുറൻസിൽ പ്രീമിയമായോ പ്രോവിഡന്റ് ഫണ്ടിൽ വരിസംഖ്യയായോ നിക്ഷേപിക്കാവുന്നതാണു്. ഇവകൂടാതെ ഇന്നു് പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ഒട്ടനവധി സമ്പാദ്യപദ്ധതികളുണ്ടു്. ഇവയുടെ ഗുണദോഷങ്ങളും വിവേചിച്ചറിഞ്ഞു്, കൂടുതൽ ആദായവും കുറച്ചു് അപകടവുമുള്ള സമ്പാദ്യപദ്ധതികളും തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ അമിതമായി സമ്പാദിച്ചുകൂട്ടാനുള്ള പ്രവണതയും നന്നല്ല. കാരണം, ഈ പ്രവണത കുടുംബത്തിന്റെ ജീവിതാവശ്യങ്ങളും പലതും അവഗണിക്കാനും അതുവഴി കുടുംബാംഗങ്ങളുടെ ആരോഗ്യകരമായ വളർച്ചയും സുസ്ഥിതിക്കും വിഘാതംസൃഷ്ടിക്കാനും ഇടയാകുന്ന ലുബ്ധിലേക്കു നയിച്ചേക്കാം. മാത്രമല്ല, എങ്ങനെയും സമ്പാദ്യം വർദ്ധിപ്പിക്കണമെന്ന ചിന്ത അവിഹിതമാർഗ്ഗങ്ങളും സ്വീകരിക്കാനും പ്രേരിപ്പിച്ചെന്നിരിക്കും. നീതിരഹിതമായ മാർഗ്ഗങ്ങളിലൂടെയുള്ള സമ്പാദ്യം തലമുറകളോളം നീണ്ടുനിലനിൽക്കുന്ന 'ഉത്തരിപ്പുകട'ത്തിനും അതുവഴി കുടുംബത്തിന്റെ ആത്യന്തികവിനാശത്തിനും കാരണമാകുമെന്നതും വിസ്മരിക്കാവതല്ല.

malankaralibrary.com

ചിതലരിക്കാത്ത നിക്ഷേപം

നമ്മുടെ സമ്പാദ്യം മുഴവൻ നമുക്കവേണ്ടി മാത്രം വിനിയോഗിക്കാനുള്ളതാണെന്ന ധാരണ ക്രൈസ്തവമല്ല. ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശു വരച്ചുകാണിച്ച ചിത്രം എന്നും നമ്മുടെ മനസ്സിലുണ്ടായിരിക്കണം. നമ്മുടെ അയൽക്കാരന്റെ (നമ്മുടെ സഹായം അർഹിക്കുന്നവരുടെ) ആവശ്യങ്ങളും കണ്ടറിഞ്ഞു സഹായിക്കാനുള്ള മനഃസ്ഥിതിയില്ലാത്തവൻ ക്രൈസ്തവനെന്നു വിളിക്കപ്പെടാൻ അർഹനല്ല. സമ്പത്തു ദൈവദാനമാണെന്നു മനസ്സിലാക്കുന്നവർക്കു മറ്റുള്ളവരുടെ സഹായത്തിനായി തങ്ങളുടെ സമ്പത്തിലൊരോഹരി ചെലവഴിക്കാതിരിക്കുക സാധ്യമല്ല. തലമുറകളോളം അനുഭവിക്കാൻവേണ്ടി സമ്പാദിച്ചുകൂട്ടുന്ന സമ്പ്രദായം മക്കളെ അലസന്മാരും കർമ്മശേഷി നശിച്ചവരും മദ്യപന്മാരും ഭോഗാസക്തരും ആഡംബരപ്രിയരും അഹങ്കാരികളും ആക്കിത്തീർക്കാനിടയുണ്ട്. മാത്രമല്ല, പണത്തിന്റെ ഹുങ്കിൽ അവർ മറ്റുള്ളവരെ ദ്രോഹിക്കുന്നവരും അമിതസുഖാസക്തിനിമിത്തമുള്ള രോഗങ്ങൾക്കു അധീനരും ആയെന്നുമിരിക്കും. മറ്റുള്ളവരിൽ അസൂയയും വിദ്വേഷവും അപഹരണചിന്തയും അതുവഴി കുറ്റവാസനയും വളർത്തുന്നതിനും അതു ഇടയാക്കും. അങ്ങനെ ഭാവിതലമുറയെ സമൂഹത്തിനു കൊള്ളരുതാത്തവരാക്കി മാറ്റുന്നതിനായിരിക്കും അമിതസമ്പാദ്യം ഉപകരിക്കുക,

സമ്പത്തും നീതിയും

എല്ലാ കുടുംബാംഗങ്ങളോടും നീതിപുലർത്തുന്നവിധത്തിലായിരിക്കണം കുടുംബസ്വത്തു അവകാശികൾക്കു ഭാഗംവയ്ക്കുക. മക്കൾതമ്മിൽ സ്വത്തിനെച്ചൊല്ലി വ്യവഹാരങ്ങളും കോടതികയറ്റങ്ങളും ഉണ്ടാകാതിരിക്കാനായി മാതാപിതാക്കൾ മുൻകൂടിത്തന്നെ സ്വത്തു ഭാഗംചെയ്യുവയ്ക്കേണ്ടതാണു്. തന്റെ മരണശേഷം വിധവയ്ക്കു ജീവിക്കാൻ ആവശ്യമായ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഭർത്താവു് ശ്രദ്ധിക്കണം.

ഇങ്ങനെ കുടുംബത്തിന്റെ സാമ്പത്തികഭദ്രതയെ മുന്നിൽക്കണ്ടുകൊണ്ടുവേണം എല്ലാ കുടുംബനാഥന്മാരും, കുടുംബിനികളും മുന്നോട്ടുപോകാൻ. ദീർഘകാലാടിസ്ഥാനത്തിലും ദീർഘവീക്ഷണത്തോടെയും ഇക്കാര്യം നിറവേറ്റാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണു്. □

malankaralibrary.com

2

തൊഴിലിന്റെ മാഹാത്മ്യം

ശാസ്ത്രസാങ്കേതികവിദ്യകളിൽ പ്രാവീണ്യം നേടിയ നാം ഇന്ന് ജീവിതത്തിൽ കൂടുതൽ സുഖസൗകര്യങ്ങളും അനുഭവിക്കുന്നുണ്ട്. എന്നാൽ ഈ സുഖസൗകര്യങ്ങളും ഒരു ന്യൂനപക്ഷത്തിൽ ഒതുങ്ങിനില്ക്കുകയും, മഹാഭൂരിപക്ഷം, ശാസ്ത്രഫലങ്ങളും അനുഭവിക്കാതെപോകുകയും ചെയ്യുന്ന ദുഃസ്ഥിതിയും ഇവിടെ നിലനിലനില്ക്കുന്നുണ്ട്. മനുഷ്യരാശിയുടെ നേട്ടങ്ങളോടൊപ്പംതന്നെ അതിനെ നശിപ്പിക്കാനുതകുന്ന വസ്തുക്കളുടെ ഉൽപാദനവും വർദ്ധിച്ചുവരുന്നു. ഭക്ഷ്യവിഭവങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സാങ്കേതികവിദ്യയിലൂടെ നമുക്കു കഴിഞ്ഞുവെങ്കിലും, ലോകത്തിൽ പട്ടിണിമരണങ്ങളും ഒഴിവാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പരസ്പരവിശ്വാസം നഷ്ടപ്പെട്ട്, ആത്മവിശ്വാസമില്ലാതെ, മാനസികമായ പിരിമുറുക്കം എന്നത്തേക്കാളുമേറെ അനുഭവിച്ചുകഴിയുന്നവരാണധികവും. ഈ സാഹചര്യങ്ങളും മനുഷ്യവ്യക്തിയുടെ മഹത്ത്വം ഉയർത്തിപ്പിടിക്കാൻ പര്യാപ്തമായവയല്ല. കായേൻ ആബേലിനെ കണ്ടതുപോലെ മനുഷ്യൻ പരസ്പരം കാണുന്ന ഈ കാലഘട്ടത്തിൽ ഓരോ മനുഷ്യനും തന്റെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും എന്തെന്ന് ആഴമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

malankaralibrary.com

വ്യക്തിയുടെ മാഹാത്മ്യം

'അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. '(ഉൽപത്തി 1:27,28) ദൈവത്തിന്റെ ഛായ ദാനമായി ലഭിച്ച മനുഷ്യൻ ബുദ്ധിയും സ്വതന്ത്രമനസ്സും ഉള്ളവനാണ്. സ്വതന്ത്രമായി ഇഷ്ടമുള്ളതു ചിന്തിക്കാനും, ഇഷ്ടമുള്ളതു ഇച്ഛിക്കാനും, സാഹചര്യങ്ങളും കണക്കിലെടുത്തു തീരുമാനിക്കാനും അതനുസരിച്ച് വിവേകപൂർവ്വം പ്രവർത്തിക്കാനും മനുഷ്യനു മാത്രമേ കഴിയൂ. സ്വന്തമായി ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തു പ്രവർത്തിക്കാൻ മനുഷ്യനു കഴിവുണ്ട്. സ്രഷ്ടാവിനെ അറിയാനും സ്നേഹിക്കാനുംവേണ്ട പ്രചോദനം അവനു മനസ്സാക്ഷിവഴി ലഭിക്കുന്നു. ദൈവികപ്രചോദനങ്ങളും ഉൾക്കൊണ്ടുകൊണ്ടു, പ്രവർത്തിക്കാനാണ് മനുഷ്യനു ബുദ്ധിയും സ്വതന്ത്രമനസ്സും ദൈവം നല്കിയിരിക്കുന്നത്.

സ്വതന്ത്രമായ അവസ്ഥയിൽ മാത്രമേ മനുഷ്യനു നന്മകളും വിവേചിച്ചറിയാനാകൂ. അന്ധമായ തോന്നലുകൾക്കോ ബാഹ്യമായ സമ്മർദ്ദങ്ങൾക്കോ കീഴ്പെടാതെ, സ്വയംപ്രേരിതവും ഉള്ളിൽനിന്നതന്നെ പ്രചോദിതവുമായ അറിവോടെ പ്രവർത്തിക്കാൻ മനുഷ്യനു കഴിയണം. അതിനുള്ള സാഹചര്യങ്ങളും വേണം. കാരണം, തന്റെ സ്വന്തം തെരഞ്ഞെടുപ്പനുസരിച്ചു പ്രവർത്തിക്കുന്നതിലാണ് മനുഷ്യന്റെ അന്തസ്സ് അടങ്ങിയിരിക്കുന്നത്. ഏതെങ്കിലും പ്രത്യേക ആശയങ്ങൾക്കോ, പ്രസ്ഥാനത്തിനോ, സ്വന്തം ബുദ്ധി പണയപ്പെടുത്തിക്കൊണ്ട്, ഒരു വ്യക്തിക്കും സ്വന്തം തനിമയും, അന്തസ്സും മാഹാത്മ്യവും പുലർത്താനും നിലനിർത്താനും സാദ്ധ്യമല്ല. സ്വതന്ത്രമനസ്സു പ്രവർത്തിക്കാതിരുന്നാൽ മാനവപുരോഗതിക്ക് ആവശ്യമായ നൂതനചിന്തകൾ മുരടിക്കുന്നു.

മനുഷ്യന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും

ഈ പശ്ചാത്തലത്തിൽവേണം മനുഷ്യന്റെ ആവശ്യങ്ങളെയും അഭിലാഷങ്ങളെയും വിലയിരുത്താൻ. ജീവൻ നിലനിർത്താൻ ഭക്ഷണവും, അന്തിയുറങ്ങാൻ കിടപ്പാടവും, നാണം മറ

malankaralibrary.com

സ്ഥാൻ വസ്തുവുംകൊണ്ട് മനുഷ്യൻ തൃപ്തിപ്പെട്ടുകഴിയാനല്ല ദൈവം ആഗ്രഹിക്കുന്നതു്. മനുഷ്യജന്മത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും കണക്കിലെടുത്തു്, മാനുഷികതയുടെ പൂർണ്ണതയ്ക്കും, പൂർത്തീകരണത്തിനും ഉതകുന്ന ഒരു ജീവിതം നയിക്കാനാണു് അവിടുന്നു് നമ്മോടാവശ്യപ്പെടുന്നതു്. അതിനാൽ, ശാരീരികവും, മാനസികവും ആദ്ധ്യാത്മികവുമായ തലങ്ങളിൽ തൃപ്തിയും സന്തോഷവും ലഭിക്കാൻ മനുഷ്യനു് അർഹതയുണ്ടു്. അതിനായി ദൈവസ്വരം ശ്രവിച്ചുകൊണ്ടു് മനുഷ്യൻ പരിശ്രമിക്കുകയും പ്രയത്നിക്കുകയും വേണം.

മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണു് ഭൂമി. അതിനെ വേണ്ടവിധം അറിഞ്ഞു് ഉപയോഗപ്പെടുത്തി തന്റെ ജീവിതലക്ഷ്യങ്ങളും പ്രാപിക്കാൻ മനുഷ്യൻ ശ്രമിക്കണം. ഈ പ്രയത്നത്തിൽ പരസ്പരം സഹായിക്കാനും സഹകരിക്കാനും മനുഷ്യർ അന്യോന്യം ബാദ്ധ്യസ്ഥരാണു്. പരസ്പരസഹകരണത്തിലും, അർപ്പണത്തിലും അടങ്ങിയിരിക്കുന്ന മാനസികസംതൃപ്തി കൂട്ടായപ്രയത്നത്തിനു വഴിതെളിക്കുന്നു. ലോകവും അതിന്റെ വിഭവങ്ങളും ഒരുക്കിയ ദൈവത്തിനു് നന്ദിയും കൃതജ്ഞതയും ആരാധനയും അർപ്പിച്ചുകൊണ്ടു്, ദൈവോന്മുഖവും ചിട്ടയുള്ളതുമായ ഒരു ജീവിതം നയിക്കാനും മനുഷ്യൻ ആഗ്രഹിക്കുന്നു.

എന്നാൽ ആവശ്യങ്ങളുടെ നിറവേറലിലൂടെയല്ല സമാധാനം ലഭിക്കുന്നതു്. സ്രഷ്ടാവിന്റെ പ്രവർത്തനങ്ങളിൽ ഒറ്റയ്ക്കും കൂട്ടായും മനുഷ്യൻ സൃഷ്ടിപരമായി സഹകരിക്കുമ്പോഴാണു് ലഭിക്കുന്ന ആത്മനിർവൃതിയാണു് സമാധാനത്തിനടിസ്ഥാനം.

തൊഴിൽ ചെയ്യാൻ വിളിക്കപ്പെട്ട മനുഷ്യൻ

മനുഷ്യപ്രയത്നത്തിന്റെ പ്രസക്തിയും വിലയുമാണു് നാമിവിടെ കാണുന്നതു്. സദാ പ്രവർത്തനനിരതനായ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും പരിപാലനത്തിലും പങ്കാളിയാവാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വിളി മനുഷ്യനെ മറ്റു ജീ

malankaralibrary.com

വികളിൽനിന്നു് വ്യത്യസ്തനാക്കുന്നു. അതിനാൽ ഭൗമികപറുദീസ കെട്ടിപ്പടുക്കുന്ന പ്രക്രിയയിൽ തൊഴിലിലൂടെ ദൈവികാഹ്വാനത്തോടു പ്രതികരിക്കാൻ മനുഷ്യനു കടമയുണ്ടു്. വ്യക്തിയുടെ സൃഷ്ടിപരമായ കഴിവുകളും വേണ്ടവിധം വിനിയോഗിച്ചുകൊണ്ടാണു് ഈ പരിശ്രമത്തിൽ അവൻ പങ്കാളിയാകേണ്ടതു്. അങ്ങനെ ചിന്തിക്കുമ്പോൾ തങ്ങളെയും കുടുംബംമുഴുവനെയും സംരക്ഷിക്കാൻ ഉതകുന്ന വസ്തുക്കളും പ്രദാനംചെയ്യാൻ വേണ്ടി ലോകത്തെമ്പാടും സ്ത്രീപുരുഷന്മാർ പണിയെടുക്കുമ്പോൾ, മനുഷ്യകുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടിക്കൂടിയാണു് അവർ അദ്ധ്വാനിക്കുന്നതു്. ഈ ചിന്തയാണു് ഒരു തൊഴിലാളിയെ തൊഴിൽചെയ്യാൻ പ്രേരിപ്പിക്കേണ്ടതു്. സ്വന്തം തൊഴിലിനോടു് നീതിപുലർത്താൻ ഇതു് ഏറെ സഹായിക്കും. മാത്രമല്ല, ഒരു കത്തോലിക്കൻ എന്ന നിലയിലും തൊഴിലിനെ കാണാനും, അതിലേർപ്പെടാനും നമുക്കുള്ള ബാദ്ധ്യത വിസ്മരിക്കരുതു്.

"ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: ഭൂമിയിൽ നിറഞ്ഞു് അതിനെ കീഴടക്കുവിൻ' (ഉൽപത്തി 1, 28) പ്രപഞ്ചരഹസ്യങ്ങളും മനസ്സിലാക്കാനുള്ള ജിജ്ഞാസ മനുഷ്യന്റെ ഉള്ളിന്റെയുള്ളിൽ നിക്ഷേപിച്ചുകൊണ്ടു് ദൈവം മനുഷ്യനോടു് ആഹ്വാനംചെയ്തതു് അതിനെ കീഴടക്കാനാണു്. ചന്ദ്രനിലേക്കും പൊവ്വയിലേക്കും ആഴിയുടെ അഗാധതലങ്ങളിലേക്കും മനുഷ്യനെ നയിക്കുന്നതു് ദൈവദത്തമായ ഈ അഭിവാഞ്ഛയാണു്. മനുഷ്യപ്രകൃതിയിൽനിന്നു് ഈ ജിജ്ഞാസയും അഭിവാഞ്ഛയും എടുത്തുകളയാനാവില്ല. സൃഷ്ടികർമ്മത്തിലും സൃഷ്ടിയുടെ പരിപാലനയിലും പങ്കുചേരാനുള്ള ദൈവികാഹ്വാനമായി നാം അതിനെ കാണണം. അതിനോടു് സഹകരിക്കുമ്പോഴാണു് മനുഷ്യൻ യഥാർത്ഥതൊഴിലാളിയായിത്തീരുന്നതു്.

മനുഷ്യനു് നഷ്ടപ്പെട്ട ഭൗമികപറുദീസ വീണ്ടെടുക്കുന്നതിനു ദൈവം ആവശ്യപ്പെട്ടതു് മനുഷ്യപ്രയത്നം തന്നെയാണു്. 'ആയുഷ്ക്കാലം മുഴുവൻ കഠിനാദ്ധ്വാനംകൊണ്ടു് നീ അതിൽനിന്നു് കാലയാപനം ചെയ്യും..... മണ്ണിനോടു ചേരുന്നതുവരെ നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദി

malankaralibrary.com

ക്കും' (ഉൽപത്തി 3:19). ഇതു് ഒരു ശാപമല്ല, ദൈവികാഹ്വാനമാണു്. പശ്ചാത്തപിച്ച മാനസാന്തരപ്പെട്ടു് യേശുവിന്റെ മനോഭാവം ഉൾക്കൊണ്ടുകൊണ്ടു് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാനാണു് അവിടുന്നു് ആഹ്വാനംചെയ്യുന്നതു്. ദൈവരാജ്യം ആദ്യം മനുഷ്യഹൃദയങ്ങളിലും, തൽഫലമായി സംഭവിക്കുന്ന പരിവർത്തനം സ്വന്തം പ്രവർത്തനങ്ങളിലും വ്യാപിപ്പിച്ചു് ദൈവരാജ്യത്തിനു് അസ്തിവാരമിടാൻ അവിടുന്നു് ആഹ്വാനംചെയ്യുന്നു. തദനുസരണം യേശു അദ്ധ്വാനിച്ചു. രോഗികളെ സുഖപ്പെടുത്തിയും, അന്ധർക്കു് കാഴ്ചനല്കിയും, ദരിദ്രരോടു് സുവിശേഷമറിയിച്ചും ഗലീലിയായിലെങ്ങും ചുറ്റിസഞ്ചരിച്ച അവിടുത്തെ അദ്ധ്വാനത്തെപ്പറ്റി വി. ഗ്രന്ഥം വിവരിക്കുന്നുണ്ടല്ലോ.

തൊഴിൽ എന്നാൽ

ഒരു വ്യക്തി തന്റെ സർഗ്ഗാത്മകകഴിവുകൾ മറ്റു വസ്തുക്കളിലൂടെ അഥവാ ഇതരസൃഷ്ടികളിലൂടെ പ്രവർത്തിപ്പിക്കുന്നതിനെയാണു് തൊഴിൽ എന്ന സാമാന്യമായി വിവക്ഷിക്കേണ്ടതു്. ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ അർപ്പണം ഇവിടെ ആവശ്യമാണു്. സമ്മർദ്ദങ്ങൾക്കു വിധേയനല്ലാത്ത സ്വതന്ത്രനായ ഒരു വ്യക്തിക്കുമാത്രമേ ഈ അർപ്പണം പൂർണ്ണമായി നടത്താനാകൂ. നിർബ്ബന്ധിതസാഹചര്യങ്ങളിൽ ജോലിചെയ്യുന്നവർ യന്ത്രങ്ങളെപ്പോലെ പ്രവർത്തിക്കുന്നു. യന്ത്രങ്ങളെപ്പോലെ പ്രവർത്തിക്കുന്ന ഒരാളുടെ പ്രയത്നം തൊഴിലായി ഭാഗികമായി അംഗീകരിക്കാനേ നിവൃത്തിയുള്ളൂ.

തൊഴിൽ ഒരു ചരക്കല്ല (Labour is not a commodity). തൊഴിൽചെയ്യുന്ന തൊഴിലാളിക്കുതന്നെയാണു് പ്രാധാന്യം. തൊഴിലിലൂടെ ഒരു വ്യക്തിക്കു തന്നെത്തന്നെ പ്രകടിപ്പിക്കാനും പ്രതിഫലിപ്പിക്കാനും സൗകര്യവും അവസരവും വേണം. അതിനുപറ്റിയ സാഹചര്യങ്ങളും സൃഷ്ടിക്കപ്പെടണം. ഇത്തരം സാഹചര്യത്തിൽ വ്യക്തി പ്രവർത്തിച്ചു് വസ്തുക്കളെ, ഇതരസൃഷ്ടികളെ രൂപാന്തരപ്പെടുത്തുന്നു, മാറ്റത്തിനു് വിധേയമാക്കുന്നു—കൂടുതൽ നല്ലതിലേക്കുള്ള മാറ്റം. കല്ലിൽനിന്നു് ശില്പി മനോഹരരൂപങ്ങൾ കൊത്തിയെടുക്കുമ്പോഴും, ഒരു പൈ

malankaralibrary.com

ലറ്റ് വിമാനംപറപ്പിക്കുമ്പോഴും വ്യക്തി തന്നെത്തന്നെ ആ പ്രവർത്തനങ്ങളിലേക്ക് സ്വയംവിട്ടുകൊടുക്കുകയാണ്. വ്യക്തികൾ തമ്മിലുള്ള പ്രവർത്തനമാകുമ്പോഴും ഒരാൾ മറ്റൊരാൾക്ക് സ്വയം വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. ഒരു ഭിഷഗ്വരൻ രോഗിയെ ചികിത്സിക്കുമ്പോൾ, ഡോക്ടറെന്നനിലയിൽ തന്റെ സാങ്കേതികജ്ഞാനവും വിട്ടുകൊടുക്കുകയും രോഗി അതു സ്വീകരിക്കുകയുംചെയ്യുന്നു. അതായത് പരസ്പരസഹകരണത്തിന്റെയും വിശ്വാസത്തിന്റെയും മേഖലയിലല്ലാതെ സർഗ്ഗാത്മകത വളരുകയില്ലെന്നർത്ഥം.

പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല തൊഴിലാളി തൊഴിൽചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്നത്. തന്റെ നൈസർഗ്ഗികമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വാസനകളും അയാളെ പ്രചോദിപ്പിക്കുന്നു. അനുയോജ്യമായ അവസരം ഉണ്ടാകുമ്പോൾ അവൻ സ്വയംമറന്ന് തന്നെത്തന്നെ പ്രവർത്തനത്തിൽ നിമഗ്നനാക്കുന്നു. അവന്റെ ഒരംശം അതിൽ പ്രവർത്തിക്കുന്നു. അതിനാൽ പ്രയത്നത്തിന്റെ പ്രതിഫലം അവൻ യഥാർത്ഥമായും അർഹിക്കുന്നു. അർഹമായ പ്രതിഫലം അവനു നൽകുകയും വേണം.

ശിഥിലമായ മനുഷ്യബന്ധങ്ങളെ കൂട്ടിയിണക്കി തൊഴിൽരംഗങ്ങളിൽ ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനു പഴയനിയമം മുന്നോട്ടുവച്ച വ്യവസ്ഥിതി നീതിയിൽ അധിഷ്ഠിതമായിരുന്നു. 'അഗതിയും ദരിദ്രനുമായ വേലക്കാരന്റെ കൂലി വഞ്ചിച്ചെടുക്കരുത്'. അവൻ ദരിദ്രനും ആ കൂലികൊണ്ടു കുടുംബം പുലർത്തുന്നവനുമാകയാൽ സൂര്യാസ്തമയത്തിനുമുൻപുതന്നെ അവനു കൂലികൊടുക്കേണ്ടതാണ്. (ആവ: 24, 14, 8) പാവപ്പെട്ടവർക്കും ആവശ്യമുള്ള തൊഴിലാളികൾക്കും വായ്പ നൽകണമെന്നുകൂടി മോശയുടെ നിയമം അനുശാസിക്കുന്നു (ആവ 5: 7–10). ബലഹീനനെ ബലവാൻ ചൂഷണം ചെയ്യുന്നതിനെ ശക്തമായി എതിർത്ത പ്രവാചകന്മാരാണ് ജറമിയാസും ആമോസും. 'നീതികേടായി വീടും അന്യായമായി മാളികയും പണിയുന്നവനും കൂട്ടുകാരനു വേതനം കൊടുക്കാതെ വേലചെയ്യിച്ച് അവനെ കഷ്ടപ്പെടുത്തുന്നവനുമെതിരെ' ജറ

malankaralibrary.com

മിയാസ് ശാപവചസ്സുകൾ വർഷിച്ചു. തൊഴിലാളികളെ ചൂഷണംചെയ്തുണ്ടാക്കുന്ന സമ്പത്തു് ആസ്വദിക്കാൻ സാധിക്കുകയില്ലെന്നു് ആമോസ് പ്രവാചകൻ ചൂഷകർക്കു മുന്നറിയിപ്പുനല്കി.

യേശുവിന്റെ മാതൃക

നെറ്റിയിലെ വിയർപ്പുകൊണ്ടു് ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യനു് തന്റെ ജീവിതത്തിൽ നിരവധി പ്രയാസങ്ങളുടെ കടമ്പ കടക്കേണ്ടിയിരിക്കുന്നു. ഈ സന്ദർഭത്തിൽ അവനു മാതൃക യേശുവാണു്. ലോകത്തിന്റെ പരിത്രാണനകർമ്മം നിർവ്വഹിക്കലായിരുന്നു യേശുവിന്റെ ദൗത്യം. അവിടുന്നു് അതു് പൂർത്തിയാക്കിയതു് ഗദ്സമനി, കാൽവരി, ഉയിർപ്പു് എന്നിവയിലൂടെയാണു്. ദീർഘമായ ചിന്തയും, പ്രാർത്ഥനയും, ധ്യാനവും യേശുവിന്റെ ജീവിതത്തിലെ പ്രവർത്തനങ്ങൾക്കുള്ള ശക്തി നല്കിയിരുന്നു. അതുപോലെ ആഴമേറിയ ചിന്തയിലും പ്രാർത്ഥനയിലും മുഴുകി മനുഷ്യൻ പ്രശ്നങ്ങളെ അപഗ്രഥിച്ചു മനസ്സിലാക്കുകയും ഒഴിച്ചുകൂടാൻ വയ്യാത്ത വേദനയും, അപകടസാധ്യതയും മുൻകൂട്ടിക്കണ്ടുകൊണ്ടു് തന്റേയും സമൂഹത്തിന്റേയും നന്മയ്ക്കും സുസ്ഥിതിക്കുംവേണ്ടി, സ്വന്തം പ്രയത്നംവഴി സ്വയം ബലിയർപ്പിക്കുകയും ചെയ്യുമ്പോൾ ഭൗമികപദ്ധതിസ്സുവേണ്ടിയുള്ള പ്രവർത്തനത്തിൽ സഹകരിച്ചു് അവൻ സഹസ്രഷ്ടാവാകുന്നു. തൊഴിലാളികനും അങ്ങനെയാണു് യേശുവിന്റെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നതു്.

വി. യൗസേപ്പിന്റെ മഹത്തായ മാതൃകയും ഇവിടെ പ്രസക്തമാണു്. എന്തു സമ്പാദിക്കുന്നു എന്നതിനേക്കാൾ എങ്ങനെ ചെയ്യുന്നു എന്നതിലായിരുന്നു വി. യൗസേപ്പു് ശ്രദ്ധവച്ചതു്. തൊഴിലിന്റെ ഭാഗമായിവരുന്ന അസംതൃപ്തിയും പരിഭവവും ആ മരപ്പണിക്കാരനുണ്ടായിരുന്നില്ല. തൊഴിലിൽ നല്ല വൈദഗ്ധ്യമുള്ള ആളായിരുന്നു ജോസഫ് എന്നു് മേരിയുടെ പിതാവായ യോവാക്കിംതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ടു്. ഏതുതൊഴിലിനും മാന്യതയുണ്ടെന്നും വ്യക്തിയുടെ തൊഴിലിനോടുള്ള സമീപനമാണു് മറ്റു പലതിനേക്കാളും പ്രാധാന്യമർഹിക്കുന്നതെന്നും വി. യൗസേപ്പിന്റെ ചരിത്രം വ്യക്തമാക്കുന്നു.

malankaralibrary.com

തൊഴിലാളി-മുതലാളിബന്ധവും, കൂട്ടായ വിലപേശലും, പരസ്പരപൂഷണവും തൊഴിൽമേഖലയെ ഇന്നു് ഒരു രണഭൂമിയാക്കിമാറ്റിയിരിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ജോലികൾ, വേതനവ്യത്യാസം, എന്നീ നിലയ്ക്കുള്ള മാറ്റംവരണം. ക്രൈസ്തവസന്ദേശമാണു് അവിടെ എന്തെങ്കിലും പ്രത്യാശയ്ക്കു വഴിയൊരുക്കുന്നതു്.

കുടുംബജീവിതത്തിൽ ഒരു കൊച്ചുപുരുഷസ കെട്ടിപ്പടുക്കുന്ന തൊഴിലിൽ എല്ലാവരും വ്യാപൃതരാകണം. അമ്മയ്ക്കുമാത്രം അടുക്കളജോലി എന്ന പഴഞ്ചൻരീതി ഇന്നു് പ്രസക്തമല്ല. പിതാവു മാത്രമാണു് ജോലിക്കു പോകുന്നയാൾ എന്നനിലയ്ക്കു മാറ്റം വന്നിരിക്കുന്നു. കുടുംബത്തിന്റെ മേന്മയ്ക്കു കൂട്ടായ പ്രവർത്തനം മാത്രമേ വഴിതെളിക്കൂ.

അദ്ധ്വാനത്തിനു് ദിവ്യമായ മാനങ്ങളുള്ളതിനാൽ അതു് ആരാധനതന്നെയാണു്. പ്രതിഫലേച്ഛകൈവെടിഞ്ഞു്, നിസ്വാർത്ഥമായി സഹോദരനുവേണ്ടി സ്വന്തം അദ്ധ്വാനത്തിലൂടെ സേവനം ചെയ്യുന്ന വ്യക്തി ക്രിസ്തുവിനുതന്നെയാണു് സേവനംചെയ്യുന്നതു് എന്നു് അവിടുന്നു് പറയുന്നു. (മത്താ. 25:40) യഥാർത്ഥത്തിൽ തൊഴിലാളി തന്റെ സഹോദരനിലൂടെ ദൈവത്തിനു നല്കുന്ന അർച്ചനയാണു് തൊഴിൽ എന്നുപറയുന്നതിൽ തെറ്റില്ല. ○

malankaralibrary.com

3

ആചാരങ്ങൾ, ആർഭാടങ്ങൾ

മനുഷ്യൻ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പല തരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലവിലിരിക്കുന്നു. ഇവയിൽ കുടുംബാചാരങ്ങളെ ഒന്നു വിലയിരുത്താനാണു് ഇവിടെ ഉദ്ദേശിക്കുക. കുടുംബം എന്നു പറയുമ്പോഴും ക്രിസ്തീയകുടുംബത്തെയാണു് പ്രധാനമായും വിവക്ഷിക്കുന്നതു്. കുടുംബത്തിലെ ആചാരങ്ങളിൽ ഏതൊക്കെ സ്വീകാര്യമാണു്, ഏതൊക്കെ നിലനിർത്താം, ഏതൊക്കെ നിയന്ത്രിക്കേണ്ടതാണു്, എന്തൊക്കെ വർജ്ജിക്കണം എന്നതു് ചിന്തിക്കേണ്ട ഒരു വിഷയമാണു്.

ഒത്തുകല്യാണം

പെൺമക്കൾ വളർന്നുവലുതാകുമ്പോൾ വീടുകളിൽ അരങ്ങേറുന്ന ഒരു ചടങ്ങാണു് മനസ്സമ്മതത്തോടനുബന്ധിച്ചുള്ള വിരുന്നുസൽക്കാരം. ഒത്തുകല്യാണമെന്നും അച്ചാരക്കല്യാണമെന്നും കൂട്ടിച്ചോദ്യമെന്നുമൊക്കെ ഈ ചടങ്ങിനെ വിളിക്കാറുണ്ടു്. മനസ്സമ്മതത്തിനായി ദൂരദിക്കിൽനിന്നുവരുന്ന വരനും ബന്ധുമിത്രങ്ങൾക്കും വിരുന്നുനല്കുന്നതിൽ അപാകതയില്ല. എന്നാൽ പാതിരാത്രി കഴിഞ്ഞുള്ള വെടിക്കെട്ടിന്റെ സൂചനയായി സന്ധ്യാസമയത്തു നടത്തുന്ന മിനിവെടിക്കെട്ടുപോലെ, വിപുലമായ

malankaralibrary.com

വിവാഹഘോഷത്തിന്റെ മുന്നോടിയായ മിനിവിവാഹഘോഷമായിട്ടാണ് ഇപ്പോഴും ചിലരെങ്കിലും ഇതു് നടത്തുന്നതു്. ബന്ധുമിത്രാദികളെയും അയൽവാസികളെയും ക്ഷണിച്ചുവരുത്തി വിരുന്നനൽകി സല്കരിക്കുന്നതു് വിവാഹവേളയിലേയ്ക്കു് മാറ്റിവച്ചാൽ തെറ്റുണ്ടോ? വിവാഹാഘോഷത്തിന്റെ വലിയ ചെലവുപരാനിരിക്കുമ്പോഴും അതിന്റെ ഒരു ചെറിയ പതിപ്പെന്നനിലയിൽ മനസ്സമ്മതം വിപുലമായി ആഘോഷിക്കുന്നതിനെ ധൂർത്തു് എന്നല്ലാതെ കരുതാൻ കഴിയുമോ?

മാത്രമല്ല, ഒത്തുകല്യാണത്തിന്റെ അർഥംതന്നെ തെറ്റിദ്ധരിക്കാനും ഒത്തുകല്യാണം നടത്തിയാൽ അതിനാൽത്തന്നെ വിവാഹിതരാകാൻ ബാധ്യസ്ഥരാണെന്നുള്ള ധാരണ പരക്കാനും ഇതു് ഇടയാക്കുന്നുണ്ടു്. യഥാർത്ഥത്തിൽ ഒത്തുകല്യാണം വിവാഹകർമ്മത്തിന്റെ ഒരു ചെറിയ പതിപ്പോ റിഹേഴ്സലോ അല്ല. വധൂവരന്മാർക്കും അവരുടെ ബന്ധുക്കൾക്കും സമൂഹത്തിനും ഈ വിവാഹത്തിനു് എന്തെങ്കിലും തടസ്സമുണ്ടോയെന്നു് അന്വേഷിക്കുന്നതിനുള്ള അവസരം നല്കലാണു് ഒത്തുകല്യാണത്തിന്റെ ഉദ്ദേശ്യം. അച്ചാരക്കല്യാണത്തിനുശേഷം ഇരുവരുടെയും ഇടവകകളിൽ വിവാഹമറിയിപ്പുപരസ്യപ്പെടുത്തുന്നതും അതിനുവേണ്ടിയാണു്. ഒത്തുകല്യാണംമുതൽ വിവാഹം വരെയുള്ള ദിവസങ്ങളിൽ ഈ വിവാഹത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കുന്നതിനും അന്വേഷിക്കുന്നതിനും,അനുയോജ്യമല്ലെന്നുകണ്ടാൽ പിന്മാറുന്നതിനും പൂർണ്ണമായ അവകാശമുണ്ടു്. നാട്ടുകാരെയെല്ലാം വിളിച്ചുവരുത്തി വലിയ വിരുന്നുസൽക്കാരത്തിന്റെ അകമ്പടിയോടെ ആഘോഷപൂർവ്വം നടത്തുന്ന ഒത്തുകല്യാണങ്ങളും ഈ അവകാശം വേണ്ടവിധം വിനിയോഗിക്കുന്നതിനു തടസ്സമായിത്തീരാറുണ്ടു്. ഒരു കക്ഷി പിന്മാറിയാൽ ഒത്തുകല്യാണത്തിനു ചിലവാക്കേണ്ടിവരുന്ന തുകയുടെ നഷ്ടപരിഹാരം കിട്ടണമെന്നു ശഠിക്കുന്നവരുമുണ്ടു്. വളരെ ആഘോഷപൂർവ്വം നടത്തിയ ഒത്തുകല്യാണമായതുകൊണ്ടു പിന്മാറുന്നതു കുറച്ചിലാണെന്നു കരുതുന്നവരും കുറവല്ല. 'ഒത്തു പിരിയുന്നതു ചത്തു പിരിയുന്നതുപോലെയാണു്' എന്നു ചില പ്രദേശങ്ങളിൽ ഒരു പൊല്ലുതന്നെയുണ്ടു്.

malankaralibrary.com

വിവാഹാഘോഷം

ധനവ്യയത്തിന്റെ ഉത്തുംഗശ്രേണിയിലാണല്ലോ വിവാഹച്ചെലവിനുള്ളസ്ഥാനം. വിലകൂടിയ മന്ത്രകോടിയും ഘനമേറിയ സ്വർണ്ണാഭരണങ്ങളും സദ്യയുടെ വിപുലമായ ചട്ടവട്ടങ്ങളും കാറുകളുടെ നീണ്ട ഘോഷയാത്രയുമില്ലെങ്കിൽ എന്തുകല്യാണം എന്നാണു ചിലരുടെ ചിന്താഗതി. 'തെക്കേലേ കര്യാക്കോസിന്റെ മകളുടെ വിവാഹത്തെ കടത്തിവെട്ടുന്നതായിരിക്കണം എന്റെ മകളുടെ വിവാഹം' എന്നു വിചാരിക്കുന്നവരുണ്ട്. 'എനിക്കൊരു മകളല്ലേയുള്ള. അവൾക്കുവേണ്ടി ചെലവാക്കിയില്ലെങ്കിൽപ്പിന്നെ ആർക്കുവേണ്ടിയാണ് ചെലവാക്കുക' എന്നു ചിന്തിക്കുന്നവരും ചുരുക്കമല്ല.

ഒരു പെൺകുട്ടിയുടെ ജീവിതത്തിലെ അനർഘമായ സന്ദർഭമാണു് അവളുടെ വിവാഹാവസരം. ആ നിലയിൽ അവാം വിലപ്പെട്ട ആടയാഭരണങ്ങളണിഞ്ഞു് കതിർമണ്ഡപത്തിൽ പ്രവേശിക്കുവാനാഗ്രഹിക്കുക സ്വാഭാവികമാണു്. തങ്ങളുടെ മകളെ സർവ്വാഭരണവിഭൂഷിതയായി വിവാഹമണ്ഡപത്തിലേക്കാനയിക്കുവാൻ മാതാപിതാക്കളാഗ്രഹിക്കുന്നതിലും തെറ്റില്ല. പക്ഷേ എന്തിനുമില്ലേ ഒരു പരിധി? പെണ്ണിനെ പൊന്നിൽപ്പൊതിഞ്ഞു് അവതരിപ്പിക്കുമ്പോാം പെണ്ണിനോ പൊന്നിനോ വില? ആടയാഭരണങ്ങാം, അണിയുന്ന ആളിനെ കൂടുതൽ ആകർഷകയാക്കാനാണുപകരിക്കേണ്ടതു്. ആടയാഭരണങ്ങളുടെ തിളക്കത്തിൽ അണിയുന്ന ആാം ശ്രദ്ധിക്കപ്പെടാതെപോകുമെങ്കിൽ അവ ഉപദ്രവകാരികളാണു്, ചില കാട്ടുജാതിക്കാർ കല്ലുമാലകളും പലതരത്തിലുള്ള ലോഹങ്ങാംകൊണ്ടു നിർമ്മിച്ചു് ആഭരണങ്ങളുംകൊണ്ടു് ദേഹംമുഴുവൻ മറച്ചുനടക്കുന്നതുപോലെ ശരീരംമുഴുവൻ തൂക്കിയിടുന്ന ആഭരണങ്ങളുടെ ഭാരവും പേറി കതിർമണ്ഡപത്തിലേയ്ക്കു കയറുമ്പോാം ശ്രദ്ധിക്കപ്പെടുക സ്വാഭാവികമല്ല, അവളുടെ ആഭരണങ്ങളാണു്.

ചിത്രസ്വത്തിൽ പെൺമക്കാംക്കുള്ള അവകാശം സ്വർണ്ണമായി നല്കുന്ന മാതാപിതാക്കളും അതിനു നിർബ്ബന്ധിക്കുന്ന വരന്മാരുമുണ്ട്. സ്വർണ്ണം 'ചത്ത പണ്ം'മാണെന്ന വസ്തുത അവർ വിസ്മരിക്കുന്നു. അതിൽനിന്നു് ആടയാം ലഭിക്കില്ല

malankaralibrary.com

ന്നു മാത്രമല്ല, ഉപയോഗിക്കുമ്പോഴും തേയ്മാനം സംഭവിച്ച് അതിന്റെ തൂക്കം കുറയുകയുംചെയ്യും. 'സ്വർണ്ണവില കൂട്ടുന്നതോ' എന്നു ചോദിച്ചേക്കാം. സ്വർണ്ണവില കൂട്ടുകയല്ല യഥാർത്ഥത്തിൽ സംഭവിക്കുന്നതു്, മറിച്ച് പണത്തിന്റെ മൂല്യം കുറയുകയാണു് എന്ന വസ്തുത പലരും മനസ്സിലാക്കുന്നില്ല. മാത്രമല്ല, സ്വർണ്ണവില കൂട്ടുന്നതനുസരിച്ച് മോഷ്ടാക്കളുടെയും കവർച്ചക്കാരുടെയും ഉത്സാഹവും കൂടിക്കൊണ്ടിരിക്കുമെന്നാണു് അനുഭവത്തിൽനിന്നു മനസ്സിലാക്കുന്നതു്. പണ്ടു സമ്പന്ന ഗൃഹങ്ങളിലെ സ്വർണ്ണനിക്ഷേപങ്ങളിലായിരുന്നു കവർച്ചക്കാരുടെ ശ്രദ്ധ. ഇന്നു സാധാരണക്കാരിയായ സ്ത്രീയുടെ കഴുത്തിൽക്കിടക്കുന്ന അരപ്പവന്റെ മാല പൊട്ടിച്ചെടുത്താലും അതു് നഷ്ടക്കച്ചവടമല്ലെന്നു് അവർ മനസ്സിലാക്കിയിട്ടുണ്ടു്.

ചില ക്രിസ്ത്യൻവിഭാഗക്കാരെപ്പോലെ സ്വർണ്ണം ഉപയോഗിച്ചുകൂടാ എന്നല്ല വിവക്ഷ. തൂക്കംകൂടിയ ഒന്നരഡസൻ വളകളും ധരിച്ചിരിക്കുന്ന സാരിയുടെ നിറത്തോടു് യോജിക്കുന്ന വിലയേറിയ കല്ലുകളും പതിച്ച പലതരം കണ്ണാഭരണങ്ങളും കർണ്ണഭൂഷണങ്ങളും അതിരു കടന്ന ആഡംബരമാണെന്നേ പറയുന്നുള്ളൂ.

ഇനി, വൈവിധ്യമാർന്ന വിഭവങ്ങളടങ്ങിയ സദ്യസല്ക്കാരം വേണോ? സ്വാദിഷ്ഠങ്ങളായ പലഹാരങ്ങളും ചേർന്ന ചായസല്ക്കാരം പോരേ? അതു് ചെലവുകുറയ്ക്കുമെന്നു മാത്രമല്ല,കൂടുതൽ സൗകര്യപ്രദവുമായിരിക്കില്ലേ? തറവാട്ടിലെ അംഗങ്ങൾക്കും ബന്ധുക്കൾക്കും അയൽക്കാർക്കും വിരുന്നുനല്കുന്നതിൽ അനൗചിത്യമില്ല.

വരന്റെ വീട്ടുകാരും ഒരു കാര്യം ഓർമ്മിക്കുന്നതു കൊള്ളാം: വിലയേറിയ മന്ത്രകോടി സാധാരണസന്ദർഭങ്ങളിൽ ഉപയോഗിക്കാൻ പറ്റില്ല. മരിച്ചവീട്ടിൽ അതു് ധരിച്ചുകൊണ്ടുചെല്ലുന്നതു് സന്ദർഭത്തിനു ചേർന്നതല്ല. നാടകം കാണാനും മറ്റും മന്ത്രകോടിധരിച്ചുകൊണ്ടു് പോകാറില്ല. മറ്റുള്ളവരുടെ വിവാഹാവസരത്തിലും അതു് ചിലപ്പോഴും അനുചിതമായെന്നുവരാം. കാരണം, മന്ത്രകോടിയുടുത്തു് ധാരാളം ആഭരണങ്ങളും അണിഞ്ഞു് ഒരുങ്ങിയിറങ്ങിച്ചെല്ലുന്ന യുവതിയെക്കാണുമ്പോൾ

malankaralibrary.com

സ്ത്രീകളടക്കം പലരും തുറിച്ചുനോക്കിയെന്നിരിക്കും. അതോടെ അവളുടെ നില പരുങ്ങലിലാകും. ഇത്തരം വിഷമാവസ്ഥ ഒഴിവാക്കുന്നതല്ലേ അഭികാമ്യം?

ഇന്നു വീഡിയോ റിക്കാർഡിംഗ് വിവാഹത്തിന്റെ ഒരു വിഭാജ്യഘടകമായിത്തീർന്നിരിക്കുകയാണ്. വലിയ സാമ്പത്തികശേഷിയില്ലാത്തവർ നടത്തുന്ന കല്യാണാഘോഷങ്ങളിൽക്കൂടി വീഡിയോറിക്കാർഡിങ്ങിന് സവിശേഷസ്ഥാനം നൽകപ്പെട്ടിരിക്കുന്നു. വീഡിയോ എടുക്കുന്നില്ലെങ്കിൽ കല്ല്യാണച്ചടങ്ങുകൾക്ക് എന്തോ ഒരു പോരായ്മ ഉണ്ടെന്നു തോന്നലാണ് പലരേയും വീഡിയോ എടുപ്പിക്കാൻ പ്രേരിപ്പിക്കുന്നതെന്നു തോന്നുന്നു. വിവാഹക്കർബ്ബാനയ്ക്കിടയ്ക്കു നടത്തുന്ന വീഡിയോ റിക്കാർഡിങ്ങ് പള്ളിക്കകത്തെ പാവനമായ അന്തരീക്ഷത്തെ പലപ്പോഴും അലങ്കോലപ്പെടുത്തുന്നതായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളതു്. ഒരു സിനിമാഷൂട്ടിങ്ങ് നടക്കുന്ന പ്രതീതിയാണ് പലപ്പോഴുമുണ്ടാകുക. ദിവ്യബലിയുടെ പവിത്രത ഗ്രഹിക്കാത്തവരെ വീഡിയോ എടുക്കാൻ അനുവദിക്കാതിരിക്കാനെങ്കിലും ശ്രദ്ധിക്കണം. വളരെയേറെ പണംചെലവഴിച്ചു വിവാഹം ആഘോഷിക്കാൻ ഒരുങ്ങുന്നവർ തങ്ങൾ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ധനത്തിന്റെ ചെറിയൊരംശമെങ്കിലും പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ടിയുള്ള വിവാഹസഹായനിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതും, അത്തരം നിധിയില്ലാത്തിടത്തു് ഏതെങ്കിലും അർഹയായ യുവതിയുടെ വിവാഹനടത്തിപ്പിനു് സഹായകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ ഇടവകവികാരിയെ ഏല്പിക്കുന്നതും അത്യന്തം ശ്ലാഘനീയമായ ഒരു സത്കൃത്യമായിരിക്കുമെന്നു ഊന്നിപ്പറയേണ്ടതില്ലല്ലോ.

കൂട്ടിക്കൊണ്ടുപോകലും തിരിച്ചുകൊണ്ടുവന്നുവിടലും

വധു ഗർഭവതിയാകുന്നതോടെ സാധാരണയായി വരന്റെ കുടുംബത്തിൽ ആഹ്ലാദത്തിന്റെ പൂത്തിരികത്തുകയായി. അധികനാൾ കഴിയുന്നതിനുമുമ്പ് വിവരം വധൂഗൃഹത്തിൽ അറിയും. പിന്നീടു പ്രസവത്തിനു കൂട്ടിക്കൊണ്ടുപോകാനുള്ള ഒരുക്കങ്ങൾ ആരംഭിക്കും. ഏഴാംമാസത്തിൽ അഥവാ ഒമ്പ

malankaralibrary.com

താംമാസത്തിൽ പിതൃഭവനത്തിലേക്ക പ്രസവത്തിനു കൂട്ടിക്കൊണ്ടുപോകുന്നതു വധുക്കളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമാണ്. തുടർന്നുള്ള മാസങ്ങളം പിതൃഭവനത്തിൽ വിശ്രമകാലമായിരിക്കും. അദ്ധ്വാനഭാരമില്ല, സ്വന്തം അമ്മയുടെ പരിലാളനയും പരിചരണവും ലഭിക്കുകയുംചെയ്യും.

എന്നാൽ പ്രസവത്തിനുകൂട്ടിക്കൊണ്ടുപോകുന്നതിനും പ്രസവംകഴിഞ്ഞു തിരിച്ചുകൊണ്ടുപോയിവിടുന്നതിനും വേണ്ടി വരുന്ന ചെലവ് പല കുടുംബങ്ങളെയും സംബന്ധിച്ചിടത്തോളം ദുർവ്വഹമായിത്തീർന്നിട്ടുണ്ട്. പലതരം നാടൻപലഹാരങ്ങളും ആധുനികങ്ങളായ ബേക്കറിപ്പലഹാരങ്ങളും ധാരാളമായി വാങ്ങിച്ചുമപ്പിച്ചുകൊണ്ടായിരിക്കും വധുവിന്റെ മാതാപിതാക്കൾ മകളെ കൂട്ടിക്കൊണ്ടുവരാൻ അവളുടെ ഭർത്തൃഭവനത്തിൽ ചെല്ലുന്നത്. പലഹാരം കുറവായാൽ അത് വധുവിന്റെ വീട്ടുകാർക്കെന്നപോലെ വരന്റെ വീട്ടുകാർക്കും കുറച്ചിലാണ്. പലഹാരം വേണ്ടുവോളമുണ്ടെങ്കിലല്ലേ അയൽക്കാർക്ക ധാരാളം കൊടുക്കാൻ കഴിയൂ.

വാസ്തവത്തിൽ ഈ ചെലവിന്റെ വല്ല ആവശ്യവുമുണ്ടോ? അയലത്തുള്ളവർ പലഹാരം കാണാതെ കഴിയുന്നവരാണോ? അവർക്ക പലഹാരംകൊടുക്കുന്നതു നല്ലകാര്യംതന്നെ. പക്ഷേ അതു സംഭരിക്കുന്നതിനു വധുവിന്റെ വീട്ടുകാർ സഹിക്കേണ്ടിവരുന്ന ക്ലേശങ്ങളെക്കുറിച്ച് വല്ലവരും ചിന്തിച്ചിട്ടുണ്ടോ? വിവാഹച്ചെലവുകളം നടത്തി വിഷമിച്ചിരിക്കുമ്പോഴാണു് വധു ഗർഭിണിയായിരിക്കുന്ന വിവരം അവളുടെ മാതാപിതാക്കളറിയുന്നതു്. അതോടെ ആഹ്ലാദത്തോടൊപ്പം അങ്കലാപ്പും അവരിൽ പ്രത്യക്ഷപ്പെടുകയായി. മകളുടെ വിവാഹം കഴിഞ്ഞു നെടുവീർപ്പിട്ടിരിക്കുമ്പോം വന്നെത്തുന്ന പുതിയ ചെലവുകളം അവരെ പലപ്പോഴും തളർത്തിക്കളഞ്ഞെന്നിരിക്കും. അതിനാൽ കൂട്ടിക്കൊണ്ടുപോകലും തിരികെക്കൊണ്ടുവരലും ഒരു നാട്ടനടപടിയെന്ന നിലയിൽ തുടർന്നുകൊണ്ടുപോകണമെന്നു നിർബന്ധമുള്ളവരുണ്ടെങ്കിൽ അതു് ലളിതമായ രീതിയിൽ നടത്താൻ നിർബന്ധിക്കേണ്ടതു് ഭർത്താവിന്റെ വീട്ടുകാരാണു്.

malankaralibrary.com

വധുവിന്റെ പ്രസവമാണു് എല്ലാവരും ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അടുത്ത മഹാസംഭവം. ദൈവാനുഗ്രഹത്താൽ ആപത്തനർത്ഥങ്ങളില്ലാതെ പ്രസവം കഴിഞ്ഞു എന്നിരിക്കട്ടെ. വധു ഉൾപ്പെടെ എല്ലാവർക്കും എന്തൊരാശ്വാസം. പക്ഷേ കുട്ടി ആണോ പെണ്ണോ? ആണാണു്; മിടുക്കൻ, പിതാവിനെപ്പോലിരിക്കുന്നു. പിതാവിനും എന്തൊരാഹ്ലാദം! ഭാര്യയോടു വളരെയേറെ നന്ദി. പക്ഷേ പെൺകുട്ടിയാണെങ്കിലോ? മുഖം മങ്ങുന്നു, നെറ്റിചുളിയുന്നു, നിശ്വാസമുയരുന്നു. കാരണം, തുടർന്നുള്ള നാളുകളിൽ ചെലവുചുരുക്കണം, ചിട്ടിയിൽ ചേരണം, ഇപ്പോഴേ സമ്പാദ്യംതുടങ്ങേണ്ടിയിരിക്കുന്നു. എന്നാലേ തക്കസമയത്തു് ഒരു ചുമട്ടുപൊന്നും പണവും കൊടുത്തു വിവാഹംനടത്തി പറഞ്ഞുവിടാൻ സാധിക്കൂ. ഒരു കുഞ്ഞുണ്ടാകുമ്പോഴേ മുതൽ ആ കുഞ്ഞിനുവേണ്ടി സമ്പാദിക്കുന്നതു നല്ലതുതന്നെ. പക്ഷേ ഇതിനെക്കുറിച്ചു് ചിന്തിച്ചു് ഇത്രയേറെ വ്യാകുലചിത്തരാകേണ്ട കാര്യമുണ്ടോ? ഇരുപതോ ഇരുപത്തിയഞ്ചോ കൊല്ലം കഴിയുമ്പോഴേ വിവാഹരീതി ഇന്നത്തേപ്പോലെതന്നെയായിരിക്കുമെന്നു് ആർക്കെങ്കിലും ഉറപ്പുണ്ടോ? ഇന്നത്തെ സമൂഹത്തിൽ സ്വർണ്ണത്തിനും പണത്തിനുമുള്ള സ്ഥാനം അന്നത്തെ സമൂഹത്തിലുണ്ടാകുമോ? പണ്ടു് വധുവിന്റെയും വരന്റെയും മാതാപിതാക്കളുടെ തീരുമാനമായിരുന്നല്ലോ പ്രധാനം. വധുവിന്റെയും വരന്റെയും അഭിപ്രായങ്ങൾക്കു് വല്ല സ്ഥാനവുമുണ്ടായിരുന്നോ? ഇന്നത്തെ സ്ഥിതിയോ? വധൂവരന്മാരുടെ പൂർണ്ണസമ്മതമില്ലാതെ വല്ല വിവാഹവും നടക്കുന്നുണ്ടോ? കാലം പുരോഗമിക്കുമ്പോഴേ പണത്തെയും പൊന്നിനെയുംകാൾ വലുതു് നല്ല പെണ്ണുതന്നെ എന്ന ചിന്താഗതിയുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൂടേ?

മാമ്മോദീസാ

ശിശുജനനത്തിനുശേഷമുള്ള പ്രധാനസംഭവമാണു് ജ്ഞാനസ്നാനം. സാധാരണയായി ആദ്യശിശുവിന്റെ ജ്ഞാനസ്നാനം വധൂഗൃഹത്തിൽ വച്ചാണല്ലോ നടക്കുക. ഒരു ചെറിയ കല്യാണാഘോഷംപോലെയാണിതു പലരും നടത്തുന്നതു്. തലതൊട്ടപ്പന്റെ പ്രതാപം കാണിക്കാൻ ലഭിക്കുന്ന ഒരസുലഭാവസരമാണിതു്. വിലയേറിയതും വിശേഷപ്പെട്ടതുമായ ഉടുപ്പുകൊ

malankaralibrary.com

ണ്ട് കുഞ്ഞിനെപ്പൊതിയും. ഇതൊരു പാഴ്ച്ചെലവാണെന്നു പറയാതിരിക്കാൻ വയ്യ. പ്രതാപംകാണിക്കാൻ വാങ്ങിയ ഉടുപ്പും മറ്റും ശിശു വളരുന്നതോടെ പാകമല്ലാതായിത്തീരും. അതോടെ അതു് നിരുപയോഗമാകുകയുംചെയ്യും. പണം ചെലവാക്കണമെന്നു തലതൊട്ടപ്പനു് നിർബന്ധമുണ്ടെങ്കിൽ ശിശുവിനു് ഒരു സ്വർണ്ണാഭരണമോമറ്റോ വാങ്ങിക്കൊടുക്കുകയാണു് വേണ്ടതു്.

പ്രതാപം കാണിക്കാൻവേണ്ടി ചിലർ, ശിശുവിനെയും കൊണ്ടു് വീട്ടിൽനിന്നു് പുറപ്പെടുന്നതുമുതൽ പള്ളിയിലെ കമ്മ്യൂണിയൻപ്പെടെ വീട്ടിൽ തിരിച്ചെത്തുന്നതുവരെയുള്ള ചടങ്ങുകളും പിന്നീടു നടക്കുന്ന വിവേസമൃദ്ധമായ വിരുന്നും മറ്റും വീഡിയോയിൽ പകർത്തുന്നുണ്ടു്. യഥാർത്ഥത്തിൽ ഇതിനുവല്ല പ്രസക്തിയുമുണ്ടോ? മറ്റുള്ളവരെ കാണിക്കാനാണെങ്കിൽ അവരെക്കൂടി ജ്ഞാനസ്നാനം വീക്ഷിക്കാൻ ക്ഷണിച്ചാൽപ്പോരേ?നല്ല വണ്ണം കണ്ണുതുറന്നിട്ടില്ലാത്ത ശിശു വളർന്നുവലുതാകുമ്പോഴേക്കും തന്റെ ജ്ഞാനസ്നാനച്ചടങ്ങുകളുംകണ്ടു് നിർവൃതിയടയുമെന്നു ആർക്കെങ്കിലും കരുതുവാൻ കഴിയുമോ?

വീഡിയോ റെക്കാർഡുചെയ്യുന്നതിനും വിപുലമായ വിരുന്നു് ഒരുക്കുന്നതിനും വിലയേറിയ മദ്യം വിളമ്പുന്നതിനും ചെലവാക്കുന്നപണം നവജാതശിശുവിന്റെ ഉന്നതവിദ്യാഭ്യാസത്തിനോ വിവാഹത്തിനോമറ്റോ ഉപകരിക്കുംവിധം ഉയർന്ന പലിശസഹിതം പിന്നീടുലഭിക്കുന്ന ഏതെങ്കിലും കടപ്പത്രമോ നിക്ഷേപസർട്ടിഫിക്കറ്റു മുതലായവയോ വാങ്ങാൻ വിനിയോഗിച്ചാൽ അതു് എത്രയധികം ഉപകാരപ്രദമായിരിക്കും. ജ്ഞാനസ്നാനച്ചടങ്ങുകൾ വീണ്ടും കാണണമെന്നുണ്ടെങ്കിൽ ഏതാനും ഫോട്ടോ എടുത്താൽപ്പോരേ?

ആദ്യകുർബാന സ്വീകരണം

ജ്ഞാനസ്നാനത്തിനുശേഷം നടക്കുന്ന ഒരു പ്രധാനചടങ്ങാണു് ആദ്യകുമ്പസാരവും പ്രഥമദിവ്യകാരുണ്യസ്വീകരണവും. പരിപാവനമായ പ്രസ്തുത കർമ്മങ്ങൾ മനോഹരമായി നടത്തേണ്ടതുതന്നെ. അടുത്തകാലത്തു പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു് ബാലികാബാലന്മാർ ഐകരൂപ്യമുള്ള വസ്ത്രം

malankaralibrary.com

ധരിക്കുന്ന സമ്പ്രദായം നിലവിൽവന്നിട്ടുണ്ട്. എങ്കിലും ധനവാന്മാരുടെ മക്കളും വിലകൂടിയ തുണികൊണ്ടും സാമ്പത്തികശേഷി കുറഞ്ഞവരുടെ സന്താനങ്ങളും വിലകുറഞ്ഞ തുണികൊണ്ടും നിർമ്മിച്ച ഉടുപ്പുകളും ധരിക്കുന്നതായിട്ടാണു് സാധാരണ കണ്ടുവരുന്നതു്. ധനവാന്മാരുടെ ഒപ്പം നിലയ്ക്കാൻ വിലകൂടിയ വസ്ത്രം വാങ്ങുന്ന മാതാപിതാക്കളും ഒരു കാര്യം ഓർക്കുന്നതുനന്നു്! പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു വാങ്ങുന്ന ശുഭ്രവസ്ത്രങ്ങളും വിദ്യാലയത്തിലേയ്ക്കു പറ്റില്ല. അവിടെ വേറെ യൂണിഫോമുണ്ടു്. ദിവ്യകാരുണ്യസ്വീകരണത്തിനു നിർമ്മിച്ച ഉടുപ്പും ധരിച്ചുകൊണ്ടു് ബന്ധുവീട്ടിൽപ്പോകുന്നതു് ഉചിതമായിരിക്കുമോ? പള്ളിയിൽപ്പോകുമ്പോഴും ധരിക്കാം. എന്നാൽ ഒരു കുഴപ്പം. വിലയുയർന്ന തുണികൊണ്ടുള്ള ഉടുപ്പിനു് വേഗം കേടുവരുകയില്ല. എന്നാൽ ദീർഘകാലം ഉപയോഗിക്കാനും കഴിയില്ല. കാരണം, അധികനാളും കഴിയുന്നതിനുമുമ്പുതന്നെ അതു് കുട്ടിക്കു പാകമല്ലാത്തതായിത്തീരും. ഇങ്ങനെ അല്പകാലത്തെ ഉപയോഗത്തിനു വേണ്ടി വിലകൂടിയ ഉടുപ്പു നിർമ്മിക്കുന്നതു് ബുദ്ധിപൂർവ്വമാണോ?

പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു ഒരുങ്ങുന്ന കുട്ടികളിൽ പലരും സാധുകുടുംബങ്ങളിൽനിന്നുള്ളവരായിരിക്കും. അവരുടെ മാതാപിതാക്കളും, ആവശ്യത്തിനുചേർന്ന ഉടുപ്പും ഷൂസും മറ്റും മക്കൾക്കുവാങ്ങിക്കൊടുക്കാൻ കഴിവു കുറഞ്ഞവരായിരിക്കും. ഇത്തരം സന്ദർഭങ്ങളിലാണു സാമ്പത്തികശേഷിയുള്ളവർ തങ്ങളുടെ സന്മനോഭാവം കാണിക്കേണ്ടതു്. തങ്ങളുടെ സന്താനങ്ങൾക്കു് വളരെ വിലപ്പിടിപ്പുള്ള ഉടുപ്പുകളും നിർമ്മിക്കാതെ മിച്ചം വരുത്താൻ കഴിയുന്ന പണംകൊണ്ടു് പാവപ്പെട്ട വീട്ടിൽ നിന്നുള്ള ഒരുകുട്ടിയെയെങ്കിലും സഹായിക്കാൻ സമ്പന്നന്മാർ തുനിഞ്ഞാൽ അതെത്രയോ ഉപകാരപ്രദമായിരിക്കും!

മൃതസംസ്കാരം

'ശവമെടുപ്പെങ്ങനെ?' 'പറയാനുണ്ടോ? മൂന്നു സ്വർണ്ണക്കുരിശു്. പിന്നെ പന്ത്രണ്ടു വെള്ളിയും. അച്ചന്മാരൊത്തിരി. പതിനാലുപേരെ ഞാൻ എണ്ണി; ഒരു ഇരുപതുപേരെങ്കിലും കാണും.' 'എന്നാൽ ബഹുകേമംതന്നെ'. 'പിന്നെ സംശയമുണ്ടോ? എ

malankaralibrary.com

ന്റെ ഓർമ്മയിൽ ഇങ്ങനെ ഒരു ശവമെടുപ്പ് ഞാൻ കണ്ടിട്ടില്ല. പിന്നെ ഒരു കാര്യം വിട്ടുപോയി. ഒരു ലോറിയിൽ കയറാനുള്ള റീത്തുണ്ടായിരുന്നു.' യാചകരിൽ മുതിർന്നവർക്ക് 25 പൈസവീതം കൊടുത്തതും അവർ മരിച്ച മനുഷ്യനെയും അയാളുടെ കുടുംബാംഗങ്ങളെയും പിരാകിക്കൊണ്ടുപോയതും ശവസംസ്കാരത്തിന്റെ ആർഭാടംവിസ്മരിച്ച ആരും പറഞ്ഞില്ല.

ഒരു മൃതദേഹം സംസ്കരിക്കാൻ ഇത്രയൊക്കെ ചെലവാക്കണോ?

ശവസംസ്കാരച്ചടങ്ങിനോടനുബന്ധിച്ച് അടുത്ത കാലത്തുരംഗപ്രവേശംചെയ്തിട്ടുള്ള നിരർത്ഥകമായ ഒരു കാര്യമാണ് റീത്തുസമർപ്പണം. ഇതുകൊണ്ട് മരിച്ച ആൾക്കോ മറ്റാർക്കെങ്കിലുമോ എന്തെങ്കിലും പ്രയോജനമുണ്ടോയെന്നു് ആരും ആലോചിക്കാറില്ല. റീത്തിനുവേണ്ടി മുടക്കുന്ന പണം മരിച്ച ആളിന്റെ ഓർമ്മയ്ക്കായി പാവപ്പെട്ടവർക്ക് ദാനംചെയ്യുകയോ, ശവസംസ്കാരച്ചടങ്ങുകൾക്കുള്ള ചിലവിനോ മറ്റാവശ്യങ്ങൾക്കോ വിനിയോഗിക്കത്തക്കവിധം പരേതന്റെ വീട്ടുകാരെ ഏല്പിക്കുകയോ ചെയ്താൽ അതെത്രയോ കൂടുതൽ അർത്ഥവത്താകുമായിരുന്നു!

മറ്റുചില ആചാരങ്ങളും ആഘോഷങ്ങളും

പരലോകംപ്രാപിച്ച മാതാപിക്കളുടെയും മറ്റും ചരമവാർഷികാനുസ്മരണം, ക്രിസ്തുമസ്, ഈസ്റ്റർ, ഇടവകപ്പെരുന്നാൾ മുതലായവയോടനുബന്ധിച്ചു വീടുകളിൽ അതിഥികളുടെയും ബന്ധുക്കളുടെയും ആഗമനം ഉണ്ടാകാറുണ്ട്. അവരെ സല്കരിക്കാനായി വലിയ വിരുന്നുകളും നടത്താറുണ്ട്. പെരുന്നാളുകളും മറ്റും ആഹ്ലാദത്തിന്റെ അവസരങ്ങളാണ്. അതിനാൽ അവ ആഘോഷിക്കേണ്ടതുതന്നെ. പലപ്പോഴും സാധനങ്ങൾ കടം വാങ്ങിയായിരിക്കും ആഘോഷങ്ങൾ നടത്തുക. നമ്മുടെ വിഷമതകൾ വിരുന്നുകാരെ അറിയിക്കാമോ എന്നാണ് ചിലരുടെ ചോദ്യം. എത്രയായാലും കടംവാങ്ങി ആഘോഷിക്കേണ്ട ആവശ്യമില്ല. കഴിവനുസരിച്ചുമാത്രം ആഘോഷിച്ചാൽ പിന്നീടുണ്ടായേക്കാവുന്ന പല അനർത്ഥങ്ങളും ഒഴിവാക്കാം.

malankaralibrary.com

ചില വീട്ടുകളിൽ -പാവപ്പെട്ടവരുടേതോ പണക്കാരുടേതോ ആവാം - പെരുന്നാളിനോടനുബന്ധിച്ചുള്ള വിരുന്നിന്റെ അവസരങ്ങളിൽ മദ്യംവിളമ്പുന്ന സമ്പ്രദായമുണ്ട്. സാമ്പത്തികസ്ഥിതിയനുസരിച്ച് നാടൻ മുതൽ ഫോറിൻവരെയുള്ള പല വേഷങ്ങളിലായിരിക്കും മദ്യം പ്രത്യക്ഷപ്പെടുക. ഈ പ്രവണത തീർച്ചയായും അപലപനീയമത്രേ. കാരണം ഇതു കണ്ടുകൊണ്ടാണ് പുതിയ തലമുറ വളരുന്നതു്. കാലിക്കുപ്പികളും ഗ്ലാസ്സുകളും അവർ തൊട്ടനക്കിയെന്നിരിക്കും. അങ്ങനെ മദ്യാസക്തിയുള്ള ഒരു തലമുറ രൂപംകൊള്ളാനിടയാകും. ഇതു കുടുംബത്തിനും സമൂഹത്തിനും ഒരുപോലെ ഹാനികരമായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അനാവശ്യകാര്യങ്ങൾക്കു നിയന്ത്രണമില്ലാതെ പണം വിനിയോഗിക്കുന്നതിനെയാണു ധൂർത്തു് എന്നു വിളിക്കുക. ഇങ്ങനെ ധൂർത്തടിക്കുന്നവർക്കു് പിന്നീടു് ആവശ്യത്തിനു ചെലവഴിക്കാൻ ധനമില്ലാതെവരുക സ്വാഭാവികമാണു്. വിവാഹമാഘോഷിക്കുന്നതിനും ഇടവകപ്പെരുന്നാൾ ആഘോഷപൂർവ്വം നടത്തുന്നതിനും മറ്റും കഴിവു കണക്കാക്കാതെ ചെലവുചെയ്തു മുടിഞ്ഞുപോയ കുടുംബങ്ങൾ എത്രയോ ഉണ്ടു്!

കുറെയേറെ ആളുകളെ ക്ഷണിച്ചുവരുത്തി വലിയ സദ്യവിളമ്പിപ്പറഞ്ഞയച്ചാൽ പേരും പെരുമയും വർദ്ധിക്കുമെന്നാണു പലരും കരുതുന്നതു്. എന്നാൽ പലപ്പോഴും സത്യമതായിരിക്കുകയില്ല. വിരുന്നുണ്ടവരിൽ പലരും വിഭവങ്ങളുടെ രുചിക്കുറവിനെപ്പറ്റിയും സജ്ജീകരണങ്ങളിലെ പാകപ്പിഴകളെപ്പറ്റിയും കുറംപറഞ്ഞുകൊണ്ടായിരിക്കുംതിരിച്ചുപോവുക. അപ്പോഴും പണം മുടക്കി സദ്യ ഒരുക്കിനല്കിയിട്ടെന്തു നേട്ടം?

വീട്ടിലായാലും നാട്ടിലായാലും ആചാരങ്ങളും അനുഷ്ഠാനങ്ങളും അവനവനെന്നപോലെ അന്യനും ഉപകാരപ്രദമായിരിക്കണം. അങ്ങനെയല്ലാത്തതെല്ലാം അനാചാരങ്ങളും ദുരാചാരങ്ങളുമാണു്. അവയെ പാടേ പരിവർജ്ജിക്കുകയെന്നതാണു് ഇന്നത്തെ ആവശ്യം. □

malankaralibrary.com

4

വിലപേശൽ

സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന പീഡനങ്ങളുടെയും ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും ഞെട്ടിക്കുന്ന കഥകളുമായാണ് ഓരോ ദിവസവും പത്രങ്ങൾ പുറത്തിറങ്ങുന്നത്. അല്പം പണത്തിനോ സ്വർണ്ണത്തിനോവേണ്ടി ഭാര്യയേയോ, മരുമകളേയോ മാനസികവും ശാരീരികവുമായ നിരന്തരപീഡനത്തിലൂടെ ആത്മഹത്യയിലേയ്ക്കു നയിക്കാനോ വിഷംകൊടുത്തു കൊല്ലാനോ ചുട്ടെരിക്കാനോ മറേറതെങ്കിലും തരത്തിൽ അവർക്കു ജീവാപായം വരുത്താനോ മടിക്കാത്ത കാപാലികരുടെ സംഖ്യ അഭ്യസ്തവിദ്യരെന്നും സംസ്കാരസമ്പന്നരെന്നും അഭിമാനിക്കുന്നവരുടെയിടയിൽപ്പോലും വർദ്ധിച്ചുവരികയാണിന്ന്.

സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകങ്ങളും ആത്മഹത്യകളും അത്ര സാധാരണമല്ലെങ്കിലും, ഇതിന്റെ പേരിൽ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന വ്യക്തികളും തകരുന്ന കുടുംബബന്ധങ്ങളും കേരളത്തിലെ ക്രൈസ്തവസമൂഹത്തിലും ധാരാളമുണ്ട്. സ്ത്രീധനം നൽകാൻ കഴിവില്ലാത്തതുകൊണ്ട് അവിവാഹിതരായിക്കഴിയേണ്ടിവരികയോ അഭികാമ്യമല്ലാത്ത വിവാഹബന്ധങ്ങളിൽ ഏർപ്പെടേണ്ടിവരി

malankaralibrary.com

കയോ ചെയ്യ് എന്നും കണ്ണീരിൽ ജീവിതം തള്ളിനീക്കുന്ന സ്ത്രീകളുടെ എണ്ണവും കുറവല്ല.

സ്ത്രീധനം: പുരാതന സങ്കല്പം

ഹിന്ദുനിയമമനുസരിച്ചു സ്ത്രീകൾക്കവകാശപ്പെട്ട സ്വത്താണ് സ്ത്രീധനം (സ്ത്രീ+ധനം). 'പിതാവിൽനിന്നോ മാതാവിൽനിന്നോ ഭർത്താവിൽനിന്നോ സഹോദരനിൽനിന്നോ മാതൃസഹോദരന്മാർ തുടങ്ങിയ മറ്റാളുകളിൽനിന്നോ വിവാഹാവസരത്തിൽ വരണാഗ്നിക്ക് (Nuptial fire) മുമ്പിൽവച്ചു ലഭിക്കുന്ന എല്ലാ സമ്മാനങ്ങളും, ഭർത്താവിന്റെ പുനർവ്വിവാഹാവസരത്തിൽ നൽകപ്പെടുന്ന ദാനങ്ങളും, അവകാശമായോ വിലയ്ക്കുവാങ്ങിയോ ഭാഗപത്രം വഴിയോ പിടിച്ചെടുത്തോ കണ്ടുപിടിച്ചോ സ്ത്രീയ്ക്കു ലഭിക്കുന്ന എല്ലാ സമ്പത്തും' എന്നാണ് വിജ്ഞാനേശ്വരൻ സ്ത്രീധനത്തെ നിർവ്വചിക്കുന്നത്. വളരെക്കാലം മുമ്പുമുതലേ സ്ത്രീധനം ഭാരതത്തിൽ നിലവിലിരുന്നുവെന്നതിൽ സംശയമില്ല. 'മനു' തന്നെ 6 തരം സ്ത്രീധനത്തെക്കുറിച്ചു പറയുന്നുണ്ട്.

1. വിവാഹാവസരത്തിൽ നൽകപ്പെടുന്ന സമ്മാനങ്ങൾ
2. പിതൃഭവനത്തിൽനിന്നു ഭർതൃഗൃഹത്തിലേക്കു പോകുന്ന അവസരത്തിൽ ലഭിക്കുന്ന സമ്മാനങ്ങൾ.
3. പിതാവിൽനിന്നു ലഭിക്കുന്ന ദാനങ്ങളും സമ്മാനങ്ങളും.
4. മാതാവിൽനിന്നു ലഭിക്കുന്ന ദാനങ്ങളും സമ്മാനങ്ങളും.
5. സഹോദരന്മാരിൽനിന്നു ലഭിക്കുന്ന ദാനങ്ങളും സമ്മാനങ്ങളും.
6. ഭർതൃപിതാവും ഭർതൃമാതാവും മരുമകളോടുള്ള സ്നേഹവാത്സല്യങ്ങൾമൂലം നൽകുന്ന ദാനങ്ങളും സമ്മാനങ്ങളും.

സ്ത്രീധനത്തിനുമേലുള്ള അവകാശം

ഭർത്താവിനോ ഭർതൃമാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ മക്കൾക്കോ ആർക്കും യാതൊരവകാശവും ഉന്നയിക്കാനാവാത്തവിധം വധുവിന്റെ സ്വന്തമാണ് സ്ത്രീധനം എന്നു് ആചാര്യന്മാർ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അതുകൊണ്ടുത

malankaralibrary.com

ന്നെ സ്ത്രീധനമായി ലഭിക്കുന്നതെന്തും സ്വന്തമായി സൂക്ഷിക്കുന്നതിനും കൈകാര്യംചെയ്യുന്നതിനും സ്ത്രീയ്ക്ക് ആരുടെയും അനുവാദം ആവശ്യമില്ല. 'ഭർത്താവിന്റെ അനുമതി തേടാതെ യഥേഷ്ടം കൈകാര്യംചെയ്യാനും ആർക്കെങ്കിലും നൽകാനും വിൽക്കാനും സ്ത്രീക്ക് അവകാശമുള്ളതെന്തോ അതാണ് സ്ത്രീധനം' (Jimertvahana).സാധാരണഗതിയിൽ ഭർത്താവിനുപോലും ഭാര്യയുടെ അനുമതിക്കുടാതെ സ്ത്രീധനം കൈകാര്യംചെയ്യാൻ അവകാശമില്ല. 'ഭർത്താവിനോ മക്കൾക്കോ പിതാവിനോ സഹോദരനോ സ്ത്രീധനവസ്തുക്കൾ വിനിയോഗിക്കാനോ അന്യാധീനപ്പെടുത്താനോ അധികാരമില്ല. സ്ത്രീയുടെ സമ്മതം കൂടാതെ ഇവരിലാരെങ്കിലും ഈ വസ്തുവകകൾ സ്വന്തം ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുകയാണെങ്കിൽ അതിന്റെ വിലയും പലിശയുംകൂടി തിരിച്ചുകൊടുക്കാനും രാജാവിനു പിഴയൊടുക്കാനും ബാദ്ധ്യസ്ഥനാകും. രോഗം, സാമ്പത്തികപ്രതിസന്ധി, കടബാദ്ധ്യതകൾ തുടങ്ങിയവകൊണ്ട് കഷ്ടപ്പെടുന്ന ഭർത്താവിനെ സഹായിക്കാൻവേണ്ടി ഭാര്യ തന്റെ സ്ത്രീധനം ഭർത്താവിനു വിട്ടുകൊടുത്തതാണെങ്കിൽക്കൂടി സാമ്പത്തികനിലമെച്ചപ്പെടുമ്പോൾ ആ തുക ഭാര്യയ്ക്ക് തിരിച്ചുകൊടുക്കേണ്ടതാണ്.'

(ഗുരുദാസ് ബാനർജി)

കന്യാദാനവും വരദക്ഷിണയും

വേദവിധിപ്രകാരം നടത്തപ്പെട്ടിരുന്ന ബ്രഹ്മവിവാഹരീതിയിൽ കന്യാദാനം ദിവ്യമായ ഒരു കർമ്മമാണ്. വധുവിന്റെ പിതാവ് വിലയേറിയ വസ്ത്രാഭരണങ്ങൾകൊണ്ട് അലംകൃതയായ തന്റെ പുത്രിയെ വേദഗ്രന്ഥങ്ങളിൽ നിപുണനും അഭികാമ്യനുമായ പ്രതിശ്രുതവരനു ദാനംചെയ്യുന്ന ചടങ്ങാണ് കന്യാദാനം. ദാനവിധികളിൽ പ്രത്യേകം എടുത്തുപറയുന്ന ഒന്നാണ് ദാനം സ്വീകരിക്കുന്ന ആളിനു ദാതാവ് പണമായോ സാധനങ്ങളായോ ദക്ഷിണ നൽകണമെന്നത്. അങ്ങനെ കന്യാദാനത്തോടൊപ്പം വരദക്ഷിണയും നിലവിൽവന്നു. സർവ്വാഭരണവിഭൂഷിതയായി തങ്ങളുടെ പുത്രിയെ വിവാഹമണ്ഡപത്തിൽ സമർപ്പിക്കുന്നതിനു മാതാപിതാക്കൾ നൽകിയിരുന്ന ആഭരണങ്ങളും വരദക്ഷിണയും പിൽക്കാലത്ത് സ്ത്രീധനമായി പരിണമിച്ചു.

malankaralibrary.com

വധുപ്പണവും സ്ത്രീധനവും

കന്യാദാനമെന്ന ആർഭാടപൂർണ്ണമായ ചടങ്ങ് പ്രധാനമായും ബ്രാഹ്മണരുടെയിടയിലെ ആചാരമായിരുന്നു. മറ്റു പല സമുദായങ്ങളും വിവാഹം ഒരു 'പുടവകൊടുക്കൽ' ചടങ്ങിൽ ഒതുക്കിനിർത്തുകയായിരുന്നു പതിവ്. ഇത്തരം സമുദായങ്ങളിൽ പൊതുവേ വരദക്ഷിണയല്ല, വധുപ്പണമാണ് ആദ്യകാലത്തുണ്ടായിരുന്നതു്. വധുവിന്റെ മാതാപിതാക്കൾക്കോ കാരണവന്മാർക്കോ ദക്ഷിണയായോ, കാഴ്ചയായോ, ചില സമുദായങ്ങളിൽ വധുവിന്റെ വിലയായിത്തന്നെയോ കുറെ പണമോ വസ്തുവകകളോ വരൻ കൊടുക്കുന്ന രീതിയാണിതു്. ക്രമേണ വധുപ്പണം നൽകുന്നതിനു് വരനെ സഹായിക്കുന്നതിനായി വധുവിന്റെ മാതാപിതാക്കൾ അയാൾക്കു് ഒരു സമ്മാനം കൊടുക്കുന്ന രീതി നിലവിൽവന്നു. ഈ സമുദായങ്ങളിൽ സ്ത്രീധനത്തിന്റെ തുടക്കം ഇവിടെയാണു്.

വധുവിനെ ലഭിക്കണമെങ്കിൽ വധുവിന്റെ മാതാപിതാക്കൾക്കുവേണ്ടി വരൻ ഏതാനും വർഷം അടിമപ്പണി ചെയ്യണമെന്നുള്ള നിബന്ധന നിലവിലിരുന്ന സമുദായങ്ങളുമുണ്ടു്. ഈ ജോലിക്കു് പ്രതിഫലംനൽകാൻ ബാദ്ധ്യതയില്ലായിരുന്നുവെങ്കിലും, പല മാതാപിതാക്കളും വിവാഹാവസരത്തിൽ വരൻ അതുവരെ ചെയ്ത സേവനം അനുസ്മരിച്ചു് നിസ്സാരമല്ലാത്ത സമ്മാനം നൽകിവന്നു. പിൽക്കാലത്തു് ഇങ്ങനെ വധുവിനുവേണ്ടി പണിയെടുക്കുന്ന രീതി അവസാനിച്ചുശേഷവും, വരനുള്ള സമ്മാനം തുടർന്നുപോന്നു. അതു് സാവധാനം സ്ത്രീധനമായി മാറി.

ക്രൈസ്തവസമൂഹത്തിൽ

പിതൃസ്വത്തിൽ പെൺമക്കൾക്കുള്ള അവകാശം എന്ന നിലയിലാണ് കേരളക്രൈസ്തവസമൂഹത്തിൽ സ്ത്രീധനസമ്പ്രദായം നിലവിൽവന്നതു്. സ്ത്രീധനം നൽകിക്കഴിഞ്ഞാൽ പെൺമക്കൾക്കു് കുടുംബസ്വത്തിൽ അവകാശമില്ലെന്നും കരുതപ്പെട്ടിരുന്നു.

malankaralibrary.com

സ്ത്രീധനം ഇന്നു്

ഇങ്ങനെ വളരെ നല്ല ഉദ്ദേശ്യങ്ങളോടെ ആരംഭിച്ച സ്ത്രീധനസമ്പ്രദായം വളരെ ഗർഹണീയമായി അധഃപതിച്ചിരിക്കുന്നതായിക്കാണുന്നു. സ്ത്രീധനത്തിന്റെ നിർവ്വചനംതന്നെ ഇന്നു മാറിയിരിക്കുകയാണു്. 'വിവാഹത്തിനു മുമ്പോ, പിമ്പോ വിവാഹത്തിലേർപ്പെടുന്ന ഒരു കക്ഷിയോ കക്ഷിയുടെ മാതാപിതാക്കളോ മറ്റാരെങ്കിലുമോ, മറ്റേകക്ഷിക്കോ കക്ഷിയുടെ മാതാപിതാക്കൾക്കോ മറ്റാർക്കെങ്കിലുമോ, വിവാഹത്തോടു ബന്ധപ്പെട്ടത്തി, നേരിട്ടോ അല്ലാതെയോ, നൽകുകയോ നൽകാമെന്നു വാഗ്ദാനം ചെയ്യുകയോ ചെയ്യുന്ന സമ്പത്തും സമ്പത്തിലുള്ള അവകാശവും' എന്നാണു് സ്ത്രീധനനിരോധനനിയമത്തിൽത്തന്നെ അതിനു നൽകപ്പെടുന്ന നിർവ്വചനം. വിവാഹത്തോടു ബന്ധപ്പെടുത്തി എന്ന വാക്കുകളുടെ അർത്ഥം പലപ്പോഴും ഫലത്തിൽ വിവാഹത്തിനുള്ള പ്രതിഫലമെന്നോ, കൈക്കൂലിയെന്നോ ആണു്. ഇത്ര രൂപയും ഇത്ര പവന്റെ ആഭരണങ്ങളും തന്നാൽ 'ഞാൻ നിന്നെ', അല്ലെങ്കിൽ 'എന്റെ മകൻ നിന്റെ മകളെ,' വിവാഹം ചെയ്യാം എന്നതാണല്ലോ ഇപ്പോഴത്തെ നിലപാടു്. പലപ്പോഴും വിവാഹത്തിന്റെ ഏകമാനദണ്ഡംതന്നെ സ്ത്രീധനമായിത്തീരുന്നു. ഒന്നുമില്ലാത്തവൻപോലും വൻതുകയാണാവശ്യപ്പെടുക. ഒരു പെൺകുഞ്ഞിനു ജന്മമേകി വിവാഹപ്രായംവരെ വളർത്തിക്കൊണ്ടുവന്നു് തനിക്കോ തന്റെ പുത്രനോ ഭാര്യയായി നൽകുന്നതിനു പരിഹാരമായി അവളുടെ മാതാപിതാക്കൾ കിടപ്പാടം വിറ്റോ, സർവ്വതും കടപ്പെടുത്തിയോപോലും തങ്ങൾക്കു ധൂർത്തടിക്കാനോ പ്രൗഢികാണിക്കാനോവേണ്ടി 'ചോദിക്കുന്നതുക' തന്നുകൊള്ളണമെന്ന മനോഭാവമാണു് പലപ്പോഴും വരനോ അവന്റെ മാതാപിതാക്കളോ പ്രകടിപ്പിക്കുക. ഫലമോ? പണമുണ്ടെങ്കിൽ മറ്റെന്തെല്ലാം കുറവുകളുണ്ടെങ്കിലും വിവാഹമാക്കറ്റിൽ നല്ല ഡിമാൻഡുണ്ടാകുന്നു. പണമില്ലാത്തവർ വിലകുറഞ്ഞ 'ചരക്കു'കളും. ചോദിക്കുന്നിടത്തോളം സ്ത്രീധനം കൊടുക്കാനുണ്ടെങ്കിൽ ഏതു ദുഃസ്വഭാവിനിയായ പെണ്ണിനും 'ചെറുക്ക'നെ കിട്ടും. പക്ഷേ, 'മാന്യമായ സ്ത്രീധന'മില്ലെങ്കിൽ ഏതു സൽസ്വഭാവിനിയും 'കെട്ടാച്ചക്കി'യായി നിൽക്കുകയോ മദ്യപാനിയും ദുർവൃത്തനും അനഭിമത

malankaralibrary.com

നും ആയ ആരെയെങ്കിലും വരിച്ചു് മരണംവരെ ദുരിതമനുഭവിക്കുകയോ ചെയ്യേണ്ടിവരും.

കള്ളപ്പണം, കൈക്കൂലി, കോഴ, ബിസിനസ്സിലെ മറിമായങ്ങൾ തുടങ്ങിയവവഴി പലരുടെയും കൈയിൽ കുന്നുകൂടുന്ന പണമാണു് സ്ത്രീധനം സാധാരണക്കാരനു് താങ്ങാനാവാത്തവിധം വളരാൻ കാരണം. കൈയിൽ കുന്നുകൂടിയിരിക്കുന്ന പണം എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുന്ന ഇത്തരക്കാർ തങ്ങളുടെ പെൺമക്കൾക്കു് അവർ കുഞ്ഞായിരുന്നപ്പോൾ വിലകൂടിയ കളിപ്പാവകൾ വാങ്ങിക്കൊടുത്തിരുന്നതുപോലെ ലക്ഷങ്ങളോ കോടികളൊ ചെലവാക്കി വിലകൂടിയവരന്മാരെ 'വാങ്ങിക്കൊടുക്കാൻ' തയ്യാറാകുന്നതിൽ അത്ഭുതമില്ലല്ലോ. ഉന്നതവിദ്യാഭ്യാസവും സാമ്പത്തികശേഷിയും ഉയർന്ന ഉദ്യോഗവുമുള്ള വരന്മാക്കു് 'വിലകൂടാൻ' ഇതു് കാരണമായി. ഇത്തരം 'വിലകൂടിയ വരന്മാരെ' സമ്പാദിക്കാനുള്ള ശ്രമത്തിൽ ഭാവിവരന്മാക്കു് ഉന്നതബിരുദങ്ങൾ സമ്പാദിക്കാൻ ക്യാപ്പിറ്റേഷൻ ഫീസും പഠനച്ചെലവുകളും നൽകി ബുക്കുചെയ്യുന്ന രീതികളും സാവധാനം നിലവിൽവന്നു. വലിയവരുടെ ഇടയിലാണു് വിലകൂടിയ വരന്മാക്കുവേണ്ടിയുള്ള ഈ മൽസരം ആരംഭിച്ചതെങ്കിലും, ക്രമേണ സാധാരണക്കാരുടെ ഇടയിലേയ്ക്കും അതു വ്യാപിച്ചു. അദ്ധ്വാനിക്കാതെ കിട്ടുന്ന പണത്തോടുള്ള ആർത്തി സാധാരണമായതുകൊണ്ടു്, കിട്ടാവുന്നതിന്റെ പരമാവധി വാങ്ങാൻവേണ്ടി വിലപേശാനുള്ള പ്രവണതയും വളർന്നുവന്നു. സ്ത്രീധനത്തുകയുടെ വലിപ്പമനുസരിച്ചു് വധൂവരന്മാരുടെ വിലനിശ്ചയിക്കുന്ന രീതി സമൂഹം ഏതാണ്ടു് അംഗീകരിച്ചതോടെ വിവാഹപ്രായമായ യുവതീയുവാക്കൾ കല്യാണക്കമ്പോളത്തിൽ വില്പനച്ചരക്കുകളായി മാറി. അങ്ങനെ സ്ത്രീധനം ഇന്നു് സമൂഹത്തിനാകെ അപമാനകരവും അനേകം തിന്മകളുടെ ഉറവിടവുമായിത്തീർന്നിരിക്കുന്നു.

സ്ത്രീധനനിരോധനനിയമം

സ്ത്രീധനത്തിന്റെ പേരിൽ നടമാടുന്ന അനീതികളും അസ്വസ്ഥതകളുമാണു് 1961-ലെയും 1984-ലെയും സ്ത്രീധനനിരോധനനിയമങ്ങൾക്കു് പ്രേരകമായിത്തീർന്നതു്. ഈ നി

malankaralibrary.com

യമങ്ങളനുസരിച്ച് സ്ത്രീധനം വാങ്ങുകയോ, നൽകുകയോ, ആവശ്യപ്പെടുകയോ, കൊടുക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നതു് കർശനമായും ശിക്ഷാർഹമാണു്. വധുവിന്റെയോ വരന്റെയോ മാതാപിതാക്കളിൽനിന്നോ രക്ഷാകർത്താക്കളിൽനിന്നോ ഏതെങ്കിലും തരത്തിലുള്ള സ്ത്രീധനം നേരിട്ടോ അല്ലാതെയോ ആവശ്യപ്പെടുന്നതുപോലും 6 മാസത്തിൽ കുറയാത്തതും രണ്ടുവർഷംവരെ ദീർഘിക്കാവുന്നതുമായ തടവിനും പതിനായിരം രൂപയോ, സ്ത്രീധനത്തിനു തുല്യമായ തുകയോവരെ (കൂടുതൽ ഏതോ അതു്) പിഴയടയ്ക്കുന്നതിനും ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണു് എന്നു് നിയമം വ്യക്തമാക്കുന്നുണ്ടു്.

നിയമം പരാജയപ്പെടുന്നു

1961-ലെ സ്ത്രീധനനിരോധനനിയമം പ്രാബല്യത്തിൽവന്നു് 23 കൊല്ലമായിട്ടും സ്ത്രീധനസമ്പ്രദായം ഇല്ലാതായില്ലെന്നു മാത്രമല്ല, അചിന്ത്യമാംവിധം വളർന്നുവരികയാണുണ്ടായതു്. അതുകൊണ്ടാണു് 1984-ൽ പുതിയൊരു നിയമം രൂപംകൊണ്ടതു്. ആദ്യനിയമത്തിലെ പഴുതുകൾ അടച്ചുകൊണ്ടുള്ളതായിരുന്നു പുതിയ നിയമം, പക്ഷേ, ഈ പുതിയ നിയമത്തിലും പല പഴുതുകളും കണ്ടെത്താൻ ഏറെ സമയം വേണ്ടിവന്നില്ല. നിയമത്തിന്റെ അന്തസ്സത്തതന്നെ തകർക്കുന്ന രണ്ടു പഴുതുകളാണു്, പ്രധാനമായും 1984 ലെ സ്ത്രീധനനിയമത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നതു്.

1. വിവാഹത്തോടു് ബന്ധപ്പെടുത്തി നൽകുന്ന സ്വത്തു് എന്നാണു് പുതിയനിയമത്തിലും സ്ത്രീധനം നിർവ്വചിക്കപ്പെടുക. വിവാഹത്തോടു ബന്ധപ്പെടുത്തി എന്നതിന്റെ അർത്ഥം വിവാഹം നടക്കുന്നതിനുവേണ്ടി (പ്രതിഫലമായോ കോഴയായോ) നൽകപ്പെടുന്നതു് എന്നാണു് വ്യവഹരിക്കപ്പെടുക. സ്ത്രീധനം ആവശ്യപ്പെടുന്നതും നൽകുന്നതും പലപ്പോഴും ഇത്തരത്തിലാണെങ്കിലും അതു തെളിയിക്കപ്പെടുക എളുപ്പമല്ല.

2. ആവശ്യപ്പെടാതെ വിവാഹാവസരത്തിൽ വധുവിനോ വരനോ നൽകപ്പെടുന്ന സമ്മാനങ്ങളും നിയമത്തിന്റെ പരിധിയിൽ വരികയില്ലെന്നതാണു് (provided that such presents

malankaralibrary.com

are entered in a list maintained in accordance with the rules made under this act) രണ്ടാമത്തെ പഴുത്. വധുവോ വധുവിനുവേണ്ടിയോ, വധുവിനോട് ബന്ധപ്പെട്ട ആരെങ്കിലുമോ നൽകുന്ന ഇത്തരം സമ്മാനങ്ങളും ആചാരപാരമ്പര്യങ്ങളുംക്കനുസൃതമായിട്ടുള്ളതും, ആരുടെ പേരിൽ നൽകപ്പെടുന്നോ ആ ആളിന്റെ സാമ്പത്തികസ്ഥിതിക്കുപരിയാകാത്തതും ആയിരിക്കണമെന്നു് നിയമം വ്യക്തമാക്കുന്നുണ്ടു്. എന്നാൽ ഭാരതത്തിലേപ്പോലെ സങ്കീർണ്ണമായ ആചാരപാരമ്പര്യങ്ങളും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ എന്തെല്ലാമാണു് ആചാരപാരമ്പര്യങ്ങളുംക്കനുസൃതമെന്നു നിർവ്വചിക്കാനും സമ്മാനം നൽകുന്ന ആളിന്റെ സാമ്പത്തികസ്ഥിതി എത്രയെന്നു് നിർണ്ണയിക്കുനും എളുപ്പമല്ലാത്തതുകൊണ്ടു് നിയമം ഇവിടെയും പരാജയപ്പെടുന്നു.

സ്ത്രീധനനിരോധനനിയമത്തിന്റെ പരാജയം ഒരു കാര്യം വ്യക്തമാക്കുന്നു. സമൂഹത്തിന്റെ വീക്ഷണഗതികളിൽ മാറ്റം വരുത്താതെ നിയമംകൊണ്ടുമാത്രം ഈ തിന്മ നിർമ്മാജ്ജനം ചെയ്യുക സാദ്ധ്യമല്ല.

സ്ത്രീധനസമ്പ്രദായം പ്രയോജനപ്രദമോ?

'ആൺമക്കൾക്കും പെൺമക്കൾക്കും കുടുംബസ്വത്തിൽ അവകാശമുണ്ടു്. എന്നാൽ ഉള്ള ഭൂസ്വത്തു് ഇരുകൂട്ടർക്കുമായി വീതിക്കപ്പെട്ടാൽ അതു വളരെ ചെറുതായിപ്പോവുകയും പലപ്പോഴും അന്യാധീനപ്പെടുകയും ചെയ്യും. സ്ത്രീധനസമ്പ്രദായമാകട്ടെ, ഭൂസ്വത്തു് വിഭജിക്കപ്പെടാതെതന്നെ, പെൺമക്കൾക്കു് അവകാശപ്പെട്ടതു ലഭിക്കുവാൻ സഹായിക്കുന്നു.' സ്ത്രീധനത്തിനനുകൂലമായി ഉന്നയിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വാദഗതി ഇതാണു്. പക്ഷേ, പാവപ്പെട്ടവരും ഇടത്തരക്കാരും പെൺമക്കൾക്കു സ്ത്രീധനം കൊടുക്കാൻവേണ്ടി കിടപ്പാടംതന്നെ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യേണ്ടിവരാറുണ്ടു്. മാത്രമല്ല, ആൺമക്കൾക്കു മാത്രമായി വീതിക്കുന്നതുകൊണ്ടു് ഭൂസ്വത്തു് ചെറുതായിപ്പോവുകയോ, അന്യാധീനപ്പെടുകയോ ചെയ്യുകയില്ലെന്നും പറയാനാവില്ല.

സ്ത്രീധനസമ്പ്രദായം മാതാപിതാക്കളെ സമ്പാദ്യശീലമുള്ളവരാക്കുമെന്ന വാദഗതിയിലും അർത്ഥമില്ല. മക്കളെക്കുറിച്ചു്

malankaralibrary.com

ചിന്തയുള്ള മാതാപിതാക്കൾ സ്ത്രീധനം കൊടുക്കണമെങ്കിലും വേണ്ടെങ്കിലും, മക്കൾക്കുവേണ്ടി കഴിവുപോലെ സമ്പാദിക്കും. അല്ലാത്തവർ സ്ത്രീധനംകൊടുക്കേണ്ടിവരുമെന്നതിന്റെ പേരിൽ ധൂർത്തടിക്കാതിരിക്കയുമില്ല.

സഹോദരിമാർക്ക് സ്ത്രീധനം കൊടുത്തുവിട്ടാൽ ബാക്കിയെല്ലാം തങ്ങൾക്കു കിട്ടുമെന്നറിയാവുന്നതുകൊണ്ട് ആൺമക്കൾ കൂടുതൽ അദ്ധ്വാനിക്കുമെന്നു ചിലർ പറയാറുണ്ട്. പക്ഷേ, കുടുംബത്തോട് താത്പര്യമുള്ളവരെങ്കിൽ പെങ്ങന്മാർക്കുകൂടി വീതം കൊടുക്കേണ്ടിവരുമെന്നതിന്റെ പേരിൽ ആരും അദ്ധ്വാനിക്കാതിരിക്കയില്ല. മാത്രമല്ല, സ്വത്ത് പെങ്ങന്മാർക്കുകൂടി വീതം വയ്ക്കുന്ന സാഹചര്യത്തിൽ, കൂടുതൽ അദ്ധ്വാനിച്ചാലേ സ്വന്തം കാലിൽ നിൽക്കാൻ കഴിയൂ എന്നറിയാവുന്നതുകൊണ്ട് അവർ കൂടുതൽ അദ്ധ്വാനശീലരാവുകയും ചെയ്യും. മറിച്ച് കുടുംബത്തോട് താത്പര്യമില്ലാത്തവരാണെങ്കിൽ അദ്ധ്വാനിച്ചുണ്ടാക്കുന്ന വരുമാനമെല്ലാം സഹോദരിമാർക്ക് സ്ത്രീധനം കൊടുക്കാൻ ചെലവാക്കേണ്ടിവരുമെന്ന ചിന്ത, അലസരായിരിക്കാനായിരിക്കും അവരെ പ്രേരിപ്പിക്കുക. പിതൃസ്വത്ത് മുഴുവൻ അവകാശമായി ലഭിക്കുമെന്ന ധാരണമൂലം ധൂർത്തരും താന്തോന്നികളുമായി നടക്കുന്നവരുമുണ്ട്.

സൗന്ദര്യം, വിദ്യാഭ്യാസം, സാമ്പത്തികശേഷി തുടങ്ങിയ കാര്യങ്ങളിലുള്ള കുറവുകൾ പരിഹരിക്കാൻ ഈ സമ്പ്രദായം സഹായിക്കുന്നുവെന്നു കരുതുന്നവരുമുണ്ട്. പക്ഷേ, സ്ത്രീധന സമ്പ്രദായം പാടേ അവസാനിച്ചാൽ പ്രായം, സൗന്ദര്യം, വിദ്യാഭ്യാസം, സാമ്പത്തികശേഷി തുടങ്ങിയവയിൽ അനുരൂപരായവർക്ക് വിവാഹിതരാകാൻ കൂടുതൽ അവസരങ്ങൾ ലഭിക്കും. സ്ത്രീധനം നിലവിലുള്ളപ്പോൾ, പല കാര്യങ്ങളിലും അനുരൂപരല്ലാത്തവർ പണത്തിന്റെ പേരിൽ പരസ്പരം വിവാഹിതരാകും. പണത്തിന്റെ തിളക്കം തീരുമ്പോൾ മറ്റു കാര്യങ്ങളിലുള്ള അന്തരം അവരുടെ വിവാഹജീവിതം തകർത്തെന്നുംവരും.

സ്ത്രീധനം ഒരവകാശമല്ല

വിവാഹഉടമ്പടിയിലെ തുല്യപങ്കാളികളായ സ്ത്രീപുരുഷന്മാരിലൊരാൾ തന്നോടൊപ്പം ഒരു വൻതുകകൂടി വിവാഹ

malankaralibrary.com

ത്തോടനുബന്ധിച്ചു് സമർപ്പിക്കണമെന്നുപറയുന്നതു് ആ വ്യക്തി മറേറ വ്യക്തിയെക്കാൾ വിലകുറഞ്ഞ ആളാണെന്നു് അംഗീകരിക്കുന്നതിനു തുല്യമായിരിക്കും. വിവാഹാവസരത്തിൽത്തന്നെ പുരുഷനെക്കാൾ വിലകുറഞ്ഞവളാണു് സ്ത്രീയെന്നു് ഇങ്ങനെ അംഗീകരിക്കപ്പെടുന്നതു് ദാമ്പത്യജീവിതത്തിലുടനീളം ഭാര്യയെ വിലകുറഞ്ഞവളായി പരിഗണിക്കാൻ ഭർത്താവിനെ പ്രേരിപ്പിച്ചെന്നുവരും. എന്നാൽ സ്വാഭാവികനീതിയും നമ്മുടെ ഭരണഘടനയും ക്രൈസ്തവവിശ്വാസവും പഠിപ്പിക്കുന്നതു് സ്ത്രീപുരുഷന്മാർ തുല്യവിലയുള്ള വ്യക്തികളാണെന്നാണു്. അതുകൊണ്ടു് ഒരു പുരുഷനും സ്ത്രീധനത്തിനു് അവകാശമില്ല.

സ്ത്രീധനത്തിനു് വിലപേശുന്ന പുരുഷന്മാർ തങ്ങളെത്തന്നെ വില്പനച്ചരക്കുകളായി തരംതാഴ്ത്തുകയാണെന്നും പറയേണ്ടിയിരിക്കുന്നു. വിലയ്ക്കുവാങ്ങിയ അടിമകളോടെന്നവിധം പെരുമാറാനുള്ള അവകാശം അവരെ വിലകൊടുത്തു വാങ്ങുന്ന സ്ത്രീകൾക്കുണ്ടായിരിക്കേണ്ടതല്ലേ! പിന്നെ, പുരുഷനു് കരബലം കൂടുതലുള്ളതുകൊണ്ടു് സാധാരണ അങ്ങനെ സംഭവിക്കുന്നില്ലെന്നുമാത്രം.

വരന്റെ മാതാപിതാക്കൾക്കും സ്ത്രീധനം ചോദിക്കുവാൻ അവകാശമില്ല. കാരണം അവർ മകനെ വളർത്തിക്കൊണ്ടുവന്നതുപോലെ, ബുദ്ധിമുട്ടുകൾ സഹിച്ചാണു് മകനു് ഭാര്യയാകാൻപോകുന്ന പെൺകുട്ടിയെ അവളുടെ മാതാപിതാക്കളും വളർത്തിക്കൊണ്ടുവന്നതു്. വരന്റെ മാതാപിതാക്കൾക്കു് സ്ത്രീധനത്തിനു് അവകാശമുണ്ടെങ്കിൽ അതേ ന്യായംകൊണ്ടുതന്നെ വധുവിന്റെ മാതാപിതാക്കൾക്കു് പുരുഷധനത്തിനും അവകാശം വേണ്ടതാണു്. കുടുംബകാര്യങ്ങൾ നോക്കാൻ പ്രാപ്തയാകുന്നതുവരെ വളർത്തിക്കൊണ്ടുവന്നിട്ടു് മകളെ വരന്റെ കുടുംബത്തിനു സമ്മാനിക്കുന്ന വധുവിന്റെ മാതാപിതാക്കൾക്കാണു് യഥാർത്ഥത്തിൽ നഷ്ടപരിഹാരം ലഭിക്കേണ്ടതു്.

കല്യാണച്ചെലവു് വധുവിന്റെ കുടുംബം നൽകണമെന്നതിൽ അർത്ഥമില്ല. കാരണം കല്യാണം വധൂവരന്മാർ ഇരുവരുടെയുംകൂടിയാണു്. ചെലവുകൾ ഇരുകൂട്ടർക്കും വരുന്നുണ്ടു്.

malankaralibrary.com

അതുകൊണ്ട് ഓരോരുത്തരും അവരവർക്ക് വേണ്ടിവരുന്ന ചെലവ് വഹിക്കുകയാണ് ഉചിതം.

വധുവിനു് പിന്നീടു് ചെലവിനുകൊടുക്കേണ്ടതുകൊണ്ടു് സ്ത്രീധനം ആവശ്യമാണെന്നു പറയുന്നതിലും അർത്ഥമില്ല. കാരണം ഭാര്യ വേതനം ലഭിക്കുന്ന ജോലികളൊന്നും പുറത്തുപോയി ചെയ്യുന്നില്ലെങ്കിൽക്കൂടി പുരുഷന്റെ ഏതു ജോലിയോടും കിടനിൽക്കുന്നതാണു് അവരുടെ കുടുംബത്തിൽ നിർവ്വഹിക്കേണ്ടിവരുന്ന ജോലികളും. ഭാര്യ കുടുംബത്തിൽ ചെയ്യുന്ന ജോലികളും വഹിക്കുന്ന ഉത്തരവാദിത്വങ്ങളും ശമ്പളം നിശ്ചയിച്ചാൽ അതു പലപ്പോഴും പുരുഷന്റെ വരുമാനത്തേക്കാളും പലമടങ്ങു കൂടുതലായിരിക്കും. അങ്ങനെ ഇരുവരും ജോലിചെയ്തുജീവിക്കുന്ന സാഹചര്യത്തിൽ, അവരിലൊരാളും തന്റെ ചെലവിനുള്ള തുക മറ്റേയാളെ മുൻകൂട്ടി ഏല്പിക്കണമെന്നു ശഠിക്കുന്നതു് അന്യായമാണു്. മാത്രമല്ല, സ്ത്രീധനമായി എത്ര വൻ തുക കിട്ടിയാലും അതു വധുവിന്റെ ജീവിതാവശ്യങ്ങളും നിറവേറ്റാനാവുംവിധം ഒരു സ്ഥിരധനാഗമമാർഗ്ഗമായി സൂക്ഷിക്കപ്പെടാറുമില്ല.

കുടുംബസ്വത്തിലുള്ള അവകാശം

ഇപ്പറഞ്ഞതിന്റെയെല്ലാം അർത്ഥം വിവാഹിതരാകുന്ന പെൺമക്കളുടെ പിതൃസ്വത്തിൽ അവകാശമില്ലെന്നല്ല. ആൺമക്കളോടൊപ്പം പെൺമക്കളും കുടുംബസ്വത്തിൽ അവകാശമുണ്ടെന്ന കാര്യം അംഗീകരിക്കുകയും അർഹിക്കുന്ന വിഹിതം നൽകുകയും വേണം. മാതാപിതാക്കളുടെ മരണംവരെ അതിനു കാത്തിരിക്കണമെന്നു ശഠിക്കുന്നതും ശരിയല്ല. ഒരു പുതിയ കുടുംബം പടുത്തുയർത്തുന്ന അവസരത്തിലാണു് നവദമ്പതികളുടെ കുടുംബസ്വത്തുകൊണ്ടു് ഏറെ പ്രയോജനം ലഭിക്കുക. അതുകൊണ്ടു് ആ അവസരത്തിൽത്തന്നെ കുടുംബസ്വത്തിലുള്ള വിഹിതം പണമായോ വസ്തുക്കളായോ നൽകപ്പെടുന്നതു് നല്ലതാണു്. പക്ഷേ, അതു് ഇന്നത്തെ രീതിയിലുള്ള സ്ത്രീധനമായി വരനോ വരന്റെ മാതാപിതാക്കളോ അല്ല നൽകേണ്ടതു്. വിവാഹച്ചെലവിന്റെയും മറ്റും പേരിൽ ധൂർത്തടിക്കപ്പെടാനും പാടില്ല. ഒരു സ്ഥിരമായമാർഗ്ഗമാകത്തക്കവിധം വ

malankaralibrary.com

ധുവിന്റെ പേരിൽത്തന്നെ ഭൂമിയായോ മറ്റേതെങ്കിലും തര ത്തിലോ അതു് നിക്ഷേപിക്കപ്പെടണം. അവളുടെ താത്പര്യ ത്തിനു വിരുദ്ധമായി അതെടുത്തു കൈകാര്യം ചെയ്യുവാൻ മറ്റാർ ക്കും അവകാശമുണ്ടായിരിക്കാനും പാടില്ല.

ചുരുക്കത്തിൽ, സ്ത്രീയെ വിവാഹക്കമ്പോളത്തിലെ വി ല്പനച്ചരക്കാക്കിമാറ്റി വിലപേശുന്നതിനിടയാക്കുന്ന ഇന്നത്തെ സ്ത്രീധനസമ്പ്രദായം മാറിയേതീരൂ. വിവാഹജീവിതത്തിലെ തുല്യപങ്കാളികളും തുല്യമഹത്ത്വമുള്ള വ്യക്തിത്വത്തിന്റെ ഉട മകളുമായി സ്ത്രീയെയും പുരുഷനെയും അംഗീകരിക്കുന്ന ഒരു സ മൂഹത്തിൽ സ്ത്രീധനം ചോദിക്കുന്നതും വാങ്ങുന്നതും അപഹാ സ്യമാണെന്ന വസ്തുത വരന്മാരും അവരുടെ മാതാപിതാക്കളും മനസ്സിലാക്കണം. സ്ത്രീധനത്തിനുവേണ്ടി വിലപേശുന്ന ആർക്കും തങ്ങളുടെ പെൺമക്കളെ വിവാഹംചെയ്തുകൊടുക്ക കയില്ലെന്നു് മാതാപിതാക്കളും, അങ്ങനെയുള്ള ആരെയും വി വാഹം ചെയ്യുകയില്ലെന്നു് യുവതികളും തീരുമാനിക്കണം. സ്ത്രീ ധനത്തിന്റെ പേരിൽ വിലപേശുന്നവരെ അവരർഹിക്കുന്ന ശിക്ഷകൾക്കു വിധേയരാക്കേണ്ടതാണു്. ഒപ്പം ആൺമക്കൾക്കും പെൺമക്കൾക്കും പിതൃസ്വത്തിൽ തുല്യാവകാശമുണ്ടെന്ന വ സ്തുത അംഗീകരിച്ചു് അതിനനുസരിച്ചു പ്രവർത്തിക്കുന്നതിനു് മാതാപിതാക്കളും സഹോദരന്മാരും തയ്യാറാകേണ്ടിയുമിരിക്കുന്നു.



malankaralibrary.com

ദമ്പതികൾക്കൊരു പ്രാർത്ഥന

കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ
ഒരു ഉപകരണമാക്കണമെ.
വിദ്വേഷമുള്ളിടത്തു സ്നേഹവും
ദ്രോഹമുള്ളിടത്തു ക്ഷമയും
സംശയമുള്ളിടത്തു വിശ്വാസവും
നിരാശയുള്ളിടത്തു പ്രത്യാശയും
അന്ധകാരമുള്ളിടത്തു പ്രകാശവും
ദു:ഖമുള്ളിടത്തു സന്തോഷവും
ഞാൻ വിതയ്ക്കട്ടെ.

ദിവ്യനാഥാ,
ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ
ആശ്വസിപ്പിക്കുന്നതിനും
മനസ്സിലാക്കപ്പെടുന്നതിനെക്കാൾ
മനസ്സിലാക്കുന്നതിനും
സ്നേഹിക്കപ്പെടുന്നതിനെക്കാൾ
സ്നേഹിക്കുന്നതിനും
എനിക്കു് ഇടയാകട്ടെ.

എന്തുകൊണ്ടെന്നാൽ,
നൽകുമ്പോഴാണ്
ഞങ്ങൾക്കു് ലഭിക്കുന്നതു്
ക്ഷമിക്കുമ്പോഴാണ്
ഞങ്ങളും ക്ഷമിക്കപ്പെടുന്നതു്
മരിക്കുമ്പോഴാണ് ഞങ്ങൾ
നിത്യജീവിതത്തിലേയ്ക്കു്
ജനിക്കുന്നതു്.

(ഫ്രാൻസിസ് അസ്സീസി)

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

ശാസ്ത്രസാഹിത്യരംഗങ്ങളിൽ പുസ്തകങ്ങളും പെരുകുമ്പോഴും കുടുംബവിജ്ഞാനീയരംഗത്തു് പുസ്തകങ്ങളും വിരളമായേ പ്രസിദ്ധീകരിക്കപ്പെടാറുള്ളൂ. വ്യക്തിസംഘർഷങ്ങളും വ്യക്തിയുടെ അന്തഃസംഘർഷങ്ങളും കുടുംബരംഗത്തു് ദാമ്പത്യസംഘർഷങ്ങളായി പരിണമിക്കാൻ ഇടയുള്ള സാഹചര്യത്തിൽ, കുടുംബഭദ്രതയ്ക്കുവേണ്ടി നാല്പതിലധികം പണ്ഡിതന്മാർ ഒത്തുചേർന്നു തയ്യാറാക്കിയ ഈ ഗ്രന്ഥം നമ്മുടെ കുടുംബങ്ങൾക്കു മാർഗ്ഗദർശകമായിരിക്കും.

PRINTED AT I. S. PRESS, COCHIN-18

malankaralibrary.com